# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

2019 ജൂൺ 25, ചൊവ്വ

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി-ഇൻ-ചാർജ്

**ശ്രീ. സി. ജോസ്**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

384/21

## മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. പി. ജയരാജൻ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 29
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 29
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 85

**II തിരുത്തിയ ഉത്തരം**

നക്ഷത്രചിഹ്നമിടാത്ത 914-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം .. 430

**III അടിയന്തരപ്രമേയം**

റീബിൽഡ് കേരള പദ്ധതി – 430

(അവതരണാനുമതി നിഷേധിച്ചു)

**IV ശ്രദ്ധ ക്ഷണിക്കൽ**

(1) പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം
—ശ്രീ. ആർ. രാമചന്ദ്രൻ – 464

(2) മലപ്പുറം ജില്ലയുടെ വിഭജനം
—ശ്രീ. കെ. എൻ. എ. ഖാദർ – 469

**V സബ്മിഷൻ**

(1) കെട്ടിട നിർമ്മാണാനുമതിക്കുള്ള സോഫ്റ്റ്‌വെയർ
—പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) – 475

(2) ഫയർ സ്റ്റേഷൻ
—ശ്രീ. ഐ. സി. ബാലകൃഷ്ണൻ – 480

(3) പ്രവാസി കമ്മീഷൻ മേഖലാ ഓഫീസ്
—ശ്രീ. പി. ഉബൈദുള്ള – 481

(4) ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി
—ശ്രീ. വി. കെ. സി. മമ്മത് കോയ – 483

(5) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ
—ശ്രീ. ജി. എസ്. ജയലാൽ – 485

*പേജ്*

(6) ശില്പങ്ങളുടെ പഴക്കം നിശ്ചയിക്കലും തുടർഖനനവും
—ശ്രീമതി വീണാ ജോർജ്ജ് - 488

(7) സ്ഥിരം ട്രഞ്ച് നിർമ്മാണം
—ശ്രീ. എം. സ്വരാജ് - 490

(8) മണ്ണാർക്കാട് -ചിന്നത്തടാകം റോഡ്
—ശ്രീ. എൻ. ഷംസുദ്ദീൻ - 494

(9) വിനോദസഞ്ചാര കേന്ദ്രം
—ശ്രീ. ബി. സത്യൻ - 496

(10) സിവിൽ സർവ്വീസ് അക്കാദമിക്ക് പുതിയ കെട്ടിടം
—ശ്രീ. എ. പ്രദീപ്കുമാർ - 497

**VI** **റിപ്പോർട്ടുകളുടെ സമർപ്പണം**

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-19 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും - 499

**VII** **ക്രമപ്രശ്നം**

(1) സബ്ജക്ട് കമ്മിറ്റികൾക്ക് രേഖകൾ യഥാസമയം ലഭ്യമാക്കുന്നത് സംബന്ധിച്ച്
—ശ്രീ. എം. ഉമ്മർ - 499

(2) ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം
—ശ്രീ. വി. പി. സജീന്ദ്രൻ - 501

**VIII** **ധനകാര്യം**

2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും - 507

**അനുബന്ധം** - 626

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനഞ്ചാം സമ്മേളനം

*2019 ജൂൺ 25, ചൊവ്വ*


വാല്യം 176] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 14


നിയമസഭ 2019 ജൂൺ മാസം 25-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1 വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.. ഓർഡർ... ചോദ്യം നമ്പർ *391

#### ദുരന്തനിവാരണ സംവിധാനം ശാക്തീകരിക്കാൻ നടപടി

1 (*391) ശ്രീ. എൽദോ എബ്രഹാം:

ശ്രീ. ഇ. കെ. വിജയൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദുരന്തനിവാരണ സംവിധാനം ശാക്തീകരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ദീർഘകാല വീക്ഷണത്തോടെ ദുരന്തനിവാരണ സംവിധാനം പുനഃസംഘടിപ്പിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രളയദുരന്ത സമയത്തും മറ്റും വിവിധ ഏജൻസികളുടെ ഫലപ്രദമായ ഏകോപനം സാധ്യമാകുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രകൃതി ദുരന്തത്തിൽ ജീവനും സ്വത്തിനും നഷ്ടം സംഭവിക്കുന്ന കുടുംബങ്ങൾക്ക് യാഥാർത്ഥ്യബോധത്തോടെയുള്ള നഷ്ടപരിഹാരം നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഇ) കാലവർഷ സമയത്തുതന്നെ അതുമൂലമുള്ള കെടുതികൾ നേരിടുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) ദേശീയ ദുരന്ത നിവാരണ നിയമം 2005 പ്രകാരം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലഘട്ടത്തിനാവശ്യമായ ദുരന്ത നിവാരണ സംവിധാനം സംസ്ഥാനത്ത് നടപ്പിൽവരുത്തുന്നുണ്ട്. ഓരോ ജില്ലയിലും ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ കീഴിൽ ജില്ലാതല പ്രതികരണ സംവിധാനവും താലൂക്ക് തലത്തിൽ താലൂക്ക് പ്രതികരണ സംവിധാനവും ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ രൂപീകരിക്കുന്നുണ്ട്. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ജില്ലാ തലത്തിൽ നോഡൽ ഓഫീസർമാരായി നിയമിച്ച് ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നു. ദുരന്ത നിവാരണ നിയമം 2005 അനുസരിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, സംസ്ഥാന അതോറിറ്റിയുടെ ക്രൈസിസ് മാനേജ്മെന്റ് കമ്മിറ്റികൾ, സംസ്ഥാന അതോറിറ്റിയുടെ ഉപദേശക സമിതികൾ, ജില്ലാ ദുരന്ത നിവാരണ അതോറിറ്റികൾ, സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, സംസ്ഥാന വരൾച്ചാ നിരീക്ഷണ സെൽ, ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ എന്നിവ പ്രവർത്തിച്ചുവരുന്നു. ദുരന്ത നിവാരണ അതോറിറ്റി കേന്ദ്ര ദുരന്ത നിവാരണ നിയമപ്രകാരം പ്രവർത്തിച്ചുവരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രാലയം 2018-ൽ പ്രസിദ്ധീകരിച്ച സംസ്ഥാനങ്ങളുടെ താരതമ്യ പഠനത്തിൽ (ഡിസാസ്റ്റർ സ്കോർ കാർഡ്) ദുരന്ത നിവാരണത്തിൽ രാജ്യത്ത് അഞ്ചാം സ്ഥാനമാണ് സംസ്ഥാനത്തിനുള്ളത്.

ദുരന്ത നിവാരണം ശക്തിപ്പെടുത്തുന്നതിനായി ജില്ലകളിൽ 24x7 മണിക്കൂറും ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നതും ദുരന്ത നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങളിൽ നിന്നുള്ള മുന്നറിയിപ്പ് യഥാസമയം ബന്ധപ്പെട്ട വകുപ്പുകൾക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സാറ്റലൈറ്റ് ഫോണുകൾ ഉൾപ്പെടെ അടിയന്തര ഘട്ടങ്ങളിൽ ഉപയോഗിക്കേണ്ട ഉപകരണങ്ങൾ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ സജ്ജമാക്കിയിട്ടുണ്ട്.

(ബി) ഐക്യരാഷ്ട്ര സഭാ സംഘം നടത്തിയ Post Disaster Need Assessment-ലെ നിർദ്ദേശം ഉൾക്കൊണ്ടുകൊണ്ട് അതോറിറ്റിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി, അതോറിറ്റിയിലെ Environment Planner, Meteorologist, Safety Engineer, Computer Programmer, Communication Engineer, Disaster Management Legal Expert, Social Capacity Building Specialist, Field Assistant, Office Manager, Multi Tasking Officer, Accountant എന്നീ അധിക തസ്തികകൾ കോൺട്രാക്ടായി അനുവദിക്കുന്നത് സർക്കാരിന്റെ പരിഗണനയിലാണ്. ഒഴിവുള്ള സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, റിസർച്ച് അസോസിയേറ്റ്, ഫീൽഡ് അസിസ്റ്റന്റ്, ഫിനാൻസ് മാനേജർ, ഹസാർഡ് അനലിസ്റ്റ് എന്നീ തസ്തികകൾ കോൺട്രാക്ടായി നികത്താൻ അനുവദിച്ചു.

ജില്ലാ തലത്തിലും താലൂക്ക് തലത്തിലും ഇൻസിഡെന്റ് റെസ്പോൺസ് സിസ്റ്റം നടപ്പിലാക്കിയിട്ടുള്ളതും ജില്ലാതലത്തിൽ നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥർക്ക് ചുമതലകൾ നൽകിയിട്ടുള്ളതും ആയത് ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിൽനിന്നും ഏകോപിപ്പിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതുമാണ്.

ജില്ലാ ദുരന്ത നിവാരണ അതോറിറ്റിവഴി നടപ്പിലാക്കുന്ന ദുരന്ത ലഘൂകരണ നടപടികൾ ചുവടെ കൊടുത്തിരിക്കുന്നു:

- IDRN - പോർട്ടൽ അപ്ഡേറ്റ് ചെയ്യുന്നതിലൂടെ അടിയന്തര ഘട്ടങ്ങളിൽ ജില്ലാ ഭരണകൂടത്തിനാവശ്യമായ വിഭവങ്ങളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നു.
- DDMP updation-ജില്ലാ ദുരന്ത നിവാരണ പ്ലാൻ പുതുക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
- TNA for Virtual Cadre-വെർച്വൽ കേഡർ ഉദ്യോഗസ്ഥർക്കു വേണ്ടിയുള്ള ട്രെയിനിംഗ് ആവശ്യങ്ങൾ നിർണ്ണയിക്കുന്നതിനുവേണ്ടി TNA (Training Needs Assessment പൂർത്തിയാക്കി.
- Handbook on Monsoon Preparedness- മഴക്കാല മുന്നൊരുക്കങ്ങൾക്കു വേണ്ടിയുള്ള മാർഗ്ഗരേഖകൾ രൂപീകരിക്കുന്നതിൽ സംസ്ഥാനതലത്തിൽ തയ്യാറാക്കിയ കൈപ്പുസ്തകത്തിൽ ജില്ലകൾക്ക് ബാധകമായതും പൊതുവിൽ ശ്രദ്ധിക്കേണ്ടതുമായ വിഷയങ്ങളിൽ നിർദ്ദേശങ്ങൾ നൽകി.

- School Safety - ജില്ലാതലത്തിൽ സ്കൂൾ സുരക്ഷാ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി UNDP, ATREE, CERC എന്നീ സംഘടനകളുമായി സഹകരിച്ച് പരിശീലന പരിപാടികൾ/ ശില്പശാലകൾ നടത്തിവരുന്നു.

ദുരന്ത നിവാരണ സംവിധാനങ്ങൾ ദീർഘകാല വീക്ഷണത്തോടെ പ്രവർത്തിക്കുന്നതിനായി വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ഇത്തരം പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. ദുരന്ത സാധ്യതയുള്ള സ്ഥലങ്ങൾ കണ്ടെത്തി ജനങ്ങളെ പരമാവധി ഒഴിപ്പിക്കുകയും സർക്കാർ ഷെൽട്ടറുകളിൽ പുനരധിവസിപ്പിക്കുകയും പുനരധിവസിപ്പിച്ചവർക്ക് ആരോഗ്യ, സാമ്പത്തിക സഹായം പ്രദാനം ചെയ്യുകയും ചെയ്യുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാന തലത്തിൽ ദുരന്ത സാഹചര്യങ്ങളുടെ അപഗ്രഥനം, വിവരശേഖരണം, കേന്ദ്ര ചട്ടപ്പടി സാധ്യമായവയുടെ മുന്നറിയിപ്പ് നൽകൽ, കേന്ദ്ര-സംസ്ഥാന പ്രതികരണ സേനകളുടെ ഏകോപനം എന്നിവ സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർവ്വഹിച്ചുവരുന്നു. ജില്ലാ തലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രവും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ സംവിധാനങ്ങൾ 24 മണിക്കൂറും പ്രവർത്തിക്കുന്നു. ജില്ലകളിലെ അണക്കെട്ടുകൾ, നദികൾ എന്നിവയിലെ ജലനിരപ്പ് പരിശോധിച്ച് അടിയന്തര സാഹചര്യം നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി ജലസേചന വകുപ്പിൽ നിന്നുള്ള സാങ്കേതിക വിദഗ്ദ്ധരെ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിലേയ്ക്ക് നിയോഗിച്ചിട്ടുള്ളതാണ്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ തുടങ്ങിയവയുടെ സാധ്യത മനസ്സിലാക്കുന്നതിനും അടിയന്തര സാഹചര്യം നേരിടുന്നതിനുമായി മണ്ണ് സംരക്ഷണം, ജിയോളജി എന്നീ വകുപ്പുകളിൽനിന്നും ഉദ്യോഗസ്ഥരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങളിൽ നിയോഗിച്ചിട്ടുണ്ട്. അടിയന്തര ഘട്ടങ്ങളിൽ ജനങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനായി വില്ലേജ് തലത്തിൽ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനും Evacuation Route Map-ഉം തയ്യാറാക്കിവരുന്നു. ദുരന്ത സാഹചര്യം നേരിടുന്നതിനായി Mass Alert SMS System ജില്ലകളിൽ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതുവഴി അടിയന്തര മുന്നറിയിപ്പുകൾ അതിവേഗം ജനങ്ങളിലെത്തിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ദുരന്ത നിവാരണ സേനയുടെ നേതൃത്വത്തിൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സ് രൂപീകരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റവും താലൂക്ക് തലംവരെ അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തണമെന്നും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ട്. പ്രകൃതി ദുരന്തത്തിൽ ജീവനും സ്വത്തിനും നഷ്ടം സംഭവിച്ച കുടുംബങ്ങൾക്ക് കേന്ദ്ര/സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരമുള്ള ആശ്വാസ ധനസഹായമാണ് വിതരണം ചെയ്തുവരുന്നത്. 15-ാം ധനകാര്യ കമ്മീഷനോട് ദുരിതാശ്വാസ സഹായം വർദ്ധിപ്പിക്കാൻ അഭ്യർത്ഥിച്ചിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തിൽ ജീവനും സ്വത്തിനും നഷ്ടം സംഭവിച്ചവർക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള ധനസഹായത്തിന് പുറമെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം വിതരണം ചെയ്തിരുന്നു.

(ഇ) കാലവർഷക്കെടുതിയിൽ ജീവൻ നഷ്ടപ്പെടുന്നവർക്ക് ദുരന്ത നിവാരണ നിധിയുടെ മാനദണ്ഡപ്രകാരം നാല് ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വീടുകൾക്ക് നാശനഷ്ടം സംഭവിക്കുന്നവർക്ക് നാശനഷ്ടത്തിന്റെ ശതമാനമനുസരിച്ചും അർഹമായ ധന സഹായവും നൽകിവരുന്നുണ്ട്. കൂടാതെ കൃഷിനാശം, വളർത്തു മൃഗങ്ങൾക്കുണ്ടാകുന്ന നാശനഷ്ടം, റോഡുകളുടെ പുനരുദ്ധാരണം, മത്സ്യബന്ധന മേഖലയിലുണ്ടാകുന്ന നാശനഷ്ടങ്ങൾ എന്നിവയ്ക്ക് ബന്ധപ്പെട്ട വകുപ്പ് മേധാവികളിൽനിന്നും ലഭിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും ആശ്വാസ ധനസഹായം അനുവദിച്ചുവരുന്നു.

സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കിയിട്ടുണ്ട്. ഈ മാർഗ്ഗരേഖയും ഇൻസിഡന്റ് റെസ്പോൺസ് സിസ്റ്റവും താലൂക്ക് തലംവരെ അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്തണമെന്നും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി ജില്ലകളിൽ എമർജൻസി ഓപ്പറേഷൻസ് സെന്റർ, താലൂക്ക് എമർജൻസി ഓപ്പറേഷൻസ് സെന്ററുകൾ എന്നിവ 24 മണിക്കൂറും സുസജ്ജമാക്കിയിട്ടുണ്ട്. കൂടാതെ ജില്ലാ എമർജൻസി ഓപ്പറേഷൻസ് സെന്ററിൽ പോലീസ്, ഫയർ ഫോഴ്സ് ഉദ്യോഗസ്ഥരെയും ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. അടിയന്തര സാഹചര്യങ്ങൾ റവന്യൂ, പോലീസ്, ഫയർ ഫോഴ്സ്, പഞ്ചായത്ത് വകുപ്പുകളുടെ കൃത്യമായ ഏകോപനത്തോടെ കൈകാര്യം ചെയ്തുവരുന്നു. ദുരന്തമുണ്ടാകുന്ന സന്ദർഭങ്ങളിൽ ജനങ്ങളെ സുരക്ഷിത സ്ഥലങ്ങളിലേക്ക് എത്തിക്കുന്നതിന് ക്യാമ്പുകൾ കണ്ടെത്തിയിട്ടുള്ളതും ക്യാമ്പുകളുടെ നടത്തിപ്പിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്. അപകടകരമായി നിൽക്കുന്ന വൃക്ഷങ്ങളും ചില്ലകളും മുറിച്ച് മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. എൽദോ എബ്രഹാം</u>: സർ, സംസ്ഥാനത്ത് മഹാപ്രളയത്തെ തുടർന്ന് വീടുകൾക്കുണ്ടായ നാശനഷ്ടം, നൽകിയ ധനസഹായം, പൂർത്തീകരിച്ച വീടുകളുടെ എണ്ണം എന്നിവ സംബന്ധിച്ച് വിശദീകരിക്കാമോ; വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ താമസിച്ചിരുന്നവർക്ക് പകരം സ്ഥലം ഇനിയും കണ്ടെത്തേണ്ടതുണ്ടോയെന്ന് അറിയിക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പ്രളയത്തിൽ പൂർണ്ണമായും തകർന്ന വീടുകൾ 15394 ആണ്. അതിൽ 9933 പേർ സ്വയം വീട് നിർമ്മിച്ചുകൊള്ളാമെന്ന് അറിയിച്ചിരിക്കുന്നു. ആകെ 9737 കുടുംബങ്ങൾക്ക് ആദ്യഗഡു സഹായവും 2756 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 4544 കുടുംബങ്ങൾക്ക് മൂന്നാം ഗഡുവും നൽകിയിട്ടുണ്ട്. അതിൽ 2995 വീടുകൾ പൂർത്തിയായി. 1990 വീടുകൾ സഹകരണ സ്ഥാപനങ്ങളുടെ കെയർ ഹോം പദ്ധതി പ്രകാരം നിർമ്മിക്കുന്നുണ്ട്. ഇതിൽ 1925 വ്യക്തികൾക്ക് ആദ്യഗഡു നൽകി. 1399 വീടുകളുടെ പണി പൂർത്തിയായി. 507 വീടുകൾ നിലനിന്നിരുന്ന സ്ഥലം വാസയോഗ്യമല്ല. ഇവയിൽ 416 വീടുകൾക്കുള്ള സ്ഥലം കണ്ടെത്തി നൽകിക്കഴിഞ്ഞു. 1259 വീടുകൾ പുറമ്പോക്കിലായിരുന്നു. ഇവരിൽ 744 കുടുംബങ്ങൾക്ക് സർക്കാർ ഭൂമി കണ്ടെത്തി നൽകിയിരിക്കുന്നു. 1235 വീടുകൾ പ്രാദേശിക സ്പോൺസർഷിപ്പിലൂടെ നിർമ്മിക്കുന്നു; ഇവയിൽ 1075 വീടുകളുടെ പണി ആരംഭിച്ചു. പൂർണ്ണമായും തകർന്ന എല്ലാ വീടുകളും പണി യുന്നതിനുള്ള ക്രമീകരണം പൂർത്തിയാക്കി. ഭവന നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ബ്ലോക്ക്-മുനിസിപ്പൽ ആഫീസ് 'സുരക്ഷിത കൂടൊരുക്കാം കേരളം' എന്ന പേരിൽ ഭവന നിർമ്മാണ സഹായ കേന്ദ്രം 2018 നവംബർ മുതൽ പ്രവർത്തനമാരംഭിച്ചു. ഭാഗികമായി തകർന്ന വീടുകളെ തകർച്ചയുടെ തോതനുസരിച്ച് നാല് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു. 129998 എണ്ണം 15% വരെയും 74934 എണ്ണം 16% മുതൽ 29% വരെയും 34036 എണ്ണം 30% മുതൽ 59% വരെയും 14929 എണ്ണം 60% മുതൽ 74% വരെയും തകർന്ന വീടുകളാണ്. പൂർണ്ണമായും തകർന്നത് 15394 വീടുകളാണ്. അങ്ങനെ ആകെ 269291 വീടുകളാണുള്ളത്. ഇതിൽ പൂർണ്ണമായും തകർന്ന വീടുകൾക്ക് നാല് ലക്ഷം രൂപ, 60 മുതൽ 74 ശതമാനംവരെ തകർച്ച നേരിട്ടവയ്ക്ക് 2,50,000 രൂപ, 30 മുതൽ 59 ശതമാനംവരെ 1,25,000 രൂപ, 16 മുതൽ 29 ശതമാനംവരെ 60,000 രൂപ, 15 ശതമാനമോ അതിൽ കുറവോ നാശനഷ്ടം സംഭവിച്ചവയ്ക്ക് 10,000 രൂപ എന്ന രീതിയിൽ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭാഗികമായി തകർന്ന 253873 വീടുകളിൽ 222677 കുടുംബങ്ങൾക്ക് പണം നൽകി. ഭാഗികമായി തകർന്ന വീടുകളെ സംബന്ധിച്ച് 102479 അപ്പീലുകൾ ലഭിച്ചതിൽ 101878 എണ്ണവും തീർപ്പാക്കിയിരിക്കുകയാണ്. ഇതിൽ പൂർണ്ണമായും

തകർന്ന വീടുകൾക്ക് എസ്.ഡി.ആർ.എഫ്. (സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ട്)-ൽ നിന്ന് ലഭിക്കുന്ന തുക സമതലങ്ങളിൽ 95,100 രൂപയും മലയോര മേഖലയിൽ 1,01,900 രൂപയുമാണ്. ബാക്കി തുക സി.എം.ഡി.ആർ.എഫ്.-ൽ നിന്നാണ് പൂർണ്ണമായും നൽകിക്കൊണ്ടിരിക്കുന്നത്.

ശ്രീ. എൽദോ എബ്രഹാം: സർ, കേരളത്തിലെ അണക്കെട്ടുകൾക്ക് ഒരു എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ 2006 മുതൽ എം.എസ്സി. ഡിസാസ്റ്റർ മാനേജ്മെന്റ് കോഴ്സ് തുടരുകയാണ്. പ്രസ്തുത കോഴ്സ് ദുരന്ത നിവാരണ അതോറിറ്റിയിലെ ഉദ്യോഗസ്ഥ നിയമനത്തിനുള്ള അടിസ്ഥാന യോഗ്യതയായി പരിഗണിക്കുന്ന കാര്യം ആലോചിക്കുമോ?

മി. സ്പീക്കർ: ഒരു ചോദ്യമേ ചോദിക്കാൻ പാടുള്ളൂ. ഇപ്പോൾ ഇതൊരു ശീലമായി മാറിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഒരു ചോദ്യത്തിന് ഉത്തരം പറഞ്ഞാൽ മതി.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കെ.എസ്.ഇ.ബി.-യുടെ നിയന്ത്രണത്തിലുള്ള 21 പ്രധാന അണക്കെട്ടുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇത് കേന്ദ്ര ജലകമ്മീഷൻ അംഗീകരിച്ച് വൈദ്യുതി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. കക്കി, ആനത്തോട്, പമ്പ, മൂഴിയാർ, വേലുത്തോട് അണക്കെട്ടുകളുടെ എമർജൻസി ആക്ഷൻ പ്ലാൻ സംബന്ധിച്ച നടപടികൾ ഇപ്പോൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. ഇ. കെ. വിജയൻ: സർ, പ്രളയദുരന്തം നേരിട്ട സമയങ്ങളിൽ പുനരധിവാസത്തിനായി വിദ്യാലയങ്ങളെയാണ് ഉപയോഗിച്ചത്. റെസ്ക്യൂ ഷെൽട്ടേഴ്സ് ചില മേഖലകളിലുണ്ട്. ഇത്തരം ദുരന്തസാധ്യത തിട്ടപ്പെടുത്തിയിട്ടുള്ള സ്ഥലങ്ങളിൽ ആ സമയങ്ങളിൽ ശാശ്വതമായി ആളുകളെ താമസിപ്പിക്കാനുള്ള ഷെൽട്ടേഴ്സിന്റെ നിർമ്മാണം ആരംഭിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത്തരം ഷെൽട്ടറുകൾ നിർമ്മിക്കുന്നതിനു വേണ്ടി ഒരു സ്കീം നിലവിലുണ്ട്. ഏകദേശം 27 കേന്ദ്രങ്ങളിൽ Cyclone Mitigation Centre എന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിവരികയാണ്. തീർച്ചയായും ഇത്തരം കേന്ദ്രങ്ങളുടെ കാര്യം പരിഗണിക്കാവുന്നതാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ദുരന്തഘട്ടങ്ങളിൽ Standard Operating Procedure അനുസരിച്ച് പ്രവർത്തിക്കേണ്ട ഉദ്യോഗസ്ഥർ പലപ്പോഴും ഉത്തരവുകൾക്കായി കാത്തിരിക്കുന്ന അവസ്ഥ ഒഴിവാക്കാൻ IRS (Incident Response System) നടപ്പാക്കുന്ന കാര്യം അങ്ങ് സൂചിപ്പിച്ചിരുന്നു. അതിന്റെ നടപടികൾ എവിടെ വരെയായി; എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ദുരന്തഘട്ടങ്ങളിൽ Standard Operating Procedure അനുസരിച്ച് വ്യക്തമായ ചുമതലയുള്ള ഉദ്യോഗസ്ഥർക്ക് അതിനുള്ള അധികാരം ദുരന്തനിവാരണ നിയമപ്രകാരം നേരത്തെതന്നെ അനുവദിച്ചിട്ടുള്ളതാണ്. അത് അനുവദിച്ച് നൽകുന്ന സംവിധാനമാണ് Incident Response System. അടിയന്തര സന്ദർഭങ്ങളിൽ ഉത്തരവുകൾക്ക് കാത്തുനിന്ന് ദുരന്തപ്രതികരണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടാതിരിക്കുന്നതിനുള്ള സംവിധാനമെന്ന നിലയ്ക്കാണ് ഇത് പ്രവർത്തിപ്പിക്കുന്നത്. ഇന്ത്യയിൽ ഈ സംവിധാനം രൂപപ്പെട്ടുവരുന്നതേയുള്ളൂ. കേരളത്തിൽ ഈ വർഷം സംസ്ഥാനതലം മുതൽ താലൂക്കുതലംവരെ IRS രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ദുരന്തസമയങ്ങളിൽ മുൻകൂട്ടി പ്ലാൻ ചെയ്തതനുസരിച്ചുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനാവശ്യമായ വിധത്തിൽ ഈ സംവിധാനം മെച്ചപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്.

ശ്രീമതി ഗീതാ ഗോപി: സർ, പാർലമെന്ററി ക്ലാസ് നടത്തുന്നതിന് യുക്തമായ വിദ്യാലയം തെരഞ്ഞെടുത്ത് നൽകണമെന്ന് ആവശ്യപ്പെട്ട് നിയമ വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലൻ എല്ലാ വർഷവും എം.എൽ.എ.-മാർക്ക് കത്ത് നൽകാറുണ്ട്. പാർലമെന്ററി ക്ലാസ് ജനകീയമായി സംഘടിപ്പിക്കാറുമുണ്ട്. പ്രളയം വന്നപ്പോൾ വളരെ കൃത്യമായി നമ്മുടെ പ്രവർത്തനങ്ങളെ നമ്മൾ ഏകോപിപ്പിച്ചു. പാർലമെന്ററി ക്ലാസ് സംഘടിപ്പിക്കുന്നതുപോലെ ദുരന്ത നിവാരണത്തെ സംബന്ധിച്ച ബോധവത്കരണ സെമിനാർ സ്കൂൾതലത്തിൽ സംഘടിപ്പിക്കാൻ സാധിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സ്കൂൾ തലത്തിൽ സുരക്ഷാ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ വിവിധ വിദ്യാലയങ്ങളിൽ നടത്തുന്നതിനുവേണ്ടി 2018-ൽ ദുരന്ത നിവാരണ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായ സംസ്ഥാനതല സ്കൂൾ സുരക്ഷാ നിർദ്ദേശക സമിതി തന്നെ രൂപീകരിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലെയും വിദ്യാലയങ്ങളിൽ ഇത് ആരംഭിക്കുന്നതിനുവേണ്ടി ദേശീയ ദുരന്ത നിവാരണ മാർഗ്ഗരേഖ തയ്യാറാക്കി നൽകിയിരിക്കുകയാണ്.

ദുരന്തപ്രതിരോധം ലക്ഷ്യമാക്കി ലഘുലേഖകളും വീഡിയോകളും ഗെയിമുകളും തയ്യാറാക്കി ദുരന്തനിവാരണ അതോറിറ്റി വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. സ്കൂൾ സുരക്ഷയുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ സമൂഹമാധ്യമങ്ങളിലും നൽകാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്. വിദ്യാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് ഇതിനാവശ്യമായ പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങൾകൂടി മുന്നോട്ടുകൊണ്ടു പോകുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകൾക്ക് ഒരു ധനസഹായവും ഗവൺമെന്റ് നൽകിയിട്ടില്ല. സാധാരണഗതിയിൽ വെള്ളപ്പൊക്കത്തിലുണ്ടാകുന്ന നഷ്ടത്തിന് കിട്ടുന്നത് ചെറിയൊരു സംഖ്യയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഇതിനായി 60 ലക്ഷം രൂപയാണ് ലഭിച്ചത്. എന്റെ നിയോജകമണ്ഡലത്തിലെ പല പഞ്ചായത്തുകളിലും ശക്തമായ ഉരുൾപൊട്ടലുണ്ടാകുകയും റോഡുകളും പാലങ്ങളും തകർന്നിരിക്കുകയുമാണ്. അവ പഞ്ചായത്ത് റോഡുകളായതിനാൽ അവർക്കൊരിക്കലും അവരുടേതായ രൂപത്തിൽ നവീകരിക്കാൻ സാധ്യമല്ല. ഇത്തരത്തിലുള്ള ഗ്രാമീണ റോഡുകളെ സംബന്ധിച്ച് ഇതിനുമുമ്പും നിയമസഭയിൽ ചില ഉറപ്പുകൾ നൽകിയെങ്കിലും അവർക്ക് ഒരു ധനസഹായവും ലഭിച്ചിട്ടില്ല. ഏതൊക്കെ പഞ്ചായത്തുകളിലാണ് നാശനഷ്ടം സംഭവിച്ചിട്ടുള്ളതെന്ന കൃത്യമായ കണക്കുകളുണ്ട്. ദുരന്തമുണ്ടായ പഞ്ചായത്തുകൾപോലും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് അവർക്ക് കഴിയുന്ന സഹായം ചെയ്തിട്ടുണ്ട്. എന്നാൽ ഈ പഞ്ചായത്തുകളെ തിരിച്ച് സഹായിക്കാൻ സാധിച്ചിട്ടില്ല. കേന്ദ്രത്തിൽനിന്നും ലഭിച്ച പ്രളയ സഹായം ഉപയോഗിച്ച് ഇത്തരത്തിലുള്ള ഗ്രാമീണ റോഡുകളെ നവീകരിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി വിശദമായ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുവേണ്ട ഫണ്ടുകൂടി കണ്ടെത്തണമെന്നുള്ള ആലോചനകൾ നടത്തുകയും അതുമായി ബന്ധപ്പെട്ട തീരുമാനങ്ങളെടുത്ത് മുന്നോട്ടുപോകുകയുമാണ്.

ശ്രീ. മാത്യു ടി. തോമസ്: സർ, 1924-ന് സമാനമായ അതിഘോര മഴയാണ് വെള്ളപ്പൊക്കമുണ്ടാക്കിയതെന്ന് സെൻട്രൽ വാട്ടർ കമ്മീഷന്റെയും ചെന്നൈ ഐ.ഐ.ടി.-യുടെയും വേൾഡ് ബാങ്കിന്റെയും സാങ്കേതിക പഠനം വ്യക്തമാക്കിയിട്ടുണ്ട്. One in 125 years എന്നാണ് ചില പഠനങ്ങൾ 2018-ലെ പ്രളയത്തെ വിശേഷിപ്പിച്ചത്. അതുകൊണ്ട് ഈ നൂറ്റാണ്ടിൽ ഇനി ഇങ്ങനെയൊരു പ്രളയമുണ്ടാകില്ലെന്ന് നമുക്ക് സമാശ്വസിക്കാം. പക്ഷെ ഇപ്പോൾ ഒരു മഴ

പെയ്താൽത്തന്നെ പ്രളയം വരുന്നുവെന്ന ഭീതിയിലാണ് ജനങ്ങൾ. എന്തെങ്കിലും കാരണത്താൽ സമീപഭാവിയിൽ ഇത്തരത്തിലൊരു പ്രളയമുണ്ടായാൽ സാധാരണ യെടുക്കുന്ന ദുരിതാശ്വാസ നടപടികൾ പോരെന്ന തിരിച്ചറിവ് നമുക്കെല്ലാവർക്കുമുണ്ട്; ഗവൺമെന്റ് അക്കാര്യത്തിൽ പഠനങ്ങൾ നടത്തിയിട്ടുമുണ്ട്. സാധാരണപോലെ ദുരിതാശ്വാസ ക്യാമ്പുകളിലേയ്ക്ക് പോകുകയും അവിടെയും വെള്ളം കയറിയാൽ കൂടുതൽ ഉയർന്ന സ്ഥലങ്ങളിലേയ്ക്ക് മാറുകയുമാണ് ചെയ്യുന്നത്. അതുപോര. ഇത്തവണ തെന്മല ഡാമിൽ നിന്നാണ് ഏറ്റവുംകൂടുതൽ വെള്ളം തുറന്നുവിട്ടതെങ്കിലും കൊല്ലം ജില്ലയിൽ വെള്ളപ്പൊക്കമുണ്ടാകാത്തതു കൊണ്ടാണ് മത്സ്യത്തൊഴിലാളികൾ ഇവിടേയ്ക്ക് എത്തിയത്. എപ്പോഴും ആ സൗകര്യം കിട്ടിയെന്നുവരില്ല. ഇത്തരത്തിലുള്ള പ്രളയമുണ്ടായാൽ ഇപ്പോൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നതിനെക്കാൾ കൂടുതലായി എന്തൊക്കെ നടപടികൾ സ്വീകരിക്കാമെന്നത് സംബന്ധിച്ച് സുവ്യക്തമായൊരു പ്ലാൻ നടപ്പാക്കുന്നതിനായി ഗവൺമെന്റ് ചില തീരുമാനങ്ങളെടുത്തിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു, അത് താഴെത്തട്ടിലെ ജനങ്ങളുമായി പങ്കുവയ്ക്കാനുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, 1924-നുശേഷമുള്ള ഏറ്റവും വലിയ പ്രളയമെന്ന് വിശേഷിപ്പിക്കപ്പെടുന്ന 2018-ലെ പ്രളയത്തിനുശേഷം പ്രളയപൂർവ്വ കാലത്തെക്കുറിച്ചും പ്രളയാനന്തര കാലത്തെക്കുറിച്ചും ആലോചിക്കുകയും അതിന്റെയടിസ്ഥാനത്തിൽ പരിപാടികൾക്ക് രൂപം നൽകണമെന്ന് തീരുമാനിക്കുകയും ചെയ്തിരിക്കുകയാണ്. ബഹുമാന്യനായ എം.എൽ.എ. ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം സംബന്ധിച്ച് ഞാൻ നേരത്തെ നൽകിയ മറുപടിയിൽ വിശദമായി സൂചിപ്പിക്കുകയുണ്ടായി. പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയും ജനങ്ങളെ ബോധവത്കരിച്ചുകൊണ്ടും പഞ്ചായത്ത് തലംവരെ നടത്തേണ്ട പ്രവർത്തനങ്ങൾ പ്രായോഗികമായി നടപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്നാണ് കരുതുന്നത്.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, ഇക്കഴിഞ്ഞ പ്രളയകാലത്ത് ശാസ്ത്ര സാങ്കേതിക സംവിധാനങ്ങൾക്കപ്പുറം സാധാരണക്കാരായ മത്സ്യത്തൊഴിലാളികളുടെ വലിയ സേവനംകൊണ്ടാണ് ജനങ്ങളെ രക്ഷപ്പെടുത്താൻ സാധിച്ചത്. ഇത്തരം ദുരന്തങ്ങളുണ്ടായാൽ മണിക്കൂറുകൾക്കുള്ളിൽ ഇവരെ സംഘടിപ്പിക്കുന്നതിനുള്ള എന്തെങ്കിലും സജ്ജീകരണങ്ങളുണ്ടോ; ഒരു ഫോഴ്സ് രൂപീകരിച്ച് ട്രെയിനിംഗ് കൊടുത്ത് അവരെ നിലനിർത്തി മുന്നോട്ടുപോകാനും അതിനെ കോ-ഓർഡിനേറ്റ് ചെയ്യാനുമുള്ള സംവിധാനമൊരുക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, 2018-ലെ പ്രളയത്തിൽ മുങ്ങിപ്പോയ വലിയ വിഭാഗം ആളുകളെ രക്ഷിക്കാൻ തീരദേശ മേഖലയിൽനിന്നും, പ്രത്യേകിച്ച് മത്സ്യ ത്തൊഴിലാളി വിഭാഗം നടത്തിയ സേവനങ്ങൾ പല സന്ദർഭങ്ങളിലും ഇവിടെ പ്രകീർത്തിച്ചിട്ടുള്ളതാണ്. അതിനെത്തുടർന്ന് ആ വിഭാഗത്തിൽനിന്ന് കരുത്തരായ ആളുകളെ കണ്ടെത്തി പ്രത്യേക പരിശീലനം നൽകി ഇത്തരം സന്ദർഭങ്ങളിൽ ഉപയോഗിക്കത്തക്ക വിധത്തിലുള്ള സംവിധാനമുണ്ടാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുകയും അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വിപുലമായ രീതിയിൽ അതിനായി എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുള്ളത് ആലോചിക്കാവുന്നതാണ്. എപ്പോഴും സന്നദ്ധമായ ഒരു സേനാവിഭാഗമെന്ന രീതിയിൽ അവരെ ഉറപ്പിച്ചുനിർത്തുന്നതിനുള്ള ഒരു സംവിധാനമുണ്ടാക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്.

ശ്രീ. രാജു എബ്രഹാം: സർ, കഴിഞ്ഞ പ്രളയകാലത്ത് ദുരന്തനിവാരണ സംവിധാനങ്ങൾ വളരെ ഫലപ്രദമായി പ്രവർത്തിച്ചത് നേരിട്ട് കാണാൻ നമുക്ക് കഴിഞ്ഞു. ഫയർ ഫോഴ്സ്, നേവി എന്നീ വിഭാഗങ്ങൾക്കൊപ്പം സമയം ചെലവഴിച്ച ഒരു ജനപ്രതിനിധിയാണ് ഞാൻ. ഫയർഫോഴ്സിനോടൊപ്പം 18 മണിക്കൂർ തുടർച്ചയായി അവരുടെ ബോട്ടിലാണ് സഞ്ചരിച്ചത്. അവിടെ കണ്ട ഒരു കാര്യം, ഫീൽഡിലിറങ്ങി ഫലപ്രദമായി വർക്ക് ചെയ്യേണ്ട ഫയർ ഫോഴ്സിന് ആവശ്യമായ സംവിധാനങ്ങളില്ല എന്നതാണ്. ആൾക്കാർ വെള്ളത്തിൽ അകപ്പെട്ടാൽ പാതാള ക്കരണ്ടിയാണ് ഉപയോഗിക്കുന്നത്. ഇരുപതുനില കെട്ടിടത്തിൽ തീപിടിത്തമു ണ്ടായാൽ ഉപയോഗിക്കുന്നതിന് വകുപ്പിന് സ്വന്തമായി ഫയർ ലാഡർ ഇല്ല. വെള്ളപ്പൊക്കമുണ്ടായാൽ അവർക്ക് ആകെയുള്ളത് റബ്ബർ ഡിങ്കി മാത്രമാണ്. നീന്തലറിയാവുന്നവർ കുറവാണ്. സ്കൂബ ഡൈവിംഗിനുള്ള ആൾക്കാരില്ല. അതുകൊണ്ട് അങ്ങനെയുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. ദുരന്തനിവാരണ സംവിധാനത്തിന് ലഭിക്കുന്ന ഫണ്ടുകൾ ഫയർഫോഴ്സിന് പ്രത്യേകമായി നൽകി ആ വിഭാഗത്തെ ശക്തിപ്പെടുത്തേണ്ടത് ഇന്ന് ഏറ്റവും പ്രാധാന്യത്തോടെ കാണേണ്ടതാണ്. അതിനായി ഈ രണ്ട് വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ട് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേന്ദ്ര ഗവൺമെന്റിൽനിന്നും എസ്.ഡി.ആർ. എഫ്.-ൽ ലഭിക്കുന്ന തുക വിനിയോഗത്തിന് വളരെ വ്യക്തമായ മാനദണ്ഡങ്ങളുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ ഫയർഫോഴ്സ് പോലുള്ള സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. അതുകൊണ്ടുതന്നെ അതിനാവശ്യമായ സംവിധാനങ്ങളും പുതിയ സജ്ജീകരണങ്ങളും ഒരുക്കാനുള്ള പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, 2017-ൽ ഓഖി അലയടിച്ചപ്പോൾ തീരപ്രദേശത്തോടൊപ്പം എന്റെ നിയോജകമണ്ഡലമടങ്ങുന്ന ഗ്രാമീണമേഖലയിലും വലിയ നാശനഷ്ടങ്ങളുണ്ടായി. അവിടെ കർഷകർക്കും വീട് നഷ്ടപ്പെട്ടവർക്കും ഇതുവരെ കോമ്പൻസേഷൻ കൊടുത്തിട്ടില്ല. താലൂക്ക് കമ്മിറ്റിയിലും ഡി.ഡി.സി.-യിലും അന്വേഷിക്കുമ്പോൾ ഫണ്ട് വരുന്നതേയുള്ളൂവെന്ന് പറയുകയാണ്. ഏകദേശം രണ്ട് വർഷമായി. ഇതുപോലെ കോമ്പൻസേഷന്റെ എത്ര ഫയലുകളാണ് മുടങ്ങി ക്കിടക്കുന്നത്; അതിന്മേൽ എത്രയും പെട്ടെന്ന് തീരുമാനമെടുക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, എത്ര ഫയലുകളാണ് എന്നതിനെ സംബന്ധിച്ച് പരിശോധിച്ചാലേ മറുപടി പറയാൻ കഴിയുകയുള്ളൂ. പക്ഷെ ഓഖിയുമായി ബന്ധപ്പെട്ട് തീരദേശമേഖലയിലുണ്ടായ പ്രശ്നങ്ങളും മത്സ്യത്തൊഴിലാളികൾ നേരിട്ട വിഷമതകളും പരിഹരിക്കുകയും മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്കുള്ള അടിയന്തര സഹായവും വള്ളവും വലയും നഷ്ടപ്പെട്ടവർക്കുള്ള സഹായവും നൽകുകയും ചെയ്യുന്നതുൾപ്പെടെയുള്ള മഹാഭൂരിപക്ഷം കാര്യങ്ങളും പൂർണ്ണമായ അർത്ഥത്തിൽ ത്തന്നെ നടപ്പാക്കിക്കഴിഞ്ഞുവെന്ന കാര്യം ഉറപ്പാണ്. അതിന്റെ ഭാഗമായി കാർഷികമേഖലയിൽ നഷ്ടപരിഹാരം കൊടുക്കാനുണ്ടോ എന്നത് പരിശോധിച്ച് അതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, സി.ആർ.ഇസഡ്. നിയമവും പ്രളയവും വരുന്നതിനുമുമ്പ് താമസം ആരംഭിച്ചവരാണ് പ്രളയത്തിൽപ്പെട്ട മഹാഭൂരിപക്ഷം പേരും. ഇടക്കാലത്ത് സി.ആർ.ഇസഡ്. വന്നെങ്കിലും വീട് നിലവിലുണ്ടായിരുന്നതിനാൽ പ്രശ്നമില്ലായിരുന്നു. പ്രളയം വന്ന് വീട് നശിച്ചവർക്ക് വീട് വയ്ക്കണമെങ്കിൽ സി.ആർ.ഇസഡ്. നിയമം ബാധകമാണെന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. ഇതിന്റെ ഫലമായി സഹകരണ മേഖലയും മറ്റ് സ്പോൺസേർഡ് ഏജൻസികളും ഓഫർ ചെയ്ത വീടുകളിൽ പലതും നിർമ്മിക്കുന്നതിന് കാലതാമസം വരുന്നുണ്ട്. ഇക്കാര്യം പരിഗണിച്ച് പ്രളയത്തിൽ നശിച്ച വീടുകൾ പുനഃസ്ഥാപിക്കുന്നതിന്/ പുനർനിർമ്മിക്കുന്നതിന് സി.ആർ.ഇസഡ്. നിയമം എക്സംപ്റ്റ് ചെയ്തുകൊണ്ട് ക്യാബിനറ്റ് പ്രത്യേക തീരുമാനമെടുക്കുമോ? അതുപോലെ അപേക്ഷ നൽകാൻ വിട്ടുപോയവർക്ക് അത് സമർപ്പിക്കുന്നതിനുള്ള സന്ദർഭമുണ്ടായിരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞിരുന്നു. അക്കാര്യം ഞാൻ രണ്ടുപ്രാവശ്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി നേരിട്ട് സംസാരിക്കുകയും ചെയ്തു. അതിനുള്ള സന്ദർഭംകൂടി ഒരുക്കി ഈ പ്രശ്നത്തിന് തീർപ്പുണ്ടാക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സി.ആർ.ഇസഡ്. മേഖലയിൽ വീട് നിർമ്മിക്കുന്നത് സർക്കാർ തലത്തിൽ തീരുമാനിക്കേണ്ട കാര്യമായതിനാൽ മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുമായി ആലോചിക്കാം. പക്ഷെ അത്തരം മേഖലകളിൽ വീട് നിർമ്മിക്കാൻ കഴിയാത്തവർക്ക് പുനരധിവാസ പദ്ധതി എന്ന നിലയിൽ പത്ത് ലക്ഷം രൂപ കൊടുത്തുകൊണ്ട് മാറ്റിപ്പാർപ്പിക്കാനുള്ള സംവിധാനം ഇപ്പോൾത്തന്നെ സർക്കാർ നടപ്പാക്കുകയാണ്. 2018 ആഗസ്റ്റിലെ പ്രളയവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ കേസ് വന്നപ്പോൾ ജനുവരി 31 വരെ അപ്പീലുകൾ സ്വീകരിക്കണമെന്ന് ഹൈക്കോടതി നിഷ്കർഷിച്ചിരുന്നു. അതിന്റെയും മുഖ്യമന്ത്രി കഴിഞ്ഞ ദിവസം ശ്രദ്ധ ക്ഷണിക്കലിന് മറുപടി പറഞ്ഞതിന്റെയുംകൂടി അടിസ്ഥാനത്തിൽ ജൂൺ 30 വരെ അപ്പീലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ തുടരുകയാണ്.

ശ്രീ. അൻവർ സാദത്ത്: സർ, നേരത്തെ വീടുകളുടെ മാനദണ്ഡം പറഞ്ഞു. ആ മാനദണ്ഡത്തിൽ ഒരു വ്യക്തതയില്ല. 30 ശതമാനം അല്ലെങ്കിൽ 60 ശതമാനം തകർന്ന വീടുകൾ എന്നുപറയുമ്പോൾ അത് ഏത് മാനദണ്ഡത്തിലാണ് കൊടുക്കുകയെന്ന് ഉത്തരവിൽ പറഞ്ഞിട്ടില്ല. വീടിന്റെ നാശനഷ്ടം കണക്കാക്കാൻ പോകുന്നത് പുതിയതായി എഞ്ചിനീയറിംഗ് പഠിച്ചിറങ്ങിയ കുട്ടികളാണ്. അവർ വ്യക്തമായ മാനദണ്ഡമില്ലാതെ റിപ്പോർട്ട് നൽകുകയാണ്. അതുകൊണ്ട് ഞങ്ങൾക്ക് അതിൽ വാദിക്കാൻ പറ്റാത്ത സാഹചര്യമാണുള്ളത്. അതിലൊരു വ്യക്തത വരുത്തി ഉത്തരവിറക്കണം. ജൂൺ 30-ാം തീയതിവരെ അപേക്ഷ കൊടുക്കാമെന്നുള്ളത് ജൂലൈ 30- വരെയാക്കണം. അതുപോലെ റോഡിന്റെ കാര്യം പറഞ്ഞു, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞൂർ പഞ്ചായത്തിൽ പാലവും റോഡും തകർന്നു. ഗവൺമെന്റ് പണം അനുവദിക്കാത്തതിനാൽ എം.എൽ.എ.-യുടെ അസറ്റ് ഫണ്ടിൽനിന്ന് തുകയെടുത്ത് റോഡുപണി ചെയ്യേണ്ട സാഹചര്യമുണ്ടായി. ഇതൊരു മനുഷ്യനിർമ്മിത പ്രളയമാണ്. അതുകൊണ്ട് ഗവൺമെന്റ് ഇത് ഏറ്റെടുത്ത് തക്കതായ പരിഹാരം കാണാൻ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സാധാരണഗതിയിൽ നിയമസഭയിൽ അംഗങ്ങൾ ചോദ്യം ചോദിക്കുന്നത് ഉത്തരം കിട്ടാനാണെങ്കിൽ, ബഹുമാന്യനായ എം.എൽ.എ.-യുടെ ചോദ്യം കേട്ടാൽ പ്രളയം ആരുണ്ടാക്കിയെന്ന് വരുത്താനാണ് ചോദ്യമെന്നാണ് തോന്നുന്നത്. ഇത് വലിയ പ്രയാസമാണ്. ....(ബഹളം).... മനുഷ്യനിർമ്മിതമാണെന്ന് പറയുന്നതിൽ ഒരു കാര്യവുമില്ല. ....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.... നിങ്ങൾ ഇരിക്കൂ. ശ്രീ. അൻവർ സാദത്തിന് അറിയേണ്ടത് നഷ്ടപരിഹാരത്തിന്റെ മാനദണ്ഡം എന്താണെന്നല്ലേ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: ചോദ്യം ചോദിക്കാതെ സ്റ്റേറ്റ്മെന്റ് നടത്തിയാൽ എന്ത് മറുപടി പറയും? 15%, 16-29%, 30-59%, 60-74% എന്നീ കണക്കുകൾ എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് ചോദിച്ചാൽ, എല്ലാ വീടുകൾക്കും ഒരു പോലെയല്ല കേടുപാടുകൾ സംഭവിച്ചത് എന്നുള്ളതുകൊണ്ടാണ്. അക്കാര്യം എല്ലാവർക്കുമറിയാം. അപ്പോൾ സാങ്കേതികവിദഗ്ദ്ധർ ഉൾപ്പെടെയുള്ളവർ പരിശോധിച്ച് സർട്ടിഫൈ ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർ പരിശോധിച്ചാണ് ഇത് നിശ്ചയിക്കുന്നത്. ഓരോരുത്തരോടും ചോദിച്ച് തീരുമാനിക്കാൻ കഴിയുന്ന കാര്യമല്ല. അതുകൊണ്ടാണ് അഞ്ച് കാറ്റഗറിയായി ഇതിനെ തിരിച്ചിരിക്കുന്നത്. ആ കാറ്റഗറിയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള വീടുകൾക്കെല്ലാം അടിയന്തര ആശ്വാസം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ..(ബഹളം)....

മി. സ്പീക്കർ: ജൂൺ 30 എന്നുള്ള ഗവൺമെന്റിന്റെ നയം പറഞ്ഞല്ലോ. .... (ബഹളം).... ഇരിക്കൂ....ഇരിക്കൂ... ഇതിൽ വ്യത്യസ്ത അഭിപ്രായമുണ്ടെങ്കിൽ സബ്മിഷനായി കൊണ്ടുവന്നാൽ മതി.

## ഖാദർ കമ്മിറ്റി റിപ്പോർട്ട്

2(*392) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖാദർ കമ്മിറ്റി റിപ്പോർട്ട് പ്രകാരം എൻ.സി.ഇ.ആർ.ടി. സിലബസിലുള്ള പാഠപുസ്തകങ്ങൾ മാതൃഭാഷയിലാക്കുന്നതിനും ആയത് പഠിപ്പിക്കുന്നതിനുമുള്ള നീക്കം സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ;

(ബി) നിലവിലെ ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതയിൽ ഇളവ് അനുവദിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം എന്നത്തേയ്ക്ക് പ്രസിദ്ധപ്പെടുത്തുമെന്ന് അറിയിക്കാമോ;

(ഡി) രാജ്യത്തെ ഇതര സംസ്ഥാനങ്ങളിൽ നിന്നും വിഭിന്നമായ ഘടനാമാറ്റം പ്രസ്തുത സംസ്ഥാനങ്ങളിലേയ്ക്ക് പഠനത്തിന് പോകുന്ന വിദ്യാർത്ഥികളെ ബുദ്ധിമുട്ടിലാക്കാൻ സാധ്യതയില്ലേ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ഇ) ഈ റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ വിദ്യാഭ്യാസ മേഖലയിൽ നിയമന നിരോധനമുണ്ടാകുമെന്ന് വിദഗ്ദ്ധർ ചൂണ്ടിക്കാണിക്കുന്നതിൽ യാഥാർത്ഥ്യമുണ്ടോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ,

(എ) ഹയർ സെക്കണ്ടറി പാഠപുസ്തകങ്ങളുടെ മലയാള പരിഭാഷ ലഭ്യമാക്കുന്നതിന്റെ ഭാഗമായി എൻ.സി.ഇ.ആർ.ടി. നിലവിൽ പല പാഠപുസ്തകങ്ങളും പരിഭാഷപ്പെടു ത്തിയിട്ടുണ്ട്. മാതൃഭാഷയിൽക്കൂടി ആശയ ഗ്രഹണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് അവസരം നൽകണമെന്നാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(ബി) ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതയിൽ ഇളവ് നൽകുന്നതല്ല.

(സി) ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം ഇതുവരെ സമർപ്പിച്ചിട്ടില്ല.

(ഡി) എൽ.പി. മുതൽ ഹയർ സെക്കന്ററി വരെയുള്ള അഞ്ച് ഘട്ടങ്ങൾ (എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്., വി.എച്ച്.എസ്.ഇ.) അതുപോലെതന്നെ നിലനിർത്താനും അവയുടെ ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കാനും മാത്രമാണ് നിലവിലെ ഏകീകരണത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കൂടാതെ ഹയർ സെക്കന്ററി അധ്യാപകർക്ക് അക്കാദമിക രംഗത്ത് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ കഴിയുമെന്നതിനാൽ കൂടുതൽ ഗുണമേന്മയുള്ള വിദ്യാഭ്യാസം വിദ്യാർത്ഥികൾക്ക് ലഭ്യമാകുകയും ചെയ്യും. കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും ഇതുണ്ടാക്കുകയില്ല.

(ഇ) റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ നിയമന നിരോധനം ഉണ്ടാകില്ല.

ഡോ. എൻ. ജയരാജ്: സർ, 2009-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അടിസ്ഥാനപരമായ ലക്ഷ്യങ്ങളിലൊന്ന് അതിന്റെ അക്കാദമിക തലത്തിൽ ഗുണപരവും ബോധശാസ്ത്രപരവുമായ ക്വാളിറ്റി വർദ്ധിപ്പിക്കുക എന്നതാണ്. ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ സംബന്ധിച്ച് ഏറ്റവും കൂടുതൽ വിമർശിക്കപ്പെടുന്നൊരു വിഷയം ഇത് ഘടനാപരമായി വിദ്യാർത്ഥികളുടെമേൽ ആധിപത്യം അടിച്ചേൽ പ്പിക്കപ്പെടുന്നു എന്നുള്ളതാണ്. കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ ഏറ്റവും വലിയ പരാതി പലപ്പോഴും പഠനത്തിനുള്ള സാവകാശം ലഭിക്കുന്നില്ല എന്നുള്ള താണ്. കസ്തൂരിരംഗൻ റിപ്പോർട്ടിലും ഖാദർ കമ്മിറ്റി റിപ്പോർട്ടിലും സമാനതകൾ ഏറെയുണ്ട്. ഖാദർ കമ്മിറ്റി റിപ്പോർട്ടിൽ 4+3+5 ആണെങ്കിൽ 5+3+3+4 എന്നാണ്

കസ്തൂരിരംഗൻ റിപ്പോർട്ടിൽ പറയുന്നത്. ഘടനാപരമായ മാറ്റമുണ്ടാകുമ്പോൾ അത് എങ്ങനെയാണ് പൊതുവിദ്യാഭ്യാസത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന അപചയത്തെ മാറ്റിയെടുക്കാൻ കഴിയുന്ന തരത്തിൽ പ്രാവർത്തികമാക്കാൻ കഴിയുക എന്നതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാടെന്താണ്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അക്കാദമിക് മികവ് വിദ്യാലയത്തിന്റെ മികവ് എന്ന ആശയം സാർത്ഥകമാക്കാൻവേണ്ടിയാണ് വിവിധ പരിഷ്കാരങ്ങൾ പൊതുവിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്നത്. അതിന്റെ ഭാഗമായിത്തന്നെയാണ് ഹയർസെക്കണ്ടറിയിലും ഏകീകരണം നടത്തിയിട്ടുള്ളത്. അത് ലയനമല്ലെന്ന് ഞാൻ നേരത്തേതന്നെ സൂചിപ്പിച്ചിട്ടുണ്ട്. ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതു പോലെയുള്ള അക്കാദമിക് പ്രശ്നങ്ങളൊന്നുംതന്നെ വരില്ല. കാരണം, കഴിഞ്ഞ വർഷം കേരളത്തിൽ ഹയർ സെക്കണ്ടറി എങ്ങനെയായിരുന്നോ അതുപോലെതന്നെ ഇപ്പോഴും തുടരുകയാണ്, അതിലൊരു മാറ്റവുമില്ല. കരിക്കുലത്തിലോ സിലബസിലോ ടെക്സ്റ്റ്ബുക്കിലോ ഒരുതരത്തിലുമുള്ള മാറ്റങ്ങൾ ഉണ്ടാകുന്നില്ല, അക്കാദമിക് രംഗത്ത് കൂടുതൽ സാധ്യതയുണ്ടാകുന്നു. കാരണം, പ്ലസ് വൺ-ന്റെ ക്ലാസ് ആദ്യ പ്രവൃത്തി ദിവസമായ ജൂൺ 6-ാം തീയതി തന്നെ ആരംഭിച്ചു. ഈ വർഷം ചരിത്രത്തി ലാദ്യമായി 203 അദ്ധ്യയന ദിവസങ്ങൾ ലഭിക്കത്തക്ക രീതിയിലുള്ള വിദ്യാഭ്യാസ കലണ്ടർ പുറത്തിറക്കിയിട്ടുണ്ട്. ടെക്സ്റ്റ് ബുക്കുകളെല്ലാം വിതരണത്തിന് തയ്യാറായിരിക്കുകയാണ്. കഴിഞ്ഞ വർഷത്തെയും അതിനുമുമ്പുള്ള വർഷത്തെയും കരിക്കുലവും ടെക്സ്റ്റ്ബുക്കും അദ്ധ്യാപകരും അതുപോലെ തുടരുകയാണ്. അദ്ധ്യാപകർക്ക് കൂടുതൽ പഠിപ്പിക്കാനുള്ള സാധ്യതയുണ്ടാകുന്നു, പ്രിൻസിപ്പലിനെ ഭരണപരമായ ചുമതലയിൽനിന്ന് ഒഴിവാക്കിയതുകൊണ്ട് അവർക്ക് ഭരണരംഗത്ത് കൂടുതൽ പ്രവർത്തിക്കാൻ അവസരം ലഭിക്കുന്നു. ഇതെല്ലാം ആ രംഗത്തെ അക്കാദമിക് മികവിനാണ് വഴിയൊരുക്കുന്നത്. അതുതന്നെയാണ് ലക്ഷ്യം. അക്കാദമിക് രംഗത്ത് ഒരു കുറവും ഉണ്ടാകുകയില്ല.

ഡോ. എൻ. ജയരാജ്: സർ, ദേശീയ വിദ്യാഭ്യാസ നയം കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇതുമൂലമുണ്ടാകാൻ പോകുന്ന അപകടകരമായ സ്ഥിതിവിശേഷമുണ്ട്. നിലവിലുള്ള ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുമ്പോൾ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ അപകടാവസ്ഥകളെ എങ്ങനെ മറികടക്കാൻ കഴിയുമെന്നത് സംബന്ധിച്ച് ഗവൺമെന്റ് ചിന്തിച്ചിട്ടുണ്ടോ? ഹയർ സെക്കന്ററി അദ്ധ്യാപകരുടെ എൻട്രി കേഡർ പ്ലസ് ടു ആണ്. പുതിയ സംവിധാനം നിലവിൽ വരികയും ഒറ്റ യൂണിറ്റായി പരിഗണിക്കുകയും ചെയ്യുമ്പോൾ എൻട്രി കേഡറിലുള്ള അദ്ധ്യാപകർ 8-ാം ക്ലാസ് മുതൽ പഠിപ്പിക്കേണ്ടിവരുമെന്നുള്ള

ആശങ്കയാണ് അദ്ധ്യാപകരുടെ ഭാഗത്തുനിന്നും ഉയർന്നുവന്നിട്ടുള്ളത്. ഇത് സമവായത്തിലൂടെ നടപ്പിലാക്കാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇത്തരത്തിലുള്ള ആശയം ഗവൺമെന്റ് ആലോചിച്ചിട്ടില്ല. ഹയർസെക്കണ്ടറിയിലെ അദ്ധ്യാപകർ അവിടത്തെ അദ്ധ്യാപകർ തന്നെയാണ്. അതുകൊണ്ടാണ് ലയനമെന്ന പ്രശ്നം ഇവിടെ ഉദിക്കുന്നില്ലെന്ന് ഞാൻ സൂചിപ്പിച്ചത്. ഹയർ സെക്കണ്ടറിയെയും ഹൈസ്കൂളിനെയും അതുപോലെ നില നിർത്തിക്കൊണ്ട് അവ തമ്മിലുള്ള ഭരണപരമായ ഏകീകരണം നടപ്പിലാക്കു കയാണ് ചെയ്യുന്നത്. അവിടെ എങ്ങനെയാണ് ഈ പ്രശ്നം വരുന്നതെന്ന് മനസ്സി ലാകുന്നില്ല. കഴിഞ്ഞ കൊല്ലവും അതിനുമുമ്പുമുണ്ടായിരുന്ന എൻട്രി കേഡർ തന്നെയാണ് ഇപ്പോഴും തുടരുന്നത്. 8-ാം ക്ലാസ്സിൽ പഠിപ്പിക്കേണ്ടിവരുന്ന പ്രശ്നമേയില്ല. ഇത് തെറ്റിദ്ധാരണയാണ്, തെറ്റിദ്ധരിപ്പിക്കുന്നതാണ്. ഹയർ സെക്കണ്ടറിയിലെ അദ്ധ്യാപകർ ഹയർ സെക്കണ്ടറിയിൽത്തന്നെ പഠിപ്പിച്ചാൽ മതി. ഹയർ സെക്കണ്ടറിയിൽ എങ്ങനെയാണോ ജോയിൻ ചെയ്തിരുന്നത് അതുപോലെ ചെയ്താൽ മതി. 9 മുതൽ 12 വരെയുള്ള യൂണിറ്റാക്കി മാറ്റുകയല്ല, മറിച്ച് ഹയർ സെക്കണ്ടറിയെ അതുപോലെ നിലനിർത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് അദ്ധ്യാപകർ താഴ്ന്ന ക്ലാസിൽ പഠിപ്പിക്കേണ്ടിവരുമെന്ന തെറ്റായ ധാരണ സമൂഹത്തിൽ പരത്തുകയാണ്, അങ്ങനെയൊരു പ്രശ്നമേ ഉദിക്കുന്നില്ല.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, ഇവിടെ ഉന്നയിക്കപ്പെട്ട സംശയം തന്നെയാണ് എനിക്കും ചോദിക്കാനുള്ളത്. ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പി ലാക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങളിലും വിദ്യാർത്ഥികളിലും രക്ഷിതാക്കളിലും അദ്ധ്യാപകരിലുമുണ്ടായിട്ടുള്ള ആശങ്ക വലുതാണ്. ഹയർസെക്കണ്ടറി നിലവിൽ വന്നതിനുശേഷം വിദ്യാഭ്യാസ രംഗത്ത് ഗുണപരമായ മാറ്റമുണ്ടായിട്ടുണ്ട്. അവിടെ ഘടനാപരമായ മാറ്റമേയുള്ളൂവെന്ന് മന്ത്രി പറഞ്ഞെങ്കിൽപ്പോലും നമ്മുടെ കാമ്പസുകളിലും സമൂഹത്തിലുമുണ്ടായിരിക്കുന്ന ആശങ്ക ചെറുതല്ല. ഭരണപരമായ പ്രവർത്തനങ്ങളെ ഏകീകരിക്കുന്നതിനുവേണ്ടി മാത്രമാണ് ഈ നടപടി സ്വീകരിച്ചിരിക്കുന്നതെന്ന് അങ്ങ് പറഞ്ഞു. അത് അദ്ധ്യാപക സമൂഹത്തിലും ചില ആശങ്കകൾക്കിടയായിട്ടുണ്ട്. ഘടനാപരമായ മാറ്റമാണെങ്കിൽപ്പോലും വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുന്ന കാര്യത്തിൽ അദ്ധ്യാപകരുടെ ശ്രദ്ധ കുറയുന്നതിന് കാരണമായാൽ നമ്മൾ തുടർന്നുവന്ന സംവിധാനത്തിന്റെ തകർച്ചയ്ക്കിടയാകുമോ എന്നുള്ളത് വിലയിരുത്തപ്പെടേണ്ടതുണ്ട്. അതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, ഇവിടെ ഏകീകരണം മാത്രമാണ്, ഭരണപരമായ സൗകര്യങ്ങൾ കൂട്ടുതലുണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ്, അക്കാദമിക് രംഗത്ത് ഒരു കുറവും വരുന്നില്ല എന്ന് വ്യക്തമായി മനസ്സിലാക്കിയശേഷം ഇവിടെയിരിക്കുന്ന മുഴുവൻ എം.എൽ.എ.-മാരും തങ്ങളുടെ മണ്ഡലത്തിലുള്ള സ്കൂളുകളിൽ പോയി ഇക്കാര്യം പറഞ്ഞാൽ ശ്രീ. റോഷി അഗസ്റ്റിൻ പറഞ്ഞ പ്രശ്നത്തിന് പരിഹാരമാകും. ഇവിടെ പ്രശ്നങ്ങളില്ലെന്നത് വ്യക്തമാണ്, അക്കാര്യത്തിൽ ഒരു സംശയവുമില്ല. ഒരു കുട്ടിക്കും പഠിക്കുന്നതിന് ഒരു കുറവുമുണ്ടാകില്ല. ഹയർ സെക്കണ്ടറിയിൽ ഇതുവരെ ഓഫീസ് സംവിധാനമുണ്ടായിരുന്നില്ല. ഖാദർ കമ്മിറ്റി റിപ്പോർട്ടിനെ എതിർക്കുന്ന അദ്ധ്യാപക സംഘടനകളടക്കം ഓഫീസ് വേണമെന്ന് ആവശ്യപ്പെട്ട് എനിക്ക് മൂന്ന് വർഷം മുമ്പ് നിവേദനം തന്നിട്ടുണ്ട്. ഓഫീസ് സംവിധാനമില്ലാത്തത് ഹയർസെക്കണ്ടറിയിലെ അദ്ധ്യാപകരംഗത്ത് ചില കുറവുകളുണ്ടാക്കുമെന്നും ആയതിനാൽ അതിനൊരു സംവിധാനമുണ്ടാക്കണമെന്നും പറഞ്ഞ് ഇതിനെ എതിർക്കുന്ന പല അദ്ധ്യാപക സംഘടനകളടക്കം എനിക്ക് നിവേദനം എഴുതിത്തന്നിട്ടുണ്ട്, അത് നടപ്പിലാക്കുന്നുവെന്നേയുള്ളൂ. പ്രിൻസിപ്പൽ അഡ്മിനിസ്ട്രേഷനിലേയ്ക്ക് വരുമ്പോൾ പഠിപ്പിക്കുന്നതിനുള്ള സമയം കുറയ്ക്കണമെന്ന് ആവശ്യപ്പെട്ട് ഇതേ സംഘടനകൾ മൂന്ന് വർഷമായി നിരന്തരം നിവേദനം തന്നുകൊണ്ടിരിക്കുകയാണ്. ഇത് നടപ്പിലാക്കുമ്പോൾ പ്രശ്നമുണ്ടെന്ന് പറയാതി രുന്നാൽ ഒരു പ്രശ്നവുമുണ്ടാകില്ല. എന്റെ കയ്യിൽ സർക്കാർ ഇറക്കിയ ഉത്തരവുണ്ട്. ആ ഉത്തരവ് അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ, പ്രവർത്തിക്കുകയുള്ളൂ. അതുകൊണ്ട് അത്തരത്തിലുള്ള ഒരു പ്രശ്നവും നിലനിൽ ക്കുന്നില്ല. നമ്മളെല്ലാവരുംകൂടി ഹയർസെക്കണ്ടറിയുടെ മികവിനുവേണ്ടി ശ്രമിച്ചാൽ ഈ പ്രശ്നം തീരും.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, മികവിനുള്ള സാധ്യതകളെ എല്ലാവരും സ്വാഗതം ചെയ്യുന്നു. അങ്ങ് പറയുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ടിലൂടെ വന്നിരിക്കുന്ന മാറ്റങ്ങൾകൊണ്ട് ഗുണപരമായ എന്ത് നന്മയാണ് ഉണ്ടാകുന്നതെന്ന് ആർക്കും മനസ്സിലാകുന്നില്ല. ഹൈസ്കൂൾ ഹയർസെക്കണ്ടറിയിലേയ്ക്ക് മാറ്റുന്നു, ഹൈസ്കൂൾ ഇല്ലാതാകുന്നു. ഇതെല്ലാം സമൂല ആശയക്കുഴപ്പമായിരിക്കുകയാണ്. അങ്ങ് നൽകിയ മറുപടിയിൽ, ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഭാഗം എന്ന് പ്രസിദ്ധപ്പെടുത്തുമെന്നതിന് ഒരു ഉറപ്പും പറയുന്നില്ല. ആദ്യ ഘട്ടത്തിൽ ഭാഗികമായ റിപ്പോർട്ട് നടപ്പിലാക്കാൻ മുന്നോട്ടുവന്നു. എന്തിനാണ് തിടുക്കം കാണിച്ചത്? അങ്ങ് അദ്ധ്യാപക സംഘടനകളോട് ചർച്ച ചെയ്തു. എന്നാൽ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ചർച്ച ചെയ്ത് അഭിപ്രായ സമന്വയമുണ്ടാക്കിയിട്ടുണ്ടോ; ഇതുപോലെ സുപ്രധാനമായ

മാറ്റം വരുത്തുകയാണെങ്കിൽ വിശദമായ ചർച്ച ഇവിടെ നടക്കണ്ടേ; എല്ലാവരേയും ബോധ്യപ്പെടുത്തണ്ടേ? കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ സുപ്രധാനമായ മാറ്റമാണെന്ന് അങ്ങ് പറയുന്നു. അതിനുള്ള യാതൊരുവിധ ചർച്ചകളും ഇവിടെ നടന്നില്ല. തിടുക്കത്തിൽ ഇങ്ങനെയൊരു കാര്യം നടപ്പിലാക്കി സമൂല ആശയ ക്കുഴപ്പമുണ്ടാക്കുന്ന സ്ഥിതി എന്തിന് ഇവിടെ സൃഷ്ടിച്ചു എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. കേന്ദ്ര നിയമം വരാൻ പോകുകയാണെന്ന് അദ്ധ്യാപകൻ കൂടിയായ ഡോ. എൻ. ജയരാജ് എം.എൽ.എ. ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ ഖാദർ കമ്മിറ്റി റിപ്പോർട്ട് നിലവിലുണ്ട്. ഇതിനിടയിൽ കേന്ദ്ര നിയമം വരുമ്പോൾ വീണ്ടും മാറ്റമുണ്ടാകുമോ? ആഴ്ചതോറും വിദ്യാഭ്യാസ മേഖലയിൽ മാറ്റം വരുത്താൻ സാധിക്കുമോ? വളരെ ഗുരുതരമായ, അപകടകരമായ സ്ഥിതിയിലേയ്ക്ക് വിദ്യാഭ്യാസ മേഖലയെ കൊണ്ടുപോകുകയാണെന്ന വിമർശനം ഉയർന്നിരിക്കു കയാണ്. ഈ വിഷയം കേരളത്തിലെ രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ചർച്ച ചെയ്യാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി തയ്യാറാകണം; തുറന്ന ചർച്ചകളിലൂടെ ആശയക്കുഴപ്പങ്ങൾ പരിഹരിക്കണം. വിദ്യാഭ്യാസ മേഖലയുടെ നന്മ നില നിർത്താൻ അങ്ങ് തയ്യാറാകുമോ ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോൾ നാലാമത്തെ തവണയാണ് ഈ ചോദ്യത്തിന് സഭയിൽ ഞാൻ ഉത്തരം പറയുന്നത്. ലബ്ബാ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി മൂന്ന് വർഷത്തിനുമുമ്പുതന്നെ ഇതിന്റെ ചർച്ച ഇവിടെ ആരംഭിച്ചിട്ടുള്ളതാണ്. ഹയർസെക്കണ്ടറി ഒറ്റയ്ക്കൊരു യൂണിറ്റായി നിൽക്കുന്നതുകൊണ്ട് അവിടെയുണ്ടാകുന്ന അക്കാദമികവും ഭരണപരവുമായ പ്രശ്നങ്ങളെക്കുറിച്ച് വർഷങ്ങളായി ഇവിടെ ചർച്ച നടക്കുകയാണ്. ഇപ്പോൾ പുതിയതായി ആരംഭിച്ചതല്ല. ലബ്ബാ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്തുകൊണ്ടുള്ള സബ്ജക്ട് കമ്മിറ്റിയുടെ നിരവധി റിപ്പോർട്ടുകൾ ഞാൻ കാണിച്ചു തരാം. ഇപ്പോൾ സമരം ചെയ്യുകയും എതിർക്കുകയും ചെയ്യുന്ന അദ്ധ്യാപക സംഘടനകൾ വർഷങ്ങളായി ഇത് നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ചിട്ടുള്ള കടലാസുകൾ ഞാൻ തരാം. ഇതൊക്കെ വർഷങ്ങളായി ഇവിടെ നടന്നിരുന്ന ചർച്ചകളുടെ ഭാഗങ്ങളല്ലേ? ഹയർസെക്കൺറി വിദ്യാഭ്യാസത്തിലെ ചെറിയ കുറവുകൾ പരിഹരിക്കണം, ഓഫീസ് സംവിധാനം വേണം, പഠിപ്പിക്കാൻ കൂടുതൽ സൗകര്യങ്ങളുണ്ടാകണം, അദ്ധ്യയന ദിവസങ്ങൾ കൂട്ടണം എന്നൊക്കെ യുള്ളത് അതിന്റെ ഭാഗമായുണ്ടായ നിഗമനങ്ങളാണ്. സാധാരണ സെപ്റ്റംബർ മാസത്തിലൊക്കെയാണ് പ്ലസ് വൺ ക്ലാസ് തുടങ്ങാറുള്ളത്. അതാണ് ഇപ്പോൾ ജൂൺ മാസത്തിൽ തുടങ്ങുന്ന അവസ്ഥയിലേയ്ക്കെത്തിച്ചത്. അത് അക്കാദമിക് രംഗത്ത് കുറവാണോ ഉണ്ടാക്കിയത്? ഒരിക്കലുമല്ല. ദയവുചെയ്ത് ഞാൻ പറയുന്നത്

കേൾക്കണമെന്നുള്ള ഒരു അഭ്യർത്ഥനയുണ്ട്. എല്ലാവരുടെയും നന്മയ്ക്കുവേണ്ടിയാണ് പറയുന്നത്, അതിൽ ഒരു സംശയവുമില്ല. കേരളത്തിലെ എല്ലാ സംഘടനകളോടുമൊപ്പം ഞാൻ ഇരിക്കാം, ഹയർ സെക്കണ്ടറിക്ക് ഒരു ഓഫീസ് വേണമെന്നുള്ളത് മൂന്ന് വർഷമായി അവർ ആവശ്യപ്പെടുന്ന കാര്യമാണ്. ഹയർ സെക്കണ്ടറിക്ക് ഓഫീസ് സംവിധാനമില്ലാത്തതുകൊണ്ട് ഓഫീസ് പ്രവർത്തനങ്ങളെല്ലാം നടത്തുന്നത് അവിടത്തെ അദ്ധ്യാപകരും പ്രിൻസിപ്പലുമാണ്. ക്ലാസ് മുറികൾ പൂട്ടുന്നതുപോലും അദ്ധ്യാപകരാണ്. അതുകൊണ്ട് പല അദ്ധ്യാപകർക്കും അക്കാദമിക് രംഗത്ത് ശ്രദ്ധപതിപ്പിക്കാൻ കഴിയുന്നില്ല. അതുസംബന്ധിച്ച് ഒരു കോടതിവിധിയുമുണ്ട്. ഹയർസെക്കന്ററിക്ക് പുതിയ ഓഫീസ് സംവിധാനമുണ്ടാകുമ്പോൾ പ്രിൻസിപ്പലിനും അദ്ധ്യാപകർക്കും അക്കാദമിക് രംഗത്ത് കൂടുതൽ ശ്രദ്ധചെലുത്താൻ കഴിയും. ഇവിടെ പുറപ്പെടുവിച്ചിട്ടുള്ള ഗവൺമെന്റ് ഉത്തരവ് ഞാൻ അങ്ങേയ്ക്കുതരാം. ആ ഉത്തരവിലൂടെ ഹയർസെക്കന്ററിക്ക് ഓഫീസ് സംവിധാനമുണ്ടാകുന്നു. അത് അക്കാദമിക് രംഗത്ത് ഗുണമല്ലേ? 28 മണിക്കൂർ പഠിപ്പിക്കുകയും ഓഫീസ് സംവിധാനം നിയന്ത്രിക്കുകയും ക്ലാസ് മുറികൾ അടയ്ക്കുകയും ചെയ്തിരുന്നത് പ്രിൻസിപ്പലായിരുന്നു എന്നുള്ളത് എല്ലാവർക്കുമറിയാം. പഠിപ്പിക്കുന്ന ചുമതലയിൽനിന്ന് പ്രിൻസിപ്പലിനെ മാറ്റണമെന്നുപറഞ്ഞ് പ്രിൻസിപ്പൽമാരുടെ സംഘടനയും പൊതു അദ്ധ്യാപക സംഘടനയും പലതവണ കത്ത് തന്നിട്ടുണ്ട്. ഇവിടെ നിർദ്ദേശിച്ചിരിക്കുന്നതും അതാണ്. പ്രിൻസിപ്പൽ പഠിപ്പിക്കുന്നത് ഏഴോ എട്ടോ മണിക്കൂറായി കുറയ്ക്കുമ്പോൾ ബാക്കിയുള്ള മണിക്കൂർ പഠിപ്പിക്കാൻ പുതിയ അദ്ധ്യാപകനെ കിട്ടുന്നു. അതുകൊണ്ട് ഹയർസെക്കണ്ടറിയിൽ പുതിയൊരു അദ്ധ്യാപകനെ കിട്ടാനുള്ള സാധ്യതയാണുണ്ടാകുന്നത്. ഹയർ സെക്കണ്ടറിക്ക് പുതിയ ഓഫീസ് വരുന്നു, പ്രിൻസിപ്പലിന് പൂർണ്ണമായും ഭരണരംഗത്ത് നിൽക്കാനുള്ള സാധ്യതയുണ്ടാകുന്നു, പ്രിൻസിപ്പലിന്റെ പഠന മണിക്കൂറുകൾ കുറയുന്നു, പുതിയ അദ്ധ്യാപകർ വരുന്നു, 203 അദ്ധ്യയന ദിവസങ്ങൾ ലഭിക്കുന്നു, പ്ലസ് വൺ ക്ലാസുകൾ ആരംഭിക്കുന്നു, പുതിയ ടെക്സ്റ്റ് ബുക്കുകൾ കൃത്യമായി കിട്ടുന്നു. ഇതൊക്കെ പ്ലസ് ടു വിദ്യാഭ്യാസത്തിന് ഗുണമല്ലേ; ഇതെങ്ങനെയാണ് ദോഷമാകുന്നത്? ബഹുഭൂരിപക്ഷം ഹയർസെക്കന്ററി സ്കൂൾ കാമ്പസിലും ഹൈസ്കൂളും ഹയർസെക്കന്ററിയും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് എല്ലാവർക്കുമറിയാം. ആ തർക്കങ്ങൾ അക്കാദമിക് മികവിന് തടസ്സമാണ്. ആ തടസ്സം ഇല്ലാതാക്കാൻ ഇത് ഒറ്റ യൂണിറ്റാക്കി മാറ്റുന്നു. അതുകൊണ്ട് ഇവിടെ പൂർണ്ണമായും അക്കാദമിക് മികവിനുതന്നെയാണ് പ്രാധാന്യം. അദ്ധ്യാപകർക്കോ വിദ്യാർത്ഥികൾക്കോ ഹയർസെക്കണ്ടറി സ്കൂളിനോ ഒരു കുറവും വരുന്നില്ല. പിന്നെ എന്ത് പ്രശ്നമാണ് ഇവിടെയുള്ളത്? ഇത്തരത്തിൽ എല്ലാവരും മനസ്സിലാക്കണമെന്ന വിനീതമായൊരു അഭ്യർത്ഥനയാണുള്ളത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ ഏകീകരണത്തോടെ സ്കൂൾ അന്തരീക്ഷ ത്തിലുണ്ടായ മൗലികമായ മാറ്റം അനുഭവപ്പെട്ട ജനപ്രതിനിധിയെന്ന നിലയിലാണ് ഞാൻ സംസാരിക്കുന്നത്. ഭൂരിപക്ഷം ഹൈസ്കൂളുകളും ഹയർ സെക്കണ്ടറിയെ അവരുടെ ഭാഗമായി കണക്കാക്കിയിരുന്നില്ല. ഹയർ സെക്കണ്ടറി ആരംഭിച്ച സമയത്ത് ഏറ്റവും ജീർണ്ണിച്ച കെട്ടിടത്തിലെ ഒരു ചായ്പിലാണ് അവർക്ക് സൗകര്യമൊരുക്കി കൊടുത്തത്. ഞങ്ങൾ കോളേജിൽ പഠിപ്പിക്കേണ്ടവരാണെന്ന മനോഭാവമാണ് ഹയർ സെക്കണ്ടറി അദ്ധ്യാപകരുടേത്. ഇത് വലിയ ആഭ്യന്തര സംഘർഷമുണ്ടാക്കി. ആ സ്കൂളുകളിലെ കുട്ടികളുടെ മാനസികാവസ്ഥ പരിഗണിക്കാതെ കലോത്സവങ്ങൾ വെവ്വേറെ നടത്തുകയും ടോയ്‌ലെറ്റുകൾ ഒരുപോലെ ഉപയോഗിക്കാൻ കഴിയാതെയും ലബോറട്ടറികൾ ഷെയർ ചെയ്യാതെയുമുള്ള അനാരോഗ്യകരമായ അന്തരീക്ഷമായിരുന്നു നിലനിന്നിരുന്നത്. യഥാർത്ഥത്തിൽ ഈ ഏകീകരണത്തോടെ അതിനാണ് പരിഹാരമുണ്ടാകുന്നത്. എൻട്രി കേഡർ, പ്രൊമോഷൻ തസ്തിക തുടങ്ങിയവയുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഇവിടെ ചർച്ച ചെയ്യുന്നത്. XXXXXX* ആ കാര്യങ്ങൾ പറയുകയും .....(ബഹളം).... കുട്ടികൾക്ക് പഠിക്കാനുള്ള അന്തരീക്ഷത്തിൽ വന്ന മാറ്റത്തെ കാണാതിരിക്കുകയുമാണ് ചെയ്യുന്നത്. .....(ബഹളം)....

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ,...

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ്കുമാർ ചോദ്യം ചോദിച്ചിട്ട് അങ്ങേയ്ക്ക് സമയം നൽകാം. .....(ബഹളം.)...

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഈ സർക്കാർ കൊണ്ടുവന്നിട്ടുള്ള ഏകീകരണം, സ്കൂളുകളിലെ ആരോഗ്യകരമായ അന്തരീക്ഷം കൂടുതൽ മെച്ചപ്പെടുത്തുന്ന വിധത്തിൽ പ്രിൻസിപ്പൽമാർക്കുള്ള അധികാരങ്ങളും ചുമതലകളും നിർണ്ണയിച്ചു കൊടുക്കും. .....(ബഹളം)....

മി. സ്പീക്കർ: പ്രതിപക്ഷനേതാവ് എഴുന്നേറ്റുനിന്നാൽ അദ്ദേഹത്തിന് ഞാൻ അവസരം കൊടുക്കും. നിങ്ങൾ ബഹളം വയ്ക്കണ്ട. പ്രതിപക്ഷ നേതാവിന് അവസരം തരാം. ശ്രീ. എ. പ്രദീപ്കുമാർ, അങ്ങ് ചോദ്യം ചോദിക്കൂ. .....(ബഹളം.)...

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ രണ്ടാം ഘട്ടം വരുമെന്ന് പറഞ്ഞു. ഇതിനെ പൂർണ്ണതയിലെത്തിക്കാനുള്ള നടപടികൾ അതിവേഗം കൈക്കൊള്ളുമോ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, .....(ബഹളം)....

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

മി. സ്പീക്കർ: ആ ചോദ്യത്തിന് ഉത്തരം പറഞ്ഞിട്ട് പോരേ?

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഉത്തരവാദപ്പെട്ട മെമ്പർമാർ ചോദ്യം ചോദിച്ചതിനെ വളരെ മോശമായ നിലയിലാണ് ശ്രീ. എ. പ്രദീപ്കുമാർ ഇവിടെ പരാമർശിച്ചത്. XXXXXXX* പറഞ്ഞത് ശരിയാണോ? അത് സഭാരേഖയിൽനിന്നും പിൻവലിക്കണം.

മി. സ്പീക്കർ: അൺപാർലമെന്ററിയായ പരാമർശങ്ങളൊന്നും രേഖയിലുണ്ടാകില്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇപ്പോഴത്തെ നിലയ്ക്ക് ഖാദർ കമ്മിറ്റി റിപ്പോർട്ട് രണ്ട് ഭാഗങ്ങളായെടുത്ത് ജി.ഒ. പ്രകാരമാണ് ഇതിന്റെ പ്രവർത്തനം നടത്താൻ തുടങ്ങിയിട്ടുള്ളത്. ഇപ്പോൾ ബഹുമാനപ്പെട്ട കോടതിയുടെ ഒരു ഇന്ററിം സ്റ്റേ നിലനിൽക്കുന്നുണ്ട്. ആദ്യം ഇക്കാര്യങ്ങൾ നടപ്പിലാക്കിയശേഷം ബാക്കിയുള്ളത് പിന്നീട് തീരുമാനിക്കാം.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേരളത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഇങ്ങനെയൊരു റിപ്പോർട്ട് നടപ്പിലാക്കുന്നത്. ഒരു കമ്മിറ്റിയെ നിയമിച്ചാൽ റിപ്പോർട്ടിന്റെ പൂർണ്ണരൂപം പുറത്തുവരുന്നതിനുമുമ്പ് ഒരു ഭാഗം കിട്ടി, അത് നടപ്പിലാക്കാം, രണ്ടാമത്തെ ഭാഗം ഇനി വരുന്നതേയുള്ളൂ എന്നാണ് പറയുന്നത്. 161 പേജുള്ള ഖാദർ കമ്മിറ്റി റിപ്പോർട്ട് ഞാൻ വായിച്ചു. മികവിന്റെ വിദ്യാഭ്യാസത്തെക്കുറിച്ച് ഒരു വാക്കുപോലും അതിനകത്തില്ല. ഒരു അദ്ധ്യാപക സംഘടനയുടെ നിർബന്ധം കാരണം അവരുണ്ടാക്കിയ റിപ്പോർട്ടിന്റെ പുറംചട്ട മാറ്റി ഇവിടെ കൊണ്ടുവന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ അദ്ധ്യാപകരെയും വിദ്യാർത്ഥികളെയും വിദ്യാഭ്യാസ മേഖലയെയും തകർക്കാനുള്ള നീക്കമാണ് നടക്കുന്നത്. രണ്ടാമത്തെ റിപ്പോർട്ട് എന്നുവരും; അത് വരുമ്പോൾ ഒന്നാമത്തെ റിപ്പോർട്ടിൽ മാറ്റം വരുത്തുമോ; ഇക്കാര്യം സംബന്ധിച്ച് എല്ലാവരുമായി ചർച്ച നടത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഒന്നാമത്തെ ഭാഗം ക്യാബിനറ്റ് അംഗീകരിച്ചതിനുശേഷം വളരെ നേരത്തെതന്നെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിന്റെ പ്രതികരണങ്ങൾ ധാരാളം വന്നിട്ടുണ്ട്. ഭരണമാറ്റത്തെക്കുറിച്ചുള്ള വളരെ സമഗ്രമായ റിപ്പോർട്ടാണിത്. അതിൽ രണ്ട് ഘടകങ്ങളാണ് ഇപ്പോൾ നടപ്പിലാക്കിയിട്ടുള്ളത്. രണ്ടാമത്തെ ഭാഗം സമർപ്പിച്ചിട്ടില്ല. ആദ്യഭാഗം ഭരണ ഘടനാപരമായ മാറ്റം മാത്രമാണ്. ആ ഘടനാപരമായ മാറ്റം സംബന്ധിച്ച് എന്തെല്ലാം വേണമെന്നുള്ള കൃത്യമായ നിർദ്ദേശങ്ങളുണ്ട്. അതുകൊണ്ടാണ് അതിൽനിന്ന്

---

* സഭാദ്ധ്യക്ഷന്റെ നിർദ്ദേശ പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

പ്രസക്തമായ രണ്ട് കാര്യങ്ങളെടുത്തത്. നേരത്തെ ശ്രീ. മോൻസ് ജോസഫിന്റെ ചോദ്യത്തിന് വളരെ വിശദമായി ഞാൻ മറുപടി പറഞ്ഞു. അത് അക്കാദമിക് രംഗത്തെ മികവിനുതന്നെയാണ്. അക്കാദമിക് രംഗത്ത് ആവശ്യമുള്ള ഭൗതിക/ ഭരണ പശ്ചാത്തലമുണ്ടാക്കുക എന്നുള്ളത് തന്നെയാണ് ലക്ഷ്യം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇവിടെ ഏത് എം.എൽ.എ. ആണെന്നോ അല്ലെങ്കിൽ ജില്ലാ പഞ്ചായത്തുകൾ ആരാണ് ഭരിക്കുന്നതെന്നോ നോക്കാതെ എല്ലാ സ്കൂളുകൾക്കും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടി 5 കോടി രൂപ, 2 കോടി രൂപ, 3 കോടി രൂപ എന്നിങ്ങനെ കൊടുത്തു. അതിനുശേഷം അക്കാദമിക് മികവിനുവേണ്ടി വിവിധ തരത്തിലുള്ള പരിപാടികൾ കൊണ്ടുവന്നു. എല്ലാ സ്കൂളുകളും ഹൈടെക്കാക്കുന്ന പ്രവർത്തനം ഏതാണ്ട് പൂർത്തീകരണത്തിലേയ്ക്ക് മാറുകയും ചെയ്തു. ഇങ്ങനെയുള്ള വലിയ മാറ്റങ്ങൾ വന്നതിന്റെ ഫലമായി ലക്ഷക്കണക്കിന് വിദ്യാർത്ഥികളാണ് സർക്കാർ സ്കൂളുകളിലേയ്ക്ക് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ അങ്ങ് മന്ത്രിയായിരിക്കുന്ന ഈ വിദ്യാഭ്യാസ മേഖലയിൽ സർക്കാരിനെതിരായി ഏതെങ്കിലും തരത്തിലുള്ള പരാതി പറയാനില്ലാത്തതുകൊണ്ടാണ് ഖാദർ കമ്മിറ്റി റിപ്പോർട്ടിന്റെ പേരുപറഞ്ഞ് പ്രശ്നങ്ങളുണ്ടാക്കുന്നത്. വിദ്യാർത്ഥികൾ ഒരു വർഷമോ ആറ് മാസമോ പാഠപുസ്തകങ്ങൾ ലഭിക്കാൻവേണ്ടി കാത്തിരിക്കുകയായെങ്കിൽ ഇപ്രാവശ്യം പാഠപുസ്തകങ്ങൾ വിദ്യാർത്ഥികളെ കാത്തിരിക്കുന്ന രീതിയിലേയ്ക്ക് മാറുകയുണ്ടായി. പ്ലസ് ടു എന്നുപറയുന്നത് ഒരു വിദ്യാർത്ഥിയെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട late adolescent period ആണ്. അവരുടെ കരിയറും സൈക്കോളജിക്കൽ ഡെവലപ്മെന്റുമൊക്കെ തീരുമാനിക്കുന്ന സമയമാണ്. അതുകൊണ്ട് ഇന്റർനാഷണൽ ലെവലിലുള്ള അക്കാദമിക് മികവ് ആ രീതിയിലേയ്ക്ക് കൊണ്ടുപോകുമ്പോൾ വിദ്യാർത്ഥികൾക്ക് അത്തരത്തിലുള്ള എക്സ്പോഷർ കിട്ടുന്നതിന് സ്റ്റുഡന്റ്സ് എക്സ്ചേഞ്ച് പ്രോഗ്രാം, ടീച്ചേഴ്സ് എക്സ്ചേഞ്ച് പ്രോഗ്രാം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കാൻ തയ്യാറാകുമോ എന്നതാണ് എന്റെ ചോദ്യം?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, തീർച്ചയായും. അക്കാദമിക് രംഗത്ത് എന്തെല്ലാം ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നുള്ളത് ഈ ചോദ്യത്തിലെ ഒരു ചെറിയ ചോദ്യമാണ്; അത് വളരെ പ്രസക്തവുമാണ്. നേരത്തെ ഇവിടെ നടപ്പിലാക്കിയിരുന്ന ഔട്ട്കം ബേസ്ഡ് പാഠ്യപദ്ധതി കുട്ടികളുടെ യഥാർത്ഥ വളർച്ചയെ

തടഞ്ഞിരുന്നുവെന്ന് നിരവധി പഠനങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, ഇന്റർനാഷണൽ എക്സ്പോഷർ പോലെ പലതരത്തിലുള്ള എക്സ്പോഷർ ഉണ്ട്. കല-ശാസ്ത്ര-സാഹിത്യ മേഖലകളി ലായാലും, കുട്ടികളുടെ മനസ്സിന് എക്സ്പോഷറുണ്ടായാൽ അവരുടെ വളർച്ച നമുക്ക് ചിന്തിക്കാൻപോലും കഴിയാത്തതായിരിക്കും. അതിനുവേണ്ടിയാണ് ഇപ്പോൾ സമഗ്ര പോർട്ടലിൽ നിന്നും ഹൈടെക് ക്ലാസ്സുകളുണ്ടാക്കിയിട്ടുള്ളത്. സമഗ്ര പോർട്ടൽ-I, II, III, IV എന്നിങ്ങനെ 4 ഘട്ടങ്ങളിലായിട്ടാണ് വരാൻ പോകുന്നത്. ഹയർ സെക്കണ്ടറി മേഖലയിൽ ഈ മാറ്റത്തിലൂടെ വരാൻ പോകുന്ന സമഗ്രമായ ഹൈടെക് വിദ്യാഭ്യാസത്തിലൂടെ ലോകത്ത് ഏറ്റവും ആധുനികമായ ശാസ്ത്രീയ വിദ്യാഭ്യാസം നടക്കുന്നത് കേരളത്തിലായിരിക്കും, കേരളത്തിന്റെ പൊതു വിദ്യാഭ്യാസത്തി ലായിരിക്കും എന്നുള്ള കാര്യം ഉറപ്പാണ്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഈ സഭയിലെ ഏക ഹയർ സെക്കന്ററി അദ്ധ്യാപകൻ ഞാനാണെന്നാണ് തോന്നുന്നത്. വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ സഭയെ നിരന്തരമായി തെറ്റിദ്ധരിപ്പിക്കുന്നുണ്ട്. അദ്ദേഹം പറയുന്നത് ഹയർ സെക്കണ്ടറിക്ക് നേരത്തെ ഓഫീസുണ്ടായിരുന്നില്ല, സ്റ്റാഫുകളുണ്ടായിരുന്നില്ല, മറ്റ് സൗകര്യങ്ങളൊന്നുമുണ്ടായിരുന്നില്ല എന്നാണ്. ഞാൻ കൊണ്ടോട്ടി ഇ.എം.ഇ.എ. ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകനാണ്. അവിടെ ഹയർ സെക്കണ്ടറിക്ക് ഓഫീസും മറ്റ് സൗകര്യങ്ങളുമുണ്ട്. ഞാൻ മറ്റൊരു ഗവൺമെന്റ് സ്കൂളിലെ പി.ടി.എ. പ്രസിഡന്റായിരുന്നു. അവിടെയും ഹയർ സെക്കണ്ടറിക്ക് ഓഫീസും മറ്റ് സൗകര്യ ങ്ങളുമുണ്ട്. അവിടെ ബെല്ലടിക്കാൻ അറ്റൻഡറില്ല, ക്ലാർക്ക്, സ്വീപ്പർ ഇതൊന്നുമില്ല. ഹൈസ്കൂളിന്റെ ഓഫീസിനെയും അവിടെയുള്ള ക്ലാർക്ക്, അറ്റൻഡർ, സ്വീപ്പർ തുടങ്ങിയവരെയും ഷെയർ ചെയ്യാൻ കഴിയുന്നതിന്റെ ഗുണത്തെക്കുറിച്ച് മാത്രമാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നത്. ഇനി പ്രിൻസിപ്പൽ ക്ലാസ്സെടുക്കേണ്ട ആവശ്യമില്ലെന്ന് ഹയർസെക്കന്ററി അദ്ധ്യാപകർ പറയുന്നു. ഇവിടെ ഈ പ്രിൻസിപ്പൽ ഇപ്പോഴും സ്വതന്ത്രനല്ല. പ്രിൻസിപ്പലിന്റെ ജോലിഭാരം ഇപ്പോൾ കൂട്ടുകയാണ്, ഹയർ സെക്കണ്ടറിയുടെ നിലവാരം കുറയ്ക്കുകയാണ്. അക്കാദമികമായി എന്ത് മേന്മയാണുണ്ടാകാൻ പോകുന്നത് എന്നുള്ളതാണ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് ചോദിക്കാനുള്ളത്. അതിന് ഇതുവരെ കൃത്യമായ ഉത്തരം പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: ഘടനാപരമായ മാറ്റംകൊണ്ട് അക്കാദമികമായ മെച്ചം എന്താണെന്നല്ലേ ചോദ്യം? ......ബഹളം.... അങ്ങ് ഒരു അദ്ധ്യാപകനല്ലേ; ചോദ്യം ചോദിക്കൂ....

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഘടനാപരമായ മാറ്റംകൊണ്ട് ആളുകളെ ഷെയർ ചെയ്യാമെന്നല്ലാതെ അക്കാദമികമായി എന്ത് മേന്മയാണുള്ളത്? ഇതിലൂടെ അവർക്ക് അധിക ജോലിഭാരമുണ്ടാകുകയാണ് ചെയ്യുന്നത്. 34000-ത്തോളം വരുന്ന കുട്ടികളെ മുഴുവൻ നോക്കേണ്ട ബാധ്യത സ്കൂളിലെ അദ്ധ്യാപകർക്കും പ്രിൻസിപ്പലിനുമാണ്. ഇത് അക്കാദമികമായ മികവിനെ ബാധിക്കുകയും സ്കൂളിന്റെ ഭരണപരമായ തകർച്ചയ്ക്ക് കാരണമാകുകയും ചെയ്യില്ലേ എന്നതാണ് എന്റെ ചോദ്യം?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഇവിടെ ചോദിച്ച ചോദ്യങ്ങൾക്കെല്ലാം പറഞ്ഞ ഉത്തരം തന്നെയാണ് ഇതിനുമുള്ളത്. അക്കാദമിക മികവിനു വേണ്ടിയാണെന്ന് ഇത്രയൊക്കെ പറഞ്ഞിട്ടും ഇവിടെയുള്ളവർക്ക് മനസ്സിലാകുന്നില്ലെന്ന് പറഞ്ഞാൽ എന്ത് ചെയ്യാൻ കഴിയും. അക്കാദമിക രംഗത്ത് രണ്ടുതരത്തിലുള്ള മാറ്റങ്ങളുണ്ട്. അക്കാദമിക് കണ്ടന്റിന്റെയും അഡ്മിനിസ്ട്രേറ്റീവ് കണ്ടന്റിന്റെയും മാറ്റമുണ്ട്. ഇത് രണ്ടും ചേരുമ്പോൾ മാത്രമേ അക്കാദമിക് മാറ്റമുണ്ടാകുകയുള്ളൂ. അതിനു വേണ്ടിയാണ് അഡ്മിനിസ്ട്രേറ്റീവ് കണ്ടന്റിലെ മാറ്റം ഞാൻ വിശദമായി പറഞ്ഞത്. ഓരോ ചെറിയ മാറ്റങ്ങളും അക്കാദമിക് കോൺട്രിബ്യൂഷനിലുള്ളതാണ്. അങ്ങനെ വിവിധ തരത്തിലുള്ള കോൺട്രിബ്യൂഷന്റെ സമഷ്ടിയിലാണ് അക്കാദമിക് മികവുണ്ടാകുക. വരുംവർഷങ്ങളിൽ അതിനുള്ള മാറ്റങ്ങൾ നമുക്ക് കാണാൻ കഴിയും. ഒരു കുട്ടിക്കോ ഒരു അദ്ധ്യാപകനോ ഈ ഏകീകരണത്തിലൂടെ ഒരു പ്രശ്നവുമുണ്ടാകില്ല.

## മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസ പദ്ധതികൾ

3 (*393) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടലാക്രമണംമൂലം നാശനഷ്ടങ്ങളുണ്ടായ മത്സ്യത്തൊഴിലാളികൾക്കായി സർക്കാർ നടപ്പിലാക്കിയ ആശ്വാസ പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

(ബി) ഈ വർഷം ഏതൊക്കെ ജില്ലകളിലാണ് ഏറ്റവും കൂടുതൽ കടൽക്ഷോഭമുണ്ടായത്; വിശദാംശം ലഭ്യമാക്കാമോ;

(സി) കടൽക്ഷോഭംമൂലം വീടും വള്ളങ്ങളും നശിച്ചുപോയ മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ലഭിക്കാതെ വന്നിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കടലാക്രമണംമൂലം വീടുകൾക്ക് നാശനഷ്ടമുണ്ടായ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ അടിയന്തരമായി ദുരിതാശ്വാസ ക്യാമ്പുകളിൽ മാറ്റിപാർപ്പിക്കുകയും സൗജന്യ റേഷൻ ഉൾപ്പെടെയുള്ള അവശ്യ സൗകര്യങ്ങൾ റവന്യൂ, സിവിൽ സപ്ലൈസ് വകുപ്പുകൾ മുഖേന ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കടൽക്ഷോഭത്തിൽ മത്സ്യബന്ധനോ പകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും SDRF മാനദണ്ഡ പ്രകാരം ധനസഹായം നൽകുന്നുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നതുമായ 18850 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റി പാർപ്പിക്കുന്നതിനുള്ള പദ്ധതികളാണ് സർക്കാർ നടപ്പാക്കുന്നത്. 2016-17 മുതൽ നടപ്പിലാക്കിയ വിവിധ ഭവനനിർമ്മാണ പദ്ധതികൾ പ്രകാരം ആകെ 5419 പേർക്ക് ധനസഹായം അനുവദിക്കുകയും 3706 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

2016-17, 2017-18 വർഷങ്ങളിലായി നടപ്പാക്കിവരുന്ന പദ്ധതികൾ പ്രകാരം 1798 പേർക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയതിൽ 1191 പേർ സ്ഥലം രജിസ്റ്റർ ചെയ്ത് ഭവനനിർമ്മാണം ആരംഭിച്ചിട്ടുണ്ട്. നിരന്തരമായി കടലാക്രമണ ഭീഷണി നേരിടുന്ന 18850 കുടുംബങ്ങൾ കേരളത്തിന്റെ 590 കിലോമീറ്റർ വരുന്ന തീരദേശത്തുണ്ട്. തീരത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ മുഴുവൻ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിയാണ് Rebuild Kerala Initiative (RKI)-ന്റെ ഭാഗമായി സർക്കാർ നടപ്പാക്കാൻ പോകുന്നത്. സി.എം.ഡി.ആർ.എഫ്.-ൽനിന്നും ഈ ബൃഹത് പദ്ധതിയുടെ നിർവ്വഹണത്തിനായി 1398 കോടി രൂപ വിനിയോഗിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് പരമാവധി 10 ലക്ഷം രൂപ വീതം കുടുംബമൊന്നിന് അനുവദിക്കാനാകും. മൺസൂൺ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന ബോട്ടുകളിലെ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധതൊഴിലാളികൾക്കും പീലിംഗ് ഷെഡ് തൊഴിലാളികൾക്കും സൗജന്യ റേഷൻ അനുവദിക്കുന്നു. സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 4500 രൂപ മൂന്ന് ഗഡുക്കളായി മേയ്, ജൂൺ, ജൂലൈ മാസങ്ങളിലായി നൽകിവരുന്നു. ഈ വർഷം കടലോര മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ മാസങ്ങളിലെ ആനുകൂല്യം

നൽകിക്കഴിഞ്ഞിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുണ്ടാകുന്ന തൊഴിൽനഷ്ടം നികത്തുന്നതിനായി തൊഴിൽ വകുപ്പിന്റെ ധനസഹായത്തോടെ തണൽ പദ്ധതി പ്രകാരം 1350 രൂപ വീതം നൽകുന്നുണ്ട്.

(ബി) ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം എന്നീ ജില്ലകളിലാണ് രൂക്ഷമായ കടൽ ക്ഷോഭമുണ്ടായത്.

(സി) കടൽക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സുരക്ഷിത മേഖലയിൽ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നതിന് 25 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് 2016-17 വർഷം ആരംഭിച്ച് നടപ്പാക്കിവരുന്നു. പദ്ധതി പ്രകാരം ആകെ 127 പേർ സ്ഥലം വാങ്ങുകയും 112 പേർ ഭവനനിർമ്മാണം പൂർത്തീ കരിക്കുകയും ചെയ്തിട്ടുണ്ട്. മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് കടൽ ക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട 192 മത്സ്യത്തൊഴിലാളികളെ പാർപ്പിക്കുന്നതിനുള്ള ഫ്ലാറ്റ് സമുച്ചയം നിർമ്മിച്ച് 187 ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ബി.ഐ.എഫ്.& എച്ച്.ഡി.എഫ്. (2018-19)-ൽ ഉൾപ്പെടുത്തി 78.20 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 772 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പി ക്കുന്നതിന് 92 ഫ്ലാറ്റ് അപ്പാർട്ട്മെന്റുകളുടെ നിർമ്മാണമാണ് പദ്ധതിയിലൂടെ ലക്ഷ്യ മിടുന്നത്. കൂടാതെ, കേരളത്തിന്റെ തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കു ന്നവരും കടലാക്രമണ ഭീഷണി നേരിടുന്നതുമായ 18850 എണ്ണം മത്സ്യ ത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസി പ്പിക്കുന്നതിന് Rebuild Kerala Initiative-ന്റെ ഭാഗമായി ഒരു ബൃഹത് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. അത് നടപ്പാക്കുന്നതോടെ മുഴുവൻ കുടുംബങ്ങളെയും സുരക്ഷിത സ്ഥാനങ്ങളിൽ പുനരധിവസിപ്പിക്കാനാകും. കടൽക്ഷോഭത്തിൽ മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും എസ്.ഡി.ആർ.എഫ്. മാനദണ്ഡപ്രകാരം ജില്ലാ കളക്ടർമാർ മുഖേന ധനസഹായം നൽകിവരുന്നു.

ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ട തിരുവനന്തപുരം ജില്ലയിലെ 38 കുടുംബങ്ങൾ നാല് വർഷമായും ആലപ്പുഴ ജില്ലയിലെ 55 കുടുംബങ്ങൾ നിരവധി വർഷങ്ങളായും സ്കൂളുകളിലായിരുന്നു

താമസിച്ചുകൊണ്ടിരുന്നത്. അതിൽ തിരുവനന്തപുരത്ത് കടൽക്ഷോഭത്തിൽ വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കാനാണ് മുട്ടത്തറ വില്ലേജിൽ 3.5 ഏക്കർ സ്ഥലത്ത് 192 വീട് ഉൾക്കൊള്ളുന്ന ഫ്ലാറ്റ് നിർമ്മിച്ച് നൽകിയിട്ടുള്ളത്. ആലപ്പുഴയിലെ 55 കുടുംബങ്ങളടക്കം 772 പേർക്ക് വീട് നൽകാൻ 92 പാർപ്പിട സമുച്ചയങ്ങൾ ഉൾക്കൊള്ളുന്ന ഫ്ലാറ്റിന്റെ നിർമ്മാണം തുടങ്ങിക്കഴിഞ്ഞു. കേരളത്തിന്റെ തീരപ്രദേശത്ത് 50 മീറ്ററിനകത്ത് താമസിക്കുന്ന 18850 കുടുംബങ്ങളിൽ 8457 പേർ അവിടെനിന്നും മാറിത്താമസിക്കാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതിനാവശ്യമായ നടപടി അതിവേഗം തുടങ്ങും. കേരളത്തിന്റെ സൈന്യമെന്ന് കേരളത്തിന്റെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ വിശേഷിപ്പിച്ച അവരുടെ സുരക്ഷയും സംരക്ഷണവും ഉറപ്പാക്കാൻ യുദ്ധകാലാടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഈ ഗവൺമെന്റ് നടപ്പിലാക്കുന്നത്, അത് തുടരുകയാണ്.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ ഉത്തരം നൂറു ശതമാനവും ശരിയാണ്, അതിനോട് ഞാൻ യോജിക്കുന്നു, ബഹുമാനിക്കുന്നു. പക്ഷേ ചില മേഖലകളിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധപോയിട്ടില്ല. എറണാകുളത്തെ ചെല്ലാനം മേഖലയിൽ ഫോർട്ട് കൊച്ചി മുതൽ അന്ധകാരനഴി വരെയുള്ള തീരപ്രദേശം ശക്തമായ കടലാക്രമണ ഭീഷണിയിലാണ്. വച്ചാക്കൽ, കമ്പനിപ്പടി, മാലാഖപ്പടി, ബസാർ, വേളാങ്കണ്ണി, പുത്തൻതോട്, ചെറിയകാവ്, കാട്ടിപ്പറമ്പ്, മാനാശ്ശേരി, സൗദി എന്നീ പ്രദേശങ്ങളിൽ നിലവിലുള്ള കടൽഭിത്തി മുഴുവൻ തകർന്നുവെന്നുമാത്രമല്ല അതില്ലാത്ത നിലയിലുമാണ്. 2017 നവംബർ മാസത്തിലെ ഓഖി ചുഴലിക്കാറ്റിനെത്തുടർന്ന് കടൽക്ഷോഭത്തിൽ ചെല്ലാനത്ത് രണ്ടുപേർ മരിച്ചതും അങ്ങേയ്ക്കറിയാം. കടൽഭിത്തി തീർത്തും തകർന്നുകിടക്കുന്ന അഞ്ചിടങ്ങളിൽ അടിയന്തരമായി സുരക്ഷയൊരുക്കുന്നതിന് ജിയോട്യൂബ് കൊണ്ടുള്ള കടൽഭിത്തിയും ഐ.ഐ.ടി. അംഗീകരിച്ച രണ്ട് പുലിമുട്ടുകളും 2018 ഏപ്രിൽ 30-നുമുമ്പ് നിർമ്മാണം പൂർത്തിയാക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഉറപ്പു നൽകിയതാണ്. അത് ബഹുമാനപ്പെട്ട മന്ത്രിക്ക് ഓർമ്മകാണും. അതൊന്നും ഇതുവരെ ചെയ്തിട്ടില്ല. പശ്ചിമകൊച്ചി തീരപ്രദേശത്ത്, പ്രത്യേകിച്ച് ഇപ്പോൾ ദുരിതമനുഭവിക്കുന്ന ചെല്ലാനം മേഖലയിൽ കടൽഭിത്തി തകർന്നുകിടക്കുന്ന സ്ഥലങ്ങളിൽ അടിയന്തരമായി കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; ഈ മേഖലയുടെ സംരക്ഷണത്തിന് ഐ.ഐ.ടി. അംഗീകരിച്ച് നൽകിയ പുലിമുട്ടുകളുടെ നിർമ്മാണം യാഥാർത്ഥ്യമാക്കാനുള്ള നടപടി ഉടൻ സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇറിഗേഷൻ വകുപ്പാണ് ചെല്ലാനത്ത് തീരസംരക്ഷണം ഏറ്റെടുത്തിരിക്കുന്നത്. ഈ ഗവൺമെന്റ് 13.98 കോടി രൂപയുടെ പദ്ധതി ഇറിഗേഷൻ വകുപ്പ് മുഖാന്തിരം നടപ്പാക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഇവിടെ വിശദീകരിച്ചതുപോലെ ഐ.ഐ.ടി.-യുടെ ശിപാർശയോടുകൂടി ജിയോട്യൂബ് ഉപയോഗിച്ചാണ് അവിടെ കടൽഭിത്തിയുടെ നിർമ്മാണത്തിന് തുടക്കം കുറിച്ചത്. അതിന്റെ നിർമ്മാണം കഴിഞ്ഞവർഷം ആരംഭിച്ചെങ്കിലും പല തർക്കങ്ങൾ കാരണം പൂർത്തീകരിക്കാനായിട്ടില്ലെന്നത് വസ്തുതയാണ്. മണലിന്റെ ലഭ്യത സംബന്ധിച്ച തർക്കങ്ങൾ കാരണമാണ് അത് നീണ്ടുപോയത്. ഇപ്പോൾ നമ്മളൊക്കെ പ്രതീക്ഷിച്ചിരുന്നതിലുമപ്പുറം ശക്തമായ കടൽക്ഷോഭത്തോടു കൂടിയാണ് മഴക്കാലം തുടങ്ങിയത്. ഈ പ്രശ്നം അവിടെ രൂക്ഷമാണ്. ഗവൺമെന്റ് അടിയന്തര ഇടപെടൽ നടത്തിയിട്ടുണ്ട്. രണ്ടാഴ്ചയ്ക്ക് മുമ്പുള്ള ക്യാബിനറ്റിൽ 22.50 കോടി രൂപ അടിയന്തരമായ പ്രതിരോധ നടപടികൾക്കായി അംഗീകരിച്ച് നൽകിയിട്ടുണ്ട്. തീരസംരക്ഷണം ഇറിഗേഷൻ ഡിപ്പാർട്ട്മെന്റും ഹാർബർ ഡിപ്പാർട്ടുമെന്റും സംയുക്തമായി ചേർന്നുകൊണ്ട് അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾക്കാണ് ഗവൺമെന്റ് മുൻഗണന നൽകിയിരിക്കുന്നത്.

മി. സ്പീക്കർ: ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

# 2 രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### വിദ്യാഭ്യാസ മേഖലയിലെ ഗുണപരമായ ഇടപെടലുകൾ

4 (*394) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിസ്ഥാന സൗകര്യങ്ങളിൽ വൻ കുതിച്ചുചാട്ടം സൃഷ്ടിച്ചതിനെത്തുടർന്ന് ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാക്കിത്തീർക്കുകയെന്ന ലക്ഷ്യത്തോടെ നടത്തി വരുന്ന ഗുണപരമായ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; മുൻ സർക്കാരിന്റെ കാലത്ത് പരീക്ഷകൾ നിരന്തരം വൈകിയിരുന്നതായ ആക്ഷേപം അവസാനിപ്പിക്കാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ബഹുസ്വര സമൂഹത്തിന്റെ അടിത്തറ ശക്തമാക്കുന്ന തരത്തിൽ ഭാവി ലക്ഷ്യങ്ങൾ നിർണ്ണയിച്ച് പാഠ്യക്രമം പുനഃസംഘടിപ്പിക്കുന്നതിനും തദനുസൃതം പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനും ഉദ്ദേശ്യമുണ്ടോയെന്ന് അറിയിക്കാമോ;

(സി) അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികൾ വിപുലമാക്കിയിട്ടുണ്ടോ;

(ഡി) എസ്.സി.ഇ.ആർ.ടി.യുടെ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ മാറ്റം വരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്ന പേരിൽ ഈ സർക്കാർ പ്രത്യേക പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആധുനികവത്കരണം നടത്തുന്നതിനായി ഐ.ടി. വിദ്യാഭ്യാസ രംഗത്ത് താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

1. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.

3. 941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 213 സ്കൂളുകളിൽ അടിസ്ഥാന സൗകര്യവികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

6. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവര വിനിമയ സാങ്കേതികവിദ്യയുടെ പ്രയോജനം പഠന-ബോധനപ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

7. അദ്ധ്യാപക ശാക്തീകരണ പ്രവർത്തനങ്ങളിൽ വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തുന്നതിന് ഒന്നുമുതൽ പന്ത്രണ്ടുവരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് നാല് ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകിയിട്ടുണ്ട്. ലോവർ പ്രൈമറി (45166), അപ്പർപ്രൈമറി (36760), ഹൈസ്കൂൾ (26860), ഹയർ സെക്കന്ററി-വൊക്കേഷണൽ ഹയർ സെക്കണ്ടറി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

8. ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പലവിധ കാരണങ്ങൾക്കൊണ്ട് പരീക്ഷാ വിജ്ഞാപനത്തിൽ നിശ്ചയിക്കുന്ന തീയതികൾ മാറ്റി പരീക്ഷകൾ പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ടായിട്ടുണ്ട്. ഇതിൽ ഒന്നിലേറെ പരീക്ഷകൾ ഒരേ മാസം നടത്തുന്നതുകൊണ്ടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതി ലേയ്ക്കായി ഓരോ മാസവും നടത്തേണ്ട പരീക്ഷകൾ പുനഃക്രമീകരിച്ച് ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇതിൻപ്രകാരം ഭാവിയിൽ പ്രകൃതി ദുരന്തങ്ങൾ, പകർച്ച വ്യാധികൾപോലുള്ള അനിവാര്യമായ സാഹചര്യങ്ങളിലല്ലാതെ പരീക്ഷകൾ നിരന്തരം മാറ്റിവയ്ക്കുന്ന സാഹചര്യം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

(ബി) ബഹുസ്വര സമൂഹത്തിന്റെ ആവശ്യങ്ങൾ പരിഗണിച്ച് പാഠ്യ പദ്ധതിയിൽ ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

(സി) ഉണ്ട്.

(ഡി) പാഠ്യപദ്ധതി രൂപീകരിക്കൽ, പഠനസാമഗ്രികൾ വികസിപ്പിക്കൽ, അദ്ധ്യാപക പരിശീലനം, വിദ്യാഭ്യാസ നയം സംബന്ധിച്ച് സർക്കാരിന് ആവശ്യമായ ഉപദേശം നൽകൽ, വിദ്യാഭ്യാസ ഗവേഷണം സംഘടിപ്പിക്കൽ തുടങ്ങിയവയാണ് എസ്.സി.ഇ.ആർ.ടി.-യുടെ പ്രധാന പ്രവർത്തനങ്ങൾ.

## ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട്

5 (*395) ശ്രീ. അനിൽ അക്കര:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ മൂന്ന് വയസ്സ് മുതലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കണമെന്ന് പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടിൽ ശിപാർശയുണ്ടോ;

(ബി) പ്രീപ്രൈമറി കൂടി വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ കീഴിൽ വരുന്നത് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാക്കുന്ന മാറ്റങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(സി) വൊക്കേഷണൽ വിദ്യാഭ്യാസം എല്ലാ സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും വ്യാപിപ്പിക്കണമെന്ന കരട് നയത്തിലെ നിർദ്ദേശം സംസ്ഥാനത്ത് എപ്രകാരമാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്;

(ഡി) സ്വകാര്യ സ്കൂളുകളെ നിയന്ത്രിക്കുവാനും അവയുടെ നിലവാരം മെച്ചപ്പെടുത്തുവാനുമുള്ള കരട് നയത്തിലെ നിർദ്ദേശം സംസ്ഥാനത്ത് കർശനമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി-ഡി) ദേശീയ വിദ്യാഭ്യാസനയം 2019-ന്റെ കരട് മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. അന്തിമ നയം രൂപീകരിച്ച് വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ സംസ്ഥാനത്ത് നടപ്പാക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച തീരുമാനമെടുക്കാൻ കഴിയൂ.

## പ്രളയ പുനരധിവാസം സംബന്ധിച്ച പരാതികൾ

6 (*396) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ.അൻവർ സാദത്ത്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ഉണ്ടായി പത്ത്മാസം പിന്നിട്ടിട്ടും പുനരധിവാസം സംബന്ധിച്ച ജനങ്ങളുടെ പരാതികൾ പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വസ്തുതയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന സർക്കാർ റീബിൽഡ് ആപ്പ് വഴി നടത്തിയ കണക്കെടുപ്പിനെതിരെ ഉയർന്ന പരാതികൾ പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) യാതൊരു കൂടിയാലോചനകളും കൂടാതെ റീബിൽഡ് ആപ്പ് വഴി കോളേജ് കുട്ടികളെ ഉപയോഗിച്ച് പ്രളയബാധിതരുടെ കണക്കെടുപ്പ് നടത്തിയത് പുനരധിവാസ പ്രവർത്തനങ്ങൾ പരാജയപ്പെടാൻ കാരണമായിട്ടുണ്ടെന്ന് കരുതുന്നുണ്ടോ;

(ഡി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ പ്രളയബാധിതരുടെ കണക്കെടുപ്പ് നടത്തിയിരുന്നെങ്കിൽ പുനരധിവാസ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ സാധിക്കുമായിരുന്നില്ലേ എന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പരാതികൾ പരിഹരിക്കാൻ വ്യക്തമായ നടപടിക്രമങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. അതുപ്രകാരം പരാതികൾ പരിഹരിച്ചുവരുന്നു. 253873 വീടുകൾ ഭാഗികമായി തകർന്നുവെന്നാണ് കണക്കുകൾ. ഇവയിൽ 222677 കുടുംബങ്ങൾക്ക് പണം നല്കി കഴിഞ്ഞു. പൂർണ്ണമായും തകർന്ന 15394 വീടുകളിൽ 9933 പേർ സ്വയം വീട് നിർമ്മിക്കുന്നവരാണ്. ഇവരിൽ 9737 പേർക്ക് ആദ്യ ഗഡു പണം നൽകി. 6756 കുടുംബങ്ങൾക്ക് രണ്ടാം ഗഡുവും 4544 കുടുംബങ്ങൾക്ക് മൂന്നാം ഗഡു തുകയും നൽകി. 2995 വീടുകൾ പൂർത്തിയായി. 1990 വീടുകൾ Care Home പദ്ധതിയിലാണ് നിർമ്മിക്കുന്നത്. ഇവയിൽ 1925 വ്യക്തികൾക്ക് ആദ്യഗഡു നൽകി. 1399 വീടുകൾ പണി പൂർത്തിയായി. 507 വീടുകൾ നിന്ന സ്ഥലം വാസയോഗ്യമല്ല. ഇവയിൽ 416 കുടുംബങ്ങൾക്കുള്ള സ്ഥലം കണ്ടെത്തി നൽകി. 1259 വീടുകൾ പുറമ്പോക്കിലായിരുന്നു. ഇവരിൽ 744 കുടുംബങ്ങൾക്കും സർക്കാർ ഭൂമി കണ്ടെത്തി നൽകി. 1235 വീടുകൾ പ്രാദേശിക സ്പോൺസർഷിപ്പിലൂടെയാണ് നിർമ്മിക്കുന്നത്. ഇവരിൽ 1075 വീടുകളുടെ പണി ആരംഭിച്ചു. ഭാഗികമായി തകർന്ന വീടുകൾ സംബന്ധിച്ച് 102479 അപ്പീൽ ലഭിച്ചു. 101878 എണ്ണം പരിഗണിച്ച് തീർപ്പാക്കിക്കഴിഞ്ഞു. തർക്കമുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ സി.ഇ.ഒ.-യെയും (Deputy Collector, Disaster Management/ADM as the case may be), സി.ഇ.ഒ.-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന രീതിയിൽ പരാതി പരിഹാര സംവിധാനം ഒരുക്കിയിരുന്നു.

(ബി) ഉണ്ട്. ഈ കണക്കെടുപ്പിന് മേൽ പരിശോധന നടത്തിയും പരാതികൾ സ്വീകരിച്ചും പരിഹരിച്ചു. 102479 അപ്പീൽ ഭാഗികമായി തകർന്ന വീടുകൾ സംബന്ധിച്ച് ലഭിച്ചു. 101878 എണ്ണം പരിഗണിച്ച് തീർപ്പാക്കിക്കഴിഞ്ഞു.

(സി) ഇല്ല. നിലവിലെ കണക്കുകൾ സൂചിപ്പിക്കുന്നത് ഈ പ്രവൃത്തി വിജയിച്ചുവെന്ന് തന്നെയാണ്. പുതിയ സാങ്കേതികവിദ്യയായതിനാൽ ചില പരിമിതികളുണ്ടായിട്ടുണ്ട്. അവ പരിശോധിച്ച് പരിഹരിച്ചിട്ടുണ്ട്.

(ഡി) തദ്ദേശ സ്ഥാപനങ്ങളെ തന്നെയാണ് കണക്കെടുപ്പിന്റെ ചുമതല ഏൽപ്പിച്ചത്. Rebuild App-ലെ എല്ലാ വിവരങ്ങളുടെയും ഉത്തരവാദിത്വം അതത് പ്രദേശത്തെ തദ്ദേശ വകുപ്പ് എഞ്ചിനീയർമാരെയാണ് ഏല്പിച്ചിട്ടുള്ളത്. തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി അംഗീകരിച്ച ശേഷമാണ് നാശനഷ്ടത്തിന്റെ തോത് database-ൽ ചേർത്തത്. കൂടാതെ, ഇക്കാര്യത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയുടെ സി.ഇ.ഒ.-യെയും (Deputy Collector, Disaster Management/ADM as the case may be), സി.ഇ.ഒ.-യുടെ തീരുമാനത്തിൽ പരാതിയുള്ളവർക്ക് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ ചെയർമാനായ ജില്ലാ കളക്ടറെയും സമീപിക്കാവുന്ന തരത്തിൽ പരാതി പരിഹാര സംവിധാനം രൂപീകരിച്ചിരുന്നു.

**അന്വേഷണാധിഷ്ഠിത പഠന പ്രക്രിയ**

7 (*397) ശ്രീമതി. പി. അയിഷാ പോറ്റി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം ആറ് മുതൽ പതിനാല് വയസ്സു വരെയുള്ള മുഴുവൻ കുട്ടികളെയും സ്കൂളിലെത്തിക്കുന്നതിനും ഗുണമേന്മയുള്ള വിദ്യാഭ്യാസം എല്ലാവർക്കും പ്രദാനം ചെയ്യുന്നതിനും ഉള്ള പ്രവർത്തനം വിശദമാക്കാമോ;

(ബി) അഭ്യസ്തവിദ്യരിൽത്തന്നെ യുക്തിബോധം കുറവായി കാണുന്ന സാഹചര്യത്തിൽ കുട്ടികളിൽ ചെറുപ്പത്തിൽത്തന്നെ ശാസ്ത്രീയമായ കാഴ്ചപ്പാടും യുക്തിചിന്തയും അങ്കുരിപ്പിക്കുന്നതിന് അന്വേഷണാധിഷ്ഠിത പഠന പ്രക്രിയ പ്രോത്സാഹിപ്പിക്കാൻ പരിപാടിയുണ്ടോ;

(സി) ഓരോ സ്കൂളിന്റെയും മികവുകൾ മനസ്സിലാക്കുന്നതിനും പഠനാനുഭവങ്ങളും സാമൂഹ്യാനുഭവങ്ങളും പങ്കുവയ്ക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള വിദ്യാലയ കൂട്ടുചേരൽ പദ്ധതി ഫലപ്രദമായി നടക്കുന്നുണ്ടോ;

(ഡി) ദുർഘട പ്രദേശങ്ങളിൽ വസിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഏർപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; ആവശ്യത്തിന് കെ.എസ്.ആർ.ടി.സി. ബസുകളും സ്വകാര്യ ബസ്സുകളും സ്കൂൾ സമയത്ത് ഗതാഗതം നടത്തുന്നുണ്ടെന്ന് ഉറപ്പാക്കാനും സ്വകാര്യ ബസ്സുകളിലെ ജീവനക്കാർ വിദ്യാർത്ഥി കളോട് അവഹേളനാപരമായി പെരുമാറുന്നത് അവസാനിപ്പിക്കാനും വിദ്യാഭ്യാസ വകുപ്പ് ഇടപെടൽ നടത്തുമോ; വിശദമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 6 മുതൽ 14 വയസ്സുവരെയുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. സ്കൂളിൽ ഇതുവരെ ചേരാത്തതും പലകാരണങ്ങളാലും കൊഴിഞ്ഞുപോയതുമായ കുട്ടികളെ കണ്ടെത്തി വിദ്യാലയങ്ങളിൽ ചേർക്കാനും കൊഴിഞ്ഞുപോക്ക് തടയാനുമായി വിവിധ പരിപാടികൾ സമഗ്രശിക്ഷാ കേരളം ഏറ്റെടുത്തുനടത്തുന്നു.

1. മലയോര പ്രദേശത്തെ കുട്ടികൾക്ക് എല്ലാ ദിവസവും ദീർഘദൂരം യാത്ര ചെയ്താൽ മാത്രമേ വിദ്യാലയങ്ങളിൽ എത്തിച്ചേരാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യം മറികടക്കാനായി ഇടുക്കി (മറയൂർ), മലപ്പുറം (നിലമ്പൂർ), തിരുവനന്തപുരം (കോട്ടൂർ) എന്നീ സ്ഥലങ്ങളിൽ താമസിച്ച് പഠിക്കാനായി സമഗ്ര ശിക്ഷാ കേരളയുടെ നേതൃത്വത്തിൽ 3 ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നു. കൂടാതെ പത്തനംതിട്ട (നിലമേൽ), ഇടുക്കി (അടിമാലി), കണ്ണൂർ (ആറളം ഫാം) എന്നീ സ്ഥലങ്ങളിൽകൂടി ഹോസ്റ്റൽ തുടങ്ങാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

2. 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി പാഠപുസ്തകം നൽകുന്നു.

3. 8-ാം ക്ലാസ് വരെയുള്ള എല്ലാ പെൺകുട്ടികൾക്കും എസ്.സി.,എസ്.ടി., ബി.പി.എൽ. വിഭാഗത്തിലെ ആൺകുട്ടികൾക്കും യൂണിഫോം സൗജന്യമായി നൽകുന്നു.

4. നിലവിൽ യാത്രാസൗകര്യമില്ലാത്ത പ്രദേശത്തെ കുട്ടികൾക്ക് യാത്രാസൗകര്യം ഒരുക്കുന്നതിന് മാസം 600 രൂപ (അറുന്നൂറ് രൂപ) എന്ന നിരക്കിൽ 6000 രൂപ (ആറായിരം രൂപ) വരെ നൽകുന്നു.

5. സ്കൂളിൽ ചേരാത്തതും കൊഴിഞ്ഞുപോയതുമായ മലയോര പ്രദേശത്തേയും ഇതര സംസ്ഥാന തൊഴിലാളികളുടെയും കുട്ടികളെ സർവ്വേയിലൂടെ കണ്ടെത്തി ബ്രിഡ്ജ് കോഴ്സ് നടത്തുന്നു. വയസ്സിനനുസൃതമായ ക്ലാസ്സു കളിൽ ചേർക്കാനുള്ള പദ്ധതി നടപ്പിലാക്കുന്നു.

(ബി) വിദ്യാർത്ഥികളിൽ യുക്തിബോധം വളർത്തുന്ന തരത്തിൽ പാഠ്യ പദ്ധതിയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. പാഠ്യപദ്ധതി പുനരവലോകനത്തിന്റെ ഭാഗമായി എസ്.സി.ഇ.ആർ.ടി. വികസിപ്പിച്ച വിനിമയ പാഠങ്ങൾ ഈ ലക്ഷ്യം മുൻനിർത്തിയിട്ടുള്ളതാണ്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി യുക്തിചിന്തയ്ക്ക് പ്രാധാന്യമുള്ള ചില പാഠങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) സമഗ്രശിക്ഷ സാമൂഹ്യ പങ്കാളിത്തത്തോടെ ജനുവരി 26 മുതൽ പഠനോത്സവം നടത്തുകയുണ്ടായി. ഈ പരിപാടിക്ക് വലിയ പിന്തുണ സമൂഹത്തിൽ നിന്നും ലഭിച്ചു. സമഗ്രശിക്ഷ കേരളത്തിന്റെ നേതൃത്വത്തിൽ അക്കാഡമിക് മാസ്റ്റർ പ്ലാൻ ആസൂത്രണം ചെയ്ത് നടപ്പിലാക്കി.

(ഡി) ദുർഘട പ്രദേശങ്ങളിൽ താമസിക്കുന്ന നിലവിൽ യാത്രാ സൗകര്യമില്ലാത്ത പ്രദേശത്തെ കുട്ടികൾക്ക് യാത്രാസൗകര്യമൊരുക്കുന്നതിന് മാസം 600 രൂപ (അറുന്നൂറ് രൂപ) എന്ന നിരക്കിൽ 6000 രൂപ (ആറായിരം രൂപ) വരെ നൽകുന്നു. സ്കൂൾ സമയത്ത് ആവശ്യത്തിന് യാത്രാ ബസ്സുകളില്ലാത്തതും സ്വകാര്യ ബസ്സിലെ ജീവനക്കാർ വിദ്യാർത്ഥികളോട് അവഹേളനപരമായി പെരുമാറുന്നതും ശ്രദ്ധയിൽപ്പെട്ടാൽ പോലീസ്, ഗതാഗതം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**മത്സ്യസമ്പത്തിന്റെ സംരക്ഷണവും സുസ്ഥിരവികസനവും**

8 (*398) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എസ്.ശർമ്മ:
ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വ്യത്യസ്തമായി സംസ്ഥാനത്തെ മത്സ്യസമ്പത്തിൽ മുക്കാൽ പങ്കും കടൽ മത്സ്യമായതിനാൽ കാലാവസ്ഥാ വ്യതിയാനത്തോടൊപ്പം മത്സ്യബന്ധന രംഗത്തെ അശാസ്ത്രീയരീതികളും കടൽമത്സ്യ ശോഷണ ത്തിനിടയാക്കുന്നത് പരിഹരിക്കാനായി സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ;

(ബി) മത്സ്യസമ്പത്തിന്റെ സംരക്ഷണവും മത്സ്യോത്പാദന രംഗത്ത് സുസ്ഥിരവികസനവും സാധ്യമാക്കുന്നതിന് മത്സ്യത്തൊഴിലാളികളും ശാസ്ത്രജ്ഞരും ജനപ്രതിനിധികളും ഉൾപ്പെടുന്ന ഫിഷറീസ് മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ടോ;

(സി) നീലവിപ്ലവ പരിപാടിയുടെ കീഴിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തെല്ലാമാണ്; സംസ്ഥാനത്തിന് അർഹമായ വിഹിതം കേന്ദ്ര സർക്കാരിൽ നിന്ന് ലഭിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യസംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യകുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.
2. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
3. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും കെ.എം.എഫ്.ആർ. നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.
4. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.
5. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.
6. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.
7. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.
8. പേഴ്സിൻ, പെലാജിക് ട്രോൾമിഡ്, വാട്ടർട്രോൾ, ബുൾട്രോൾ (പെയർട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചു.

9. വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.

10. കടൽ പട്രോളിംഗ് ശക്തമാക്കി.

11. ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10 മുതൽ ജൂലൈ 31 വരെ)

12. ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും ജില്ലാ ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ മെമ്പർ സെക്രട്ടറിയുമായ ജില്ലാതല മാനേജ്മെന്റ് കൗൺസിലുകളും ഫിഷിംഗ് വില്ലേജുതല കൗൺസിലുകളും രൂപീകരിക്കുന്നതിനുള്ള നടപടികളും പൂർത്തിയായിവരുന്നു.

(സി) അനുബന്ധമായി ചേർക്കുന്നു.*

## അദ്ധ്യയനം വിദ്യാർത്ഥി കേന്ദ്രീകൃതമാക്കാൻ പദ്ധതി

9 (*399) ശ്രീ. വി. ജോയി:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യയനാനുഭവം പാഠപുസ്തക കേന്ദ്രീകൃതമായി പരിമിതപ്പെടുത്താതെ വിദ്യാർത്ഥി കേന്ദ്രീകൃതമാക്കിത്തീർക്കാൻ നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; ലൈബ്രറികൾ സജ്ജീകരിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) ശാസ്ത്രവും സാമൂഹ്യശാസ്ത്രവും സംബന്ധിച്ച ലാബുകൾ സജ്ജീകരിക്കാൻ പരിപാടിയുണ്ടോ; പഠന-പഠനേതര മേഖലകളിൽ പ്രതിഭ തെളിയിക്കുന്നവരെ പ്രോത്സാഹിപ്പിക്കാൻ ചെയ്തുവരുന്ന കാര്യങ്ങൾ അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പ്രത്യേക പരിഗണന അർഹിക്കുന്നവരെ ജീവിത വിജയം കൈവരിക്കാൻ പ്രാപ്തരാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) വിവിധ വിഷയങ്ങളെക്കുറിച്ച് ആഴത്തിലുള്ള അവബോധം വളർത്തുന്ന തരത്തിൽ പാഠ്യപദ്ധതിയിലും പഠന സാമഗ്രികളിലും മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ട്. 'സമഗ്ര' വിദ്യാഭ്യാസ പോർട്ടലിലൂടെ ഡിജിറ്റൽ പഠന വിഭവങ്ങൾ ലഭ്യമാക്കുകയും പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പഠനം വിദ്യാർത്ഥി കേന്ദ്രീകൃതമാക്കുന്നതിന് ഡിജിറ്റൽ ക്ലാസ് റൂം സംവിധാനം, സ്കൂൾ/ക്ലാസ് ലൈബ്രറികൾ, ബയോഡൈവേഴ്സിറ്റി പാർക്ക് തുടങ്ങിയവ ലക്ഷ്യമിടുന്നു. സ്കൂൾ ലൈബ്രറികൾ കാര്യക്ഷമമാക്കുന്നതിനായി 'സ്കൂൾ ലൈബ്രറി/ക്ലാസ് റൂം ലൈബ്രറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ക്ലാസ് റൂം ലൈബ്രറികൾ സജ്ജീകരിക്കാനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഉണ്ട്. ഗണിതപ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ 'ന്യൂമാറ്റ്സ്', സാമൂഹ്യ ശാസ്ത്ര പ്രതിഭകൾക്കായി 'സ്റ്റെപ്സ്' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഹയർ സെക്കണ്ടറി മേഖലയിൽ പഠിക്കുന്ന ബി.പി.എൽ. വിഭാഗക്കാരായ വിദ്യാർത്ഥികളിൽ നിന്നും പഠനത്തിലും ആർട്സ്-സ്പോർട്സ് മേഖലകളിലും മികവ് തെളിയിക്കുന്നവർക്ക് സ്കോളർഷിപ്പും നൽകിവരുന്നു.

(സി) പ്രത്യേക പരിഗണന അർഹിക്കുന്നവരിൽ ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക പാഠപുസ്തകങ്ങൾ, വർക്ക് ബുക്കുകൾ, റിസോഴ്സ് സി.ഡി. എന്നിവ തയ്യാറാക്കി നൽകുന്നുണ്ട്. പാഠ്യ പദ്ധതി, പാഠപുസ്തകം, റിസോഴ്സ് സി.ഡി. വിലയിരുത്തൽ എന്നീ മേഖലകളിൽ അദ്ധ്യാപക പരിശീലനം, പ്രധാനാദ്ധ്യാപകർക്ക് പ്രത്യേക പരിശീലനം ബി.എഡ്., ഡി.എഡ്. കോളേജ് അദ്ധ്യാപകർക്കായുള്ള ശാക്തീകരണ പരിപാടി എന്നിവ നടത്തിവരുന്നു. ശ്രവണ പരിമിതി നേരിടുന്ന വിദ്യാർത്ഥികൾക്കായി പാഠപുസ്തകങ്ങൾ, അനുരൂപീകരണം നടത്തി കാഴ്ച പരിമിതിയുള്ള വിദ്യാർത്ഥികൾക്കായി പാഠപുസ്തകങ്ങളുടെ 'മാഗ്നി ഫൈഡ്' പതിപ്പുകൾ തയ്യാറാക്കിവരുന്നു. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളുടെ പഠനവുമായി ബന്ധപ്പെട്ട സമീപനരേഖയ്ക്ക് രൂപം നൽകിവരുന്നു. ആംഗ്യ ഭാഷയുമായി ബന്ധപ്പെട്ട കരട് സമീപന രേഖ വികസിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അനുയോജ്യമായ ഹയർ സെക്കണ്ടറി കോഴ്സുകൾ തെരഞ്ഞെടുക്കുന്നതിനായി അഡ്മിഷൻ വേളയിൽ ജില്ലാതല കൗൺസിലിംഗും ഏർപ്പെടുത്തിയിട്ടുണ്ട്.

## പ്രളയ ബാധിത പ്രദേശങ്ങളിലെ ഭവനനിർമ്മാണം

10 (*400) ശ്രീ. യു. ആർ. പ്രദീപ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയകാലത്ത് വെള്ളപ്പൊക്കവും മണ്ണിടിച്ചിലും കാരണം പാർപ്പിട മേഖലയിൽ വളരെയധികം നാശനഷ്ടങ്ങൾ ഉണ്ടായ സാഹചര്യത്തിൽ നൂതനമായ കെട്ടിട നിർമ്മാണ രീതികളുടെയും ഈ രംഗത്ത് നവീന സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ദുരന്ത ബാധിത പ്രദേശങ്ങളിൽ അറ്റകുറ്റപ്പണികളും മെച്ചപ്പെടുത്തലും ആവശ്യമായി വരുന്ന വീടുകളുടെ പണി അടിയന്തരമായി പൂർത്തിയാക്കാൻ എന്തെല്ലാം ഏകോപന പ്രവർത്തനങ്ങളാണ് നടത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഭവന നിർമ്മാണ മേഖലയിലെ പുനർനിർമ്മാണം അതാത് പ്രദേശങ്ങളിലെ ആളുകൾക്ക് ജീവനോപാധിയ്ക്കുവേണ്ടിയുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന രീതിയിൽ നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ;

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവന നിർമ്മാണ രീതികൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. പ്രകൃതിദുരന്തത്തിൽ നാശനഷ്ടം നേരിട്ട ആസ്തികൾ ഭാവിയിലുണ്ടാകാനിടയുള്ള ദുരന്തങ്ങൾ അതിജീവിക്കുന്ന വിധത്തിലുള്ള സാങ്കേതിക വിദ്യകളിലൂന്നിയും പാരിസ്ഥിതിക സൗഹാർദ്ദ മാനദണ്ഡങ്ങൾ പാലിച്ചും സമയബന്ധിതമായി പുനർനിർമ്മിക്കുകയോ പുനരുദ്ധരിക്കുകയോ ചെയ്യാൻ കേരള പുനർനിർമ്മാണ പദ്ധതി ലക്ഷ്യമിടുന്നുണ്ട്. സംസ്ഥാനത്തെ ഭൂമിശാസ്ത്രപരമായും ഘടനാപരമായും വിവിധ മേഖലകളായി തിരിച്ച് അതത് മേഖലകളിൽ കെട്ടിട നിർമ്മാണത്തിന് അനുയോജ്യമായ സാങ്കേതികവിദ്യകൾ കണ്ടെത്തിവേണം

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത്. പൂർണ്ണമായും പുതിയ സ്ഥലങ്ങൾ കണ്ടെത്തി നിർമ്മിക്കേണ്ട കെട്ടിടങ്ങൾക്കും പഴയ സ്ഥലത്ത് പൂർണ്ണമായും പുനർനിർമ്മിക്കേണ്ട കെട്ടിടങ്ങൾക്കും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണരീതി അവലംബിക്കാവുന്നതാണ്. കൂടാതെ ഉരുൾപൊട്ടൽ സാദ്ധ്യതയുള്ള സ്ഥലങ്ങൾ പൂർണ്ണമായും ഒഴിവാക്കുമ്പോൾത്തന്നെ സമീപ പ്രദേശങ്ങളിലും മണ്ണിടിച്ചിൽ പ്രതിരോധിക്കാൻ ശേഷിയുള്ള നിർമ്മിതികൾ ആവശ്യമാണ്. അതുപോലെ എല്ലാ വർഷവും കുറച്ച് ദിവസങ്ങളിൽ വെള്ളപ്പൊക്ക ഭീഷണി നേരിടുന്ന കുട്ടനാട് പോലെയുള്ള പ്രദേശങ്ങളിലും നൂതന സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ പിന്തുടരേണ്ടതാണ്. ഇങ്ങനെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്ക് പ്രീഫാബ് സാങ്കേതികവിദ്യയോ ഫെറോസിമന്റ് സാങ്കേതികവിദ്യയോ പ്രയോജനപ്പെടുത്താവുന്നതാണ്.

കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയും കേരള പുനർനിർമ്മാണ പദ്ധതിയും ഐക്യരാഷ്ട്ര വികസന പരിപാടിയും (UNDP) സംയുക്തമായി വിവിധ ജില്ലകളിലായി ഭവന നിർമ്മാണ മേഖലയിൽ ദുരന്ത സാധ്യതയെ മുൻനിർത്തിയുള്ള നിർമ്മാണ രീതികളും അതിനുതകുന്ന സാങ്കേതികവിദ്യകളും പരിചയപ്പെടുത്തുക എന്ന ലക്ഷ്യവുമായി 'സുരക്ഷിത കേരളം-പ്രദർശനവും പരിശീലനവും' എന്ന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. ദുരന്തങ്ങളെ അതിജീവിക്കുന്ന നിർമ്മാണ രീതികളെക്കുറിച്ചും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങളെക്കുറിച്ചുമുള്ള സ്റ്റാളുകളും പ്രദർശനത്തിൽ ഒരുക്കിയിരുന്നു. പ്രളയസാധ്യതയുള്ളയിടത്ത് മേൽക്കൂര പണിയേണ്ടത് എങ്ങനെ, പ്രളയജലം വാർന്ന് പോകേണ്ടതിന് ചുറ്റുമതിൽ എങ്ങനെ രൂപകല്പന ചെയ്യാം, ബെൽറ്റ് കോൺക്രീറ്റിന്റെ പ്രാധാന്യം എന്തൊക്കെയാണ് തുടങ്ങിയ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിട്ടുണ്ട്.

(ബി) പ്രകൃതി ദുരന്തങ്ങളിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം ദുരന്തബാധിതരുടെ നേതൃത്വത്തിലും പൂർണ്ണ പങ്കാളിത്തത്തിലുമാകണമെന്ന രാജ്യാന്തര തലത്തിലുള്ള അംഗീകൃത മാതൃക പിന്തുടർന്ന് 2018-ൽ പ്രകൃതിക്ഷോഭത്തിൽ പൂർണ്ണമായി തകർന്നതും ഗുരുതരമായി കേടുപാടുകൾ സംഭവിച്ച് (75 ശതമാനത്തിലേറെ) വാസയോഗ്യമല്ലാത്തതുമായ വീടുകളുടെ പുനർനിർമ്മാണത്തിന്, വീട് നഷ്ടപ്പെട്ടവരുടെ യോഗങ്ങൾ ബ്ലോക്ക് തലത്തിൽ വിളിച്ചുചേർക്കുകയും വിവിധ ഭവനനിർമ്മാണ സാധ്യതകൾ വിശദീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലൈഫ് മിഷന്റെ ചുമതലയിൽ 'സുരക്ഷിത കൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്കുതലത്തിലും നഗരസഭാതലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങളും ആരംഭിച്ചിട്ടുണ്ട്.

(സി) പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് ഒട്ടനവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നുണ്ട്. ദുരന്ത മേഖലകളിൽ തൊഴിലുറപ്പ് പദ്ധതി മുഖാന്തിരം 50 അധിക പ്രവൃത്തി ദിവസങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. പ്രളയക്കെടുതിയിൽ ഉപജീവന മാർഗ്ഗം നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് വരുമാനമാർഗ്ഗം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ARISE പദ്ധതി നടപ്പാക്കുകയും കെട്ടിട നിർമ്മാണം പൂർണ്ണമായും ഏറ്റെടുക്കാൻ പ്രാപ്തിയുള്ള 246 കൺസ്ട്രക്ഷൻ ഗ്രൂപ്പുകൾ കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ കെട്ടിടനിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകുന്നതിനായി സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് 2019-20 വർഷം 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കൂടുതലായി അനുഭവപ്പെടുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭങ്ങളെ അതിജീവിക്കുന്ന ഭവന നിർമ്മാണ രീതികൾ സംബന്ധിച്ച് പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് ഹൗസിംഗ് കമ്മീഷണറേറ്റ് 2019-20 വർഷത്തിൽ 'കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകല്പന പ്രചരണ പരിപാടി' വിഭാവനം ചെയ്തിട്ടുണ്ട്. പ്രകൃതി സൗഹാർദ്ദ നിർമ്മാണ രീതികൾ വികസിപ്പിക്കുക, പ്രചരിപ്പിക്കുക എന്നീ ലക്ഷ്യത്തോടെ ആരംഭിച്ച സംസ്ഥാന നിർമ്മിതി കേന്ദ്രം നിർമ്മാണ ശൈലികളിൽ അവബോധം സൃഷ്ടിക്കുന്നതിന് പൊതുജനങ്ങൾക്കിടയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും വിവിധ പരിപാടികൾ നടത്തിവരുന്നുണ്ട്. സുരക്ഷിതമായ ഭവന നിർമ്മാണവുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പ്രസിദ്ധീകരിച്ച രണ്ട് കൈപ്പുസ്തകങ്ങളിൽ ആദ്യത്തേതിൽ ഭൂമികുലുക്കം പ്രതിരോധിക്കുന്ന ഭവന നിർമ്മാണത്തിനും രണ്ടാമത്തേതിൽ പ്രളയ പ്രതിരോധത്തിനുതകുന്ന ഭവനങ്ങൾ നിർമ്മിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ഭവനനിർമ്മാണ മേഖലയിൽ നവീന പദ്ധതികൾ**

11 (*401) ശ്രീ. പി. വി. അൻവർ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ ഭവന നിർമ്മാണ മേഖലയിൽ വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന്റെ ഫലമായി ഭവനരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഭവനനിർമ്മാണ മേഖലയിൽ സംസ്ഥാനത്ത് ആവിഷ്കരിച്ചുവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) സംസ്ഥാനത്ത് ഈ മേഖലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന വിവിധ ഏജൻസികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഏജൻസികളുടെ പ്രവർത്തനങ്ങൾ സർക്കാരിന്റെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് മിഷന്റെ പ്രവർത്തനവുമായി ഫലപ്രദമായി ഏകോപിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ലൈഫ് ഭവന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയതിന്റെ ഫലമായി സംസ്ഥാനത്ത് ഭവനരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതി വിവിധ ഘട്ടങ്ങളായിട്ടാണ് നടപ്പാക്കിവരുന്നത്.

ഒന്നാംഘട്ടത്തിൽ വിവിധ പദ്ധതികളിലായി പൂർത്തീകരിക്കാൻ ഉണ്ടായിരുന്ന 54479 വീടുകളിൽ 50719 വീടുകളുടെ (94 ശതമാനം) നിർമ്മാണം പൂർത്തീകരിക്കാൻ കഴിഞ്ഞു. അതുവഴി വാസയോഗ്യമായ വീടുകൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയും ചെയ്തു.

രണ്ടാംഘട്ടത്തിൽ ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം നൽകുന്നതിലേയ്ക്കായി 86192 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 17036 പേർ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) PMAY(U)-ൽ ഭവനരഹിതരായി കണ്ടെത്തിയ 93196 ഗുണഭോക്താക്കളിൽ 68573 പേർ ഭവനനിർമ്മാണം ആരംഭിക്കുകയും 18773 പേർ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. പ്രധാനമന്ത്രി ആവാസ് യോജന (റൂറൽ) PMAY(R)-ൽ നിർമ്മാണം ആരംഭിച്ച 17062 ഗുണഭോക്താക്കളിൽ 15754 പേർ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്.

മൂന്നാംഘട്ടമായി ഭൂരഹിതഭവന രഹിതരായി സർവ്വേയിലൂടെ കണ്ടെത്തിയിട്ടുള്ള 337416 ഗുണഭോക്താക്കളിൽ അർഹരായി കണ്ടെത്തുന്ന മുഴുവൻ ഗുണഭോക്താക്കൾക്കും ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് ഭവനം നൽകുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഭവനങ്ങൾ നിർമ്മിച്ച് നൽകുന്നതിനും സ്വന്തമായി ഭൂമി ആർജ്ജിച്ച് വരുന്ന ഗുണഭോക്താക്കൾക്ക് ഭവനം നൽകുന്നതിനും കൂടാതെ ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നത് ഉൾപ്പെടെയുള്ള ധനസഹായം നൽകുന്നതിനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ഇത്തരത്തിൽ ചുരുങ്ങിയ കാലയളവിൽ സംസ്ഥാനത്തെ അർഹരായിട്ടുള്ള ഭൂരഹിതരും ഭൂരഹിത ഭവനരഹിതരുമായിട്ടുള്ള മുഴുവൻ കുടുംബങ്ങൾക്കും ഭവനം നൽകുന്നതുവഴി ഭവനരഹിതരുടെ എണ്ണത്തിൽ ഗണ്യമായ കുറവ് വരുന്നതാണ്.

(ബി) കേന്ദ്രാവിഷ്കൃത ഭവനനിർമ്മാണ പദ്ധതികൾ കുടുംബശ്രീ മിഷൻ, ഗ്രാമവികസന വകുപ്പ് എന്നിവ മുഖേനയാണ് നടപ്പിലാക്കി വരുന്നത്.

സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതിയുമായി സംയോജിച്ച് പി.എം.എ.വൈ. (നഗരം)-ലൈഫ് എന്ന പേരിലാണ് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. കേന്ദ്ര സർക്കാർ നൽകുന്ന 1.5 ലക്ഷം രൂപയ്ക്കുപുറമേ സംസ്ഥാന സർക്കാർ വിഹിതം 50,000 രൂപ, നഗരസഭാ വിഹിതം 2 ലക്ഷം രൂപ എന്നിവയുൾപ്പെടെ യൂണിറ്റ് നിരക്ക് 4 ലക്ഷം രൂപയാക്കി ഉയർത്തിയിട്ടുണ്ട്.

സംസ്ഥാനത്ത് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതിയാണ് പി.എം.എ.വൈ. (ജി). പി.എം.എ.വൈ. (ജി) വീടുകളുടെ യൂണിറ്റ് കോസ്റ്റ് 1.20 ലക്ഷം രൂപ ആയിട്ടാണ് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ളത്. ഇത് 60:40 എന്ന അനുപാതത്തിൽ കേന്ദ്ര- സംസ്ഥാന സർക്കാരുകൾ അനുവദിക്കുന്നു. സംസ്ഥാനത്ത് ടി തുക ഉപയോഗിച്ച് ഭവനനിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ സംസ്ഥാന സർക്കാർ നിലവിൽ എല്ലാ ഭവന പദ്ധതികളുടെയും യൂണിറ്റ് കോസ്റ്റ് 4 ലക്ഷം രൂപയായും പട്ടികവർഗ്ഗ സങ്കേതങ്ങളിൽ 6 ലക്ഷം രൂപയായും വർദ്ധിപ്പിച്ച് നൽകുന്നു. കേന്ദ്രവിഹിതമായ 1.20 ലക്ഷം രൂപ കിഴിച്ചുള്ള തുക ത്രിതല പഞ്ചായത്തുകൾ 25:40:35 (ഗ്രാമ-ബ്ലോക്ക്-ജില്ല) എന്ന അനുപാതത്തിൽ പ്ലാൻ ഫണ്ടിൽ നിന്നുമാണ് കണ്ടെത്തുന്നത്. ഇപ്രകാരം യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചും നിർമ്മാണ ഘട്ടങ്ങളിൽ ഫലപ്രദമായി ഇടപെട്ടും സംസ്ഥാന സർക്കാർ ടി ഭവനനിർമ്മാണ പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നു.

(സി) ഭവനനിർമ്മാണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ പ്രധാന ഏജൻസികൾ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ്, ഗ്രാമ വികസന കമ്മീഷണറേറ്റ്, പട്ടികജാതി/പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റ്/ ഹൗസ് ഫെഡ്, തദ്ദേശസ്വയംഭരണ വകുപ്പ് (കുടുംബശ്രീ, ലൈഫ് മിഷൻ), പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഫിഷറീസ് വകുപ്പ്, സൈനിക ക്ഷേമ വകുപ്പ്, ലേബർ കമ്മീഷണറേറ്റ്, ന്യൂനപക്ഷ ക്ഷേമ വകുപ്പ് എന്നിവയാണ്.

പ്രധാനമന്ത്രി ആവാസ് യോജന (നഗരം)-ലൈഫ് പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസി കുടുംബശ്രീയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ പി.എം.എ.വൈ. (ജി) ഭവനനിർമ്മാണ പദ്ധതി ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നു.

(ഡി) സംസ്ഥാനത്ത് ഭവനനിർമ്മാണ പദ്ധതികൾ പട്ടികജാതി വകുപ്പ്, പട്ടികവർഗ്ഗ വകുപ്പ്, ഫിഷറീസ് വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പുകൾ മുഖേനയാണ് നടപ്പിലാക്കിവന്നിരുന്നത്. ഇതിലേയ്ക്ക് വേണ്ടിവരുന്ന തുക സർക്കാർ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയാണ് ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയിരുന്നത്. എന്നാൽ ലൈഫ് ഭവന പദ്ധതി ആരംഭിച്ചതുവഴി വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കിയിരുന്ന ഭവനനിർമ്മാണ പദ്ധതികൾ ലൈഫ് പദ്ധതിയുമായി ഏകോപിപ്പിക്കുകയും ഇതിലേയ്ക്ക് ബഡ്ജറ്റ് വഴി വകുപ്പുകൾക്ക് നൽകിയിരുന്ന തുക ലൈഫ് ഭവന പദ്ധതിക്കായി ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇതുവഴി വിവിധ വകുപ്പുകൾ പല മാനദണ്ഡങ്ങൾ പ്രകാരം നടപ്പിലാക്കിയിരുന്ന ഭവനനിർമ്മാണ പദ്ധതികൾ ഏകോപിപ്പിച്ച് ഭവനനിർമ്മാണ പദ്ധതിക്ക് ഏകീകൃത മാനദണ്ഡം നിശ്ചയിക്കാനും അതുവഴി മുഴുവൻ ഭവന പദ്ധതികളും ലൈഫ് മിഷൻ എന്ന പദ്ധതിയിൻകീഴിൽ കൊണ്ടുവരാനും കഴിഞ്ഞു. ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്കായി ഗുണഭോക്താക്കൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുമായി മാത്രം ബന്ധപ്പെടുന്ന അവസ്ഥ സംജാതമായി. ഭവനനിർമ്മാണത്തിനുള്ള ധനസഹായം തദ്ദേശഭരണ സ്ഥാപനങ്ങളിലൂടെ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ മേൽനോട്ടത്തിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതിയായ ലൈഫ് പദ്ധതി കേന്ദ്ര സർക്കാരിന്റെ പി.എം.എ.വൈ. (നഗരം) പദ്ധതിയുമായി സംയോജിപ്പിച്ച് പി.എം.എ.വൈ. (നഗരം)-ലൈഫ് എന്ന പേരിൽ നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് പി.എം.എ.വൈ. (ജി) ഭവനനിർമ്മാണ പദ്ധതി സംസ്ഥാന സർക്കാരിന്റെ ഭവനനിർമ്മാണ പദ്ധതിയായ ലൈഫ്-ന്റെ ഭാഗമായാണ് നടപ്പിലാക്കുന്നത്.

സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രമായ കലവറകളിൽ നിന്നും സിമന്റ്, കമ്പി എന്നിവ ലൈഫ് പദ്ധതിയിൽ ഉൾപ്പെട്ട ബി.പി.എൽ. ഗുണ ഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ നൽകിവരുന്നു.

## പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസം

12 (*402) ശ്രീ. അൻവർ സാദത്ത്:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയത്തിൽ ജീവനോപാധിയും തൊഴിലും നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ച കടകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും ചെറുകിട സംരംഭങ്ങൾക്കും അർഹമായ നഷ്ടപരിഹാരം നൽകുവാൻ നാളിതുവരെ സാധിച്ചിട്ടില്ല എന്ന ആക്ഷേപം വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കും സംരംഭങ്ങൾക്കും പലിശ രഹിത വായ്പകൾ ലഭ്യമാക്കും എന്ന് സർക്കാർ ഉറപ്പ് നൽകിയിരുന്നുവെങ്കിലും ആയത് നൽകുവാൻ തയ്യാറാകാത്തതിന്റെ കാരണം വെളിപ്പെടുത്താമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ&ബി) പ്രളയത്തിൽ ഉൾപ്പെട്ടവർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവനമാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിലേയ്ക്കായി സർക്കാർ 'ഉജ്ജീവന സഹായ പദ്ധതി' പ്രഖ്യാപിച്ച് നടപ്പിലാക്കി വരികയാണ്. വ്യവസായ വകുപ്പിന്റെ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തരം നടത്തിയ സർവ്വേയിൽ ഉൾപ്പെട്ട പ്രളയത്തിൽ അകപ്പെട്ട ചെറുകിട ഇടത്തരം വ്യവസായ വാണിജ്യ സ്ഥാപനങ്ങൾ, കടകൾ എന്നിവർക്ക് അവരുടെ സ്ഥാപനത്തിന്റെ പുനരാരംഭത്തിനായി ഈ പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. Term loan & Working Capital loan-ന്റെ 25 ശതമാനം പരമാവധി 2 ലക്ഷം രൂപ മാർജിൻ മണി ആയി സർക്കാർ ബാങ്കുകൾക്ക് അനുവദിക്കുന്നതാണ്. Working Capital loan ആയി മാത്രം എടുക്കുന്നവർക്ക് അവരുടെ താല്പര്യമനുസരിച്ച് വായ്പ തുകയിൽ 10 ലക്ഷം രൂപവരെ മാത്രം മാർജിൻ മണിക്ക് പകരം ഒരു വർഷത്തേയ്ക്ക് 9 ശതമാനം നിരക്കിൽ താങ്ങ് പലിശ സർക്കാർ ബാങ്കുകൾക്ക് നൽകുന്നതാണ്.

സർക്കാർ പ്രഖ്യാപിച്ച ഉജ്ജീവന പദ്ധതി പ്രകാരമുള്ള ആനുകൂല്യം വ്യവസായ വകുപ്പിന്റെ സർവ്വേയിൽ ഉൾപ്പെട്ട യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ എല്ലാ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരും സ്വീകരിച്ചിട്ടുണ്ട്. സർവ്വേയിൽ ഉൾപ്പെട്ട സ്ഥാപനങ്ങളുടെ ലിസ്റ്റ് അതാത് ലീഡ് ബാങ്ക് മാനേജർ മുഖാന്തരം ജില്ലാതല ബാങ്കേഴ്സ് സമിതിക്ക് നൽകുന്നതിന് ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയിരുന്നു. പ്രളയബാധിത ജില്ലകളിലെ ലീഡ് ബാങ്ക് മാനേജർ, വ്യാപാരി വ്യവസായ പ്രതിനിധികൾ, KSSIA, പ്രളയബാധിത യൂണിറ്റുകളുടെ പ്രതിനിധികൾ എന്നിവരുടെ ഒന്നിലധികം യോഗങ്ങൾ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ അദ്ധ്യക്ഷതയിൽ ചേരുകയും ഉജ്ജീവന പദ്ധതി വിശദീകരിക്കുകയും അപേക്ഷകൾ ബാങ്കുകളിലേയ്ക്ക് സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

7-9-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം പ്രളയത്തിൽ ഉപജീവനോപാധികളും മറ്റും നഷ്ടപ്പെട്ടവർക്ക് ആയത് വാങ്ങുന്നതിന് കുടുംബശ്രീ മുഖേന 1,00,000 രൂപ വരെ തിരിച്ചടവ് ഉറപ്പാക്കി വായ്പ ലഭ്യമാക്കുന്നതിന് പദ്ധതി നിലവിലുണ്ട്.

പ്രളയക്കെടുതിയിൽ ഉൾപ്പെട്ട MSME യൂണിറ്റുകൾക്കും ഷോപ്പുകൾക്കും നേരിട്ട നഷ്ടം കണക്കാക്കുന്നതിലേയ്ക്കായി ഒരു മൊബൈൽ ആപ്ലിക്കേഷൻ രൂപീകരിക്കുകയും ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാരുടെ ചുമതലയിൽ വ്യവസായ വികസന ആഫീസർമാർ ഓരോ യൂണിറ്റുകളും നേരിട്ട് സന്ദർശിച്ച് സർവ്വേ നടത്തി വിവരം ശേഖരിച്ചതിന്റെ അടിസ്ഥാനത്തിൽ 5355 MSME യൂണിറ്റുകൾക്ക് ഏകദേശം 1415.68 കോടി രൂപയുടെയും 16061 ഷോപ്പുകൾക്ക് 624.90 കോടി രൂപയുടെയും നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.

പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി രണ്ടുഘട്ടങ്ങളിലായി സ്റ്റാർട്ടപ്പ് സഹായവും നിക്ഷേപ സഹായവും നൽകുന്നതിന് പ്രളയ പുനരുദ്ധാരണ പദ്ധതി ലക്ഷ്യമിടുന്നു.

പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ യൂണിറ്റുകൾക്കുള്ള പലിശ ധനസഹായം ബാങ്കുകളിൽ നിന്നും 8 ശതമാനം പലിശയിളവിൽ ടേം ലോൺ/പ്രവർത്തന മൂലധന വായ്പ/വാർഷികാടിസ്ഥാന ക്രമത്തിൽ പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭക മേഖലയിലെ നിർമ്മാണ സേവന വിഭാഗങ്ങൾക്ക് സഹായധനമായി ലഭ്യമാക്കും. യൂണിറ്റുകൾക്ക് അർഹമായ പരമാവധി തുക പ്രതിവർഷം 5 ലക്ഷം രൂപയായി പരിമിതപ്പെടുത്തുകയും യൂണിറ്റുകളുടെ പ്രവർത്തനവും/ലാഭക്ഷമതയും ബാങ്കുകൾ കണക്കാക്കി സഹായം 3 വർഷം വരെ വർദ്ധിപ്പിക്കാവുന്നതുമാണ്. ഈ സഹായം സൂക്ഷ്മ-ചെറുകിട-ഇടത്തരം നിർമ്മാണ സേവന സംരംഭങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുന്നു.

സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരമുള്ള ആശ്വാസ ധനസഹായം മാത്രമാണ് വിതരണം ചെയ്തിട്ടുള്ളത്. ആയതിൽ കടകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമുണ്ടായ നാശനഷ്ടങ്ങൾക്കുള്ള ധനസഹായം ഉൾപ്പെടുന്നില്ല.

(സി) ഉജ്ജീവന സഹായ പദ്ധതി പ്രകാരം കിസാൻ ക്രെഡിറ്റ് കാർഡുള്ള പ്രളയബാധിതരായ കർഷകർക്ക് സംസ്ഥാന സർക്കാർ 4 ശതമാനം താങ്ങുപലിശ ഒരു വർഷത്തേയ്ക്ക് നൽകുന്നുവെന്നാണ് സർക്കാർ ഉത്തരവിലുള്ളത്.

**ട്രോളിംഗ് നിരോധനം**

13 (*403) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. രാജൻ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രമത്സ്യസമ്പത്ത് സംരക്ഷണത്തിനായി സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ട്രോളിംഗ് നിരോധനം എത്രത്തോളം ഗുണകരമാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷത്തെ ട്രോളിംഗ് നിരോധനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; നിരോധനം എത്ര ദിവസത്തേക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രോളിംഗ് നിരോധനം ഫലവത്താണെന്നത് സംബന്ധിച്ച ശാസ്ത്രീയമായ പഠനഫലങ്ങൾ ലഭ്യമായിട്ടുണ്ടോ; ആയത് സംസ്ഥാനത്തിന്റെ അനുഭവവുമായി ഒത്തുപോകുന്നുണ്ടോ; വെളിപ്പെടുത്തുമോ;

(ഇ) പരമ്പരാഗതമേഖലയിലെ ഇൻബോർഡ് വള്ളങ്ങൾ ഈ സമയത്ത് ഒന്നിൽ കൂടുതൽ കാരിയർ വള്ളങ്ങൾ ഉപയോഗിക്കുന്നത് വിലക്കിയിട്ടുണ്ടോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യസംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

2. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

3. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും KMFR നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.

4. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

5. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.

6. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ യന്ത്ര ക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.

7. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.

8. വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.

9. കടൽ പട്രോളിംഗ് ശക്തമാക്കി.

10. ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10 മുതൽ ജൂലൈ 31 വരെ)

11. ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നീ കാര്യങ്ങളിൽ മത്സ്യത്തൊഴിലാളികളുടെകൂടെ പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12. പേഴ്സിൻ, പെലാജിക് ട്രോൾമിഡ്, വാട്ടർട്രോൾ, ബുൾട്രോൾ (പെയർട്രോൾ) എന്നിവ പൂർണ്ണമായും നിരോധിച്ചു.

(ബി) സംസ്ഥാന സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾബാൻ സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ട്. 1988 മുതലാണ് ട്രോൾബാൻ നടപ്പിലാക്കിത്തുടങ്ങിയത്. പരമ്പരാഗത യാനങ്ങൾ മത്തി (oil sardine), അയല തുടങ്ങിയ ഉപരിതല മത്സ്യങ്ങളെയാണ് മുഖ്യമായും പിടിച്ചെടുക്കുന്നത്. മത്സ്യ സമ്പത്തിൽ ഗണ്യമായ വർദ്ധനവ് ട്രോൾബാൻമൂലം ഉണ്ടായിട്ടുണ്ട്. അമിത ചൂഷണ മുണ്ടായിട്ടുകൂടി മത്സ്യസമ്പത്ത് ഒരു പരിധിവരെ സുസ്ഥിരമായി നിലനിർത്തുന്നതിന് ട്രോൾബാൻ സഹായകമാകുന്നുണ്ട്.

(സി) 2019-ലെ ട്രോളിംഗ് നിരോധനം ജൂൺ 10 മുതൽ ജൂലൈ 31 വരെയുള്ള 52 ദിവസമാണ് സംസ്ഥാനത്ത് നടപ്പിലാക്കുന്നത്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന്റെ ഭാഗമായുമാണ് ട്രോളിംഗ് നിരോധനം നടപ്പാക്കിവരുന്നത്. ഉപരിതല മത്സ്യബന്ധന ആക്ട് നിലവിലുള്ളതിനാൽ സംസ്ഥാനത്ത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഉപരിതല മത്സ്യബന്ധനം നടത്തുന്നതിന് തടസ്സമില്ല. എന്നാൽ ഇന്ത്യാ ഗവൺമെന്റ് 1-6-2019 മുതൽ 31-7-2019 വരെ 61 ദിവസം പശ്ചിമതീരത്ത് Exclusive Economic Zone (EEZ)-ൽ Non-motorized യാനങ്ങൾ ഒഴികെയുള്ളവയുടെ മത്സ്യബന്ധനത്തിന് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. ട്രോളിംഗ് നിരോധനത്തിന്റെ ഭാഗമായി എല്ലാ തീരദേശ ജില്ലകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ മേയ് 15 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ കടൽ രക്ഷാ പ്രവർത്തനങ്ങൾക്കും കടൽ പട്രോളിംഗിനുമായി എല്ലാ തീരദേശ ജില്ലകളിലുമായി 20 സ്വകാര്യ ബോട്ടുകൾ വാടകയ്ക്കെടുത്ത് പ്രവർത്തിച്ചുവരുന്നു. പരിശീലനം പൂർത്തിയാക്കിയ 80 മത്സ്യത്തൊഴിലാളി യുവാക്കളെ കടൽ സുരക്ഷാ സേനാംഗ ങ്ങളായി ടി ബോട്ടുകളിൽ രക്ഷാപ്രവർത്തനത്തിന് നിയോഗിച്ചിട്ടുണ്ട്. ഫിഷറീസ് വകുപ്പിന്റെയും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെയും നേതൃത്വത്തിൽ കടൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്.

(ഡി) സർക്കാർ നിയമിച്ച വിവിധ കമ്മിറ്റികൾ ട്രോൾ ബാൻ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ട്. ട്രോൾബാൻമൂലം മത്സ്യസമ്പത്തിൽ ഗണ്യമായ വർദ്ധനവു ണ്ടായിട്ടുണ്ട്. ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്ക ണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം) 2013-ൽ സർക്കാർ നിയോഗിച്ച വിദഗ്ദ്ധ കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെകൂടി അടിസ്ഥാനത്തിലാണ് 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽ നിന്നും 52 ആയി ഉയർത്തിയിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ

അനുഭവവുമായി ഒത്തുപോകുന്നതാണ്. എന്നാൽ നിരോധന കാലം 2 ഘട്ടങ്ങളിലായി നടപ്പാക്കണമെന്നത് സംബന്ധിച്ച് സംസ്ഥാനം അന്തിമ തീരുമാനമെടുത്തിട്ടില്ല. 1988 മുതൽ 31 വർഷമായി നടപ്പാക്കി വരുന്ന ട്രോൾ ബാനിൽ മാറ്റങ്ങൾ വരുത്തുന്നതിന് മുമ്പ് മത്സ്യത്തൊഴിലാളി സമൂഹവുമായും ബോട്ടുടമകളുമായും ചർച്ചകൾ നടത്തി സമവായത്തിലെത്തണമെന്നതാണ് സർക്കാ രി ന്റെ കാഴ്ചപ്പാട്. ഇത്തരത്തിലുള്ള ചർച്ചകൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ടെങ്കിലും ഒരു സമവായ ത്തിലെത്തിയിട്ടില്ല. ട്രോൾബാൻ കാലം ഇന്നുള്ളനിലയിൽ തുടരണമെന്നും അത് രണ്ട് ഘട്ടങ്ങളിലായി മാറ്റണമെന്നുമുള്ള രണ്ട് അഭിപ്രായങ്ങൾ നിലനിൽക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കിടയിൽ ആദ്യത്തെ അഭിപ്രായത്തിനാണ് കൂടുതൽ സ്വീകാര്യത.

കേരള തീരത്ത് Demersal fishes (അടിത്തട്ടിൽ ജീവിക്കുന്ന മത്സ്യങ്ങളും) കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങളും പ്രധാനമായും ഒക്ടോബർ/നവംബർ മാസങ്ങളിലാണ് പ്രജനനം നടത്തുന്നതെന്നും ആ വിഭാഗത്തിൽപ്പെട്ട മത്സ്യങ്ങളുടെ സംരക്ഷണത്തിനായി ഒക്ടോബർ, നവംബർ മാസങ്ങളിൽക്കൂടി നിരോധനം ഏർപ്പെടുത്തുന്നതായിരിക്കും ഫലപ്രദമെന്നുമാണ് ഒരു വിഭാഗം ശാസ്ത്രജ്ഞരുടെ അഭിപ്രായം.

എന്നാൽ കേരളത്തിന്റെ കടൽ മത്സ്യ ഉല്പാദനത്തിന്റെ ഏകദേശം 62 ശതമാനവും ഉപരിതല മത്സ്യങ്ങളും (pelagic fishes), 22 ശതമാനം അടിത്തട്ടിലെ മത്സ്യങ്ങളും (Demersal fishes), 9-10 ശതമാനം ചെമ്മീൻ/കൊഞ്ച്/ഞണ്ട് തുടങ്ങിയവ ഉൾപ്പെടുന്ന ക്രസ്റ്റേഷ്യനുകളും 7-8 ശതമാനം കണവ, കൂന്തൽ എന്നിവ ഉൾപ്പെടുന്ന മൊളസ്കൽ വർഗ്ഗ ജീവികളുമാണ്. ഉപരിതല മത്സ്യങ്ങൾ പൊതുവെ കാലവർഷക്കാലത്തോ അതിന് തൊട്ടുമുമ്പോ പിമ്പോ ആണ് പ്രജനനം നടത്തുന്നത്. പ്രസ്തുത മത്സ്യങ്ങളെ കൂടുതലായും പിടിച്ചെടുക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് (പ്രത്യേകിച്ച് കാലവർഷക്കാലങ്ങളിൽ).

കണവ, കൂന്തൽ തുടങ്ങിയ മത്സ്യങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിലാണ് പ്രധാനമായും പ്രജനനം നടത്തുന്നതെങ്കിലും അവ ആകെ ഉല്പാദനത്തിന്റെ 7-8 ശതമാനം മാത്രമാണ് സംഭാവന ചെയ്യുന്നത്. ജൂൺ/ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനം മത്സ്യ പ്രജനനത്തെ സഹായിക്കുന്നതിന് മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല. പശ്ചിമ തീരത്ത് upwelling മൂലവും മറ്റും കടൽ ഏറ്റവും ഉല്പാദനക്ഷമമാവുന്നത് ജൂൺ/ജൂലൈ മാസങ്ങളിലാണ്. ഈ സമയത്താണ് കടലിലെ primary productivity ഏറ്റവും കൂടുതൽ. കടലിലെ സർവ്വ

ജീവപ്രക്രിയകളുടെയും രാസോർജ്ജത്തിന്റെ ഉറവിടമായ അതിസൂക്ഷ്മ സസ്യങ്ങളുടെ ഊർജ്ജിത ഉല്പാദനം നടക്കുന്നത് ഈ കാലത്താണ്. കടലിലെ ഈ അടിസ്ഥാന ഉല്പാദനവും ( primary productivity) അതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന ഭക്ഷ്യ കലവറയുമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുക്കളുടെയും നിലനിൽപ്പിന് ആധാരം. അടിത്തട്ടിലെ ട്രോളിംഗ്മൂലം ജലത്തിന്റെ കലങ്ങൽ (turbidity) കൂടുന്നു. ഇത് പ്രാഥമിക ഉല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഈ സാഹചര്യങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന പോലെ ജൂൺ/ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനമാവും കൂടുതൽ ഫലപ്രദമെന്ന പ്രബലമായ അഭിപ്രായവും നിലനിൽക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പൊതുവെ ഈ അഭിപ്രായത്തിന്റെ പക്ഷത്താണ്. മത്സ്യത്തൊഴിലാളി സമൂഹവുമായി വിശദമായ ചർച്ച നടത്തി സമവായത്തിലെത്തിയതിന് ശേഷമാണ് ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നത്. ഈ സാഹചര്യത്തിലാണ് നടപ്പ് വർഷവും ഒറ്റത്തവണയായി ട്രോൾബാൻ 52 ദിവസമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

(ഇ) വിലക്കിയിട്ടുണ്ട്. ഒരു ഇൻബോർഡ് വള്ളത്തിന് ഒരു കാരിയർ വള്ളം എന്ന നിലയ്ക്ക് 2018-ൽ ട്രോൾബാൻ കാലയളവിൽ നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശം ഇപ്പോഴും തുടരുന്നുണ്ട്.

## ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ നടപടി

14 (*404) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാൽപ്പത്തിനാല് ഇനം ചെറുമത്സ്യങ്ങളെ പിടിക്കാൻ പാടില്ലെന്ന കർശനനിർദ്ദേശം അവഗണിച്ച് തീരക്കടലിൽ നിന്നുപോലും ഇതരസംസ്ഥാന ബോട്ടുകൾ മത്സ്യം വാരിപ്പോകുന്നത് തടയാൻ ഫിഷറീസ് വകുപ്പ് ഇടപെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൻതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതുകാരണം മത്സ്യത്തിന്റെ മൊത്തലഭ്യത, ഉല്പാദനം, പ്രജനനം എന്നിവ താളം തെറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ച വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കേരള സംസ്ഥാനത്ത് ചെറുമത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിച്ചു വെങ്കിലും അന്യസംസ്ഥാന ബോട്ടുകൾ കേരള തീരക്കടലിന് പുറത്ത് ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കണ്ടെത്തിയിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ. പോലുള്ള കേന്ദ്ര സ്ഥാപനങ്ങളാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്. സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെയും ശിപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 മത്സ്യങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരികയും അതനുസരിച്ച് ഭേദഗതി ചെയ്ത കെ.എം.എഫ്.ആർ. റൂൾ, 2018 സെപ്റ്റംബർ 1-ന് നിലവിൽ വരികയും ചെയ്തു. അതുപ്രകാരം പ്രധാന വലകളുടെ ആകെ വലിപ്പവും വലക്കണ്ണികളുടെ കുറഞ്ഞ വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്.

(സി) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യ സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.
2. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.
3. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും KMFR നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.
4. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.
5. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണിവലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.

6. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.

7. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.

8. വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യ ബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.

9. കടൽ പട്രോളിംഗ് ശക്തമാക്കി.

10. ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10 മുതൽ ജൂലൈ 31 വരെ)

11. ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെകൂടെ പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ

15 (*405) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി. പി. അയിഷാ പോറ്റി:
ശ്രീ. പി. ടി.എ. റഹീം:
ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദീർഘദൂരയാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും ശുചിത്വവുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി രൂപീകരിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ പ്രവർത്തിച്ച് വരുന്നതെന്ന് അറിയിക്കാമോ;

(സി) ഇത്തരം സെന്ററുകളുടെ പ്രവർത്തനം കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) റെസ്റ്റ് ഏരിയ ഡെവലപ്മെന്റ് പദ്ധതിക്ക് ആവശ്യമായ പഠനം നടത്തുന്നതിന് നാറ്റ്പാക്-ൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി ഭരണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് ദീർഘദൂരയാത്രക്കാർക്ക് പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരികൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും ശുചിത്വവുമുള്ള ടോയ്‌ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡ് എന്ന പേരിൽ കമ്പനി 27-2-2013-ലെ സ.ഉ.(കൈ) നമ്പർ 20/2013/പൊ.മ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം തുടരേണ്ടതുണ്ടോ എന്ന് സർക്കാർ ആലോചിച്ച് വരികയാണ്.

(ബി&സി) അരൂർ, പെരുമ്പാവൂർ, തിരൂർ എന്നീ സ്ഥലങ്ങളിലാണ് ആശ്വാസ് പബ്ലിക് അമിനിറ്റീസ് സെന്ററുകൾ നിലവിൽ പ്രവർത്തിച്ച് വരുന്നത്. പുതിയ സെന്ററുകൾ നിർമ്മിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല.

(ഡി) റെസ്റ്റ് ഏരിയ ഡെവലപ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട് നാറ്റ്പാക് വിശദമായ പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളതും ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡിന് സമർപ്പിച്ചിട്ടുള്ളതുമാണ്. ടി പ്രൊപ്പോസൽ പരിശോധിച്ച് ഭരണാനുമതിക്ക് വേണ്ട വ്യക്തമായ പ്രൊപ്പോസൽ ആശ്വാസ് അമിനിറ്റീസ് കേരള ലിമിറ്റഡ് സമർപ്പിക്കുന്ന മുറയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്ന താണ്.

## സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാട്ടുന്നത് തടയാൻ നടപടി

16 (*406) ഡോ. എം. കെ. മുനീർ
ശ്രീ. എം. ഉമ്മർ
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ എണ്ണത്തിൽ കൃത്രിമം കാട്ടുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഈ അദ്ധ്യയനവർഷം സൂപ്പർ ചെക്ക് സെൽ ഇത് സംബന്ധിച്ച് പരിശോധനകൾ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) കഴിഞ്ഞ അദ്ധ്യയനവർഷം കുട്ടികളെ സമ്പൂർണ്ണ സോഫ്റ്റ്‌വെയർ മുഖേന മറ്റൊരു സ്കൂളിലേക്ക് ട്രാൻസ്ഫർ ചെയ്ത കുറ്റക്കാരായ അദ്ധ്യാപകരെ തിരികെ സർവ്വീസിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; എങ്കിൽ തിരികെ പ്രവേശിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ഡി) ഈ അദ്ധ്യയനവർഷം ഇത്തരം ക്രമക്കേടുകൾ നടത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ അദ്ധ്യയനവർഷം ആരംഭിച്ച് ആറാമത്തെ പ്രവൃത്തിദിവസത്തെ കുട്ടികളുടെ എണ്ണമാണ് തസ്തിക നിർണ്ണയത്തിന് പരിഗണിക്കുന്നത്. യു.ഐ.ഡി. നമ്പരോ അവയില്ലെങ്കിൽ പ്രഥമാദ്ധ്യാപകന്റെ മേലൊപ്പോടു കൂടി ക്ലാസ് ടീച്ചർ നൽകുന്ന ഡിക്ലറേഷനോ ഉള്ള കുട്ടികളെയാണ് അതിലേയ്ക്ക് പരിഗണിക്കുന്നത്. കുട്ടികളുടെ എണ്ണത്തിലെ കൃത്യതയും സുതാര്യതയും ഉറപ്പു വരുത്തുന്നതിന് വിദ്യാഭ്യാസ ഓഫീസർമാർ/സൂപ്പർ ചെക്ക് സെൽ ഉദ്യോഗസ്ഥന്മാർ എന്നിവർ സ്കൂളിൽ ആകസ്മിക പരിശോധന നടത്താറുണ്ട്. കൃത്രിമ അഡ്മിഷൻ നടന്നതായി ബോധ്യപ്പെട്ടാൽ അവരെ റോൾ സ്ട്രെംഗ്തിൽ നിന്ന് ഒഴിവാക്കി തസ്തിക പുനർനിർണ്ണയം നടത്തുകയും അധികമായി തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് ബോധ്യപ്പെട്ടാൽ ആയത് റദ്ദാക്കിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നുണ്ട്. ഇങ്ങനെയുള്ള കേസ്സുകളിൽ കാരണക്കാരായ അദ്ധ്യാപകർ, പ്രഥമാദ്ധ്യാപകർ, മാനേജർ തുടങ്ങിയവർക്കെതിരെ നടപടിയെടുക്കാൻ നിർദ്ദേശിക്കുകയും കൃത്രിമ അഡ്മിഷൻ സൃഷ്ടിച്ച വകയിൽ സർക്കാരിനുണ്ടായ നഷ്ടം പ്രധാനാദ്ധ്യാപകൻ, ക്ലാസ് അദ്ധ്യാപകർ എന്നിവരിൽ നിന്നും അച്ചടക്ക നടപടിയുടെ ഭാഗമായി ഈടാക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

ഈ അക്കാദമിക വർഷത്തിന്റെ ആരംഭത്തിലും പ്രധാനാദ്ധ്യാപകർക്ക് ഇതുസംബന്ധിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

(ബി) സ്കൂളുകളുടെ തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ലാത്തതിനാൽ 2019-20 വർഷത്തിൽ സൂപ്പർ ചെക്ക് സെൽ പരിശോധനയൊന്നും നടത്തിയിട്ടില്ല.

(സി) ആലപ്പുഴ ലിയോ തേർട്ടീൻത് ഹൈസ്കൂളിലെ പ്രഥമാദ്ധ്യാപകനായിരുന്ന ശ്രീ. എ. ജി. സേവ്യർകുട്ടിക്കെതിരെ, സമ്പൂർണ്ണ സോഫ്റ്റ്‌വെയർ വഴി അനധികൃതമായി ടി.സി.-കൾ ട്രാൻസ്ഫർ ചെയ്ത വിഷയത്തിൽ സൂപ്പർ ചെക്ക് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി എടുക്കാൻ 9-7-2018-ലെ

വി.ബി.5/41772/2018/ഡി.പി.ഐ. പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം മാനേജർ 19-7-2018-ൽ ശ്രീ. സേവ്യർകുട്ടിയെ വേലവിലക്കി ഉത്തരവായി. നടപടിക്രമങ്ങളുടെ ഭാഗമായി പ്രഥമാദ്ധ്യാപകന് കുറ്റപത്രം, കുറ്റാരോപണ പത്രിക എന്നിവ നൽകുകയും ടിയാൻ മറുപടി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മേൽ മറുപടിയിലെ വിശദീകരണങ്ങളുടെ അടിസ്ഥാനത്തിൽ ടിയാൻ തന്റെ പ്രവൃത്തി വഴി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല, സർക്കാരിന് സാമ്പത്തിക നഷ്ടം വരുത്തിയിട്ടില്ല, മാപ്പ് അപേക്ഷിച്ചിട്ടുണ്ട് എന്നീ കാരണങ്ങളാൽ ഒരു ഇൻക്രിമെന്റ് താൽക്കാലികമായി തടയുകയും വേലവിലക്കുകാലം 13-8-2018 വരെ പരിമിതപ്പെടുത്തി ആയത് അർഹതയുള്ള അവധിയായി പരിഗണിച്ച് ഉത്തരവാകുകയുമുണ്ടായി.

കോർപ്പറേറ്റ് മാനേജരുടെ മേൽ പരാമർശിച്ച നടപടികൾ ലാഘവ ബുദ്ധിയോടുകൂടിയതാണെന്ന് കണ്ടെത്തി മാനേജരോട് പൊതുവിദ്യാഭ്യാസ ഡയറക്ടർ വിശദീകരണം ആരായുകയും ആയതിന് മാനേജർ മറുപടി സമർപ്പിക്കുകയും ചെയ്തു. ആയതിലെ വിശദീകരണം പരിഗണിച്ചുകൊണ്ട് ശ്രീ. സേവ്യർകുട്ടിയുടെ അച്ചടക്ക നടപടികൾ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അവസാനിപ്പിച്ചിരുന്നു. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം എയ്ഡഡ് വിദ്യാലയങ്ങളിലെ ജീവനക്കാർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടത് നിയമനാധികാരിയായ മാനേജരാണ്. അച്ചടക്ക നടപടികൾ തീർപ്പാക്കേണ്ടതും മാനേജർ തന്നെയാണ്. അച്ചടക്ക നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം മാനേജർ അനുസരിക്കാത്തപക്ഷം മാത്രമേ വിദ്യാഭ്യാസ വകുപ്പ് ഉദ്യോഗസ്ഥർക്ക് ഇടപെടാൻ സാധിക്കുകയുള്ളൂ.

(ഡി) ഈ അദ്ധ്യയനവർഷം സൂപ്പർ ചെക്ക് പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ ക്രമക്കേടുകളൊന്നുംതന്നെ കണ്ടെത്തിയിട്ടില്ല.

## പാട്ടത്തിന് നൽകിയ റസ്റ്റ് ഹൗസുകൾ തിരിച്ചുപിടിക്കാൻ നടപടി

17 (*407) ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട്ടിലെ കുറ്റാലത്ത് സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള അമ്പത്തിയാറ് ഏക്കർ വരുന്ന സ്ഥലവും കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും മുൻ സർക്കാരിന്റെ കാലത്ത് സ്വകാര്യ വ്യക്തി കയ്യടക്കിയത് തിരിച്ചുപിടിക്കാൻ നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ; വീണ്ടെടുത്ത സ്വത്ത് പരിപാലിക്കാനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം അറിയിക്കാമോ;

(ബി) 2002-ൽ സ്വകാര്യ വ്യക്തിക്ക് പാട്ടവ്യവസ്ഥയിൽ വിട്ടുനൽകിയ മൂന്നാറിലെ റസ്റ്റ് ഹൗസും ഭൂമിയും തിരികെ പിടിക്കാൻ നടത്തിവരുന്ന പ്രവർത്തനം അറിയിക്കാമോ;

(സി) പാട്ടത്തിന് നൽകിയ വൈക്കം, ആലുവ എന്നിവിടങ്ങളിലെ റസ്റ്റ് ഹൗസുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്തുമോ;

(ഡി) നിലവിൽ എത്ര റസ്റ്റ് ഹൗസുകളാണ് ഉള്ളത്; ഇവയിൽ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഉൾപ്പെടെ ഏർപ്പെടുത്തി കാര്യക്ഷമമായി വിനിയോഗിക്കുന്നതിന് നടപടിയെടുത്തിട്ടുണ്ടോ;

(ഇ) പൊതുമരാമത്ത് കെട്ടിട നിർമ്മാണ വിഭാഗത്തിന്റെ പ്രവർത്തനം ആധുനീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കുറ്റാലം കൊട്ടാരവും അനുബന്ധ കെട്ടിടങ്ങളും തട്ടിയെടുക്കാൻ ശ്രമിച്ച ഗൂഢാലോചനയ്ക്ക് നേതൃത്വം നൽകിയ പാലസ് സൂപ്രണ്ടിനെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുകയും തമിഴ്നാട്ടിലെ വിവിധ കോടതികളിൽ (ഹൈക്കോടതി അടക്കം) കേരള സർക്കാർ കേസ്സുകൾ നടത്തുകയും ഭരണപരവും നിയമപരവുമായി ശക്തമായ നടപടികളെടുത്തതിന്റെ ഫലമായാണ് കുറ്റാലം കൊട്ടാരം തിരിച്ചു പിടിക്കാൻ കേരള സർക്കാരിന് കഴിഞ്ഞത്. പിണറായി സർക്കാർ വന്നില്ലായിരുന്നു വെങ്കിൽ ഈ കൊട്ടാരം നഷ്ടപ്പെടുമായിരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കൊട്ടാരം നഷ്ടപ്പെടുന്നതിനെതിരെ ഒന്നും നടന്നില്ല. ഇപ്പോൾത്തന്നെ കുറ്റാലം കൊട്ടാരത്തിന് കേരള പോലീസ് സംരക്ഷണത്തിനുള്ള ക്രമീകരണങ്ങൾ നടത്തിയിട്ടുണ്ട്. കൊട്ടാരം, അനുബന്ധ കെട്ടിടങ്ങൾ, കൊട്ടാരം വളപ്പ് ഇവ പൊതുമരാമത്ത് വകുപ്പിന്റെ പൂർണ്ണ നിയന്ത്രണത്തിലാണ്. കൂടാതെ സ്ഥിരം തസ്തികയായിട്ടുള്ള അഞ്ച് ഗാർഡനർ പോസ്റ്റിലേയ്ക്ക് വാച്ചർ-കം-ഗാർഡനർമാരെ നിയമിച്ചിട്ടുണ്ട്. നിലവിലുള്ള സംരക്ഷണഭിത്തിക്കുപുറമേ കൊട്ടാര വളപ്പിന്റെ സംരക്ഷണത്തിനുവേണ്ടി 12 അടി ഉയരത്തിൽ കമ്പി വേലി കെട്ടിയിട്ടുണ്ട്. ഇതിനെല്ലാമുപരി കൊട്ടാരത്തിൽ സി.സി.ടി.വി. ക്യാമറ സ്ഥാപിക്കുന്നതിനും കൊട്ടാരത്തിലേയ്ക്കുള്ള വഴിവിളക്കുകൾ വിപുലീകരിക്കുന്നതിനുമുള്ള കാര്യവും പരിശോധിച്ചുവരികയാണ്.

(ബി) സർക്കാരിന്റെ സമയോചിതമായ ഇടപെടലിലൂടെ കോടതി നിർദ്ദേശപ്രകാരം മൂന്നാർ റസ്റ്റ് ഹൗസും ഭൂമിയും മലയാളം ഇൻഡസ്ട്രീസ് ലിമിറ്റഡിൽ നിന്ന് 27-12-2018-ൽ തിരികെ പിടിച്ചുകഴിഞ്ഞു.

(സി) വൈക്കം പൊതുമരാമത്ത് വകുപ്പ് റസ്റ്റ് ഹൗസ് 3-1-2003-ൽ ശ്രീ. എ. എൻ. സതീഷ് എന്ന വ്യക്തിക്ക് ലീസിന് നൽകുകയും കരാർ വ്യവസ്ഥകൾ ലംഘിച്ചതിനെത്തുടർന്ന് 5-6-2007-ൽ ടി വ്യക്തിക്ക് നോട്ടീസ് നൽകുകയും 6-9-2008-ൽ ടി റസ്റ്റ് ഹൗസ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിനെതിരെ ടിയാൻ ഫയൽ ചെയ്ത ആർബിട്രേഷൻ കേസ് 39/2013-ന് 7-12-2015-ൽ വിധി വരികയും ആയത് പ്രകാരം പൊതുമരാമത്തിന് കരാർ പ്രകാരമുള്ള കുടിശ്ശിക തുകയും പലിശയും ചേർന്ന തുക നൽകാൻ ഉത്തരവുണ്ടാകുകയും ചെയ്തു. ടി വിധിക്കെതിരെ ശ്രീ. എ. എൻ. സതീഷ് എറണാകുളം ജില്ലാ കോടതിയിൽ ഫയൽ ചെയ്ത 17/2016-ാം നമ്പർ കേസ് നിലവിൽ നടന്നുവരികയാണ്. ടി കേസ്സിന്റെ തുടർനടപടികൾ റദ്ദ് ചെയ്യണമെന്ന് ആവശ്യപ്പെട്ട് ടിയാൻ ഹൈക്കോടതിയിൽ 34540/2017-ാം നമ്പർ കേസ് ഫയൽ ചെയ്തിട്ടുണ്ട്. നിലവിൽ ടി റസ്റ്റ് ഹൗസ്, ക്യാന്റീൻ സൗകര്യത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം കോട്ടയത്തിന്റെ നിയന്ത്രണത്തിൽ തന്നെയാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. കുറ്റാലം, വൈക്കം, പൂഞ്ഞാർ റസ്റ്റ് ഹൗസുകൾ തിരികെ പിടിച്ചത് വലിയ പരിശ്രമം നടത്തിയാണ്. ഈ സർക്കാരിന്റെ വലിയ വിജയങ്ങളിൽ ഒന്നാണ് ഈ നടപടി.

ആലുവ റസ്റ്റ് ഹൗസ് തിരികെ പിടിക്കാൻ ശ്രമം നടത്തി വരികയാണ്. റസ്റ്റ് ഹൗസിന്റെ പ്രവർത്തനം കോടതി നിർദ്ദേശപ്രകാരം പാട്ട വ്യവസ്ഥയിൽ തന്നെ തുടരുകയാണ്.

(ഡി) നിലവിൽ 153 റസ്റ്റ് ഹൗസുകളാണുള്ളത്. റസ്റ്റ് ഹൗസിന്റെ ഓൺലൈൻ ബുക്കിംഗ് സൗകര്യം ഏർപ്പെടുത്തി കാര്യക്ഷമമായി വിനിയോഗിക്കു ന്നതിനുള്ള 14-6-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എംഎസ്.) നമ്പർ 23/2019/ പി.ഡബ്ല്യു.ഡി. പ്രകാരം നിലവിൽ വന്നു.

(ഇ) ഉണ്ട്. പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങളിൽ പ്രീ-ഫാബ്രിക്കേഷൻ, കോമ്പോസിറ്റ് സ്ട്രക്ചർ തുടങ്ങിയവ ഉൾപ്പെടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിന്റെ നേതൃത്വത്തിലുള്ള എല്ലാ നിർമ്മാണങ്ങളും ഹരിതനിർമ്മാണ ചട്ടമനുസരിച്ചാണ് നിർമ്മിക്കുന്നത്.

## പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കാൻ നടപടി

18 (*408) ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രീ-പ്രൈമറി കുട്ടികളുടെ അടിസ്ഥാനശേഷി വികസിപ്പിക്കുന്നതിനും രക്ഷിതാക്കൾക്ക് ഇത് സംബന്ധിച്ച് ശരിയായ ബോധവത്കരണം നൽകുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസം കൂടുതൽ കാര്യക്ഷമവും ശാസ്ത്രീയവുമാക്കുന്നതിന് പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ശിശുസൗഹൃദമാക്കുന്നതിന് എന്തെല്ലാം സജ്ജീകരണങ്ങളാണ് ഒരുക്കുന്നതെന്ന് വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് പരിശീലനങ്ങൾ നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള 'കളിത്തോണി' പ്രവർത്തന കാർഡുകൾ, കളിപ്പാട്ടം പ്രവർത്തന പുസ്തകം ഇവ പുസ്തക രൂപത്തിലാക്കി വിതരണം ചെയ്യുന്നുമുണ്ട്. അതിന്റെ അദ്ധ്യാപകർക്കായുള്ള വിനിമയ സഹായിയും തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ വരുംവർഷങ്ങളിൽ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

(ബി) കരിക്കുലം കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ കൈപുസ്തകം അദ്ധ്യാപകർക്കും പ്രീ-പ്രൈമറി സ്കൂളുകളിലെ മൂന്ന് വയസ്സും നാല് വയസ്സും പ്രായമുള്ള കുട്ടികൾക്കും പ്രിന്റ് ചെയ്ത് നൽകിവരുന്നു. രക്ഷാകർതൃ ബോധവൽക്കരണത്തിന് സഹായകമായ മൊഡ്യൂൾ വികസിപ്പിച്ച് പ്രീ-സ്കൂൾ അദ്ധ്യാപകർക്ക് പരിശീലനങ്ങളിലൂടെ നൽകിയിട്ടുണ്ട്.

(സി) പ്രീ-സ്കൂൾ അദ്ധ്യാപക സഹായി 'കളിപ്പാട്ടം', പ്രീ-സ്കൂൾ കുട്ടികൾക്കായുള്ള പ്രവർത്തന കാർഡുകൾ (കളിത്തോണി) എന്നിവയെ അടിസ്ഥാനമാക്കി സർക്കാർ, സർക്കാർ അംഗീകൃത പ്രീ-പ്രൈമറികളിലെ അദ്ധ്യാപകർക്ക് "പ്രശിക്ഷ" എന്ന പേരിൽ പരിശീലനം നൽകുന്നു.

(ഡി) 'സിസ്റ്റമാറ്റൈസിംഗ് പ്രീ-പ്രൈമറി എഡ്യൂക്കേഷൻ' എന്ന പ്രോജക്ടിന്റെ ഭാഗമായി കുട്ടികൾക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ നൽകിവരുന്നു. കളികളിലൂടെ വിദ്യാഭ്യാസം എന്നതിന് ഊന്നൽ നൽകിക്കൊണ്ടുള്ള പുസ്തകം (കളിത്തോണി) അച്ചടിച്ച് വിതരണം പൂർത്തീകരിച്ചുവരുന്നു.

## കശുവണ്ടി വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം

19 (*409) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ;

(ബി) ഇതുമൂലം ഈ മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(സി) തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കം കേന്ദ്രസർക്കാർ കൂട്ടിയത് തോട്ടണ്ടി ഇറക്കുമതിയെ എപ്രകാരം ബാധിച്ചു; പ്രസ്തുത ചുങ്കം കുറയ്ക്കണമെന്ന ആവശ്യത്തോടുള്ള കേന്ദ്ര പ്രതികരണം എന്താണ്;

(ഡി) ഗുണനിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് സ്പെഷ്യൽ എക്കണോമിക് സോൺ വഴി ഇറക്കുമതി ചെയ്ത് വിപണനം നടത്തുന്നത് കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ എപ്രകാരം ബാധിച്ചു; കഴിഞ്ഞവർഷം ഇതുമൂലം വിൽപ്പനയിൽ ഇടിവ് ഉണ്ടായിട്ടുണ്ടോ; വിശദവിവരം നല്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്തെ കശുവണ്ടി മേഖല നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണുന്നതിനായും കശുവണ്ടി വ്യവസായ മേഖലയുടെ പുനരുദ്ധാരണത്തിനായും രാജ്യത്തിന് അകത്തുനിന്നും പുറത്തുനിന്നും തോട്ടണ്ടി സംഭരിച്ച് സംസ്ഥാനത്തെ പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമുള്ള കശുവണ്ടി സംസ്കരണ ഫാക്ടറികൾക്ക് ന്യായമായ വിലയിൽ തോട്ടണ്ടി ലഭ്യമാക്കുന്നതിനായി സംസ്ഥാന സർക്കാർ 2017 ഒക്ടോബറിൽ കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് രൂപീകരിച്ചു. കാഷ്യൂ ബോർഡ് കശുവണ്ടി ഉൽപ്പാദക ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് തുടർച്ചയായി ലഭ്യമാക്കിക്കൊണ്ടിരിക്കുന്നു.

കടക്കെണിമൂലം പ്രവർത്തനരഹിതമായ സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി സർക്കാർ നടത്തിയ നിരന്തര ഇടപെടലിനെ തുടർന്ന് എസ്.എൽ.ബി.സി., ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവരടങ്ങിയ മൂന്നംഗ കമ്മിറ്റി, സ്വകാര്യ വ്യവസായികൾ സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് പരിശോധിച്ച് അധിക വായ്പ നൽകിയാൽ പുനരുദ്ധരിക്കാൻ കഴിയുന്ന 176 വ്യവസായങ്ങളുടെ പേര് ശിപാർശ ചെയ്തിട്ടുണ്ട്. കമ്മിറ്റിയുടെ മുമ്പാകെ ഹാജരായ 285 വ്യവസായങ്ങളിൽ 67 വ്യവസായങ്ങൾക്ക് ഒറ്റത്തവണ തീർപ്പാക്കലാണ് ശിപാർശ ചെയ്തിട്ടുള്ളത്. എ.ആർ.സി.-ക്ക് ശിപാർശ ചെയ്തതുൾപ്പെടെ മേൽ വിഭാഗത്തിൽപ്പെടാത്ത 42 വ്യവസായങ്ങളെയും കണ്ടെത്തിയിട്ടുണ്ട്.

6-2-2019-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൈക്കൊണ്ട പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. പുനരുദ്ധാരണ പാക്കേജിന്റെ അടിസ്ഥാനത്തിൽ വ്യവസായത്തിന് ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന വായ്പയിന്മേലുള്ള ഒരു വർഷത്തെ പലിശ നൽകുന്നതിനായി 25 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അർഹതപ്പെട്ട വ്യവസായങ്ങളുടെ ധനകാര്യ സ്ഥിതി സംബന്ധിച്ച സ്റ്റേറ്റ്മെന്റ് നൽകുന്നമുറയ്ക്ക് ഒട്ടനവധി വ്യവസായങ്ങൾക്ക് ഇതിനകം ബാങ്കുകൾ വായ്പ ലഭ്യമാക്കിയിട്ടുമുണ്ട്. അർഹതപ്പെട്ട എല്ലാ വ്യവസായ യൂണിറ്റുകൾക്കും പ്രവർത്തന മൂലധനം ബാങ്കുകൾ മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ നിരന്തരം ഇടപെട്ടുവരികയാണ്.

കേരളത്തിലെ പൊതുമേഖലാ വ്യവസായങ്ങൾക്ക് മാത്രമല്ല ആവശ്യപ്പെടുന്ന പക്ഷം എസ്ക്രോ അക്കൗണ്ട് മുഖാന്തിരം സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് ഇപ്പോൾ സന്നദ്ധവുമാണ്.

കേരളത്തിലെ കശുവണ്ടി വ്യവസായത്തിനാവശ്യമായ തോട്ടണ്ടിയുടെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നത്. കേരളത്തിലെ തോട്ടണ്ടിയുടെ ആഭ്യന്തര ഉൽപ്പാദനം പരമാവധി വർദ്ധിപ്പിക്കുന്നതിന് സംസ്ഥാന കശുമാവ് വികസന ഏജൻസി മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. അത്യുല്പാദനശേഷിയുള്ള മുന്തിയ ഇനം കശുമാവ് തൈകൾ തോട്ടം അടിസ്ഥാനത്തിലും അല്ലാതെയും കൃഷി ചെയ്യുന്നതിനാണ് ഏജൻസി നടപടി സ്വീകരിച്ചിട്ടുള്ളത്.

കഴിഞ്ഞ മൂന്ന് വർഷമായി കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തോട്ടണ്ടി സർക്കാർ നിശ്ചയിക്കുന്ന വിലയ്ക്ക് കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സും ശേഖരിച്ചുവരികയാണ്.

(ബി) സർക്കാരിന്റെ ഇടപെടലിലൂടെ പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും കെ.എസ്.സി.ഡി.സി.-യും തുടർച്ചയായി പ്രവർത്തിച്ചുവരികയാണ്. അടഞ്ഞുകിടക്കുന്ന പ്രൈവറ്റ് ഫാക്ടറികളിൽ സർക്കാരിന്റെ നിരന്തരമായ ഇടപെടലിന്റെ അടിസ്ഥാനത്തിൽ കുറച്ച് ഫാക്ടറികൾ തുറന്ന് പ്രവർത്തിച്ചുകഴിഞ്ഞു. ബാക്കിയുള്ള പ്രൈവറ്റ് ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചുവരികയാണ്.

കേരള കാഷ്യൂ ബോർഡിന്റെ ഇടപെടൽമൂലം അസംസ്കൃത കശുവണ്ടിയുടെ ലഭ്യത ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ തോട്ടണ്ടിയുടെ സംഭരണവിലയിലും ഗണ്യമായ കുറവ് പ്രകടമായിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾ തുടർച്ചയായി പ്രവർത്തിക്കുന്നതിനുള്ള തോട്ടണ്ടി ഇപ്പോൾ ലഭ്യമാണ്.

ഡയറക്ടറേറ്റ് ഓഫ് കാഷ്യൂ & കൊക്കോ കൊച്ചിയുടെ കണക്കനുസരിച്ച് 2015-16-ൽ 72000 മെട്രിക് ടണ്ണായിരുന്ന കശുവണ്ടി ഉൽപ്പാദനം 2017-18-ൽ 88180 മെട്രിക് ടണ്ണായി വർദ്ധിച്ചതും 2015-16-ൽ 87010 ഹെക്ടറായിരുന്ന കശുമാവ് കൃഷി വിസ്തൃതി 2017-18-ൽ 92813 ഹെക്ടറായി വർദ്ധിച്ചതും കെ.എസ്.എ.സി.സി-യുടെ കൂടി ശ്രമഫലമായാണ്.

(സി) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് (അസംസ്കൃത തോട്ടണ്ടി) കേന്ദ്ര സർക്കാർ 2016 മുതൽ ഇറക്കുമതി ചുങ്കം ഏർപ്പെടുത്തിയിരുന്നു. 9.36 ശതമാനമായിരുന്ന ഇറക്കുമതി ചുങ്കം കുറയ്ക്കാൻ സർക്കാർ നടത്തിയ സമ്മർദ്ദത്തിന്റെകൂടി ഫലമായി സാധിച്ചിട്ടുണ്ട്. ഇപ്പോൾ ഇറക്കുമതി ചുങ്കം 2.5 ശതമാനമാണ്. ഇറക്കുമതി ചുങ്കം പൂർണ്ണമായി ഒഴിവാക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഏറ്റവും കുറഞ്ഞ വികസന വിഭാഗത്തിലുള്ള രാജ്യങ്ങളിൽ നിന്നും (Least

Developed Countries) ഇറക്കുമതി ചെയ്യുന്ന തോട്ടണ്ടിക്ക് ഇറക്കുമതി ചുങ്കമില്ല. ഇറക്കുമതി ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ വില കൂടാൻ ഇത് കാരണമായിട്ടുണ്ട്. കൂടാതെ പരിപ്പ് കയറ്റുമതിയിലൂടെ ചുങ്കം ഒഴിവാക്കാൻ ചില നിബന്ധനകളുണ്ട്. എന്നാൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങളിൽനിന്നും ധാരാളം പരിപ്പ് എത്തുന്ന വഴി അന്താരാഷ്ട്ര കമ്പോളത്തിൽ കശുവണ്ടിപ്പരിപ്പിന്റെ വില കുറഞ്ഞതുമൂലം കയറ്റുമതി ലാഭകരമല്ലാതായിരിക്കുന്ന സാഹചര്യവും നിലവിലുണ്ട്. കൂടാതെ ജി.എസ്.ടി.-യുടെ വരവോടെ 5 ശതമാനം ജി.എസ്.ടി. കൂടി ഇറക്കുമതി തോട്ടണ്ടിക്ക് തുക ഒടുക്കേണ്ടതുണ്ട്.

(ഡി) നിലവാരം കുറഞ്ഞ കശുവണ്ടിപ്പരിപ്പ് കുറഞ്ഞ വിലയ്ക്ക് ഇറക്കുമതി ചെയ്യുന്നതുമൂലം വിദേശ കശുവണ്ടിപ്പരിപ്പിന്റെ ഇന്ത്യൻ വിപണിയിലേയ്ക്കുള്ള കടന്നുകയറ്റം കശുവണ്ടിപ്പരിപ്പിന്റെ ആഭ്യന്തര വിപണിയെ സാരമായി ബാധിക്കുന്നുണ്ട്. ഇറക്കുമതി പരിപ്പ് സംസ്ഥാനത്തെ പരിപ്പുമായി കൂട്ടിക്കലർത്തി ആഭ്യന്തരമായും കയറ്റുമതിയിലൂടെയും വിൽപ്പന നടത്തുന്നതായും മാധ്യമ റിപ്പോർട്ടുകൾ വഴി അറിയാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി ഇറക്കുമതി ചെയ്ത പരിപ്പിന്റെ മിനിമം ഇറക്കുമതി തുക പൊടി പരിപ്പിന് ഒരു കിലോ 288 രൂപയിൽ നിന്ന് 680 രൂപയായും മുഴുവൻ പരിപ്പിന് 400 രൂപയിൽ നിന്നും 720 രൂപയുമായി കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ ഇറക്കുമതി നയത്തിൽ വ്യവസായത്തിനനുകൂലമായ മാറ്റങ്ങൾ വരുത്തിയാൽ മാത്രമേ ഈ രംഗത്ത് നിലനിൽക്കുന്ന പ്രതിസന്ധിക്ക് കുറച്ചെങ്കിലും പരിഹാരമാകുകയുള്ളൂ.

**അദ്ധ്യാപക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ**

20 (*410) <u>ശ്രീ. പി. കെ. ശശി:</u>
<u>ശ്രീ. എം. സ്വരാജ്:</u>
<u>ശ്രീമതി. വീണാ ജോർജ്ജ്:</u>
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാധിഷ്ഠിത മൂല്യനിർണ്ണയത്തിൽ പരിമിതപ്പെടുത്താതെ കുട്ടികളുടെ പഠന പിന്നോക്കാവസ്ഥ യഥാസമയം പരിഹരിച്ച് മുന്നോട്ട് പോകുന്നതിന് നിരന്തര വിലയിരുത്തൽ പ്രക്രിയ ഫലപ്രദമായ തരത്തിൽ പ്രാവർത്തികമാക്കാൻ സാധ്യമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ പ്രക്രിയ കാര്യക്ഷമമായി മുമ്പോട്ടുകൊണ്ടുപോകാൻ അദ്ധ്യാപക ശാക്തീകരണത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) അദ്ധ്യാപന വികസന പരിപാടികൾ, അദ്ധ്യാപക വിദ്യാഭ്യാസം, നൂതന മാതൃകകളുടെ പ്രചരണം തുടങ്ങിയ മേഖലകളിൽ എസ്.സി. ഇ.ആർ.ടി. നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുക എന്ന സമീപനമാണ് പൊതുവിദ്യാഭ്യാസ വകുപ്പിനുള്ളത്. നിലവിലുള്ള പരിമിതികളെ മറികടന്ന് നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു.

(ബി) അവധിക്കാല അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി നിരന്തര മൂല്യനിർണ്ണയത്തിനുവേണ്ട പ്രായോഗിക പരിശീലനം അദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. നിരന്തര മൂല്യനിർണ്ണയം എന്നാൽ നിരന്തര പിന്തുണയാണ് എന്ന സന്ദേശം അദ്ധ്യാപകരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. അദ്ധ്യാപക ശാക്തീകരണത്തിനും അതിലൂടെ നിരന്തര മൂല്യനിർണ്ണയം ഉൾപ്പെടെയുള്ള ക്ലാസ്റൂം പ്രവർത്തനങ്ങളിൽ വിവര വിനിമയ സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗവും ഉറപ്പു വരുത്തുന്നതിനും സംസ്ഥാനത്തെ ഒന്ന് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളിലെ അദ്ധ്യാപകർക്ക് നാല് ദിവസത്തെ പ്രത്യേക ഐ.സി.ടി. പരിശീലനം 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നൽകി. ലോവർ പ്രൈമറി (45166), അപ്പർ പ്രൈമറി (36760), ഹൈസ്കൂൾ (26860), ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി (22761) അദ്ധ്യാപകർ പരിശീലനത്തിൽ പങ്കെടുത്തു.

(സി) അവധിക്കാല പരിശീലനത്തിനുവേണ്ട മൊഡ്യൂൾ വികസിപ്പിച്ച് സമഗ്രശിക്ഷ കേരള, കൈറ്റ്, ഹയർ സെക്കണ്ടറി ഡയറക്ടറേറ്റ് എന്നിവയ്ക്ക് അദ്ധ്യാപക പരിശീലനത്തിന് പശ്ചാത്തലമൊരുക്കി ഡയറ്റ് ഫാക്കൽറ്റികൾക്ക് ഏഴ് ദിവസത്തെ ഇൻഡക്ഷൻ ട്രെയിനിംഗ് സംഘടിപ്പിച്ചു. ഹയർ സെക്കണ്ടറിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ചേർന്നുള്ള ദശദിന അദ്ധ്യാപക പരിശീലനത്തിനുള്ള മൊഡ്യൂൾ വികസിപ്പിച്ച് നൽകി. പുതുതായി നിയമിക്കപ്പെടുന്ന അദ്ധ്യാപകർക്ക് ജില്ലാതലത്തിൽ പരിശീലനം നൽകുന്നതിനുള്ള മൊഡ്യൂൾ വികസിപ്പിച്ച് ഡിപ്ലോമ ഇൻ എലമെന്ററി എഡ്യൂക്കേഷൻ (ഡി.എൽ.എഡ്.) പാഠ്യ പദ്ധതി പരിഷ്കരിക്കുകയും പഠന വിഭവങ്ങൾ തയ്യാറാക്കുകയും ചെയ്തു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന നൂതനാശയ പ്രവർത്തനങ്ങൾ ഡോക്യുമെന്റ്

ചെയ്തു. ഗവേഷണാത്മക പഠനമാതൃകകൾ വികസിപ്പിച്ച് പരീക്ഷിക്കാൻ അദ്ധ്യാപകർക്ക് പിന്തുണ നൽകി. നിരന്തര മൂല്യനിർണ്ണയത്തിന്റെ മാതൃകകൾ വികസിപ്പിച്ച് വിവിധ സ്കൂളുകളിൽ 'ട്രൈ ഔട്ട് ' നടത്തി. ഭാഷാ പഠനത്തിൽ പ്രത്യേക പിന്തുണ ആവശ്യമായ സെക്കണ്ടറിയിലെ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് 'എന്റെ മലയാളം' എന്ന ഗവേഷണ പദ്ധതി നടപ്പിലാക്കുകയും വ്യാപനത്തിന് സമഗ്രശിക്ഷ കേരളയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഡോക്യുമെന്റ് ചെയ്ത നൂതനാശയ പ്രവർത്തനങ്ങൾക്ക് അവധിക്കാല പരിശീലനത്തിലൂടെ പ്രചാരം നൽകി. ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ 'റിലീഷ്' ഇംഗ്ലീഷ് പദ്ധതി നടപ്പിലാക്കി വരുന്നു.

**റോഡുകളിൽ യാത്ര സുഗമമാക്കുന്നതിന് നടപടികൾ**

21 (*411) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയപാതയിലെ അപകടസാധ്യത കൂടിയ സ്ഥലങ്ങൾ കണ്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നഗരങ്ങളിലൂടെയുള്ള ദേശീയപാതയിൽ സിഗ്നലിംഗ്, സൈൻബോർഡുകൾ, റിഫ്ളക്ടേഴ്സ് തുടങ്ങിയവ സ്ഥാപിച്ച് അപകടസാധ്യത കുറയ്ക്കുന്നതിനും സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) നഗരങ്ങളിൽ പ്രത്യേകിച്ച്, പാതയോരം വിവിധ താല്പര്യങ്ങളോടെ കയ്യേറുന്നത് വർദ്ധിച്ച് വരുന്ന സാഹചര്യത്തിൽ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് കർശനമായി നടപ്പാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) അനധികൃത പാർക്കിംഗും പരസ്യ ബോർഡുകളും റോഡപകടം വർദ്ധിക്കുന്നതിനും ഗതാഗതക്കുരുക്കിനും നല്ലൊരു പങ്ക് വഹിക്കുന്നതിനാൽ ഇവ ഒഴിവാക്കുവാനായി നടപടിയെടുക്കുമോ;

(ഡി) പൊതുടോയ്‌ലെറ്റുകളുടെ അഭാവം കൊണ്ട് സഞ്ചാരികൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ പ്രാകൃത തരത്തിലുള്ള പൊതുടോയ്‌ലെറ്റ് എന്നതിന് പകരം റെസ്റ്റ് റൂമുകൾ എന്ന നിലവാരത്തിൽ വഴിയോര സൗകര്യങ്ങൾ ഏർപ്പെടുത്താൻ രൂപീകരിച്ച ആശ്വാസ് പബ്ലിക് അമനിറ്റീസ് കേരള ലിമിറ്റഡ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി എന്ന ശീർഷകത്തിൽ സുരക്ഷിതത്വത്തിനുവേണ്ടിയുള്ള ഐറ്റംസ് ഉൾപ്പെടുത്തിയിട്ടാണ് എല്ലാ എസ്റ്റിമേറ്റുകളും തയ്യാറാക്കുന്നത്. ദേശീയപാതകളിൽ തുടർച്ചയായി അപകടം നടക്കുന്ന സ്ഥലങ്ങൾ ബ്ലാക്ക് സ്പോട്ടായി കണ്ടുകൊണ്ട് പഠനം നടത്തി റോഡ് സുരക്ഷാ പ്രവൃത്തികൾ നടത്തിവരുന്നു. ദേശീയപാത വിഭാഗത്തിൽ വിവിധ റോഡുകളിൽ റോഡ് സേഫ്റ്റി ഓഡിറ്റ് നടത്തുകയും പ്രശ്ന ബാധിത ഭാഗങ്ങളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ റോഡ് സേഫ്റ്റി ഫണ്ടിൽ ഉൾപ്പെടുത്തി ആയവ പരിഹരിക്കാറുണ്ട്. പുതിയ റീസർഫസിംഗ് പ്രവൃത്തികൾ നടത്തുന്ന കൂട്ടത്തിൽ ആവശ്യമായ സൈൻ ബോർഡുകൾ, റമ്പിൾ സ്ട്രിപ്പ്, ബ്ലിങ്കേഴ്സ് ലൈറ്റ്, ആവശ്യമായ മുന്നറിയിപ്പ് ബോർഡുകൾ, സ്റ്റഡുകൾ, മാർക്കിംഗുകൾ എന്നിവ സ്ഥാപിച്ച് അപകട സാധ്യത കുറയ്ക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ട്. റോഡ് സേഫ്റ്റിക്കും ഗവേഷണത്തിനും ഡിസൈനിം ഗിനുമായി നാറ്റ്പാക്ക്, റോഡ് സേഫ്റ്റി അതോറിറ്റി, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുതലായ സ്ഥാപനങ്ങൾ മുഖേന പഠനങ്ങൾ നടത്തുന്നുണ്ട്.

(ബി) 3-9-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 63/16/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിതയാത്ര സാദ്ധ്യമാക്കുന്നതിനും വേണ്ടി ഹൈവേ പ്രൊട്ടക്ഷൻ ആക്ട് സാധ്യമാക്കി ഉത്തവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുപ്രകാരം സംസ്ഥാനത്തെ നാഷണൽ ഹൈവേയും സ്റ്റേറ്റ് ഹൈവേയും പ്രധാന ജില്ലാ റോഡുകളും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 3) പ്രകാരമുള്ള ഹൈവേയായി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി എൻ.എച്ച്. പരിധിയിൽ വരുന്ന റോഡുകളുടെ അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (എൻ.എച്ച്.)നെയും സ്റ്റേറ്റ് ഹൈവേകളുടെയും പ്രധാനപ്പെട്ട ജില്ലാ റോഡുകളുടെയും അതോറിറ്റിയായി എക്സിക്യൂട്ടീവ് എഞ്ചിനീയർ (ആർ&ബി)യെയും 1999-ലെ സ്റ്റേറ്റ് ഹൈവേ പ്രൊട്ടക്ഷൻ ആക്ട് (സെക്ഷൻ 4) പ്രകാരം നിയമിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം ഇത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള അധികാരം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമാണ്. ടി ഉത്തരവുകൾ കർശനമായി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും നൽകിയിട്ടുണ്ട്. കൂടാതെ ജില്ലാ കളക്ടർമാരും ജില്ലാതല ഉദ്യോഗസ്ഥൻമാരുമായും നടത്തിയ വീഡിയോ കോൺ ഫറൻസിൽ ഇത്തരം കയ്യേറ്റങ്ങൾ കണ്ടെത്തി അവ ഒഴിപ്പിക്കുന്നതിന് പൊതുമരാമത്ത്, പോലീസ്, റവന്യൂ എന്നീ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വിധിയുടെയും കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെയും അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിലുള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യ ബോർഡുകൾ മുതലായവയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കാനും ആയവ ഒഴിവാക്കാനുള്ള നിർദ്ദേശങ്ങൾ എല്ലാ റോഡ്സ് ഡിവിഷനുകളിലേയും എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകിയിട്ടുണ്ട്. അനധികൃത പാർക്കിംഗ് ഒഴിവാക്കുന്നതിനായി പാർക്കിംഗ് നിരോധിച്ചിട്ടുള്ള സ്ഥലങ്ങളിൽ സൈൻ ബോർഡുകൾ, മാർക്കിംഗുകൾ എന്നിവ പൊതുമരാമത്ത് വകുപ്പ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലങ്ങളിൽ പാർക്കിംഗ് കർശനമായി നിരോധിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതിന്റെ ഉത്തരവാദിത്വം പോലീസ് വകുപ്പിൽ നിക്ഷിപ്തമാണ്. തിരുവനന്തപുരം പാളയം രക്തസാക്ഷി മണ്ഡപം മുതൽ സെക്രട്ടേറിയറ്റിന് മുന്നിലുമുള്ള ഇരുവശത്തുമുള്ള carriage way-ൽ PWD അറിയാതെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നു. ദേശീയപാത വാടകയ്ക്ക് നൽകി പണം പിരിച്ച് കോർപ്പറേഷൻ ഫണ്ടിൽ അടയ്ക്കുന്ന ചട്ടവിരുദ്ധമായ നടപടി കഴിഞ്ഞ 4 വർഷമായി നടന്നുവരുന്നു. ഇത് Highway Protection Act, PWD Manual, Road Safety Act എന്നിവയ്ക്കെല്ലാം എതിരാണ്. അനധികൃത പാർക്കിംഗും പണപ്പിരിവും ഒഴിവാക്കണമെന്ന് നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. പോലീസ് കമ്മീഷണറെയും വിവരം അറിയിച്ചിട്ടുണ്ട്.

(ഡി) ദീർഘദൂര യാത്രക്കാർക്ക്, പ്രത്യേകിച്ച് സ്ത്രീകൾക്കും വിനോദസഞ്ചാരി കൾക്കും ഉപയോഗപ്രദമായ രീതിയിൽ വൃത്തിയും വെടിപ്പുമുള്ള ടോയ്ലെറ്റ് സൗകര്യങ്ങളോടുകൂടിയ വഴിയോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനാണ് വകുപ്പുമന്ത്രി ചെയർമാനായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ ഈ കമ്പനി രൂപീകരിച്ചിരിക്കുന്നത്. പൊതു ടോയ്ലെറ്റുകളെക്കുറിച്ച് നിലവിലുള്ള ധാരണ മാറ്റാനുതകുന്ന വിധത്തിൽ ഭംഗിയായ രൂപകൽപ്പനയും കൃത്യമായ പരിപാലനവും ഉറപ്പുവരുത്തി, സ്വയംപര്യാപ്തമായി പ്രവർത്തിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രായാധിക്യമുള്ളവർക്കും അംഗവൈകല്യമുള്ളവർക്കും പ്രത്യേകം പ്രത്യേകമായി ടോയ്ലറ്റ് സൗകര്യത്തിനുപുറമേ ഭക്ഷണശാല, മെമന്റോ ഷോപ്പ്, വിശ്രമസൗകര്യം, യാത്രക്കാർക്കാവശ്യമായ വിവരങ്ങൾ, വാഹനങ്ങൾ കഴുകുന്നതിനും മറ്റുമുള്ള സൗകര്യം, പൂന്തോട്ടം തുടങ്ങിയവ ഉൾപ്പെടെ അനുയോജ്യമായ സ്ഥലത്തിന്റെ ലഭ്യതയനുസരിച്ച് രൂപകൽപ്പന ചെയ്ത് 24 മണിക്കൂറും പ്രവർത്തിപ്പി ക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

## ഭൂമിയുടെ ന്യായവില പുനർനിർണ്ണയം

22 (*412) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. എം. ഉമ്മർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച സബ്കമ്മിറ്റി സമർപ്പിച്ച നിർദ്ദേശങ്ങൾ ഫലപ്രദമല്ലായെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി.സമർപ്പിച്ച നിർദ്ദേശങ്ങൾ എന്തൊക്കെയായിരുന്നു;

(ഡി) പ്രസ്തുത നിർദ്ദേശങ്ങൾ നൽകിയത് സാങ്കേതിക പരിജ്ഞാനത്തെ അടിസ്ഥാനമാക്കിയാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ ഈ നിർദ്ദേശങ്ങൾ അംഗീകരിക്കാത്തതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) ന്യായവില പുനർനിർണ്ണയവുമായി ബന്ധപ്പെട്ട് കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നൽകിയ ശിപാർശകൾ എന്തെല്ലാമായിരുന്നു; വിശദമാക്കാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 14-8-2018-ലെ സ.ഉ.(കൈ) നമ്പർ 302/2018/റവന്യൂ പ്രകാരം ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കാൻ അനുമതി നൽകികൊണ്ടും ന്യായവില പുനർനിർണ്ണയം സംബന്ധിച്ച നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്.

(ബി) ഉണ്ട്. പ്രസ്തുത സബ് കമ്മിറ്റി പ്രയോജനപ്രദമായ റിപ്പോർട്ട് ലഭ്യമാക്കിയിരുന്നില്ല.

(സി) ന്യായവില പുതുക്കി നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് രജിസ്ട്രേഷൻ ഐ.ജി. എഴുതി തയ്യാറാക്കിയ നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) 1. എല്ലാ പ്ലോട്ടുകളുടെയും ന്യായവില സർവ്വേ വകുപ്പിന്റെ സഹകരണത്തോടെ നിർണ്ണയിക്കുക.

2. 15 ക്ലാസ്സിഫിക്കേഷനും വ്യക്തമായ നിർവ്വചനം നൽകുക.

3. ന്യായവില നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് നിശ്ചയിക്കുക.

4. ഒരേ റോഡുകളോ പൊതു അതിർത്തികളോ പങ്കിടുന്ന ഭൂമിക്ക് ഒരേ ന്യായവില നൽകുക.

5. നിശ്ചിത മാനദണ്ഡമനുസരിച്ചുതന്നെയാണ് ന്യായവില നടത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കുക.

**കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണം**

23 (*413) ശ്രീ. എസ്. ശർമ്മ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. ജോൺ ഫെർണാണ്ടസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട ഇടത്തരം കശുവണ്ടി ഫാക്ടറികളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) കശുവണ്ടി ഫാക്ടറികൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് സാങ്കേതിക വിദ്യയുടെ ഉപയോഗത്തിനും ആധുനികവത്ക്കരണത്തിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വിശദമാക്കാമോ;

(സി) കശുവണ്ടി മേഖലയിലെ വിറ്റുവരവും ഉല്പാദനവും ഉല്പാദനക്ഷമതയും കൂടുതൽ മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ഡി) കശുവണ്ടി ഫാക്ടറികൾ അവയുടെ പ്രവർത്തന മൂലധനമായി എടുക്കുന്ന വായ്പകൾക്ക് പലിശ സബ്സിഡി രൂപത്തിൽ സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കടക്കെണിമൂലം പ്രവർത്തനം നിലച്ച സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുദ്ധരിക്കുന്നതിനായി ഒരു പുനരുദ്ധാരണ പാക്കേജ് സർക്കാർ തയ്യാറാക്കി വരികയാണ്. പുനരുദ്ധാരണ പാക്കേജ് സംബന്ധിച്ച ശിപാർശ സമർപ്പിക്കുന്നതിനായി സർക്കാർ നിശ്ചയിച്ച മൂന്നംഗ കമ്മിറ്റി രണ്ട് ഘട്ടങ്ങളിലായി 285 വ്യവസായങ്ങളെ കേട്ടതിൽ 176 വ്യവസായങ്ങൾ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്നവയാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

ചെറുകിട-ഇടത്തരം കശുവണ്ടി ഫാക്ടറികൾക്ക് നൽകുന്ന അധിക വായ്പയുടെ ഒരു വർഷത്തെ പലിശ സർക്കാർ വഹിക്കുന്നതാണെന്ന് പാക്കേജിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ ബാങ്കുകൾ പിഴപ്പലിശ ഒഴിവാക്കണമെന്നും വ്യവസായങ്ങൾക്ക് നൽകുന്ന വായ്പ ഏകീകരിച്ച് 9 ശതമാനമാക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. വ്യവസായങ്ങൾ സർക്കാരിന് നൽകാനുള്ള നികുതി കുടിശ്ശികയ്ക്ക് ഒരു വർഷം മൊറട്ടോറിയം ഏർപ്പെടുത്തുമെന്നും സ്വകാര്യ വ്യവസായികളുടെ നിലവിലുള്ള വായ്പ പുനഃക്രമീകരിക്കുന്നതിന് പിഴപ്പലിശ പൂർണ്ണമായും ഒഴിവാക്കുമെന്നും പിഴപ്പലിശ ഒഴിവാക്കി നിശ്ചയിക്കുന്ന വായ്പ പുനഃക്രമീകരിച്ച് ദീർഘകാല വായ്പയാക്കി ഗഡുക്കളാക്കി നിശ്ചയിക്കുമെന്നും കേരള കാഷ്യൂ ബോർഡ് വ്യവസായത്തിനാവശ്യമായ തോട്ടണ്ടി എസ്ക്രോ അക്കൗണ്ട് അടിസ്ഥാനത്തിൽ ലഭ്യമാക്കുമെന്നും ഒറ്റത്തവണ തീർപ്പാക്കാൻ നിശ്ചയിച്ച ഫാക്ടറികൾ പരമാവധി പ്രവർത്തനക്ഷമമാക്കുമെന്നും ടി യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. പാക്കേജ് സംബന്ധിച്ച തുടർനടപടി സ്വീകരിച്ചുവരുന്നു.

(ബി) കശുവണ്ടി ഫാക്ടറികൾ കൂടുതൽ മത്സരക്ഷമമാക്കുന്നതിന് വർഷാവർഷം പദ്ധതി വിഹിതത്തിൽ ആധുനികവൽക്കരണത്തിനും ഭാഗികമായ യന്ത്രവൽക്കരണത്തിനും സർക്കാർ തുക വകയിരുത്തി നൽകി വരുന്നതുമൂലം കാപ്പെക്സ് ഫാക്ടറികൾക്കുള്ളിൽ ഷെല്ലിംഗ് സെക്ഷനുകളിൽ കട്ടിംഗ് മെഷീൻ സ്ഥാപിച്ചു കഴിഞ്ഞു. ആയതുപോലെ പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം ചെയ്തുവരുന്നു.

2017-18-ൽ കശുവണ്ടി വികസന കോർപ്പറേഷന് അനുവദിച്ച് നൽകിയിട്ടുള്ള 40 കോടി രൂപയിൽ നിന്നും 12 കോടി രൂപ ഉപയോഗിച്ചുള്ള നവീകരണ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. പുതിയ ഷെഡ്ഡുകളുടെ സ്ഥാപനം, ആധുനിക രീതിയിലുള്ള ഫില്ലിംഗ്-പാക്കിംഗ് സെന്ററുകൾ, പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായുള്ള കട്ടിംഗ് മെഷീനുകളുടെ സ്ഥാപനം, ഇതിനാവശ്യമായ പരിശീലനം, തൊഴിലാളികളുടെ തൊഴിൽ നിലവാരം മെച്ചപ്പെടുത്തുന്നതിനുതകുന്ന തരത്തിലുള്ള

ആധുനിക സൗകര്യങ്ങളോടുകൂടിയ ഇൻസിനറേറ്ററുകൾ ഘടിപ്പിച്ച ശൗചാലയങ്ങൾ, അന്തരീക്ഷ ഊഷ്മാവ് ക്രമീകരിക്കുന്നതിനാവശ്യമായ ടർബോ ഫാനുകൾ, കാഷ്യൂ പാർക്ക്, സി.സി. ടി.വി. സർവൈലൻസ് ക്യാമറ, ബയോമെട്രിക് പഞ്ചിംഗ് സിസ്റ്റം, ചുമട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ട്രക്ക്, ഡൈനിംഗ് ഹാൾ, ക്യാന്റീൻ, തൊട്ടിപ്പുര, വായനാമുറി, ഷെഡ്ഡുകളിൽ ആവശ്യാനുസരണം ഫാനുകൾ, തൊഴിലാളികൾക്ക് ഇരുന്ന് ജോലി ചെയ്യുന്നതിനുള്ള ക്രമീകരണം എന്നിവയാണ് നവീകരിച്ച കാഷ്യൂ ഫാക്ടറികളിൽ ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ. കൂടാതെ കശുവണ്ടി വികസന കോർപ്പറേഷനിൽ ഫുൾ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ കെൽട്രോണുമായി ബന്ധപ്പെട്ട് നടന്നുവരികയാണ്.

(സി) വിറ്റുവരവ് കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി കാപെക്സിൽ മത്സരാധിഷ്ഠിത ടെണ്ടർ മുഖേനയാണ് പരിപ്പ് ഇപ്പോൾ വിറ്റുവരുന്നത്. ആയതുപോലെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും കൂട്ടുന്നതിന്റെ ഭാഗമായി ഫാക്ടറികളിൽ ആധുനികവൽക്കരണവും ഭാഗികമായ യന്ത്രവൽക്കരണവും നടത്തിവരികയാണ്. ഷെല്ലിംഗ് സെക്ഷനിൽ കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ആയതുപോലെ പീലിംഗ് ടേബിൾ, ഗ്രേഡിംഗ് ടേബിൾ എന്നിവ വാങ്ങി വിതരണം ചെയ്തുവരുന്നു. തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം ഉണ്ടാകുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനായും നടപടികൾ സ്വീകരിച്ചുവരുന്നു. ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 2019-20 കാലയളവിൽ വൈവിദ്ധ്യമായ ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. പാർഷ്യൽ മെക്കനൈസേഷന്റെ ഭാഗമായി കട്ടിംഗ് മെഷീനുകൾ സ്ഥാപിച്ചു വരികയാണ്. ഇപ്പോൾ പ്രതിദിനം 90 MT കശുവണ്ടി പ്രോസസ്സ് ചെയ്യുന്ന സ്ഥാനത്ത് നിലവിലുള്ള സ്റ്റാഫ് പാറ്റേൺ ഉപയോഗപ്പെടുത്തി പരമാവധി ഉൽപ്പാദനക്ഷമത കൈവരിച്ച് ആയത് 150 MT-യിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ കശുവണ്ടി വികസന കോർപ്പറേഷനിൽ സ്വീകരിച്ചുവരികയാണ്. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനനുസരിച്ച് വിറ്റുവരവിലും വർദ്ധനവുണ്ടാകുന്നതാണ്.

കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിന് വ്യവസായത്തിന്റെ എല്ലാ മേഖലയിലും കാര്യക്ഷമത ഉറപ്പാക്കിയാൽ മാത്രമേ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനും വിറ്റുവരവ് ഉയർത്താനും സാധിക്കുകയുള്ളൂ. അതിനുള്ള ശ്രമങ്ങളാണ് പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിവരുന്നത്.

(ഡി) കടക്കെണിയിൽപ്പെട്ട സ്വകാര്യ കശുവണ്ടി ഫാക്ടറികൾക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി ധനകാര്യ സ്ഥാപനങ്ങൾ നൽകുന്ന പ്രവർത്തനമൂലധന വായ്പയുടെ പലിശ സർക്കാർ സബ്സിഡിയായി നൽകുന്നതാണ്. ഇതുസംബന്ധിച്ച വിശദാംശങ്ങൾ (എ) പിരിവിനുള്ള മറുപടിയിൽ നൽകിയിട്ടുണ്ട്.

## പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഗതാഗതയോഗ്യമാക്കാൻ നടപടി

24 (*414) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ തകർന്ന റോഡുകളും പാലങ്ങളും ഗതാഗത യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) ദേശീയ പാതകളിൽ കാര്യമായ നാശം സംഭവിച്ച സ്ഥലങ്ങളിൽ താല്ക്കാലിക പരിഹാരമായി ഫ്ളഡ് റിപ്പയർ പാക്കേജിൽ കേന്ദ്രം പണം അനുവദിച്ചിട്ടുണ്ടോ; സ്ഥായിയായ പരിഹാരത്തിനായി സമർപ്പിച്ച പദ്ധതികൾക്ക് കേന്ദ്രം അംഗീകാരം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രളയത്തിന്റെ പശ്ചാത്തലത്തിൽ റോഡുകളുടെ നവീകരണത്തിനായി നാനൂറ്റിയമ്പത് കോടി രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര റോഡ് ഗതാഗത-ഹൈവേ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേലുള്ള കേന്ദ്ര തീരുമാനം എന്താണ് എന്ന് വെളിപ്പെടുത്താമോ;

(ഡി) നിർമ്മാണ വസ്തുക്കളുടെ ലഭ്യതക്കുറവ് പ്രളയാനന്തര പ്രവൃത്തികളുടെ നിർവ്വഹണത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് എന്നറിയിക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർനിർമ്മാണത്തിനായി പൊതുമരാമത്ത് നിരത്ത് വിഭാഗത്തിനുകീഴിൽ ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലുമുള്ള നടപടികളാണ് നടപ്പിലാക്കിവരുന്നത്. ഹ്രസ്വകാലാടിസ്ഥാനത്തിലുള്ള പുനർനിർമ്മാണത്തിനായി ദുരന്ത നിവാരണ ഫണ്ടും നോൺ

പ്ലാൻ ഫണ്ടും ഉപയോഗിച്ച് റോഡുകളുടെ അടിയന്തര അറ്റകുറ്റപ്പണികളും ഓടകളുടെയും സംരക്ഷണഭിത്തികളുടെയും നിർമ്മാണവും മറ്റും പൂർത്തീകരിച്ചിട്ടുണ്ട്. ദീർഘകാലാടിസ്ഥാനത്തിലുള്ള പദ്ധതികളിൽ റോഡുകളുടെ ഉപരിതലം പുതുക്കലും ഡിസൈൻ റോഡുകളുടെ നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന്റെ ഭാഗമായി 2400 കി.മീ. റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് 1897 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ഏകദേശം 163 കി.മീ. റോഡ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് പ്രവൃത്തികളൊക്കെത്തന്നെ ടെണ്ടർ ചെയ്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 15 വർഷം നിലനിൽക്കുന്ന റോഡുകളാണ് വിഭാവനം ചെയ്യുന്നത്. ഏകദേശം 1600 കി.മീ നീളം വരുന്ന 59 റോഡുകൾ റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് 2800 കോടി രൂപ ആവശ്യമാണെന്ന് കണക്കാക്കിയിട്ടുണ്ട്. വിദേശ ബാങ്ക്, എ.ഡി.ബി., ജർമ്മൻ ബാങ്ക് തുടങ്ങിയ വിദേശ ഏജൻസികളുടെ ധനസഹായത്തോടെ ഈ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് കീഴിൽ ഇടുക്കി, വയനാട്, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പയറിൽ നടപ്പിലാക്കിയിരുന്നു.

പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി. റോഡുകളുടെ 90 ശതമാനം പണികളും പൂർത്തീകരിച്ചു. പ്രളയത്തിൽ തകർന്ന കെ.എസ്.ടി.പി. റോഡുകളായ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല-മാവേലിക്കര റോഡ് എന്നിവയുടെ പണികൾ പൂർത്തീകരിച്ചു. മുത്തോലി-കൊഴുവനാൽ റോഡ്, മുത്തോലി പാലത്തിന്റെ അബട്ട്മെന്റിന്റെ പുനരുദ്ധാരണവും സംരക്ഷണ ഭിത്തിയുടെ നിർമ്മാണവും, പാല-ഈരാറ്റുപേട്ട റോഡ് (അബട്ട്മെന്റ് നവീകരണവും സംരക്ഷണഭിത്തി നിർമ്മാണവും), ഇരിട്ടി-നെടുംപോയിൽ റോഡ് എന്നിവയുടെ മെയിന്റനൻസ് പ്രവൃത്തികൾ പദ്ധതിയുടെ മെയിന്റനൻസ് കാലാവധിക്കുള്ളിലായതിനാൽ നിലവിലുള്ള കരാറുകാരനെക്കൊണ്ട് പണികൾ പൂർത്തീകരിച്ചു. തലശ്ശേരി-വളവുപാറ റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം ത്വരിതഗതിയിൽ നടന്നുവരുന്നു.

കേരള റോഡ് ഫണ്ട് ബോർഡിന്റെ കീഴിലുള്ള ശംഖുംമുഖം ബീച്ച് റോഡിൽ പ്രളയത്തിൽ തകർന്ന ഏകദേശം 300 മീറ്റർ റോഡിന്റെ പുനർനിർമ്മാണത്തി നായുള്ള ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ദേശീയപാതകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലേയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയപാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിന് വേണ്ട പദ്ധതികൾക്ക് കേന്ദ്ര മന്ത്രാലയത്തിന്റെ ആനുവൽ പ്ലാനിലും ആനുവൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്ക് എത്രയും വേഗം അനുമതി ലഭിക്കുന്നതിന് വേണ്ട തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇവ പൂർത്തിയാക്കുന്നതിന് 12 മുതൽ 18 മാസം വരെ കാലാവധി എടുക്കുന്നതാണ്. ദേശീയപാത 766-ലെ താമരശ്ശേരി ചുരത്തിലുണ്ടായ മണ്ണിടിച്ചിലിൽ തകർന്ന സംരക്ഷണ ഭിത്തി സംസ്ഥാന സർക്കാർ അനുവദിച്ച 1.86 കോടി രൂപയിൽ പുനർനിർമ്മിക്കുകയുണ്ടായി

(സി) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 28 പദ്ധതികൾക്കായി 351 കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്ന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ റോഡുകളുടെ നവീകരണത്തിനായി 450 കോടി രൂപയുടെ 28 പദ്ധതികളുടെ പ്രൊപ്പോസലുകൾ വീണ്ടും സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ സമർപ്പിക്കുകയും അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) നിർമ്മാണ സാമഗ്രികളായ പാറ, മെറ്റൽ എന്നിവയുടെ ലഭ്യതക്കുറവ് പ്രളയാനന്തര പ്രവൃത്തികളെ ഒരു പരിധി വരെ ബാധിച്ചിരുന്നു. പ്രവൃത്തികൾ ടെണ്ടർ ചെയ്താൽ ഏറ്റെടുക്കാൻ കരാറുകാർ വിമുഖത കാണിച്ചിരുന്നു. എന്നാൽ നിലവിൽ നിർമ്മാണ സാമഗ്രികളുടെ ലഭ്യതയിൽ അത്രയധികം കുറവ് അനുഭവപ്പെടുന്നില്ല.

**സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം**

25 (*415) ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാഠ്യേതര വിഷയങ്ങളിൽ കുട്ടികളെ പ്രാപ്തരാക്കുന്നതിനായി സ്കൂളുകളിലെ ലൈബ്രറികളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി) ഹൈസ്കൂൾ-ഹയർ സെക്കണ്ടറി ഏകീകരണം നടപ്പാക്കുന്നതോടെ സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനങ്ങളിൽ ഉചിതമായ വിപുലീകരണത്തിന് പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ;

(സി) സ്കൂൾ ലൈബ്രറികൾ ആകർഷകമാക്കുന്നതിന് ലൈബ്രറികളെ ഇ-ലൈബ്രറി സംവിധാനത്തിലേക്ക് ക്രമാനുഗതമായി എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) ലൈബ്രറികളുടെ പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന് വിദ്യാർത്ഥികൾ, അദ്ധ്യാപകർ രക്ഷിതാക്കൾ തുടങ്ങിയവർ ഉൾക്കൊള്ളുന്ന ലൈബ്രറി ബെനിഫിഷ്യറി കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നിർദ്ദേശം നൽകുമോയെന്ന് വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി 'സ്കൂൾ ലൈബ്രറി/ക്ലാസ്റൂം ലൈബ്രറി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. സ്കൂൾ ലൈബ്രറികളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ക്ലാസ്റൂം ലൈബ്രറികൾ സജ്ജീകരിക്കാനും പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നു. ക്ലാസ് മുറികളിൽ പുസ്തകങ്ങളും മറ്റ് പഠന വിഭവങ്ങളും സൂക്ഷിച്ചുവയ്ക്കാനുള്ള ഭൗതിക സാഹചര്യം ഒരുക്കാനും പദ്ധതി ലക്ഷ്യമിടുന്നു. ടി പദ്ധതി പ്രകാരം 1918 സർക്കാർ സ്കൂളുകളിൽ ലൈബ്രറി പുസ്തകങ്ങൾ നൽകിയിട്ടുണ്ട്.

(ബി) സ്കൂൾ ലൈബ്രറികളുടെ പ്രവർത്തനം നിലവിൽ കാര്യക്ഷമമായി നടക്കുന്നുണ്ട്.

(സി) കൂടുതൽ പഠനം ആവശ്യമുള്ള മേഖലയാണിത്.

(ഡി) പരിശോധിക്കാവുന്നതാണ്.

**ഭൂമിയുടെ ന്യായവില**

26 (*416) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ ന്യായവില പുതുക്കി നിശ്ചയിക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പുതുക്കുന്ന ജോലികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പുതുക്കിയ ന്യായവില എന്ന് മുതൽ നിലവിൽ വരും; വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) 14-8-2018-ലെ സ.ഉ.(കൈ) നമ്പർ 302/2018/റവന്യൂ പ്രകാരം ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) ന്യായവില പുതുക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകിയിട്ടുണ്ട്. 2019-ലെ ലോക്സഭയിലേയ്ക്കുള്ള പൊതു തെരഞ്ഞെടുപ്പിൽ റവന്യൂ ഉദ്യോഗസ്ഥർ വ്യാപൃതരായിരുന്നതിനാൽ ന്യായവില പുനർനിർണ്ണയ ജോലികൾ നിർത്തി വച്ചിരുന്നു. ആയത് പുനരാരംഭിച്ച് ന്യായവില പുനർനിർണ്ണയം പൂർത്തിയാകുന്നമുറയ്ക്ക് പുതുക്കിയ ന്യായവില നിലവിൽ വരുന്നതാണ്.

**അദ്ധ്യാപക രക്ഷാകർതൃസമിതികളുടെ പ്രവർത്തനം**

27 (*417) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. കെ. ബാബു:
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപക രക്ഷാകർതൃസമിതികളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാലയങ്ങളിലെ അക്കാദമിക മികവും പഠനനിലവാരവും മെച്ചപ്പെടുത്തുന്നതിന് അദ്ധ്യാപക രക്ഷാകർതൃസംഘടന വഹിക്കുന്ന പങ്ക് എത്രത്തോളമാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അദ്ധ്യാപക രക്ഷാകർതൃസമിതിയുടെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മികച്ച പ്രവർത്തനം കാഴ്ചവയ്ക്കുന്ന സമിതികൾക്ക് പ്രോത്സാഹന സമ്മാനം നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) കേരളത്തിലെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. പ്രവർത്തനം സംബന്ധിച്ച് 25-6-2007-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 126/2007/പൊ.വി.വ. സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി

തന്നെയാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തുന്നതിന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ യഥാസമയം പരിശോധന നടത്തുന്നുണ്ട്. കൂടാതെ പി.ടി.എ. കമ്മിറ്റിയുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സാമ്പത്തിക ഇടപാടുകളെല്ലാംതന്നെ വകുപ്പുതല ഓഡിറ്റിംഗിന് വിധേയമാക്കാറുണ്ട്. പി.ടി.എ. പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് പി.ടി.എ. പ്രസിഡന്റായി ഒരാൾ തന്നെ തുടരുന്നതിനുള്ള പരമാവധി കാലാവധി 3 വർഷമായി പരിമിതപ്പെടുത്തിയിട്ടുണ്ട്. കൂടാതെ എയ്ഡഡ് സ്കൂളുകളിലെ പി.ടി.എ. എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ സ്കൂൾ മാനേജരെ എക്സ്-ഒഫീഷ്യോ അംഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർതൃ സൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ സ്കൂളിന്റെ ഭൗതികവും അക്കാദമികവുമായ മുന്നേറ്റമാണ് അദ്ധ്യാപക രക്ഷാകർതൃ സമിതികളുടെ പ്രവർത്തനത്തിലൂടെ ലക്ഷ്യമിടുന്നത്. സംസ്ഥാനത്ത് മികച്ച നിലയിൽ മാതൃകാപരമായി അദ്ധ്യാപക രക്ഷാകർതൃ സമിതികൾ പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലും ഈ ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മികച്ച സർക്കാർ/എയ്ഡഡ് സ്കൂൾ പി.ടി.എ.-കളെ കണ്ടെത്തി ഉപജില്ല/വിദ്യാഭ്യാസ ജില്ല/റവന്യൂ ജില്ല/സംസ്ഥാന തലങ്ങളിൽ ഗ്രേഡ് നൽകി പ്രോത്സാഹന സഹായം നൽകുന്നുണ്ട്.

പ്രൈമറി, സെക്കണ്ടറി എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾക്കായാണ് അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. റ്റി.റ്റി.ഐ.-കളെ പ്രൈമറി വിഭാഗത്തിലും റ്റി.എച്ച്.എസ്., ഫിഷറീസ് സ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നിവയെ സെക്കണ്ടറി വിഭാഗത്തിലുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രൈമറി വിഭാഗത്തിൽ വിദ്യാഭ്യാസ ഉപജില്ലാ തലത്തിൽ 10,000 രൂപ വീതവും സെക്കണ്ടറി വിഭാഗത്തിൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ 25,000 രൂപയുമാണ് പ്രോത്സാഹന സഹായം നൽകുന്നത്.

റവന്യൂ ജില്ലാതലത്തിൽ പ്രൈമറി, സെക്കണ്ടറി വിഭാഗത്തിലെ ഒന്നും രണ്ടും സ്ഥാനങ്ങൾക്ക് യഥാക്രമം 60,000, 40,000 എന്ന ക്രമത്തിലാണ് പ്രോത്സാഹന സഹായം.

റവന്യൂ ജില്ലാതലത്തിൽ 'എ' ഗ്രേഡോടുകൂടി കൂടുതൽ സ്കോർ നേടുന്ന രണ്ട് പി.ടി.എ.-കൾക്ക് സംസ്ഥാന തലത്തിൽ മത്സരിക്കാവുന്നതാണ്. റവന്യൂ ജില്ലയിൽ 'എ' ഗ്രേഡും ഒന്നാം സ്ഥാനവും ലഭിക്കുന്ന പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിലെ പി.ടി.എ.-കൾക്ക് സംസ്ഥാനതല മത്സരത്തിന് യോഗ്യതയുണ്ട്.

സംസ്ഥാനതലത്തിൽ പ്രൈമറി, സെക്കണ്ടറി വിഭാഗങ്ങളിൽ 5 സ്ഥാനങ്ങൾക്ക് താഴെപ്പറയും പ്രകാരമാണ് പ്രോത്സാഹന സഹായം നൽകുന്നത്.

ഒന്നാം സ്ഥാനം - 5,00,000 രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

രണ്ടാം സ്ഥാനം - 4,00,000 രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

മൂന്നാം സ്ഥാനം - 3,00,000 രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

നാലാം സ്ഥാനം - 2,00,000 രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

അഞ്ചാം സ്ഥാനം - 1,00,000 രൂപ വീതം (ഓരോ മികച്ച പ്രൈമറി, സെക്കണ്ടറി സ്കൂളുകൾക്ക്)

**ഭിന്നശേഷിക്കാരായ കുട്ടികളും റിസോഴ്സ് അദ്ധ്യാപകരും**

28 (*418) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. പി. ഉബൈദുള്ള:

ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ ഭിന്നശേഷിക്കാരായ കുട്ടികളെ മറ്റുള്ളവർക്കൊപ്പം പഠിപ്പിച്ച് അവരുടെ സാമൂഹിക ശേഷികൾ വികസിപ്പിച്ചെടുത്ത് പൊതുസമൂഹത്തിന്റെ ഭാഗമാക്കിയെടുക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഇതിലേക്കായി സർക്കാർ നിയമിക്കുന്ന റിസോഴ്സ് അദ്ധ്യാപകരുടെ നിയമന രീതിയും സേവന വ്യവസ്ഥകളും വ്യക്തമാക്കുമോ; ഇവർക്ക് വേതനം കുടിശ്ശികയായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പത്ത് വർഷത്തിലധികം ജോലി ചെയ്ത റിസോഴ്സ് അദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിഗണിക്കേണ്ടതാണെന്ന ഹൈക്കോടതി പരാമർശത്തെ തുടർന്ന് സർക്കാർ ഇതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പൊതു വിദ്യാഭ്യാസ വകുപ്പും സമഗ്രശിക്ഷാ കേരളവും ഉൾപ്പെടുത്തിയിട്ടുള്ള വിദ്യാഭ്യാസത്തിനാണ് ഊന്നൽ നൽകുന്നത്. സാമൂഹിക ഉൾച്ചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പ്, ഗൃഹാധിഷ്ഠിത വിദ്യാഭ്യാസം, രക്ഷാകർതൃ ശാക്തീകരണം, വിദ്യാഭ്യാസ ഉദ്യോഗസ്ഥരുടെ ശാക്തീകരണം, കിടപ്പിലായ കുട്ടികളുടെ വീട്ടിലെത്തി അതിലൂടെ അവരുടെ സാമൂഹികവൽക്കരണ പ്രക്രിയ സാധ്യമാകുന്ന പരിപാടിയായ ചങ്ങാതിക്കൂട്ടം, പഠന വിനോദയാത്രകൾ, ലോക ഭിന്നശേഷി വാരാചരണം, കലാകായിക പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സമഗ്രശിക്ഷാ കേരള നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ആനുവൽ വർക്ക് പ്ലാൻ & ബഡ്ജറ്റിന്റെ അംഗീകാരത്തിന് വിധേയമായി ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് റിസോഴ്സ് അദ്ധ്യാപകരെ നിയമിക്കുന്നത്. അതത് വർഷം ആനുവൽ വർക്ക് പ്ലാൻ & ബഡ്ജറ്റ് നിശ്ചയിച്ച് നൽകുന്ന സേവന വേതന വ്യവസ്ഥകളാണ് ഇവർക്കുള്ളത്. ഇവരുടെ വേതനത്തിൽ നിലവിൽ കുടിശ്ശികയില്ല.

(സി) കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരമുള്ള കരാർ നിയമനമായതിനാലും നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരവും കോടതി വിധി നടപ്പിൽ വരുത്താൻ കഴിയാത്ത സാഹചര്യമായതിനാൽ ബഹുമാനപ്പെട്ട ഹൈക്കോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.

## കെ.എസ്.ടി.പി. റോഡ് നവീകരണ പ്രവൃത്തി

29 (*419) ശ്രീ. സജി ചെറിയാൻ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന റോഡുകളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ടി.പി. റോഡ് നവീകരണ പ്രവൃത്തിയിൽ കൈവരിക്കാനായ നേട്ടം അറിയിക്കാമോ; ചെങ്ങന്നൂർ-ഏറ്റുമാനൂർ, ഏറ്റുമാനൂർ-മൂവാറ്റുപുഴ, പെരുമ്പിലാവ്-പെരിന്തൽമണ്ണ, പൊൻകുന്നം-തൊടുപുഴ തുടങ്ങിയ റോഡുകളുടെ നവീകരണ പദ്ധതികൾ പൂർത്തീകരിക്കാനായിട്ടുണ്ടോ;

(ബി) തിരുവനന്തപുരം, കൊച്ചി, കൊല്ലം ഉൾപ്പെടെയുള്ള പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് നഗരങ്ങളിലെ ദേശീയപാതകളിലും ദേശീയപാതയെ നഗരങ്ങളുമായി ബന്ധിപ്പിക്കുന്ന റോഡുകളിലും അടിപ്പാത, മേൽപ്പാലം, ജംഗ്ഷൻ മെച്ചപ്പെടുത്തൽ തുടങ്ങിയ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) ദേശീയപാത കടന്നുപോകുന്ന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനും തിരക്കുകുറയ്ക്കാനും ബൈപ്പാസ് നിർമ്മാണത്തിനുള്ള പദ്ധതി ഉണ്ടോ; ദീർഘകാലമായി പണിപൂർത്തിയാകാതെ കിടക്കുന്ന ആലപ്പുഴ ബൈപ്പാസ് എത്രയും വേഗം പൂർത്തീകരിക്കാൻ നടപടിയെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) കേരളത്തിലെ റോഡുകളുടെ ഗുണനിലവാരം യാത്രാസുഖം, റോഡ് സുരക്ഷ എന്നിവ വർദ്ധിപ്പിക്കുന്നതിനായി മോർത്ത് സ്പെസിഫിക്കേഷൻ അനുസരിച്ച് അന്താരാഷ്ട്ര ഗുണനിലവാരത്തിലാണ് ലോക ബാങ്ക് ധനസഹായത്തോടുകൂടി കെ.എസ്.ടി.പി. പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. 2002-ൽ നിർമ്മാണം ആരംഭിച്ച കെ.എസ്.ടി.പി. പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ 254.8 കി.മീ. റോഡ് വീതികൂട്ടി നവീകരിച്ചു. കൂടാതെ 73 കി.മീ. ഉൾനാടൻ ഗതാഗതപാതയുടെ നവീകരണം, തെരഞ്ഞെടുത്ത 1200 കി.മീ. റോഡുകളുടെ ഹെവി മെയിന്റനൻസ്, ബൃഹത്തായ റോഡ് സുരക്ഷാ പദ്ധതി, പൊതുമരാമത്ത് വകുപ്പ് ശക്തിപ്പെടുത്തലും നവീകരണവും എന്നിവ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി നടപ്പിലാക്കി. 2403 കോടി രൂപയുടെ കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ 363 കി.മീ. സംസ്ഥാന പാതകളുടെ അപ്ഗ്രഡേഷൻ പണികൾ റോഡ് സുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കിവരുന്നു. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കൊറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ)യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെണ്ടർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൊതുസ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ് ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ

(EPC) മാതൃകയിൽ 3 പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ 3 പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കി.മീ), ഏറ്റുമാനൂർ-മൂവാറ്റുപുഴ റോഡ് (40.96 കി.മീ), പൊൻകുന്നം-തൊടുപുഴ റോഡ് (50 കി.മീ.), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കി.മീ) എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി&സി) പ്രധാന നഗരങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ:

ദേശീയപാത 66 4/6 വരിപ്പാതയാക്കി വികസിപ്പിക്കുന്നതിനുള്ള നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ നടന്നുവരുന്നു. അടിപ്പാത, മേൽപ്പാലം, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നീ പ്രവൃത്തികളെല്ലാംതന്നെ പ്രസ്തുത പദ്ധതിയിലുണ്ട്.

- തിരുവനന്തപുരം നഗരപ്രദേശത്തുകൂടി കടന്നുപോകുന്ന ദേശീയപാതയിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി ശ്രീകാര്യം, പട്ടം, ഉള്ളൂർ എന്നിവിടങ്ങളിൽ മേൽപ്പാല നിർമ്മാണം ലൈറ്റ്മെട്രോ പദ്ധതിയുടെ ഭാഗമായി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡാണ് നടപ്പിലാക്കുന്നത്. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖേന തിരുവനന്തപുരം ബൈപ്പാസിന്റെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. ആറ്റിങ്ങൽ ടൗണിലെ ഗതാഗതത്തിരക്ക് കുറയ്ക്കുന്നതിനായി ചേർത്തല-കഴക്കൂട്ടം നാലുവരിപ്പാത വികസനത്തിന്റെ ഭാഗമായി ആറ്റിങ്ങൽ ബൈപ്പാസ് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നു. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ മുഖാന്തിരമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.
- കൊല്ലം ജില്ലയിലെ എൻ.എച്ച്. 744, എൻ.എച്ച്. 183, എൻ.എച്ച്. 183 എ എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടു വരിപ്പാതയായി വികസിപ്പിക്കുന്നതിനുള്ള വിശദമായ പദ്ധതി രൂപ രേഖകൾ തയ്യാറാക്കിവരുന്നു. പ്രസ്തുത പ്രൊപ്പോസലുകളിൽ ഫ്ലൈ ഓവറുകൾ, ജംഗ്ഷൻ ഇംപ്രൂവ്മെന്റ് എന്നീ പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. കൊല്ലം ടൗണിലെ ഗതാഗതക്കുരുക്ക് കുറയ്ക്കുന്നതിനായി കൊല്ലം ബൈപ്പാസ് നിർമ്മാണം പൂർത്തിയാക്കി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

- ആലപ്പുഴ പട്ടണത്തിലെ അതിതീവ്രമായ ഗതാഗതക്കുരുക്കിന് പരിഹാരം എന്ന നിലയ്ക്ക് ആലപ്പുഴ ബൈപ്പാസ് പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു. നിലവിൽ പദ്ധതിയുടെ 98.60% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ട് മേൽപ്പാലങ്ങളുടെ പ്രവൃത്തികളാണ് ശേഷിക്കുന്നത്. റെയിൽവേ മേൽപ്പാലത്തിന് ആവശ്യമായ ഗർഡറുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഗർഡറുകളുടെ ലോഞ്ചിംഗ് 30-6-2019-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥയനുസരിച്ച് മാസ്റ്റിക് കൊണ്ടുള്ള വെയറിംഗ് കോട്ട് നടപ്പിലാക്കി ആഗസ്റ്റ് അവസാനത്തോടെ പദ്ധതി പൂർത്തീകരിച്ച് ഗതാഗത യോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- എൻ.എച്ച്. 85 മധുര-കൊച്ചി ദേശീയപാതയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനുവേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിനായി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു. ദേശീയപാതകളായ 183, 185, 85 എന്നിവ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിനുവേണ്ടിയുള്ള വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കി വരുന്നു.

- എറണാകുളം ജില്ലയിൽ വൈറ്റില, കുണ്ടന്നൂർ ഫ്ലൈ ഓവറുകളുടെ നിർമ്മാണം നടന്നുവരുന്നു.

- കോഴിക്കോട് ജില്ലയിൽ കോഴിക്കോട് ബൈപ്പാസിൽ തൊണ്ടയാട്, രാമനാട്ടുകര ജംഗ്ഷനുകളിലെ ഗതാഗതക്കുരുക്ക് നീക്കുന്നതിനുവേണ്ടി മേൽപ്പാലത്തിനാവശ്യമായ ഗർഡറുകൾ സൈറ്റിൽ എത്തിച്ചിട്ടുണ്ട്. ഗർഡറുകളുടെ ലോഞ്ചിംഗ് 30-6-2019-ൽ പൂർത്തീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. കാലാവസ്ഥയനുസരിച്ച് മാസ്റ്റിക് കൊണ്ടുള്ള വെയറിംഗ് കോട്ട് നടപ്പിലാക്കി ആഗസ്റ്റ് അവസാനത്തോടെ പദ്ധതി പൂർത്തീകരിച്ച് ഗതാഗതയോഗ്യമാക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

- കണ്ണൂർ ജില്ലയിലെ ദേശീയപാത 66-ൽ പെരുമ്പ ജംഗ്ഷൻ നവീകരിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. തലശ്ശേരി-മാഹി ബൈപ്പാസ് നിർമ്മാണം നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ പുരോഗമിച്ചുവരുന്നു.

## വാണിജ്യവൽക്കരിക്കപ്പെട്ട പ്രീ-പ്രൈമറി മേഖല

30 (*420) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസരംഗത്ത് ഏറ്റവുമധികം വാണിജ്യവൽക്കരിക്കപ്പെട്ട പ്രീ-പ്രൈമറി മേഖലയിൽ ശിശുസൗഹൃദ അന്തരീക്ഷത്തിൽ മാനസികോല്ലാസത്തോടെ പ്രാഥമിക വിദ്യാഭ്യാസത്തിന് കുട്ടികളെ തയ്യാറാക്കുക എന്ന പ്രവർത്തനം ശാസ്ത്രീയമാക്കുന്നതിനും അമിതമായ ഫീസും പ്രവേശനത്തിനുള്ള അഭിമുഖ പരീക്ഷയും ഉൾപ്പെടെയുള്ള അസ്വീകാര്യമായ നടപടികൾ അവസാനിപ്പിക്കുന്നതിനും വേണ്ട ഇടപെടൽ നടത്താൻ സാധിക്കുമോ;

(ബി) സ്വകാര്യ സ്ഥാപനങ്ങളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർ യോഗ്യത നേടിയവർ ആണെന്ന് ഉറപ്പുവരുത്താൻ നടപടിയുണ്ടാകുമോ;

(സി) സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ വ്യാപിപ്പിച്ച് മാതൃകാ സ്ഥാപനങ്ങളാക്കി ശിശുക്കൾക്ക് ശാസ്ത്രീയമായ പ്രീ-സ്കൂൾ അനുഭവം സാധ്യമാക്കാൻ നടപടിയുണ്ടാകുമോ;

(ഡി) സംസ്ഥാനത്തെ ലോവർ പ്രൈമറി സ്കൂളുകളെ ശിശുസൗഹൃദ വിദ്യാലയങ്ങളാക്കാൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ?

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) നിലവിൽ സർക്കാർ സ്കൂളുകളിൽ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതും സർക്കാർ നേരിട്ട് നടത്തുന്നതുമായ പ്രീ-പ്രൈമറികൾക്കാണ് സർക്കാർ അംഗീകാരമുള്ളത്. പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറി ക്ലാസ്സുകളിലെ കുട്ടികളിൽ നിന്ന് ഫീസ് പിരിക്കുന്നത് നിർത്തലാക്കിയിട്ടുണ്ട്.

(ബി) എയ്ഡഡ്/സ്വകാര്യ മേഖലകളിലെ പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിച്ചിട്ടില്ല.

(സി) സർക്കാർ മേഖലയിൽ പ്രീ-പ്രൈമറി സ്ഥാപനങ്ങൾ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി സർക്കാർ സ്കൂളുകളിൽ പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന 7-12-2012 വരെയുള്ള പ്രീ-പ്രൈമറികൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

(ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി എസ്.സി. ഇ.ആർ.ടി., സമഗ്രശിക്ഷാ കേരള എന്നിവയുടെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ അദ്ധ്യാപകർക്കും ആയമാർക്കും രക്ഷാകർത്താക്കൾക്കും പരിശീലനം, ബോധവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ ചെയ്തുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഒരു മണ്ഡലത്തിന്റെ ചുമതല ഒരു എ.ഇ.-യ്ക്ക് ആക്കാൻ നടപടി

1 (4324) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ ചുമതല വൈപ്പിൻ, എറണാകുളം, മട്ടാഞ്ചേരി അസിസ്റ്റന്റ് എഞ്ചിനീയർമാർക്കാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഭരണപരമായ സൗകര്യത്തിനും മികച്ച സേവനം ഉറപ്പു വരുത്തുന്നതിനുമായി ഒരു നിയോജക മണ്ഡലത്തിലെ പ്രവർത്തനങ്ങൾ ഒരു അസ്സിസ്റ്റൻറ് എഞ്ചിനീയറുടെ പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിക്കുന്നതാണ്.

### രണ്ടാം കേരള സംസ്ഥാന ഗതാഗത പദ്ധതി

2 (4325) ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. പി. ഉണ്ണി:
ശ്രീ. ബി. സത്യൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രണ്ടാം കേരള സംസ്ഥാന ഗതാഗത പദ്ധതി പ്രകാരം നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതിയുടെ മൊത്തം അടങ്കൽ തുക എത്രയാണെന്നും ഇതിൽ ലോക ബാങ്കിന്റെ ധനസഹായം എത്രയാണെന്നും അറിയിക്കാമോ;

(സി) പദ്ധതിയ്ക്കായി എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും പദ്ധതിയുടെ കാലാവധി എന്നത്തേയ്ക്ക് അവസാനിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ 363 കിലോമീറ്റർ സംസ്ഥാനപാതകളുടെ അപ്ഗ്രഡേഷൻ പണികൾ റോഡുസുരക്ഷയ്ക്ക് പ്രാമുഖ്യം നൽകി നടപ്പിലാക്കിവരുന്നു. കെ.എസ്.ടി.പി.-യുടെ രണ്ടാംഘട്ട പദ്ധതിയിൽ 10 പാക്കേജുകളും സേഫ് കോറിഡോർ ഡമോൺസ്ട്രേഷൻ പദ്ധതി (കഴക്കൂട്ടം മുതൽ അടൂർ വരെ)യുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇതിൽ 6 പാക്കേജുകൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 4 പാക്കേജുകളിൽ 2 പാക്കേജുകൾ പൂർത്തീകരണ ഘട്ടത്തിലും 2 എണ്ണം ആരംഭഘട്ടത്തിലുമാണ്. അതിൽ തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾ റീടെൻഡർ നടത്തി പുനരാരംഭിച്ചിട്ടുണ്ട്. കൂടാതെ തിരുവല്ല ടൗൺ നവീകരണം എന്ന പ്രവൃത്തി രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തുകയും ആയതിന്റെ പണികൾ ആരംഭിച്ചിട്ടുമുണ്ട്.

കാസർഗോട്-കാഞ്ഞങ്ങാട് റോഡ് (27.78 കിലോമീറ്റർ), പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.90 കിലോമീറ്റർ), ചെങ്ങന്നൂർ-ഏറ്റുമാനൂർ റോഡ് (45.40 കിലോമീറ്റർ), ഏറ്റുമാനൂർ - മൂവാറ്റുപുഴ റോഡ് (40.96 കിലോമീറ്റർ), പൊൻകുന്നം-തൊടുപുഴ റോഡ് (50 കിലോമീറ്റർ), പെരുമ്പിലാവ്-പെരിന്തൽമണ്ണ റോഡ് (41 കിലോമീറ്റർ) എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

തലശ്ശേരി-കളറോഡ് റോഡ് (28.80 കിലോമീറ്റർ), കളറോഡ്-വളവുപാറ റോഡ് (25.20 കിലോമീറ്റർ), സേഫ് കൊറിഡോർ ഡെമോൺസ്ട്രേഷൻ പദ്ധതി - കഴക്കൂട്ടം - തൈക്കോട് - അടൂർ റോഡിന്റെ ബി.സി. ഓവർലേയും മറ്റ് റോഡ് സുരക്ഷാ പണികളും (80 കിലോമീറ്റർ) എന്നീ പ്രവൃത്തികളുടെ നിർമ്മാണം പുരോഗതിയിലാണ്.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കേണ്ടിയിരുന്ന പുനലൂർ-പൊൻകുന്നം റോഡ്, ലോക ബാങ്കിന്റെ നിർദ്ദേശപ്രകാരം എഞ്ചിനീയറിംഗ് പ്രൊക്യൂയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ (EPC) മാതൃകയിൽ മൂന്ന് പാക്കേജുകളായി തിരിച്ച് പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 2019 ജൂലൈ മാസത്തോടെ ഈ മൂന്ന് പാക്കേജുകളുടെയും നിർമ്മാണ പ്രവൃത്തികൾക്കുവേണ്ടിയുള്ള കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

(ബി) പദ്ധതിയുടെ മൊത്തം അടങ്കൽ തുക 2403 കോടി രൂപയാണ്. ഇതിൽ ലോക ബാങ്കിന്റെ ധനസഹായം 1166 കോടി രൂപയാണ്.

(സി) പദ്ധതിക്കായി 2005 കോടി രൂപയുടെ (2013-ലെ ഡോളറിന്റെ വിനിമയ നിരക്കനുസരിച്ച്) ഭരണാനുമതിയാണ് നൽകിയിട്ടുള്ളത്. പദ്ധതിയുടെ കാലാവധി 30-4-2021 വരെ ലോകബാങ്ക് തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

## പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ നടപടി

3 (4326) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ ചില എഞ്ചിനീയർമാരുടെ അനാസ്ഥമൂലം പല റോഡുകളുടേയും കെട്ടിടങ്ങളുടേയും നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ ചില എഞ്ചിനീയർമാരുടെ അനാസ്ഥമൂലം റോഡ് നിർമ്മാണ പ്രവൃത്തികൾ നീണ്ടുപോകുന്നതായി ശ്രദ്ധയിൽപ്പെട്ടപ്പോൾ ടി എഞ്ചിനീയർമാർക്കെതിരെ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുകയും അപ്രകാരം നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥർക്ക് പകരം ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയും അവലോകനയോഗങ്ങൾ നടത്തിയും പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നു. കെ.എസ്.ടി.പി. പ്രവൃത്തികളെല്ലാംതന്നെ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നവയാണ്. ഏതെങ്കിലും കാരണത്താൽ പദ്ധതി നീണ്ടു പോകുകയാണെങ്കിൽ ലോക ബാങ്ക് പ്രതിനിധികൾ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റിയറിംഗ് കമ്മിറ്റി എന്നിവരുടെ അംഗീകാരത്തോടെ മാത്രമേ സമയം നീട്ടിനൽകാറുള്ളൂ. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള കാരണത്താലാണ് ഈ കാലതാമസമെന്ന് ബോദ്ധ്യപ്പെടുന്നപക്ഷം പിഴ ഈടാക്കുകയോ കരാർ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യുന്നതാണ്. കെട്ടിട വിഭാഗത്തിനുകീഴിൽ പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലങ്ങളിലും അവലോകന യോഗങ്ങൾ നടത്തുകയും പ്രവൃത്തി തടസ്സരഹിതമായി പുരോഗമിക്കുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നു. കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകേണ്ടിവരുന്നത് എങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കുംവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk & Cost-ൽ ടെർമിനേറ്റ് ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു.

## പരത്തിക്കാട്-കരിങ്കോലി-മൊട്ടക്കുന്ന് ഭഗവതി ക്ഷേത്രം റോഡ് പുനരുദ്ധാരണം

4 (4327) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഴിമല നാവിക അക്കാഡമിക്കായി കുടിയൊഴിപ്പിച്ച മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ നിലവിലെ താമസ സ്ഥലത്തിന് സമീപമുള്ള പരത്തിക്കാട്-കരിങ്കോലി-മൊട്ടക്കുന്ന് ഭഗവതി ക്ഷേത്രം റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരത്തിക്കാട്-കരിങ്കോലി-മൊട്ടക്കുന്ന് ഭഗവതി ക്ഷേത്രം റോഡ് 860 മീറ്റർ സോളിംഗ് നടത്തിയിട്ടുണ്ട്. ആയതിൽ 172 മീറ്റർ ഭാഗം രാമന്തളി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് റോഡ് ഫണ്ട് ഉപയോഗിച്ച് 2018-19 വർഷത്തിൽ ടാറിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ ഇതേ റോഡിന്റെ ബാക്കിവരുന്ന ഭാഗത്തെ 690 മീറ്റർ ഭാഗം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ ഫണ്ടുപയോഗിച്ച് ടാറിംഗ് നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് സ്വീകരിച്ച നടപടികൾ

5 (4328) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നതിന് ഈ സർക്കാർ എന്ത് നടപടി സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിശ്ചിത കാലപരിധിക്കുള്ളിൽ തകരാറിലായാൽ, ബന്ധപ്പെട്ട പ്രവൃത്തി നടത്തിയവരെയും നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും കണ്ടെത്തി ശിക്ഷാ നടപടികൾ കൈക്കൊള്ളുന്നതിനും അവയുടെ പുനർനിർമ്മാണത്തിനും എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് അറിയിക്കുമോ;

(സി) പ്രവൃത്തി നടത്തിപ്പിൽ ഗുരുതര ക്രമക്കേട് നടത്തിയ എത്ര കോൺട്രാക്ടർമാർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; അവർ ആരെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ക്രമക്കേടിന് കൂട്ടുനിന്ന എത്ര ഉദ്യോഗസ്ഥർക്കെതിരെ ഈ സർക്കാരിന്റെ കാലത്ത് നടപടി സ്വീകരിച്ചു; എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത്; അവർ ആരെല്ലാം; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികൾക്ക് കാലപരിധി നിശ്ചയിക്കുന്നത് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രവൃത്തിയുടെ സ്വഭാവം, പദ്ധതിയുടെ അടിയന്തര പ്രാധാന്യം, സ്റ്റാന്റേർഡ് ബിഡ് ഡോക്യുമെന്റ്, പി.ഡബ്ല്യു.ഡി. മാന്വൽ എന്നിവയെല്ലാം പരിഗണിച്ചാണ്. G.O.(M.S) No.73/2013/PWD തീയതി 31-8-2013 എന്ന സർക്കാർ ഉത്തരവ് പ്രകാരം പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾക്ക് DLP നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഒരു പദ്ധതി ഡിഫക്ട് ലയബിലിറ്റി പീരിയഡിനുള്ളിൽ തകരാറിലായാൽ കരാറുകാരന്റെ ഉത്തരവാദിത്വത്തിൽ പരിഹരിക്കുന്നതാണ്. കൂടാതെ ബന്ധപ്പെട്ട പ്രവൃത്തി നടത്തിയ കരാറുകാരനെയും നേതൃത്വം നൽകിയ ഉദ്യോഗസ്ഥരെയും കണ്ടെത്തി പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരം ശിക്ഷാനടപടികൾ കൈക്കൊള്ളാറുണ്ട്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഡി) ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയുള്ള അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

## പൂർത്തീകരിക്കാത്ത മരാമത്ത് പ്രവൃത്തികൾ

6 (4329) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ കാലങ്ങളിൽ മരാമത്ത് വകുപ്പുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ ചെയ്യുന്നതിന് കരാറിലേർപ്പെടുകയും ജോലികൾ യഥാസമയം പൂർത്തിയാക്കാതെ ഉപേക്ഷിച്ചു പോയിട്ടുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച് വിവരം ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ലഭ്യമാക്കാമോ;

(ബി) ഇത്തരം ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദീകരിക്കാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത ഇത്തരം പ്രവൃത്തികൾ കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ കേന്ദ്ര ഫണ്ട് മുഖേന ലഭിച്ച NH 66(17) Construction of 16 km two lane road from Kuttippuram to Puduponnani Phase I & II from km 319/370 to 323/200 and 323/200 to 334/745 എന്ന പ്രവൃത്തി 27-2-2004-ൽ M/s ചന്ദ്രഗിരി കൺസ്ട്രക്ഷൻസ് എന്ന കമ്പനിയുമായി കരാർ ഒപ്പുവച്ച് ആരംഭിച്ചു. എന്നാൽ നാല് വർഷങ്ങൾ കഴിഞ്ഞിട്ടും 64% മാത്രമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞത്. പ്രസ്തുത പ്രവൃത്തി ആർബിട്രേഷനിലേയ്ക്ക് പോകുകയും റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത പ്രവൃത്തിയുടെ ആവശ്യകത കണക്കിലെടുത്ത് 13-9-2012-ൽ ഭരണാനുമതി നൽകുകയും ടെണ്ടറിലൂടെ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ ഏൽപ്പിക്കുകയും ചെയ്തു. അവർ ടി പ്രവൃത്തി 31-3-2015-ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ ഈ റീച്ച് റോഡ്സ് ഡിവിഷൻ, മലപ്പുറത്തിന് കൈമാറിയിട്ടുള്ളതാണ്. കേസ് ഇപ്പോഴും കോടതിയിൽ നിലവിലുണ്ട്.

പൊതുമരാമത്ത് വകുപ്പ് പാലങ്ങൾ വിഭാഗത്തിൽ തിരുവനന്തപുരം ജില്ലയിൽ ചെല്ലഞ്ചി പാലത്തിന്റെ നിർമ്മാണം കരാറുകാരായ M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഉപേക്ഷിച്ചുപോയി. എന്നാൽ പ്രസ്തുത കരാറുകാരനെ നഷ്ടോത്തരവാദിത്വത്തോടെ കരാറിൽനിന്ന് വിടുതൽ ചെയ്യുകയും ടി പ്രവൃത്തി ടെൻഡർ ചെയ്ത് പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം ജില്ലയിൽ മീനച്ചിലാറിന് കുറുകെയുള്ള പുലിക്കുട്ടിശ്ശേരി പാലം ശ്രീ. എ. പി. രാജപ്പൻ, ഹോപ്പ് കൺസ്ട്രക്ഷൻസ്, അനിക്കശ്ശേരി, കോലഞ്ചേരി പി.ഒ., എറണാകുളം എന്ന കോൺട്രാക്ടർ ഉപേക്ഷിച്ചതിനാൽ പ്രസ്തുത കരാറുകാരനെ വിടുതൽ ചെയ്യുകയും നഷ്ടോത്തരവാദിത്വത്തോടെ പ്രവൃത്തി വീണ്ടും ടെൻഡർ ചെയ്ത് മെസേഴ്സ് പാലത്തറ ടെലികോം ഇൻഫ്രാസ്ട്രക്ച്ചർ പ്രൈവറ്റ് ലിമിറ്റഡ് കരാർ ഏറ്റെടുത്തിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. ആലപ്പുഴ ജില്ലയിലെ കുട്ടനാട് കനാൽ ജെട്ടിപ്പാലത്തിന്റെ നിർമ്മാണ കരാറെടുത്ത ശ്രീ. എ. പി. രാജപ്പൻ, ഹോപ്പ് കൺസ്ട്രക്ഷൻസ്, അനിക്കശ്ശേരി, കൊലഞ്ചേരി പി.ഒ., എറണാകുളം പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു. കരാറുകാരനെ നഷ്ടോത്തരവാദിത്വത്തിൽ ഒഴിവാക്കുകയും തുടർന്ന് ബാക്കി ജോലികൾ റീടെൻഡർ ചെയ്ത് പുതിയ കരാറുകാരനായ ശ്രീ. പി. സി. ചെറിയാൻ, എടത്തിൽ പുത്തൻ പറമ്പിൽ, എടത്വ പി.ഒ. പൂർത്തീകരിക്കുകയും ചെയ്തു.

കെ.എസ്.ടി.പി. രണ്ടാംഘട്ട പദ്ധതിയിൽ ഉൾപ്പെട്ട തിരുവല്ല ബൈപ്പാസ് (2.3 കിലോമീറ്റർ) സ്ഥലം പൂർണ്ണമായും ലഭ്യമല്ലാത്തതുകാരണം M/s EKK & Co., Perumbavoor എന്ന കമ്പനിക്ക് പണി പൂർത്തിയാക്കാൻ സാധിച്ചില്ല. തിരുവല്ല ബൈപ്പാസിന്റെ ബാക്കി പ്രവൃത്തികൾക്കായി റീടെൻഡർ നടത്തുകയും M/s GHV (India) Private Limited എന്ന കമ്പനി ഏറ്റെടുത്ത് നടപ്പിലാക്കിവരികയും ചെയ്യുന്നു.

നിരത്ത്, കെട്ടിട വിഭാഗങ്ങളുടെ കീഴിലെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. *

(ബി) ഇത്തരത്തിൽ വീഴ്ചവരുത്തുന്ന കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദ് ചെയ്യുകയും ശേഷിക്കുന്ന പ്രവൃത്തികളുടെ ഷെഡ്യൂൾ തയ്യാറാക്കി പ്രവൃത്തി നടപ്പിലാക്കുന്നതിനായി വീണ്ടും ദർഘാസുകൾ ക്ഷണിച്ച് മറ്റൊരു കരാറുകാരനെ ഏർപ്പെടുത്തുന്നതുമാണ്. കരാറുകാരന്റെ പിഴവുകൊണ്ടാണ് പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടിനൽകേണ്ടി വരുന്നതെങ്കിൽ സ്റ്റാൻഡേർഡ് ബിഡ് ഡോക്യുമെന്റിൽ നിഷ്കർഷിക്കുംവിധം നിശ്ചിത തുക ഫൈൻ ഈടാക്കാറുണ്ട്. ഏതെങ്കിലും പ്രവൃത്തി വ്യക്തമായ കാരണങ്ങളില്ലാതെ നിർത്തിവച്ചാൽ Revised PWD Manual 2012 പ്രകാരം കരാറുകാരനെ Risk & Cost-ൽ ടെർമിനേറ്റ് ചെയ്യാനും വ്യവസ്ഥ ചെയ്യുന്നു.

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ പൂർത്തീകരിക്കാത്ത ഇത്തരം പ്രവൃത്തികൾ കണ്ടെത്തിയിട്ടില്ല.

## വകുപ്പിന്റെ പരിഗണനയിലുള്ള അഴിമതിക്കേസുകൾ

7 (4330) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-16-ലെ സർക്കാരിന്റെ കാലയളവിൽ പി.ഡബ്ല്യു.ഡി. യുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഇപ്പോൾ വകുപ്പിന്റെ പരിഗണനയിലുള്ളതുമായ അഴിമതിക്കേസുകളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത കേസുകളിൽ എത്ര എണ്ണം വിജിലൻസ് അന്വേഷണം നേരിടുന്നവയാണെന്ന് അറിയിക്കാമോ; വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) അനുബന്ധമായി ചേർത്തിട്ടുള്ള കേസുകളിൽ VC 7/2015/KLM, VC 23/2015/PKD (ആലത്തൂർ-മരുതന്നൂർതടം റോഡ്), VC 07/15/CRE (ചേറായി-വൈപ്പിൻ), VC 04/14/KSD, VC 13/15/KSD (ഹോസ്ദുർഗ്ഗ-നീലേശ്വർ),VC 01/12/SCK, VC 7/15/IDK എന്നീ വിജിലൻസ് കേസുകൾ തീർപ്പാക്കുകയും ബാക്കിയുള്ള 29 കേസുകളിൽ വിജിലൻസ് അന്വേഷണം നടന്നുവരികയും ചെയ്യുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച പഠനം

8 (4331) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച് വിജിലൻസ്, സിസ്റ്റം സ്റ്റഡി ഓൺ പബ്ലിക്ക് വർക്ക്സ് ഡിപ്പാർട്ട്മെന്റ് എന്ന പേരിൽ പഠനം നടത്തിയിരുന്നോ;

(ബി) പ്രസ്തുത പഠനത്തിന്റെ ഭാഗമായി എന്തൊക്കെ തുടർനടപടികളാണ് സ്വീകരിച്ചത് എന്നറിയിക്കാമോ;

(സി) പൊതുമരാമത്ത് വകുപ്പിന്റെ ഇന്റേണൽ വിജിലൻസ് സംവിധാനം എന്താണ് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) നടത്തിയിരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്താണ് സിസ്റ്റം സ്റ്റഡി റിപ്പോർട്ട് ലഭിച്ചതെങ്കിലും ആ സർക്കാർ ഒരു നടപടിയും സ്വീകരിച്ചില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു :

സ്വകാല നടപടികൾ

1. പ്രൈസ് സോഫ്റ്റ്‌വെയർ രണ്ടാംഘട്ടം നടപ്പാക്കി. ഇ-എം ബുക്ക്, ഇ-ബിൽ എന്നിവ നടപ്പാക്കിവരുന്നു.
2. 'പുതിയകാലം-പുതിയ നിർമ്മാണം' എന്ന ആശയം നടപ്പിലാക്കി. പരിസ്ഥിതി സൗഹൃദവും സൗന്ദര്യാത്മകവുമായ നിർമ്മാണ രീതികൾക്ക് ആരംഭം കുറിച്ചു. കേരളത്തിൽ Typical Plan അനുസരിച്ചുള്ള കെട്ടിടങ്ങളും പാലങ്ങളും നിർമ്മിക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകളുണ്ട്.
3. പൊതുമരാമത്ത് മാന്വൽ പ്രകാരമാണ് കരാർ പ്രവൃത്തികൾ നടപ്പാക്കുന്നത്.
4. പ്രവൃത്തികളുടെ ഗുണനിലവാരം രേഖപ്പെടുത്തുന്നതിനുള്ള എല്ലാ മാൻഡേറ്ററി ടെസ്റ്റുകളും നടത്തുന്നതിനും ടെസ്റ്റ് റിപ്പോർട്ട് അനുസരിച്ച് ബിൽ അനുവദിക്കുന്ന സമ്പ്രദായവും കർശനമാക്കി.

5. പ്രൈസ് സോഫ്റ്റ്‌വെയർ നടപ്പാക്കിയതിന്റെ ഭാഗമായി പ്രവൃത്തിയുടെ പുരോഗതികൾ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

6. ജീവനക്കാരുടെ സ്ഥലംമാറ്റം അഴിമതി മുക്തമാക്കി. മാനദണ്ഡങ്ങൾ നടപ്പിലാക്കി.

7. പൊതുമരാമത്ത് വിജിലൻസ് വിഭാഗം ശക്തിപ്പെടുത്തി. അഴിമതിക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചുവരുന്നു.

8. എസ്റ്റിമേറ്റ് പരിഷ്കരണം പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിക്കുന്ന വിധത്തിൽത്തന്നെ കർശനമായി നടപ്പാക്കിവരുന്നു.

9. റോഡുകൾ കുഴിച്ച് റെസ്റ്റോർ ചെയ്യുന്ന പ്രവൃത്തികളെല്ലാം നിരവധി ഉത്തരവുകൾ പുറപ്പെടുവിച്ച് നിയന്ത്രിച്ചു.

10. പൊതുമരാമത്ത് വകുപ്പ് വാങ്ങി നൽകുന്ന ബിറ്റുമിൻ അംഗീകരിച്ച ഷെഡ്യൂൾ പ്രകാരം ചെയ്യുന്നതും നൽകുന്ന ബിറ്റുമിൻന്റെ അളവുകൾ കർശനമായി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതും ഉറപ്പുവരുത്തി.

ഇടക്കാല -ദീർഘകാല നടപടികൾ

1. പി.ഡബ്ല്യൂ.ഡി. മാന്വൽ പ്രകാരമുള്ള ഉത്തരവാദിത്തമാണ് ഓവർസിയർമാർ നിർവ്വഹിക്കുന്നത്.

2. കരാറുകാരുടെ രജിസ്ട്രേഷനും പുതുക്കലും കർശനമാക്കി.

3. കോൺട്രാക്ടർമാരുടെ ലൈസൻസ് എടുക്കലും പുതുക്കലും അവരുടെ പെർഫോമൻസും ധനകാര്യസ്ഥിതിയും സർക്കാർ ഉത്തരവുകളും മാന്വലും നിഷ്കർഷിക്കുന്ന രീതിയിൽ ഉറപ്പുവരുത്തി.

4. 15 കോടി രൂപയ്ക്ക് മുകളിൽ വരുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പിലെ എൻവയോൺമെന്റ് എഞ്ചിനീയറിംഗ് യൂണിറ്റ് EIA പഠനം നടത്തിയിട്ടാണ് ചെയ്തുവരുന്നത്.

5. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗും ഇൻസർവ്വീസ് ട്രെയിനിംഗും നൽകിവരുന്നു. എല്ലാ വിഭാഗം ജീവനക്കാർക്കും ഓറിയന്റേഷൻ ട്രെയിനിംഗും നൽകുന്നു.

6. നിലവിൽ പി.ഡബ്ല്യൂ.ഡി.-ൽ ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റും CPWD, MoRTH ഡാറ്റയും സ്പെസിഫിക്കേഷനും തന്നെയാണ് ഉപയോഗിച്ചു വരുന്നത്.

7. റീസൈക്ലിംഗ് അടക്കമുള്ള പുതിയ രീതികളും ആധുനിക യന്ത്രങ്ങളും പുത്തൻ സാങ്കേതികവിദ്യകളും ഉപയോഗിച്ചുള്ള നിർമ്മാണ രീതികൾ ഈ സർക്കാർ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കി.

(സി) പൊതുമരാമത്ത് വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരായ പരാതികളും പ്രവൃത്തികളുമായി ബന്ധപ്പെട്ട ക്രമക്കേടുകളും നേരിട്ടും അല്ലാതെയും അന്വേഷിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനായുള്ള പൊതുമരാമത്ത് വകുപ്പിന്റെ ആഭ്യന്തര വിഭാഗമാണ് ഇന്റേണൽ വിജിലൻസ് സംവിധാനം.

**പൊതുമരാമത്ത് വകുപ്പിലെ അഴിമതി സംബന്ധിച്ച നടപടി**

9 (4332) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പിൽ അഴിമതി സംബന്ധിച്ച് എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അഴിമതി സംബന്ധിച്ച് 255 ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടപടി**

10 (4333) <u>ശ്രീമതി ഇ. എസ്. ബിജിമോൾ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ എത്രത്തോളം ഫലം കണ്ടുവെന്ന് അറിയിക്കുമോ;

(ബി) മരാമത്ത് പണികളിൽ സോഷ്യൽ ഓഡിറ്റ് നടത്തുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പൊതുമരാമത്ത് വകുപ്പിലെ ക്വാളിറ്റി കൺട്രോൾ വിംഗിനെ ശക്തിപ്പെടുത്തി പാലാരിവട്ടം പാലം നിർമ്മാണത്തിൽ വന്ന പാകപ്പിഴകൾ പോലെയുള്ള സംഭവങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പരിസ്ഥിതിക്ക് കൂടുതൽ ആഘാതമുണ്ടാക്കാത്തതും പ്രളയവും മഴയും തരണം ചെയ്യുന്നതുമായ റോഡുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഇ) സൈൻ ബോർഡ്, സിഗ്നൽ ലൈറ്റുകൾ, ക്രാഷ് ബാരിയറുകൾ, റിഫ്ലക്ടറുകൾ എന്നിവ സംസ്ഥാനത്തെ എല്ലാ റോഡുകളിലേക്കും വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമതയുള്ളതാക്കി മാറ്റുന്നതിന് അനേകം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഡിസൈൻ വിഭാഗത്തിനെയും ക്വാളിറ്റി കൺട്രോൾ വിഭാഗത്തിനെയും ശാക്തീകരിച്ചിട്ടുണ്ട്. ഇതിലൂടെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിലവാരത്തിൽ ഗുണപരമായ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പദ്ധതികളുടെ രൂപകൽപ്പനയിലും നടത്തിപ്പിലും വേഗതയും സുതാര്യതയും ഏറെ വർദ്ധിപ്പിക്കാൻ കഴിഞ്ഞു. ജീവനക്കാരുടെ അഭാവവും ലഭ്യതക്കുറവും പരിഹരിച്ചതിലൂടെ കൂടുതൽ കാര്യക്ഷമതയോടെ പ്രവർത്തിക്കാനുള്ള സാഹചര്യമായിട്ടുണ്ട്. പരിശീലന സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ നവീന നിർമ്മാണരീതികളും അടിസ്ഥാന കാര്യങ്ങളിലുള്ള അറിവും ലഭ്യമാക്കാൻ വളരെയധികം അനുകൂലമായ സാഹചര്യമാണ് ഇപ്പോഴുള്ളത്. ആധുനിക ഗുണ നിലവാര പരിശോധനാ ഉപകരണങ്ങൾ ലഭ്യമാക്കിയിരിക്കുന്നതിനാൽ ക്വാളിറ്റി കൺട്രോൾ ടെസ്റ്റുകളിൽ കൂടുതൽ കൃത്യതയും വ്യക്തതയും ഉറപ്പാക്കാൻ സാധിക്കുന്നുണ്ട്. കൂടാതെ സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയതോടുകൂടി സുതാര്യത വർദ്ധിപ്പിക്കാനും സാധിച്ചിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നടപ്പിലാക്കിയതോടെ പ്രവൃത്തികളുടെ മേൽനോട്ടം മുൻപത്തേക്കാൾ കാര്യക്ഷമതയോടെ നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരവും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സർക്കാർ ഉത്തരവ് ജി.ഒ. (എം.എസ്.)നമ്പർ 1/2018/പി.ഡബ്ല്യു.ഡി., തീയതി 5-1-2018 പ്രകാരം സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിനായി ജില്ലാതല സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കും. പാലാരിവട്ടം പാലത്തിനോട് അനുബന്ധിച്ചുണ്ടായ കാര്യങ്ങൾ അറിയുന്നതിനുമുൻപുതന്നെ പൊതുമരാമത്ത് പ്രവൃത്തികളിൽ ഗുണ നിലവാരം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. ഈ സംവിധാനങ്ങൾ ഇപ്പോൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്.

(ഡി) പൊതുമരാമത്ത് വകുപ്പിൽ പ്രളയവും മഴയും തരണം ചെയ്യുന്നതും ദീർഘകാലം നിലനിൽക്കുന്നതുമായ ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നു.

(ഇ) വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സൈൻബോർഡ്, ക്രാഷ് ബാരിയറുകൾ, റിഫ്ലക്ടറുകൾ എന്നിവ ആവശ്യമുള്ള സ്ഥലങ്ങളിൽ സ്ഥല ലഭ്യതയ്ക്കനുസരിച്ച് സ്ഥാപിക്കാനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

## പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന

11 (4334) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി റീജിയണൽ ഡിസൈൻ ഓഫീസുകളും ക്വാളിറ്റി കൺട്രോൾ ലാബുകളും ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ഡി) പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക, സാങ്കേതികേതര ജീവനക്കാർക്ക് ഇത് സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് നൽകി വരുന്ന പരിശീലനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പൊതുമരാമത്ത് നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം ഒഴിവാക്കുന്നതിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചുകഴിഞ്ഞാൽ മൂന്ന് മാസത്തിനുള്ളിൽത്തന്നെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ പ്രവൃത്തികൾ ആരംഭിച്ചു കഴിഞ്ഞാൽ ആയത് തടസ്സം കൂടാതെ നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതാ വിഭാഗത്തിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ കാലതാമസം

ഒഴിവാക്കുന്നതിന്റെ ഭാഗമായി 5 കോടി രൂപയ്ക്ക് മുകളിൽ പദ്ധതി ചെലവ് വരുന്ന പ്രവൃത്തികൾ EPC മുഖാന്തിരം നടപ്പിലാക്കുകയും പ്രസ്തുത രീതിയിലുള്ള കരാറിൽ പുരോഗതിയിൽ കാലതാമസം ഉണ്ടാകുകയോ നിശ്ചയിച്ച രീതിയിൽ മൈൽസ്റ്റോൺ നേടാതെ വരികയുമാണെങ്കിൽ പെനാൽറ്റി ഈടാക്കാൻ വ്യവസ്ഥ ചെയ്യുന്നുണ്ട്. ദേശീയപാത വിഭാഗത്തിലെ മറ്റ് പ്രവൃത്തികളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ ജനറൽ കണ്ടീഷൻ പ്രകാരം പൂർത്തീകരണത്തിന് കാലതാമസം വരുത്തുന്നപക്ഷം പെനാൽറ്റി ഈടാക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഉണ്ട്. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാര പരിശോധനയ്ക്കായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ക്വാളിറ്റി കൺട്രോൾ ലാബുകളും മറ്റ് ജില്ലകളിൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിൽ ക്വാളിറ്റി കൺട്രോൾ ലാബുകളും പ്രവർത്തനം നടത്തിവരുന്നു.

(സി) പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികളുടെയും പ്രവർത്തനങ്ങളുടെയും ഒന്നാംഘട്ട ഗുണനിലവാര പരിശോധന നിശ്ചിത ഫീസ് ഈടാക്കിക്കൊണ്ട് കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തിവരുന്നു. കൂടാതെ ചീഫ് ടെക്നിക്കൽ എക്സാമിനർ, പൊതുമരാമത്ത് വകുപ്പ് വിജിലൻസ്, പോലീസ് വിജിലൻസ് എന്നിവർക്കുവേണ്ട ഗുണനിലവാര പരിശോധനയും മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരുന്നു.

(ഡി) കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൊതുമരാമത്ത് വകുപ്പിലെ സാങ്കേതികവിഭാഗം ജീവനക്കാർക്ക് ഗുണനിലവാരത്തെ സംബന്ധിച്ചും നിർമ്മാണത്തിൽ ഉപയോഗപ്പെടുത്താവുന്ന നൂതന സാങ്കേതികവിദ്യകളെക്കുറിച്ചും ദേശീയതലത്തിലെ വിദഗ്ധരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും സെമിനാറുകളും നടത്താറുണ്ട്. കൂടാതെ വകുപ്പിൽ പുതുതായി നിയമിക്കപ്പെടുന്ന എല്ലാ വിഭാഗം സാങ്കേതിക ജീവനക്കാർക്കും ഇൻഡക്ഷൻ ട്രെയിനിംഗ് നടത്തുന്നുണ്ട്. ഇപ്രകാരം 33 പരിശീലനങ്ങൾ 2017-18 വർഷവും 22 പരിശീലനങ്ങൾ 2018-19 വർഷവും നടത്തിയിട്ടുണ്ട്.

## റോഡ് പണിക്ക് ഷ്രഡഡ് പ്ലാസ്റ്റിക്

12 (4335) ശ്രീമതി. പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് പണിക്ക് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) റോഡുകൾ ടാർ ചെയ്യുമ്പോൾ ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) റോഡ് നിർമ്മാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് എത്തിച്ചു കൊടുക്കുന്നതിനുള്ള ചുമതല നൽകിയിട്ടുള്ളത് ആർക്കാണ് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നിർദ്ദേശിച്ചിട്ടുണ്ട്.

(ബി) റോഡുകളുടെ നിർമ്മാണത്തിനായി എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുമ്പോൾ റോഡിന്റെ 50% നിർബന്ധമായും ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിച്ച് ടാർ ചെയ്യുന്നതിനാവശ്യമായ പ്രൊവിഷൻ ഉൾപ്പെടുത്തേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ നടപ്പിലാക്കുമ്പോൾ ഇത് പാലിച്ചു എന്ന് ഉറപ്പുവരുത്താൻ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ബാദ്ധ്യസ്ഥരാണ്.

(സി) ക്ലീൻ കേരള കമ്പനി ലിമിറ്റഡിനാണ് ചുമതല നൽകിയിട്ടുള്ളത്.

**ടോൾ പിരിക്കുന്ന റോഡുകളും പാലങ്ങളും**

13 (4336) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടോൾ പിരിക്കുന്ന റോഡുകളും പാലങ്ങളും നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഓരോ സ്ഥലങ്ങളിലെയും ടോൾ പിരിവ് എന്നത്തേയ്ക്ക് അവസാനിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ സ്ഥലത്തും വിവിധ വാഹനങ്ങളിൽ നിന്നും ഈടാക്കുന്ന ടോൾ തുക എത്ര വീതമാണെന്ന് വിശദമാക്കാമോ;

(ഡി) ഓരോ സ്ഥലത്തുനിന്നും ദൈനംദിനം ലഭിക്കുന്ന ടോൾ തുക എത്രയാണെന്ന് അറിയുന്നതിന് സർക്കാർ തലത്തിൽ സംവിധാനമുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ-ഡി) സംസ്ഥാനത്ത് പൊതുമരാമത്ത് നിരത്ത് വിഭാഗത്തിന്റെ കീഴിൽ ടോൾ പിരിക്കുന്ന റോഡുകളൊന്നുംതന്നെയില്ല. കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ നിലവിലെ പോളിസി അനുസരിച്ച് നൂറ് കോടി രൂപയിൽ താഴെയുള്ള പദ്ധതികൾക്കൊന്നും ടോൾ ബാധകമല്ല. ആയതിനാൽ പൊതുമരാമത്ത്

വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ ടോൾ പിരിക്കുന്ന റോഡുകളും പാലങ്ങളും നിലവിലില്ല. ആർ.ബി.ഡി.സി.കെ.-യുടെ കീഴിൽ ടോൾ പിരിക്കുന്ന പാലങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.* നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ (NHAI)-യുടെ അധീനതയിലുള്ള ടോൾ പ്ലാസകളിൽ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ മാനദണ്ഡ പ്രകാരം ടോൾ പിരിവ് നടത്തിവരുന്നു.

## ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണ നവീകരണം

14 (4337) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമീണ റോഡുകൾ ഒറ്റത്തവണയെങ്കിലും നവീകരിക്കാൻ ആവശ്യമായ ഫണ്ട് അനുവദിക്കുമോ?

(ബി) പി.ഡബ്ല്യു.ഡി. റോഡുകൾ നവീകരിക്കുമ്പോൾ ഇതിന്റെ സമാന്തരമായുള്ളതും ദൈർഘ്യമുള്ളതുമായ വില്ലേജ് റോഡുകൾ നവീകരിക്കാൻ നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ഇപ്പോൾ പരിഗണനയിലില്ല.

## റബ്ബർ, പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം

15 (4338) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാച്ചുറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമെൻ (Natural Rubber Modified Bitumen), പ്ലാസ്റ്റിക് വേസ്റ്റ് എന്നിവ ഉപയോഗിച്ച് ഏതെല്ലാം റോഡുകളാണ് നിർമ്മിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ നിർമ്മിക്കുന്ന റോഡുകളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തികൾ Natural Rubber Modified Bitumen (NRMB) ഉപയോഗിച്ചാണ് നടപ്പിലാക്കുന്നത്. ഇതിൻ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രകാരം 2018-19 സാമ്പത്തികവർഷം സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയിൽ അംഗീകാരം ലഭിച്ച പദ്ധതികൾക്ക് നിശ്ചിത ദൈർഘ്യം സൂചികളുടെ ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കലർത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

പൊതുമരാമത്ത് റോഡ് വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകളിൽ ബിറ്റുമിനസ് കോൺക്രീറ്റ് പ്രവൃത്തികൾ Natural Rubber Modified Bitumen (NRMB) ഉപയോഗിച്ച് ചെയ്യുന്ന റോഡുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ബി.എം. & ബി.സി. റോഡുകളുടെ ഗുണനിലവാരം പരിശോധിക്കുന്ന അതേ ഗുണനിലവാര പരിശോധന തന്നെയാണ് ഇത്തരത്തിലുള്ള റോഡുകൾക്കും ഉപയോഗിക്കുന്നത്. ക്വാളിറ്റി കൺട്രോൾ ലാബുകളാണ് ഗുണനിലവാര പരിശോധന നടത്തുന്നത്. ദേശീയപാതാ വിഭാഗത്തിൽ ടാറിനോടൊപ്പം പ്ലാസ്റ്റിക് പൊടിച്ച് ചേർത്തുകൊണ്ട് നിർമ്മാണം നടത്താൻ ഇപ്പോൾ അംഗീകാരം ലഭിച്ച പദ്ധതികൾക്കാണ് തുടക്കംകുറിച്ചിട്ടുള്ളത്.

## റോഡുകളുടെ അറ്റകുറ്റപ്പണിക്ക് അനുവദിച്ച തുക

16 (4339) <u>ശ്രീ. യു. ആർ. പ്രദീപ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും കുഴികൾ അടയ്ക്കുന്നതിനുമായി ഓരോ വർഷവും എത്ര കോടി രൂപ വീതം അനുവദിച്ചിട്ടുണ്ട്; ഇതിന്റെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലങ്ങളിലെയും റോഡുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതുകൊണ്ട് മുൻകാലങ്ങളിലെ പോലെ റോഡുകൾ തകർന്ന് ജനങ്ങളുടെ പരാതി ഉണ്ടാകുന്നില്ല എന്ന വിലയിരുത്തൽ നടത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നിരത്ത് വിഭാഗത്തിനുകീഴിലും ദേശീയപാതാ വിഭാഗത്തിനുകീഴിലും പൊതുമരാമത്ത് വകുപ്പിന്റെ റോഡുകൾ അറ്റകുറ്റപ്പണി ചെയ്യുന്നതിനും കുഴികൾ അടയ്ക്കുന്നതിനുമായി അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ടി.പി. പദ്ധതികളിൽ വിവിധ ജില്ലകളിലൂടെ കടന്നുപോകുന്ന പ്രധാന റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികളാണ് നടപ്പിലാക്കുന്നത്. ആയതിന്റെ ഡിവിഷൻ തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ജനങ്ങളുടെ പരാതിക്കിടനൽകാത്തവിധം റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്താനാണ് ശ്രദ്ധചെലുത്തുന്നത്.

## പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കൽ

17 (4340) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കാൻ പൊതുമരാമത്ത് വകുപ്പ് തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഏറ്റെടുക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളൊന്നും തന്നെ ഇപ്പോൾ പി.ഡബ്ല്യു.ഡി. ഏറ്റെടുക്കേണ്ടതില്ലായെന്നാണ് നിലവിലുള്ള സർക്കാർ തീരുമാനം.

## ബസ് ബേകൾ നിർമ്മിക്കാൻ നടപടി

18 (4341) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് റോഡുകളിൽ ബസ്സുകൾ നിർത്തുന്നതിനായി ബസ്സ്ബേകൾ ഇല്ലാത്തതിനാൽ ബസ്സുകൾ റോഡരികിൽത്തന്നെ നിർത്തേണ്ടി വരുന്നതു കൊണ്ട് ഗതാഗത തടസ്സം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ;

(സി) പ്രധാനപ്പെട്ട പൊതുമരാമത്ത് റോഡുകളിൽ ഗതാഗത തടസ്സം ഒഴിവാക്കുന്നതിനായി ബസ്ബേകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) പൊതുമരാമത്ത് നിരത്ത്, ദേശീയപാതാ വിഭാഗങ്ങളുടെ റോഡുകളിൽ ബസ്സുകൾ നിർത്തുന്നതിനായി ബസ് ബേകൾ ഇല്ലാത്തതിനാൽ ബസ്സുകൾ റോഡരികിൽത്തന്നെ നിർത്തേണ്ടിവരുന്നതുകൊണ്ട് ഗതാഗത തടസ്സമുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റിക്ക് ലിമിറ്റഡ് നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുള്ള റോഡുകളിൽ ഡി.പി.ആർ. പ്രകാരം ബസ് ബേകൾ നിർമ്മിച്ചിട്ടുണ്ട്.

(ബി&സി) ദേശീയപാതയിൽ തെരഞ്ഞെടുത്ത റോഡുകളിൽ വിദഗ്ദ്ധ ഏജൻസികൾ റോഡ് സുരക്ഷാ ഓഡിറ്റ് നടത്തുകയും പോലീസ് ഡിപ്പാർട്ടുമെന്റ് റിപ്പോർട്ട് ചെയ്തിട്ടുള്ള ബ്ലാക്ക് സ്പോട്ടുകളിൽ വിദഗ്ദ്ധ ഏജൻസി മുഖാന്തിരം റിപ്പോർട്ട് തയ്യാറാക്കി വേണ്ട റെക്ടിഫിക്കേഷന്റെ ഭാഗമായി അത്യാവശ്യമായ സ്ഥലങ്ങളിൽ ബസ് ബേകളും നിർമ്മിച്ചുവരുന്നു. ദേശീയപാത 66-ൽ 4/6 വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിലും ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്ന പദ്ധതിയിലും ആവശ്യമായ ബസ് ബേയുടെ നിർമ്മാണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

കെ.എസ്.ടി.പി., കിഫ്ബി പദ്ധതികളിലുൾപ്പെടുത്തി നിർമ്മാണം/ നവീകരണം നടത്തുന്ന റോഡുകളിൽ പഠനം നടത്തി ബസ് ബേകൾ നിർമ്മിച്ചുവരുന്നു. പ്രധാന റോഡുകളിൽ സ്ഥലലഭ്യത, ഫണ്ട് ലഭ്യത എന്നിവയനുസരിച്ച് ബസ് ബേ നിർമ്മാണം നടത്തിവരുന്നു.

**റോഡ് നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യകൾ**

19 (4342) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യകൾ പ്രാവർത്തികമാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) തകർന്ന റോഡുകളിലെ ടാർ, കല്ല് തുടങ്ങിയ അവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് റോഡുകൾ പുനർനിർമ്മിക്കുവാനുള്ള സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ അത് വിജയപ്രദമാണോയെന്ന് വെളിപ്പെടുത്താമോ?

## ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിന് പുതിയ സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നുണ്ട്. ആകെ ചെയ്യുന്ന റോഡിന്റെ 50% നീളം പൊടിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് ചെയ്യണമെന്ന് എല്ലാ ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. റോഡ് ടാറിംഗിന് NRMB ഉപയോഗിക്കുന്നുണ്ട്. കൂടാതെ ജർമ്മൻ സാങ്കേതികവിദ്യയായ Full Depth Reclamation Technology ഉപയോഗിച്ച് റോഡ് നിർമ്മിച്ച് വിജയപ്രദമാക്കിയിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ അത്യാധുനിക സാങ്കേതികവിദ്യയായ മില്ലിംഗ് ആന്റ് റീസൈക്ലിംഗ് ഉപയോഗിച്ച് ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ ഉപരിതലം പുതുക്കി നിർമ്മിച്ചിട്ടുണ്ട്. ഈ സാങ്കേതിക വിദ്യയിൽ നിലവിലെ റോഡിന്റെ ഉപരിതലം മെഷീൻ ഉപയോഗിച്ച് ഇളക്കിയെടുക്കുകയും അപ്പോൾത്തന്നെ അതേ മെറ്റീരിയൽ പാകപ്പെടുത്തിയതിനു ശേഷം വേണ്ടുന്ന അളവിൽ ബിറ്റുമിൻ, സിമന്റ്, വിവിധ തരത്തിലുള്ള മെറ്റലുകൾ എന്നിവ ചേർത്ത് ഉപരിതലം പുനർനിർമ്മിക്കുകയുമാണ് ചെയ്യുന്നത്. ഈ സാങ്കേതികവിദ്യ സാമ്പത്തിക ലാഭത്തോടൊപ്പം ബിറ്റുമിൻ, അഗ്രിഗേറ്റ് എന്നിവയുടെ കുറഞ്ഞ ഉപയോഗം വഴി പ്രകൃതി സമ്പത്തിന്റെ സംരക്ഷണവും സാധ്യമാക്കും.

(ബി) പഴയ റോഡുകളിലെ ടാർ, കല്ല് തുടങ്ങിയ അവശിഷ്ടങ്ങൾ റീസൈക്കിൾ ചെയ്ത് റോഡുകൾ പുനർനിർമ്മിക്കാനുള്ള സാങ്കേതികവിദ്യ പ്രാവർത്തികമാക്കിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിൽ അടൂർ നിയോജകമണ്ഡലത്തിൽപ്പെടുന്ന ആനയടി-പഴകുളം-കുരമ്പാല-കീരുകുഴി-ചന്ദനപ്പള്ളി-കൂടൽ റോഡ് 5.9 കിലോമീറ്റർ ദൂരം ഇത്തരത്തിൽ നൂതന ജർമ്മൻ സാങ്കേതികവിദ്യയായ Full Depth Reclamation Technology ഉപയോഗിച്ച് നിർമ്മിച്ച് വിജയപ്രദമാക്കിയിട്ടുണ്ട്.

ദേശീയപാതാ വിഭാഗത്തിൽ വരുന്ന പുനരുദ്ധാരണ പ്രവൃത്തികളിൽ മൊത്തം പ്രവൃത്തികളിൽ 25 ശതമാനമെങ്കിലും റീസൈക്ലിംഗ് ചെയ്ത് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ ആലപ്പുഴ ജില്ലയിൽ ദേശീയപാതയിൽ നടപ്പിലാക്കിയ പ്രവൃത്തി വിജയപ്രദമാണ്.

## ഉപയോഗയോഗ്യമല്ലാതാകുന്ന റോഡുകളുടെ സംരക്ഷണം

20 (4343) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉപയോഗ യോഗ്യമല്ലാതായി മാറുന്നതും വെറുതേ കിടക്കുന്നതുമായ പഴയ റോഡുകൾ ഏതെങ്കിലും രീതിയിൽ ഉപയുക്തമാക്കി സംരക്ഷിക്കുന്നതിന് പി.ഡബ്ല്യു.ഡി.യ്ക്ക് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ;

(സി) ഇത്തരത്തിൽ ഉപയോഗയോഗ്യമല്ലാതാകുന്ന പഴയ റോഡുകളിലെ സ്ഥലങ്ങളിൽ പാർക്ക്, പൂന്തോട്ടം തുടങ്ങിയവ സ്ഥാപിക്കാൻ സർക്കാർ തലത്തിൽ എന്തെങ്കിലും പദ്ധതികളുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന റോഡുകൾക്ക് ബൈപ്പാസുകൾ നിർമ്മിക്കുമ്പോൾ നിലവിലെ റോഡുകൾ പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗത്തിന് കൈമാറുകയാണ് ചെയ്യാറുള്ളത്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ ഉപയോഗയോഗ്യമല്ലാതായി മാറിയ പഴയ റോഡുകളിലെ സ്ഥലങ്ങളിൽ പാർക്ക്, പൂന്തോട്ടം തുടങ്ങിയവ സ്ഥാപിക്കാൻ നിലവിൽ പദ്ധതികളൊന്നുമില്ല.

## നാദാപുരം മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

21 (4344) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017 ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ട നാദാപുരം മണ്ഡലത്തിൽ എടച്ചേരി ഗ്രാമപഞ്ചായത്തിലെ തുരുത്തിയേയും കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനേയും ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പ്രസ്തുത വർഷത്തെ ബജറ്റ് പ്രസംഗത്തിൽ ഉൾപ്പെട്ടതും കിഫ്ബി വഴി നിർദ്ദേശിച്ചതുമായ കൂത്തുപറമ്പ് മണ്ഡലത്തിലെ കരിയാടിനേയും വടകര മണ്ഡല ത്തിനെയും ബന്ധിപ്പിക്കുന്ന കരിയാട് തുരുത്തിമുക്ക് പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(സി) പ്രസ്തുത പാലങ്ങളുടെ ഡിസൈൻ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ ആയത് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണത്തിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; അവയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 8-4-2018-ൽ ബഹുമാനപ്പെട്ട ആരോഗ്യ കുടുംബക്ഷേമ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെടുത്ത തീരുമാനപ്രകാരം നാദാപുരം എടച്ചേരി ഗ്രാമപഞ്ചായത്തിലെ തുരുത്തിയേയും കുത്തുപറമ്പ് മണ്ഡലത്തിലെ കരി യാടിനെയും ബന്ധിപ്പിക്കുന്ന 'Y' ആകൃതിയിലുള്ള പാലത്തിന് പകരം എടച്ചേരി - കാരാട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു പുതിയ പാലം കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമ്മിക്കാൻ തീരുമാനിച്ചു. (യോഗത്തിന്റെ മിനിറ്റ്സ് ഉള്ളടക്കം ചെയ്യുന്നു.)*

(ബി) തുരുത്തി പാലത്തിന് കിഫ്ബിയിൽനിന്ന് ഉത്തരവ് നമ്പർ PWD 001-16-APR-1/2019/KIFB dated 16-3-2019 പ്രകാരം സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി കിഫ്ബിയിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) ഡിസൈൻ പൂർത്തിയാക്കിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*)

(ഡി) സാങ്കേതികാനുമതി ലഭിക്കുകയും സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാ കുകയും ചെയ്താൽ ടെൻഡർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി തുടങ്ങുന്നതാണ്.

**സർക്കാർ ക്വാർട്ടേഴ്സുകളുടെ വാടക**

22 (4345) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിൽനിന്ന് വിരമിച്ചശേഷവും സർക്കാർ ക്വാർട്ടേഴ്സുകളിൽ താമസിക്കുന്നവരുടെ പ്രസ്തുത കാലയളവിലെ വാടക എപ്രകാരമാണ് ഈടാക്കി വരുന്നതെന്ന് വിശദമാക്കുമോ;

(ബി) ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചുനൽകുന്ന അവസരത്തിൽ അവരിൽ നിന്നും മുൻകൂറായി ഈടാക്കുന്ന വാടക, ക്വാർട്ടേഴ്സ് ഒഴിയുന്ന സമയത്ത് തിരിച്ച് നൽകാറുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച് ക്വാർട്ടേഴ്സ് ഒഴിഞ്ഞ എത്ര പേർക്ക് മുൻകൂർ വാടക തിരികെനൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ജീവനക്കാർക്ക് ഫ്ലാറ്റ്, ക്വാർട്ടേഴ്സ് എന്നിവ അനുവദിക്കുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള 2006-ലെ ചട്ടങ്ങൾ പ്രകാരം റിട്ടയർ ചെയ്യു അന്നുതന്നെ ക്വാർട്ടേഴ്സ് ഒഴിയേണ്ടതാണ്. ഒഴിവാക്കാൻ പറ്റാത്ത കാരണത്താൽ ക്വാർട്ടേഴ്സിൽ തുടരാൻ ആഗ്രഹിക്കുന്നുവെങ്കിൽ ക്വാർട്ടേഴ്സ് അനുവദിക്കുന്ന അധികാരിയിൽനിന്നും കാലാവധി നീട്ടിവാങ്ങേണ്ടതാണ്. അങ്ങനെ നീട്ടിവാങ്ങുന്ന കാലാവധി പരമാവധി മൂന്ന് മാസം അല്ലെങ്കിൽ നിലവിലെ അദ്ധ്യയന വർഷം തീരുന്നതുവരെ (ഏതാണോ ആദ്യം) അതുവരെ മാത്രമേ അനുവദിക്കുന്ന അധികാരിയുടെ അനുമതിയോടെ താമസിക്കാൻ കഴിയുകയുള്ളൂ. ആ കാലയളവിൽ ജീവനക്കാരൻ സ്റ്റാൻഡേർഡ് റെന്റ് മുൻകൂറായി എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് നൽകേണ്ടതാണ്. ഇങ്ങനെ കാലാവധി നീട്ടിവാങ്ങാതെ അനധികൃതമായി താമസിക്കുന്നവരിൽനിന്നും വാടകയുടെ മൂന്നിരട്ടി 0216-01-106-99 എന്ന ഹെഡിൽ ചെലാൻ മുഖേന പിഴ വാടകയായി ഈടാക്കാറുള്ളതാണ്. എന്നിട്ടും വാടക നൽകാത്തപക്ഷം Revised Manual 2012 Rule 30 പ്രകാരം അവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

(ബി) ഉണ്ട്. ജീവനക്കാർക്ക് ക്വാർട്ടേഴ്സ് അനുവദിച്ചുനൽകുന്ന അവസരത്തിൽ അവരിൽനിന്നും മുൻകൂറായി ഈടാക്കുന്ന വാടക ക്വാർട്ടേഴ്സ് ഒഴിയുന്ന സമയത്ത് തിരിച്ച് നൽകാറുണ്ട്.

(സി) ഈ സർക്കാരിന്റെ കാലയളവിൽ വിരമിച്ച് ക്വാർട്ടേഴ്സ് ഒഴിഞ്ഞവരിൽ 25 പേർ അപേക്ഷിക്കുകയും അതിൽ 7 പേർക്ക് വാടക തിരികെ നൽകുകയും ചെയ്തിട്ടുണ്ട്. ഇനി 96 പേർ അപേക്ഷ നൽകാനുണ്ട്.

**പെരിയയിൽ റസ്റ്റ് ഹൗസ് നിർമ്മിക്കുന്നതിനുള്ള നടപടികൾ**

23 (4346) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പെരിയ വില്ലേജിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ എത്ര ഏക്കർ സ്ഥലമാണുള്ളത്; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത സ്ഥലം പ്രയോജനപ്പെടുത്തി അവിടെ ഒരു റസ്റ്റ് ഹൗസ് നിർമ്മിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ പെരിയ വില്ലേജിൽ സർവ്വെ നമ്പർ 202/2B-ൽ 1.08 ഏക്കർ സ്ഥലവും 202/2A-ൽ 57 സെന്റ് സ്ഥലവും ഉൾപ്പെടെ 1 ഏക്കർ 65 സെന്റ് സ്ഥലം പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ലഭ്യമാണ്. പ്രസ്തുത സ്ഥലത്തിന്റെ അതിർത്തി നിർണ്ണയിച്ച് തരാനും സ്ഥലത്തിന്റെ റവന്യൂ സ്കെച്ച് തയ്യാറാക്കി നൽകാനുമുള്ള അപേക്ഷ റവന്യൂ അധികാരികൾക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ റവന്യൂ സ്കെച്ച് ഇതുവരെയായി ബന്ധപ്പെട്ട വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) പരിഗണനയിലുണ്ട്.

(സി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

**തിരുവമ്പാടി മണ്ഡലത്തിലെ മലയോര ഹൈവേ പ്രവൃത്തി**

24 (4347) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയോര ഹൈവേയുടെ ഭാഗമായി ഭരണാനുമതി ലഭിച്ച തിരുവമ്പാടി മണ്ഡലത്തിലെ പ്രവൃത്തിയുടെ നിലവിലെ അവസ്ഥയും പദ്ധതിയുടെ വിശദാംശവും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മലയോര ഹൈവേയുടെ നാല് ഘട്ടങ്ങളിൽ മൂന്നുംനാലും ഘട്ടങ്ങളാണ് തിരുവമ്പാടി മണ്ഡലത്തിലൂടെ കടന്നുപോകുന്നത്. കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള 35.35 കിലോമീറ്റർ ഭാഗത്തിന് കിഫ്ബിയിൽ നിന്ന് 144 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. തലയാട് മുതൽ കോടഞ്ചേരി വരെയുള്ള 18 കിലോമീറ്റർ ഭാഗത്തിന്റെ ഡി.പി.ആർ. സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) കോടഞ്ചേരി മുതൽ കക്കാടംപൊയിൽ വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുമുമ്പായി 12 കിലോമീറ്റർ വീതിയിൽ ഫ്രീ സറണ്ടറായി സ്ഥലലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. തലയാട് മുതൽ കോടഞ്ചേരി വരെയുള്ള ഭാഗത്തിന് സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് 12 മീറ്റർ വീതിയിൽ സ്ഥലലഭ്യത ഉറപ്പുവരുത്തി സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ സ്വീകരിക്കുന്നതാണ്.

## എം.ജി. റോഡ്-സീപോർട്ട് -എയർപോർട്ട് റോഡിന്റെ വികസനം

25 (4348) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പുല്ലേപ്പടി-തമ്മനം ബൈപ്പാസ് വഴി സീ പോർട്ട് എയർപോർട്ടിൽ എത്തിച്ചേരുന്ന എം.ജി. റോഡ്-സീ പോർട്ട് എയർപോർട്ട് റോഡിന്റെ വികസനത്തിനായി സ്ഥലം ഏറ്റെടുക്കുന്നതിന്റെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുത്ത് പ്രസ്തുത റോഡ് അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) കൊച്ചി നഗരസഭ തമ്മനം-പുല്ലേപ്പടി റോഡ് എറണാകുളം പത്മ ജംഗ്ഷനിൽ തുടങ്ങി ബൈപ്പാസ് റോഡ് വരെയുള്ള വികസനത്തിന്റെ അലൈൻമെന്റ് തയ്യാറാക്കി പൊന്നുംവില നടപടികൾ സ്വീകരിച്ചുവരുന്നു.

ബൈപ്പാസ് മുതൽ സീപോർട്ട്-എയർപോർട്ട് വരെയുള്ള റോഡിനെ സംബന്ധിച്ച് അലൈൻമെന്റ് തയ്യാറാക്കുകയോ മറ്റ് നടപടികളോ കൊച്ചി നഗരസഭയിൽനിന്നും ചെയ്തിട്ടില്ലാത്തതാണ്.

(ബി) പത്മ ജംഗ്ഷൻ മുതൽ ബൈപ്പാസ് വരെ ആകെ റോഡിനുവേണ്ടി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ വിസ്തീർണ്ണം 7.6421 ഹെക്ടറും ഫ്രീ സറണ്ടർ പ്രകാരവും പൊന്നുംവില നടപടികൾ പ്രകാരവും ഏറ്റെടുത്ത സ്ഥലത്തിന്റെ വിസ്തീർണ്ണം 3.5274 ഹെക്ടറുമാണ്. റോഡിനുവേണ്ടി ഇനിയും ആവശ്യമായ 4.1147 ഹെക്ടർ സ്ഥലം ഏറ്റെടുക്കൽ കൊച്ചി നഗരസഭ ടൗൺപ്ലാനിംഗ് കമ്മിറ്റിയുടെ ഉത്തരവുകൾക്ക് വിധേയമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## നിള ഹോസ്പിറ്റൽ ഐ.പി.ടി. റോഡ് നവീകരണം

26 (4349) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ പ്രധാന പാതയായ നിള ഹോസ്പിറ്റൽ ഐ.പി.ടി. റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ?

(ബി) പ്രസ്തുത പാത നാലുവരിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പട്ടാമ്പി മണ്ഡലത്തിലെ നിള ഹോസ്പിറ്റൽ ഐ.പി.ടി. റോഡ് നവീകരിക്കുന്നതിനുവേണ്ടിയുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിക്കുകയും പ്രസ്തുത ഓഫീസിൽ നിന്നും സൈറ്റ് സന്ദർശനം നടത്തി നാലുവരിപ്പാതയ്ക്കുവേണ്ടിയുള്ള അലൈൻമെന്റ് ഐ.ആർ.സി. അനുസരിച്ച് തയ്യാറാക്കി സാധ്യതാപഠനത്തിനുവേണ്ടി അയയ്ക്കുകയും ചെയ്തിരുന്നു. ഇതോടൊപ്പം നിലവിലെ അലൈൻമെന്റ് വ്യതിചലിക്കുന്ന ചില ഭാഗങ്ങളിൽ അധിക സർവ്വേ നടത്തേണ്ടതിനാൽ പ്രസ്തുത സർവ്വേ വിവരങ്ങളും ഡിസൈൻ വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത റോഡിന് സമാന്തരമായി കുറ്റിപ്പുറം-ഷൊർണ്ണൂർ റോഡ് വരുന്നതിനാൽ നാലു വരിപ്പാതയ്ക്ക് പകരം രണ്ടുവരിപ്പാതയാക്കി തയ്യാറാക്കിയാൽ മതിയെന്ന എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അലൈൻമെന്റിൽ ഭേദഗതി വരുത്തി കിലോമീറ്റർ 0/000 മുതൽ 1/700 വരെ 13.6 മീറ്റർ വീതിയിലും (രണ്ടുവരിപ്പാത) കിലോമീറ്റർ 1/700 മുതൽ 5/250 വരെ 20 മീറ്റർ വീതിയിലും (നാലുവരിപ്പാത) കിലോമീറ്റർ 5/250 മുതൽ 13/020 വരെ 13.6 മീറ്റർ വീതിയിലും (രണ്ടുവരിപ്പാത) അലൈൻമെന്റ് തയ്യാറാക്കി വീണ്ടും സാധ്യതാപഠനത്തിന് അയച്ചിരുന്നു. പ്രസ്തുത സ്ഥലത്തിന്റെ ടോട്ടൽ സ്റ്റേഷൻ സർവ്വെ (കിലോമീറ്റർ 1/500 മുതൽ 13/150 വരെ) നടത്തിയ റിപ്പോർട്ട് പരിശോധിച്ചപ്പോൾ മുൻ സർവ്വേയുമായി വ്യതിയാനം കണ്ടതിനാൽ ആയത് പുനഃപരിശോധിക്കാനും അവ താരതമ്യപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കാനും പാലക്കാട് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അലൈൻമെന്റിന്റെ സാധ്യതാപഠന റിപ്പോർട്ടും അധിക സർവ്വേ വിവരങ്ങളും ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കി തുടർനടപടികൾക്കായി കിഫ്ബിക്ക് സമർപ്പിക്കുന്നതാണ്.

## വട്ടുതല മേൽപ്പാലം

27 (4350) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 27-9-2016-ന് ഭരണാനുമതിയും 27-2-2017 ന് കിഫ്ബി 35 കോടി രൂപയ്ക്ക് അംഗീകാരവും നൽകിയ വട്ടുതല മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ബി) ഇതിനായി എത്ര സെന്റ് സ്ഥലമാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് നടപടികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) വട്ടുതല മേൽപ്പാലം പദ്ധതിക്കായി 42.92 ആർ സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് ജില്ലാ കളക്ടർക്ക് 23-8-2017-ൽ റിക്വിസിഷൻ നൽകി. സാമൂഹികാഘാത പഠനത്തിനുശേഷം വിദഗ്ദ്ധ സമിതി പച്ചാളം ഭാഗത്ത് പാലത്തിന്റെ ഇരുവശത്തും സർവ്വീസ് റോഡ് നിർദ്ദേശിച്ചതിനാൽ അലൈൻമെന്റ് അപ്രകാരം ഭേദപ്പെടുത്തുകയും തുടർനടപടികൾക്കായി 20-2-2019-ൽ എൽ.എ.ഒ.-യ്ക്ക് നൽകുകയും ചെയ്തു.

എന്നാൽ ഇപ്പോൾ ആർ.ഒ.ബി.-യുടെ അലൈൻമെന്റ് പച്ചാളം ഭാഗത്ത് 12 മീറ്ററോളം കിഴക്കോട്ട് നീക്കാൻ റെയിൽവേ 22-5-2019 തീയതിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അലൈൻമെന്റ് പുനർനിശ്ചയിച്ചശേഷം എൽ.എ. നടപടികൾ പുനരാരംഭിക്കേണ്ടതിനാലാണ് പദ്ധതിക്ക് കാലതാമസം നേരിടുന്നത്. കൂടാതെ റെയിൽവേ ആവശ്യപ്പെട്ടിരിക്കുന്ന പ്രകാരമുള്ള അലൈൻമെന്റിനായി അമ്പലത്തിന്റെ ഹാളും 9 നില ഫ്ലാറ്റും ഉൾപ്പെടെ അനേകം കെട്ടിടങ്ങൾ കൂടി അക്വയർ ചെയ്യേണ്ടതായി വരും. ഇക്കാര്യങ്ങളിലെല്ലാം തീരുമാനമായതിനുശേഷം മാത്രമേ സ്ഥലം ഏറ്റെടുക്കൽ പൂർത്തിയാക്കാൻ കഴിയുകയുള്ളൂ.

## റാന്നി മണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ റോഡുകൾ

28 (4351) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കുമ്പളന്താനം-മണിയാർ, തെള്ളിയൂർ-വലിയകാവ് എന്നീ റോഡ് നിർമ്മാണ പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രോജക്ടുകൾ കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ &ബി) റാന്നി നിയോജകമണ്ഡലത്തിലെ കുമ്പളന്താനം-മണിയാർ, തെള്ളിയൂർ-വലിയകാവ് എന്നീ റോഡ് നിർമ്മാണ പദ്ധതികൾക്ക് കിഫ്ബി 2017-18-ൽ ഉൾപ്പെടുത്തി തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. രണ്ട് റോഡുകളുടെയും ഇൻവെസ്റ്റിഗേഷൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

## പേരോട്-പാറക്കടവ് റോഡിന് ഭൂമി ഏറ്റെടുക്കൽ

29 (4352) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരോട്-പാറക്കടവ് റോഡിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിലുള്ള പി.എസ്2/213/18 നമ്പർ ഫയലിൽ നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ ?

ഉത്തരം

പേരോട്-പാറക്കടവ് റോഡിന് സൗജന്യമായി ഭൂമി ലഭിക്കാതിരുന്ന സ്ഥലങ്ങളിൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സർക്കാരിൽ ലഭിച്ച പ്രൊപ്പോസൽ അപൂർണ്ണമായതിനാൽ ടി വിഷയം സംബന്ധിച്ച് വ്യക്തവും വിശദവുമായ പ്രൊപ്പോസൽ സമർപ്പിക്കുന്നതിനായി പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഠാണാവ്-ചന്തക്കുന്ന് റോഡ് വികസനം**

30 (4353) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ഠാണാവ്-ചന്തക്കുന്ന് റോഡ് വികസനം നടപ്പിലാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റോഡ് വികസനം അടിയന്തരമായി നടപ്പിലാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത റോഡ് 17 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിന് 2019-20 സംസ്ഥാന ബഡ്ജറ്റിൽ 1600 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തുകയോടെ 100 രൂപ ടോക്കൺ വിഹിതം ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

**അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ നിർമ്മാണം**

31 (4354) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലൂടെ കടന്നുപോകുന്ന അമരവിള-ഒറ്റശേഖരമംഗലം റോഡിന്റെ നിർമ്മാണം കരാറുകാരന്റെയും ഉദ്യോഗസ്ഥരുടെയും മെല്ലെപ്പോക്ക് കാരണം പാതിവഴിയിൽ ഉപേക്ഷിക്കപ്പെട്ട നിലയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിച്ച് റോഡ് നിർമ്മാണം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് പ്രകാരമുള്ള ഏതെല്ലാം പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കിയിട്ടുണ്ടെന്നും ശേഷിക്കുന്നവ ഏതെല്ലാമാണെന്നുമുള്ളത് സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കാമോ; ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ, ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, വാട്ടർ സപ്ലൈ മെയിൻ ലൈനുകൾ മാറ്റിസ്ഥാപിക്കൽ എന്നിവമൂലം റോഡ് പ്രവൃത്തിയിൽ കാലതാമസമുണ്ടായി. കൂടാതെ ബി.എം.&ബി.സി. പ്ലാന്റ് സ്ഥാപിക്കാനായി കരാറുകാരന് നാട്ടുകാരുടെ എതിർപ്പുമൂലം കഴിഞ്ഞില്ല എന്നതും നിർമ്മാണ പ്രവൃത്തിക്ക് കാലതാമസമുണ്ടാക്കി. ടി പ്രശ്നങ്ങൾ പരിഹരിച്ച് റോഡ് നിർമ്മാണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(ബി) അമരവിള-ഒറ്റശേഖരമംഗലം റോഡിൽ അമരവിള (കിലോമീറ്റർ 0/000) മുതൽ പറയ്ക്കോട്ടുകോണം വരെയും (2/850) പൂവൻകാല (കിലോമീറ്റർ 3/500) മുതൽ പെരുങ്കടവിള വരെ (കിലോമീറ്റർ 7/00)യുമുള്ള റോഡിന്റെ വീതി കൂട്ടലും ഡെൻസ് ബിറ്റുമിൻ മെക്കാഡം പ്രവൃത്തിയും 60 ശതമാനം ഓട നിർമ്മാണവും 60 ശതമാനം സംരക്ഷണഭിത്തിയുടെ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. കിലോമീറ്റർ 6/750-ൽ പെരുങ്കടവിളയ്ക്ക് സമീപത്ത് ഒരു ബോക്സ് കൾവർട്ടും നിർമ്മിച്ചു. ഏകദേശം 35 ശതമാനം പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്.

പെരുങ്കടവിള (കിലോമീറ്റർ 7/00) മുതൽ ആര്യങ്കോട് പാലം വരെ (കിലോമീറ്റർ 12/200) വരെയുള്ള റോഡിന്റെ വീതി കൂട്ടൽ DBM&BC വർക്കും ഓട നിർമ്മാണവും സംരക്ഷണഭിത്തികളുടെ നിർമ്മാണവും ഫുട്പാത്ത് നിർമ്മാണവും രണ്ട് ഫുട് ബ്രിഡ്ജുകളുടെ നിർമ്മാണവും 20 വെയിറ്റിംഗ് ഷെഡ്ഡുകളുടെ നിർമ്മാണവും റോഡ് സേഫ്റ്റി വർക്കുകളുമാണ് ഇനി എസ്റ്റിമേറ്റ് പ്രകാരം ചെയ്യാനുള്ളത്. ശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി ചെയ്തുതീർക്കുന്നതിനുള്ള നിർദ്ദേശം കരാറുകാരന് നൽകിയിട്ടുണ്ട്.

**തിരൂർ ചമ്രവട്ടം ഫ്ലൈഓവർ നിർമ്മാണം**

32 (4355) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയ തിരൂർ ചമ്രവട്ടം ഫ്ലൈഓവർ നിർമ്മാണത്തിന്റെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ എന്നത്തേക്ക് സമർപ്പിക്കുമെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല. അഞ്ച് മാസത്തിനകം റിപ്പോർട്ട് കിഫ്ബിക്ക് സമർപ്പിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) കിഫ്ബിയുടെ അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടികൾ ആരംഭിക്കുന്നതാണ്. ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിച്ചശേഷം 18 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## കോട്ടയം നഗരത്തിലെ റോഡിന്റെയും പാലത്തിന്റെയും നിർമ്മാണം

33 (4356) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന എൽ.ബി.എസ്. റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിക്ക് രണ്ട് കോടി രൂപ 2019-20-ലെ ബജറ്റിൽ അനുവദിച്ചിരുന്നുവോ; എങ്കിൽ പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ;

(ബി) കോട്ടയം എം.സി. റോഡിലൂടെയുള്ള സുഗമമായ യാത്രയ്ക്ക് അനിവാര്യമായ കോടിമതയിലെ പുതിയ പാലത്തിന്റെ നിർമ്മാണം വൈകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പാലത്തിനോട് ചേർന്നുള്ള പുറമ്പോക്കിലെ താമസക്കാർക്ക് പകരം ഭൂമി നൽകി പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 2019-20 ബഡ്ജറ്റിൽ രണ്ട് കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കോടിമത പാലത്തിന്റെ രണ്ട് സ്പാനുകൾ പൂർത്തിയായിട്ടുണ്ട്. ഒരു സ്പാനും അബട്ട്മെന്റും ഇരുവശത്തും അപ്രോച്ച് റോഡിന്റെയും പണികൾ പൂർത്തിയാവാനുണ്ട്. അബട്ട്മെന്റ് നിർമ്മിക്കേണ്ട സ്ഥലത്ത് രണ്ട് വ്യക്തികൾ വീടുവച്ച് താമസിക്കുന്നതിനാൽ അവരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കോടിമത പുതിയ പാലത്തോട് ചേർന്നുള്ള പുറമ്പോക്കിൽ താമസിക്കുന്നവർക്ക് ഭൂമി നൽകുന്നതിനായി ബന്ധപ്പെട്ട വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടി സ്വീകരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡ് നിർമ്മാണം

34 (4357) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ നിയോജകമണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) പ്രസ്തുത നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ; അതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ജി.ഒ. (എം.എസ്.) നമ്പർ 9/2018/പൊ.മ.വ. പ്രകാരം 350 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയ മണലൂർ നിയോജകമണ്ഡലത്തിലെ കരുവന്തല-ചക്കംകണ്ടം റോഡ് 0/000 മുതൽ 8/650 വരെ ബി.എം.&ബി.സി. നിലവാരത്തിലേയ്ക്ക് പുനരുദ്ധാരണം നടത്തുന്നതിനുവേണ്ടി M/s Ojavis Construction എന്ന സ്ഥാപനത്തിന് കരാർ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് 15-6-2019-ന് 9 മാസത്തെ പൂർത്തീകരണ കാലാവധിയോടെ കരാറുകാരന് കൈമാറിയിട്ടുള്ളതും മൺസൂണിനുശേഷം ബി.എം.&ബി.സി. പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

## ചേലക്കര മണ്ഡലത്തിലെ വാഴക്കോട്-പ്ലാഴി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തി

35 (4358) ശ്രീ.യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വാഴക്കോട്-പ്ലാഴി റോഡ് പുനരുദ്ധാരണ പ്രവൃത്തി നടത്തിയിട്ട് എത്രവർഷമായെന്ന് അറിയിക്കുമോ;

(ബി) തൃശ്ശൂർ, പാലക്കാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും വലിയ തോതിൽ ഗതാഗത പ്രാധാന്യം ഉള്ളതുമായ 22 കിലോമീറ്റർ നീളം വരുന്ന വാഴക്കോട്-പ്ലാഴി റോഡ്, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) വാഴക്കോട്-പ്ലാഴി റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ പൂർത്തിയായിട്ട് 8 വർഷം കഴിഞ്ഞു.

(ബി) 22.642 കിലോമീറ്റർ നീളംവരുന്ന വാഴക്കോട്-പ്ലാഴി റോഡ്, റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരൂർ-മലപ്പുറം റോഡിലെ ആർ.ഒ.ബി. അപ്രോച്ച് റോഡ് നിർമ്മാണം

36 (4359) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ-മലപ്പുറം റോഡിലെ ആർ.ഒ.ബി. വീതികൂട്ടുന്നതിന്റെ ഭാഗമായുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം നിലവിൽ ഏതു ഘട്ടത്തിലാണ്;

(ബി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ നൽകിയ 12-12-2018-ലെ സി.ഇ./ആർ&ബി /എം.എൻ.ജെ./ 2018/10765/ടൈസ് എന്ന നമ്പരിലുള്ള കത്തിനോടൊപ്പം സമർപ്പിച്ച 299 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേക്ക് നൽകുമെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ഈ സാമ്പത്തിക വർഷം തന്നെ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) തിരൂർ-മലപ്പുറം റോഡിലെ ആർ.ഒ.ബി.-യുടെ അപ്രോച്ച് റോഡിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം

37 (4360) ശ്രീ. മാത്യു ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല ബൈപ്പാസിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) ബൈപ്പാസ് നിർമ്മാണത്തിനായുള്ള സ്ഥലം പൂർണ്ണമായി കൈവശം വന്നത് എന്നാണെന്ന് വിശദമാക്കാമോ;

(സി) ബൈപ്പാസിൽ രാമഞ്ചിറ ഭാഗത്തുള്ള മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായുള്ള രൂപകല്പന സംബന്ധിച്ച് ആശയക്കുഴപ്പം ഉണ്ടെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വാസ്തവം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ഭാഗത്തെ നിർമ്മാണ പ്രവൃത്തികൾ വൈകുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2019 ഒക്ടോബർ മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) തിരുവല്ല ബൈപ്പാസ് നിർമ്മാണത്തിനായുള്ള സ്ഥലം പൂർണ്ണമായി കൈവശം വന്നത് 3-6-2019-ലാണ്.

(സി) രാമൻചിറ മേൽപ്പാലത്തിന്റെ ഡിസൈനിൽ വ്യതിയാനം വരുത്താൻ കരാറുകാരൻ അപേക്ഷിക്കുകയുണ്ടായി. തുടർന്ന് 2019 ഏപ്രിൽ മാസത്തെ ലോക ബാങ്കിന്റെ ഇൻസ്പെക്ഷൻ സമയത്ത് ഈ വിഷയം ചർച്ച ചെയ്യുകയും മേയ് 2019-ലെ ലോക ബാങ്ക് റിപ്പോർട്ടിൽ കരാറുകാരന്റെ ആവശ്യം ഭാഗികമായി അംഗീകരിച്ച് 'Pre stressed Concrete Girder' ഡിസൈനിലേയ്ക്ക് മാറ്റംവരുത്താനായി അനുവാദം നൽകുകയും ചെയ്തു. നിലവിൽ മേൽപ്പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ആശയക്കുഴപ്പം ഒന്നുംതന്നെ നിലവിലില്ല.

(ഡി) 2019 ഏപ്രിൽ മാസം നടത്തിയ ലോക ബാങ്ക് ഇൻസ്പെക്ഷൻ സമയത്ത് പൈൽ ലോഡ് ടെസ്റ്റ് നടത്തിയതിനുശേഷം മാത്രം പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയാൽ മതിയെന്ന് നിർദ്ദേശിക്കുകയുണ്ടായി. കൂടാതെ പ്രസ്തുത പ്രവൃത്തി പുരോഗമിച്ചുവരുമ്പോൾ അനുഭവപ്പെട്ട മണ്ണിന്റെ ലഭ്യത ക്കുറവും പ്രവൃത്തിയുടെ പുരോഗതിയിൽ കാലതാമസമുണ്ടാകാൻ കാരണ മായി.

## മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ്

38 (4361) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി മുഖേന നടപ്പിലാക്കുന്ന മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്നതിന് കാരണമെന്തെന്ന് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി പോസ്റ്റുകൾ, പൈപ്പുകൾ എന്നിവ മാറ്റുന്നതിനുള്ള ഫണ്ട് ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് കാരണം എന്തെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നിലവിൽ പ്രസ്തുത പ്രവൃത്തി നടക്കുന്നുണ്ട്. എന്നാൽ റോഡ് വികസനത്തിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ വെട്ടാൻ സോഷ്യൽ ഫോറസ്ട്രിയുടെ അനുമതി ലഭിക്കാത്തതിനാലും യൂട്ടിലിറ്റി ഷിഫ്റ്റിംഗ് നടക്കാത്തതിനാലും പ്രവൃത്തിയുടെ പുരോഗതി മന്ദഗതിയിലാണ്.

(ബി) ഉണ്ട്.

**കരുവന്തല-ചക്കംകണ്ടം റോഡ്**

39 (4362) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ കരുവന്തല-ചക്കുകണ്ടം റോഡ്, പൊതുമരാമത്ത് വകുപ്പ് എന്നാണ് ഏറ്റെടുത്തതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത റോഡിനായി എത്ര മീറ്റർ വീതിയിൽ ഭൂമി ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) 2016-17 ബജറ്റിൽ ഈ റോഡിനായി ഏത്ര തുക വകയിരുത്തിയെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദീകരിക്കുമോ;

(ഡി) റോഡിനായി ബജറ്റിൽ വകയിരുത്തിയ തുക മറ്റ് ഏതെങ്കിലും പ്രവൃത്തികൾക്കായി വക മാറ്റിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ഉത്തരം

(എ) 23-11-2004-ലെ G.O. (Rt) No. 1172/2004/PWD പ്രകാരം കരുവന്തല-ചക്കംകണ്ടം റോഡ് എം.ഡി.ആർ. ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) പൊതുമരാമത്ത് വകുപ്പ് ഭൂമി ഏറ്റെടുത്തിട്ടില്ല. പ്രസ്തുത റോഡ് വെങ്കിടങ്ങ്, മുല്ലശ്ശേരി, പാവറട്ടി, തൈക്കാട് (ഇപ്പോൾ ഗുരുവായൂർ നഗരസഭയുടെ ഭാഗം) പഞ്ചായത്തുകളിൽക്കൂടി കടന്നുപോകുന്നു. 8 മീറ്റർ സ്ഥലം ലഭ്യമാക്കാമെന്ന് പ്രസ്തുത പഞ്ചായത്തുകൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് പൊതുമരാമത്ത് വകുപ്പ് റോഡ് ഏറ്റെടുത്തിട്ടുള്ളത്.

(സി) 2016-17 ബഡ്ജറ്റിൽ 35 കോടി രൂപ കരുവന്തല-ചക്കക്കണ്ടം റോഡിനായി മാറ്റിവച്ചു. ആയതിൻപ്രകാരം തുക ഒന്നുംതന്നെ ചെലവഴിച്ചിട്ടില്ല. എന്നാൽ 2017-18 ബഡ്ജറ്റിൽ (സ്പെഷ്യൽ സാങ്ഷനിൽ) ഉൾപ്പെടുത്തി പ്രസ്തുത പ്രവൃത്തിക്ക് 350 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ഡി) കരുവന്തല-ചക്കംകണ്ടം റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തിക്ക് പകരം പെരുമ്പുഴ ഒന്നും രണ്ടും പാലവും കണ്ടശ്ശാംകടവ് പാലവും നിർമ്മിക്കണമെന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

**ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം**

40 (4363) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷം ആലത്തൂർ മണ്ഡലത്തിൽ വിവിധ പദ്ധതികളിലൂടെ അനുവദിച്ച പൊതുമരാമത്ത് റോഡ് പ്രവൃത്തികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രളയത്തിന്റെ ഭാഗമായി കേടുപാടുകൾ സംഭവിച്ച ആലത്തൂർ മണ്ഡലത്തിലെ റോഡുകളുടെ നവീകരണം പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിനായി എത്ര രൂപ ചെലവഴിച്ചു; പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ)&ബി വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

## പട്ടാമ്പി - പുലാമന്തോൾ പാത നവീകരണം

41 (4364) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി പുലാമന്തോൾ പാത അവസാനമായി നവീകരിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; നവീകരണ പ്രവൃത്തി ഏതു കമ്പനിയാണ് നടത്തിയത് എന്നും ഏതെല്ലാം പ്രവൃത്തികൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും അതിനായി അനുവദിച്ച തുകയും കരാറുകാരൻ കൈപറ്റിയ തുകയും അടക്കമുള്ള വിശദാംശങ്ങളും തീയതി സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ പുനർനിർമ്മാണവുമായി ബന്ധപ്പെട്ടുള്ള വിജിലൻസ് കേസിന്റെ വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ കേസുമായി ബന്ധപ്പെട്ട് എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 5-7-2012-ലെ എസ്.ഇ.(കെ) 96/2012 നമ്പർ കരാർ പ്രകാരം 15 മാസ കാലയളവിൽ കുദ്രോളി കൺസ്ട്രക്ഷൻസ് എന്ന കമ്പനിയാണ് പട്ടാമ്പി-പുലാമന്തോൾ പാതയുടെ നവീകരണ പ്രവൃത്തി ഏറ്റെടുത്തിരുന്നത്. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലിനായി 3,62,57,011 രൂപ അനുവദിക്കുകയും നികുതി തുടങ്ങിയ കിഴിവുകൾ കഴിച്ച് 2,39,14,281 രൂപ കരാറുകാരന് 30-5-2019-ൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ വിജിലൻസ് കേസ് നടന്നുകൊണ്ടിരിക്കുകയാണെങ്കിലും റോഡിന്റെ ശോചനീയാവസ്ഥ പരിഗണിച്ച് ഈ വർഷം പട്ടാമ്പി-പുലാമന്തോൾ റോഡിനനുവദിച്ച പ്രവൃത്തികളുടെ തുകയും വിവരവും ചുവടെ ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പ്രസ്തുത റോഡിന്റെ കിലോമീറ്റർ 15/250 മുതൽ 19/000 വരെയുള്ള ഭാഗത്തിന്റെ 5 കോടി രൂപയുടെ പ്രവൃത്തി ഏറ്റെടുത്തത് ULCCS ആണ്. ഈ ഭാഗത്ത് ബി.എം.& ബി.സി. പ്രവൃത്തി പൂർത്തീകരിച്ചു. റോഡ് മാർക്കിംഗ് പ്രവൃത്തികൾ നടന്നുവരുന്നു. കിലോമീറ്റർ 14/750 മുതൽ 15/250 വരെയും കിലോമീറ്റർ 19/000 മുതൽ 20/000 വരെയുമുള്ള ഭാഗത്തെ 2.11 കോടി രൂപയുടെ പ്രവൃത്തി ടി. ഷാജി എന്ന കരാറുകാരനാണ് ഏറ്റെടുത്തത്. ഈ ഭാഗത്തിന്റെ ബി.എം. പ്രവൃത്തി പൂർത്തീകരിച്ചു. കിലോമീറ്റർ 20/000 മുതൽ 26/350 വരെയുള്ള ഭാഗത്തിന്റെ 10 കോടി രൂപയുടെ പ്രവൃത്തി ടി.എം. അബ്ദുൾ ഹമീദ് എന്ന കരാറുകാരനാണ് ഏറ്റെടുത്തത്. ഈ ഭാഗത്ത് ജി.എസ്.ബി. ലേയിംഗ് വർക്കുകൾ നടന്നു കൊണ്ടിരിക്കുന്നു.

(ബി&സി) വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ പട്ടാമ്പി-പുലാമന്തോൾ റോഡ് നിർമ്മാണത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന കുറ്റാരോപിതർക്കെതിരെ വി.സി.25/15/പി.കെ.ഡി. നമ്പരായി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. ശ്രീ. പി. ഉണ്ണികൃഷ്ണൻ, മുൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് ഡിവിഷൻ, ഷൊർണ്ണൂർ

2. ശ്രീ. ഇ. എം. വാസുദേവൻ, മുൻ അസിസ്റ്റന്റ് എഞ്ചിനീയർ (റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ

3. ശ്രീ. എം. വിജയകുമാരൻ, സൂപ്രണ്ടിംഗ് എഞ്ചിനീയർ (റിട്ടയേർഡ്), (മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ് ഡിവിഷൻ, പാലക്കാട്)

4. ശ്രീ. ടി. എം. രാഘവൻ, മുൻ തേർഡ് ഗ്രേഡ് ഓവർസിയർ (റിട്ടയേർഡ്), പൊതുമരാമത്ത് റോഡ്സ് സെക്ഷൻ, ഷൊർണ്ണൂർ

5. ശ്രീ. കെ. വി. അസഫ്, മുൻ സൂപ്രണ്ടിംഗ് എഞ്ചിനീയർ, പൊതുമരാമത്ത് റോഡ്സ് & ബ്രിഡ്ജസ് നോർത്ത് സർക്കിൾ, കോഴിക്കോട് (മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, റോഡ്സ് ഡിവിഷൻ, പാലക്കാട്)

6. ശ്രീ. അബ്ദുറഹ്മാൻ (കോൺട്രാക്ടർ), S/o മൊഹമ്മദ്, കുദ്രോയിൽ മൻസിൽ, ചേർക്കാല പി.ഒ.

വിജിലൻസ് അന്വേഷണത്തിൽ കുറ്റക്കാരായി കണ്ടെത്തിയ 1 മുതൽ 4 വരെയുള്ള കുറ്റാരോപിതർ, 6-ാം കുറ്റാരോപിതൻ എന്നിവർക്കെതിരെ പ്രോസിക്യൂഷൻ നടപടി ശിപാർശ ചെയ്തുകൊണ്ട് വസ്തുതാ റിപ്പോർട്ട് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. 5-ാം കുറ്റാരോപിതനെതിരെ നടപടികളൊന്നും ശിപാർശ ചെയ്തിട്ടില്ല. വസ്തുതാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

## മാനാഞ്ചിറ-പാവങ്ങാട് റോഡ് വീതി കൂട്ടാൻ നടപടി

42 (4365) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ-പാവങ്ങാട് റോഡ് വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ-പാവങ്ങാട് റോഡ് വീതി കൂട്ടുന്നതിന് നിലവിൽ പ്രൊപ്പോസലുകളൊന്നും പരിഗണനയിലില്ല.

## മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ്

43 (4366) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാതാ വികസന പദ്ധതിയിൽ ഉൾപ്പെട്ട മാനാഞ്ചിറ-വെള്ളിമാട്കുന്ന് റോഡ് വീതി കൂട്ടി വികസിപ്പിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(സി) പ്രവൃത്തി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ: എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) മാനാഞ്ചിറ-വെള്ളിമാട് കുന്ന് റോഡ് വികസനത്തിന് 7.4595 Ha സ്വകാര്യഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. ഇതിൽ 2.7577 Ha ഭൂമി ഏറ്റെടുത്തു. ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് (4.70178 Ha) സർക്കാർ ഉത്തരവ് G.O.(Rt) No.1796/2018/PWD dated 19-11-2018 പ്രകാരം 234.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 110 കോടി രൂപ ഇതുവരെ അനുവദിച്ചിട്ടുണ്ട്. നിലവിൽ 110 കോടി രൂപ കൂടാതെ 234.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി ഒരു സ്പെഷ്യൽ എൽ.എ. യൂണിറ്റ് നിലവിലുണ്ട്.

(സി) നിലവിൽ ഭൂമി ഏറ്റെടുക്കാനുള്ള നടപടിക്രമങ്ങളുടെ താമസമൊഴികെ മറ്റ് തടസ്സങ്ങളില്ല.

**കായപനച്ചി-കുന്നംചിറ-ചുണ്ടയിൽ-എടച്ചേരി റോഡ് പദ്ധതി**

44 (4367) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ പ്രഖ്യാപിച്ച കായപനച്ചി-കുന്നംചിറ-ചുണ്ടയിൽ-എടച്ചേരി റോഡിന്റെ ഡി.പി.ആർ. (ഡീറ്റെയ്ൽഡ് പ്രൊജക്റ്റ് റിപ്പോർട്ട്) തയ്യാറാക്കാൻ വൈകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. തയ്യാറാക്കാൻ വേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്നും ആയത് തയ്യാറാക്കുന്നതിന് നിലവിൽ തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് എന്താണെന്നും വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി ആയതിന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ-സി) കിഫ്ബി മുഖാന്തിരം ഫണ്ട് ലഭ്യമാക്കി ചെയ്യുന്നതിനായി 10-7-2017-ലെ സ.ഉ. (സാധാ) നമ്പർ 942/2017/പൊ.മ.വ. പ്രകാരം തത്വത്തിൽ അനുമതി നൽകിയ 'കായപനച്ചി-ചുണ്ടയിൽ-പുതിയങ്ങാടി റോഡ്' എന്ന പ്രവൃത്തിയുടെ പേരു മാറ്റം വരുത്തുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരികയാണെന്നും പേരു മാറ്റത്തിന് അംഗീകാരം ലഭിച്ചതിനുശേഷം ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റ് നടപടികൾ സ്വീകരിക്കുന്നതാണെന്നും പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പേരു മാറ്റം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

**മാനന്തവാടി മണ്ഡലത്തിൽ ബി.എം.& ബി.സി. റോഡ്**

45 (4368) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മാനന്തവാടി മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡാണ് ബിറ്റുമിനസ് മെക്കാഡം & ബിറ്റുമിനസ് കോൺക്രീറ്റ് (ബി.എം.&ബി.സി.) നിലവാരത്തിലേക്ക് ഉയർത്തുന്നത്; ഇതിനായി എന്ത് തുകയാണ് അനുവദിച്ചത് എന്നറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുന്നതിന് മുമ്പ് പ്രസ്തുത മണ്ഡലത്തിലെ എത്ര കിലോമീറ്റർ റോഡാണ് ബി.എം.&ബി.സി. നിലവാരത്തിൽ ഉണ്ടായിരുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 61.420 കിലോമീറ്റർ റോഡ്, 5425 ലക്ഷം രൂപ.

(ബി) 93.58 കിലോമീറ്റർ റോഡ്.

**ബാലുശ്ശേരി മണ്ഡലത്തിലെ പൊതുമരാമത്ത് റോഡ് പ്രവൃത്തികൾ**

46 (4369) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി ബാലുശ്ശേരി മണ്ഡലത്തിൽ ആരംഭിച്ചിട്ടുള്ള പൊതുമരാമത്ത് റോഡുപ്രവൃത്തികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ടെണ്ടർ ചെയ്ത് കരാറുകാരനുമായി എഗ്രിമെന്റ് വെച്ച തീയതിയും ഓരോ വർക്കും പൂർത്തീകരിക്കുന്നതിന് കരാറുകാരന് അനുവദിച്ചിട്ടുള്ള കാലപരിധിയും അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ എത്ര ശതമാനം പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്; വിശദമാക്കുമോ;

(സി) കാലവർഷം ആരംഭിക്കുന്നതിന് മുൻപേ പൂർത്തിയാക്കേണ്ട പ്രസ്തുത പ്രവൃത്തികൾ ആരംഭിക്കുന്നതിൽ കാലതാമസം നേരിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ടെണ്ടർ ചെയ്ത വർക്ക് എഗ്രിമെന്റ് ചെയ്തിട്ടും മനഃപൂർവ്വം പ്രവൃത്തി ആരംഭിക്കാതിരിക്കുന്ന കരാറുകാർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി&ഡി) ഉണ്ട്. നിലവിൽ എല്ലാ പ്രവൃത്തികളും ആരംഭിച്ചിട്ടുണ്ട്. കാലാവധി ക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും പിഴ ഈടാക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോഴിക്കോട് നഗരപാതാ വികസന പദ്ധതി

47 (4370) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരപാതാവികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളുടെ പേരും നീളവും ചെലവുവരുന്ന തുകയും എത്രയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കോഴിക്കോട് നഗരപാതാ വികസന പദ്ധതിയുടെ രണ്ടാംഘട്ട പ്രവൃത്തികളുടെ വിശദമായ പഠന റിപ്പോർട്ട് 2006-ൽ M/s Consulting Engineering Services (India) Private Limited തയ്യാറാക്കിയിരുന്നു. പ്രസ്തുത റിപ്പോർട്ട് കാലഹരണപ്പെട്ടതിനാൽ പദ്ധതി റിപ്പോർട്ടിന്റെ പുനർനിർണ്ണയത്തിനും പുതുതായി 6 റോഡുകളുടെ വിശദമായ റിപ്പോർട്ട് തയ്യാറാക്കുന്നതിനും പൊതുമരാമത്ത് ഡിസൈൻ വിഭാഗമായ DRIQ-നെ ഏൽപ്പിച്ചിരിക്കുകയാണ്. നിലവിൽ പദ്ധതിയുടെ ഇൻവെസ്റ്റിഗേഷൻ വർക്ക് ചെയ്യുന്നതിനുവേണ്ടി M/s Synergy Architectures & Engineers, Kalamassery-യെ ഡിസൈൻ വിഭാഗം ഏൽപ്പിച്ചിരിക്കുകയാണ്. ഇൻവെസ്റ്റിഗേഷൻ പഠനം ഉടനെ ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകളുടെ പേരും നീളവും അനുബന്ധമായി ചേർക്കുന്നു*. പദ്ധതിയുടെ എസ്റ്റിമേറ്റ് തുക, വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുമ്പോൾ മാത്രമേ ലഭിക്കുകയുള്ളൂ.

## പത്തനംതിട്ട റിംഗ് റോഡിലെ അനധികൃത കയ്യേറ്റങ്ങൾ

48 (4371) ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് രേഖകൾ പ്രകാരം പത്തനംതിട്ട ടൗണിലെ റിംഗ് റോഡിന്റെ വീതി എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) റിംഗ് റോഡിൽ സർവ്വേ നടത്തി കല്ലുകൾ ഇടുന്ന പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്ന് അറിയിക്കാമോ;

(സി) റിംഗ് റോഡിൽ പൊതുമരാമത്ത് വക സ്ഥലത്ത് എത്രത്തോളം അനധികൃത കയ്യേറ്റങ്ങൾ ഉണ്ടെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് രേഖകൾ പ്രകാരം പത്തനംതിട്ട ടൗണിലെ റിംഗ് റോഡിന്റെ വീതി 18 മീറ്റർ മുതൽ 22 മീറ്റർ വരെയാണ്.

(ബി) പൂർത്തിയായിട്ടില്ല.

(സി&ഡി) റിംഗ് റോഡിൽ പൊതുമരാമത്ത് വക സ്ഥലത്ത് രണ്ട് കെട്ടിടങ്ങളും ഒരു മതിലും കയ്യേറി നിർമ്മിച്ചിട്ടുണ്ട്. അവ പൊളിച്ചുമാറ്റുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ട്. സർവ്വേ പൂർത്തീകരിക്കുന്നമുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്.

**പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേ**

49 (4372) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ എത്ര കിലോമീറ്റർ റോഡാണ് കടന്നുപോകുന്നത്; ഇതിൽ പാലം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം എന്നറിയിക്കാമോ;

(ബി) പാലങ്ങളുടെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും;

(സി) തീരദേശ ഹൈവേയുടെ പയ്യന്നൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന റീച്ച് പണി ആരംഭിക്കാൻ ഇതുവരെ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമാണ് എന്ന് വിശദമാക്കാമോ;

(ഡി) തീരദേശ ഹൈവേക്ക് ഭൂമി ഏറ്റെടുക്കുന്നതിന് റവന്യൂ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) പയ്യന്നൂർ മണ്ഡലത്തിൽ തീരദേശ ഹൈവേയുടെ 10.342 കിലോമീറ്റർ റോഡാണ് കടന്നുപോകുന്നത്. ഇതിൽ ഓലക്കീൽ പാലം ഉൾപ്പെട്ടിട്ടുണ്ട്.

(ബി) പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തീകരിച്ചു.

(സി) തീരദേശ ഹൈവേയുടെ പയ്യന്നൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന റീച്ചിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി.

(ഡി) ഇല്ല. അക്വയർ ചെയ്യുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ വ്യാപ്തി നിർണ്ണയിക്കുന്നതിന്റെ പ്രവൃത്തികൾ നടന്നുവരുന്നു.

## നടുവണ്ണൂർ-മന്ദൻകാവ്-ഊരള്ളൂർ-മൂത്താമ്പി റോഡ് നവീകരണം

50 (4373) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ-മന്ദൻ കാവ്-ഊരള്ളൂർ-മൂത്താമ്പി റോഡ് നവീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്നറിയിക്കാമോ;

(ബി)നടുവണ്ണൂർ മന്ദൻ കാവിലെ കീഴ്ക്കോട്ട് കടവിലെ ഗതാഗതയോഗ്യമല്ലാതായി തീർന്ന രണ്ട് പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) നടുവണ്ണൂർ-മന്ദൻകാവ്-ഊരള്ളൂർ-മൂത്താമ്പി റോഡ് (10 കിലോമീറ്റർ-10 കോടി) 2018-19-ൽ സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര ഉപരിതല ഹൈവേ മന്ത്രാലയത്തിൽനിന്നും ഭരണാനുമതിയും സംസ്ഥാന സർക്കാരിൽനിന്നും സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ദേശീയപാതാ വിഭാഗത്തിൽനിന്നും സാങ്കേതികാനുമതി നൽകി ടെൻഡർ നടപടികൾ പൂർത്തീകരിച്ച് 23-2-2019-ൽ അംഗീകാരം നൽകിയിട്ടുണ്ട്. തുടർന്ന് 25-2-2019-ന് ഉത്തരമേഖല സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാറുകാരനായ ULCCS-ക്ക് സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത റോഡിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പിടുന്ന പ്രവൃത്തി നടന്നുവരുന്നതിനാൽ കരാർ ഉടമ്പടി ഒപ്പുവയ്ക്കാൻ സാധിച്ചിട്ടില്ല. ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിൽ മേൽ വിഷയം ചർച്ച ചെയ്യുകയും ഉടൻതന്നെ കരാർ ഉടമ്പടി വയ്ക്കാമെന്ന് ULCCS ഉറപ്പ് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) നടുവണ്ണൂർ-മന്ദൻകാവിലെ കീഴ്ക്കോട്ടുകടവ് റോഡിൽ ഗതാഗതയോഗ്യമല്ലാത്ത പാലങ്ങളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ആറാട്ടുകുഴി-അമ്പൂരി-നെയ്യാർഡാം റോഡിനെ പുതിയ പാലവുമായി ബന്ധിപ്പിച്ച് റോഡ്

51 (4374) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ നെയ്യാർഡാമിന് സമീപം പത്ത് കോടി രൂപ ചെലവിൽ നിർമ്മാണം പൂർത്തിയായി വരുന്ന പാലത്തിന്റെ ഗുണം പൊതു ജനങ്ങൾക്ക് പൂർണ്ണമായ തോതിൽ ലഭിക്കണമെങ്കിൽ ആറാട്ടുകുഴി-അമ്പൂരി-നെയ്യാർഡാം റോഡിനെ ദൈവപ്പുരയിൽ നിന്നും നെയ്യാർഡാം പാലവുമായി ബന്ധിപ്പിച്ച് അപ്രോച്ച് റോഡ് നിർമ്മിക്കേണ്ടതുണ്ട് എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപ്രോച്ച് റോഡ് നിർമ്മാണത്തിനായി സമർപ്പിച്ചിരിക്കുന്ന പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഗണിച്ച് റോഡ് നിർമ്മാണത്തിനായുള്ള തുടർ നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ നെയ്യാർഡാമിന് സമീപം നിർമ്മാണം പൂർത്തിയാക്കുന്ന കള്ളിക്കാട് പാലത്തിന്റെ അപ്രോച്ച് റോഡ് ദൈവപ്പുര വരെ നീട്ടുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി ഫിഷറീസ് വകുപ്പിന്റെ അധീനതയിൽ വരുന്ന ഭൂമിയിൽക്കൂടി 265 മീറ്റർ നീളത്തിൽ പുതുതായി റോഡ് നിർമ്മിക്കേണ്ടതുണ്ട്. ഇതിനായി 14.41 ആർ ഭൂമി ടി വകുപ്പിൽനിന്നും പൊതുമരാമത്ത് വകുപ്പിന് കൈമാറി കിട്ടേണ്ടതായുണ്ട്. ഇത് പൊതുമരാമത്ത് വകുപ്പിന് കൈമാറി നൽകുന്നതിനാവശ്യമായ നടപടികൾ ഫിഷറീസ് വകുപ്പിൽ നടന്നുവരുന്നു. ഭൂമി കൈമാറിക്കിട്ടുന്നമുറയ്ക്ക് റോഡ് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാഞ്ഞങ്ങാട്-കാസർഗോട് റോഡിലെ ബ്ലാക്ക് സ്പോട്ടുകൾ

52 (4375) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട്-കാസർഗോട് കെ.എസ്.ടി.പി. റോഡിൽ അപകട സാധ്യത വളരെയേറെയുള്ള ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ എത്ര ബ്ലാക്ക് സ്പോട്ടുകളാണ് കണ്ടെത്തിയതെന്നും ഏതെല്ലാം സ്ഥലങ്ങളിലാണവയെന്നും വ്യക്തമാക്കാമോ;

(സി) ബ്ലാക്ക് സ്പോട്ടുകളിൽ നിരീക്ഷണ ക്യാമറ സ്ഥാപിച്ച് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഡി) അപകടങ്ങൾ ഏറെ നടക്കുന്ന റോഡുകളിൽ ആവശ്യത്തിന് സുരക്ഷാ സൗകര്യമൊരുക്കണമെന്ന് ബന്ധപ്പെട്ട ഉദ്യാഗസ്ഥന്മാർക്ക് നിർദ്ദേശം നൽകുമോ യെന്നും ഏതു തരത്തിലുള്ള സുരക്ഷാക്രമീകരണങ്ങളാണ് ഉദ്ദേശിക്കുന്ന തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 2017 ആഗസ്റ്റിൽ നാറ്റ്പാക് നടത്തിയ പഠന റിപ്പോർട്ടിൽ കാസർഗോട്-കാഞ്ഞങ്ങാട് പാതയിൽ എവിടെയെങ്കിലും ആക്സിഡന്റ് ബ്ലാക്ക് സ്പോട്ടുകൾ ഉള്ളതായി റിപ്പോർട്ട് ചെയ്തിട്ടില്ല.

(ഡി) റോഡ് സുരക്ഷാ ഉപാധികളായ ഹാർഡ് ഷോൾഡർ, റോഡ് മാർക്കിംഗ്, ക്രാഷ് ബാരിയർ, സിഗ്നലുകൾ, സോളാർ വിളക്കുകൾ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**വല്ലാർപാടം റിംഗ് ബൗണ്ട് റോഡ്**

53 (4376) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം റിംഗ് ബൗണ്ട് റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കാമോ; എത്ര തുകയാണ് പ്രസ്തുത റോഡിനായി നീക്കിവെച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പദ്ധതി നടപ്പാക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വല്ലാർപാടം പ്രദേശത്തെ വികസനവുമായി ബന്ധപ്പെട്ട് തീര സംരക്ഷണവും ഒരു ബണ്ട് റോഡ് നിർമ്മിക്കുന്നതിനുംവേണ്ടി 13-2-2012-ലെ സ.ഉ. (സാധാ)നമ്പർ 443/2012/ത.സ്വ.ഭ.വ. പ്രകാരം 1714 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വല്ലാർപാടം റിംഗ് ബണ്ട് റോഡിലുള്ള ഏതാനും സ്ലൂയിസുകളുടെ (ഓവ്) പുനർനിർമ്മാണവും മറ്റ് അനുബന്ധ പ്രവൃത്തികളും എറണാകുളം മൈനർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽ 3.42 കോടി രൂപ ചെലവാക്കി പൂർത്തീകരിച്ചു. എറണാകുളം മേജർ ഇറിഗേഷൻ ഡിവിഷന്റെ കീഴിൽവരുന്ന ബണ്ട് റോഡിന്റെ നിർമ്മാണത്തിനായി 1417 കോടി രൂപയുടെ സാങ്കേതികാനുമതിക്കുള്ള പ്രൊപ്പോസലിൽ, പ്രസ്തുത പ്രവൃത്തിയുടെ സൈറ്റ് ചീഫ് ടെക്നിക്കൽ എക്സാമിനർ സന്ദർശിക്കുകയും വിശദമായ മണ്ണ് പരിശോധനകൾ നടത്തി ഐ.ഡി.ആർ.ബി.-യുടെ ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിരുന്നു. തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണം

54 (4377) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20-ലെ ബജറ്റിൽ തുക വകയിരുത്തിയിട്ടുള്ള ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണപദ്ധതിയുടെ പ്രാഥമിക നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) രൂക്ഷമായ ഗതാഗതക്കുരുക്കുമൂലം യാത്രാദുരിതം അനുഭവിക്കുന്ന ചെങ്ങന്നൂർ പട്ടണനിവാസികൾക്ക് ആശ്വാസകരമാകുന്ന പ്രസ്തുത പദ്ധതി വേഗത്തിൽ യാഥാർത്ഥ്യമാക്കുന്നതിന് ഒരു പ്രത്യേക ടീമിനെ ചുമതലപ്പെടുത്തി നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ബൈപ്പാസ് നിർമ്മാണ പദ്ധതിക്കുവേണ്ടിയുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. രണ്ടാംഘട്ടത്തിന്റെയും മൂന്നാംഘട്ടത്തിന്റെയും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ നടന്നുകൊണ്ടിരിക്കുകയാണ്. പൂർത്തിയായാൽ ഉടൻതന്നെ ഡി.പി.ആർ. സമർപ്പിക്കുന്നതായിരിക്കും.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## തിരുവനന്തപുരം ജില്ലയിൽ സി.ആർ.എഫ്. ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികൾ

55 (4378) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തിരുവനന്തപുരം ജില്ലയിൽ സി.ആർ.എഫ്. ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) സി.ആർ.എഫ്. ഉപയോഗിച്ച് പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ജില്ലയിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ സി.ആർ.എഫ്. പദ്ധതിയിൽ അനുമതി ലഭിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുക്കുന്നത് 10 കിലോമീറ്റർ കുറയാത്ത സംസ്ഥാന പാതകൾ, മേജർ ജില്ലാ റോഡുകൾ, ദേശീയപാതയെ മറ്റ് ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്ന റോഡുകൾ, അന്തർ സംസ്ഥാന പാതകൾ, വാണിജ്യ-വ്യവസായ-വിനോദ പ്രാധാന്യമുള്ള റോഡുകൾ എന്നിവയാണ്. കൂടാതെ പാലങ്ങളുടെ നിർമ്മാണവും പുനർനിർമ്മാണവും സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്താറുണ്ട്.

## കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

56 (4379) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിൽ പുരോഗമിക്കുന്ന റോഡ് പ്രവൃത്തികൾ ഏതെല്ലാമാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോഴേക്ക് പൂർത്തീകരിക്കാൻ കഴിയും; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ &ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## അരൂർ പാലത്തിന്റെ പുനരുദ്ധാരണം

57 (4380) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളെ ബന്ധിപ്പിക്കുന്ന അരൂർ പാലം, അപ്രോച്ച് റോഡിന്റെ കൽക്കെട്ടുകൾ തകർന്നും മേൽത്തട്ടിലെ സ്പാനുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പട്ടകൾ നശിച്ചും പാലത്തിന്റെ വശങ്ങളിൽ ആൽമരങ്ങൾ വളർന്നുനിൽക്കുന്നതും കാരണം ശോചനീയാവസ്ഥയിലാണെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ;

(ബി) അറുപത് വർഷം പിന്നിടുന്ന പ്രസ്തുത പാലം പുനരുദ്ധരിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ അതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 15-11-2017-ൽ പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ പാലങ്ങളുടെ അറ്റകുറ്റപ്പണി, പുനർനിർമ്മാണം, പുനരുദ്ധാരണം എന്നിവയെ സംബന്ധിച്ച ഒരു അവലോകനം പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും ടി പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റുകൾ ഭരണാനുമതിക്കായി സമർപ്പിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പുനരുദ്ധാരണം ആവശ്യമായുള്ള 208 പാലങ്ങളിൽ 115 പാലങ്ങൾക്കുവേണ്ട 13.20 കോടി രൂപയുടെ എസ്റ്റിമേറ്റും അവയുടെ പട്ടികയും ഭരണാനുമതിക്കും പ്രത്യേക അനുമതിക്കുമായി ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പ്രൊപ്പോസൽ പരിശോധിക്കുകയും ഓർഡിനറി റിപ്പയറിനും വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുമുള്ള പ്രൊപ്പോസലുകൾ പ്രത്യേകമായി സമർപ്പിക്കുന്നതിന് 30-11-2018-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. അപ്രകാരം അനുമതിക്കായുള്ള പ്രൊപ്പോസലുകൾ ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

(ബി) സ്വീകരിക്കും. പാലം പുനരുദ്ധരിക്കാൻ വേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് ലഭ്യമായാലുടൻ ഭരണാനുമതി നൽകുന്നതാണ്.

## ഇറപ്പുഴ കല്ലിശ്ശേരി പാലം പൈതൃകപാലമായി സംരക്ഷിക്കുവാൻ നടപടി

58 (4381) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ ഇറപ്പുഴ കല്ലിശ്ശേരി പാലം പൈതൃക പാലമായി സംരക്ഷിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന ശിപാർശ അടിയന്തര പരിശോധനയ്ക്കും റിപ്പോർട്ടിനുമായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയർ (പാലങ്ങൾ)ക്ക് 11-2-19-ലെ 3242659/M/PWD&R നമ്പർ കത്തിലൂടെ നല്കിയിരുന്നോ; കത്തുപ്രകാരം സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ചെങ്ങന്നൂർ-തിരുവല്ല റോഡിൽ ഇറപ്പുഴ-കല്ലിശ്ശേരി പാലം പൈതൃക പാലമായി സംരക്ഷിക്കുന്നതുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ (പാലങ്ങൾ), തിരുവനന്തപുരത്തിന് അയച്ച 11-2-2019-ലെ 3242659/M/PWD&R നമ്പർ കത്ത് കെ.എസ്.റ്റി.പി. ഡിവിഷൻ മൂവാറ്റുപുഴ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ എം.എൽ.എ.യുടെ പ്രതിനിധികളോടൊപ്പം സ്ഥല പരിശോധന നടത്തുകയും തുടർന്ന് അതിനുള്ള പുതിയ നിർദ്ദേശങ്ങൾ സാംസ്കാരിക വകുപ്പ് വഴി ലഭ്യമാക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## ചേലക്കര മണ്ഡലത്തിലെ കൊണ്ടയൂർ പാലം

59 (4382) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബി പദ്ധതിയായി ഉൾപ്പെടുത്തിയ ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടയൂർ പാലം പ്രവൃത്തിയുടെ നടപടിക്രമങ്ങൾ നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദീകരിക്കു മോ;

(ബി) ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടിനുശേഷം പാലത്തിന്റെ ഡിസൈൻ പൊതുമരാമത്ത് തയ്യാറാക്കിയോ എന്നറിയിക്കാമോ;

(സി) ഡിസൈൻ പ്രകാരം ഡി.പി.ആർ. തയ്യാറാക്കുന്നതിന് പൊതുമരാമത്ത് പാലം വിഭാഗം നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) പാലത്തിന്റെ ടെന്റേറ്റീവ് ഡിസൈൻ ഡ്രോയിംഗ് പൊതുമരാമത്ത് ഡിസൈൻ വിംഗ് തയ്യാറാക്കിയിട്ടുണ്ട്.

(സി&ഡി) ജനറൽ ഡിസൈൻ ലഭിച്ചതിനുശേഷം ഡി.പി.ആർ. തയ്യാറാക്കു ന്നതാണ്.

## നെന്മാറ നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ പ്രവൃത്തികൾ

60 (4383) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെയും പ്രവൃത്തികൾ എന്ന് തുടങ്ങുവാൻ കഴിയുമെന്ന് വിശദമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് നിലവിൽ നടത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) നെന്മാറ നിയോജകമണ്ഡലത്തിലെ ഊട്ടറ പാലത്തിന്റെയും ഊട്ടറ റെയിൽവേ മേൽപ്പാലത്തിന്റെയും വിശദമായ പദ്ധതിരേഖ തയ്യാറാക്കി കിഫ്ബിയിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭിക്കുന്നമുറയ്ക്ക് ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കുന്നതാണ്. ഭൂമിയേറ്റെടുക്കൽ പൂർത്തിയാകുന്ന മുറയ്ക്ക് ടെണ്ടർ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാവുന്നതാണ്.

## തിരുവല്ല മണ്ഡലത്തിലെ അട്ടക്കുളംപാലം

61 (4384) ശ്രീ. മാത്യു റ്റി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവല്ല മണ്ഡലത്തിലെ ആനിക്കാട് പഞ്ചായത്തിൽ അട്ടക്കുളം പാലം പണിയുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ എസ്റ്റിമേറ്റ് ആണ് തയ്യാറാക്കിയിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പാലം പണി ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല

(ബി) 2019-20 വർഷത്തേയ്ക്കുള്ള പ്ലാൻ സ്കീമിൽ പ്രസ്തുത പാലത്തിന് 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് നൽകിയിട്ടുള്ളത്.

## കൊണ്ടാഴി-കുത്താമ്പുള്ളി പാലം

62 (4385) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം ബജറ്റ് പ്രസംഗത്തിൽ കിഫ്ബി പദ്ധതിയായി പ്രഖ്യാപിച്ചതും 19 കോടി രൂപയുടെ പ്രവൃത്തിക്ക് കിഫ്ബിയുടെ അംഗീകാരം ലഭിച്ചതുമായ ചേലക്കര നിയോജകമണ്ഡലത്തിലെ കൊണ്ടാഴി-കുത്താമ്പുള്ളി പാലം നിർമ്മാണപ്രവൃത്തിയുടെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തി ലാണ്;

(ബി) നിർദ്ദിഷ്ട പാലം നിർമ്മാണ പ്രവൃത്തിയുടെ അപ്രോച്ച് റോഡിനായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചുവോ; ഇല്ലെങ്കിൽ ഇതിന് എന്താണ് തടസ്സമെന്നറിയിക്കാമോ;

(സി) സ്ഥലം ഏറ്റെടുക്കൽ നടപടികളുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് (പാലങ്ങൾ വിഭാഗം) ഇതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കിഫ്ബിയിൽ നിന്ന് 19 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭിച്ച കൊണ്ടാഴി-കുത്താമ്പുള്ളി പാലത്തിന്റെ സ്ഥലമെടുപ്പ് നടപടി പുരോഗമിക്കുന്നു. സ്ഥലമെടുപ്പ് പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

(ബി&സി) നിർദ്ദിഷ്ട പാലത്തിന്റെ അപ്രോച്ച് റോഡിനുള്ള സ്ഥലമേറ്റെടുപ്പ് നടപടി പുരോഗമിക്കുന്നു. സ്ഥലം ഏറ്റെടുക്കൽ നടപടിയുടെ ഭാഗമായി തഹസിൽദാറിൽ നിന്നും ലഭ്യമാക്കിയ കണ്ടിജൻസി ചാർജ്ജിനുള്ള അപേക്ഷ കിഫ്ബിയിൽ ഉടൻതന്നെ സമർപ്പിച്ച് ഫണ്ട് ലഭ്യമാക്കുന്നതാണ്. കൂടാതെ റവന്യൂ വകുപ്പിൽ നിന്ന് സ്ഥലമെടുപ്പിനായുള്ള സർക്കാർ ഉത്തരവ് ജില്ലാ കളക്ടർക്ക് ലഭ്യമായാൽ മാത്രമേ സ്ഥലമെടുപ്പ് നടപടി പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ.

## പറമ്പിൽ ബസാർ-പൂളക്കടവ് പ്രദേശങ്ങളെ ബന്ധിപ്പിച്ച് പാലം

63 (4386) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് പറമ്പിൽ ബസാർ-പൂളക്കടവ് പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ച് പാലം നിർമ്മിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

ഉത്തരം

കോഴിക്കോട് ജില്ലയിൽ കുരുവട്ടൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പറമ്പിൽ ബസാറിനേയും കോഴിക്കോട് കോർപ്പറേഷനിലെ വെള്ളിമാട്കുന്നിനേയും ബന്ധിപ്പിച്ചുകൊണ്ട് പൂനൂർ പുഴയ്ക്ക് കുറുകെ പൂളക്കടവ് ഭാഗത്ത് പാലം നിർമ്മിക്കാൻ പൊതുമരാമത്ത് വകുപ്പ് തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 30-10-2018-ലെ സ.ഉ.(സാധാ) നമ്പർ 780/2018/WRD പ്രകാരം (ക്രമ നമ്പർ - 4) ജലസേചന വകുപ്പ് 30 കോടി രൂപയുടെ ഭരണാനുമതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ പാലങ്ങളുടെ നവീകരണം

64 (4387) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏതെല്ലാം പാലങ്ങളാണ് പുതുക്കി പണിയുന്നതിനും ബലപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

(ബി) ആലത്തൂർ മണ്ഡലത്തിലെ ചുള്ളിമട പാലം, പറക്കുന്നം പാലം, പുന്നപ്പാടം മമ്പാട് പാലം എന്നിവ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പുതുക്കിപ്പണിയുന്നതിന് തീരുമാനിച്ച പാലങ്ങൾ

1. ഊട്ടറപാലം
2. മംഗലം പാലം
3. വേലന്താവളം പാലം
4. കണ്ണനൂർക്കടവ്
5. ഗായത്രി പാലം
6. പുന്നപ്പാടം മമ്പാട് കോസ് വേ
7. ചെമ്മാണമ്പതിപാലം
8. കണ്ണമംഗലം പാലം, ചെമ്പ്ര പാലം
9. അമേത്തിക്കരഞ്ഞാവൽക്കാട് പാലം
10. പറളി പാലം

ബലപ്പെടുത്തുന്നതിനു തീരുമാനിച്ച പാലങ്ങൾ

ആനക്കുട്ടിപാലം

(ബി) ചുള്ളിമണപാലം

Order No. PWD-001-36-PA-01 dated 26-5-2018 പ്രകാരം 9.78 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുണ്ട്. തുടർന്ന് സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് പ്രൈസ് ഐ.ഡി. RD/2017/10910 പ്രകാരം പരിശോധന പൂർത്തിയാക്കിവരുന്നു.

പറക്കുന്നം പാലം

ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനുശേഷം ഡി.പി.ആർ. സമർപ്പിച്ച് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടാൽ മാത്രമേ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

പുന്നപ്പാടം മമ്പാട് കോസ് വേ:

ഇൻവെസ്റ്റിഗേഷൻ വർക്ക് പൂർത്തീകരിച്ച് ഡിസൈൻ വിംഗിന് സമർപ്പിച്ചിട്ടുണ്ട്. ഡിസൈൻ ലഭ്യമായതിനുശേഷം ഡി.പി.ആർ. സമർപ്പിച്ച് ഭരണാനുമതിയും തുടർന്ന് സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ ചെയ്ത് കരാറിൽ ഏർപ്പെട്ടാൽ മാത്രമേ പ്രവൃത്തി എന്ന് പൂർത്തീകരിക്കാൻ കഴിയൂവെന്ന് പറയാൻ സാധിക്കുകയുള്ളൂ. ഈ പാലം പുതുക്കിപ്പണിയേണ്ടുന്ന പാലങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതാണ്.

## കോരങ്കടവ് പാലത്തിന്റെ നിർമ്മാണം

65 (4388) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ കോരങ്കടവ് പാലത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നത് സംബന്ധിച്ച് 2018 ഡിസംബറിൽ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യോഗതീരുമാനപ്രകാരം മന്ത്രി നിർദ്ദേശിച്ച സമയപരിധിയ്ക്കുള്ളിൽ പാലം നിർമ്മാണത്തിനുള്ള റീ-ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പൂർത്തീകരിക്കാത്തത് എന്ന് അറിയിക്കാമോ;

(സി) അടിയന്തരമായി നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ നടപടി സ്വീകരിയ്ക്കുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കോരങ്കടവ് പാലം നിർമ്മാണം സംബന്ധിച്ച് 12-12-2018-ൽ പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ നിയമസഭാ ചേമ്പറിൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു :

1. ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
2. അതനുസരിച്ച് പ്രവൃത്തിയുടെ ശേഷിക്കുന്ന പണി പൂർത്തിയാക്കുന്നതിനായി ജനുവരി 15-നു മുമ്പ് റീടെണ്ടർ ക്ഷണിക്കുക.

3. ഭൂമി ഏറ്റെടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കി നടപടി പൂർത്തീകരിക്കുക.

4. കരാറുകാരൻ സമ്മതിച്ചപ്രകാരം നഷ്ടപരിഹാരം ആവശ്യപ്പെട്ട് ഫയൽ ചെയ്തിരുന്ന W.P.(C) No. 26659/13 നമ്പർ കേസ് പിൻവലിക്കുന്നമുറയ്ക്ക് ടിയാനെ റിസ്ക് ആന്റ് കോസ്റ്റ് ഇല്ലാതെ കരാറിൽ നിന്നും ഒഴിവാക്കുക.

(ബി) പാലം നിർമ്മാണത്തിനുള്ള റീടെണ്ടർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടില്ല. പാലം നിർമ്മാണത്തിനുള്ള പുതുക്കിയ ഭരണാനുമതി നൽകിയത് 7-6-2019-ലെ സ.ഉ.(സാധാ) നമ്പർ 717/2019/ പൊ.മ.വ. പ്രകാരമാണ്. കരാറുകാരൻ ഫയൽ ചെയ്ത കേസ് പിൻവലിച്ച് കരാറുകാരനെ കരാറിൽ നിന്ന് ഒഴിവാക്കിയാൽ മാത്രമേ പാലം നിർമ്മാണത്തിനുള്ള റീടെണ്ടർ നടപടി പൂർത്തീകരിക്കാൻ കഴിയുകയുള്ളൂ.

(സി) നിലവിലുള്ള കരാറുകാരൻ കേസ് പിൻവലിച്ച് closure agreement വച്ചാലുടൻതന്നെ പുതുക്കിയ സാങ്കേതികാനുമതി നൽകി നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതാണ്.

## കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലം

66 (4389) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 74 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച കണ്ണങ്ങാട് വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ കണ്ണങ്ങാട് ഭാഗത്തെ ജനങ്ങൾക്ക് പാലം പ്രയോജനപ്രദമാകുന്ന രീതിയിൽ റോഡിനായി സ്ഥലം ഏറ്റെടുക്കാനും അലൈൻമെന്റ് ക്രമീകരിക്കാനും നടപടി സ്വീകരിക്കാതിരുന്നതിന് കാരണം വ്യക്തമാക്കാമോ;

(ബി) പാലത്തിന് സമീപത്തായുള്ള ഇന്ദിരാഗാന്ധി റോഡ് വരെ അപ്രോച്ച് റോഡിനായി സ്ഥലം ഏറ്റെടുക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) അലൈൻമെന്റ് മാറ്റിയത് സംബന്ധിച്ച് ഉദ്യോഗസ്ഥർ സമർപ്പിച്ച റിപ്പോർട്ടിൽ നാളിതുവരെ നടപടി സ്വീകരിക്കാത്തതിന് കാരണം വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പാലത്തിന്റെ രണ്ടാമത്തെ അലൈൻമെന്റിൽ നിന്ന് മൂന്നാമത്തെ അലൈൻമെന്റിലേക്ക് മാറുവാനുണ്ടായ സാഹചര്യം വ്യക്തമാക്കുന്ന രേഖകൾ ഇല്ലാത്തതിന് കാരണം അറിയിക്കാമോ; രേഖകൾ ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) പാലവും പാലത്തിന്റെ ഇരുഭാഗത്തും അനുബന്ധ അപ്രോച്ച് റോഡുകളും ഉൾപ്പെടെയാണ് അലൈൻമെന്റ് അംഗീകരിച്ചിരുന്നത്. പാലത്തിന്റെ അപ്രോച്ച് റോഡിനുവേണ്ടി കണ്ണങ്ങാട് ഭാഗത്ത് 270 മീറ്റർ നീളത്തിലും 14 മീറ്റർ വീതിയിലും സ്ഥലമേറ്റെടുത്ത് അപ്രോച്ച് റോഡ് നിർമ്മിച്ച് നിലവിലുള്ള റോഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്.

(ബി) പാലത്തോടനുബന്ധിച്ച് ഇരുഭാഗത്തും അപ്രോച്ച് റോഡ് നിർമ്മിച്ച് നിലവിലുള്ള റോഡുകളുമായി ബന്ധിപ്പിക്കാൻ സാധിക്കുന്നവിധത്തിലുള്ള പദ്ധതിയാണ് വിഭാവനം ചെയ്തിരുന്നത്. കണ്ണങ്ങാട് ഭാഗത്ത് സ്ഥലമേറ്റെടുത്ത് അപ്രോച്ച് റോഡ് നിർമ്മിച്ച് നിലവിലുള്ള റോഡിലേയ്ക്ക് ബന്ധിപ്പിച്ചിട്ടുണ്ട്. തുടർന്ന് വരുന്ന റോഡ് കോർപ്പറേഷന്റെ അധീനതയിലാണ്.

(സി) തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) അലൈൻമെന്റ് മാറ്റാനുണ്ടായ സാഹചര്യം സംബന്ധിച്ച് സമയത്തുണ്ടായിരുന്ന ഉദ്യോഗസ്ഥരുടെ വിശദീകരണം അനുബന്ധമായി ചേർക്കുന്നു*.

**അഴീക്കോട്-മുനമ്പം പാലത്തിന്റെ നടപടിക്രമങ്ങൾ**

67 (4390) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, എറണാകുളം തീരദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതും തീരദേശഹരിതപാതയുടെ ഭാഗവുമായ അഴീക്കോട്-മുനമ്പം പാലത്തിന്റെ നടപടിക്രങ്ങൾ അനന്തമായി നിളുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടു പ്രാവശ്യം തറക്കല്ലിട്ടിട്ടുള്ള പ്രസ്തുത പാലം നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ട് എത്രവർഷമായി എന്നറിയിക്കാമോ;

(ബി) നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) എത്രനാളുകൾക്കുള്ളിൽ ഇതിന്റെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിക്കുമെന്നാണ് കരുതുന്നത്;

(ഡി) നടപടിക്രമങ്ങൾ അതിവേഗം പൂർത്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) 2017-18 ബഡ്ജറ്റ് പ്രകാരം കിഫ്ബിയിൽ ഉൾപ്പെടുത്തി 10-7-2017-ലെ സ.ഉ.(സാധാ) നമ്പർ 942/2017/പൊ.മ.വ പ്രകാരം 160 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 14.616 കോടി രൂപയുടെ സാമ്പത്തികാനുമതി ഭൂമി ഏറ്റെടുക്കലിന് മാത്രമായി ലഭിച്ചു. പുതുക്കിയ LARR ACT 2013 പ്രകാരം സ്ഥലമേറ്റെടുക്കലിനായുള്ള അർത്ഥനാ ഫോറം റവന്യൂ വകുപ്പിലേയ്ക്ക് 2017-ൽ സമർപ്പിച്ചിരുന്നു. കണ്ടിൻജൻസി ചാർജ്ജ് അടച്ചതിന്റെ അടിസ്ഥാനത്തിൽ ഇതുഭാഗത്തേയും ഭൂമി ഏറ്റെടുക്കൽ നടപടികളും സാമൂഹ്യ പ്രത്യാഘാത പഠനവും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. അഴീക്കോട് ഭാഗത്തെ ഫിഷറീസ് വകുപ്പിന്റെ അധീനതയിലുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള NOC വകുപ്പിൽ നിന്നും ലഭ്യമായിട്ടില്ല.

പാലത്തിനും അനുബന്ധ റോഡ് നിർമ്മാണത്തിനുമായുള്ള സാമ്പത്തികാനുമതിക്കായി പുതുക്കിയ ടെന്റേറ്റീവ് ഡിസൈൻ പ്രകാരമുള്ള എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം ഉടൻ തന്നെ കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കലിനായി കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. പാലം നിർമ്മാണത്തിനായുള്ള സാമ്പത്തികാനുമതിക്കായി ഡി.പി.ആർ. കിഫ്ബിയിലേയ്ക്ക് ഉടൻതന്നെ സമർപ്പിക്കുന്നതാണ്. കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭിക്കുന്നമുറയ്ക്ക് സാങ്കേതികാനുമതി ലഭ്യമാക്കുന്നതാണ്.

(ഡി) പ്രവൃത്തി കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കലിനായി സാമ്പത്തികാനുമതി ലഭ്യമായിട്ടുണ്ട്. ആയതിൽനിന്ന് കണ്ടിൻജൻസി ചാർജ്ജ് റവന്യൂ വകുപ്പിലേയ്ക്ക് അടച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ നടപടി പുരോഗമിക്കുന്നു.

## കല്ലാച്ചേരി കടവ് പാലം നിർമ്മാണം

68 (4391) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-2017-ലെ ബജറ്റിൽ ഉൾപ്പെട്ടിട്ടുള്ളതും കിഫ്ബി വഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതുമായ കല്ലാച്ചേരി കടവ് പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ;

(ബി) പാലം നിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പാലം നിർമ്മാണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വിശദമാക്കാമോ;

(ഡി) പാലം നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സാമ്പത്തികാനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി-ഡി) കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിച്ചുകഴിഞ്ഞാൽ സാങ്കേതികാനുമതി വാങ്ങി ടെണ്ടർ നടപടി സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ചെമ്പുകടവ് പാലം**

69 (4392) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവമ്പാടി മണ്ഡലത്തിലെ ചെമ്പുകടവ് പാലം നിർമ്മാണത്തിന് ഭരണാനുമതി നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ആവശ്യം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) നിർമ്മാണപ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി&സി) ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 2018-19 ബഡ്ജറ്റിൽ 100 രൂപ ടോക്കൺ പ്രൊവിഷൻ മാത്രമാണ് അനുവദിച്ചിരുന്നത്. എന്നാൽ ഈ വർഷം ബഡ്ജറ്റിൽ തുക അനുവദിച്ചിട്ടില്ല.

**പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽകടവ് പാലം**

70 (4393) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽകടവ് പാലത്തിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) 2019-20 സാമ്പത്തിക വർഷം പ്രസ്തുത പാലത്തിന് ഭരണാനുമതി നൽകാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) പയ്യന്നൂർ, കല്ല്യാശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന മൂലക്കിൽ ക്കടവ് പാലത്തിന് ഈ സാമ്പത്തികവർഷംതന്നെ ഭരണാനുമതി നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

### കാര്യർക്കടവ്, പണിക്കർകടവ് പാലങ്ങളുടെ ബലക്ഷയം

71 (4394) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാര്യർകടവ് പാലത്തിന്റെ ഉറപ്പ് പരിശോധനാവിധേയമാക്കിയിട്ടുണ്ടോ; ഇതിന് ബലക്ഷയം സംഭവിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ബലക്ഷയം സംഭവിച്ച പാലം പുതുക്കിപ്പണിയുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പണിക്കർകടവ് പാലത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ-സി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിലെ കാര്യർക്കടവ് പാലത്തിന്റെ ഉറപ്പ് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് പരിശോധനകൾക്കായി ബ്രിഡ്ജസ് ഡിസൈൻ വിഭാഗത്തിന് സമർപ്പിച്ചിട്ടുണ്ട്. ബലക്ഷയം സംബന്ധിച്ചുള്ള കൂടുതൽ വിവരങ്ങൾ വിശദമായ പരിശോധനകൾക്കുശേഷമേ അറിയാൻ കഴിയൂ.

പണിക്കർകടവ് പാലത്തിന്റെ ബലക്ഷയം പരിഹരിക്കുന്നതിനായി 10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. നിലവിൽ ടെണ്ടർ നടപടികൾ പൂർത്തീകരണ ഘട്ടത്തിലാണ്.

### വെണ്ടുരുത്തി പാലം പൈതൃക പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി

72 (4395) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തെയും പശ്ചിമകൊച്ചിയെയും തമ്മിൽ ബന്ധിപ്പിക്കുന്ന 1936-ൽ നിർമ്മിച്ച വെണ്ടുരുത്തി പാലത്തിന്റെ ഘടനാശേഷി (structural stability) സംബന്ധിച്ച് വിദഗ്ദ്ധവും വിശദവുമായ പഠനവും പരിശോധനയും നടത്തി, പാലത്തെ പൈതൃക സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എന്തെങ്കിലും കാലതാമസം ഉണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

ഉത്തരം

(എ&ബി) വെണ്ടുരുത്തി പാലം പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി ചീഫ് എഞ്ചിനീയർ (ഡിസൈൻ വിഭാഗം) ചെന്നൈയിലെ SERC (സ്ട്രക്ചറൽ എഞ്ചിനീയറിംഗ് റിസർച്ച്) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിൽ നിന്ന് പാലത്തിന്റെ ഘടനാശേഷി (സ്ട്രക്ചറൽ സ്റ്റെബിലിറ്റി)-യെ സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങളും ഉപദേശങ്ങളും തേടിയിട്ടുണ്ട്. ആയത് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

**വടക്കീൻമാട് പാലത്തിന്റെ ബലക്ഷയം**

73 (4396) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് യൂണിവേഴ്സിറ്റി - പറമ്പിൽ പീടിക റോഡിലെ വടക്കീൻമാട് പാലത്തിന്റെ ബലക്ഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തിയ സർവ്വേ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) സർവ്വേ നടത്തിയ സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇത്തരം സന്ദർഭങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ല് സ്ഥാപിക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിവേദനം ലഭിച്ചിട്ടില്ല. അറ്റകുറ്റപ്പണികൾക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

(ബി) യൂണിവേഴ്സിറ്റി-പറമ്പിൽ പീടിക റോഡിലെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി സർവ്വേ നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) നടപടി സ്വീകരിക്കും.

(ഡി) സർവ്വേ നടത്തിയ സ്ഥലങ്ങളിൽ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തി എസ്.എൽ.ടി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## പട്ടം ജംഗ്ഷനിലെ മേൽപ്പാലനിർമ്മാണം

74 (4397) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടം ജംഗ്ഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; മേൽപ്പാലത്തിനായുള്ള സോഷ്യൽ ഇംപാക്ട് പഠനം ആരംഭിച്ചോയെന്നും ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടം ജംഗ്ഷനിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടി പുരോഗമിച്ചുവരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്ട് പഠനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിനുള്ള ഏജൻസിയായി രാജഗിരി ഔട്ട് റീച്ച്, കളമശ്ശേരി എന്ന സ്ഥാപനത്തെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) നിർമ്മാണത്തിനുള്ള ഏജൻസിയെ നിയമിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടി പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണത്തിനുള്ള ഏജൻസിയെ നിയമിക്കുന്നതാണ്.

(സി) ഉണ്ട്. സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠനം ആരംഭിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠന റിപ്പോർട്ട് ലഭ്യമായതിനുശേഷം സ്ഥലമെടുപ്പ് സംബന്ധിച്ച തുടർ നടപടി സ്വീകരിക്കുന്നതാണ്.

## ഉള്ളൂർ മേൽപ്പാലം

75 (4398) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) ഇതിന്റെ സോഷ്യൽ ഇംപാക്ട് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് മേൽപ്പാലം നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്;

(സി) ഉള്ളൂർ ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയാക്കുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടി പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയായിട്ടുണ്ട്. ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽ നിന്ന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 77.15 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക.

(സി) സ്ഥലമെടുപ്പ് നടപടി പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഉള്ളൂർ ജംഗ്ഷനിൽ മേൽപ്പാല നിർമ്മാണം

76 (4399) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ലൈറ്റ് മെട്രോ നിർമ്മാണത്തിന്റെ ഭാഗമായി ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കുവാൻ നിശ്ചയിച്ചിരിക്കുന്ന മേൽപ്പാലനിർമ്മാണ പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ സോഷ്യൽ ഇംപാക്ട് സ്റ്റഡി പൂർത്തിയാക്കിയിട്ടുണ്ടോ; എത്ര കോടി രൂപയാണ് മേൽപ്പാല നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) ഉള്ളൂർ ജംഗ്ഷനിൽ അനുഭവപ്പെടുന്ന രൂക്ഷമായ ഗതാഗതക്കുരുക്ക് പരിഹരിക്കുവാൻ ഇതിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുമോ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ഉള്ളൂർ ജംഗ്ഷനിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടി പുരോഗമിച്ചുവരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയാക്കുകയും ഇതുസംബന്ധിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തു. സ്ഥലമെടുപ്പ് നടപടി പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(ബി) ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനായുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം പൂർത്തിയായിട്ടുണ്ട്. ഉള്ളൂർ മേൽപ്പാല നിർമ്മാണത്തിനാവശ്യമായ തുക കിഫ്ബിയിൽ നിന്ന് അനുവദിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 77.15 കോടി രൂപയാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക.

(സി) സ്ഥലമെടുപ്പ് നടപടി പുരോഗമിച്ചുവരുന്നു. സ്ഥലമെടുപ്പ് പൂർത്തിയാകുന്നമുറയ്ക്ക് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും സമയബന്ധിതമായി പദ്ധതി പൂർത്തിയാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കുണ്ടന്നൂർ-അങ്കമാലി ബൈപ്പാസിന്റെ അലൈൻമെന്റ്**

77 (4400) <u>ശ്രീ. പി. ടി. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ കുണ്ടന്നൂരിൽ നിന്നും ആരംഭിക്കുന്ന എൻ.എച്ച്. ന്റെ കുണ്ടന്നൂർ- അങ്കമാലി ബൈപ്പാസിന്റെ അലൈൻമെന്റ് അപ്രൂവ് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ ;

(ബി) ഇതിന്റെ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കുണ്ടന്നൂർ-അങ്കമാലി ബൈപ്പാസ് ദേശീയപാത അതോറിറ്റിയുടെ അധികാരപരിധിയിൽ വരുന്ന പ്രവൃത്തിയാണ്. എൻ.എച്ച്.544-നേയും എൻ.എച്ച്. 66-നേയും ബന്ധിപ്പിച്ചുകൊണ്ട് കുണ്ടന്നൂർ-അങ്കമാലി നാലുവരിയാക്കൽ പ്രവൃത്തിക്കായി ദേശീയപാത അതോറിറ്റി സമർപ്പിച്ച പ്രാഥമിക അലൈൻമെന്റിലെ ഓപ്ഷൻ 2-ന് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ "General Approval" നൽകിയിട്ടുണ്ട്.

## തേഞ്ഞിപ്പലം-പാണാമ്പ്ര ദേശീയപാത

78 (4401) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തേഞ്ഞിപ്പലം-പാണാമ്പ്ര ദേശീയപാതയിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഉയരം കൂട്ടി മാറ്റി സ്ഥാപിക്കുന്നതിനായി പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; ഇതുസംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ദേശീയപാതയിൽ വർദ്ധിച്ചുവരുന്ന അപകടങ്ങൾ പരിഗണിച്ച് അപകടങ്ങൾ ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) പാണാമ്പ്രവളവിൽ കഴിഞ്ഞ വർഷം സംഭവിച്ച ടാങ്കർ ലോറി അപകടത്തിൽ റോഡിനും അനുബന്ധ ഭാഗങ്ങൾക്കും ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഇതുസംബന്ധിച്ച് ലഭിച്ച പ്രൊപ്പോസലുകൾക്ക് ഭരണാനുമതി നൽകാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ) മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം-പാണാമ്പ്ര ദേശീയപാതയിൽ നിലവിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ ഉയരംകൂട്ടി സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസൽ മലപ്പുറം ദേശീയപാതാ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ പരിശോധിച്ചുവരുന്നു. ടി പ്രൊപ്പോസലിന് അനുമതി ലഭിക്കുന്നതിനുവേണ്ടി 28-1-2019-ൽ ശിപാർശ കത്ത് മലപ്പുറം ദേശീയപാത ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ നേരിട്ട് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റെ തിരുവനന്തപുരം റീജിയണൽ ഓഫീസർക്ക് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത ദേശീയപാതയിലെ അപകടങ്ങൾ കുറയ്ക്കുന്നതിനായി സൈൻ ബോർഡുകൾവച്ചും റോഡിൽ സീബ്രാ ലൈനുകൾവച്ചും ഗതാഗത സുരക്ഷാക്രമീകരണങ്ങൾ ഒരുക്കിയിട്ടുണ്ട്.

(സി&ഡി) ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർനടപടി സ്വീകരിക്കുന്നതാണ്.

## റാന്നി ഐ.ടി.ഐ.കെട്ടിടത്തിന്റെ ടെണ്ടർ നടപടികൾ

79 (4402) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി സർക്കാർ ഐ.ടി.ഐ.-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഡ്രോയിംഗ്, ഡിസൈൻ എന്നിവ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇവയുടെ പൂർത്തീകരണം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കാൻ സർക്കാർ തയ്യാറായ സാഹചര്യത്തിൽ ഇതിന്റെ ഡ്രോയിംഗ് ഉൾപ്പെടെയുള്ള എല്ലാ നടപടികളും പൂർത്തീകരിച്ച് നിർമ്മാണം ടെൻഡർ ചെയ്യാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) എന്നത്തേയ്ക്ക് ഇത് സാധ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) റാന്നി സർക്കാർ ഐ.ടി.ഐ.-ക്ക് വേണ്ടിയുള്ള കെട്ടിടത്തിന്റെ സ്ട്രക്ചറൽ ഡിസൈൻ, ഡിസൈൻ വിംഗിൽ തയ്യാറാക്കി കൊണ്ടിരിക്കുകയാണ്. പ്രസ്തുത കെട്ടിടത്തിന്റെ മണ്ണ് പരിശോധനാ റിപ്പോർട്ടും ആർക്കിടെക്ചറൽ ഡ്രോയിംഗും ലഭ്യമായിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ ജോലികൾ പൂർത്തിയായി കൊണ്ടിരിക്കുന്നു. ടെണ്ടർ നടപടിക്രമങ്ങൾക്കായുള്ള ടെന്റേറ്റീവ് സ്ട്രക്ചറൽ ഡ്രോയിംഗുകൾ ജൂലൈ മാസത്തിൽ നൽകാൻ കഴിയുന്നതാണ്.

(ബി&സി) ഡിസൈൻ വിംഗിൽ നിന്നും സ്ട്രക്ചറൽ ഡിസൈൻ ലഭ്യമായശേഷം സാങ്കേതികാനുമതി നൽകി പ്രവൃത്തി ടെണ്ടർ ചെയ്യുന്നതാണ്.

## തലപ്പുഴ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ക്വാർട്ടേഴ്സ് നിർമ്മാണം

80 (4403) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലപ്പുഴ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സിന്റെ നിർമ്മാണം എന്ന് ആരംഭിച്ചുവെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും അറിയിക്കുമോ;

(ബി) നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി എന്നത്തേക്ക് താമസ യോഗ്യമാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വയനാട് ജില്ലയിലെ മാനന്തവാടി തലപ്പുഴ ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിലെ ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി തുക 750 ലക്ഷം രൂപയും സാങ്കേതികാനുമതി തുക 860 ലക്ഷം രൂപയുമാണ്. നിർമ്മാണ പ്രവൃത്തി 28-5-2016-ൽ ആരംഭിച്ചു. മിനിസ്റ്റീരിയൽ സ്റ്റാഫ് ക്വാർട്ടേഴ്സിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതി തുക 799.5 ലക്ഷം രൂപയും സാങ്കേതികാനുമതി തുക 720 ലക്ഷം രൂപയുമാണ്. നിർമ്മാണപ്രവൃത്തി 28-5-2016-ൽ ആരംഭിച്ചു.

(ബി) ഗസറ്റഡ് ഓഫീസേഴ്സ് ക്വാർട്ടേഴ്സിന്റെ സിവിൽ പ്രവൃത്തികൾ 26-5-2019-നും മിനിസ്റ്റീരിയൽ ക്വാർട്ടേഴ്സിന്റെ സിവിൽ പ്രവൃത്തികൾ 10-4-2019-നും പൂർത്തീകരിച്ചിട്ടുണ്ട്. ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തീകരണഘട്ടത്തിലാണ്. അതിനുശേഷം മാത്രമേ താമസയോഗ്യമാക്കാൻ കഴിയുകയുള്ളൂ.

## വൈപ്പിൻ കോളേജ് കെട്ടിട നിർമ്മാണം

81 (4404) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡല ആസ്തിവികസന പദ്ധതി പ്രകാരം നിർമ്മാണം നടന്നുവരുന്ന വൈപ്പിൻ ആർട്സ് ആന്റ് സയൻസ് കോളേജ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈപ്പിൻ ആർട്സ് ആൻഡ് സയൻസ് കോളേജിന്റെ പ്രബലിത കോൺക്രീറ്റ് (RCC Structure) പൂർത്തിയായി. എല്ലാ നിലകളിലെയും Masonry, Plastering പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. ഇതുവരെ 60% നിർമ്മാണം പൂർത്തിയായി.

(ബി) പ്രസ്തുത പ്രവൃത്തിയുടെ നിർമ്മാണം 2019 ഡിസംബറോടുകൂടി പൂർത്തീകരിക്കാനാകും. പ്രവൃത്തിയുടെ നിർമ്മാണ കാലാവധി 2020 ജൂലൈ വരെയാണ്.

## വൈക്കം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

82 (4405) ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈക്കം നിയോജക മണ്ഡലത്തിൽ കിഫ്ബി വഴി പൊതുമരാമത്ത് വകുപ്പിന് കീഴിൽ അനുവദിക്കപ്പെട്ട പദ്ധതികളുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ എത്രയെണ്ണം ടെൻഡർ ചെയ്തിട്ടുണ്ട്;

(സി) പദ്ധതികളുടെ പൂർത്തീകരണത്തിന് നേരിടുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പദ്ധതികളുടെ നടത്തിപ്പിന് കാലതാമസം നേരിടുന്ന മേഖലകളിൽ പദ്ധതി നടത്തിപ്പ് വേഗത്തിലാക്കുവാൻ പരിചയ സമ്പന്നരായ ഉദ്യോഗസ്ഥരെ മേൽനോട്ടച്ചുമതല നൽകി നിയമിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതികൾ ഒന്നുംതന്നെ ടെണ്ടർ ചെയ്തിട്ടില്ല.

(സി) ഉണ്ട്. പദ്ധതികൾക്കാവശ്യമായ ഭൂമി ലഭ്യമാകുന്നതിൽ വരുന്ന തടസ്സംമൂലമാണ് കാലതാമസം ഉണ്ടാകുന്നത്.

(ഡി) പൊതുമരാമത്ത് വകുപ്പിലെ ചീഫ് എഞ്ചിനീയർ മുതൽ അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള പരിചയ സമ്പന്നരായ ഉദ്യോഗസ്ഥർക്കാണ് മേൽനോട്ട ചുമതല നൽകിയിട്ടുള്ളത്.

## കാസർഗോഡ് ജില്ലയിലെ കിഫ്ബി പ്രവൃത്തികൾ

83 (4406) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ടും ടെൻഡർ നടപടി പൂർത്തിയാക്കാത്ത റോഡ് പ്രവൃത്തികളുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി എന്നത്തേക്ക് ടെൻഡർ ചെയ്യാനാകുമെന്ന് വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) ഉണ്ട്. ചെറുവത്തൂർ-ചീമേനി ഐ.ടി. പാർക്ക് പാലവയൽ-ഭീമനടി-മുക്കട റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പ്രവൃത്തി ടെണ്ടർ ചെയ്യുതും 17-6-2019-ന് ഫിനാൻഷ്യൽ ബിഡ് തുറന്നിട്ടുള്ളതുമാണ്. ടെണ്ടർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കി 2019 ജൂലൈ മാസത്തോടെ കരാർ ചെയ്യാൻ സാധിക്കുമെന്ന് കരുതുന്നു. ബോവിക്കാനം-കാനത്തൂർ-കുറ്റിക്കോൽ റോഡ് അഭിവൃദ്ധിപ്പെടുത്തൽ, ബദിയടുക്ക-ഏത്തടുക്ക-സുള്ള്യപദവ് റോഡ് അഭിവൃദ്ധിപ്പടുത്തൽ എന്നീ പ്രവൃത്തികൾക്ക് 2019 ജൂലൈ മാസത്തോടുകൂടി സാങ്കേതികാനുമതി നൽകി ടെണ്ടർ ചെയ്യാനാകുമെന്ന് കരുതുന്നു.

**റിസ്ക് ആന്റ് കോസ്റ്റിൽ ഉൾപ്പെടുത്തി ഒഴിവാക്കിയ കരാറുകാർ**

84 (4407) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ മതിയായ കാരണമില്ലാതെ കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് ആന്റ് കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്യാറുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ 2018-ൽ പ്രസ്തുത വ്യവസ്ഥ പ്രകാരം എത്ര കരാറുകാരെ ടെർമിനേറ്റ് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കരാറുകാരോ അവരുടെ അടുത്ത ബന്ധുക്കളോ പൊതുമരാമത്ത് വകുപ്പിന്റെ ടെൻഡറുകളിൽ വീണ്ടും പങ്കെടുക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) പൊതുമരാമത്ത് പ്രവൃത്തികൾ അകാരണമായി കാലതാമസം വരുത്തുന്ന കരാറുകാരെ റിസ്ക് & കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യാറുണ്ട്.

(ബി) പൊതുമരാമത്ത് കെട്ടിട വിഭാഗത്തിൽ മൂന്നുപേരെയും നിരത്ത് വിഭാഗത്തിൽ ഒരാളേയും റിസ്ക് & കോസ്റ്റിൽ ഉൾപ്പെടുത്തി ടെർമിനേറ്റ് ചെയ്തിട്ടുണ്ട്.

(സി) പൊതുമരാമത്ത് മാന്വൽ ക്ലോസ് നമ്പർ 2116.2 പ്രകാരം ഒരു കരാറുകാരനെ റിസ്ക് ആന്റ് കോസ്റ്റിൽ ടെർമിനേറ്റ് ചെയ്യുന്നപക്ഷം ടിയാന്റെ കോൺട്രാക്റ്റ് ലൈസൻസ് റദ്ദാക്കുകയും കുറഞ്ഞത് അടുത്ത 5 വർഷത്തേയ്ക്ക് മറ്റ് ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽനിന്ന് വിലക്കുകയും ചെയ്യും. അയാളുടെ പേരിലോ ബിനാമിയുടെ പേരിലോ ലൈസൻസ് പുതുക്കി നൽകാൻ പാടില്ലാത്തതുമാണ്.

മത്സരാധിഷ്ഠിത ടെണ്ടറുകളിൽ ഇപ്പോൾ രജിസ്ട്രേഷനുള്ള എല്ലാ കരാറുകാർക്കും പങ്കെടുക്കാനുള്ള അവകാശമുണ്ട്. അതിനാൽ ടെർമിനേറ്റ് ചെയ്ത കരാറുകാരുടെ ബന്ധുക്കളായ കരാറുകാരെ ടെണ്ടറുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് മാറ്റിനിർത്തുന്നതിന് ഇപ്പോൾ സാധിക്കില്ല. എന്നാൽ ചട്ടം ഭേദഗതി ചെയ്ത് കരിമ്പട്ടികയിൽപ്പെടുത്തിയ കരാറുകാരന്റെ ഉറ്റബന്ധുക്കൾ കരാർ ഏറ്റെടുക്കുന്നത് തടയുന്ന വ്യവസ്ഥ കൊണ്ടുവരുന്ന കാര്യം പരിഗണനയിലുണ്ട്.

## വൈക്കം മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

85 (4408) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിനുകീഴിൽ കിഫ്ബി ധനസഹായത്തോടെ വൈക്കം നിയോജക മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തി യിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദ മാക്കാമോ?

ഉത്തരം

(എ)

1. വൈക്കം വെച്ചൂർ റോഡ് (അഞ്ചുമന പാലം ഉൾപ്പെടെ)
2. മൂവാറ്റുപുഴ അക്കര പാടം-കുട്ടുങ്കൽ പാലം
3. മൂലേക്കടവ് പാലം
4. വാലയിൽ കടവ് പാലം
5. വൈക്കം ചെമ്മനംകാരി റോഡ്

(ബി) ഉത്തരം അനുബന്ധമായി ചേർക്കുന്നു*.

## ഏറനാട് മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

86 (4409) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയാണ്; ഭരണ സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി അവ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) സെൻട്രൽ റോഡ് ഫണ്ടിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് നടപ്പുവർഷം ഭരണാനുമതി ലഭിച്ചിട്ടുള്ളതെന്നും അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ഡി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ നിന്നും ഏതെല്ലാം റോഡുകൾക്കാണ് ഭരണാനുമതി നൽകിയതെന്നും നടപടി ക്രമങ്ങൾ പൂർത്തിയാക്കി പണി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ഇ) മണ്ഡലത്തിലെ എടവണ്ണ പഞ്ചായത്തിൽ 4-3-2016-ന് ഭരണാനുമതി നൽകിയ ആര്യൻ തൊടിക പാലത്തിന്റെ നിർമ്മാണപ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണമെന്നും എപ്പോൾ പ്രവൃത്തി ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിരത്ത് വിഭാഗത്തിനുകീഴിൽ 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

1. Improvement and providing BM &BC to Akampadam-Padar road in between Km 1/135 to 1/790 & 3/650 to Km 4/500-തുക 150 ലക്ഷം -ടെണ്ടർ നടപടി പൂർത്തീകരിച്ചു.
2. Improvement and providing BM &BC on Iruvetty-Amayoor road from Km 0/000 to 2/000-300 ലക്ഷം -40% പ്രവൃത്തി പൂർത്തീകരിച്ചു.

(സി) നടപ്പുവർഷം സി.ആർ.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളൊന്നും ഏറനാട് മണ്ഡലത്തിലില്ല.

(ഡി) കഴിഞ്ഞ മൂന്ന് വർഷങ്ങളായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് പ്രവൃത്തികളൊന്നും ഏറ്റെടുത്തിട്ടില്ല.

(ഇ) ആര്യൻ തൊടിക പാലത്തിന് നിലവിൽ ഭരണാനുമതി നൽകിയിട്ടില്ല. ബഡ്ജറ്റ് 2019-20-ൽ ടി പാലത്തിന് ടോക്കൺ പ്രൊവിഷൻ നൽകിയിട്ടുണ്ട്. 20% പ്രൊവിഷനുള്ള പദ്ധതികൾ മാത്രം ഏറ്റെടുത്താൽ മതിയെന്നതാണ് സർക്കാർ തീരുമാനം.

**മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിലെ നവീകരണ പ്രവൃത്തികൾ**

87 (4410) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II-ൽ വാല്യം II-ൽ ക്രമനമ്പർ 524 -ൽ ഉൾപ്പെടുത്തിയിട്ടുള്ള, മണലൂർ മണ്ഡലത്തിലെ പാവറട്ടി സെന്ററിൽ കാന നിർമ്മാണവും സിഗ്നൽ സംവിധാനവും ഉൾപ്പെടെയുള്ള നവീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിക്കായി 250 ലക്ഷം രൂപയുടെ ഭരണാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. ഇതിൽ കാന നിർമ്മാണം, നടപ്പാത നിർമ്മാണം, സിഗ്നൽ സംവിധാനം, റോഡ് നവീകരണം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

88 (4411) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പ്രവൃത്തികൾക്കായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

(ബി) ആയത് സംബന്ധിച്ച് സബ്ഡിവിഷൻ തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജകമണ്ഡലത്തിലെ പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിൽ വരുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്കായി ആനുവൽ പ്ലാൻ, ഫ്ലഡ് ഡാമേജ് റിപ്പയർ, ഓർഡിനറി റിപ്പയർ എന്നീ പ്രവൃത്തികളിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽനിന്നും സംസ്ഥാന ഫണ്ടിൽ നിന്നുമായി 91.881 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ സി.ആർ.എഫ്. പ്രവൃത്തിയിൽ ഉൾപ്പെടുത്തി 48 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്.

പാലങ്ങൾ വിഭാഗത്തിനുകീഴിൽ 400 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിടവിഭാഗത്തിന് 1799.36 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിരത്തുവിഭാഗത്തിന് കീഴിൽ അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) ദേശീയപാതാ വിഭാഗത്തിനുകീഴിൽ കോതമംഗലം സബ് ഡിവിഷന് 61.81 കോടി രൂപയും ദേവികുളം സബ്ഡിവിഷന് 30.071 കോടി രൂപയും സി.ആർ.എഫ്. പ്രവൃത്തികൾക്കായി ദേവികുളം സബ്ഡിവിഷന് 48 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ മൂന്നാർ സബ്ഡിവിഷന് 1799.36 ലക്ഷം രൂപ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി പാലം ഉപവിഭാഗത്തിനുകീഴിലാണ് പെരിയവര പാലത്തിനായി 400 ലക്ഷം രൂപ നൽകിയിട്ടുള്ളത്.

നിരത്തുവിഭാഗത്തിനുകീഴിൽ പ്രവൃത്തികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു*.

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ

89 (4412) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരിമ്പുഴ പാലത്തിന് സമീപം പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിൽ എത്ര സ്ഥലമാണുള്ളത്; ആയതിന്റെ സ്കെച്ച് ലഭ്യമാക്കാമോ;

(ബി) ഈ നിയോജകമണ്ഡലത്തിൽ റോഡുകൾ അല്ലാതെ പി.ഡബ്ല്യു.ഡി.ക്ക് ഉടമസ്ഥാവകാശമുള്ള മറ്റ് സ്ഥലങ്ങളുണ്ടെങ്കിൽ വിസ്തീർണ്ണമടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ പി.ഡബ്ല്യു.ഡി. ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ മറ്റേതെങ്കിലും വകുപ്പുകൾക്ക് മുൻപ് വിട്ടുനൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ കരിമ്പുഴ പാലത്തിന് സമീപം റോഡിനാവശ്യമായ സ്ഥലം മാത്രമാണുള്ളത്.

(ബി) നിരത്തുവിഭാഗത്തിനുകീഴിൽ റോഡുകളല്ലാതെ ഉടമസ്ഥാവകാശമുള്ള സ്ഥലങ്ങൾ

1. ചുങ്കത്തറ വില്ലേജ്, ബ്ലോക്ക് 95 സർവ്വേ 177/എ 0.8160 ഹെക്ടർ (പൊ.മ.വ.ക്വാറി)
2. അമരമ്പലം വില്ലേജ്, ബ്ലോക്ക് 121 സർവ്വേ 190/7 0.2840 ഹെക്ടർ (സർക്കാർ പുറമ്പോക്ക് ഭൂസ്ഥിതി വഴി)

കെട്ടിട വിഭാഗത്തിനുകീഴിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഓഫീസ്, റസ്റ്റ് ഹൗസ്, പൊതുമരാമത്ത് നിരത്തുകൾ വിഭാഗം ഓഫീസ് എന്നിവയുടെ സ്ഥലങ്ങളാണുള്ളത്. ഇവയുടെ വിസ്തീർണ്ണം രേഖകൾപ്രകാരം ആകെ 157.627 സെന്റാണ്.

(സി) നിലമ്പൂർ നഗരത്തിലെ വീട്ടിക്കുന്ന് റോഡിൽ നിന്നും കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ റോഡിലേയ്ക്കുള്ള ലിങ്ക് റോഡ് നിർമ്മാണത്തിന് 23 സെന്റ് സ്ഥലം നിലമ്പൂർ മുനിസിപ്പാലിറ്റിക്ക് വിട്ടുനൽകിയിട്ടുണ്ട്.

മലപ്പുറം ജില്ലാ കളക്ടറുടെ 23-5-2005-ലെ നടപടിക്രമം നമ്പർ 53/2005 പ്രകാരം മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് ചുങ്കത്തറ വില്ലേജിൽപ്പെട്ട 40.50 സെന്റ് സ്ഥലം യാത്രിനിവാസ് നിർമ്മിക്കുന്നതിനുവേണ്ടി ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിലിന് വിട്ടുകൊടുത്തിട്ടുണ്ട്.

**പത്തനംതിട്ട ജില്ലയിലെ സി.ആർ.എഫ്. പദ്ധതി**

90 (4413) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ആർ.എഫ്. പദ്ധതിയിൽ 2018-19-ൽ പത്തനംതിട്ട ജില്ലയിൽ അനുവദിച്ച റോഡുകൾ എതൊക്കെയാണ്; എത്ര തുകയാണ് ഓരോ റോഡിനും അനുവദിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത റോഡുകളുടെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(സി) ഇവയുടെ നിർമ്മാണം എന്നത്തേയ്ക്ക് ടെൻഡർ ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ സി.ആർ.എഫ്. സ്കീമിൽ ഉൾപ്പെടുത്തി പത്തനംതിട്ട ജില്ലയിൽ തടിയൂർ-കുരുടമണ്ണിൽ കടവ്-പേരൂർച്ചാൽ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്ക് (10 കി.മീ) 10 കോടി രൂപയ്ക്ക് കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിൽ നിന്നും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

(ബി&സി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. കരാർ ഉടമ്പടി ഒപ്പുവച്ച് പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

**തിരുവമ്പാടി മണ്ഡലത്തിലെ ബഡ്ജറ്റ് പ്രവൃത്തികൾ**

91 (4414) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബജറ്റിൽ ഭരണാനുമതിയുള്ള തിരുവമ്പാടി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഇവ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) 2019-2020 വർഷത്തെ ബഡ്ജറ്റിൽ കെട്ടിട വിഭാഗത്തിനുകീഴിൽ PWD Rest House, മുക്കം എന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തിക്ക് സ്ഥലം ലഭ്യമല്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്കേ പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**വടക്കാഞ്ചേരി മണ്ഡലത്തിലെ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

92 (4415) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള ഭരണാനുമതി ലഭിച്ചതും നിലവിൽ പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദീകരിക്കുമോ;

(ബി) എഗ്രിമെന്റ് കാലാവധി തീർന്ന പ്രവൃത്തികളുണ്ടോയെന്നും അവ ഏതൊക്കെയാണെന്നും ആയതിന്റെ തടസ്സങ്ങളെന്തൊക്കെയാണെന്നും വിശദീകരിക്കുമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ പൂർത്തീകരിക്കാത്തവയുണ്ടോയെന്നും അവ ഏതൊക്കെയാണെന്നും ആയതിന്റെ തടസ്സങ്ങളെന്തൊക്കെയാണെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് പാലം വിഭാഗത്തിന്റെ കീഴിൽ നടന്നുവരുന്ന പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു :

1. വടക്കാഞ്ചേരി മണ്ഡലത്തിലെ 7 പാലങ്ങളുടെ സാധാരണ അറ്റകുറ്റപ്പണികൾ
   a) ROB അമല
   b) ചാമക്കാട് പാലം -1
   c) ചാമക്കാട് പാലം -11
   d) കുട്ടൂർ പാലം
   e) മണിത്തറ പാലം
   f) വളപ്പായ ROB

   g) പനമ്പിള്ളി പാലം എന്നീ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. എഗ്രിമെന്റ് വയ്ക്കേണ്ടതാണ്.

2. വടക്കാഞ്ചേരി മണ്ഡലത്തിലെ 6 പാലങ്ങളുടെ സാധാരണ അറ്റകുറ്റപ്പണികൾ
   a) വലിയതോട് പാലം
   b) കുപ്പപാലം
   c) അത്താണി ROB
   d) തോലൂർ പാലം
   e) പുഴയ്ക്കൽ പാലം II

   f) മുള്ളറകായൽ പാലം എന്നീ പ്രവൃത്തികൾ ടെണ്ടർ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്.

നിരത്തു വിഭാഗത്തിൻകീഴിലുള്ള പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ബഡ്ജറ്റ് വർക്ക് 2015-16 അത്താണി-മെഡിക്കൽ കോളേജ് റോഡിന്റെ പുനരുദ്ധാരണം-ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പല റോഡുകളും പൂർത്തീകരിച്ച അവസ്ഥയിലാണ്. ആയതിനാൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ആവശ്യപ്രകാരം പുതിയ റോഡുകൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സർക്കാർ നിർദ്ദേശമനുസരിച്ച് ടെണ്ടർ വേരിയേഷൻ ഉൾപ്പെടെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.

2. ബഡ്ജറ്റ് വർക്ക് 2017-18-അത്താണി-മെഡിക്കൽ കോളേജ്-മുണ്ടത്തി ക്കോട് റോഡിന്റെ 2/700 മുതൽ 5/500 വരെയുള്ള ഭാഗത്തിന്റെ പുനരു ദ്ധാരണം.

ഈ പ്രവൃത്തിയിൽ 500 മീറ്റർ കാന, 6 കൾവെർട്ടുകൾ ഉൾപ്പെടെയുള്ള ക്രോസ്സ് ഡ്രെയിനേജ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ മഴ തുടങ്ങിയ തിനാൽ ടാറിംഗ് പ്രവൃത്തികൾ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

3. എം.എൽ.എ.-എ.ഡി.എസ്.- കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ്-വടക്കാഞ്ചേരി റെയിൽവേ സ്റ്റേഷൻ ജംഗ്ഷൻ വികസനം

ഈ പ്രവൃത്തിയിൽ റോഡ് വീതി കൂട്ടേണ്ട സ്ഥലങ്ങളിൽ എട്ടോളം മരങ്ങൾ മുറിച്ചു നീക്കേണ്ടതുണ്ട്. ആയതിന് അനുമതിക്കായി സോഷ്യൽ ഫോറസ്റ്റി വിഭാഗ ത്തിലേയ്ക്ക് അയയ്ക്കുകയും ടി അനുമതി 2019 ജൂൺ മാസത്തിൽ ലഭിക്കുകയും ചെയ്തു. പ്രസ്തുത പ്രവൃത്തി തടസ്സമില്ലാത്ത ഇടങ്ങളിലുള്ള കാന നിർമ്മാണം പൂർത്തിയായി ട്ടുണ്ട്. ടാറിംഗ് പ്രവൃത്തികൾ ചെയ്തു തീർക്കാനുണ്ട്.

4 എം.എൽ.എ.-എ.ഡി.എസ് 2017-18-കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ്- റെയിൽവേ ജംഗ്ഷൻ അഭിവൃദ്ധിപ്പെടുത്തൽ രണ്ടാം ഘട്ടം-സാങ്കേതികാനുമതി ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

കെട്ടിട വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) എഗ്രിമെന്റ് കാലാവധി തീർന്ന പ്രവൃത്തികളൊന്നും തന്നെ പൊതുമ രാമത്ത് പാലം വിഭാഗത്തിന് കീഴിലില്ല.

നിരത്ത് വിഭാഗത്തിനുകീഴിൽ എഗ്രിമെന്റ് കാലാവധി തീർന്ന പ്രവൃത്തി കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ബഡ്ജറ്റ് പ്രവൃത്തി 2015-16 അത്താണി-മെഡിക്കൽ കോളേജ് റോഡിന്റെ പുനരുദ്ധാരണം.

ഒറിജിനൽ എസ്റ്റിമേറ്റിൽ ഉൾപ്പെട്ട പല റോഡുകളും പൂർത്തീകരിച്ച അവസ്ഥയിലാണ്. ആയതിനാൽ മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ ആവശ്യപ്രകാരം പുതിയ റോഡുകൾ ഉൾപ്പെടുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കുകയും സർക്കാർ നിർദ്ദേശം അനുസരിച്ച് ടെണ്ടർ വേരിയേഷൻ ഉൾപ്പെടെയുള്ള റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെട്ടിട വിഭാഗത്തിനുകീഴിൽ വാഴാനി ഡാം പദ്ധതി പ്രദേശത്ത് ഒഴിഞ്ഞു കിടക്കുന്ന സ്ഥലത്ത് കൺവെൻഷൻ സെന്റർ നിർമ്മാണപ്രവൃത്തിയുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചു. എഗ്രിമെന്റ് വയ്ക്കുകയും പ്രവൃത്തി തുടങ്ങുന്നതിനായി കരാറുകാരോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ വാഴാനി ഡാം പദ്ധതി പ്രദേശം ജലസേചന വകുപ്പിന്റെ കൈവശത്തിലായതിനാൽ പ്രവൃത്തി തുടങ്ങുന്നതിനുവേണ്ടി സ്ഥലം പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടില്ല.

ആസ്തി വികസന ഫണ്ട് വടക്കാഞ്ചേരി ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിന്റെ ഗാലറി നിർമ്മാണം:- ഈ പ്രവൃത്തി ആരംഭിച്ച സമയത്ത് പ്രാദേശികമായി എതിർപ്പുണ്ടാകുകയും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചതിനുശേഷം നിർമ്മാണം തുടങ്ങിയാൽ മതിയെന്നാവശ്യപ്പെട്ട് പ്രവൃത്തി തടസ്സപ്പെടുകയും ചെയ്തു. അതുപ്രകാരം അതിർത്തി രേഖപ്പെടുത്താൻ തഹസീൽദാരെ ചുമതലപ്പെടുത്തുകയും പലതവണ കത്തിടപാടുകൾ നടത്തിയെങ്കിലും തഹസീൽദാർ ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല.

(സി) നിരത്തുവിഭാഗത്തിനുകീഴിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ ടെണ്ടർ നടപടി പൂർത്തിയാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ബഡ്ജറ്റ് വർക്ക് 2018-19-ഇംപ്രൂവ്മെന്റ് ടു കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ് ചെ. 55/235 ടു 58/200: സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എന്നാൽ പ്രസ്തുത റോഡിൽ അറ്റകുറ്റപ്പണി ചെയ്തതിന്റെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് 2019 ജൂലൈ മാസത്തിൽ മാത്രമേ അവസാനിക്കുകയുള്ളൂ. അത് തീരുന്ന മുറയ്ക്ക് ടെണ്ടർ നടപടി പൂർത്തിയാക്കും.
2. എഫ്.ഡി. വർക്ക് 2018-19-ഫ്ലഡ് റെക്റ്റിഫിക്കേഷൻ വർക്സ് ടു കൊടുങ്ങല്ലൂർ-ഷൊർണ്ണൂർ റോഡ് ചെ. 58/200 ടു 61/200:- സാങ്കേതികാനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. എന്നാൽ പ്രസ്തുത റോഡിൽ അറ്റകുറ്റപ്പണി ചെയ്തതിന്റെ ഡിഫക്റ്റ് ലയബിലിറ്റി പീരിയഡ് 2019 ജൂലൈ മാസത്തിൽ മാത്രമേ അവസാനിക്കുകയുള്ളൂ. അത് തീരുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കും.

കെട്ടിട വിഭാഗത്തിന് കീഴിൽ വരുന്ന പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി

93 (4416) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) രജിസ്ട്രേഷൻ വകുപ്പിന്റെ പ്രവർത്തനം കാലികവും കാര്യക്ഷമവുമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ബിനാമി പേരിൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നത് അവസാനിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പാൻ കാർഡ്/ഫോം 60 എന്നിവ 10 ലക്ഷം രൂപയിൽ കൂടുതലുള്ള ആധാരങ്ങളിൽ നിർബന്ധമാക്കുകയും പാൻകാർഡ് ഇല്ലാത്തവരുടെ ഫോം 60 ആദായനികുതി വകുപ്പിന്റെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്യുന്നുണ്ട്.

ആധാരത്തിൽ വസ്തുവാങ്ങുന്നതും വിൽക്കുന്നതുമായ ആളുകളുടേയും മുക്ത്യാറുകളിൽ പ്രധാനിയുടെയും ഏജന്റിന്റെയും ഫോട്ടോയും വിരൽപ്പതിപ്പും നിർബന്ധമാക്കി.

വസ്തുവാങ്ങി 3 മാസത്തിനുള്ളിൽ നടക്കുന്ന വിലയാധാരത്തിന് ഇരട്ടി മുദ്രവിലയും 6 മാസത്തിനുള്ളിൽ ചെയ്യുന്നവയ്ക്ക് ഒന്നരയിരട്ടി മുദ്രവിലയും ഏർപ്പെടുത്തി.

ഓൺലൈൻ പോക്കുവരവ് നടപ്പാക്കിയതോടുകൂടി ബിനാമി പേരിൽ വസ്തുവാങ്ങി പോക്കുവരവ് ചെയ്യാതെ കൈവശം വയ്ക്കാൻ കഴിയാതെയായി. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ ഓൺലൈനായി വില്ലേജ് ഓഫീസിൽ അയയ്ക്കുന്നതിനാൽ വസ്തുവാങ്ങുന്ന ആളിന്റെ പേരിൽത്തന്നെ പട്ടയമാകുകയും പൂർണ്ണ ഉടമസ്ഥനായി മാറുകയും ചെയ്യുന്നു.

(ബി) ആധാര രജിസ്ട്രേഷനായി ഓഫീസിൽ ഹാജരാകുന്നതിനുള്ള സമയം മുൻകൂട്ടി അറിയുന്നതിന് ഓൺലൈനായി ടോക്കൺ എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തി.

പൊതുജനങ്ങൾക്കുതന്നെ സ്വയം ആധാരം തയ്യാറാക്കി രജിസ്ട്രേഷനായി ഹാജരാക്കുന്നതിലേയ്ക്കും ആധാരത്തിന്റെ അടിസ്ഥാന വിവരങ്ങൾ ഓൺലൈനായി പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തിക്കൊണ്ട് ആധാര രജിസ്ട്രേഷൻ

നടപടികൾ കൂടുതൽ സുതാര്യമാക്കുകയും വിവിധ തരത്തിലുള്ള ആധാരങ്ങളുടെ മാതൃകകൾ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഇ-പേമെന്റ് സംവിധാനം മുഖാന്തിരം രജിസ്ട്രേഷൻ ഫീസ് ഒടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

ബാദ്ധ്യതാ സർട്ടിഫിക്കറ്റുകൾക്ക് ഓഫീസിൽ ഹാജരാകാതെ തന്നെ ഓൺ ലൈനായി അപേക്ഷിക്കുന്നതിനും ഡിജിറ്റൽ ഒപ്പോടുകൂടി അപേക്ഷകർക്കുതന്നെ ഡൗൺലോഡ് ചെയ്യുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തുകയുണ്ടായി.

ഒരു ലക്ഷം രൂപയ്ക്കുമുകളിൽ മുദ്രവില വരുന്ന ഇടപാടുകൾക്ക് ഇ-സ്റ്റാമ്പിംഗ് സംവിധാനം ഏർപ്പെടുത്തി.

സഹകരണ ബാങ്കുകൾ മുഖാന്തിരമുള്ള പണയാധാരങ്ങളായ ഗഹാനുകൾ പൂർണ്ണമായും ഡിജിറ്റൽ രൂപത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്ക് തുടക്കം കുറിച്ചു.

ആധാര രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള ഫോട്ടോയും വിരൽപ്പതിപ്പും ഡിജിറ്റൽ ക്യാമറയുടെയും ബയോമെട്രിക് ഉപകരണത്തിന്റെയും സഹായത്തോടെ നേരിട്ട് ആധാരത്തിൽ പതിയുന്ന രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ആധാര രജിസ്ട്രേഷൻ നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന്റെ ഭാഗമായി ആധാരത്തോടൊപ്പം ഹാജരാക്കേണ്ട ഫയലിംഗ് ഷീറ്റുകളുടെ വലിപ്പം A3 സൈസിൽ നിന്നും A4 സൈസിലേയ്ക്ക് മാറ്റുകയുണ്ടായി.

രജിസ്ട്രേഷൻ വകുപ്പിലെ ആധാരങ്ങളുടെ ഡിജിറ്റൈസേഷൻ ആരംഭിച്ചു.

## ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം

94 (4417) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബി മുഖേന എത്ര തുക അനുവദി ച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) പ്രദേശത്തെ സ്വകാര്യ വ്യക്തി സൗജന്യമായി വിട്ടുനൽകിയ സ്ഥലത്ത് കെട്ടിട നിർമ്മാണം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) തടസ്സങ്ങൾ നീക്കി കെട്ടിടം പണി ആരംഭിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) 1.062 കോടി രൂപ 3-7-2018-ന് കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്.

(ബി) ഉദുമ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് 10 സെന്റ് വസ്തു പ്രദേശത്തെ സ്വകാര്യ വ്യക്തി ദാനമായി നൽകിയിട്ടുണ്ട്. ടി വസ്തു 0.0171 ഹെക്ടർ തോട്ടവും 0.0247 ഹെക്ടർ നഞ്ചയും ഉൾപ്പെട്ട ഒറ്റപ്ലോട്ടാണ്. ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലാത്ത നഞ്ച വിഭാഗത്തിൽപ്പെടുന്ന ഭൂമിയുടെ പരിവർത്തനാനുമതിക്കായുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) നഞ്ച വിഭാഗത്തിൽപ്പെട്ട ഭൂമി ഒഴിവാക്കി ബാക്കിയുള്ള 0.0171 ഹെക്ടർ (ഏകദേശം 4 സെന്റ്) സ്ഥലത്ത് കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതിന് നിർമ്മാണ ഏജൻസിയായ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**വൈപ്പിനിലെ കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടനിർമ്മാണം**

95 (4418) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ നിർമ്മാണം നടന്നുവരുന്ന വൈപ്പിനിലെ കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധി എന്നുവരെയാണെന്ന് വ്യക്തമാക്കാമോ ;

(സി) നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുഴുപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണം ലിന്റൽ ലെവൽ വരെയായിട്ടുണ്ട്. സൺഷെയ്ഡ്, ലിന്റൽ ബീം എന്നിവയുടെ ഷട്ടറിംഗ്, റീ-ഇൻഫോഴ്സ്മെന്റ് ജോലികൾ പുരോഗമിക്കുന്നു.

(ബി & സി) 12 മാസമാണ് കരാർ പ്രകാരമുള്ള നിർമ്മാണ കാലാവധി. 28-12-2018-ന് നിർമ്മാണം ആരംഭിച്ചു. 2019 ഡിസംബറിൽ നിർമ്മാണം പൂർത്തീകരിക്കാനാകും.

## കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം

96 (4419) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോട് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിടം നിർമ്മിച്ചത് ഏത് വർഷത്തിലാണെന്നും നിർമ്മാണച്ചെലവ് എത്രയായിരുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കെട്ടിടം നിലവിൽ വന്നതിന് ശേഷം നാളിതുവരെ നടത്തിയ അറ്റകുറ്റപ്പണികളും അതിന് ചെലവായ തുകയും വിശദമാക്കാമോ;

(സി) എത്ര അടി വിസ്തീർണ്ണമാണ് കെട്ടിടത്തിനുള്ളതെന്നും ഓഫീസിനെ ആശ്രയിക്കുന്ന പൊതുജനങ്ങളുടെ പ്രതിദിന ശരാശരി എണ്ണം എത്രയാണെന്നും അതിനനുസരിച്ചുള്ള സൗകര്യങ്ങളും സംവിധാനങ്ങളും ഇവിടെ ഉണ്ടോയെന്നും വ്യക്തമാക്കാമോ;

(ഡി) കാസർഗോട് സബ് രജിസ്ട്രാർ ഓഫീസിന് പുതിയ കെട്ടിടം പണിയാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

### ഉത്തരം

(എ) 1893-ൽ നിർമ്മിച്ച ഓടിട്ട കെട്ടിടത്തിലും അതിനോട് ചേർന്ന് 2009-2010-ൽ നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടത്തിലുമായാണ് കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസ് പ്രവർത്തിക്കുന്നത്. ഓടിട്ട കെട്ടിടത്തിന്റെ നിർമ്മാണച്ചെലവ് 3,846 രൂപയും കോൺക്രീറ്റ് കെട്ടിടത്തിന്റെ നിർമ്മാണ ചെലവ് 11,79,190 രൂപയുമാണ്.

(ബി) 2014-15-ൽ 1,62,548 രൂപ ചെലവഴിച്ച് അലുമിനിയം പാർട്ടീഷൻ, നിലം ടൈൽസ് പതിക്കൽ എന്നിവ ചെയ്തിട്ടുണ്ട്.

(സി) കെട്ടിടത്തിന് 2785.02 ച.അടി വിസ്തീർണ്ണമുണ്ട്. ഏകദേശം 200 പേർ പ്രതിദിനം ഈ ഓഫീസിനെ ആശ്രയിക്കുന്നുണ്ട്. ഓഫീസിലെത്തുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ഇരിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

(ഡി) കാസർഗോഡ് സബ് രജിസ്ട്രാർ ഓഫീസ് സ്ഥിതി ചെയ്യുന്ന 11 സെന്റ് സ്ഥലത്ത് ടി ഓഫീസിനും ജില്ലാ രജിസ്ട്രാർ ഓഫീസിനും കൂടി ഒരു കെട്ടിട സമുച്ചയ നിർമ്മാണം പരിഗണനയിലുണ്ട്.

നിലവിലുള്ള കെട്ടിടത്തിന്റെ ഓടിട്ട ഭാഗം പൈതൃക കെട്ടിട വിഭാഗത്തിൽ ഉൾപ്പെടുന്നതിനാൽ അത് പൊളിച്ചുമാറ്റുന്നതിന് പുരാവസ്തു വകുപ്പിന്റെ അനുമതി ആവശ്യമാണ്. പഴയ കെട്ടിടം പൊളിക്കുന്നതിനുള്ള അനുമതി ലഭ്യമാകുന്നമുറയ്ക്ക് മാത്രമേ കെട്ടിട സമുച്ചയം നിർമ്മിക്കുന്ന കാര്യം പരിഗണിക്കാനാകൂ.

## സെമി സ്പീഡ് റെയിൽപാത നിർമ്മാണം

97 (4420) ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. ടി. വി. ഇബ്രാഹിം:

ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള റെയിൽപാതയ്ക്കൊപ്പം സെമി സ്പീഡ് റെയിൽപാത നിർമ്മിക്കുന്നതിനുള്ള സാധ്യതാപഠന റിപ്പോർട്ടിന്റെ കരട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് അംഗീകരിച്ചിട്ടുണ്ടോ; പദ്ധതിയുടെ പ്രതീക്ഷിത ചെലവ് വ്യക്തമാക്കുമോ;

(സി) നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-സി) തിരുവനന്തപുരം മുതൽ കാസർഗോഡ് വരെയുള്ള 532 കി.മീ. ദൂരത്തിൽ സെമി ഹൈസ്പീഡ് ട്രെയിനുകൾക്കായി നിലവിലുള്ള ഇരട്ട പാതയ്ക്കുപുറമെ മൂന്നും നാലും പാത എന്നത് സംസ്ഥാനത്തിന്റെ മുൻഗണനാ പട്ടികയിലുള്ള പദ്ധതിയാണ്. പ്രസ്തുത പദ്ധതിയുടെ ഫീസിബിലിറ്റി റിപ്പോർട്ട് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കുകയും 2017 ഡിസംബർ അവസാനത്തോടുകൂടി റെയിൽവേ ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയുടെ ചെലവും സങ്കീർണ്ണതയും കണക്കിലെടുത്ത് വിശദമായ ഒരു പഠനം നടത്തി വീണ്ടും കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കാൻ റെയിൽവേ ബോർഡ് ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വിശദമായ പഠനം നടത്തുന്നതിലേയ്ക്കായി 'സിസ്ട്ര' എന്ന സ്ഥാപനത്തെ ജനറൽ കൺസൾട്ടന്റായി തെരഞ്ഞെടുക്കുകയും സാദ്ധ്യതാപഠന റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

56,442 കോടി രൂപ മതിപ്പുചെലവ് പ്രതീക്ഷിക്കുന്ന ഈ പദ്ധതി പൂർത്തിയാക്കുമ്പോൾ 66,405 കോടി രൂപയുടെ ചെലവ് പ്രതീക്ഷിക്കുന്നു. പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

**പൊൻമുണ്ടം ബൈപ്പാസിലെ ആർ.ഒ.ബി.**

98 (4421) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ പൊൻമുണ്ടം ബൈപ്പാസിലെ ആർ.ഒ.ബി. ക്കുവേണ്ടി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ;

(ബി) ഈ പ്രവൃത്തിക്കാവശ്യമായ എസ്റ്റിമേറ്റ് ചീഫ് എൻജിനീയർ (റോഡുകളും പാലങ്ങളും)7-11-18-ലെ സി.ഇ./ആർ&ബി/ എം.എൻ.ജെ./ 10355/ 2015 പ്രകാരം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇതിന് ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) തിരൂർ നഗരത്തിലെ ഗതാഗത കുരുക്ക് കുറയ്ക്കുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള ഈ പ്രവൃത്തി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ-സി) തിരൂർ മണ്ഡലത്തിലെ പൊൻമുണ്ടം ബൈപ്പാസിലെ ആർ.ഒ.ബി. നിർമ്മാണ പ്രവൃത്തിയുടെ ഭരണാനുമതിക്കായി 7-11-2018-ൽ ചീഫ് എഞ്ചിനീയർ പാലങ്ങൾ വിഭാഗം പ്രൊപ്പോസൽ സമർപ്പിക്കുകയും ആയത് സർക്കാർ പരിശോധിച്ചതിനുശേഷം ബഡ്ജറ്റിൽ ആവശ്യമായ തുകയില്ലാത്തതിനാൽ മാറ്റിവച്ചിരിക്കുകയുമാണ്.

**കോട്ടിക്കുളം റെയിൽവേ മേൽപ്പാലം**

99 (4422) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവെ മേൽപ്പാലത്തിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് എത്ര മാസമായി; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാൻ നിലവിലുള്ള തടസ്സം എന്താണെന്ന് വിശദമാക്കാമോ ;

(സി) തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം 27-9-2016-ലെ സ.ഉ.(സാധാ) നമ്പർ 1324/2016/പൊ.മ.വ. പ്രകാരം ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തുകയും, ആർ.ബി.ഡി.സി.കെ തയ്യാറാക്കി

സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ടിന് 16-5-2017-ന് ഓർഡർ നമ്പർ എ.പി.ആർ-1/76/2017 കിഫ്ബി പ്രകാരം 19.60 കോടി രൂപയ്ക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. നിലവിൽ കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന് കിഫ്ബി സാമ്പത്തികാനുമതി നൽകിയിട്ട് രണ്ട് വർഷമായി.

(ബി) കോട്ടിക്കുളം റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തുന്നതിന് മുമ്പായി റെയിൽവേ പ്രസ്തുത മേൽപ്പാലത്തിനുവേണ്ടി ഭൂമി ഏറ്റെടുത്തിരുന്നു. റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി, റെയിൽവേയുടെ അനുമതി ലഭിച്ചാൽ മാത്രമേ പ്രവൃത്തി ടെണ്ടർ ചെയ്ത് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ.

(സി) റെയിൽവേ ഏറ്റെടുത്ത ഭൂമിയിൽ നിർമ്മാണ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള അനുമതിക്കായി 16-2-2018-ൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർക്ക് കത്തയയ്ക്കുകയും മറുപടി ലഭിക്കാത്തതിനെത്തുടർന്ന് 17-7-2018-നും 4-8-2018-നും വീണ്ടും കത്തുകൾ അയയ്ക്കുകയും റെയിൽവേ മീറ്റിംഗുകളിൽ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. തുടർന്ന് റെയിൽവേ ഏറ്റെടുത്ത ഭൂമിക്കുവേണ്ടി ചെലവാക്കിയ തുക തിരികെ നൽകാൻ സ്റ്റേറ്റ് ഗവൺമെന്റ് തയ്യാറാണോയെന്ന് അറിയിക്കാനാവശ്യപ്പെട്ട് റെയിൽവേയിൽ നിന്ന് കത്ത് ലഭിക്കുകയും ഇതുസംബന്ധമായ തീരുമാനമെടുക്കുന്നതിനായി കിഫ്ബിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. കിഫ്ബിയിൽ നിന്ന് മറുപടി ലഭിക്കുന്നമുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**വാത്തുരുത്തി റെയിൽവേ മേൽപ്പാലം**

100 (4423) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബജറ്റിൽ മുപ്പത് കോടി രൂപ വകയിരുത്തിയിട്ടുള്ള എറണാകുളം ജില്ലയിലെ വാത്തുരുത്തി റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിജസ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി നൽകിയത് എന്നാണെന്ന് വ്യക്തമാക്കാമോ; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ പ്രവൃത്തിക്ക് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് കാരണം വിശദമാക്കാമോ;

(ഡി) കൊച്ചിൻ പോർട്ട് ട്രസ്റ്റ് അംഗീകാരം നൽകിയ രണ്ട് അലൈൻമെന്റുകൾ നടപ്പിലാക്കുന്നതിൽ നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ;

(ഇ) മേൽപ്പാലത്തിന് പകരമായി അണ്ടർപാസിന്റെ പ്രൊപ്പോസൽ പരിഗണനിയിലുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) 10-7-2017-ലെ സ.ഉ.(സാധാ)നമ്പർ 942/2017/പൊ.മ.വ. മുഖേന വാത്തുരുത്തി മേൽപ്പാലം കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകുകയും ആർ.ബി.ഡി.സി.കെ.-യെ എസ്.പി.വി. ആയി നിയമിക്കുകയും ചെയ്തു. മേൽപ്പാലം നിർമ്മിക്കുന്നതിനാവശ്യമായ ഭൂരിഭാഗം ഭൂമിയും കൊച്ചി തുറമുഖ ട്രസ്റ്റിന്റെ ഉടമസ്ഥതയിലുള്ളതായതിനാൽ അവരുടെയും നിർദ്ദിഷ്ട പദ്ധതി പ്രദേശം നാവിക വിമാനത്താവളത്തിനടുത്തായതിനാൽ നേവിയുടെയും അനുമതി പദ്ധതിക്കാവശ്യമാണ്. കൂടാതെ അലൈൻമെന്റിന് റെയിൽവേയുടെ അംഗീകാരവും ആവശ്യമാണ്. മേൽപ്പാലത്തിനായി ആർ.ബി.ഡി.സി.കെ. വിവിധ അലൈൻമെന്റുകൾ തയ്യാറാക്കുകയും വിവിധ ഏജൻസികളുമായി പല യോഗങ്ങൾ നടത്തുകയും ചെയ്തെങ്കിലും ഏവരും അംഗീകരിക്കുന്ന ഒരു രൂപരേഖ സാദ്ധ്യമായിട്ടില്ല. ആയതിനാൽത്തന്നെ വിശദമായ പദ്ധതിരേഖ കിഫ്ബിക്ക് അംഗീകാരത്തിനായി സമർപ്പിക്കാൻ സാധിച്ചിട്ടില്ല.

(ഡി) പോർട്ട് ട്രസ്റ്റ് അംഗീകരിച്ച അലൈൻമെന്റ് മറ്റ് ഏജൻസികൾ അംഗീകരിക്കാത്തതിനാലാണ് കാലതാമസം നേരിടുന്നത്.

(ഇ) ഇല്ല. പ്രദേശത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടകങ്ങൾ അണ്ടർപാസ് നിർമ്മിക്കുന്നതിന് യോജിച്ചതല്ല.

## രാജ്യറാണി എക്സ്പ്രസ് തിരുവനന്തപുരം സെൻട്രൽ വരെ നീട്ടണമെന്ന ആവശ്യം

101 (4424) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-കൊച്ചുവേളി രാജ്യറാണി എക്സ്പ്രസ്സ് ട്രെയിൻ കൊച്ചുവേളിയിൽ നിന്നും തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷൻ വരെ നീട്ടണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച ശിപാർശ റെയിൽവേക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

**ട്രെയിനുകൾക്ക് പുതുതായി സ്റ്റോപ്പുകൾ**

102 (4425) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകൾക്ക് ഏതെങ്കിലും സ്റ്റേഷനുകളിൽ പുതുതായി സ്റ്റോപ്പുകൾ അനുവദിക്കണമെന്ന് റെയിൽവേയോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം സ്റ്റേഷനുകളിൽ ഏതെല്ലാം ട്രെയിനുകളുടെ സ്റ്റോപ്പുകളാണ് പുതുതായി ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ & ബി) വിവിധ കോണുകളിൽ നിന്നുള്ള അഭ്യർത്ഥനകളെത്തുടർന്ന് കേരളത്തിലൂടെ കടന്നുപോകുന്ന ട്രെയിനുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നതുമൂലം ട്രെയിനുകളുടെ വേഗതയിൽ ഗണ്യമായ കുറവ് വരികയും യാത്രാസമയം വർദ്ധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിൽ റെയിവേ പുതിയ സ്റ്റോപ്പുകൾ അനുവദിക്കുന്നില്ല. എന്നിരുന്നാലും സംസ്ഥാനത്തിലൂടെ കടന്നുപോകുന്ന വിവിധ ട്രെയിനുകൾക്ക് പേട്ട, കടയ്ക്കാവൂർ, വർക്കല, കരുനാഗപ്പള്ളി, കൊല്ലങ്കോട്, ചാലക്കുടി, വടക്കാഞ്ചേരി, മുളങ്കുന്നത്തുകാവ്, വള്ളത്തോൾ നഗർ, അമലാ നഗർ, മുള്ളൂർക്കര, തിരൂർ, കുറ്റിപ്പുറം, കാഞ്ഞങ്ങാട്, കാസർഗോഡ് തുടങ്ങിയ സ്റ്റേഷനുകളിൽ സ്റ്റോപ്പ് അനുവദിക്കുന്നതിന് റെയിൽവേ അധികാരികളോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

**ഈ അദ്ധ്യയനവർഷം പഠിക്കുന്ന കുട്ടികളുടെ എണ്ണം**

103 (4426) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയനവർഷം ആറാം പ്രവൃത്തി ദിവസം കണക്കാക്കി ഒന്ന് മുതൽ പത്ത് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഗവൺമെന്റ് എയ്ഡഡ്, അൺ എയ്ഡഡ് തിരിച്ച് അറിയിക്കാമോ;

(ബി) ഗവൺമെന്റ് എയ്ഡഡ് മേഖലയിൽ ഈ വർഷം അമ്പത് കുട്ടികളിൽ താഴെ പഠിക്കുന്ന എത്ര സ്കൂളുകൾ ഉണ്ട്; ഇത്തരം സ്കൂളുകളുടെ പട്ടിക ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ഈ വർഷം സംസ്ഥാനത്ത് നൂറ് കുട്ടികളിൽ താഴെ പഠിക്കുന്ന സർക്കാർ, എയ്ഡഡ് സ്കൂളുകളുടെ പട്ടിക ജില്ല തിരിച്ച് അറിയിക്കാമോ;

(ഡി) ഈ അദ്ധ്യയനവർഷം എൻറോൾമെന്റ് റേഷ്യോയിൽ ഉണ്ടായ വ്യത്യാസം എത്രയെന്ന് അറിയിക്കാമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

104 (4427) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഉന്നത നിലവാരത്തിലുള്ള അദ്ധ്യാപനം ഉറപ്പാക്കുന്ന രീതിയിൽ അദ്ധ്യാപകർക്ക് പരിശീലനം നൽകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായി നാല് മേഖലകളിലായി

1. ഭൗതിക സൗകര്യവികസനം
2. സാങ്കേതിക വിദ്യാ സൗഹൃദ ക്ലാസ് മുറികൾ/വിദ്യാലയം
3. അക്കാദമിക പ്രവർത്തനങ്ങൾ
4. സമൂഹ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്.

കൂടാതെ അന്താരാഷ്ട്ര നിലവാരത്തിലുള്ള പഠനം ഉറപ്പുവരുത്തുന്നതിനായുള്ള പ്രധാന പദ്ധതിയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ഹൈടെക് ക്ലാസ്സ്മുറികൾക്കുവേണ്ടി ഡിജിറ്റൽ കണ്ടന്റുകൾ വികസിപ്പിച്ചു. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ഇതിന് അനുസരണമായ മാറ്റങ്ങൾ വരുത്തി. മേൽപ്പറഞ്ഞ പാഠപുസ്തകങ്ങളിൽ ക്യൂ.ആർ. കോഡുകൾ ഉൾപ്പെടുത്തി 'എനർജൈസിംഗ് ടെക്സ്റ്റ് ബുക്ക്സ്' എന്ന പദ്ധതി നടപ്പിലാക്കി.

2. കുട്ടികൾക്ക് മാതൃഭാഷയോടൊപ്പം ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളും ഇതര ഭാഷകളും മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

3. ഗണിതം കളികളിലൂടെയും പഠനോപകരണങ്ങളുടെ സഹായത്തോടെയും പഠിക്കുന്നതിന് 'ഗണിതവിജയം' പദ്ധതി എൽ.പി.,യു.പി. ക്ലാസ്സുകളിലെ കുട്ടികൾക്കായി നടപ്പിലാക്കുന്നു.

4. ശാസ്ത്രവിഷയങ്ങൾ രസകരമായും കൗതുകത്തോടെയും പഠിക്കുന്നതിന് എൽ.പി.,യു.പി. ക്ലാസ്സുകളിൽ ശാസ്ത്രകൗതുകം, ശാസ്ത്രമധുരം, ശാസ്ത്ര പാർക്ക് എന്നീ പദ്ധതികൾ നടപ്പിലാക്കി. ഓരോ ശാസ്ത്രപാർക്കിലും 70-ലധികം ശാസ്ത്ര പഠനോപകരണങ്ങൾ ക്രമീകരിച്ചിരിക്കുന്നു.

5. ഹയർ സെക്കണ്ടറി ശാസ്ത്രവിദ്യാർത്ഥികളിൽ ശാസ്ത്രവിഷയങ്ങളിൽ താൽപ്പര്യം വർദ്ധിപ്പിക്കുന്നതിനും ഗവേഷണതല്പരത വർദ്ധിപ്പിക്കുന്നതിനുമായി 'ശാസ്ത്രപഥം' പദ്ധതി നടപ്പിലാക്കി.

6. കുട്ടികളിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിനും വായനയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകളിലുള്ള വായനക്കാർഡുകൾ കുട്ടികൾക്ക് നൽകി. എല്ലാവരേയും സ്വതന്ത്രവായനക്കാരാക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

7. ഒന്ന്, രണ്ട് ക്ലാസ്സുകളിലെ കുട്ടികളുടെ വായനയ്ക്കായി "കുഞ്ഞുവായന, കുഞ്ഞെഴുത്ത്" എന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

8. കുട്ടികളുടെ വിവിധ മേഖലകളിലെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനും വികസിപ്പിക്കുന്നതിനും ലക്ഷ്യംവച്ചുകൊണ്ട് സ്കൂളുകളിൽ 'ടാലന്റ് ലാബ്' " സർഗ്ഗ വിദ്യാലയം" തുടങ്ങിയ പരിപാടികൾ നടന്നുവരുന്നു.

9. കുട്ടികളുടെ പഠന പ്രയാസങ്ങൾ പരിഹരിക്കുന്നതിന് 'ശ്രദ്ധ' എന്ന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

10. പെൺകുട്ടികളുടെ അഭിനയശേഷി വർദ്ധിപ്പിക്കുന്നതിന് പെൺകുട്ടികളുടെ 'ജ്വാല' തിയേറ്റർ ക്യാമ്പുകൾ സംഘടിപ്പിച്ചു.

11. സാമൂഹ്യശാസ്ത്ര വിഷയങ്ങൾ ലളിതമായി പഠിക്കുന്നതിന് ഭൂമിശാസ്ത്ര ലാബ്, ഭൗമം എന്നീ പരിപാടികൾക്ക് തുടക്കം കുറിച്ചു.

12. തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 'നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക്' (NSQF) അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി) അദ്ധ്യാപക വിദ്യാഭ്യാസത്തിൽ ഗുണകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞിട്ടുണ്ട്. 2019 ഏപ്രിൽ-മേയ് മാസങ്ങളിൽ 8 ദിവസത്തെ അദ്ധ്യാപക വിദ്യാഭ്യാസ പരിപാടിയിൽ അദ്ധ്യാപകരെ പങ്കാളികളാക്കി. ശില്പശാല മാതൃകയിൽ സംഘടിപ്പിച്ച അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി ഗവേഷണാത്മക വിദ്യാഭ്യാസ മാതൃകകൾ പരിചയപ്പെടാൻ അദ്ധ്യാപകർക്ക് കഴിഞ്ഞു. ഹയർ സെക്കണ്ടറിയിൽ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടത്തിയ പത്ത് ദിവസത്തെ പരിശീലനം മികച്ച അദ്ധ്യാപക വിദ്യാഭ്യാസ മാതൃകയായി അംഗീകരിക്കപ്പെട്ടു. കൂടാതെ ഓരോ അദ്ധ്യാപകനും/അദ്ധ്യാപികയും തന്റെ ക്ലാസ്സും വിഷയവും അടിസ്ഥാനമാക്കി കർമ്മപദ്ധതികൾ പരിശീലന വേളയിൽ തയ്യാറാക്കുകയും തുടർന്ന് സ്കൂളുകളിൽ എസ്.ആർ.ജി. ചേർന്ന് സ്കൂളിന്റെ കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സ്കൂൾ കർമ്മപദ്ധതി തയ്യാറാക്കുമ്പോൾ സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാനുമായി ഒത്തുചേർന്ന് പോകുന്നതിനുള്ള നിർദ്ദേശവും അദ്ധ്യാപകർക്ക് പരിശീലനവേളകളിൽ നൽകിയിട്ടുണ്ട്.

## സമഗ്ര ശിക്ഷാ പദ്ധതി

105 (4428) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ പദ്ധതി പ്രകാരം 2018-19- ൽ എന്ത് തുകയാണ് കേന്ദ്രം അനുവദിച്ചത്; ഇതിൽ എന്ത് തുക ഇതിനകം ലഭിച്ചു; ഈ തുക എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കുവാനാണ് വിനിയോഗിച്ചത്;

(ബി) 2019-20-ൽ സമഗ്ര ശിക്ഷാപദ്ധതി പ്രകാരം എന്ത് തുകയാണ് കേന്ദ്രം വകയിരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ പുതിയ പദ്ധതികളാണ് ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷത്തെ വാർഷിക പദ്ധതിയായി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ച തുക 876.94 (എണ്ണൂറ്റി എഴുപത്തിയാറ് കോടി തൊണ്ണൂറ്റി നാല് ലക്ഷം രൂപ) കോടി രൂപയാണ്. (സ്പിൽ ഓവർ അടക്കം) ഇതിൽ പ്രസ്തുത വർഷത്തെ പ്രവർത്തനങ്ങൾക്ക് മാത്രമായി 739.93 (എഴുന്നൂറ്റി മുപ്പത്തി ഒൻപത്

കോടി തൊണ്ണൂറ്റി മൂന്ന് ലക്ഷം രൂപ) കോടി രൂപയാണ് അനുവദിച്ചത്. ഇതിൽ കേന്ദ്ര വിഹിതമായി 256.04 (ഇരുന്നൂറ്റി അൻപത്തി ആറ് കോടി നാല് ലക്ഷം രൂപ) കോടി രൂപയും സംസ്ഥാന വിഹിതമായി പഞ്ചായത്തുകളിൽ നിന്നും ലഭിച്ചതും സംസ്ഥാനം നേരിട്ട് തന്നതുമായി 176.44 (നൂറ്റി എഴുപത്തി ആറ് കോടി നാല്പത്തിനാല് ലക്ഷം രൂപ) കോടി രൂപയും മുൻവർഷത്തെ നീക്കിയിരുപ്പ് തുകയായ 53.76 (അൻപത്തിമൂന്ന് കോടി എഴുപത്തി ആറ് ലക്ഷം രൂപ) കോടി രൂപയും ചേർത്ത് ആകെ 486.24 (നാന്നൂറ്റി എൺപത്തി ആറ് കോടി ഇരുപത്തി നാല് ലക്ഷം രൂപ) കോടി രൂപയും ആകെ ലഭിച്ചു. താഴെപ്പറയുന്ന പരിപാടികൾക്കാണ് തുക ചെലവഴിച്ചത് :

1. സൗജന്യ പാഠപുസ്തക വിതരണം.
2. സൗജന്യ യൂണിഫോം
3. കോമ്പോസിറ്റ് സ്കൂൾ ഗ്രാന്റ്
4. രാഷ്ട്രീയ ആവിഷ്ക്കാർ അഭിയാൻ
5. പ്രത്യേക പരിഗണന അർഹിക്കുന്നവരുടെ വിദ്യാഭ്യാസം
6. വിദ്യാർത്ഥികൾക്ക് യാത്രാ സൗകര്യം ഒരുക്കൽ
7. ശാലാസിദ്ധി
8. പഠനപരിപോഷണ പരിപാടി
9. ഗൈഡൻസ് & കൗൺസലിംഗ്
10. ഔട്ട് ഓഫ് സ്കൂൾ സ്പെഷ്യൽ ട്രെയിനിംഗ്
11. സിവിൽ വർക്ക്
12. പ്രീപ്രൈമറി വിദ്യാഭ്യാസം
13. ബി.ആർ.സി.-സി.ആർ.സി. മുഖേനയുള്ള അക്കാദമിക പിന്തുണ
14. അദ്ധ്യാപകരുടെ ശമ്പളം
15. സ്വയം പ്രതിരോധ പരിശീലന പരിപാടി
16. നിരന്തര വിലയിരുത്തൽ ശക്തിപ്പെടുത്തൽ
17. പെൺകുട്ടികളുടെ ശാക്തീകരണം
18. പെൺകുട്ടികൾക്കായുള്ള കൗമാര വിദ്യാഭ്യാസം
19. അവധിക്കാല അദ്ധ്യാപക പരിശീലനം

20. കേന്ദ്ര ഗ്രന്ഥാലയവും ക്ലാസ്സ് ലൈബ്രറിയും
21. റസിഡൻഷ്യൽ ഹോസ്റ്റൽ
22. നൂതനാശയ പ്രവർത്തനങ്ങൾ
23. മീഡിയ & കമ്മ്യൂണിറ്റി മൊബിലൈസേഷൻ
24. മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (എം.ഐ.എസ്.)

(ബി) 1506.41 കോടി രൂപയുടെ പദ്ധതി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. തുക അംഗീകരിച്ചുകൊണ്ടുള്ള മിനിറ്റ്സ് ഇതുവരെ ലഭിച്ചിട്ടില്ല.

**സ്കൂൾ തലത്തിൽ പരിശീലനം നൽകുന്ന പദ്ധതി**

106 (4429) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പരീക്ഷയിൽ പങ്കെടുക്കുന്നതിന് വിദ്യാർത്ഥികൾക്ക് സ്കൂൾ തലത്തിൽ പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദവിവരങ്ങൾ നൽകുമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഏജൻസികൾ വഴിയാണ് പരിശീലനം നൽകുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ മെഡിക്കൽ എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ള പ്രവേശന പരീക്ഷയിൽ വിദ്യാർത്ഥികളെ സജ്ജീകരിക്കുന്നതിന് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പിന്റെ ആഭിമുഖ്യത്തിൽ PEECS (Public Entrance Exam Coaching Scheme) എന്ന പദ്ധതി 2013-14 മുതൽ 2017-18 വർഷം വരെ നടപ്പിലാക്കിയിരുന്നു. എന്നാൽ 2017-18 വർഷം പദ്ധതി അവലോകനത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം കുറവായിരുന്നതിനാൽ PEECS പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലാണ്. മേൽസാഹചര്യത്തിൽ 2019-20 വർഷം PEECS പദ്ധതിക്കായി തുക നീക്കിവച്ചിട്ടില്ല.

(ബി) പദ്ധതിപ്രകാരം സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലെ ഒരു നോഡൽ സെന്ററിൽ വിദ്യാർത്ഥികൾക്കായി പ്രവേശന പരീക്ഷയുടെ തത്സമയ പരിശീലന ക്ലാസ്സുകൾ സൗജന്യമായി നൽകിയിരുന്നു. ക്ലാസ്സുകൾ Online

ആയിട്ടാണ് നൽകിവന്നിരുന്നത്. സംസ്ഥാനത്തെ എല്ലാ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കും, പ്രത്യേകമായി സാമ്പത്തികമായി പിന്നോക്കാവസ്ഥയിലുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമായിരുന്നു. SC/ST വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒരു പ്രത്യേക പരിശീലന കേന്ദ്രം പാലക്കാട് അട്ടപ്പാടിയിലും ക്രമീകരിച്ചിരുന്നു.

(സി) PEECS പദ്ധതി ഉന്നത വിദ്യാഭ്യാസ വകുപ്പും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായിട്ടാണ് നടത്തിയിരുന്നത്. പിന്നീട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും IT@School-ഉം ചേർന്നാണ് പദ്ധതി നടത്തിയിരുന്നത്.

### ആറന്മുള മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണം

107 (4430) ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറന്മുള നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി എന്തൊക്കെ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ആറന്മുള നിയോജകമണ്ഡലത്തിൽ മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുത്ത കോഴഞ്ചേരി ഗവൺമെന്റ് ഹൈസ്കൂളിന് 5 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതേ മണ്ഡലത്തിലെ നാരങ്ങാനം ഗവൺമെന്റ് ഹൈസ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി 3 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കോഴഞ്ചേരി ഗവൺമെന്റ് എച്ച്.എസ്-ന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി 5 ലക്ഷം രൂപ കിറ്റ്കോയ്ക്ക് നൽകിയിട്ടുണ്ട്.

### മാതൃഭാഷാ പഠനം നിർബന്ധമാക്കുന്നതിന് നടപടി

108 (4431) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെ മാതൃഭാഷാ പഠനം നിർബന്ധമാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ബന്ധഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തി പൊതുവിദ്യാലയങ്ങൾ ആകർഷകമാക്കുവാനുള്ള ശ്രമങ്ങൾ വിജയ പ്രദമാണോ; വിശദമാക്കുമോ;

(സി) അക്കാദമിക മാസ്റ്റർ പ്ലാനിലൂടെ ഭാഷാശേഷി ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനം നടത്തിയിട്ടുണ്ടോ; ഇതിനായി നടപ്പിലാക്കിയ കാര്യങ്ങൾ എന്തൊക്കെ യാണെന്ന് വ്യക്തമാക്കുമോ;

(ഡി) പല സ്കൂളുകളിലും ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതിന് ഇംഗ്ലീഷ് ഭാഷാ അദ്ധ്യാപകരെ നിയമിച്ചിട്ടില്ലായെന്നത് സ്കൂളുകളിലെ ഇംഗ്ലീഷ് പഠനത്തെ കാര്യമായി ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഇംഗ്ലീഷ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിച്ച് ഇക്കാര്യത്തിലുള്ള കുറവ് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2017-ലെ മലയാളഭാഷാ പഠന ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2-6-2018-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 14/2018/പൊ.വി.വ പ്രകാരം മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2018-19 അക്കാദമിക വർഷം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താംതരം വരെ മലയാളം ഒരു ഭാഷയായി പഠിപ്പിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിനായി എല്ലാ റവന്യൂ/ വിദ്യാഭ്യാസ ജില്ലാതലങ്ങളിലും പരിശോധകരുടെ പാനൽ രൂപീകരിക്കുകയും ചട്ടപ്രകാരമുള്ള പരിശോധനകൾ കഴിഞ്ഞ വർഷം നടത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ 2018 ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ പ്രതികൂലകാലാവസ്ഥ, തസ്തിക നിർണ്ണയ പ്രവർത്തനങ്ങൾ എന്നിവമൂലം സ്കൂൾ പരിശോധനകൾ ഒരു ജില്ലയിലും പൂർത്തിയായില്ല. ആയതിനാൽ പരിശോധന പൂർത്തിയാക്കാൻ ഡിസംബർ 31 വരെ സമയം അനുവദിക്കുകയും ഈ കാലയളവിൽ കൂടുതൽ പരിശോധനകൾ നടത്തുകയും ചെയ്തിട്ടുണ്ട്. 2019-20 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ പ്രകാരമുള്ള നടപടി കൂടുതൽ കാര്യക്ഷമമായി സ്വീകരിച്ചുവരുന്നു.

ഇതര ഭാഷകൾ മാതൃഭാഷയായിട്ടുള്ള വിദ്യാർത്ഥികൾക്ക് മാതൃഭാഷയ്ക്ക് ഒപ്പം മലയാളം പഠിക്കുന്നതിന് എസ്.സി.ഇ.ആർ.ടി. പാഠപുസ്തകങ്ങൾ വികസിപ്പിച്ചു. ഒന്നു മുതൽ മൂന്നു വരെ പാഠപുസ്തകങ്ങൾ സ്കൂളുകളിൽ എത്തിച്ചിട്ടുണ്ട്.

(ബി) ആണ്. ഇംഗ്ലീഷ് ഭാഷാ പഠനം ശക്തിപ്പെടുത്തുന്നതിന് വിവിധ ഏജൻസികൾ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. എസ്.എസ്.എ. വഴി നടത്തുന്ന "ഹലോ ഇംഗ്ലീഷ്" അവയിൽ എടുത്തു പറയാവുന്ന ഒന്നാണ്. " റിലീഷ് ഇംഗ്ലീഷ് " എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. ഒരു ഗവേഷണ മാതൃകയ്ക്ക് രൂപം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾക്ക് പ്രത്യേകം ഊന്നൽ നൽകിവരുന്നു.

(ഡി) 7-1-2002-ലെ ജി.ഒ.(എംഎസ്) നമ്പർ 11/2002/പൊ.വി.വ.-ലെ അനുബന്ധത്തിൽ നൽകിയിട്ടുള്ള പട്ടികപ്രകാരമാണ് സർക്കാർ എയ്ഡഡ് ഹൈസ്കൂളുകളിൽ കോർ വിഷയങ്ങളുടെ (ഫിസിക്കൽ സയൻസ്, നാച്വറൽ സയൻസ്, ഗണിതശാസ്ത്രം, സോഷ്യൽ സയൻസ്, ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നത്. ഈ ഉത്തരവിന്റെയും കെ.ഇ.ആർ. അദ്ധ്യായം XXIII-ലെ ചട്ടം 6(1)-ന്റെയും വെളിച്ചത്തിൽ ഇംഗ്ലീഷിനെ കോർ സബ്ജക്ടിൽ ഒന്നായി കണ്ടുകൊണ്ടാണ് 2002-03 മുതൽ തസ്തിക നിർണ്ണയം നടത്തിവരുന്നത്. 2001-02 വരെ കേരളത്തിലെ വിദ്യാലയങ്ങളിൽ എച്ച്.എസ്.എ.(ഇംഗ്ലീഷ്) തസ്തിക അനുവദിച്ചിരുന്നില്ല. മറ്റ് കോർ വിഷയങ്ങളിലെ അദ്ധ്യാപകർ തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിച്ചിരുന്നത്. ഹൈസ്കൂൾ തലത്തിൽ ആകെ നാല് ഡിവിഷനുകൾ മാത്രമുള്ള വിദ്യാലയങ്ങളിൽ ഇപ്പോഴും അപ്രകാരം തന്നെയാണ് ഇംഗ്ലീഷ് പഠിപ്പിക്കുന്നത്. അങ്ങനെയാകുമ്പോൾ മറ്റ് വിഷയങ്ങളിൽ ഡിഗ്രിയും ബി.എഡുമുള്ള അദ്ധ്യാപകർ ഇത്തരം വിദ്യാലയങ്ങളിൽ ഇപ്പോൾ ഇംഗ്ലീഷ് പഠിപ്പിക്കുന്നുണ്ട്. എല്ലാ വിദ്യാലയങ്ങളിലും എച്ച്.എസ്.എ. (ഇംഗ്ലീഷ്) തസ്തികകൾ അനുവദിക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു.

**ഭാഷയ്ക്കും ഗണിതത്തിനും ഊന്നൽ നൽകുന്നതിനുള്ള പദ്ധതികൾ**

109 (4432) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓരോ ക്ലാസ്സിലും കുട്ടികൾ ആർജ്ജിക്കേണ്ട ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടികൾ നേടിയെന്ന് ഉറപ്പുവരുത്തുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) പഠന പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് ഏർപ്പെടുത്തിയ പ്രത്യേക പദ്ധതി വിജയപ്രദമാണോ; ഇതിലൂടെ പഠനത്തിൽ പിന്നിലായിരുന്നവരെ മുന്നോട്ട് കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ടോ;

(സി) നിരന്തര വിലയിരുത്തലുകൾ കൂടുതൽ ഫലപ്രദമാക്കാൻ 2019-20 അദ്ധ്യയനവർഷത്തിൽ നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ്;

(ഡി) ഈ അദ്ധ്യയന വർഷം പ്രൈമറി തലത്തിൽ ഗണിതത്തിന് കൂടുതൽ ഊന്നൽ നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി നടപ്പിലാക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഭാഷാപരവും ഗണിതപരവുമായ ശേഷി കുട്ടികൾ ആർജ്ജിക്കുന്ന തിനായി 'മലയാളത്തിളക്കം' 'ഗണിതവിജയം' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) അതെ, കഴിഞ്ഞിട്ടുണ്ട്.

(സി) ഡിജിറ്റൽ സംവിധാനത്തിന്റെ സഹായത്തോടെ സമഗ്രമായ വിലയിരു ത്തൽ രീതി നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. 'ഗണിതവിജയം ' പദ്ധതി കൂടുതൽ സമഗ്രമായി നടപ്പിലാക്കും. അതോടൊപ്പം, 'ശ്രദ്ധ' പദ്ധതിയിലും ഗണിതത്തിന് പ്രത്യേക പ്രാധാന്യം നൽകുന്നുണ്ട്.

## സ്പെഷ്യൽ സ്കൂളുകൾക്ക് ആനുകൂല്യങ്ങൾ

110 (4433) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്പെഷ്യൽ സ്കൂളുകളാണ് ഉള്ളത്; പ്രസ്തുത സ്കൂളുകൾക്ക് സർക്കാർ എന്തെങ്കിലും ഗ്രാന്റ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപ വീതമാണ് ഓരോ സ്കൂളിനും ഗ്രാന്റായി നൽകിവരുന്നത്; ഇവയിൽ എയ്ഡഡ് സ്കൂളുകൾ ഉണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ; ഇവിടങ്ങളിൽ അനുവദിച്ചിട്ടുള്ള തസ്തികകളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളെ എയ്ഡഡ് ആക്കുവാൻ ഉത്തരവ് പുറപ്പെടുവി ച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; പ്രസ്തുത ഉത്തരവ് നടപ്പാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നടപ്പാക്കാതിരുന്നത്;

(സി) പ്രസ്തുത സ്കൂളുകൾക്ക് ഈ വർഷം തന്നെ എയ്ഡഡ് പദവി നൽകി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാനാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഓരോ സ്കൂളിലെയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായിട്ടാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി & സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗ തീരുമാനപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മുഖേന നടപടി സ്വീകരിച്ചുവരികയാണ്.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

111 (4434) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായുള്ള പദ്ധതി അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലാബ് നവീകരണ പദ്ധതിയിൽ ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിവിധ പദ്ധതികളുടെ ഭാഗമായി ഏറനാട് നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ തിരഞ്ഞെടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

(ഡി) അവയിൽ ഏതെല്ലാം സ്കൂളുകളുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്; ഭരണാനുമതി നൽകിയവ, പ്രവൃത്തി ആരംഭിച്ചവ, ഇനിയും നടപടിക്രമങ്ങൾ പൂർത്തിയാക്കാനുള്ളവ എന്ന ക്രമത്തിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) ഏറനാട് നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ജൈവവൈവിദ്ധ്യ ഉദ്യാനം നിർമ്മിക്കുന്നതിന് താഴെപ്പറയുന്ന സ്കൂളുകൾക്ക് 10,000 രൂപ (പതിനായിരം രൂപ മാത്രം) വീതം അനുവദിക്കുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

1. ജി.യു.പി.എസ്. പത്തപ്പിരിയം
2. ജി.എൽ.പി.എസ്. വെട്ടിക്കാട്ടിരി
3. ജി.എച്ച്.എസ്.എസ്. അരീക്കോട്
4. ജി.എച്ച്.എസ്. വെറ്റിലപ്പാറ
5. ജി.എം.യു.പി.എസ്. അരീക്കോട്
6. ജി.യു.പി.എസ്. ചെങ്ങര
7. ജി.എം.യു.പി.എസ്. മുണ്ടമ്പ്ര
8. ജി.എം.യു.പി.എസ്. ഓടക്കയം
9. ജി.എം.യു.പി.എസ്. മൈത്ര
10. ജി.എൽ.ജി.എസ്. ചെങ്ങര
11. ജി.എൽ.പി.എസ്. ചെമ്പ്രക്കാട്ടൂർ
12. ജി.എൽ.പി.എസ്. തേൻഞ്ചീരി
13. എസ്.എൻ.എം.എൽ.പി.എസ്. ഉഗ്രപുരം
14. എ.എൽ.പി.എസ്. ഊർങ്ങാട്ടിരി

(ബി) ഏറനാട് മണ്ഡലത്തിലെ മൂലേപ്പാടം ജി.എൽ.പി.സ്കൂൾ, എസ്.എസ്.എ. ബദൽ സ്കൂൾ, അരണിക്കാട് എന്നീ സ്കൂളുകളൊഴികെ എല്ലാ സർക്കാർ എൽ.പി./ യു.പി. സ്കൂളുകളിലും ഐ.ടി.ലാബ് അനുവദിച്ച് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പൈലറ്റ് പദ്ധതിയിലുൾപ്പെട്ട സ്കൂളുകൾക്ക് ലാബ് സാധനങ്ങൾ വിതരണം ചെയ്തിട്ടുമുണ്ട്.

(സി&ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ ഉൾപ്പെടുത്തി ഏറനാട് നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്., കുഴിമണ്ണ സ്കൂളിന് അഞ്ച് കോടി രൂപ അനുവദിക്കുകയും പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ താഴെപ്പറയുന്ന സ്കൂളുകൾക്ക് പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി മൂന്നു കോടി രൂപ വീതം അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്. കീഴുപറമ്പ്
2. ജി.എച്ച്.എസ്.എസ്. അരീക്കോട്
3. ജി.എച്ച്.എസ്.എസ്. കാവനൂർ
4. ജി.എച്ച്.എസ്.എസ്. എടവണ്ണ

അതോടൊപ്പം ടി മണ്ഡലത്തിലെ 1000 കുട്ടികളിലധികം പഠിക്കുന്ന താഴെപ്പറയുന്ന സ്കൂളുകൾക്ക് മൂന്ന് കോടി രൂപയ്ക്ക് വീതം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്., എരഞ്ഞിമങ്ങാട്
2. ജി.എച്ച്.എസ്.എസ്., പെരകമണ്ണ
3. ജി.യു.പി.എസ്., പത്തപ്പിരിയം

500 കുട്ടികളിലധികം പഠിക്കുന്ന താഴെപ്പറയുന്ന സ്കൂളുകൾക്ക് ഒരു കോടി രൂപയ്ക്ക് വീതം ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ജി.എച്ച്.എസ്.എസ്. പന്നിപ്പാറ
2. ജി.യു.പി.എസ്. ചെങ്ങര
3. ജി.യു.പി.എസ്. എരഞ്ഞിപ്പാലം
4. ജി.യു.പി.എസ്. മൈത്ര
5. ജി.യു.പി.എസ്.മു ണ്ടമ്പ്ര
6. ജി.എച്ച്.എസ്. വടശ്ശേരി
7. ജി.യു.പി.എസ്. മൂർക്കനാട്
8. ജി.എൽ.പി.എസ്. കിഴിശ്ശേരി
9. ജി.എം.ആർ.പി.എസ്, അരീക്കോട്
10. ജി.എച്ച്.എസ്. വെറ്റിലപ്പാറ

പ്രസ്തുത സ്കൂളുകളുടെ ടെണ്ടർ നടപടി നടന്നുവരുന്നു.

## പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്

112 (4435) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചശേഷം സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; 2017-18, 2018-19, 2019-20 അദ്ധ്യയന വർഷങ്ങളിൽ ഉണ്ടായ വർദ്ധനവ് വ്യക്തമാക്കുമോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ മേൽപ്പറഞ്ഞ കാലയളവിൽ എന്ത് മാറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ടോ; ഇത് സംബന്ധിച്ച് സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കഴിഞ്ഞ മൂന്ന് വർഷത്തെ വിശദാംശംങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചശേഷം സർക്കാർ വിദ്യാലയങ്ങളിൽ ഒന്നുമുതൽ ഒൻപതുവരെ ക്ലാസ്സുകളിൽ 2016-17 അദ്ധ്യയന വർഷത്തെ അപേക്ഷിച്ച് 2017-18 വർഷം 157406 കുട്ടികളും, 2017-18-നെ അപേക്ഷിച്ച് 2018-19-ൽ 185971 കുട്ടികളും 2018-19-നെ അപേക്ഷിച്ച് 2019-20-ൽ 164825 കുട്ടികളും വർദ്ധിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ കാലയളവിൽ എയ്ഡഡ് സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് താഴെപ്പറയുന്ന പ്രകാരമാണ് :

| വർഷം | കുട്ടികളുടെ എണ്ണത്തിലുള്ള വർദ്ധനവ് |
|---|---|
| 2017-18 | 100693 |
| 2018-19 | 115327 |
| 2019-20 | 100273 |

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം പൊതുവിദ്യാലയങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് നിരക്കിൽ കുറവ് വന്നിട്ടുണ്ട്. സർക്കാർ/ എയ്ഡഡ് സ്കൂളുകളിലെ കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം താഴെപ്പറയുന്ന പ്രകാരമാണ്.

| വർഷം | കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം | | |
|---|---|---|---|
| | സർക്കാർ | എയ്ഡഡ് | ആകെ |
| 2016-17 | 3499 | 3611 | 7110 |
| 2017-18 | 2503 | 3137 | 5640 |

2018-19 ലെ കൊഴിഞ്ഞുപോയ കുട്ടികളുടെ വിവരം ശേഖരിച്ചുവരുന്നു.

## വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് നടപടി

113 (4436) ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തകർന്ന കുടുംബങ്ങളിൽ നിന്നുള്ള കുട്ടികൾ, അനാഥരായ കുട്ടികൾ, മാതാപിതാക്കളാലും ബന്ധുക്കളാലും പീഡിപ്പിക്കപ്പെട്ട കുട്ടികൾ തുടങ്ങി പല കാരണങ്ങളാൽ പഠനത്തിൽ മികവ് പുലർത്താൻ കഴിയാത്ത വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) ഇത്തരം കുട്ടികളുടെ തെരഞ്ഞെടുപ്പ്, തെരഞ്ഞെടുപ്പിൽ ക്ലാസ്സ് ടീച്ചർ വഹിക്കുന്ന പങ്ക്, ഇവർക്കാവശ്യമായ വിദ്യാഭ്യാസം നല്കുന്നതിനുള്ള അദ്ധ്യാപകരുടെ പങ്ക് എന്നിവ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാക്കുമോ;

(സി) കുട്ടികളുടെ സാമൂഹ്യ സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ മനസ്സിലാക്കാനുള്ള കഴിവ് നേടാനുള്ള പ്രത്യേക പരിശീലനം അദ്ധ്യാപകർക്ക് നല്കുമോ;

(ഡി) ഇത്തരത്തിലുള്ള കുട്ടികൾക്ക് ക്ലാസ്സുകൾ നടത്തുന്ന സമയക്രമം സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിയുടെ പുരോഗതി കാലാകാലങ്ങളിൽ വിലയിരുത്തി തിരുത്തലുകൾ ആവശ്യമെങ്കിൽ വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 'ശ്രദ്ധ' എന്ന പദ്ധതി നടപ്പാക്കിവരുന്നുണ്ട്. കുടുംബപരവും വ്യക്തിപരവുമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് മഹിളാ സമഖ്യാ, സാമൂഹിക ക്ഷേമവകുപ്പ്, ഐ.റ്റി.ഡി.പി. തുടങ്ങിയ സംവിധാ നങ്ങളുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. ഒപ്പം സമഗ്രശിക്ഷ കേരള നടപ്പിലാക്കുന്ന പ്രാദേശിക പ്രതിഭാകേന്ദ്രങ്ങൾ എന്ന പരിപാടി ഈ പ്രശ്നത്തെ അഭിസംബോധന ചെയ്യുന്നുണ്ട്.

(ബി) വിവിധ കാരണങ്ങളാൽ പഠനത്തിൽ പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ ക്ലാസ് ടീച്ചറുടെ നേതൃത്വത്തിൽ പി.റ്റി.എ.യുടെ അംഗീകാര ത്തോടെ കണ്ടെത്തുകയും ഇവർക്കാവശ്യമായ പഠനപിന്തുണ നൽകുകയും ചെയ്യുന്നു. ഓരോ സ്കൂളിലെയും ഒന്നോ രണ്ടോ അദ്ധ്യാപകർക്ക് 'ശ്രദ്ധ' പദ്ധതിയുടെ ചുമതല നൽകുകയും ഇത്തരം കുട്ടികൾക്ക് ആവശ്യമായ പഠന സഹായങ്ങൾ നൽകുകയും ചെയ്തുവരുന്നു.

(സി) സാമൂഹ്യ-സാമ്പത്തിക വൈകാരിക പ്രശ്നങ്ങൾ അനുഭവിക്കുന്ന കുട്ടികളെ കണ്ടെത്തുന്നതിനും അവരുടെ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് സഹായ മാർഗ്ഗങ്ങൾ ലഭ്യമാക്കുന്നതിനുള്ള പരിശീലനവും പിന്തുണയും അദ്ധ്യാപകർക്ക് നൽകുന്ന പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം അത് വ്യാപിപ്പിക്കും.

(ഡി) സ്കൂൾ സമയം കഴിഞ്ഞുള്ള സമയത്തോ ശനിയാഴ്ചകളിലോ കുട്ടികളുടെ താമസസ്ഥലത്തിനടുത്തുള്ള പൊതുസ്ഥലങ്ങളിലോ (ലൈബ്രറി, കമ്മ്യൂണിറ്റി ഹാളുകൾ എന്നിവ) ആണ് നടത്തുന്നത്.

(ഇ) പ്രവർത്തന പുരോഗതി യഥാസമയം വിലയിരുത്തുന്നുണ്ട്.

**വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക്**

114 (4437) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞം ആരംഭിച്ചതിന് ശേഷം 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ എൽ.പി, യു.പി, ഹൈസ്കൂളുകളിൽ ഉണ്ടായ വർദ്ധനവ് പ്രത്യേകമായി നൽകുമോ ;

(ബി) സർക്കാർ സ്കൂളുകളിൽ നിന്നും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ 2017-18, 2018-19, 2019-20 വർഷങ്ങളിൽ ഇപ്രകാരം യു.പി, എൽ.പി, ഹൈസ്കൂൾ തലത്തിൽ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ എണ്ണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ആരംഭിച്ചതിനുശേഷം 2017-18, 2018-19, 2019-20 എന്നീ വർഷങ്ങളിൽ എൽ.പി./യു.പി/ ഹൈസ്കൂളുകളിലുണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു :

| വർഷം | എൽ.പി. സെക്ഷൻ | യു.പി. സെക്ഷൻ | എച്ച്.എസ്. സെക്ഷൻ | ആകെ |
|---|---|---|---|---|
| 2017-18 | 40787 | 64145 | 51633 | 156565 |
| 2018-19 | 52117 | 79712 | 52899 | 184728 |
| 2019-20 | 35635 | 75928 | 51995 | 163558 |

(ബി) ഉണ്ട്. 2019-20 വർഷത്തെ കൊഴിഞ്ഞുപോക്ക് ഈ വർഷാവസാനത്തെ പരീക്ഷയ്ക്കുശേഷം മാത്രമേ ലഭ്യമാകുകയുള്ളൂ. 2017-18, 2018-19 വർഷങ്ങളിലെ യു.പി./എൽ.പി./ഹൈസ്കൂൾ തലത്തിലെ കൊഴിഞ്ഞുപോക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| എൽ.പി. | 848 |
| യു.പി. | 387 |
| എച്ച്.എസ് | 1268 |

## ദേശീയ വിദ്യാഭ്യാസ നയം 2019

115 (4438) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി. ടി. തോമസ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ വിദ്യാഭ്യാസ നയം 2019-ന്റെ കരട് റിപ്പോർട്ടിന്മേൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെങ്കിലും ശിപാർശകളോട് സംസ്ഥാന സർക്കാർ വിയോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രസ്തുത കരട് റിപ്പോർട്ടിൽ ന്യൂനപക്ഷങ്ങൾക്ക് ആശങ്ക ഉണ്ടാക്കുന്ന എന്തെങ്കിലും നിർദ്ദേശം ഉണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്ത് നിലപാടാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) കരട് റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ 2009-ലെ വിദ്യാഭ്യാസ അവകാശ നിയമവുമായി ഒത്തുപോകുന്നതല്ല എന്ന വിമർശനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) 2009-ലെ നിയമം മാറ്റിയെഴുതാനുള്ള അവസരമായി കേന്ദ്ര സർക്കാർ ഈ കരട് നയത്തെ ഉപയോഗിക്കുമെന്ന അഭിപ്രായം സർക്കാരിനുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ-ഇ) ദേശീയ വിദ്യാഭ്യാസ അവകാശ നിയമം 2019-ന്റെ കരട് എസ്.സി.ഇ.ആർ.റ്റി. പരിശോധിക്കുന്നതാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ സർക്കാർ തലത്തിൽ തീരുമാനമെടുക്കാനാകുകയുള്ളു.

## എസ്.എസ്.എൽ.സി. പരീക്ഷാഫലത്തിലെ അശാസ്ത്രീയമായ ഗ്രേഡിംഗ് രീതി

116 (4439) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്.എസ്.എൽ.സി. പരീക്ഷയിലെ ഗ്രേഡിങ് സമ്പ്രദായംമൂലം ഒൻപത് എ പ്ലസും ഒരു എ-യും ലഭിക്കുന്ന കുട്ടി ഫുൾ എ പ്ലസ് ലഭിച്ച കുട്ടിയെക്കാൾ മാർക്ക് കൂടുതലുണ്ടെങ്കിലും ഗ്രേഡ് കുറഞ്ഞതിന്റെ പേരിൽ അനുഭവിക്കുന്ന സങ്കടങ്ങളും മാനസിക സംഘർഷങ്ങളും സമൂഹത്തിൽ നിന്നുള്ള ദുരനുഭവങ്ങളും കുട്ടിയെ മാനസികമായി തളർത്തും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എസ്.എസ്.എൽ.സി. പരീക്ഷയിൽ എന്നുമുതലാണ് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കിയതെന്നും എന്തടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് സംവിധാനം നടപ്പിലാക്കിയതെന്നും വ്യക്തമാക്കുമോ; ഇതുകൊണ്ടുള്ള നേട്ടങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(സി) എങ്കിൽ ഗ്രേഡിംഗ്മൂലം കുട്ടികളിൽ ഉണ്ടാകുന്ന മാനസികമായ സംഘർഷങ്ങളും വിഷമങ്ങളും ഇല്ലാതാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇപ്പോഴത്തെ ഗ്രേഡിംഗ് രീതിയുടെ അശാസ്ത്രീയത പഠിക്കുന്നതിനും പഴയ മാർക്ക് സംവിധാനം കൂടി ഗ്രേഡിംഗിനോടൊപ്പം തിരിച്ചുകൊണ്ടുവരുന്നതിനും നടപടി സ്വീകരിക്കുമോ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2005 മാർച്ചിലെ എസ്.എസ്.എൽ.സി. പരീക്ഷ മുതലാണ് ഗ്രേഡിംഗ് നടപ്പിലാക്കിയത്. സ്കൂൾ വിദ്യാഭ്യാസത്തിൽ പരീക്ഷകൾക്കുള്ള അമിത പ്രാധാന്യം കുറയ്ക്കുന്നതിനും അനാരോഗ്യകരമായ മത്സരം ഇല്ലാതാക്കുന്നതിനും തന്മൂലമുള്ള മാനസിക സംഘർഷം ലഘൂകരിക്കുന്നതിനുമാണ് ഗ്രേഡിംഗ് നടപ്പാക്കിയത്. സമാനമായ നിലവാരമുള്ള കുട്ടികളെ ഒരു സംഘമാക്കി മാറ്റുന്നതിലൂടെ മത്സരത്തിന്റെ തോത് കുറയ്ക്കുകയും സുരക്ഷിതത്വബോധം കുട്ടികൾക്ക് ലഭിക്കുകയും ചെയ്യും. ദേശീയതലത്തിൽ സ്കൂൾ വിദ്യാഭ്യാസത്തിൽ ഗ്രേഡിംഗ് കൊണ്ടുവരണമെന്ന നിർദ്ദേശവും ഉണ്ടായിരുന്നു.

(സി) സംഘർഷം ലഘൂകരിക്കുന്നതിന് കൗൺസിലിംഗ് പോലുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഗ്രേഡിംഗ് നടപ്പിലാക്കിയ വർഷം ഫോൺ ഇൻ പ്രോഗ്രാമിലൂടെ പരീക്ഷ സംബന്ധിച്ച ആശങ്കകൾ ദുരീകരിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിരുന്നു.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**ഹയർ സെക്കണ്ടറി തലത്തിൽ തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം**

117 (4440) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി തലത്തിൽ അക്കാദമിക് വിഷയങ്ങൾക്കൊപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം സ്കൂളുകളിൽ ഏതെല്ലാം കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) അക്കാദമിക് വിഷയങ്ങൾക്കൊപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസവും ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി മണ്ഡലത്തിലെ സ്കൂളുകളിൽ കൂടുതൽ കോഴ്സ് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) അക്കാദമിക് വിഷയങ്ങൾക്കൊപ്പം തൊഴിൽ നൈപുണ്യ വിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് (NSQF) പ്രകാരം കോതമംഗലം മണ്ഡലത്തിലെ മാതിരപ്പള്ളി ഗവ.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ Floriculturist Open Cultivation, Gardner, Micro Irrigation Technician കോഴ്സുകളും നേരിയമംഗലം ഗവ. വൊക്കേഷണൽ സ്കൂളിൽ Gardner, Micro Irrigation Technician കോഴ്സുകളും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് ആകെയുള്ള 389 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത 101 ഗവ. സ്കൂളുകളിൽ (26%) ആണ് ഇപ്പോൾ NSQF പാഠ്യപദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. തുടർന്ന് ഘട്ടംഘട്ടമായി ശേഷിക്കുന്ന സ്കൂളുകളിലും ആരംഭിക്കുന്നതാണ്.

## ദേശീയ വിദ്യാഭ്യാസ നയം

118 (4441) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശിയ വിദ്യാഭ്യാസ നയത്തിൽ കേന്ദ്രം വരുത്താനുദ്ദേശിക്കുന്ന മാറ്റങ്ങൾ സംസ്ഥാന സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രകടമായി ഉണ്ടാക്കാൻ പോകുന്നതെന്നാണ് വിലയിരുത്തിയിട്ടുള്ളത്;

(ബി) ദേശീയ വിദ്യാഭ്യാസ നയത്തിലുണ്ടാകാൻ പോകുന്ന മാറ്റത്തിനനുസരിച്ച് സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തുന്നതിനാണ് ആലോചിക്കുന്നത്?

### ഉത്തരം

(എ&ബി) പുതിയ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് എസ്.സി.ഇ. ആർ.ടി. പരിശോധിക്കുന്നതാണ്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് ലഭ്യമായ ശേഷം മാത്രമേ സർക്കാർ തലത്തിൽ പരിശോധിക്കാനാകുകയുള്ളു.

## പ്ലസ് വൺ പ്രവേശനത്തിന് തലവരിപണം

119 (4442) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലസ് വൺ പ്രവേശനത്തിന് തലവരി വാങ്ങരുതെന്ന് ഹയർ സെക്കണ്ടറി ഡയറക്ടർ ഉത്തരവായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവ് മറികടന്ന് സ്കൂൾ മാനേജുമെന്റുകൾ തലവരി പണം വാങ്ങുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് പ്രോസ്പെക്ടസിൽ നിഷ്കർഷിച്ചിട്ടുള്ള ഫീസല്ലാതെ മറ്റൊരു തരത്തിലും ഫണ്ട് പിരിവ് പാടില്ലെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ നൽകിയിട്ടുണ്ട്. പ്ലസ് വൺ പ്രവേശന സമയത്ത് സ്കൂൾ അധികൃതർ കൂടുതൽ തുക ആവശ്യപ്പെടുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവുകളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**ദുരന്ത സേവന പ്രവർത്തനങ്ങളിൽ സജീവമായിരുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്**

120 (4443) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മഹാപ്രളയത്തോടനുബന്ധിച്ച് ദുരന്ത സേവന പ്രവർത്തനങ്ങളിൽ സജീവമായിരുന്ന കോളേജുതല വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് കൂടി ഗ്രേസ് മാർക്ക് അനുവദിക്കണമെന്ന നിവേദനം 26-4-2019-ൽ 590/19/വി.ഐ.പി/എം /ഇ.ഡി.എൻ നമ്പർ കത്തിനോടൊപ്പം പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് അയച്ചതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർ**

121 (4444) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് മേഖലയിലെ പ്രീ-പ്രൈമറി വിഭാഗം ജീവനക്കാർക്ക് വളരെ തുച്ഛമായ വേതനമാണ് ലഭിക്കുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് സർക്കാർ മേഖലയിലെ പ്രീപ്രൈമറി ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യം അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികളെ സർക്കാർ അംഗീകരിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കൈറ്റ് പദ്ധതി

122 (4445) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ് പൂജപ്പുര നടപ്പാക്കുന്ന അക്കാദമികവും ഭൗതികവുമായ പദ്ധതികൾ ഏതെല്ലാ മാണെന്ന് വിശദമാക്കുമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം സ്കൂളുകളിലാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ്, പൂജപ്പുര നടപ്പാക്കുന്ന അക്കാദമികവും ഭൗതികവുമായ പദ്ധതികൾ താഴെ പറയുന്നു :

1. എട്ട് മുതൽ പന്ത്രണ്ടുവരെ ക്ലാസുകളുള്ള എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടക് സ്കൂൾ പദ്ധതി നടപ്പി ലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കണ്ടറി-വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളി ലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി - വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.

3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 213 സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

6. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതികവിദ്യയുടെ പ്രയോ ജനവും പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

7. ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

## ഗസ്റ്റ് അദ്ധ്യാപികയുടെ നിയമനാംഗീകാരം

123 (4446) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-14 അദ്ധ്യയനവർഷത്തിൽ തിരൂർ കെ.എച്ച്.എം.ഹയർ സെക്കണ്ടറി സ്കൂളിൽ ഗസ്റ്റ് അധ്യാപികയായി സേവനം ചെയ്ത ശ്രീമതി ഫാത്തിമ ജീൻസി വി. കെ. എന്നയാളിന് നിയമനാംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് തടസ്സമെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ കാലയളവിൽ ബി.എഡ്.യോഗ്യത ഇല്ലാത്ത പി. ജി. യോഗ്യത മാത്രമുള്ള എത്ര പേർക്ക് ഗസ്റ്റ് അദ്ധ്യാപകരായി നിയമനാംഗീകാരം നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;ഇതിനായി ഇറക്കിയ സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഏതെങ്കിലും വിഷയത്തിൽ സെറ്റ് യോഗ്യതയുള്ളവർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ പി.ജി.യും ബി.എഡും. യോഗ്യത ഉള്ളവരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) എങ്കിൽ സെറ്റ് യോഗ്യതയുള്ളവരെ ലഭിക്കാത്ത സാഹചര്യത്തിൽ ഗസ്റ്റ് അദ്ധ്യാപികയായി നിയമിക്കപ്പെട്ട ശ്രീമതി ഫാത്തിമ ജീൻസി വി. കെ.യ്ക്ക് നിയമനാംഗീകാരം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിനുള്ള സ്പെഷ്യൽ റൂൾ പ്രകാരം സെറ്റ് യോഗ്യതയില്ലായെന്ന കാരണത്താൽ ടി അദ്ധ്യാപികയുടെ നിയമനാംഗീകാരം നിരസിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ബി.എഡ്. യോഗ്യതയില്ലാത്ത പി.ജി. യോഗ്യതയുള്ള ഗസ്റ്റ് അദ്ധ്യാപകരെ സംബന്ധിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് നൽകുന്നതാണ്. ഇതുസംബന്ധിച്ച് സർക്കാർ പ്രത്യേക ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) എയ്ഡഡ് സ്കൂളുകളിൽ സെറ്റ് യോഗ്യത ഇല്ലാത്തവരെ ഗസ്റ്റ് അദ്ധ്യാപകരായി നിയമിക്കുന്നതിനുള്ള അനുമതി നൽകിയിട്ടില്ല.

(ഡി) പിരിവ് 'സി'-ക്ക് നൽകിയ മറുപടിയുടെ വെളിച്ചത്തിൽ ബാധകമല്ല.

## സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തി പോകുന്ന കുട്ടികൾക്ക് തുടർപഠനത്തിന് നടപടി

124 (4447) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്ക് വച്ച് നിർത്തുന്ന കുട്ടികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് കണ്ടുപിടിക്കുന്നതിനുള്ള സംവിധാനം എന്താണ്;വ്യക്തമാക്കുമോ;

(ബി) 2018-19 അധ്യയന വർഷം എത്ര വിദ്യാർത്ഥികൾ ഇടയ്ക്ക് വച്ച് പഠനം നിർത്തിയതായി കണ്ടെത്തിയിട്ടുണ്ട്; ഇത്തരം കുട്ടികളുടെ തുടർ പഠനത്തിന് സഹായകരമായ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;വ്യക്തമാക്കുമോ;?

ഉത്തരം

(എ) സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് നിർത്തുന്ന കുട്ടികൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. എല്ലാ വർഷവും കൊഴിഞ്ഞുപോയ കുട്ടികളുടെ എണ്ണം പൊതുവിദ്യാഭ്യാസ വകുപ്പ് ശേഖരിക്കാറുണ്ട്. 2017-18 അധ്യയന വർഷത്തിൽ കൊഴിഞ്ഞുപോയ കുട്ടികളെക്കുറിച്ച് 'ഡ്രോപ്പ്ഔട്ട് സർവ്വേ' നടത്തുകയും റിപ്പോർട്ട് പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിവരശേഖരണം പൂർത്തിയായിട്ടില്ല.

## സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രയാസങ്ങൾ

125 (4449) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പെഷ്യൽ സ്കൂളുകൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) 2015-ൽ സ്പെഷ്യൽ സ്കൂൾ ഘട്ടം ഘട്ടമായി എയ്ഡഡ് ആക്കാനുള്ള ഉത്തരവിലെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ; എത്ര എണ്ണം എയ്ഡഡ് ആയെന്ന് വ്യക്തമാക്കുമോ;

(സി) അങ്കമാലി നിയോജകമണ്ഡലത്തിലെ സ്പെഷ്യൽ സ്കൂളുകളുടെ (എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള) ലിസ്റ്റ് ലഭ്യമാക്കാമോ;

(ഡി) നിലവിൽ എയ്ഡഡിലും സ്വകാര്യ സ്കൂളുകളിലും മാനസികവും ശാരീരികവുമായി വെല്ലുവിളി നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് നൽകി വരുന്ന സംവിധാനങ്ങൾ എന്തെല്ലാമെണെന്ന് വിശദമാക്കാമോ;

(ഇ) അങ്കമാലി നിയോജകമണ്ഡലത്തിൽ പരിശോധന പൂർത്തീകരിച്ചതും എന്നാൽ സഹായം നൽകാത്തതുമായ ഇത്തരം സ്ഥാപനങ്ങൾ നടത്തിക്കൊണ്ട് പോകുന്നതിന് നിത്യ ചെലവിന് മതിയായ സഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) നിലവിൽ ഇത്തരം സ്ഥാപനങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2018-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവ് പ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുന:പരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗ തീരുമാനപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർ നടപടി സ്വീകരിച്ചുവരികയാണ്.

(സി) <u>എയ്ഡഡ് സ്പെഷ്യൽ സ്കൂൾ</u>

1. സെന്റ് ക്ലെയർ ഓറൽ സ്കൂൾ ഫോർ ഡെഫ്, മാണിക്കമംഗലം

<u>പി.ഡബ്ല്യു.ഡി. ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്കൂളുകൾ</u>

1. അൽഫോൺസ വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, കിടങ്ങൂർ.
2. അൽഫോൺസ് സദൻ സ്കൂൾ ഫോർ മെന്റലി ചലഞ്ച്ഡ്, കിടങ്ങൂർ
3. സ്നേഹ സദൻ സ്പെഷ്യൽ സ്കൂൾ, പൊതിയേക്കര
4. സെന്റ് ആന്റണീസ് സ്പെഷ്യൽ സ്കൂൾ, ചുള്ളി

(ഡി) സംസ്ഥാനത്ത് മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായി സർക്കാർ/എയ്ഡഡ് മേഖലയിൽ സ്കൂളുകൾ നിലവിലില്ല. എൻ.ജി.ഒ.-കളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും നടത്തിവരുന്ന സ്കൂളുകളാണ് പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചുവരുന്നത്. തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച്. മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി മെന്റലി ചലഞ്ച്ഡ് എന്ന സ്വയംഭരണ സ്ഥാപനം സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. സ്പെഷ്യൽ സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകിവരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഇ) സ്പെഷ്യൽ സ്കൂളുകൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പ് വകയിരുത്തിയിട്ടുള്ള 14.50 കോടി രൂപയിൽ നിന്നും 2019-20 സാമ്പത്തിക വർഷം പുതുക്കിയ വ്യവസ്ഥകൾക്ക് വിധേയമായി ധനസഹായം നൽകുന്നുണ്ട്.

(എഫ്) സ്പെഷ്യൽ സ്കൂളുകൾക്കുവേണ്ടിയുള്ള ഒരു സമഗ്ര പാക്കേജ് നടപ്പാക്കുന്നതിനുള്ള നടപടികൾ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ചുവരികയാണ്.

## അൺഎയ്ഡഡ് സ്കൂളുകളിലെ സേവന-വേതന വ്യവസ്ഥകൾ

126 (4450) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺ-എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായുള്ള ബിൽ മന്ത്രിസഭ അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ബില്ലിലെ പ്രധാന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപകർ നേരിടുന്ന തൊഴിൽ ചൂഷണവും തൊഴിൽ സുരക്ഷിതത്വമില്ലായ്മയും പരിഹരിക്കുന്നതിന് അദ്ധ്യാപകർക്ക് മിനിമം വേതനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പ് ലഭ്യമാക്കിയ 'കേരള പേമെന്റ് ഓഫ് മിനിമം വേജസ് ടു ടീച്ചേഴ്സ് ഓഫ് അൺ എയ്ഡഡ് ഇൻസ്റ്റിറ്റ്യൂഷൻ' എന്ന പേരിലുള്ള കരട് ബിൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

## സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് സൗജന്യ പുസ്തകവും യൂണിഫോമും

127 (4451) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ഏത് ക്ലാസ്സ് വരെയുള്ള കുട്ടികൾക്കാണ് പുസ്തകവും യൂണിഫോമും സൗജന്യമായി നൽകുന്നത്; ഈ ആനുകൂല്യം പത്താം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് കൂടി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഒന്നാം ക്ലാസ്സ് മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും പാഠപുസ്തകങ്ങൾ സൗജന്യമായി നൽകുന്നു. സർക്കാർ എയ്ഡഡ് സ്കൂളുകളിലെ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന യൂണിഫോം വിതരണം ചെയ്യുന്നു. എയ്ഡഡ് മേഖലയിലെ 1 മുതൽ 8 വരെ ക്ലാസ്സുകളിലെ മുഴുവൻ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആവശ്യമായ യൂണിഫോമിന്റെ ചെലവ് സംസ്ഥാന സർക്കാരാണ് പൂർണ്ണമായും വഹിക്കുന്നത്. പത്താം ക്ലാസ്സുവരെ ഈ പദ്ധതി നടപ്പിലാക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സംസ്ഥാനത്തെ സ്കൂളുകളുടെ എണ്ണം

128 (4452) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഗവൺമെന്റ് സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) എത്ര മാനേജ്മെന്റ് സ്കൂളുകൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) എത്ര അൺ എയിഡഡ് സ്കൂളുകൾ ഉണ്ട്; ജില്ലതിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് 4695 ഗവൺമെന്റ് സ്കൂളുകളും 7216 മാനേജ്മെന്റ് സ്കൂളുകളും 1,050 അൺ എയ്ഡഡ് സ്കൂളുകളും ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സർക്കാർ വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ

129 (4453) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത വിഭാഗങ്ങളിലായി ഒരു കോടി രൂപയും മൂന്ന് കോടി രൂപയും ഭരണാനുമതി ലഭിച്ച സർക്കാർ വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി ലഭിക്കുന്നതിനും കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ത വിഭാഗങ്ങളിലായി ഒരു കോടി രൂപയും 3 കോടി രൂപയും ഭരണാനുമതി നൽകിയ ഉത്തരവുകൾ അംഗീകരിച്ച് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ തുടർ പ്രവർത്തനങ്ങൾക്ക് കൈറ്റിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അവ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി&ഡി) പ്രവർത്തനങ്ങൾ തുടങ്ങി അതിവേഗം പുരോഗമിച്ചുവരുന്നു.

## സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങൾ

130 (4454) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സ്കൂളുകളിലെ പ്രവൃത്തി ദിവസങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

2018-19 അധ്യയന വർഷത്തിൽ 200 പ്രവൃത്തി ദിനങ്ങൾ ആയിരുന്നു വിദ്യാഭ്യാസ കലണ്ടറിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ 2019-2020 അദ്ധ്യയന വർഷത്തിൽ പ്രവൃത്തിദിനങ്ങളുടെ എണ്ണം 203 ആക്കി പുനഃക്രമീകരിച്ചാണ്

വിദ്യാഭ്യാസ കലണ്ടർ തയ്യാറാക്കിയിരിക്കുന്നത്. ജൂൺ 3-ാം തീയതി സ്കൂൾ തുറക്കുന്ന തരത്തിലാണ് ഇത്രയും പ്രവൃത്തി ദിനങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്നാൽ ജൂൺ 6-ാം തീയതി സ്കൂൾ തുറന്നത് കാരണം പ്രവൃത്തി ദിനങ്ങളുടെ എണ്ണം 201 ആയി കുറയുന്ന സാഹചര്യമാണ് നിലവിലുള്ളത്.

## പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. പരീക്ഷ

131 (4455) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവൻ നടത്തുന്ന കെ.ജി.ടി.ഇ. പരീക്ഷയ്ക്ക് ഒരു ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് നിരവധി കുട്ടികളെ പരീക്ഷയ്ക്ക് അയയ്ക്കുമ്പോൾ മൊത്തം കുട്ടികൾക്കും വേണ്ടി ഒറ്റ ചെല്ലാൻ അടയ്ക്കാനുള്ള സംവിധാനം ഏർപ്പെടുത്തുകയോ ഓൺലൈൻ വഴി അടയ്ക്കുന്നതിന് സംവിധാനം ഒരുക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഓൺലൈൻ അപേക്ഷ സമർപ്പിച്ചശേഷം എന്തെങ്കിലും തെറ്റ് കണ്ടെത്തിയാൽ പഴയ അപേക്ഷ റദ്ദുചെയ്യുന്നതിനും തെറ്റ് തിരുത്തി വീണ്ടും അപേക്ഷ സമർപ്പിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ;

(സി) ഓരോ വർഷവും കൃത്യമായി രണ്ട് പ്രാവശ്യം പരീക്ഷ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സ്കൂളുകളിലെ താഴത്തെ നിലയിൽ വച്ച് മാത്രമേ കെ.ജി.ടി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ നടത്താവൂ എന്ന നിർദ്ദേശം കർശനമായി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖേന കെ.ജി.റ്റി.ഇ. പരീക്ഷാഫീസ് ഒടുക്കണമെന്ന് നിദ്ദേശം നൽകിയിട്ടില്ല. ടി സ്ഥാപനങ്ങളുമായി പരീക്ഷാഭവന് ബന്ധമില്ല. അതാത് പരീക്ഷാർത്ഥി നേരിട്ട് പരീക്ഷാഫീസ് അടയ്ക്കുന്നപക്ഷം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്നും അപേക്ഷ സമർപ്പിക്കുന്ന സമയത്തുണ്ടാകുന്ന തെറ്റുകൾ (അപേക്ഷകരുടെ പേര് ഉൾപ്പെടെ) പരമാവധി കുറയ്ക്കാൻ കഴിയും. അതുവഴി അപേക്ഷകർക്ക് പിന്നീട് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാകുകയും ചെയ്യും.

ഓൺലൈനായി അപേക്ഷാഫീസ് അടയ്ക്കുന്നത് സംബന്ധിച്ച് നിലവിൽ തീരുമാനങ്ങളൊന്നുമായിട്ടില്ല.

(ബി) വിജ്ഞാപനം പുറപ്പെടുവിച്ചശേഷം അപേക്ഷ സമർപ്പിക്കുന്നതിന് ചുരുങ്ങിയ കാലയളവ് മാത്രമേ ലഭ്യമാകൂ. അപേക്ഷ സമർപ്പിക്കുന്ന സമയത്തുതന്നെ കൺഫർമേഷന് മുമ്പ് തിരുത്തൽ വരുത്താൻ അവസരം നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഓരോ വർഷവും രണ്ടുപ്രാവശ്യം കെ.ജി.റ്റി.ഇ. പരീക്ഷ നടത്തിവരുന്നു. 2018-ൽ പ്രളയം കാരണം ഒരു പ്രാവശ്യമേ പരീക്ഷ നടത്താൻ കഴിഞ്ഞുള്ളൂ.

(ഡി) സ്കൂളുകളിലെ താഴത്തെ നിലയിൽ വച്ചുമാത്രമേ കെ.ജി.റ്റി.ഇ. ടൈപ്പ്റൈറ്റിംഗ് പരീക്ഷ നടത്താവൂ എന്ന് വിജ്ഞാപനത്തിൽത്തന്നെ നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

**വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികൾ**

132 (4456) ശ്രീ. പുരുഷൻ കടലുണ്ടി:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വിദ്യാർത്ഥികളിലും സമൂഹവുമായി ചേർന്നു നിന്നുകൊണ്ട് ആശയങ്ങളും പൊതുധാരണകളും രൂപപ്പെടുത്തുന്നതിനും അഭിരുചിയും സർഗ്ഗാത്മകതയും നിരൂപണപാടവവും വർദ്ധിപ്പിക്കുന്നതിനും സഹായകമായ വിധത്തിൽ എന്തെല്ലാം വിദ്യാർത്ഥി കേന്ദ്രീകൃത പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) വ്യത്യസ്ത മേഖലകളിൽ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(സി) കലയിൽ വൈഭവമുള്ള നിർധനരായ വിദ്യാർത്ഥികളെ ജില്ലാ, സംസ്ഥാന തലങ്ങളിൽ നടക്കുന്ന വിവിധ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് ആൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും അവബോധ ക്ലാസ്സുകളും അദ്ധ്യാപകർ മുഖേന ഫലപ്രദമായ കൗൺസിലിംഗും ഏർപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിദ്യാർത്ഥികളിൽ സർഗ്ഗാത്മകതയും നിരൂപണപാടവവും വർദ്ധിപ്പിക്കുന്നതിനായി വിദ്യാരംഗം കലാസാഹിത്യ വേദിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് സാഹിത്യ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു. കഥ, കവിത, അഭിനയം, ആസ്വാദനം തുടങ്ങിയ മേഖലകളിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തുന്നതിന് ശില്പശാലയിലൂടെ പരിശീലനം നൽകുന്നതിന് 'സർഗോത്സവം' എന്ന പേരിൽ സ്കൂൾതലം മുതൽ സംസ്ഥാനതലം വരെയുള്ള പദ്ധതികളും നടപ്പിലാക്കുന്നുണ്ട്. ഹയർ സെക്കന്ററി വിദ്യാർത്ഥികൾക്കായി ഇന്ത്യയിലെ ഏറ്റവും മികച്ച സ്ഥാപനങ്ങളെ പങ്കെടുപ്പിച്ച് ഹയർ സ്റ്റഡീസ് എക്സ്പോ 'ദിശ' എന്ന പേരിൽ നടത്തിവരുന്നു. ഓരോ വർഷവും ഒരു പ്രത്യേക മേഖല തെരഞ്ഞെടുത്ത് (ഫിലിം, ഡ്രാമാ, ഡിസൈൻ) ആ മേഖലയിൽ അഭിരുചിയുള്ള വിദ്യാർത്ഥികളെ കണ്ടെത്തി സംസ്ഥാനതലത്തിൽ ആ മേഖലയിലെ വിദഗ്ദ്ധരെവച്ചുകൊണ്ട് 5 ദിവസത്തെ പരിശീലനവും, ദേശീയ തലത്തിൽ ഒരു പ്രീമിയർ ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് ഒരാഴ്ചത്തെ പരിശീലനവും ഹയർ സെക്കന്ററി മേഖലയിൽ നൽകിവരുന്നു.

(ബി) സംസ്ഥാനത്തെ 41 വിദ്യാഭ്യാസ ജില്ലകളിൽ നിന്നും ഓരോ വർഷവും യു.എസ്.എസ്. പരീക്ഷയിൽ മികച്ച വിജയം ലഭിച്ച 40 കുട്ടികളെ വീതം തെരഞ്ഞെടുത്ത് പ്രത്യേക പഠന സന്ദർഭങ്ങളൊരുക്കുന്ന വിദ്യാഭ്യാസ പ്രോജക്ടാണ് പ്രതിഭാധനരായ കുട്ടികൾക്കുള്ള പഠന പരിപോഷണ പരിപാടി.

പ്രതിഭകളായ വിദ്യാർത്ഥികൾക്ക് സ്കൂൾ പാഠ്യപദ്ധതിക്കപ്പുറം പഠന വിഷയങ്ങൾ കൂടുതൽ ഉയർന്ന തലങ്ങളിലും നൂതനമായും ബോധ്യപ്പെടുത്തുന്ന വിഷയങ്ങളെ സംബന്ധിച്ച് ക്ലാസ്സുകൾ നടത്തിവരുന്നു. അടിസ്ഥാന ശാസ്ത്രവും സാങ്കേതികവിദ്യയും, ഗണിതശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഭാഷയും ആശയവിനിമയവും, കലയും സംസ്കാരവും എന്നീ വിഷയ മേഖലകളായി തിരിച്ച് വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നു. വ്യത്യസ്ത മേഖലകളിലെ പ്രതിഭാശാലികളായ വിദ്യാർത്ഥികളുടെ കഴിവ് പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര-ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ സഹായത്തോടെ ഇൻസ്പെയർ അവാർഡ് സ്കീം നടപ്പിലാക്കിവരുന്നു.

(സി) ഉണ്ട്. കുടുംബ വാർഷിക വരുമാനം 75,000 രൂപയിൽ താഴെയുള്ളവരും, സബ് ജില്ലാ മത്സരത്തിൽ പങ്കെടുത്ത് ജില്ലാതല കലോത്സവത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്യുന്ന കുട്ടികൾക്ക് 'എക്സൽ ഇൻ ആർട്ട്സ്' പദ്ധതി പ്രകാരം ധനസഹായം നൽകിവരുന്നു. കഥകളി, ഓട്ടൻതുള്ളൽ, ഭരതനാട്യം, മോഹിനിയാട്ടം, കുച്ചിപ്പുടി, നാടോടിനൃത്തം എന്നീ തലങ്ങളിൽ പ്രതിഭ

തെളിയിക്കുന്ന വിദ്യാർത്ഥികൾക്കാണ് ടി പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. അർഹരായ കുട്ടികളുടെ ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ തയ്യാറാക്കുകയും വിശദമായ പരിശോധനയ്ക്കുശേഷം പൊതുവിദ്യാഭ്യാസ ഡയറക്ടർ ലിസ്റ്റ് അംഗീകരിച്ച് യോഗ്യതയുള്ള ഒരു കുട്ടിക്ക് 10,000 രൂപ വീതം അനുവദിക്കുകയും ചെയ്യുന്നു.

(ഡി) അദ്ധ്യാപകർ മുഖേന പ്രത്യേക കൗൺസിലിംഗുകൾ ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ നടക്കുന്ന അതിക്രമങ്ങൾ സംബന്ധിച്ച് വിദ്യാർത്ഥികളെ ബോധവാന്മാരാക്കുന്നതിന് ആൺകുട്ടികൾ ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും സാമൂഹ്യ നീതിവകുപ്പിൽ നിന്നുള്ള സ്കൂൾ കൗൺസിലർമാരെ ഉൾപ്പെടുത്തി അവബോധ ക്ലാസ്സുകളും കൗൺസിലിംഗുകളും നടത്തുന്നു.

സൗഹൃദക്ലബ് കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി അവബോധ ക്ലാസ്സുകൾ നടത്തിവരുന്നു. മക്കളെ അറിയാൻ എന്ന പേരിൽ കൗമാരക്കാരുടെ ഇഫക്ടീവ് പാരന്റിംഗുമായി ബന്ധപ്പെട്ട് രക്ഷിതാക്കൾക്ക് ക്ലാസ്സുകൾ നൽകിവരുന്നു. സൗഹൃദ കോ-ഓർഡിനേറ്റർമാരായ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയും ടി അദ്ധ്യാപകർ സ്കൂളുകളിലെ സഹഅദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവർക്ക് അവബോധം നൽകുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്.

## വിദ്യാലയങ്ങളിൽ യൂണിഫോം വിതരണം

133 (4457) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നേരിട്ട് യൂണിഫോം വിതരണം ചെയ്യുന്നത് ഏതെല്ലാം വിഭാഗം വിദ്യാലയങ്ങൾക്കാണെന്നും ഇത് ലഭ്യമാക്കുന്ന ഏജൻസികൾ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിദ്യാലയങ്ങൾക്ക് 2019-20 വർഷത്തേക്ക് ആവശ്യമായ യൂണിഫോം പൂർണ്ണമായും എത്തിച്ചു കഴിഞ്ഞിട്ടുണ്ടോ;

(സി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട വിദ്യാലയങ്ങൾക്കാണ് യൂണിഫോം വാങ്ങി വിതരണം ചെയ്യുന്നതിന് തുക നേരിട്ട് സ്കൂളുകൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ വാങ്ങുന്ന യൂണിഫോമിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നു വിശദീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ മേഖലയിൽ 1-4, 1-5, 1-7, 5-7 എന്നിങ്ങനെയും എയ്ഡഡ് മേഖലയിൽ 1-4 എന്നിങ്ങനെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന എൽ.പി., യു.പി. സ്കൂളുകളിലാണ് സർക്കാർ നേരിട്ട് യൂണിഫോം (കൈത്തറി) വിതരണം ചെയ്യുന്നത്. കൈത്തറി വകുപ്പ് തയ്യാറാക്കുന്ന കൈത്തറി തുണി കൈത്തറി വകുപ്പിന്റെ കീഴിലുള്ള ഹാൻടെക്സ്, ഹാൻവീവ് എന്നീ ഏജൻസികളാണ് സ്കൂളുകളിൽ വിതരണം ചെയ്യുന്നത്.

(ബി) ഇല്ല. 2018-19 അദ്ധ്യയന വർഷത്തെ കുട്ടികളുടെ എണ്ണം കണക്കാക്കി യാണ് ഈ അദ്ധ്യയന വർഷം തുണി വിതരണം ചെയ്തത്. കുട്ടികൾ വർദ്ധിച്ച സ്കൂളുകളിൽ ആവശ്യമായ തുണികൂടി വിതരണം ചെയ്യേണ്ടതായിട്ടുണ്ട്.

(സി) കൈത്തറി യൂണിഫോം വിതരണം ചെയ്യാത്ത സ്കൂളുകളിൽ 1 മുതൽ 8 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ തുകയാണ് പണമായി വിതരണം ചെയ്തുവരുന്നത്.

(ഡി) യൂണിഫോം തുക പണമായി വിതരണം ചെയ്യുന്ന സ്കൂളുകളിൽ രക്ഷിതാക്കൾ പൊതുവിപണിയിൽ നിന്നും വാങ്ങുന്ന തുണിക്ക് ഗുണനിലവാരം ഉറപ്പുവരുത്താൻ വിദ്യാഭ്യാസ വകുപ്പിന് സാധിക്കുന്നതല്ല. കുട്ടികൾക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് യൂണിഫോം തുണി വാങ്ങി കുട്ടികൾക്ക് വിതരണം ചെയ്യുന്ന സ്കൂളുകൾ ഗുണനിലവാരം ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകാറുണ്ട്.

**സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ**

134 (4458) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ സംബന്ധിച്ച് സർക്കാർ കണക്ക് ശേഖരിച്ചിട്ടുണ്ടോ;

(ബി) അംഗീകാരമില്ലാതെ പ്രവർത്തിച്ചിരുന്ന എത്ര സ്കൂളുകൾക്കാണ് മുൻ സർക്കാരിന്റെ കാലത്ത് അംഗീകാരം നൽകിയത്; വിശദാംശം നൽകാമോ;

(സി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ പരിധിയിൽ എത്ര അംഗീകാരമി ല്ലാത്ത സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിലെ കണക്കനുസരിച്ച് 1585 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

## ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബുകൾ

135 (4459) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹയർസെക്കണ്ടറി സ്കൂളുകളിലെ ലാബുകളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്നും ഏതൊക്കെ സ്കൂളുകൾക്കാണ് ഇതിനായി ഫണ്ടുകൾ അനുവദിച്ചിട്ടുള്ളതെന്നും ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫണ്ടുകൾ അനുവദിച്ച മുഴുവൻ ലാബുകളുടെയും പ്രവൃത്തി പൂർത്തിയായോ; ഇല്ലെങ്കിൽ പൂർത്തിയാകാത്തവ ഏതൊക്കെയാണെന്നും അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2017-18 സാമ്പത്തിക വർഷത്തിൽ 6-11-2017-ലെ സ.ഉ.(സാധാ) 4198/2017/പൊ.വി.വ. പ്രകാരം 38 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലാബും ലൈബ്രറിയും നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട് (സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്)*. 2018-19 സാമ്പത്തിക വർഷത്തിൽ 7-8-2018-ലെ സ.ഉ.(സാധാ) നമ്പർ 3026/2018/പൊ.വി.വ. പ്രകാരം 68 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലാബും ലൈബ്രറിയും നവീകരിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട് (സ്കൂൾ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.)*

(ബി) ഇല്ല. 6-11-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ 38 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൈറ്റിനെ (KITE) ഏൽപ്പിച്ചിരുന്നു. ഈ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത നിർമ്മാണപ്രവൃത്തികൾ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 7-8-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയ സ്കൂളുകളിലെ ലാബുകളുടെ നവീകരണത്തിനായുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിന് സാങ്കേതികാനുമതി നേടുന്നതുവരെയുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിദ്യാർത്ഥികളുടെ ബാഗിന്റെ ഭാരം കുറയ്ക്കാൻ നടപടി

136 (4460) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാർത്ഥികൾക്ക് താങ്ങാനാവാത്ത ഭാരമുള്ള ബാഗുമായി വിദ്യാർത്ഥികൾ സ്കൂളിൽ പോകുന്നതും വാഹനങ്ങളിൽ യാത്ര ചെയ്യുന്നതിനും ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നതായും ബാഗിന്റെ അമിതഭാരം കുട്ടികളുടെ ആരോഗ്യത്തെ ഹാനി കരമായി ബാധിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സംസ്ഥാനത്തെ സ്കൂൾ കുട്ടികളുടെ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനായി വിദ്യാത്ഥികളുടെ വലിയ ടെക്സ്റ്റ് പുസ്തകങ്ങൾ മൂന്നോ നാലോ ഭാഗങ്ങളാക്കി വിഭജിക്കുന്നതിനും,എൺപതോ നൂറോ പേജുള്ള നോട്ട് പുസ്തകങ്ങൾ വാങ്ങാൻ നിർദ്ദേശിക്കുകയും ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ ടെക്സ്റ്റ് ബുക്കുകൾ 3 ഭാഗങ്ങളായി അച്ചടിച്ചാണ് വിതരണം ചെയ്തുവരുന്നത്. കൂടാതെ ചെറിയ നോട്ട് ബുക്കുകൾ വാങ്ങി ഉപയോഗിക്കുന്നതിനുള്ള ബോധവൽക്കരണം നടത്തുകയും, കുട്ടികൾക്ക് കുടിക്കുന്ന തിനായി തിളപ്പിച്ചാറ്റിയ വെള്ളം സ്കൂളുകളിൽ തന്നെ ലഭ്യമാക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായ മുന്നേറ്റം

137 (4461) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലുണ്ടായിട്ടുള്ള അഭൂതപൂർവ്വമായ മുന്നേറ്റം എന്തെല്ലാമെന്ന് വിശദീകരിക്കാമോ;

(ബി) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ വിദ്യാഭ്യാസ മേഖലയ്ക്കായി എത്ര തുക ചെലവഴിച്ചു; വിശദാംശം നൽകാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാർത്ഥികളുടെ പ്രവേശനത്തിൽ 2018-19 അദ്ധ്യയന വർഷത്തിലുണ്ടായ വർദ്ധന 2019-20-ലും ആവർത്തിച്ചു. 2019-20 അക്കാദമിക് വർഷത്തെ കണക്കനുസരിച്ച് പൊതുവിദ്യാല

യങ്ങളിൽ 163406 കുട്ടികൾ പുതുതായി വന്നുചേർന്നു. 2017-18-ൽ 156565-ഉം, 2018-19 വർഷം 184728-ഉം 2019-20 വർഷം 163420 കുട്ടികളും ഉൾപ്പെടെ 3 വർഷങ്ങളിലായി പൊതുവിദ്യാലയങ്ങളിൽ 504713 കുട്ടികളുടെ വർദ്ധനവുണ്ടായി. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 5 കോടി, 3 കോടി, 1 കോടി പദ്ധതികളിലൂടെ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം, കെട്ടിട നിർമ്മാണം എന്നിവ സത്വരമായി നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളിൽ 'ജൈവവൈവിദ്ധ്യ ഉദ്യാനം', 'ഓട്ടിസം പാർക്ക്' എന്നീ പദ്ധതികളും നടപ്പിലാക്കുന്നുണ്ട്.

അതോടൊപ്പം എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസ്സുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിവരുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയും, ലാബുകളിലേയും ആവശ്യമായ ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ 'ബ്രോഡ്ബാന്റ്' ഇന്റർനെറ്റ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകുകയും, പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള സമഗ്ര വിഭവ പോർട്ടൽ, ഹൈസ്കൂൾ ക്ലാസ്സുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെതന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് എന്നിവ നടപ്പിലാക്കിവരുന്നു.

എയ്ഡഡ് സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ വരെ നൽകുന്ന ചലഞ്ച് ഫണ്ട് പദ്ധതി നടപ്പിലാക്കി. പാഠപുസ്തകങ്ങൾ സമഗ്രമായ പരിശോധനയ്ക്ക് വിധേയമാക്കി ആവശ്യമായ മെച്ചപ്പെടുത്തലുകൾ വരുത്തുകയും ദേശീയ പദ്ധതി എന്ന നിലയിൽ വർഷങ്ങളായി മുടങ്ങിക്കിടന്ന എൻ.എസ്.ക്യൂ.എഫ്. പദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു.

നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനായി 'അക്ഷര ലക്ഷം', അട്ടപ്പാടി ആദിവാസി സാക്ഷരതാ പദ്ധതി, വയനാട് ആദിവാസി സാക്ഷരതാ പദ്ധതി, ഇതര സംസ്ഥാന തൊഴിലാളികളെ മലയാളത്തിൽ സാക്ഷരരാക്കുന്നതിനായി 'ചങ്ങാതി' പദ്ധതി, ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ തുടർ വിദ്യാഭ്യാസത്തിനായി 'സമന്വയ' പദ്ധതി, പട്ടികജാതി വിഭാഗക്കാർക്കായുള്ള 'നവചേതന' പദ്ധതി എന്നിവയും പൊതുവിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാന പദ്ധതികളാണ്.

(ബി) 1-4-2018 മുതൽ 31-3-2019 വരെയുള്ള കാലയളവിൽ പൊതു വിദ്യാഭ്യാസ മേഖലയിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പദ്ധതിയിനം

(പ്ലാൻ) - 1,89,348.48 ലക്ഷം രൂപ

പദ്ധതിയേതരയിനം

(നോൺ പ്ലാൻ) - 13,84,833.92 ലക്ഷം രൂപ

**ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം**

138 (4462) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിലും അംഗൻവാടികളിലും വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണ്;

(ബി) ഉച്ചഭക്ഷണത്തിൽ ഇ.കോളി,സാൽമൊണല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് അംഗീകൃത ലാബുകളിൽ പരിശോധന നടത്താറുണ്ടോ; ഉണ്ടെങ്കിൽ അതിനായി എന്ത് തുകയാണ് നിശ്ചയിച്ചിട്ടുള്ളത്?

ഉത്തരം

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി NABL അക്രെഡിറ്റേഷനുള്ള ലാബുമായി പൊതുവിദ്യാഭ്യാസ വകുപ്പ് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. സംസ്ഥാനത്തെ അംഗൻവാടികൾ സാമൂഹ്യനീതി വകുപ്പിന് കീഴിലാണ് പ്രവർത്തിക്കുന്നത്. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ഗോഡൗണുകളിൽ ജില്ലാ പ്രോഗ്രാം ഓഫീസർ FCI-യിലെ ക്വാളിറ്റി അഷ്വറൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ അംഗനവാടികൾക്കുള്ള അരിയുടെ ഗുണനിലവാരം പരിശോധിക്കാറുണ്ട്. എഫ്.സി.ഐ.-യിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഏറ്റെടുക്കുമ്പോൾ ഹെൽത്ത് ഇൻസ്പെക്ടറുടെ സാന്നിദ്ധ്യത്തിൽ നിലവാരം ഉറപ്പുവരുത്താറുണ്ട്. മറ്റ് ധാന്യങ്ങൾ, പയർവർഗ്ഗങ്ങൾ എന്നിവ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രത്തിൽ നിന്നും ഗുണനിലവാരം ഉറപ്പുവരുത്തി വാങ്ങുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അങ്കണവാടി ഹെൽപ്പർമാർക്ക് Food Safety Act പ്രകാരമുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷ വകുപ്പ് ഉദ്യോഗസ്ഥർ അംഗനവാടികളിൽ പരിശോധന നടത്താറുണ്ട്.

(ബി) സംസ്ഥാനത്തെ സ്കൂളുകളിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിൽ ഇ-കോളി, സാൽമൊണല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് NABL അംഗീകാരമുള്ള ലാബിൽ പരിശോധന നടത്തുന്നുണ്ട്. ഭക്ഷണ സാമ്പിളിന് നികുതി ഉൾപ്പെടെ 295 രൂപയും, കുടിവെള്ള സാമ്പിളിന് നികുതി ഉൾപ്പെടെ 177 രൂപയുമാണ് നിശ്ചയിച്ചിട്ടുള്ളത്. അങ്കണവാടികളിൽ നൽകുന്ന ഉച്ചഭക്ഷണത്തിൽ ഇ-കോളി, സാൽമൊണെല്ല എന്നിവയുടെ സാന്നിദ്ധ്യം കണ്ടുപിടിക്കുന്നതിന് നിലവിൽ സംവിധാനമില്ല.

## വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ

139 (4463) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര സ്കൂളുകളാണ് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 74 സ്കൂളുകൾ.

(ബി) സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള വഴികൾ ആലോചിച്ചുവരുന്നു.

## സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി

140 (4464) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരീക്ഷാഭവനിൽ നിന്ന് സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ തിരുത്തൽ, ഡ്യൂപ്ലിക്കേറ്റ് തുടങ്ങിയ ഓരോ സർട്ടിഫിക്കറ്റും അപേക്ഷകർക്ക് ലഭ്യമാക്കുന്നതിനുള്ള സമയപരിധി വ്യക്തമാക്കാമോ;

(ബി) കുന്ദമംഗലം ഹയർ സെക്കന്ററി സ്കൂൾ ഹെഡ് മാസ്റ്റർ മുഖേന 13-8-2018-ന് ഡ്യൂപ്ലിക്കേറ്റ് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ച സാജു.പി.കെ (രജി.നമ്പർ:552932 of മാർച്ച് 2000) എന്നയാൾക്ക് ഇതുവരെയും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ; എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പരീക്ഷാഭവനിൽ നിന്നും സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. സേവനാവകാശ നിയമപ്രകാരം തിരുത്തലുകൾക്കും ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുമുള്ള അപേക്ഷകൾ ലഭിച്ചാൽ, അപേക്ഷകളിൽ അപാകതകളൊന്നുമില്ലെങ്കിൽ 2001-നുമുമ്പുള്ള സർട്ടിഫിക്കറ്റുകൾ 90 ദിവസത്തിനുള്ളിലും 2001-നുശേഷമുള്ള സർട്ടിഫിക്കറ്റുകൾ 60 ദിവസത്തിനുള്ളിലും അനുവദിച്ചുനൽകുന്നതാണ്. 2001-നു മുമ്പുള്ള ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റിനുവേണ്ടി അപേക്ഷ ലഭിച്ചാൽ, ബയോഡാറ്റ എഴുതി നൽകുന്നതിനായി സ്കൂളിൽ പൂരിപ്പിക്കാത്ത സർട്ടിഫിക്കറ്റ് നൽകുകയും സ്കൂളിൽ നിന്ന് ബയോഡാറ്റ എഴുതി നൽകുന്ന മുറയ്ക്ക് മാർക്ക് രേഖപ്പെടുത്തി നൽകുന്നതുമാണ്.

(ബി) ഉണ്ട്. സർട്ടിഫിക്കറ്റ് 19-6-2019-ന് കുന്ദമംഗലം ഹയർ സെക്കണ്ടറി വിദ്യാലയത്തിൽ എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അപേക്ഷകന് വിദ്യാലയത്തിൽ നേരിട്ട് ഹാജരായി സർട്ടിഫിക്കറ്റ് കൈപ്പറ്റാവുന്നതാണ്.

**വർക്കല മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് മുറികൾ**

141 (4465) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് മുറികൾ സ്ഥാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ സ്കൂളിലും എത്ര ക്ലാസ് മുറികൾ സ്മാർട്ട് ക്ലാസ്സായി ഉയർത്തിയെന്ന് വ്യക്തമാക്കാമോ; ആയതിന് എത്ര രൂപ വീതം ചെലവായെന്ന് വ്യക്തമാക്കാമോ;

(സി) ഇനിയെത്ര സ്കൂളുകളിൽ, എത്ര ക്ലാസ്സ് മുറികൾ സ്മാർട്ട് ക്ലാസ്സായി ഉയർത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) സർക്കാർ, എയ്ഡഡ് വ്യത്യാസമില്ലാതെ സജ്ജമായ എല്ലാ ഹൈസ്കൂൾ, ഹയർ സെക്കന്ററി - വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലേയ്ക്കും ഐ.ടി. ഉപകരണ വിതരണം പൂർത്തിയാക്കുകയും ഹൈടെക് പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ, എയ്ഡഡ് പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് സജ്ജമാക്കുന്നതിനുള്ള ഉപകരണ വിതരണം ഉടൻ ആരംഭിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂമുകൾ

142 (4466) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ വിവിധ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സജ്ജീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ, എത്ര ക്ലാസ് റൂമുകൾ സ്മാർട്ട് ക്ലാസ് റൂമുകൾ ആക്കി ഉയർത്തിയെന്നും ഏത് ഏജൻസിയാണ് പ്രവൃത്തികൾ നടപ്പിലാക്കിയതെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം നടത്തുന്നതിനായി താഴെപ്പറയുന്ന പ്രധാന പ്രവർത്തനങ്ങളാണ് മാവേലിക്കര നിയോജകമണ്ഡലത്തിലെ സ്കൂളുകളിലുൾപ്പെടെ നടത്തിവരുന്നത്.

1. എട്ട് മുതൽ പന്ത്രണ്ട് വരെ ക്ലാസുകളുള്ള എല്ലാ സർക്കാർ, എയ്ഡഡ് സ്കൂളുകളിലും കിഫ്ബി ധനസഹായത്തോടെ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കുന്നു. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗങ്ങളിലുള്ള 4752 സ്കൂളുകളിലെ 44705 ക്ലാസ് മുറികളിലേയ്ക്കും ലാബുകളിലേയ്ക്കുമുള്ള ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു.

2. 4751 ഹൈസ്കൂൾ, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഉൾപ്പെടെ 11765 സ്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് സൗകര്യമൊരുക്കി.

3. 9941 പ്രൈമറി വിഭാഗം വിദ്യാലയങ്ങളിൽ ഹൈടെക് ലാബ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് സർക്കാർ ഭരണാനുമതി നൽകുകയും കിഫ്ബി 292 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

4. 5 കോടി രൂപ ഓരോ സ്കൂളിനും ചെലവഴിച്ച് 141 സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്ന പദ്ധതി.

5. ആയിരം കുട്ടികളിൽ കൂടുതൽ പഠിക്കുന്ന 213 സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 3 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന പദ്ധതി.

6. ഹൈടെക് സംവിധാനങ്ങളും പശ്ചാത്തല സൗകര്യവും ഒരുക്കുന്നതോടൊപ്പം ഡിജിറ്റൽ വിഭവങ്ങളും ആധുനിക വിവരവിനിമയ സാങ്കേതിക വിദ്യയുടെ പ്രയോജനം പഠന-ബോധന പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുള്ള 'സമഗ്ര' വിഭവ പോർട്ടൽ, പ്രത്യേക പരിശീലനം അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടങ്ങിയ പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു.

7. ഹൈസ്കൂൾ ക്ലാസുകളിലെ തെരഞ്ഞെടുത്ത കുട്ടികളെ ഉൾപ്പെടുത്തി ഇന്ത്യയിലെ തന്നെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി. കൂട്ടായ്മയായ 'ലിറ്റിൽ കൈറ്റ്സ്' യൂണിറ്റ് 2060 ഹൈസ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*. കിഫ്ബി ധനസഹായത്തോടെ കേരളാ ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) ആണ് പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നത്.

## വട്ടേക്കാട് യു.പി. സ്കൂളിനെ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പ്രവൃത്തി

143 (4467) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഒരുകോടി രൂപ അനുവദിച്ച് ഹൈടെക് നിലവാരത്തിലേക്ക് ഉയർത്തുന്ന വട്ടേക്കാട് ഗവൺമെന്റ് യു.പി. സ്കൂളിലെ പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നുമുതലാണ് തുടങ്ങിയതെന്നും നിലവിൽ എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തീകരിച്ചത് എന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് എത്ര തുകയാണ് പ്രവൃത്തി നടത്തുന്ന ഏജൻസിക്ക് കൈമാറിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ഡി) ഫണ്ട് കൈമാറി കിട്ടുന്നതിലുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിർമ്മാണ പ്രവൃത്തികൾ 2019 മാർച്ച് 15 മുതൽ ആരംഭിച്ചിട്ടുണ്ട്. 40% പണികൾ പൂർത്തിയായിട്ടുണ്ട്.

(സി) നിർവ്വഹണ ഏജൻസിക്ക് തുകയൊന്നും നൽകിയിട്ടില്ല.

(ഡി) കാലതാമസം ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ ഫണ്ട്

144 (4468) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/എയ്ഡഡ് മേഖലകളിലെ സ്കൂളുകളുടെ ഭൗതികസാഹചര്യം മെച്ചപ്പെടുത്തുന്നതിന് ലഭ്യമായ ഫണ്ട് വിനിയോഗിക്കാത്തതുമൂലം എത്ര കോടി രൂപയാണ് ട്രഷറി അക്കൗണ്ടുകളിൽ ഉപയോഗിക്കാതെ കിടക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വകുപ്പ് അനുമതി നൽകിയിട്ടും അക്കൗണ്ടിലുള്ള പണം പിൻവലിക്കാനോ വിനിയോഗിക്കാനോ തയ്യാറാകാത്ത പ്രഥമാധ്യാപകർക്കെതിരെ എപ്രകാരമുള്ള നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപണികൾ നടത്തി സുസ്ഥിതി സാക്ഷ്യപത്രം സ്കൂൾ തുറക്കുന്നതിന് മുമ്പ് പ്രഥമാദ്ധ്യാപകർ സമർപ്പിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാത്ത എത്ര പ്രഥമാദ്ധ്യാപകർക്കെതിരെ നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്കൂളുകളുടെ കെട്ടിടനിർമ്മാണത്തിന്റെ ഘട്ടംഘട്ടമായിട്ടുള്ള പുരോഗതി വിലയിരുത്തി, നിർവ്വഹണ ഏജൻസി ബില്ലുകൾ നൽകുന്ന മുറയ്ക്കാണ് തുക അനുവദിക്കുന്നത്. സാമ്പത്തിക വർഷം അവസാനിച്ചാലും 'ഇ-ലഡ്ജർ' സംവിധാനം മുഖേന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള തുക അനുവദിച്ച് നൽകുന്നുണ്ട്. മറ്റു ഫണ്ടുകളെല്ലാം സാമ്പത്തികവർഷം പൂർത്തിയാകുന്നതോടെ ലാപ്സാകുന്നതുമാണ്.

(ബി) രേഖാമൂലം പരാതി ലഭിച്ചാൽ നടപടി സ്വീകരിക്കുന്നതാണ്.

(സി) നിർദ്ദേശം പാലിക്കപ്പെടുന്നുണ്ട്.

## തൃക്കരിപ്പൂർ മണ്ഡലത്തിൽ അനുവദിച്ച സ്മാർട്ട് ക്ലാസ് മുറികൾ

145 (4469) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തൃക്കരിപ്പൂർ മണ്ഡലത്തിലെ ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് സ്മാർട്ട് ക്ലാസ് മുറികളും കമ്പ്യൂട്ടറുകളും അനുവദിച്ചതെന്നും എത്ര വീതമാണ് ഇവ അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിൽ ഹൈടെക് സ്കൂൾ പദ്ധതി നടപ്പിലാക്കിയതിന്റെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**മങ്കട എ.ഇ.ഒ. ഓഫീസ് നിർമ്മാണം**

146 (4470) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുവാൻ തീരുമാനിച്ച മങ്കട എ.ഇ.ഒ. ഓഫീസിന്റെ നിർമ്മാണം ഭരണാനുമതി പുറപ്പെടുവിച്ച് കാലമേറെയായിട്ടും ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനങ്ങൾക്കും വിദ്യാഭ്യാസ വകുപ്പിനും ഉപയോഗപ്രദമാകുംവിധം അനുവദിച്ച ആസ്തി വികസന ഫണ്ട് ചെലവഴിക്കാൻ സാധിക്കാതെ പോയതിന് വിദ്യാഭ്യാസ വകുപ്പിന്റെ വിശദീകരണം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലത്ത് കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പ്രസ്തുത ഓഫീസ് നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ലഭ്യമല്ലാത്തതിനാലായിരുന്നു ഫണ്ട് ചെലവഴിക്കാൻ സാധിക്കാതെയിരുന്നത്.

(സി) സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടനിർമ്മാണം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പെരുവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിലെ ഹൈടെക് പദ്ധതി**

147 (4471) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈടെക്ക് വിദ്യാലയപദ്ധതി പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്ന കടുത്തുരുത്തി മണ്ഡലത്തിലെ പെരുവ ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിന് , എസ്റ്റിമേറ്റ് പ്രകാരം അധിക തുക അനുവദിക്കുന്നതിനുവേണ്ടി പി.ടി.എ.-യും സ്കൂൾ അധികൃതരും നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സ്കൂൾ മാനേജിംഗ് കമ്മിറ്റി 13-5-2019-ന ബഹു.വിദ്യാഭ്യാസ വകുപ്പുമന്ത്രിയ്ക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ചുവരുന്ന തുടർനടപടികൾ വിശദീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതി പാതിവഴിയിൽ നിന്നുപോകാതെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത നിവേദനം ഈ വകുപ്പിൽ ലഭിച്ചതായി കാണുന്നില്ല.

(സി) 2017-18-ൽ ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മികവിന്റെ കേന്ദ്രമാക്കുന്ന ഗവൺമെന്റ് ബോയ്സ് വി.എച്ച്.എസ്.എസ്., പെരുവയ്ക്ക് 6.62 കോടി (ആറ് കോടി അറുപത്തിരണ്ട് ലക്ഷം) രൂപയുടെ ഭരണാനുമതി നൽകുകയും 5 കോടി (അഞ്ച് കോടി) രൂപ കിഫ്ബി ധനസഹായവും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച 1.62 കോടി (ഒരു കോടി അറുപത്തിരണ്ട് ലക്ഷം) രൂപയും ചേർത്ത് 6.62 കോടി (ആറ് കോടി അറുപത്തിരണ്ട് ലക്ഷം) രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ കൈറ്റ് മുഖേന നടന്നുവരുന്നു. ഏറ്റെടുത്ത പ്രവൃത്തികൾ പാതിവഴിയിൽ നിന്നുപോകാതെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**പിറവം നിയോജകമണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ പദ്ധതികൾ**

148 (4472) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

## മങ്കട നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ പദ്ധതികളുടെ പുരോഗതി

149 (4473) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ മക്കരപ്പറമ്പ് എച്ച്.എസ്.എസ്.-നെ അന്താരാഷ്ട്ര നിലവാരത്തിൽ എത്തിക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന മങ്കടയിലെ സ്കൂളുകളിൽ അതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ?

ഉത്തരം

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് ഒരു നിയോജകമണ്ഡലത്തിൽ നിന്നും ഒരു സ്കൂളിനെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ആയതിന്റെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ തെരഞ്ഞെടുത്ത മക്കരപ്പറമ്പ് ജി.വി.എച്ച്.എസ്.എസ്.-ന്റെ പ്രവൃത്തി 70%-ന് മുകളിൽ പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിന് രണ്ട് ബ്ലോക്കുകളാണുള്ളത്. ആയതിന്റെ സ്ട്രക്ചർ പൂർത്തിയായിട്ടുണ്ട്. ചുമരുകളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു.

(സി) നിർമ്മാണപ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് കരാർ പ്രകാരം PMC (Project Management Consultant) ആയ WAPCOS Ltd. എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനത്തിനാണ്. നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി എസ്.പി.വി. (Special Purpose Vehicle) എന്ന നിലയിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) വിലയിരുത്തുന്നുണ്ട്. നിർമ്മാണ പ്രവർത്തനം നടത്തുന്ന എല്ലാ സ്കൂളുകളിലും WAPCOS-ന്റെ Site Engineers-ഉം അതിന് മുകളിൽ Project Engineers-ഉം മൂന്ന് സോണുകളിലായി മൂന്ന് Team Leader-മാരും പ്രവർത്തിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ ചലഞ്ച് ഫണ്ട്

150 (4474) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകൾക്ക് വേണ്ടിയുള്ള ചലഞ്ച് ഫണ്ടിന് വേണ്ടി കോതമംഗലം മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

**കോതമംഗലം മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം**

151 (4475) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം നടപ്പിലാക്കിയ ശേഷം കോതമംഗലം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഓരോ വർഷവും ഉണ്ടായിട്ടുള്ള വർദ്ധനവ് സ്കൂളുകൾതിരിച്ച് വ്യക്ത മാക്കാമോ;

(സി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പ്രസ്തുത മണ്ഡലത്തിലെ ഓരോ സർക്കാർ സ്കൂളിലും നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ വിശദമാക്കാമോ;

(ഡി) ഇതിന്റെ ഭാഗമായി പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കു ന്നുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. ഓരോ വർഷവും ഉണ്ടായിട്ടുള്ള വർദ്ധനവ്/കുറവ് സ്കൂളുകൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(സി&ഡി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ താഴെപ്പറയുന്നവയാണ് :

1) അടിസ്ഥാന സൗകര്യ വികസനം-മികവിന്റെ കേന്ദ്രമായി തെരഞ്ഞെടുക്കപ്പെട്ട ചെറുവത്തൂർ ഗവ. ഹയർസെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. 3 കോടി പദ്ധതിയിൽപ്പെട്ട പല്ലാരിമംഗലം ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന്റെ ടെണ്ടർ നടപടികൾ നടന്നുവരുന്നു. പ്ലാൻ ഫണ്ടിലുൾപ്പെടുത്തി ജി.എൽ.പി.എസ്., ഇളങ്ങവം സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കിഫ്ബി ധനസഹായത്തോടെ 1 കോടി പദ്ധതിയിലുൾപ്പെടുത്തി നേര്യമംഗലം ഗവ. എച്ച്.എസ്.എസ്.-ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2) പൊതുവിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ ആധുനികവത്കരണം നടത്തുന്നതിനായി സാങ്കേതികവിദ്യാ സൗഹൃദ ക്ലാസ്സ് മുറികൾ ഒരുക്കുന്ന പദ്ധതി കോതമംഗലം മണ്ഡലത്തിലെ എല്ലാ സർക്കാർ സ്കൂളുകളിലും 'കൈറ്റ്' മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

3) അക്കാദമിക പ്രവർത്തനങ്ങൾ-പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള വിവിധ പദ്ധതികൾ സംസ്ഥാനത്തെ എല്ലാ സർക്കാർ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

പ്രസ്തുത പദ്ധതികളെല്ലാം തന്നെ കോതമംഗലം മണ്ഡലത്തിലെ സർക്കാർ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു.

## സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം

152 (4476) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു കോടി, മൂന്ന് കോടി, അഞ്ച് കോടി എന്നിങ്ങനെ തുക ചെലവഴിച്ച് അടിസ്ഥാന സൗകര്യ വികസനം നടത്തുന്ന സ്കൂളുകളിലെ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) അഞ്ച് കോടി വീതം അനുവദിച്ച എല്ലാ സ്കൂളുകളും ടെൻഡർ നടപടി പൂർത്തീകരിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മൂന്ന് കോടി വീതം അനുവദിച്ച വിഭാഗത്തിലെ ടെൻഡർ പുരോഗതി, പ്രവൃത്തി പുരോഗതി എന്നിവ അറിയിക്കാമോ; പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; അറിയിക്കാമോ;

(ഡി) കൊണ്ടോട്ടി മണ്ഡലത്തിൽ ഒരു കോടി, മൂന്ന് കോടി, അഞ്ച് കോടി വിഭാഗത്തിൽ ഉൾപ്പെട്ട സ്കൂളുകളുടെ പ്രവൃത്തി പുരോഗതി അറിയിക്കാമോ; ടെൻഡർ നടപടിയുടെ വിശദാംശങ്ങൾ, പ്രവൃത്തി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണങ്ങൾ എന്നിവ അറിയിക്കാമോ?

### ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത 141 സ്കൂളുകളിൽ 137 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു വേണ്ടിയുള്ള 3 കോടി കിഫ്ബി ധനസഹായത്തിൽ ഉൾപ്പെടുത്തി ഭരണാനുമതി

ലഭിച്ച 213 സ്കൂളുകളിൽ 70 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. 'കിഫ്ബി' അംഗീകാരം, ടെണ്ടർ നടപടി എന്നിവ പൂർത്തിയാകുന്ന മുറയ്ക്ക് ബാക്കി സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനവും ആരംഭിക്കുന്നതാണ്. 'കിഫ്ബി' സഹായം ലഭിക്കാത്ത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം പ്ലാൻ ഫണ്ടുപയോഗിച്ചാണ് ചെയ്യുന്നത്. 2018-19 വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 166 സ്കൂളുകൾക്ക് 3 കോടി രൂപയുടെയും 446 സ്കൂളുകൾക്ക് 1 കോടി രൂപയുടെയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 5 കോടി രൂപ ചെലവഴിച്ച് മികവിന്റെ കേന്ദ്രങ്ങളാക്കി ഉയർത്തുന്ന 141 സ്കൂളുകളിൽ 137 എണ്ണത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. ബാക്കി 4 സ്കൂളുകളിൽ 2 സ്കൂളുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കി നിർമ്മാണം തുടങ്ങുന്നതിനുള്ള അനുമതി നൽകുകയും രണ്ട് സ്കൂളുകളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കിവരികയും ചെയ്യുന്നു.

(സി) മൂന്ന് കോടിയുടെ സ്കൂളുകളിൽ കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ച 185 സ്കൂളുകളിൽ 70 സ്കൂളുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. ബാക്കി 115 സ്കൂളുകളിൽ 40 സ്കൂളുകളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ബാക്കി 68 സ്കൂളുകളുടെ റീടെണ്ടർ നടപടി നടന്നുവരുന്നു. 7 സ്കൂളുകളിൽ മാസ്റ്റർപ്ലാനിൽ വ്യതിയാനങ്ങൾ വന്നിട്ടുണ്ട്.

(ഡി) 2017-2018 ബഡ്ജറ്റ് പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മണ്ഡലത്തിൽ നിന്നും മികവിന്റെ കേന്ദ്രമാക്കുന്നതിനായി തെരഞ്ഞെടുത്ത കൊണ്ടോട്ടി ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 25% പൂർത്തിയായിട്ടുണ്ട്. കൂടാതെ കിഫ്ബി 3 കോടി രൂപ അനുവദിച്ച് ഭൗതീക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് തെരഞ്ഞെടുത്ത വാഴക്കാട് GHSS, കോട്ടപ്പുറം GHSS, ചാലിയപ്പുറം GHSS എന്നിവയുടെ റീ ടെണ്ടർ നടപടികൾ സ്വീകരിച്ചി രിക്കുകയാണ്.

2018-19 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടോട്ടി മണ്ഡലത്തിലെ താഴെപ്പറയുന്ന 5 സ്കൂളുകൾക്ക് 1 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. ഗവ. എച്ച്.എസ്.എസ്., തടത്തിൽപ്പറമ്പ
2. ഗവ. എം.യു.പി.എസ്., വാഴക്കാട്
3. ഗവ. എച്ച്.എസ്.എസ്., ചുള്ളിക്കോട്
4. ഗവ. യു.പി.എസ്., ചീക്കോട്
5. ഗവ. എച്ച്.എസ്., മുതുവല്ലൂർ

## സമഗ്ര ശിക്ഷാ അഭിയാൻ പ്രകാരം സ്കൂളുകളിൽ സോളാർ പദ്ധതി

153 (4477) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിക്ഷാ അഭിയാൻ പദ്ധതിയുടെ ഭാഗമായി സർക്കാർ മേഖലയിലെ എൽ.പി , യു.പി. സ്കൂളുകളിൽ സോളാർ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കണമെന്നാണ് സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടത്; നിലവിൽ എത്ര സ്കൂളുകളിൽ നടപ്പിലാക്കുവാൻ അനുമതി ലഭിച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് സമഗ്ര ശിക്ഷ അഭിയാൻ പദ്ധതി പ്രകാരം ഒരു സ്കൂളിന് എന്ത് തുകയാണ് അനുവദിക്കുന്നതെന്ന് വ്യകതമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരളത്തിലെ 4729 സ്കൂളുകളിലേയ്ക്കാണ് പദ്ധതി സമർപ്പിച്ചത്. 100 സ്കൂളുകൾക്കാണ് കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയം പ്ലാൻ അപ്രൂവൽ ബോർഡ് അംഗീകാരം നൽകിയത്.

(സി) ഒരു ഗവൺമെന്റ് സ്കൂളിൽ 3.5 ലക്ഷം രൂപ (മൂന്ന് ലക്ഷത്തി അൻപതിനായിരം രൂപ) നിരക്കിലാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

## സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി

154 (4478) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്ക് വേണ്ടിയുള്ള സമഗ്ര ആരോഗ്യ പോഷകാഹാര പദ്ധതി കാലോചിതമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ബി) സ്കൂൾ ഉച്ചഭക്ഷണ പദ്ധതി നിലവിൽ പ്രഥമാദ്ധ്യാപകന്റെ ചുമതല ആയതിനാൽ അവർക്ക് സ്കൂളിലെ അക്കാദമിക് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുവാൻ സാധിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യം പരിഗണിച്ച് സ്കൂൾ പ്രഥമാദ്ധ്യാപകരെ ഇക്കാര്യത്തിൽ നിന്ന് ഒഴിവാക്കി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇതിന്റെ ചുമതല ഏല്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) കുട്ടികൾക്ക് പാലും മുട്ടയും നൽകുന്ന പദ്ധതി വ്യാപകമാക്കിയിട്ടുണ്ടോ; ഇതിനായുള്ള മുട്ട തദ്ദേശ തലത്തിൽ കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും ശേഖരിക്കുവാൻ കഴിയുന്നുണ്ടോ;

(ഇ) കുട്ടികൾക്ക് പഴവർഗ്ഗങ്ങൾ കൂടി നൽകുന്ന പദ്ധതി ആവിഷ്കരിക്കുവാൻ പദ്ധതിയുണ്ടോ?

ഉത്തരം

(എ) സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിൽ കാലോചിതമായ ഏറെ പരിഷ്കാരങ്ങൾ വരുത്തിയിട്ടുണ്ട്. ഉച്ചഭക്ഷണം പോഷകാഹാര സമൃദ്ധമാണെന്ന് ഉറപ്പുവരുത്തുന്നതിനായി ചോറിനൊപ്പം പോഷകസമൃദ്ധമായ 2 കറികൾ ദിവസേന നിർബന്ധമായും നൽകുന്നുണ്ട്. ഉച്ചഭക്ഷണത്തിന് അർഹതയുള്ള പ്രീ-പ്രൈമറി മുതൽ എട്ടം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ 2 ദിവസം 150 ml. തിളപ്പിച്ചാറ്റിയ പാലും ആഴ്ചയിൽ ഒരു ദിവസം ഒരു പുഴുങ്ങിയ മുട്ടയും നൽകുന്നു. മുട്ട കഴിക്കാത്ത കുട്ടികൾക്ക് അതേ വിലയ്ക്കുള്ള നേന്ത്രപ്പഴം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്. പലവ്യഞ്ജനം കഴിവതും സർക്കാർ ഏജൻസികളുടെ ഔട്ട്ലെറ്റുകളിൽ നിന്നും വാങ്ങാനും പ്രാദേശികമായി ശേഖരിക്കാവുന്ന വിഷരഹിതമായ പച്ചക്കറികളും മറ്റ് ഉൽപ്പന്നങ്ങളും ഉപയോഗിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവയുടെ സഹായത്തോടെ സ്കൂളുകളിൽ അടുക്കള പച്ചക്കറിത്തോട്ടം നിർമ്മിക്കാനും അവയിൽ നിന്നും ലഭിക്കുന്ന പച്ചക്കറികൾ ഉപയോഗിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. പച്ചക്കറിത്തോട്ടം നിർമ്മിക്കുന്നതിന് സ്കൂൾ ഒന്നിന് 5,000 രൂപ (അയ്യായിരം രൂപ) വീതം വിതരണം ചെയ്യുന്ന കാര്യം പരിശോധിക്കുന്നതാണ്. ഉച്ചഭക്ഷണ പദ്ധതിയുടെ അനുബന്ധമായി നടപ്പിലാക്കുന്ന സ്കൂൾ ആരോഗ്യ പദ്ധതി കാര്യക്ഷമമായി നടപ്പാക്കിവരുന്നു. ആരോഗ്യ പരിശോധന നടത്തുകയും അയൺ ഗുളികകൾ, വിരനിവാരണ ഗുളികകൾ എന്നിവയുടെ വിതരണം നിർവ്വഹിക്കുകയും ചെയ്യുന്നു. കൂടാതെ പാചക ചെലവിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കുകയും പാചക തൊഴിലാളികൾക്ക് അവധിക്കാല സമാശ്വാസം നൽകുകയും ഓണറേറിയം വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാചകത്തിന് വിറകിനു പകരം പാചക വാതകം ഏർപ്പെടുത്തുന്നതിന് സ്കൂളൊന്നിന് 5000 രൂപ വീതം നൽകി. പദ്ധതി മോണിറ്റർ ചെയ്യുന്നതിന് Automated Monitoring System (AMS) നടപ്പിലാക്കി. വിവിധതലത്തിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി വെബ്സൈറ്റ് കം സോഫ്റ്റ്‌വെയർ വികസിപ്പിച്ചു. കുടിവെള്ളത്തിന്റെയും ഉച്ചഭക്ഷണത്തിന്റെയും സാമ്പിളുകൾ ശേഖരിച്ച് അംഗീകൃത ലാബുകളിൽ പരിശോധന നടത്തുന്നു. എഫ്.സി.ഐ., സപ്ലൈകോ എന്നീ ഏജൻസികളുമായി ബന്ധപ്പെട്ട് ഗുണമേന്മയുള്ള ഭക്ഷ്യധാന്യം സ്കൂളുകൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നിലവിൽ പരിഗണനയിലില്ല.

(ഡി) ഉച്ചഭക്ഷണത്തിന് യോഗ്യതയുള്ള പ്രീ പ്രൈമറി മുതൽ എട്ടാം ക്ലാസ്സുവരെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും ആഴ്ചയിൽ 2 ദിവസം 150 ml തിളപ്പിച്ചാറ്റിയ പാലും ആഴ്ചയിൽ ഒരു ദിവസം ഒരു പുഴുങ്ങിയ മുട്ടയും നൽകുന്ന (മുട്ട കഴിക്കാത്ത കുട്ടികൾക്ക് അതേ വിലയുള്ള നേന്ത്രപഴം) നൽകുന്നു. ആവശ്യമായ എണ്ണം മുട്ട പ്രാദേശിക വിപണികളിൽ നിന്നുമാണ് സ്കൂളുകൾ വാങ്ങുന്നത്.

(ഇ) ഇതുസംബന്ധിച്ച് കൂടുതൽ പഠനം ആവശ്യമാണ്.

## ഹൈടെക് സ്കൂൾ പദ്ധതി

155 (4479) ശ്രീ. എം. ഉമ്മർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹൈടെക് സ്കൂൾ പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ഹൈടെക് ഉപകരണങ്ങളുടെ ഉപയോഗം പരിശോധിക്കുവാൻ കൈറ്റ് നടത്തിയ ഓഡിറ്റിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(സി) ഓഡിറ്റിന്റെ അടിസ്ഥാനത്തിനുള്ള അന്തിമ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; അതിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ 44705 ക്ലാസ് മുറികളിലേയ്ക്ക് 59772 ലാപ്ടോപ്പ്, 43422 മൾട്ടിമീഡിയ പ്രൊജക്റ്റർ, 41794 പ്രൊജക്റ്റർ മൗണ്ടിംഗ് കിറ്റ്, 41778 എച്ച്.ഡി.എം.ഐ. കേബിൾ, 40614 ഫേസ് പ്ലേറ്റ്, 23104 വൈറ്റ് സ്ക്രീൻ, 42739 യു.എസ്.ബി. സ്പീക്കർ, 4578 ഡി.എസ്.എൽ.ആർ. ക്യാമറ, 4545 എൽ.ഇ.ഡി. ടെലിവിഷൻ (42" ), 4720 എച്ച്.ഡി. വെബ് ക്യാം എന്നീ ഐ.ടി. ഉപകരണങ്ങൾ വിതരണം ചെയ്തു. 4751 ഹൈടെക് സ്കൂളുകൾക്ക് അതിവേഗ ഇന്റർനെറ്റ് ലഭ്യമാക്കിയതോടൊപ്പം 9046 സർക്കാർ, എയ്ഡഡ് പ്രൈമറി, അപ്പർപ്രൈമറി വിദ്യാലയങ്ങൾക്കും ബ്രോഡ്ബാന്റ് ലഭ്യമാക്കിയിട്ടുണ്ട്. ഹൈടെക് സംവിധാനം 2019-20 അദ്ധ്യയന വർഷം തന്നെ പ്രൈമറി സ്കൂളുകളിലേക്കും വ്യാപിപ്പിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ബി) ഹൈടെക് ക്ലാസ് മുറികളിലെ ഒന്നാംഘട്ട അവസ്ഥാപഠനത്തിൽ താഴെപ്പറയുന്ന വിശദാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്. സ്കൂളുകളിൽ നിലവിൽ 73,333 അദ്ധ്യാപകർ (92%) ക്ലാസ് മുറികളിൽ പ്രൊജക്ടറുകളും ലാപ്ടോപ്പും ഉപയോഗിച്ച് പഠിപ്പിക്കുന്നു. 13489 അദ്ധ്യാപകർ 'സമഗ്ര' പോർട്ടലിലെ വിഭവങ്ങൾക്കുപുറമേ സ്വന്തമായി ഡിജിറ്റൽ വിഭവങ്ങൾ തയ്യാറാക്കുന്നു. 69611 അദ്ധ്യാപകർ സമഗ്ര പരിശീലനം നേടി പോർട്ടലിൽ അംഗത്വം എടുത്തിട്ടുണ്ട്. 1.79 ലക്ഷം കുട്ടികളിൽ നിന്നാണ് നേരിട്ട് ഹൈടെക് ക്ലാസുകളുടെ ഫലപ്രാപ്തിയെക്കുറിച്ച് വിവരശേഖരണം നടത്തിയത്. ഇതിൽ 92% കുട്ടികളും (1.61 ലക്ഷം) ക്ലാസ് മുറിയിൽ പ്രൊജക്ടർ, ലാപ്ടോപ്പ് എന്നിവ നന്നായി പ്രവർത്തിക്കുന്നുവെന്ന് രേഖപ്പെടുത്തി. ക്ലാസ് മുറികളിൽ പ്രോജക്ടറുകൾ ഉപയോഗിച്ച് ഡിജിറ്റൽ ഉള്ളടക്കം പ്രദർശിപ്പിക്കുമ്പോൾ എല്ലാവർക്കും നന്നായികാണാൻ കഴിയുന്നുവെന്ന് 1.68 ലക്ഷം കുട്ടികളും രേഖപ്പെടുത്തിയിട്ടുണ്ട്.

ഈ വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി വിജയപ്രദമാണെന്ന് കരുതുന്നു. വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ കൈറ്റ് നടത്തിയ പഠനത്തിനുപരി, ഹൈടെക് പ്രവർത്തനങ്ങളുടെ അനന്തരഫലത്തെ ക്കുറിച്ച് പഠനം നടത്തുന്നതിന് വേൾഡ് ബാങ്ക് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഐ.സി.ടി. ഉപകരണങ്ങളുടെ ഉപയോഗം സംബന്ധിച്ച് കൈറ്റ് സർവ്വേ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

## അങ്കമാലി നിയോജകമണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം

156 (4480) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിട നിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാന വികസന പ്രവത്തനങ്ങൾക്കായി വകുപ്പിന്റെ പ്ലാൻ/നോൺപ്ലാൻ ഇനത്തിൽ എത്ര രൂപയുടെ ഭരണാനുമതിയാണ് നൽകിയതെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം സർക്കാർ/എയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജക മണ്ഡലത്തിൽ എം.എൽ.എ. ഫണ്ടിൽ നിന്നും എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും ഭരണാനുമതി നൽകിയ ഏതെല്ലാം സ്കൂൾ കെട്ടിടങ്ങൾക്കാണ് സാങ്കേതികാനുമതി നൽകി പ്രവൃത്തി ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇനി ഇത്തരം എത്ര പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് ലഭ്യമാക്കി സാങ്കേതി കാനുമതി നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഭരണാനുമതി കിട്ടിയ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനും തുടർനടപടി വേഗത്തിലാക്കുന്നതിനുമായി എറണാകുളം വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ)അങ്കമാലി നിയോജകമണ്ഡലത്തിലെ 4 സർക്കാർ സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി 3.21 കോടി രൂപയ്ക്ക് (മൂന്ന് കോടി ഇരുപത്തിയൊന്ന് ലക്ഷം രൂപ മാത്രം) പദ്ധതിയിനത്തിൽ (പ്ലാൻ) ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയേ തരയിനത്തിൽ (നോൺ പ്ലാൻ) തുക അനുവദിച്ചിട്ടില്ല.

(ബി) കെട്ടിടനിർമ്മാണത്തിന് ഭരണാനുമതി നൽകിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗവ. എച്ച്.എസ്., പാലിശ്ശേരി
2. ഗവ. എച്ച്.എസ്., കുറുമശ്ശേരി
3. ഗവ. എച്ച്.എസ്., മൂക്കന്നൂർ
4. ഗവ. എച്ച്.എസ്., മഞ്ഞപ്ര

ടി സ്കൂളുകൾക്ക് സാങ്കേതികാനുമതി ആയിട്ടില്ല.

(സി) കെട്ടിടനിർമ്മാണത്തിന് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടില്ല.

(ഡി) 4 സ്കൂളുകൾക്ക് സാങ്കേതികാനുമതി ആയിട്ടില്ല.

(ഇ) പ്രസ്തുത സ്കൂളുകളിലെ പ്രധാനാധ്യാപകരുടെ യോഗം വിളിച്ച് സാങ്കേതികാനുമതി ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാറശാല മണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ

157 (4481) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും അതിന്റെ നിലവിലെ സ്ഥിതി എന്താണന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എൽ.പി.,യു.പി.സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്*. പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി നടന്നുവരുന്നു.

(ബി) എൽ.പി., യു.പി. സ്കൂളുകളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി സംസ്ഥാന ബഡ്ജറ്റിൽ പദ്ധതിയിനത്തിൽ വകയിരുത്തിയിട്ടുള്ള തുകയും സമഗ്രശിക്ഷ കേരള, തദ്ദേശഭരണ സ്ഥാപനങ്ങൾ, എം.എൽ.എ., എം.പി. എന്നിവരുടെ ആസ്തിവികസന ഫണ്ട് എന്നിവ മുഖേന ലഭ്യമാകുന്ന തുകയും വിനിയോഗിച്ച് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

## പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ

158 (4482) ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി, തീരദേശ, തോട്ടം മേഖല പോലെയുള്ള പാർശ്വവത്കൃത സമൂഹങ്ങളിൽ നിന്നും പിന്നോക്ക മേഖലകളിൽ നിന്നുമുള്ള വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് പ്രത്യേക പദ്ധതി നടപ്പാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(സി) ആദിവാസി വിഭാഗങ്ങളിൽ നിന്നുമുള്ള കുട്ടികൾക്ക് കഴിവതും അവർക്കനുയോജ്യമായ കേന്ദ്രങ്ങളിൽ വച്ച് വിദ്യാഭ്യാസം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ഏതൊക്കെ ഏജൻസികളെയും വകുപ്പുകളെയും ഈ പദ്ധതി നടത്തിപ്പിൽ പങ്കാളിയാക്കുമെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) പ്രത്യേക പദ്ധതി 2018-19 അദ്ധ്യയന വർഷം മുതൽ നടപ്പാക്കി വരുന്നുണ്ട്. കേരളത്തിലെ തീരദേശ മേഖലയിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിന്റെ അവസ്ഥാ പഠനം എസ്.സി.ഇ.ആർ.ടി. കേരളയുടെ നേതൃത്വ ത്തിൽ നടത്തിയിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളി കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ചാണ് പ്രസ്തുത പഠനം. പഠന റിപ്പോർട്ട് പൂർത്തിയായിട്ടുണ്ട്. പഠനത്തിന്റെ അടിസ്ഥാനത്തിലുള്ള തുടർനടപടികൾ ആസൂത്രണം ചെയ്തുവരുന്നു. അട്ടപ്പാടി മേഖലയിലെ വിദ്യാർത്ഥികളുടെ പ്രശ്നങ്ങളെ ആസ്പദമാക്കി ഗവേഷണപഠനം നടത്തുകയും റിപ്പോർട്ട് സംസ്ഥാന ബാലാവകാശ കമ്മീഷന് നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ സാംസ്കാരിക പശ്ചാത്തലം മനസ്സിലാക്കി സ്കൂളുകളിൽ അവരുടെ നിലനിർത്തൽ ഉറപ്പാക്കുന്നതിനും അവരെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും ഊരുത്സവങ്ങൾ സംഘടിപ്പിക്കുകയും കൂടാതെ സ്പോർട്സിലും ഗെയിംസിലും ഇത്തരം കുട്ടികൾക്ക് പ്രത്യേക പരിശീലനങ്ങളും നൽകിവരുന്നുണ്ട്. വൊക്കേഷണൽ ട്രെയിനിംഗ്, ലാബ്, ലൈബ്രറികളുടെ നവീകരണം തുടങ്ങിയ പരിപാടികളും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു.

കൂടാതെ പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങളും നടത്തിവരുന്നു :

1. സർവ്വേയിലൂടെ സ്കൂളിൽ ചേരാത്ത കുട്ടികളെ കണ്ടെത്തുന്നു.

2. വിദ്യാഭ്യാസ വോളണ്ടിയേഴ്സിനെ ഉപയോഗിച്ച് ബ്രിഡ്ജ് കോഴ്സ് നടത്തുന്നു.

3. വയസ്സിനനുസൃതമായ ക്ലാസ്സുകളിൽ ചേർക്കുന്നു.

യാത്രാസൗകര്യമില്ലാത്ത കുട്ടികൾക്ക് ദിവസേന സ്കൂളിൽ വന്ന് പഠിക്കുന്നതിനായി ഒരു കുട്ടിക്ക് 6000 രൂപ (ആറായിരം രൂപ) നിരക്കിൽ കൊടുത്തുവരുന്നു. മലയോര പ്രദേശത്തെ കുട്ടികളുടെ പഠനം ഉറപ്പുവരുത്തുന്നതിനായി ഇടുക്കി ജില്ലയിലെ മറയൂർ, മലപ്പുറം ജില്ലയിലെ നിലമ്പൂർ, തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ തുടങ്ങിയ ജില്ലകളിൽ ഹോസ്റ്റൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഇടുക്കി ജില്ലയിലെ അടിമാലി, പത്തനംതിട്ട ജില്ലയിലെ നിലമേൽ, കണ്ണൂർ ജില്ലയിലെ ആറളം ഫാം തുടങ്ങിയ ജില്ലകളിൽ ഹോസ്റ്റലിന്റെ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.

(സി) പരിഗണിക്കുന്നതാണ്.

(ഡി) ഗോത്രവർഗ്ഗ വകുപ്പിന്റെയും, ഫിഷറീസ് വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. എൻ.ജി.ഒ. പങ്കാളിത്തവും പദ്ധതി നടത്തിപ്പിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

## സ്കൂൾ പാഠപുസ്തകങ്ങളിൽ പുതിയ വിഷയങ്ങൾ

159 (4483) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ സ്കൂൾ പാഠപുസ്തകങ്ങളിലും പഠനപ്രവർത്തനങ്ങളിലും കൊണ്ടുവന്ന പരിഷ്കാരങ്ങൾ എസ്.സി.ഇ.ആർ.ടി. പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പാഠപുസ്തകങ്ങളിൽ മാറ്റംവരുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ മാറ്റം വരുത്തിയെന്ന് അറിയിക്കാമോ;

(സി) പുതിയ പാഠപുസ്തകങ്ങളിൽ ഏതൊക്കെ വിഷയങ്ങളാണ് പുതുതായി ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(ഡി) നവോത്ഥാനം, പ്രളയം, പ്രളയാനന്തര പ്രവർത്തനം എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിലാണ് പ്രസ്തുത വിഷയങ്ങൾ പുതുതായി ഉൾക്കൊള്ളിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 9, 10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ആവശ്യമായ മെച്ചപ്പെടുത്തലുകളോടെയാണ് 2019-20-ലേക്ക് പ്രസിദ്ധീകരിച്ചിട്ടുള്ളത്. 8-ാം ക്ലാസ്സിലെ മലയാളം, സോഷ്യൽ സ്റ്റഡീസ് പാഠപുസ്തകങ്ങളിൽ പ്രളയവുമായി ബന്ധപ്പെട്ട ചില ഉള്ളടക്കങ്ങൾ ഉൾച്ചേർത്ത് മാറ്റം വരുത്തിയിട്ടുണ്ട്.

(സി) പ്രളയസുരക്ഷ, ഭരണഘടനാമൂല്യങ്ങൾ, നവോത്ഥാനം, വിവരവിനിമയ സാങ്കേതികവിദ്യ തുടങ്ങിയവയാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ഡി) ഉണ്ട്. പ്രധാനമായും 9, 10 ക്ലാസ്സുകളിലാണ് ഈ ഘടകങ്ങൾ ഉൾപ്പെടുത്തി മെച്ചപ്പെടുത്തലുകൾ വരുത്തിയിട്ടുള്ളത്.

**വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും നിയമ അവബോധം**

160 (4484) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിൽ പന്ത്രണ്ടാം തരം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിയമ അവബോധം നൽകുന്നതിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഹയർസെക്കണ്ടറി തലം വരെയുള്ള അദ്ധ്യാപകർക്ക് നിയമ അവബോധം നൽകുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യശാസ്ത്ര പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് നിയമ സംവിധാനങ്ങളെക്കുറിച്ചുള്ള അവബോധം വളർത്തുന്ന പഠനാനുഭവങ്ങൾ നൽകിവരുന്നു. എല്ലാ പാഠപുസ്തകങ്ങളിലും പൗരന്റെ കടമകൾ തുടങ്ങിയവ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ നിയമപാഠം എന്ന പേരിൽ ഒരു ചെറുപുസ്തകം സെക്കണ്ടറി വിദ്യാർത്ഥികൾക്ക് നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. അദ്ധ്യാപക പരിശീലനത്തിന്റെ ഭാഗമായി നിയമ അവബോധം വളർത്തുന്ന സെഷനുകൾ ഉൾപ്പെടുത്താറുണ്ട്. കുട്ടികളുടെ അവകാശങ്ങൾ, വിദ്യാഭ്യാസ അവകാശ നിയമം, അംഗപരിമിതർക്കുള്ള അവകാശങ്ങൾ തുടങ്ങിയവ പരിശീലനങ്ങളിൽ അഭിസംബോധന ചെയ്യുന്ന വിഷയങ്ങളാണ്.

**പ്രീ പ്രൈമറി വിദ്യാഭ്യാസമേഖലയുടെ നിലവാരം**

161 (4485) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രീ പ്രൈമറി വിദ്യാഭ്യാസമേഖലയുടെ നിലവാരം അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത വിദ്യാഭ്യാസ മേഖലയുടെ നിലവാരം ഉയർത്തുന്നതിനായി സമഗ്ര ശിക്ഷാ പദ്ധതി അനുസരിച്ച് കേന്ദ്ര സർക്കാർ പണം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് തുകയാണ് അനുവദിച്ചത്;

(സി) ഈ പദ്ധതി പ്രകാരം പ്രീ പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ എന്തൊക്കെ കാര്യങ്ങൾ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 413 കേന്ദ്രങ്ങളിൽ എസ്.സി.ഇ.ആർ.ടി.-യുടെ നേതൃത്വത്തിൽ അവസ്ഥാപഠനം നടത്തിയിട്ടുണ്ട്. എസ്.സി.ഇ.ആർ.ടി. തയ്യാറാക്കിയ വിവര ശേഖരണ പത്രിക ഉപയോഗിച്ചാണ് അവസ്ഥാ പഠനം നടത്തിയത്. വിവര ശേഖരണ പത്രികയിൽ ഗുണത, ലഭ്യത എന്നീ രണ്ട് ഭാഗങ്ങളുണ്ട്. ഭൗതികം, അക്കാദമികം, സാമൂഹികം, ക്ലസ്റ്റർ അധിഷ്ഠിതം എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ശേഖരിച്ചത്.

(ബി) ഉണ്ട്. പദ്ധതി അടങ്കൽ തുകയായി 20.07 കോടി രൂപ (ഇരുപത് കോടി ഏഴ് ലക്ഷം രൂപ) എം.എച്ച്.ആർ.ഡി. അംഗീകരിച്ചിട്ടുണ്ട്.

(സി) പ്രീ-പ്രൈമറി വിദ്യാഭ്യാസ മേഖലയിൽ സമഗ്രശിക്ഷാ കേരളത്തിന്റെ നേതൃത്വത്തിൽ താഴെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുണ്ട്.

1. പ്രീ-സ്കൂളുകളേയും അങ്കണവാടികളെയും കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള ക്ലസ്റ്റർ അധിഷ്ഠിത പ്രീ-സ്കൂൾ പരിപാടി.
2. അദ്ധ്യാപക പരിശീലനം.
3. ആയമാർ/രക്ഷകർത്താക്കൾ/ജനപ്രതിനിധികൾ എന്നിവർക്ക് ഏകദിന ഓറിയന്റേഷൻ.
4. കളിപ്പാട്ടം, കളിത്തോണി എന്നീ പഠന സാമഗ്രികളുടെ വിതരണം
5. ആക്ടിവിറ്റി കോർണറുകൾ സജ്ജീകരിക്കൽ.
6. തീമുകളെ അടിസ്ഥാനമാക്കിയുള്ള പഠനസാമഗ്രികളുടെ നിർമ്മാണം തുടങ്ങിയവ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

**പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്താൻ എസ്.സി.ഇ.ആർ.ടി.**

162 (4486) ശ്രീ. എം. ഉമ്മർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ഡോ. എം. കെ. മുനീർ:
ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രീ-സ്കൂൾ മേഖലയിലെ പ്രശ്നങ്ങൾ കണ്ടെത്തി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി.)-യെ ചുമതലപ്പെടുത്തിയിട്ടും നാളിതുവരെ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിനായി ഏതെല്ലാം ഉദ്യോഗസ്ഥരെയാണ് ചുമതലപ്പെടുത്തിയിരുന്നത്; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത പഠനം നടത്തുന്നതിനായി നാളിതുവരെ എത്ര തുക എസ്.സി.ഇ.ആർ.ടി. ചെലവഴിച്ചിട്ടുണ്ട് ; ഇനം തിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) റിപ്പോർട്ട് സംബന്ധിച്ച പ്രവർത്തനം അവസാനഘട്ടത്തിലാണ്.

(ബി) പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിനായി താഴെ പറയുന്നവരെ ഉൾപ്പെടുത്തി SCERT ഒരു സമിതി രൂപീകരിച്ചിരുന്നു.

1. ഡോ. റ്റി. വി. കുഞ്ഞിരാമൻ, പ്രിൻസിപ്പാൾ, ഗവ. ട്രെയിനിംഗ് കോളേജ്, തലശ്ശേരി (ചെയർമാൻ)
2. അഡ്വ. എസ്. പി. ദീപക്, ജനറൽ സെക്രട്ടറി, സംസ്ഥാന ശിശുക്ഷേമ സമിതി (അംഗം)
3. ഡോ. റ്റി. കെ. അബ്ബാസ് അലി, സീനിയർ ലക്ചറർ, ഡയറ്റ്, തിരൂർ (അംഗം)
4. ശ്രീ. രമേശൻ കടൂർ, ലക്ചറർ, ഡയറ്റ്, കണ്ണൂർ (അംഗം)
5. ശ്രീ. കെ. റ്റി. രാധാകൃഷ്ണൻ, റിട്ട. അദ്ധ്യാപകൻ, പ്രസന്നം, പൊയിൽകാവ്, കോഴിക്കോട് (അംഗം)
6. ശ്രീ. എം. കെ. പശുപതി, റിട്ട. അദ്ധ്യാപകൻ, എക്സിക്യൂട്ടീവ് അംഗം, സംസ്ഥാന ശിശുക്ഷേമ സമിതി (അംഗം)
7. ശ്രീമതി ഷൈലാ ജാസ്മിൻ എൽ. എസ്, റിസർച്ച് ഓഫീസർ, പ്രീ-പ്രൈമറി വിദ്യാഭ്യാസം, എസ്.സി.ഇ.ആർ.ടി. (കൺവീനർ)

ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) 3,80,403 രൂപ (മൂന്ന് ലക്ഷത്തി എൺപതിനായിരത്തി നാന്നൂറ്റി മൂന്ന് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് അനുവദിച്ചിരുന്ന സ്കൂളുകൾ

163 (4487) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാം അനുസരിച്ച് അനുവദിച്ചിരുന്ന എത്ര സ്കൂളുകൾ ഇപ്പോൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്കൂളുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇവയിൽ എത്ര എണ്ണത്തിന് കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്;

(സി) എത്ര സ്കൂളുകൾക്കാണ് ഗ്രാന്റ് നൽകുന്നത്; അവ ഏതെല്ലാമാണ്; ഇവ എയ്ഡഡ് സ്കൂളുകളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഇപ്പോൾ ഗ്രാന്റ് നൽകാത്തതും പ്രവർത്തിച്ചുവരുന്നതുമായ കൊടുവള്ളി കെ.എം.ഒ. എൽ.പി. സ്കൂളിന് ധനസഹായം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) 27 സ്കൂളുകൾ (പട്ടിക അനുബന്ധമായി ചേർക്കുന്നു*). 27 സ്കൂളുകൾക്കും കെട്ടിട നിർമ്മാണത്തിന് ധനസഹായം നൽകുകയും ശമ്പളയിനത്തിൽ ഗ്രാന്റ് നൽകിവരികയും ചെയ്യുന്നുണ്ട്. എ.ഐ.പി. സ്കൂളുകൾക്ക് 11-11-2015-ലെ സ.ഉ.(എം.എസ്.) 285/2015/പൊ. വി. വ. പ്രകാരം 16-1-2003 മുതൽ മുൻകാല പ്രാബല്യത്തോടുകൂടി എയ്ഡഡ് പദവി നൽകിയിരുന്നുവെങ്കിലും; മുൻകാല പ്രാബല്യം നൽകിയത് നിയമപരമായി നിലനിൽക്കാത്തതിനാൽ ആയത് റദ്ദാക്കി ഉത്തരവ് തീയതി മുതൽ എയ്ഡഡ് പദവി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ഡി) ഏരിയ ഇന്റൻസീവ് പ്രോഗ്രാമിൽ ഉൾപ്പെട്ട കെ.എം.ഒ. സെൻട്രൽ എൽ.പി. സ്കൂൾ കുട്ടികളുടെ കുറവ് കാരണം 2016-17 വർഷത്തിൽ അടച്ചു പൂട്ടുകയുണ്ടായി. അടച്ചുപൂട്ടിയ സമയത്ത് അദ്ധ്യാപക തസ്തികയിൽ ആരും തന്നെ സർക്കാർ ശമ്പളം വാങ്ങുകയോ, അധിക തസ്തികയിൽ ജോലി ചെയ്യുന്നവരോ ഉണ്ടായിരുന്നില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൊല്ലം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിലെ ഒഴിവുകൾ

164 (4488) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഗവൺമെന്റ് സ്കൂളുകളിൽ എൽ.പി.എസ്.ടി തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ; സബ് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ബി) 2019 ഏപ്രിൽ ഒന്നിന് ശേഷം എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) 2019 ലെ അദ്ധ്യാപകരുടെ വിരമിക്കൽ മൂലമുണ്ടായിട്ടുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത വർഷത്തെ ഫിക്സേഷന്റെ അടിസ്ഥാനത്തിലുണ്ടാകുന്ന വേക്കൻസിയിലേക്ക് ഈ അദ്ധ്യയന വർഷം തന്നെ അദ്ധ്യാപക നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ എൽ.പി.എസ്.ടി. തസ്തികയിൽ നിലവിൽ 216 ഒഴിവുകൾ ഉണ്ട്. സബ് ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡി.ഇ.ഒ./എ.ഇ.ഒ.-യുടെ പേര് | എൽ.പി.എസ്.ടി. ഒഴിവുകൾ |
|---|---|---|
| (1) | (2) | (3) |
| | **ഡി.ഇ.ഒ.** | |
| 1 | കൊല്ലം | 2 |
| 2 | കൊട്ടാരക്കര | 5 |
| 3 | പുനലൂർ | 17 |
| | **എ.ഇ.ഒ.** | |
| 1 | ചവറ | 3 |
| 2 | ചാത്തന്നൂർ | 7 |
| 3 | കരുനാഗപ്പള്ളി | 1 |
| 4 | കൊല്ലം | 1 |
| 5 | കൊട്ടാരക്കര | 16 |
| 6 | കുളക്കട | 28 |

| (1) | (2) | (3) |
|---|---|---|
| 7 | ശാസ്താംകോട്ട | 3 |
| 8 | വെളിയം | 1 |
| 9 | പുനലൂർ | 48 |
| 10 | അഞ്ചൽ | 58 |
| 11 | ചടയമംഗലം | 26 |
| | ആകെ | 216 |

(ബി&സി) 2019 ഏപ്രിൽ ഒന്നിനുശേഷം ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. എന്നാൽ 30-1-2019-ൽ തന്നെ 2019 മേയ് 31 വരെയുള്ള അദ്ധ്യാപകരുടെ വിരമിക്കൽ മൂലമുണ്ടാകുന്ന പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) സ്വീകരിക്കുന്നതാണ്.

## പട്ടാമ്പി ജി.യു.പി. സ്കൂളിന് പുതിയ കെട്ടിടം

165 (4489) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി ജി.യു.പി.എസ് സ്കൂളിന് പൊതുവിദ്യാഭാസയജ്ഞത്തിന്റെ ഭാഗമായി അനുവദിച്ച ഒരു കോടിയുടെ കെട്ടിട നിർമ്മാണം ഇനിയും ആരംഭിക്കാത്തത് എന്ത് കൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) നിലവിലുണ്ടായിരുന്ന കെട്ടിടം പൊളിച്ച് പുതിയ കെട്ടിടം പണിയുന്നതിനാൽ ക്ലാസ് മുറികളുടെ അഭാവം സ്കൂളിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്നുള്ളതിനാൽ എത്രയും പെട്ടെന്ന് നിർമ്മാണം പൂർത്തിയാക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ&ബി) പ്രസ്തുത സ്കൂളിന്റെ കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ നിർവ്വഹണ ഏജൻസിയായ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാർ/എയ്ഡഡ് മേഖലയിൽ മതിയായ കുട്ടികളില്ലാത്ത സ്കൂളുകൾ**

166 (4490) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 അദ്ധ്യയന വർഷം സർക്കാർ/എയ്ഡഡ് മേഖലയിൽ മതിയായ കുട്ടികളില്ലാത്ത സ്കൂളുകളുടെ വിശദാംശം ലഭ്യമാക്കുമോ; എൽ. പി., യു. പി., ഹൈസ്കൂൾ എന്നിവയുടെ വിശദാംശം പ്രത്യേകമായി നൽകുമോ;

(ബി) 2018-19 അദ്ധ്യയന വർഷത്തിൽ ഇപ്രകാരമുള്ള സ്കൂളുകളുടെ എണ്ണം വിശദമാക്കുമോ;

(സി) പൊതുവിദ്യാഭ്യാസ യജ്ഞം നടപ്പിലാക്കിയതുമൂലം സർക്കാർ മേഖലയിൽ മതിയായ കുട്ടികളില്ലാത്ത സ്കൂളുകളുടെ എണ്ണത്തിൽ കുറവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) 2019-20 അദ്ധ്യയന വർഷം ആറാം പ്രവൃത്തി ദിനത്തിൽ സ്കൂൾ തലത്തിൽ കുട്ടികളുടെ കണക്കെടുപ്പ് 17-6-2019-ൽ പൂർത്തിയായിട്ടുണ്ട്. വിശകലനം പൂർത്തിയാകുന്ന മുറയ്ക്ക് മറുപടി നൽകുന്നതാണ്.

(ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) ഉണ്ട്. 2016-17 അദ്ധ്യയന വർഷത്തിൽ ഇപ്രകാരമുള്ള 5723 സ്കൂളുകൾ ഉണ്ടായിരുന്നത് 2017-18 വർഷത്തിൽ 5680 ആയി കുറഞ്ഞിട്ടുണ്ട്.

**കൊടക്കാട് ജി.എം.ആർ.എസിൽ പ്ലസ് ടു കോഴ്സ്**

167 (T*4491) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കൊടക്കാട് ജി.എം.ആർ.എസ്.ൽ പ്ലസ് ടു കോഴ്സ് അനുവദിക്കുവാൻ വൈകുന്നതുമൂലം ഇവിടുത്തെ നിർധനരായ പട്ടികജാതി വിദ്യാർത്ഥികൾ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കുവാൻ ഈ വർഷം തന്നെ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**ഹൈസ്കൂളുകളെ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്താൻ നടപടി**

168 (4492) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ ഹൈസ്കൂളുകളായി പ്രവർത്തിക്കുന്നവയെ ഹയർ സെക്കന്ററി സ്കൂളുകളായി ഉയർത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ ഹൈസ്കൂളുകളെ ഹയർ സെക്കന്ററി ആയി ഉയർത്തുന്നതിന് മങ്കട നിയോജകമണ്ഡലത്തിലെ എത്ര സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഇത്തരത്തിൽ സ്കൂളുകളെ തെരഞ്ഞെടുക്കുന്ന വേളയിൽ മങ്കടയിലെ മങ്കട ചേരിയം ഹൈസ്കൂളിനെ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിൽ തീരുമാനമെടുത്തിട്ടില്ല.

(ബി&സി) ഉത്തരം 'എ' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**പ്ലസ് വൺ പ്രവേശനത്തിന് തലവരി**

169 (4493) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് വൻ തുക കോഴ വാങ്ങുന്നതായും പി.ടി.എ. ഫണ്ട്, സ്കൂൾ വികസന ഫണ്ട്, കെട്ടിട നിർമ്മാണ ഫണ്ട് എന്നീ പേരുകളിൽ അനധികൃതമായ പിരിവുകൾ നടത്തുന്നതായും കണ്ടെത്തിയിട്ടുണ്ടോ;

(ബി) അനധികൃതമായി തുക ഇടാക്കുന്ന സ്ഥാപനങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കുമോ?

ഉത്തരം

(എ-സി) സർക്കാർ കണ്ടെത്തിയിട്ടില്ല. അനധികൃത പണപ്പിരിവുകൾ നടത്തുന്നത് തടയാൻ സംസ്ഥാനതലത്തിലും മേഖലാ തലത്തിലും ജില്ലാ തലത്തിലും പ്രത്യേകം സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്.

## ഒന്നാം ക്ലാസ്സ് മുതൽ പന്ത്രണ്ടാം ക്ലാസ്സ് വരെ ഒറ്റ ഡയറക്ടറേറ്റ്

170 (4494) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം ഒരു ഡയറക്ടറേറ്റിന് കീഴിലാക്കുന്ന നടപടിക്കെതിരെ ഹയർ സെക്കന്ററി അദ്ധ്യാപകർ ആശങ്ക അറിയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ ആശങ്കകൾ അകറ്റുന്നതിന് വിവിധ അദ്ധ്യാപക സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ചർച്ച വിജയപ്രദമായിരുന്നോ;

(ബി) എട്ടാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് ബിരുദാനന്തര ബിരുദം നിർബന്ധമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പുതിയ നിയമനങ്ങളിൽ അത് ബാധകമാക്കു ന്നതിന് നിലവിലുള്ള ചട്ടം ഭേദഗതി ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) റിപ്പോർട്ടിലെ ശിപാർശകൾ സംബന്ധിച്ച് വകുപ്പിലെ അദ്ധ്യാപക-അനദ്ധ്യാപക സംഘടനകളുമായി രണ്ടുതവണ സർക്കാർ ചർച്ച നടത്തുകയും പ്രസ്തുത ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന കാര്യങ്ങൾ കൂടി പരിഗണിച്ചുമാണ് 31-5-2019-ലെ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ബി) നിലവിൽ പരിഗണനയിലില്ല.

## നിലമ്പൂർ നിയോജകമണ്ഡലത്തിൽ ഉപരിപഠനത്തിന് അർഹരായവർ

171 (4495) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ എസ്.എസ്.എൽ.സി./പ്ലസ് ടു / വി.എച്ച്.എസ്.ഇ. പരീക്ഷയിൽ എത്ര വിദ്യാർത്ഥികൾ ഉപരിപഠനത്തിന് അർഹരായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ എത്ര സീറ്റുകളാണ് പ്ലസ് ടു/വി.എച്ച്.എസ്.ഇ. കോഴ്സുകൾക്ക് ഉള്ളതെന്ന് അറിയിക്കുമോ;

(സി) മലയോര മേഖലയിൽ ഉപരിപഠനത്തിനായി പ്ലസ് ടു/വി.എച്ച്.എസ്.ഇ. അധിക ബാച്ചുകൾ അനുവദിക്കുന്നതിനു ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ നിയോജകമണ്ഡലത്തിൽ 2019-ൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ 5043 വിദ്യാർത്ഥികളും ഹയർ സെക്കണ്ടറി പരീക്ഷയിൽ 3674 വിദ്യാർത്ഥികളും തൊഴിലധിഷ്ഠിത ഹയർ സെക്കണ്ടറിപരീക്ഷയിൽ 137 വിദ്യാർത്ഥികളും ഉപരിപഠനത്തിന് അർഹത നേടിയിട്ടുണ്ട്.

(ബി) നിലമ്പൂർ നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പ്ലസ് വണ്ണിന് ഹയർ സെക്കണ്ടറി വിഭാഗത്തിൽ 4320 സീറ്റുകളും വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ 150 സീറ്റുകളുമുണ്ട്.

(സി)നിലവിൽ തീരുമാനമെടുത്തിട്ടില്ല.

## പൊതുവിദ്യാഭ്യാസ മേഖലയിൽ ഹയർസെക്കണ്ടറി കോഴ്സുകൾ

172 (4496) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ മേഖലയിൽ ഹയർ സെക്കണ്ടറി കോഴ്സുകൾ കൂടുതലായി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കൂടുതൽ ബാച്ചുകൾ അനുവദിക്കുന്നതിനും പ്ലസ് വൺ സീറ്റുകൾ വർദ്ധിപ്പിക്കുന്നതിനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട ഏതെങ്കിലും വിദ്യാലയങ്ങളിൽ പുതിയ കോഴ്സുകളോ ബാച്ചുകളോ കൂടുതലായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) വിവിധ കോടതിവിധികളുടെ വെളിച്ചത്തിൽ സർക്കാർ സംസ്ഥാനത്തെ ഹയർസെക്കണ്ടറി വിദ്യാഭ്യാസ ആവശ്യകത ശാസ്ത്രീയമായി കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിക്കുന്നതിനായുള്ള നയപരമായ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത വിഷയത്തിൽ ഇതുവരെയും സർക്കാർ തീരുമാനമെടുത്തിട്ടില്ല.

2019-20 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ എല്ലാ സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിലും പ്ലസ് വൺ കോഴ്സിന് 20% മാർജിൻ സീറ്റ് വർദ്ധനവ് വരുത്തിയിട്ടുണ്ട്.

## അദ്ധ്യയന വർഷാരംഭത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം

173 (4497) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും (2011-16) പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അധ്യായന വർഷാരംഭത്തിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണം എത്രയാണെന്ന് അറിയിക്കാമോ;

(ബി) കഴിഞ്ഞ 3 വർഷങ്ങളിലായി അദ്ധ്യയന വർഷാരംഭത്തിൽ എത്ര കുട്ടികളാണ് പൊതു വിദ്യാലയങ്ങളിൽ അഡ്മിഷൻ നേടിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അശാസ്ത്രീയമായി പ്രവർത്തിക്കുന്ന എത്ര അൺ എയ്ഡഡ് സ്കൂളുകളാണ് അടച്ചുപൂട്ടിയിട്ടുള്ളത്?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും (2011-16) പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയന വർഷാരംഭത്തിലെ ആറാം പ്രവൃത്തിദിനം അടിസ്ഥാനമാക്കിയുള്ള വിദ്യാർത്ഥികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2011-12 | 4235285 |
| 2012-13 | 3971537 |
| 2013-14 | 3848067 |
| 2014-15 | 3789227 |
| 2015-16 | 3763169 |

(ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി അദ്ധ്യയന വർഷാരംഭത്തിൽ ആറാം പ്രവൃത്തിദിന കണക്കുകൾ പ്രകാരമുള്ള പൊതു വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| വർഷം | കുട്ടികളുടെ എണ്ണം |
|---|---|
| 2017-18 | 3680740 |
| 2018-19 | 3703818 |
| 2019-20 | 3716897 |

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടിയിട്ടില്ല. ആയതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ അടച്ചുപൂട്ടൽ നോട്ടീസ് ലഭിച്ച സ്കൂളുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും സ്റ്റേ ഉത്തരവ് വാങ്ങുകയാണുണ്ടായത്.

**അദ്ധ്യയന വർഷത്തിൽ പുതിയതായി ചേർന്ന കുട്ടികളുടെ കണക്ക്**

174 (4498) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-2020 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ പുതിയതായി ചേർന്ന കുട്ടികളുടെ കണക്ക് ലഭ്യമായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ ആൺകുട്ടി കളുടേയും പെൺകുട്ടികളുടേയും കണക്കുകൾ തരംതിരിച്ച് നൽകാമോ?

<u>ഉത്തരം</u>

ഉണ്ട്. 2019-20 അദ്ധ്യയന വർഷത്തിൽ പൊതുവിദ്യാലയങ്ങളിൽ പുതുതായി ചേർന്ന കുട്ടികളുടെ കണക്ക് ആൺ-പെൺ തിരിച്ച് ചുവടെ ചേർക്കുന്നു :

| സർക്കാർ | | എയ്ഡഡ് | |
|---|---|---|---|
| ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആൺ കുട്ടികൾ | പെൺ കുട്ടികൾ |
| 35683 | 29532 | 52475 | 45868 |

**സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ കൂടുതലായി ചേർന്ന കുട്ടികളുടെ കണക്ക്**

175 (4499) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2019-20 അദ്ധ്യയന വർഷത്തിൽ 13-6-2019-ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 2018-19 അദ്ധ്യയന വർഷത്തെക്കാൾ എത്ര കുട്ടികൾ കൂടുതലായി ചേർന്നുവെന്നാണ് കണക്കാക്കുന്നത്; ആയത് ഒന്ന് മുതൽ പത്താം ക്ലാസ് വരെ തരം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

13-6-2019-ലെ കണക്കുകളുടെ അടിസ്ഥാനത്തിൽ 2019-20 അദ്ധ്യയന വർഷത്തിൽ 2018-19 അദ്ധ്യയന വർഷത്തേക്കാൾ 163558 കുട്ടികൾ കൂടുതലായി ചേർന്നു. ആയത് ഒന്ന് മുതൽ പത്താം ക്ലാസ് വരെ തരംതിരിച്ച് അനുബന്ധമായി ചേർത്തിരിക്കുന്നു.*

**ലഹരി ഉപഭോഗവും വ്യാപനവും തടയാൻ നടപടി**

176 (4500) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്കൂൾ തലത്തിൽ മദ്യത്തിന്റെയും മറ്റ് ലഹരിമരുന്നുകളുടെയും ഉപഭോഗവും വ്യാപനവും തടയുന്നതിന് വിദ്യാഭ്യാസ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സ്കൂളുകളിൽ മദ്യത്തിന്റെയും മറ്റ് ലഹരിമരുന്നുകളുടെയും ഉപഭോഗവും വ്യാപനവും തടയുന്നതിന് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നുണ്ട്. കൂടാതെ പോലീസ്, എക്സൈസ് വകുപ്പുകളുടെ സഹകരണത്തോടെയും ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ സ്കൂളുകൾ കേന്ദ്രീകരിച്ച് നടത്തിവരുന്നുണ്ട്.

മദ്യത്തിന്റെയും മയക്കമരുന്നിന്റെയും സ്വാധീനം വിദ്യാർത്ഥികളിൽ ഉണ്ടാകാതിരിക്കുന്നതിന് പാഠ്യപദ്ധതിയിൽ ആവശ്യമായ മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്. ജീവശാസ്ത്രം പാഠപുസ്തകങ്ങളിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം സംബന്ധിച്ചും മദ്യം, പുകവലി എന്നിവ സൃഷ്ടിക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ചും വിശദീകരിച്ചിട്ടുണ്ട്. 'ആഹ്ലാദത്തിന്റെ പുതുവഴികൾ തേടുമ്പോൾ' എന്ന പേരിൽ എസ്.സി.ഇ.ആർ.ടി. പ്രസിദ്ധീകരിച്ച റഫറൻസ് പുസ്തകങ്ങൾ ഈ മേഖലയിൽ കൂടുതൽ അവബോധം വളർത്തുന്നവയാണ്. ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ (ഒ.ആർ.എസ്.) തുടങ്ങിയ പദ്ധതികൾ, ഉല്ലാസപ്പറവകൾ എന്ന പേരിൽ ജീവിത നൈപുണീവികസനത്തിനായി നടപ്പിലാക്കിയ പദ്ധതി എന്നിവ ഈ ലക്ഷ്യം മുൻനിർത്തിയുള്ളവയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സൗഹൃദ ക്ലബ്ബിന്റെ ഭാഗമായി ലഹരി വിരുദ്ധ പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള ക്ലാസ്സുകൾ നൽകിയിട്ടുണ്ട്. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ കോ-ഓർഡിനേറ്റർമാർക്ക് ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗത്തെക്കുറിച്ചുള്ള വിദഗ്ദ്ധ പരിശീലനം ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിൽ നിന്നും ബാംഗ്ലൂരിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റൽ ഹെൽത്ത് ആൻഡ് ന്യൂറോ സയൻസ് (NIMHANS)-ൽ നിന്നും നൽകിയിട്ടുണ്ട്.

സൗഹൃദ ക്ലബ്ബുള്ള 1319 ഹയർ സെക്കണ്ടറി സ്കൂളുകളിൽ നിന്നും തെരഞ്ഞെടുത്ത രണ്ടുവീതം കുട്ടികൾക്ക് സ്റ്റുഡന്റ്സ് ട്രെയിനിംഗിന്റെ ഭാഗമായി ലഹരി പദാർത്ഥ ങ്ങളുടെ ദുരുപയോഗത്തെപ്പറ്റി പരിശീലനം നൽകി. കൂടാതെ സൗഹൃദ ക്ലബ്ബിന്റെ ഡ്രോപ് ബോക്സിൽ ലഹരി പദാർത്ഥങ്ങളുമായി ബന്ധപ്പെട്ട പരാതികൾ എക്സൈസ് വകുപ്പിന് കൈമാറാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം തടയുന്നതിന് എക്സൈസ്, പോലീസ്, ആരോഗ്യം, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ഏകോപനം സ്കൂളുകളിൽ സാധ്യമാക്കിയിട്ടുണ്ട്.

## കടപ്പൂർ ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണം

177 (4501) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1919-ൽ സ്ഥാപിതമായ കടപ്പൂർ ഗവ.ഹയർ സെക്കന്ററി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണത്തിന് വേണ്ടി സ്കൂൾ മാനേജിംഗ് കമ്മിറ്റി 30-4-2019-ൽ നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ചു വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കുവേണ്ടി വിദ്യഭ്യാസ വകുപ്പ് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) കോട്ടയം ജില്ലയിലെ കടപ്പൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ ഓഡിറ്റോറിയം നിർമ്മാണത്തിനുവേണ്ടി സ്കൂൾ മാനേജിംഗ് കമ്മിറ്റി 30-4-2019-ൽ നൽകിയ നിവേദനം, അംഗീകൃത ഏജൻസി മുഖേന തയ്യാറാക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ സഹിതമുള്ള വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## ആലത്തൂർ മണ്ഡലത്തിലെ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം

178 (4502) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിന് ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) ഏതെല്ലാം സ്കൂളുകളിൽ പ്രവൃത്തി ആരംഭിച്ചു എന്നും ഓരോ സ്കൂളിലേയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സർക്കാർ സ്കൂളുകൾ നവീകരിക്കുന്നതിനായി കിഫ്ബി ധനസഹായത്തോടെ 5 കോടി രൂപ/3 കോടി രൂപ എന്നിങ്ങനെ അനുവദിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നതിൽ, ആലത്തൂർ നിയോജകമണ്ഡലത്തിൽ നിന്നും 5 കോടി ഇനത്തിൽ ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരിക്ക് കിഫ്ബി ഫണ്ട് അനുവദിച്ചിട്ടുണ്ട്. 3 കോടി ഇനത്തിൽ ആലത്തൂർ നിയോജകമണ്ഡലത്തിലെ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ എരുമയൂരിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി സ്കൂളിന് കിഫ്ബി ഫണ്ട് ഇതുവരെ ലഭ്യമായിട്ടില്ല.

(ബി) ജി.എച്ച്.എസ്.എസ്. കിഴക്കഞ്ചേരി സ്കൂളിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഫൗണ്ടേഷൻ പണികൾ പൂർത്തിയായി. തുടർന്നുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

## കുമ്പഡാജെ പഞ്ചായത്തിലെ ഹൈസ്കൂൾ

179 (4503) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുമ്പഡാജെ പഞ്ചായത്തിൽ മലയാളം മീഡിയത്തിൽ ഹൈസ്കൂൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ നിലവിലുള്ള എൽ.പി. സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പുതിയ സ്കൂളുകൾ ആരംഭിക്കുകയോ നിലവിലുള്ളവ ഉയർത്തുകയോ ചെയ്യേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത റിട്ട് ഹർജി 3060/14

ഉൾപ്പെടെ ഒരുകൂട്ടം ഹർജികളിന്മേലുള്ള ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 18-6-2015-ലെ വിധിന്യായപ്രകാരം സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യ കതയുണ്ടെന്ന് കണ്ടെത്തിയ പ്രദേശങ്ങൾ വിജ്ഞാപനം ചെയ്ത് പ്രസ്തുത പ്രദേശങ്ങളിലെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരികയാണ്.

### ബാലുശ്ശേരി ജി.വി.എച്ച്.എസ്.എസ്.-ൽ മിക്സഡ് പ്രവേശനം

180 (4504) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.വി.എച്ച്.എസ്.എസ്. ബാലുശ്ശേരി (ബാലുശ്ശേരി ബോയ്സ് സ്കൂൾ)മിക്സഡ് പ്രവേശനം ആവശ്യപ്പെട്ട് സർക്കാറിൽ നിവേദനം സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ ഇതിൻമേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ ?

ഉത്തരം

ഉണ്ട്. നിവേദനത്തിലെ ആവശ്യത്തിന്മേൽ ഡയറക്ടർ ഓഫ് ജനറൽ എഡ്യൂക്കേഷന്റെ റിപ്പോർട്ട് ആവശ്യപ്പെടുകയും 20-6-2019-ൽ അത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരികയാണ്.

### പള്ളിക്കൽ സർക്കാർ ഹയർസെക്കണ്ടറി സ്കൂൾ

181 (4505) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.ഒ(ആർറ്റി.)നമ്പർ 4198/17/ഇഡിഎൻ. തീയതി 6-11-2017 പ്രകാരം ഭരണാനുമതി നല്കിയിട്ടുള്ള പള്ളിക്കൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിലെ ലബോറട്ടറി, ലൈബ്രറി നിർമ്മാണത്തിന്റെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 38 ഹയർസെക്കണ്ടറി സ്കൂളുകളിൽ നടപ്പിലാക്കുന്ന ഈ പ്രോജക്ടിന്റെ വിശദമായ റിപ്പോർട്ട് സമർപ്പിക്കാൻ കൈറ്റ് (KITE)-നെ ഏൽപ്പിച്ചിട്ടുണ്ട്. അത് ലഭ്യമാകുന്നമുറയ്ക്ക് പള്ളിക്കൽ സർക്കാർ ഹയർ സെക്കണ്ടറി സ്കൂളിന്റെ ലാബിന്റെയും ലൈബ്രറിയുടെയും പ്രവൃത്തികൾ സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം

182 (4506) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ജില്ലകളിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. പ്രസിദ്ധീകരിച്ച നിലവിലുള്ള റാങ്ക് ലിസ്റ്റുകൾ ഏതെല്ലാം;

(ബി) വിവിധ ജില്ലകളിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഒഴിവുകൾ എത്ര; ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ പ്രൈമറി സ്കൂൾ അദ്ധ്യാപക നിയമനം പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ഡി) പുതിയ ലിസ്റ്റിൽ നിന്നും പ്രൈമറി അദ്ധ്യാപക നിയമനം നടത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ; ഇത് സംബന്ധിച്ച സർക്കാർ നിർദ്ദേശം എന്തെന്ന് വ്യക്തമാക്കുമോ; മുഴുവൻ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

### ഉത്തരം

(എ) അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് പി.എസ്.സി. വിവിധ ജില്ലകളിൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകളുടെ വിവരം ചുവടെ ചേർക്കുന്നു.

1) തിരുവനന്തപുരം

1. ഹൈസ്കൂൾ അസിസ്റ്റന്റ് (ഗണിതം)
2. ഹൈസ്കൂൾ അസിസ്റ്റന്റ് (നാച്വറൽ സയൻസ്)
3. ഹൈസ്കൂൾ അസിസ്റ്റന്റ് (സോഷ്യൽ സയൻസ്)
4. ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്)
5. എൽ.പി. സ്കൂൾ അസിസ്റ്റന്റ്, യു.പി. സ്കൂൾ അസിസ്റ്റന്റ്, ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം/ഹിന്ദി/സംസ്കൃതം) പാർട്ട് ടൈം (സംസ്കൃതം), ജൂനിയർ അറബിക്, പി.ഇ.ടി.(യു.പി.)

2) കൊല്ലം

1. ജൂനിയർ അറബ് എൽ.പി. ഫുൾ ടൈം
2. ജൂനിയർ അറബ് എൽ.പി. പാർട്ട് ടൈം
3. ജൂനിയർ അറബ് യു.പി. ഫുൾ ടൈം
4. എൽ.പി.എസ്.ടി. മലയാളം
5. യു.പി.എസ്.ടി. മലയാളം

3) <u>പത്തനംതിട്ട</u>

1. എച്ച്.എസ്.എ. (സോഷ്യൽ സയൻസ്)
2. എച്ച്.എസ്.എ. (ഗണിത ശാസ്ത്രം)
3. എച്ച്.എസ്.എ. (നാച്വറൽ സയൻസ്)
4. എച്ച്.എസ്.എ. (ഇംഗ്ലീഷ്)
5. എച്ച്.എസ്.എ. (മലയാളം)
6. എച്ച്.എസ്.എ. (ഹിന്ദി)
7. എച്ച്.എസ്.എ. (അറബി)
8. എച്ച്.എസ്.എ. (സംസ്കൃതം)
9. പി.ടി. ജൂനിയർ ലാംഗ്വേജ് (സംസ്കൃതം)
10. എഫ്.ടി. ജൂനിയർ (അറബി)
11. എൽ.പി.എസ്.ടി.
12. യു.പി.എസ്.ടി.

4) <u>കോട്ടയം</u>

1. എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്)
2. എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്)
3. എച്ച്.എസ്.ടി. (ഗണിതം)
4. എച്ച്.എസ്.ടി. (നാച്വറൽ സയൻസ്)
5. എച്ച്.എസ്.ടി. (ഇംഗ്ലീഷ്)
6. എച്ച്.എസ്.ടി. (മലയാളം)
7. എച്ച്.എസ്.ടി. (ഹിന്ദി)
8. പാർട്ട് ടൈം (ജൂനിയർ സംസ്കൃതം)
9. എൽ.പി.എസ്.ടി.
10. യു.പി.എസ്.ടി.

5) <u>ആലപ്പുഴ</u>

1. എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്)
2. എച്ച്.എസ്.ടി. (ഫിസിക്കൽ സയൻസ്)
3. എച്ച്.എസ്.ടി. (ഇംഗ്ലീഷ്)

4. എച്ച്.എസ്.ടി. (ഗണിതം)
5. എച്ച്.എസ്.ടി. (മലയാളം)
6. എച്ച്.എസ്.ടി. (ഹിന്ദി)
7. എഫ്.ടി. അറബിക് (എൽ.പി.)
8. എഫ്.ടി. അറബിക് (യു.പി.)
9. പി.ഇ.ടി.
10. എൽ.പി.എസ്.ടി.
11. യു.പി.എസ്.ടി.

6) <u>ഇടുക്കി തൊടുപുഴ</u>

1. എച്ച്.എസ്.ടി. മലയാളം
2. എച്ച്.എസ്.ടി. ഹിന്ദി
3. എച്ച്.എസ്.ടി. അറബിക്
4. എച്ച്.എസ്.ടി. (പി.ടി.) ഹിന്ദി
5. ജൂനിയർ അറബിക് ഫുൾ ടൈം എൽ.പി.എസ്.
6. ജൂനിയർ അറബിക് പി.ടി.
7. ജൂനിയർ സംസ്കൃതം പി.ടി.
8. കായികാദ്ധ്യാപകൻ-എച്ച്.എസ്.
9. കായികാദ്ധ്യാപകൻ-യു.പി.
10. എച്ച്.എസ്.ടി. സെഷ്യൽ സയൻസ് (മലയാളം)
11. എച്ച്.എസ്.ടി. സോഷ്യൽ സയൻസ് (തമിഴ്)
12. എച്ച്.എസ്.ടി. മാത്സ് (മലയാളം)
13. എച്ച്.എസ്.ടി. നാച്വറൽ സയൻസ് (തമിഴ്)
14. എച്ച്.എസ്.ടി. ഇംഗ്ലീഷ്
15. എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ് (തമിഴ്)
16. എൽ.പി.എസ്.ടി. മലയാളം
17. യു.പി.എസ്.ടി. മലയാളം

7) <u>എറണാകുളം</u>

എൽ.പി.എസ്.ടി., യു.പി.എസ്.ടി.: റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

8) <u>തൃശ്ശൂർ</u>

1. എച്ച്.എസ്.ടി. ഇംഗ്ലീഷ്
2. എച്ച്.എസ്.ടി.നാച്വറൽ സയൻസ്
3. എച്ച്.എസ്.ടി. സോഷ്യൽ സയൻസ്
4. എച്ച്.എസ്.ടി. മാത്തമാറ്റിക്സ്
5. എൽ.പി.എസ്.ടി.
6. യു.പി.എസ്.ടി.
7. എച്ച്.എസ്.ടി. മലയാളം
8. എച്ച്.എസ്.ടി. ഹിന്ദി
9. എച്ച്.എസ്.എ. അറബിക്
10. എച്ച്.എസ്.ടി. സംസ്കൃതം (പി.ടി.)
11. എച്ച്.എസ്.ടി. അറബിക് (പി.ടി.)
12. ജൂനിയർ ലാംഗ്വേജ് ഹിന്ദി (എഫ്.ടി.)
13. ജൂനിയർ ലാംഗ്വേജ് ഹിന്ദി (പി.ടി.)
14. ജൂനിയർ ലാംഗ്വേജ് സംസ്കൃതം (പി.ടി.)
15. ജൂനിയർ ലാംഗ്വേജ് അറബിക് യു.പി. (എഫ്.ടി.)
16. ജൂനിയർ ലാംഗ്വേജ് അറബിക് യു.പി. (പി.ടി.)
17. ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി. (എഫ്.ടി.)
18. ജൂനിയർ ലാംഗ്വേജ് അറബിക് എൽ.പി. (പി.ടി.)
19. പി.ഇ.ടി.എച്ച്.എസ്.

<u>9) പാലക്കാട്</u>

1. എച്ച്.എസ്.ടി. മലയാളം
2. എച്ച്.എസ്.ടി. ഹിന്ദി
3. എച്ച്.എസ്.ടി. അറബിക്
4. എച്ച്.എസ്.ടി. തമിഴ്
5. ഫുൾടൈം ജൂനിയർ ലാംഗ്വേജ് അറബിക് യു.പി.

6. പാർട്ട് ടൈം ജൂനിയർ ലാംഗ്വേജ്
7. പി.ഇ.ടി.എച്ച്.എസ്.
8. മ്യൂസിക്ക് എച്ച്.എസ്.
9. എച്ച്.എസ്.ടി. മാത്തമാറ്റിക്സ്
10. എച്ച്.എസ്.ടി. സോഷ്യൽ സയൻസ്
11. എച്ച്.എസ്.ടി.നാച്വറൽ സയൻസ്
12. എച്ച്.എസ്.ടി. ഇംഗ്ലീഷ്

10) <u>മലപ്പുറം</u>

1. എച്ച്.എസ്.ടി. (ഇംഗ്ലീഷ്)
2. എച്ച്.എസ്.ടി. (ഗണിതം)
3. എച്ച്.എസ്.ടി. (സോഷ്യൽ സയൻസ്)
4. എച്ച്.എസ്.ടി. (നാച്വറൽ സയൻസ്)
5. എച്ച്.എസ്.ടി. (ഹിന്ദി)
6. എച്ച്.എസ്.ടി. (മലയാളം)
7. എച്ച്.എസ്.ടി. (അറബിക്)
8. എച്ച്.എസ്.ടി. (ഉറുദു)
9. കായിക അദ്ധ്യാപകർ യു.പി.
10. ഉറുദു പി.ടി.ജെ.എൽ.ടി.
11. എൽ.പി.എസ്.ടി.
12. യു.പി.എസ്.ടി.

11) <u>കോഴിക്കോട്</u>

1. എൽ.പി.എസ്.ടി.
2. യു.പി.എസ്.ടി.
3. എച്ച്.എസ്.ടി. (മ്യൂസിക്) എന്നീ റാങ്ക് ലിസ്റ്റുകൾ നിലവിലുണ്ട്.

12) <u>വയനാട്</u>

1. എച്ച്.എസ്.ടി. ഗണിതം
2. എച്ച്.എസ്.ടി. നാച്വറൽ സയൻസ്
3. എച്ച്.എസ്.ടി. സോഷ്യൽ സയൻസ്
4. എച്ച്.എസ്.ടി. ഇംഗ്ലീഷ്
5. എച്ച്.എസ്.ടി. മലയാളം
6. എച്ച്.എസ്.ടി. ഹിന്ദി
7. എച്ച്.എസ്.ടി. അറബിക്
8. പി.ഇ.ടി.(എച്ച്.എസ്.)
9. ജൂനിയർ സംസ്കൃതം (പാർട്ട് ടൈം)
10. ജൂനിയർ ലാംഗ്വേജ് ഫുൾടൈം യു.പി.എസ്. (അറബിക്)
11. ജൂനിയർ ലാംഗ്വേജ് പാർട്ട് ടൈം യു.പി.എസ്. (അറബിക്)
12. എൽ.പി.എസ്.ടി.
13. യു.പി.എസ്.ടി.

13) <u>കണ്ണൂർ</u>

1. എച്ച്.എസ്.ടി. മലയാളം
2. എച്ച്.എസ്.ടി. ഹിന്ദി
3. എച്ച്.എസ്.ടി. അറബിക്
4. എച്ച്.എസ്.ടി. സംസ്കൃതം
5. പാർട്ട് ടൈം എച്ച്.എസ്.ടി. ഹിന്ദി
6. പാർട്ട് ടൈം എച്ച്.എസ്.ടി. ഉറുദു
7. പാർട്ട് ടൈം എച്ച്.എസ്.ടി. സംസ്കൃതം
8. ഫുൾടൈം ജൂനിയർ ലാംഗ്വേജ് ഹിന്ദി
9. ഫുൾടൈം ജൂനിയർ ലാംഗ്വേജ് സംസ്കൃതം
10. ഫുൾടൈം അറബിക് യു.പി.
11. എച്ച്.എസ്.ടി. മാത്സ്
12. എച്ച്.എസ്.ടി. നാച്വറൽ സയൻസ്
13. എച്ച്.എസ്.ടി. ഇംഗ്ലീഷ്

14. എച്ച്.എസ്.ടി. സോഷ്യൽ സയൻസ്
15. എച്ച്.എസ്.ടി. ഫിസിക്കൽ സയൻസ്
16. എൽ.പി.എസ്.ടി.
17. യു.പി.എസ്.ടി

14) <u>കാസർഗോഡ്</u>

1. എച്ച്.എസ്.ടി. ഇംഗ്ലീഷ് (മലയാളം & കന്നഡ)
2. എച്ച്.എസ്.ടി. ഗണിതം (മലയാളം & കന്നഡ)
3. എച്ച്.എസ്.ടി. സോഷ്യൽ സയൻസ് (മലയാളം & കന്നഡ)
4. നാച്വറൽ സയൻസ് (മലയാളം & കന്നഡ)
5. എച്ച്.എസ്.ടി. ഹിന്ദി
6. എച്ച്.എസ്.ടി. സംസ്കൃതം
7. എച്ച്.എസ്.ടി. മലയാളം
8. എച്ച്.എസ്.ടി. കന്നഡ
9. അറബിക് ഫുൾടൈം
10. അറബിക് പാർട്ട്ടൈം
11. പി.ഇ.റ്റി.(എച്ച്.എസ്.)
12. ജൂനിയർ ഹിന്ദി ഫുൾടൈം
13. ജൂനിയർ ഹിന്ദി പാർട്ട്ടൈം
14. ജൂനിയർ അറബിക് (യു.പി.എസ്.)
15. ജൂനിയർ സംസ്കൃതം ഫുൾടൈം
16. ജൂനിയർ അറബിക് (എൽ.പി.) ഫുൾടൈം
17. ജൂനിയർ അറബിക് (എൽ.പി.) പാർട്ട്ടൈം
18. എൽ.പി.എസ്.ടി. (മലയാളം & കന്നഡ)
19. യു.പി.എസ്.ടി. (മലയാളം & കന്നഡ)

(ബി) വിവിധ ജില്ലകളിൽ അദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ഒഴിവുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പുതിയ റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം ആരംഭിച്ചിട്ടുണ്ട്. എൽ.പി. എസ്.ടി. 260-ഉം യു.പി.എസ്.ടി. 183-ഉം വേക്കൻസികൾ ഇതിനകം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) തടസ്സമൊന്നുമില്ല. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ഫയൽ നമ്പർ എ 4/9612/19, എ 4/9718/19, എ 4/13331/19 എന്നീ 3 ഫയലുകളിലായാണ് ജില്ലയിലെ പ്രൈമറി അദ്ധ്യാപക നിയമനം നടത്തി വരുന്നത്. ഫയലുകളിലെ പേജുകളുടെ എണ്ണം അധികരിച്ചിട്ടുള്ളതിനാൽ പകർപ്പ് ലഭ്യമാക്കാൻ സാവകാശം വേണ്ടതുണ്ടെന്ന വിവരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**ഭാഷാദ്ധ്യാപക തസ്തികകൾ**

183 (4507) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദ്യാർത്ഥികളുടെ കുറവ് കാരണം അറബിക്, സംസ്കൃതം, ഉറുദു തസ്തികകൾ പല സ്കൂളുകളിലും പാർട്ട് ടൈം ആകുന്നതിനോ തസ്തിക പൂർണ്ണമായി ഇല്ലാതാകുന്നതിനോ ഇടയായിട്ടുണ്ടോ;

(ബി) ഭാഷാദ്ധ്യാപക തസ്തികകൾ നഷ്ടപ്പെടുന്നത് ഒഴിവാക്കാൻ ഓപ്ഷണൽ വിഷയങ്ങളായ ഭാഷാദ്ധ്യാപക തസ്തികകളുടെ വിഷയത്തിൽ ഇളവ് നൽകി അദ്ധ്യാപക വിദ്യാർത്ഥി അനുപാതം പുതുക്കി നിശ്ചയിക്കാൻ തയ്യാറാവുമോ; വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) തസ്തിക നിർണ്ണയം നടത്തുമ്പോൾ വിദ്യാർത്ഥികളുടെ കുറവ് കാരണം ചില സ്കൂളുകളിലെ ഭാഷാദ്ധ്യാപക തസ്തികകൾ പാർട്ട്ടൈം ആകുകയും ഇല്ലാതാകുകയും ചെയ്തിട്ടുണ്ട്. ഓരോ വർഷവും സ്കൂളുകളിലുള്ള കുട്ടികളുടെ എണ്ണത്തെ അടിസ്ഥാന പ്പെടുത്തി തസ്തികകൾ സൃഷ്ടിക്കുന്നതിനാൽ ഇപ്രകാരം കുറവ് വരുന്നതും കുട്ടികളുടെ എണ്ണം കൂടുമ്പോൾ തസ്തികകളുടെ എണ്ണം കൂടുന്നതും എല്ലാ വർഷവും സംഭവിക്കുന്നതാണ്.

(ബി) തസ്തിക നഷ്ടപ്പെടുന്ന ഭാഷാദ്ധ്യാപകരെ സംരക്ഷിക്കുന്നതിനായി സർക്കാർ കഴിയുന്നത്ര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26-12-2016-ലെ സ.ഉ.(എംഎസ്.) നമ്പർ 209/2016/പൊ.വി.വ. പ്രകാരം 2015-16 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയത്തിന്റെ ഫലമായി തസ്തിക നഷ്ടം സംഭവിച്ച സംരക്ഷിതാദ്ധ്യാപകരുടെ ലിസ്റ്റിൽ ഉൾപ്പെട്ട സംസ്കൃതം/അറബിക്/ഉറുദു ഭാഷാദ്ധ്യാപകരുടെ സേവനം മാതൃ വിദ്യാലയത്തിൽകൂടി ലഭ്യമാക്കുന്നതിനായി താഴെപ്പറയും പ്രകാരം ക്രമീകരിച്ചിട്ടുണ്ട്. (ടി ഇളവ് 2016-17, 2017-18, 2018-19 വർഷങ്ങളിലും അനുവദിച്ചിട്ടുണ്ട്.)

1) എൽ.പി. വിഭാഗം അറബിക് ടീച്ചർ തസ്തിക

കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ 2 എ (1) പ്രകാരം 1 മുതൽ 4 വരെ ക്ലാസ്സുകളിൽ അറബിക് ഭാഷ പഠിക്കുന്ന ആകെ 28 കുട്ടികളോ ഒരു ക്ലാസ്സിൽ ശരാശരി 7 കുട്ടികളോ ഉണ്ടെങ്കിലാണ് എൽ.പി. വിഭാഗത്തിൽ അറബിക് ഭാഷാ ദ്ധ്യാപകന്റെ ഒരു ഫുൾടൈം തസ്തിക അനുവദിക്കുന്നത്. പ്രസ്തുത ചട്ടത്തിന്റെ പ്രൊവിസോ പ്രകാരവും 29-8-1982-ലെ സർക്കുലർ നമ്പർ-24574/ജെ1/1992/ പൊ.വി.വ. പ്രകാരവും ഒരു ക്ലാസ്സിൽ 7 കുട്ടികളെങ്കിലും അറബിക് പഠിക്കുന്നുവെങ്കിൽ പാർട്ട്ടൈം തസ്തിക അനുവദിക്കാവുന്നതാണ്. ഇപ്രകാരം കുട്ടികൾ ഉണ്ടെങ്കിൽ തസ്തിക നഷ്ടമായവരും എന്നാൽ സംരക്ഷണത്തിന് അർഹതയുള്ളവരുമായ പ്രസ്തുത ഭാഷാദ്ധ്യാപകരുടെ നിലവിലുള്ള ആനുകൂല്യം നിലനിർത്തി അറബിക് പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ തന്നെ സംരക്ഷിച്ച് നിർത്തിയിട്ടുണ്ട്.

2) യു.പി. വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ

കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ 6 (സി) പ്രകാരം യു.പി. വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 5 മുതൽ 7 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 30 കുട്ടികൾ അല്ലെങ്കിൽ V-12, VI-6, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 21 കുട്ടികൾ പ്രസ്തുത ക്ലാസ്സിൽ പഠിക്കാനുണ്ടാകണം. 5 മുതൽ 7 വരെ ക്ലാസ്സുകളിൽ പ്രസ്തുത ഭാഷ പഠിക്കാൻ ആകെ 24 കുട്ടികൾ അല്ലെങ്കിൽ V-10, VI-15, VII-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളുണ്ടെങ്കിൽ, തസ്തിക നഷ്ടമായവരും സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാദ്ധ്യാപകരെ 5-8-2016-ലെ സ.ഉ.(പി) നമ്പർ 134/2016/പൊ.വി.വ. പ്രകാരം പുനർവിന്യസിക്കപ്പെട്ട/ പുനർവിന്യസിക്കപ്പെടുന്ന തസ്തികകളിൽ നിന്നും (സി.ആർ.സി. കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിച്ചുകൊണ്ട് നിലനിർത്തിയിട്ടുണ്ട്.

3) ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ

കെ.ഇ.ആർ. അദ്ധ്യായം XXIII റൂൾ 6 (ഇ) പ്രകാരം ഹൈസ്കൂൾ വിഭാഗത്തിലെ സംസ്കൃതം, അറബിക്, ഉറുദു ഭാഷാദ്ധ്യാപക തസ്തികകൾ തുടരുന്നതിന് 8 മുതൽ 10 വരെ ക്ലാസ്സുകളിൽ ആകെ കുറഞ്ഞത് 25 കുട്ടികൾ അല്ലെങ്കിൽ VIII-10, IX-5, X-3 എന്ന ക്രമത്തിൽ കുറഞ്ഞത് 18 കുട്ടികളെങ്കിലും

പ്രസ്തുത ഭാഷ പഠിക്കാനുണ്ടാകണം. 8 മുതൽ 10 വരെ ക്ലാസ്സുകളിൽ പ്രസ്തുത ഭാഷ പഠിക്കാൻ ആകെ 20 കുട്ടികൾ അല്ലെങ്കിൽ VII-8, IX-4, X-3 എന്ന ക്രമത്തിൽ 15 കുട്ടികളുണ്ടെങ്കിൽ ഫുൾടൈം തസ്തിക നഷ്ടമായവരും എന്നാൽ തസ്തിക സംരക്ഷണത്തിന് അർഹതയുള്ളവരുമായ ടി ഭാഷാദ്ധ്യാപകരെ 5-8-2016-ലെ സ.ഉ. (പി)നമ്പർ 34/2016/പൊ.വി.വ. പ്രകാരം പുനർവിന്യസിക്കപ്പെട്ട/ പുനർ വിന്യസിക്കപ്പെടുന്ന തസ്തികയിൽ നിന്നും (സി.ആർ.സി. കോ-ഓർഡിനേറ്റർമാർ ഉൾപ്പെടെ) 3 ദിവസം പ്രസ്തുത ഭാഷകൾ പഠിപ്പിക്കുന്നതിനായി മാതൃവിദ്യാലയത്തിൽ നിയോഗിച്ചുകൊണ്ട് നിലനിർത്തിയിട്ടുണ്ട്.

**ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികയിലെ പ്രൊമോഷൻ**

184 (4508) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററിയിൽ ജൂനിയർ അദ്ധ്യാപകന് സീനിയർ അദ്ധ്യാപകനായി പ്രൊമോഷൻ ലഭിക്കുവാൻ നിലവിലെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിലെ ജൂനിയർ അദ്ധ്യാപകർക്ക് സീനിയർ അദ്ധ്യാപകരായി പ്രൊമോഷൻ ലഭിക്കുവാനുള്ള മാനദണ്ഡം എന്താണ്; വിശദമാക്കാമോ;

(സി) 2016 ജൂൺ മാസത്തിന് ശേഷം ഹയർ സെക്കണ്ടറി അദ്ധ്യാപകരിൽ ജൂനിയർ (ഇംഗ്ലീഷ്) തസ്തികയിൽ നിന്നും എത്ര പേർക്ക് സീനിയർ തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ചു; വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്പെഷ്യൽ റൂൾ പ്രകാരം ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) അദ്ധ്യാപകരിൽ പ്രൊബേഷൻ ഡിക്ലെയർ ചെയ്ത അദ്ധ്യാപകരെ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾക്കാനുപാതികമായി ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് തസ്തികമാറ്റ നിയമനം നൽകുന്നു.

(ബി) പ്രൊബേഷൻ വിജയകരമായി പൂർത്തിയാക്കിയ നോൺ വൊക്കേഷണൽ ടീച്ചർ (ജൂനിയർ) അദ്ധ്യാപകർക്ക് സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ നോൺ വൊക്കേഷണൽ ടീച്ചർ (സീനിയർ) അദ്ധ്യാപകരായി സ്ഥാനക്കയറ്റം നൽകുന്നു.

(സി) 115 പേർക്ക്.

## വയനാട് ജില്ലയിലെ അദ്ധ്യാപക നിയമനങ്ങൾ

185 (4509) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ ഇതേവരെ നടത്തിയ അദ്ധ്യാപക നിയമനങ്ങളുടെ കണക്ക് തസ്തിക തിരിച്ച് വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വയനാട് ജില്ലയിൽ നടന്ന അദ്ധ്യാപക നിയമനങ്ങൾ തസ്തിക തിരിച്ച് വർഷം തിരിച്ച് ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷവും കഴിഞ്ഞ സർക്കാരിന്റെ കാലത്തും വയനാട് ജില്ലയിൽ നടന്ന അദ്ധ്യാപക നിയമനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

## എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകരുടെ വേതനം

186 (4510) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ പ്രീ-പ്രൈമറി അദ്ധ്യാപകർക്ക് അർഹമായ വേതനം ലഭിക്കുന്നില്ലായെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) സർക്കാർ സ്കൂളുകളിലെ പ്രീപ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്ക് നൽകുന്ന ശമ്പളം എയ്ഡഡ് സ്കൂളുകളിലെ പ്രീപ്രൈമറി വിഭാഗത്തിൽ ജോലി ചെയ്യുന്നവർക്കും നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എയ്ഡഡ് വിഭാഗം പ്രീ-പ്രൈമറികൾക്ക് സർക്കാർ നേരിട്ട് വേതനം അനുവദിച്ചിട്ടില്ല.

(ബി) പരിശോധിച്ചുവരുന്നു.

## കോട്ടയം ജില്ലയിലെ എച്ച്.എസ്.എ. (ഇംഗ്ലീഷ്) ഒഴിവുകളും നിയമനവും

187 (4511) ശ്രീ.എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 28-11-2017-ൽ നിലവിൽവന്ന കാറ്റഗറി നമ്പർ 664/2012 പ്രകാരമുള്ള കോട്ടയം ജില്ലയിലെ എച്ച്. എസ്.എ. ഇംഗ്ലീഷ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ നിയമനം നടത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതിക്കുശേഷം എത്ര പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) 2017-ൽ നിലവിൽ വന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ കഴിയുമോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത ജില്ലയിൽ എച്ച്. എസ്.എ. ഇംഗ്ലീഷ് തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും 2021 ജൂൺ മാസം വരെയുള്ള പ്രതീക്ഷിത ഒഴിവുകൾ എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം റവന്യൂ ജില്ലയിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) വിഷയത്തിൽ നിയമനം നടത്തുന്നതിനുവേണ്ടി നിലവിൽ ഒഴിവുകളൊന്നുമില്ല.

(ബി) റാങ്ക് ലിസ്റ്റ് നിലവിൽ വന്നതിനുശേഷം കോട്ടയം റവന്യൂ ജില്ലയിൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകർക്ക് നിയമനം നൽകിയിട്ടില്ല.

(സി) നിലവിൽ തസ്തിക നഷ്ടപ്പെട്ട് പുറത്ത് നിൽക്കുന്ന അദ്ധ്യാപകരെ ക്രമീകരിച്ചതിനുശേഷം ഒഴിവുകൾ നിലവിൽ വന്നാൽ മാത്രമേ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ സാധിക്കൂ.

(ഡി) കോട്ടയം റവന്യൂ ജില്ലയിൽ എച്ച്.എസ്.ടി. (ഇംഗ്ലീഷ്) തസ്തികയിൽ 2021 ജൂൺ മാസം വരെ വിരമിക്കൽ മുഖേന ഒഴിവുകളൊന്നും ഉണ്ടാകുന്നില്ല.

## പുതുതായി സൃഷ്ടിച്ച ഹയർ സെക്കണ്ടറി അദ്ധ്യാപക തസ്തികകൾ

188 (4512) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാലയങ്ങളിൽ എത്ര പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ഗവൺമെന്റ് സ്കൂളുകളിൽ

| | |
|---|---|
| ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ | 377 |
| ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) | 363 |

2. എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ

| | |
|---|---|
| ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ | 973 |
| ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ജൂനിയർ) | 932 |

3. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ല.

**കാസർഗോഡ് ജില്ലയിലെ എൽ.പി./യു.പി. അദ്ധ്യാപകരുടെ ഒഴിവുകൾ**

189 (4513) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എൽ.പി./യു.പി. അദ്ധ്യാപകരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകളിൽ എത്ര പേർക്കാണ് ഇപ്പോൾ അഡ്വൈസ് നൽകിയിട്ടുള്ളതെന്നും ഇനിയും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എത്ര ഒഴിവുകൾ ഉണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കാസർഗോഡ് ജില്ലയിൽ നിലവിൽ എൽ.പി. അദ്ധ്യാപകരുടെ 74 ഒഴിവുകളും യു.പി. അദ്ധ്യാപകരുടെ 151 ഒഴിവുകളുമുണ്ട്. പ്രസ്തുത ഒഴിവുകളെല്ലാം തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമന ശിപാർശ ലഭ്യമായിട്ടില്ല. പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് ഒഴിവുകളൊന്നും നിലവിലില്ല.

**കോഴിക്കോട് ജില്ലയിലെ എൽ.പി.എസ്.ടി., യു.പി.എസ്.ടി ഒഴിവുകൾ**

190 (4514) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ നിലവിലുള്ള എൽ.പി.എസ്.ടി., യു.പി.എസ്.ടി റാങ്ക് ലിസ്റ്റുകളിൽ നിന്നും ഓരോ വിഭാഗത്തിലും എത്ര പേർക്ക് നിയമനം നല്കിയെന്ന് വിശദമാക്കാമോ;

(ബി) നിയമനത്തിന് ശേഷം ഇനി എത്ര ഒഴിവുകൾ ഉണ്ടെന്നും ഇവ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്നും അറിയിക്കുമോ;

(സി) എൽ.പി.എസ്.ടി., യു.പി.എസ്.ടി. തസ്തികകളിലെ ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.ടി. - 318

യു.പി.എസ്.ടി. - 100

(ബി) എൽ.പി.എസ്.ടി. - 42

(റിപ്പോർട്ട് ചെയ്തിട്ടില്ല)

യു.പി.എസ്.ടി. - 26

(റിപ്പോർട്ട് ചെയ്തിട്ടില്ല)

(സി) 2019-20 വർഷത്തെ തസ്തികനിർണ്ണയ നടപടിക്കുശേഷം തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിലെ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് സ്കൂളുകൾ

191 (4515) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ് തലത്തിൽ പ്രവർത്തിക്കുന്ന എത്ര ഹയർ സെക്കണ്ടറി, ഹൈസ്കൂളുകൾ ഉണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിൽ പഠിക്കുന്ന കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം (നോൺ ടീച്ചിംഗ് സ്റ്റാഫടക്കം) സ്കൂളുകൾ തിരിച്ച് നൽകാമോ;

(സി) എത്ര കാലമായി ഈ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് സ്കൂളുകൾ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ മേൽപ്പറഞ്ഞ സ്കൂളുകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ് നേടിയ കുട്ടികളുടെ എണ്ണം സ്കൂൾ തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

## പ്രീ-പ്രൈമറി ടീച്ചർമാർ

192 (4516) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പ്രീപ്രൈമറി ടീച്ചർമാർ ഉണ്ടെന്നും ഇവരിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും താൽക്കാലിക ജീവനക്കാർ എത്രയെന്നുമുള്ള വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ടീച്ചർമാരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന തെങ്ങനെയെന്നും അതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വിശദമാക്കുമോ;

(സി) എറണാകുളം ജില്ലയിലെ കല്ലൂർക്കാട് അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസറുടെ കീഴിലുള്ള മണിയൻതരം ഗവൺമെന്റ് എൽ.പി. സ്കൂളിൽ നിലവിൽ പ്രീപ്രൈമറി ടീച്ചർ ഉണ്ടോയെന്ന് അറിയിക്കാമോ;

(ഡി) എങ്കിൽ ആരാണെന്നും എന്നുമുതലാണ് നിയമനം നൽകിയതെന്നും എങ്ങനെ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നിയമനം നൽകിയതെന്നും വിശദമാക്കുമോ?

### ഉത്തരം

(എ) സംസ്ഥാനത്ത് സർക്കാർ നേരിട്ട് നടത്തുന്ന പ്രീ-പ്രൈമറികളിൽ 82 അദ്ധ്യാപകരും പി.ടി.എ.-യുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഓണറേറിയം കൈപ്പറ്റി വരുന്ന 2852 അദ്ധ്യാപകരും പ്രവർത്തിക്കുന്നുണ്ട്. താൽക്കാലിക ജീവനക്കാരില്ല.

(ബി) താൽക്കാലികാടിസ്ഥാനത്തിൽ അദ്ധ്യാപകരെ നിയമിച്ചിട്ടില്ല.

(സി&ഡി) ഉണ്ട്. ശ്രീമതി ചിന്നമ്മ ടി. കെ. പ്രസ്തുത സ്കൂളിലെ പ്രീ-പ്രൈമറി ടീച്ചർ ആയിരുന്ന ശ്രീമതി ജെസ്സി ജോർജ്ജ് പ്രീ-പ്രൈമറി ട്രെയിനിംഗ് കോഴ്സിന് പോകാനായി അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 30-6-1989 മുതൽ 31-3-1990 വരെ മാത്രമായിരിക്കും എന്ന വ്യവസ്ഥയോടെ പി.ടി.എ., ശ്രീമതി ചിന്നമ്മ ടി. കെ.-യെ പ്രീ-പ്രൈമറി ടീച്ചറായി നിയമിച്ചു. പ്രസ്തുത ടീച്ചർ ഇപ്പോഴും ജോലിയിൽ തുടർന്നുവരികയും ഓണറേറിയം കൈപ്പറ്റുകയും ചെയ്യുന്നു. സർക്കാർ സ്കൂളുകളിൽ പി.ടി.എ.-യുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പ്രീ-പ്രൈമറിയിൽ നിയമനം നടത്തുന്നത് അതത് പി.ടി.എ.-യാണ്.

## പൊതുവിദ്യാലയങ്ങളിലെ കായിക അദ്ധ്യാപക നിയമനം

193 (4517) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ കായിക വിദ്യാഭ്യാസം സംബന്ധിച്ച പാഠപുസ്തകങ്ങളും, തിയറിയും, പ്രാക്ടിക്കൽ പരീക്ഷയും നിലവിലുണ്ടെങ്കിലും പ്രസ്തുത വിഷയം പഠിപ്പിക്കുവാനാവശ്യമായ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(ബി) യു.പി.സ്കൂളുകളിലും, ഹൈസ്കൂളുകളിലും കായിക അദ്ധ്യാപക തസ്തിക നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം കാലോചിതമായി പരിഷ്കരിച്ച് പ്രസ്തുത അദ്ധ്യാപകരെ പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.ഇ.ആർ. ചട്ടപ്രകാരം തസ്തിക അനുവദിക്കാൻ ആവശ്യമായ കുട്ടികളുള്ള എല്ലാ സ്കൂളുകളിലും തസ്തിക അനുവദിച്ച് അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്. പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ജില്ലകളിൽ ഒഴിവുള്ള സ്കൂളുകളിൽ താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(ബി) കുട്ടികളുടെ എണ്ണത്തിന് അനുസൃതമായി ഓരോ വർഷത്തെയും തസ്തിക നിർണ്ണയത്തിൽ കായികാദ്ധ്യാപക തസ്തിക അനുവദിച്ചിട്ടുള്ളതും ഒഴിവുകളുണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

## എൽ.പി.എസ്.എ. (മലയാളം മീഡിയം) ഒഴിവുകളിൽ നിയമനം

194 (4518) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.പി.എസ്.എ. (മലയാളം മീഡിയം) തസ്തികയിൽ എത്ര ഒഴിവുകൾ നിലവിൽ ഉണ്ടെന്ന് അറിയിക്കാമോ;

(ബി) പി.എസ്.സി. പ്രസിദ്ധീകരിച്ച കാറ്റഗറി നമ്പർ 387/2014, എൽ.പി.എസ്.എ. (മലയാളം മീഡിയം) തിരുവനന്തപുരം ജില്ലയിലെ റാങ്ക് ലിസ്റ്റിൽ നിന്നും 5-4-2019-ലെ അഡ്വൈസ് പ്രകാരമുള്ള എല്ലാ പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത ഉത്തരവ് പ്രകാരം എത്ര പേർ ജോലിയിൽ പ്രവേശിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത ജില്ലയിലെ നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 31-5-2019 വരെയുള്ള റിട്ടയർമെന്റ് ഒഴിവുകൾ ഉൾപ്പെടെ എൽ.പി. എസ്.എ.-മാരുടെ 550 ഒഴിവുകൾ നിലവിലുണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) നാളിതുവരെ 73 പേർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്.

(ഡി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസ്സുമായി ബന്ധപ്പെട്ട 122 ഒഴിവുകൾ ഒഴികെയുള്ള എല്ലാ ഒഴിവുകളും ഇതിനകം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

195 (4519) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി കെട്ടിടമില്ലാത്തതും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മലപ്പുറം നിയോജക മണ്ഡലത്തിൽ നിലവിലുണ്ടോ;

(ബി) എങ്കിൽ അവയുടെ പേര് വിവരം ഉപജില്ലാ/വിദ്യാഭ്യാസ ജില്ലാ തലത്തിൽ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മലപ്പുറം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ കീഴിൽ വരുന്ന താഴെപ്പറയുന്ന സ്കൂളുകൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട് :

1. കോട്ടയ്ക്കൽ ജി.യു.പി., സ്കൂൾ
2. മേൽമുറി സെൻട്രൽ, ജി.എൽ.പി. സ്കൂൾ
3. ജി.എം.യു.പി. സ്കൂൾ, മേൽമുറി
4. ജി.എം.എൽ.പി. സ്കൂൾ, കോൽമണ്ണ
5. ജി.എം.എൽ.പി. സ്കൂൾ, പൂക്കോട്ടൂർ ന്യൂ

## സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി

196 (4520) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്ത് സി.ബി.എസ്.ഇ. സ്കൂളുകൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്രയെണ്ണമെന്നും ഏതൊക്കെയെന്നും വിശദമാക്കാമോ;

(ബി) സി.ബി.എസ്.ഇ. സ്കൂളുകൾക്ക് അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സി.ബി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടി രണ്ട് സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എൻ.ഒ.സി. നൽകിയിട്ടുണ്ട്. തൃശ്ശൂർ പുല്ലവഴിയിലുള്ള ലിറ്റിൽ ക്യൂൻ പബ്ലിക് സ്കൂൾ, തിരുവല്ല കവിയൂർ കൊറ്റൂരുള്ള മാർതോമ സെൻട്രൽ സ്കൂൾ എന്നിവയ്ക്കാണ് എൻ.ഒ.സി. നൽകിയിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. സ്കൂളുകൾക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം നൽകുന്നതിനും സി.ബി. എസ്.ഇ./ഐ.സി.എസ്.ഇ. അഫിലിയേഷൻ ലഭിക്കുന്നതിനുള്ള എൻ.ഒ.സി. നൽകുന്നതിനുമായി അതാത് സമയങ്ങളിൽ സർക്കാർ ഉത്തരവിലൂടെ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയാണ് ചെയ്യുന്നത്. നിലവിൽ, 1-3-2019-ലെ സ.ഉ. (കൈ) നമ്പർ 22/2019/G.Edn പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

## സ്കൂളുകളുടെ ന്യൂനപക്ഷ പദവിയിലെ അവ്യക്തത

197 (4521) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈസ്കൂളിൽ നിന്നും ഹയർ സെക്കണ്ടറിയായി ഉയർത്തിയ ന്യൂനപക്ഷ പദവിയുള്ള സ്കൂളുകൾക്ക് പ്രസ്തുത പദവി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ വേണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഹൈസ്കൂളായിരിക്കുമ്പോൾ ലഭിച്ച ന്യൂനപക്ഷ പദവി പ്രസ്തുത സ്കൂളുകൾ ഹയർസെക്കണ്ടറിയായി ഉയർത്തുമ്പോഴും നിലനിൽക്കുമോ; ഇല്ലെങ്കിൽ ഇത് സംബന്ധിച്ച് യഥാസമയം വ്യക്തതവരുത്തി ഉത്തരവ് നൽകിയിട്ടുണ്ടോ;

(സി) ഹയർ സെക്കണ്ടറി സ്കൂളുകളുടെ ന്യൂനപക്ഷ പദവി സംബന്ധിച്ച് വ്യക്തതയില്ലാത്തത് ഈ വർഷത്തെ കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

<u>ഉത്തരം</u>

(എ&ബി) 2019-20 അദ്ധ്യയനവർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള കമ്മ്യൂണിറ്റി ക്വാട്ട സീറ്റുകളിൽ പ്രവേശനം നടത്തുന്നതിന് നിലവിൽ മൈനോറിറ്റി സ്റ്റാറ്റസുള്ള എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രസ്തുത സ്റ്റാറ്റസ് ഹയർ സെക്കണ്ടറി വിഭാഗത്തിനും ബാധകമാണെന്ന സങ്കല്പത്തിൽ അനുമതി നൽകിയിരുന്നു. അത്തരം സ്കൂളുകൾ മൈനോറിറ്റി സ്റ്റാറ്റസ് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് ഈ അദ്ധ്യയന വർഷംതന്നെ ഹാജരാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(സി) കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനത്തിന് തടസ്സം നേരിട്ടിട്ടില്ല. ഇതു സംബന്ധിച്ച് നിലവിൽ മൈനോറിറ്റി സ്റ്റാറ്റസുള്ള ഹൈസ്കൂളുകളിൽ പ്രസ്തുത സ്റ്റാറ്റസ് ഹയർ സെക്കണ്ടറി വിഭാഗത്തിനും ബാധകമാക്കി സർക്കാർ യഥാസമയം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സഹകരണ സംഘം ഭരണസമിതി അംഗങ്ങളായ എയ്ഡഡ് സ്കൂൾ അദ്ധ്യാപകർ

198 (4522) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകർക്ക് സഹകരണ സംഘങ്ങളുടെ ഭരണസമിതിയിൽ അംഗങ്ങളാകുന്നതിന് വിലക്കുണ്ടോ;

(ബി) സഹകരണ സംഘങ്ങളിലെ പ്രസിഡന്റായി പ്രവർത്തിക്കുന്ന എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് ഓണറേറിയം/പ്രസിഡന്റ് അലവൻസ് വാങ്ങുന്നതിന് തടസ്സമുണ്ടോ;

(സി) എന്തെങ്കിലും വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയത് ഏത് ചട്ട പ്രകാരം എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. കെ.ഇ.ആർ. അദ്ധ്യായം XIV C ചട്ടം 27 പ്രകാരം എയ്ഡഡ് സ്കൂൾ അദ്ധ്യാപകർക്ക് സഹകരണ സംഘങ്ങളുടെയോ സഹകരണ ബാങ്കുകളുടെയോ അഭിവൃദ്ധിക്കും അവയുടെ കമ്മിറ്റിയിലോ ബോർഡിലോ അംഗമായി അങ്ങനെയുള്ള

സംഘങ്ങളുടെ ഭരണസമിതിയിൽ അവയുടെ പുരോഗതിക്കായി പ്രവർത്തിക്കുന്നതിന് സ്വാതന്ത്ര്യമുണ്ട്. എന്നാൽ തങ്ങൾ ജോലി ചെയ്യുന്ന റവന്യൂ ഡിസ്ട്രിക്റ്റിൽ സ്ഥാപിതമായിട്ടുള്ള സഹകരണ സ്ഥാപനങ്ങളിൽ മാത്രമേ പ്രവർത്തിക്കാൻ പാടുള്ളൂ.

(ബി&സി) ഇതുസംബന്ധിച്ച് കെ.ഇ.ആർ. ചട്ടങ്ങളിൽ പരമാർശങ്ങളൊന്നുമില്ല. ഒരു ജീവനക്കാരൻ സർക്കാർ നൽകുന്ന ശമ്പളത്തിന് പുറമേ മറ്റ് സാമ്പത്തികാനുകൂല്യങ്ങൾ കൈപ്പറ്റുന്നതിന് സർക്കാർ അനുമതി ആവശ്യമാണ്.

## സ്കൂൾ യൂണിഫോം വിതരണം

199 (4523) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ അദ്ധ്യയന വർഷത്തെ സ്കൂൾ യൂണിഫോം വിതരണത്തിന്റെ പുരോഗതി അറിയിക്കാമോ; ഏതെല്ലാം ക്ലാസ്സിൽ പഠിക്കുന്ന കുട്ടികൾക്കാണ് യൂണിഫോം തുണി നേരിട്ട് നൽകുന്നത്;

(ബി) ഏതെല്ലാം കുട്ടികൾക്കാണ് യൂണിഫോം വാങ്ങുന്നതിന് പണം നൽകുന്നത് എന്ന കാര്യം അറിയിക്കാമോ; യൂണിഫോം തുണി നേരിട്ട് നൽകുമ്പോൾ ലോവർ പ്രൈമറി, അപ്പർ പ്രൈമറി ക്ലാസ്സുകളിലെ ഒരു ആൺകുട്ടിക്കും, പെൺകുട്ടിക്കും നിശ്ചയിച്ചിട്ടുള്ള തുണിയുടെ അളവ് എത്രയെന്ന് അറിയിക്കാമോ;

(സി) എൽ.പി. വിഭാഗത്തിൽ ഹാഫ് ട്രൗസറിനുള്ള തുണി മാത്രം (50 സെ.മീ.) നൽകുന്നതുമൂലം കുട്ടികൾക്ക് പ്രയാസമുണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇപ്രാവശ്യവും ആ രീതി തുടരാൻ തീരുമാനിച്ചതിന്റെ കാരണം അറിയിക്കാമോ;

(ഡി) നേരിട്ട് വിതരണം ചെയ്യുന്ന യൂണിഫോം തുണി കേരളത്തിൽ എവിടെ നിന്നെല്ലാം ആണ് വാങ്ങിയത്; കേരളത്തിന് പുറത്ത് നിന്ന് വാങ്ങിയിട്ടുണ്ടോ; എങ്കിൽ എവിടെ നിന്നെല്ലാമാണെന്ന് അറിയിക്കാമോ;

(ഇ) സർക്കാർ നേരിട്ടാണോ ഏതെങ്കിലും ഏജൻസി വഴിയാണോ തുണികൾ വാങ്ങിയത് ; പർച്ചേസ് രീതി അറിയിക്കാമോ;

(എഫ്) നേരിട്ട് വിതരണം ചെയ്യുന്ന തുണികൾക്ക് ഒരു മീറ്ററിന് എത്ര രൂപ നിരക്കിലാണ് സർക്കാർ വാങ്ങിയത്; ഇതിന് ആകെ എത്ര രൂപ ചെലവഴിച്ചു എന്നറിയിക്കാമോ; നേരിട്ട് തുണി നൽകുന്നതിന് പകരം പണം സ്കൂൾ വഴി നൽകുമ്പോൾ വിവിധ ക്ലാസ്സുകളിലെ കുട്ടികൾക്ക് നിശ്ചയിച്ചിട്ടുള്ള നിരക്ക് അറിയിക്കാമോ;

(ജി) എത്ര കുട്ടികൾക്കാണ് ഇപ്രകാരം പണം നൽകുന്നത്; യൂണിഫോം നേരിട്ട് തുണിയായി എത്ര കുട്ടികൾക്കാണ് ഈ വർഷം നൽകുന്നത്; ഒരു കുട്ടിക്ക് ശരാശരി എത്ര രൂപയാണ് തുണി വാങ്ങാൻ ചെലവഴിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

(എ) 2019-20 വർഷത്തെ കൈത്തറി യൂണിഫോം വിതരണം ഒന്നാംഘട്ടം പൂർത്തിയായിട്ടുണ്ട്. ഈ അദ്ധ്യയന വർഷം പുതിയതായി അഡ്മിഷൻ എടുത്ത കുട്ടികൾക്കുള്ള കൈത്തറി യൂണിഫോം വിതരണം തുടങ്ങിയിട്ടില്ല. സർക്കാർ മേഖലയിൽ 1-4, 1-5, 1-7, 5-7 എന്നിങ്ങനെയും എയ്ഡഡ് മേഖലയിൽ 1-4 എന്നിങ്ങനെയും സ്വതന്ത്രമായി പ്രവർത്തിക്കുന്ന എൽ.പി., യു.പി. സ്കൂളുകളിലാണ് യൂണിഫോം തുണി നേരിട്ട് വിതരണം ചെയ്യുന്നത്.

(ബി) കൈത്തറി യൂണിഫോം നൽകാത്ത സ്കൂളുകളിലെ ഒന്ന് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ കുട്ടികൾക്കാണ് യൂണിഫോം വാങ്ങുന്നതിന് പണം അനുവദിക്കുന്നത്. യൂണിഫോം തുണി വിതരണം ചെയ്യുന്ന സ്കൂളുകളിൽ കുട്ടികൾക്ക് നൽകുന്ന യൂണിഫോമിന്റെ (ഒരു എണ്ണം) അളവ് (മീറ്ററിൽ) ചുവടെ ചേർക്കുന്നു :

ആൺകുട്ടികൾ

| ക്ലാസ് | ഷർട്ട് | ഷോർട്ട്സ് | പാന്റ്സ് |
|---|---|---|---|
| 1 | 1.0 | 0.5 | - |
| 2 | 1.0 | 0.5 | - |
| 3 | 1.1 | 0.6 | - |
| 4 | 1.2 | 0.6 | - |
| 5 | 1.25 | - | 1.1 |
| 6 | 1.25 | - | 1.2 |
| 7 | 1.25 | - | 1.2 |

<u>പെൺകുട്ടികൾ</u>

| ക്ലാസ് | ഷർട്ട് | പാവാട | ഓവർകോട്ട് |
|---|---|---|---|
| 1 | 1.0 | 1.0 | - |
| 2 | 1.0 | 1.0 | - |
| 3 | 1.1 | 1.2 | - |
| 4 | 1.2 | 1.2 | - |
| 5 | 1.2 | 1.2 | 0.5 |
| 6 | 1.2 | 1.3 | 0.5 |
| 7 | 1.5 | 1.5 | 0.6 |

(സി) ഒന്ന് മുതൽ നാല് വരെ ക്ലാസ്സുകളിൽ ഹാഫ് ട്രൗസറിന് നൽകാനുള്ള തുണി മാത്രമേ ഇത്തവണയും ഉല്പാദിപ്പിച്ചിട്ടുള്ളൂ.

(ഡി&ഇ) കൈത്തറി യൂണിഫോം തുണി നിർമ്മാണവും വിതരണവും സംസ്ഥാന കൈത്തറി വകുപ്പ് മുഖേനയാണ് നടപ്പിൽവരുത്തുന്നത്.

(എഫ്) കൈത്തറി യൂണിഫോം തുണി നിർമ്മാണം സംസ്ഥാന കൈത്തറി വകുപ്പാണ് നടത്തിവരുന്നത്. ഈ അദ്ധ്യയന വർഷത്തെ യൂണിഫോം വിതരണം പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ ആകെ വിതരണം ചെയ്ത തുണിയുടെ അളവും ഒരു മീറ്ററിന് വരുന്ന ചെലവും കണക്കാക്കാൻ സാധിക്കൂ. യൂണിഫോം വാങ്ങുന്നതിന് സ്കൂളുകൾക്ക് പണം നൽകുമ്പോൾ ഒരു കുട്ടിക്ക് 600 രൂപ നിരക്കിലാണ് ഈ വർഷം നൽകുന്നത്.

(ജി) ഈ അദ്ധ്യയന വർഷത്തെ യൂണിഫോം വിതരണം പൂർത്തിയാക്കുന്ന മുറയ്ക്കേ ചെലവ് കണക്കാക്കാൻ സാധിക്കുകയുള്ളൂ.

## പട്ടാമ്പി നിയോജകമണ്ഡലത്തിലെ സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം

200 (4524) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിൽ ജൈവവൈവിദ്ധ്യ ഉദ്യാനം നിർമ്മിക്കുന്നതിനായുള്ള സ്കീം അനുവദിച്ചിട്ടുണ്ടെന്നും ഏതെല്ലാം സ്കൂളുകളിൽ പ്രസ്തുത സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി ലാബ് നവീകരണ പദ്ധതിയിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അതിൽ ഏതെല്ലാം സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) പട്ടാമ്പി നിയോജകമണ്ഡലത്തിൽ ജൈവവൈവിദ്ധ്യ ഉദ്യാനം പദ്ധതി നടപ്പിലാക്കിയ സ്കൂളുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. ജി.എൽ.പി.എസ്., ചെറുകോട്
2. എ.എം.എൽ.പി.എസ്. ,ആമയൂർ
3. എ.എൽ.പി.എസ്. ,ചുണ്ടംമ്പറ്റ സൗത്ത്
4. എ.എം.എൽ.പി.എസ്., എടപ്പള്ളം
5. എ.എം.എൽ.പി.എസ്., കരിങ്കനാട് സൗത്ത്
6. കെ.എ.എം.എ.എൽ.പി.എസ്. ,കരിങ്കനാട്
7. എ.എൽ.പി.എസ്., കോഴിക്കോട്ടരി
8. എ.എം.എൽ.പി.എസ്., ശങ്കരമംഗലം
9. എ.എൽ.പി.എസ്., വിലത്തൂർ
10. എ.എൽ.പി.എസ്., വിളയൂർ
11. പി.ടി.എം.വൈ.എച്ച്.എസ്., എടപ്പള്ളം
12. ജി.ഒ.എച്ച്.എസ്.എസ്., പട്ടാമ്പി
13. ജി.എച്ച്.എസ്., വിളയൂർ
14. ജി.യു.പി.എസ്., നരിപ്പറമ്പ്
15. എ.യു.പി.എസ്., മുതുതല
16. ജി.എൽ.പി.എസ്., കൊടുമുണ്ട
17. ജി.എൽ.പി.എസ്., കല്ലടിപ്പാറ
18. ജി.എൽ.പി.എസ്., പോയ്ലൂർ

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിലെ ഒരു സ്കൂളിലും ലാബ് നവീകരണ പദ്ധതി ആരംഭിച്ചിട്ടില്ല.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

201 (4525) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ മണ്ഡലത്തിലെ രാജാസ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് മാനദണ്ഡങ്ങളിൽ ഇളവ് വരുത്തി സ്റ്റുഡന്റ് പോലീസ് കേഡറ്റ് (എസ്.പി.സി). അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. അനുവദിക്കണമെന്ന പി.ടി.എ.-യുടെ അപേക്ഷ പരിഗണിക്കുമോ; ഇത് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ;

(സി) രാജാസ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലും മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിലും എസ്.പി.സി. അനുവദിക്കണമെന്ന കാര്യം ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കോട്ടയ്ക്കൽ മണ്ഡലത്തിലെ രാജാസ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിന് എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള പ്രൊപ്പോസൽ അസിസ്റ്റന്റ് നോഡൽ ഓഫീസർ സർക്കാരിലെ ആഭ്യന്തര വകുപ്പിൽ നൽകിയിട്ടുണ്ട്. ആയത് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതുമാണ്.

മാറാക്കര എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കണമെന്നുള്ള അപേക്ഷയുടെ സ്വീകാര്യത പരിശോധിച്ച് എസ്.പി.സി. ഡയറക്ടറേറ്റിൽ നിന്നും റിപ്പോർട്ട് ലഭിക്കുന്നമുറയ്ക്ക് അനന്തര നടപടി സ്വീകരിക്കുന്നതാണ്.

## പതിനഞ്ചിനും ഇരുപത്തിയഞ്ചിനും ഇടയ്ക്ക് പ്രായമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾ

202 (4526) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സർക്കാർ/എയ്ഡഡ് മേഖലയിൽ പതിനഞ്ചിനും ഇരുപത്തിയഞ്ചിനും ഇടയിൽ പ്രായമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന എൽ.പി., യു.പി., ഹൈസ്കൂളുകൾ എത്രയെണ്ണമുണ്ട്;

(ബി) ഇത്തരത്തിലുള്ള കൂടുതൽ സ്കൂളുകൾ ഉള്ളത് ഏത് ജില്ലയിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു.*

(ബി) മലപ്പുറം ജില്ല.

**അംഗീകാരമില്ലാത്ത അൺ എയ്ഡഡ് സ്കൂളുകൾ**

203 (4527) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന എത്ര അൺ എയ്ഡഡ് സ്കൂളുകൾ ഉണ്ടെന്ന് അറിയിക്കുമോ;

(ബി) അവയുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലെ കണക്കനുസരിച്ച് 1585 അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകൾക്ക് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്നതിനുള്ള നടപടി നടന്നു വരികയാണ്. അത് പൂർത്തീകരിച്ച് കഴിഞ്ഞശേഷം ഇക്കാര്യം ആലോചിക്കുന്നതാണ്.

**സ്പെഷ്യൽ സ്കൂളുകൾക്ക് എയ്ഡഡ് പദവി**

204 (4528) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന സ്പെഷ്യൽസ്കൂളുകൾ എയ്ഡഡ് സ്കൂളുകളാക്കി മാറ്റുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സ്കൂളുകൾക്ക് നിലവിൽ സർക്കാർ ഗ്രാന്റ് നൽകിവരുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ-സി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന, നൂറ് വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) നമ്പർ 38/2016/പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം എയ്ഡഡ് പദവി അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ 1-1-2016 മുതൽ 30-4-2016 വരെയുള്ള മന്ത്രിസഭാ തീരുമാനങ്ങൾ പുനഃപരിശോധിച്ച മന്ത്രിസഭാ ഉപസമിതി ഈ വിഷയവും പുനഃപരിശോധിക്കാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27-11-2017-ന് കൂടിയ യോഗ തീരുമാനപ്രകാരം ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾ പഠിക്കുന്ന സ്കൂളുകൾക്കായി ഒരു സമഗ്ര ആശ്വാസ പാക്കേജ് സാമൂഹ്യനീതി വകുപ്പ് മുഖേന തയ്യാറാക്കുകയും പ്രസ്തുത പാക്കേജ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 9-8-2018-ന് ചേർന്ന യോഗത്തിൽ തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സമഗ്ര പാക്കേജ് നടപ്പിലാക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് മുഖേന തുടർനടപടി സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പിൽ നിന്നും രജിസ്ട്രേഷൻ ലഭിച്ച 329 സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത സ്കൂളുകൾക്ക് സംസ്ഥാന സർക്കാർ എല്ലാ വർഷവും സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ഓരോ സ്കൂളുകളിലെയും കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണത്തിന് ആനുപാതികമായാണ് സ്കൂളുകൾക്ക് തുക അനുവദിച്ച് നൽകുന്നത്. 2018-19 വർഷം 14 കോടി രൂപ സാമ്പത്തിക സഹായമായി നൽകിയിരുന്നു. 2019-20 വർഷം 14.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

### സാക്ഷരതാമിഷനിലെ പ്രോജക്ട് കോ-ഓർഡിനേറ്റർ

205 (4529) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാക്ഷരതാമിഷനിൽ ജില്ലാ പ്രേരക് തസ്തികയ്ക്ക് പകരം ജില്ല പ്രോജക്ട് കോർഡിനേറ്റർ എന്ന സാങ്കൽപ്പിക തസ്തിക സൃഷ്ടിച്ച് കോടികൾ ഖജനാവിന് നഷ്ടം വരുത്തിയതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) സാക്ഷരതാമിഷനിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ പ്രവർത്തിക്കുന്നത് നിശ്ചിത യോഗ്യതയില്ലാത്ത വ്യക്തിയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സാക്ഷരതാമിഷൻ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് 2017 വരെ അനുവദിച്ചിരുന്നത് ഇത്തരം സാങ്കൽപ്പിക തസ്തികകൾക്ക് വേണ്ടി സൃഷ്ടിക്കപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലൂടെ ആയിരുന്നോ;

(ഡി) ജില്ലകളിൽ പ്രോജക്ടുകൾ ഉണ്ടാകാത്ത സാഹചര്യത്തിൽ ഇതിനായി 44 തസ്തികകൾ എങ്ങനെ സൃഷ്ടിച്ചുവെന്നും കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്നവർക്ക് സ്ഥാനക്കയറ്റം നൽകിയതെങ്ങനെയെന്നും പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) ജില്ലാ പ്രേരക് എന്ന തസ്തിക നിലവിലില്ല. ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്റർ എന്ന തസ്തികയിൽ കരാർ നിയമനമാണ് നടത്തുന്നത്.

(ബി) അസിസ്റ്റന്റ് ഡയറക്ടറെ നിയമിക്കുന്ന സമയത്ത് നിഷ്കർഷിച്ച യോഗ്യതയുള്ളവരാണ് പ്രവർത്തിക്കുന്നത്.

(സി) സർക്കാർ ഫണ്ട് ട്രഷറി അക്കൗണ്ടിലേക്കാണ് അനുവദിക്കുന്നത്. ജില്ലയിലെ പ്രവർത്തനങ്ങൾക്ക് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേയ്ക്കാണ് സംസ്ഥാന സാക്ഷരതാ മിഷൻ ഫണ്ട് അനുവദിക്കുന്നത്.

(ഡി) 44 തസ്തികകൾ അനുവദിച്ചിട്ടില്ല. കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കു വർക്ക് സ്ഥാനക്കയറ്റം നൽകിയിട്ടില്ല.

**ഭൂമി കയ്യേറ്റം തടയുന്നതിന് നടപടി**

206 (4530) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u>
<u>ശ്രീമതി സി. കെ. ആശ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമി കയ്യേറ്റം തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റം ഒഴിപ്പിച്ചെടുത്തതിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) അവധി ദിവസങ്ങളിലാണ് കൂടുതൽ ഭൂമികയ്യേറ്റം എന്നത് കണക്കിലെടുത്ത് ആയത് തടയുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) കയ്യേറ്റങ്ങൾ തടയുന്നതിന് ജാഗ്രത സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ടോ; ഈ സ്ക്വാഡുകളുടെ പ്രവർത്തനം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഭൂമി കയ്യേറ്റത്തിനെതിരെ സ്വീകരിക്കുന്ന നടപടികൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഭൂസംരക്ഷണ നിയമം ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിയമപ്രകാരമുള്ള ശിക്ഷാനടപടികളും സ്വീകരിച്ചുവരുന്നു. നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി 10-9-2018-ലെ സർക്കാർ ഉത്തരവ് (സാധാ) 3778/18/റവ നമ്പർ ഉത്തരവിൻപ്രകാരം കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച നടപടികൾ സ്വീകരിക്കുന്നതിനും മേൽനോട്ടം വഹിക്കുന്നതിനുമായി ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറെയും അസിസ്റ്റന്റ് കമ്മീഷണറെയും ഉൾപ്പെടുത്തി മോണിറ്ററിംഗ് സെൽ രൂപീകരിക്കുകയും 26-11-2018-ലെ സ.ഉ. (സാധാ) നമ്പർ 4903/2018/റവ പ്രകാരം അധിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിരുന്നു. അതനുസരിച്ചുള്ള തുടർനടപടി സ്വീകരിച്ചു വരുന്നതുമാണ്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വെയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമിയിലെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ 221.4337 ഹെക്ടർ ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിച്ചെടുത്തിട്ടുണ്ട്.

(സി) 10-9-2018-ലെ സ.ഉ. (സാധാ) 3778/18/റവ പ്രകാരം സർക്കാർ ഭൂമി കയ്യേറ്റത്തിനെതിരെ ജില്ലാതലത്തിലും താലൂക്കുതലത്തിലും രൂപീകരിച്ച മോണിറ്ററിംഗ് സെൽ, രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ടി സ്ക്വാഡുകൾ സ്ഥലപരിശോധന ഉൾപ്പെടെ നടത്തി നടപടി സ്വീകരിച്ചുവരുന്നു. രണ്ടാം ശനി, ഞായർ ഉൾപ്പെടെയുള്ള പൊതു അവധി ദിവസങ്ങളിലും ടീം മോണിറ്ററിംഗ് സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്.

(ഇ) നിലവിലുള്ള ഭൂസംരക്ഷണ നിയമം ശാക്തീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുന്നതിനുള്ള നടപടിക്രമങ്ങൾ**

207 (4531) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ അടിസ്ഥാന രേഖയായി കണക്കാക്കുന്ന ബേസിക് ടാക്സ് രജിസ്റ്റർ തിരുത്തുന്നതിനുള്ള വ്യവസ്ഥയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) 2008-ന് മുന്നേ നികത്തിയതും എന്നാൽ ഡേറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും രേഖകളിൽ നിലം എന്നു കാണിച്ചിരിക്കുന്നതുമായ ഭൂമി വീട് വയ്ക്കുന്നതിന് ഉൾപ്പടെയുള്ള മറ്റാവശ്യങ്ങൾക്ക് ഏതു രീതിയിൽ ഉപയോഗിക്കാം എന്ന് വ്യക്തമാക്കാമോ;

(സി) കേരളാ ഭൂവിനിയോഗ നിയമത്തിന്റെ ചട്ടം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അടിസ്ഥാന നികുതി രജിസ്റ്ററിൽ മാറ്റങ്ങൾ വരുത്തുന്നതിന് നിലവിൽ വ്യവസ്ഥയില്ല. എന്നാൽ മാറ്റങ്ങൾ വരുത്തേണ്ടതുണ്ടെങ്കിൽ ആയവ രേഖപ്പെടുത്തുന്നതിനായി സപ്ലിമെന്ററി അടിസ്ഥാന നികുതി രജിസ്റ്റർ സൂക്ഷിച്ചുവരുന്നുണ്ട്.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) നിയമം വകുപ്പ് 27 എ പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ ഏതെങ്കിലും ഉടമസ്ഥൻ അപ്രകാരമുള്ള ഭൂമി വീട് വയ്ക്കുന്നതിനോ വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ ഉപയോഗിക്കാൻ ആഗ്രഹിക്കുന്ന പക്ഷം, ആർ.ഡി.ഒ.-യ്ക്ക് അപേക്ഷ സമർപ്പിക്കേണ്ടതും ആയത് പരിശോധിച്ച് ആർ.ഡി.ഒ. ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. അപേക്ഷ അനുവദിക്കുന്ന പക്ഷം നിലവിലെ നിയമപ്രകാരമുള്ള ഫീസ് അടയ്ക്കാൻ അപേക്ഷകൻ ബാധ്യസ്ഥനാണ്. അപേക്ഷാ ഭൂമിയുടെ വിസ്തീർണ്ണം 20.23 ആർ.-ൽ അധികരിക്കുന്നപക്ഷം അപ്രകാരമുള്ള ഭൂമിയുടെ വിസ്തീർണ്ണത്തിന്റെ 10 ശതമാനം ജലസംരക്ഷണ നടപടികൾക്കായി മാറ്റിവയ്ക്കേണ്ടതാണ്. എന്നാൽ 4.04 ആർ വിസ്തൃതിയുള്ള ഭൂമിയിൽ 120 ച. മീറ്റർ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിനോ 2.02 ആർ. വിസ്തൃതിയിലുള്ള ഭൂമിയിൽ 40 ച. മീറ്റർ വിസ്തീർണ്ണമുള്ള വാണിജ്യകെട്ടിടം പണിയുന്നതിനോ യാതൊരു അനുമതിയും ആവശ്യമില്ലാത്തതാണ്.

(സി) കേന്ദ്ര നിയമമായ 1955-ലെ Essential Commodities Act (1955-ലെ 10)-ന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവാണ് കേരള ഭൂവിനിയോഗ ഉത്തരവ്. ആയതിന് ചട്ടങ്ങൾ നിലവിലില്ല.

## റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം

208 (4532) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാർ നടപ്പിലാക്കിവരുന്ന ReLIS ( റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) കേരളത്തിലെ എല്ലാ വില്ലേജ്, താലൂക്ക് ഓഫീസുകളിലും നടപ്പാക്കിയിട്ടുണ്ടോയെന്നറിയിക്കുമോ;

(ബി) ഇതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വില്ലേജ് / താലൂക്ക് തലങ്ങളിൽ എർപ്പെടുത്തിയിട്ടുണ്ടോ വ്യക്തമാക്കുമോ;

(സി) ഇതുസംബന്ധിച്ച് ജനങ്ങളിൽ അവബോധം വളർത്തുന്നതിന് വില്ലേജ്/ താലൂക്ക് തലങ്ങളിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) സർക്കാർ ഉദ്ദേശിക്കുന്ന തരത്തിൽ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകാൻ ഇതുവഴി സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;?

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ താലൂക്കാഫീസുകളിലും ആകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിലും ReLIS സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. ബാക്കിയുള്ള 15 വില്ലേജുകളിൽക്കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) റെലിസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഏറ്റവും കുറഞ്ഞത് ഓരോ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ വീതവും ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടപ്രകാരം പ്രിന്ററുകളും നൽകിയിട്ടുണ്ട്. കൂടാതെ, ആവശ്യമായ ടോണർ, പേപ്പർ എന്നിവ ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ആവശ്യമായ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ഓൺലൈൻ സർട്ടിഫിക്കറ്റ് വിതരണത്തിനായുള്ള ഇ-ഡിസ്ട്രിക്ട് പദ്ധതിയിലുൾപ്പെടുത്തി ഐ.ടി. മിഷൻ മുഖേന എല്ലാ വില്ലേജ് ഓഫീസുകളിലും രണ്ട് ലാപ് ടോപ്പ്, ഒരു പ്രിന്റർ എന്നിവയും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ടിവിറ്റിയും നൽകിയിട്ടുണ്ട്. നിലവിലുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി ഫൈബർ ഓപ്ടിക് അടിസ്ഥാനത്തിലേയ്ക്ക് (BSNL FTTH) മാറ്റുന്നതിനുള്ള നടപടി ഐ.ടി. മിഷൻ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ താലൂക്ക് ഓഫീസുകളിലും റെലിസ് പദ്ധതിക്കാവശ്യമായ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കിയിട്ടുണ്ട്.

(സി) പൊതുജനങ്ങളിൽ ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന് ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങൾ വഴിയും ലഘുരേഖകൾ മുഖേനയും നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

(ഡി) ഉണ്ട്. ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈനായി സാധ്യമാക്കുക എന്നതാണ് റെലിസ് പദ്ധതിയുടെ പ്രാഥമികമായ ഉദ്ദേശ്യം. ടി പദ്ധതി നടപ്പിലാക്കിയതോടെ കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈനായിത്തന്നെ നടക്കുന്നതിനാൽ ടി ആവശ്യത്തിനായി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട ആവശ്യം വരുന്നില്ല. കൂടാതെ റെലിസ് പദ്ധതിയുടെ ഭാഗമായി റവന്യൂ ഇ-പേമെന്റ് സംവിധാനം കൂടി നടപ്പിലാക്കിയതോടെ റെലിസ് നടപ്പിലാക്കിയിട്ടുള്ള എല്ലാ വില്ലേജുകളിലും ഭൂനികുതിയും ഓൺലൈനായിത്തന്നെ ഒടുക്കാൻ കഴിയുന്നതാണ്. ഇപ്രകാരം ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികുതി എന്നിവ നടപ്പിലാക്കിയതിന്റെ ഫലമായി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിലെത്താതെ തന്നെ പോക്കുവരവ്, ഭൂനികുതി ഒടുക്കൽ എന്നീ സേവനങ്ങൾ ലഭ്യമാകുന്നതാണ്.

## ഫ്ലഡ് വർക്കുകൾ നടപ്പിലാക്കുന്നതിലെ കാലതാമസം

209 (4533) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫ്ലഡ് വർക്കുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ഉണ്ടാകുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നിലവിലുള്ള സംവിധാനത്തിന്റെ അപര്യാപ്തതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഫ്ലഡ് വർക്കുകൾ റവന്യൂ വകുപ്പ് നേരിട്ട് ഏറ്റെടുക്കുന്നതിനായി റവന്യൂ എഞ്ചിനീയറിംഗ് വിംഗ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ജലസേചന വകുപ്പിൽനിന്നും ഫ്ലഡ് കൺട്രോൾ/ഫ്ലഡ് ഡാമേജ് തുടങ്ങിയ ശീർഷകങ്ങളിൽ ഉൾപ്പെടുത്തി ഫ്ലഡ് വർക്കുകൾക്ക് ഫണ്ടിന്റെ ലഭ്യതയും ആവശ്യകതയും അനുസരിച്ച് സമയബന്ധിതമായി അനുമതി നൽകി പ്രവൃത്തികൾ നടപ്പിലാക്കാൻ സത്വരനടപടി എടുത്തുവരുന്നു. റവന്യൂ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കാറുണ്ട്. കൂടാതെ 2018 ആഗസ്റ്റിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുവേണ്ടി

എസ്.ഡി.ആർ.എഫ്.-ൽ (State Disaster Response Fund) ഉൾപ്പെടുത്തി 536.27 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ടി പ്രവൃത്തികൾ ഇപ്പോൾ വിവിധ ഘട്ടങ്ങളിലാണ്. നിലവിലുള്ള സംവിധാനങ്ങളുടെ അപര്യാപ്തതയല്ല മറിച്ച് ഫണ്ടിന്റെ ലഭ്യതക്കുറവ്, അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവ്, കാലംതെറ്റി ഉണ്ടാകുന്ന മഴ എന്നിവയാണ് ചില പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് കാലതാമസമുണ്ടാകാൻ കാരണം. പൊതുമരാമത്ത് വകുപ്പിൽനിന്നും കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, എറണാകുളം, ആലപ്പുഴ എന്നീ ജില്ലകളിലെ ദേശീയപാതകളിൽ കാര്യമായ നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാൽ യുദ്ധകാലാടിസ്ഥാനത്തിൽ റോഡ് ഗതാഗതയോഗ്യമായി നിലനിർത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ ഓർഡിനറി റിപ്പെയറിൽ നടപ്പിലാക്കിയിരുന്നു. റോഡുകളിൽ കാര്യമായ നാശം സംഭവിക്കുകയും സംരക്ഷണ ഭിത്തികൾ തകർന്ന ഭാഗങ്ങളിലെയും താൽക്കാലിക പരിഹാരത്തിനായി കേന്ദ്ര മന്ത്രാലയം ഫ്ലഡ് ഡാമേജ് റിപ്പെയറിൽ അനുവദിച്ച 32.09 കോടി രൂപയിൽ ഓരോ ദേശീയ പാതാ ഡിവിഷനുകളിലും അത്യാവശ്യമായ പദ്ധതികൾ അനുമതി നൽകി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. ഇവയുടെ സ്ഥായിയായ റിപ്പയറിംഗിനു വേണ്ട പദ്ധതികൾ കേന്ദ്ര മന്ത്രാലയത്തിന്റെ ആന്വൽ പ്ലാനിലും ആന്വൽ റിന്യൂവൽ പ്രോഗ്രാമിലും ഉൾപ്പെടുത്തി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഗ്രാമ വികസന വകുപ്പിൽ നിന്നും സർക്കാർ ഭരണാനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് പ്രവർത്ത നാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കി ടെണ്ടർ നടപടി സ്വീകരിക്കുമ്പോൾ പ്രവൃത്തികളുടെ ടെണ്ടർ കൈക്കൊള്ളാൻ കരാറുകാർ പൊതുവെ താല്പര്യപ്പെടുന്നില്ല. ആയതുമൂലം റീടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കേണ്ടിവരുന്നതിനാൽ പ്രവൃത്തികളുടെ നിർവ്വഹണത്തിൽ കാലതാമസം വരുന്നുണ്ട്. പ്രവൃത്തി നടത്തുമ്പോൾ വർക്ക് സൈറ്റിലെ വ്യതിയാനംമൂലം എസ്റ്റിമേറ്റ് പുതുക്കേണ്ട സാഹചര്യം വരുമ്പോൾ പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം വരാറുണ്ട്. പ്രതികൂല കാലാവസ്ഥമൂലവും പ്രവൃത്തികളുടെ നിർവ്വഹണം തടസ്സപ്പെടാറുണ്ട്.

(സി) നിലവിൽ പരിഗണനയിലില്ല.

## ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ

210 (4534) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലാന്റ് ട്രൈബ്യൂണലുകളിൽ നിലവിലുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സർവീസ് ഇനാം ഭൂമി സംബന്ധിച്ച ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ ഭേദഗതികളാണ് വരുത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ലാന്റ് ട്രൈബ്യൂണലുകളിലെ കേസ്സുകളെ സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ലാന്റ് ട്രൈബ്യൂണലുകളിൽ കെട്ടിക്കിടന്നതും തീർപ്പാക്കാനുണ്ടായിരുന്നതുമായ കേസ്സുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന്റെ ഭാഗമായി 1976-ലെ കാണം കുടിയാന്മ നിർത്തലാക്കൽ നിയമത്തിൽ ആവശ്യമായ സ്പഷ്ടീകരണവും അത് കൈകാര്യം ചെയ്യുന്നതിൽ ജീവനക്കാർക്ക് പരിശീലനം നൽകുകയും അതിലൂടെ മുപ്പത്തിരണ്ടായിരത്തോളം കുടുംബങ്ങളുടെ പ്രശ്നം പൂർണ്ണമായി പരിഹരിച്ച് പട്ടയം നൽകുകയും ചെയ്തു.

1-4-1964-ന് മുമ്പ് കുടിയാൻ ബന്ധത്തിൽ പാട്ടവ്യവസ്ഥകളോടെ ഭൂമി കൈവശം വച്ച് കൃഷി ചെയ്ത് വന്നിരുന്ന നടപ്പ് കുടിയാൻ (cultivating tenant), കുടികിടപ്പുകാരൻ എന്നിവർക്ക് കൈവശ ഭൂമിയുടെ മേൽ നിയമാനുസൃതമായ അവകാശം 1963-ലെ കേരള ഭൂപരിഷ്കരണ നിയമപ്രകാരം പരിശോധിച്ച് അർഹരായവർക്ക് ക്രയസർട്ടിഫിക്കറ്റ് നൽകുന്ന ജോലിയാണ് ജുഡീഷ്യൽ അധികാരമുള്ള ലാന്റ് ട്രൈബ്യൂണലുകൾ നിർവ്വഹിക്കുന്നത്. Legislative intention-നിലൂടെ വ്യാഖ്യാനിക്കുമ്പോൾ ടി നിയമം വളരെ ലളിതവും അർഹരായവർക്ക് വളരെ വേഗത്തിൽ നീതി ലഭിക്കുന്നതിന് വളരെ അനുഗുണവുമായതിനാൽ നടപടിക്രമങ്ങളുടെ സങ്കീർണ്ണതയില്ലാതെ പട്ടയം നൽകാൻ കഴിയുന്നുണ്ട്.

(ബി) ഉണ്ട്. 5-1-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 1/18/ആർ.ഡി. (എസ്.ആർ.ഒ.നമ്പർ 25/2018) ഉത്തരവുപ്രകാരം 1981-ലെ കേരള സർവ്വീസ് ഇനാം ചട്ടങ്ങളിലെ ചട്ടം 6-ൽ ഭേദഗതി വരുത്തി 6 എ മുതൽ 6 ഇ വരെയുള്ള ചട്ടങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്.

ജന്മി ഇല്ലാത്തതോ അഥവാ ജന്മിയോ തല്പരകക്ഷികളോ ഹാജരാകാത്ത കേസ്സുകളിൽ സർവ്വീസ് ഇനാം ഭൂമികളുടെ അവകാശം സെറ്റിൽ ചെയ്ത് നൽകുക എന്ന ഉദ്ദേശ്യത്തോടെ എസ്.ആർ.ഒ. 25/2018 നമ്പർ ഉത്തരവ് ഗസറ്റിൽ പ്രസിദ്ധീകരിച്ച തീയതി മുതൽ ആറ് മാസത്തിനുള്ളിൽ കൈവശക്കാരൻ 1 എ ഫോറത്തിൽ അപേക്ഷ നൽകാനും ആയതിന്മേൽ 3 എ നമ്പർ ഒരു പബ്ലിക് നോട്ടീസ് ഗസറ്റിലോ രണ്ട് ദിനപത്രത്തിലോ പ്രസിദ്ധപ്പെടുത്തിയശേഷം സെറ്റിൽമെന്റ് നടപടി സ്വീകരിക്കാനും ഉത്തരവായിരുന്നു.

ചട്ടം 6 (ഡി) പ്രകാരം, നിശ്ചിത തുക കൈവശക്കാരൻ ക്രയവിലയായി ഒടുക്കേണ്ടതാണെന്നും ചട്ടം 6 (ഇ) പ്രകാരം നടപടികൾ പൂർത്തിയായി കഴിഞ്ഞാൽ ക്രയസർട്ടിഫിക്കറ്റ് നൽകാനും ഉത്തരവായിരുന്നു.

(സി) ഉണ്ട്. ലാന്റ് ട്രൈബ്യൂണൽ കേസ്സുകളിൽ റവന്യൂ ഇൻസ്പെക്ടർമാരുടെ ഫീൽഡ് എൻക്വയറി റിപ്പോർട്ട് വളരെ പ്രധാനപ്പെട്ടതാണ്. ഒരു ട്രൈബ്യൂണലിൽ, ഒരു ജില്ല മുഴുവൻ അധികാര പരിധി നൽകി ഒന്നോ രണ്ടോ റവന്യൂ ഇൻസ്പെക്ടർമാർ മാത്രമാണ് ഉണ്ടായിരുന്നത്. ഇത് പരിഹരിക്കാൻ സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാരെയും ലാന്റ് ട്രിബ്യൂണലിലേയ്ക്കുള്ള റിപ്പോർട്ടിംഗ് ഓഫീസറായി അധികാരപ്പെടുത്തി. 22-2-2018-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 09/2018/ ആർ.ഡി. പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലൂടെ ലാന്റ് ട്രൈബ്യൂണലുകളിലെ റവന്യൂ ഇൻസ്പെക്ടർമാരുടെ കുറവ് പൂർണ്ണമായി പരിഹരിച്ചിട്ടുണ്ട്.

## വില്ലേജ് ഓഫീസറുടെ ചുമതലകൾ

211 (4535) <u>ശ്രീ. വി. ആർ. സുനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസറുടെ പദവിയിൽ നിക്ഷിപ്തമായ ചുമതലകൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

(ബി) എതൊക്കെ സർട്ടിഫിക്കറ്റുകളാണ് ഒരു വില്ലേജ് ഓഫീസർ നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസറിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിന് പര്യാപ്തമായ സൗകര്യങ്ങൾ നൽകുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) വില്ലേജ് ഓഫീസുകളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും അവിടങ്ങളിലെ ജോലിഭാരത്തിനനുസരിച്ച് ആവശ്യമായ സ്റ്റാഫും ലഭ്യമാണോ;

(ഇ) ജനങ്ങൾ ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വില്ലേജ് ഓഫീസുകളിൽ നിന്ന് നല്കുന്ന സേവനങ്ങൾ മെച്ചപ്പെട്ടതാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ അറിയിക്കുമോ;

(എഫ്) വില്ലേജ് ഓഫീസർമാരുടെ പദവിയും ആനുകൂല്യങ്ങളും വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 1. ഭൂമിയിന്മേൽ ചുമത്തപ്പെട്ട നികുതികളായ അടിസ്ഥാന ഭൂനികുതി, ആഡംബര നികുതി, കെട്ടിട നികുതി തുടങ്ങിയ ലാൻഡ് റവന്യൂ വകുപ്പ് ചുമത്തുന്ന എല്ലാവിധ നികുതികളും കരങ്ങളും വരികളും സർക്കാർ ഉത്തരവ് പ്രകാരം ഈടാക്കേണ്ടതായ മറ്റ് തുകകളും യഥാസമയം പിരിക്കുക.

2. തഹസിൽദാരുടെ നിർദ്ദേശാനുസരണം റവന്യൂ റിക്കവറി നിയമമനുസരിച്ച് വസൂലാക്കേണ്ടതായ കുടിശ്ശികകളും മറ്റ് തുകകളും നിയമാനുസൃത നടപടികൾ സ്വീകരിച്ച് ഈടാക്കുക.

3. ജപ്തി ചെയ്ത ജംഗമങ്ങൾ വിൽക്കുന്നതുവരെ നാശനഷ്ടങ്ങളില്ലാതെ സൂക്ഷിക്കുകയും ജപ്തി ചെയ്ത വകയിലോ അല്ലാതെയോ മേലാദായമെടുക്കുന്നതും അല്ലാത്തതുമായി സ്ഥാവര വസ്തുക്കൾ കാര്യക്ഷമമായി സംരക്ഷിക്കുകയും ചെയ്യുക.

4. നികുതിദായകരിൽ നിന്നും കുടിശ്ശികക്കാരിൽനിന്നും പിരിച്ചെടുക്കുന്ന തുകകൾ നടപടിക്രമങ്ങൾ പാലിച്ച് യഥാസമയം സർക്കാർ ഖജനാവിൽ അടയ്ക്കുക.

5. സർക്കാർ വക ഭൂമികളിൽ അനധികൃത പ്രവേശനമുണ്ടാകാതെ സൂക്ഷിക്കുകയും കയ്യേറ്റമുണ്ടായാൽ വിവരം യഥാസമയം ബന്ധപ്പെട്ട അധികാരിക്ക് റിപ്പോർട്ട് ചെയ്ത് അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കയ്യേറ്റക്കാർക്കെതിരെ നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

6. ഭൂസംരക്ഷണം, ഭൂമി പതിവ്, ഭൂമി ഏറ്റെടുക്കൽ, ഭൂമി വിട്ടൊഴിയൽ, ജമമാറ്റം (പോക്കുവരവ്), അന്യംനിൽപ്പ്, റവന്യൂ റിക്കവറി, ഭൂവിനിയോഗം, നെൽവയൽ-തണ്ണീർത്തട സംരക്ഷണം എന്നീ റവന്യൂ കേസ്സുകളിൽ സ്ഥല പരിശോധനകളും അന്വേഷണങ്ങളും നടത്തി സ്കെച്ചും മഹസ്സറും തയ്യാറാക്കി തഹസിൽദാർക്ക് റിപ്പോർട്ട് സമർപ്പിക്കുക.

7. വില്ലേജ് അതിർത്തിയിലെയും സർക്കാർ ഭൂമികളിലെയും സർവ്വേ അതിരടയാളങ്ങൾ സംരക്ഷിക്കുകയും ഭൂമിയെ സംബന്ധിച്ചുള്ള എല്ലാ റിക്കാർഡുകളും കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക.

8. സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ് തയ്യാറാക്കുന്ന പ്രതിമാസ മുതൽ-പിരിവ്-ബാക്കി പത്രികകൾ ബന്ധപ്പെട്ട നാൾവഴി, രസീത് ബുക്കുകൾ, രജിസ്റ്ററുകൾ, അക്കൗണ്ടുകൾ എന്നിവയുമായി വേണ്ടുംവിധം ഒത്തുനോക്കി സാക്ഷ്യപ്പെടുത്തി യഥാസമയം താലൂക്ക് ആഫീസിൽ എത്തിക്കുക.

9. മേലുദ്യോഗസ്ഥർക്ക് സമർപ്പിക്കേണ്ട എല്ലാ റിപ്പോർട്ടുകളും ആനുകാലികങ്ങളും കൃത്യസമയത്ത് അയയ്ക്കുക.

10. സ്പെഷ്യൽ വില്ലേജ് ഓഫീസർ/വില്ലേജ് അസിസ്റ്റന്റ്/വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തയ്യാറാക്കുന്ന എല്ലാ അക്കൗണ്ടുകളും രജിസ്റ്ററുകളും യഥാസമയം പരിശോധിക്കുകയും ആണ്ടുതോറും ജമാബന്തിക്ക് മുമ്പായി "വാർഷിക ലാൻഡ് റവന്യൂ അക്കൗണ്ട്" (തവണ മുടക്കം) എഴുതി പൂർത്തിയാക്കി ബന്ധപ്പെട്ട രജിസ്റ്ററുകളും അക്കൗണ്ടുകളുമായി ഒത്തുനോക്കി പരിശോധനയ്ക്കായി മേയ് മാസം 15-ാം തീയതിക്കുമുമ്പായി തയ്യാറാക്കി വയ്ക്കുകയും ചെയ്യുക.

11. വില്ലേജ് ഭരണത്തിന് ലഭ്യമാക്കിയിട്ടുള്ള എല്ലാവിധ അക്കൗണ്ടുകളുടെയും രജിസ്റ്ററുകളുടെയും ലഡ്ജറുകളുടെയും രേഖകളുടെയും സ്കെച്ചുകളുടെയും മാപ്പുകളുടെയും ഫർണിച്ചറുകളുടെയും ഇലക്ട്രോണിക് ഉപകരണങ്ങളുടെയും മറ്റുപകരണങ്ങളുടെയും കസ്റ്റോഡിയൻ എന്ന നിലയിൽ അവയെല്ലാം ശരിയായും ഭംഗിയായും സൂക്ഷിക്കുകയും പരിപാലിക്കുകയും ചെയ്യുക.

12. റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് നടപ്പിലാക്കിവരുന്ന വിവിധ ക്ഷേമ പദ്ധതികളുമായി ബന്ധപ്പെട്ട് റിപ്പോർട്ടുകൾ യഥാസമയം സമർപ്പിക്കുക.

13. റവന്യൂ വകുപ്പിൽ നിന്നും അനുവദിക്കേണ്ടതായ വിവിധ സാക്ഷ്യ പത്രങ്ങൾക്കായി സമർപ്പിക്കപ്പെടുന്ന അപേക്ഷകളിന്മേൽ അന്വേഷണം നടത്തി തങ്ങളെ അധികാരപ്പെടുത്തിയിട്ടുള്ള സാക്ഷ്യപത്രങ്ങൾ യഥാസമയം അനുവദി ക്കുകയും നിരസിക്കേണ്ട കേസ്സുകളിൽ വിവരം അപേക്ഷകനെ അറിയിക്കുകയും തഹസിൽദാർ അനുവദിക്കേണ്ട സർട്ടിഫിക്കറ്റുകളുടെ സംഗതിയിൽ വ്യക്തമായ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക.

14. സെൻസസ്, ഇലക്ഷൻ എന്നിവ സംബന്ധിച്ച് മേലധികാരികൾ നിർദ്ദേശിക്കുന്ന എല്ലാ ജോലികളും കൃത്യമായും സൂക്ഷ്മമായും നിർവ്വഹിക്കുക.

15. ദേശീയ സമ്പാദ്യ പദ്ധതി വിജയപ്രദമാക്കാൻ ജില്ലാ കളക്ടറുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുക.

16. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, അഗ്നിബാധ, തുടങ്ങിയ ദുരന്തങ്ങൾ/ അത്യാഹിതങ്ങൾ സംഭവിക്കുമ്പോൾ വിവരം ഉടനടി തഹസിൽദാരെയും ജില്ലാ കളക്ടറെയും അറിയിക്കുകയും അവരുടെ നിർദ്ദേശാനുസരണം അനുയോജ്യമായ ദുരിതാശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

17. വില്ലേജുതല ജനകീയ സമിതികൾ യഥാസമയം വിളിച്ചുചേർക്കുകയും യോഗതീരുമാനങ്ങൾ നിയമാനുസൃതം നടപ്പിലാക്കുന്നതിന് ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക.

18. ഇ-ഡിസ്ട്രിക്ട്, ഇന്റഗ്രേറ്റഡ് ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ഭൂരേഖ) എന്നീ ഓൺലൈൻ സംവിധാനങ്ങൾ രേഖകൾ/സാക്ഷ്യപത്രങ്ങൾ അംഗീകരിക്കുകയും ഇ-പേമെന്റ് സംവിധാനത്തിൽ ചെലാനുകൾ തയ്യാറാക്കുകയും ചെയ്യുക.

19. ലാൻഡ് റവന്യൂ രജിസ്റ്ററുകളും അക്കൗണ്ടുകളും തയ്യാറാക്കുക, മുതൽ-പിരിവ്-ബാക്കി പത്രികകൾ തയ്യാറാക്കുക, ഫീൽഡ് ജോലികൾ നിർവ്വഹിക്കുക എന്നിവയിൽ വില്ലേജ് അസിസ്റ്റന്റ്, സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് അനുയോജ്യമായ രീതിയിൽ ജോലികൾ വീതിച്ചു നൽകുക.

20. കളക്ടറേറ്റ് പരിശോധനാ വിഭാഗം, താലൂക്ക് പരിശോധനാ വിഭാഗം, ജമാബന്തി ഓഫീസർ, നിയമപരമായി അധികാരപ്പെടുത്തപ്പെട്ട മറ്റ് പരിശോധനാ ഉദ്യോഗസ്ഥർ എന്നിവർ തയ്യാറാക്കി നൽകുന്ന പരിശോധനക്കുറിപ്പുകൾക്ക് ഉടനടി ന്യൂനതാപരിഹാര മറുപടികൾ തയ്യാറാക്കി നൽകുക.

(ബി) 1. കൈവശാവകാശ സർട്ടിഫിക്കറ്റ്

2. വരുമാന സർട്ടിഫിക്കറ്റ്

3. ലൊക്കേഷൻ സർട്ടിഫിക്കറ്റ്

4. വാല്യുവേഷൻ സർട്ടിഫിക്കറ്റ്

5. സോൾവൻസി സർട്ടിഫിക്കറ്റ്

6. പൊസഷൻ ആൻഡ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

7. ജാതി സർട്ടിഫിക്കറ്റ്

8. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്

9. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്

10. റസിഡൻസ് സർട്ടിഫിക്കറ്റ്

11. റിലേഷൻഷിപ്പ് സർട്ടിഫിക്കറ്റ്

12. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്

13. ഡൊമിസൈൽ സർട്ടിഫിക്കറ്റ്

14. ലൈഫ് സർട്ടിഫിക്കറ്റ്
15. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
16. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്
17. ആശ്രിത സർട്ടിഫിക്കറ്റ്
18. ഡെസ്റ്റിറ്റ്യൂട്ട് സർട്ടിഫിക്കറ്റ്
19. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ്
20. വൺ ആൻഡ് സെയിം സർട്ടിഫിക്കറ്റ്
21. പുനർവിവാഹം ചെയ്തിട്ടില്ലെന്ന സർട്ടിഫിക്കറ്റ്

(സി) ഉണ്ട്. വില്ലേജ് ഓഫീസുകളിൽ ഐ.ടി. സംബന്ധമായ സപ്പോർട്ടാണ് ഐ.ടി. സെൽ മുഖേന ചെയ്യുന്നത്. ഐ.ടി. സംബന്ധമായ പ്രാഥമിക സൗകര്യങ്ങൾ വില്ലേജ് ഓഫീസുകളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) സംസ്ഥാനത്ത് കെട്ടിടം പുതുക്കിപ്പണിയേണ്ടതും അറ്റകുറ്റപ്പണി ആവശ്യമുള്ളതും സ്ഥല സൗകര്യമില്ലാത്തതുമായ നിരവധി വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ നിലവിലുണ്ട്. അപ്രകാരമുള്ള കെട്ടിടങ്ങളുടെ നിലവിലെ അവസ്ഥ പരിഹരിക്കുന്നതിന് പ്ലാൻ സ്കീം പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലുണ്ടാകുന്ന ഒഴിവുവിവരം ജില്ലാ കളക്ടർമാർ റിപ്പോർട്ട് ചെയ്യുന്നതിനനുസരിച്ച് ആവശ്യമായ ജീവനക്കാരെ അനുവദിച്ചുവരുന്നുണ്ട്.

(ഇ) ചുവടെ ചേർത്തിരിക്കുന്ന പദ്ധതികളാണ് പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനങ്ങൾ ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിന്റെ ഐ.ടി. സെൽ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ.

1. <u>ഇ-ഡിസ്ട്രിക്ട്</u>

വില്ലേജ് ഓഫീസുകളിൽ നിന്നും പൊതുജനങ്ങൾക്ക് ആവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെ തന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി.

2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്-ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജുതലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. വിവിധ തലത്തിലുള്ള കളക്ടറേറ്റ്/താലൂക്ക്/വില്ലേജ് ഓഫീസ് ഉദ്യോഗസ്ഥർക്ക് ലോഗിൻ ചെയ്ത് ഏതൊരു കേസ്സിന്റെ വിവരവും വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാകുന്നു. ആധുനിക വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-ഓഫീസ്

ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെ നടപ്പിലാക്കി വരുന്ന ഒരു കടലാസ് രഹിത ഇലക്ട്രോണിക് ഫയൽ സിസ്റ്റമാണിത്. വിവിധ വിഭാഗത്തിലുള്ള സേവനങ്ങളെയും അതുമായി ബന്ധപ്പെട്ട ഫയലുകളുടെയും തൽസ്ഥിതി പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഇ-ഓഫീസ് സംവിധാനം മുഖേന മനസ്സിലാക്കാൻ കഴിയുന്നതാണ്. സമയബന്ധിതവും സുതാര്യവുമായ സേവനം റവന്യൂ ഓഫീസുകളിൽ നിന്ന് പൊതുസമൂഹത്തിന് ലഭ്യമാക്കുന്നതിനുവേണ്ടി ആധുനിക വിവരസാങ്കേതികവിദ്യ ഉപയുക്തമാക്കികൊണ്ടുള്ള മികച്ച സേവനം നൽകുന്നതിനുള്ള നടപടികളാണ് റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നത്.

(എഫ്) 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ റവന്യൂ വകുപ്പിലെ സമാന ശമ്പള സ്കെയിലിലുള്ളതും പരസ്പരം മാറാവുന്നതുമായ വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾ രണ്ടായി പരിഗണിച്ച് വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിലും റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾക്ക് 27,800-59,400 എന്ന സ്കെയിലും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തസ്തികകൾ വിഭജിച്ചുകൊണ്ട് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കാലതാമസം വരുമെന്നതിനാൽ പ്രസ്തുത വിഷയത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്ന വിഷയം സർക്കാർ റവന്യൂ (സി) വകുപ്പിൽ) പരിശോധിച്ചുവരുന്നു.

## വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തിക

212 (4536) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജ് തലത്തിൽ ഭൂമി സംബന്ധമായ പരാതികൾ കൂടി വരുന്ന സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്ത് ടോറൻസ് സമ്പ്രദായം നടപ്പാക്കിയപ്പോൾ ഉണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്ത് ഏതെല്ലാം വില്ലേജുകളിലാണ് ടോറൻസ് സമ്പ്രദായം നിലവിലുള്ളത്;

(ഡി) ഭാവിയിൽ ഉണ്ടാകാവുന്ന അതിർത്തിത്തർക്കം,കയ്യേറ്റം എന്നിവ ഒഴിവാക്കുവാനും സർവ്വേ റിക്കാർഡുകളുടെ കൃത്യതയും, സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടവും ഉണ്ടാകുന്നതിനാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടോറൻസ് സമ്പ്രദായം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 31-5-2010-ലെ സ.ഉ.(എംഎസ്.)200/10/റവന്യൂ ഉത്തരവ് പ്രകാരം LRM വിഭാഗത്തിലെ ജോലിഭാരത്തിനനുസരിച്ച് കൂടുതലായി ആവശ്യമായ ജീവനക്കാരെ റീസർവ്വെയിൽ നിന്നും താലൂക്കാഫീസുകളിലേയ്ക്ക് നിയോഗിച്ചു വരുന്നു. നിലവിൽ വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നുമെടുത്തിട്ടില്ല.

(ബി) സ്വകാര്യഭൂമി കൈമാറ്റം ചെയ്യുമ്പോൾ രജിസ്റ്റർ ചെയ്യുന്ന ആധാരത്തിനോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ റവന്യൂ റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തിയുള്ള സ്കെച്ച് കൂടി ഉൾപ്പെടുത്തി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതാണ് ടോറൻസ് സമ്പ്രദായം. ഇതിലേയ്ക്കായി ലൈസൻസ്ഡ് സർവ്വേയർമാർ തയ്യാറാക്കി നൽകുന്ന സ്കെച്ചുകൾ അംഗീകരിക്കുന്നതിനായി കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ കോട്ടയം, അങ്കമാലി SRO-യുടെ പരിധിയിൽ പ്രിൻസിപ്പൽ രജിസ്ട്രേഷൻ സബ് ഡിസ്ട്രിക്ട് സർവ്വേ ഓഫീസുകൾ പ്രവർത്തിക്കുന്നു.

ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരത്തിനോടൊപ്പം സ്കെച്ചുകൂടി ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കെച്ച് തയ്യാറാക്കുന്ന സമയംകൂടി ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ആവശ്യമായിവരുന്നു എന്നതൊഴിവാക്കിയാൽ ഭൂമി കൈമാറ്റം ചെയ്യുന്ന സമയം ആധാരത്തോടൊപ്പം അംഗീകരിച്ച സ്കെച്ചുകൂടി ചേർക്കുന്നതുമൂലം വിസ്തീർണ്ണത്തിലും കൈവശ അതിർത്തിയിലും കൂടുതൽ കൃത്യത വരികയും സർവ്വേ നമ്പർ തെറ്റായി ആധാരം രജിസ്റ്റർ ചെയ്യുന്ന സാഹചര്യം ഒഴിവാകുകയും ചെയ്യുന്നു. ഇതിലൂടെ ആധാരത്തിലെയും റവന്യൂ റിക്കാർഡുകളിലെയും വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പരാതികൾ പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതുമാണ്.

(സി) സംസ്ഥാനത്ത് കോട്ടയം സബ് രജിസ്ട്രാർ ഓഫീസിന് കീഴിൽ വരുന്ന കോട്ടയം, നാട്ടകം, അയ്മനം, വേളൂർ, കുമരകം, ചെങ്ങളം, തിരുവാർപ്പ് എന്നീ വില്ലേജുകളിലും അങ്കമാലി രജിസ്ട്രാർ ഓഫീസിന് കീഴിൽ വരുന്ന അങ്കമാലി, തുറവൂർ, മഞ്ഞപ്ര, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ എന്നീ വില്ലേജുകളിലുമാണ് ടോറൻസ് സമ്പ്രദായം നിലവിലുള്ളത്.

(ഡി) ടോറൻസോ, സമാനമായ സമ്പ്രദായമോ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്.

**തണ്ണീർത്തട നിയമമനുസരിച്ചുള്ള ഡേറ്റാ ബാങ്ക് വിജ്ഞാപനം**

213 (4537) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളിൽ ഡേറ്റാബാങ്ക് വിജ്ഞാപനം ചെയ്തിട്ടില്ല എന്ന് വ്യക്തമാക്കാമോ; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രാദേശിക നിരീക്ഷണ സമിതികളുടെ അധികാരം തണ്ണീർത്തട നിയമമനുസരിച്ച് വ്യക്തമാക്കാമോ; ഇവ വെറും റിപ്പോർട്ടിംഗ് ഏജൻസികൾ മാത്രമാണോയെന്ന് വ്യക്തമാക്കാമോ;

(സി) തണ്ണീർത്തട നിയമമനുസരിച്ച് സ്വകാര്യ സംരംഭകരും പൊതു ഗണത്തിൽ വരുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തടങ്ങൾ നിലവിലുള്ള, 1047 കൃഷി ഭവൻ പ്രദേശങ്ങളിൽ, 817 കൃഷി ഭവൻ പ്രദേശങ്ങളുടെ ഡേറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 198 കൃഷിഭവൻ പ്രദേശങ്ങളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കി ഉപഗ്രഹ ചിത്രം മുഖേനയുള്ള പരിശോധനയ്ക്കായി KSREC-യെ എൽപ്പിച്ചിട്ടുണ്ട്. ഡേറ്റാ ബാങ്ക് വിജ്ഞാപനം ചെയ്തിട്ടില്ലാത്ത പഞ്ചായത്തുകളുടെ ജില്ല തിരിച്ചുള്ള വിവരം ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008-ലെ വകുപ്പ് 5, ഉപവകുപ്പ് (3) പ്രകാരം പ്രാദേശിക നിരീക്ഷണ സമിതിയുടെ അധികാരങ്ങൾ ചുവടെ ചേർക്കുന്നു :

i) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി, നെൽവയലിന്റെ ഉടമസ്ഥർക്ക് വീട് വയ്ക്കുന്നതിനു വേണ്ടി, നെൽവയൽ രൂപാന്തരപ്പെടുത്തുന്നതിന്, ജില്ലാതല അധികൃത സമിതിക്ക് ശിപാർശ നൽകുക. അത് പൊതു ആവശ്യത്തിനാണെങ്കിൽ സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് നൽകുക.

എന്നാൽ നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുന്നതിനുവേണ്ടി, അതത് സംഗതിപോലെ പഞ്ചായത്തിൽ പത്തും മുനിസിപ്പാലിറ്റി/കോർപ്പറേഷനിൽ അഞ്ചും സെന്റിൽ കൂടുതൽ നെൽവയൽ നികത്തുന്നതിന് സമിതി ശിപാർശ ചെയ്യാൻ പാടുള്ളതല്ല.

ii) ഈ ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് നിരീക്ഷിക്കു ന്നതിനായി, സമിതിക്ക് അധികാരിതയുള്ള പ്രദേശത്തെ നെൽവയലുകൾ സന്ദർശി ക്കുകയും ആക്ടിലെ വ്യവസ്ഥകളുടെ ലംഘനം ഏതെങ്കിലുമുണ്ടെങ്കിൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് റിപ്പോർട്ട് നൽകുകയും ചെയ്യുക.

iii) ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നതിന് ശ്രമങ്ങൾ നടക്കുന്നത് സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും ലഭിക്കുന്ന പരാതികൾ പരിശോധിക്കുകയും അപ്രകാരമുള്ള ലംഘനം തടയുന്നതിനായി ആ പ്രശ്നത്തിൽ ഇടപെടുകയും ചെയ്യുക.

iv) നെൽവയൽ തരിശിട്ടിരിക്കുന്നതിന്റെ കാരണം സംബന്ധിച്ച് അന്വേഷണം നടത്തുകയും നെൽവയലിന്റെ അനുഭവക്കാരന് നെല്ലോ ഏതെങ്കിലും ഇടക്കാലവിളയോ കൃഷി ചെയ്യുന്നതിന് പ്രേരണ നൽകുന്ന രീതിയിൽ ഉചിതമായ പരിഹാര നടപടി നിർദ്ദേശിക്കുകയും ചെയ്യുക.

(സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ "പൊതു ആവശ്യം" എന്നാൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ, നിയമപ്രകാരം രൂപീക രിച്ചിട്ടുള്ള നികായങ്ങൾ എന്നിവ നേരിട്ട് നടത്തുന്നതോ സാമ്പത്തിക സഹായം നൽകുന്നതോ ആയ പദ്ധതികളുടെയും പ്രോജക്ടുകളുടെയും അല്ലെങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന മറ്റ് പദ്ധതികളുടെയും പ്രോജക്ടുകളുടെയും ആവശ്യം എന്നർത്ഥമാകുന്നു.

## കാസർഗോഡ് ജില്ലാ കളക്ടറേറ്റിലെ ഫയലുകളുടെ നിജസ്ഥിതി

214 (4538) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല എന്നാണ് നിലവിൽ വന്നതെന്നും ഇതുവരെ കാസർഗോഡ് ജില്ലയിൽ സേവനമനുഷ്ഠിച്ച കളക്ടർമാർ ആരൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ് കളക്ടറേറ്റിൽ എത്ര സെക്ഷനുകളുണ്ടെന്നും, ഓരോ സെക്ഷനിലും എത്ര ഫയലുകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ടെന്നും, എത്രകാലമായി പ്രസ്തുത ഫയലുകൾ തീർപ്പാകാതെയിരിക്കുന്നുവെന്നും അവ ഏത് വിഷയവുമായി ബന്ധപ്പെട്ട ഫയലുകളാണെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) 24-5-1984-ൽ കാസർഗോഡ് ജില്ല നിലവിൽ വന്നു. ഇതുവരെ കാസർഗോഡ് ജില്ലയിൽ സേവനമനുഷ്ഠിച്ച കളക്ടർമാരുടെ ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) കാസർഗോഡ് കളക്ടറേറ്റിൽ 17 സെക്ഷനുകളുണ്ട്. ടി സെക്ഷനുകളിൽ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് തീർപ്പാക്കാൻ ശേഷിക്കുന്ന ഫയലുകളുടെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.*

## കോഴിക്കോട് ജില്ലയിൽ പ്രളയകാല ധനസഹായം

215 (4539) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയം ബാധിച്ച് ദുരിതാശ്വാസ ക്യാമ്പുകളിൽ താമസി ക്കേണ്ടി വന്ന കോഴിക്കോട് ജില്ലയിൽ നിന്നുള്ള എത്ര പേർക്കാണ് 10,000 രൂപ വീതം ധനസഹായം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒന്നാം ഗഡു ലഭിച്ച എത്ര പേർക്ക് രണ്ടാം ഘട്ടത്തിൽ നൽകേണ്ട 6,200 രൂപ നൽകാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) തുക നൽകാൻ ബാക്കിയുള്ളവർക്ക് ആയത് എപ്പോൾ നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ 2018-ലെ പ്രളയവുമായി ബന്ധപ്പെട്ട് ആശ്വാസ ധനസഹായമായ 10,000 രൂപ 25223 ആളുകൾക്ക് അനുവദിച്ചിട്ടുണ്ട്.

(ബി&സി) 402 ആളുകൾക്ക് 6,200 രൂപ നൽകാൻ ബാക്കിയുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ഫണ്ട് അനുവദിക്കുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

**വില്ലേജുകളുടെ പുനഃസംഘടന/രൂപീകരണം**

216 (4540) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില്ലേജുകളുടെ പുനഃസംഘടന, പുതിയ വില്ലേജുകളുടെ രൂപീകരണം എന്നിവ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) വില്ലേജുകളുടെ പുനഃസംഘടനക്ക് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വില്ലേജുകളിലെ ശരാശരി ജനസംഖ്യ എത്രയെന്ന് അറിയിക്കാമോ;

(ഡി) വില്ലേജുകളുടെ പുനഃസംഘടനക്ക് വേണ്ടി ഏതെങ്കിലും കമ്മിറ്റിയെയോ കമ്മീഷനേയോ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നിലവിലുള്ള 99 ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ആയത് പരിശോധിക്കാവുന്നതാണെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) വിസ്തീർണ്ണം, ജനസംഖ്യ, ഓരോ പ്രദേശത്തിന്റെയും പിന്നോക്കാവസ്ഥ, സംസ്ഥാനത്ത് നിലനിൽക്കുന്ന പഞ്ചായത്ത് ത്രീ ടയർ സിസ്റ്റം, വികസന സാദ്ധ്യത, ജനങ്ങളുടെ യാത്രാസൗകര്യം, ഭൂപ്രകൃതിയനുസരിച്ചുള്ള അതിർത്തികൾ, ജനപ്രതിനിധികളുടെ ആവശ്യം, ഭരണപരമായ സൗകര്യം എന്നിവയാണ് വില്ലേജ് പുനഃസംഘടനയ്ക്ക് സ്വീകരിച്ചുവരുന്ന മാനദണ്ഡങ്ങൾ.

(സി) 2011-ലെ സെൻസസ് അടിസ്ഥാനമാക്കി വില്ലേജുകളുടെ ജനസംഖ്യ ശരാശരി 20000 എന്ന് കണക്കാക്കപ്പെടുന്നു.

(ഡി) വില്ലേജുകളുടെ പുനഃസംഘടനയ്ക്കുവേണ്ടി കമ്മിറ്റികളൊന്നുംതന്നെ നിയമിച്ചിട്ടില്ല.

**'മുന്നയ്ക്കൽ വീട്ടിൽ ദേവസ്യയുടെ അപേക്ഷ'**

217 (4541) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ പട്ടയം ലഭിക്കുവാനായി അപേക്ഷ സമർപ്പിച്ച ദേവസ്യ, മുന്നയ്ക്കൽ വീട്, മീനച്ചൽ താലൂക്ക്, കുറവിലങ്ങാട് വില്ലേജ്, മണ്ണയ്ക്കനാട് എന്നയാൾക്ക് പട്ടയം നൽകുവാനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയം ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസ് നിർത്തലാക്കിയതുമൂലം ഇപ്പോൾ ഈ അപേക്ഷ ഏത് ഓഫീസിലേയ്ക്കാണ് നൽകിയിരിക്കുന്നത്;

(സി) ടിയാന് എന്നത്തേയ്ക്ക് പട്ടയം നൽകുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) നിർത്തലാക്കിയ കോട്ടയം ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസീൽദാർ ആഫീസിനുപകരം എന്ത് സംവിധാനമാണ് പ്രസ്തുത ഓഫീസിൽ നൽകിയിരിക്കുന്ന അപേക്ഷകളിൽ സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രീ. ദേവസ്യ, മുന്നയ്ക്കൽ വീട് എന്നവർ കുറവിലങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 8-ൽ റീ സർവ്വെ നമ്പർ 407/4-ൽപ്പെട്ട 01.80 ആർ വസ്തുവിന് എൽ.റ്റി. പട്ടയം ലഭിക്കുന്നതിന് അപേക്ഷ നൽകിയിട്ടുള്ളതും ടി അപേക്ഷയിൽ വില്ലേജ് ഓഫീസർ മുഖാന്തരം അന്വേഷണം നടത്തി റിപ്പോർട്ടും സ്കെച്ചും നൽകിയിട്ടുള്ളതുമാണ്. ഇതുപ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിന് കക്ഷിയെ 3-7-2019-ൽ 11.30 A.M-ന് കോട്ടയം ജില്ലാ കളക്ടർ ഹിയറിംഗിന് വിളിച്ചിട്ടുള്ളതുമാണ്.

(ബി) കോട്ടയം ലാൻഡ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസ് നിർത്തലാക്കിയതുമൂലം ശ്രീ. ദേവസ്യയുടെ അപേക്ഷ മീനച്ചിൽ തഹസിൽദാർക്കാണ് നൽകിയിരിക്കുന്നത്.

(സി) അപേക്ഷകന്റെ പട്ടയ അപേക്ഷയിൽ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നു. അപേക്ഷകൻ ഹാജരാക്കുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ടിയാന് നിയമാനുസൃത അർഹതയുള്ളപക്ഷം ലാന്റ് ട്രൈബ്യൂണൽ പ്രസ്തുത കേസ്സിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. എതിർ കക്ഷികൾ എതിർവാദവുമായി രംഗപ്രവേശം ചെയ്താൽ അതിനനുസരിച്ച് കേസ് നീണ്ടുപോകും.

(ഡി) കോട്ടയം ലാന്റ് ട്രൈബ്യൂണൽ സ്പെഷ്യൽ തഹസിൽദാർ ഓഫീസ് നിർത്തലാക്കിയതിനെത്തുടർന്ന് ടി ഓഫീസിലെ ഫയലുകൾ മീനച്ചിൽ തഹസിൽദാർക്ക് കൈമാറിയിട്ടുള്ളതും ടി അപേക്ഷകളിൽ മീനച്ചിൽ തഹസിൽദാർ ആവശ്യമായ തുടർനടപടി സ്വീകരിച്ചുവരുന്നു.

## വില്ലേജുകളിലെ റീസർവ്വേ നടപടികൾ

218 (4542) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനനത്തെ എത്ര വില്ലേജുകളിൽ റീസർവ്വേ നടപടികൾ പൂർത്തിയായെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ജില്ല, താലൂക്ക് തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് തങ്ങളുടെ പേരിലും മാതാപിതാക്കളുടെ പേരിലുമുള്ള ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ അറിയുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയാൽ സഹായകമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(സി) റീസർവ്വേ പ്രകാരമുള്ള വിവരങ്ങൾ പൊതുജനങ്ങൾക്ക് അറിയുന്നതിന് ഓൺലൈൻ സംവിധാനം നിലവിലുണ്ടോ; ഇല്ലെങ്കിൽ ഓൺലൈൻ സംവിധാനം നടപ്പിലാക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 906 വില്ലേജുകളുടെ റീ-സർവ്വേ പൂർത്തിയാക്കിയിട്ടുണ്ട്. ആയതിന്റെ ജില്ല, താലൂക്ക് തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) നിലവിൽ റവന്യൂ വകുപ്പിന്റെ ഇ-പേമെന്റ് പോർട്ടലായ www.revenue.kerala.gov.in എന്ന വെബ്സൈറ്റിൽ ഭൂവിവരങ്ങൾ അറിയുന്നതിനും നികുതി ഓൺലൈനായി അടവാക്കുന്നതിനുമുള്ള സൗകര്യം സംസ്ഥാനത്താകെയുള്ള 1664 വില്ലേജുകളിൽ 1649 വില്ലേജുകളിൽ ലഭ്യമാണ്. കൂടാതെ റീ-സർവ്വേ പൂർത്തിയായ കാലയളവിലെ മാപ്പുകൾ സ്കാൻ ചെയ്ത് http://erekha.kerala.gov.in/ എന്ന വെബ്പോർട്ടലിൽ നൽകിവരുന്നു. പൊതുജനങ്ങൾക്ക് ഇത് സൗജന്യമായി കാണുന്നതിനും ആവശ്യാനുസരണം ഓൺലൈൻ മുഖേന പണമടച്ച് കൈപ്പറ്റുന്നതിനുമുള്ള സംവിധാനം നിലവിലുണ്ട്.

(സി)റീ-സർവ്വേ പൂർത്തിയായ കാലയളവിലെ മാപ്പുകൾ സ്കാൻ ചെയ്ത് http://erekha.kerala.gov.in/ എന്ന വെബ് പോർട്ടലിൽ നൽകിയിട്ടുണ്ടെങ്കിലും നാളിതീകരിച്ച മാപ്പുകൾ ഓൺലൈൻ സംവിധാനത്തിലൂടെ നൽകുന്നതിനുള്ള സംവിധാനം നിലവിൽ ഇല്ലാത്തതാണ്. സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വേ റിക്കാർഡുകൾ തയ്യാറാക്കിയാൽ മാത്രമേ ഇപ്രകാരം നാളിതീകരിച്ച മാപ്പുകൾ ഓൺലൈൻ സംവിധാനത്തിൽ നൽകുന്നതിന് സാധിക്കുകയുള്ളൂ. ഇതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

**പാട്ടക്കുടിശ്ശിക**

219 (4543) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാട്ടത്തുക അടയ്ക്കാത്ത സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചുപിടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) വയനാട് ജില്ലയിൽ പാട്ടക്കുടിശ്ശിക ലഭിക്കാനുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപ എന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇത്തരം ഭൂമികൾ തിരിച്ചുപിടിക്കുന്നതിനായി നിയമാനുസൃത നോട്ടീസ് നൽകി കക്ഷിയെ നേരിൽ കേൾക്കുന്നതിനും പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും പാട്ടക്കുടിശ്ശിക ഒടുക്കുവരുത്താൻ വിസമ്മതിക്കുന്നപക്ഷം പാട്ടഭൂമി തിരിച്ചെടുക്കുന്നതിനുള്ള വിശദമായ ശിപാർശ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പാട്ടക്കുടിശ്ശികയില്ല.

## വില്ലേജ് ഓഫീസുകളിൽ ഔദ്യോഗിക വാഹനം

220 (4544) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജോഫീസുകളിൽ ഫീൽഡ് പരിശോധന നടത്തുന്നതിന് ഔദ്യോഗിക വാഹനം ലഭ്യമാണോ; ഇല്ലെങ്കിൽ ഏത് രീതിയിലാണ് ഓഫീസർമാർ വില്ലേജിന്റെ അതിർത്തിയിലെ മുഴുവൻ സ്ഥലങ്ങളിലും നേരിട്ട് അന്വേഷണം നടത്തുന്നത്; ഇതിനുണ്ടാകുന്ന ചെലവുകൾ ഏതെങ്കിലും രീതിയിൽ നൽകുന്നുണ്ടോ;

(ബി) മതിയായ ഔദ്യോഗിക വാഹനങ്ങൾ ലഭ്യമല്ലാത്തതിനാൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കേണ്ടി വരുന്ന സാഹചര്യത്തിൽ അപേക്ഷകർ ഉദ്യോഗസ്ഥരുടെ യാത്രാസൗകര്യം ഒരുക്കി നൽകേണ്ടി വരുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് സഹായിക്കുന്ന സാഹചര്യം സർക്കാർ ഒരുക്കി നൽകാത്തത് ഉദ്യോഗസ്ഥരെ അഴിമതിക്കാരാക്കുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ഔദ്യോഗിക വാഹനം അനുവദിച്ച് നൽകിയിട്ടില്ല. എന്നാൽ ഒരു വില്ലേജിനുള്ളിലെ ആർ.ആർ. പിരിവ്, സ്ഥലം ഏറ്റെടുക്കൽ എന്നിങ്ങനെയുള്ള അടിയന്തര പ്രാധാന്യമുള്ള പരിശോധനകൾക്കായി സ്പെഷ്യൽ തഹസിൽദാർ ഓഫീസ്, താലൂക്ക് ഓഫീസ്, കളക്ടറേറ്റ് എന്നിവിടങ്ങളിൽ ലഭ്യമായ വാഹനം ഉപയോഗിക്കാറുണ്ട്. വില്ലേജിന്റെ അതിർത്തിക്കുള്ളിലുള്ള സാധാരണ പരിശോധനകൾക്ക് വില്ലേജ് ഉദ്യോഗസ്ഥർ പൊതുഗതാഗത സംവിധാനങ്ങൾ ഉപയോഗിച്ചോ സ്വന്തം വാഹനങ്ങൾ ഉപയോഗിച്ചോ ആണ് പരിശോധന നടത്തുന്നത്. ഇതിനായി വില്ലേജ് ഓഫീസർക്ക് 170 രൂപ നിരക്കിലും സ്പെഷ്യൽ വില്ലേജ് ഓഫീസർ, വില്ലേജ് അസിസ്റ്റന്റ്, വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് എന്നിവർക്ക് 150 രൂപ നിരക്കിലും പ്രതിമാസം പി.സി.എ. നൽകുന്നുണ്ട്.

(ബി) ഔദ്യോഗിക വാഹനങ്ങൾ ലഭ്യമല്ലാത്ത സാഹചര്യത്തിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കുന്നതിന് ഉദ്യോഗസ്ഥർ പൊതുഗതാഗത സംവിധാനങ്ങളോ സ്വന്തം വാഹനമോ ഉപയോഗിച്ചുവരുന്നു. അപേക്ഷകർ ഒരുക്കി നൽകുന്ന യാത്രാസൗകര്യം ഉദ്യോഗസ്ഥർ ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

(സി) വാഹനം ലഭ്യമല്ലാത്തത് ജീവനക്കാരെ അഴിമതിക്കാരാക്കുന്നു എന്ന അഭിപ്രായം വസ്തുതാപരമായതല്ല.

## കാലവർഷക്കെടുതി കാരണം മരിച്ചവരുടെ എണ്ണം

221 (4545) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ പ്രളയകാലത്ത് കാലവർഷക്കെടുതി കാരണം എത്രപേർക്കാണ് ജീവൻ നഷ്ടമായതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ വീട് തകർന്ന് മരിച്ചവർ എത്രപേരാണ്; ഉരുൾപൊട്ടലിൽ മരിച്ചവർ എത്രപേരാണ്; ഡാം തുറന്നതുകാരണം വെള്ളത്തിൽ ഒലിച്ചു പോയി മരണപ്പെട്ടവർ എത്രയാണ്; വൈദ്യുതി ഷോക്കേറ്റ് മരിച്ചവരുടെ എണ്ണം എത്രയാണ് വ്യക്തമാക്കാമോ?

ഉത്തരം

(എ) 435 മനുഷ്യജീവനുകളാണ് സംസ്ഥാനത്ത് പ്രളയം കവർന്നെടുത്തത്.

(ബി) കഴിഞ്ഞ വർഷത്തെ കാലവർഷക്കെടുതിയിൽ വീട് തകർന്ന് 18 പേരും ഉരുൾപൊട്ടലിൽ 141 പേരും വൈദ്യുതി ഷോക്കേറ്റ് 14 പേരും മരിച്ചു. ഡാം തുറന്നതുകാരണം വെള്ളത്തിൽ ഒലിച്ചുപോയി ആരുംതന്നെ മരണപ്പെട്ടിട്ടില്ല.

## നവകേരള നിർമ്മാണവുമായി (റീബിൽഡ് കേരള) ബന്ധപ്പെട്ട് നടപ്പിലാക്കുന്ന പദ്ധതികൾ

222 (4546) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണവുമായി (റീബിൽഡ് കേരള) ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സ്വീകരിച്ച നടപടികളും ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കുമോ;

(ബി) നവകേരള നിർമ്മാണവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളും സ്വീകരിച്ച നടപടികളും ആലപ്പുഴ ജില്ലയിലെ വിവിധ താലൂക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കുമോ?

ഉത്തരം

(എ&ബി) നവകേരള നിർമ്മാണവുമായി (റീ-ബിൽഡ് കേരള) ബന്ധപ്പെട്ട് റവന്യൂ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നില്ല. 2018-ലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ പുനർനിർമ്മാണം

കാര്യക്ഷമവും സുതാര്യവുമായി നടത്തുന്നതിനുവേണ്ടി പൂർണ്ണമായും ഭാഗികമായും വീട് തകർന്ന ഗുണഭോക്താക്കളുടെ വിവരം റീ-ബിൽഡ് കേരള ആപ്ലിക്കേഷൻ മുഖാന്തിരം ഡിജിറ്റലായി ശേഖരിക്കുകയും ടി ഡാറ്റാബേസ് താലൂക്ക് വിഭാഗത്തിലേയ്ക്ക് കൈമാറുകയും താലൂക്ക് വിഭാഗങ്ങളിലെ ചാർജ് ഓഫീസർമാർ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിലെ സാങ്കേതിക വിദഗ്ധരുടെകൂടി ശിപാർശയുടെ അടിസ്ഥാനത്തിൽ അർഹരായവർക്ക് ധനസഹായം വിതരണം ചെയ്തിട്ടുണ്ട്.

പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് 'ഉജ്ജീവന വായ്പാ പദ്ധതി' എന്ന പേരിൽ പദ്ധതി രൂപീകരിക്കുകയും ആയതിലേയ്ക്കുള്ള ധനസഹായം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും നൽകി വരുന്നതുമാണ്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയും UNDP-യുടെ ധനസഹായവും ഉപയോഗിച്ച് പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ പൂർണ്ണമായും പ്രളയബാധിത ജില്ലകളിലും ദുരന്ത ബാധിതരായ പട്ടികവർഗ്ഗക്കാർ അധികമായി വസിക്കുന്ന പാലക്കാട് ജില്ലയിലും 2018-ലുണ്ടായ വെള്ളപ്പൊക്കത്തിലോ ഉരുൾപൊട്ടലിലോ വീട് പൂർണ്ണമായോ ഭാഗികമായോ (15% മുതൽ 74% വരെ) നാശനഷ്ടം സംഭവിച്ച കുടുംബങ്ങൾ ഉൾപ്പെടെ കാൻസർ രോഗികൾ, കിടപ്പുരോഗികൾ, മാനസിക പരിമിതരുമായ ഭിന്നശേഷിക്കാർ, മൈനർ കുട്ടികളുള്ള വിധവകൾ, കുടുംബനാഥകളായിട്ടുള്ള കുടുംബങ്ങൾ എന്നിവർക്ക് അധിക ധനസഹായം നൽകാൻ 'പ്രത്യുത്ഥാനം' എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## കരിഞ്ചോല മലയിലെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച അന്വേഷണം

223 (4547) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കരിഞ്ചോല മലയിൽ കഴിഞ്ഞവർഷം ഉരുൾ പൊട്ടി 14 പേർ മരിച്ച സംഭവത്തെ തുടർന്ന് അവിടത്തെ അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് അന്വേഷണം നടത്തുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഇത് സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത റിപ്പോർട്ടിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നതിന്റെ വിശദവിവരം നൽകുമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിൽപ്പെട്ട കരിഞ്ചോല മലയിൽ 14-6-2018-ന് ഉരുൾപൊട്ടി 14 പേർ മരണപ്പെടുകയുണ്ടായി. മേൽ സാഹചര്യത്തിൽ സംഭവസ്ഥലം പരിശോധിച്ച് സമഗ്ര അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കോഴിക്കോട് സബ് കളക്ടർ കൺവീനറും ജലവിഭവവികസന വിനിയോഗ കേന്ദ്രം ഡയറക്ടർ, ജില്ലാ ജിയോളജിസ്റ്റ്, ജില്ലാ മണ്ണ് പര്യവേക്ഷണ ഓഫീസർ, ഭൂഗർഭ ജലവകുപ്പ് ജില്ലാ ഓഫീസർ, ജില്ലാ നഗരാസൂത്രകൻ, റൂറൽ ജില്ലാ പോലീസ് സൂപ്രണ്ട്, ഹസാർഡ് അനലിസ്റ്റ് എന്നിവർ അംഗങ്ങളുമായ ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചിരുന്നു.

(ബി) ഉണ്ട്. മേൽ റിപ്പോർട്ട് പ്രകാരം അസാധാരണമായ കനത്ത മഴ, മുകളിൽ നിന്നും പാറ അടർന്നുവീഴൽ, കുത്തനെയുള്ള ചരിഞ്ഞ ഭൂപ്രകൃതി, കട്ടികുറഞ്ഞ മേൽമണ്ണും അതിലെ കളിമണ്ണിന്റെ സാന്നിദ്ധ്യവും വിള്ളലുള്ള പാറകൾ, കുന്നിൻ ചെരുവിലെ റോഡ് നിർമ്മാണം, ഭൂമി നിരപ്പാക്കൽ, സ്വാഭാവിക നീരൊഴുക്കിനുണ്ടായ തടസ്സം തുടങ്ങിയ വിവിധ കാരണങ്ങൾ ഉരുൾപൊട്ടലിന് ഹേതുവായിട്ടുണ്ട്. പരിശോധനാ സംഘത്തിന് തടയണയുടെയോ വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചറിന്റെയോ അവശിഷ്ടങ്ങൾ കാണാൻ സാധിച്ചിട്ടില്ലെന്നും ഉരുൾപൊട്ടലിന് മുമ്പ് ഇവ പ്രസ്തുത സ്ഥലത്ത് ഉണ്ടായിരുന്നോ എന്ന് ഉപഗ്രഹ ഡാറ്റ ലഭ്യമാണെങ്കിൽ അത് പരിശോധിച്ചാലേ മനസ്സിലാകുവെന്നും റിപ്പോർട്ട് ചെയ്യുകയും വിശദമായ അന്വേഷണത്തിനായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തുടങ്ങിയ ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്താവുന്നതാണെന്നും ശിപാർശ ചെയ്യുകയുമുണ്ടായി.

(സി)റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**ഭൂമി കയ്യേറ്റ കേസ്സുകൾ**

224 (4548) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ; ഇതിന്റെ ജില്ലകൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് 3460 എൽ.സി. കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

| | |
|---|---|
| തിരുവനന്തപുരം | 96 |
| കൊല്ലം | 157 |
| പത്തനംതിട്ട | 84 |
| ആലപ്പുഴ | 621 |
| കോട്ടയം | 28 |
| ഇടുക്കി | 161 |
| എറണാകുളം | 185 |
| തൃശ്ശൂർ | 846 |
| പാലക്കാട് | 775 |
| മലപ്പുറം | 19 |
| കോഴിക്കോട് | 68 |
| വയനാട് | 67 |
| കണ്ണൂർ | 206 |
| കാസർഗോഡ് | 147 |
| ആകെ | ** Expression is faulty ** |

**കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിന് നടപടി**

225 (4549) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാർ ദൗത്യ സമയത്ത് ചിന്നക്കനാലിൽ സർക്കാർ ഏറ്റെടുത്ത 70 ഏക്കർ സ്ഥലത്ത് നിന്നും 11.5 ഏക്കർ ഭൂമി റിയൽ എസ്റ്റേറ്റ് കമ്പനിയുടെ കൈവശം എത്തിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയോ; എങ്കിൽ പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ

യാണെന്ന് അറിയിക്കുമോ;

(സി) ഉടുമ്പൻചോല, ദേവികുളം താലൂക്കുകളിൽ സമാന രീതിയിലുള്ള ഭൂമി കയ്യേറ്റം നടന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ഭൂമി ഒഴിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ 31-5-2019- ലെ സ.ഉ. (കൈ) നമ്പർ 157/2019/റവ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിച്ചുവരുന്നതുമാണ്. കൂടാതെ ടി വിഷയത്തിൽ വീഴ്ചവരുത്തിയതായി കണ്ടെത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടിയും സ്വീകരിച്ചിട്ടുള്ളതാണ്.

(സി) ഉണ്ട്. ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## സർക്കാർ ഭൂമി കയ്യേറ്റ കേസ്സുകൾ

226 (4550) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെയായി വിവിധ സർക്കാർ ഭൂമി കയ്യേറ്റ കേസ്സുകളിലായി തീർപ്പ് കൽപ്പിച്ച് എത്ര അളവ് ഭൂമി തിരികെ പിടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കയ്യേറ്റ ഭൂമികൾ തിരികെ പിടിക്കുന്നതിന് കോടതികളിൽ നടന്നു വരുന്ന കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് ഏറ്റവും കൂടുതൽ കേസ്സുകൾ നടന്നു വരുന്ന ജില്ല ഏതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാരിന്റെ കാലത്ത് ഇതുവരെ കയ്യേറ്റം ഒഴിപ്പിച്ച് 221.4337 ഹെക്ടർ ഭൂമി തിരികെ പിടിച്ചിട്ടുണ്ട്.

(ബി) കയ്യേറ്റ ഭൂമികൾ തിരികെ പിടിക്കുന്നതിനെതിരെ കോടതികളിൽ നടന്നുവരുന്ന കേസ്സുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനുള്ള നടപടികൾ

ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡറുമായി ചേർന്ന് സമയബന്ധിതമായി സ്വീകരിച്ചു വരുന്നുണ്ട്.

(സി) സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച് ഏറ്റവും കൂടുതൽ കേസ്സുകൾ നിലവിലുള്ളത് തിരുവനന്തപുരം ജില്ലയിലാണ്.

## 'നാദാപുരം ചെക്യാട് അരീക്കരകുന്നിലെ പട്ടയ വിതരണം'

227 (4551) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ ചെക്യാട് അരീക്കരകുന്നിലെ 160-ഓളം വരുന്ന താമസക്കാരുടെ പട്ടയ വിതരണത്തിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇനി എന്തൊക്കെ നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടതുണ്ട്;

(സി) പ്രസ്തുത ഭൂമിയിൽ ഇപ്പോൾ എന്തെങ്കിലും സ്റ്റേ ഉത്തരവ് നില നിൽക്കുന്നുണ്ടോ;

(ഡി) പട്ടയ വിതരണം എന്ന് സാധ്യമാകുമെന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ വടകര താലൂക്കിൽ ചെക്യാട് വില്ലേജിൽ 274.33 ഏക്കർ മിച്ചഭൂമി ഏറ്റെടുത്തതിനെതിരെ ഭൂവുടമയും മിച്ചഭൂമി കേസ്സിൽ ഉൾപ്പെട്ടവരും ഹൈക്കോടതിയിൽ ഫയൽ ചെയ്ത കേസ്സുകളിൽ ഉത്തരവ് പുനഃപരിശോധിക്കാൻ ഹൈക്കോടതി ഉത്തരവിട്ടതിൻപ്രകാരം വടകര താലൂക്ക് ലാൻഡ് ബോർഡ് ബന്ധപ്പെട്ട കക്ഷികളെ വിചാരണ ചെയ്തുവരികയാണ്.

(ബി) ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള വടകര താലൂക്ക് ലാൻഡ് ബോർഡിന്റെ വിചാരണ പൂർത്തിയാകേണ്ടതുണ്ട്.

(സി) നിലവിൽ സ്റ്റേ ഉത്തരവുകൾ ഒന്നുംതന്നെയില്ല.

(ഡി) ഹൈക്കോടതി ഉത്തരവ് പ്രകാരമുള്ള വടകര താലൂക്ക് ലാൻഡ് ബോർഡിന്റെ വിചാരണ പൂർത്തിയാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## തൃശ്ശൂർ ജില്ലയിലെ വനഭൂമി പട്ടയപ്രശ്നം

228 (4552) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ വനഭൂമി പട്ടയപ്രശ്നം പരിഹരിക്കുന്നതിനായി 16-1-2019-ന് റവന്യൂ വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) 1977-നു മുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക്, സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസ്സുകളിൽ, 1993-ലെ പ്രത്യേക ഭൂമിപതിവ് ചട്ടം 6,7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുന്നതിന് നടപടി എടുക്കാൻ തീരുമാനിച്ചിട്ടുണ്ടോ; തീരുമാനിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ എന്തെല്ലാം;

(സി) വനഭൂമി പട്ടയവിതരണത്തിന് തടസ്സമായി നിലനിൽക്കുന്ന ഏതെങ്കിലും സർക്കാർ ഉത്തരവുണ്ടെങ്കിൽ അത് ഭേദഗതി ചെയ്ത് പുതിയ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ) 1-1-1977-നുമുമ്പ് വനഭൂമി കയ്യേറി കൈവശം വച്ചിരിക്കുന്നവർക്ക് ആയത് പതിച്ചുകൊടുക്കുന്നതിനുവേണ്ടി ഭൂമിക്ക് exemption ലഭിക്കുന്നതിനായാണ് വനം-റവന്യൂ വകുപ്പുകളുടെ സംയുക്ത പരിശോധന നടത്തി ഭൂമി ഐഡന്റിഫൈ ചെയ്ത് കേന്ദ്രാനുമതി ലഭ്യമാക്കിയിട്ടുള്ളത്. അപ്രകാരം സംയുക്ത പരിശോധന നടത്തിയതും കേന്ദ്രസർക്കാരിന്റെ അനുമതി ലഭിച്ചിട്ടുള്ളതുമായ ഭൂമിക്ക് സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസുകളിൽ 1993-ലെ പ്രത്യേക ഭൂമി പതിവ് (1-1-1977-നുമുമ്പ് വനഭൂമി കയ്യേറ്റം ക്രമീകരിക്കൽ) ചട്ടങ്ങളിലെ ചട്ടം 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് അർഹരായവർക്ക് പട്ടയം അനുവദിക്കുന്നതിന് അനുമതി നൽകി സർക്കാർ തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിനും കേന്ദ്രാനുമതി ലഭിച്ച കേസ്സുകളിൽ സംയുക്തപരിശോധന നടത്തിയ സമയത്ത് ഭൂമിയിൽ ഉണ്ടായിരുന്നതും ഇപ്പോൾ ടി ഭൂമിയിൽ ഇല്ലാത്തതുമായ മരങ്ങളുടെ വില ഒഴിവാക്കിയും ഇപ്പോൾ ഭൂമിയിൽ നിലനിൽക്കുന്ന മരങ്ങൾക്ക് നിലവിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മരവില നിർണ്ണയിച്ചുനൽകിയും പട്ടയം അനുവദിക്കുന്നതിനുള്ള അനുമതി നൽകാവുന്നതാണെന്ന വ്യവസ്ഥ ഉത്തരവിൽ ഉൾപ്പെടുത്താനും പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ ജില്ലകളിലെ സമാനമായ കേസ്സുകളിലും പ്രസ്തുത ഉത്തരവ് ബാധ്യമാക്കാനും വനഭൂമി പട്ടയ വിതരണത്തിന് ഇത്തരത്തിൽ നടപടി സ്വീകരിക്കുന്നതിന് തടസ്സമായി നിൽക്കുന്ന അധികാരികളുടെ ഏതെങ്കിലും ഉത്തരവുകൾ നിലനിൽക്കുന്നുവെങ്കിൽ ആയത്

റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കാനും 16-1-2019-ലെ യോഗത്തിൽ തീരുമാനിച്ചിരുന്നു.

(ബി & സി) 1977-നുമുമ്പ് വനഭൂമി കൈവശം വച്ചിരിക്കുന്നവർക്ക് സംയുക്ത പരിശോധനാ റിപ്പോർട്ട് ലഭ്യമല്ലാത്ത കേസ്സുകളിൽ 1993-ലെ പ്രത്യേക ഭൂമിപതിവ് ചട്ടം 6, 7 എന്നിവ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പട്ടയം അനുവദിക്കുന്നതിനും വനഭൂമി പട്ടയ വിതരണത്തിന് തടസ്സമായി നിലനിൽക്കുന്ന ഏതെങ്കിലും ഉത്തരവുകൾ നിലനിൽക്കുന്നുവെങ്കിൽ ആയത് റദ്ദാക്കിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്ന വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരുന്നതും ആയത് 19-6-2019-ലെ ഇനം 3098 നമ്പർ മന്ത്രിസഭായോഗ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്ന നടപടി അന്തിമഘട്ടത്തിലാണ്.

## നെയ്യാർ റിസർവോയറിന് സമീപം അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം

229 (4553) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിൽ നെയ്യാർ റിസർവോയറിന് സമീപം അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കുന്നതിനായി സ്വീകരിച്ചുവന്ന നടപടികളുടെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ;

(ബി) അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്ന ആൾക്കാർക്ക് പട്ടയം ലഭിക്കാത്തതിനാൽ വസ്തു ക്രയവിക്രയം നടത്താനോ ലോണെടുക്കാനോ കഴിയാത്ത സ്ഥിതി പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ;

(സി) തടസ്സങ്ങൾ മാറ്റി അഞ്ചുചങ്ങല പ്രദേശവാസികൾക്ക് സ്ഥിര പട്ടയം ലഭ്യമാക്കി നൽകുന്നതിനുള്ള നടപടികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) അഞ്ചുചങ്ങല പ്രദേശത്ത് താമസിക്കുന്നവർക്ക് പട്ടയം ലഭ്യമാക്കു ന്നതുമായി ബന്ധപ്പെട്ട് 4-7-2018-ന് റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു മീറ്റിംഗ് കൂടുകയും പ്രസ്തുത മീറ്റിംഗിലെ തീരുമാനപ്രകാരം 8-8-2018-ന് റവന്യൂ-വനം-ജലവിഭവ വകുപ്പുകളുടെ ഒരു സംയുക്ത സ്ഥലപരിശോധന നടത്തുകയും പ്രസ്തുത സ്ഥലപരിശോധനയിൽ അഞ്ചുചങ്ങല പ്രദേശം ഉൾപ്പെട്ടുവരുന്ന ജലവിഭവ വകുപ്പിന്റെ കൈവശമുള്ള പ്രദേശം പൂർണ്ണമായും സർവ്വേ ചെയ്ത് ഡീമാർക്കേറ്റ്

ചെയ്യുമ്പോൾ മാത്രമേ MFL+1+10 പ്രകാരമുള്ള നിയന്ത്രിതമായ ഭൂമി സർവ്വേ ചെയ്യാൻ സാധിക്കുവെന്നും കണ്ടെത്തുകയും ചെയ്തിരുന്നു. പ്രസ്തുത സർവ്വേ നാളിതുവരെ തുടരാൻ സാധിച്ചിട്ടില്ല.

(ബി&സി) പ്രസ്തുത സർവ്വേ നടപടികൾ പൂർത്തീകരിച്ച്, സംരക്ഷിത പ്രദേശത്തെ താമസക്കാരെ ഒഴിപ്പിച്ച് ജലവിഭവ വകുപ്പിന്റെ അധീനതയിലുള്ളതും വകുപ്പിന്റെ ആവശ്യം കഴിഞ്ഞുവരുന്നതുമായ ഭൂമിയിൽ പുനരധിവസിപ്പിക്കുന്നതിന് 20-2-2019-ലെ സ.ഉ. (കൈ) 77/19/റവ. അനുസരിച്ച് ജലനിരപ്പിൽനിന്നും ഒരു മീറ്റർ ഉയരത്തിലും 10 മീറ്റർ നീളത്തിലുമുള്ള സ്ഥലം ഒഴികെയുള്ള ഭൂമി ഒഴിവാക്കി കൈവശക്കാർക്ക് 15 സെന്റുവരെ ഭൂമി പതിച്ചുനൽകുന്നതിനുമുള്ള നടപടി തിരുവനന്തപുരം ജില്ലാ കളക്ടർ അടിയന്തരമായി സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**പൊന്തൻപുഴ കൈവശഭൂമിക്ക് പട്ടയം**

230 (T*4554) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പേർക്ക് കൈവശഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് ജില്ലതിരിച്ച് വിശദമാക്കാമോ; പത്തനംതിട്ട, കോട്ടയം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന പൊന്തൻപുഴ വനത്തോട് ചേർന്നുകിടക്കുന്ന കൈവശക്കാരുടെ ഭൂമിക്ക് പട്ടയം നൽകുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) വനാതിർത്തി നിശ്ചയിച്ച ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് മൂന്ന് തലമുറ കഴിഞ്ഞിട്ടും പട്ടയം നൽകാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) റവന്യൂ മന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗം പട്ടയം നൽകാൻ തീരുമാനമെടുത്തിട്ടും ഇതേവരെ അത് നടപ്പാക്കാതിരിക്കാൻ കാരണം വ്യക്തമാക്കാമോ; വനമേഖലയോട് ചേർന്ന് ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ 1,06,446 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | പട്ടയത്തിന്റെ കണക്ക് |
|---|---|

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| (1) | (2) |
|---|---|
| തിരുവനന്തപുരം | 1,485 |
| കൊല്ലം | 1,153 |
| പത്തനംതിട്ട | 205 |
| ആലപ്പുഴ | 798 |
| (1) | (2) |
| കോട്ടയം | 550 |
| ഇടുക്കി | 20,419 |
| എറണാകുളം | 3,815 |
| തൃശ്ശൂർ | 30,123 |
| പാലക്കാട് | 11,648 |
| മലപ്പുറം | 17,989 |
| കോഴിക്കോട് | 6,963 |
| വയനാട് | 1,215 |
| കണ്ണൂർ | 4,024 |
| കാസർഗോഡ് | 6,057 |
| ആകെ | 1,06,446 |

പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ പെരിമ്പെട്ടി വില്ലേജിൽ പൊന്തൻപുഴ ഭൂമിയുമായി ബന്ധപ്പെട്ട് നാളിതുവരെ 625 അപേക്ഷകൾ പതിവിനായി ലഭിച്ചിട്ടുണ്ട്. 3-6-2019 മുതൽ വ്യക്തിഗത കൈവശങ്ങൾ അളന്നതിരിക്കുന്നതിനും മഹസർ തയ്യാറാക്കുന്നതിനുമായി ടീം രൂപീകരിച്ച് സർവ്വേ നടപടികൾ കൈക്കൊണ്ടുവരുന്നു. 18-6-2019-ാം തീയതി വരെ 110 കൈവശങ്ങൾ അളന്നതിരിച്ച് മഹസർ തയ്യാറാക്കിയിട്ടുണ്ട്.

കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് ഉൾക്കൊള്ളുന്നതും പൊന്തൻപുഴ വനഭൂമി ഉൾപ്പെട്ടുകിടക്കുന്നതുമായ പ്രദേശങ്ങൾക്ക് പട്ടയം നൽകുന്നതിനായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി ഭൂമി സംബന്ധിച്ച് സ്വകാര്യ വ്യക്തി ഉന്നയിച്ച എം.എസ്.എ.1/81 നമ്പർ കേസ് സ്വകാര്യ വ്യക്തികളുടെ പ്രമാണപരമായി അവകാശം അംഗീകരിച്ച് കൊടുത്തിട്ടുള്ളതിനാൽ ടി വിധിക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ

അപ്പീൽ സമർപ്പിച്ചിട്ടുള്ളതാണ്. ടി കേസിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ അന്തിമവിധി വന്നശേഷം മാത്രമേ ടി പ്രദേശങ്ങളിലെ ആളുകൾക്ക് പട്ടയം നൽകാൻ സാധിക്കുകയുള്ളൂ.

(ബി) ഉണ്ട്.

(സി) വനമേഖലയോട് ചേർന്ന ജണ്ടയ്ക്ക് പുറത്ത് താമസിക്കുന്നവർക്ക് പട്ടയം നൽകാൻ അടിയന്തരമായി നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിൽ മണിമല വില്ലേജിൽ ആലപ്ര പ്രദേശത്ത് ഉൾക്കൊള്ളുന്നതും പൊന്തൻപുഴ വനഭൂമി ഉൾപ്പെട്ടുകിടക്കുന്നതുമായ പ്രദേശങ്ങളുടെ വിഷയത്തിൽ എം.എസ്.എ. 1/181 നമ്പർ കേസ്സിന്റെ വിധിക്കെതിരായി കേരള സർക്കാരിനുവേണ്ടി വനം വകുപ്പ് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ചിരിക്കുന്ന അപ്പീൽ ഹർജിയുടെ അന്തിമ വിധിക്കുശേഷം മാത്രമേ പട്ടയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

## ആലുവ മണ്ഡലത്തിലെ കർഷകർക്കും കച്ചവടക്കാർക്കും നഷ്ടപരിഹാരം

231 (4555) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ പ്രളയം മൂലം ജീവനോപാധി തന്നെ നഷ്ടപ്പെട്ട കർഷകർക്കും കച്ചവടക്കാർക്കും നഷ്ടപരിഹാരം നൽകുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ റോഡ് പുറമ്പോക്കിലും മറ്റ് പുറമ്പോക്കു സ്ഥലങ്ങളിലും താമസിക്കുന്ന പ്രളയബാധിതർക്ക് പുതിയ ഭവനം നിർമ്മിച്ച് നൽകുവാൻ പ്രളയാനന്തര പദ്ധതിയിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയത്തിൽ മൃഗസംരക്ഷണ മേഖലയിലും ജീവനോപാധി നഷ്ടപ്പെട്ടവർക്കും സൂക്ഷ്മ-ചെറുകിട-ഇടത്തര വാണിജ്യ-വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലയിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് ഉജ്ജീവന പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആലുവ മണ്ഡലത്തിൽ പ്രളയംമൂലം വിളനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാര ഇനത്തിൽ നിലവിൽ 4,20,49,041 (നാല് കോടി ഇരുപത് ലക്ഷത്തി

നാൽപ്പത്തൊമ്പതിനായിരത്തി നാൽപ്പത്തിയൊന്ന് രൂപ മാത്രം) രൂപ വിതരണം ചെയ്തിട്ടുണ്ട്.

(ബി) ആലുവ താലൂക്കിൽ പുറമ്പോക്ക് ഭൂമിയിൽ നിർമ്മിച്ച 22 വീടുകൾ പ്രളയത്തിൽ തകർന്നിരുന്നു. ഇവരെ പുനരധിവസിപ്പിക്കുന്നതിന് താലൂക്ക് പരിധിയിൽ റവന്യൂ പുറമ്പോക്ക് സ്ഥലം കണ്ടെത്തിയിട്ടുള്ളതും പ്രസ്തുത സ്ഥലത്ത് താമസിക്കുന്നതിന് സമ്മതപത്രം ഹാജരാക്കുന്നവർക്ക് ഭവനം നിർമ്മിച്ചുനൽകുന്നതുമാണ്.

**ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡുകൾ**

232 (4556) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഫ്ലഡ് ഫണ്ടിൽ ഉൾപ്പെടുത്തിയ റോഡ് പ്രവൃത്തികളുടെ നിലവിലെ അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ; മലപ്പുറം ജില്ലാ കളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) മണ്ഡലത്തിൽ 2016-2017, 2017-2018, 2018-2019 എന്നീ വർഷങ്ങളിൽ അനുവദിച്ച റോഡുകളിൽ എത്രയെണ്ണം പൂർത്തിയാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; ഈ റോഡുകളുടെ നിർമ്മാണങ്ങൾ പൂർത്തിയാക്കുന്നതിന് കളക്ടർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നാണ് പ്രകൃതിക്ഷോഭത്തിൽ നാശം സംഭവിക്കുന്ന റോഡുകളുടെ അടിയന്തര പുനരുദ്ധാരണത്തിന് (for immediate repair of roads to restore traffic) ഭരണാനുമതിയും ഫണ്ടും അനുവദിക്കുന്നുണ്ട്. എന്നാൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും നിയോജകമണ്ഡലാടിസ്ഥാനത്തിൽ തുക അനുവദിക്കാറില്ല.

**പ്രളയദുരിതത്തിൽ പ്രാഥമിക ആശ്വാസ തുക ലഭിക്കാത്തവർ**

233 (4557) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പ്രളയദുരിതത്തിൽ പ്രാഥമിക ആശ്വാസ തുകയായ പതിനായിരം രൂപ ചെങ്ങന്നൂർ മണ്ഡലത്തിലെ ചിലർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ചികിത്സയിൽ ആയിരുന്നവരും ജോലി സംബന്ധമായി സ്ഥലത്തില്ലാത്തവരും എന്നാൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുമായ ഇവർക്കു കൂടി ഈ തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

പ്രളയദുരിതത്തിൽ പ്രാഥമിക ആശ്വാസ തുകയായ 10,000 രൂപ ചെങ്ങന്നൂർ മണ്ഡലത്തിലെ അർഹരായിട്ടുള്ളവർക്ക് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ചികിത്സയിലായിരുന്നവരും ജോലി സംബന്ധമായി സ്ഥലത്തില്ലാത്തവരുടെയും അപ്പീൽ അപേക്ഷകളിന്മേൽ നടപടി സ്വീകരിച്ചിട്ടുള്ളതാണ്.

## ആലപ്പുഴ ജില്ലയിലെ പ്രളയനാശനഷ്ടങ്ങൾ

234 (4558) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രളയവുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ആലപ്പുഴ ജില്ലയിൽ നടത്തിയ പ്രവർത്തനങ്ങൾ താലൂക്ക് തിരിച്ച് വിശദമാക്കാമോ;

(ബി) പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കിയ മാനദണ്ഡങ്ങൾ വിശദമാക്കുമോ;

(സി) പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കുന്നതിന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിരുന്നോ; എങ്കിൽ സമിതിയിൽ ഉൾപ്പെട്ടവർ ആരെല്ലാമാണ്; ആലപ്പുഴ ജില്ലയിലെ ഇതിന്റെ ചുമതലക്കാർ ആരൊക്കെയെന്ന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ഡി) നിലവിൽ പ്രളയദുരിതാശ്വാസം ലഭിക്കാത്തവർക്കും ലിസ്റ്റിൽ ഉൾപ്പെടാൻ അർഹരായവർക്കും സഹായം ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിൽ കാലവർഷത്തിന് മുന്നോടിയായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗങ്ങൾ കൂടുകയും താലൂക്ക് തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. ജില്ലയിലെ ആറ് താലൂക്കാഫീസുകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ തുറന്നിരുന്നതും ദിനംപ്രതിയുള്ള നാശനഷ്ട വിവരങ്ങൾ ജില്ലാ കളക്ടറേറ്റിലെ കൺട്രോൾ റൂമിലേയ്ക്ക് ലഭ്യമാക്കിയിരുന്നതുമാണ്. കാലവർഷത്തിന് മുന്നോടിയായി ദുരിതാശ്വാസ ക്യാമ്പുകളായി പ്രവർത്തിക്കേണ്ടുന്ന സ്ഥലങ്ങളും കെട്ടിടങ്ങളും താലൂക്ക് തലത്തിൽ കണ്ടെത്തിയിരുന്നതിനാൽ പ്രളയസമയത്ത് യഥാസമയം ദുരിതബാധിതരെ സുരക്ഷിതമായി മാറ്റിപാർപ്പിച്ചിട്ടുള്ളതുമാണ്. എല്ലാ

താലൂക്കുകളിലുംകൂടി 700 ക്യാമ്പുകളിലായി ഏകദേശം മൂന്നരലക്ഷത്തോളം ആളുകളെ മാറ്റിപാർപ്പിച്ചിരുന്നതുമാണ്. ക്യാമ്പിലേയ്ക്ക് അവശ്യംവേണ്ടുന്ന ഭക്ഷ്യ വസ്തുക്കൾ വില്ലേജാഫീസർമാരുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും മേൽനോട്ടത്തിൽ വിതരണം നടത്തിയിട്ടുള്ളതുമാണ്. സർക്കാർ പ്രഖ്യാപിച്ചിരുന്ന പ്രളയ ദുരിതാശ്വാസ ധനസഹായം സമയബന്ധിതമായി താലൂക്കുകൾ മുഖേന ദുരിതബാധിതകർക്ക് വിതരണം ചെയ്തിട്ടുള്ളതാണ്. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നും തിരികെ വീടുകളിലേയ്ക്ക് മടങ്ങിയവർക്ക് സർക്കാർ നിർദ്ദേശപ്രകാരമുള്ള കിറ്റുകൾ വിതരണം ചെയ്തിട്ടുള്ളതും ഭവനനാശം സംഭവിച്ച കേസ്സുകളിൽ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം വിതരണം ചെയ്തുവരുന്നതുമാണ്.

(ബി) സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ പ്രകാരമാണ് നാശനഷ്ടങ്ങൾ കണക്കാക്കുന്നത്. ദുരന്തത്തിൽ തകർന്നുപോയ വീടുകളുടെ പുനർനിർമ്മാണത്തിനുള്ള മിനിമം റിലീഫ് കോഡ് സംസ്ഥാന സർക്കാർ നിർണ്ണയിച്ചിട്ടുണ്ട്. നാശനഷ്ടത്തിന്റെ തോത് അനുസരിച്ച് 15%, 16-29%, 30-59%, 60-74%, 75 ശതമാനത്തിന് മേലെ എന്നിങ്ങനെ അഞ്ച് വിഭാഗമായി തിരിച്ച് ഓരോ വിഭാഗത്തിലും ധനസഹായ നിരക്കുകൾ യഥാക്രമം 10,000 രൂപ, 60,000 രൂപ, 1,25,000 രൂപ, 2,50,000 രൂപ, 4,00,000 രൂപ എന്നിങ്ങനെയാണ് നിശ്ചയിച്ചിട്ടുള്ളത്. സ്ഥലം നഷ്ടപ്പെട്ടവർക്ക് കേരളത്തിൽ സ്വന്തമായി സ്ഥലമില്ലെങ്കിലോ നിലവിലെ സ്ഥലം വീട് നിർമ്മാണത്തിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000 രൂപയോ പ്രമാണത്തിനുള്ള തുകയോ ഏതാണോ കുറവ് ആ തുക അനുവദിക്കാൻ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പൂർണ്ണമായി തകർന്നതോ 75 ശതമാനത്തി ലധികമോ തകർച്ച നേരിടുകയും വാസയോഗ്യമല്ലാതാവുകയും ചെയ്ത വീടുകളുടെ പുനർനിർമ്മാണത്തിന് നൽകുന്ന 4,00,000 രൂപയിൽ മലയോര മേഖലയിൽ 1,01,900 രൂപയും സമതലത്തിൽ 95,100 രൂപയുമാണ് കേന്ദ്ര സർക്കാർ നൽകുന്നത്. ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് നൽകുന്നത്.

(സി) പ്രളയ നാശനഷ്ടങ്ങൾ കണക്കാക്കുന്നതിന് താലൂക്ക്, വില്ലേജ് അടിസ്ഥാനത്തിൽ സമിതി രൂപീകരിച്ചിട്ടില്ലാത്തതാണ്. ജില്ലയിൽ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തിരമാണ് തിട്ടപ്പെടുത്തിയത്.

(ഡി) റീബിൽഡ് കേരളയുമായി ബന്ധപ്പെട്ടുള്ള 31-1-2019-നുമുമ്പ് ലഭിച്ച അർഹരായ അപ്പീൽ അപേക്ഷകൾ അപ്പീൽ കമ്മിറ്റി അനുവദിച്ചിട്ടുള്ളതും ധനസഹായ വിതരണ നടപടികളും സ്വീകരിച്ചുവരുന്നതുമാണ്. 2018-ലെ

പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 30-6-2019 വരെ ലഭിക്കുന്ന അപ്പീലുകൾ പരിഗണിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

**പ്രളയബാധിത പ്രദേശങ്ങളിലെ പുനരധിവാസ പ്രവർത്തനങ്ങൾ**

235 (4559) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയമുണ്ടായിട്ട് പത്ത് മാസം പിന്നിട്ടിട്ടും പുനരധിവാസ പ്രവർത്തനങ്ങൾ എങ്ങുമെത്തിയിട്ടില്ല എന്നത് വസ്തുതയാണോ ;

(ബി) പ്രളയത്തിൽ വീട് നഷ്ടപ്പെട്ട കുടുംബങ്ങൾ ഇപ്പോഴും ക്യാമ്പുകളിൽ കഴിയുന്നു എന്നത് വസ്തുതയാണോ; തൃശ്ശൂർ, ഇടുക്കി, വയനാട് ജില്ലകളിൽ ക്യാമ്പുകളിൽ കഴിഞ്ഞവരെ മാറ്റിപ്പാർപ്പിക്കാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രളയബാധിതർക്കുള്ള പതിനായിരം രൂപയുടെ ധനസഹായം ലഭ്യമാക്കുന്നതിന് രണ്ട് ദിവസം വീട് വെള്ളത്തിലായിരിക്കണം എന്ന മാനദണ്ഡം കുന്നിൻചെരുവിൽ വീടുകളുള്ള ഇടുക്കി, വയനാട് പോലുള്ള മലയോര ജില്ലകളിലെ ജനങ്ങളോടുള്ള കടുത്ത അനീതിയാണെന്ന ആക്ഷേപം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന്റെ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ) അല്ല.

(ബി) ഇടുക്കി, വയനാട് എന്നീ ജില്ലകൾ ഉൾപ്പെടെ പ്രളയത്തിൽ വീട് നഷ്ടപ്പെട്ട് ക്യാമ്പുകളിൽ കഴിഞ്ഞവരെ മാറ്റിപാർപ്പിക്കാൻ സാധിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ ക്യാമ്പുകളിൽ കഴിയുന്നവരെ മാറ്റിപാർപ്പിക്കുന്നതിനുള്ള നടപടികൾ തയ്യാറാക്കിയിട്ടുണ്ട്.

(സി) രണ്ട് ദിവസം അടുപ്പിച്ച് വീട്ടിൽ വെള്ളം കയറുകയോ വീടിന് 75 ശതമാനത്തിലധികം നാശനഷ്ടം നേരിടുകയോ വീട് പൂർണ്ണമായി തകർന്നുപോകുകയോ ചെയ്ത കുടുംബങ്ങൾക്ക് കേന്ദ്രമാനദണ്ഡപ്രകാരം 10,000 രൂപയുടെ അടിയന്തര ധനസഹായം അനുവദിച്ചിട്ടുള്ളതാണ്.

## ദുരന്തനിവാരണ പ്രവർത്തനങ്ങൾ

236 (4560) ശ്രീ. ആന്റണി ജോൺ:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുണ്ടായ പ്രളയം കനത്ത നാശനഷ്ടവും ദുരിതവും വരുത്തിയ സാഹചര്യത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ദുരന്ത പ്രതിരോധത്തിനുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ദുരന്ത പ്രതിരോധ പ്രവർത്തനങ്ങളിൽ കാര്യക്ഷമത കൈവരിക്കുന്നതിനായി അതാത് പ്രദേശങ്ങളിലെ ആളുകൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് ആപതാ മിത്ര എന്ന കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ദുരന്ത സാധ്യതകൾ സംബന്ധിച്ച് മുന്നറിയിപ്പുകൾ നൽകുന്നതിനുള്ള സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) പ്രളയ ദുരന്തത്തിന്റെ പാഠങ്ങൾകൂടി ഉൾക്കൊണ്ടുകൊണ്ട് ദുരന്ത സമയങ്ങളിൽ വിവര സംവേദനത്തിന് തടസ്സം നേരിടാതിരിക്കാൻ സംസ്ഥാനത്തെ എല്ലാ ജില്ലാ കളക്ടർമാർക്കും ഉപഗ്രഹ ഫോൺ (Satellite Phone) നൽകി.

- പ്രാദേശികമായി ദുരന്ത സാധ്യതയുടെ പ്രവചനം അതാത് ദുരന്തങ്ങൾ പ്രവചിക്കാൻ ദേശീയ ദുരന്ത നിവാരണ ആസൂത്രണ രേഖ പ്രകാരം നിർണ്ണയിക്കപ്പെട്ടിരിക്കുന്ന കേന്ദ്ര ഏജൻസികളിൽനിന്നും ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രദേശങ്ങളിൽ മാത്രമായി ചുരുക്കി എസ്.എം.എസ്. സന്ദേശങ്ങളായി നൽകാൻ Location Based Messaging System എന്ന സാങ്കേതികവിദ്യ നടപ്പാക്കാൻ നടപടി ആരംഭിച്ചു.

- സംസ്ഥാന, ജില്ലാ ദുരന്ത ലഘൂകരണ പദ്ധതികൾ പുതുക്കുന്ന നടപടികൾ ആരംഭിച്ചു.

- പ്രാദേശിക അടിസ്ഥാനത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ സഹായത്തോടെ മണ്ണിടിച്ചിൽ/ഉരുൾപൊട്ടൽ എന്നിവ ബാധിച്ച പ്രേദശങ്ങളിൽ മുമ്പ് വീടുണ്ടായിരുന്ന, നിലവിൽ വീട് നിർമ്മിക്കാൻ പാടില്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്ന പഠനം നടത്തി. ഇത്തരത്തിൽ നിലവിൽ 701 വീടുകൾ മാറ്റണമെന്ന് ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ അറിയിച്ചിട്ടുണ്ട്. അവരുടെ പഠനം തീർന്നിട്ടില്ല. ഇത്തരത്തിൽ മാറ്റണമെന്ന് ആവശ്യപ്പെട്ട വീടുകൾക്ക് സ്ഥലം വാങ്ങി വീടുവയ്ക്കാൻ 10 ലക്ഷം രൂപ നൽകുന്നതാണ്.

- ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെയും സംസ്ഥാന ദുരന്ത ലഘൂകരണ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉരുൾപൊട്ടൽ/മണ്ണിടിച്ചിൽ സാധ്യതാപ്രദേശ ഭൂപടത്തിന്റെയും വെളിച്ചത്തിൽ ഏതു തരം സ്ഥലങ്ങളിൽ വീട് വയ്ക്കാമെന്നത് സംബന്ധിച്ച ശാസ്ത്രീയ ഉപദേശം നൽകാൻ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ Deputy Director General, പരിസ്ഥിതി അവലോകന വിദഗ്ദ്ധ സമിതി അംഗം ശ്രീ. ജി. ശങ്കർ, ഐ.ആർ.റ്റി.സി. ഡയറക്ടർ ഡോ. ശ്രീകുമാർ, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി ഡോ. ശേഖർ എൽ. കുര്യാക്കോസ് എന്നിവരുടെ വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തി. ഇവരുടെ ആദ്യ ശിപാർശ പ്രകാരം മലയോര മേഖലയിൽ വീട് നിർമ്മിക്കുന്നതിന് പ്രത്യേകമായ പരിശോധന നടത്താൻ ജില്ലാ ജിയോളജിസ്റ്റ്, തദ്ദേശ സ്ഥാപന എഞ്ചിനീയർ എന്നിവർ പ്രത്യേക പരിശോധനാ ഫോറം സ്ഥലം പരിശോധിച്ച് തയ്യാറാക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

- ദുരന്തത്തെ സംബന്ധിച്ച് ഭാവിയിലേയ്ക്ക് വിവരങ്ങൾ നൽകാൻവേണ്ടി വെള്ളപ്പൊക്കം ബാധിച്ച എല്ലാ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലും പ്രളയത്തിൽ വെള്ളം കയറിയ ഉയരം അടയാളപ്പെടുത്താൻ ഉത്തരവിറക്കിയിട്ടുണ്ട്. വെള്ളപ്പൊക്കം ബാധിച്ച പ്രദേശങ്ങളുടെ കൃത്യമായ ഭൂപടം, വെള്ളപ്പൊക്കത്തിൽ വെള്ളം കയറിയ ഉയരം ഉൾപ്പെടെയുള്ള വിവരങ്ങൾ തയ്യാറാക്കാൻ സംസ്ഥാനത്തെ Centre for Water Resources Development and Management, Kerala Forest Research Insitute, M.G. University and Kerala State Remote Sensing and Environment Centre എന്നിവരെ ചുമതലപ്പെടുത്തി. പൊതുജനങ്ങൾക്ക് ഈ പ്രവർത്തനത്തിൽ പങ്കെടുക്കാൻ ഒരു മൊബൈൽ ആപ്പ് തയ്യാറാക്കി പ്രസിദ്ധീകരിച്ചു. ഇത്തരത്തിൽ ശേഖരിച്ച വിവരം കേന്ദ്ര ജല കമ്മീഷന് ആധികാരിക ഭൂപടം നിർമ്മിക്കാൻ നൽകി.

• United Nations Development Programme, United Environment Programme, SPHERE India എന്നിവരുടെ സഹകരണത്തോടെ സംസ്ഥാനത്തെ 7 ജില്ലകളിലും സംസ്ഥാന അതോറിറ്റിയിലും ദുരന്ത ലഘൂകരണ പ്രവർത്തനങ്ങൾക്ക് സഹായമേകാൻ അധിക സാങ്കേതിക വിദഗ്ധരെ ലഭ്യമാക്കി.

• സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി കാലവർഷ-തുലാവർഷ മുന്നൊരുക്ക, ദുരന്ത പ്രതികരണ മാർഗ്ഗരേഖ തയ്യാറാക്കി. ഈ മാർഗ്ഗരേഖയും സംസ്ഥാനത്ത് Incident Response System-വും താലൂക്കുതലം വരെ അംഗീകരിച്ചിട്ടുണ്ട്. മേൽ രേഖയിൽ ദുരന്ത സാഹചര്യം വിലയിരുത്താനും 30 വകുപ്പുകളും കേന്ദ്ര സേനകളും ദുരന്ത സാഹചര്യങ്ങൾ എങ്ങനെ നേരിടണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. 8 അദ്ധ്യായങ്ങളുള്ള കൈപ്പുസ്തകം മുൻ അനുഭവങ്ങളുടെയും പഠനങ്ങളുടെയും വെളിച്ചത്തിൽ തയ്യാറാക്കപ്പെട്ട മാർഗ്ഗനിർദ്ദേശ രൂപരേഖയാണ്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെയും മറ്റ് സ്വകാര്യ കാലാവസ്ഥ സംരംഭങ്ങളുടെയും 2019-ലെ മൺസൂൺ പ്രവചനത്തിന്റെ വിശകനത്തോടെ ആരംഭിക്കുന്ന കൈപ്പുസ്തകം, വിവിധ കാലാവസ്ഥാ മുന്നറിയിപ്പുകളും അവ മനസ്സിലാക്കേണ്ട രീതികളും കൈക്കൊള്ളേണ്ട നടപടികളും വിശദീകരിക്കുന്നു. അംഗീകൃത ദുരന്തങ്ങളേയും മഴക്കാലത്ത് സംസ്ഥാനത്ത് സാധ്യതയുള്ള ദുരന്തങ്ങളെയും പരിചയപ്പെടുത്തുന്ന കൈപ്പുസ്തകം സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം, ജില്ലാ ദുരന്ത നിവരാണ അതോറിറ്റി, ഡി.ഇ.ഒ.സി.-കൾ, കേന്ദ്ര ഏജൻസികൾ, രക്ഷാ സേനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവർ ദുരന്തങ്ങൾക്ക് മുന്നേയും ദുരന്ത സമയത്തും സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു.

(ബി) അതിനൂതന സാങ്കേതികവിദ്യ സംയോജിപ്പിച്ച് കേന്ദ്രീകൃതമായി ദുരന്ത സാധ്യത അപഗ്രഥനം സാധ്യമാക്കുന്ന വിവര സാങ്കേതികവിദ്യ സംസ്ഥാന അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രത്തിനുവേണ്ടി കെൽട്രോൺ മുഖേന നടപ്പാക്കിവരുന്നു. മേൽ സംവിധാനത്തിൽ വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, ഭൂമി കുലുക്കം, വരൾച്ച, സുനാമി, ഇടിമിന്നൽ എന്നിവ സംബന്ധിച്ച ദുരന്ത പ്രതികരണ നടപടിക്രമങ്ങളും മേൽനോട്ട സംവിധാനങ്ങളും ഒരുക്കിവരുന്നു. ജില്ലകളിൽ 100 ചതുരശ്ര അടി ഉള്ള ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രം നിലവിൽ ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം എന്നീ ജില്ലാ കളക്ടറേറ്റുകളിൽ സ്ഥാപിച്ചു. കൊല്ലം ജില്ലയിൽ നിർമ്മിച്ചുവരുന്നു. തൃശ്ശൂർ, പത്തനംതിട്ട ജില്ലകളിൽ ഈ വർഷം നിർമ്മിക്കും. ജില്ലകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാ അടിയന്തരഘട്ട കാര്യനിർവ്വഹണ കേന്ദ്രങ്ങൾ (DEOCs) നിലവിലുണ്ട്. ആയതിൽ റവന്യൂ, പോലീസ്, ഫയർ ഫോഴ്സ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർ

റൊട്ടേഷൻ വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. DEOC-യിൽ വാട്ട്സാപ്പ് സൗകര്യമുള്ള മൊബൈൽ നമ്പറിൽ ദുരന്ത നിവാരണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന നിർദ്ദേശങ്ങളും സന്ദേശങ്ങളും പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിശ്ചിത ഇടവേളകളിൽ ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും വിവിധ വകുപ്പുകൾ നടപ്പിലാക്കേണ്ടുന്ന അടിയന്തര നടപടികൾ സ്വീകരിക്കാൻ വകുപ്പുതല ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്യുന്നു. ജില്ലകളിലെ എല്ലാ ഡാമുകളിലും സമീപവാസികളായ ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകുന്നതിനായി അപകട സൈറണുകൾ സ്ഥാപിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെ ആളുകളെ അവശ്യഘട്ടത്തിൽ മാറ്റിപ്പാർപ്പിക്കുന്നതിനായി സുരക്ഷിത ക്യാമ്പുകൾ മുൻകൂട്ടി കണ്ടെത്തി അവയുടെ ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടുണ്ട്.

(സി) സാമൂഹികാധിഷ്ഠിത ദുരന്ത ലഘൂകരണം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സിവിൽ ഡിഫൻസ് സന്നദ്ധ പ്രവർത്തകരെ പരിശീലിപ്പിച്ച് വാർത്തെടുക്കുന്ന പ്രവർത്തനം സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, അഗ്നി സുരക്ഷാ വകുപ്പുമായി ചേർന്ന് ആരംഭിച്ചു. തൃശ്ശൂരിൽ അഗ്നി രക്ഷാ സേനയുടെ പരിശീലന കേന്ദ്രത്തിൽ കേന്ദ്ര സഹായത്തോടെ ആപതാ മിത്ര എന്ന പ്രോജക്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഏറ്റെടുത്തിട്ടുണ്ട്. ഈ പ്രോജക്ട് ഉപയോഗിച്ച് ആദ്യമായി കോട്ടയം ജില്ലയിൽ ഒരു സന്നദ്ധ സേന രൂപീകരിച്ചു. നിവലിൽ ഈ പ്രോജക്ടിൽ 200 സന്നദ്ധപ്രവർത്തകർക്ക് 12 ദിവസത്തെ പരിശീലനം നൽകി. ഇവരുടെ സേവനം ഗജ ചുഴലിക്കാറ്റിന്റെ ആഘാതം നേരിട്ട അരൂർ മണ്ഡലത്തിൽ ഉപയോഗപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഈ പരിശീലനം സിദ്ധിച്ചവർക്ക് പ്രത്യേക പ്രതികരണ കിറ്റുകളും സംസ്ഥാന അതോറിറ്റി നൽകും. ഇത്തരത്തിലുള്ള പ്രത്യേക പരിശീലനം സിദ്ധിച്ച 3000 സന്നദ്ധ പ്രവർത്തകരെ 2022-നുള്ളിൽ വാർത്തെടുക്കാനാണ് സംസ്ഥാന അതോറിറ്റി ശ്രമിക്കുന്നത്.

(ഡി) കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് കേന്ദ്ര ദുരന്ത ലഘൂകരണ പദ്ധതി പ്രകാരം കേന്ദ്ര കാലാവസ്ഥാ വകുപ്പിൽ നിക്ഷിപ്തമായ ചുമതലയായ സംസ്ഥാനത്തെ കാലാവസ്ഥ നിരീക്ഷണ സംവിധാനങ്ങൾ വർദ്ധിപ്പിക്കാനും മുന്നറിയിപ്പ് സംവിധാനങ്ങൾ മെച്ചപ്പെടുത്താനും 256 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിൽ 68 മാന്വൽ മഴമാപിനികളിൽ നിന്നും ദൈനംദിന വിവരം മാത്രമാണ് ലഭ്യമാകുന്നത്. കേന്ദ്ര കാലാവസ്ഥാ വകുപ്പിന് കേരളത്തിലുള്ള 15 ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളിൽ 7 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തിക്കുന്നത്. കേരളത്തിൽ ഒരു റഡാർകൂടി കോഴിക്കോട്, വയനാട് അതിർത്തിയിൽ സ്ഥാപിക്കണമെന്നും 35 സ്ഥലങ്ങളിൽ

ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികൾ സ്ഥാപിക്കണമെന്നും കേന്ദ്ര കാലാവസ്ഥാ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ 10 തീർത്ഥാടന/ടൂറിസ്റ്റ് കേന്ദ്രങ്ങളിലും ഓട്ടോമാറ്റിക് കാലാവസ്ഥാ മാപിനികളും ഡിസ്പ്ലേ ബോർഡും സ്ഥാപിക്കാൻ കേന്ദ്ര കാലാവസ്ഥാ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ISRO-യുമായി ചേർന്ന് ദൈനംദിന കാലാവസ്ഥാ പ്രവചനം കൂടുതൽ സൂക്ഷ്മമാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടലിൽ മത്സ്യത്തൊഴിലാളികൾക്ക് വിവിധ വിവരങ്ങൾ ലഭ്യമാക്കാൻ ആകാശവാണിയുടെ medium wave സംവിധാനം തുടർച്ചയായി പുനരാരംഭിക്കണമെന്ന് കേന്ദ്ര ദുരന്ത നിവാരണ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്.

## കൈപ്പമംഗലത്തെ കടലേറ്റം തടയാൻ നടപടി

237 (4561) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏറ്റവും വലിയ തീരദേശ മണ്ഡലങ്ങളിലൊന്നായ കൈപ്പമംഗലം മണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശങ്ങളിൽ നിരന്തരമായുണ്ടാകുന്ന കടൽ ക്ഷോഭവും കടലേറ്റവും മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടൽക്ഷോഭംമൂലം വീടുകൾ തകരുകയും ഇത്തരത്തിലുള്ള പ്രകൃതിദുരതത്തിന് വിധേയമാവുകയും ചെയ്ത എടവിലങ്ങ്,എറിയാട് എന്നീ പഞ്ചായത്തുകളിൽ, കഴിഞ്ഞ മൂന്ന് വർഷക്കാലം എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കിയിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഇപ്രകാരം നഷ്ടപ്പെട്ട എത്ര വീടുകൾക്ക് നഷ്ടപരിഹാരം നൽകി ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;ഭാഗികവും പൂർണ്ണവുമായി വീട് നഷ്ടപ്പെട്ടവർക്ക് വീട് ലഭ്യമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) ഈ ഭാഗത്ത് പ്രത്യേകമായുണ്ടാകുന്ന കടലേറ്റത്തെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കടൽക്ഷോഭംമൂലം വീടും സ്ഥലവും നഷ്ടപ്പെട്ട തൃശ്ശൂർ ജില്ലയിലെ എറിയാട് ഗ്രാമപഞ്ചായത്തിലെ 2 ഗുണഭോക്താക്കൾക്ക് അഭയം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകിയിട്ടുണ്ട്. കൈപ്പമംഗലം നിയോജക

മണ്ഡലത്തിൽ ലാന്റ് & ഹൗസ് 2017-18 പദ്ധതിയിൽ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്. ഇതിൽ 4 ഗുണഭോക്താക്കൾ ഓഖി ദുരന്തത്തിൽപ്പെട്ടവരാണ്. ഇതിനുപുറമെ ഹൗസിംഗ് 2017-18 എന്ന പദ്ധതിയിൽ 50 മീറ്റർ ദൂരപരിധിയിൽ താമസിക്കുന്നതും 200 മീറ്ററിന് വെളിയിൽ സ്വന്തമായി ഭൂമിയുള്ളതുമായ 4 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനുള്ള ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ കടൽക്ഷോഭംമൂലം നാശനഷ്ടം ഉണ്ടായിട്ടുള്ള വീടുകളുടെ പുനർനിർമ്മാണത്തിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും തുക അനുവദിച്ചിട്ടുണ്ട്. കടൽക്ഷോഭം ഉണ്ടാകുന്ന സമയങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ പ്രവർത്തിച്ചിരുന്നതും ക്യാമ്പിലുള്ളവർക്ക് എല്ലാവിധ സഹായങ്ങളും നൽകി വന്നിട്ടുള്ളതുമാണ്.

(സി) എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലായി പൂർണ്ണമായും തകർന്ന 15 വീടുകൾക്ക് ഫിഷറീസ് വകുപ്പ് മുഖേന ധനസഹായം നൽകിയിട്ടുണ്ട്. ഇത് കൂടാതെ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും പൂർണ്ണമായും വീട് നശിച്ച 442 കുടുംബങ്ങൾക്കായി 30,43,200 (മുപ്പത് ലക്ഷത്തി നാൽപ്പത്തിമൂവായിരത്തി ഇരുന്നൂറ് രൂപാ മാത്രം) രൂപയും ഭാഗിക നാശം സംഭവിച്ച 508 കുടുംബങ്ങൾക്ക് 19,54,245 (പത്തൊമ്പത് ലക്ഷത്തി അമ്പത്തിനാലായിരത്തി ഇരുന്നൂറ്റി നാൽപ്പത്തിയഞ്ച് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

(ഡി) ഇത്തരം പഠനങ്ങൾ നടത്താൻ കേരള സർക്കാരിന് നിലവിൽ ഒരു പഠന കേന്ദ്രമില്ല. മുമ്പ് ഭൗമശാസ്ത്ര പഠനകേന്ദ്രം (CESS) കേരള സർക്കാരിന്റെ നിയന്ത്രണത്തിലായിരുന്നപ്പോൾ ലോക നിലവാരത്തിൽ ഇത്തരം പഠനങ്ങൾ നടത്തി സർക്കാരിന് റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു. നിലവിൽ ഇത്തരം പഠനങ്ങൾക്കായി കേന്ദ്ര ഏജൻസികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. തീരപ്രദേശങ്ങളിലെ തീരദേശ വ്യതിയാനം (Littoral Drift)-കരയ്ക്ക് സമാന്തരമായുള്ള മണലിന്റെ തെക്കോട്ടും വടക്കോട്ടുമുള്ള സഞ്ചാരം), പുലിമുട്ടുകളുടെ സാധ്യത എന്നിവയെക്കുറിച്ചുള്ള മാത്തമാറ്റിക്കൽ മോഡൽ സ്റ്റഡി നടത്തുന്നതിനോടൊപ്പം റിമോർട്ട് സെൻസിംഗ് സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി തീരശോഷണത്തെപ്പറ്റിയുള്ള ഒരു പഠനത്തിന് പൂനെയിലുള്ള കേന്ദ്ര ഏജൻസിയായ CWPRS (Central Water and Power Research Station)-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരശോഷണത്തെപ്പറ്റിയുള്ള പഠനം പുരോഗമിച്ചുവരുന്നു. ഇതുകൂടാതെ തീരപ്രദേശങ്ങളിലുണ്ടാകുന്ന പ്രാദേശിക കടലാക്രമണത്തെ പ്രതിരോധിക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമുമ്പ്

ഐ.ഐ.റ്റി. ചെന്നൈ, CWPRS തുടങ്ങിയ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തി പഠനങ്ങൾ നടത്താറുണ്ട്.

## മലപ്പുറം ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചുള്ള പ്രവൃത്തികൾ

238 (4562) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ റിവർ മാനേജുമെന്റ് ഫണ്ട് എത്ര രൂപയാണുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ 2018-19 വർഷത്തിൽ റിവർ മാനേജുമെന്റ് ഫണ്ട് ഉപയോഗിച്ച് ചെലവഴിച്ച തുക, പ്രവൃത്തികൾ എന്നിവ മണ്ഡലം തിരിച്ച് അറിയിക്കാമോ;

(സി) വാഴക്കാട്, ചീക്കോട്, വാഴയൂർ ഗ്രാമപഞ്ചായത്തുകളിൽ ചാലിയാറിന്റെ കര ഇടിഞ്ഞ് ഭീഷണിയായിട്ടും അവ കെട്ടി സംരക്ഷിക്കുന്നതിന് വേണ്ടി റിവർമാനേജുമെന്റ് ഫണ്ട് ലഭ്യമല്ലാത്തതിന്റെ കാരണം അറിയിക്കാമോ;

(ഡി) വാഴക്കാട്, ചീക്കോട്, വാഴയൂർ പഞ്ചായത്തുകളിൽ ചാലിയാറിന്റെ തീരം കെട്ടി സംരക്ഷിക്കുന്നതിന് മറ്റേതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) മലപ്പുറം ജില്ലയിൽ ഇപ്പോൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ 1,60,47,953 രൂപയാണുള്ളത്.

(ബി) മലപ്പുറം ജില്ലയിൽ 2018-19 വർഷത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും യാതൊരു തുകയും ചെലവഴിച്ചിട്ടില്ല.

(സി) 1) ആർ.എം.എഫ്.- മലപ്പുറം ജില്ലയിലെ വാഴയൂർ ഗ്രാമപഞ്ചായത്തിലെ BL-6, R.S. No. 85/15 വാഴയൂർ വില്ലേജിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

2) വാഴക്കാട് ഗ്രാമപഞ്ചായത്തിൽ അഞ്ചാം വാർഡിൽ ആമക്കോടിൽ സർവ്വേ നമ്പർ 23/1-ൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - ആർ.എം.എഫ്. വിദഗ്ദ്ധ സമിതി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ട്. സംസ്ഥാന ഉന്നതതല സമിതിയുടെ പരിശോധനയ്ക്കുശേഷം ഭരണാനു

മതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി) 1) SDRF 2019 - മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 9 വീട് നമ്പർ 205 സി-ക്ക് സമീപം (ചാലിയാർ പുഴയുടെ ഇടതുകരയിൽ) കേട്ടുവന്ന ബണ്ടിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ - 15 ലക്ഷം രൂപ.

2) SDRF 2019-മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 5 മണന്തല കടവിൽ (ചാലിയാർ പുഴയുടെ ഇടതുകരയിൽ) കേട്ടുവന്ന ബണ്ടിന്റെ അടിയന്തര അറ്റകുറ്റപ്പണികൾ - 18 ലക്ഷം രൂപ എന്നീ പ്രവൃത്തികൾ SDRF-ൽ ടെണ്ടർ ചെയ്തിട്ടുണ്ട്.

3) NC 2018-എഫ്.സി.-മലപ്പുറം ജില്ലയിലെ വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് 5 റീസർവ്വൈേ നമ്പർ 24/2-3, 23/4 ആമക്കോട് ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം - 30 ലക്ഷം രൂപ എന്ന പ്രവൃത്തി പുരോഗതിയിലാണ്.

4) എഫ്.സി. - മലപ്പുറം വാഴക്കാട് ഗ്രാമപഞ്ചായത്തിൽ വാർഡ് - 9 - BL -19, RS. No. 419/1, 419/19 വെട്ടത്തൂർ തെയ്യമ്പാടിയിൽ ചാലിയാർ പുഴയുടെ ഇടതുകര സംരക്ഷണം-28 ലക്ഷം രൂപ എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

## കോതമംഗലം മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ

239 (4563) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ നിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിലായി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികൾ അംഗീകരിച്ചിട്ടുണ്ടെന്നും ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽനിന്നും 2016-17, 2017-18, 2018-19 എന്നീ സാമ്പത്തിക വർഷങ്ങളിലായി റിവർ മാനേജ്മെന്റ് ഫണ്ടിൽ പ്രവൃത്തികൾ

ഒന്നുംതന്നെ ഉൾപ്പെടുത്തിയിട്ടില്ല.

(ബി & സി) ബാധകമല്ല.

**നെടുമങ്ങാട് മണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട് പ്രവൃത്തികൾ**

240 (4564) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെടുമങ്ങാട് നിയോജക മണ്ഡലത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർവ്വഹിക്കുന്ന യാതൊരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

**കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ റിവർ മാനേജ്മെന്റ് ഫണ്ട്**

241 (4565) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ 2017-18, 2018-19 വർഷങ്ങളിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയ പദ്ധതികൾ ഏതെല്ലാം വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രയെണ്ണത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) നിലവിൽ ആർ.എം.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എന്തെല്ലാം പ്രവൃത്തികളാണ് ആർ.എം.എഫ്. ഉൾപ്പെടുത്തുന്നത്; വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ പദ്ധതികളൊന്നും ഉൾപ്പെടുത്തിയിട്ടില്ല. 2018-19 വർഷത്തിൽ "കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ ചെങ്ങടക്കടവിൽ ഭാരതപ്പുഴയുടെ സംരക്ഷണഭിത്തി നിർമ്മാണം" എന്ന പ്രവൃത്തിയും "പൊൻമള ഗ്രാമ പഞ്ചായ

ത്തിൽ രണ്ടാം വാർഡ് തേമ്പറമ്പ് വടക്കേകുണ്ടിൽ ഭാഗത്ത് -കടലുണ്ടിപ്പുഴയുടെ ഇടതുകര സംരക്ഷണഭിത്തി നിർമ്മാണം" എന്ന പ്രവൃത്തിയും റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി സ്ഥലങ്ങൾ ആർ.എം.എഫ്. വിദഗ്ദ്ധ സമിതി അംഗങ്ങൾ സന്ദർശിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) ഭരണാനുമതി നൽകിയിട്ടില്ല.

(സി) നിലവിൽ റിവർ മാനേജ്മെന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ പുതുക്കി നിശ്ചയിച്ചിട്ടില്ല. നദീതട സംരക്ഷണവുമായി ബന്ധപ്പെട്ട പ്രവൃത്തികളാണ് ആർ.എം.എഫ്.-ൽ ഉൾപ്പെടുത്തുന്നത്.

**മുണ്ടൂർ - പുറ്റേക്കര റോഡ് വികസനത്തിനുള്ള സ്ഥലമേറ്റെടുപ്പ്**

242 (4566) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ - പുറ്റേക്കര റോഡ് വികസനത്തിനുള്ള സ്ഥലം ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിന് ഭൂവുടമകൾക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള തുക സർക്കാർ അനുവദിച്ചിട്ടുണ്ടോ;

(സി) നിലവിലുള്ള സാഹചര്യത്തിൽ ഭൂമി ഏറ്റെടുക്കുന്ന നടപടികൾ എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ-സി) തൃശ്ശൂർ ജില്ലയിലെ തൃശ്ശൂർ - കുറ്റിപ്പുറം സംസ്ഥാന പാതയുടെ ഭാഗമായ മുണ്ടൂർ ജംഗ്ഷൻ മുതൽ പുറ്റേക്കര വരെയുള്ള റോഡ് നാലുവരിപ്പാതയാക്കുന്നതിന് അഞ്ഞൂർ വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 109.87 ആർ സ്ഥലമേറ്റെടുക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് സന്നദ്ധത അറിയിച്ചതിനാൽ 29-6-2017-ലെ എസ്.എൽ.ഇ.സി. യോഗം അനുമതി നൽകുകയും 14-9-2017-ലെ സ.ഉ.(സാധാ) 3932/17/റവ. പ്രകാരം ഡയറക്റ്റ്/നെഗോഷ്യേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിന് ഉത്തരവായിട്ടുള്ളതുമാണ്. സ്ഥലം ഏറ്റെടുക്കുന്നതിനാവശ്യമായി വരുന്നത് 28,78,19,200 രൂപയാണ്. ആയതിന്റെ കണ്ടിൻജൻസി ചാർജ്ജായ 50 ലക്ഷം രൂപ അനുവദിച്ചു നൽകാൻ അർത്ഥനാധികാരിയോട് ആവശ്യപ്പെട്ടിട്ടുള്ളതും

ആയത് നാളിതുവരെ ലഭ്യമായിട്ടില്ലാത്തതുമാണ്. അർത്ഥനാധികാരി ഫണ്ട് ലഭ്യമാക്കുന്ന മുറയ്ക്ക് നിലവിലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതാണ്.

## തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷൻ - പൂത്തോട്ട റോഡിന്റെ വികസനം

243 (4567) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരമുള്ള തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഇതിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഭൂമി ഏറ്റെടുക്കൽ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് പ്രത്യേക ഉദ്യോഗസ്ഥരുടെ ഒരു സംഘത്തെ നിയോഗിക്കുമോ ;

(ഡി) എന്നത്തേക്ക് ഭൂമി ഏറ്റെടുക്കൽ പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) കിഫ്ബി പദ്ധതി പ്രകാരമുള്ള തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിലെ എസ്.എൻ. ജംഗ്ഷൻ-പൂത്തോട്ട റോഡിന്റെ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനായുള്ള അർത്ഥന നാളിതുവരെ ലഭിച്ചിട്ടില്ല.

## കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് നടപടി

244 (4568) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.-എയുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് കണ്ണൂർ താലൂക്കിൽ, റീ.സ.2015 ൽപ്പെട്ട 74 സെന്റ് പുറമ്പോക്ക് ഭൂമിയിൽ കക്കാട് മിനി സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി റവന്യൂ വകുപ്പിൽ നിന്ന് ലഭിക്കുന്നതിനായി 26-10-2018-ൽ നൽകിയ അപേക്ഷയിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ബി) റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി 10-12-2018-ലെ 366/യു

3/2018 റവന്യൂ നമ്പർ കത്തിലൂടെ കണ്ണൂർ ജില്ലാ കളക്ടറോട് റിപ്പോർട്ട് സമർപ്പിക്കാൻ ആവശ്യപ്പെട്ടിരുന്നത് സമർപ്പിച്ചിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ വിഷയത്തിൽ കണ്ണൂർ ജില്ലാ കളക്ടറേറ്റിലുള്ള DC KNR/292/19/L4 നമ്പർ ഫയലിൽ അഞ്ച് മാസങ്ങൾക്ക് ശേഷവും സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കാത്തതിനുള്ള കാലതാമസത്തിന് കാരണം വ്യക്തമാക്കുമോ;

(ഡി) കണ്ണൂർ താലൂക്കിൽ ഈ വിഷയത്തിൽ നിലവിലുള്ള ഫയലിൽ പുഴാതി വില്ലേജ് ഓഫീസർ ഈ ഭൂമി കക്കാട് സ്റ്റേഡിയം നിർമ്മിക്കുന്നതിനായുള്ള ഉപയോഗാനുമതി റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കണ്ണൂർ താലൂക്കിൽ റീസർവ്വേ നമ്പർ 205-ൽപ്പെട്ട 74 സെന്റ് ഭൂമി നേരിട്ട് പരിശോധിച്ചതിലും വില്ലേജ് റിക്കാർഡുകളുമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ടി സ്ഥലം പുഴ പുറമ്പോക്കാണെന്നും ടി സ്ഥലത്ത് പുഴാതി സോണൽ ഓഫീസ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി മണ്ണ് നിക്ഷേപിച്ചിട്ടുള്ളതായും കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ടി സ്ഥലം ഇപ്പോൾ കക്കാട് പുഴ പുറമ്പോക്ക് കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ഭൂസംരക്ഷണ നിയമ പ്രകാരം അളന്ന് തിട്ടപ്പെടുത്തി അഡീഷണൽ തഹസിൽദാർ നോട്ടീസ് നൽകുകയും വിചാരണ നടത്തുകയും ചെയ്തിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പുഴയും പുറമ്പോക്ക് സ്ഥലങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിൽ വരുന്നതിനാൽ കയ്യേറ്റം ഒഴിപ്പിക്കാൻ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ടി വിഷയത്തിൽ കണ്ണൂർ ജില്ലാ കളക്ടറുടെ 20-6-2019-ലെ DCKNR/292/2019-L4 നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(സി) 2019 ലോക്സഭാ തെരഞ്ഞെടുപ്പിന്റെ ഭാഗമായി വില്ലേജ്/താലൂക്ക് ഓഫീസ് തലത്തിൽ സമയബന്ധിതമായി ചെയ്തുതീർക്കേണ്ടിയിരുന്ന ജോലികളിൽ ഏർപ്പെട്ടതിനാലാണ് റിപ്പോർട്ട് സമർപ്പിക്കാൻ കാലതാമസം വന്നിട്ടുള്ളതെന്ന വിവരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

(ഡി) ടി വിഷയത്തിൽ പ്രസ്തുത ഭൂമി കക്കാട് സ്റ്റേഡിയം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

നിർമ്മിക്കുന്നതിനായി ഉപയോഗാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് പൂഴാതി വില്ലേജ് ഓഫീസർ സമർപ്പിച്ച 18-6-2019-ലെ 171/2019 നമ്പർ കത്തിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

**കുമ്പളം - തേവര പാലം സ്ഥലമേറ്റെടുപ്പ്**

245 (4569) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) സമയബന്ധിതമായി ഈ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ & ബി) ഉണ്ട്. തൃപ്പൂണിത്തുറ നിയോജകമണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 31-10-2016-ലെ സ.ഉ. (സാധ) 1496/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും 14-1-2019-ൽ അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതിക്കായി സംയുക്ത സ്ഥല പരിശോധന നടത്തിയിട്ടുള്ളതും അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ചിൽ സർവ്വേ നമ്പർ രേഖപ്പെടുത്തി ഡീറ്റെയിൽഡ് സ്കെച്ച് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഡീറ്റെയിൽഡ് സ്കെച്ചും 5 ശതമാനം കണ്ടിജൻസി ചാർജ്ജും ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ. ആക്ട് 2013-ലെ മാനദണ്ഡങ്ങൾ ക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

**സർക്കാർ ഭൂമിയുടെ കയ്യേറ്റങ്ങൾ**

246 (4570) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമിയുടെ കയ്യേറ്റങ്ങൾ തടയുന്നതിന് കേരള ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിവരം ലഭ്യമാക്കുമോ;

(ബി) ഭൂമി കയ്യേറ്റം കണ്ടെത്തി തടയുന്നതിന് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ച മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത സെല്ലിന്റെ ഇടപെടൽ കാരണം എത്ര കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ സാധിച്ചു എന്നറിയിക്കുമോ;

(സി) കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിലായി ഹാരിസൺ മലയാളം പ്ലാന്റേഷൻ കമ്പനിയും അവരിൽ നിന്നും അനധികൃതമായി ഭൂമി വാങ്ങിയവരും കൈവശം വച്ചിരിക്കുന്ന 38000-ത്തിൽപ്പരം ഏക്കർ ഭൂമി തിരിച്ച് പിടിക്കുന്നതിന് സർക്കാർ സിവിൽ കേസ് ഫയൽ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ഹൈക്കോടതി വിധി വന്നിട്ട് ഒരു വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ അമാന്തമുണ്ടാകുന്നത് എന്തുകൊണ്ട്; വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഭൂമിയുടെ കരം സ്വീകരിക്കുവാൻ തീരുമാനിച്ചതിന്റെ സാഹചര്യമെന്താണെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) സർക്കാർ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിനായി 1957-ലെ കേരള ഭൂസംരക്ഷണ നിയമവും 1958-ലെ ചട്ടങ്ങളും പ്രകാരമുള്ള ഒഴിപ്പിക്കൽ നടപടികളും, 2009-ലെ കേരള ഭൂസംരക്ഷണ ഭേദഗതി നിമയം പ്രകാരമുള്ള ശിക്ഷാ നടപടികളും സ്വീകരിച്ചുവരുന്നു. കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ജില്ലാതലത്തിൽ മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് താലൂക്ക് സർവ്വേയറുടെ സഹായത്തോടെ അതാത് വകുപ്പിന്റെ കയ്യേറ്റം തടയാനുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ സർക്കാർ ഭൂമി കയ്യേറ്റം സംബന്ധിച്ച നടപടികളും മേൽനോട്ടത്തിനുമായി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലെ ജോയിന്റ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ മറ്റുമുള്ള ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ഒരു മോണിറ്ററിംഗ് സെൽ രൂപീകരിച്ചുകൊണ്ട് 10-9-2018-ലെ ജി.ഒ. (ആർ.ടി.) നമ്പർ 3778/2018/റവ. പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിനുപുറമെ സർക്കാർ ഭൂമിയുടെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഭൂസംരക്ഷണ ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഭൂമി കയ്യേറ്റം കണ്ടെത്തി തടയുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ രൂപീകരിച്ച മോണിറ്ററിംഗ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തിവരുന്നു. പ്രസ്തുത സെല്ലിന്റെ ഇടപെടൽ കാരണം ഒഴിപ്പിച്ച കയ്യേറ്റങ്ങളുടെ കണക്ക് ലാന്റ് റവന്യൂ കമ്മീഷണർ ലഭ്യമാക്കിയിട്ടില്ല.

(സി) 25-4-2013-ലെ ജി.ഒ. (എം.എസ്.) 161/2013/റവ. നമ്പർ ഉത്തരവ് പ്രകാരമാണ് 1957-ലെ കേരള ഭൂസംരക്ഷണ നിയമം പ്രകാരം ഭൂമി ഏറ്റെടുക്കാൻ ശ്രീ. എം. ജി. രാജമാണിക്യം ഐ.എ.എസ്.-നെ ചുമതലപ്പെടുത്തിയിരുന്നത്. ആദ്യഘട്ട നടപടിയെന്ന നിലയിൽ കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ഹാരിസൺ കമ്പനിയും അവരിൽനിന്നും ഭൂമി നേടിയവരും മറ്റു കയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 38.171 ഏക്കർ സർക്കാർ ഭൂമി ഏറ്റെടുക്കുന്നതിനായി സ്പെഷ്യൽ ഓഫീസർ നടപടി സ്വീകരിച്ചു. എന്നാൽ പ്രസ്തുത നടപടിയെ ചോദ്യം ചെയ്തുകൊണ്ട് ടി കമ്പനിയും മറ്റും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ വിവിധ റിട്ടുകൾ ഫയൽ ചെയ്തിരുന്നു. പ്രസ്തുത കേസ്സുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ച് 11-4-2018-ൽ വിധിന്യായം പുറപ്പെടുവിച്ചു. 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം ഭൂമിയുടെ ഉടമസ്ഥത നിശ്ചയിക്കാൻ സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ലെന്നും എന്നാൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിക്കുന്നതിനായി സിവിൽ കോടതിയെ സമീപിക്കാനും സർക്കാരിന് നിർദ്ദേശം നൽകി. ഈ വിധിന്യായത്തിനെതിരെ ഫയൽ ചെയ്ത എസ്.എൽ.പി.-കൾ ബഹുമാനപ്പെട്ട സുപ്രീംകോടതി തള്ളിയ സാഹചര്യത്തിൽ, ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശിച്ചപ്രകാരം സിവിൽ കേസ്സുകൾ ഫയൽ ചെയ്യാൻ 6-6-2019-ലെ ജി.ഒ.(എം.എസ്.) 172/2019/റവ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) 1957-ലെ കെ.എൽ.സി. നിയമപ്രകാരം സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ പ്രസ്തുത നിയമ നടപടികൾ അവസാനിക്കുന്നതുവരെ ഭൂനികുതി സ്വീകരിക്കുന്നത് വിലക്കിയിരുന്നതിനാൽ ധാരാളം റിട്ടുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്നു. ഇത്തരം കേസ്സുകളിൽ ഭൂനികുതി സ്വീകരിക്കുന്നത് ഉടമസ്ഥത സ്ഥാപിക്കൽ അല്ല എന്നും സർക്കാരിന്റെ ഭൂമി തിരിച്ചെടുക്കുന്നതിന് ഭൂനികുതി സ്വീകരിക്കുന്ന നടപടി തടസ്സമല്ലെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി ആവർത്തിച്ച് വ്യക്തമാക്കിയതിനാൽ 6-6-2019-ലെ സ.ഉ.(കൈ) 172/2019/റവ. നമ്പർ ഉത്തരവ് പ്രകാരം ഉടമസ്ഥാവകാശം സർക്കാർ ഫയൽ ചെയ്ത സിവിൽ കേസ്സുകളുടെ അന്തിമവിധിക്ക് വിധേയമായിരിക്കുമെന്ന വ്യവസ്ഥയോടെ ഭൂനികുതി സ്വീകരിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്.

**ഗുരുവായൂർ പോലീസ് സ്റ്റേഷന് ഭൂമി**

247 (4571) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ പോലീസ് സ്റ്റേഷന് ഭൂമി ലഭ്യമാക്കുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് പോലീസ് അധികാരികളിൽ നിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ & ബി) ഉണ്ട്. അപേക്ഷ ലഭിച്ചതിനെത്തുടർന്ന് ഗുരുവായൂർ പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിന് കുന്ദംകുളം താലൂക്കിൽ കണ്ടാണശ്ശേരി പഞ്ചായത്തിൽ ആളൂർ വില്ലേജ് സർവ്വേ 240/1-ൽ ഉൾപ്പെട്ട ഭൂമി സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കാൻ കുന്ദംകുളം തഹസിൽദാർക്ക് തൃശ്ശൂർ ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത ഭൂമി ബി.ടി.ആർ.-ൽ സ്കൂൾ കളിസ്ഥലം എന്ന രേഖപ്പെടുത്തിയതായും ടി സ്ഥലം വില്ലേജ് പുറമ്പോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തിയതായും തഹസിൽദാർ റിപ്പോർട്ട് ചെയ്തിരുന്നു. എന്നാൽ 5-12-2018, 24-12-2018 തീയതികളിലെ സെന്റ് തോമസ് ഫൊറോന പള്ളി വികാരിയുടെ അപേക്ഷകളിൽ കളിസ്ഥലമായി ഉപയോഗിച്ചുവരുന്ന ടി ഭൂമി പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വിട്ടുനൽകുന്നതിനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ W.P.(C) 42459/18, 77/19 നമ്പരുകളിലായി വ്യവഹാരം ഫയൽ ചെയ്തിട്ടുള്ളതും ആയതിലേയ്ക്കായി വിശദമായ കാര്യവിവരപത്രികയും എതിർ സത്യവാങ്മൂലവും കുന്ദംകുളം തഹസിൽദാർ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

**ബാലുശ്ശേരി മണ്ഡലത്തിൽ തകർന്ന ഗ്രാമീണ റോഡുകൾ**

248 (4572) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ഏതെല്ലാം ഗ്രാമീണ റോഡുകൾക്കാണ് 2018-19 വർഷത്തിൽ ഫണ്ട് അനുവദിച്ചിട്ടുള്ളത്;

(ബി) ഈ പ്രവൃത്തികൾ ഓരോന്നും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും റോഡുകളുടെ പുനരുദ്ധാരണത്തിനായി നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഫണ്ടോ ഭരണാനുമതിയോ അനുവദിക്കാറില്ല.

സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും കോഴിക്കോട് ജില്ലയിലെ പനങ്ങാട് ഗ്രാമപഞ്ചായത്തിലെ കറ്റോട് ആര്യൻകുന്നത്ത് താഴെ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കെ.എസ്.ഐ.ഡി.സി. എടന്നൂർ എം.എം. പറമ്പ് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 9 ലക്ഷം രൂപയുടെയും, അത്തോളി ഗ്രാമപഞ്ചായത്തിലെ ആലിൻചുവട്ടിൽ കുറുവാളൂർ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, ഉണ്ണികുളം ഗ്രാമപഞ്ചായത്തിലെ ചേപ്പാല പൈക്കാപ്പുറംകണ്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 രക്ഷം രൂപയുടെയും, നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ എ.പി. അച്ചുതൻ റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും നടുവണ്ണൂർ വാകയാട് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കായണ്ണ ഗ്രാമപഞ്ചായത്തിലെ ചെറുക്കാട് കോളനിമുക്ക് റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കല്ലാനോട് തടത്തിൽ താഴെ അങ്കണവാടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 8 ലക്ഷം രൂപയുടെയും, അത്തോളി ഗ്രാമപഞ്ചായത്തിലെ കോതങ്കൽ വടേരി മീത്തൽ കുറുമ്പാരുക്കണ്ടി റോഡ് പുനരുദ്ധാരണ പ്രവൃത്തിക്ക് 10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്.

ബാലുശ്ശേരി മണ്ഡലത്തിൽ വെള്ളപ്പൊക്കത്തിൽ തകർന്ന ഗ്രാമീണ റോഡുകളിൽ പലതിന്റെയും പുനർനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ അത്തോളി ഗ്രാമപഞ്ചായത്തിലെ അത്താണി ആനപാറ റോഡിന് മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽനിന്നും 5 ലക്ഷം രൂപയും, കൂരാച്ചുണ്ട് ഗ്രാമപഞ്ചായത്തിലെ കരിയാത്തൻപാറ-മീൻമുട്ടി റോഡിന് പ്ലാൻ ഫണ്ടിൽനിന്നും 5 ലക്ഷം രൂപയും പനങ്ങാട് ഗ്രാമപഞ്ചായത്തിലെ മങ്കയം ചെങ്കണ റോഡ് കൾവർട്ട് നിർമ്മാണത്തിന് 6,26,454 രൂപയുടെയും, തലയാട് ചീടിക്കുഴി റോഡ് അപ്രോച്ച് റോഡിന് 5,96,711 രൂപയും തനതുഫണ്ടിൽനിന്നും മെയിന്റനൻസ് ഗ്രാന്റ് (റോഡ്) ഫണ്ടിൽനിന്നും വകയിരുത്തിയിട്ടുണ്ട്.

(ബി) 2019-ലെ ലോക്സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനെത്തുടർന്ന് സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അനുവദിച്ച പ്രവൃത്തികൾക്ക് നിർവ്വഹണ അനുമതി നൽകാൻ

സാധിച്ചിട്ടില്ല.

തദ്ദേശസ്വയംഭരണ വകുപ്പുവഴി ഭരണാനുമതി നൽകിയിരുന്ന അത്തോളി, കൂരാച്ചുണ്ട്, പനങ്ങാട് ഗ്രാമപഞ്ചായത്തുകളിലെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

## പ്രളയംമൂലമുണ്ടായ നാശനഷ്ടങ്ങൾ

249 (4573) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലുവ മണ്ഡലത്തിൽ കഴിഞ്ഞ പ്രളയംമൂലം ഉണ്ടായ നാശനഷ്ടങ്ങൾക്ക് സഹായധനം ലഭിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് പറയാമോ;

(ബി) ഇതിൽ എത്രപേർക്ക് സഹായധനം അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) വീടുകൾ പൂർണ്ണമായോ ഭാഗികമായോ നശിച്ചതു സംബന്ധിച്ച അപേക്ഷകൾ എത്ര എണ്ണം ലഭിച്ചു;

(ഡി) ഇതിൽ എത്ര എണ്ണത്തിന് സഹായം നൽകി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

## മാനന്തവാടി മണ്ഡലത്തിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി

250 (4574) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മാനന്തവാടി മണ്ഡലത്തിൽ അനുവദിച്ച വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതികളുടെ മുഴുവൻ ഗവൺമെന്റ് ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ അനുവദിച്ച ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

ഉത്തരം

(എ&ബി) സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ദുരന്ത നിവാരണ/പ്രതികരണ പ്രവൃത്തികൾ അനുവദിക്കുന്നതിനോ ഫണ്ട് അനുവദിക്കുന്നതിനോ വ്യവസ്ഥയില്ല.

## പ്രളയാനന്തരം സർക്കാർ സ്വീകരിച്ച നടപടികൾ

251 (4575) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ പ്രളയവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ സുതാര്യവും എല്ലാ വിഭാഗം ജനങ്ങൾക്കും പ്രയോജന പ്രദവുമായിരുന്നു വെന്ന് വിലയിരുത്തുന്നുണ്ടോ;

(ബി) പ്രളയവുമായി ബന്ധപ്പെട്ട് നാശം സംഭവിച്ച വീടുകളുടെ ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം നടത്തിയതിൽവന്ന പാകപ്പിഴമൂലം വ്യാപക പരാതി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(സി) അടിയന്തര ധനസഹായമായ പതിനായിരം രൂപ പോലും ലഭിക്കാത്ത ആയിരങ്ങൾ ഇപ്പോഴും പരാതിയുമായി ഓഫീസുകളിൽ കയറി ഇറങ്ങുന്ന സ്ഥിതി വിശേഷം എപ്രകാരമാണ് ഉണ്ടായതെന്ന് അന്വേഷിച്ചിട്ടുണ്ടോ; വിശദവിവരം നല്കുമോ;

(ഡി) പ്രതിപക്ഷനേതാവ് വഴി സമർപ്പിക്കപ്പെട്ട പരാതികളിൽ സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2018-ലെ അതിരൂക്ഷമായ പ്രളയ ദുരന്തത്തിൽ നഷ്ടപ്പെട്ടതും കേടുപാടുകൾ സംഭവിച്ചതുമായ വീടുകളുടെ പുനർനിർമ്മാണത്തിനായി നാശ നഷ്ടങ്ങളുടെ ഡിജിറ്റൽ അടിസ്ഥാന വിവരശേഖരണം നടത്തി സർക്കാർ നിശ്ചയിച്ചിട്ടുള്ള നഷ്ടപരിഹാരം അനുവദിച്ചിട്ടുള്ളതാണ്. നഷ്ടപരിഹാരം അനുവദിക്കുന്ന വിഷയത്തിൽ തർക്കമുണ്ടായാൽ അപ്പീൽ നൽകുന്നതിനായി ജില്ലാ കളക്ടറെ അപ്പലേറ്റ് അതോറിറ്റിയായി നിയമിച്ചിട്ടുള്ളതും അപ്പീൽ സമർപ്പി ക്കുന്നതിനുള്ള അവസാന തീയതിയായി 2019 ജനുവരി 31 ആയി നിജപ്പെ ടുത്തിയിട്ടുള്ളതുമാണ്. എന്നാൽ 31-1-2019 എന്ന അവസാന തീയതിക്കുശേഷവും വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് വിവിധ ജില്ലകളിൽനിന്നും അപ്പീലുകൾ ലഭിച്ചിട്ടുള്ള സാഹചര്യം പരിശോധിച്ച് പ്രസ്തുത അപ്പീലുകൾ തീർപ്പാക്കുന്നതിനായി

21-6-2019-ലെ സ.ഉ.(എംഎസ്.) നമ്പർ 16/2019/ഡി.എം.ഡി. പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31-3-2019 വരെ ലഭിച്ച അപ്പീലുകൾ അംഗീകൃത നടപടിക്രമം അനുസരിച്ച് പരിശോധിക്കുകയും തീർപ്പാക്കുകയും അനുവദനീയമായി കാണുന്നെങ്കിൽ തുക നൽകി തീർപ്പാക്കാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 31-3-2019-നുശേഷം ലഭിച്ചിട്ടുള്ള അപ്പീലുകൾ ജില്ലാ കളക്ടർ തലത്തിൽ നേരിട്ട് ഒരു കമ്മിറ്റി രൂപീകരിച്ച് പരിശോധിക്കുകയും പ്രസ്തുത അപേക്ഷകളിൽ പ്രാഥമികമായി സത്യസന്ധമെന്ന് കാണുന്നവ മാത്രം തുടർ പരിശോധന നടത്തുകയും അംഗീകൃത നടപടിക്രമനുസരിച്ച് തീർപ്പാക്കുകയും അനുവദനീയമായി കാണുന്നെങ്കിൽ തുക നൽകി തീർപ്പാക്കാനും ജില്ലാ കളക്ടർമാർക്ക് അനുമതി നൽകിയിട്ടുണ്ട്. 2018-ലെ പ്രളയത്തിൽ തകർച്ച നേരിട്ട വീടുകളുടെ നാശനഷ്ടം സംബന്ധിച്ച് 30-6-2019 വരെ ലഭിക്കുന്ന അപ്പീലുകൾ പരിഗണിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. 6.92 ലക്ഷം കുടുംബങ്ങൾക്ക് 10,000 രൂപ വീതം നൽകിക്കഴിഞ്ഞു.

(ഡി) ഉണ്ട്. പ്രതിപക്ഷനേതാവ് നൽകിയതുൾപ്പെടെ പൂർണ്ണമായും തകർന്ന വീടുകൾ സംബന്ധിച്ച് 34768 അപ്പീലുകൾ ലഭിച്ചു. 34275 എണ്ണം തീർപ്പാക്കി. ഭാഗികമായി തകർന്ന വീടുകൾ സംബന്ധിച്ച് 102479 അപ്പീലുകൾ ലഭിച്ചു. 101878 എണ്ണം തീർപ്പാക്കി.

## കർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യം നൽകുന്നതിന് നടപടി

252 (4576) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച നിലമ്പൂർ താലൂക്കിൽ കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ പല കർഷകർക്കും അർഹമായ നഷ്ടപരിഹാരം ലഭിച്ചില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മണ്ണിടിച്ചിൽ കാരണം വീട്ടുകാരെ വില്ലേജ് അധികൃതർ ഒഴിപ്പിച്ചതിനാൽ വീട്ടിൽ ആൾതാമസം ഉണ്ടായിരുന്നില്ല എന്നു പറഞ്ഞ് ഗ്രേസി മാത്യു എന്ന കർഷകയ്ക്കും വീടിനെ കൃഷി ആവശ്യത്തിനുള്ള ഉപകരണങ്ങൾ ശേഖരിക്കുന്ന സ്റ്റോർ ആണെന്ന കാരണം പറഞ്ഞ് കെ.ജി.ജോസഫ് എന്ന കർഷകനും ആനുകൂല്യങ്ങൾ നിഷേധിച്ചിട്ടുണ്ടോ;

(സി) ഇത്തരം പരാതികൾ പ്രത്യേകം പരിശോധിച്ച് അർഹതപ്പെട്ട

ആനുകൂല്യം പ്രസ്തുത കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രളയത്തിൽ കൃഷിനാശം സംഭവിച്ചതിന് അപേക്ഷ സമർപ്പിച്ച കരുവാരക്കുണ്ട് ഗ്രാമപഞ്ചായത്തിലെ എല്ലാ കർഷകർക്കും അർഹമായ നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പ്രളയത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് അർഹമായ ആനുകൂല്യം അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഇടുക്കി താലൂക്കിന് സ്വന്തമായി ഓഫീസ് കെട്ടിടം**

253 (4577) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി ആരംഭിച്ച ഇടുക്കി താലൂക്കിന് സ്വന്തമായി ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇടുക്കി താലൂക്ക് ഓഫീസ് കെട്ടിടനിർമ്മാണത്തിന്, ജില്ലാ പഞ്ചായത്തിൽ നിന്നും സ്ഥലം അനുവദിച്ചിട്ടുണ്ടോ;

(സി) നിലവിൽ വാഴത്തോപ്പിൽ പ്രവർത്തിക്കുന്ന താലൂക്ക് ഓഫീസ് കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം ആരുടെ പേരിലാണ്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ-സി) ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 13-8-2015-ലെ ഐ.ഡി.പി. 545/14 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വാഴത്തോപ്പ് വഞ്ചിക്കവല ഭാഗത്ത് നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്ന 01:2181 ഹെക്ടർ സ്ഥലത്ത് ഇടുക്കി താലൂക്ക് ഓഫീസ് ഉൾപ്പെടെ പ്രവർത്തിപ്പിക്കുന്നതിന് ഇടുക്കി മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ അടിയന്തരമായി സമർപ്പിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ പൊതുമരാമത്ത് വകുപ്പിന് ഇടുക്കി ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ നിലവിൽ താലൂക്ക് ഓഫീസ് പ്രവർത്തിച്ചുവരുന്ന കെട്ടിടങ്ങളുടെ ഭൂമി സംബന്ധിച്ച് കെ.എസ്.ഇ.ബി. ലിമിറ്റഡും ഇടുക്കി ജില്ലാ പഞ്ചായത്തും തമ്മിൽ തർക്കം നിലവിലുള്ളതാണ്.

## ഗ്രൂപ്പ് വില്ലേജുകളുടെ വിഭജനം

254 (4578) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതുമൂലം പൊതുജനങ്ങൾക്ക് മികച്ച സേവനം വേഗത്തിലും കൃത്യമായും ലഭ്യമാകുമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ മൂന്നാം വാർഷികവുമായി ബന്ധപ്പെട്ട് ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ;

(സി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് എത്ര പുതിയ വില്ലേജ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്; ഉണ്ടെങ്കിൽ അവ ഉപയോഗ് ശൂന്യമായി നശിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കെട്ടിടം ലഭ്യമായ ഗ്രൂപ്പ് വില്ലേജുകളിൽ അടിയന്തരമായി ജീവനക്കാരെ നിയമിക്കുന്ന കാര്യം നാളിതുവരെ പരിഗണിക്കാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി-ഡി) 10 പുതിയ വില്ലേജ് കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുധനസ്ഥിതി മെച്ചപ്പെടുന്ന അവസരത്തിൽ ഗ്രൂപ്പുവില്ലേജുകൾ വിഭജിച്ച് പുതിയ വില്ലേജുകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

## വില്ലേജ് ഓഫീസുകൾക്ക് കെട്ടിടം

255 (4579) ശ്രീ. കെ. എൻ. എ ഖാദർ:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ശ്രീ. കെ. എം. ഷാജി:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെട്ടിടമില്ലാത്ത എല്ലാ വില്ലേജ് ഓഫീസുകൾക്കും കെട്ടിട സൗകര്യം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഓരോ സാമ്പത്തിക വർഷവും സ്മാർട്ട് റവന്യൂ ആഫീസ് പദ്ധതിക്കായുള്ള ബഡ്ജറ്റ് വിഹിതം അനുസരിച്ച് മുൻഗണനാക്രമത്തിലാണ് കെട്ടിട നിർമ്മാണ ത്തിന് ഫണ്ട് അനുവദിക്കുന്നത്.

**മുണ്ടക്കയം വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

256 (4580) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുണ്ടക്കയം വില്ലേജ് ഓഫീസിനായുള്ള കെട്ടിടനിർമ്മാണത്തിന്റെ പുരോഗതി വിശദീകരിക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തടസ്സം നിലവിലുണ്ടെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിൽ പ്രവർത്തിക്കുന്ന വില്ലേജ് ഓഫീസ് കെട്ടിടം പൂർണ്ണമായും പൊളിച്ചു നീക്കം ചെയ്തു പൊതുമരാമത്ത് വകുപ്പിന് തടസ്സരഹിത സ്ഥലം കൈമാറിയാൽ മാത്രമേ മുണ്ടക്കയം വില്ലേജ് ഓഫീസിനായുള്ള പുതിയ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂവെന്ന് പൊതുമരാമത്ത് കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്. ആയതിനാൽ വില്ലേജ് ഓഫീസ് പ്രവർത്തിക്കുന്നതിന് അനുയോജ്യമായ സ്വകാര്യ കെട്ടിടം ലഭ്യമാക്കി പഴയ കെട്ടിടം പൊളിച്ചുനീക്കി തടസ്സരഹിത സ്ഥലം പൊതുമരാമത്ത് വകുപ്പിന് അടിയന്തരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പയ്യന്നൂർ താലൂക്ക് ഓഫീസിന് വാഹനം**

257 (4581) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച പയ്യന്നൂർ താലൂക്കിൽ ഓഫീസ് പ്രവർത്തനങ്ങൾക്കായി വാഹനം അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ നടപടികൾ ഏത് വരെ ആയെന്ന് വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ പയ്യന്നൂർ താലൂക്കിൽ പുതിയ വാഹനം അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) തൽക്കാലം പരിഗണനയിലില്ല.

**കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് മിനി സിവിൽ സ്റ്റേഷൻ**

258 (4582) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് മിനിസിവിൽ സ്റ്റേഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച് നിലവിലുള്ള ഫയലിന്റെ അവസ്ഥ അറിയിക്കുമോ;

(ബി) മിനി സിവിൽ സ്റ്റേഷനുവേണ്ടി ഏതെങ്കിലും ഭൂമി കണ്ടെത്തിയിട്ടുണ്ടോ; കോട്ടയ്ക്കൽ നഗരസഭ ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിലേയ്ക്ക് അയച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കണമെന്നത് സംബന്ധിച്ച അപേക്ഷയിന്മേൽ പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മിനി സിവിൽ സ്റ്റേഷനുവേണ്ടി ഭൂമി കണ്ടെത്തിയിട്ടില്ല. കോട്ടയ്ക്കൽ നഗരസഭ ഇതുസംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) കോട്ടയ്ക്കൽ കേന്ദ്രീകരിച്ച് മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കണമെന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല.

**തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷൻ**

259 (4583) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മിനി സിവിൽ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങളുടെ

അപര്യാപ്തതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഇവിടെ ലിഫ്റ്റ് സ്ഥാപിക്കാത്തതുമൂലമുള്ള ബുദ്ധിമുട്ട് പരിഗണിച്ച് ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഏതെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഇ) പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ വരുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ തഹസിൽദാരുടെ ആവശ്യപ്രകാരം കിണർ ശുചീകരിക്കൽ നടപ്പിലാക്കിയിട്ടുണ്ട്. സബ് ട്രഷറി പുനരുദ്ധാരണം, എക്സൈസ് ഓഫീസ് നവീകരണം, ലാന്റ് ട്രൈബ്യൂണൽ ഓഫീസ് അറ്റകുറ്റപ്പണി എന്നിവ നടന്നുവരുന്നു.

(സി) ഉണ്ട്.

(ഡി) ലിഫ്റ്റ് സ്ഥാപിക്കുന്നതിന്റെ മുന്നോടിയായി സിവിൽ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. പൊതുമരാമത്ത് ഇലക്ട്രിക്കൽ വിഭാഗം നടത്തേണ്ട ജോലികൾ ഇനി നിർവ്വഹിക്കാനുണ്ട്.

(ഇ) മിനി സിവിൽ സ്റ്റേഷനിൽ വരുന്ന പൊതുജനങ്ങൾക്കും ജീവനക്കാർക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം ഫണ്ട് ലഭ്യതയനുസരിച്ച് പരിശോധിക്കാവുന്നതാണ്.

**വില്ലേജ് ഓഫീസുകളിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരുടെ വേതനം**

260 (4584) <u>ശ്രീ. മാത്യു റ്റി.തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് ഓഫീസുകളിൽ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി

ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവന്നിരുന്നവർക്ക് വേതനം ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തിരുവല്ല താലൂക്കിലെ വിവിധ വില്ലേജ് ഓഫീസുകളിൽ പ്രസ്തുത ജീവനക്കാർക്ക് കുടിശ്ശികയായിരിക്കുന്ന വേതനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല. വില്ലേജാഫീസുകളിൽ റലീസ് പദ്ധതിയുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരായി ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവർക്കുള്ള വേതനം അതാത് ജില്ലാ കളക്ടർമാരാണ് അനുവദിക്കുന്നത്. ഇങ്ങനെ ജോലി ചെയ്യുന്നവർക്കുള്ള വേതനം നൽകുന്നതിനുള്ള ഫണ്ട് അതാത് ജില്ലാ കളക്ടർമാർക്ക് അനുവദിച്ചുനൽകുകയാണ് ചെയ്യുന്നത്. 2018-19 സാമ്പത്തിക വർഷാവസാനം ട്രഷറി നിയന്ത്രണംമൂലം ക്യൂവിലുണ്ടായിരുന്ന ബില്ലുകളിന്മേലുള്ള തുകയും ജില്ലാ കളക്ടർമാർക്ക് ഇതിനകംതന്നെ അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) പത്തനംതിട്ട ജില്ലാ കളക്ടറുടെ 26-3-2019-ലെ സി3-34688/15 നടപടിക്രമപ്രകാരം 21-6-2018 മുതൽ 31-1-2019 വരെയുള്ള വേതനത്തിന് തുക അനുവദിച്ചിരുന്നത് ട്രഷറി നിയന്ത്രണംമൂലം ട്രഷറി ക്യൂവിലായതിനാൽ മാറി നൽകുന്നതിന് സാധിച്ചിരുന്നില്ല. ടി തുക നടപ്പുസാമ്പത്തിക വർഷത്തിൽ ജില്ലാ കളക്ടർമാർക്ക് അനുവദിച്ചിട്ടുള്ളതും ആയത് മാറി നൽകുന്നതിന് 20-6-2019-ന് തിരുവല്ല തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. കൂടാതെ 1-2-2019 മുതൽ 31-3-2019 വരെയുള്ള കുടിശ്ശിക തുക 2019-20 വർഷത്തെ ഭരണാനുമതി ആകുന്ന മുറയ്ക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വില്ലേജ് ഓഫീസുകളിലെ ജോലിഭാരം

261 (4585) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോലിഭാരം പതിന്മടങ്ങ് വർദ്ധിച്ചിട്ടും പതിറ്റാണ്ടുകൾക്ക് മുമ്പുള്ള സ്റ്റാഫ് പാറ്റേണും അടിസ്ഥാന സൗകര്യങ്ങളുമായി തുടരേണ്ടി വരുന്നത് വില്ലേജ് ഓഫീസുകളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ടോ;

വ്യക്തമാക്കുമോ;

(ബി) കാര്യക്ഷമമായ ഓൺലൈൻ സേവനത്തിനുള്ള സാങ്കേതിക സൗകര്യങ്ങൾ ഇതിനകം എല്ലായിടത്തും നടപ്പാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ് ;വ്യക്തമാക്കുമോ;

(സി) വില്ലേജ് ഓഫീസുകളിലെ ജോലിഭാരത്തെ കുറിച്ച് ഏതെങ്കിലും കമ്മീഷനുകൾ ഇതിനകം പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ കമ്മീഷനുകൾ; എന്തൊക്കെയാണ് പ്രസ്തുത കമ്മീഷനുകളുടെ പ്രധാന ശിപാർശകൾ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ നടപ്പാക്കിയ ശിപാർശകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ജനസംഖ്യ പതിൻമടങ്ങ് വർദ്ധിച്ച സാഹചര്യത്തിൽ ജോലിഭാരം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടതിനാൽ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി P&ARD പഠനം നടത്തുകയും നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലാത്ത വില്ലേജ് ഓഫീസുകളിൽ ഓഫീസിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനും വില്ലേജ് ഓഫീസ് കെട്ടിട ങ്ങളുടെ ശോചനീയാവസ്ഥ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പരിഹരിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) റവന്യൂ വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾ റവന്യൂ വകുപ്പിന്റെ ഐ.ടി. സെൽ മുഖേന നടപ്പിലാക്കിവരുന്നു.

1. <u>ഇ-ഡിസ്ട്രിക്ട്</u>

വില്ലേജ് ഓഫീസുകളിൽനിന്നും പൊതുജനങ്ങൾക്കാവശ്യമായ വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുകയെന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട്. ഇതുവഴി പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ വരാതെതന്നെ സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നു. ആയതിനാൽ വില്ലേജ് ഓഫീസുകളിലെ തിരക്ക് കുറയ്ക്കുന്നതിന് സഹായകമാണ് പ്രസ്തുത പദ്ധതി. സംസ്ഥാനത്ത് ടി പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുമതല കേരള

സ്റ്റേറ്റ് ഐ.ടി. മിഷനാണ്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി എല്ലാ വില്ലേജ് ഓഫീസുകളിലും 2 ലാപ്‌ടോപ്, 1 പ്രിന്റർ എന്നിവയും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ടിവിറ്റിയും നൽകിയിട്ടുണ്ട്. നിലവിലുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി ഫൈബർ ഓപ്റ്റിക് അടിസ്ഥാനത്തിലേയ്ക്ക് (BSNL FTTH) മാറ്റുന്നതിനുള്ള നടപടി ഐ.ടി. മിഷൻ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ, ടി പദ്ധതി വഴി അനുവദിച്ച ഉപകരണങ്ങളുടെ പരിപാലനവും അറ്റകുറ്റപ്പണികളും നിർവ്വഹിക്കുന്നതും ഐ.ടി. മിഷനാണ്.

2. ആർ.ആർ. ഓൺലൈൻ

റവന്യൂ റിക്കവറി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി നിലവിലുള്ള ഓഫ്‌ലൈൻ, ഓൺലൈൻ സംവിധാനങ്ങൾ സംയോജിപ്പിച്ച് റിക്വിസിഷൻ ഓഫീസ് മുതൽ വില്ലേജ് തലം വരെ ബന്ധിപ്പിക്കുന്ന പദ്ധതിയായാണ് ഇത് ആവിഷ്കരിച്ചിട്ടുള്ളത്. ഏത് തലത്തിലുള്ള കളക്ടറേറ്റ്, താലൂക്ക്, വില്ലേജ് തലത്തിലുള്ള ഉദ്യോഗസ്ഥർക്ക് ലോഗ് ഇൻ ചെയ്ത് ഏതെങ്കിലും ഒരു കേസ്സിന്റെ വിവരം വളരെ എളുപ്പത്തിൽ കണ്ടെത്തുന്നതിന് ഈ പദ്ധതി വളരെയേറെ സഹായകമാണ്.

3. സംയോജിത ഓൺലൈൻ പോക്കുവരവ് (Online Mutation)

ഭൂമി സംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ഓൺലൈൻ മുഖേന സാധ്യമാക്കുന്നു. ആധുനിക വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ് നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുകയെന്ന ഉദ്ദേശ്യലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.

4. ഇ-പേമെന്റ്

സംസ്ഥാനത്ത് സംയോജിത ഓൺലൈൻ പോക്കുവരവ് സംവിധാനം നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ അടയ്ക്കാവുന്ന എല്ലാ പേമെന്റുകളും ഓൺലൈൻ വഴി ഒടുക്കുന്നതിനുള്ള ഇ-പേമെന്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

5. ഇ-പോസ് മെഷീൻ

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ കറൻസി രഹിത ഇടപാടുകൾ

പ്രോത്സാഹിപ്പിക്കുകയെന്ന നയത്തിന്റെ ഭാഗമായി ധനവകുപ്പിന്റെ 5-1-2019-ലെ 96/2019/Fin. നമ്പർ പ്രകാരം ഇ-ട്രഷറി ഗേറ്റ്-വേയുമായി ഫെഡറൽ ബാങ്ക് പോയിന്റ് ഓഫ് സെയിൽ മെഷിനുകൾ സംയോജിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-പോസ് മെഷിനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും പൊതുജനങ്ങൾക്ക് കറൻസി രഹിത ഇടപാടുകളിലൂടെ വിവിധ നികുതികളും ഫീസുകളും ഖജനാവിലേയ്ക്ക് അടയ്ക്കുന്നതിനുള്ള സൗകര്യം ഒരുക്കുന്നതിനോടൊപ്പം ജീവനക്കാർക്ക് സമയലാഭം ഉണ്ടാകത്തക്കരീതിയിൽ നിലവിലെ ഇ-പേമെന്റ് സംവിധാനവുമായി സംയോജിപ്പിച്ചിട്ടുള്ളതുമാണ്. റവന്യൂ വകുപ്പിന്റെ കമ്പ്യൂട്ടർ വൽക്കരണ പദ്ധതിയുടെ ഭാഗമായി റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLIS), റവന്യൂ ഇ-പേമെന്റ് സിസ്റ്റം എന്നീ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (NIC) സഹകരണത്തോടെ വികസിപ്പിച്ച് നടപ്പിലാക്കിവരുന്നു. ഇതിൽ റെലിസ് മുഖേന ഭൂമിയുടെ ഓൺലൈൻ പോക്കുവരവും വില്ലേജ് ഓഫീസുകളിൽ നേരിട്ട് സ്വീകരിക്കുന്ന വിവിധ നികുതികളുടെ സ്വീകരണം ഇ-പേമെന്റ് സിസ്റ്റം മുഖേനയും സാദ്ധ്യമാക്കിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയിട്ടുള്ള വില്ലേജുകളിൽ ഏറ്റവും കുറഞ്ഞത് ഓരോ ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകൾ വീതവും ജില്ലാ കളക്ടർമാർ ആവശ്യപ്പെട്ടുപ്രകാരം പ്രിന്ററുകളും നൽകിയിട്ടുണ്ട്. കൂടാതെ, ആവശ്യമായ ടോണർ, പേപ്പർ എന്നിവ ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർമാർക്ക് ഫെസിലിറ്റി മാനേജ്മെന്റ് ഇനത്തിൽ ആവശ്യമായ തുകയും അനുവദിച്ച് നൽകിയിട്ടുണ്ട്. വില്ലേജ് ഓഫീസുകളിൽ ഉൾപ്പെടെ ലാന്റ് റവന്യൂ വകുപ്പ് ലഭ്യമാക്കിയിട്ടുള്ള എല്ലാ കമ്പ്യൂട്ടർ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങളുടെയും പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കുമായി വാർഷിക അറ്റകുറ്റപ്പണി കരാർ (AMC) നിലവിലുള്ളതുമാണ്.

(സി) വില്ലേജ് ഓഫീസുകളുടെ ജോലിഭാരം സംബന്ധിച്ച് പി.&എ.ആർ.ഡി. പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ ശിപാർശകളടങ്ങിയ പേജുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ഡി) വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാർക്ക് കരം സ്വീകരിക്കുന്നതിന് അനുമതി നൽകണമെന്നും പ്രസ്തുത തസ്തികയുടെ വിദ്യാഭ്യാസ യോഗ്യത പത്താം ക്ലാസ്സായി ഉയർത്തണമെന്നുമുള്ള 8-ാമത്തെ ശിപാർശ നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ശിപാർശകൾ സർക്കാർ പരിശോധിച്ചുവരികയാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വില്ലേജ് ഓഫീസർമാരുടെ ശമ്പള സ്കെയിൽ

262 (4586) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 20-1-2016 -ലെ ജി.ഒ.(പി) നമ്പർ 07/2016/ഫിൻ. സർക്കാർ ഉത്തരവ് പ്രകാരമുള്ള ശമ്പള പരിഷ്കരണത്തിൽ സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരുടെ ശമ്പളം 1-7-2014 പ്രാബല്യത്തിൽ 29,200-62,400 എന്ന നിരക്കാക്കി പുനർനിർണ്ണയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നിലവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത നിരക്കിലാണോ ശമ്പളം അനുവദിക്കുന്നത്; അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) വില്ലേജ് ഓഫിസർ തസ്തികയിലേക്ക് നിലവിൽ സ്ഥാനക്കയറ്റം നല്കുന്നുണ്ടോ;ഉണ്ടെങ്കിൽ അവർക്ക് 29,200-62,400 എന്ന നിരക്കിലാണോ ശമ്പളം അനുവദിക്കുന്നത്; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 20-1-2016-ലെ ജി.ഒ.(പി) 07/2016/ഫിൻ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വില്ലേജ് ഓഫീസർമാരുടെ ശമ്പളം 1-7-2014 പ്രാബല്യത്തിൽ 29,200-62,400 എന്ന നിരക്കിൽ പുനർനിർണ്ണയിച്ചിട്ടുണ്ട്.

(ബി) നിലവിൽ വില്ലേജ് ഓഫീസർമാർക്ക് പ്രസ്തുത നിരക്കിൽ ശമ്പളം അനുവദിക്കുന്നില്ല. റവന്യൂ വകുപ്പിലെ വില്ലേജ് ഓഫീസർ/റവന്യൂ ഇൻസ്പെക്ടർ/ ഹെഡ് ക്ലാർക്ക് തസ്തികകൾ 14,620-25,280 ശമ്പള സ്കെയിലിലുള്ളതും പരസ്പരം മാറാവുന്നതുമായ തസ്തികകളായിട്ടാണ് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം നിലവിലുണ്ടായിരുന്നത്. 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ ടി തസ്തികകളെ രണ്ടായി പരിഗണിച്ച് വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിലും, റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾക്ക് 27,800-59,400 എന്ന സ്കെയിലും അനുവദിച്ച് ഉത്തരവായിരുന്നു. എന്നാൽ ടി തസ്തികകൾ വിഭജിച്ചുകൊണ്ട് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഭേദഗതി വരുത്തുന്നതിന്

കാലതാമസം വരുമെന്നതിനാൽ പ്രസ്തുത വിഷയത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസർ തസ്തികയിലേയ്ക്ക് നിലവിൽ സ്ഥാനക്കയറ്റം അനുവദിക്കുന്നില്ല. 10-ാം ശമ്പള പരിഷ്കരണ ഉത്തരവിൽ ടി തസ്തികകളെ രണ്ടായി പരിഗണിച്ച് വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിലും, റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകൾക്ക് 27,800-59,400 എന്ന സ്കെയിലും അനുവദിച്ച് ഉത്തരവായിരുന്നു. ഫീഡർ തസ്തികയായ യു.ഡി.സി. തസ്തികയിൽനിന്നും നിലവിൽ റവന്യൂ ഇൻസ്പെക്ടർ/ഹെഡ് ക്ലാർക്ക് തസ്തികകളിലേയ്ക്ക് 27,800-59,400 എന്ന സ്കെയിലിൽ സ്ഥാനക്കയറ്റം നൽകുന്നുണ്ട്. എന്നാൽ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ നിലവിലുള്ള എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികയെ വിഭജിച്ച് വില്ലേജ് ഓഫീസർ തസ്തികയെ പ്രത്യേകമാക്കി ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ പൂർത്തിയായാൽ മാത്രമേ നിലവിൽ എച്ച്.സി./ആർ.ഐ. തസ്തികയിലേയ്ക്ക് നൽകിയ താൽക്കാലിക പ്രൊമോഷനുകൾ റെഗുലറൈസ് ചെയ്യാനും എച്ച്.സി./ആർ.ഐ. തസ്തികയിൽനിന്നും സീനിയോറിറ്റി ക്രമമനുസരിച്ച് പ്രൊമോഷൻ നൽകി വില്ലേജ് ഓഫീസർമാരെ നിയമിക്കാനും സാധിക്കുകയുള്ളൂ. ടി പ്രക്രിയ പൂർണ്ണമാകുന്നതുവരെ കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളനുസരിച്ചുള്ള എച്ച്.സി./ആർ.ഐ./വി.ഒ. തസ്തികകളിൽ ഏത് തസ്തികയിലേയ്ക്കും നിയമിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനും ഭരണസ്തംഭനം ഒഴിവാക്കുന്നതിനും എച്ച്.സി., ആർ.ഐ. തസ്തികകളിലെ ജീവനക്കാരെ വില്ലേജ് ഓഫീസർ തസ്തികയിൽ ജില്ലാ കളക്ടർമാർ നിയമിക്കുകയാണ് ചെയ്തുവരുന്നത്. വില്ലേജ് ഓഫീസർമാർക്ക് 29,200-62,400 എന്ന സ്കെയിൽ അനുവദിക്കുന്നതിനായി ടി തസ്തികകൾ വിഭജിച്ചുകൊണ്ട് കേരള റവന്യൂ മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കാലതാമസം വരുമെന്നതിനാൽ പ്രസ്തുത വിഷയത്തിൽ എക്സിക്യൂട്ടീവ് ഓർഡർ ഇറക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## സർവ്വേയർ ഗ്രേഡ്-2 തസ്തികയിലെ ഒഴിവുകൾ

263 (4587) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ ഗ്രേഡ് -2 തസ്തികയിൽ

എത്ര ഒഴിവുകൾ നിലവിലുണ്ട്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ സർവ്വേയർ ഗ്രേഡ്-2 തസ്തികയിൽ 82 ഒഴിവുകളുണ്ട്.

(ബി) നിലവിൽ റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികളുടെ ഭാഗമായി ജോലി ക്രമീകരണ വ്യവസ്ഥയിൽ റവന്യൂ വകുപ്പിൽ തുടരുന്ന 635 സർവ്വേയർ തസ്തികകൾ ഉൾപ്പെടെ ആകെ 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് കണ്ടെത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ബാക്കി ഒഴിവുകൾ സംബന്ധിച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇക്കാര്യം അടിയന്തരപ്രാധാന്യം നൽകി പരിശോധിച്ചുവരികയാണ്. ആയതിൽ അന്തിമ തീരുമാനം എടുക്കുന്ന മുറയ്ക്കുമാത്രമേ പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ.

## തൃപ്പൂണിത്തുറ അന്ധകാരത്തോടിന്റെ നവീകരണ പദ്ധതി

264 (4588) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിൽ കിഫ്ബി പദ്ധതി പ്രകാരം നടക്കുന്ന അന്ധകാരത്തോടിന്റെ നവീകരണപദ്ധതിയുടെ ഭാഗമായി തോടിന്റെ അതിർത്തി അളന്നുതിരിച്ച് നൽകണമെന്ന അപേക്ഷ റവന്യൂ വകുപ്പിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നെന്ന് അറിയിക്കുമോ; നാളിതുവരെ ഇതിൻമേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഈ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;എങ്കിൽ എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ലഭിച്ചിട്ടില്ല.

(ബി & സി) ബാധകമല്ല.

## ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി.

265 (4589) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തൂവൽ, ആനവരട്ടി, ബൈസൺവാലി തുടങ്ങിയ വില്ലേജുകളിൽ പട്ടയം കിട്ടിയിട്ടുള്ള കർഷകരുടെ ഭൂമിയിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന് ജില്ലാ കളക്ടർ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ചെറിയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. വേണമെന്ന നിബന്ധന കൊണ്ടുവന്നത് കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുള്ള സാഹചര്യത്തിൽ ഇക്കാര്യത്തിൽ പുന:പരിശോധന നടത്തുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കേരള ഹൈക്കോടതിയുടെ WP(C) 1801/2010, WP(C) 34095/2009 എന്നീ കേസുകളിലെ 21-1-2010-ലെ ഇടക്കാല ഉത്തരവിൽ മൂന്നാർ പ്രദേശത്ത് കെട്ടിട നിർമ്മാണങ്ങൾ നടത്തുന്നതിന് റവന്യൂ വകുപ്പിന്റെ എൻ.ഒ.സി. ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്. റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ എൻ.ഒ.സി. ഇല്ലാതെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ മൂന്നാറിൽ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാര പരിധിയിൽ ആയിരുന്ന ചിന്നക്കനാൽ, കണ്ണൻദേവൻ ഹിൽസ്, ശാന്തൻപാറ, വെള്ളത്തൂവൽ, ആനവിലാസം, പള്ളിവാസൽ, ആനവിരട്ടി, ബൈസൺവാലി എന്നീ 8 വില്ലേജുകളാണ് മൂന്നാർ പ്രദേശം എന്ന കണക്കാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നേടിയിരിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളത്. 27-9-2017-ൽ ഇടുക്കി ജില്ലാ കളക്ടർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ സി4-25908/2015 പ്രകാരം പൊതു ആവശ്യങ്ങൾക്കായി സർക്കാർ വകുപ്പുകൾ നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. ആവശ്യമില്ലെന്നും എന്നാൽ പൊതു ആവശ്യങ്ങൾക്കുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ ദേവികുളം സബ് കളക്ടർ പരിശോധിച്ച് എൻ.ഒ.സി. നൽകണമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതാണ്.

**വയനാട് ജില്ലയിലെ വില്ലേജുകളിൽ റീസർവ്വേ നടപടികൾ**

266 (4590) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകളിൽ റീസർവ്വേ നടപടികൾ

പൂർത്തിയായിട്ടുണ്ട്;

(ബി) റീസർവ്വേ നടപടികൾ പൂർത്തിയാകാത്ത വില്ലേജുകളിൽ അത് പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഉദ്ദേശിക്കുന്നത്;

(സി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് ആക്കുന്നതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിലെ ഏതെല്ലാം വില്ലേജുകൾക്ക് നവീകരണത്തിന്/കെട്ടിടനിർമ്മാണത്തിനുമായി ഭരണാനുമതി നൽകിയിട്ടുണ്ട്; ഇതിന്റെ പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വയനാട് ജില്ലയിൽ ആകെയുള്ള 49 വില്ലേജുകളിൽ 36 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയായിട്ടുണ്ട്. പ്രസ്തുത വില്ലേജുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വയനാട് ജില്ലയിൽ നിലവിൽ നെന്മേനി വില്ലേജിന്റെ റീസർവ്വേ ജോലികൾ പുരോഗതിയിലാണ്. ശേഷിക്കുന്ന വില്ലേജുകളുടെ റീസർവ്വേ സമയബന്ധിതമായി പൂർത്തിക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്ത് ഡിജിറ്റൽ സർവ്വേ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

(സി) വില്ലേജ് ഓഫീസുകൾ സ്മാർട്ട് റവന്യൂ ഓഫീസ് ആക്കുന്നതുമായി ബന്ധപ്പെട്ട് വയനാട് ജില്ലയിൽ നവീകരണത്തിന്/കെട്ടിട നിർമ്മാണത്തിനുമായി ഭരണാനുമതി നൽകിയ വില്ലേജുകളുടെ വിവരവും പുരോഗതിയും ചുവടെ ചേർക്കുന്നു :

| വില്ലേജ് | പുരോഗതി |
|---|---|
| നൂൽപ്പുഴ | പൂർത്തീകരിച്ചു |
| ചെറുകാട്ടൂർ | പൂർത്തീകരിച്ചു |
| കപ്പാടി | പൂർത്തീകരിച്ചു |
| കൽപ്പറ്റ | പൂർത്തീകരിച്ചു |
| മാനന്തവാടി | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |
| മുട്ടീൽ നോർത്ത് | നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കരമണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി

267 (4591) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല താലൂക്കിലെ കുടവൂർ വില്ലേജിൽ ബ്ലോക്ക് 23-ൽ ഉൾപ്പെട്ട ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ട സ്ഥലത്ത് കരമണ്ണ് നിക്ഷേപിക്കുകയും ആയതിനെ തുടർന്ന് പ്രസ്തുത സ്ഥലത്തിന് സമീപത്ത് കൃഷി ചെയ്തു കൊണ്ടിരിക്കുന്നിടത്തേക്കുള്ള ജല നിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടിട്ടുള്ളതായി നാവായിക്കുളം കൃഷി ഓഫീസർ വർക്കല തഹസിൽദാരെ രേഖാമൂലം അറിയിച്ചിട്ടുണ്ടോ;

(ബി) അറിയിച്ചുവെങ്കിൽ ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശത്ത് നിക്ഷേപിച്ചിട്ടുള്ള കര മണ്ണ് നീക്കം ചെയ്യുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ?

### ഉത്തരം

(എ) തിരുവനന്തപുരം ജില്ലയിൽ വർക്കല താലൂക്കിൽ കുടവൂർ വില്ലേജിൽ ബ്ലോക്ക് നമ്പർ 23-ൽ റീസർവ്വേ 406-ൽ സബ് ഡിവിഷൻ 4, 7, 8 എന്നിവയിൽ ഉൾപ്പെട്ട നിലത്തിൽ കരമണ്ണ് നിക്ഷേപിച്ചതുമൂലം ജലനിർഗ്ഗമന മാർഗ്ഗങ്ങൾ തടസ്സപ്പെട്ടതായി നാവായിക്കുളം കൃഷി ഓഫീസർ, വർക്കല തഹസിൽദാർ ഭൂരേഖയ്ക്ക് 05-3-2019-ൽ എൻ.കെ.ബി. 16/18-19 നമ്പരായി റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(ബി) കൃഷി ഓഫീസറുടെയും വില്ലേജ് ഓഫീസറുടെയും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ടി നിലം പൂർവ്വസ്ഥിതിയിലാക്കുന്നതിന് 29-5-2019-ലെ കെ 13-3664/19 നമ്പർ കത്ത് പ്രകാരം വർക്കല തഹസിൽദാർ (ഭൂരേഖ) ജില്ലാ കളക്ടർക്ക് ശിപാർശ നൽകിയിട്ടുണ്ട്.

(സി)ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടുള്ള നിലത്തിൽ നിക്ഷേപിച്ച മണ്ണ് നീക്കം ചെയ്യുന്നതിന് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം സെക്ഷൻ 13 പ്രകാരം ജില്ലാ കളക്ടർ ത്വരിതഗതിയിൽ നടപടി സ്വീകരിച്ചുവരുന്നു.

## ഇടുക്കി ഭൂപ്രശ്നം സംബന്ധിച്ച റിപ്പോർട്ടുകൾ

268 (4592) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഇടുക്കിയിലെ ഭൂപ്രശ്നം സംബന്ധിച്ച നിവേദിതാ പി. ഹരൻ, ഐ.എ.എസ്. തയ്യാറാക്കിയ റിപ്പോർട്ട്, ശ്രീ. ബിജു പ്രഭാകർ ഐ.എ.എസ്. ഭൂമി മലയാളം ഡയറക്ടറായിരിക്കെ തയ്യാറാക്കിയ റിപ്പോർട്ട്, ശ്രീ. രാജമാണിക്യം ഐ.എ.എസ്. തയ്യാറാക്കിയ റിപ്പോർട്ട് എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

ഉത്തരം

റിപ്പോർട്ടുകൾ അനുബന്ധമായി ചേർക്കുന്നു.*

## ഭൂമിയുടെ ഉടമസ്ഥർ

269 (4593) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്കിലെ ചുങ്കത്തറ വില്ലേജിൽ ബ്ലോക്ക് 95, റീസർവ്വെ നമ്പർ 342/1 ഭൂമിയുടെ ഉടമസ്ഥർ ആരാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത ഭൂമിക്ക് ഭൂനികുതി അടക്കുന്ന ആളുടെ പേരും വിലാസവും ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഭൂമിയുടെ വിസ്തീർണ്ണം എത്രയാണെന്നും കഴിഞ്ഞ ഇരുപത് വർഷത്തിനിടയിൽ പ്രസ്തുത ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലമ്പൂർ റബ്ബർ കമ്പനി മാനേജരാണ് പ്രസ്തുത ഭൂമിയുടെ ഉടമസ്ഥർ.

(ബി) മാനേജർ, നിലമ്പൂർ റബ്ബർ കമ്പനി.

(സി) പ്രസ്തുത ഭൂമിക്ക് 47.5875 ഹെക്ടർ വിസ്തീർണ്ണമുണ്ട്. ടി ഭൂമിയിൽനിന്നും 0.8294 ഹെക്ടർ ഭൂമി കൈമാറ്റം ചെയ്തിട്ടുണ്ട്. എന്നാൽ ടി ആളുകൾക്ക് പോക്കുവരവ് ചെയ്തുകൊടുത്തിട്ടില്ലാത്തതിനാൽ കൈവശക്കാരുടെ കൃത്യമായ വിവരം ലഭ്യമായിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മാനന്തവാടി താലൂക്കിലെ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ

270 (4594) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി താലൂക്കിലെ എത്ര വില്ലേജ് ഓഫീസുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മാനന്തവാടി താലൂക്കിലെ വില്ലേജ് ഓഫീസുകളിലെ ജീവനക്കാർക്കായി പണി പൂർത്തിയാക്കിയ സ്റ്റാഫ് ക്വാർട്ടേഴ്സുകളിൽ വൈദ്യുതി, വെള്ളം തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണോ; അല്ലെങ്കിൽ ആയവ അടിയന്തരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ) മാനന്തവാടി താലൂക്കിലെ 5 വില്ലേജ് ഓഫീസുകളിൽ സ്റ്റാഫ് ക്വാർട്ടേഴ്സുകൾ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പൊരുന്നന്നൂർ, തവിഞ്ഞാൽ വില്ലേജുകളിലെ ക്വാർട്ടേഴ്സുകളുടെ പണി പൂർത്തിയാക്കിയിട്ടില്ല. തിരുനെല്ലി, വാളാട്, തൊണ്ടർനാട് വില്ലേജുകളിലെ ക്വാർട്ടേഴ്സുകളുടെ പണി പൂർത്തിയാക്കിയിട്ടുണ്ടെങ്കിലും വൈദ്യുതി കണക്ഷനും വാട്ടർ കണക്ഷനും ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കരുനാഗപ്പള്ളിയിൽ റവന്യൂ വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് നടപടി

271 (4595) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിൽ റവന്യൂ വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങളും ജെ.സി.ബി-യും മിനി സിവിൽസ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഇവിടെ സൂക്ഷിച്ചിരിക്കുന്ന വാഹനങ്ങൾ സംബന്ധിച്ച കേസ്സുകൾ വേഗത്തിൽ തീർപ്പാക്കി വിട്ടുകൊടുക്കുകയോ, ദിവസേന ആയിരക്കണക്കിന് പൊതുജനങ്ങളെത്തുന്ന ഇവിടെനിന്നും മാറ്റി മറ്റേതെങ്കിലും പൊതുസ്ഥലത്ത് സൂക്ഷിക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കരുനാഗപ്പള്ളി താലൂക്കിൽ റവന്യൂ വകുപ്പ് പിടിച്ചെടുക്കുന്ന വാഹനങ്ങളും ജെ.സി.ബി.-യും മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് സൂക്ഷിക്കുന്നതുമൂലം സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന വിവിധ സർക്കാർ ഓഫീസുകളിലെയും കോടതികളിലെയും ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്.

(ബി) കരുനാഗപ്പള്ളി താലൂക്ക് റവന്യൂ സ്ക്വാഡ് പിടിച്ചെടുത്ത കരുനാഗപ്പള്ളി മിനി സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള വാഹനങ്ങൾ തഴവ വില്ലേജ് ഓഫീസ് സ്ഥിതി ചെയ്യുന്നതായ തഴവ വില്ലേജിൽ ബ്ലോക്ക് നമ്പർ 11-ൽ റീസർവ്വേ 706/5-ൽപ്പെട്ട 0.5300 ഹെക്ടർ റവന്യൂ പുറമ്പോക്ക് സ്ഥലത്തേയ്ക്ക് മാറ്റുന്നതിന് കരുനാഗപ്പള്ളി തഹസിൽദാർക്ക് അനുമതി നൽകി കൊല്ലം ജില്ലാ കളക്ടർ ഉത്തരവായിട്ടുണ്ട്.

**കിഴക്കേക്കോട്ടയിലെ അനധികൃത കയ്യേറ്റം**

272 (4596) ശ്രീ. പി. കെ.അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഴക്കേക്കോട്ടയിലെ ബസ് കാത്തിരിപ്പ് കേന്ദ്രത്തിന് പരിസരത്തുള്ള കച്ചവടക്കാരെ ഒഴിപ്പിക്കുമ്പോൾ 80 ച. അടി വിസ്തീർണ്ണമുള്ള ബങ്കുകൾ വാടകക്കരാർ പ്രകാരം നൽകാൻ തീരുമാനിച്ച 16 കച്ചവടക്കാർ ആരൊക്കെ എന്ന് വ്യക്തമാക്കുമോ;

(ബി) ഇവരെ മാത്രമാണോ പുനരധിവസിപ്പിക്കാൻ ഉദ്ദേശിക്കുന്നത്; ഇവരുടെ പുനരധിവാസ പ്രവൃത്തി എപ്പോൾ നടക്കുമെന്നറിയിക്കുമോ;

(സി) പുനരധിവാസം നടത്തിയിട്ടു മാത്രമേ കോട്ടമതിലിന് ചുറ്റുമുള്ള അനധികൃത കെട്ടിടങ്ങൾ പൊളിച്ച് മാറ്റൂ എന്ന ഗവൺമെന്റ് നിലപാട് നിലനിൽക്കുന്നതിനാൽ കോട്ടമതിൽ അനധികൃത കയ്യേറ്റക്കാരിൽനിന്ന് എപ്പോൾ ഒഴിപ്പിക്കാനാകുമെന്ന് അറിയിക്കുമോ;

(ഡി) അനധികൃതക്കാരെ ഒഴിപ്പിക്കുന്നതിൽ മാനുഷിക പരിഗണന നൽകേണ്ട എത്ര കേസ്സുകളുണ്ടെന്നാണ് കണ്ടെത്തിയിരിക്കുന്നത്;ഇവർക്ക് പ്രത്യേക പരിഗണന നൽകുന്നതിന് ഉപദേശം ലഭിച്ചത് എവിടെ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ഇ) ഗവൺമെന്റ് സ്ഥലം കയ്യേറി കച്ചവടസ്ഥാപനങ്ങളും താമസസൗകര്യവും ഒരുക്കുന്നവർക്ക് ഗവൺമെന്റ് ചെലവിൽ മാനുഷിക പരിഗണന നൽകി പുനരധിവാസ നടപടികൾ കൈക്കൊള്ളുന്നതുപോലെ ഭവനരഹിതരും ജീവിതമാർഗ്ഗമില്ലാതെ കഷ്ടപ്പെടുന്നവർക്കു കൂടി ടി സഹായം വ്യാപിപ്പിച്ച് നൽകാൻ ഉദ്ദേശ്യമുണ്ടോ;എങ്കിൽ വിശദവിവരങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) കിഴക്കേക്കോട്ട ബസ് കാത്തിരുപ്പുകേന്ദ്ര പരിസരത്ത് ബങ്കുകൾ വാടകക്കരാർ പ്രകാരം നൽകാൻ തീരുമാനിച്ച 16 കച്ചവടക്കാരുടെ പേരുവിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് | വിസ്തീർണ്ണം | സർവ്വേ നം. | വില്ലേജ് |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | ശ്രീമതി കെ. ശൈലജ കുമാരി | 00.28 സ്ക്വ.മീ. | 659 | വഞ്ചിയൂർ |
| 2 | ശ്രീ. പി. രവീന്ദ്രൻ നായർ | 00.200 സെന്റ് | 659 | വഞ്ചിയൂർ |
| 3 | ശ്രീ. ശോഭന കുമാർ | 00.230 സെന്റ് | 659 | വഞ്ചിയൂർ |
| 4 | ശ്രീമതി ആമിനാ ബീവി | 00.260 സെന്റ് | 659 | വഞ്ചിയൂർ |
| 5 | ശ്രീമതി എ. എസ്. റസിയ | 00.290 സെന്റ് | 659 | വഞ്ചിയൂർ |
| 6 | ശ്രീ. നിസാം | 00.720 സെന്റ് | 659 | വഞ്ചിയൂർ |
| 7 | ശ്രീ. എം. പി. രാജൻ | 00.395 സെന്റ് | 659 | വഞ്ചിയൂർ |
| 8 | ശ്രീമതി ലത്തീഫാ ഇബ്രാഹിം | 00.518 സ്ക്വ.ലിങ്സ് | 659 | വഞ്ചിയൂർ |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | ശ്രീ. ജി. ജയകുമാർ | 00.385 സെന്റ് | 659 | വഞ്ചിയൂർ |
| 10 | ശ്രീ. വിജയകുമാർ | 00.610 സെന്റ് | 659 | വഞ്ചിയൂർ |
| 11 | ശ്രീ. ബി. സുകുമാരൻ നായർ | 00.320 സെന്റ് | 659 | വഞ്ചിയൂർ |
| 12 | ശ്രീ. കെ. സാബു | 00.500 സെന്റ് | 659 | വഞ്ചിയൂർ |
| 13 | ശ്രീമതി സുലൈഖാ ബീവി | 00.230 സെന്റ് | 659 | വഞ്ചിയൂർ |
| 14 | ശ്രീ. സനൽ | 00.20 സ്ക്വ.മീ. | 659 | വഞ്ചിയൂർ |
| 15 | ശ്രീ. കെ. രവീന്ദ്രൻ | 00.558 സെന്റ് | 659 | വഞ്ചിയൂർ |
| 16 | ശ്രീ. ഷാഹുൽ ഹമീദ് | 00.292 സെന്റ് | 659 | വഞ്ചിയൂർ |

(ബി) ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-8-2016-ൽ ചേർന്ന യോഗത്തിൽ കിഴക്കേക്കോട്ട ബസ് കേന്ദ്രത്തിന് പരിസരത്ത് കച്ചവടം നടത്തിയിരുന്ന 16 കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുമുമ്പ് അവരെ പുനരധിവസിപ്പിക്കണമെന്ന് തീരുമാനിച്ചു. തുടർന്ന് 9-5-2018-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ടി പ്രദേശത്ത് കച്ചവടം ചെയ്ത് ഉപജീവനം നടത്തിവന്ന നാല് കച്ചവടക്കാരെക്കൂടി ഉൾപ്പെടുത്താൻ തീരുമാനിച്ചു. ഇവരെയെല്ലാം പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുനരധിവാസത്തിനുള്ള സ്ഥലം ലഭ്യമാക്കി കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതാണ്.

(ഡി) കിഴക്കേക്കോട്ട ബസ് സ്റ്റാന്റിലെ 20 കച്ചവടക്കാരെയാണ് പുനരധിവസിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 4-8-2016, 9-5-2018 എന്നീ തീയതികളിൽ കൂടിയ യോഗത്തിലാണ് തീരുമാനം കൈക്കൊണ്ടത്. നീണ്ട കാലയളവിലായി കുത്തകപ്പാട്ടം പ്രകാരം തുക അടച്ച് ഭൂമി കൈവശം വച്ചുവരുന്നവർ ഇതിൽ ഉൾപ്പെടുന്നു. പിന്നീട് ടി പാട്ടങ്ങൾ റദ്ദാക്കിയിട്ടുള്ളതാണ്. നീണ്ട കാലയളവിലായി പാട്ടം അടച്ചുവരുന്നവരും ഉപജീവനമാർഗ്ഗമായി ടി സ്ഥലം കച്ചവടത്തിനായി ഉപയോഗിച്ചുവരുന്നതുമായ പ്രത്യേകതകൂടി കണക്കിലെടുത്താണ് ടി വിഷയത്തിൽ പുനരധിവാസം പരിഗണിച്ചത്.

(ഇ) ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

## സ്വയംതൊഴിൽ നഷ്ടപരിഹാരം

273 (4597) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം തൊഴിലിൽ ഏർപ്പെടുവാനുള്ള അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അനുമതി നൽകാത്തതിനാൽ, ശ്രീ.സദാനന്ദൻ, ലെനി ലെയം വീട്, ചേപ്പാട്, ആലപ്പുഴ എന്ന വ്യക്തിക്ക് 2.5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് 2017 ആഗസ്റ്റ് മൂന്നാം തീയതി ദേശീയ മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ഇതു സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ കെ2/28042/18 ഫയലിൽ തീരുമാനം വൈകുന്ന സാഹചര്യമെന്താണ്;

(സി) സദാനന്ദന് മനുഷ്യാവകാശ കമ്മീഷൻ വിധിച്ച പ്രകാരമുള്ള നഷ്ടപരിഹാരം അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വയംതൊഴിലിൽ ഏർപ്പെടാനുള്ള അപേക്ഷ സമർപ്പിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും അനുമതി നൽകാത്തതിനാൽ നഷ്ടപരിഹാരം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. സദാനന്ദൻ, ലെനി ലെയം വീട്, ചേപ്പാട്, ആലപ്പുഴ എന്നയാൾ ദേശീയ മനുഷ്യാവകാശ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച 514/11/1/2013 നമ്പർ കേസ്സിൽ 3-8-2017-ൽ പുറപ്പെടുവിച്ച വിധിന്യായ പ്രകാരം ടിയാന് 2.5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് HRMP 2518/2011 നമ്പർ കേസ്സിലെ 12-10-2011-ലെ വിധിന്യായ പ്രകാരം സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ വിധിച്ചിട്ടുണ്ടെന്നും ആയതിന്റെ അടിസ്ഥാനത്തിൽ പരാതിക്കാരന് തുടർന്നും പരാതിയുള്ളപക്ഷം സംസ്ഥാന മനുഷ്യാവകാശ കമ്മീഷനെ സമീപിക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. എന്നാൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ഉത്തരവിൻപ്രകാരം പരാതിക്കാരന് നഷ്ടപരിഹാരമായി 25,000 രൂപ ഗവൺമെന്റ് നൽകണമെന്നും ഈ തുക കുറ്റക്കാരായ ഉദ്യോഗസ്ഥരിൽനിന്നും ആനുപാതികമായി സർക്കാർ ഈടാക്കണമെന്നുമാണ് ഉത്തരവായിരുന്നത്. മേൽ വൈരുദ്ധ്യം സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തുകയും തുടർന്ന് 2-4-2018-ലെ HRMP 513/18/എ.എൽ.പി. നമ്പർ ഉത്തരവ് പ്രകാരം ശ്രീ. സദാനന്ദന് ആലപ്പുഴ ജില്ലാ കളക്ടർ നൽകേണ്ട നഷ്ടപരിഹാരം 25,000 രൂപ

തന്നെയാണെന്നും 2.5 ലക്ഷം രൂപയല്ലെന്നും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും മേൽ തുക ഈടാക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ നടപടി സ്വീകരിക്കണമെന്നും വ്യക്തമാക്കി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവിന്റെ പകർപ്പ് സഹിതം അനന്തര നടപടി സ്വീകരിക്കുന്നതിനായി ആലപ്പുഴ ജില്ലാ കളക്ടർക്ക് 24-4-2018-ലെ തൊഴിൽ-എച്ച്1/203/2017 തൊഴിൽ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു.

(ബി) ശ്രീ. സദാനന്ദൻ സ്വയംതൊഴിൽ വായ്പ ലഭിക്കുന്നതിനായി നൽകിയ അപേക്ഷയിൽ യഥാസമയം തീരുമാനം കൈക്കൊള്ളാതിരുന്ന ഉദ്യോഗസ്ഥർ ആരൊക്കെയാണെന്നത് സംബന്ധിച്ചുള്ള ഫയലാണ് ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ കെ2/28042/18 നമ്പർ ഫയൽ. വീഴ്ചവരുത്തിയ ഉദ്യോഗസ്ഥർ ആരാണെന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറേറ്റിലെ ഇൻസ്പെക്ഷൻ വിഭാഗത്തിൽനിന്ന് അന്വേഷണം തുടർന്നുവരുന്നു. 1990-91 കാലഘട്ടത്തിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരുടെ പേരുവിവരവും നിലവിലെ മേൽവിലാസവും അന്വേഷിച്ചറിയിക്കാൻ കാർത്തികപ്പള്ളി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ആലപ്പുഴ ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിട്ടുണ്ട്.

(സി) അർഹമായ തുക ലഭ്യമാക്കുന്നതിന് ഇതിനകംതന്നെ സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

## അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക്

274 (4598) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക് സമീപ വില്ലേജുകളെ അപേക്ഷിച്ച് ഇരട്ടിയിലധികമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; അങ്കമാലി, കാലടി, മുക്കന്നൂർ പാറക്കടവ്, കറുകുറ്റി, ആലുവ, നെടുമ്പാശ്ശേരി എന്നീ വില്ലേജുകളിലെ നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) അങ്കമാലി വില്ലേജിന്റെ പരിധിയിൽ നിന്നും 1-1-2010 മുതൽ ഫെയർ വാല്യൂ സംബന്ധിച്ച എത്ര പരാതികളാണ് എറണാകുളം ജില്ലാ കളക്ടർക്ക് ലഭ്യമായിട്ടുള്ളത് ഇതിൽ എത്ര പരാതികളാണ് തീർപ്പാക്കാൻ ബാക്കിയുള്ളതെന്നും വ്യക്തമാക്കാമോ;

(സി) അങ്കമാലി വില്ലേജിൽ നിന്നും ഫെയർ വാല്യൂ സംബന്ധിച്ച പരാതികളുടെ എണ്ണം കൂടുന്നതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഡി) അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിശ്ചയിച്ചതിലെ അപാകത പരിശോധിച്ച് ശാശ്വത പരിഹാരം കാണുന്നതിന് ലാന്റ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) ഐ.എ.വൈ, ലൈഫ്, പ്രളയ പുനരധിവാസം തുടങ്ങിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഒരു സെന്റ് ഭൂമി വാങ്ങുന്നതിനോ വിൽക്കുന്നതിനോ അങ്കമാലിയിലെ സാധാരണക്കാർക്ക് കഴിയാത്ത അവസ്ഥയുള്ളതിനാൽ ഇതിന് പരിഹാരം കാണുന്നതിന് സർക്കാർ നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിൽ അങ്കമാലി വില്ലേജിൽ ഫെയർ വാല്യൂ നിരക്ക് സമീപ വില്ലേജുകളെ അപേക്ഷിച്ച് കൂടുതലാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിരക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇതുമായി ബന്ധപ്പെട്ട് എറണാകുളം ജില്ലാ കളക്ടർക്ക് ലഭിച്ച അപ്പീൽ അപേക്ഷകളിൽ ഭൂരിപക്ഷ അപേക്ഷകളും തീർപ്പുകൽപ്പിച്ചിട്ടുണ്ട്. തീർപ്പു കൽപ്പിക്കാൻ ബാക്കിയുള്ള അപേക്ഷകളിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. ഫെയർ വാല്യൂ സംബന്ധിച്ച് ലഭിച്ച പരാതികളുടെ എണ്ണം ക്രോഡീകരിച്ചുവരുന്നു.

(സി) സമീപ വില്ലേജുകളെ അപേക്ഷിച്ച് ഫെയർ വാല്യൂ നിശ്ചയിച്ചത് കൂടുതലായതിനാലാണ് പരാതികളുടെ എണ്ണം കൂടുന്നത്.

(ഡി) കേരള മുദ്രപ്പത്ര നിയമം സെക്ഷൻ 28 എ പ്രകാരം അതതു പ്രദേശത്തെ ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നത് അതതു പ്രദേശത്തെ ആർ.ഡി.ഒ.-മാരാണ്. സംസ്ഥാനത്ത് 2010-ൽ നിലവിൽ വന്ന ഭൂമിയുടെ ന്യായവിലയിൽ അപാകത പരിഹരിക്കാനും കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ ശിപാർശകൾ പരിഗണിച്ചുകൊണ്ടും സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില പുനർനിർണ്ണയിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടും 14-8-2018-ലെ സ.ഉ.(കൈ.) നമ്പർ 302/2018/റവന്യൂ. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഇ) ഭൂമിയുടെ ന്യായവില പുനർനിർണ്ണയ നടപടികളിലൂടെ പരാതി പരിഹരിക്കാനാകും.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ

275 (4599) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈരാറ്റുപേട്ടയിൽ മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നത് സംബന്ധിച്ച നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) ഈരാറ്റുപേട്ട മിനി സിവിൽ സ്റ്റേഷൻ നിർമ്മിക്കുന്നതിന് ഈരാറ്റുപേട്ട നഗരസഭയിലെ വടക്കേക്കര കടുവാമുഴി പ്രൈവറ്റ് ബസ് സ്റ്റാൻഡിന്റെ സ്ഥലം വിട്ടുനൽകുന്നത് സംബന്ധിച്ച വിഷയത്തിൽ, പ്രസ്തുത സ്ഥലം പ്രൈവറ്റ് ബസ് സ്റ്റാൻഡിനുവേണ്ടി അക്വിസിഷൻ പ്രകാരം ഏറ്റെടുത്തിട്ടുള്ളതും വില്ലേജ് റിക്കാർഡുകളിൽ തണ്ടപ്പേരിൽ നിൽക്കുന്നതും എൽ.എ.സി.എം. (Land Aquisition Check Memorandum) നടപടികൾ പൂർത്തീകരിച്ചിട്ടില്ലാത്തതുമാണ്. കൂടാതെ പ്രസ്തുത ഭൂമി, ഭൂമി കൈമാറ്റം മുഖേന റവന്യൂ വകുപ്പിന് ലഭ്യമാക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ലാത്തതുമാണ്.

## ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി സ്ഥലമേറ്റെടുപ്പ്

276 (4600) ശ്രീ. എം .ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി വില്ലേജിലെ 520.8 ചതുരശ്രമീറ്റർ സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് റിവിഷൻ സർവ്വേ നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വിശദമാക്കാമോ;

(സി) റീ സർവ്വേ റിക്കോർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളതീകരിച്ച് റിക്കാർഡിൽ ആവശ്യമായ ഭേദഗതി വരുത്തി റിപ്പോർട്ട് ലഭ്യമാക്കാൻ മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത റിപ്പോർട്ട് സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ട് തയ്യാറാക്കാൻ ഏത് ഉദ്യോഗസ്ഥനെയാണ് ചുമതലപ്പെടുത്തിയിരുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ-സി) മഞ്ചേരി ജസീല ജംഗ്ഷനിൽ ഫ്ലൈ ഓവർ നിർമ്മിക്കുന്നതിനായി മഞ്ചേരി, നറുകര വില്ലേജുകളിൽനിന്നും 1249.80 ചതുരശ്ര മീറ്റർ (12.498 ആർ) ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ടുള്ള എൽ.എ. നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

മഞ്ചേരി പൊതുമരാമത്ത് റോഡ്സ് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും റിക്വിസിഷൻ ലഭ്യമായത് പ്രകാരം 9-8-2017-ൽ സംയുക്ത സ്ഥല പരിശോധന നടത്തുകയും പ്രസ്തുത സ്ഥല പരിശോധനയിൽ കയ്യേറ്റം ഒഴിപ്പിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. തുടർന്ന് 13-4-2018-ൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ട റവന്യൂ, സർവ്വേ, പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥരുടെ യോഗത്തിൽ കയ്യേറ്റവുമായി ബന്ധപ്പെട്ട് ഏറ്റെടുക്കേണ്ട സ്ഥലത്ത് ഒരു റിവിഷൻ സർവ്വേ നടത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്കും സർവ്വേ പൂർത്തിയാക്കി തുടർ നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഏറനാട് തഹസിൽദാർക്കും നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റീസർവ്വേ റിക്കാർഡിൽ വന്നിട്ടുള്ള വ്യത്യാസം നാളതുപ്രകാരം മാറ്റം വരുത്തി റിക്കാർഡിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് മലപ്പുറം സർവ്വേ ഡെപ്യൂട്ടി ഡയറക്ടർക്ക് ജില്ലാ കളക്ടർ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി &ഇ) ഇല്ല. കറക്ഷൻ സ്കെച്ച്, റിവൈസ്ഡ് സ്കെച്ച് എന്നിവ തയ്യാറാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് ജില്ലാ സർവ്വേ സൂപ്രണ്ടിന് ലഭ്യമാക്കാൻ ഏറനാട് ഭൂരേഖ തഹസിൽദാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ജോലിക്കായി ഏറനാട് താലൂക്ക് ഓഫീസിലെ 3 സർവ്വേയർമാർ ഉൾപ്പെടുന്ന ഒരു ടീമിനെ നിയോഗിച്ചിട്ടുണ്ട്.

## സർവ്വേ ഭൂരേഖാ വകുപ്പിലെ സർവ്വേയർ തസ്തികകളുടെ എണ്ണം

277 (4601) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ഭൂരേഖാ വകുപ്പിൽ ആകെ സർവ്വേയറുടെ എത്ര തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്; ഏത് വർഷം മുതലാണ് നിലവിലെ സർവ്വേയർ തസ്തികകൾ നിലവിൽ വന്നത്; അതിനു മുൻപ് സർവ്വേയർ തസ്തികകളുടെ എണ്ണം എത്രയായിരുന്നു;

(ബി) തുടർച്ചാനുമതി ആവശ്യമായ സർവ്വേയർമാരുടെ തസ്തികകളുടെ എണ്ണം എത്ര; അതിൽ എത്ര പേർക്ക് തുടർച്ചാനുമതി നല്കിയിട്ടുണ്ട്;

(സി) സംസ്ഥാനത്ത് ആവശ്യമായ സർവ്വേയർമാർ നിലവിലുണ്ടെന്ന് സർക്കാരിന് ബോധ്യമുണ്ടോ; സർവ്വേയർമാർ ചെയ്യേണ്ട ജോലികളായ ഭൂമി അതിരിടൽ, ഭൂമി ഏറ്റെടുക്കൽ ജോലികൾ,പട്ടയ സംബന്ധമായ (തീരദേശ പട്ടയങ്ങൾ ഉൾപ്പെടെ) അളവുകൾ,അൺ സർവ്വേഡ് ലാന്റ് അളവ് എന്നിവ സമയത്തു നടക്കാതെ തടസ്സപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് പുതിയ സർവ്വേയർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഓരോ വില്ലേജിലേക്കും ഓരോ സർവ്വേയർമാരെ വീതം നിയമിച്ച് ടോറൻസ് സംവിധാനം നടപ്പാക്കുന്നതിനെപ്പറ്റി ആലോചിച്ചിട്ടുണ്ടോ; ടോറൻസ് സംവിധാനം നടപ്പാക്കുന്നതോടുകൂടി വർഷം 1000 കോടിയോളം റവന്യൂ വരുമാനം ലഭിക്കുന്നതിനെപ്പറ്റി പഠനം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഈ പഠനം നടത്തുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ടോറൻസ് സംവിധാനം നടപ്പിലാക്കുന്നതിന് എന്തെങ്കിലും തരത്തിലുള്ള തടസ്സമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതു നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ആകെ 1678 സർവ്വേയർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 2014 മുതലാണ് സർവ്വേയർ തസ്തികകളുടെ എണ്ണം 1678 ആയത്. അതിനുമുമ്പ് 1751 ആയിരുന്നു.

(ബി) തുടർച്ചാനുമതി ആവശ്യമായ സർവ്വേയർമാരുടെ തസ്തികകളുടെ എണ്ണം 1261 ആണ്. അതിൽ 626 തസ്തികകൾക്ക് തുടർച്ചാനുമതി നൽകിയിട്ടുണ്ട്.

(സി) സർവ്വേയും ഭൂരേഖയും വകുപ്പിൽ നിക്ഷിപ്തമായ റീസർവ്വേ ജോലികൾ കൂടാതെ ലാന്റ് റിക്കാർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസിഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വേ, കോടതി നിർദ്ദേശപ്രകാരമുള്ള സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി ആവശ്യമുള്ള സർവ്വേയർമാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്ന് നൽകിവരുന്നു. കൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങളും റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്ന് ജീവനക്കാരെ നിയോഗിച്ച് നിർവ്വഹിച്ചുവരുന്നു. ഇത്തരത്തിൽ റീസർവ്വേ ജോലികൾക്ക് അനുവദിച്ചിട്ടുള്ള സർവ്വേയർമാരെ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കുന്നതിനാൽ പലപ്പോഴും റീസർവ്വേ പ്രവർത്തനങ്ങൾ മന്ദീഭവിക്കുന്ന സാഹചര്യമുണ്ടായിട്ടുണ്ട്.

റീസർവ്വേ നടപടികൾ കേന്ദ്ര-സംസ്ഥാന സർക്കാർ അംഗീകൃത ഏജൻസികളെക്കൊണ്ട് ചെയ്യിക്കുന്നതിനും വാലിഡേഷൻ ജോലികൾ നിലവിൽ സർവ്വേ വകുപ്പിലുള്ള ജീവനക്കാരെക്കൊണ്ട് ചെയ്യിക്കുന്നതിനുമാണ് തീരുമാനിച്ചിരിക്കുന്നത്. ആയതിനാൽ നിലവിലുള്ളവർക്കു പുറമെ അധികമായി സർവ്വേയർമാരെ നിയമിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഓരോ വില്ലേജിലേയ്ക്കും സർവ്വേയർമാരെ നിയമിക്കുന്നതിന് തീരുമാനമെടുത്തിട്ടില്ല. ടോറൻസ് സമ്പ്രദായത്തിൽ സർവ്വേ, റവന്യൂ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളുടെ യോജിച്ച പ്രവർത്തനം ആവശ്യമായതിനാൽ ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും സഹകരണം ഉറപ്പാക്കി പ്രവർത്തിക്കാൻ സാധിക്കുന്നതിലേയ്ക്കായി കേരള ലാന്റ് റിക്കാർഡ്സ് മോഡേണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. ടോറൻസ് സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് കൂടുതൽ പരിശോധനകളും പഠനങ്ങളും നടത്തി മാത്രമേ അന്തിമതീരുമാനമെടുക്കാൻ കഴിയൂ.

(ഇ) ടോറൻസ് സംവിധാനം നടപ്പിലാക്കുമ്പോൾ ആധാരത്തിനോടൊപ്പം സ്കെച്ചുകൂടി ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കെച്ച് തയ്യാറാക്കുന്ന സമയംകൂടി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് ആവശ്യമായി വരുമെന്നത് മാത്രമാണ് നിലവിൽ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്.

## സർവ്വേ ഭൂരേഖ വകുപ്പിലെ സർവ്വേയർ തസ്തികകൾ

278 (4602) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വേ ഭൂരേഖ വകുപ്പിൽ സർവ്വേയർമാരുടെ എത്ര തസ്തികകളാണ് നിലവിലുള്ളത്; സർവ്വേയർ തസ്തികകൾ വെട്ടിക്കുറച്ചിട്ടുണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) സർവ്വേ ഭൂരേഖ വകുപ്പിൽ ആവശ്യത്തിന് സർവ്വേയർമാർ ഇല്ല എന്നുള്ള കാരണത്താൽ സർവ്വേ നടപടികൾ മുടങ്ങുന്ന സാഹചര്യം തുടർച്ചയായി ഉണ്ടാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഭൂസർവ്വേ വകുപ്പിൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർ അനുമതി നൽകാത്ത സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് വകുപ്പ് തലത്തിലെ പഠനങ്ങൾക്ക് വിധേയമായിട്ടാണോ കുറവ് വരുത്തിയിട്ടുള്ളത്;

(സി) സംസ്ഥാന സർക്കാരിന്റെ വിവിധ വികസന പ്രവർത്തനങ്ങളുടെ ഭാഗമായും വ്യക്തിപരമായ വസ്തുവകകളുടെ തർക്കങ്ങൾ പരിഹരിക്കുന്നതിനും കോടതി ഉൾപ്പെടെ സർവ്വേ വകുപ്പിനെ ആശ്രയിക്കുന്നതിനാൽ സർവ്വേയർമാരുടെ തസ്തികകൾ വെട്ടിക്കുറയ്ക്കുന്നതുമൂലം ഇക്കാര്യത്തിൽ കൂടുതൽ സങ്കീർണത ഉണ്ടാകുമെന്ന കാര്യം സർക്കാർ ഗൗരവമായി പരിഗണിക്കുമോ;

(ഡി) സർവ്വേ ഭൂരേഖ വകുപ്പിലെ 942 തസ്തികകളുടെ തുടർച്ചാനുമതിയുടെ നിർദ്ദേശം പരിശോധിച്ചതിനുശേഷം ഇവയിൽ 635 തസ്തികകൾ അധിക തസ്തികകളായി കണക്കാക്കിയതിനു ധനകാര്യ വകുപ്പിന്റെ അംഗീകാരമുണ്ടോ;

(ഇ) സർവ്വേ ഭൂരേഖ വകുപ്പിൽ നിലവിൽ താത്ക്കാലിക അടിസ്ഥാനത്തിലോ വർക്കിംഗ് അറേഞ്ച്മെന്റിലോ സർവ്വയർമാർ ജോലി ചെയ്യുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള സാഹചര്യം എന്താണ് ?

ഉത്തരം

(എ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ആകെ 1678 സർവ്വേയർ തസ്തികകൾ നിലവിലുണ്ട്. ടി തസ്തികയിൽ ഒന്നുംതന്നെ വെട്ടിക്കുറച്ചിട്ടില്ല.

(ബി-ഡി) റീസർവ്വേ കൂടാതെ ലാന്റ് റിക്കോർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസിഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വേ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി സർവ്വേയർമാരെ

റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നിയമിക്കേണ്ടിവരുന്നുണ്ട്. ഇതുകൂടാതെ ഫോറസ്റ്റ്, ദേവസ്വം, ഇൻഡസ്ട്രീസ്, വഖഫ് തുടങ്ങിയ എല്ലാ വകുപ്പുകളുടെയും ഏജൻസികളുടെയും ആവശ്യപ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങളും റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്നുള്ള ജീവനക്കാരെ നിയോഗിച്ചാണ് നിർവ്വഹിച്ചു വരുന്നത്. സ്വാഭാവികമായും ഇത്തരത്തിൽ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും ജീവനക്കാരെ മറ്റ് സർവ്വേ ജോലികൾക്ക് നിയോഗിക്കപ്പെടുമ്പോൾ ആയത് റീസർവ്വേ പ്രവർത്തനങ്ങൾ മന്ദീഭവിക്കാൻ കാരണമാകാറുണ്ട്.

റവന്യൂ വകുപ്പ് മുഖാന്തിരം നടക്കുന്ന റീസർവ്വേ നടപടികൾക്കായി സർവ്വേ വകുപ്പുകളിൽനിന്നും ജീവനക്കാരെ ജോലിക്രമീകരണ വ്യവസ്ഥയിൽ താൽക്കാലികമായിട്ടാണ് റവന്യൂ വകുപ്പിൽ നിയമിച്ചുവരുന്നത്. കാലാകാലങ്ങളിൽ ധനകാര്യ വകുപ്പിന്റെ അനുമതിയോടുകൂടിയാണ് ടി ജീവനക്കാർക്ക് തുടർച്ചാനുമതി നൽകി വന്നിരുന്നത്. ഇത്തരത്തിൽ നിയമിച്ചുവരുന്ന ജീവനക്കാരിൽ 635 സർവ്വേയർ തസ്തികയുൾപ്പെടെ ആകെ 942 തസ്തികകൾ അധികമാണെന്ന് ധനകാര്യ വകുപ്പ് വിലയിരുത്തുകയും ടി തസ്തികകൾ സർവ്വേ വകുപ്പിൽ വിരമിക്കൽ, തസ്തിക സൃഷ്ടിക്കൽ തുടങ്ങിയ രീതികളിൽ ഉണ്ടായിത്തീരുന്ന ഒഴിവുകളിൽ അക്കോമഡേറ്റ് ചെയ്യണമെന്ന് നിർദ്ദേശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് തുടർച്ചാനുമതി ടി തസ്തികകൾക്ക് നൽകാൻ കഴിയാത്ത സാഹചര്യമുണ്ടായത്.

ഭൂമി സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിന് സർവ്വേയർമാരുടെ സേവനം ലഭിക്കുന്നില്ലെന്ന പരാതി നിലവിലുണ്ട്. എന്നാൽ സർവ്വേയർമാരുടെ തസ്തികകൾക്ക് തുടർച്ചാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം സമീപ കാലത്ത് ഉടലെടുത്തതാണ്. ഇക്കാര്യത്തിൽ ഉചിതമായ തീരുമാനമെടുക്കുന്നതിനായി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സർവ്വേയും ഭൂരേഖയും വകുപ്പിൽ ഗ്രേഡ് 2 സർവ്വേയർമാരെ പി.എസ്.സി. വഴിയും ഗ്രേഡ് 1 സർവ്വേയർമാരെ സ്ഥാനക്കയറ്റം വഴിയുമാണ് നിയമിക്കുന്നത്. മറ്റ് രീതിയിൽ സർവ്വേയർമാർ ടി വകുപ്പിൽ ജോലി ചെയ്യുന്നില്ല.

## കാസർഗോഡ് ജില്ലയിൽ റീസർവ്വേ നടപടികൾ

279 (4603) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ റീസർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) റീസർവ്വേയിലെ അപാകത ചൂണ്ടിക്കാണിച്ചത് പരിഹരിക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; ഇത്തരത്തിൽ എത്ര അപേക്ഷകളാണ് തീർപ്പ് കല്പിക്കാനുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിൽ ആകെയുള്ള 128 വില്ലേജുകളിൽ 23 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയിട്ടുള്ളതും 3 വില്ലേജുകളുടെ റീസർവ്വേ ജോലികൾ പുരോഗതിയിലുമാണ്. റീസർവ്വേ സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യത്തോടെയാണ് സർവ്വേയും ഭൂരേഖയും വകുപ്പ് മുന്നേറുന്നത്. എന്നാൽ റീസർവ്വേ കൂടാതെ ലാന്റ് റിക്കോർഡ്സ് മെയിന്റനൻസ് (എൽ.ആർ.എം.), ലാന്റ് അസൈൻമെന്റ്, ലാന്റ് അക്വിസിഷൻ, അതിർത്തി നിർണ്ണയം, വനാവകാശ സർവ്വേ, കോടതി നിർദ്ദേശ പ്രകാരമുള്ള സർവ്വേ തുടങ്ങിയ അടിയന്തര പ്രാധാന്യമുള്ള സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ടി ജോലികൾക്ക് അനുവദിച്ചതിലും കൂടുതലായി ആവശ്യമുള്ള ജീവനക്കാരെ റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽനിന്നും നൽകിവരുന്നു. കൂടാതെ ഇൻഡസ്ട്രിയൽ, വഖഫ് തുടങ്ങിയ എല്ലാ ഏജൻസികളുടെയും ആവശ്യ പ്രകാരമുള്ള സർവ്വേ പ്രവർത്തനങ്ങളും റീസർവ്വേ എസ്റ്റാബ്ലിഷ്മെന്റിൽ നിന്ന് ജീവനക്കാരെ നിയോഗിച്ച് നിർവ്വഹിച്ചുവരുന്നു.

മേൽ സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ റീസർവ്വേ പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നത് കണക്കാക്കാൻ സാധിച്ചിട്ടില്ല.

(ബി) റീസർവ്വേ ജോലികൾ നടന്നുവരുന്ന അവസരത്തിൽ കൈവശ വസ്തുക്കൾക്ക് വ്യക്തമായ അതിർത്തിയില്ലാതെ വരിക, അതിർത്തികളിൽ തർക്കം നിലനിൽക്കുക, വസ്തുവിന്റെ പ്രമാണ പ്രകാരമുള്ള വിസ്തീർണ്ണവും റീസർവ്വേ പ്രകാരമുള്ള വിസ്തീർണ്ണവും വ്യത്യാസപ്പെടുക തുടങ്ങിയ കാരണങ്ങളാലാണ് റീസർവ്വേയിൽ പരാതികൾ ഉണ്ടാകുന്നത്. റീസർവ്വേ പ്രവർത്തനത്തിന് നിയോഗിച്ചിട്ടുള്ളവരെ മറ്റ് സർവ്വേകൾക്കായി നിയോഗിക്കുന്നത് റീസർവ്വേ പരാതികൾ പരിഹരിക്കുന്നത് വൈകുന്നതിന് കാരണമാകാറുണ്ട്. ഇത്തരത്തിലുള്ള 5237 അപേക്ഷകൾ തീർപ്പുകൽപ്പിക്കാനുണ്ട്.

**വസ്തു പോക്കുവരവ് അപേക്ഷയിലെ കാലതാമസം**

280 (4604) <u>ശ്രീമതി സി. കെ. ആശ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണയന്നൂർ താലൂക്ക് മണക്കുന്നം വില്ലേജ് ഉദയംപേരൂർ കരയിൽ തരാതരം വീട്ടിൽ ശ്രീ.സെയിം. വി.എസ്. വാങ്ങിയ വസ്തു പോക്കുവരവ് ചെയ്തുകിട്ടുന്നതിനായി ചെമ്പ് വില്ലേജാഫീസർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അപേക്ഷ നൽകിയ തീയതി വ്യക്തമാക്കുമോ;

(ബി) ടിയാൻ വസ്തു പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി 21-1-2019-ൽ വൈക്കം തഹസിൽദാർക്ക് അപേക്ഷ നൽകിയിരുന്നോ;

(സി) എങ്കിൽ ഈ അപേക്ഷയിൽ 5 മാസമായിട്ടും നടപടി പൂർത്തിയാക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) വസ്തു പോക്കുവരവ് ചെയ്തു നൽകുന്ന കാര്യത്തിൽ ചില ഉദ്യോഗസ്ഥർ അലംഭാവം കാണിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ഉത്തരം</u>

(എ) ശ്രീ. സെയിം വി. എസ്. പോക്കുവരവ് ചെയ്തു കിട്ടുന്നതിനായി ചെമ്പ് വില്ലേജ് ഓഫീസർക്ക് 31-12-2018-ൽ അപേക്ഷ നൽകിയിട്ടുണ്ട്.

(ബി) 21-1-2019-ൽ വൈക്കം തഹസിൽദാർക്ക് ടിയാൻ അപേക്ഷ നൽകിയിട്ടുണ്ട്.

(സി) വൈക്കം താലൂക്കിൽ ചെമ്പ് വില്ലേജിൽ മുൻ സർവ്വേ നമ്പർ 29 (സബ് ഡിവിഷൻ നമ്പർ 7/2-ൽപ്പെട്ടത്) 3 ആർ 35 ച.മീറ്റർ വസ്തു ശ്രീ. സെയിം വി. എസ്.-ന്റെ പേരിൽ പി. വി. 267/18-ാം നമ്പരായി 19-6-2019-ൽ പോക്കുവരവ് ചെയ്ത് റ്റി.പി. 20975-ാം നമ്പരായി തണ്ടപ്പേർ പിടിച്ച് KL 05050104811 നമ്പരായി 20-6-2019-ൽ നികുതി സ്വീകരിച്ച് രസീത് നൽകിയിട്ടുണ്ട്. വസ്തു സംബന്ധമായ തർക്കം നിലനിന്നിരുന്നതിനാൽ ആയത് ഫീൽഡിലെ വ്യക്തമായ അതിർത്തി തിട്ടപ്പെടുത്തിയും കൈവശത്തിന്റെ അടിസ്ഥാനത്തിലും സർവ്വേ ചെയ്ത് റിപ്പോർട്ട് വാങ്ങേണ്ടതുണ്ടായിരുന്നതിനാലാണ് കാലതാമസം ഉണ്ടായത്.

(ഡി) ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച ഉണ്ടോയെന്ന് പരിശോധിക്കുന്നതാണ്.

## പ്രധാനമന്ത്രി ആവാസ് യോജനയുടെ മാനദണ്ഡങ്ങളിലുള്ള മാറ്റം

281 (4605) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാനമന്ത്രി ആവാസ് യോജനയുടെ മാനദണ്ഡങ്ങളിൽ കേന്ദ്രസർക്കാർ എന്തെല്ലാം പ്രധാന മാറ്റങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്; ഇതുമൂലം സംസ്ഥാനത്ത് ഏകദേശം എത്ര പേരാണ് ഭവനപദ്ധതികളിൽ നിന്ന് പുറത്താകുമെന്ന് കരുതപ്പെടുന്നത്;

(ബി) ഇത്തരത്തിൽ ഈ പദ്ധതിയിൽ നിന്നും പുറത്താകുന്ന ഭവനരഹിതരെ സഹായിക്കുന്നതിന് സംസ്ഥാന സർക്കാർ എന്തെല്ലാം പരിഹാര മാർഗ്ഗങ്ങളാണ് സ്വീകരിയ്ക്കാൻ പേകുന്നത്; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ നിലവിൽ പ്രധാനമന്ത്രി ആവാസ് യോജന (പി.എം.എ.വൈ.) പദ്ധതി മാർഗ്ഗരേഖയിൽ മാറ്റങ്ങളൊന്നുംതന്നെ നിർദ്ദേശിച്ചിട്ടില്ല.

**ഭവനനിർമ്മാണ വകുപ്പിന്റെ പുതിയ പ്രോജക്ടുകൾ**

282 (4606) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവനനിർമ്മാണ വകുപ്പ് ഏതെങ്കിലും പുതിയ പ്രോജക്ടുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിൽ ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം പ്രോജക്ടുകളാണ് നടപ്പിലാക്കിവരുന്നത്; വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കിവരുന്ന പ്രോജക്ടുകളെ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ചികിത്സ തേടുന്ന രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്ത മെഡിക്കൽ കോളേജുകൾക്ക് സമീപമുള്ള റവന്യൂ ഭൂമിയിൽ ആശ്വാസ് വാടക വീട് പദ്ധതി ആലപ്പുഴ, തൃശ്ശൂർ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്നതിനായുള്ള നടപടികൾ ത്വരിതപ്പെടുത്തിവരികയാണ്.

2. സ്വന്തമായി രണ്ട്/മൂന്ന് സെന്റ് ഭൂമിയുള്ള EWS/LIG വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന/NGO എന്നിവരുടെ സഹായത്തോടെ വീട് നിർമ്മാണത്തിനായി സർക്കാർ സബ്സിഡി നൽകുന്ന ഗൃഹശ്രീ ഭവന പദ്ധതി 2013-14 സാമ്പത്തിക വർഷം മുതൽ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്.

3. സർക്കാർ ഉദ്യോഗസ്ഥർക്ക് സർക്കാർ ഭൂമിയിൽ ഭവന പദ്ധതി

a. ഹൊസ്ദുർഗ്ഗ് താലൂക്കിലെ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളുടെ നിർമ്മാണം - കാസർഗോഡ് ഘട്ടം IV.

b. കാസർഗോഡ് ഘട്ടം V ആയി ഫ്ലാറ്റ് നിർമ്മാണത്തിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

4. പരിശീലന പദ്ധതിയും ഓഫീസ് ഓട്ടോമേഷൻ പദ്ധതി - ബയോമെട്രിക് അറ്റന്റൻസ് സിസ്റ്റം സ്ഥാപിച്ച് നടപ്പാക്കുകയും ഇ-ഗവേണൻസ് ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ വാങ്ങുകയും ചെയ്തു.

5. എം.എൻ. ലക്ഷം വീട് പദ്ധതിയിലെ ഇരട്ട വീടുകൾ ഒറ്റ വീടാക്കി മാറ്റാനും വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിക്കുന്നതിനുമായി Special Bumber Lottery നടത്തി സമാഹരിച്ച 6.16 കോടി രൂപ ഉപയോഗിച്ച് വീട് നിർമ്മിച്ചു നൽകുന്ന പദ്ധതി പുരോഗമിക്കുന്നു.

6. പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് തോട്ടം തൊഴിലാളികൾക്ക് വാടക വീട് നിർമ്മിക്കുന്ന പദ്ധതിക്ക് പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

7. മധൂർ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി.

കാസർഗോഡ് ജില്ലയിലെ മധൂരിൽ 109 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിന്റെ പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

8. റവന്യൂ ടവർ പദ്ധതി

തിരുവനന്തപുരം ജില്ലയിൽ കടകംപള്ളിയിൽ റവന്യൂ ടവർ നിർമ്മാണത്തിലാണ്. കാസർഗോഡ് ജില്ലയിൽ വെള്ളരിക്കുണ്ട് എന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുന്നതാണ്.

9. കൺസൾട്ടൻസി വർക്കുകൾ

വിവിധ സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളുടെ നിർമ്മാണ പ്രവൃത്തികൾ ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഹൗസിംഗ് കമ്മീഷണറുടെ കാര്യാലയത്തിൽ താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട് :

1. ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദപരവുമായ ഭവന നിർമ്മാണ രീതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും 2018-19 വർഷത്തിൽ 'Promotion of Innovative Building Technologies & Housing Literacy Programme' പദ്ധതിയിലൂടെ തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, പാലക്കാട്, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ സെമിനാറുകളും എക്സിബിഷനുകളും 2018-19 വർഷത്തിൽ സംഘടിപ്പിച്ചിട്ടുണ്ട്.

2. കേരള സംസ്ഥാന പാർപ്പിട നയം (2011) പരിഷ്കരിക്കുന്നതിനുള്ള നടപടികളെടുത്തുവരുന്നു.

3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉപയോഗം കുറച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കായി 'കേരള ബിൽഡിംഗ് കോഡ്' രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

4. കാലാവസ്ഥയ്ക്കും പരിസ്ഥിതിയ്ക്കും ഇണങ്ങുന്നതും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കുന്നതുമായിരിക്കണം ഭാവിയിലെ ഓരോ നിർമ്മാണ പ്രവർത്തനമെന്ന അവബോധം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധ്യമാകും വിധം നിലവിൽ (2019-20) കേരള കാലാവസ്ഥാ പ്രതികരണ ഭവന രൂപകൽപ്പന പ്രചരണ പരിപാടി ബഡ്ജറ്റിൽ വിഭാവനം ചെയ്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പുതിയ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് :

1. Prefab Unit – Shornur (18-19), പ്രീ ഫാബ് കെട്ടിട നിർമ്മാണ ഘടകങ്ങളുടെ ഉത്പാദന യൂണിറ്റ് പാലക്കാട് ജില്ലയിൽ ആരംഭിക്കുന്നതിന് - 70 ലക്ഷം.

2. സ്വയംപര്യാപ്ത മോഡൽ ഭവന പദ്ധതി, കാട്ടാക്കട – 344 ലക്ഷം.

3. പരമ്പരാഗത ഗൃഹോപകരണങ്ങൾ ഉപയോഗിച്ച് സജ്ജീകരിച്ചിരിക്കുന്ന ഒരു ഹാബിറ്റാറ്റ് മ്യൂസിയം പി.റ്റി.പി. നഗർ കാമ്പസിൽ - 30 ലക്ഷം.

4. പ്രീ ഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ച് നിർമ്മിച്ച ഒരു മാതൃകാ ഭവനം - 4 ലക്ഷം.

**ഭവനനിർമ്മാണ വകുപ്പിന്റെ ഗസ്റ്റ് ഹൗസുകൾ**

283 (4607) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ വകുപ്പിന്റെ ആസ്ഥാന ഓഫീസിന് സമീപമുള്ള ഗസ്റ്റ് ഹൗസിൽ സാധാരണ ജനങ്ങൾക്കും, ജനപ്രതിനിധികൾക്കും, സർക്കാർ ഉദ്യോഗസ്ഥർക്കും മുറികൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ഭവനനിർമ്മാണ വകുപ്പിന് സംസ്ഥാനത്ത് ഏതൊക്കെ ജില്ലകളിൽ ഗസ്റ്റ് ഹൗസുകൾ ഉണ്ട്; വിശദമാക്കാമോ;

(സി) നിലവിൽ ഭവനനിർമ്മാണ വകുപ്പിന്റെ ചെയർമാനും ബോർഡ് മെമ്പർമാരും ആരെല്ലാമാണ് ;വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ആസ്ഥാന ഓഫീസിന് സമീപമുള്ള ഗസ്റ്റ് ഹൗസിൽ ബോർഡ് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ മുറികൾ ലഭിക്കുന്നതിന് പൊതുജനങ്ങൾ, ജനപ്രതിനിധികൾ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവർ ആധികാരിക തിരിച്ചറിയിൽ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്.

(ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ ആസ്ഥാന ഓഫീസിന് സമീപം ഒരു ഗസ്റ്റ് ഹൗസ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഭവനനിർമ്മാണ ബോർഡിന്റെ ഓഫീസ് കെട്ടിടങ്ങളിൽ ഗസ്റ്റ് റൂമുകൾ ലഭ്യമാണ്.

(സി) നിലവിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ചെയർമാൻ, ബോർഡ് മെമ്പർമാർ എന്നിവരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| 1 | ശ്രീ. പി. പ്രസാദ് : ചെയർമാൻ |
| 2 | ശ്രീ. ബി. അബ്ദുൾ നാസർ IAS :<br>എക്സ്-ഒഫീഷ്യോ സെക്രട്ടറി |
| ഔദ്യോഗിക മെമ്പർമാർ | |
| 1 | ശ്രീമതി സുധ കെ. എസ്.<br>അഡീഷണൽ സെക്രട്ടറി,<br>ഭവനനിർമ്മാണ വകുപ്പ് |
| 2 | ശ്രീമതി എസ്. വി. കല<br>അഡീഷണൽ സെക്രട്ടറി,<br>ധനകാര്യ വകുപ്പ് |
| 3 | ശ്രീമതി എസ്. മിനി ഭാസ്കർ<br>അഡീഷണൽ ലാ സെക്രട്ടറി,<br>നിയമ വകുപ്പ് |
| 4 | ശ്രീമതി ബീന ഫിലിപ്പോസ്<br>റീജിയണൽ ചീഫ്, ഹഡ്കോ |

| അനൗദ്യോഗിക മെമ്പർമാർ | |
|---|---|
| 5 | അഡ്വ. ഗോവിന്ദൻ പള്ളിക്കാപ്പിൽ |
| 6 | ശ്രീ. കെ. പി. സുരേഷ് രാജ് |
| 7 | ശ്രീ. എൻ. എൻ. കൃഷ്ണദാസ് |
| 8 | ശ്രീ. സജീവൻ സാമി റ്റി. ആർ. |
| 9 | ശ്രീ. പി. എ. റസാക്ക് മൗലവി |
| 10 | ശ്രീ. ഇ. എ. ശങ്കരൻ |
| 11 | ശ്രീ. എൻ. വി. രമേഷ് കുമാർ |
| 12 | അഡ്വ. പി. വിശ്വംഭരപ്പണിക്കർ |
| 13 | ശ്രീമതി ജി. സരസ്വതി |
| 14 | ശ്രീ. കെ. ജി. പ്രതാപ് രാജ് |

## ഭവനനിർമ്മാണ ബോർഡ് പുന:സംഘടന

284 (4608) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 29-3-2019- ൽ കൂടിയ വകുപ്പ് സെക്രട്ടറിമാരുടെ യോഗത്തിൽ ഭവന നിർമ്മാണ ബോർഡിന്റെയും ഭവന വകുപ്പിന്റെയും പ്രസക്തി ഇല്ലാതായതിനാൽ അവ നിർത്തലാക്കുന്നത് സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ പി.& എ.ആർ.ഡി. പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നോ; ഇവ നിർത്തലാക്കാൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ;

(ബി) വായ്പ പദ്ധതികളോ തനത് നിർമ്മാണ പദ്ധതികളോ ഇല്ലാതെ നിർജ്ജീവാവസ്ഥയിൽ തുടരുന്ന ബോർഡിനെ പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഭവന നിർമ്മാണ ബോർഡിനെ ഏതൊക്കെ പുതിയ ചുമതലകൾ ആണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഭവനനിർമ്മാണ വകുപ്പിന്റെയും കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെയും പദ്ധതി ചെലവ് തുടർച്ചയായി ശരാശരിയിൽ താഴെയായതിനാൽ ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ നിർദ്ദേശിക്കുന്നതിനായി ഉദ്യോഗസ്ഥ

ഭരണപരിഷ്കാര വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയെയും ഭവനനിർമ്മാണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയെയും ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡോ ഭവനനിർമ്മാണ വകുപ്പോ നിർത്തലാക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി&സി) 2019-2020 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡ് പുനരുദ്ധാരണത്തിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിൽ കൊച്ചി മറൈൻഡ്രൈവിലുള്ള 17.09 ഏക്കർ ഭൂമിയിൽ ഓഫീസ് കൊമേഴ്സ്യൽ ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും സ്റ്റാർ ഹോട്ടലും സർവ്വീസ് അപ്പാർട്ട്മെന്റ്സും അടക്കമുള്ള അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതി PPP മാതൃകയിൽ നടപ്പിലാക്കാൻ നടപടി സ്വീകരിച്ചുവരികയാണ്. പ്രസ്തുത പദ്ധതിക്ക് 1500 കോടി രൂപ ഭൂമി വിലയും, 1605 കോടി രൂപ നിർമ്മാണച്ചെലവും ഉൾപ്പെടെ 3105 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കൊച്ചി മറൈൻഡ്രൈവിലെ അന്താരാഷ്ട്ര എക്സിബിഷൻ സിറ്റി പദ്ധതിയുടെ ഔദ്യോഗിക പ്രഖ്യാപനം 2019 ജൂൺ 20-ന് തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിൽ വച്ചുനടന്നു.

## ഭവനനിർമ്മാണ ബോർഡ് ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

285 (4609) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആവിഷ്കരിച്ച് നടപ്പിലാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി ഭവന നിർമ്മാണ ബോർഡ് ജീവന ക്കാർക്കും പെൻഷൻകാർക്കും കൂടി ബാധകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) സംസ്ഥാന സർക്കാർ 24-4-2017-ലെ സ.ഉ (അച്ചടി) നമ്പർ 54/2017/ധന പ്രകാരം നടപ്പാക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ സംസ്ഥാന ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അദ്ധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അദ്ധ്യാപക അനദ്ധ്യാപക ജീവനക്കാർ, പെൻഷൻകാർ, കുടുംബ പെൻഷൻകാർ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/ പെൻഷൻകാർ/ കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ/ കുടുംബ

പെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും, സംസ്ഥാന സർക്കാരിനുകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐച്ഛികാടിസ്ഥാനത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സംസ്ഥാന ഭവന നിർമ്മാണ ബോർഡിലെ ജീവനക്കാരെ നിലവിൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭവന നിർമ്മാണ ബോർഡിലെ ജീവനക്കാരെ ഉൾപ്പെടുത്തുന്ന വിഷയം പ്രായോഗികതയുടെ അടിസ്ഥാനത്തിൽ പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ പരിശോധിക്കുന്നതാണ്.

## ഭവനനിർമ്മാണ ബോർഡിന്റെ എറണാകുളം മറൈൻ ഡ്രൈവിലെ ബൃഹത് പദ്ധതി

286 (4610) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭവന നിർമ്മാണ ബോർഡിന്റെ കൈവശമുള്ള എറണാകുളം മറൈൻ ഡ്രൈവിലെ 18 ഏക്കർ ഭൂമിയിൽ 3500 കോടി രൂപ മുടക്കി ബൃഹത് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന 2019-20-ലെ ബഡ്ജറ്റ് നിർദ്ദേശത്തിൻമേൽ ഇതുവരെ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഉത്തരം

കൊച്ചി മറൈൻ ഡ്രൈവിൽ ഭവന നിർമ്മാണ ബോർഡിന് സ്വന്തമായുള്ള 17.9 ഏക്കർ ഭൂമിയിൽ ബോർഡിന്റെ സ്വപ്ന പദ്ധതിയായ Kerala International Exhibition City (എക്സിബിഷൻ സോൺ, ഹോട്ടൽ സോൺ, ഹരിത സൗഹൃദ വിനോദ സഞ്ചാര മേഖലകൾ, കൺവെൻഷൻ സോൺ, ഇവന്റ്സ് ആൻഡ് ഫങ്ഷൻ സോൺ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട്) 3,105 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്നതിന്റെ ഔദ്യോഗിക പ്രഖ്യാപനം 20-6-2019-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തുകയുണ്ടായി. പദ്ധതി നടപ്പിലാക്കാൻ ആഗോളതലത്തിൽ കഴിവുള്ള സംരംഭകരെ കണ്ടെത്തുന്നതിനായി Expression of Interest (EOI) ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ലൈഫ് മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ ഹൗസിംഗ് ബോർഡിന്റെ പങ്ക്

287 (4611) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ ഹൗസിംഗ് ബോർഡിന്റെ പങ്ക് വ്യക്തമാക്കാമോ;

(ബി) നിലവിൽ എന്തൊക്കെ നിർമ്മാണ പദ്ധതികളാണ് ബോർഡിനെ ഏൽപ്പിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ലൈഫ് മിഷൻ പദ്ധതികളിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണ ജോലികൾ ഹൗസിംഗ് ബോർഡിനെ ഏൽപ്പിക്കാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ലൈഫ് മിഷൻ പദ്ധതികളുടെ നടത്തിപ്പിൽ ഹൗസിംഗ് ബോർഡിന് യാതൊരു പങ്കുമില്ല. ലൈഫ് മിഷനുമായി ബന്ധപ്പെട്ട യാതൊരുവിധ നിർമ്മാണ പദ്ധതികളും നിലവിൽ സംസ്ഥാന ഭവനനിർമ്മാണ ബോർഡിനെ ഏൽപ്പിച്ചിട്ടില്ല. എന്നാൽ 2018-19 സാമ്പത്തികവർഷം കണ്ണൂർ ജില്ലയിലെ പട്ടുവം, കോഴിക്കോട് ജില്ലയിലെ മുക്കം എന്നീ സ്ഥലങ്ങളിൽ ലൈഫ് മിഷന്റെ കീഴിൽ ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് വകയിരുത്തിയിരുന്നു.

(സി) ലൈഫ് മിഷൻ പദ്ധതികളിലെ ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണ ജോലികൾ പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി മുഖേനയാണ് നടപ്പിലാക്കുന്നത്.

## ഗൃഹശ്രീ പദ്ധതി

288 (4612) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഭവന നിർമ്മാണ ബോർഡ് മുഖേന വിജയകരമായി നടപ്പിലാക്കി വന്ന ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ എത്ര വീടുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ ഇനി എത്ര അപേക്ഷകൾ ഉണ്ട്; 2019-20 കാലയളവിൽ സബ്സിഡിക്കായി എത്ര തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദവിവരം നല്കുമോ;

(സി) ഈ പദ്ധതിയിലെ സബ്സിഡി തുക 2 ലക്ഷത്തിൽ നിന്നും ഉയർത്തി 4 ലക്ഷം രൂപയാക്കാനും ആകെ തുക 6 ലക്ഷം രൂപയായി ഉയർത്തുന്നതിനും ഉദ്ദേശമുണ്ടോ?

<u>ഉത്തരം</u>

(എ) ഗൃഹശ്രീ പദ്ധതി പ്രകാരം ഇതുവരെ (30-4-2019 വരെ) 3018 വീടുകൾ നിർമ്മിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി ആനുകൂല്യം ലഭിക്കുന്നതിനായി 3450 വീടുകൾക്കായി കാരുണ്യവാന്മാരായ വ്യക്തി/സംഘടനകൾ എന്നിവരിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം 32.36 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഹൗസിംഗ് ബോർഡിന്റെ ബഡ്ജറ്റ് വിഹിതങ്ങൾ

289 (4613) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷമുള്ള ബഡ്ജറ്റുകളിൽ ഹൗസിംഗ് ബോർഡിന് ഏതെല്ലാം ഇനങ്ങളിൽ എത്ര തുകവീതം പ്ലാൻ/നോൺപ്ലാൻ ഫണ്ട് ശീർഷകങ്ങളിലായി ഓരോ വർഷവും വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബഡ്ജറ്റ് വിഹിതങ്ങളിൽ എത്ര തുക സർക്കാർ അനുവദിച്ചിട്ടുണ്ടെന്നും, അതിൽ എത്ര തുക ബോർഡ് ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(സി) ഹൗസിംഗ് ബോർഡ് ബഡ്ജറ്റ് വിഹിതങ്ങൾ വാങ്ങാതെ ലാപ്സാക്കിയിട്ടുണ്ടെങ്കിൽ ആയതിനുള്ള കാരണങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ബോർഡിന്റെ പദ്ധതി ചെലവുകൾ ശരാശരിയ്ക്ക് താഴെയാണെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് വകുപ്പുതലത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പ്ലാൻ/നോൺ പ്ലാൻ ഇനത്തിൽ 2016-17 സാമ്പത്തിക വർഷം മുതൽ വകയിരുത്തിയ തുകയുടെയും, അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. *

(സി) സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് ഭരണാനുമതി നൽകിയ ശേഷം അനുവദിച്ച തുക ബോർഡ് ലാപ്സാക്കിയിട്ടില്ല. എന്നാൽ ഭൂമി ലഭ്യമല്ലാത്തതിനാലോ പദ്ധതി നടത്തിപ്പിലെ കാലതാമസം കാരണമോ ചില പദ്ധതികളുടെ വിഹിതം ലാപ്സായിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ പദ്ധതി ചെലവുകൾ വിലയിരുത്തുന്നതിന് വിവിധ തലങ്ങളിൽ അവലോകന യോഗങ്ങൾ ചേരുകയും പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കാൻ ബോർഡിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

**ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്കായി ഭവന നിർമ്മാണ പദ്ധതികൾ**

290 (4614) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല വിഭാഗത്തിൽ പ്പെട്ടവർക്ക് ഭവന നിർമ്മാണ വായ്പകൾ ലഭിക്കുന്നതിന് നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് അത്തരക്കാർക്ക് വീടുനിർമ്മിച്ചു നൽകുന്നതിന് സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സ്വന്തമായി ഭൂമിയുള്ള, ദുർബ്ബല വിഭാഗത്തിൽപ്പെട്ടവർക്ക് കുറഞ്ഞ ചെലവിൽ വീട് നിർമ്മിച്ചുനൽകുന്ന എന്തെങ്കിലും പദ്ധതികൾ ഭവന നിർമ്മാണ ബോർഡ് ആസൂത്രണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) സാമ്പത്തിമായി പിന്നോക്കം നിൽക്കുന്നതും സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും കൈവശമുള്ള ദുർബ്ബല വിഭാഗം (EWS)/താഴ്ന്ന വരുമാന വിഭാഗം (LIG) എന്നിവയിൽപ്പെട്ടവർക്ക് സന്നദ്ധസംഘടന/ NGO/ കാരുണ്യവാന്മാരായ വ്യക്തികൾ എന്നിവരുടെ സഹകരണത്തോടെയും സർക്കാർ സബ്സിഡിയോടുംകൂടി വീട് വയ്ക്കുന്നതിന് 4 ലക്ഷം രൂപ നൽകുന്ന ഗൃഹശ്രീ പദ്ധതി 2013-2014 വർഷം മുതൽ ബോർഡ് നടപ്പിലാക്കിവരുന്നു. ഇതിനായി സന്നദ്ധ സംഘടനകൾ 1 ലക്ഷം രൂപയും ഗുണഭോക്താവ് 1 ലക്ഷം രൂപയും സർക്കാർ സബ്സിഡി 2 ലക്ഷം രൂപയും ചേർത്ത് ആകെ 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ 4 ഗഡുക്കളായി വിതരണം ചെയ്യുന്നു. ഇതുകൂടാതെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല വിഭാഗക്കാർക്ക് സാഫല്യം പദ്ധതി പ്രകാരവും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകിവരുന്നു. കൂടാതെ ലൈഫ് മിഷനിലുൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ പട്ടുവത്തും കോഴിക്കോട് ജില്ലയിലെ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് 1260 ലക്ഷം രൂപ ഹൗസിംഗ് ബോർഡിന് വകയിരുത്തിയിരുന്നു.

## ചാലക്കുടി ഹൗസിംഗ് ബോർഡിന്റെ സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ്

291 (4615) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഹൗസിംഗ് ബോർഡുവക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നടപടികൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലത്ത് ഹൗസിംഗ് ബോർഡ് മറ്റെന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടിയിൽ ഹൗസിംഗ് ബോർഡുവക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 24-9-2016-ലെ സ.ഉ.(കൈ)നമ്പർ 31/2016/ഭവനം നമ്പർ ഉത്തരവിലൂടെ അംഗീകാരം നൽകിയിരുന്നു. ടി സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ട് കാരണം തുടർനടപടികൾ സ്വീകരിച്ചില്ല.

(സി) പ്രസ്തുത സ്ഥലത്ത് Petrol/Diesel Outlet ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

## പത്തനംതിട്ട ജില്ലയിലെ പ്രളയദുരിതബാധിതരുടെ വീടുകളുടെ നിർമ്മാണം

292 (4616) ശ്രീമതി. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ പ്രളയദുരിതബാധിതരുടെ പൂർണ്ണമായി തകർന്ന വീടുകൾക്ക് പകരം പുതിയ വീടുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ടോ എന്നറിയിക്കുമോ;

(ബി) എങ്കിൽ ആറന്മുള മണ്ഡലത്തിലെ താലൂക്ക് അടിസ്ഥാനത്തിൽ കണക്ക് ലഭ്യമാക്കാമോ;

(സി) പുതിയ വീടുകളുടെ നിർമ്മാണം പൂർത്തിയായവ എത്ര; ഇനി പൂർത്തീകരിക്കാൻ എത്ര വീടുകൾ ബാക്കിയുണ്ട്; അവയുടെ നിർമ്മാണം ഏത് ഘട്ടത്തിൽ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. പൂർണ്ണമായും തകർന്ന 615 വീടുകളിൽ 307 വീടുകൾ പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവയുടെ പണികൾ പുരോഗമിക്കുന്നു.

(ബി) ആറന്മുള മണ്ഡലത്തിൽ കോഴഞ്ചേരി താലൂക്കിലെ 143 വീടുകളും തിരുവല്ല താലൂക്ക് പരിധിയിലെ 49 വീടുകളും ഉൾപ്പെടെ 192 വീടുകളുടെ നിർമ്മാണം നടന്നുവരുന്നു. ഇവയിൽ 85 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. ബാക്കി 107 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(സി) പത്തനംതിട്ട ജില്ലയിൽ പൂർണ്ണമായും തകർന്ന 615 വീടുകളിൽ 307 വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 71 വീടുകൾ കോൺക്രീറ്റ് (വാർപ്പ്) പൂർത്തിയാക്കിയിട്ടുണ്ട്. ലിന്റൽ പൂർത്തിയാക്കിയ 125 വീടുകളും ബേസ്മെന്റ് പൂർത്തിയാക്കിയ 77 വീടുകളുമുണ്ട്.

**ഭവന നിർമ്മാണ ബോർഡിന്റെ വായ്പാബാധ്യതകൾ**

293 (4617) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ ബോർഡിന് വായ്പ എടുത്തിട്ടുള്ള വകയിൽ കൊടുത്തുതീർക്കുവാനുള്ള ബാധ്യതകളുടെ വിശദവിവരം നൽകുമോ;

(ബി) പ്രസ്തുത ബാധ്യതകളിൽ നിന്ന് ഒഴിവാകുന്നതിനായി ബോർഡ് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) ഹഡ്കോ തിരിച്ചടവിനായി വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം ബോർഡിന് അനുവദിച്ച തുകയായ 1122.68 കോടി രൂപയും ഗ്യാരന്റി കമ്മീഷൻ ഇനത്തിൽ ബോർഡ് സർക്കാരിന് നൽകേണ്ട 89.95 കോടി രൂപയും ഉൾപ്പെടെ 1212.63 കോടി രൂപ ബോർഡ് സർക്കാരിന് നൽകേണ്ടതുണ്ട്.

സർക്കാരിൽ നിന്നും ബോർഡിന് ലഭിക്കേണ്ട 1773.22 കോടി രൂപയിൽ സർക്കാരിന് നൽകേണ്ട 1212.63 കോടി രൂപയിൽ തട്ടിക്കഴിക്കുന്നതിനും ബാക്കി തുകയായ 560.59 കോടി രൂപ അനുവദിച്ച് നൽകണമെന്നും ബോർഡ് ആവശ്യപ്പെട്ടിരുന്നു.

ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ പരിശോധന പ്രകാരം 302.79 കോടി രൂപ സർക്കാർ ബോർഡിന് നൽകേണ്ടതാണെന്ന് ശിപാർശ ചെയ്തിരുന്നു. 28-2-2019-ൽ ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചേമ്പറിൽ നടന്ന മീറ്റിംഗിലെ തീരുമാനപ്രകാരം സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് വിവിധ പദ്ധതികൾ നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് സർക്കാർ നൽകാനുള്ള തുക

അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് നാളിതുവരെ ബോർഡ് വിവിധ പദ്ധതികളുമായി ബന്ധപ്പെട്ട് നൽകിയ ആകെ വായ്പയുടേയും അതിൽ ബോർഡ് നാളിതുവരെ തിരിച്ചുപിടിച്ച തുകയുടെയും വായ്പാ കുടിശ്ശിക തീർപ്പാക്കുന്നതിന് സർക്കാർ അനുവദിച്ച മുഴുവൻ തുകയുടെയും പൂർണ്ണമായ വിശദാംശങ്ങൾ ഒരു ചാർട്ടേർഡ് അക്കൗണ്ടന്റിനെക്കൊണ്ട് ഓഡിറ്റ് ചെയ്യിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി റേഡിയോ ബീക്കൺ

294 (4618) ശ്രീ. എൻ. എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷയ്ക്കായി ഫിഷറീസ് വകുപ്പ് റേഡിയോ ബീക്കണുകൾ വിതരണം ചെയ്തിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏത് വർഷത്തിൽ എത്ര മൽസ്യത്തൊഴിലാളികൾക്ക് റേഡിയോ ബീക്കണുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഏത് കമ്പനിയുടെ സഹായത്തോടെയാണ് ഈ റേഡിയോ ബീക്കണുകൾ വിതരണം ചെയ്തതെന്നും ഏതെല്ലാം കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തിരുന്നുവെന്നും എത്ര രൂപയ്ക്കാണ് ടെണ്ടർ നൽകിയതെന്നും വ്യക്തമാക്കാമോ;

(ഡി) ഈ റേഡിയോ ബീക്കണുകൾ തിരിച്ചെടുത്ത് നശിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് പറയാമോ;

(ഇ) ഈ റേഡിയോ ബീക്കണുകൾ കൊണ്ടുള്ള ഗുണവും പ്രയോജനവും എന്താണെന്ന് വ്യക്തമാക്കാമോ; ഇവ നശിപ്പിച്ചാൽ പുതിയത് വിതരണം ചെയ്യുമോ; അതിന് എത്ര തുക ചെലവ് വരുമെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) റേഡിയോ ബീക്കണുകൾ വിതരണം ചെയ്തിരുന്നു.

(ബി) 2008-09 കാലഘട്ടം മുതൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സുരക്ഷ മുൻനിർത്തി 7262 ബീക്കണുകൾ മത്സ്യഭവനുകൾ വഴി വിതരണം ചെയ്തിരുന്നു.

(സി) പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിന്റെ സഹായത്തോടെയാണ് റേഡിയോ ബീക്കണുകൾ നിർമ്മിച്ച് വിതരണം ചെയ്തിരുന്നത്. കെൽട്രോൺ പൊതുമേഖലാ സ്ഥാപനമായതിനാൽ ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

ബീക്കൺ ഉൾപ്പെടെ അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളിക്ക് ഗുണകരമായ 10 സാധനങ്ങൾ അടങ്ങിയ ഒരു സുരക്ഷാ കിറ്റ് എന്ന നിലയിലാണ് സുനാമി റീഹാബിലിറ്റേഷൻ പദ്ധതി (TRP)-യിൽ ഉൾപ്പെടുത്തി വിതരണം നടത്തിയത്. ഒരു സുരക്ഷാ കിറ്റിന് 20000 രൂപയാണ് വില നിശ്ചയിച്ചത്. ഫിഷറീസ് വകുപ്പ് വഴിയാണ് വിതരണം ചെയ്തിരുന്നത്.

(ഡി) റേഡിയോ ബീക്കണുകൾ തിരിച്ചെടുത്ത് നശിപ്പിക്കാനായി അനുമതി നൽകിയിട്ടുണ്ട്. 2008-ൽ വിതരണം ചെയ്ത റേഡിയോ ബീക്കണുകളുടെ ലൈഫ് സ്പാൻ 5 വർഷമാണ്. ടി റേഡിയോ ബീക്കണുകളിൽ ഭൂരിഭാഗവും കാലപ്പഴക്കംമൂലം പ്രവർത്തനരഹിതമാകുകയും ആയതുമൂലംതന്നെ തെറ്റായ സന്ദേശം പുറപ്പെടുവിക്കുന്ന അവസ്ഥയുമായിരുന്നു. കൂടാതെ ഇവ റിപ്പെയർ ചെയ്ത് ശരിയാക്കി നൽകൽ പ്രായോഗിമായി ഗുണം ചെയ്യില്ലെന്നും ആയതിന് വൻതുക ചെലവഴിക്കേണ്ട തായിവരുമെന്നും കെൽട്രോൺ അറിയിച്ചിട്ടുണ്ട്.

(ഇ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെടുന്ന സമയത്ത് ജീവൻ രക്ഷാപ്രവർത്തനങ്ങൾക്കും ചെറുകിട യാനങ്ങളിലും ബോട്ടുകളിലും കൊണ്ടു പോകുന്നതിനും റേഡിയോ ബീക്കണുകൾ പ്രയോജനപ്രദമാണ്. യാനം അപകട ത്തിൽപ്പെട്ടാൽ ബീക്കൺ നിശ്ചിത സമയം സ്വിച്ച് ഓണായി പിടിക്കുകയോ ഇതിന് കഴിഞ്ഞില്ലെങ്കിൽ ജലവുമായി സമ്പർക്കം നൽകുകയോ ചെയ്താൽ അപകട സന്ദേശം കോസ്റ്റ് ഗാർഡ് ഹെഡ് ആഫീസിന് നൽകുകയും ഉടൻ വിവരം ഫിഷറീസ് വകുപ്പിനും ബന്ധപ്പെട്ട ഏജൻസികൾക്കും ലഭിക്കുകയും കൃത്യമായ സ്ഥലം അറിയാൻ കഴിയുന്നതുകൊണ്ട് റെസ്ക്യൂ പ്രവർത്തനങ്ങൾ വേഗത്തി ലാകുകയും ചെയ്യും. റേഡിയോ ബീക്കണുകൾ വീണ്ടും അനുവദിക്കാൻ പദ്ധതികളില്ല. റേഡിയോ ബീക്കണുകളുടെ ധർമ്മംകൂടി നിർവ്വഹിക്കാൻ കഴിയുന്ന തരത്തിൽ വികസിപ്പിച്ചെടുക്കുന്ന നാവിക് ഉപകരണങ്ങളാണ് ഇതിന് പകരമായി വിതരണം ചെയ്യാൻ പോകുന്നത്.

## സമുദ്ര മത്സ്യസമ്പത്ത് സംരക്ഷണം

295 (4619) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമുദ്രത്തിലെ മത്സ്യ സമ്പത്ത് സംരക്ഷണത്തിനും വർദ്ധനവിനുമായി സംസ്ഥാന ഗവണ്മെന്റ് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) സമുദ്രത്തിലെ മത്സ്യ സമ്പത്ത് സംരക്ഷിക്കുന്നതിനായി കേരളം നടപ്പിലാക്കിയ പദ്ധതികൾ ഇന്ത്യയിലെ തീരസംസ്ഥാനങ്ങൾ നടപ്പിലാക്കണ മെന്ന് കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യ സംരക്ഷണത്തിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു :

1. സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യക്കുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

2. അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

3. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും കെ.എം.എഫ്.ആർ. നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തുവരുന്നു.

4. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

5. പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.

6. തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച്.പി. വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.

7. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.

8. വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധനരീതികളും കർശനമായി നിരോധിച്ചു.

9. കടൽ പട്രോളിംഗ് ശക്തമാക്കി.

10. ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു.(ജൂൺ 10 – ജൂലൈ 31 വരെ)

11. ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യബന്ധനത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെകൂടി പങ്കാളിത്ത ത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

12. തിരുവനന്തപുരം ജില്ലയിലെ പുല്ലുവിള, തുമ്പ, മരിയനാട്, അടിമലത്തുറ എന്നീ തീരക്കടലിൽ 1 കോടി രൂപ ചെലവിൽ കൃത്രിമപ്പാര് നിക്ഷേപി ക്കുകയും മത്സ്യ ആവാസ വ്യവസ്ഥ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നടപ്പ് വർഷം വലിയതുറ, പൂന്തുറ, ബീമാപള്ളി എന്നീ തീരക്കടലിൽ കൃത്രിമപ്പാരുകൾ നിക്ഷേപിക്കുന്നതിന് 2 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

13. മത്സ്യസമ്പത്തിന്റെ പരിപാലനത്തിനും വർദ്ധനവിനുമായി സർക്കാർ നടപ്പിലാക്കിയ വിവിധ നടപടികളുടെ ഫലമായി 2018-2019 വർഷം സമുദ്ര മത്സ്യോല്പാദനം 6.09 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ബി) 2018 നവംബർ 10, 11 തീയതികളിൽ എറണാകുളം സി.എം.എഫ്.ആർ.ഐ.-ൽ വച്ച് കേരളം നേതൃത്വം നൽകി സംഘടിപ്പിച്ച ദക്ഷിണേന്ത്യൻ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ സമ്മേളനത്തിൽ മത്സ്യസമ്പത്ത് സംരക്ഷിക്കാനുള്ള ചർച്ചയിൽ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ എല്ലാം തന്നെ സി.എം.എഫ്.ആർ.ഐ.-യുടെ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അശാസ്ത്രീയ മത്സ്യബന്ധനത്തിനെതിരെ കർശന നടപടികൾ സ്വീകരിക്കാമെന്ന് ധാരണയായിട്ടുണ്ട്. കേരളം നടപ്പിലാക്കിയതുപോലെ കെ.എം.എഫ്.ആർ. നിയമ ഭേദഗതി ചെയ്യാനും ചട്ടങ്ങൾ നടപ്പിലാക്കാനും ശ്രമിക്കുമെന്ന് ഈ സമ്മേളനത്തിൽ വച്ച് മറ്റ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ അഭിപ്രായപ്പെടുകയുണ്ടായി. ടി സമ്മേളനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങൾ ശിപാർശകളായി കേന്ദ്ര സർക്കാരിന് കൈമാറിയിട്ടുണ്ട്. കേന്ദ്ര ഫിഷറീസ് സെക്രട്ടറി എല്ലാ തീരദേശ സംസ്ഥാനങ്ങൾക്കും യൂണിയൻ ടെറിറ്ററികൾക്കും കേരള സർക്കാർ നടപ്പാക്കി കൊണ്ടിരിക്കുന്ന വിഭവ പരിപാലന സംരക്ഷണ നടപടികൾ അതതു സംസ്ഥാനങ്ങളിൽ നടപ്പാക്കാൻ നിർദ്ദേശിച്ചുകൊണ്ട് കത്തയച്ചിട്ടുണ്ട്.

## ചെല്ലാനം തീരത്ത് നടപ്പാക്കിയ സംരക്ഷണ പ്രവർത്തനങ്ങൾ

296 (4620) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരദേശശോഷണം കുറയ്ക്കുന്നതിനും കടലാക്രമണത്തിൽ നിന്നും കരയെയും മൽസ്യത്തൊഴിലാളികളെയും സംരക്ഷിക്കുന്നതിനുമായി നടപ്പാക്കിവരുന്ന പദ്ധതികൾ എന്തെല്ലാം; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കൊച്ചി മണ്ഡലത്തിലുൾപ്പെടുന്ന ചെല്ലാനം തീരത്ത് ഈ സർക്കാർ കാലയളവിൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ ;

(സി) ഇതിന്റെ ഭാഗമായി ചെല്ലാനം തീരത്തെ പ്രവൃത്തികൾക്ക് ഈ സർക്കാർ നാളിതുവരെ വകയിരുത്തിയ തുക എത്ര; അതിൽ ഏതെല്ലാം പദ്ധതികൾക്കായി എത്ര തുക ചെലവായി ; പദ്ധതികൾ തിരിച്ച് വ്യക്തമാക്കുമോ?

### ഉത്തരം

(എ) തുറമുഖങ്ങളുമായി ബന്ധപ്പെട്ട് പുലിമുട്ട് നിർമ്മിക്കുമ്പോൾ സമീപ തീരത്തുണ്ടാകുന്ന തീരശോഷണം തടയുന്നതിനായി ഗ്രോയിൻ നിർമ്മാണം ചെയ്യുന്നുണ്ട്. മുതലപ്പൊഴി, കായംകുളം, തോട്ടപ്പള്ളി, ചേറ്റുവ, തലായ്, മഞ്ചേശ്വരം എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ സമീപത്തെ തീരശോഷണം തടയുന്നതിനും കൊല്ലം ബീച്ച് മുതൽ താന്നി വരെ തീരസംരക്ഷണം നടത്തുന്നതിനും വേണ്ടി 82.02 കോടി രൂപയുടെ ഗ്രോയിൻ/പുലിമുട്ട് നിർമ്മാണം KIIFB ധനസഹായത്തോടെ നടപ്പാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | മുതലപ്പൊഴി ഫിഷറി ഹാർബർ-ഷോർ പ്രൊട്ടക്ഷൻ വർക്ക് അറ്റ് താഴംപള്ളി സൈഡ് ആൻഡ് കഠിനംകുളം കായൽ | 1831.00 |
| 2 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് ഓൺ സതേൺ സൈഡ് ഓഫ് എസ്റ്റ്യുറി ഓഫ് ചേറ്റുവ ഫിഷിംഗ് ഹാർബർ | 686.00 |
| 3 | ഫിഷിംഗ് ഹാർബർ പ്രോജക്ട് തലായ് ഇൻ കണ്ണൂർ കൺസ്ട്രക്ഷൻ ഓഫ് അഡീഷണൽ ഗ്രോയിൻസ് | 348.00 |
| 4 | ബീച്ച് സ്റ്റബിലൈസേഷൻ ഓൺ സതേൺ സൈഡ് ഓഫ് മഞ്ചേശ്വരം ഫിഷിംഗ് ഹാർബർ | 1347.00 |
| 5 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് കായംകുളം ഫിഷിംഗ് ഹാർബർ | 242.00 |
| 6 | കൺസ്ട്രക്ഷൻ ഓഫ് ഗ്രോയിൻസ് അറ്റ് തോട്ടപ്പള്ളി ഫിഷിംഗ് ഹാർബർ | 240.00 |
| 7 | കൊല്ലം ബീച്ച് മുതൽ താന്നി വരെയുള്ള തീരസംരക്ഷണ പ്രവൃത്തി | 3508.00 |
| | ആകെ | 8202.00 |

കൂടാതെ കടൽഭിത്തി നിർമ്മാണവും പുനരുദ്ധാരണവും കടലാക്രമണവും തടയുന്നതിന് കരിങ്കല്ലുപയോഗിച്ച് Rubble Mount Seawall നിർമ്മാണവും ജലവിഭവ വകുപ്പ് മുഖേന ചെയ്തുവരുന്നുണ്ട്.

(ബി&സി) ചെല്ലാനം തീരത്തുള്ള പ്രവൃത്തികൾ ഫിഷറീസ് വകുപ്പ് മുഖേനയല്ല ജലവിഭവ വകുപ്പാണ് ചെയ്തുവരുന്നത്.

ചെല്ലാനം തീരത്തെ പ്രവൃത്തികൾക്കായി നാളിതുവരെ ജലവിഭവ വകുപ്പ് മുഖേന 11.24 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ 13.34 ലക്ഷം രൂപ ചെലവായി. പദ്ധതികൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ട്രോളിങ് നിരോധനം**

297 (4621) ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതുവർഷം മുതലാണ് ട്രോളിങ് നിരോധനം നിലവിൽ വന്നത്; നേരത്തെ എത്ര ദിവസമായിരുന്നു ട്രോളിങ് നിരോധനം ഏർപ്പെടുത്തിയിരുന്നതെന്നു വ്യക്തമാക്കുമോ;

(ബി) ഈ വർഷം രണ്ടു ഘട്ടങ്ങളിലായി നിരോധനം ഏർപ്പെടുത്താൻ ഇത് സംബന്ധമായി പഠനം നടത്തിയ വിദഗ്ധസമിതി ശിപാർശ ചെയ്തിരുന്നോ;

(സി) എങ്കിൽ ഇത് വേണ്ടെന്ന് വയ്ക്കാനുണ്ടായ കാരണമെന്താണ്; നിരോധനം ഒറ്റഘട്ടമായും രണ്ടു ഘട്ടങ്ങളായും നടത്തുമ്പോളുണ്ടാകുന്ന നേട്ടവും കോട്ടവും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1988 മുതലാണ് സംസ്ഥാനത്ത് ട്രോൾബാൻ നടപ്പിലാക്കി തുടങ്ങിയത്. അന്ന് മുതൽ 2019 വരെ ഓരോ വർഷവും എത്ര ദിവസമാണ് ട്രോൾബാൻ നടപ്പിലാക്കിയതെന്ന വിവരം ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വർഷം | ആകെ ദിവസം |
|---|---|---|
| 1 | 1988 | 61 |
| 2 | 1989 | 43 |
| 3 | 1990 | 24 |
| 4 | 1991 | 30 |
| 5 | 1992 | 44 |
| 6 | 1993 | 31 |
| 7 | 1994-2005 | 45 |
| 8 | 2006 | 63 |
| 9 | 2007-2017 | 47 |
| 10 | 2018 | 52 |
| 11 | 2019 | 52 |

(ബി) 2013-ൽ സംസ്ഥാന സർക്കാർ നിയമിച്ച കമ്മിറ്റി ട്രോൾബാൻ കാലയളവ് 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ - 30 ദിവസം, ഒക്ടോബർ, നവംബർ - 30 ദിവസം) ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ട്രോൾബാൻ കൂടുതൽ ഫലപ്രദമാക്കുന്നതിന് കാലാവധി 60 ദിവസമായി വർദ്ധിപ്പിക്കണമെന്നും ക്രമേണ ടി കാലയളവ് രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കണമെന്നും (ജൂൺ, ജൂലൈ 30 ദിവസം, ഒക്ടോബർ, നവംബർ 30 ദിവസം)2013-ൽ സർക്കാർ നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി. അതിന്റെകൂടി അടിസ്ഥാനത്തിലാണ് 2018 വർഷം മുതൽ ട്രോൾബാൻ കാലാവധി 47 ദിവസത്തിൽനിന്നും 52 ആയി ഉയർത്തിയിട്ടുള്ളത്. ഇത് സംസ്ഥാനത്തിന്റെ അനുഭവവുമായി ഒത്തുപോകുന്നതാണ്. എന്നാൽ നിരോധനകാലം 2 ഘട്ടങ്ങളിലായി നടപ്പാക്കണമെന്നത് സംബന്ധിച്ച് സംസ്ഥാനം അന്തിമ തീരുമാനമെടുത്തിട്ടില്ല. 1988 മുതൽ 31 വർഷമായി നടപ്പാക്കിവരുന്ന കടലിന്റെ അടിത്തട്ടിലെ ട്രോൾ ബാനിൽ മാറ്റങ്ങൾ വരുത്തുന്നതിനുമുമ്പ് മത്സ്യത്തൊഴിലാളി സമൂഹവുമായും ബോട്ടുടമകളുമായും ചർച്ചകൾ നടത്തി സമവായത്തിലെത്തണമെന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. ഇത്തരത്തിലുള്ള ചർച്ചകൾ ഇതിനകംതന്നെ ആരംഭിച്ചിട്ടുണ്ട്.

കേരള തീരത്ത് Demersal fishes (അടിത്തട്ടിൽ ജീവിക്കുന്ന മത്സ്യങ്ങൾ) കണവ, കൂന്തൽ തുടങ്ങിയ മത്സ്യയിനങ്ങൾ പ്രധാനമായും ഒക്ടോബർ/നവംബർ മാസങ്ങളിലാണ് പ്രജനനം നടത്തുന്നതെന്നും ആ വിഭാഗത്തിൽപ്പെട്ട മത്സ്യങ്ങളുടെ സംരക്ഷണത്തിനായി ഒക്ടോബർ, നവംബർ മാസങ്ങളിൽ കൂടി നിരോധനം ഏർപ്പെടുത്തുന്നതായിരിക്കും ഫലപ്രദമെന്നുമാണ് ഒരു വിഭാഗം ശാസ്ത്രജ്ഞരുടെ അഭിപ്രായം.

എന്നാൽ കേരളത്തിന്റെ കടൽ മത്സ്യോല്പാദനത്തിന്റെ ഏകദേശം 62 ശതമാനവും ഉപരിതല മത്സ്യങ്ങളും (Pelagic fishes), 22 ശതമാനം അടിത്തട്ടിലെ മത്സ്യങ്ങളും (Demersal fishes), 9-10% ചെമ്മീൻ/കൊഞ്ച്/ഞണ്ട് തുടങ്ങിയവ ഉൾപ്പെടുന്ന ക്രസ്റ്റേഷ്യനുകളും 7-8% കണവ, കൂന്തൽ എന്നിവ ഉൾപ്പെടുന്ന മൊളാസ്കൽ വർഗ്ഗ ജീവികളുമാണ്. ഉപരിതല മത്സ്യങ്ങൾ പൊതുവെ കാലവർഷ കാലത്തോ അതിന് തൊട്ടുമുമ്പോ പിമ്പോ ആണ് പ്രജനനം നടത്തുന്നത്. പ്രസ്തുത മത്സ്യങ്ങളെ കൂടുതലായും പിടിച്ചെടുക്കുന്നത് പരമ്പരാഗത മത്സ്യത്തൊഴിലാളികളാണ് (പ്രത്യേകിച്ച് കാലവർഷ കാലങ്ങളിൽ)

കണവ, കൂന്തൽ തുടങ്ങിയ മത്സ്യങ്ങൾ ഒക്ടോബർ, നവംബർ മാസങ്ങളിലാണ് പ്രധാനമായും പ്രജനനം നടത്തുന്നതെങ്കിലും അവ ആകെ ഉൽപ്പാദനത്തിന്റെ 7-8% മാത്രമാണ് സംഭാവന ചെയ്യുന്നത്.

ജൂൺ/ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനം മത്സ്യ പ്രജനനത്തെ സഹായിക്കുന്നതിന് മാത്രം ഉദ്ദേശിച്ചിട്ടുള്ളതല്ല. പശ്ചിമ തീരത്ത് upwelling മൂലവും മറ്റും കടൽ ഏറ്റവും ഉല്പാദനക്ഷമമാകുന്നത് ജൂൺ- ജൂലൈ മാസങ്ങളിലാണ്. ഈ സമയത്താണ് കടലിലെ primary productivity ഏറ്റവും കൂടുതൽ. കടലിലെ സർവ്വ ജീവപ്രക്രിയകളുടെയും രാസോർജ്ജത്തിന്റെ ഉറവിടമായ അതിസൂക്ഷ്മ സസ്യങ്ങളുടെ ഊർജ്ജിതോല്പാദനം നടക്കുന്നത് ഈ കാലത്താണ്. കടലിലെ ഈ അടിസ്ഥാ നോല്പാദനവും (Primary productivity) അതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന ഭക്ഷ്യ കലവറയുമാണ് മത്സ്യങ്ങൾ ഉൾപ്പെടെയുള്ള സകല ജന്തുക്കളുടെയും നിലനിൽപ്പിന് ആധാരം. അടിത്തട്ടിലെ ട്രോളിംഗ്മൂലം ജലത്തിന്റെ കലങ്ങൽ (turbidity) കൂടുന്നു. ഇത് പ്രാഥമികോല്പാദനത്തെ പ്രതികൂലമായി ബാധിക്കുന്നു.

ഈ സാഹചര്യങ്ങളിൽ ഇപ്പോൾ നിലനിൽക്കുന്ന പോലെ ജൂൺ/ജൂലൈ മാസങ്ങളിലെ ട്രോളിംഗ് നിരോധനമാകും കൂടുതൽ ഫലപ്രദമെന്ന പ്രബലമായ അഭിപ്രായവും നിലനിൽക്കുന്നുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളികൾ പൊതുവെ ഈ അഭിപ്രായത്തിന്റെ പക്ഷത്താണ്. മത്സ്യത്തൊഴിലാളി സമൂഹവു മായി വിശദമായ ചർച്ച നടത്തി സമവായത്തിലെത്തിയതിനുശേഷം ഇക്കാര്യം പരിശോധിക്കുന്നതാണ്. ഈ സാഹചര്യത്തിലാണ് നടപ്പുവർഷവും ഒറ്റത്തവണയായി ട്രോൾബാൻ 52 ദിവസമായി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളത്.

## ട്രോളിംഗ് നിരോധനം

298 (4622) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നത് എന്തിനുവേണ്ടിയാണ്, വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് മത്സ്യബന്ധനത്തിനായി കടലിൽ പോകുന്ന എത്ര യന്ത്രവത്കൃത വള്ളങ്ങൾ ഉണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(സി) ട്രോളിംഗ് നിരോധനംമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്ക് സൗജന്യ റേഷനും മറ്റു സാമ്പത്തികസഹായങ്ങളും നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ?

ഉത്തരം

(എ) വർഷകാലത്താണ് ഏറെ മത്സ്യങ്ങളും പ്രജനനം നടത്തുന്നത്. ട്രോളിംഗ് വഴി മത്സ്യമുട്ടകളും മത്സ്യക്കുഞ്ഞുങ്ങളും തള്ളമത്സ്യങ്ങളും നശിപ്പിക്കപ്പെടുമെന്നതിനാൽ മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന് ഈ സമയത്ത് ട്രോളിംഗ് നിർത്തിവയ്ക്കേണ്ടതാണ്. മത്സ്യസമ്പത്ത് സുസ്ഥിരമായി നിലനിർത്തുന്നതിന്റെ ഭാഗമായും ശാസ്ത്രീയ മത്സ്യബന്ധനം ഉറപ്പാക്കുന്നതിന്റെ ഭാഗമായുമാണ് ട്രോളിംഗ് നിരോധനം നടപ്പിലാക്കിവരുന്നത്. ജൂൺ 10 മുതൽ 31 വരെയുള്ള 52 ദിവസമാണ് സംസ്ഥാനത്ത് ട്രോളിംഗ് നിരോധനം.

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) ട്രോളിംഗ് നിരോധനംമൂലം തൊഴിൽദിനങ്ങൾ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ടി കാലയളവിൽ സിവിൽ സപ്ലൈസ് വകുപ്പ് വഴി സൗജന്യ റേഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ ആശ്വാസ പദ്ധതിയുടെ ആനുകൂല്യം 4500 രൂപയായി വർദ്ധിപ്പിച്ച് 3 ഗഡുക്കളായി പഞ്ഞമാസങ്ങളിൽ നൽകിവരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം ഒറ്റത്തവണ ധനസഹായമായി 1350 രൂപയും വിതരണം ചെയ്തുവരുന്നു.

## മത്സ്യബന്ധന വകുപ്പ് മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ

299 (4623) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ;

(ബി) ഉൾനാടൻ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന വകുപ്പ് മുഖേന മാവേലിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യമായി 52,46,006 രൂപയും സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ധനസഹായമായി 1,04,28,000 രൂപയും വിതരണം ചെയ്തു. കൂടാതെ പ്രളയാനന്തരം സർക്കാർ പുനരുദ്ധാരണ പാക്കേജിൽ ഉൾപ്പെടുത്തി മാവേലിക്കര നിയോജകമണ്ഡലത്തിലെ മാതൃകാ മത്സ്യകർഷകർക്കായി 2,03,430 രൂപയും അക്വാപോണിക്സ് പദ്ധതിക്കായി 41,400 രൂപയും കാർപ്പ് മത്സ്യകൃഷിക്കായി 12,31,898 രൂപയും ചേർത്ത് 55 മത്സ്യകർഷകർക്കായി ആകെ 14,76,728 രൂപ നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി സാമ്പത്തികാശ്വാസ പദ്ധതി**

300 (4624) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി സാമ്പത്തികാശ്വാസ പദ്ധതിയിൽ മത്സ്യത്തൊഴിലാളിയുടെയും സർക്കാരിന്റെയും വിഹിതം യഥാക്രമം എത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നിന്നുള്ള ആശ്വാസമായി ഏപ്രിൽ, മേയ്, ജൂൺ (പഞ്ഞമാസങ്ങൾ) മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന സാമ്പത്തികസഹായം എത്ര രൂപയാണ്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഈ വർഷം എത്ര മത്സ്യത്തൊഴിലാളികൾക്ക് ഈ സാമ്പത്തികസഹായം അനുവദിച്ചു; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ഡി) ഇനി ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് വീതം ഈ സഹായം നൽകാനുണ്ട്; അത് എന്നത്തേക്ക് നൽകും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ഗുണഭോക്താക്കളിൽ നിന്നും പരമാവധി 1500 രൂപ (6 മാസങ്ങളിലായി 250 രൂപ വീതം), സംസ്ഥാന സർക്കാർ വിഹിതം 1500 രൂപ, കേന്ദ്രസർക്കാർ 1500 രൂപയുമാണ്. 2014-15 മുതൽ കേന്ദ്രവിഹിതം അനുവദിക്കുന്നില്ല. ടി വിഹിതംകൂടി സംസ്ഥാന സർക്കാരാണ് അനുവദിച്ചിട്ടുള്ളത്.

(ബി) 4500 രൂപ വീതം കടലോര മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും 3 ഗഡുക്കളായി ധനസഹായം നൽകുന്നു.

(സി) അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) 9 തീരദേശ ജില്ലകൾക്ക് ഒന്നാംഗഡു (ഗുണഭോക്തൃ വിഹിതം) മേയ് മാസം വിതരണം പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാംഗഡു (സംസ്ഥാന സർക്കാർ വിഹിതം) കടലോര ജില്ലകൾക്ക് വിതരണത്തിനായി അനുവദിച്ച് നൽകിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, കോഴിക്കോട് ജില്ലകളിൽ വിതരണം പൂർത്തീകരണ ഘട്ടത്തിലാണ്. കണ്ണൂർ. കാസർഗോഡ്, മലപ്പുറം ജില്ലകളിൽ ജൂൺ 30-നകം വിതരണം പൂർത്തിയാക്കുന്നതാണ്. ഉൾനാടൻ മേഖലയിലെ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലാണ് ആനുകൂല്യം അനുവദിക്കുന്നത്. ജൂലൈ മാസത്തിൽ ഒന്നാം ഗഡു (ഗുണഭോക്തൃ വിഹിതം) വിതരണം ചെയ്യുന്നതിന് ജില്ലാ ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കേന്ദ്രവിഹിതം ഇതുവരെ ലഭ്യമായിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിൽ കേന്ദ്ര വിഹിതമായി ടി പദ്ധതിക്ക് 93 കോടി രൂപ ലഭിക്കാനുണ്ട്. കേന്ദ്ര വിഹിതമുൾപ്പെടെ സംസ്ഥാന സർക്കാർ നൽകേണ്ട സ്ഥിതിയാണുള്ളത്.

## മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ വായ്പ

301 (4625) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് മുഖേന നേരിട്ട് നൽകിയിരുന്ന ഭവനനിർമ്മാണവായ്പ പുനഃസ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ;

(ബി) ഇവരെ കടൽക്ഷോഭത്തിൽ നിന്നും പ്രകൃതിദുരന്തംമൂലമുണ്ടാകുന്ന കഷ്ടതകളിൽ നിന്നും രക്ഷിക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്;

(സി) രക്ഷാപ്രവർത്തനത്തിനായി ഓരോ മത്സ്യബന്ധന കേന്ദ്രത്തിനും സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഭൂമിയുള്ള ഭവന രഹിതരായ അർഹതപ്പെട്ട എല്ലാവർക്കും 'ലൈഫ്' പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം നൽകുന്നുണ്ട്. 2018-2019 വർഷത്തിൽ 1220 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ധനസഹായത്തിനായി പരിഗണിച്ചിട്ടുണ്ട്. ഭവന രഹിതരായ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ഭവനം ലഭ്യമാക്കുകയെന്നത് ലൈഫ് മിഷൻ മുഖേന ഫിഷറീസ്

വകുപ്പ് ഉറപ്പാക്കാൻ ശ്രമിക്കും.

തീരപ്രദേശത്ത് വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് നിലവിൽ ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്നത്.

(ബി) 2018-19 വർഷത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട് 'കടൽ സുരക്ഷ' 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതികൾ പ്രകാരം 9 തീരദേശ ജില്ലകളിലുമായി മത്സ്യത്തൊഴിലാളികൾക്ക് ആകെ 566 ജി.പി.എസ്.-കളും 1132 ലൈഫ് ബോയെകളും നൽകിയിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ 40000 എണ്ണം ലൈഫ് ജാക്കറ്റുകൾ നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ 9 തീരദേശ ജില്ലകളിലായി വിതരണം ചെയ്തുവരുന്നു. അതോടൊപ്പം കടലിൽ മത്സ്യത്തൊഴിലാളികൾക്ക് കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ചുള്ള മുന്നറിയിപ്പ് നൽകുന്നതിനായി ISRO വികസിപ്പിച്ചെടുത്ത KELTRON നിർമ്മിക്കുന്ന 'നാവിക്' ഉപകരണങ്ങളും വിതരണം ചെയ്തുവരുന്നു. ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്ക് കടലിൽ അത്യാവശ്യ ഘട്ടങ്ങളിൽ എത്ര ദൂരത്തുനിന്നും ഒരു തടസ്സവും കൂടാതെ കരയിലേയ്ക്കും മറ്റും ആശയവിനിമയം നടത്താൻ സാധിക്കുന്ന സാറ്റ്ലൈറ്റ് ഫോൺ സംവിധാനം (1000 എണ്ണം) വിതരണം ചെയ്തുവരുന്നു.

സംസ്ഥാനത്ത് തെരഞ്ഞെടുത്ത 60 മത്സ്യഗ്രാമങ്ങളിലായി 900 മത്സ്യത്തൊഴിലാളികളെയും 300 യാനങ്ങളെയും ഉൾപ്പെടുത്തി കടൽ രക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചുവരുന്നു. തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഗോവയിലെ കേന്ദ്രസർക്കാർ സ്ഥാപനമായ National Institute of Water Sports-ൽ 15 ദിവസത്തെ പരിശീലനം നൽകിവരുന്നു. ഇതിനകം 317 മത്സ്യത്തൊഴിലാളികൾ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു.

കടൽക്ഷോഭത്തിൽ ഭവനരഹിതരാകുന്ന മത്സ്യത്തൊഴിലാളികളെ മാറ്റി പാർപ്പിക്കുന്നതിന് റീ-ബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കടലിൽ നിന്നും 50 മീറ്റർ പ്രദേശത്തിനുള്ളിൽ താമസിക്കുന്നവരായി കണ്ടെത്തിയ 18850 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് മാറ്റുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വസ്തുവും വീടിനുമായി 10 ലക്ഷം രൂപ വീതം അനുവദിക്കുന്നതിന് നീക്കിവച്ചിട്ടുണ്ട്.

(സി) നിലവിൽ 9 മറൈൻ ജില്ലകളിലും കടൽരക്ഷാ പ്രവർത്തനങ്ങൾക്കായി ഓരോ റെസ്ക്യൂ ബോട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. മൺസൂൺ കാലയളവിലെ

കടൽരക്ഷാ പ്രവർത്തനങ്ങൾക്കായി ആകെ 20 ബോട്ടുകൾ 9 ജില്ലകളിൽ അനുവദിച്ചിട്ടുണ്ട്. ഓരോ മത്സ്യബന്ധന കേന്ദ്രത്തിനും സ്പീഡ് ബോട്ടുകൾ അനുവദിക്കുന്ന കാര്യം പരിഗണനയിലില്ല. എന്നാൽ മൂന്ന് മറൈൻ ആംബുലൻസുകൾ നിർമ്മിക്കുന്നതിന് ഭരണാനുമതി നൽകുകയും കൊച്ചി കപ്പൽ നിർമ്മാണ ശാലയിൽ അവയുടെ നിർമ്മാണം നടന്നുവരികയുമാണ്.

## തീരദേശമേഖലയിലെ പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

302 (4626) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശമേഖലയിൽ ഉൾപ്പെട്ട പ്രാഥമികാരോഗ്യകേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് വകുപ്പ് എന്തെല്ലാം കാര്യങ്ങളാണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി (2016-17), (2017-18) എന്നീ സാമ്പത്തിക വർഷങ്ങളിൽ തീരദേശ മേഖലയിൽ ഉൾപ്പെട്ട പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| (1) | (2) | (3) | (4) |
| | 2016-17 സാമ്പത്തിക വർഷം | | |
| 1 | പി.എച്ച്.സി. ആറാട്ടുപുഴയിൽ ലബോറട്ടറി, ഫാർമസി നിർമ്മാണം, ആലപ്പുഴ | 30.50 | പദ്ധതി പൂർത്തീകരിച്ചു |
| 2 | സബ് സെന്റർ, മാട്ടൂർ, കെട്ടിട നിർമ്മാണം, കണ്ണൂർ | 33.00 | പദ്ധതി പൂർത്തീകരിച്ചു |
| 3 | സബ് സെന്റർ, ഇരപുരം, ചോറോട് കെട്ടിട നിർമ്മാണം, കോഴിക്കോട് | 53.00 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 4 | സബ് സെന്റർ, കുര്യാടി, ചോറോട് കെട്ടിട നിർമ്മാണം, കോഴിക്കോട് | 56.00 | പദ്ധതി പൂർത്തീകരിച്ചു |
| (1) | (2) | (3) | (4) |
| | 2017-18 സാമ്പത്തിക വർഷം | | |
| 5 | സബ് സെന്റർ, കല്ലൂർ, ആലപ്പുഴ | 198.00 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 6 | പി.എച്ച്.സി., പയ്യോളി, കോഴിക്കോട് | 141.00 | പദ്ധതി പൂർത്തീകരിച്ചു |
| 7 | പി.എച്ച്.സി., രാമന്തളി, കണ്ണൂർ | 61.00 | പദ്ധതി പൂർത്തീകരിച്ചു |
| 8 | പി.എച്ച്.സി., പള്ളിക്കര, കാസർഗോഡ് | 187.00 | പദ്ധതി പുരോഗമിച്ചുവരുന്നു. |
| 9 | പി.എച്ച്.സി., പടന്ന, കാസർഗോഡ് | 194.00 | പദ്ധതി പുരോഗമിച്ചുവരുന്നു |

**പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമം**

303 (4627) ശ്രീ .വി. എസ്. ശിവകുമാർ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) കഠിനമായ മത്സ്യവരൾച്ചയിൽ നിന്നും അവരെ സംരക്ഷിക്കുവാൻ ഒരു സമ്പാദ്യ പാക്കേജ് നടപ്പിലാക്കുന്ന കാര്യം ആലോചിക്കുമോ;

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന വിവിധതരത്തിലുള്ള മത്സ്യബന്ധന ഉപകരണങ്ങളെ ജി.എസ്.ടി. യിൽ നിന്നും ഒഴിവാക്കുന്ന കാര്യം ജി.എസ്.ടി. കൗൺസിലിനോട് അഭ്യർത്ഥിക്കുമോ;

(ഡി) മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളുടെ സബ്സിഡി പുനരാരംഭിക്കുന്നതിനും പെർമിറ്റ് വഴി നിലവിൽ നൽകുന്ന എണ്ണയുടെ അളവ് വർദ്ധിപ്പിക്കുന്നതിനും കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര

സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് കേന്ദ്ര സർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിങ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner)വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഓഖി ദുരന്ത ബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. വള്ളം ഉൾപ്പെടെ 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് കടലിൽ മത്സ്യബന്ധനത്തിനിടയിൽ സന്ദേശങ്ങൾ കൈമാറുന്നതിന് നാവിക് ഉപകരണ വിതരണം (1500 എണ്ണം) ചെയ്യുന്ന പദ്ധതി, സാറ്റ്ലൈറ്റ് ഫോൺ വിതരണം ചെയ്യുന്ന പദ്ധതി (500 എണ്ണം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ്), ലൈഫ് ജാക്കറ്റ് (40,000 എണ്ണം) വിതരണം ചെയ്യുന്ന പദ്ധതി, തെരഞ്ഞെടുത്ത മത്സ്യഗ്രാമങ്ങളിൽനിന്ന് മത്സ്യത്തൊഴിലാളി യുവാക്കൾക്ക് പ്രത്യേക പരിശീലനം നൽകി സീ റെസ്ക്യൂ സ്ക്വാഡായി നിയമിക്കുന്ന പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. എൻ.സി.ഡി.സി. ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി എൻ.ബി.സി.എഫ്.ഡി.സി./ എൻ.എം.ഡി.എഫ്.സി. ടേം വായ്പകൾ, മൈക്രോ ഫിനാൻസ് വായ്പ, മൈക്രോ എന്റർപ്രൈസസ് വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി, ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം, മത്സ്യത്തൊഴിലാളി അപകട ഇൻഷ്വറൻസ് പദ്ധതി, ഉല്പാദന ബോണസ് പദ്ധതി, നാടൻ വള്ളങ്ങളുടെ യന്ത്രവത്കരണത്തിനുള്ള സബ്സിഡി, വലകൾക്കുള്ള സബ്സിഡി, ബാങ്ക് വായ്പയ്ക്കുള്ള സബ്സിഡി, മണ്ണെണ്ണ സബ്സിഡി, മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി, മത്സ്യഫെഡ് ഫിഷ് മാർട്ടുകൾ, അന്തിപ്പച്ച മൊബൈൽ യൂണിറ്റ്, സർക്കാർ സ്ഥാപനങ്ങളിൽ മത്സ്യ വിതരണം തുടങ്ങിയ പദ്ധതികളാണ് പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി മത്സ്യഫെഡ് വഴി നടപ്പിലാക്കിയിട്ടുള്ളത്.

(ബി) പഞ്ഞ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതി, തണൽ പദ്ധതി എന്നീ പദ്ധതികൾ വഴി ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ഔട്ട്ബോർഡ്

മോട്ടോറുകളുടെ ജി.എസ്.ടി. പൂർണ്ണമായും ഒഴിവാക്കുന്നതിന് ജി.എസ്.ടി. കൗൺസിലിനോട് അപേക്ഷിച്ചിട്ടുണ്ട്. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന വലകളുടെ ജി.എസ്.ടി. ഇപ്പോൾ 5 ശതമാനമാക്കി കുറച്ചിട്ടുണ്ട്.

(ഡി) കേന്ദ്രസർക്കാർ പൊതുവിതരണ സമ്പ്രദായം വഴി അനുവദിച്ചിട്ടുള്ള പെർമിറ്റ് വഴി നൽകുന്ന ഇന്ധനങ്ങൾ (എണ്ണകൾ) വിതരണം ചെയ്യുന്നത് സിവിൽ സപ്ലൈസ് വകുപ്പ് വഴിയാണ്. മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന ഇന്ധനങ്ങളായ മണ്ണെണ്ണയും ഡീസലും ഉല്പാദന ചെലവിന്റെ അതേ നിരക്കിൽ മത്സ്യഫെഡിന് അനുവദിക്കുന്നതിനും കേന്ദ്ര സർക്കാരിനോട് അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെയും അനുകൂലമായ മറുപടി ലഭ്യമായിട്ടില്ല.

## ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമം

304 (4628) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട മത്സ്യവിതരണ തൊഴിലാളികളുടെ ക്ഷേമത്തിനായി മുൻസർക്കാർ നടപ്പിലാക്കിയ തണൽ പദ്ധതിയുടെ നിലവിലെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷത്തിൽ അനുവദിച്ച 14.525 കോടി രൂപ 31.3.2018-ൽ പിൻവലിക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കാമോ;

(സി) ടി തുക ക്ഷേമനിധി ബോർഡിന് തിരികെ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) 2018-19 വർഷത്തെ തണൽ പദ്ധതി നടപ്പിലാക്കുന്നതിന് 14,04,83,000 രൂപ അനുവദിച്ചിരുന്നു. തണൽ പദ്ധതി പ്രകാരം ഒരാൾക്ക് പരമാവധി 1350 രൂപയാണ് ധനസഹായമായി അനുവദിച്ചുവരുന്നത്. 164608 പേർക്ക് ആദ്യഗഡുവായി 600 രൂപ നിരക്കിൽ 9,87,64,800 രൂപ ക്ഷേമനിധി ബോർഡ് മുഖേന വിതരണം നടത്തിയിട്ടുണ്ട്. ബാക്കിത്തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 2017-18 വർഷത്തേയ്ക്ക് തണൽ പദ്ധതി നടപ്പിലാക്കുന്നതിന് (സാമ്പത്തിക താങ്ങൽ പദ്ധതി) തൊഴിൽ വകുപ്പിൽനിന്നും 14.525 കോടി രൂപ

അനുവദിച്ചിരുന്നു. എന്നാൽ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽനിന്നും തണൽ പദ്ധതിക്ക് അനുവദിച്ച 14.525 കോടി രൂപ 29-3-2018, 31-3-2018 എന്നീ തീയതികളിൽ പിൻവലിച്ചിരുന്നു. ആയത് തിരികെ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊളിലാളികൾക്ക് സഹായം

305 (4629) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. വി. ജോയി:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രോളിംഗ് നിരോധന കാലയളവിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്;

(ബി) സംസ്ഥാനത്ത് നിലവിൽ ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇക്കാലയളവിൽ തൊഴിൽ നഷ്ടം മൂലമുണ്ടാകുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഓരോ മത്സ്യത്തൊഴിലാളിക്കും എത്ര തുക വീതമാണ് അനുവദിക്കുന്നത്;

(ഡി) ഇതിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്;

(ഇ) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യത്തൊളിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യസമാശ്വാസ പദ്ധതി 2700 രൂപയിൽ നിന്ന് 4500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക്

നൽകി വരുന്നുണ്ട്. കൂടാതെ ട്രോൾബാൻ കാലയളവിൽ തൊഴിൽ നഷ്ടപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നുണ്ട്.

(ബി) ഏർപ്പെടുത്തിയിട്ടുണ്ട്. ജൂൺ 10 മുതൽ ജൂലൈ 31 വരെ 52 ദിവസമാണ് ട്രോൾബാൻ നടപ്പിലാക്കുന്നത്.

(സി) ട്രോളിംഗ് നിരോധന സമയത്ത് (പഞ്ഞമാസക്കാലം) മത്സ്യ ത്തൊഴിലാളികൾക്ക് ആശ്വാസമേകത്തക്കവിധം സമ്പാദ്യസമാശ്വാസ പദ്ധതി 2700 രൂപയിൽ നിന്ന് 4500 രൂപയായി വർദ്ധിപ്പിക്കുകയും അത് 3 ഗഡുക്കളായി വിതരണം ചെയ്യുകയും ചെയ്തുവരുന്നു. കൂടാതെ തണൽ പദ്ധതി പ്രകാരം വർഷം 1350 രൂപ വീതം മത്സ്യത്തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് നൽകിവരുന്നുണ്ട്.

(ഡി) 2019-20 നടപ്പുസാമ്പത്തിക വർഷം സമ്പാദ്യസമാശ്വാസ പദ്ധതിക്കായി 28 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ ഇതിന് തത്തുല്യമായ കേന്ദ്രവിഹിതം അനുവദിക്കപ്പെട്ടിട്ടില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലയളവിനുള്ളിൽ ഏകദേശം 93 കോടി രൂപ കേന്ദ്ര വിഹിതമായി ലഭിക്കാനുണ്ട്.

(ഇ) മത്സ്യത്തൊളിലാളികളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനും പഞ്ഞമാസങ്ങളിലെ തൊഴിൽ നഷ്ടംമൂലമുള്ള സാമ്പത്തിക ബുദ്ധിമുട്ടുകൾക്ക് ആശ്വാസം നൽകുന്നതിനായി കേന്ദ്ര ധനസഹായത്തോടെ സമ്പാദ്യ സമാശ്വാസ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 6 മാസങ്ങളിൽ 250 രൂപ വീതം 1500 രൂപ മത്സ്യത്തൊഴിലാളികളിൽ നിന്നും ശേഖരിക്കുകയും തുല്യ അനുപാത ത്തിലുള്ള സംസ്ഥാന സർക്കാർ വിഹിതവും കേന്ദ്ര സർക്കാർ വിഹിതവും ചേർത്ത് കടലോര മത്സ്യത്തൊഴിലാളികൾക്ക് മേയ്, ജൂൺ, ജൂലൈ മാസങ്ങളിലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലും ആനുകൂല്യം നൽകുന്നു.

**മത്സ്യബന്ധന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും അനുവദിച്ച പദ്ധതികൾ**

306 (4630) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തികവർഷത്തിൽ മത്സ്യബന്ധന വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്നും പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നും പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി) എറണാകുളം ജില്ലയിലെ പിറവം നിയോജകമണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലായി മത്സ്യവകുപ്പിന്റെ നേതൃത്വത്തിൽ ഉൾനാടൻ മത്സ്യകൃഷി വ്യാപനത്തിനായുള്ള ജനകീയ മത്സ്യകൃഷി 2018-19-ൽ നടപ്പിലാക്കി. പ്രസ്തുത പദ്ധതിയുടെ ഘടക പദ്ധതികളായ ശാസ്ത്രീയ കാർപ് കൃഷിക്കായി 32 ഗുണഭോക്താക്കളും കുളങ്ങളിലെ ഗിഫ്റ്റ് കൃഷിക്കായി ഒരു ഗുണഭോക്താവും എയർ ബ്രീത്തിംഗ് ഫിഷ്കൾച്ചറിന് 2 ഗുണഭോക്താക്കളും നൂതന മത്സ്യകൃഷി പദ്ധതിയായ Re-circulatory Aquaculture System (RAS) യൂണിറ്റിന്-8 ഗുണഭോക്താക്കളുമുണ്ടായിരുന്നു. പ്രസ്തുത പദ്ധതികളെല്ലാംതന്നെ 3 വർഷത്തെ ദൈർഘ്യമുള്ളവയാണ്. ഇവയുടെ എല്ലാംതന്നെ ആദ്യവർഷത്തെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടുണ്ട്.

**മത്സ്യബന്ധന മേഖലയിലെ തൊഴിലാളികൾക്കായി പദ്ധതികൾ**

307 (4631) ശ്രീ. കെ. ദാസൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനമേഖലയിലെ തൊഴിലാളികൾ പ്രതിശീർഷ മത്സ്യലഭ്യത യിലുണ്ടാകുന്ന കുറവുമൂലം സാമ്പത്തികമായും സാമൂഹികമായും വികസനമുഖ്യ ധാരയിൽ നിന്ന് പിന്തള്ളപ്പെടുന്ന സ്ഥിതി പരിഹരിക്കാൻ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ചെറിയൊരു ശതമാനം മത്സ്യത്തൊഴിലാളികൾക്കുമാത്രമേ സ്വന്തമായി മത്സ്യബന്ധനോപകരണങ്ങളുള്ളൂ എന്നത് പരിഹരിക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(സി) ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും മത്സ്യച്ചന്തകൾ നവീകരിക്കുന്നതിനും മത്സ്യത്തിൽ നിന്ന് മൂല്യവർദ്ധിതോല്പന്നങ്ങൾ നിർമ്മിച്ച്

വരുമാനം വർദ്ധിപ്പിക്കുന്നതിനും പദ്ധതിയുണ്ടോ;വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ മത്സ്യലഭ്യതയിൽ വർദ്ധനവാണുണ്ടായിരിക്കുന്നത്. സമുദ്ര മത്സ്യോല്പാദനം 6.09 ലക്ഷം ടണ്ണിലേയ്ക്ക് വർദ്ധിക്കുകയാണുണ്ടായത്. മത്സ്യവിഭവ സംരക്ഷണത്തിൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ വർദ്ധനവിന് നിദാനം. കേന്ദ്ര സർക്കാരിന്റെ ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ 200 FRP ബോട്ടുകൾ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിഗ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner) വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്ക് എഫ്.ആർ.പി. വള്ളം ഉൾപ്പെടെ 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകാൻ നടപടി സ്വീകരിച്ചു വരുന്നു. ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് പരമ്പരാഗത മത്സ്യ ത്തൊഴിലാളികൾക്ക് 40000 ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്തുവരുന്നു. കാലാവസ്ഥാ മുന്നറിയിപ്പുകൾ മത്സ്യത്തൊഴിലാളികൾക്ക് കൈമാറുന്നതിന് ISRO സഹായത്തോടെ തയ്യാറാക്കിയിട്ടുള്ള നാവിക് ഉപകരണങ്ങൾ വിതരണം ചെയ്ത് തുടങ്ങിക്കഴിഞ്ഞു. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്കാണ് ഇതിൽ മുൻഗണന നൽകിയിട്ടുള്ളത്. കൂടാതെ ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധന യാനങ്ങൾക്ക് 1000 സാറ്റ്‌ലൈറ്റ് ഫോണുകൾ വിതരണം ചെയ്യുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൽ 500 എണ്ണം പരമ്പരാഗത യാനങ്ങൾക്കാണ്. പരമ്പരാഗതയാനങ്ങൾക്ക് ഈ പദ്ധതിയിൽ 90% സബ്സിഡിയാണ് നൽകിയിട്ടുള്ളത്. അതും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതനുസരിച്ച് വിതരണം ചെയ്ത് തുടങ്ങിയിട്ടുണ്ട്. പരിഷ്കരിച്ച KMFR ആക്ട് പ്രകാരം സംസ്ഥാന ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകൃതമായിട്ടുണ്ട്. ജില്ലാതലവും വില്ലേജുതല കൗൺസിലുകളും ഉടൻ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മത്സ്യസമ്പത്ത് സംരക്ഷിച്ച് ഉപയോഗപ്പെടുത്തൽ, തീരദേശ സംരക്ഷണം, മത്സ്യമേഖലയുടെ സർവ്വതോന്മുഖമായ പുരോഗതി എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തംകൂടി ഉറപ്പാക്കുക എന്നതാണ് FMC-കൾ കൊണ്ടുദ്ദേശിക്കുന്നത്. കടൽ സുരക്ഷയ്ക്കും കടലിൽ അപടകത്തിൽപ്പെടുന്നവരുടെ രക്ഷയ്ക്കുംവേണ്ടി കടൽ സുരക്ഷാ സ്ക്വാഡുകൾ

രൂപീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തിലെ 9 മറൈൻ ജില്ലകളിലായി '900' മത്സ്യത്തൊഴിലാളികളെ കടൽ സുരക്ഷാ സ്ക്വാഡിന്റെ രൂപീകരണത്തിനായി തെരഞ്ഞെടുക്കുന്നുണ്ട്. ഇവർക്ക് ഗോവയിലെ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ ദുരന്ത നിവാരണ പ്രവർത്തനങ്ങളിലും പവർ ബോട്ട് പ്രവർത്തിപ്പിക്കുന്നതിനും കടൽ രക്ഷാപ്രവർത്തനങ്ങളിലും വിദഗ്ദ്ധ പരിശീലനം നൽകിവരുന്നു. ഇതിനകം 317 പേർ പരിശീലനം പൂർത്തിയാക്കിക്കഴിഞ്ഞു. 2018-19 വർഷം മത്സ്യബന്ധന യാനങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്ന പദ്ധതി യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുമായി ചേർന്ന് നടപ്പിലാക്കി. 15 മീറ്റർ വരെ നീളമുള്ള 647 യാനങ്ങൾക്കാണ് കഴിഞ്ഞ വർഷം ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയത്. പ്രീമിയത്തിന്റെ 90 ശതമാനവും സബ്സിഡിയാണ്. 2019-20 വർഷത്തിൽ പദ്ധതിക്കായി 4 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഫിഷറീസ് വകുപ്പ് മുഖേന 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്ന പദ്ധതി, ഫ്ലാറ്റ് സമുച്ചയ നിർമ്മാണം, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് SC/ST വിദ്യാർത്ഥികൾക്ക് നൽകുന്ന അതേ നിരക്കിലുള്ള വിദ്യാഭ്യാസാനുകൂല്യം, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസ കോച്ചിംഗ് പരിപാടികൾ, മത്സ്യത്തൊഴിലാളികൾക്ക് വള്ളവും വലയും വാങ്ങുന്നതിനുള്ള സബ്സിഡി, പലിശരഹിത വായ്പ, മത്സ്യത്തൊഴിലാളി വനിതകൾക്ക് ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായം, മത്സ്യത്തൊഴിലാളികൾക്ക് മണ്ണെണ്ണ സബ്സിഡി, മത്സ്യത്തൊഴിലാളികൾക്ക് ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി, സമ്പാദ്യ സമാശ്വാസ പദ്ധതി, സാമ്പത്തിക താങ്ങൽ പദ്ധതി (തണൽ പദ്ധതി) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു.

(ബി) ഓഖി ദുരന്തത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷാ ഉപകരണങ്ങൾ നൽകുന്ന പദ്ധതികൾ നടപ്പിലാക്കി വരികയാണ്. 2018-19-ലെ 'കടൽ സുരക്ഷ' പദ്ധതിയിലുൾപ്പെടുത്തി 500 ജി.പി.എസ്.-കളും 1000 ലൈഫ് ബോയകളും മത്സ്യത്തൊഴിലാളികൾക്ക് നൽകുന്നതിന് അനുമതി നൽകുകയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ 'ആഴക്കടൽ മത്സ്യബന്ധനവും കടൽ സുരക്ഷാ ഉപകരണങ്ങളും' പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് 66 ജി.പി.എസ്., 66 എക്കോസൗണ്ടർ, 132 ലൈഫ് ബോയ എന്നിവ വീതം വിതരണം ചെയ്തിട്ടുണ്ട്. അതോടൊപ്പം 40000 എണ്ണം ലൈഫ് ജാക്കറ്റുകൾ മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്ന പദ്ധതിക്കും അനുമതി നൽകുകയും അതിൽ ആദ്യഘട്ടമായി 30000 എണ്ണം വിതരണം ചെയ്യുന്ന നടപടികൾ അവസാന ഘട്ടത്തിലുമാണ്. ഓഖി ദുരന്തബാധിതരായ മത്സ്യത്തൊഴിലാളികൾക്ക്

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടുകൂടി എഫ്.ആർ.പി. ബോട്ടുകൾ ഉൾപ്പെടെയുള്ള 120 മത്സ്യബന്ധന യൂണിറ്റുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. എഫ്.ആർ.പി. ബോട്ടുകൾ ഉൾപ്പെടെ 200 മത്സ്യബന്ധന യൂണിറ്റുകൾ വിതരണം ചെയ്യുന്ന പദ്ധതി ഉടൻ നടപ്പിലാക്കുന്നതാണ്. അതിൽ 40 ശതമാനം തുക കേന്ദ്ര സർക്കാർ വിഹിതവും 60 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്. പരമ്പരാഗത മത്സ്യത്തൊഴിലാളി ഗ്രൂപ്പുകൾക്ക് ആഴക്കടൽ മത്സ്യബന്ധന രീതികളായ ട്യൂണ ലോങ്ങ് ലൈനിംഗ്, ഗിൽ നെറ്റിംഗ്, സ്ക്വിഡ് ജിഗ്ഗിങ്ങ് എന്നിവയിൽ ആവശ്യമായ സാങ്കേതിക പരിശീലനവും സാമ്പത്തിക സഹായവും നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി 100 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ (Tuna long liner) വാങ്ങുന്നതിന് കേന്ദ്ര സർക്കാരിന് പ്രോജക്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) മത്സ്യത്തൊഴിലാളികൾ കടലിൽനിന്നും പിടിച്ചെടുക്കുന്ന മത്സ്യങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭിക്കുന്നതിനുള്ള മത്സ്യലേല വിപണന പരിപാലന ബിൽ പരിശോധിച്ചുവരുന്നു. ദേശീയ മത്സ്യ വികസന ബോർഡ് കേന്ദ്രസർക്കാർ സഹായത്തോടെ ആധുനികവും ശുചിത്വ പൂർണ്ണവുമായ മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 41 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് അനുമതി ലഭിച്ചു. ഇതിൽ 35 എണ്ണം പൂർത്തീകരിച്ചു. കൂടാതെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷന്റെ നിയന്ത്രണത്തിൽ, മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിലവസരവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള മൂല്യവർദ്ധിത മത്സ്യ ഉൽപ്പന്നങ്ങൾ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ കൊല്ലം ശക്തികുളങ്ങരയിൽ 'നളപാകം' എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റും ഒരു ഡ്രൈ ഫിഷ് യൂണിറ്റും പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽനിന്നും 'ഡ്രിഷ് കേരള' എന്ന പേരിൽ ഗുണനിലവാരമുറപ്പാക്കിക്കൊണ്ട് വിവിധയിനം ഉണക്കമത്സ്യങ്ങളും 'ഫിഷ് മെയ്ഡ്' എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യവിഭവങ്ങളും ഉൽപ്പാദിപ്പിച്ചുവരുന്നു. മത്സ്യബന്ധന മേഖലയിൽ തൊഴിൽ ചെയ്യുന്നവരോ മത്സ്യക്കച്ചവടം, മത്സ്യം ഉണക്കൽ തുടങ്ങിയ അനുബന്ധ തൊഴിലിൽ ഏർപ്പെടുന്നവരോ ആയ മത്സ്യത്തൊഴിലാളി വനിതകളെ ഇടനിലക്കാരിൽനിന്നും മുക്തരാക്കി സാമ്പത്തികസ്ഥിരത ഉറപ്പാക്കാനായി സാഫ് 3 R Project എന്ന പേരിൽ പദ്ധതി നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ കൊല്ലം, ആലപ്പുഴ ജില്ലകളിലായി 1000 മത്സ്യത്തൊഴിലാളി വനിതകൾ ഉൾപ്പെടുന്ന 200 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ (JLG) രൂപീകരിച്ചുകൊണ്ട് അവർക്ക് Bank credit linkage നടപ്പിലാക്കിവരുന്നു. അമിത പലിശ ഒഴിവാക്കുന്നതിന് ഈ പദ്ധതിമൂലം

കഴിയു ന്നുണ്ട്. മൂല്യവർദ്ധിത മത്സ്യോല്പന്നങ്ങൾ നിർമ്മിച്ച് മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ആദ്യപടിയായി തീരമൈത്രി എന്ന ബ്രാൻഡിൽ ഗുണനിലവാരമുള്ള 6 ഇനം ഡ്രൈഫിഷ് (ചെമ്മീൻ, കൊഴുവ, നങ്ക്, കടൽ വരാൽ, സ്രാവ്, മുള്ളൻ) കേരളത്തിൽ വിപണിയിലെത്തിച്ചു. ഇതുവഴി 145 മത്സ്യത്തൊഴിലാളി വനിതാ ഗ്രൂപ്പുകൾക്ക് സാമ്പത്തികസ്ഥിരത ഉറപ്പുവരുത്തുന്നതിനായി സാധിച്ചു.

## മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായം

308 (4632) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികളുടെ ഭവനനിർമ്മാണത്തിനായി സർക്കാർ നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) ധനസഹായം ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഇതിനായി കരുനാഗപ്പള്ളി മണ്ഡലത്തിൽ നിന്നും 2018 ഏപ്രിൽ മുതൽ 2019 മാർച്ച് 31 വരെ എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർക്ക് സഹായം അനുവദിച്ചുവെന്നും വിശദീകരിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുന്നതിന് ഫിഷറീസ് വകുപ്പ് മുഖേന ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

(1) ബി.ഐ.എഫ് & എച്ച്.ഡി.എഫ് 2016-17 – സമഗ്ര ഭവനപദ്ധതി

(എ) ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിന് ധനസഹായം @6 ലക്ഷം/യൂണിറ്റ്

(ബി) 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം @2 ലക്ഷം/യൂണിറ്റ്

(2) ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി (2016-17) -299 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ധനസഹായം - 2 ലക്ഷം/യൂണിറ്റ്.

(3) കടലാക്രമണത്തിൽ വീടും, സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജ് (അഭയം) (2016-17) -248 മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് 10

ലക്ഷം രൂപ വീതം ധനസഹായം. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി കേരളത്തിലെ തീരപ്രദേശത്ത് കടലിൽ നിന്നും 50 മീറ്റർ പ്രദേശത്തിനുള്ളിൽ താമസിക്കുന്നതായി ഫിഷറീസ് വകുപ്പ് കണ്ടെത്തിയ 18850 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേക്ക് മാറ്റി പാർപ്പിക്കുന്നതായി വസ്തുവാങ്ങി വീട് വയ്ക്കുന്നതിനായി 10 ലക്ഷം രൂപ നിരക്കിൽ ലഭ്യമാക്കുന്നതിനായി 1398 കോടി രൂപ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിൽ നിന്നും നീക്കിവച്ചിട്ടുണ്ട്.

(4) ബി.ഐ.എഫ് & എച്ച്.ഡി.എഫ് (2017-18) ഭവന പദ്ധതി -

(എ) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് (CRZ അനുവദനീയമായ സ്ഥലങ്ങളിൽ സ്വന്തമായി വസ്തു ഉള്ളവർ) ഭവന നിർമ്മാണത്തിന് ധനസഹായം - 4 ലക്ഷം/ യൂണിറ്റ്

(ബി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവർക്ക് സുരക്ഷിത മേഖലയിൽ ഭൂമി വാങ്ങി ഭവന നിർമ്മാണം നടത്തുന്നതിന് ധനസഹായം -10 ലക്ഷം രൂപ/യൂണിറ്റ്

(സി) മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനായി സർക്കാർ നൽകുന്ന ധനസഹായങ്ങളുടെ മാനദണ്ഡങ്ങൾ 7-12-2016-ലെ സ.ഉ (സാധാ) നമ്പർ 875/16/മതുവ പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

(സി) തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിന് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയിലേയ്ക്ക് 2018 ഏപ്രിൽ മുതൽ 2019 മാർച്ച് 31 വരെ കൊല്ലം ജില്ലയിൽ പുതുതായി അപേക്ഷ ക്ഷണിച്ചിരുന്നു. കരുനാഗപ്പള്ളി മണ്ഡലത്തിൽ നിന്നും 55 അപേക്ഷകൾ ലഭിച്ചിരുന്നു. ടി പദ്ധതിക്ക് ഭരണാനുമതി ലഭിക്കാത്തതിനാൽ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ കടാശ്വാസം

309 (4633) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ കടാശ്വാസത്തിന്റെ കാലാവധി ഇപ്പോൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എത്ര വരെയാണ്;

(ബി) പ്രസ്തുത കാലാവധി നീട്ടി കൂടുതൽ മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് 31-12-2018 തീയതി വരെ എടുത്തിട്ടുള്ള വായ്പകളാണ് നിലവിൽ കടാശ്വാസത്തിനായി പരിഗണിക്കുന്നത്.

(ബി) 31-12-2007 വരെ മത്സ്യത്തൊഴിലാളികൾ എടുത്ത വായ്പകൾക്ക് അനുവദിച്ചിരുന്ന കടാശ്വാസത്തിന്റെ ആനുകൂല്യം 2018-ലെ കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ(ഭേദഗതി) ആക്ടിലൂടെ (2018-ലെ ആക്ട് 38) ഒരു വർഷം കൂടെ ദീർഘിപ്പിച്ച് 31-12-2008 വരെ കാലാവധി നീട്ടിയിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ

310 (4634) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ അനുവദിക്കുന്ന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(ബി) ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ ഏതെല്ലാം ജില്ലകളിലാണ് പദ്ധതി പ്രാവർത്തികമാക്കിയത്;

(സി) പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കൊല്ലം, ആലപ്പുഴ, എറണാകുളം. മലപ്പുറം ജില്ലകളിലെ തീരദേശ വാർഡുകളിലെ 8,9,10 ക്ലാസ്സുകളിൽ പഠിക്കുന്ന തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്ക് സൗജന്യമായി 2000 സൈക്കിളുകൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് ഒരു കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ട്. ടി പദ്ധതിയിലുൾപ്പെടുത്തി തെരഞ്ഞെടുത്ത 4 ജില്ലകളിലെയും മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് ഒരു ജില്ലയിൽ 500 സൈക്കിളുകൾ എന്ന ക്രമത്തിൽ 2000 സൈക്കിളുകൾ വിതരണം ചെയ്തു കഴിഞ്ഞു. ഇതുകൂടാതെ 2019-20 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 9 തീരദേശ ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുത്ത വിദ്യാർത്ഥിനികൾക്ക് സൗജന്യമായി സൈക്കിളുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിയുടെ ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ കൊല്ലം, ആലപ്പുഴ, എറണാകുളം, മലപ്പുറം ജില്ലകളിലെ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് നൽകിയത്.

(സി) ഗുണഭോക്തൃ തെരഞ്ഞെടുപ്പ് മാനദണ്ഡങ്ങൾ ഉൾക്കൊള്ളിച്ച് പുറപ്പെടുവിച്ച 10-2-2017-ലെ സ.ഉ.(സാധാ) നമ്പർ 95/2017 മ.തു.വ. സർക്കാർ ഉത്തരവ് പ്രകാരമാണ് പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

## മത്സ്യത്തൊഴിലാളികൾക്ക് സ്ഥലം വാങ്ങി വീട് പദ്ധതി

311 (4635) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഫിഷറീസ് വകുപ്പിന്റെ സ്ഥലം വാങ്ങി വീട് വയ്ക്കുന്ന പദ്ധതിയുടെ ഭാഗമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര മത്സ്യ ത്തൊഴിലാളികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലേക്കായി ഇപ്പോഴും അപേക്ഷകൾ സ്വീകരിച്ച് വരുന്നുണ്ടോ?

<u>ഉത്തരം</u>

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ 17 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്ന പദ്ധതിക്ക് ഫിഷറീസ് വകുപ്പ് ആനുകൂല്യം നൽകിയിട്ടുണ്ട്.

(ബി) ഉണ്ട്. കടൽ തീരത്തുനിന്നും 50 മീറ്റർ ദൂരെ മാറ്റിപാർപ്പിക്കുന്നതിന്

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതിയുണ്ട്.

### ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട്

312 (4636) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരഹിത ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് വീട് നിർമ്മിച്ച് നൽകുന്ന പദ്ധതി പ്രകാരം വള്ളിക്കുന്ന് മണ്ഡലത്തിൽ പട്ടികയിൽ നിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; ഒഴിവാക്കിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സാങ്കേതികതടസ്സങ്ങൾ നീക്കി എത്രയും പെട്ടെന്ന് അർഹരായവർക്ക് വീട് നിർമ്മിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ?

(എ) ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് 2 മുതൽ 3 സെന്റ് വരെ ഭൂമി ഭവന നിർമ്മാണത്തിനായി വാങ്ങുന്നതിന് 6 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്ന പദ്ധതി 2016-17 വർഷം ഫിഷറീസ് വകുപ്പ് തീരദേശ ജില്ലകളിൽ നടപ്പിലാക്കിയിരുന്നു. മലപ്പുറം ജില്ലയ്ക്ക് പദ്ധതി പ്രകാരം 32 യൂണിറ്റുകൾ അനുവദിച്ചിരുന്നു. ജില്ലയിൽ അപേക്ഷ ക്ഷണിച്ചപ്പോൾ 494 അപേക്ഷകൾ ലഭിക്കുകയും അതിൽ പ്രാഥമിക പരിശോധനയിൽ 167 പേർ അർഹരാണെന്ന് കണ്ടെത്തുകയും ചെയ്തു. ഇതിൽ വള്ളിക്കുന്ന് മണ്ഡലത്തിൽ നിന്നുള്ള 20 പേരും ഉൾപ്പെട്ടിരുന്നു. അർഹരായവരോട് സമയബന്ധിതമായി പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുന്നതിന് ലക്ഷ്യമിട്ട് സ്വന്തം പേരിലും ഭാര്യടെ പേരിലും ഭൂമി ഇല്ല എന്ന് റവന്യൂ വകുപ്പിൽ നിന്നുള്ള രേഖകൾ ഹാജരാക്കുന്നതിന് നിർദ്ദേശം നൽകിയെങ്കിലും ഇതിൽ 69 പേർ മാത്രമാണ് യഥാസമയം രേഖകൾ ഹാജരാക്കിയത്. വള്ളിക്കുന്ന് മണ്ഡലത്തിലെ ആർക്കും തന്നെ യഥാസമയം രേഖകൾ സമർപ്പിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. 12-6-2017-ന് ചേർന്ന ജില്ലാ കളക്ടർ ചെയർമാനായ ഗുണഭോക്തൃ സമിതി ഇത്തരത്തിൽ രേഖകൾ സമർപ്പിച്ച 69 പേരിൽ നിന്നും നറുക്കെടുപ്പിലൂടെ 29 പേരെ മെയിൻ ലിസ്റ്റിലും 40 പേരെ വെയിറ്റിംഗ് ലിസ്റ്റിലും ഉൾപ്പെടുത്തി അംഗീകാരം നൽകി. 3 പേർക്ക് സർക്കാർ ക്വാട്ടയിലും നൽകിയിരുന്നു. ഇതിൽ 21 പേർ പദ്ധതി പ്രവർത്തനം ആരംഭിച്ച് വിവിധ ഘട്ടങ്ങളിലാണ്. 9 പേർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. വില നിശ്ചയിച്ച് കിട്ടുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

12-6-2017-ലെ ഗുണഭോക്തൃ തെരഞ്ഞെടുപ്പിന് ശേഷം വള്ളിക്കുന്ന് നിയോജകമണ്ഡലത്തിലെ 20 അപേക്ഷകരും ആവശ്യമായ രേഖകൾ സമർപ്പിച്ച

സാഹചര്യത്തിൽ 3-2-2018 -ന് ചേർന്ന പ്രത്യേക ഗുണഭോക്തൃ സമിതി യോഗം ഇവരെ കടലുണ്ടി മത്സ്യഗ്രാമത്തിന്റെ വെയിറ്റിംഗ് ലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകാരം നൽകിയിട്ടുണ്ട്.

അപേക്ഷകരുടെ എണ്ണവും നിരക്ക് അനുവദിച്ച യൂണിറ്റിന്റെയും അനുപാതത്തിൽ കടലുണ്ടി മത്സ്യഗ്രാമത്തിൽ അനുവദിക്കാവുന്ന പരമാവധി യൂണിറ്റ് മൂന്ന് എണ്ണമായിരുന്നു. 12-6-2017-ന് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മെയിൻ ലിസ്റ്റിലുണ്ടായിരുന്ന ഒരാൾ പദ്ധതിയിൽ തുടരാൻ താല്പര്യമില്ലെന്ന് അറിയിച്ചതിനാലും ഒരാൾ തുടരന്വേഷണത്തിൽ അനർഹനാണെന്ന് കണ്ടെത്തിയതിനാലും ഒഴിവുവന്ന 2 യൂണിറ്റുകൾ വള്ളിക്കുന്ന് മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) നറുക്കെടുപ്പിലൂടെ മെയിൻ ലിസ്റ്റിൽ ഉൾപ്പെട്ട 29 ഗുണഭോക്താക്കളിൽ 2 പേർ ടി ലിസ്റ്റിൽനിന്നും ഇപ്പോൾ ഒഴിവാക്കപ്പെട്ടിട്ടുണ്ട്. മെയിൻ ലിസ്റ്റിന്റെ നറുക്കെടുപ്പിൽ കടലുണ്ടി മത്സ്യഗ്രാമത്തിലെ അപേക്ഷകർ ഉൾപ്പെടാതിരുന്ന സാഹചര്യം കണക്കിലെടുത്ത് നിലവിൽ ഒഴിവായിട്ടുള്ള രണ്ടുപേർക്ക് പകരം കടലുണ്ടി മത്സ്യഗ്രാമത്തിലെ 20 പേരിൽനിന്നും കൂടുതൽ പരിഗണന നൽകേണ്ട രണ്ടുപേരെ കണ്ടെത്തി പ്രത്യേക ഗുണഭോക്തൃ സമിതി കൂടി സാങ്കേതികമായ തടസ്സം നീക്കി അംഗീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

**ഓഖി ദുരന്ത പുനർനിർമ്മാണ പ്രവർത്തനങ്ങൾ**

313 (4637) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഖി ദുരന്ത പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര വീടുകൾ ഇതുവരെ നിർമ്മിച്ചു നൽകിയിട്ടുണ്ട്; ആയതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ;

(ബി) തീരദേശത്തെ ജനങ്ങളുടെ പുനരധിവാസം സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം (26), കൊല്ലം (4), എറണാകുളം,(9), തൃശ്ശൂർ, (26) മലപ്പുറം (5), കാസർഗോഡ് (2) എന്നിങ്ങനെ 72 മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ വീടുകൾ ഓഖി ദുരന്തത്തിൽ പൂർണ്ണമായും നഷ്ടപ്പെട്ടിരുന്നു.

കൊല്ലം, തൃശ്ശൂർ, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലെ ഗുണഭോക്താക്കളിൽ മാറിത്താമസിക്കാൻ സന്നദ്ധരായ 24 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം ധനസഹായം നൽകുന്നതിന് ആകെ 2,41,02,000 രൂപ ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 14 പേർക്ക് മുൻ പദ്ധതികളിൽ ഉൾപ്പെടുത്തി ധനസഹായം അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി ദീർഘകാല അടിസ്ഥാനത്തിലുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് നടപ്പാക്കുന്നത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

## പനച്ചമൂട്, പൂഴനാട് ചന്തകളുടെ നവീകരണം

314 (4638) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പനച്ചമൂട്, പൂഴനാട് എന്നീ ചന്തകൾ നവീകരിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രോജക്റ്റ് റിപ്പോർട്ട് അംഗീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പദ്ധതികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാകുമെന്നും ആയതിന്റെ നടത്തിപ്പിനായി ഏതെങ്കിലും എസ്.പി.വി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(സി) പദ്ധതിപ്രകാരം പ്രസ്തുത ചന്തകളിൽ എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഒരുക്കി നൽകുന്നതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ പനച്ചമൂട് മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ടായ 5 കോടി രൂപ ഉപയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിരുന്നു. പ്രസ്തുത മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കിവരുന്നു. പൂഴനാട് മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി പദ്ധതിയൊന്നും തയ്യാറാക്കിയിട്ടില്ല.

(ബി) മത്സ്യമാർക്കറ്റ് നിർമ്മാണ പ്രവൃത്തിയുടെ വിശദമായ ഡി.പി.ആർ.

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

തയ്യാറാക്കി കിഫ്ബി സൈറ്റിൽ അപ്‌ലോഡ് ചെയ്തുകഴിഞ്ഞാൽ കിഫ്ബി അധികൃതർ പദ്ധതിപ്രദേശം സന്ദർശിച്ച് സാധ്യതാപഠനം നടത്തിയതിനുശേഷം ഓരോ പദ്ധതിക്കും ഭരണാനുമതി നൽകുന്നു. കിഫ്ബിയുടെ ഭരണാനുമതി ലഭ്യമായാൽ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെയാണ് ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകളുടെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയി ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) മത്സ്യമാർക്കറ്റ് സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു. ടി പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ആയത് പൂർത്തീകരിച്ചശേഷം മാത്രമേ പ്രവൃത്തിയുടെ വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

**ചാലക്കുടിയിൽ ആധുനിക മത്സ്യമാർക്കറ്റ്**

315 (4639) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി നഗരസഭയിൽ ആധുനിക മത്സ്യമാർക്കറ്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

ചാലക്കുടി നഗരസഭയിലെ മത്സ്യമാർക്കറ്റ് കിഫ്ബി ഫണ്ട് ഉപയോഗിച്ച് നവീകരിക്കുന്നതിന് 261.17 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ. എന്നിവ തയ്യാറാക്കി വരുന്നു.

**മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് നടപടി**

316 (4640) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യ മാർക്കറ്റുകൾ സ്ത്രീസൗഹൃദമാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) സ്ത്രീ മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ സൗകര്യങ്ങളാണ് മത്സ്യമാർക്കറ്റുകളിൽ ഒരുക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വൃത്തിയുള്ള സാഹചര്യത്തിൽ മത്സ്യം സൂക്ഷിക്കുന്നതിനും വിഷരഹിതമായ മത്സ്യവില്പന ഉറപ്പാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ;

(ഡി) മാർക്കറ്റ് മാനേജ്മെന്റിന് പ്രത്യേകം കമ്മിറ്റികൾ ഉണ്ടാക്കുമോ; എങ്കിൽ ആയത് സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മത്സ്യത്തൊഴിലാളി സ്ത്രീകളുടെ ജീവിത നിലവാരമുയർത്തുന്നതിനായി ആധുനിക രീതിയിലുള്ള മത്സ്യമാർക്കറ്റുകളുടെ ഒരു ശൃംഖല സംസ്ഥാനമൊട്ടാകെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കിവരുന്നു. ടി പദ്ധതിയിലുൾപ്പെടുത്തി മത്സ്യ വിപണന മേഖലയിൽ തൊഴിലെടുക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് സൗഹൃദമായ രീതിയിൽ സ്ലാബ്, സിങ്ക്, ഡ്രെയിൻ സംവിധാനത്തോടുകൂടിയ വിപണന സ്റ്റാളുകളും പച്ചമത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, ലേലഹാൾ, മലിനജല സംസ്കരണ യൂണിറ്റ്, ചിൽറൂം സംവിധാനം, ഫ്ലേക്ക് ഐസ് യൂണിറ്റ്, സ്ത്രീകൾക്കായി പ്രത്യേക ടോയ്‌ലെറ്റ് സംവിധാനം, സ്ഥലസൗകര്യമുള്ള മാർക്കറ്റുകളിൽ വിശ്രമമുറി എന്നീ സൗകര്യങ്ങളോടുകൂടിയ മത്സ്യമാർക്കറ്റുകൾ സ്ഥാപിച്ചുവരുന്നു.

(സി) വിപണിയിൽ എത്തുന്ന മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോയെന്ന് പരിശോധിക്കാൻ ഫിഷറീസ് വകുപ്പും ഭക്ഷ്യസുരക്ഷാ വകുപ്പും സംയുക്തമായി രൂപീകരിച്ച ടാസ്ക്ഫോഴ്സിന്റെ പ്രവർത്തനം സംസ്ഥാനത്തുടനീളം സജീവമാണ്. കൂടാതെ മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ രാസവസ്തുക്കൾ കലർന്നിട്ടുണ്ടോയെന്ന് കണ്ടുപിടിക്കാൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയുടെ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വികസിപ്പിച്ചെടുത്ത പേപ്പർ സ്ട്രിപ്പ് വിപണിയിൽ സുലഭമാണ്. രാസവസ്തുക്കൾ കലർന്നതും പഴകിയതുമായ മത്സ്യങ്ങൾ

വിൽപ്പന നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

ഫിഷറീസ് വകുപ്പ് മുഖാന്തിരം ആധുനികവൽകരിച്ച മത്സ്യമാർക്കറ്റുകളിലും ശുചിത്വം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ഓരോ മത്സ്യമാർക്കറ്റിലും പച്ചമത്സ്യത്തിനും ഉണക്കമത്സ്യത്തിനും പ്രത്യേകം പ്രത്യേകം സ്റ്റാളുകൾ, മത്സ്യം വൃത്തിയായി കഴുകുന്നതിനാവശ്യമായ സിങ്ക്, മലിനജലം പൂർണ്ണമായും ഒഴുകിപ്പോകുന്ന രീതിയിലുള്ള ഡ്രെയിൻ, മത്സ്യം മുറിക്കുന്നതിനുള്ള സ്ലാബ് എന്നീ സംവിധാനത്തോടുകൂടിയ വിപണനസ്റ്റാളുകൾ, മത്സ്യം ലേലം ചെയ്യുന്നതിനായി ലേലഹാൾ എന്നീ സൗകര്യങ്ങൾ ആവശ്യാനുസരണം നൽകിയിട്ടുണ്ട്. ഇതുകൂടാതെ ശുചിത്വം ഉറപ്പാക്കുന്നതിനായി മലിനജല സംസ്കരണ യൂണിറ്റ് നിർബന്ധമായും സ്ഥാപിച്ചിട്ടുണ്ട്. അധികം വരുന്ന മത്സ്യം കേടുകൂടാതെ സൂക്ഷിച്ചുവയ്ക്കുന്നതിനായി ചിൽ റൂം സംവിധാനവും, ശുദ്ധമായ ഐസിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി ഫ്ലേക്ക് ഐസ് യൂണിറ്റും പ്രസ്തുത മത്സ്യമാർക്കറ്റുകളുടെ ഒരു സവിശേഷതയാണ്. എല്ലാ മാർക്കറ്റുകളിലും ടോയിലെറ്റ് സംവിധാനവും ഉറപ്പാക്കിയിട്ടുണ്ട്.

(ഡി) മത്സ്യലേലം വിപണനം ഗുണനിലവാര പരിപാലന നിയമം പ്രാബല്യത്തിൽ വരുമ്പോൾ മാർക്കറ്റുകളിൽ മാർക്കറ്റ് മാനേജ്മെന്റിന് സംവിധാനവും നടപ്പിൽവരുന്നതാണ്. ഫിഷറീസ് വകുപ്പ് മുഖാന്തിരം ആധുനികവൽകരിച്ച മാർക്കറ്റിന്റെ തുടർനടത്തിപ്പിന് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾ മാർക്കറ്റ് മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുമെന്ന കരാറിൽ ഏർപ്പെട്ടുകൊണ്ടാണ് പൂർത്തീകരിച്ച് കൈമാറുന്നത്.

## ഉൾനാടൻ മത്സ്യബന്ധനം

317 (4641) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യസമ്പത്തിൽ, പ്രത്യേകിച്ച് ഉൾനാടൻ മത്സ്യങ്ങളിൽ, കാര്യമായ കുറവുണ്ടായതിന്റെ പശ്ചാത്തലത്തിൽ മത്സ്യസമ്പത്ത് പരിപാലിക്കുന്നതിന് ജല ആവാസവ്യവസ്ഥകൾ പുനരുജ്ജീവിപ്പിക്കുന്നതിന് പരിപാടിയുണ്ടോ;

(ബി) ഉൾനാടൻ മത്സ്യബന്ധനത്തിന് കർശനനിയന്ത്രണം ഏർപ്പെടുത്തി ജലാശയങ്ങളെ സംരക്ഷിതമേഖലകളായി പരിപാലിക്കാൻ നടപടി

ആരംഭിച്ചിട്ടുണ്ടോ;

(സി) കായലുകൾ, നദികൾ, ജലസംഭരണികൾ എന്നിവയിലുൾപ്പെടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ടോ; കടലിൽ കൂട് മത്സ്യകൃഷിയുടെ സാധ്യത പരിശോധിച്ചിട്ടുണ്ടോ;

(ഡി) മത്സ്യോല്പന്നങ്ങൾക്ക് കയറ്റുമതി സാധ്യതയുണ്ടാകാൻ ഉയർന്ന ഗുണനിലവാരം പുലർത്തേണ്ടതിനാൽ അതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉൾനാടൻ ജലാശയങ്ങളിലുൾപ്പെട്ട വേമ്പനാട്, അഷ്ടമുടിക്കായലുകൾ സംരക്ഷിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. വേമ്പനാട് കായലിന്റെ സംരക്ഷണത്തിനായി 348 ലക്ഷം രൂപയുടെ പദ്ധതിയും അഷ്ടമുടിക്കായലിന്റെ സംരക്ഷണത്തിനായി 190 ലക്ഷം രൂപയുടെ പദ്ധതിയും പരിഗണനയിലാണ്. ഇതിൽ കരിമീൻ പ്രജനനത്തിന് സഹായകരമാകുന്ന തരത്തിൽ കായലിൽ സ്വാഭാവിക മത്സ്യപ്രജനന കേന്ദ്രങ്ങൾ രൂപീകരിക്കാനും കക്കകളുടെ സംരക്ഷണ ത്തിനായി 'കക്ക സംരക്ഷിത മേഖലകൾ' രൂപീകരിക്കാനും ഈ പദ്ധതിയുടെ ഭാഗമായി മത്സ്യത്തിന്റെയും കൊഞ്ചിന്റെയും പ്രജനനം പ്രോത്സാഹിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നു.

(സി) കായലുകൾ, നദികൾ, ജലസംഭരണികൾ, എന്നിവയിലുൾപ്പെടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതിയുണ്ട്. കടലിൽ കൂടുകൃഷി നടത്തു ന്നതിനായി നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ടി പദ്ധതി CMFRI, RGCA മുതലായ കേന്ദ്ര സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ അഡാക്ക് വഴിയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുടെ തീരക്കടലിൽ 12 ഫാദം ആഴമുള്ള പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ ടെണ്ടർ ക്ഷണിച്ചിരുന്നുവെങ്കിലും അനുയോജ്യമായ ബിഡുകൾ ഒന്നുംതന്നെ ലഭിക്കാത്തതിനാൽ ടി പദ്ധതി Sea like condition ഉള്ള അഴി/പൊഴി മുഖങ്ങളിലായി നടപ്പിലാക്കുന്നതിന് തീരുമാനി ക്കുകയും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി, കൊല്ലം ജില്ലയിലെ തിരുമുല്ലവാരം, തങ്കശ്ശേരി, ദളവാപുരം, എറണാകുളം ജില്ലയിലെ മുനമ്പം, കണ്ണൂർ ജില്ലയിലെ ഏഴിമല, വലിയ കടപ്പുറം ആഴി എന്നിവിടങ്ങളിൽ കേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ഡി) വകുപ്പ് മുഖാന്തിരം നിലവിൽ നടപടികളൊന്നും സ്വീകരിക്കുന്നില്ല.

ഭാരത സർക്കാരിന്റെ Export Inspection Agency, MPEDA എന്നീ ഏജൻസികളാണ് കയറ്റുമതി സാധ്യതയുള്ള സമുദ്ര ഉൽപ്പന്നങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നത്. എന്നാൽ കയറ്റുമതി ചെയ്യുന്ന മത്സ്യം എവിടെ നിന്നാണ് പിടിച്ചെടുക്കുന്നതെന്നും കൃത്യമായ catch certificate നൽകാൻ കഴിയുന്നവിധം മെക്കനൈസ്ഡ് ബോട്ടുകൾക്ക് vessel monitoring system/vessel tracking device നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഹാർബറുകളിൽ ആരോഗ്യകരമായി മത്സ്യം കൈകാര്യം ചെയ്യുന്നതിലൂടെ മത്സ്യക്കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് ഹാർബർ മാനേജ്മെന്റ് സൊസൈറ്റികൾ വഴി നടപടികൾ ആരംഭിക്കുന്നതാണ്. മത്സ്യോല്പന്നങ്ങളിൽ ആന്റിബയോട്ടിക്കുകളുടെ സാന്നിധ്യമില്ലെന്ന് ഉറപ്പുവരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. Marine Stewardship Certificate (MSC) അഷ്ടമുടിക്കായലിലെ കക്കയ്ക്ക് ലഭിക്കുന്നതിനുള്ള നടപടികൾ ഫിഷറീസ് വകുപ്പിന്റെ മുൻകയ്യിൽ സ്വീകരിക്കുകയും എം.എസ്.സി. സർട്ടിഫിക്കറ്റ് ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

## വയനാട് ജില്ലയിൽ മത്സ്യകൃഷി

318 (4642) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വയനാട് ജില്ലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് പ്രത്യേക പദ്ധതികൾക്ക് രൂപം നൽകുന്നുണ്ടോ; വിശദമാക്കാമോ ?

### ഉത്തരം

(എ) ശാസ്ത്രീയ മത്സ്യകൃഷി പദ്ധതി അവലംബിക്കുകവഴി ഉൾനാടൻ മത്സ്യമേഖലയിലുണ്ടായിട്ടുള്ള വിപ്ലവകരമായ പുരോഗതി മുൻനിർത്തി 2019-20 സാമ്പത്തികവർഷം വയനാട് ജില്ലയിൽ ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കുന്നതിനായി 93.35 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 1.3 ഹെക്ടർ നൈൽതിലാപ്പിയ ഫാമിംഗിനും 4.38 ഹെക്ടർ പംഗേഷ്യസ് ഫാമിംഗിനും 2.96 ഹെക്ടർ സെമി ഇന്റൻസീവ് കാർപ്പ് ഫാമിംഗിനും 55 ഹെക്ടർ എക്സ്റ്റൻസീവ് കാർപ്പ് ഫാമിംഗിനും 1.4 ഹെക്ടർ സ്റ്റൻഡഡ് കാർപ്പിന്റെ റെയിറിംഗ് യൂണിറ്റുകൾ ആരംഭിക്കുന്നതിനും 4 യൂണിറ്റ് പുനഃചംക്രമണ മത്സ്യകൃഷി (RAS), 16 യൂണിറ്റ് ശുദ്ധജലങ്ങളിലെ കൂടുകൃഷി, 3 യൂണിറ്റ് കൃത്രിമകുളങ്ങളിലെ മത്സ്യകൃഷി എന്നിങ്ങനെയാണ് ഈ സാമ്പത്തികവർഷം ജില്ലയിൽ മത്സ്യകൃഷി

വ്യാപിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികൾ.

കൂടാതെ ഉൾനാടൻ മത്സ്യകൃഷി വികസനം ലക്ഷ്യമാക്കി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി സംസ്ഥാനാവിഷ്കൃതവും കേന്ദ്രാവിഷ്കൃതവുമായ പദ്ധതികൾ നടപ്പിലാക്കി വരുന്നു. ജനകീയ മത്സ്യകൃഷി, ബ്ലൂ റെവല്യൂഷൻ തുടങ്ങിയ പദ്ധതികളാണ് ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി നടപ്പിലാക്കുന്നത്. ജില്ലയിൽ ഈ പദ്ധതികൾ മുഖേന ശാസ്ത്രീയസമ്മിശ്ര കാർപ്പ് കൃഷി, ചെറുതും വലുതുമായ കുളങ്ങളിലെ മത്സ്യകൃഷി, കുളങ്ങളിലെ ഗിഫ്റ്റ് കൃഷി, പുനഃചംക്രമണ മത്സ്യകൃഷി, ആസ്സാം വാള കൃഷി, പടുതാകുളങ്ങളിലെ കരിമീൻ കൃഷി. ശുദ്ധജല കൂടുകൃഷി എന്നിവ നടപ്പിലാക്കി. ജില്ലയിൽ 4,500-ൽ പരം മത്സ്യകർഷകർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്.

മത്സ്യവിപണന രംഗത്ത് മത്സ്യകർഷകർക്ക് കൈതാങ്ങായി ജനകീയ മത്സ്യകൃഷി 2018-19 പദ്ധതിപ്രകാരം ജില്ലയ്ക്ക് ലൈവ്ഫിഷ് മാർക്കറ്റ് നടപ്പിലാക്കി.

വയനാട് ജില്ലയിലെ മത്സ്യകർഷകർ ഏറെക്കാലമായി അനുഭവിച്ചുവരുന്ന ഒരു പ്രയാസമാണ് ഗുണമേന്മയുള്ള മത്സ്യകുഞ്ഞുങ്ങളുടെ ലഭ്യത. ആയതിനുള്ള ഒരു ശാശ്വത പരിഹാരമായി ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വയനാട് ജില്ലയിൽ മത്സ്യകർഷകർക്ക് ഗുണമേന്മയുള്ള മത്സ്യവിത്ത് ലഭ്യമാക്കുന്നതിനു വേണ്ടി രണ്ട് ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിൽ തളിപ്പുഴ ഹാച്ചറി നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ച് കർഷകർക്ക് മത്സ്യവിത്തുകൾ വളരെ മികച്ചരീതിയിൽ വിതരണം നടത്തിവരുന്നു. കാരാപ്പുഴ ഹാച്ചറിയുടെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്.

**ആറന്മുള മണ്ഡലത്തിലെ മത്സ്യകർഷകർ**

319 (4643) <u>ശ്രീമതി. വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറൻമുള മണ്ഡലത്തിൽ എത്ര മത്സ്യകർഷകർ ഉണ്ട്;

(ബി) ആറൻമുള മണ്ഡലത്തിൽ ഈ സർക്കാരിന്റെ കാലത്ത് മത്സ്യകൃഷിയിൽ എത്രത്തോളം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നത് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറന്മുള മണ്ഡലത്തിൽ 526 മത്സ്യകർഷകരുണ്ട്.

(ബി) ആറൻമുള മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് 20.4 ഹെക്ടർ പ്രദേശത്താണ് മത്സ്യകൃഷി നടത്തിയിരുന്നത്. ഈ സർക്കാരിന്റെ കാലത്ത് മത്സ്യകൃഷിയിലുണ്ടായ വർദ്ധനവ് ചുവടെ ചേർക്കുന്നു :

| | |
|---|---|
| ഗിഫ്റ്റ് കൾച്ചർ ഇൻ പോണ്ട്സ് | 2 ഹെക്ടർ |
| റീ-സർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം | 5 യൂണിറ്റ് |
| പടുതാകുളങ്ങളിലെ കരിമീൻ കൃഷി | 5 യൂണിറ്റ് |
| ആസ്സാംവാള കൃഷി | 1.8 ഹെക്ടർ |
| വെള്ളക്കെട്ടുപ്രദേശങ്ങളിലെ മത്സ്യകൃഷി | 4 ഹെക്ടർ |
| വലിയകുളങ്ങളിലെ കാർപ്പ് മത്സ്യകൃഷി | 24 ഹെക്ടർ |
| ചെറിയകുളങ്ങളിലെ മത്സ്യകൃഷി | 2.2 ഹെക്ടർ |

## ആഭ്യന്തര മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

320 (4644) ശ്രീ. സജി ചെറിയാൻ:
ശ്രീ. എൻ. വിജയൻ പിള്ള:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാനങ്ങളിൽ നിന്നുള്ള മായം കലർന്ന മത്സ്യം സംസ്ഥാനത്ത് കൂടുതലായി എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി ആഭ്യന്തര മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) നിലവിൽ ഉപയോഗയോഗ്യമല്ലാതെ കിടക്കുന്ന ജലാശയങ്ങളിൽ മത്സ്യകൃഷിയ്ക്ക് അനുയോജ്യമായ ആവാസവ്യവസ്ഥ പുനഃസ്ഥാപിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതിനായി ഗുണമേന്മയുള്ള മത്സ്യക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ഡി) കായലുകളിലും കുളങ്ങളിലും ഓരുജലമത്സ്യങ്ങളുടെ കൃഷി വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗങ്ങൾ നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോൽപ്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ മത്സ്യകൃഷി പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി രൂപകല്പന ചെയ്തിരുന്നത്. 2018-19 സാമ്പത്തിക വർഷം ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമയി പാടശേഖരങ്ങളുൾപ്പെടെ ഏകദേശം 8750 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നു. കൂടാതെ 250 കൂട് മത്സ്യകൃഷി യൂണിറ്റും, 50 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും, 100 പടുതകുളങ്ങളിലെ മത്സ്യകൃഷിയും 2000 കല്ലുമ്മേക്കായ കൃഷി യൂണിറ്റും മത്സ്യോല്പാദനത്തിനായി സ്ഥാപിക്കാനും വിഭാവന ചെയ്തിരുന്നു. എന്നാൽ പ്രളയത്തെത്തുടർന്ന് ഭൗതികലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇതുകൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂറെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 80 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 125 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 കൂട് മത്സ്യകൃഷി യൂണിറ്റും 1000 കല്ലുമ്മേക്കായ യൂണിറ്റും അനുമതി നൽകി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന ഘടകങ്ങളാണ് ശാസ്ത്രീയ കാർപ്പ് കൃഷി, പങ്കേഷ്യസ് കൃഷി, നൈൽതിലാപ്പിയ കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഒരു നെല്ലും ഒരു മീനും കൃഷി, തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി, കാരചെമ്മീൻ കൃഷി, ശാസ്ത്രീയ ഓരുജല മത്സ്യകൃഷി, ഓരുജല കൂട് മത്സ്യകൃഷി, ഞണ്ട് കൃഷി, കല്ലുമ്മേക്കായ കൃഷി, കൃത്രിമ കുളങ്ങളിലെ കൃഷി, ശുദ്ധജല കൂട് മത്സ്യകൃഷി, കാർപ്പ് - വിശാല മത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഓർഗാനിക് ചെമ്മീൻകൃഷി, ഓരു ജലത്തിലെ വിശാല മത്സ്യകൃഷി, പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദന യൂണിറ്റ്, കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ്, ഓരുജല മത്സ്യങ്ങളുടെ റിയറിംഗ്, അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂട്ടകളിലെ പരിപാലനം എന്നിവ.

ജനകീയ മത്സ്യകൃഷിയുടെ ഭാഗമായി 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ശുദ്ധജലത്തിലും ഓരുജലത്തിലും വിവിധ കൃഷിരീതികൾ അവലംബിച്ച് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം, നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി ആറ് പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

ഇതിനു പുറമേ സമുദ്രമത്സ്യോത്പാദനം വർദ്ധിപ്പിക്കാനായി കൃത്രിമപ്പാര് സ്ഥാപിക്കൽ, കടലിലെ കൂടുമത്സ്യകൃഷി എന്നീ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം സർക്കാരിൽ നിന്നും 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയ കൃത്രിമപ്പാര് സ്ഥാപിക്കൽ പദ്ധതിപ്രകാരം തിരുവനന്തപുരം ജില്ലയിലെ പുതുക്കുറിച്ചി, കൊച്ചുതുറ എന്നീ സ്ഥലങ്ങളിലെ തീര ക്കടലിൽ കൃത്രിമപ്പാരുകൾ സ്ഥാപിച്ച് മത്സ്യസമ്പത്തിന്റെ സംരക്ഷണവും സ്വാഭാവിക ആവാസസ്ഥാനവും ഉറപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഉൾനാടൻ മേഖലയിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനാവശ്യമായ എണ്ണം സാങ്കേതിക വൈദഗ്ധ്യമുള്ള മാനവശേഷി ഫിഷറീസ് വകുപ്പിനില്ല എന്നതിനാൽ 16 മത്സ്യ ഭവനുകൾ സ്ഥാപിക്കാനും ഓരോ മത്സ്യഭവനിലും ഒരു എക്സ്റ്റൻഷൻ ആഫീസർ, ഒരു സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്ന തോതിൽ 32 തസ്തികകൾ പുതിയതായി സൃഷ്ടിക്കാനും നടപടി സ്വീകരിച്ചു.

നീലവിപ്ലവം പദ്ധതിയിലുൾപ്പെടുത്തി കടലിൽ കൂടുമത്സ്യകൃഷി നടത്തു ന്നതിനായി 1398 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ടി പദ്ധതി CMFRI, RGCA മുതലായ കേന്ദ്രസ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെയാണ് നടപ്പിലാക്കുന്നത്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, എറണാകുളം, കണ്ണൂർ എന്നീ ജില്ലകളുടെ തീരക്കടലിൽ 12 ഫാദം ആഴമുള്ള പ്രദേശങ്ങളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നത്. ആയതിനാൽ ടെണ്ടർ ക്ഷണിച്ചിരുന്നെങ്കിലും അനുയോജ്യമായ ബിഡുകൾ ഒന്നുംതന്നെ ലഭിക്കാത്തതിനാൽ ടി പദ്ധതി Sea like condition ഉള്ള അഴി/പൊഴിമുഖങ്ങളിലായി നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം, മുതലപ്പൊഴി, കൊല്ലം, ജില്ലയിലെ തിരുമുല്ലവാരം, തങ്കശ്ശേരി, ദളവാപുരം, എറണാകുളം ജില്ലയിലെ മുനമ്പം, കണ്ണൂർ ജില്ലയിലെ ഏഴിമല, വലിയ കടപ്പുറം ആഴി എന്നിവിടങ്ങളിൽ കേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയുമാണ്. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മുഖേനയുള്ള മത്സ്യശോഷണം തടയുന്നതിനായി കേരള തീരത്ത് സുലഭമായിട്ടുള്ളതും, CMFRI ശിപാർശ ചെയ്തിട്ടുള്ളതുമായ 58 ഇനം മത്സ്യങ്ങളുടെ പിടിച്ചെടുക്കാവുന്ന വലിപ്പം നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

അശാസ്ത്രീയ മത്സ്യബന്ധനം പൂർണ്ണമായും തടയുന്നതിനായി KMFR ആക്ടിൽ ആവശ്യമായ ഭേദഗതികൾ വരുത്തുകയും, പുതിയ KMFR ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. 2018-19 വർഷം മുതൽ ട്രോൾ ബാൻ കാലാവധി 47 ദിവസത്തിൽ നിന്ന് 52 ദിവസമാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും പരിപാലിക്കുന്നതിനുമായി സംസ്ഥാന സർക്കാർ നടപ്പാക്കിയ വിവിധ നടപടികളുടെ ഫലമെന്നോണം 2018-19 വർഷം സമുദ്ര മത്സ്യ ഉത്പ്പാദനം 6.09 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്.

(ബി&സി) ഉണ്ട്. നല്ലയിനം മത്സ്യവിത്തുകളുടെ ലഭ്യത ഉറപ്പാക്കുന്നതിനായി 2019-20 സാമ്പത്തിക വർഷം നേഴ്സറികൾ സ്ഥാപിക്കൽ പദ്ധതിക്കായി 1800 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 21 ഹാച്ചറികളിലുമായി 987.28 ലക്ഷം മത്സ്യ/ചെമ്മീൻ വിത്തുകൾ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നു. റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റത്തിൽ വളരെയധികം സാധ്യതയുള്ള ഗിഫ്റ്റ് തിലാപ്പിയയുടെ ഹാച്ചറി/റിയറിംഗ് ഫാമുകൾ തിരുവനന്തപുരം ജില്ലയിലെ നെയ്യാറിലും, പത്തനംതിട്ട ജില്ലയിലെ പന്നിവേലിച്ചിറയിലും സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു. തൃശ്ശൂർ അഴീക്കോട് ഒരു ഓരുജല മത്സ്യവിത്തുൽപ്പാദന കേന്ദ്രം സ്ഥാപിക്കുന്നതിനായി 860 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ, പീച്ചി ഗവൺമെന്റ് ഫിഷ് സീഡ് ഫാമിന്റെ നാലാംഘട്ട വികസന പ്രവർത്തനങ്ങൾക്കായി 465 ലക്ഷം രൂപയുടെ പദ്ധതി, ഇരികുളം ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി 11 കോടി രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ എന്നിവ തയ്യാറാക്കിയിട്ടുണ്ട്. കൂടാതെ ഫിഷ്സീഡ് ഫാമുകളിലും ഹാച്ചറികളിലും ഉൽപ്പാദിപ്പിക്കുന്ന മത്സ്യ/ചെമ്മീൻ വിത്തുകളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി ISO certification നേടിയെടുക്കാൻ ഉദ്ദേശിക്കുന്നു.

മത്സ്യ/ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അഡാക്കിന്റെ പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി ഫിഷറീസ് വകുപ്പ്/അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നു. മത്സ്യവിത്ത് ഉൽപ്പാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിനുവേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള മത്സ്യവിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട്

രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 7 തസ്തികകൾ സൃഷ്ടിച്ചു. കൂടാതെ കോഴിക്കോട്, കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളായി മൂന്ന് പ്രാദേശിക വിത്ത് കേന്ദ്രങ്ങളും സ്ഥാപിച്ചു.

(ഡി) ഉണ്ട്.

(ഇ) മത്സ്യരോഗ നിയന്ത്രണത്തിനും നിവാരണത്തിനുമായി സംസ്ഥാന തലത്തിലും ജില്ലാതലത്തിലും fish disease monitoring and surveillance യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. ഇതിന്റെ ഭാഗമായി തേവരയിൽ ഒരു സംസ്ഥാന അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ഓടയം, പന്നിവേലിച്ചിറ, പള്ളം, അഴീക്കോട്, മലമ്പുഴ, വെള്ളയിൽ, ഉണ്ണ്യാൽ, തളിപ്പുഴ, കണ്ണൂർ എന്നിവിടങ്ങളിലായി പ്രാദേശികതല അക്വാട്ടിക് ആനിമൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മത്സ്യരോഗം ഉണ്ടാകാനുള്ള സാധ്യത നിലനിൽക്കുന്ന ചെമ്മീൻ, തിലാപ്പിയ എന്നീ ഇനങ്ങളുടെ കാര്യത്തിൽ പി.സി.ആർ. പരിശോധന നിർബന്ധ മാക്കുന്നതിനും അതുവഴി കൃഷിയിടങ്ങളിൽ മത്സ്യരോഗം വ്യാപിക്കാതിരിക്കാനുള്ള നടപടികൾ എടുക്കാനും സാധിച്ചിട്ടുണ്ട്. മത്സ്യരോഗ നിയന്ത്രണത്തിനായി പ്രോബ യോട്ടിക്കുകളുടെ ഉപയോഗം വ്യാപകമാക്കിയിട്ടുണ്ട്. ആന്റിബയോട്ടിക്കുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് അടിക്കടി ഫാമുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് ലാബിൽ പരിശോധിച്ച് ഉറപ്പുവരുത്തുന്നതിനും പദ്ധതിയുടെ ഭാഗമായി കഴിഞ്ഞിട്ടുണ്ട്.

## ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി

321 (4645) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനും മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനുമായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ജനകീയ മത്സ്യകൃഷി-II പദ്ധതിയുടെ പുരോഗതി സംബന്ധിച്ച

വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ പദ്ധതി പ്രകാരം മത്സ്യകൃഷി യൂണിറ്റുകളും കല്ലുമ്മേക്കായകൃഷി യൂണിറ്റുകളും പുതുതായി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മത്സ്യവംശവർദ്ധന ലക്ഷ്യമിട്ട് കായലുകളിലും നദികളിലും മത്സ്യ ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ടോ;

(ഇ) നെൽകൃഷിയുമായി സംയോജിപ്പിച്ച് പാടശേഖരങ്ങളിൽ മത്സ്യക്കൃഷി നടത്തുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനും ഇത്തരത്തിൽ മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം കൂട്ടുക എന്ന ലക്ഷ്യത്തോടെയാണ് ജനകീയ മത്സ്യകൃഷി പദ്ധതി 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി രൂപകൽപ്പന ചെയ്തിരിക്കുന്നത്. 2018-19 സാമ്പത്തിക വർഷം ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പാടശേഖരങ്ങൾ ഉൾപ്പെടെ ഏകദേശം 8750 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കാൻ വിഭാന ചെയ്തിരുന്നു. കൂടാതെ 250 കൂട് മത്സ്യകൃഷി യൂണിറ്റും, 50 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും, 100 പടുതകുളങ്ങളിലെ മത്സ്യകൃഷിയും 2000 കല്ലുമ്മേക്കായ കൃഷി യൂണിറ്റും മത്സ്യോല്പാദനത്തിനായി സ്ഥാപിക്കാനും വിഭാവനം ചെയ്തിരുന്നു. എന്നാൽ പ്രളയത്തെ തുടർന്ന് ഭൗതിക ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇത് കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 80 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 125 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 കൂട് മത്സ്യകൃഷി യൂണിറ്റും 1000 കല്ലുമ്മേക്കായ യൂണിറ്റും അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും അതിന്റെ ഭാഗമായി ശുദ്ധജലത്തിലും ഓരുജലത്തിലും വിവിധ കൃഷിരീതികൾ അവലംബിച്ച് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപയും ഉൾപ്പെടുത്തിയിട്ടുണ്ട്.

2019-20 സാമ്പത്തിക വർഷം, നീല വിപ്ലവം പദ്ധതിയിലുൾപ്പെടുത്തി 6 പദ്ധതികൾ കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ഉൾനാടൻ മത്സ്യോത്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ജനകീയ മത്സ്യകൃഷി രണ്ടാംഘട്ടം പദ്ധതി. ഈ പദ്ധതിയിലൂടെ 2017-18 സാമ്പത്തിക വർഷം നടപ്പിലാക്കിയിരുന്ന ഘടക പദ്ധതികളായ മാതൃകാ ശുദ്ധജല മത്സ്യകൃഷി ഫാമുകൾ, ചെറുകുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, വലിയ കുളങ്ങളിലെ ശുദ്ധജല മത്സ്യകൃഷി, ചെമ്മീൻ കൃഷി, പാടശേഖരങ്ങളിലെ മത്സ്യകൃഷി എന്നീ പദ്ധതികൾ പൂർത്തീകരിച്ചുകഴിഞ്ഞു.

2018-19 സാമ്പത്തിക വർഷം ഗ്രീൻബുക്കിൽ ഉൾപ്പെടുത്തി ജനകീയ മത്സ്യകൃഷി പദ്ധതിക്ക് 40 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഇതിന്റെ ഭാഗമായി പാടശേഖരങ്ങൾ ഉൾപ്പെടെ ഏകദേശം 8750 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷി നടപ്പിലാക്കാൻ വിഭാവനം ചെയ്തിരുന്നു. കൂടാതെ 250 കൂട് മത്സ്യകൃഷി യൂണിറ്റും, 50 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 പടുതകുളങ്ങളിലെ മത്സ്യകൃഷിയും 2000 കല്ലുമ്മേക്കായ കൃഷി യൂണിറ്റും മത്സ്യോൽപ്പാദനത്തിനായി സ്ഥാപിക്കാനും വിഭാവന ചെയ്തിരുന്നു. എന്നാൽ പ്രളയത്തെ തുടർന്ന് ഭൗതിക ലക്ഷ്യം പൂർണ്ണമായി കൈവരിക്കുന്നതിന് കഴിഞ്ഞിരുന്നില്ല. ഇത് കൂടാതെ 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയുടെ ഭാഗമായി 80 ഹെക്ടർ പ്രദേശത്ത് മത്സ്യകൃഷിയും 125 റീസർക്കുലേറ്ററി അക്വാകൾച്ചർ യൂണിറ്റും 100 കൂട് മത്സ്യകൃഷി യൂണിറ്റും 1000 കല്ലുമ്മേക്കായ യൂണിറ്റും അനുമതി ലഭ്യമാക്കി പദ്ധതി പൂർത്തീകരിച്ചുവരുന്നു.

2019-20 സാമ്പത്തിക വർഷത്തിൽ ജനകീയമത്സ്യകൃഷി പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ഘടകങ്ങളാണ് ശാസ്ത്രീയ കാർപ്പ് കൃഷി, പങ്കേഷ്യസ് കൃഷി, നൈൽതിലാപ്പിയ കൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ, ഒരു നെല്ലും ഒരു മീനും കൃഷി, തദ്ദേശീയ മത്സ്യങ്ങളുടെ കൃഷി, കാരചെമ്മീൻ കൃഷി, ശാസ്ത്രീയ ഓരുജല മത്സ്യകൃഷി, ഓരുജല കൂട് മത്സ്യകൃഷി, ഞണ്ട് കൃഷി, കല്ലുമ്മേക്കായ കൃഷി, കൃത്രിമ കുളങ്ങളിലെ കൃഷി, ശുദ്ധജലകൂട് മത്സ്യകൃഷി, കാർപ്പ്- വിശാലമത്സ്യകൃഷി, ഒരു നെല്ലും ഒരു ചെമ്മീനും കൃഷി, ഓർഗാനിക് ചെമ്മീൻ കൃഷി, ഓരു ജലത്തിലെ വിശാലമത്സ്യ കൃഷി, പുന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുൽപ്പാദന യൂണിറ്റ്, കാർപ്പുകളുടെ റിയറിംഗ് യൂണിറ്റ്, ഓരുജല മത്സ്യങ്ങളുടെ റിയറിംഗ്, അലങ്കാര/ഓരുജല മത്സ്യകുഞ്ഞുങ്ങളുടെ കൂടുകളിലെ പരിപാലനം എന്നിവ.

പ്രസ്തുത ഘടകങ്ങളുടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് 78%-വും മത്സ്യകൃഷിയിടത്തിന്റെ അടിസ്ഥാന സൗകര്യ വികസനം 54%-വും ഇതിനോടകം പൂർത്തിയായിട്ടുണ്ട്. ഇതിൽ 34% കൃഷിയിടത്തിലും മത്സ്യവിത്ത് സംഭരിച്ച്

കൃഷിയും ആരംഭിച്ച് കഴിഞ്ഞിട്ടുണ്ട്. 2019-20 സാമ്പത്തിക വർഷം ജനകീയമത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ മത്സ്യകൃഷി യൂണിറ്റുകളും കല്ലുമ്മേക്കായ കൃഷി യൂണിറ്റുകളും ആരംഭിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ഡി) ഉണ്ട്.

(ഇ) 2019-20 സാമ്പത്തിക വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 9453 ഹെക്ടർ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പിലാക്കുന്നതിനും 2059 ഹെക്ടർ പ്രദേശത്ത് ഒരു നെല്ലും ഒരു ചെമ്മീൻ പദ്ധതി നടപ്പിലാക്കുന്നതിനും ഭരണാനുമതി ലഭ്യമാക്കി പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

ഇതിനുപുറമെ അഡാക് വഴി കൈപ്പാട്-പൊക്കാളി നിലങ്ങളിൽ സംയോജിത മത്സ്യ-നെൽകൃഷി പദ്ധതി നടപ്പാക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് അംഗീകാരം നൽകിയിരുന്നു. കേരളത്തിൽ പല കാരണങ്ങളാൽ നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പൊക്കാളി - കൈപ്പാടി നീർത്തട പ്രദേശങ്ങളിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ വിപത്തുകളിൽ നിന്നും സംരക്ഷിച്ച് ഇവിടങ്ങളിൽ പരമ്പരാഗതമായി നിലനിന്നിരുന്ന നെൽകൃഷിയും മത്സ്യ/ചെമ്മീൻ കൃഷിയും പുനഃസ്ഥാപിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ 600 ഹെക്ടർ കൈപ്പാട്-പൊക്കാളി പ്രദേശങ്ങളിൽ നെൽകൃഷിയും മത്സ്യകൃഷിയും ഈ പദ്ധതി പ്രകാരം നടത്തി വരുന്നുണ്ട്. പദ്ധതി പ്രവർത്തനം ത്വരിതഗതിയിൽ നടന്നുവരുന്നു.

## മത്സ്യകേരളം പദ്ധതി

322 (4646) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകേരളം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പുനരാവിഷ്കരിക്കുന്നതിനും ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി വ്യാപകമാക്കുന്നതിന് 2008-2012 കാലയളവിൽ മത്സ്യകേരളം പദ്ധതി നടപ്പിലാക്കിയിരുന്നു. ടി വർഷങ്ങളിൽ കർഷക പങ്കാളിത്തത്തോടെ കേരളത്തിലെ ജലകൃഷിക്ക് അനുയോജ്യമായ 10000 ഹെക്ടർ ഉൾനാടൻ ജലാശയങ്ങളിലും ജലകൃഷി വികസിപ്പിക്കുക എന്നതായിരുന്നു മത്സ്യകേരളം പദ്ധതിയുടെ ലക്ഷ്യം. കർഷക പങ്കാളിത്തത്തോടെ ജലകൃഷി വികസിപ്പിച്ച്, കട്‌ല, രോഹു, മൃഗാൽ എന്നീ മത്സ്യങ്ങൾക്കുപുറമെ വൈവിദ്ധ്യവൽക്കരണത്തിലൂടെ അനുയോജ്യമായ മുഴുവൻ ഇന മത്സ്യങ്ങളും ആറ്റുകൊഞ്ചും കരിമീനും കാളാഞ്ചിയും ജലകൃഷിക്കനുയോജ്യമായ മറ്റിനങ്ങളും കൃഷിക്ക് ഉപയോഗിച്ചിരുന്നു. ഇതിനാവശ്യമായ ബോധവൽകരണവും മറ്റ് പ്രവർത്തനങ്ങളും കർഷക ക്ലബ്ബുകളുടെ സഹായത്തോടെ ഗ്രാമപഞ്ചായത്തുകൾ വഴി നടപ്പിലാക്കിയിരുന്നു.

ശുദ്ധജല മത്സ്യകൃഷി, നെൽപ്പാടങ്ങളിലെ മത്സ്യ/ആറ്റുകൊഞ്ച് കൃഷി, സംയോജിത മത്സ്യകൃഷി, അലങ്കാര മത്സ്യവിത്തുൽപ്പാദന കേന്ദ്രങ്ങൾ, മത്സ്യ വിത്ത് പരിപാലന യൂണിറ്റുകൾ, മത്സ്യവിത്തുല്പാദന കേന്ദ്രങ്ങൾ, മത്സ്യത്തീറ്റ നിർമ്മാണ യൂണിറ്റുകൾ, കൊതുക് (കൂത്താടി) നിർമ്മാർജ്ജന മത്സ്യവളർത്തൽ, ക്വാളിറ്റി കൺട്രോൾ ലാബുകൾ, നദികളിലെയും അഴിമുഖങ്ങളിലെയും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള സംരംഭങ്ങൾ, പഞ്ചായത്തുതല മാതൃകാ മത്സ്യകുളം നിർമ്മാണം, ചെമ്മീൻകൃഷി, കക്ക, ഞണ്ട്, കൂട്ടുകളിൽ മത്സ്യം വളർത്തൽ പദ്ധതി, കക്ക ശുദ്ധീകരണശാലകൾ, മത്സ്യ കർഷകർക്ക് വിദഗ്ദ്ധ പരിശീലനം, വിപണന സൗകര്യങ്ങൾ, ഗ്രാമതല മത്സ്യകർഷക ക്ലബ്ബുകൾ മുതലായ ഘടകങ്ങളാണ് ടി പദ്ധതിയിലൂടെ നടപ്പിലാക്കിയത്.

(ബി) മത്സ്യകേരളം പദ്ധതിയുടെ തുടർപദ്ധതിയെന്ന നിലയിൽ 2012-2015 വർഷത്തിൽ സർക്കാർ ഫിഷറീസ് വകുപ്പുവഴി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി-I പദ്ധതി. 2015-2017 വരെയുള്ള കാലയളവിൽ മത്സ്യ സമൃദ്ധി-II പദ്ധതിയും നടപ്പിലാക്കുകയുണ്ടായി. തുടർന്ന് ഉൾനാടൻ മത്സ്യബന്ധന മേഖലയുടെയും മത്സ്യകൃഷി മേഖലയുടെയും വികസനത്തിനായി ജനകീയ മത്സ്യകൃഷി-II 2017-18 മുതൽ നടപ്പിലാക്കിവരുന്നു. 2019-20 വർഷം ഉൾനാടൻ മത്സ്യമേഖലാ വികസനത്തിനായി പദ്ധതിയിൽ 109.05 കോടി രൂപ വകയിരുത്തിയിരിക്കുന്നു.

ജനകീയ പങ്കാളിത്തത്തോടുകൂടി മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം കൂട്ടുകയെന്ന ലക്ഷ്യത്തോടെയാണ് ജനകീയ മത്സ്യകൃഷി പദ്ധതി 2019-20 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്നത്. അതിനായി 74.2 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്.

നിലവിലുള്ള ജലസ്രോതസ്സുകളെ പൂർണ്ണമായി പ്രയോജനപ്പെടുത്തിയും ഗുണമേന്മയുള്ള വിത്തുകൾ, ശാസ്ത്രീയ മത്സ്യകൃഷി രീതികൾ എന്നിവ അവലംബിച്ചും കൂടുതൽ പ്രദേശങ്ങളിലേക്ക് മത്സ്യകൃഷി വ്യാപിപ്പിച്ചും മത്സ്യകൃഷിയിലൂടെയുള്ള മത്സ്യോല്പാദനം ഇരട്ടിയായി വർദ്ധിപ്പിക്കുക എന്നതാണ് ലക്ഷ്യമിടുന്നത്. കാർപ്പ് മത്സ്യകൃഷിയിൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കൽ, കുട്ടനാട്, കോൾ പാടശേഖരങ്ങളിൽ ഒരു നെല്ലും ഒരു മീനും കൃഷി രീതി വഴി സുസ്ഥിര വികസനവും ഉല്പാദന വർദ്ധനവും ഉറപ്പുവരുത്തൽ, കായലുകളിൽ കരിമീൻ, കാളാഞ്ചി തുടങ്ങിയ ഓരു ജല മത്സ്യങ്ങളുടെ കേജ് ഫാമിംഗ് വ്യാപിപ്പിക്കൽ, ആസ്സാംവാള, നൈൽ തിലാപ്പിയ, വരാൽ, നാടൻമുഷി എന്നീ മത്സ്യങ്ങളുടെ കൃഷി ശുദ്ധജല കുളങ്ങളിൽ വ്യാപിപ്പിക്കൽ, പൂമീൻ, തിരുത, കരിമീൻ എന്നീ മത്സ്യങ്ങളുടെ കൃഷി ഓരു ജലകുളങ്ങളിൽ വ്യാപിപ്പിക്കൽ, റീസർക്കുലേറ്ററി അക്വാകൾച്ചർ രീതി വ്യാപിപ്പിക്കൽ (RAS) കക്ക, ചിപ്പി എന്നിവയുടെ കൃഷി നടപ്പാക്കൽ, റിസർവോയറുകളിലെ മത്സ്യഉല്പാദനം വർദ്ധിപ്പിക്കൽ, അലങ്കാര മത്സ്യങ്ങളുടെ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കൽ, മത്സ്യങ്ങൾക്കുണ്ടാകുന്ന രോഗനിവാരണത്തിനും നിയന്ത്രണത്തിനുമുള്ള പ്രവർത്തനങ്ങൾ എന്നിവയാണ് ഇതിലെ പ്രധാന ഘടകങ്ങൾ.

കർഷകർക്കുള്ള പരിശീലനം, വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ, മത്സ്യകർഷക അവാർഡ്, മത്സ്യരോഗ നിയന്ത്രണം മുതലായവ ചെയ്യുന്നതിനായി 1205.86 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇതിനുവേണ്ടിയുള്ള സഹായ സേവനങ്ങളായ മത്സ്യത്തീറ്റ ഫാക്ടറികൾ, ഡെമോൺസ്ട്രേഷൻ ഫാമുകൾ, അക്വാട്ടിക് അനിമൽ ഹെൽത്ത് സെന്ററുകൾ എന്നിവ സ്ഥാപിക്കുന്നതിനായി 7 കോടി രൂപ ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു. ഉൾനാടൻ മത്സ്യബന്ധനത്തിന്റെ വികസനത്തെ തടസ്സപ്പെടുത്തുന്ന ഘടകമാണ് സാങ്കേതിക പിന്തുണയുടെ കുറവും മേൽനോട്ടവും ഇവ പരിഹരിക്കുന്നതിനായി ആവശ്യമായ സാങ്കേതിക വിഭാഗം ജീവനക്കാരുടെ തസ്തികകൾ താൽക്കാലികമായി സൃഷ്ടിച്ച് ഉൾനാടൻ മത്സ്യമേഖലയിൽ 16 മത്സ്യഭവനുകൾ പ്രവർത്തനമാരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ ചുവടെ കാണുന്ന നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു :

1. കരിമീൻ പ്രജനനത്തിന് സഹായകരമാവുന്ന തരത്തിൽ കായലിൽ "സ്വാഭാവിക മത്സ്യ പ്രജനന കേന്ദ്രങ്ങൾ" മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ/ ഗ്രൂപ്പുകൾ മുഖേന സ്ഥാപിക്കുന്നതിന്.

2. വേമ്പനാട് കായലിന്റെ വിവിധ ഭാഗങ്ങളിൽ "കറുത്ത കക്ക സംരക്ഷിത പ്രദേശങ്ങൾ" കക്ക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സ്ഥാപി

ക്കുന്നതിന്.

3. അഷ്ടമുടി കായലിൽ "മഞ്ഞ കക്ക സംരക്ഷിത പ്രദേശങ്ങൾ" സ്ഥാപിക്കുന്നതിന്.

4. അനുയോജ്യമായ കായലിൻതീരത്ത് കണ്ടൽ ചെടികൾ സമീപവാസികളുടെ ഗ്രൂപ്പുകൾ മുഖേന നട്ടുപിടിപ്പിക്കുന്നതിന്.

5. പ്രജനന ദേശാടനത്തിൽ ഏർപ്പെടുന്ന പൊരുന്ന മത്സ്യങ്ങളെ (brood fishes) നശിപ്പിക്കുന്നതിനാൽ കായലിന്റെ അഴിമുഖത്ത് നിലവിലുള്ള ഊന്നിവലകൾക്ക് നഷ്ടപരിഹാരം നൽകി ഒഴിവാക്കുന്നതിന്.

6. വേലിയേറ്റ സമയത്ത് ഊന്നിവലയുടെയും ചീനിവലയുടെയും പ്രവർത്തനം കർശനമായി നിയന്ത്രിക്കുന്നതിന്.

7. ചെറിയ കണ്ണിയുള്ള ഒഴുക്കുവലകൾക്ക് പകരമായി വലിയ കണ്ണിയുള്ള വലകൾ ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് സൗജന്യമായി നൽകുന്നതിന്.

8. മത്സ്യസംരക്ഷണവുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് ആവശ്യമായ അവബോധം സൃഷ്ടിക്കുന്നതിന്.

9. മത്സ്യോല്പാദനവും മത്സ്യസമ്പത്തും വർദ്ധിപ്പിക്കുന്നതിനായി പൊതുജലാശയങ്ങളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന റാഞ്ചിംഗ് പദ്ധതി വ്യാപകമായി നടപ്പിലാക്കുന്നതിന്.

10. നിയമവിരുദ്ധ മത്സ്യബന്ധനം തടയുന്നതിനായി കായൽ പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന്.

11. മത്സ്യവിത്തിന്റെ വലിപ്പത്തിലും ഗുണമേന്മയിലും അളവിലും മികവ് വരുത്തുന്നതിന്.

12. തൃശ്ശൂർ ജില്ലയിലെ പീച്ചി, അഴീക്കോട്, എറണാകുളം ജില്ലയിലെ ഭൂതത്താൻകെട്ട്, കോട്ടയം ജില്ലയിലെ പള്ളം എന്നീ മത്സ്യവിത്തുൽപാദന കേന്ദ്രങ്ങളുടെ ഉല്പാദന ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്.

**ഗുണമേന്മയുള്ള മത്സ്യവിത്തും തീറ്റയും**

323 (4647) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൽസ്യകർഷകർക്ക് ഗുണമേന്മയുള്ള മത്സ്യവിത്തും തീറ്റയും നൽകാൻ ഈ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

ഗുണമേന്മയുള്ള നല്ലയിനം മത്സ്യവിത്തുകൾ മത്സ്യകർഷകർക്ക് ലഭ്യമാക്കുന്നതിനായി വകുപ്പിന് കീഴിലുള്ള ഫിഷ് സീഡ് ഫാമുകളിലും ഹാച്ചറികളിലും മത്സ്യവിത്തുകൾ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. മത്സ്യ/ചെമ്മീൻ വിത്തുകളുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകാവുന്ന മാരകമായ രോഗങ്ങൾക്ക് കാരണമാകുന്ന വൈറസുകളുടെ സാന്നിദ്ധ്യം ഉണ്ടോയെന്ന് അഡാക്കിന്റെ പി.സി.ആർ. ലാബുകളിൽ പരിശോധന നടത്തി ഗുണനിലവാരം ഉറപ്പുവരുത്തി ഫിഷറീസ് വകുപ്പ്/അഡാക്ക് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലാണ് വിത്തുകൾ കർഷകർക്ക് വിതരണം ചെയ്യുന്നത്. മത്സ്യവിത്ത് ഉല്പാദനത്തിന്റെ ഗുണമേന്മയും വിപണനവും സംഭരണവും നിയന്ത്രിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള മത്സ്യ വിത്ത് ആക്ടും ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതോ വിതരണം ചെയ്യപ്പെടുന്നതോ ആയ മത്സ്യവിത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ലക്ഷ്യമിട്ട് രൂപീകൃതമായിട്ടുള്ള സംസ്ഥാന മത്സ്യവിത്ത് കേന്ദ്രത്തിന്റെ ആസ്ഥാനം കൊല്ലത്ത് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ആസ്ഥാനമായി മൂന്ന് പ്രാദേശിക വിത്തുകേന്ദ്രങ്ങളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ, സംസ്ഥാന വിത്ത് കേന്ദ്രത്തിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി 7 പുതിയ തസ്തികകളും സർക്കാർ സൃഷ്ടിച്ചു കഴിഞ്ഞു.

ഗുണനിലവാരം ഉറപ്പാക്കിയതും, മത്സ്യയിനങ്ങൾക്ക് അനുസൃതവുമായ മത്സ്യത്തീറ്റകൾ അഡാക്ക് മുഖേന മിതമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നതിനായി മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഗുണനിലവാരമുള്ള മത്സ്യത്തീറ്റ കർഷകർക്ക് ലഭ്യമാക്കുന്നതിനായി കൊല്ലം ജില്ലയിലെ അഴീക്കലിലും കണ്ണൂർ ജില്ലയിലെ തലായിലും മത്സ്യത്തീറ്റ നിർമ്മാണശാല സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു.

### പന്നിവേലിച്ചിറയിൽ ഗിഫ്റ്റ് തിലാപ്പിയയുടെ ഉൽപ്പാദനം

324 (4648) <u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള മണ്ഡലത്തിലെ പന്നിവേലിച്ചിറയിൽ ഗിഫ്റ്റ് തിലാപ്പിയയുടെ

ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര മത്സ്യ കുഞ്ഞുങ്ങളുടെ ഉൽപ്പാദനം പന്നിവേലിച്ചിറയിൽ നടക്കുന്നുണ്ട്;

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യ കർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും പ്രോത്സാഹനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. ഗിഫ്റ്റ്തിലാപ്പിയ കുഞ്ഞുങ്ങളുടെ കൃത്രിമ പ്രജനന മാർഗ്ഗങ്ങളിലൂടെയുള്ള ഉല്പാദനം നിലവിൽ തുടങ്ങിയിട്ടില്ല. എന്നാൽ കൃത്രിമപ്രജനനം ആരംഭിച്ചിട്ടില്ലെങ്കിലും ആർ.ജി.സി.എ. (രാജീവ് ഗാന്ധി സെന്റർ ഫോർ അക്വാകൾച്ചർ) വിജയവാഡയിൽ നിന്നും വളരെ ചെറിയ ഗിഫ്റ്റ് തിലാപ്പിയ കുഞ്ഞുങ്ങളെ എടുത്ത് പരിപാലിച്ച് വളർത്തി കൃഷിക്കാവശ്യമായ വലിപ്പത്തി ലെത്തിച്ച് കർഷകർക്ക് നൽകുന്ന പ്രവർത്തനം നിർവ്വഹിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിൽ ഇതുവരെ 1,09,850 എണ്ണം ഗിഫ്റ്റ്തിലാപ്പിയ കുഞ്ഞുങ്ങളെ പരിപാലനം നടത്തി വലുതാക്കി കർഷകർക്ക് നൽകിയിട്ടുണ്ട്. ആറന്മുള മണ്ഡലത്തിലെ പന്നി വേലിച്ചിറയിൽ ഗിഫ്റ്റ് തിലാപ്പിയ കുഞ്ഞുങ്ങളുടെ ഉൽപ്പാദനത്തിനായുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യകർഷകർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളുടെയും പ്രോത്സാഹനങ്ങളുടെയും വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

**മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് നടപടി**

325 (4649) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പെരിങ്ങൽക്കുത്ത്, ഷോളയാർ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും ചാലക്കുടിപ്പുഴയിലും കരിമീൻ ഉൾപ്പെടെയുള്ള തദ്ദേശീയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഷോളയാർ, പെരിങ്ങൽക്കുത്ത് ഉൾപ്പെടെയുള്ള റിസർവോയറുകൾ കെ.എസ്.ഇ.ബി.-യുടെ നിയന്ത്രണത്തിലായതിനാൽ ഈ ജലാശയങ്ങളിൽ തദ്ദേശീയ മത്സ്യക്കുഞ്ഞ് നിക്ഷേപത്തിന് കെ.എസ്.ഇ.ബി.-യുടെ അനുമതി ലഭിച്ചാൽ മാത്രമേ പദ്ധതികൾ രൂപീകരിച്ച് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതികൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. സർക്കാരിന്റെ ആയിരം ദിനാഘോഷത്തിന്റെ ഭാഗമായി ചാലക്കുടിപ്പുഴയിലെ വാഴച്ചാലിൽ 5000 കരിമീൻ കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ ചാലക്കുടി മണ്ഡലത്തിലെ കുഴൂർ ഗ്രാമപഞ്ചായത്തിലെ പാറക്കടവ്, മേലൂർ ഗ്രാമപഞ്ചായത്തിലെ അലക്കപ്പായിക്കടവ് എന്നിവിടങ്ങളിലായി എട്ട് ലക്ഷത്തോളം കാർപ്പ് മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അന്തിപ്പച്ച പദ്ധതി

326 (4650) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടിയിൽ അന്തിപ്പച്ച പദ്ധതി അനുവദിക്കുന്നതിനും മത്സ്യ ഫെഡിന്റെ സ്റ്റാൾ അനുവദിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി അടിയന്തരനടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ചാലക്കുടി നഗരസഭയുമായി ചേർന്ന് മത്സ്യഫെഡിന്റെ ആധുനിക എയർകണ്ടീഷൻഡ് ഫിഷ്മാർട്ട് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന മണ്ണെണ്ണ സബ്സിഡി

327 (4651) ശ്രീ.പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് പ്രതിമാസം 29 ലിറ്റർ മണ്ണെണ്ണ ലിറ്ററിന് 15 രൂപ നിരക്കിൽ മുൻപ് നൽകിയിരുന്നോ;

(ബി) എങ്കിൽ അത് ഇപ്പോൾ സർക്കാർ 25 ലിറ്ററായി കുറയ്ക്കുകയും ലിറ്ററിന്റെ വില 44 രൂപയായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ടോ എന്നറിയിക്കുമോ;

(സി) പുറത്ത് ലിറ്ററിന് 69 രൂപയ്ക്ക് മണ്ണെണ്ണ ലഭിക്കുമ്പോൾ മത്സ്യഫെഡിന് ലിറ്ററിന് 72 രൂപ നൽകേണ്ട സാഹചര്യം നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സബ്സിഡി യഥാസമയം ലഭിക്കാത്തതും മണ്ണെണ്ണയുടെ അളവിലെ കുറവും വിലയിലെ വർദ്ധനവും മത്സ്യത്തൊഴിലാളികളെ കടക്കാരാക്കി മാറ്റുന്ന സാഹചര്യമുണ്ടോ; ഇല്ലെങ്കിൽ വിശദീകരണം നൽകുമോ?

<u>ഉത്തരം</u>

(എ&ബി) നൽകിയിട്ടില്ല

(സി) മത്സ്യഫെഡ് വഴി വിതരണം ചെയ്യുന്ന വെള്ള മണ്ണെണ്ണയുടെ വില പൊതുമേഖല എണ്ണ കമ്പനികൾ അതാതു സമയത്ത് അറിയിക്കുന്നതനുസരിച്ച് നിശ്ചയിക്കുന്നതാണ്. നിലവിലെ മണ്ണെണ്ണയുടെ വില ലിറ്ററിന് 68.25 രൂപയാണ്. (ജി.എസ്.ടി. ഉൾപ്പെടെ)

(ഡി) 2018-19 വർഷത്തെ സബ്സിഡി നൽകി കഴിഞ്ഞു. മത്സ്യഫെഡ് വഴി ഓരോ മാസവും സബ്സിഡിയോടെ (സബ്സിഡി ലിറ്ററിന് 25 രൂപ നിരക്കിൽ) എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് ഒരു എഞ്ചിന് 140 ലിറ്റർ മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണ നൽകുന്നുണ്ട്. അതോടൊപ്പം സബ്സിഡി ഇല്ലാത്ത മണ്ണെണ്ണ ഓരോ മാസവും 231 ലിറ്റർ മുതൽ 630 വരെ (എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച്) ലഭ്യമാക്കുന്നുണ്ട്.

**അനധികൃത മത്സ്യബന്ധന രീതികൾ**

328 (4652) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളതീരത്ത് മത്സ്യത്തൊഴിലാളികൾ അനധികൃത മത്സ്യബന്ധന രീതികൾ അവലംബിച്ചുവരുന്ന പ്രവണത വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അനധികൃത മത്സ്യബന്ധന മാർഗ്ഗങ്ങളായ പട്രോളിംഗ്, നൈറ്റ്ട്രോളിംഗ്, ലൈറ്റ്കെയ്പ്പ് തുടങ്ങിയ മാർഗ്ഗങ്ങൾ അവലംബിച്ച വരുന്നവർക്കെതിരായി കർശനനടപടികൾ എടുക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള തീരത്ത് മത്സ്യത്തൊഴിലാളികൾ അനധികൃത മത്സ്യബന്ധന രീതികൾ അവലംബിച്ചുവരുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR

Act-ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. പുതിയ KMFR ചട്ടം 4(1) പ്രകാരം പഴ്സ്സീൻ, പെലാജിക്ട്രോൾ, മിഡ്‌വാട്ടർ ട്രോൾ, ബുൾ ട്രോൾ/ലെയർ ട്രോൾ എന്നിവ നിരോധിച്ചിട്ടുണ്ട്. കൂടാതെ ചട്ടം 6(1) പ്രകാരം സ്ഫോടക വസ്തുക്കൾ, വിഷം, മറ്റ് രാസവസ്തുക്കൾ എന്നിവ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും ചട്ടം 6(2) പ്രകാരം മരച്ചില്ലകൾ കൂട്ടിക്കെട്ടിയോ, തെങ്ങിന്റെ ക്ലാഞ്ഞിൽ, പ്ലാസ്റ്റിക് ഉപയോഗ ശൂന്യമായ വലകൾ എന്നിവ കൂട്ടിക്കെട്ടിയുള്ള മത്സ്യബന്ധനവും നിരോധിച്ചിട്ടുണ്ട്. ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ട്. ജില്ലകളിൽ കടൽ പട്രോളിംഗ് ശക്തിപ്പെടുത്തിയും, മറൈൻ എൻഫോഴ്സ്മെന്റ് വിംഗിന്റെ നേതൃത്വത്തിൽ ഹാർബറുകൾ കേന്ദ്രീകരിച്ചും കടലിലും ശക്തമായ പരിശോധന നടത്തിയും KMFR Act ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു. KMFR Act-ൽ നിഷ്കർഷിച്ച പ്രകാരമുള്ള പിഴ ഈടാക്കുന്നുണ്ട്. ടി ആവശ്യത്തിനായി 9 മറൈൻ ജില്ലകളിലും പട്രോൾ ബോട്ടുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഓരോ പട്രോൾ ബോട്ടുകളിലും ആവശ്യത്തിന് സീ റെസ്ക്യൂ ഗാർഡുമാരെയും പ്രയോജനപ്പെടുത്തുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളികൾക്കായി നടത്തുന്ന ബോധവൽക്കരണ ക്യാമ്പിലൂടെ മേൽപ്പറഞ്ഞ രീതിയിലുള്ള അനധികൃത മത്സ്യബന്ധന രീതികളിൽനിന്നും മത്സ്യത്തൊഴിലാളികൾ വിട്ടുനിൽക്കണമെന്നുള്ള നിർദ്ദേശങ്ങളും നൽകിവരുന്നു.

## മത്സ്യകർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ജീവിതനിലവാരം മെച്ചപ്പെടുത്താൻ നടപടി

329 (4653) <u>ശ്രീ. അനൂപ് ജേക്കബ്:</u>
<u>ശ്രീ. അനിൽ അക്കര:</u>
<u>ശ്രീ. എ. പി. അനിൽ കുമാർ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യകർഷകരുടെയും മത്സ്യത്തൊഴിലാളികളുടെയും ആളോഹരി വരുമാനം ഉയർത്തിക്കൊണ്ടുവന്ന് അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുക എന്ന നയം പ്രാവർത്തികമാക്കുന്നതിന് ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി മൂല്യവർദ്ധനവ് വഴി മത്സ്യത്തിന് പരമാവധി വില ലഭ്യമാക്കുന്നതിന് കഴിയുന്നുണ്ടോ; ഇതിനായി എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(സി) മത്സ്യത്തൊഴിലാളി പിടിക്കുന്ന മത്സ്യത്തിന് വില നിശ്ചയിക്കുന്നതിനും സ്വതന്ത്രമായി വില്പനയിൽ ഏർപ്പെടുന്നതിനുമുള്ള അവകാശം അവർക്ക് ഉറപ്പാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികളുടെയും മത്സ്യകർഷകരുടെയും ആളോഹരി വരുമാനം വർദ്ധിപ്പിക്കുന്നതിനും ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വകുപ്പ് വഴി നേരിട്ടും ഏജൻസികൾ മുഖേനയും ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കിയും മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കും മത്സ്യഫെഡ് മുഖേന വായ്പ ലഭ്യമാക്കിയും ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും മോചിപ്പിച്ചും മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം ഉയർത്തിക്കൊണ്ടുവരുന്നതിന് വകുപ്പ് ലക്ഷ്യമിടുന്നു. പാർപ്പിട സമുച്ചയങ്ങൾ, സ്വന്തമായി മത്സ്യബന്ധനോപകരണങ്ങൾ, മത്സ്യകൃഷി, മത്സ്യബന്ധന മേഖലകളിലെ വർക്കിംഗ് ക്യാപിറ്റൽ ചെലവുകൾ നടത്തുന്നതിനായി കിസാൻ ക്രെഡിറ്റ് കാർഡ് സൗകര്യങ്ങൾ, മത്സ്യക്കച്ചവടക്കാർക്കായി ആധുനിക സ്ത്രീ സൗഹൃദ മാർക്കറ്റുകൾ, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ ത്തൊഴിലാളികൾക്കും ഇൻഷ്വറൻസ് സൗകര്യങ്ങൾ, വിദ്യാഭ്യാസാനുകൂല്യങ്ങൾ, ഉന്നത ഉദ്യോഗങ്ങൾ സമ്പാദിക്കുന്നതിനായി സൗജന്യ പരിശീലനങ്ങൾ, ആരോഗ്യ സംരക്ഷണത്തിനായി മെഡിക്കൽ ക്യാമ്പുകൾ, ഡിസ്പെൻസറി സൗകര്യങ്ങൾ എന്നിവ നൽകി വരുന്നു. കൂടാതെ ജനകീയ മത്സ്യകൃഷി പദ്ധതിയിലൂടെ തരിശുകിടന്ന പ്രദേശങ്ങൾ എല്ലാംതന്നെ മത്സ്യകൃഷിക്ക് ഉപയുക്തമാക്കി. ചെറുകിട മത്സ്യ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതുവഴി സ്ത്രീകൾക്കുൾപ്പെടെ തൊഴിലും വരുമാനവും ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2014-15 വർഷം മത്സ്യത്തൊഴിലാളികളുടെ ആളോഹരി വരുമാനം 69,183 രൂപ ആയിരുന്നത് 2017-18 വർഷം 1,07,419 രൂപയായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മത്സ്യകൃഷിയിലൂടെ മത്സ്യോത്പാദനം ഇരട്ടിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതുവഴി മത്സ്യകർഷകരുടെ വരുമാനവും ഇരട്ടിയായി വർദ്ധിക്കും

(ബി) സാഫ് വഴി തീരമൈത്രി ബ്രാന്റിൽ ഗുണനിലവാരമുള്ള ഉണക്ക മത്സ്യം കേരളത്തിലെമ്പാടും വിപണിയിൽ ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 145 തീരമൈത്രി ഡ്രൈഫിഷ് ഗ്രൂപ്പിലെ അംഗങ്ങൾ ഹാർബറുകളിൽനിന്നും ലാന്റിംഗ് സെന്ററുകളിൽനിന്നും നേരിട്ട് ശേഖരിക്കുന്ന പച്ചമത്സ്യം സാഫിന്റെ മേൽനോട്ടത്തിൽ ഗുണനിലവാരവും ശുചിത്വവും ഉറപ്പാക്കി ഡ്രൈയറിൽ (solar and

electric driers) ഉണക്കി ആകർഷകമായി പാക്കറ്റുകളിലാക്കി കേരളത്തിൽ വിൽപ്പന നടത്തിവരുന്നു. തങ്ങളുടെ മത്സ്യം/മത്സ്യോല്പന്നത്തിന് മികച്ച വില ഉറപ്പുവരുത്തുന്നതിന് മത്സ്യത്തൊഴിലാളി വനിതകൾക്ക് സാധിക്കുന്നതോടൊപ്പം ഗുണനിലവാരമുള്ളതും മൂല്യവർദ്ധിതവുമായ മത്സ്യം ഉപഭോക്താക്കൾക്ക് ലഭ്യമാകുന്നതിനും ഇതുവഴി സാധിക്കും.

കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി സർട്ടിഫിക്കറ്റോടെ മത്സ്യോല്പന്നങ്ങൾ വിപണിയിൽ എത്തിക്കുന്നു. അഷ്ടമുടി എന്ന പേരിൽ തെള്ളി ചെമ്മീനും നീണ്ടകര എന്ന പേരിൽ കരിക്കാടി ചെമ്മീനും മലബാർ എന്ന പേരിൽ നെത്തോലിയും കൂടാതെ വിവിധ തരത്തിലുള്ള മീൻ അച്ചാറുകളും ചമ്മന്തിപ്പൊടിയും വിപണിയിൽ ലഭ്യമാണ്. കൊല്ലം ശക്തികുളങ്ങരയിൽ നളപാകം എന്ന പേരിലുള്ള കോമൺ പ്രോസസ്സിംഗ് പ്ലാന്റ് പ്രവർത്തിച്ചുവരുന്നു. പ്രസ്തുത പ്ലാന്റിൽ നിന്നും ഡ്രിഷ് കേരള എന്ന പേരിൽ ഗുണനിലവാരം ഉറപ്പാക്കിക്കൊണ്ട് ഉണക്കമത്സ്യവും ഫിഷ് മെയ്ഡ് എന്ന പേരിൽ മൂല്യവർദ്ധിത മത്സ്യവിഭവങ്ങളും ഉൽപ്പാദിപ്പിച്ചുവരുന്നു. മത്സ്യത്തൊഴിലാളികളിൽ നിന്നും നേരിട്ട് സംഭരിക്കുന്ന മത്സ്യം ഒട്ടും മൂല്യശോഷണം സംഭവിക്കാതെ പ്ലാന്റിൽ എത്തിച്ച് പ്രത്യേക പരിശീലനം ലഭിച്ച മത്സ്യത്തൊഴിലാളി വനിതകൾ വഴി പ്രീപ്രോസസ്സിംഗ് നടത്തിയാണ് ഉല്പന്നങ്ങൾ നിർമ്മിച്ചുവരുന്നത്.

'തീരത്തിൽ നിന്നും മാർക്കറ്റിലേക്ക്' എന്ന പദ്ധതിയിൽ അന്നന്നുള്ള മത്സ്യം ഗുണമേന്മ ഒട്ടും നഷ്ടപ്പെടാതെ 'അന്തിപ്പച്ച മൊബൈൽ ഫിഷ് മാർട്ട്' വഴി മത്സ്യഫെഡ് വിപണനം ചെയ്തുവരുന്നു. മത്സ്യത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ അച്ചാർ, ചെമ്മീൻ അച്ചാർ, കട്‌ലറ്റ് എന്നിവ മത്സ്യഫെഡിന്റെ 35 ഫിഷ് മാർട്ട് വഴി വിപണനം ചെയ്യുന്നു.

(സി) മത്സ്യലേലവും വിപണനവും നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പാക്കിയ മത്സ്യവിൽപ്പന ഉറപ്പുവരുത്തുന്നതിനും നിയമനിർമ്മാണം പരിഗണനയിലാണ്.

**മത്സ്യത്തൊളിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

330 (4654) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാരലൽ കോളേജ്, വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്ന മറ്റ് കോളേജുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിഷേധിക്കുന്നതായുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതു പരിഹരിക്കുന്നതിനും പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുമോ;

(സി) സ്വാശ്രയ ആർട്സ് & സയൻസ് കോളേജിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ അനുവദിക്കുവാൻ ഫിഷറീസ് വകുപ്പിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ;വിശദമാക്കാമോ;

(ഡി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് കേന്ദ്രസംസ്ഥാന സർക്കാറുകൾ നൽകിവരുന്നതെന്ന് വിശദമാക്കാമോ; എസ്.സി., എസ്.ടി.വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പാരലൽ കോളേജ്, വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചിരിക്കുന്ന മറ്റു കോളേജുകൾ എന്നിവിടങ്ങളിൽ പഠിക്കുന്ന രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് അർഹമായ വിദ്യാഭ്യാസാനുകൂല്യം നിഷേധിക്കുന്നതിനായുള്ള പരാതികൾ ലഭിച്ചിട്ടില്ല.

(സി) 9-6-2014-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ.471/14/മ.തു.വ. അനുസരിച്ച് സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽ ഡിഗ്രി കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നില്ല. എന്നാൽ അൺ എയ്ഡഡ് കോളേജുകളിലെ പ്രൊഫഷണൽ കോഴ്സുകളിൽ മെറിറ്റടിസ്ഥാനത്തിൽ പ്രവേശനം നേടുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകിവരുന്നുണ്ട്.

(ഡി) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് കേന്ദ്ര സർക്കാർ നിലവിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ ഒന്നുംതന്നെ അനുവദിക്കുന്നില്ല. നിലവിൽ രജിസ്റ്റേർഡ്

മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങളായി ലംപ്സം ഗ്രാന്റ്, പ്രതിമാസ സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീസ്, പോക്കറ്റ് മണി, മെസ്സ് ഫീസ്, ഹോസ്റ്റൽ ഫീസ്, പരീക്ഷ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയാണ് സംസ്ഥാന സർക്കാർ നൽകിവരുന്നത്. പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പിന്റെ അതേ മാനദണ്ഡത്തിലും നിരക്കിലുമാണ് ഫിഷറീസ് വകുപ്പും നിലവിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ചുവരുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് വിദ്യാഭ്യാസാനുകൂല്യങ്ങളുടെ തുക വർദ്ധിപ്പിക്കുന്നതനുസരിച്ച് മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ആനുകൂല്യത്തിന്റെ നിരക്ക് വർദ്ധിപ്പിക്കുന്നതാണ്.

## തുറമുഖ വികസനം

331 (4655) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുറമുഖങ്ങളുടെ വികസനത്തിനായി എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി 2016 മുതൽ 2019 വരെയുള്ള കാലയളവിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി 277.53 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ചെറുവത്തൂർ മത്സ്യബന്ധന തുറമുഖത്തിന്റെ വികസനത്തിനായി ചെലവഴിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു :

| വർഷം | അനുവദിച്ച തുക (രൂപ) |
|---|---|
| 2016-17 | 50 ലക്ഷം |
| 2017-18 | 496 ലക്ഷം |
| 2018-19 | 332.50 ലക്ഷം |
| ആകെ | 878.50 ലക്ഷം |

## മത്സ്യബന്ധന തുറമുഖങ്ങളുടെ വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

332 (4656) ശ്രീ. കെ. ആൻസലൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ മത്സ്യ ബന്ധന ഹാർബറുകളുടെയും തുറമുഖങ്ങളുടെയും വികസനത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഈ കാലയളവിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച മത്സ്യബന്ധന തുറമുഖങ്ങൾ ഏതെല്ലാമാണ്;

(സി) ഏതെല്ലാം മത്സ്യബന്ധന തുറമുഖങ്ങളുടെ പ്രവൃത്തികളാണ് നിലവിൽ നടന്നുവരുന്നത്;

(ഡി) ഇത്തരം പ്രവർത്തനങ്ങൾക്കായി എത്ര തുകയാണ് നീക്കി വച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതി, RKVY, NABARD RIDF, NFDB, KIFB, സ്റ്റേറ്റ് സ്കീമുകൾ എന്നിവ വഴിയാണ് മത്സ്യബന്ധന ഹാർബറുകളുടെ നിർമ്മാണവും വികസനവും നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത സ്കീമുകളിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

ഈ കാലയളവിൽ പണി പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. തലായ് മത്സ്യബന്ധന തുറമുഖം (3479.50 ലക്ഷം രൂപ) നിർമ്മാണം പൂർത്തീകരിച്ച് 18-5-2018-ൽ കമ്മീഷൻ ചെയ്തു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. ചേറ്റുവ മത്സ്യബന്ധന തുറമുഖ നിർമ്മാണം (3024 ലക്ഷം രൂപ പൂർത്തീകരിച്ച് 25-2-2019-ൽ കമ്മീഷൻ ചെയ്തു.

(സി) നിലവിൽ നടന്നുവരുന്ന മത്സ്യബന്ധന തുറമുഖ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. മഞ്ചേശ്വരം മത്സ്യബന്ധന തുറമുഖം (4880 ലക്ഷം രൂപ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് (98%).
2. കൊയിലാണ്ടി മത്സ്യബന്ധന തുറമുഖം (6399.00 ലക്ഷം രൂപ) പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ് (94%).
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖം (3950.20 ലക്ഷം രൂപ) പ്രവൃത്തി പുരോഗമിക്കുന്നു(90%).
4. താനൂർ മത്സ്യബന്ധന തുറമുഖം (4487.00 ലക്ഷം രൂപ) പ്രവൃത്തി (86%)പുരോഗമിക്കുന്നു.
5. അർത്തുങ്കൽ മത്സ്യബന്ധന തുറമുഖം (4939.00 ലക്ഷം രൂപ) പ്രവൃത്തി 30%പൂർത്തീകരിച്ചു. കേന്ദ്രത്തിൽ നിന്നും റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകാരം ലഭ്യമാകാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. 2019-20 വർഷത്തെ NABARD Special Package-ൽ പെടുത്തിയിട്ടുണ്ട്.

(ഡി) വിവിധ ശീർഷകത്തിലായി ഇത്തരം പ്രവർത്തനങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം നീക്കിവച്ചിരിക്കുന്ന തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| ശീർഷകം | അനുവദിച്ച തുക ലക്ഷത്തിൽ |
|---|---|
| 4405-00-104-36- Development of Marine Fisheries Infrastructure & Post Harvest Operations. | 1650.00 |
| 4405-00-104-54- നബാർഡ് സഹായത്തോടെയുള്ള ഗ്രാമീണ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം | 2800.00 |
| 4405-00-104-37- മത്സ്യബന്ധന തുറമുഖങ്ങളുടെ അറ്റകുറ്റപ്പണികളും മണ്ണ് നീക്കലും | 1000.00 |
| 4405-00-104-34- തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖ നിർമ്മാണം എക്കൽ മണ്ണടിയൽ പ്രശ്നങ്ങൾ | 500.00 |

| | |
|---|---|
| പരിഹരിക്കൽ പ്രവൃത്തി | |
| ആകെ | 5950.00 ലക്ഷം രൂപ |

**മാവേലിക്കരയിലെ ഹാർബർ എഞ്ചിനീയറിംഗ് പദ്ധതികൾ**

333 (4657) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാവേലിക്കര നിയോജകമണ്ഡലത്തിൽ തീരദേശറോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 392.11 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന 8 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ഇതിൽ 6 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2 റോഡ് പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.

പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

പൂർത്തീകരിക്കാത്ത പദ്ധതികൾ അടിയന്തരമായി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**നിരന്തരമായുണ്ടാകുന്ന കടലാക്രമണം**

334 (4658) ശ്രീ .ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിൽ നിരന്തരമായ കടലാക്രമണത്തിന്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിധേയമാകുന്നതും മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്നതുമായ എറിയാട്, എടവിലങ്ങ് ഗ്രാമപഞ്ചായത്തുകളിലെ തീരപ്രദേശത്തെ 50 മീറ്റർ ദൂരപരിധിയിലുള്ള എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) എറിയാട്, എടവിലങ്ങ് തീരത്ത് നിരന്തരമായുണ്ടാകുന്ന കടലാക്രമണ ത്തെക്കുറിച്ച് ശാസ്ത്രീയപഠനം നടത്തുവാൻ സർക്കാർ തയ്യാറാകുമോ; കടലാക്രമണ ത്തിന് വിധേയരാവുന്ന മത്സ്യത്തൊഴിലാളികൾക്കും തീരദേശ വാസികൾക്കും എന്തെല്ലാം സഹായങ്ങൾ ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കയ്പമംഗലം നിയോജകമണ്ഡലത്തിലെ എറിയാട്, എടവിലങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകളിലെ 15 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്.

1. കടലാക്രമണത്തിൽ സ്ഥലവും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി നടപ്പാക്കിയ പ്രത്യേക പാക്കേജ് 'അഭയം' (2016-17) പ്രകാരം 2 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.
2. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ ത്തിനായി ബി.ഐ.എഫ്. & എച്ച്.ഡി.എഫ്. (2017-18)-ൽ ഉൾപ്പെട്ട ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി 9 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായം 10 ലക്ഷം രൂപ നിരക്കിൽ നൽകിയിട്ടുണ്ട്. ഇതിൽ ഓഖിയിൽ വീട് നഷ്ടപ്പെട്ട നാലുപേരും ഉൾപ്പെടുന്നു.
3. തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരും 200 മീറ്ററിന് വെളിയിൽ സ്ഥലമുള്ളവരുമായ 4 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 4 ലക്ഷം രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(ബി) എറിയാട്, എടവിലങ്ങ് തീരത്ത് നിരന്തമായുണ്ടാകുന്ന കടലാക്രമണത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്താൻ നിലവിൽ തീരുമാനമെടുത്തിട്ടില്ല.

സംസ്ഥാനത്ത് തീരപ്രദേശത്തെ 50 മീറ്ററിനുള്ളിൽ താമസിക്കുന്നതും കടലാക്രമണ ഭീഷണി നേരിടുന്നതുമായ മുഴുവൻ (18850) മത്സ്യത്തൊഴിലാളി കുടുംബങ്ങളേയും സുരക്ഷിത മേഖലയിലേക്ക് മാറ്റിപാർപ്പിക്കുന്നതിന് റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി സി.എം.ഡി.ആർ.എഫ്- ൽ നിന്നും 1398 കോടി രൂപ അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

## കശുവണ്ടി മേഖലയിലെ നോഡൽ ഓഫീസറുടെ ചുമതല

335 (4659) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയിലെ കമ്പനികളുടെ നാശനഷ്ടങ്ങൾ പരിഹരിക്കുവാനും ആവശ്യമായ സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയുടെ നടത്തിപ്പിനുമായി സർക്കാർ തലത്തിൽ ഒരു നോഡൽ ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത നോഡൽ ഓഫീസറുടെ പേരും ഔദ്യോഗിക മേൽ വിലാസവും ഫോൺ നമ്പറും അദ്ദേഹത്തിന്റെ ചുമതലകളും വിശദമാക്കാമോ;

(സി) നോഡൽ ഓഫീസറെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) ഇല്ല. എന്നാൽ കടക്കെണിമൂലം പ്രവർത്തനം നിലച്ച സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിന്റെ ഭാഗമായുള്ള പുനരുദ്ധാരണ പ്രൊപ്പോസൽ വിലയിരുത്തി ശിപാർശ സമർപ്പിക്കുന്നതിന് എസ്.എൽ.ബി.സി. ബന്ധപ്പെട്ട ബാങ്ക്, സർക്കാർ പ്രതിനിധി എന്നിവർ അംഗങ്ങളായുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

## തോട്ടണ്ടിയുടെ തറവില ഉയർത്താൻ നടപടി

336 (4660) <u>ശ്രീ. കെ. സി. ജോസഫ്:</u>

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ:</u>

ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നതിന് പ്രൈസ് ഫിക്സിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്മിറ്റി ഈ സീസണിൽ തോട്ടണ്ടിയുടെ തറവില നിശ്ചയിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ സീസണെക്കാൾ കുറഞ്ഞ നിരക്കിൽ തോട്ടണ്ടി വില ഫിക്സ് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) തോട്ടണ്ടിയുടെ തറവില കുറഞ്ഞ നിരക്കിൽ നിശ്ചയിക്കുന്നത് കശുമാവ് കൃഷിക്കാരെ നിരുത്സാഹപ്പെടുത്തുവാൻ സാധ്യതയുണ്ടോ;

(ഡി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായത്തിനും കശുമാവ് കൃഷിക്കാർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ന്യായവില ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പ്രൈസ് ഫിക്സിംഗ് കമ്മിറ്റി തീരുമാനിച്ച നിരക്കിനേക്കാൾ കൂടിയ നിരക്കിൽ കാപ്പെക്സ് വ്യവസായികളിൽ നിന്നും തോട്ടണ്ടി വാങ്ങിച്ചിട്ടുണ്ടോ; എത്ര ടൺ തോട്ടണ്ടിയാണ് ഇപ്രകാരം വാങ്ങിയതെന്നും ഇതുമൂലം കാപ്പെക്സിന് നഷ്ടം ഉണ്ടായിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ തോട്ടണ്ടിയുടെ വില നിർണ്ണയിക്കുന്നതിന് കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായ വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി ഈ സീസണിൽ രണ്ട്പ്രാവശ്യം വില നിശ്ചയിച്ചിട്ടുണ്ട്. ഈ സീസൺ തുടക്കം മുതൽ മേയ് 5 വരെ ലഭ്യമായ തോട്ടണ്ടിക്ക് 123 രൂപയും മേയ് 6 മുതൽ ലഭ്യമായ തോട്ടണ്ടിക്ക് 110 രൂപയും വില നിശ്ചയിച്ചു.

(ബി) ഉണ്ട്. കഴിഞ്ഞ സീസണിൽ വില നിശ്ചയിച്ചിരുന്നത് 138 രൂപയായിരുന്നു. അന്താരാഷ്ട്ര വിപണിയിൽ തോട്ടണ്ടിയുടെയും, കശുവണ്ടി പരിപ്പിന്റെയും വില കുറഞ്ഞതനുസരിച്ച് ഈ വർഷം കുറഞ്ഞ വിലയാണ് പ്രൈസ് ഫിക്സിംഗ് കമ്മിറ്റി തീരുമാനിച്ചത്.

(സി) സാധ്യതയില്ല. എല്ലാ സീസണിലും കശുവണ്ടിക്ക് വില വ്യത്യാസം

വരുന്നത് സ്വാഭാവികമാണ്.

നിത്യേന വ്യതിയാനം സംഭവിക്കുന്ന കശുവണ്ടി പരിപ്പിന്റെയും തോട്ടണ്ടിയുടെയും മാർക്കറ്റനുസരിച്ചേ വില നിർണ്ണയം സാധ്യമാകൂ.

(ഡി) കശുവണ്ടിയുടെ വിലനിർണ്ണയ സമിതിയാണ് ഇക്കാര്യങ്ങൾ ഉറപ്പാക്കേണ്ടത്.

കശുവണ്ടി വ്യവസായത്തിനും, കശുമാവ് കർഷകർക്കും ഒരു പോലെ പ്രയോജനപ്പെടുന്ന രീതിയിലാണ് വിലനിർണ്ണയം നടത്തുന്നത്. കശുമാവ് കൃഷി കേരളത്തിൽ സീസണലായതിനാൽ കശുമാവ് കർഷകർക്ക് കൂടുതൽ പരിഗണന നടത്തിയാണ് വില നിർണ്ണയിക്കുന്നത്.

(ഇ) പരിശോധിച്ചുവരികയാണ്.

**വർക്കല മണ്ഡലത്തിലെ കശുവണ്ടി ഫാക്ടറികൾ**

337 (4661) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പ്രവർത്തനാനുമതി നൽകിയിട്ടുള്ളവ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(സി) ആയവ പൊതുമേഖല സ്വകാര്യമേഖല എന്ന് തരംതിരിച്ച് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 44 കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) 44 ഫാക്ടറികൾക്കും പ്രവർത്തനാനുമതി ലഭിച്ചതാണ്.

(സി) ഒരു പൊതുമേഖലാ സ്ഥാപനവും 43 സ്വകാര്യ മേഖലാ സ്ഥാപനങ്ങളുമാണുള്ളത്.

**കശുവണ്ടി തൊഴിലാളി ക്ഷേമനിധി അംഗങ്ങൾക്ക് പെൻഷൻ**

338 (4662) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും

വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡിന്റെ ക്ഷേമനിധി പദ്ധതിയുടെ ഭാഗമായി അംഗങ്ങൾക്ക് പെൻഷൻ നൽകി വരുന്നുണ്ടോ എന്നറിയിക്കുമോ;

(ബി) 2018-2019 സാമ്പത്തിക വർഷം വരെയുള്ള പെൻഷൻ കൊടുത്തു തീർത്തിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) 2018-2019 വർഷം ആകെ എത്ര തുകയാണ് പെൻഷൻ വിതരണത്തിനായി ചെലവാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ക്ഷേമനിധി പദ്ധതി നിലവിൽ വരുന്നതിനുമുമ്പ് പിരിഞ്ഞവർക്കും ക്ഷേമനിധി അംഗങ്ങളായി പിരിഞ്ഞവർക്കും ഈ ബോർഡിൽ നിന്നും പെൻഷൻ നൽകിവരുന്നുണ്ട്.

(ബി) 2018-2019 സാമ്പത്തിക വർഷം വരെയുള്ള പെൻഷൻ 4/2019-ന് വിതരണം ചെയ്തിട്ടുണ്ട്.

(സി) 2018-2019 സാമ്പത്തിക വർഷം 65169 പേർക്ക് പെൻഷൻ വിതരണത്തിനായി 86,54,13,257 രൂപ ചെലവാക്കിയിട്ടുണ്ട്.

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

339 (4663) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഷ്യൂ ബോർഡ് നടത്തുന്ന തോട്ടണ്ടി ഇടപാടിന് നിലവിലുണ്ടായിരുന്ന വ്യവസ്ഥകളിൽ എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) തോട്ടണ്ടി ഇറക്കുമതി മേഖലയിൽ വ്യാപകമായുണ്ടായിരുന്ന

ക്രമക്കേടുകൾ തടയുന്നതിനായി കൊണ്ടുവന്ന കാഷ്യൂ ബോർഡിന്റെ പ്രവർത്തനം തൃപ്തികരമാണോ; വിലയിരുത്തുമോ?

<u>ഉത്തരം</u>

(എ) കശുവണ്ടി വ്യവസായ മേഖലയിൽ പൊതുവേ നിലനിൽക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായ വ്യവസ്ഥകളാണ് കേരള കാഷ്യൂ ബോർഡിന്റെ തോട്ടണ്ടി ഇറക്കുമതിക്ക് സർക്കാർ നിഷ്കർഷിച്ചിട്ടുള്ളത്. ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള പ്രായോഗിക ബുദ്ധിമുട്ടുകൾ പരിഗണിച്ച് ഇ-ടെണ്ടർ ഒഴിവാക്കി ആഗോളതലത്തിലുള്ള സീൽഡ് ടെണ്ടർ സംവിധാനം സ്വീകരിക്കാൻ കാഷ്യൂ ബോർഡിന് ആദ്യഘട്ടത്തിൽ അനുമതി നൽകിയിരുന്നു. ഇപ്പോൾ ഇ-ടെണ്ടർ വഴി തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

(ബി) തൃപ്തികരമാണ്. കശുവണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും തുടർച്ചയായി തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കി വരുന്നു. ഏകദേശം 17000 ടൺ തോട്ടണ്ടി ഇതിനകം ഇപ്രകാരം ലഭ്യമാക്കിയിട്ടുണ്ട്. അസംസ്കൃത കശുവണ്ടിയുടെ ലഭ്യതയും ന്യായവിലയും ഉറപ്പാക്കാൻ കാഷ്യൂ ബോർഡിന്റെ പ്രവർത്തനത്തിലൂടെ സാധിച്ചിട്ടുണ്ട്.

**ആറളം ഫാമിലെ കശുവണ്ടി ഉല്പാദനം**

340 (4664) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷം ആറളം ഫാമിൽ എത്ര ടൺ കശുവണ്ടി ഉല്പാദിപ്പിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ വർഷം നാളിതുവരെ എത്ര ടൺ ആയിരുന്നു ഉല്പാദനമെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫാമിൽ ഇരുപത്തി രണ്ട് ടൺ കശുവണ്ടി കെട്ടിക്കിടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയം പരിശോധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ആറളം ഫാമിൽ നിന്നും ലഭ്യമായ കണക്കുപ്രകാരം കഴിഞ്ഞ സാമ്പത്തിക വർഷം (2018-19) ആറളം ഫാമിൽ 217.374 ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചു.

(ബി) 2019 കലണ്ടർ വർഷത്തിൽ നാളിതുവരെ 144.594 ടൺ കശുവണ്ടി ഉൽപ്പാദിപ്പിച്ചു.

(സി) കശുവണ്ടി 20 ടൺ ആകുന്ന മുറയ്ക്കാണ് കാപ്പെക്സ് കൊണ്ടുപോയിക്കൊണ്ടിരുന്നത്. കശുവണ്ടി ശേഖരണ കാലം അവസാനമായപ്പോൾ 20 ടണ്ണാക്കുന്നതിന് കാലതാമസം നേരിട്ടു. തന്മൂലം 20 ടണ്ണാകുന്നതുവരെ കശുവണ്ടി ഫാമിൽ സൂക്ഷിച്ച് 22 ടണ്ണായപ്പോൾ കാപ്പെക്സിന് കൈമാറി.

(നക്ഷത്രചിഹ്നമിടാത്ത 4448-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 A.M.]

## II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 914-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 28-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത 914-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പതിനാലാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിലെ 28-4-2017-ലെ നക്ഷത്രചിഹ്നമിടാത്ത 914-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്തുവയ്ക്കുന്നു*.

## III അടിയന്തരപ്രമേയം

### റീബിൽഡ് കേരള പദ്ധതി

മി. സ്പീക്കർ: ഒരു കാര്യം ഓർമ്മിപ്പിക്കുകയാണ്. ഇന്ന് അഞ്ച് മന്ത്രിമാരുടെ വകുപ്പുകളുമായി ബന്ധപ്പെട്ട ചർച്ചയ്ക്കുശേഷം മന്ത്രിമാരുടെ മറുപടിയുണ്ടാകും. അതുകൊണ്ട് സമയബന്ധിതമായി കാര്യങ്ങൾ തീർക്കാൻ എല്ലാ അംഗങ്ങളും സഹകരിക്കണം. സബ്മിഷനും ശ്രദ്ധ ക്ഷണിക്കലും സമയബന്ധിതമായി തീർത്ത് സഹകരിച്ചാൽ സഭ നേരത്തെ പിരിയാം.

2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയത്തിനുശേഷം സർക്കാർ രൂപീകരിച്ച റീബിൽഡ് കേരള പദ്ധതി പരാജയപ്പെട്ടതായും പ്രളയബാധിതർക്ക് ആശ്വാസമെത്തിക്കാൻ കഴിയാത്തതായും പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, അനൂപ് ജേക്കബ്, ഡോ. എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ നൂറ്റാണ്ട് കണ്ട ഏറ്റവും വലിയ പ്രളയക്കെടുതിക്കാണ് നമ്മുടെ സംസ്ഥാനത്തിന് സാക്ഷ്യം വഹിക്കേണ്ടിവന്നത്. ജനതയുടെ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ ഈ ദുരന്തത്തെ മറികടക്കുന്നതിന് സാദ്ധ്യമായി. പ്രളയ ദുരന്തമുണ്ടായപ്പോൾ തന്നെ ഇതിനെ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്

മറികടക്കുന്നതിന് വ്യത്യസ്ത തലങ്ങളിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കേണ്ടിവരുമെന്ന കാര്യം വ്യക്തമാക്കിയിരുന്നു. ആദ്യഘട്ടത്തിൽ രക്ഷാ പ്രവർത്തനത്തിന് ഊന്നൽ നൽകിയതോടൊപ്പംതന്നെ പുനരധിവാസ പ്രവർത്തനങ്ങൾക്കുള്ള നടപടികളും സ്വീകരിച്ചു. പുനർനിർമ്മാണത്തിന്റേതായ അടുത്തഘട്ടമെന്നത് ഒരു ദീർഘകാല പ്രക്രിയയായിരിക്കുമെന്നും കേരളത്തിന്റെ പാരിസ്ഥിതികമായ പ്രത്യേകതകൾ കണക്കിലെടുത്തുകൊണ്ട് പുനർനിർമ്മാണം നടപ്പിലാക്കുമെന്നും അതിന് ലോകത്തെമ്പാടുമുള്ള അനുഭവങ്ങളെ സ്വാംശീകരിച്ചു കൊണ്ട് മുന്നോട്ടുപോകുമെന്നും വ്യക്തമാക്കിയിരുന്നു. പ്രളയത്തിൽ സംസ്ഥാന ത്തിന് 31,000 കോടിയോളം രൂപയുടെ നഷ്ടമാണുണ്ടായത്. പാരിസ്ഥിതികാഘാതംകൂടി കണക്കിലെടുത്താൽ നഷ്ടം ഇതിലേറെ കൂടുകയും തലമുറകളോളം നീണ്ടുനിൽക്കുകയും ചെയ്യുമെന്നാണ് വിലയിരുത്തിയിരുന്നത്. ഇത് കാണിക്കുന്നത് പ്രളയശേഷം പുനർനിർമ്മാണ പ്രവർത്തനമെന്നത് ദീർഘകാല പ്രക്രിയകൂടിയാണെന്നതാണ്. അതുകൊണ്ടുതന്നെ മൂന്ന് തലത്തിലുള്ള ഇടപെട ലിലൂടെ മാത്രമേ ഈ ദുരന്തത്തെ മറികടക്കാനാകൂ. ഈ ദുരന്തത്തെ മറികടക്കുന്ന ശാസ്ത്രീയമായ പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ ചുരുങ്ങിയത് മൂന്ന് വർഷമെങ്കിലും ആവശ്യമായി വരും.

മൂന്ന് ഘട്ടങ്ങളിലായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടക്കുന്നതുകൊണ്ടു തന്നെ തുകയുടെ വിന്യാസവും അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ചെലവഴിക്കാൻ സാധിക്കുകയുള്ളൂ. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലെ നീക്കിയിരിപ്പ് വെറും സഹായവിതരണം എന്നതിലപ്പുറം പ്രളയ-പ്രകൃതിദുരന്താഘാതശേഷിയുള്ള പശ്ചാത്തലസൗകര്യങ്ങളൊരുക്കാൻ എങ്ങനെ വിനിയോഗിക്കാമെന്ന് ക്രിയാത്മകമായി ചിന്തിച്ചിട്ടുള്ള ഒരു സർക്കാരാണിത്. പ്രളയത്തിനുശേഷം അടിയന്തര സഹായമായ 10,000 രൂപ ഇതിനകം 6.9 ലക്ഷം കുടുംബങ്ങൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ പൂർണ്ണമായി തകർന്ന 15324 വീടുകളിൽ ഇന്നുവരെ 5422 എണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായി. സ്വന്തമായി വീട് നിർമ്മിക്കാൻ സന്നദ്ധരായ 10426 പേരിൽ 9967 പേർക്ക് സഹായം നൽകിക്കഴിഞ്ഞു. വീട് പൂർത്തിയാകുന്ന മുറയ്ക്ക് ഗഡുക്കളായാണ് സഹായം നൽകുന്നത്. പൂർണ്ണമായി തകർന്നുവെന്ന് കരുതുന്നവയിൽ അപ്പീലുകളായി ലഭിച്ച 34768 എണ്ണത്തിൽ 34275 എണ്ണവും തീർപ്പാക്കിക്കഴിഞ്ഞു. ഭാഗികമായി തകർന്നതായി ലഭിച്ച 254260 അപ്പീലുകളിൽ 240738 കേസുകളും തീർപ്പാക്കി. അപ്പീലായി ലഭിച്ച 102479 കേസ്സുകളിൽ 101878 കേസ്സുകളും തീർപ്പാക്കിക്കഴിഞ്ഞു. 31-1-2019 വരെ ലഭിച്ച അപ്പീലുകൾ തീർപ്പാക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നും ഉത്തരവ് ലഭിച്ചിരുന്നു. എന്നാൽ 30-6-2019 വരെ ലഭിക്കുന്ന അപ്പീലുകൾ തീർപ്പാക്കാൻ സർക്കാർ തലത്തിൽ

തീരുമാനമായിട്ടുണ്ട്. നാശനഷ്ടം നേരിട്ട ഏതെങ്കിലും കുടുംബമുണ്ടെങ്കിൽ ഒരുകാരണവശാലും അവർ ഒഴിവാക്കപ്പെടരുതെന്ന ഉറച്ച ബോധ്യത്തോടെയാണ് സർക്കാർ ഇത്തരമൊരു തീരുമാനം കൈക്കൊണ്ടിട്ടുള്ളത്.

കാർഷിക മേഖലയിലുണ്ടായ നാശനഷ്ടങ്ങളെ ഏറ്റവും അനുഭാവപൂർവ്വം പരിഗണിച്ച സർക്കാരാണിത്. 354810 കർഷകർക്കായി 1651 കോടി രൂപ വിതരണം ചെയ്തു. ഇതിനുപുറമെ 238376 കർഷകർക്ക് ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡം അനുസരിച്ചുള്ള സഹായവും നൽകി. വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗങ്ങളായ 152350 കുടുംബങ്ങൾക്ക് 51 കോടി രൂപ വിതരണം ചെയ്തു. നെല്ലും പച്ചക്കറിയും വിത്തുകളും പുതിയതായി കൃഷിയിറക്കാനായി നൽകി. കർഷകരുടെ കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചു. കാർഷിക മേഖലയിൽ ആധുനിക സൗകര്യങ്ങളൊരുക്കാനും കൃഷിയെ കൂടുതൽ കാര്യക്ഷമമാക്കാനും ഉദ്ദേശിച്ചുകൊണ്ട് 65,81,00,000 രൂപയുടെ പദ്ധതിക്ക് സംസ്ഥാന ബഡ്ജറ്റിൽ അനുമതി ലഭിച്ചു. കിസാൻ കാർഡുള്ള കർഷകർ, തേനീച്ച കർഷകർ, അലങ്കാരമത്സ്യ കർഷകർ എന്നിങ്ങനെ ദേശീയ ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്ത കർഷകരെക്കൂടി പരിഗണിച്ചുകൊണ്ട് ഉജ്ജീവന വായ്പാ പദ്ധതി മുഖാന്തിരം ഓരോ കർഷകനും രണ്ട് ലക്ഷം രൂപവരെയുള്ള സഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇതിന്റെകൂടി പശ്ചാത്തലത്തിലാണ് പ്രളയത്തിനുശേഷമുള്ള ആദ്യത്തെ കാർഷിക വിളവിൽ ത്തന്നെ ഹ്രസ്വകാല വിളകളുടെ ഉല്പാദനം റിക്കോർഡ് തലത്തിലെത്തുകയും അതിന്റെ പ്രയോജനം പ്രളയബാധിതരായ കർഷകർക്ക് ലഭിക്കുകയും ചെയ്തത്. നഷ്ടപ്പെട്ട ജീവനോപാധികൾ വീണ്ടെടുക്കാനായി കേരളത്തിൽ സംസ്ഥാന സർക്കാർ നടപ്പാക്കിയിട്ടുള്ള പദ്ധതികൾ രാജ്യംതന്നെ ഉറ്റുനോക്കിയിട്ടുള്ളതാണ്. കുടുംബശ്രീ വഴി കേരളത്തിലെ 153515 വനിതകൾക്ക് 1349 കോടി 14 ലക്ഷം രൂപയുടെ റിസർജെന്റ് കേരള ലോൺ ലഭ്യമാക്കി. ഈ വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നാണ് നൽകുന്നത്.

വൈദ്യുതി മേഖലയിൽ 90 ദിവസംകൊണ്ട് 25 ലക്ഷം കണക്ഷനുകൾ പുനഃസ്ഥാപിക്കുകവഴി വികസിത രാജ്യങ്ങളിൽപ്പോലും സമാനതയില്ലാത്തൊരു പ്രവർത്തനമാണ് കേരളം കാഴ്ചവച്ചത്. ഈ പ്രവൃത്തിക്കായി ലക്ഷക്കണക്കിന് തൊഴിൽദിനങ്ങളാണ് സർക്കാർ സൃഷ്ടിച്ചത്. ക്ഷീരമേഖലയിൽ ഒരു പശുവിന് 30,000 രൂപ നിരക്കിൽ 29 കോടി രൂപയുടെ സഹായം നൽകി. സർക്കാർ നടപ്പാക്കിയ ഉജ്ജീവന വായ്പാ പദ്ധതിപ്രകാരം സൂക്ഷ്മ-ചെറുകിട-വാണിജ്യ സ്ഥാപനങ്ങൾ, കടകൾ, തേനീച്ച കർഷകർ, അലങ്കാരമത്സ്യ കർഷകർ എന്നിവർക്ക് രണ്ട് ലക്ഷം രൂപവരെ നൽകുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഇതുവരെ 43,80,00,000 രൂപയുടെ വായ്പകൾ ലഭ്യമാക്കിയിരുന്നു.

19-6-2019-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം ദുരിതാശ്വാസ നിധിയിലെയും ആർ.കെ.ഐ.-യ്ക്ക് ലഭിക്കുന്ന ലോക ബാങ്ക് വായ്പയും വിനിയോഗിച്ച് ചില പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതിലുൾപ്പെട്ടതാണ് ആലപ്പുഴ-ചങ്ങനാശ്ശേരി എലിവേറ്റഡ് ഹൈവേ, ശംഖുംമുഖം എയർപോർട്ട് റോഡ് നിർമ്മാണം, മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായ ഭവനനിർമ്മാണ പദ്ധതി, പ്രളയത്തിൽ തകർന്ന ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം എന്നിവ. ഇവ സമയബന്ധിതമായി നടപ്പാക്കുമെന്ന കാര്യത്തിൽ സർക്കാരിന് ദൃഢനിശ്ചയമുണ്ട്.

പ്രളയശേഷമുള്ള അടിയന്തര ദുരിതാശ്വാസ നടപടികൾ ഫലപ്രദമായി ഏകോപിപ്പിക്കുന്ന ഘട്ടം കഴിഞ്ഞതിനുശേഷം നാശനഷ്ടങ്ങളുടെ ശാസ്ത്രീയമായ കണക്കെടുപ്പ് നടത്താനാണ് സർക്കാർ മുൻകയ്യെടുത്തത്. അതോടൊപ്പം പുനർനിർമ്മാണത്തിനാവശ്യമായ തുക തിട്ടപ്പെടുത്തുകയും ചെയ്തു. ഇന്ത്യയിൽ ആദ്യമായി ഇത്തരത്തിലുള്ള ഒരു ദുരന്തപൂർവ്വ സമീപനം ഐക്യരാഷ്ട്രസഭയുടെ സംവിധാനങ്ങളെയും ലോകബാങ്കിനെയും ഉപയോഗിച്ച് സമയബന്ധിതമായി ചെയ്യാൻ കഴിഞ്ഞത് കേരളത്തിലാണെന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. പ്രളയ ദുരിതാശ്വാസത്തിന്റെ പുനർനിർമ്മാണ ഘട്ടത്തിന്റെ ഭാഗമായാണ് കേരള പുനർനിർമ്മാണ വികസന പരിപാടി സംസ്ഥാന സർക്കാർ മുന്നോട്ടുവച്ചിട്ടുള്ളത്. പരിസ്ഥിതി സൗഹാർദ്ദവും അതിജീവനക്ഷമതയുള്ളതുമായ കേരളം എന്ന ലക്ഷ്യത്തിലേയ്ക്ക് വഴികാട്ടുന്ന മാർഗ്ഗരേഖയായാണ് റീബിൽഡ് കേരള ഡെവലപ്മെന്റ് പ്രോഗ്രാം അവതരിപ്പിച്ചിട്ടുള്ളത്. മേൽപ്പറഞ്ഞ ദുരിതാശ്വാസ സഹായങ്ങൾക്കുപുറമെയാണ് ദീർഘകാല പരിപ്രേക്ഷ്യത്തോടുകൂടി ദുരന്താഘാത പ്രതിരോധശേഷിയുള്ള ഒരു പുതിയ കേരളത്തിന്റെ നിർമ്മാണം. ഇതിന്റെ ഭാഗമായാണ് റീ-ബിൽഡ് കേരള എന്ന പദ്ധതി വിഭാവനം ചെയ്തത്. ആർ.കെ.ഐ. കേവലം ഒരു പ്രളയാനന്തര സഹായപദ്ധതി മാത്രമല്ല, ഒരു പുതിയ കേരളം കെട്ടിപ്പടുക്കാനുള്ള രൂപരേഖയുമാണ്. ഇത് വിശദമായി തയ്യാറാക്കുകയും ഇതിനകം മന്ത്രിസഭയുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. ഇത് പൊതു സമൂഹത്തിൽ ചർച്ചകൾക്ക് വിധേയമാക്കിയിട്ടുള്ളതാണ്. ആർ.കെ.ഐ.-യുടെ ഘടന വളരെ വിപുലമാണ്. മുഖ്യമന്ത്രി അദ്ധ്യക്ഷനും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും വിദഗ്ദ്ധരുമടങ്ങുന്ന അഡ്വൈസറി കൗൺസിൽ, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല എംപവേർഡ് കമ്മിറ്റി, ഉദ്യോഗസ്ഥതലത്തിലുള്ള ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നിവ ഉൾപ്പെടുന്നതാണ് ആർ.കെ.ഐ.-യുടെ ഘടന.

ഇത് കേവലമൊരു സർക്കാർ സംവിധാനം മാത്രമല്ല. വളരെ പെട്ടെന്നുതന്നെ പ്രളയത്തിൽ സംഭവിച്ച നാശനഷ്ടങ്ങളുടെ കണക്ക് അന്താരാഷ്ട്ര ഏജൻസിയുടെ പോസ്റ്റ് ഡിസാസ്റ്റർ നീഡ്സ് അസെസ്സ്മെന്റ് നടത്തി അനുമാനിക്കാൻ സാധിക്കും. ഇതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ നിർമ്മാണ പദ്ധതിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. പ്രളയത്തിനുശേഷം പഴയതിലേയ്ക്കുള്ള മടങ്ങിപ്പോക്കല്ല ആർ.കെ.ഐ.. നദികളെ സംരക്ഷിക്കാൻ റിവർ ബേസിൻ അതോറിറ്റികളുടെ രൂപീകരണം, സംയോജിത ജല മാനേജ്മെന്റ് പദ്ധതി, ഡച്ച് വിദഗ്ദ്ധരുടെ സാങ്കേതിക സഹായത്തോടെ കുട്ടനാട്ടിലും തോട്ടപ്പള്ളിയിലും മൂന്ന് ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തനങ്ങൾ, ദുരന്തസാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ പുനരധിവാസം എന്നിവയുൾപ്പെടെ ദുരന്ത ആഘാതശേഷി താങ്ങാൻ അന്താരാഷ്ട്ര നിലവാരത്തിൽ കേരളത്തെ സജ്ജമാക്കുന്ന ഒരു പദ്ധതിയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ്. പ്രാരംഭദശയിൽനിന്നും ചിട്ടയായും വേഗതയോടുംകൂടി ഇത് മുന്നേറുകയാണ്. ലോക ബാങ്ക് സഹായം ഇതിനകം ലഭ്യമായിക്കഴിഞ്ഞു. മറ്റ് ഏജൻസികളുടെ സഹായം ലഭ്യമാകുന്നുണ്ട്. ജൂലൈ മാസം വിപുലമായ ഒരു കോൺക്ലേവ് സംഘടിപ്പിച്ച് മുന്നോട്ടുള്ള പ്രയാണം എങ്ങനെയെന്ന് വിദഗ്ദ്ധരുടെ നിർദ്ദേശത്തോടുകൂടി തയ്യാറാക്കുന്നതാണ്. ഇങ്ങനെ മുന്നേറുന്ന ആർ.കെ.ഐ. പരാജയമാണെന്ന് പറയുന്നത് ഒരു പ്രത്യേക മനഃസ്ഥിതിയുടെ ഉല്പന്നമാണ്. ഇത് കേവലം ദിവാസ്വപ്നം മാത്രമാണെന്ന് ചിന്തിക്കുന്ന ഏവർക്കും മനസ്സിലാക്കാൻ സാധിക്കും.

കേരള സർക്കാരും സമൂഹവും സമാനതകളില്ലാത്ത പ്രളയദുരന്തത്തെ എങ്ങനെ നേരിട്ടുവെന്നത് ലോകമെമ്പാടും പ്രശംസ പിടിച്ചുപറ്റിയ അനുഭവമാണ്. ഇത് കാണാതിരിക്കുകയും അതിൽ പങ്കാളികളാകാതിരിക്കുകയും പങ്കാളികളായവരെ നിരുത്സാഹപ്പെടുത്തുകയും ചെയ്തവരാണ് ആർ.കെ.ഐ. പരാജയപ്പെട്ടുവെന്ന് പകൽക്കിനാവ് കാണുന്നത്. ആർ.കെ.ഐ., അടിയന്തരമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്താനുള്ള ഒന്നല്ല. ദീർഘകാല പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള ഒന്നാണെന്ന കാഴ്ചപ്പാടോടെയാണ് ഇതിനെ കാണേണ്ടത്. ഈ സമഗ്രമായ ധാരണയോടെ പ്രശ്നത്തെ കാണാൻ കഴിയാത്തതുകൊണ്ടാണ് പ്രമേയാവതാരകൻ ഇത്തരത്തിലുള്ള ഒരു നിലപാടിലേയ്ക്ക് എത്തിച്ചേർന്നത്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മഹാപ്രളയം കഴിഞ്ഞപ്പോൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ഉദാരമനസ്കരായ ധാരാളം ആളുകൾ നിരവധി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലും പ്രളയ ദുരിതാശ്വാസത്തിനും നൽകി. ആ തുകയിൽ നിന്നും രൂപീകരിച്ച റീബിൽഡ് കേരള ഇനിഷ്യേറ്റീവിനുവേണ്ടി പുന്നൻ

റോഡിൽ ഒന്നേകാൽ ലക്ഷം രൂപ മാസവാടകയ്ക്ക് ഒരു പുതിയ ഓഫീസെടുത്തു. ആ ഓഫീസ് മോടിപിടിപ്പിക്കുന്നതിനുവേണ്ടി 88 ലക്ഷം രൂപ ചെലവാക്കി. ഇത് ഈ പാവങ്ങളെ സഹായിക്കാൻവേണ്ടി അയച്ച തുകയാണ്. റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് ഒരു ലോഗോയാണ് ഇനി നമുക്ക് വേണ്ടത്. നല്ലൊരു ഒച്ചിന്റെ ചിത്രം ലോഗോ ആയി എടുക്കണമെന്നാണ് എന്റെ നിർദ്ദേശം. കാരണം ഒച്ചിന്റെ വേഗതപോലുമില്ലാതെയാണ് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് നടക്കുന്നത്. മുഖ്യമന്ത്രി ഇവിടെ ജാമ്യമെടുക്കുകയായിരുന്നു. എന്താണ് പറഞ്ഞത്; ഇത് ദീർഘ കാലത്തേയ്ക്കുള്ള പദ്ധതിയാണ് എന്നാണ്. അപ്പോൾ ഹ്രസ്വകാലത്തേയ്ക്കൊന്നും നോക്കണ്ട എന്നാണ് അർത്ഥം. ഒരു പ്രളയം കഴിഞ്ഞാൽ, മഹാദുരന്തം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കേണ്ടത് ഹ്രസ്വകാലത്തേയ്ക്കുള്ള അവരുടെ റീഹാബിലിറ്റേഷനാണ്. എവിടെയാണ് നിങ്ങളുടെ പ്രയോറിറ്റി? പ്രളയം കഴിഞ്ഞ്, ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ മഹാദുരന്തം കഴിഞ്ഞ് കൊട്ടിഘോഷിക്കപ്പെട്ട പുനർനിർമ്മാണ പ്രവർത്തനങ്ങൾ എവിടെ എത്തി നിൽക്കുന്നുവെന്ന് ഈ സഭ ചർച്ച ചെയ്യണ്ടേ? റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പൂർണ്ണമായി ഉദ്യോഗസ്ഥർക്ക് വിട്ടുകൊടുത്തുകൊണ്ട് ഭരണനേതൃത്വം വേറെ വിഷയങ്ങളുടെ പുറകെ പോയതാണ് ഇത് പരാജയപ്പെടാനുണ്ടായ പ്രധാനപ്പെട്ട കാരണം. കേരളത്തിലെ ആയിരക്കണക്കിന് മനുഷ്യർ ഈ സംസ്ഥാനം ഇതുവരെ ദർശിക്കാത്ത ദുരന്തത്തിലും അനിശ്ചിതത്വത്തിലുംകൂടി കടന്നുപോകുകയാണ്. ഗവൺമെന്റ് ആദ്യം കൊടുത്ത പതിനായിരം രൂപയുടെ ആശ്വാസം ഇനിയും ലഭിക്കാത്ത അർഹരായ 20 ശതമാനമാളുകൾ ബാക്കിനിൽക്കുകയാണ്. അവർക്ക് ഈ തുക ആര് നൽകും? ഇവിടെയുണ്ടായ ഏറ്റവും വലിയ ഈ ദുരന്തത്തിൽ വീടുകൾ തകർന്നു. കേരളത്തിൽ വീടുകൾ വലിയൊരു പ്രശ്നമാണ്. ഇരുപതിനായിരത്തോളം വീടുകളാണ് ആദ്യം തകർന്നത്. ഈ നിയമസഭ ആദ്യം ചർച്ച ചെയ്തപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടിയായി പറഞ്ഞത് 17500 വീടുകൾ തകർന്നുവെന്നാണ്. 17500 വീടുകൾ പൂർണ്ണമായി തകർന്ന ലിസ്റ്റിൽ നിന്നും അത് 15000 ആയി കുറഞ്ഞത് എങ്ങനെയാണ്? ആദ്യ ലിസ്റ്റ് മാറ്റി ഇപ്പോൾ എൽ.എസ്.ജി.ഡി. ഒരു ലിസ്റ്റ് പബ്ലിഷ് ചെയ്തു. ആ ലിസ്റ്റ് സ്കൂൾ വിദ്യാർത്ഥികളടക്കമുള്ളവരെ പറഞ്ഞയച്ച് ആപ്പ് മുഖാന്തിരമാണ് തയ്യാറാക്കിയത്. എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥികളെ മാത്രമല്ല, സ്കൂൾ വിദ്യാർത്ഥികളെപ്പോലും പറഞ്ഞയച്ച സ്ഥലം ഞാൻ കാണിച്ചുതരാം. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ പോയിട്ടാണ് ഇതിന്റെ നീഡ്സ് അസെസ്സ്മെന്റ്, വീടിന് എത്ര ഡാമേജുണ്ടായി എന്ന് പരിശോധിച്ചത്. അതിനുശേഷം റവന്യൂ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരെ അയച്ച് പരിശോധന നടത്തി. മൊത്തം രണ്ട് ലിസ്റ്റാണ്. ആകെ ആശയക്കുഴപ്പമാണ്.

ആദ്യ ലിസ്റ്റിൽ വന്ന പലരും രണ്ടാമത്തെ ലിസ്റ്റിലില്ല. തോന്നിയതുപോലെയാണ് ലിസ്റ്റ് തയ്യാറാക്കിയത്. ശ്രീ. അൻവർ സാദത്ത് ചോദിച്ച ചോദ്യം എത്ര പ്രസക്തമാണ്! എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഡാമേജ് കണക്കാക്കിയത്? 29 ശതമാനം ഡാമേജ് എന്നുപറയുന്നത് ഒരു എഞ്ചിനീയർക്കുപോലും കണക്കാക്കാൻ സാധിക്കില്ല. ഒരു വീട് 74 ശതമാനം വരെ തകർന്നാൽ രണ്ടര ലക്ഷം രൂപ. 74 ശതമാനം തകർന്ന ഒരു വീട്ടിൽ ആർക്ക് താമസിക്കാൻ സാധിക്കും; ആർക്കെങ്കിലും താമസിക്കാൻ സാധിക്കുമോ? 4 ലക്ഷം രൂപ കൊടുക്കാതിരിക്കാൻവേണ്ടി മനഃപൂർവ്വം 74 ശതമാനം തകർന്ന വീട് എന്നാക്കി മാറ്റി. പൂർണ്ണമായി തകർന്ന വീടുകൾക്ക് 60,000 രൂപ കൊടുത്തു, ഒന്നേകാൽ ലക്ഷം രൂപ കൊടുത്തു, രണ്ടര ലക്ഷം രൂപ കൊടുത്തു. നാല് ലക്ഷം രൂപ കൊടുക്കുന്നതിനെ തടസ്സപ്പെടുത്തി. ഉദ്യോഗസ്ഥർക്ക് നിങ്ങൾ വിട്ടുകൊടുത്തതുകൊണ്ടാണത്. പൂർണ്ണമായി തകർന്ന വീടുകളുടെ എണ്ണം പരമാവധി കുറയ്ക്കണമെന്നാണ് അവർക്ക് കൊടുത്ത നിർദ്ദേശം. ആദ്യത്തെ ലിസ്റ്റിൽ പൂർണ്ണമായി തകർന്ന വീടിന്റെ പട്ടികയിൽ പേര് വന്നു. അപ്പോൾ നാല് ലക്ഷം രൂപ കിട്ടുമല്ലോയെന്ന് കരുതി വീഴാറായി നിൽക്കുന്ന വീട് പൊളിച്ചു. രണ്ടാമത്തെ ലിസ്റ്റ് വന്നപ്പോൾ ഒരു ലിസ്റ്റിലും ആ വീടിന്റെ പേരില്ല. പതിനയ്യായിരം രൂപ പോലുമില്ല. 15 ശതമാനമില്ല, 30 ശതമാനമില്ല, 74 ശതമാനവുമില്ല. എന്ത് ചെയ്യും? മന്ത്രിമാരാരെങ്കിലും എന്റെ കൂടെ വന്നാൽ ഇത്തരത്തിലുള്ള നിരവധി വീടുകൾ ഞാൻ കാണിച്ചുതരാം. ആ പാവങ്ങൾ എവിടെയാണ് താമസിക്കുന്നതെന്ന് ആരാണ് അന്വേഷിക്കുന്നത്? നിങ്ങൾ പതിനയ്യായിരം വീടുകൾ അംഗീകരിച്ചു, അത്രയും സന്തോഷം. അതിൽ പത്തിലൊന്ന് വീടുകളുടെ പണി തീർന്നോ; 1500 വീടുകളുടെ പണി തീർന്നോ; ഇപ്പോൾ പത്ത് മാസമായില്ലേ? പത്ത് മാസംകൊണ്ട് 1500 വീടുകളുടെ പണി തീർന്നോ; അതിൽ മൂന്നിലൊന്ന് വീടുകൾക്ക് ആദ്യഗഡു കൊടുത്തോ; കൊടുത്തിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ഇതെന്ത് ഹ്രസ്വകാലവും ദീർഘകാലവുമാണ്? ഇത് ഹ്രസ്വകാലത്തിൽ തീർക്കേണ്ട പദ്ധതിയല്ലേ? ഈ മഴക്കാലത്ത് അവർ എവിടെയാണ് കിടക്കുന്നതെന്ന് നിങ്ങൾ അന്വേഷിച്ചോ? ബന്ധുക്കളുടെയും സുഹൃത്തുക്കളുടെയും വീട്ടിലാണ് അവർ കഴിയുന്നത്. മയിലാടും പാറയിൽ പട്ടികവർഗ്ഗക്കാരായ 85 പേർ, 24 കുടുംബം പാറപ്പുറത്ത് കിടക്കുകയാണ്. ആനയും പുലിയും കടുവയും ഇറങ്ങുന്ന പാറപ്പുറത്താണ് കിടക്കുന്നത്. പത്രത്തിൽ വന്നതാണ്. ആരും മറുപടി പറഞ്ഞ് ഞാൻ കേട്ടില്ല. അവർക്ക് കിടക്കാൻ സ്ഥലമില്ല. ലോകത്ത് ഒരു സ്ഥലത്തും ഇതുപോലെ മഹാദുരന്തമുണ്ടായിട്ട്, ഇത്രയും ആളുകളുടെ വീട് നഷ്ടപ്പെട്ടിട്ട് ഒരു ഇന്ററിം ഷെൽട്ടർ കൊടുക്കാത്ത, ലോകത്തിലെ ആദ്യത്തെ ഗവൺമെന്റ് എന്നുള്ള പേര് നിങ്ങളുടെ ഗവൺമെന്റിനാണ്. ഇന്ററിം

ഷെൽട്ടർ കൊടുക്കാതെ എവിടെയെങ്കിലും പോയി താമസിക്കാൻ ഇരുപതിനായിരം കുടുംബങ്ങളോട് പറയുകയാണ്. ഭാഗികമായി വീട് തകർന്ന പതിനായിരക്കണക്കിന് ആളുകളോട് എവിടെയെങ്കിലും പോയി താമസിക്കാൻ ഒരു ഗവൺമെന്റ് പറഞ്ഞിരിക്കുകയാണ്. ആരുടെയെങ്കിലും ഔദാര്യത്തിൽ പോയി താമസിക്കാൻ പറഞ്ഞിരിക്കുകയാണ്. ഇതൊന്നും ഗവൺമെന്റിനെ വിമർശിക്കുകയല്ല. ജനപ്രതിനിധികൾ എന്നുള്ള നിലയിൽ രാവിലെ ആറ് മണി മുതൽ രാത്രി പത്ത് മണിവരെ വന്ന് ഈ സങ്കടങ്ങൾ ഞങ്ങളുടെ മുമ്പിൽ നിരവധി ആളുകൾ, സ്ത്രീകൾ പറഞ്ഞ് പൊട്ടിക്കരയുകയാണ്. വൈകുന്നേരമാകുമ്പോൾ കിടന്നുറങ്ങാൻ പറ്റുന്നില്ല, ഡിപ്രഷനുണ്ടാകുകയാണ്. നമുക്കിത് നേരിടാൻ പറ്റുന്നില്ല. ഒരു ദിവസവും രണ്ട് ദിവസവുമല്ല, പത്ത് മാസമായി ഇത് കേട്ടുകൊണ്ടിരിക്കുകയണ്. നിങ്ങൾക്ക് പറഞ്ഞാൽ മനസ്സിലാകില്ല. നിങ്ങൾ കുറെ കാര്യങ്ങൾ ചെയ്തുവെന്ന് വരുത്തിത്തീർക്കുകയാണ്. ഇപ്പോഴും പണം കിട്ടാത്ത ആയിരക്കണക്കിനാളുകൾ കളക്ടറേറ്റിലും താലൂക്കാഫീസിലും വില്ലേജാഫീസിലും കയറിയിറങ്ങുകയാണ്. അവർക്ക് എന്തെങ്കിലും അറിയാമോ; ഒന്നും അറിയില്ല. ഇവിടെ നിങ്ങൾ പഞ്ചായത്തുകൾക്ക് വലിയ പ്രാധാന്യമാണല്ലോ കൊടുത്തത്. ഏതെങ്കിലും പഞ്ചായത്തിന് റീബിൽഡ് കേരളയിൽ ഇൻവോൾവ്മെന്റുണ്ടോ? മുഖ്യമന്ത്രി, ഒരു സി.പി.ഐ.(എം)ന്റെ പഞ്ചായത്ത് പ്രസിഡന്റിനോട് നിങ്ങൾക്ക് തൃപ്തിയുണ്ടോ; റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ നിങ്ങൾക്ക് സംതൃപ്തിയുണ്ടോ; എന്താണ് നിങ്ങളുടെ പഞ്ചായത്തിൽ നടക്കുന്നതെന്ന് ചോദിച്ചു നോക്കൂ. ഇവിടെ ബിൽഡിംഗ് മെറ്റീരിയൽസിന് വിലകൂടി. നാല് ലക്ഷം രൂപ കൊടുത്ത സ്ഥാനത്ത് ഇപ്പോൾ ആറ് ലക്ഷം രൂപ വേണം. 50 മുതൽ 100 ശതമാനം വരെ വില കൂടി. പല വീടുകളും പൂർത്തിയാകാത്ത, പണിതീരാത്ത വീടുകളായി നിൽക്കുകയാണ്. ചിലർ വാടകയ്ക്ക് താമസിക്കുന്നു. പക്ഷേ വാടക കൊടുക്കാനില്ല. രാവിലെ വാടക വേണമെന്നുപറഞ്ഞ് വരികയാണ്. എത്രപേർക്ക് കൊടുക്കും; എത്രയാളുകൾ സഹകരിക്കും. ദുരിതാശ്വാസ പ്രവർത്തനത്തിൽ പങ്കെടുക്കാത്ത ആളുകൾ, ഇതുമായി സഹകരിക്കാത്ത ആളുകളുണ്ടെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഗവൺമെന്റിന്റെ വകുപ്പല്ലാതെ പുറത്തുനിന്നുള്ള ഏജൻസികളെക്കൊണ്ട് 200 വീടുകൾ പണിതുകൊണ്ടിരിക്കുന്ന ആളാണ് ഞാൻ. ഞങ്ങളെ അതുതന്നെ പറയണം. എല്ലാവരുടെയും കണ്ണീരിന്റെയും സങ്കടത്തോടുമൊപ്പം കഴിഞ്ഞ പത്ത് മാസമായി നിൽക്കുന്ന ഞങ്ങൾ ഇതുമായി സഹകരിച്ചില്ല എന്നു പറഞ്ഞ് നിങ്ങൾ ഈ ഉദ്യോഗസ്ഥന്മാരെ വെള്ളപൂശണം.

അപ്പീലിന്റെ കാര്യം പറഞ്ഞു. ഒരു ഓർഡർ ഇറങ്ങി. ഹൈക്കോടതി പറഞ്ഞതുകൊണ്ട് പരാതി സ്വീകരിക്കുന്ന തീയതി ജനുവരി 31 വരെയാക്കി. ആ ജനുവരി 31 വരെ എത്ര കളക്ടറേറ്റുകളിൽ പരാതി സ്വീകരിച്ചു? നിരവധി

കളക്ടറേറ്റുകൾ നവംബർ കഴിഞ്ഞിട്ടും അപ്പീൽ വാങ്ങിയിട്ടില്ല. ഈ ഗവൺമെന്റ് ഉത്തരവ് ആരാണ് ഇറക്കിയത്; ഇത് മന്ത്രി കണ്ടോ; അതിൽ പറഞ്ഞിരിക്കുന്നത് എന്താണ്? മാർച്ച് 31 വരെ കിട്ടിയ അപ്പീലുകളൊക്കെ പരിഹരിക്കണമെന്ന് അതിൽ പറഞ്ഞിരിക്കുന്നു. ഏത് ജില്ലാ കളക്ടറേറ്റാണ് മാർച്ച് 31 വരെ അപ്പീൽ വാങ്ങിയത്? അത് അറിയാത്ത ഉദ്യോഗസ്ഥർ എഴുതിക്കൊണ്ടുവന്ന ഉത്തരവിന്റെ മീതെ കയ്യൊപ്പ് ചാർത്താനാണോ മന്ത്രിമാർ ഇരിക്കുന്നത്? ഏതെങ്കിലും കളക്ടറേറ്റിൽ ഈ മാർച്ച് 31 വരെ അപ്പീൽ വാങ്ങിയോ? അവിടെ കൂടിനിന്ന സ്ത്രീകൾ, പാവപ്പെട്ടവരായ ആളുകൾ തലചുറ്റി വീണു. ഒരാളുടെയും അപ്പീൽ വാങ്ങിയില്ല. ഇല്ലാത്ത അപ്പീൽ എങ്ങനെയാണ് ഡിസ്പോസ് ചെയ്യുന്നത്? ഒന്നര ലക്ഷത്തോളം അപ്പീലുകൾ ഡിസ്പോസ് ചെയ്തുവെന്ന് ഇവിടെ മന്ത്രിയും മുഖ്യമന്ത്രിയും പറഞ്ഞു. കിട്ടുന്ന അപ്പീലുകൾ ചവറ്റുകുട്ടയിലിടുന്നതിനും ഡിസ്പോസൽ എന്നാണ് പേരെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്. അല്ലെങ്കിൽ കിട്ടുന്ന അപ്പീലുകൾ കെട്ടുകെട്ടാക്കി മൂലയിലേയ്ക്ക് മാറ്റിയിടുന്നതിന് എന്നുമുതലാണ് നിങ്ങൾ ഡിസ്പോസൽ എന്ന ഓമനപ്പേരിട്ടത്? ഈ ഉദ്യോഗസ്ഥർ എത്ര അപ്പീലുകൾ പരിശോധിച്ചിട്ടുണ്ടെന്ന് നിങ്ങൾ അന്വേഷിച്ചിട്ടുണ്ടോ? ഏതെങ്കിലും മന്ത്രിമാർ ചുമതലയുള്ള ജില്ലയിൽ പോയി അപ്പീലുകളിന്മേൽ എന്താണ് ചെയ്യുന്നതെന്നും എങ്ങനെയാണ് പരിശോധിക്കേണ്ടതെന്നും അന്വേഷിച്ചിട്ടുണ്ടോ? ധാരാളം പേരുടെ വീടുകൾക്ക് ആദ്യ പരിശോധനയിൽ കുഴപ്പമൊന്നുമില്ലായിരുന്നു. എന്നാൽ ചൂട് വന്നപ്പോൾ വീടുകളിൽ വിള്ളലുകൾ വീണ് അവ തകർച്ചയുടെ വക്കിലെത്തി നിൽക്കുകയാണ്, താമസിക്കാൻ പറ്റുന്നില്ല. ആദ്യത്തെ ലിസ്റ്റിലില്ലാത്ത ധാരാളംപേർ പുറത്തു നിൽക്കുന്നു. അവരുടെ അപ്പീലുകൾ പരിശോധിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് ഒരു ചിട്ടയായ സംവിധാനം വേണം. ഇത് പരിശോധിക്കാൻ എന്ത് ഇൻഫ്രാസ്ട്രക്ചറാണില്ലാത്തത്? എന്തിനാണ് സ്കൂൾ കുട്ടികളെയും കമ്മിറ്റ്മെന്റില്ലാത്ത ഉദ്യോഗസ്ഥരെയും പറഞ്ഞയച്ചത്? കേരളത്തിൽ എത്ര എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റുണ്ട് അവരെ ആരെയെങ്കിലും വിടാമായിരുന്നില്ലേ; സബ് എഞ്ചിനീയർമാർ മുതൽ ഓവർസിയർ വരെയില്ലേ; ലോക്കൽ ബോഡി അടക്കം എത്ര ഡിപ്പാർട്ടുമെന്റുകളുണ്ട്? ജീവനോപാധികൾ നഷ്ടപ്പെട്ട ആളുകളുണ്ട്. കൃഷിക്കാർക്ക് സ്പെഷ്യൽ പാക്കേജ് കൊടുക്കുമെന്ന് പറഞ്ഞിട്ട് കൊടുത്തില്ല. ആദ്യത്തെ പ്രഖ്യാപനമാണത്. നാമമാത്രമായ നഷ്ടപരിഹാരമാണ് കൊടുത്തത്. ഞാൻ കൃഷി വകുപ്പുമന്ത്രിയോട് ചോദിക്കുകയാണ് അങ്ങൊരു വൈബ്രന്റായ മന്ത്രിയല്ലേ; കൃഷി വകുപ്പ് കൊടുക്കുന്ന നാമമാത്രമായ നഷ്ടപരിഹാരം ഇതുവരെ കൊടുത്തുതീർത്തോ; എത്രയോ കോടി രൂപ ഇനി കൊടുക്കാനുണ്ട്? കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചതും ഡിസാസ്റ്റർ മാനേജ്മെന്റിന്റെ ഫണ്ടും സി.എം.ഡി.ആർ.എഫ്.-ൽ കിട്ടിയതുമായ എണ്ണായിരം കോടിയോളം രൂപ കയ്യിലില്ലേ; ഈ പണത്തിന്റെ പുറത്ത് ആരാണ്

അടയിരിക്കുന്നത്? അങ്ങയെപ്പോലൊരു മന്ത്രി, അങ്ങയുടെ വകുപ്പിന് കൊടുക്കാനുള്ള തുക മുഴുവൻ കൊടുത്തുതീർക്കണമെന്ന് പറഞ്ഞ് വാങ്ങിച്ചു കൊടുക്കണ്ടേ? കൃഷി വകുപ്പുമന്ത്രിയുടെ പുറകിലായി ഫിഷറീസ് വകുപ്പുമന്ത്രി ഇരിക്കുന്നുണ്ട്. മത്സ്യബന്ധ നോപാധികൾ നഷ്ടപ്പെട്ട ആളുകളുടെ നഷ്ടപരിഹാരം ഇനിയും കൊടുത്തു തീർത്തിട്ടില്ല. അതൊരു ചെറിയ തുകയാണ്. ബഹുമാനപ്പെട്ട മന്ത്രി അതൊന്ന് അന്വേഷിക്കണം. ആ തുക വാങ്ങിച്ചുകൊടുക്കാനുള്ള സംവിധാനമുണ്ടാക്കണം. ഉജ്ജീവൻ പദ്ധതി എന്താണ് പറയുന്നത്? കച്ചവടക്കാർക്ക് സഹായം. ഒരു കച്ചവടക്കാരനും അതിൽനിന്നുള്ള സഹായം ലഭിച്ചതായി എനിക്കറിയില്ല, ഞാൻ കണ്ടിട്ടുമില്ല.

മി. സ്പീക്കർ: യെസ്..... പ്ലീസ്.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങ് പറയുമ്പോൾ നിർത്താം. എനിക്ക് ഒരു മിനിട്ടുകൂടി തരണം. ഇവിടെ റോഡിന്റെ കാര്യം പറഞ്ഞു. എത്രമാത്രം ഗ്രാമീണ റോഡുകളാണ് തകർന്നുതരിപ്പണമായി കിടക്കുന്നത്. റോഡുണ്ടാക്കുന്നത് ഒരു ദീർഘകാല പദ്ധതിയാണോ എന്നാണ് ഞാൻ ചോദിക്കുന്നത്; ഏതെങ്കിലും ഒരു ഗ്രാമീണ റോഡ് ടാർ ചെയ്യാൻ ഈ ഗവൺമെന്റിന് കഴിഞ്ഞോ? പി.ഡബ്ല്യു.ഡി.-യിൽ നിന്നും നൽകുന്നത് വേറെ പൈസയാണ്. അത് കേരളത്തിൽ എല്ലായിടത്തും കൊടുത്തതാണ്, പ്രളയബാധിതർക്ക് കൊടുത്ത പൈസയല്ല. ആ പൈസയൊന്നും കിട്ടിയിട്ടില്ല. നദീതീരങ്ങൾ, മലകൾ, കുന്നുകൾ തുടങ്ങിയവയും അമ്പായത്തോട്, കൊട്ടിയൂർ എന്നീ സ്ഥലങ്ങളും പ്രളയം കൊണ്ടുപോയി. പ്രളയമെടുത്ത തീരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകളുടെ സുരക്ഷിതത്വം കണക്കിലെടുത്ത് ഒരു കലുങ്ക് എങ്കിലും കെട്ടിയോ; എവിടെയെങ്കിലും ഒരു ലോഡ് കരിങ്കല്ലെങ്കിലും ഇറക്കിയോ? ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഏതെങ്കിലുമൊരു സ്ഥലത്ത് ഒരു മതിലെങ്കിലും കെട്ടി സംരക്ഷിച്ചോ? ഇവിടെ ശ്രീ. മാത്യു ടി. തോമസ് വളരെ പ്രസക്തമായ ഒരു ചോദ്യം ചോദിച്ചു. മനുഷ്യനിർമ്മിത പ്രളയമല്ലെന്ന് തെളിയിക്കാൻ ശ്രമിച്ച അന്നത്തെ മന്ത്രിയാണ് അദ്ദേഹം. അദ്ദേഹത്തിന് അതേ പറയാൻ പറ്റുകയുള്ളൂ. ഇനിയുമൊരു അപകടമുണ്ടായാൽ അത് നേരിടാനുള്ള ഡിസാസ്റ്റർ മിറ്റിഗേഷൻ പ്ലാൻ പത്ത് മാസമായിട്ടും സർക്കാർ തയ്യാറാക്കിയോ? അതുകൊണ്ടാണ് ആളുകൾ ശ്രീ. മാത്യു ടി. തോമസിനോട് അടക്കം ചോദിക്കുന്നത് ഇപ്രാവശ്യം മഴ പെയ്യുമ്പോൾ പ്രളയം ഉണ്ടാകുമോയെന്ന്. ജനങ്ങൾക്ക് ആധിയാണ്. ആന്ധ്രാപ്രദേശ്, ഒറീസ തുടങ്ങി മറ്റെല്ലാ സംസ്ഥാനങ്ങൾക്കും ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനുണ്ട്. 21-ാം നൂറ്റാണ്ടിലല്ലേ നിങ്ങൾ ജീവിക്കുന്നത്? കേരളം

danger zone-ൽ ആണ്. അതറിഞ്ഞുള്ള തീരുമാനങ്ങളെടുക്കാൻ എന്തെങ്കിലുമൊരു ഇനിഷ്യേറ്റീവ്, ഒരു പഠനം ഈ ഗവൺമെന്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ടോ?

മി. സ്പീക്കർ: യെസ്..... പ്ലീസ് കൺക്ലൂഡ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അവസാനിപ്പിക്കുന്നു. ഏഷ്യാനെറ്റും മലയാള മനോരമയും മാതൃഭൂമിയുമടക്കം എല്ലാ മാധ്യമങ്ങളും ആളുകളുടെ സങ്കടങ്ങൾ റിപ്പോർട്ട് ചെയ്യുകയാണ്. ആളുകളെല്ലാം കരയുകയാണ്. നിങ്ങളത് കാണണം. നിങ്ങളുണ്ടാക്കിയ പ്രളയത്തിൽ അവരുടെ ജീവിതകാലത്തെ മുഴുവൻ സമ്പാദ്യമാണ് ഒഴുകിപ്പോയതെങ്കിൽ ഞാൻ നിങ്ങളോട് പറയുന്നു, അവരുടെ കണ്ണീരിൽ നിങ്ങളാണ് ഒഴുകിപ്പോകാൻ പോകുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ വി. ഡി. സതീശൻ അവസാനം പറഞ്ഞതിലാണ് കാര്യങ്ങളുടെ കിടപ്പ് എന്നാണ് തോന്നുന്നത്. ഒരു ചാനൽ പറയുക, പിന്നെ അത് ഏറ്റെടുക്കുക. 'ചാനൽ ഇംപാക്ട്' എന്നുപറയാൻ അവർക്ക് അവസരമുണ്ടാക്കുകയാണ്. ആ ഒത്തുകളിയുടെ ഭാഗമായി വന്ന ഒരു കാര്യമാണിതെന്നാണ് തോന്നുന്നത്. ഇവിടെ മൂന്ന് ഘട്ടങ്ങളായി സംഘടിപ്പിച്ച ദുരിതാശ്വാസ പ്രവർത്തനങ്ങളെ മൂന്നായിത്തന്നെ കാണേണ്ടതുണ്ട്. അതിൽ രക്ഷാപ്രവർത്തനമാണ് ആദ്യഘട്ടം. പുനരധിവാസ പ്രവർത്തനം അതിനോടൊപ്പംതന്നെ പ്രധാനമായിട്ടുള്ളതാണ്. കഷ്ടനഷ്ടങ്ങൾ പരിഹരിക്കുന്നതിന് ഇടപെടുമ്പോൾ എത്രത്തോളം നഷ്ടം വന്നുവെന്ന് തിട്ടപ്പെടുത്തി അതിന്റെ അടിസ്ഥാനത്തിൽ സഹായങ്ങൾ നൽകേണ്ടതായി വരും. ഇന്ന് രാവിലെ ചോദ്യോത്തരവേളയിൽ 'നഷ്ടം കണക്കാക്കുന്നതിനുതന്നെ വ്യക്തതയില്ലെന്ന്' പറയുകയുണ്ടായി. അതിപ്പോൾ അദ്ദേഹവും സൂചിപ്പിച്ചു. കൃത്യമായി എങ്ങനെ ശതമാനം കണക്കാക്കണമെന്ന് ഉത്തരവായിട്ടുണ്ട്. അതിൽ ഒന്നാമത്തെ കാറ്റഗറിയായ 15 ശതമാനം വരെ എന്നുപറയുന്നത് മുട്ടൊപ്പം പൊക്കത്തിൽ 50 സെന്റിമീറ്റർ വെള്ളം കയറി ചെറിയ കേടുപാടുകൾ വന്നതോ അല്ലെങ്കിൽ 10 ശതമാനത്തിൽ താഴെ മേച്ചിൽ ഓടുകൾ നഷ്ടമായതോ ആണ്. വെള്ളം കയറിയതുകൊണ്ട് തറയ്ക്ക് കേടുപാടുകൾ വരികയോ ഇലക്ട്രിക്കൽ-പ്ലംബിംഗ് തകരാറുകളുണ്ടാകുകയോ അല്ലെങ്കിൽ മേൽക്കൂരയുടെ 25 ശതമാനംവരെ മേച്ചിൽ ഓടുകൾ നഷ്ടമായതും ഇലക്ട്രിക്കൽ-പ്ലംബിംഗ് തകരാറുകൾ വന്നതുമാണ് 16 മുതൽ 29 ശതമാനം വരെയുള്ള കാറ്റഗറിയിൽപ്പെടുന്നത്. ജനലും വാതിലും മുങ്ങുന്ന പൊക്കത്തിൽ അതായത്, ലിന്റിൽ ലെവൽ വെള്ളം കയറിയതുമൂലം ഭിത്തി

ദുർബ്ബലമായി പൊട്ടലുകൾ വന്നത് അല്ലെങ്കിൽ 50 ശതമാനത്തിലേറെ മേച്ചിൽ ഓടുകൾ നഷ്ടമായതും മേച്ചിൽക്കൂട് സ്ട്രക്ചറിൽ തകരാറില്ലാത്തതുമാണ് 30 മുതൽ 59 ശതമാനം വരെയുള്ള കാറ്റഗറിയിൽ ഉൾപ്പെടുന്നത്. ഒന്നിലേറെ ചുമരുകൾ തകരുകയും എന്നാൽ മേച്ചിൽ ഓടുകൾ നഷ്ടമായതല്ലാതെ മേൽക്കൂരകൾക്ക് സ്ട്രക്ചറൽ തകരാറില്ലാത്തതുമാണ് 60 മുതൽ 74 ശതമാനം വരെയുള്ള കാറ്റഗറിയിൽപ്പെടുന്നത്. 75 ശതമാനം മുതലുള്ളത് പൂർണ്ണമായും തകർന്നതായിട്ടാണ് കണക്കാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട കണക്കെടുപ്പ് കൃത്യമായിത്തന്നെയാണ് നടന്നിട്ടുള്ളത്. ഇതിൽ നാം നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങൾ നമ്മുടെ രാജ്യവും ലോകവും ശ്രദ്ധിച്ച ഒന്നാണ്. അതുകൊണ്ടുതന്നെയാണ് അക്കാര്യത്തിൽ വലിയ തോതിൽ പ്രശംസയും നമുക്ക് ലഭിച്ചത്.

ദീർഘകാലാടിസ്ഥാനത്തിലുള്ള കേരള പുനർനിർമ്മാണം ഒരു അലംഭാവവു മില്ലാതെ നല്ല രീതിയിൽ നടന്നുവരികയാണ്. ദുരിതാശ്വാസ പ്രവർത്തനവും ദീർഘകാലാടിസ്ഥാനത്തിലുള്ള കേരള പുനർനിർമ്മാണവും വേർതിരിച്ച് കാണേണ്ടതുണ്ട്. ബഹുമാന്യനായ വി. ഡി. സതീശന് ഇക്കാര്യത്തിൽ ചെറിയൊരു തെറ്റിദ്ധാരണയുണ്ടെന്നാണ് തോന്നുന്നത്. ഇവിടെ 'ഇന്ററിം ഷെൽട്ടർ' ഉണ്ടായി ല്ലെന്ന് അദ്ദേഹം പറയുകയുണ്ടായി. പുനർനിർമ്മാണ പദ്ധതി സെപ്റ്റംബറിൽ ത്തന്നെ ആരംഭിച്ചു. പുനർനിർമ്മാണ പ്രക്രിയ ആരംഭിച്ചതു കൊണ്ടാണ് ഇന്ററിം ഷെൽട്ടറിന്റെ പ്രശ്നം ഉയർന്നുവരാതിരുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, അങ്ങ് പണ്ട് പറഞ്ഞത് അതായിരുന്നില്ല. കല്യാണമണ്ഡപങ്ങൾ വാടകയ്ക്കെടുക്കും; സ്ഥലങ്ങൾ വാടകയ്ക്കെടുക്കും; പൂർണ്ണമായി വീട് നിർമ്മിക്കാൻ കഴിയാത്ത ആളുകൾക്ക് താമസിക്കാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുമെന്നാണ് സഭയിൽ പറഞ്ഞത്. അതിന്റെ വാടക ഗവൺമെന്റ് കൊടുക്കുമെന്നും അങ്ങ് പറയുകയുണ്ടായി. ചിലപ്പോൾ തെറ്റിപ്പോയതായിരിക്കാം. അത് പരിശോധിക്കണം.

ശ്രീ. പിണറായി വിജയൻ: സർ, ആ ഘട്ടത്തിൽ അങ്ങനെ പറഞ്ഞത് ശരിയാണ്. പക്ഷെ അതിനകത്ത് താമസിക്കാൻ അത്രമാത്രം ആളുകൾ ഉണ്ടായിരുന്നില്ല. അതാണ് പ്രശ്നം.

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. വി. ഡി. സതീശൻ പറഞ്ഞ കാര്യം പ്രസക്തമായിരുന്നു. നമ്മുടെ പഞ്ചായത്തുകളിലും ബ്ലോക്കുകളിലുമെല്ലാം കഴിവുള്ള എ.ഇ.-മാരും എഞ്ചിനീയറിംഗ് വിംഗുമുണ്ട്. അവരെ ആശ്രയിക്കാതെ കുട്ടികളെ

അയച്ച് സർവ്വേ നടത്തി. അവർ അവിടെപ്പോയി മൊബൈലിൽ ഫോട്ടോയെടുക്കുകയായിരുന്നു. അവർക്ക് യാതൊരു പരിജ്ഞാനവുമില്ല. ആ കണക്കെടുപ്പ് മുഴുവൻ തകരാറിലായിരുന്നു, ഇക്കാര്യത്തിൽ വലിയ ആക്ഷേപമുണ്ടായിരുന്നു. അങ്ങ് ചെങ്ങന്നൂർ എം.എൽ.എ.-യോട് ചോദിച്ചു നോക്കൂ. അദ്ദേഹത്തിന്റെ മണ്ഡലം പ്രളയബാധിത പ്രദേശമാണല്ലോ? നമ്മുടെ ഡിപ്പാർട്ടുമെന്റിനെ ആശ്രയിക്കാതെ നടത്തിയ സർവ്വേയിലും ഈ വിലയിരുത്തലിലും വലിയ പാളിച്ചയാണുണ്ടായതെന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഈ വിലയിരുത്തലിൽ ഒരുതരത്തിലുള്ള പാളിച്ചയുമുണ്ടായിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് അവർക്ക് അപ്പീൽ കൊടുക്കാനുള്ള അവസരമുണ്ടായിട്ടുണ്ട്. ആ അപ്പീലിന്റെ ഭാഗമായി ഗൗരവമായ പ്രശ്നങ്ങൾ എന്തെങ്കിലും ഉന്നയിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് പരിഹാരവുമുണ്ടായിട്ടുണ്ട്. വളരെ പെട്ടെന്ന് ലക്ഷക്കണക്കിന് ആളുകളുടെ, കുടുംബങ്ങളുടെ വിവരങ്ങളാണ് ശേഖരിക്കേണ്ടിയിരുന്നത്. അതിനുപറ്റിയ, സജ്ജരായ, യോഗ്യരായ ആളുകളെത്തന്നെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്. ഇവിടെ പറഞ്ഞതു പോലെ ഒരു ഹൈസ്കൂൾ സ്റ്റുഡന്റും സർവ്വേ നടത്താൻ പോയിട്ടില്ല, ഒരു വിദ്യാർത്ഥിയെയും ഇതിന് ഉപയോഗിച്ചിട്ടില്ല. എഞ്ചിനീയറിംഗ് രംഗത്ത് വൈദഗ്ദ്ധ്യമുള്ള ആളുകളെയാണ് ഇക്കാര്യങ്ങൾക്കെല്ലാം ഉപയോഗിച്ചിട്ടുള്ളത്.

ആദ്യഘട്ടത്തിൽ നമ്മൾ ഒരുമിച്ചാണ് ഈ പ്രളയദുരന്തത്തെ നേരിടാൻ പ്രവർത്തിച്ചത് എന്നത് ശരിയാണ്. പക്ഷെ, അതിനുശേഷം എന്തിനാണ് ഒരു നിഷേധാത്മക സമീപനം സ്വീകരിച്ചതെന്ന് നിങ്ങൾ തന്നെ ആലോചിക്കേണ്ട കാര്യമാണ്. ഇവിടെ പ്രളയത്തിൽ 31,000 കോടിരൂപയുടെ നഷ്ടമാണുണ്ടായത്. അതിന്റെ ആറിലൊന്ന് സഹായംപോലും കേന്ദ്ര ഗവൺമെന്റിൽനിന്നും ലഭിക്കുന്നതിനുള്ള സമീപനമുണ്ടായില്ല. അത്തരമൊരു കാര്യത്തിൽ എന്തെങ്കിലും പ്രതികരണമോ കുറ്റപ്പെടുത്തലുകളോ എന്തുകൊണ്ടാണ് നിങ്ങളുടെ ഭാഗത്തുനിന്നും ഉണ്ടാകാതിരുന്നത്? അതുപോലെതന്നെ സാലറി ചലഞ്ച് വഴി തുക സമാഹരിക്കാൻ ശ്രമിച്ചു. നമുക്കാവശ്യമായ തുക ലഭിക്കില്ലെന്ന് വന്നപ്പോഴാണ് ആ നിലപാട് സ്വീകരിച്ചത്. അക്കാര്യത്തിൽ എന്തിനാണ് തടയിടാൻ ശ്രമിച്ചത്? തടയിടാൻവേണ്ടിയുള്ള എല്ലാ ശ്രമങ്ങളും നടന്നല്ലോ. നിങ്ങളുടെ തടസ്സവും വിലക്കും മറികടന്ന് സാലറി ചലഞ്ച് ഇനത്തിലേയ്ക്ക് 1112 കോടി രൂപയാണ് നമ്മുടെ ജീവനക്കാർ നൽകിയതെന്ന് നിങ്ങൾ മനസ്സിലാക്കണം. എന്തിന് അത്തരമൊരു നിഷേധാത്മക സമീപനം സ്വീകരിക്കാൻ പോയി? വിദേശത്ത് പോയി അവിടെയുള്ള മലയാളികളിൽനിന്നും സഹായം സ്വീകരിക്കാനുള്ള ഒരു

ശ്രമം ഞങ്ങൾ നടത്തി. മന്ത്രിമാർക്ക് വിവിധ രാജ്യങ്ങളിൽ പോകാനുള്ള അനുമതി തേടി. എന്നാൽ ആ യാത്ര കേന്ദ്ര ഗവൺമെന്റ് തടഞ്ഞു. എങ്ങനെയാണ് അതിനെക്കുറിച്ച് നിങ്ങൾ പ്രതികരിച്ചത്; അത് തടഞ്ഞ കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്താനാണോ നിങ്ങൾ തയ്യാറായത്? മന്ത്രിമാർ വിനോദയാത്ര പോകുന്നുവെന്ന മട്ടിലാണ് നിങ്ങൾ പ്രതികരിച്ചത്. അതാണോ ഇത്തരമൊരു കാര്യത്തിൽ സ്വീകരിക്കേണ്ട സമീപനം?

ശ്രീ. വി. ഡി. സതീശൻ: ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, മന്ത്രിമാർക്ക് വിദേശ പര്യടനം നടത്തുന്നതിനുള്ള അവസരമെല്ലാം കേന്ദ്ര ഗവൺമെന്റ് നിഷേധിച്ചു. മുഖ്യമന്ത്രിക്ക് മാത്രമാണ് യു.എ.ഇ-യിൽ പോകാനുള്ള അനുമതി നൽകിയത്. അങ്ങ് കുറെ ദിവസം യു.എ.ഇ.-യിൽ പര്യടനം നടത്തി. 300 കോടി രൂപയുടെ ഓഫർ യു.എ.ഇ.-യിൽ നിന്നും ലഭിച്ചുവെന്നാണ് അവിടെനിന്നും തിരിച്ച് വന്നപ്പോൾ അങ്ങ് പ്രഖ്യാപിച്ചത്. യു.എ.ഇ.-യിൽ നിന്നും എത്ര കോടി രൂപ കിട്ടിയെന്ന് അങ്ങേയ്ക്ക് വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, യു.എ.ഇ.-യിൽ നടന്ന യോഗത്തിൽത്തന്നെ ഒരു സ്ഥാപനത്തിലെ ജീവനക്കാർ കോടികൾ ഓഫർ ചെയ്യുന്ന സാഹചര്യമുണ്ടായി. അത് എത്ര കോടിയാണെന്ന് ഞാൻ കൃത്യമായി ഓർക്കുന്നില്ല. പക്ഷെ കോടികളാണ് അവർ വാഗ്ദാനം ചെയ്തത്. നല്ലൊരു തുക ആ സ്ഥാപനത്തിലെ ജീവനക്കാർ ഒന്നിച്ച് കൊണ്ടുവന്ന് തരികയാണ് ചെയ്തത്. ആ യോഗത്തിലുണ്ടായ പ്രതികരണമാണ് ഞാൻ പറഞ്ഞത്. അവരെല്ലാംകൂടി 300 കോടി രൂപയെങ്കിലും തരുമെന്ന പ്രതീക്ഷയായിരുന്നു ഉണ്ടായിരുന്നത്. അതാണ് ഞാൻ പറഞ്ഞത്. അതിനുശേഷവും ഓരോരുത്തരായി പണം തന്നിട്ടുണ്ട്. ഇപ്പോഴും ഓഫീസിൽ വന്ന് പണം തരുന്നുണ്ട്. അത് തുടർന്നു കൊണ്ടിരിക്കുകയാണ്. ഇത്രയിത്ര തുക വാഗ്ദാനം ചെയ്തിട്ടുള്ള ഓരോരുത്തരുടെയും കണക്ക് വേർതിരിച്ച് വച്ചിട്ടുണ്ട്. പണം കൃത്യമായി വന്നുകൊണ്ടിരിക്കുന്നുണ്ട്, അതിൽ യാതൊരു പ്രശ്നവുമില്ല. അതിനെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. എന്തിനാണ് ഒന്നും ലഭിച്ചില്ലെന്ന ഒരു പ്രതീതിയുണ്ടാക്കുന്നത്? ഇവിടെ ചില രാജ്യങ്ങൾതന്നെ സഹായിക്കാനായി മുന്നോട്ടുവന്നു. പക്ഷേ ആ സഹായം കൈപ്പറ്റുന്നതിന് വിലക്കുണ്ടായി. സാധാരണഗതിയിൽ നമ്മുടെ നാടിനോട് കാണിക്കുന്ന ഒരു അവഗണന; അതിൽ ശക്തമായി പ്രതികരിക്കാൻ തയ്യാറാകണം. അങ്ങനെ പ്രതികരിക്കാൻ തയ്യാറായോ? അതുപോലെതന്നെ പ്രളയ ദുരന്തമുണ്ടായ സാഹചര്യത്തിൽ വായ്പാ പരിധി ഉയർത്തണമെന്ന് നമ്മൾ ആവശ്യപ്പെട്ടു. പക്ഷേ കേന്ദ്ര ഗവൺമെന്റ്

അതിന് അനുകൂലമായ നിലപാടല്ല സ്വീകരിച്ചത്. നിങ്ങൾ ആ ഘട്ടത്തിലും മൗനം പാലിക്കുകയാണ് ചെയ്തത്. എന്തുകൊണ്ടാണ് ഇത്തരത്തിലൊരു നിലപാട് നിങ്ങൾ സ്വീകരിക്കുന്നത്? നമ്മൾ തമ്മിൽ രാഷ്ട്രീയമായി ഭിന്നതയുണ്ടാകും, പക്ഷേ സർക്കാർ പ്രവർത്തിക്കുന്നത് നാടിനുവേണ്ടിയാണ്. നിങ്ങളും ഞങ്ങളും നാടിന്റെ ഭാഗമാണ്. ദുരന്തത്തിൽ നിന്ന് നാടിനെ മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. അതിനെ നിങ്ങൾ പ്രത്യേകമായി കാണണം. നിങ്ങൾ സി.പി.ഐ.(എം)-നോടോ എൽ.ഡി.എഫ്.-നോടോ സ്വീകരിക്കുന്ന സമീപനം ഇക്കാര്യത്തിൽ സർക്കാരിനോടും സർക്കാർ മുൻകയ്യെടുത്ത് നടത്തുന്ന പ്രവർത്തനങ്ങളോടും സ്വീകരിക്കാമോ? അങ്ങനെയൊരു സമീപനമാണ് നിങ്ങൾ സ്വീകരിച്ചത്. ദുരന്തഘട്ടത്തിൽ ഒറ്റക്കെട്ടായി നിൽക്കുന്നതിനുപകരം നാടിന്റെ താല്പര്യം ബലികഴിപ്പിക്കുന്ന തരത്തിലുള്ള നിലപാടാണ് നിങ്ങൾ സ്വീകരിച്ചത്. സംസ്ഥാനത്തിന്റെ വിഭവ സമാഹരണ ശ്രമങ്ങളെ തകർക്കാനാണ് ശ്രമിച്ചത്. ഇതെല്ലാം ചെയ്തിട്ട് ഇപ്പോൾ ഇവിടെ വന്ന് മറ്റൊരു ചിത്രം അവതരിപ്പിക്കാൻ നോക്കുന്നതിന്റെ ആത്മാർത്ഥത എല്ലാവർക്കും മനസ്സിലാകും. കേരളത്തിനുവേണ്ടി ഒരു വാക്ക് പറയാൻ തയ്യാറായില്ല. കേരളത്തിനെതിരായ കേന്ദ്ര നിലപാടിനെതിരെ ഒരു വാക്ക് പറഞ്ഞില്ല. അത് നിങ്ങൾ ഓർക്കേണ്ട കാര്യമാണ്.

കോൺഗ്രസ് പാർട്ടി ആയിരം വീട് നിർമ്മിച്ച് നൽകുമെന്ന് പറഞ്ഞിരുന്നല്ലോ. എവിടെയാണ് ആ വീടുകൾ? വാചകമടിക്കാൻ വളരെ എളുപ്പമാണ്. പ്രവർത്തിക്കാനാണ് വിഷമം. നിങ്ങൾക്കുള്ള ദൗർബല്യം മറച്ചുവച്ച്, പ്രവർത്തിക്കുന്നവരെ ആക്ഷേപിക്കാൻ എളുപ്പമാണെന്നാണ് നിങ്ങളിപ്പോൾ തെളിയിക്കുന്നത്. ഇതെല്ലാം ജനങ്ങൾ മനസ്സിലാക്കും.

<u>ശ്രീ. പി. ജെ. ജോസഫ്</u>: സർ, പ്രളയത്തിൽ 31,000 കോടി രൂപയുടെ നഷ്ടംവന്നു. കേന്ദ്രത്തിന് ആദ്യമൊരു മെമ്മോറാണ്ടം കൊടുത്തു. രണ്ടാമത് സമർപ്പിച്ച മെമ്മോറാണ്ടത്തിൽ 5,700 കോടി രൂപയാണ് ആവശ്യപ്പെട്ടത്. അത് വളരെ അപര്യാപ്തമാണെന്ന് ഞാൻ അന്നുതന്നെ പറഞ്ഞിരുന്നു. നോംസ് അനുസരിച്ചാണ് കൊടുത്തതെന്നാണ് പറഞ്ഞത്. നിങ്ങൾക്ക് റിവൈസ്ഡ് മെമ്മോറാണ്ടം കൊടുക്കാമെന്ന് 1985-ൽ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോഴുണ്ടായ അനുഭവം വച്ചാണ് ഞാൻ പറഞ്ഞത്. കാരണം, it is a calamity of rare severity. 31,000 കോടി രൂപയുടെ നഷ്ടമുണ്ടായപ്പോൾ 5,700 കോടി രൂപയാണ് ആവശ്യപ്പെട്ടത്. റിപ്പോർട്ടുപ്രകാരം 46000 പശുക്കൾ ഒഴുകിപ്പോയി. നിങ്ങൾ ആവശ്യപ്പെട്ടത് 5000 പശുക്കൾക്കുള്ള നഷ്ടപരിഹാരമാണ്. അങ്ങനെ 5000 പശുക്കൾക്ക് 30,000 രൂപവച്ച് തന്നു. ഞാൻ റിവൈസ്ഡ് മെമ്മോറാണ്ടം കൊടുക്കണമെന്ന് പറഞ്ഞു.

കൊടുത്തില്ല. A calamity of rare severity എന്നുള്ള നിലയിൽ രണ്ടോമൂന്നോ പ്രാവശ്യം റിവൈസ് ചെയ്യാമായിരുന്നു. ഞാൻ റവന്യൂ വകുപ്പുമന്ത്രിയായിരുന്നപ്പോൾ മെമ്മോറാണ്ടം തയ്യാറാക്കാൻ തീരുമാനമെടുക്കുകയും അതിന് ഫലമുണ്ടാകുകയും ചെയ്തു. അതുപോലെ നിങ്ങൾക്ക് എത്ര പ്രാവശ്യം വേണമെങ്കിലും റിവൈസ് ചെയ്യാമായിരുന്നു, ചെയ്തില്ല. കേന്ദ്രത്തോട് ആവശ്യപ്പെട്ടതിന്റെ പകുതി തുക അവർ തന്നു. 46000 പശുക്കൾ നഷ്ടപ്പെട്ടുവെന്നത് ഹോം ഡിപ്പാർട്ടുമെന്റിന്റെ കണക്കാണ്. ഞങ്ങൾക്ക് ഇപ്പോഴാണ് കണക്ക് കിട്ടിയതെന്നുപറഞ്ഞ് ഇനിയാണെങ്കിലും കൊടുക്കാമെന്നാണ് എന്റെ അഭിപ്രായം. എന്തുകൊണ്ട് കൊടുക്കാൻ തയ്യാറാകുന്നില്ല?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങയുടെ നല്ല മനസ്സിന് എപ്പോഴും നന്ദിയുള്ളവനാണ് ഞാൻ. കാരണം, അങ്ങനെയൊരു മനസ്സ് രൂപപ്പെടാനൊരു ഘടകം പണ്ടുണ്ടായിരുന്നു. അതിന്റെ ഭാഗമായിട്ടാണത്. മാനദണ്ഡം അനുസരിച്ച മാത്രമേ നിവേദനം കൊടുക്കാൻ സാധിക്കുകയുള്ളൂ. നേരത്തെ 1985-ലെ നിയമമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ 2005-ലെ നിയമമാണ്. 2005-ലെ നിയമമനുസരിച്ച് മാത്രമേ നിവേദനം സമർപ്പിക്കാൻ സാധിക്കുകയുള്ളൂ. ആ നിയമമനുസരിച്ചുള്ള നടപടികളാണ് സർക്കാർ ഇവിടെ സ്വീകരിച്ചത്.

ഗൾഫ് മേഖലയിൽനിന്ന് കിട്ടിയ പണം എത്രയാണെന്ന് ഇവിടെ പ്രത്യേകമായി ചോദിക്കുകയുണ്ടായി. സി.എം.ഡി.ആർ.എഫ്.-ലേയ്ക്ക് വിദേശ മലയാളികൾ ഓൺലൈനായി നൽകിയത് ആകെ 94 കോടി രൂപയാണ്. ഇതിൽ ഗൾഫ് മേഖലയിൽനിന്ന് ലഭ്യമായത് 54 കോടി രൂപയാണ്.

വീട് നിർമ്മാണവുമായി ബന്ധപ്പെട്ട് പറയാം. നഷ്ടപ്പെട്ട വീടുകൾ ചിലർ സ്വന്തമായി നിർമ്മിക്കുകയാണ്. അത്തരം വീടുകളുടെ നിർമ്മാണത്തിന്റെ ഘട്ടം അനുസരിച്ചാണ് കാശ് കൊടുക്കുന്നത്. ഒന്നാംഘട്ടം കഴിഞ്ഞതിനുശേഷം കാശ് കൊടുക്കുകയാണ് ചെയ്യുന്നത്. അതിൽ കാലതാമസമുണ്ടായാൽ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. സഹകരണമേഖല നിർമ്മിക്കാൻ തീരുമാനിച്ച വീടുകളിൽ കുറേ പൂർത്തിയായിക്കഴിഞ്ഞു, ബാക്കിയുള്ളവയുടെ നിർമ്മാണം അതിവേഗത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. വിവിധ സ്പോൺസർമാർ നിർമ്മിക്കുന്ന വീടുകൾ ഏറെക്കുറെ പൂർത്തിയായിക്കഴിഞ്ഞു, ബാക്കിയുള്ളവ എത്രയും പെട്ടെന്ന് പൂർത്തിയാക്കാനുള്ള നടപടികളെടുത്തുവരികയാണ്. സർട്ടിഫിക്കറ്റുകളും പഠനോപാധികളും നഷ്ടപ്പെട്ട വിദ്യാർത്ഥികൾക്ക് അവയെല്ലാം സമയബന്ധിതമായി നൽകിയത് മറന്നുപോകരുതെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ ഓർമ്മിപ്പിക്കാനുള്ളത്.

ജനുവരി 31-നുശേഷം അപ്പീലുകൾ വന്നില്ലെന്നു പറഞ്ഞു. എങ്കിൽപ്പിന്നെ എങ്ങനെയാണ് ലക്ഷത്തിൽപ്പരം അപേക്ഷകൾ അപ്പീലായി കിട്ടിയത്? അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞു. തീർപ്പാക്കിയത് മുഴുവൻ ഒന്നുകിൽ ചവറ്റുകുട്ടയിൽ ഇട്ടതാണ് അല്ലെങ്കിൽ മാറ്റിവച്ചതാണ് എന്നാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. അങ്ങനെയല്ല. അർഹതപ്പെട്ടരെ നിഷേധിക്കുന്ന യാതൊരു നടപടിയും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടില്ല. അങ്ങനെയൊരു നിലപാട് ഉദ്യോഗസ്ഥരും സ്വീകരിക്കുന്നില്ല.

റീബിൽഡ് കേരളയുടെ ഭാഗമായി ഒരു കെട്ടിടം മാസവാടകയ്ക്ക് എടുത്തതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഇതുപോലൊരു സംവിധാനത്തിന്റെ പ്രവർത്തനത്തിന് ഓഫീസ് കെട്ടിടം വേണമെന്നത് സ്വാഭാവികമല്ലേ; എന്തിനാണ് കുറ്റപ്പെടുത്തുന്നത്? റീബിൽഡ് കേരളയ്ക്കുവേണ്ടി കെട്ടിടമെടുത്തത് സി.എം.ഡി. ആർ.എഫ്.-ൽ നിന്നുള്ള പണംകൊണ്ടല്ല. റീബിൽഡ് കേരള എന്നത് ഈ ദുരിതാശ്വാസ പ്രവർത്തനത്തിന് മാത്രമുള്ളതല്ല, കേരളത്തിന്റെ പുനർനിർമ്മാണ പ്രക്രിയയ്ക്കു വേണ്ടിയുള്ളതാണ്. അതുമായി ബന്ധപ്പെട്ട ഒട്ടേറെ പദ്ധതികളാണ് അവർക്ക് ആസൂത്രണം ചെയ്യാനുള്ളത്. വിവിധ മേഖലകളിലെ വിദഗ്ദ്ധരുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. അതിനെല്ലാമുള്ള സൗകര്യങ്ങൾ അവിടെ വേണം. സെക്രട്ടേറിയറ്റിന്റെ ഭാഗമല്ലാതെയുള്ള സംവിധാനമാണ് എന്നതുകൊണ്ടാണ് പുറത്ത് അതിനുള്ള സൗകര്യമൊരുക്കേണ്ടിവന്നത്.

മുൻഗണനയുടെ കാര്യത്തിൽ ഞങ്ങളെ സംബന്ധിച്ചിടത്തോളം യാതൊരു തരത്തിലുള്ള ആശയക്കുഴപ്പവുമുണ്ടായിട്ടില്ല. കൃത്യമായ മുൻഗണനയോടുകൂടിത്തന്നെയാണ് കാര്യങ്ങൾ നടപ്പാക്കിയിട്ടുള്ളത്. അതിന്റെ ഭാഗമായി ആദ്യം നമ്മളെല്ലാവരുംകൂടി രക്ഷാപ്രവർത്തനം നടത്തി. പിന്നെ പുനരധിവാസ പ്രവർത്തനം നടത്തി. അതിന്റെ തുടർച്ചയായുള്ള സഹായങ്ങൾ അതിവേഗതയിൽ പൂർത്തീകരിക്കാൻ ശ്രമിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായാണ് എവിടെയുമില്ലാത്ത തരത്തിലുള്ള ചില ഇടപെടലുകൾ നമ്മുടെ ഭാഗത്തുനിന്നുമുണ്ടായത്. കേന്ദ്ര ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള തുകയല്ല നമ്മൾ കൊടുത്തത്. 15 ശതമാനത്തിന് 5,200 രൂപ, 16 മുതൽ 29 വരെ 28,500 രൂപ, 30 മുതൽ 59 വരെ 47,500 രൂപ, 60 മുതൽ 74 വരെ 71,000 രൂപ എന്ന നിരക്കിലാണ് നൽകിയത്. ഓരോന്നിനും എത്രയാണ് നിശ്ചയിച്ചുകൊടുത്തതെന്ന് ബഹുമാനപ്പെട്ട അംഗംതന്നെ പറഞ്ഞിട്ടുണ്ട്, ഞാനത് ആവർത്തിക്കുന്നില്ല. ഇതെല്ലാം യഥാർത്ഥത്തിൽ അപകടത്തിനിരയായവരോടുള്ള കരുതലിന്റെ ഭാഗമായിത്തന്നെയാണ് ചെയ്തത്. ഇവിടെ ഉദ്യോഗസ്ഥരെ

ഏൽപ്പിക്കുകയാണ് ചെയ്തത് എന്നാണ് പറയുന്നത്. സർക്കാരിനുവേണ്ടി പ്രവർത്തിക്കേണ്ടത് ഉദ്യോഗസ്ഥരല്ലേ; ഉദ്യോഗസ്ഥർ വെറുതെ ഇരിക്കാനുള്ളവരാണോ; സർക്കാരിന്റെ കാര്യങ്ങൾ ഉദ്യോഗസ്ഥർ മുഖേനയല്ലേ നടപ്പാക്കുന്നത്; കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഉദ്യോഗസ്ഥരല്ലാത്ത വേറെ ആരെയെങ്കിലും കൊണ്ടുവന്ന് നടപ്പാക്കിയിട്ടുണ്ടോ? അപ്പോൾ ഉദ്യോഗസ്ഥരെ ഏൽപ്പിക്കുന്നത് സ്വാഭാവികമാണ്. അതിന്റെയർത്ഥം തീരുമാനങ്ങളെടുക്കുന്നത് മുഴുവൻ ഉദ്യോഗസ്ഥരാണ് എന്നതല്ല. നയപരമായ തീരുമാനങ്ങൾ എപ്പോഴും സർക്കാരിന്റേതാണ്. ആ നയപരമായ തീരുമാനം നടപ്പാക്കാനുള്ള ബാധ്യതയാണ് ഉദ്യോഗസ്ഥർക്കുള്ളത്, അതാണ് അവർ നടപ്പാക്കുന്നത്, അവരത് ഭംഗിയായിത്തന്നെ നടപ്പാക്കിയിട്ടുണ്ടെന്നാണ് തോന്നുന്നത്. അതിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ അതിലിടപെട്ട് പരിഹരിക്കാനുള്ള ശ്രമവും സർക്കാർ നടത്തും. പക്ഷേ മൊത്തത്തിലുള്ള അനുഭവം അവർ ഇടപെട്ട് കാര്യങ്ങൾ നിർവ്വഹിച്ചു എന്നുള്ളത് തന്നെയാണ്.

ആദ്യം കൊടുത്ത 10,000 രൂപ 20 ശതമാനം പേർക്ക് ലഭിക്കാൻ ബാക്കിയുണ്ടെന്ന് പറയുകയുണ്ടായി. അത് വസ്തുതയല്ല. കണക്ക് പെരുപ്പിച്ച് പറയുകയാണ്. ബഹുമാന്യനായ വി. ഡി. സതീശന്റെ വാഗ്‌വൈഭവം നമുക്കെല്ലാവർക്കും അറിയാമല്ലോ! അതിന്റെ ഭാഗമായിട്ടുള്ളൊരു പെരുപ്പിക്കലാണ് നടന്നിട്ടുള്ളത്. അതൊന്നും വസ്തുതാപരമായി ശരിയല്ല. പൂർണ്ണമായി തകർന്ന വീടിന് 15,000 രൂപയിൽ കുറഞ്ഞുപോകുന്ന അവസ്ഥയുണ്ടായിട്ടില്ല. പൂർണ്ണമായി തകർന്ന വീടുകളെ അത്തരത്തിൽ തന്നെയാണ് കണക്കാക്കിയിട്ടുള്ളത്. പുതിയ വീട് നിർമ്മിക്കാനാവശ്യമായ 4 ലക്ഷം രൂപ തന്നെ ആ വീടിന് നൽകും. അവർ 75 ശതമാനത്തിന് മുകളിലുള്ള പട്ടികയിലാണ് പെടുന്നത്. 74 ശതമാനം തകർന്ന വീട്ടിൽ എങ്ങനെ താമസിക്കുമെന്ന് ചോദിക്കുകയുണ്ടായി. ഒന്നോ അതിലേറെയോ ചുമരുകൾ തകരുകയും എന്നാൽ മേച്ചിലോടുകൾ നഷ്ടമായതല്ലാതെ മേൽക്കൂരയ്ക്ക് സ്ട്രക്ചറൽ തകരാറുകളില്ലാത്തതുമാണ് 74 ശതമാനംവരെ വരുന്നത്. പൂർണ്ണമായും തകർന്നുപോയവ 75 ശതമാനത്തിന് മുകളിലാണ് ഉൾപ്പെടുന്നത്. വീടെല്ലാം തകർന്നുപോയിട്ടും യാതൊരു ലിസ്റ്റിലും ഉൾപ്പെടാത്തത് സംബന്ധിച്ച് ബഹുമാന്യനായ അംഗം പറയുകയുണ്ടായി. അങ്ങനെ ഏതെങ്കിലുമുണ്ടെങ്കിൽ അത് പരിഹരിക്കേണ്ടത് നമ്മുടെയെല്ലാം ആവശ്യമാണല്ലോ.

11.00 A.M.]

ബഹുമാന്യനായ അംഗം ആ വീടുകൾ ഏതാണെന്ന് അറിയിച്ചാൽ അവിടെ എന്താണ് സംഭവിച്ചതെന്ന് അന്വേഷിക്കാം. അങ്ങനെ സംഭവിക്കാനിടയില്ല, ഇനി പറഞ്ഞത് യാഥാർത്ഥ്യമാണെങ്കിൽ അദ്ദേഹം അതുമായി ബന്ധപ്പെട്ട വസ്തുതകൾ തരട്ടെ, പരിശോധിച്ച് അത് പരിഹരിക്കാം. റീബിൽഡ് കേരള ഇനിഷ്യേറ്റീവ് എന്നുപറയുന്നത് മൊത്തത്തിലുള്ള ഒരു സംവിധാനമാണ്. അത് കേവലമായ ഒരു ദുരിതാശ്വാസ പ്രവർത്തനം മാത്രമല്ല, നമ്മുടെ നാടിന്റെ പുനർനിർമ്മാണമാണ്. ആ പുനർനിർമ്മാണത്തിൽ എല്ലാ വകുപ്പുകൾക്കും പങ്കുണ്ടാകും. അതിന്റെ ഭാഗമായാണ് ഒരു സമിതി, അതോടൊപ്പം ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഒരു ഉദ്യോഗസ്ഥ സംവിധാനം, അത് നടപ്പിലാക്കാനുള്ള മറ്റൊരു നിർവ്വഹണ സമിതി ഇതെല്ലാം വരുന്നത്. അത് ഫലപ്രദമായിത്തന്നെ നടക്കുന്നുണ്ട്. മത്സ്യത്തൊഴിലാളിരംഗത്ത് നല്ലരീതിയിലുള്ള ഇടപെടലുകൾ തന്നെയാണ് സർക്കാർ നടത്തുന്നത്. അതിന്റെ ഭാഗമായിട്ടാണ് സി.എം.ഡി.ആർ.എഫ്.-ൽ ബാക്കിയുള്ള പണംകൊണ്ട് പദ്ധതികൾ രൂപീകരിക്കുമ്പോൾ മത്സ്യത്തൊഴി ലാളികളുടെ വീട് നിർമ്മാണത്തിന് മുൻഗണന കൊടുത്തത്. അതിൽ അപകടം പറ്റിയവരുണ്ട്, 50 മീറ്ററിനകത്തുനിന്ന് മാറി താമസിക്കേണ്ടവരുണ്ട്. അത്തരം വീടുകളിലുള്ളവരെ മാറ്റിപാർപ്പിക്കുന്നതിനാണ് മുൻഗണന കൊടുത്തിരിക്കുന്നത്. ഒരു ആശങ്കയും വേണ്ട, വ്യക്തമായ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാനോടുകൂടിത്തന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതുകൊണ്ടുതന്നെ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരാവശ്യവും ഇക്കാര്യത്തിലില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സ്പീക്കർ സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് മുഴുവൻ ഉദ്യോഗസ്ഥർ എഴുതി ക്കൊടുത്ത കണക്കുകൾ മാത്രമാണ്. ലോകം കണ്ട, കേരളം കണ്ട വലിയൊരു പ്രളയദുരന്തമാണ് സമീപകാലത്തുണ്ടായത്. ഏതാണ്ട് ഒരു വർഷമായിട്ടും അവർക്ക് സഹായം കൊടുക്കാനോ, റീബിൽഡ് കേരളയുടെ പ്രവർത്തനങ്ങൾ തുടങ്ങിവയ്ക്കാനോ കഴിയാത്ത മുഖ്യമന്ത്രിയാണ് ഈ വീരസ്യങ്ങൾ മുഴുവൻ ഇവിടെ പറഞ്ഞതെന്ന് നമ്മൾ ഓർക്കണം. അദ്ദേഹം പറഞ്ഞത്, ലോകം മുഴുവൻ നമ്മളെ

അഭിനന്ദിച്ചുവെന്നാണ്. സർക്കാരിനെയല്ല അഭിനന്ദിച്ചത്, കേരളത്തിലെ ജനങ്ങളെയാണ് ലോകം മുഴുവനുമുള്ള ആളുകൾ അഭിനന്ദിച്ചത്. ഇവിടെ ഓഖി ദുരന്തത്തിൽപ്പെട്ട് കഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾ അവരുടെ ജീവിത പ്രയാസങ്ങൾ മുഴുവൻ മാറ്റിവച്ചുകൊണ്ട് പ്രളയ ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ വന്നു. ആ മത്സ്യത്തൊഴിലാളികളെയാണ് ലോകം മുഴുവൻ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തത്. സർക്കാർ സംവിധാനം അനങ്ങാതിരുന്നപ്പോൾ, ഭക്ഷ്യധാന്യങ്ങൾ ശേഖരിച്ച് അവിടെ കൊണ്ടുകൊടുത്ത സന്നദ്ധസംഘടനകളെയാണ് ജനങ്ങൾ അഭിനന്ദിച്ചത്. അവരാണ് ക്യാമ്പുകളിൽ സാധനങ്ങൾ കൊണ്ടുകൊടുത്തത്. നാട്ടുകാരാണ്, നമ്മുടെ ചെറുപ്പക്കാരാണ് മുൻകയ്യെടുത്തത്. അവരെയാണ് ലോകം മുഴുവനുമുള്ള ആളുകൾ അഭിനന്ദിച്ചത്. ആ അഭിനന്ദനം മുഴുവൻ തന്റെ തലയിലെ തൊപ്പിയാണെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ എനിക്കത് വളരെ പരിഹാസ്യമായൊരു നടപടിയായിട്ടാണ് തോന്നിയത്. സാലറി ചലഞ്ചിനെ നിങ്ങൾ എതിർത്തില്ലേയെന്ന് ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചോദിച്ചു. സാലറി ചലഞ്ച് ഗുണ്ടാപിരിവാണെന്ന് പറഞ്ഞത് ബഹുമാനപ്പെട്ട ഹൈക്കോടതിയാണ്. അങ്ങ് വായിച്ച തുകയിൽ പ്രതിപക്ഷ നേതാവെന്നുള്ള നിലയിൽ എന്റെ ശമ്പളവുമുണ്ട്, ഇവിടത്തെ എം.എൽ.എ.-മാരുടെ ശമ്പളവുമുണ്ട്, ജീവനക്കാർ സ്വമേധയാ തന്ന പണവുമുണ്ട്. പക്ഷെ നിങ്ങൾ അത് പിടിച്ചുപറിക്കാൻ തുടങ്ങിയപ്പോഴാണ് അതിനെതിരായ റെസിസ്റ്റൻസുണ്ടായത്. നിങ്ങൾ വീട്ടിൽ ചെന്നാൽ കുട്ടികൾ ചോദിക്കുകയില്ലേ എന്നാണ് ധനകാര്യ വകുപ്പുമന്ത്രി ചോദിച്ചത്. ഭീഷണിയുടെ മുമ്പിൽ മുട്ടുമടക്കിയ നടപടിയെപ്പറ്റിയാണ് കുട്ടികൾ ചോദിക്കുന്നതെന്ന് ഞങ്ങൾ മറുപടി പറഞ്ഞത് ശരിയാണ്. ഇവിടെ സ്വമേധയാ ജനങ്ങളും ജീവനക്കാരും തരാൻ തയ്യാറായിരുന്നു. നിങ്ങൾ അവരെ ഭീഷണിപ്പെടുത്തി, സി.പി.ഐ.(എം)-ന്റെ ശൈലിയിലുള്ള ഭീഷണി വന്നപ്പോൾ അത് മനസ്സിൽ വച്ചേയ്ക്കുവെന്ന് ഞങ്ങൾ പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. സാലറി ചലഞ്ചിൽ ആളുകൾ പങ്കെടുക്കുകയും ഞങ്ങൾ ഉൾപ്പെടെയുള്ള എല്ലാവരും സഹായിക്കുകയും ചെയ്തുവെന്നുള്ളത് ലോകത്തിന് മുഴുവൻ അറിയാവുന്ന കാര്യമാണ്. ഇവിടെ ഭീഷണിയുടെ സ്വരം വന്നപ്പോഴാണ്, ആ ഭീഷണി വേണ്ടെന്ന് ഞങ്ങൾ പറഞ്ഞത്. അത് നാളേയും ഞങ്ങൾ പറയും. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞല്ലോ, 800 കോടി രൂപ യു.എ.ഇ.-യിൽ നിന്ന് കിട്ടുമായിരുന്നെന്ന്. കേന്ദ്ര ഗവൺമെന്റ് അത് തടഞ്ഞപ്പോൾ ആദ്യം അതിനെതിരായ നിലപാട് സ്വീകരിച്ചത് പ്രതിപക്ഷ നേതാവായ ഞാനായിരുന്നു. അങ്ങ് ഇവിടെ നൽകിയ ഒരു ഉത്തരം എന്റെ കയ്യിലുണ്ട്, സമയമില്ലാത്തതുകൊണ്ട് ഞാനത് വായിക്കുന്നില്ല. അങ്ങയുടെ യു.എ.ഇ. സന്ദർശനത്തിനുശേഷം വാഗ്ദാനം ചെയ്ത തുക കിട്ടിയിട്ടില്ല. ബുദ്ധിപൂർവ്വം

അങ്ങ് പറയുകയാണ് ധാരാളം ആളുകൾ ഇപ്പോഴും പണം അയച്ചു കൊണ്ടിരിക്കുകയാണെന്ന്. അത് അവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കാണ് പണം അയയ്ക്കുന്നത്. അങ്ങയുടെ പര്യടനത്തിനുശേഷം ഗൾഫ് നാടുകളിൽ നിന്ന് 300 കോടി രൂപ കിട്ടുമെന്ന് പറഞ്ഞു, അതിൽ എന്തെങ്കിലും തുക കിട്ടിയോ എന്നാണ് ശ്രീ. വി. ഡി. സതീശൻ ചോദിച്ചത്. ഇല്ലെന്ന് അങ്ങ് ഈ സഭയിൽ നൽകിയ മറുപടി ഉണ്ട്. കേന്ദ്രസർക്കാരിനെതിരെ ശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. മന്ത്രിമാർ പോകുന്നതിനുമുമ്പ് നിങ്ങൾ ഹോം വർക്ക് ചെയ്തില്ലെന്നാണ് ഞാൻ പറഞ്ഞത്. ഞാൻ പറഞ്ഞ വാചകം എനിക്ക് ഇപ്പോഴും ഓർമ്മയുണ്ട്. മന്ത്രിമാർ വിദേശത്ത് പോയി പണം സ്വരൂപിക്കുന്നതിന് ഞങ്ങൾ എതിരായിരുന്നോ; ഞങ്ങൾ എന്തിനാണ് എതിർക്കുന്നത്? പക്ഷെ നിങ്ങൾക്ക് അതിലൊരു ഹോം വർക്കില്ലായിരുന്നു. ചീഫ് സെക്രട്ടറി നേരത്തെ പോകണമായിരുന്നു, വിദേശകാര്യ വകുപ്പുമായി സംസാരിക്കണമായിരുന്നു. ഈ തീരുമാനമെടുക്കുന്നതിന് മുമ്പ് നിങ്ങൾ ഹോം വർക്ക് ചെയ്തില്ല അതാണ് ഞാൻ പറഞ്ഞത്. ഞങ്ങൾ എന്തിനാണ് അതിനെ എതിർക്കുന്നത്? നിങ്ങളുടെ പിടിപ്പുകേടുകൊണ്ടാണ് അത്തരം നടപടികളുണ്ടാകാതെ പോയതും മന്ത്രിമാർ വിദേശത്തേക്ക് പോകാതിരുന്നതും എന്നുള്ളതാണ് സത്യം. അത് ഞങ്ങളുടെ തലയിൽ വയ്ക്കുന്നതെന്തിനാണ്? ഞങ്ങൾ കേന്ദ്രത്തിന്റെ നടപടികളെ വിമർശിച്ചിട്ടില്ലേ? നിങ്ങളുടെ പിടിപ്പുകേടും ഹോം വർക്കില്ലായ്മയുംകൊണ്ട് കിട്ടാതെപോയ വിദേശ സഹായത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും ഞങ്ങളുടെ തലയിൽ കെട്ടിവയ്ക്കുന്നു. നിങ്ങൾ വാദിയെ പ്രതിയാക്കാൻ നോക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: സർ, അതിന്റെ ഉത്തരവാദിത്വമാകെ നിങ്ങൾക്കാണെന്നല്ല ഞാൻ പറഞ്ഞത്. ആദ്യം ചീഫ് സെക്രട്ടറിയും ഞാനുമെല്ലാം കൂടി പ്രധാനമന്ത്രിയെ കണ്ടിരുന്നു. ഇങ്ങനെയൊരു പദ്ധതിയെക്കുറിച്ച് ഞാൻ തന്നെയാണ് പറഞ്ഞത്. അദ്ദേഹം എന്നോട് ഗുജറാത്തിലേതുപോലെ നിങ്ങൾ ചെയ്യണമെന്നൊക്കെ പറഞ്ഞു. അതിനുശേഷമാണ് ഇത് തടയുന്ന സ്ഥിതിയുണ്ടായത്. അങ്ങനെ തടഞ്ഞതിനുശേഷമുള്ള നിങ്ങളുടെ പ്രതികരണത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രീ, അതിന് ഞങ്ങൾ എന്തു പിഴച്ചു? നിങ്ങൾക്ക് അനുവാദം നൽകണമെന്നും ഇത് വേണമെന്നുമല്ലേ ഞങ്ങൾ പറഞ്ഞത്? കേന്ദ്ര ഗവൺമെന്റിന്റെയും ശ്രീ. നരേന്ദ്ര മോദിയുടെയും നയങ്ങൾ തെറ്റാണ്, കേരളത്തിന് ആവശ്യമായ ധനസഹായം നൽകണം, വിദേശസഹായം തേടാനുള്ള നടപടിയുണ്ടാകണം എന്നാണ് ഞങ്ങൾ പറഞ്ഞത്. പ്രധാനമന്ത്രിക്ക് ഞാൻ കത്തയച്ചിരുന്നു. പ്രധാനമന്ത്രിയുടെ നയങ്ങൾക്കെതിരായ

നിലപാട് സ്വീകരിച്ചിട്ടും ഞങ്ങളെ കുറ്റം പറഞ്ഞത് ശരിയായില്ല. ശ്രീ. വി. ഡി. സതീശൻ ഈ അടിയന്തരപ്രമേയം കൊണ്ടുവന്നത് ഏതോ ഒരു ചാനലിന്റെ ഇംപാക്ടിനുവേണ്ടിയാണെന്ന് പറഞ്ഞത് ശരിയായില്ല, അങ്ങ് അത് പറയാൻ പാടില്ല. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരേണ്ടത് ഒരു പ്രതിപക്ഷാംഗമെന്ന നിലയിൽ ശ്രീ. വി. ഡി. സതീശന്റെ ഉത്തരവാദിത്വമാണ്. അതിന് ഒരു ഇംപാക്ടുണ്ടാക്കേണ്ടിയിരുന്നത് അങ്ങായിരുന്നു. അങ്ങ് ആ ഇംപാക്ടുണ്ടാക്കിയില്ല, അതാണ് ഞങ്ങളുടെ പരാതി. അങ്ങ് അത് ശ്രദ്ധാപൂർവ്വം കേട്ടില്ല. അങ്ങ് അതിനെ രാഷ്ട്രീയമായി കണ്ടു. രാഷ്ട്രീയ ആരോപണമാണ് അങ്ങ് ഉന്നയിച്ചത്. കേരളത്തിലെ ജനങ്ങൾ പ്രളയത്തിനുശേഷം അനുഭവിക്കുന്ന യാതനകളും ബുദ്ധിമുട്ടുകളും സർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരികയെന്നുള്ളത് ഞങ്ങളുടെ ഡ്യൂട്ടിയാണ്, അങ്ങ് ഏതോ ഒരു ചാനലിന്റെ ഇംപാക്ടിനുവേണ്ടിയാണെന്ന് പറഞ്ഞു, പണ്ടും പറഞ്ഞിട്ടുണ്ട്. അങ്ങേയ്ക്ക് ഇഷ്ടമില്ലാത്ത വാർത്ത കൊടുക്കുന്ന പത്രങ്ങളെയെല്ലാം മാധ്യമ സിൻഡിക്കേറ്റ് എന്നുവിളിച്ച് ആക്ഷേപിച്ചിട്ടുള്ള കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. നമ്മൾ പൊതുപ്രവർത്തകരാകുമ്പോൾ നമുക്ക് ഇഷ്ടമുള്ള വാർത്തകൾ മാത്രം ഒരു മാധ്യമവും കൊടുക്കില്ല. നമ്മളെയൊക്കെ എങ്ങനെയെല്ലാം വിമർശിക്കുന്നു, എന്തെല്ലാം കാർട്ടൂണുകൾ വരുന്നു. ഇതെല്ലാം ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? അതൊക്കെ അതിന്റെ ഭാഗമായി നടക്കുന്ന കാര്യങ്ങളാണ്. മുഖ്യമന്ത്രിയെന്ന നിലയിൽ അങ്ങ് അതിനെ കുറെക്കൂടി ഗൗരവത്തിൽ കാണണം. ശ്രീ. വി. ഡി. സതീശനെപ്പോലെയുള്ള ഒരംഗം ഇവിടെ ഇത് ഉന്നയിക്കുന്നത് ചാനൽ ഇംപാക്ടിനുവേണ്ടിയാണെന്ന് അങ്ങ് പറഞ്ഞത് ശരിയായില്ല. അതോടൊപ്പംതന്നെ ഇതിനൊരു ഇംപാക്ട് ഉണ്ടാകണമെന്നാണ് ഞങ്ങളുടെ ആഗ്രഹം. കേരളത്തിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക്, ബുദ്ധിമുട്ടുകൾക്ക്, യാതനകൾക്ക് പരിഹാരമുണ്ടാകണം. നിങ്ങൾക്ക് ആദ്യമേ തെറ്റി. ഞങ്ങൾ മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, ഈ പ്രളയം എങ്ങനെയുണ്ടായിയെന്നും ഇനി പ്രളയമുണ്ടാകാതിരിക്കാൻവേണ്ടി എന്തു ചെയ്യണമെന്നും സംബന്ധിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം വേണമെന്ന് ഞങ്ങൾ പറഞ്ഞു, നിങ്ങൾ നിരാകരിച്ചു. രണ്ട്, ഭോപ്പാൽ ഗ്യാസ് ട്രാജഡിയിൽ കോമ്പൻസേഷൻ കൊടുക്കാൻവേണ്ടി ട്രിബ്യൂണലുണ്ടാക്കിയതുപോലെ ഇവിടെയും ആളുകൾക്ക് കോമ്പൻസേഷൻ കൊടുക്കുന്നതിന് ട്രിബ്യൂണൽ സ്ഥാപിക്കണമെന്ന് പറഞ്ഞു. ഒന്നോ രണ്ടോ മൂന്നോ ട്രിബ്യൂണൽ സ്ഥാപിക്കാമായിരുന്നു. ലോകത്തെമ്പാടും ട്രിബ്യൂണലുകളാണ് നഷ്ടപരിഹാരം ഇംപാർഷ്യലായി വിതരണം ചെയ്യുന്നത്. പക്ഷേ നിങ്ങളത് ചെയ്തില്ല. മൂന്നാമതായി ഞങ്ങൾ പറഞ്ഞത്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് വരുന്ന പണം പ്രത്യേക അക്കൗണ്ടായി ഇടണമെന്നാണ്. നിങ്ങൾ അതും സമ്മതിച്ചില്ല.

പ്രതിപക്ഷം ഉത്തവാദിത്വപൂർവ്വം പറഞ്ഞ ഈ മൂന്ന് കാര്യങ്ങളും നിങ്ങൾ സമ്മതിച്ചില്ല. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങേയ്ക്കും ഞാൻ ഇതിന്റെ സ്കീം തയ്യാറാക്കിത്തന്നതാണ്. കോമ്പൻസേഷൻ ഡിസ്ട്രിബ്യൂഷനിൽ ഒരു രാഷ്ട്രീയ പരിഗണനയുമില്ലാതെ ഇംപാർഷ്യലായി വീട് നഷ്ടപ്പെട്ടവർക്ക് സഹായമെത്തിക്കാൻ കഴിയുമായിരുന്നു, നിങ്ങളത് ചെയ്തില്ല. പ്രതിപക്ഷം പറഞ്ഞതുകൊണ്ടാണ് നിങ്ങളത് മൂന്നും നിരാകരിച്ചത്. അതുകൊണ്ടാണ് എനിക്ക് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസിന് പോകേണ്ടിവന്നത്. മെട്രോമാൻ ശ്രീ. ഇ. ശ്രീധരനടക്കം ഇരുപത് പേരുടെ കേസ് ഇപ്പോൾ ഹൈക്കോടതിയുടെ മുമ്പിലുണ്ട്. ഇരുപതു പേരുടെ കേസ് വന്നപ്പോഴാണ് ഹൈക്കോടതി അമിക്കസ് ക്യൂറിയെ നിയമിച്ചത്. അമിക്കസ് ക്യൂറിയുടെ റിപ്പോർട്ട് വന്നു. ഞങ്ങൾ പറഞ്ഞതെല്ലാം നൂറ് ശതമാനം ശരിയാണെന്ന് അമിക്കസ് ക്യൂറി പറഞ്ഞു. അദ്ദേഹം ഞങ്ങളുടെ ആളല്ല, നിങ്ങളുടെ ഗവൺമെന്റ്, പിണറായി സർക്കാരാണ് അദ്ദേഹത്തെ ഗവൺമെന്റ് പ്ലീഡറായി നിയമിച്ചത്. തെറ്റിദ്ധാരണയൊന്നും വേണ്ട. ആ വ്യക്തി കൊടുത്ത റിപ്പോർട്ട് ഹൈക്കോടതിയുടെ പരിഗണനയിലാണ്. ഹൈക്കോടതിയിൽ എന്റെയൊരു Interim plea ഉണ്ടായിരുന്നു. ആ Interim plea-ൽ ഞാൻ പറഞ്ഞത് അപ്പീൽ കൊടുക്കാനുള്ള അവസരം നീട്ടിക്കിട്ടണമെന്നാണ്, അങ്ങനെയാണ് ഹൈക്കോടതി അത് നീട്ടിയത്. പ്രളയത്തിനുശേഷം ഞാൻ പതിനൊന്ന് സ്ഥലങ്ങളിൽ പോയി. 11732 പരാതികൾ എനിക്ക് ലഭിച്ചു. അതിൽ 3500 പരാതികൾ 10000 രൂപ ലഭിച്ചില്ല എന്നുള്ളതായിരുന്നു. ശ്രീ. വി. ഡി. സതീശൻ വാഗ്‌വിലാസംകൊണ്ട് പെരുപ്പിച്ചുകാണിക്കുന്ന കണക്കാണെന്നാണ് ബഹുമാനപ്പെട്ട മുഖ്യന്ത്രി പറഞ്ഞത്. പത്ത് താലൂക്കുകളിൽ ഞാൻ പോയി. അവിടെ നൂറുകണക്കിനാളുകളാണ് പരാതി നൽകിയത്. എന്തുചെയ്യണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിച്ചപ്പോൾ അപ്പീലായി കൊടുക്കണമെന്ന് അദ്ദേഹം പറഞ്ഞു. ഞാൻ കളക്ടർമാർക്ക് കൊടുത്തു. എന്റെ കയ്യിൽ രണ്ടുമൂന്ന് പരാതികളുണ്ട്, സമയമില്ലാത്തതിനാൽ ഞാൻ പറയുന്നില്ല. കളക്ടറേറ്റുകളിൽ കൊടുത്തിട്ട് കളക്ടർമാർ ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിച്ചില്ല. പല കളക്ടർമാരും ഇത് തിരിഞ്ഞുനോക്കിയില്ല. ചിലർ താഴോട്ടുകൊടുത്തുവെന്ന് പറഞ്ഞു. താലൂക്കിൽ കൊടുത്തു, താലൂക്കിൽ നിന്നും വില്ലേജിൽ കൊടുത്തു എന്നുപറയുന്നു. പക്ഷേ ഒന്നിലും നടപടിയുണ്ടായില്ല. പതിനൊന്നായിരത്തി എഴുന്നൂറോളം പരാതികൾ കിട്ടിയിട്ടും വസ്തുനിഷ്ഠമായ തീരുമാനമെടുക്കാത്തത് സംബന്ധിച്ച് ഞങ്ങൾ ചൂണ്ടിക്കാണിച്ചാൽ അതെങ്ങനെ റീബിൽഡ് കേരളയെ എതിർക്കുന്നതാകും? ഇതുവരെ അക്കാര്യത്തിൽ തീരുമാനമായില്ല. പ്രതിപക്ഷനേതാവിന് കിട്ടിയ പരാതിയുൾപ്പെടെ പരിശോധിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞദിവസം സഭയിൽ പറഞ്ഞതാണ്. ഇതുവരെ പരിശോധിച്ചിട്ടില്ല, നടപടിയുണ്ടായിട്ടില്ല.

ആളുകൾ തെക്കുവടക്ക് നടക്കുന്നു, ഒരു പരിഹാരവും ഉണ്ടായിട്ടില്ല. ഇംഗ്ലീഷിൽ ഒരു വാക്കുണ്ട്, Procrastination. ഇന്നത്തെ കാര്യങ്ങൾ നാളത്തേയ്ക്ക് മാറ്റിവയ്ക്കുന്നു എന്നാണ് അതിന്റെ അർത്ഥം. നിങ്ങളുടെ ഗവൺമെന്റ് ചെയ്യുന്നത് അതാണ്. ഇന്ന് ചെയ്യേണ്ട കാര്യങ്ങൾ ഇന്ന് ചെയ്യാതെ നാളത്തേയ്ക്ക് മാറ്റിവയ്ക്കുകയാണ്. പരാതികൾ വ്യാപകമാകുകയാണ്, നൂറുകണക്കിന് പരാതികൾ കിട്ടുകയാണ്. ഈ പരാതികളുടെ സ്വഭാവം എന്താണ്? പതിനായിരം രൂപ കിട്ടാത്തത്, വീട് തകർന്നിട്ടും കണക്കെടുപ്പിലുണ്ടായ അപാകതകൊണ്ട് ധനസഹായം കിട്ടാത്തത്, വ്യവസായ സ്ഥാപനങ്ങൾക്കും കട നശിച്ചവർക്കും സഹായം ലഭിക്കാത്തത്, കൃഷിനാശം സംഭവിച്ചവർക്കും കന്നുകാലികൾ നഷ്ടപ്പെട്ടവർക്കും സഹായം ലഭിക്കാത്തത് എന്നിങ്ങനെ നാല് രീതിയിലുള്ള പരാതികളാണ് എനിക്ക് കിട്ടിയത്. വ്യവസായ സ്ഥാപനങ്ങൾക്കും കട നശിച്ചവർക്കും സഹായം ലഭിക്കുന്നില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയോട് പറഞ്ഞപ്പോൾ അതിനായി ഒരു പദ്ധതി ആവിഷ്കരിക്കുമെന്ന് അദ്ദേഹം പറഞ്ഞു. വാസ്തവത്തിൽ ആ പദ്ധതിയുടെ സഹായം ഇതുവരെ ആർക്കും കിട്ടിയിട്ടില്ല. അങ്ങത് പരിശോധിക്കുമോ? ഈ പരാതികളിൽ ഒന്നിൽപ്പോലും പരിഹാരമുണ്ടായിട്ടില്ല. ആവശ്യങ്ങൾ ഉന്നയിക്കുമ്പോൾ അതിനെ രാഷ്ട്രീയമായി കാണുന്നതിനോട് എനിക്ക് ശക്തമായ എതിർപ്പുണ്ട്. നിങ്ങൾ അധികാരത്തിലിരിക്കുന്നതുകൊണ്ടാണ് നിങ്ങളോട് പറയുന്നത്. പ്രളയാനന്തര നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ച് ആളുകൾക്ക് പരാതി പറയണ്ടേ? ഒരു വർഷമായി കേരളത്തിലെ ഗ്രാമീണ റോഡുകൾ മുഴുവൻ തകർന്നുകിടക്കുന്നു. ഒരു രൂപയുടെ സഹായം ആ ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിനുവേണ്ടി നൽകിയിട്ടില്ല. കൊടുക്കും, കൊടുക്കും, കണക്കെടുക്കുമെന്ന് ഇപ്പോഴും മന്ത്രിമാർ പറയുന്നു. എന്ത് സഹായം കിട്ടിയെന്ന് എം.എൽ.എ.-മാരോട് ചോദിക്കൂ. ആർക്കെങ്കിലും ഒരു ഗ്രാമീണ റോഡ് നിർമ്മിക്കാനുള്ള അവസരമുണ്ടായോ? ആലുവയിൽ ഒരു പാലം ഒലിച്ചുപോയിട്ട് അത് പണിയാൻ എം.എൽ.എ. ഫണ്ടിൽ നിന്നും ഒരു കോടി രൂപ ബഹുമാനപ്പെട്ട അൻവർ സാദത്ത് എം.എൽ.എ.-യ്ക്ക് കൊടുക്കേണ്ടിവന്നു. അത് നല്ല കാര്യമാണ്. ഈ സംസ്ഥാനം നേരിട്ട ഏറ്റവുംവലിയ ദുരന്തത്തെ നേരിടുന്ന കാര്യത്തിൽ നിങ്ങൾക്കുണ്ടായ പരാജയം ഞങ്ങൾ ചൂണ്ടിക്കാണിച്ചതിൽ എന്ത് തെറ്റാണുള്ളത്? ഓരോ സംഭവങ്ങളായെടുത്ത് നമുക്ക് പരിശോധിക്കാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറഞ്ഞത് വീട് നഷ്ടപ്പെട്ടവർക്ക് താൽക്കാലികമായി താമസിക്കാൻ സംവിധാനമുണ്ടാക്കി യിട്ടുണ്ടെന്നാണ്. ഞാൻ പറവൂരിൽ പോയി. പറവൂർ ടൗൺ ഹാളിൽ മൂന്ന് കുടുംബങ്ങളാണ് ഒരു ആശ്രയവുമില്ലാതെ കിടക്കുന്നത് എനിക്ക് കാണാൻ

കഴിഞ്ഞത്. ചെങ്ങന്നൂരിൽ ഹോമിയോ ആശുപത്രിയുടെ മുകളിൽ കിടക്കുന്നവർ, സർക്കാർ ആശുപത്രിയുടെ മുകളിൽ കിടക്കുന്നവർ, അതോടൊപ്പം നിരവധിയായ സ്ഥലങ്ങളിൽ താമസിക്കാൻ സ്ഥലമില്ലാതെ തെക്കുവടക്ക് നടക്കുന്ന പാവപ്പെട്ടവർ, അവരുടെ ദുഃഖങ്ങൾ കാണാൻ സർക്കാരിന് കഴിയുന്നില്ല എന്നുള്ളതല്ലേ യാഥാർത്ഥ്യം?

ശ്രീ. സജി ചെറിയാൻ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചെങ്ങന്നൂരിലെ ഹോമിയോ ആശുപത്രിയുടെ മുകളിൽ കിടക്കുന്ന കാര്യം പറഞ്ഞത് അങ്ങേയറ്റം അടിസ്ഥാനരഹിതമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം, അവിടെ ദുരന്തത്തിൽപ്പെട്ട ഒരു വീട്ടിൽ മൂന്ന് കുടുംബങ്ങളാണ് താമസിച്ചിരുന്നത്. അതിൽ ഒരു കുടുംബത്തിൽപ്പെട്ട ആൾക്ക് മാത്രമേ സ്ഥലമുണ്ടായിരുന്നുള്ളൂ, ബാക്കി രണ്ട് കുടുംബങ്ങൾക്ക് നിങ്ങളുടെ പഞ്ചായത്ത് സ്ഥലം കൊടുത്തു. പക്ഷേ ആകാശത്തുകൂടി വന്നാലേ ആ സ്ഥലത്ത് ഇറങ്ങാൻ പറ്റൂ. അപ്പോൾ സ്വന്തമായി സ്ഥലമുള്ളതുകൊണ്ട് അവർക്ക് വേറെ വീടുകൊടുക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. ഹോമിയോ ആശുപത്രിയുടേതല്ല, ആരോഗ്യ വകുപ്പിന്റെ ഒരു കെട്ടിടത്തിൽ അവർ താമസിച്ചു. ഈ ഗവൺമെന്റിന് എന്തുചെയ്യാൻ സാധിക്കും? ഇപ്പോൾ ഞങ്ങൾ അവർക്ക് സ്ഥലം കണ്ടെത്തി വീടുവച്ചുകൊടുക്കാൻ പോകുകയാണ്. അങ്ങ് പറഞ്ഞത് അങ്ങേയറ്റം തെറ്റിദ്ധാരണാജനകമായ കാര്യമാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഏതായാലും അദ്ദേഹം വീട് വച്ചുകൊടുക്കുമെന്ന് പറഞ്ഞല്ലോ, ഇതുവരെ കൊടുത്തിട്ടില്ലെന്നേ ഞാൻ പറഞ്ഞിട്ടുള്ളൂ. നമ്മുടെ പഞ്ചായത്ത് സ്ഥലം കൊടുത്തു. ഞാൻ പറഞ്ഞത് ശരിയാണെന്ന് ശ്രീ. സജി ചെറിയാൻ സമ്മതിച്ചതിൽ എനിക്ക് സന്തോഷമുണ്ട്. .....(ബഹളം)....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ശ്രീ. സജി ചെറിയാൻ നിലവിളിച്ചപ്പോൾ അദ്ദേഹത്തെ പിന്തുണയ്ക്കാൻ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ, ചാനലിൽക്കൂടി അദ്ദേഹം പൊട്ടിക്കരഞ്ഞപ്പോൾ അദ്ദേഹത്തിന് പിന്തുണകൊടുക്കാൻ ഞാനേയുണ്ടായിരുന്നുള്ളൂ, നാളെയും ഞാൻ പിന്തുണയ്ക്കും.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, നിങ്ങളും പൊട്ടിക്കരഞ്ഞുവെന്ന് കേൾക്കുന്നുണ്ടല്ലോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാനല്ല, ശ്രീ. സജി ചെറിയാനാണ് പൊട്ടിക്കരഞ്ഞത്. പ്രളയസമയത്ത് അദ്ദേഹത്തെ പ്രസംഗിക്കാൻപോലും മുഖ്യമന്ത്രി സമ്മതിച്ചില്ല. കേരളത്തിന്റെ അടിത്തറ തകർത്തൊരു മഹാപ്രളയമുണ്ടായിട്ട് ഒരു വർഷമാകുമ്പോൾ നിങ്ങൾ എന്തുചെയ്തുവെന്നുള്ള വിലയിരുത്തൽ കേരള സമൂഹമോ,

മലയാള മനോരമയോ അല്ലെങ്കിൽ ഏഷ്യാനെറ്റോ നടത്തുന്നുവെങ്കിൽ അവരെ കുറ്റപ്പെടുത്തിയിട്ട് എന്ത് കാര്യമാണ്? ഓരോ പരസ്യങ്ങൾ വരുന്നത് നോക്കണം. സഹകരണ വകുപ്പിൽനിന്നും ഒരു പരസ്യമിറങ്ങി. തന്റെ വീട് ഇപ്പോഴും പകുതി പണിതിട്ടേയുള്ളൂവെന്ന് ആ പരസ്യത്തിൽ വന്ന സ്ത്രീ പറയുന്നു. ഇത് ആരുടെ കുറ്റമാണ്? ഇന്നിപ്പോൾ മഴ വരികയാണ്, മഴ വരുമ്പോൾ ജനങ്ങൾ ഭയത്തിലാണ്. വീണ്ടും ഒരു പ്രളയം വരുമോയെന്നതാണ് ജനങ്ങളുടെ ഭയത്തിന് കാരണം. നമ്മുടെ മുമ്പിൽ ഒറീസയും ആന്ധ്രാപ്രദേശുമൊക്കെ ഉദാഹരണങ്ങളാണ്. ഇത്തവണ ഉണ്ടാകേണ്ടിയിരുന്ന ഒരു മഹാദുരന്തത്തിൽ നിന്നും വളരെ എഫിഷ്യന്റായി ഒറീസയ്ക്ക് രക്ഷപ്പെടാൻ കഴിഞ്ഞു. അത്രമാത്രം ദുരന്തനിവാരണ പ്രവർത്തനങ്ങൾ സജീവമാക്കാനും ഫലപ്രദമാക്കാനും അവർക്ക് കഴിഞ്ഞു. അവർ എല്ലാ ആളുകളെയും മാറ്റി. രണ്ടോമൂന്നോ അല്ലെങ്കിൽ പത്തോ പതിനഞ്ചോ ആളുകൾക്ക് ജീവാപായം ഉണ്ടായതായാണ് വാർത്ത വന്നത്. നാശനഷ്ടങ്ങൾ വളരെയേറെയുണ്ടായെങ്കിലും എല്ലാവരെയും രക്ഷിക്കാൻ അവിടത്തെ സർക്കാരിന് കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങ് കാണേണ്ടത് ഒറീസയിലെ ദുരന്തനിവാരണ പ്രവർത്തനങ്ങളാണ്, അവരെ മോഡലായി കാണണം, ആന്ധ്രയിലെ പ്രവർത്തനങ്ങൾ മോഡലായി കാണണം. റീബിൽഡ് കേരളയിൽ നമ്മൾ തമ്മിൽ നടന്ന ചർച്ചകളെക്കുറിച്ച് ഞാനിവിടെ പറയുന്നത് ശരിയല്ല. പക്ഷേ ഒരു കാര്യം പറയാം, ഉദ്യോഗസ്ഥരല്ലേ ചെയ്യുന്നതെന്ന് അങ്ങ് ചോദിച്ചു. റീബിൽഡ് കേരളയുടെ കമ്മിറ്റി കൂടിയപ്പോൾ എന്റെ ഒരു പ്രധാന സജഷനുണ്ടായിരുന്നു. പഞ്ചായത്തുകളെക്കൂടി ഈ നിർമ്മാണ പ്രവർത്തനങ്ങളിൽ ഭാഗമാക്കണമെന്ന് ഞാൻ പറഞ്ഞു. കാരണം, പഞ്ചായത്തുകൾ എന്നുപറയുന്നത് ജനപ്രതിനിധികളാണ്. അവരുടെകൂടി പങ്കാളിത്തമുണ്ടായാൽ ഉദ്യോഗസ്ഥരുടെ തോന്ന്യാസം നടക്കില്ല. ഏത് ഗവൺമെന്റ് ഭരിച്ചാലും കുറെ ഉദ്യോഗസ്ഥർ തോന്ന്യാസം കാണിക്കും. ജനങ്ങളോട് ശരിയായ നിലയിൽ പെരുമാറില്ല. ലോക്കൽ ബോഡീസിനെക്കൂടി നിങ്ങൾ ഈ നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കിയിരുന്നെങ്കിൽ പരാതികളുടെ പകുതി ഒഴിവാക്കാൻ കഴിയുമായിരുന്നു. അതുണ്ടായില്ല. വകുപ്പുകൾ തമ്മിലുള്ള ഏകോപനം ഇതിലൊരു പ്രധാനപ്പെട്ട ഘടകമാണ്. അതുണ്ടായില്ല. ജനങ്ങളുടെ ആശങ്കയകറ്റാനും വെള്ളപ്പൊക്കത്തിൽ സർവ്വവും നഷ്ടപ്പെട്ട പാവങ്ങളെ രക്ഷിക്കാനുമുള്ള നടപടികളാണ് വേണ്ടത്. ഒരു പുതിയ കേരളത്തെ നിർമ്മിക്കുമെന്ന് പറഞ്ഞു, നിങ്ങൾ പുതിയ കേരളമൊന്നുമുണ്ടാക്കേണ്ട, ജനങ്ങൾക്ക് ആശ്വാസം കൊടുക്കാനുള്ള നടപടി സ്വീകരിച്ചാൽ മതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഒന്ന്, ആളുകളെ രക്ഷപ്പെടുത്തുക

എന്നുള്ളതായിരുന്നു. രണ്ട്, പുനരധിവാസം. മൂന്ന്, കേരളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിശാലമായ അടിസ്ഥാനത്തിൽ നടപ്പിലാക്കുക, ലോംഗ് ടേം പ്രോജക്ടുകൾ നടപ്പിലാക്കുക.ഈ മൂന്ന് കാര്യത്തിലും നിങ്ങൾ പരാജയപ്പെട്ടില്ലേ? ആളുകളെ രക്ഷപ്പെടുത്തുന്നതിലും സഹായിക്കുന്നതിലും പുനരധിവസിപ്പിക്കുന്നതിലും പരാജയപ്പെട്ടു. ലോംഗ് ടേം പ്രോജക്ടുകൾ എന്ന് തുടങ്ങും? മൂന്ന് വർഷമാണ് അദ്ദേഹം പറയുന്നത്. Three years is a very long period. ഈ പദ്ധതികൾ എങ്ങനെ വേഗത്തിൽ നടപ്പാക്കാൻ കഴിയുമെന്നുള്ളതല്ലേ നമ്മൾ ആലോചിക്കേണ്ടത്? നമുക്കറിയാം, നമ്മുടെ നാട്ടിൽ മൂന്ന് വർഷമെന്നുപറഞ്ഞാൽ പത്ത് വർഷമെടുക്കും. ഉദ്യോഗസ്ഥ സംവിധാനം ആ രീതിയിലാണ്. ചുവപ്പുനാട സംവിധാനം ആ രീതിയിലാണ്. അതുകൊണ്ട് ജനങ്ങൾക്കുവേണ്ടിയുള്ള ആശ്വാസ പദ്ധതികൾ വേഗത്തിലാക്കുകയാണ് വേണ്ടത്. 'തനിക്ക് താനും പുരയ്ക്ക് തൂണും' എന്ന നിലയിലാണ് ഇപ്പോൾ ആളുകളുടെ സ്ഥിതി. ആളുകൾ വളരെയേറെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. അങ്ങ് സ്വീകരിച്ച നടപടികളിലെ അപാകതകളാണ് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. അങ്ങത് മനസ്സിലാക്കണം. വീടിന്റെ നഷ്ടപരിഹാരത്തിനുവേണ്ടി കണക്കെടുത്തുവെന്ന് അങ്ങ് പറഞ്ഞല്ലോ. ആ കണക്കെടുപ്പ് ശരിയല്ലെന്നാണ് ഞാൻ പോയ 11 താലൂക്കുകളിലെയും ആളുകളുടെ പരാതി. എഞ്ചിനീയറിംഗ് കോളേജിലെ കുട്ടികൾ പോയതിനെപ്പറ്റിയല്ല എനിക്ക് പരാതി. അവർക്ക് കൊടുത്ത മാർഗ്ഗനിർദ്ദേശമാണ് തെറ്റിയത്. കുട്ടികൾ ഏറ്റെടുക്കുന്നതിൽ തെറ്റൊന്നുമില്ല, ചെറുപ്പക്കാരാണ്, എഞ്ചിനീയറിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളാണ്. പക്ഷെ അവർക്ക് കൊടുത്ത മാർഗ്ഗനിർദ്ദേശങ്ങൾ തെറ്റായിപ്പോയി. അതുകൊണ്ടാണ് വീടുകളുടെ നിർമ്മാണ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഫലപ്രദമായ റിപ്പോർട്ട് അവർക്ക് കൊടുക്കാൻ കഴിയാതിരുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, കുറെ നാളുകളായി എല്ലാവരും ഇവിടെ പറയുന്നുണ്ട്, ഞാൻ അത് വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. കോൺഗ്രസ് പാർട്ടി/കെ.പി.സി.സി. ആയിരം വീടുകൾ വച്ചുകൊടുക്കാമെന്ന് പറഞ്ഞത് ശരിയാണ്. അതിൽ 300 വീടുകളുടെ നിർമ്മാണം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ആവശ്യമുള്ളവർ എന്നോട് പറഞ്ഞാൽ മതി അതിന്റെ കണക്ക് ഞാൻ തരാം.

മി. സ്പീക്കർ: അങ്ങ് ദയവായി ചുരുക്കു.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞങ്ങളുടെ ആ നിർമ്മാണ പ്രവർത്തനം നടക്കുകയാണ്. കോൺഗ്രസിലെ എം.എൽ.എ.-മാർതന്നെ, ശ്രീ. വി. ഡി. സതീശൻ 200 വീടുകളാണ് നിർമ്മിക്കുന്നത്, ശ്രീ. ഹൈബി ഈഡൻ 100 വീടുകൾ, ശ്രീ. അൻവർ സാദത്ത് ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ വീടുകൾ

നിർമ്മിക്കുന്നു. ഞങ്ങളുടെ ലക്ഷ്യം ഈ വീടുകൾ പൂർത്തീകരിക്കുകയെന്നുള്ളത് തന്നെയാണ്. അങ്ങ് ഞങ്ങളെ ആക്ഷേപിച്ചത് ശരിയായില്ല. ശ്രീ. റോജി എം. ജോൺ, എം.എൽ.എ. ഉൾപ്പെടെ ഇവരെല്ലാവരും പാർട്ടിയുടെ നിർദ്ദേശാനുസരണം വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. മുന്നൂറിലധികം വീടുകളുടെ നിർമ്മാണ പ്രവർത്തനം ഏതാണ്ട് അന്തിമഘട്ടത്തിലാണ്. അതുപോലെ ബാക്കിയുള്ള വീടുകൾ നിർമ്മിക്കാനുള്ള ശ്രമങ്ങൾ ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. നിങ്ങളെപ്പോലെ കോടികളുള്ള പാർട്ടിയൊന്നുമല്ല ഞങ്ങളുടേത്. ഞങ്ങൾ ഇതിനുവേണ്ടി ബക്കറ്റ് പിരിവ് നടത്തിയിട്ടില്ല. ഞങ്ങൾ പാർട്ടി പ്രവർത്തകർ സ്വരൂപിക്കുന്ന ഫണ്ടുകൾ കൊണ്ടാണ് വീടുകൾ നിർമ്മിച്ചുകൊണ്ടിരിക്കുന്നത്. കഴിയാവുന്നത്ര വീടുകൾ ഞങ്ങൾ നിർമ്മിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഞങ്ങളുടെ ഇനിഷ്യേറ്റീവിനെ അങ്ങ് അഭിനന്ദിക്കേണ്ടതായിരുന്നു. നിങ്ങൾ പൂർത്തീകരിക്കണമെന്നായിരുന്നു മുഖ്യമന്ത്രി പറയേണ്ടിയിരുന്നത്. ഇതിൽ രാഷ്ട്രീയം അങ്ങ് പറഞ്ഞതുകൊണ്ടാണ് ഞാൻ ഇത്രയും പറഞ്ഞത്. ഒരു കാര്യം ഞാൻ പറയട്ടെ ഇങ്ങനെപോയാൽ ഈ മഴക്കാലത്തും പാവപ്പെട്ട ആളുകളുടെ ദുരിതങ്ങൾ തീരാൻ പോകുന്നില്ല. ആളുകൾ ഇപ്പോഴും ആശങ്കയിൽത്തന്നെയാണ്. അങ്ങ് ഇവിടെ പ്രഖ്യാപിച്ച ഒരു പദ്ധതിയും ടേക്ക് ഓഫ് ചെയ്തിട്ടില്ല. ചങ്ങനാശ്ശേരി-ആലപ്പുഴ റോഡിനെപ്പറ്റി അങ്ങ് പറഞ്ഞല്ലോ അത് പഴയതുപോലെതന്നെയാണ്, മഴപെയ്യുമ്പോൾ വെള്ളം കയറിക്കൊണ്ടിരിക്കുകയാണ്.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ് ചെയ്യൂ, വളരെ നീണ്ടുപോയി,

ശ്രീ. രമേശ് ചെന്നിത്തല: അങ്ങനെ ഈ പദ്ധതികളെല്ലാം കടലാസിലാണ്. കടലാസിലുള്ള പദ്ധതികളൊന്നും ആരംഭിക്കുന്നില്ലായെന്നുള്ളതാണ് ഇവിടത്തെ പരാതി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണം ഒട്ടും തൃപ്തികരമല്ല. റീബിൽഡ് കേരളയുടെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ടില്ല, പുനരധിവാസ പ്രവർത്തനങ്ങൾക്ക് വലിയ തോതിലുള്ള അപാകതകൾ സംഭവിക്കുന്നു, പാവപ്പെട്ട ആളുകൾ ഇന്ന് കളക്ടറേറ്റിലും താലൂക്ക് ഓഫീസിലും വില്ലേജ് ഓഫീസിലും കയറിയിറങ്ങി നടക്കുന്നതല്ലാതെ സഹായം കിട്ടുന്നില്ല. അത് ചർച്ച ചെയ്യാൻ തയ്യാറാകാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

മി. സ്പീക്കർ: വാക്കൗട്ട് സ്പീച്ച് ഇത്രയും ദീർഘമായി പോകുന്നത് നിർഭാഗ്യകരമാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും പ്രമേയാവതാരകനും വിശദമായി സംസാരിച്ചു. ഇനിയുള്ള വാക്കൗട്ട് സ്പീച്ച് ചുരുക്കിപ്പറഞ്ഞ് അവസാനിപ്പിക്കണം.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ പഴയകാല ചരിത്രമൊക്കെ നോക്കിയാലറിയാം എത്ര ദീർഘമായ വാക്കൗട്ട് സ്പീച്ചാണ് നടത്തിയിരുന്നതെന്ന്. ഞങ്ങൾക്കുമാത്രം ഇത് നിഷേധിക്കുന്നതെന്താണ്?

മി. സ്പീക്കർ: ഇല്ല, അത് അങ്ങനെ തുടരണമെന്നില്ലല്ലോ.

ഡോ. എം. കെ. മുനീർ: സർ, ശ്രീ. സി. ദിവാകരൻ പ്രസംഗിച്ച വാക്കൗട്ട് സ്പീച്ച് ഞാൻ എടുത്തുകൊണ്ടുവരാം. അത് പത്തും ഇരുപതും പേജുള്ളതാണെന്ന് മനസ്സിലാക്കാൻ പറ്റും. ഞങ്ങളൊക്കെ രണ്ടും മൂന്നും മിനിട്ടിൽ തീർക്കുകയാണ്.

മി. സ്പീക്കർ: പഴയകാലത്ത് ഒന്നര മണിക്ക് സഭ പൂർണ്ണമായി നിർത്തിയ അനുഭവവുമുണ്ട്. ഒന്നര മണി കഴിഞ്ഞാൽപ്പിന്നെ സഭ തുടരാത്ത അനുഭവവുമുണ്ട്.

ഡോ. എം. കെ. മുനീർ: സർ, പ്രകൃതി സൗഹൃദ അടിസ്ഥാന വികസന രൂപരേഖ മന്ത്രിസഭ പാസ്സാക്കിയിട്ട് രണ്ട് മാസത്തിലധികമായി. പക്ഷെ, അതിന്റെ കാര്യനിർവ്വഹണ കാര്യത്തിൽ ഇപ്പോഴും ഒന്നും ചെയ്തിട്ടില്ലായെന്നുള്ളതാണ് സത്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവിനെക്കുറിച്ച് അങ്ങ് പറഞ്ഞത് ആ കെട്ടിടമൊക്കെ എടുത്തത് കാലാകാലത്തേയ്ക്കുള്ള നവകേരള സൃഷ്ടിക്കാവശ്യമായ എല്ലാകാര്യങ്ങളും ചെയ്യാൻവേണ്ടിയാണെന്നാണ്. പക്ഷെ, റീബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ സി.ഇ.ഒ. പറയുന്നത് റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭാവി പദ്ധതികൾക്ക് വേണ്ടിയുള്ളതല്ല എന്നാണ്. അദ്ദേഹം പറയുന്നത്, വിദേശ ഫണ്ട് കളക്ട് ചെയ്യുന്നതിന് നമുക്ക് പഴയകാലത്ത് ധാരാളം ദുരനുഭവങ്ങളുള്ളതുകൊണ്ട് അതിനെ മറികടക്കുന്നതിനുവേണ്ടിയുള്ളൊരു സംവിധാനമാണെന്നാണ്. വികസനം ചെയ്യേണ്ടതിന് ആസൂത്രണ ബോർഡും വിവിധ വകുപ്പുകളുമുണ്ട്. അത് അവരുടെ ജോലിയാണ്. അതാണല്ലോ ശരി. കാരണം, റീബിൽഡ് കേരള ഇനിഷ്യേറ്റീവിനകത്ത് എഞ്ചിനീയർമാരെയും മറ്റുള്ളവരെയുംകൊണ്ടുവന്ന് നിറയ്ക്കാൻ പോകുന്നില്ലല്ലോ. അത് ചെയ്യാൻ ഒരു വകുപ്പുണ്ട്. ഇത് ഭാവി പദ്ധതികൾക്ക് വേണ്ടിയുള്ളതല്ല. പക്ഷെ മുഖ്യമന്ത്രി പറയുന്നത് ഈ റീബിൽഡ് കേരള ഇനിഷ്യേറ്റീവ് ഭാവി പദ്ധതികൾക്ക് വേണ്ടിയുള്ളതാണെന്നാണ്. അപ്പോൾ സത്യത്തിൽ നമ്മൾ ആദ്യം ചെയ്യേണ്ട കാര്യമെന്താണ്? ചട്ടം 300 അനുസരിച്ച് മേശപ്പുറത്തുവച്ച കടലാസിൽ പറഞ്ഞത്, 'പ്രകൃതി ദുരന്തങ്ങളിൽ തകർന്നുപോകാത്ത നിർമ്മാണങ്ങളാണ് ഈ പദ്ധതി

വിഭാവനം ചെയ്യുന്നതെന്നും ഭ്രമിശാസ്ത്രപരവും പാരിസ്ഥിതികവുമായ സവിശേഷതകളെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണമായിരിക്കും ഇനിയുണ്ടാകുക' എന്നുമാണ്. അതേസമയം, അങ്ങ് വേറൊരു ചോദ്യത്തിന് മറുപടിയായി പ്രളയക്കെടുതിയിൽ പൂർണ്ണമായി നഷ്ടപ്പെട്ടതോ വാസയോഗ്യമല്ലാത്തതോ ആയ വീടുകൾ വീട്ടുടമകൾതന്നെ പുനർനിർമ്മിക്കും എന്ന വ്യവസ്ഥയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് നാല് ലക്ഷം, ഭ്രമി പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് ആറ് ലക്ഷം, അതിലൂടെ കുറേ വീടുകൾ നിർമ്മിച്ചുകഴിഞ്ഞുവെന്നാണ് പറഞ്ഞത്. പിന്നെ എന്ത് പ്രകൃതി സൗഹൃദ വീടുകളാണ് ഇനിയുണ്ടാകാൻ പോകുന്നത്? ഈ ആളുകളൊന്നും ഒരു കൊല്ലവും രണ്ട് കൊല്ലവും വീടുണ്ടാക്കാൻവേണ്ടി നിങ്ങളുടെ സഹായത്തിന് കാത്തുനിൽക്കില്ല. അവർ സ്വന്തമായി എവിടെനിന്നെങ്കിലും എന്തെങ്കിലും സ്വരൂപിച്ച് വീടുണ്ടാക്കും. അപ്പോൾ പ്രകൃതി സൗഹൃദ വീടുകളുണ്ടാക്കാൻവേണ്ടി വീണ്ടും ഇതൊക്കെ പൊളിച്ചുമാറ്റാൻ പോകുകയാണോ? തമിഴ്നാട്ടിലുണ്ടായ സംഭവം ഇതുതന്നെയാണ്. തമിഴ്നാട്ടിൽ ഇതുപോലെ പരിസ്ഥിതി സൗഹൃദം എന്നൊക്കെ പറഞ്ഞ് ഒരു പദ്ധതിയുമായി മുന്നോട്ടുപോയിട്ട് മൂന്നും നാലും വർഷമായിട്ടും പദ്ധതി തീരുന്നില്ല. അവസാനം ആളുകൾ അവരുടെ വീടുകൾ സ്വന്തം രീതിയിലുണ്ടാക്കി താമസം തുടങ്ങി. ഇപ്പോൾ കേരളത്തിൽ അങ്ങേയ്ക്ക് സന്തോഷത്തോടുകൂടി ഇത്ര വീടുകൾ തീർന്നു എന്നുപറയാനുള്ള സാഹചര്യം അവരവർ ഉണ്ടാക്കിയതാണ്. അവർ സ്വന്തമായി പൂർത്തീകരിച്ച വീടുകൾ നമ്മളിപ്പോൾ നമ്മുടെ അക്കൗണ്ടിൽ പറയുന്നു എന്നുള്ള രീതിയിലേക്ക് മാറിയിരിക്കുന്നു. ധാരാളം കാര്യങ്ങൾ ഇതുസംബന്ധിച്ച് ചെയ്തുതീർക്കാനില്ലേ? ഇപ്പോഴും പാറപ്പുറത്ത് ജീവിക്കുന്ന ആളുകളുണ്ട്. ഇന്നലത്തെയും ഇന്നത്തെയും പത്രങ്ങളിൽ ഇതുസംബന്ധിച്ച വാർത്തകളുണ്ട്. പത്രം നോക്കി പറഞ്ഞാലും അങ്ങത് ഇംപാക്റ്റാണെന്ന് പറയുമോ? ഈ സഭയിൽ മുഴുവൻ കാര്യങ്ങളും പത്രത്തിന്റെയും ചാനലിന്റെയും അടിസ്ഥാനത്തിലല്ലേ പണ്ട് പ്രതിപക്ഷത്ത് നിങ്ങൾ ഇരുന്നപ്പോഴും കൊണ്ടുവന്നത്? പിന്നെ എവിടെനിന്നാണ് ഈ വാർത്തകൾ കിട്ടുന്നത്? ഞങ്ങൾക്ക് കിട്ടുന്ന വാർത്തകളുടെ അടിസ്ഥാനത്തിലാണ് ഞങ്ങൾ കാര്യങ്ങൾ പറയുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇന്നത്തെ പത്രത്തിലും പാറപ്പുറത്ത് ജീവിക്കുന്ന ആളുകളെക്കുറിച്ച് പറയുന്നു. അതുപോലെ പൊന്നമ്മ എന്നുപറയുന്ന ഒരു സ്ത്രീ വീൽചെയറിൽ ഇരിക്കുകയാണ്. ആ വീൽചെയർ അവിടെയുള്ള ചില ആളുകൾ ചേർന്ന് വാങ്ങി കൊടുത്തതാണ്. അവർ പുറമ്പോക്കിലാണ് താമസിക്കുന്നത്. അവരുടെ വീട് ഇപ്പോഴും പുനർ നിർമ്മിക്കാതെ, അതുവഴി പോകുന്ന സ്റ്റേറ്റ് കാറുകളൊക്കെ തന്റെ വീട്ടിലേയ്ക്കാണ് വരുന്നതെന്നു കരുതി കണ്ണുംനട്ട് കാത്തിരിക്കുന്ന ആ പൊന്നമ്മ ഇപ്പോഴും ഒരു സാക്ഷിയായി നിൽക്കുകയാണ്. ഈ പ്രളയമുണ്ടാക്കിയതാരാണ്? അമിക്കസ് ക്യൂറിയെ അങ്ങ്

ഇപ്പോൾ തള്ളിപ്പറയുന്നുണ്ടെങ്കിലും അമിക്കസ് ക്യൂറി പറഞ്ഞിട്ടുള്ളതും മറ്റൊരു റിട്ടയേർഡ് ജഡ്ജിയെ വച്ച് അന്വേഷിക്കണമെന്നാണ്. അപ്പോൾ നമ്മളുണ്ടാക്കിയ പ്രളയത്തിൽപ്പെട്ട് തകർന്നുപോയ കുടുംബങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി ഒരു കൊല്ലം കഴിഞ്ഞിട്ടും നമ്മൾ ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ രൂപരേഖയുണ്ടാക്കണമെന്ന് മന്ത്രിസഭ പറഞ്ഞു. അതിൽ നൂറോളം കാര്യങ്ങളുണ്ട്. അതൊന്നും ഒരു വർഷംകൊണ്ടും രണ്ട് വർഷംകൊണ്ടും തീരുന്നതല്ല. അതൊന്ന് വേഗത്തിലാക്കാനുള്ള നടപടി സ്വീകരിക്കാത്തതിലും അത് ചർച്ച ചെയ്യാൻ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, പ്രളയക്കെടുതിയിൽ തകർന്ന വീടുകൾ പുനർനിർമ്മിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് 28-1-2019-ൽ നിയമസഭയിൽ ചോദിച്ച ചോദ്യത്തിന്റെ ഉത്തരത്തെ ബേസ് ചെയ്തുകൊണ്ടാണ് ഞാൻ പറയുന്നത്. 28-1-2019-ൽ എത്ര വീടുകൾ നിർമ്മിച്ചുവെന്ന് വ്യക്തമാക്കാമോയെന്ന ചോദ്യത്തിന് ഉത്തരമായി തൃശ്ശൂർ ജില്ലയിൽ 7 വീടുകളും പാലക്കാട് ജില്ലയിൽ 3 വീടുകളും വയനാട് ജില്ലയിൽ 17 വീടുകളും പൂർത്തിയായിട്ടുണ്ടെന്ന് പറയുകയുണ്ടായി. ആഗസ്റ്റിലാണ് പ്രളയമുണ്ടായത്. പിന്നേയും 5 മാസം കഴിഞ്ഞ് ജനുവരി ആയപ്പോൾ ഇതായിരുന്നു സ്ഥിതി. കൂടാതെ എല്ലാ ജില്ലകളിലും ആദ്യ ഗഡു സഹായം നൽകിയിട്ടുണ്ടെന്നും പറഞ്ഞിരുന്നു. 31,000 കോടി രൂപയുടെ നഷ്ടമുണ്ടെന്ന് കേന്ദ്ര ആഭ്യന്തര വകുപ്പ് റിപ്പോർട്ട് ചെയ്തപ്പോൾ നമ്മൾ കൊടുത്ത മെമ്മോറാണ്ടത്തിൽ ദേശീയ ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് കേരളം ആവശ്യപ്പെട്ടത് 5616 കോടി രൂപയും റോഡുകൾക്കായി ആവശ്യപ്പെട്ടത് 648 കോടി രൂപയുമാണ്. ഇടുക്കി ജില്ലയിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എം. എം. മണി ഉൾപ്പെടെ പങ്കെടുത്ത യോഗത്തിൽ ആവശ്യപ്പെട്ടതുപ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ച റിപ്പോർട്ടിൽ 3000 കോടി രൂപയാണ് ഇടുക്കി ജില്ലയിൽ മാത്രം നഷ്ടം കണക്കാക്കിയിരിക്കുന്നത്. റോഡുകളുടെ നഷ്ടമുൾപ്പെടെ 31000 കോടി രൂപയുടെ നഷ്ടമാണ് റിപ്പോർട്ട് ചെയ്തിരുന്നത്. 46000 പശുക്കൾ ഒഴുകി പോയി. ഒരു പശുവിന് 30000 രൂപ വച്ച് ലഭിക്കും. ആവർത്തിച്ച് ഇത് പറയാൻ കാരണം, ആദ്യം കാണിച്ച 5000 പശുക്കൾക്ക് 30000 രൂപ വച്ച് ലഭിച്ചു എന്നുള്ളതാണ്.

മി. സ്പീക്കർ: അങ്ങ് ഇക്കാര്യം നേരത്തെ പറഞ്ഞിരുന്നു.

ശ്രീ. പി. ജെ. ജോസഫ്: സർ, നേരത്തെ പറഞ്ഞത് വീണ്ടും പറയുന്നത് തെറ്റ് തിരുത്താത്തതുകൊണ്ടാണ്. ഇപ്പോഴും ആവശ്യപ്പെടുന്നു. കണക്കുകൾ ഇവിടെ ഉണ്ട്. 46000 പശുക്കൾ ഒഴുകിപ്പോയി. ഒരു പശുവിന് 30000 രൂപ വച്ച് നഷ്ടപരിഹാരം കിട്ടേണ്ടതാണ്. എന്നാൽ ആവശ്യപ്പെട്ടത് 5000 പശുക്കളുടെ നഷ്ടപരിഹാരം മാത്രമാണ്. റോഡുകൾക്കായി ആകെ 648 കോടി രൂപയാണ് ആവശ്യപ്പെട്ടിട്ടുള്ളത്. എങ്ങനെ ഈ കണക്ക് ശരിയാകും? ഇടുക്കിയിൽ മാത്രം 3000 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് സമർപ്പിച്ചതാണ്. 31000 കോടി രൂപയിൽ 20000 കോടി രൂപയെങ്കിലും ആവശ്യപ്പെടാമായിരുന്നു.

മി. സ്പീക്കർ: പ്ലീസ്, നമ്മൾ ചർച്ച ചെയ്യുന്നില്ല.

ശ്രീ. പി. ജെ. ജോസഫ്: സർ, ഞാൻ ഒരു പോയിന്റ് മാത്രമേ പറയുന്നുള്ളൂ. മെമ്മോറാണ്ടം ഇനിയും കൊടുക്കാം. 5600 കോടി രൂപയുടെ പകുതിയിൽ കൂടുതൽ കേന്ദ്ര ഗവൺമെന്റ് നൽകിയിട്ടുണ്ട്. അതുകൊണ്ട് അവരെ കുറ്റപ്പെടുത്താൻ കഴിയില്ല. ഇതുപോലെയുള്ള നോംസ് 1985-ലും ഉണ്ടായിരുന്നു. 1985-ലെ നോംസ് പ്രകാരം പി.ഡബ്ല്യു.ഡി. കണക്കാക്കിയത് 20 കോടി രൂപയുടെ നഷ്ടമാണ്. എന്നാൽ 220 കോടി രൂപയാണ് ആവശ്യപ്പെട്ടത്. അതിൽ 60 കോടി രൂപ ലഭിച്ചു. അധിവാസ യോഗ്യമല്ലാത്ത വീടുകളെന്ന് മുഖ്യമന്ത്രി പറഞ്ഞപ്പോൾ എനിക്ക് സന്തോഷം തോന്നി. ഞാൻ ഇടുക്കിയിലിരുന്നാണത് കേട്ടത്. അധിവാസ യോഗ്യമല്ലാത്ത വീടുകൾ ഇപ്പോൾ എത്രയുണ്ട്? Fully damaged houses- 10319, Severely damaged houses- 99282 ഇത് രണ്ടുംകൂടി കൂട്ടി 109601. ഓരോ വീടിനും 4 ലക്ഷം രൂപവച്ച് കൊടുക്കേണ്ടതാണ്. അക്കാര്യം ഈ ഉത്തരത്തിൽ പറഞ്ഞിട്ടുണ്ട്. ഒരു ലക്ഷം വീടുകളുടെ പണി പൂർത്തീകരിക്കാനുള്ളതിൽ ഏതാണ്ട് പതിനായിരം വീടുകൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.

മി. സ്പീക്കർ: പ്ലീസ്, കൺക്ലൂഡ് ചെയ്യൂ.

ശ്രീ. പി. ജെ. ജോസഫ്: സർ, മഴക്കാലമായി, ഈ ആളുകൾ എവിടെ പോകും? ഇനി സ്വന്തക്കാരുടെ വീടുകളിൽ താമസിക്കാൻ കഴിയില്ല. ഒന്നും രണ്ടും ഗഡുക്കൾ നൽകിയതുകൊണ്ടുമാത്രം വീടിന്റെ പണി പൂർത്തിയാക്കാൻ കഴിയില്ല. വീടിന്റെ പണി പൂർത്തിയാക്കുക എന്നുള്ളതാണ് പ്രശ്നം. 1985-ൽ 11 മാസംകൊണ്ട് 101000 വീടുകളുടെ പണി പൂർത്തിയാക്കി. അതു സംബന്ധിച്ചുള്ള കണക്കുകൾ സെക്രട്ടേറിയറ്റിലുണ്ട്. അത് നോക്കണം, എങ്ങനെയാണ് പണി തീർത്തതെന്ന് മനസ്സിലാക്കണം. ഗവൺമെന്റിന് ലഭിച്ച സഹായം കൂടാതെ ഹഡ്കോയിൽനിന്നും വൻതോതിൽ സഹായം വാങ്ങിയിരുന്നു. ഞാൻ അങ്ങയോട് ഈ വീടുകളുടെ

കാര്യം മാത്രമേ പറയുന്നുള്ളൂ. വീടുകളുടെ പണി ഇനിയും തീർക്കാൻ സാധിക്കും. ഞാൻ അവിടെ 2 വീടുകളുടെ പണി 15 ദിവസംകൊണ്ട് പൂർത്തിയാക്കിയിട്ടുണ്ട്. അത് വന്ന് കാണണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. പ്രീഫാബ്രിക്കേറ്റഡ് വീടുകളാണ് പണികഴിപ്പിച്ചത്. വീട്ടുകാർക്ക് സന്തോഷമാണ്. 4 ലക്ഷം രൂപകൊണ്ട് പണി പൂർത്തിയായി. ടെക്നോളജി ഉപയോഗിക്കാൻ തയ്യാറാണെങ്കിൽ ഇപ്പോഴും സാധ്യമാകും. അന്ന് സന്നദ്ധ സംഘടനകളും ക്രിസ്ത്യൻ, എസ്.എൻ.ഡി.പി., എൻ.എസ്.എസ്. എന്നിങ്ങനെയുള്ള സമുദായസംഘടനകളും കോളേജുകളിലെ എൻ.എസ്.എസ്. യൂണിറ്റുകളുമെല്ലാംകൂടി ചേർന്ന് 30000 വീടുകളാണ് പൂർത്തി യാക്കിയത്. വീടിന്റെ പണി പൂർത്തിയാക്കിയ ശേഷമാണ് അവർക്ക് പണം നൽകുന്നത്. ഈ സംവിധാനമെല്ലാം ഇപ്പോഴുമുണ്ട്. ഇനിയെങ്കിലും ഗവൺമെന്റ് ഇതിലിടപെടണം. ഏറ്റവും പ്രധാനപ്പെട്ട ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ടില്ലെങ്കിൽ ഇവരെയെല്ലാം ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് അയയ്ക്കേണ്ടി വരും, ഒരു സംശയവുമില്ല. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ വിഷയം ഏറ്റെടുക്കണം. ഹഡ്കോ ഇപ്പോഴുമുണ്ട്, പൈസ കുറവാണെങ്കിൽ വാങ്ങിയെടുക്കാം. സന്നദ്ധ സംഘടനകളെ ഏൽപ്പിച്ചാൽ അവർ പണി പൂർത്തിയാക്കും. അതിനു ശേഷം തുക നൽകിയാൽ മതി. എന്റെ അനുഭവത്തിൽനിന്ന് പറയുകയാണ്. അന്നത്തെ റിക്കാർഡ് നിങ്ങൾ നോക്കണം. ഈ വിഷയം കൈകാര്യം ചെയ്തതിലും ഒരു ലക്ഷം വീടുകൾ പൂർത്തീകരിച്ചതിലും കേന്ദ്ര ഗവൺമെന്റ് റവന്യൂ വകുപ്പിനെയും ഭവന നിർമ്മാണ വകുപ്പിനെയും അന്ന് അഭിനന്ദിച്ചു. ഇപ്പോഴും സാധ്യതയുണ്ട്. പത്ത് മാസം കഴിഞ്ഞിരിക്കുന്നു. പതിനായിരം വീടുകളുടെ പണിപോലും പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അടിയന്തരമായി ഇടപെട്ട് ഒരു റിവൈസ് മെമ്മോറാണ്ടം കേന്ദ്രത്തിന് നൽകണം. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ 2231 കോടി രൂപ ബാക്കിയുണ്ട്. ഈ തുകയും ഹഡ്കോയുടെ സഹായവും കൂടിയുണ്ടെങ്കിൽ ഈ വീടുകൾ മുഴുവൻ പൂർത്തിയാക്കാൻ കഴിയും. ഇതൊന്നും ചർച്ച ചെയ്യാൻ ഞങ്ങളെ ആരേയും സഹകരിപ്പിച്ചിട്ടില്ല. എങ്ങനെയിത് ചെയ്തു?

മി. സ്പീക്കർ: ചർച്ചയുടെ ആവശ്യം ഇനി ഇല്ല. ചർച്ച ഇപ്പോൾ ഇവിടെ നടത്തി.

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ ചർച്ച അല്ല. ഉദ്യോഗസ്ഥരുടെ ചർച്ച വച്ചാൽ അതിൽ ഞാൻ ഇക്കാര്യങ്ങൾ ബോധ്യപ്പെടുത്താം. നിങ്ങൾക്ക് 5000 കോടി രൂപയ്ക്കുപകരം 20000 കോടി രൂപ ആവശ്യപ്പെടാമായിരുന്നുവെന്ന് ഞാൻ ബോധ്യപ്പെടുത്താം. എങ്ങനെയാണ് 1985-ൽ നോംസ് മറികടന്നുകൊണ്ട് അധിക തുക ആവശ്യപ്പെട്ടതെന്ന് വിവരിച്ചുകൊടുക്കാം. ചർച്ചയ്ക്കായി അന്ന് 17 പ്രാവശ്യം ഞാൻ ഡൽഹിയിൽ പോയിട്ടുണ്ട്.

മി. സ്പീക്കർ: ഏഴര മിനിട്ടായി ശ്രീ. പി. ജെ. ജോസഫ്, പ്ലീസ്.

ശ്രീ. പി. ജെ. ജോസഫ്: സർ, ഇനിയും റിവൈസ് മെമ്മോറാണ്ടം കൊടുക്കാം, സമയം കഴിഞ്ഞിട്ടില്ല. കേന്ദ്ര ഗവൺമെന്റ് റിപ്പോർട്ടിൽ ആഭ്യന്തര വകുപ്പാണ് 31000 കോടി രൂപയുടെ നഷ്ടമുണ്ടായതായി പറഞ്ഞത്. അതുകൊണ്ട് ഇക്കാര്യങ്ങളിൽ അനങ്ങാപ്പാറ നയം സ്വീകരിക്കുന്ന ഈ ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, പ്രളയം കഴിഞ്ഞ് ഒരു വർഷം തികയാൻ പോകുകയാണ്. ഇപ്പോഴും പ്രളയബാധിതരുടെ അവസ്ഥ വളരെ ദയനീയമാണ്. അക്കാര്യമാണ് പ്രമേയാവതാരകൻ ചൂണ്ടിക്കാട്ടിയത്. 10000 രൂപപോലും ലഭിക്കാതെ 20%-25% ആളുകൾ ബാക്കി നിൽക്കുകയാണ്. അതോടൊപ്പംതന്നെ ഈ പതിനായിരം രൂപ കിട്ടിയവർ രണ്ടാംഗഡു എന്ന് കിട്ടുമെന്നോ അടുത്ത അവരുടെ ആവശ്യങ്ങൾക്കായി എവിടെ എത്തിച്ചേരണമെന്നോപോലും അറിയാൻ കഴിയാത്ത സാഹചര്യത്തിലെത്തി നിൽക്കുന്നു. അപ്പീലിന്റെ കാലാവധി നീട്ടണമെന്ന് ഇവിടെ ആവർത്തിച്ച് ഞങ്ങൾ ആവശ്യപ്പെട്ടു. ബഹുമാന്യരായ മുഖ്യമന്ത്രിയും റവന്യൂ വകുപ്പുമന്ത്രിയും അതിന് മറുപടി നൽകിയില്ല. കാലാവധി ഒരു മാസംകൂടി നീട്ടിനൽകണമെന്ന ന്യായമായ ആവശ്യമാണ് ഞങ്ങൾ മുന്നോട്ടുവച്ചത്. എന്നാൽ അതുപോലും ഗവൺമെന്റ് ചെവിക്കൊള്ളുന്നില്ല. ഗവൺമെന്റ് അതിന് തയ്യാറാകുന്നില്ല. ഇത്തരത്തിൽ അപ്പീലുകൾ ഇപ്പോഴും കെട്ടിക്കിടക്കുന്നു. പുതിയ അപ്പീലുകൾ, പരാതികൾ വന്നുകൊണ്ടിരിക്കുകയാണ്. അതിനെ ഗവൺമെന്റ് വളരെ ലാഘവത്തോടെയാണ് കാണുന്നത്. റോഡുകളുടെ പുനർനിർമ്മാണ മടക്കമുള്ള കാര്യത്തിന് വെറും 650 കോടി രൂപയാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിരിക്കുന്നത്. ഗ്രാമീണ റോഡുകൾ പരിപൂർണ്ണമായും തകർന്നുകിടക്കുന്നു. ഇപ്പോൾ തുക നൽകി ത്തുടങ്ങി. 60-70 ലക്ഷം എന്ന തരത്തിൽ നാമമാത്രമായ തുകയാണ് നൽകുന്നത്. ഈ തുക ഉപയോഗിച്ച് പ്രളയം ബാധിച്ച ഒരു പ്രദേശത്ത് എങ്ങനെ പുനർനിർമ്മാണം കൊണ്ടുവരാൻ കഴിയും? എന്റെ നിയോജകമണ്ഡലത്തിലെ തമ്മാനിമറ്റം തൂക്കുപാലം ഈ പ്രളയത്തിൽ ഒഴുകിപ്പോയതാണ്. സർക്കാരുണ്ടാക്കിയ പ്രളയമാണ്. ആ പ്രളയം കഴിഞ്ഞ് ഒരു വർഷമാകാറായിട്ടും പ്രസ്തുത തൂക്കുപാലം പുനർനിർമ്മിച്ചിട്ടില്ല. എത്രയോ

നിവേദനങ്ങൾ ബഹുമാനപ്പെട്ട റവന്യൂ മന്ത്രിക്കടക്കം ഞാൻ നൽകി? ജനങ്ങളുടെ യാത്രാസൗകര്യം വളരെ ക്ലേശകരമായിരിക്കുകയാണ്. അക്കാര്യത്തിൽ യാതൊരുവിധ നടപടിയുമുണ്ടാകുന്നില്ല. ഇപ്പോൾ എന്ത് നിവേദനം എം.എൽ.എ.-മാർ നൽകിയാലും റീബിൽഡ് കേരളയിൽ ഉൾപ്പെടുത്താമെന്നാണ് പറയുന്നത്. റീബിൽഡ് കേരളയുടെ അവസ്ഥയാണ് ഇവിടെ ചൂണ്ടിക്കാട്ടിയത്. പരമദയനീയമായ ഒരു അവസ്ഥയിലേക്ക് പ്രളയബാധിതരെ സർക്കാർ കൊണ്ടെത്തിച്ചിരിക്കുകയാണ്. ഈ വിഷയങ്ങൾ ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

## IV ശ്രദ്ധ ക്ഷണിക്കൽ

### (1) പരമ്പരാഗത വ്യവസായങ്ങളുടെ സംരക്ഷണം

ശ്രീ. ആർ. രാമചന്ദ്രൻ: സർ, കേരള ജനതയുടെ ഉപജീവന മാർഗ്ഗങ്ങളിൽ പ്രാധാന്യമർഹിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ കാലോചിത മാറ്റങ്ങളോടെ സംരക്ഷിക്കുന്ന സംസ്ഥാന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണ്. ജനങ്ങളുടെ ഉപഭോഗ സ്വഭാവം മാറിയതോടെ നമ്മുടെ പല പരമ്പരാഗത വ്യവസായങ്ങളും പ്രതിസന്ധിയിലും പലതും അപ്രത്യക്ഷമാകുന്ന ഘട്ടത്തിലുമാണ്. കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായിരുന്ന കയർ, കശുവണ്ടി, കൈത്തറി വ്യവസായങ്ങൾപോലും പ്രതിസന്ധിയിലാണ്. ഇവയെക്കൂടാതെ അനേകം പീഡിത വ്യവസായങ്ങളും നമ്മുടെ സംസ്ഥാനത്തുണ്ട്. ഇവിടെയെല്ലാം തൊഴിലെടുക്കുന്നവർ സമൂഹത്തിലെ പാവപ്പെട്ടവരും അതിൽക്കൂടുതൽ സ്ത്രീകളുമാണ്. വരുമാനക്കുറവും അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും തൊഴിലില്ലായ്മയുംമൂലം വിദഗ്ദ്ധ തൊഴിലാളികൾപോലും മറ്റ് മേഖലകളെ ആശ്രയിക്കുന്ന അവസ്ഥയിലായിരിക്കുകയാണ്. കശുവണ്ടി വ്യവസായത്തെ തകർച്ചയിൽനിന്നും രക്ഷിക്കുന്നതിനും തോട്ടണ്ടിയുടെ ആഭ്യന്തരോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വളരെ പ്രശംസനീയമാണ്. സംസ്ഥാനത്തെ മൂന്നര ലക്ഷം കുടുംബങ്ങൾ ആശ്രയിക്കുന്ന പൊതുമേഖലയിലെ കശുവണ്ടി ഫാക്ടറികളെല്ലാം തുറന്നുപ്രവർത്തിക്കുന്നു. എന്നാൽ പലകാരണങ്ങളാൽ പകുതിയിലധികം വരുന്ന സ്വകാര്യ ഫാക്ടറികൾ അടഞ്ഞുകിടക്കുകയാണ്. ഏതാണ്ട് ഒന്നരലക്ഷത്തോളം

തൊഴിലാളികൾക്ക് തൊഴിലും വരുമാനവുമില്ലാത്ത നിലയിലാണ്. ഏറ്റവുമധികം വിദേശനാണ്യം നേടിത്തരുന്ന കശുവണ്ടി പരിപ്പിന്റെ കയറ്റുമതി അടുത്തകാലത്തായി കുറഞ്ഞുവരികയാണ്. അസംസ്കൃത തോട്ടണ്ടിയുടെ ലഭ്യതക്കുറവ് ഈ മേഖലയെ പ്രതിസന്ധിയിലാക്കുന്നു. കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും തോട്ടണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഊർജ്ജിതമായ ശ്രമം നടക്കുന്നുണ്ടെങ്കിലും ഇപ്പോഴും ഇറക്കുമതിയെ ആശ്രയിക്കേണ്ട നിലയിലാണ്. തോട്ടണ്ടിക്ക് കേന്ദ്രം ഇറക്കുമതിച്ചുങ്കം ഏർപ്പെടുത്തിയിരുന്നു. ഉല്പാദന മേഖലയിലെ ആധുനിക വൽക്കരണത്തിന്റെ അഭാവവും ഈ മേഖല നേരിടുന്ന പ്രതിസന്ധിയാണ്. ഗവൺമെന്റിന്റെ അടിയന്തര ശ്രദ്ധ ഈ വ്യവസായത്തിന് നൽകി അടഞ്ഞുകിടക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിക്കുന്നതിനാവശ്യ മായ നടപടികൾ സ്വീകരിക്കുകയോ അതിന് മുതലാളിമാർ തയ്യാറാകാത്തപക്ഷം ഫാക്ടറികൾ ഏറ്റെടുക്കാനുള്ള നടപടികൾ കൈക്കൊള്ളുകയോ ചെയ്യേണ്ടതായിട്ടുണ്ട്. സംസ്ഥാനത്തെ മൂന്നേമുക്കാൽ ലക്ഷം തൊഴിലാളികൾ പണിയെടുക്കുന്ന കയർ മേഖലയുടെ പുനരുജ്ജീവനത്തിനും വൈവിദ്ധ്യവത്കരണത്തിനുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ഈ മേഖലയിൽ വലിയ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളത്. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 28 ശതമാനം തൊണ്ട് മാത്രമാണ് ഇവിടെ സംസ്കരിച്ച് ചകിരിയാക്കുന്നത്. ഈ മേഖല നേരിടുന്ന ഏറ്റവുംവലിയ പ്രതിസന്ധി അസംസ്കൃത വസ്തുക്കളുടെ കുറവും യന്ത്രവൽക്കരണത്തിന്റെ അഭാവവുമാണ്. പരിസ്ഥിതി സൗഹൃദ ഉല്പന്നമെന്ന നിലയിൽ ലോകത്ത് ഏറെ പ്രചാരം നേടിയ കയറുല്പന്നങ്ങൾ മികച്ച മാർക്കറ്റിംഗിലൂടെ കൂടുതൽ വിറ്റഴിക്കുകയും മെച്ചപ്പെട്ട വില നൽകി തൊണ്ട് ശേഖരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുകയാണ്. കൈത്തറി വ്യവസായത്തിന്റെ ഉന്നമനത്തിനായി ഈ ഗവൺമെന്റ് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏറെ ശ്രദ്ധിക്കപ്പെടുന്നതാണ്. കേരളത്തിലെ കൈത്തറി വ്യവസായം പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത് തിരുവനന്തപുരം, കണ്ണൂർ, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, എറണാകുളം, കൊല്ലം, കാസർഗോഡ് ജില്ലകളിലാണ്. കേരളത്തിൽ 611 കൈത്തറി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും 406 എണ്ണം മാത്രമാണ് പ്രവർത്തിക്കുന്നത്. പല സ്ഥലങ്ങളിലും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഉല്പാദനം നാമമാത്രമാണ്. കാര്യക്ഷമമായ വിപണനവും ആധുനികവൽക്കരണവും ഈ മേഖലയുടെ വളർച്ചയ്ക്ക് അത്യന്താപേക്ഷിതമാണ്. വിദഗ്ദ്ധ ഡിസൈനർമാരുടെ സഹായത്തോടെ മികച്ച ഉല്പന്നങ്ങൾ ഉല്പാദിപ്പിച്ച്

ഓൺലൈൻ മാർക്കറ്റിംഗ് ഉൾപ്പെടെയുള്ള സംവിധാനത്തെ പ്രയോജനപ്പെടുത്തി ഈ മേഖലയിലെ തൊഴിൽസാദ്ധ്യത നിലനിർത്തേണ്ടിയിരിക്കുന്നു. തൊടിയൂർ, തഴവ, വള്ളികുന്നം, കുലശേഖരപുരം എന്നീ ഗ്രാമപഞ്ചായത്തുകളിലെ 50000 കുടുംബങ്ങളുടെ പ്രധാന ഉപജീവനമാർഗ്ഗമായിരുന്നു തഴപ്പായ നിർമ്മാണ വ്യവസായം. നമ്മുടെ കാർഷിക സംസ്കാരത്തോടനുബന്ധിച്ച് നിലനിന്നിരുന്ന പ്രധാന വ്യവസായം ഇന്ന് പൂർണ്ണമായും തകർന്ന നിലയിലാണ്. വളരെയധികം തൊഴിൽ സാദ്ധ്യതയുള്ള ഈ വ്യവസായം പുനരുജ്ജീവിപ്പിക്കുന്നതിന് ഊർജ്ജിത ശ്രമമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണം, മൺപാത്ര നിർമ്മാണം തുടങ്ങിയ അനേകം തൊഴിലുകൾ ഇന്നും കേരളത്തിലുണ്ട്. ഇതിനെ ആശ്രയിച്ച് അനേകം പേർ ഉപജീവനം നിർവ്വഹിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് തൊഴിലെടുക്കുന്നവർ അസംഘടിതരും പാവപ്പെട്ടവരുമാണ്. ഇവരുടെ ഉന്നമനത്തിനുവേണ്ടി ഇന്ന് കേരളത്തിൽ നിലവിലുള്ള എല്ലാ പരമ്പരാഗത വ്യവസായങ്ങൾക്കും ആവശ്യമായ പ്രോത്സാഹനം നൽകി തൊഴിലാളികൾക്ക് മെച്ചപ്പെട്ട വരുമാനം ലഭിക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്ന് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ അഭ്യർത്ഥിക്കുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിന്റെ തനത് കരകൗശല വൈദഗ്ധ്യവും ദേശീയ സങ്കേതിക വിദ്യകളും അഭിരുചിയും പ്രാദേശിക സംസ്കാരവും ഒരുപോലെ സമ്മേളിക്കുന്ന ഉപജീവന മേഖലയാണ് കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങൾ. കരകൗശലം, കയർ, കൈത്തറി, ഖാദി, കശുവണ്ടി, ബീഡി, ബാംബൂ, പന, വെങ്കല-കളിമൺപാത്ര നിർമ്മാണം തുടങ്ങിയവയാണ് കേരളത്തിലെ പ്രധാനപ്പെട്ട പരമ്പരാഗത വ്യവസായങ്ങൾ. മൊത്തം വ്യാവസായിക തൊഴിൽശക്തിയുടെ സിംഹഭാഗവും പരമ്പരാഗത തൊഴിലാളികൾ ഉൾക്കൊള്ളുന്നതാണ്. അവരിൽത്തന്നെ ഭൂരിപക്ഷവും വിവിധ സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങളിൽ പിന്നോക്കം നിൽക്കുന്നവരും മഹാഭൂരിപക്ഷവും സ്ത്രീകളുമാണ്. കേരളത്തിലെ പരമ്പരാഗത കരകൗശല മേഖലയുടെ പരിപോഷണത്തിനായി ബഹുമുഖ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പിലാക്കിവരുന്നത്. കൈത്തറി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയ പദ്ധതിയാണ് സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി. ഏകദേശം അയ്യായിരത്തിലധികം നെയ്ത്ത് തൊഴിലാളികളെയും അത്രത്തോളംതന്നെ അനുബന്ധ തൊഴിലാളികളെയും പദ്ധതിയുടെ ഭാഗമായി സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇക്കഴിഞ്ഞ മൂന്ന് വർഷംകൊണ്ട് 75 ലക്ഷത്തോളം മീറ്റർ തുണി

കൈത്തറിയിൽ ഉല്പാദിപ്പിച്ചു. ഇതുവഴി കേരളത്തിലെ സ്പിന്നിംഗ് മില്ലുകൾക്കും പുരോഗതിയുണ്ടാക്കാനും പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പങ്കാളികളാകാനും കഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതി വഴി ഇതുവരെ 100 കോടിയോളം രൂപ കൂലിയിനത്തിൽ മാത്രം തൊഴിലാളികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കൈത്തറി മേഖലയിൽ യുവ വീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി പദ്ധതി, ഹാന്റക്സ് വഴിയുള്ള കൈത്തറി സുരക്ഷാ പദ്ധതി, സ്വയം തൊഴിൽ സംരംഭം തുടങ്ങിയ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ആദ്യമായി ഏറ്റവും മെച്ചപ്പെട്ട കൈത്തറി സംഘങ്ങൾക്ക് സംസ്ഥാനതലത്തിൽ ഒരു ലക്ഷം രൂപ വീതവും ജില്ലാ തലത്തിൽ അമ്പതിനായിരം രൂപ വീതവും അടങ്ങുന്ന അവാർഡുകൾ പ്രഖ്യാപിച്ച് പരമ്പരാഗത വ്യവസായത്തെ പ്രോത്സാഹിപ്പിക്കുകയുണ്ടായി. കൈത്തറി മേഖലയിൽ നെയ്ത്തുകാർ, അനുബന്ധ തൊഴിലാളികൾ, അവരുടെ കുടുംബാംഗങ്ങൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് സർക്കാർ നടത്തിയിട്ടുള്ള നെയ്ത്തുത്സവം ഒരു വലിയ അനുഭവമായിരുന്നു. കേരള സംസ്ഥാന കരകൗശല വികസന കോർപ്പറേഷൻ വിവിധ ക്രാഫ്റ്റുകളിലായി ഇതുവരെ 1350 കരകൗശല തൊഴിലാളികൾക്ക് സൗജന്യമായി ടൂൾകിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. 3500-ഓളം ആർട്ടിസാൻമാർക്ക് പ്രയോജനം ലഭിച്ചിട്ടുള്ള 9 ഡിസൈൻ & ടെക്നോളജി വർക്ക്ഷോപ്പുകൾ ഇവിടെ നടത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യയും ആധുനിക മെഷിനറികളും ഉപയോഗപ്പെടുത്തി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പൊതുസേവന കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ തൊഴിലാളികളെ സംരക്ഷിക്കുന്നതിന് അംഗീകൃത ഈറ്റ-പനമ്പ് തൊഴിലാളികൾക്ക് മിനിമം വേജസ് പദ്ധതി നടപ്പിലാക്കി. പനമ്പിന്റെ സംഭരണവില പുതുക്കി നിശ്ചയിച്ചു. സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രങ്ങൾ, സ്ലീവറിംഗ് യൂണിറ്റുകൾ തുടങ്ങിയവയും ആരംഭിക്കുകയുണ്ടായി. കൂടാതെ ബാംബൂ ഇന്നവേഷൻ സെന്റർ പ്രവർത്തനം ആരംഭിച്ചു. ബാംബൂ ഉല്പന്നങ്ങളായ ഫ്ളാറ്റൻഡ് ബോർഡുകൾ, ബാംബൂ ഫ്ലോറിംഗ് ടൈൽസ് എന്നിവ ചെലവ് കുറഞ്ഞ രീതിയിൽ നിർമ്മിക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിച്ചുവരുന്നു. കെൽപാം എന്ന സ്ഥാപനത്തെ തകർച്ചയിൽ നിന്നും പുനരുജ്ജീവിപ്പിക്കുന്നതിനായി കോമൺ ഫെസിലിറ്റി സർവ്വീസ് സെന്റർ, പെറ്റ് ബോട്ടിൽ പ്ലാന്റ്, പന ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള സ്വീറ്റ്സ്, മോഡേൺ റൈസ് മിൽ എന്നിവ സ്ഥാപിച്ച് പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടത്തിവരികയാണ്. കേരളത്തിലെ കരകൗശല മേഖലയുടെ വികസനത്തിനു വേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള പാലക്കാടും കണ്ണൂരിലും സംഘടിപ്പിച്ചു. അത് വലിയ ആകർഷകമായൊരു പരിപാടിയായിരുന്നു. അന്താരാഷ്ട്ര നിലവാരത്തിലുള്ള

വ്യക്തികളും സ്ഥാപനങ്ങളും അതിൽ പങ്കാളികളാകുകയുണ്ടായി. ഖാദി മേഖലയുടെ പുനരുദ്ധാരണത്തിനായി ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളുടെ നവീകരണം, തൊഴിലാളികളുടെ മിനിമം കൂലി പരിഷ്കരിക്കാനുള്ള നടപടി, ഉത്സവബത്ത 1500 രൂപയാക്കി വർദ്ധിപ്പിച്ചത്, ഉല്പാദന ഇൻസെന്റീവ് നൂൽ നൂല്പിന് ഒരു കഴിക്ക് 60 പൈസയും നെയ്ത്തിന് ഒരു കഴിക്ക് 1.80 പൈസയും ഇരട്ടിയായി നൽകിയത്, ഇ.എസ്.ഐ./ക്ഷേമനിധി ആനുകൂല്യങ്ങൾ, അദ്ധ്വാനഭാരം ലഘൂകരിച്ച് റെഡിമെയ്ഡ് വർക്ക്ഷോപ്പ് പോലുള്ള സൗകര്യങ്ങൾ വ്യാപകമാക്കൽ, പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി ഖാദി ഗ്രാമ പദ്ധതി എന്നിവയും നടപ്പിലാക്കിവരുന്നു. കയർ മേഖലയുടെ ഉന്നമനത്തിനായി നടപ്പിലാക്കിവരുന്ന നൂതന പദ്ധതിയാണ് കയർ രണ്ടാം പുനഃസംഘടന. രണ്ടാം പുനഃസംഘടനയുടെ ഭാഗമായി ചകിരി ഉല്പാദനമേഖലയിലും കയർപിരി മേഖലയിലും യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ കാപ്പെക്സ്, കശുവണ്ടി ഫാക്ടറികൾ ഇവയെല്ലാംതന്നെ അടഞ്ഞുകിടക്കുകയായിരുന്നു. സർക്കാരിന്റെ നിരന്തരമായ ഇടപെടൽമൂലം കാപ്പെക്സ് ഫാക്ടറികൾ മിക്കതും പ്രവർത്തിച്ചുവരികയാണ്. കശുവണ്ടി മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള കാഷ്യൂ ബോർഡ് എന്ന സ്ഥാപനം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. ബീഡി വ്യവസായ മേഖല നേരിടുന്ന പ്രതിസന്ധി മറികടക്കുന്നതിന് ബീഡി സഹകരണ മേഖലയിൽ വൈവിദ്ധ്യവൽക്കരണം നടപ്പിലാക്കിവരികയാണ്. ജി.എസ്.ടി. വന്നതോടുകൂടി കേരള ദിനേശ് ബീഡിക്ക് വലിയ ബാദ്ധ്യതയാണ് ഏൽക്കേണ്ടിവന്നത്. ബീഡിക്ക് 28 ശതമാനമാണ് ജി.എസ്.ടി. അങ്ങനെവന്നപ്പോഴുണ്ടായ തകർച്ചയിൽ നിന്ന് അത്തരം സ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടി അടച്ച നികുതി സർക്കാർ ഗ്രാന്റായി നൽകി. ദിനേശ് ബീഡി തൊഴിലാളികളെയും ബീഡി വ്യവസായത്തെയും സംരക്ഷിക്കാനുള്ള ആശ്വാസ നടപടികൾ സ്വീകരിച്ചുവരികയാണ്. കളിമൺ പാത്ര നിർമ്മാണ മേഖലയെ സംരക്ഷിക്കുന്നതിനുവേണ്ടി കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തിച്ചു വരികയാണ്. മാത്രമല്ല, സംസ്ഥാന വ്യാപകമായി കളിമണ്ണ് ഉൾപ്പെടെ വിതരണം ചെയ്യുന്നതിനായി സഹകരണ നിയമപ്രകാരം റാ മെറ്റീരിയൽ ബാങ്ക് രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചുവരികയാണ്. പരമ്പരാഗത ഉല്പന്നങ്ങൾ പ്രാചീനകാലം മുതൽ വിദേശ രാജ്യങ്ങളിൽ പ്രശസ്തമാണ്. ഇത്തരം ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്താനും വിദേശ-സ്വദേശ വിനോദ സഞ്ചാരികളെ ആകർഷിക്കാനും കഴിയത്തക്ക നിലയിലുള്ള പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. വാണിജ്യ മിഷൻ ഇവയുടെ വിപണനത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട ഒട്ടനവധി ആധുനിക

പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തിച്ചുവരികയാണ്. മൊത്തത്തിൽ നമ്മുടെ പരമ്പരാഗത വ്യവസായമേഖലകൾക്കാകെ പുതിയൊരു ഉത്തേജനം നൽകാൻ കഴിഞ്ഞ മൂന്ന് വർഷത്തെ പ്രവർത്തനംകൊണ്ട് സാധിച്ചിട്ടുണ്ട്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, പരമ്പരാഗത വ്യവസായ രംഗത്ത് സ്വീകരിക്കുന്ന നടപടികളെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. ലക്ഷക്കണക്കിന് തൊഴിലാളികളുടെ ഉപജീവനമാർഗ്ഗമായ പരമ്പരാഗത വ്യവസായങ്ങളുടെ ഉന്നമനത്തിനായി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, പ്രത്യേകമായി ഇപ്പോൾ വകുപ്പില്ല. ഇത്തരം പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുമ്പോൾ അതിന് സാധിക്കുമോയെന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിശോധിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) മലപ്പുറം ജില്ലയുടെ വിഭജനം

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ജനസംഖ്യാപരമായി വളരെ മുന്നിൽ നിൽക്കുന്ന ഒരു പ്രദേശത്തിന്റെ ത്വരിതഗതിയിലുള്ള വികസനത്തിനും ഭരണപരമായ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുംവേണ്ടി ഒരു പുതിയ ജില്ലകൂടി രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കണമെന്ന് ആവശ്യപ്പെടാനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. മുൻകാലഘട്ടങ്ങളിൽ ഞങ്ങൾ മലബാർ ജില്ലക്കാരായിരുന്നു. മദിരാശി സംസ്ഥാനത്തിന്റെ ഭാഗമായിരുന്നു, അതിപ്പോൾ കേരളമായി. അന്ന് കേരളത്തിൽ ആകെ നാല് ജില്ലകളാണുണ്ടായിരുന്നത്. പിന്നീട് പതിനാല് ജില്ലകളായി മാറി. മലപ്പുറം ജില്ലയിൽ അസംബ്ലി മണ്ഡലങ്ങൾ 16 എണ്ണമായി. അതുകൊണ്ട് ആസ്തി വികസന ഫണ്ടും എം.എൽ.എ. ഫണ്ടുംകൂടി 96 കോടി രൂപ ആ വകയിൽ കിട്ടാൻ തുടങ്ങി. ജില്ലാ പഞ്ചായത്തിന്റെ ഫണ്ടും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ഫണ്ടും വർദ്ധിതമായ തോതിൽ വരാൻ തുടങ്ങി. 1969 ജൂൺ 16-ന് ആദരണീയനായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് മലപ്പുറം ജില്ല കൊണ്ടുവന്നത്. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും വളരെ ശരിയായൊരു നടപടിയാണെന്ന് തെളിയിച്ചുകൊണ്ട് മലപ്പുറം ജില്ല പല മേഖലകളിലും വലിയ പുരോഗതി നേടി. ജനസംഖ്യാനുപാതികമായ വളർച്ച ഇനിയും ആവശ്യമാണ്. കൂടുതൽ താലൂക്കുകൾ, വില്ലേജുകൾ, പഞ്ചായത്തുകൾ, ആശുപത്രി കിടക്കകൾ, ഡോക്ടർമാർ, സ്കൂളുകൾ, കുട്ടികൾക്ക് പഠിക്കാൻ സീറ്റുകൾ, കോളേജുകൾ, അദ്ധ്യാപകർ, സർക്കാർ

ഓഫീസ്, കെ.എസ്.ഇ.ബി., കെ.എസ്.ആർ.ടി.സി. ഓഫീസുകൾ, ഇതൊക്കെ ഇനിയും വർദ്ധിപ്പിക്കേണ്ടത് ജനസംഖ്യാനുപാതികമായി ആവശ്യമാണ്. പുതിയ ജില്ല വന്നാൽ ഭരണസൗകര്യം കൂടുകയും പുതിയ ജില്ലാ പഞ്ചായത്ത് ഉണ്ടാകുകയും ചെയ്യും. അധികാര വികേന്ദ്രീകരണം ഒന്നുകൂടി ശക്തിപ്പെടും. പലതരത്തിലും ഇതുകൊണ്ടൊക്കെ വളരെ വലിയ നേട്ടങ്ങളുണ്ടാകും. ഭൂമിശാസ്ത്രപരമായും ജനസംഖ്യാനുപാതികമായും മലപ്പുറം വളരെ മുമ്പിലാണ്. വഴിക്കടവ് മുതൽ വെളിയംകോട് വരെ നീണ്ടുകിടക്കുന്ന ഒരു ജില്ലയാണ് മലപ്പുറം. ജില്ലാ കളക്ടറുടെ ഓഫീസിൽ എത്തിച്ചേരാൻ ആളുകൾക്ക് 100 കിലോമീറ്ററോളം സഞ്ചരിക്കണം. മലപ്പുറം ജില്ല രാഷ്ട്രീയ-മതസൗഹാർദ്ദത്തിന്റെയും നല്ല മനുഷ്യബന്ധങ്ങളുടെയും മാതൃകയാണ്. ഇ.എം.എസ്. നമ്പൂതിരിപ്പാട്, പൂക്കോയ തങ്ങൾ, എം. പി. നാരായണ മേനോൻ, ഇടശ്ശേരി ഗോവിന്ദൻ നായർ, മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാട്, പൂന്താനം നമ്പൂതിരി, പി. എസ്. വാര്യർ, ചെറുകാട് ഗോവിന്ദ പിഷാരടി, തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ, മോയിൻകുട്ടി വൈദ്യർ, ഉറൂബ് തുടങ്ങിയ പ്രശസ്തർ മലപ്പുറത്തുകാരാണ്. കുടുംബശ്രീ പദ്ധതി കേരളത്തിൽ ആദ്യമായി നടപ്പിലാക്കിയത് മലപ്പുറത്താണ്. ആ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം നിർവ്വഹിക്കാൻ അന്നത്തെ പ്രധാനമന്ത്രി അടൽ ബിഹാരി വാജ്പേയിയെയാണ് ഞങ്ങൾ കൊണ്ടുവന്നത്. മലപ്പുറം ജില്ല സാക്ഷരതയിലും മുന്നിലാണ്. അക്ഷയ പദ്ധതി ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയത് മലപ്പുറം ജില്ലയിലാണ്. അതുപോലെ ഐ.സി.ഡി.എസ്. പ്രോജക്ട് ആദ്യമായി കേരളത്തിൽ നടപ്പിലാക്കിയത് വേങ്ങരയിലാണ്. കേരളത്തിലെ ജില്ലകളുടെ ജനസംഖ്യയെടുത്താൽ തിരുവനന്തപുരം-33 ലക്ഷം, കൊല്ലം-26 ലക്ഷം, ആലപ്പുഴ-21 ലക്ഷം, പത്തനംതിട്ട-11 ലക്ഷം, കോട്ടയം-19 ലക്ഷം, ഇടുക്കി-11 ലക്ഷം, എറണാകുളം-32 ലക്ഷം, തൃശ്ശൂർ-31 ലക്ഷം, പാലക്കാട് -28 ലക്ഷം, കോഴിക്കോട് -30 ലക്ഷം, വയനാട്-8 ലക്ഷം, കണ്ണൂർ-25 ലക്ഷം, കാസർഗോഡ്-13 ലക്ഷം, മലപ്പുറം-41 ലക്ഷം എന്നിങ്ങനെയാണ്. മലപ്പുറത്ത് ഇപ്പോൾ 44-ഓളം വരും. രണ്ടാം സ്ഥാനം തിരുവനന്തപുരത്തിനാണ്, പക്ഷേ ഒന്നാം സ്ഥാനക്കാരും രണ്ടാം സ്ഥാനക്കാരും തമ്മിലുള്ള വ്യത്യാസം 12 ലക്ഷമാണ്. ഏറ്റവും കുറഞ്ഞ ജനസംഖ്യയുള്ള വയനാടും ഏറ്റവുംകൂടുതൽ ജനസംഖ്യയുള്ള മലപ്പുറവും തമ്മിലുള്ള വ്യത്യാസം 37 ലക്ഷമാണ്. ഇന്ത്യയിൽ 29 സംസ്ഥാനങ്ങളിൽ കേരളമൊഴികെ ബാക്കിയെല്ലായിടത്തും ലോക്സഭാ സീറ്റുകളെക്കാൾ കൂടുതൽ ജില്ലകളുണ്ട്. കേരളത്തിൽ മാത്രം ഇല്ല. ആസാം - ലോക്സഭാ സീറ്റ് 14, ജില്ല 33; ഛത്തീസ്ഗഡ് - ലോക്സഭാ സീറ്റ് 11, ജില്ല 27; ഗുജറാത്ത്-ലോക്സഭാ സീറ്റ്- 26,

ജില്ല 33; ഹരിയാന- ലോക്സഭാ സീറ്റ് 10, ജില്ല 22; ഹിമാചൽ പ്രദേശ്- ലോക്സഭാ സീറ്റ് 4, ജില്ല 12; കാശ്മീർ- ലോക്സഭാ സീറ്റ് 6, ജില്ല 22; ഝാർഖണ്ഡ്- ലോക്സഭാ സീറ്റ് 14, ജില്ല 24; കർണ്ണാടക- ലോക്സഭാ സീറ്റ് 2, ജില്ല 30; മദ്ധ്യപ്രദേശ് -ലോക്സഭാ സീറ്റ് 29 ജില്ല 51; മണിപ്പൂർ- ലോക്സഭാ സീറ്റ് 2, ജില്ല 16; ഒറീസ- ലോക്സഭാ സീറ്റ് 21, ജില്ല 30; രാജസ്ഥാൻ-ലോക്സഭാ സീറ്റ് 2, ജില്ല 33; ലോക്സഭാ സീറ്റിനെക്കാൾ കുറവ് ജില്ലയുള്ള ഒരു സ്ഥലം ഇവിടെ മാത്രമാണ്. ഇത് പ്രധാനപ്പെട്ടൊരു ആവശ്യമാണ്. മലപ്പുറം ജില്ലയെ ക്കുറിച്ച് പറയാൻ എനിക്ക് അവകാശമുള്ളതിനാൽ അതുമാത്രം പറയുന്നു. മറ്റ് അനുയോജ്യമായ സ്ഥലങ്ങളിൽ മലബാറിലും മൂവാറ്റുപുഴയിലും വേറെ എവിടെയെങ്കിലും പുതിയ ജില്ലകൾ ആവശ്യമുണ്ടെങ്കിൽ അതും സ്വീകരിക്കേണ്ടൊരു കാര്യമാണ്. മലപ്പുറം ജില്ല രൂപീകൃതമായ സമയത്ത് അവിടത്തെ സ്ഥിതി വളരെ മോശമായിരുന്നു. എന്നാൽ ധാരാളം ഡെവലപ്മെന്റ് ഇപ്പോൾ ഉണ്ടായിട്ടുണ്ട്. ആ ഡെവലപ്മെന്റ് നമ്മുടെ ജനസംഖ്യയ്ക്ക് ആനുപാതികമായി ഉണ്ടായിട്ടില്ല. ജനസംഖ്യാനുപാതികമായാണ് കാര്യങ്ങളൊക്കെ നടന്നുവരേണ്ടത്. മെഡിക്കൽ കോളേജ് ഇടുക്കി ജില്ലയിൽ അനുവദിച്ചപ്പോൾ മലപ്പുറം ജില്ലയിലും അനുവദിച്ചു. ഇടുക്കി, കോട്ടയം, പത്തനംതിട്ട എന്നീ മൂന്ന് ജില്ലകളിലെ ജനസംഖ്യ മലപ്പുറത്തുണ്ട്. യഥാർത്ഥത്തിൽ മൂന്ന് മെഡിക്കൽ കോളേജുകൾ കിട്ടേണ്ടതല്ലേ? ഇതെല്ലാം ജില്ലകളുടെ ത്വരിതഗതിയിലുള്ള വികസനത്തിനുവേണ്ടിയാണ്. പഞ്ചായ ത്തുകൾതന്നെ വിഭജിക്കാൻ പോകുന്നുവെന്നാണ് എനിക്ക് അറിയാൻ സാധിച്ചത്. എന്തിനാണ് വിഭജിക്കുന്നത്? പഞ്ചായത്തുകൾ വിഭജിക്കുന്നത് ഭരണപരമായ സൗകര്യത്തിനും 23-ൽപ്പരം വാർഡുകളുള്ളതുകൊണ്ടും 50000-ത്തിലേറെ ആളുകളുള്ളതു കൊണ്ടുമാണ്. പഞ്ചായത്തുകളും മറ്റ് താലൂക്കുകളും വിഭജിക്കുന്നതുപോലെ മലപ്പുറം ജില്ലയിൽ ഒരു പുതിയ ജില്ലകൂടി രൂപീകരിക്കുന്നത് നല്ലതാണ്. അത് എങ്ങനെ വേണം; അതിന്റെ വിശദാംശങ്ങൾ എന്താണ്; ഏതെല്ലാം ഏരിയകൾ കൂട്ടിച്ചേർക്കണം; മലപ്പുറത്തിന് പുറത്തുള്ള ഏരിയ എടുക്കണമോ; ഇതിൽ നിന്നും കൊടുക്കണമോ എന്നിങ്ങനെയുള്ള കാര്യങ്ങളെക്കുറിച്ച് സ്പെഷ്യൽ ഓഫീസറെ നിയമിച്ചാലേ നമുക്ക് മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. അധികാര വികേന്ദ്രീക രണത്തിന്റെയും ഭരണസംവിധാനത്തിന്റെയും ഭാഗമായും ത്വരിതഗതിയിലുള്ള വികസനം ലക്ഷ്യമാക്കിയുമുള്ളൊരു സജഷനാണ് ഞാൻ ഉന്നയിക്കുന്നത്. അങ്ങനെയൊരു സംഭവമുണ്ടാക്കുന്നതിനുവേണ്ടി അത്തരം വിഷയങ്ങൾ ഈ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടത് ജനപ്രതിനിധിയെന്ന നിലയിൽ എന്റെ ബാദ്ധ്യത മാത്രമാണ്. അത് കഴിഞ്ഞപ്രാവശ്യം എനിക്ക് അവതരിപ്പിക്കാൻ

അസൗകര്യമുണ്ടായിരുന്നു. ഞാൻ വേറൊരു ദിവസം മതിയെന്ന് പറഞ്ഞപ്പോൾ ആദരണീയനായ സ്പീക്കർ വേറൊരു ദിവസം തന്നു. മൂവാറ്റുപുഴ ജില്ല രൂപീകരിക്കുന്നതിന് ഞാൻ എതിരല്ല, അനുകൂലമാണ്. ജില്ലകൾ രൂപീകരിക്കുന്നതിനെക്കുറിച്ച് ഞാൻ മൂന്ന് ലേഖനം പത്രങ്ങളിൽ എഴുതിയിട്ടുണ്ട്. ഞാൻ ഒരു ലേഖനത്തിൽ എഴുതിയത് വടകര, മലപ്പുറം, മൂവാറ്റുപുഴ എന്നീ മൂന്ന് ജില്ലകളെക്കുറിച്ചാണ്. അവിടെയുള്ള എം.എൽ.എ.-മാർ ഇവിടെയുള്ളതുകൊണ്ട് ആ ജില്ലകളെക്കുറിച്ച് എനിക്ക് പറയാൻ സാധിക്കില്ല. അതിനെല്ലാംപുറമെ കോഴിക്കോട് സെക്രട്ടേറിയറ്റിന്റെ ഒരു അനക്സ് ഉണ്ടാക്കണമെന്ന് വാദിച്ചൊരാളാണ് ഞാൻ. ഇതൊരു പ്രാദേശിക വിഷയമായി കാണാൻ പാടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. കെ. എൻ. എ. ഖാദർ: മലപ്പുറം ജില്ലയുടെ വിഭജനത്തിന് കോൺഗ്രസ്സും ലീഗും ജനങ്ങളും ആരും എതിരല്ല. കെ. കെ. നായർക്ക് വേണ്ടിയാണ് പത്തനംതിട്ട ജില്ല കൊടുത്തത്. കാസർഗോഡ് വന്നു. മലപ്പുറം കഴിഞ്ഞ് അടുത്ത് ജനസംഖ്യ കൂടുതലുള്ള ജില്ല തിരുവനന്തപുരമാണ്. 33 ലക്ഷമാണ് തിരുവനന്തപുരത്തെ ജനസംഖ്യ. അവർക്ക് സൗകര്യമുണ്ടെങ്കിൽ ആകാം. പുതിയ ജില്ല എന്നുപറയുന്നത് പുതിയ പഞ്ചായത്ത്, പുതിയ വാർഡ്, പുതിയ വില്ലേജ്, പുതിയ താലൂക്ക് എന്നതു പോലെ മാത്രമേ മന്ത്രി കാണേണ്ടതായിട്ടുള്ളൂ. അതൊരു പ്രധാനപ്പെട്ട സംഗതിയാണ്. പുതിയ ജില്ല രൂപീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കേണ്ട തിന്റെ ആവശ്യകത ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സർക്കാരിന്റെയും മുമ്പിൽ കൊണ്ടു വരികയാണ്. അതൊരു നല്ല കാര്യമായിട്ടാണ് എല്ലാവരും സ്വീകരിക്കേണ്ടത്. എല്ലാവരുംകൂടി ആലോചിച്ച് പോസിറ്റീവായ മറുപടി നൽകി സഹായിക്കണ മെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഇതൊരു ജനതയോട് ചെയ്യുന്ന നല്ല കാര്യം മാത്രമായിരിക്കും. ബ്രിട്ടീഷുകാരുടെ ആക്രമണത്തിനുവിധേയമായ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയ സാഹിത്യ സാംസ്കാരിക രംഗത്തെ പ്രഗത്ഭരായ ഇടശ്ശേരിയും ഉറൂബും ചെറുകാടും മേൽപ്പത്തൂർ നാരായണ ഭട്ടതിരിപ്പാടും തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛനും അടങ്ങുന്ന ജില്ലയാണ് മലപ്പുറം. അവിടെ പൊന്നാനി മുതൽ കടലുണ്ടി വരെ തീരദേശമാണ്. ആ തീരദേശ വികസനത്തിനും വിനോദസഞ്ചാരമേഖലയ്ക്കും ഇത് ആവശ്യമാണ്. 40000 കുട്ടികൾ സീറ്റ് കിട്ടാതെ പുറത്ത് നിൽക്കുന്നു. അവർക്കിത് ആവശ്യമാണ്. ഇതെല്ലാം കണക്കിലെടുത്ത് ഒരു പുതിയ ജില്ലകൂടി രൂപീകരിക്കേണ്ട ആവശ്യകത ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

12.00 Noon]

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിന്റെ സമഗ്ര വികസനമാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ലക്ഷ്യമിടുന്നത്. ആ സമഗ്ര വികസനത്തിനു വേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി ക്കൊണ്ടിരിക്കുകയാണ്. ഒട്ടനവധി മഹാരഥന്മാർക്ക് ജന്മം നൽകിയ നാടാണ് മലപ്പുറം എന്നുള്ളത് അതിന്റെ സവിശേഷതയായിട്ടുതന്നെ നിലനിൽക്കുകയാണ്. രാജ്യത്തിനാകെ മാതൃകയായ അധികാര വികേന്ദ്രീകരണ പ്രക്രിയയാണ് ഇന്ന് കേരളത്തിലുള്ളത്. ജനസൗഹൃദപരമായി പ്രവർത്തിക്കാൻ പ്രാദേശിക തലത്തിലുള്ള ഉദ്യോഗസ്ഥ സംവിധാനത്തെ വലിയൊരളവുവരെ നിർബന്ധിതമാക്കിയതാണ് കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ശ്രദ്ധേയമായ ഘടകം. അതിനെ കൂടുതൽ ഫലവത്തായി മുന്നോട്ടുകൊണ്ടു പോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്. ആസൂത്രണപ്രക്രിയ ഫലവത്തായി നടപ്പിലാക്കുന്നതിനായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും എല്ലാ തട്ടിലുമുള്ള തദ്ദേശഭരണ സ്ഥാപനങ്ങളെ ഒറ്റ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിനും സാധിച്ചിട്ടുണ്ട്. പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗരാസൂത്രണം, തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകൾ ഒരു മന്ത്രിയുടെ കീഴിൽ കൊണ്ടുവന്നു. ഇവ കൂട്ടിച്ചേർത്ത് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് അതിന്റെ തലവനായി പ്രിൻസിപ്പൽ സെക്രട്ടറിയെ നിയമിച്ചു. സമാന്തരമായി പ്രവർത്തിക്കുന്ന അധികാര കേന്ദ്രങ്ങളുടെ പ്രവർത്തനം അവസാനിപ്പിച്ചു. ജില്ലാ ആസൂത്രണ സമിതികൾ സാങ്കേതിക വിദഗ്ദ്ധരെയും സാമൂഹ്യ പ്രവർത്തകരെയും ഉൾപ്പെടുത്തി പുനഃസംഘടിപ്പിച്ചു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തസ്സത്ത അതേ അർത്ഥത്തിൽ നടപ്പാക്കുന്നതിനാണ് ഈ നടപടികളൊക്കെ സ്വീകരിച്ചത്. ഉദ്യോഗസ്ഥ മേധാവിത്വത്തിലധിഷ്ഠിതമായി പ്രവർത്തിച്ചുവന്നിരുന്ന സംവിധാനത്തെ തെരഞ്ഞെടുക്കപ്പെട്ട ജനകീയ ഭരണ സംവിധാനത്തോടും പ്രാദേശിക ജനസമൂഹത്തോടും ചേർന്നുനിന്ന് പ്രവർത്തിക്കുന്ന അന്തരീക്ഷത്തിലേയ്ക്ക് പരിവർത്തനപ്പെടുന്നവിധം അധികാര വികേന്ദ്രീകരണ പ്രക്രിയ ശക്തിപ്പെടുത്തുക, വികസന ക്ഷേമപ്രവർത്തനങ്ങളിൽനിന്നും ഒരാൾ പോലും ഒഴിവാകാത്ത നിലയിൽ കുറ്റമറ്റ രീതിയിൽ ഈ ആസൂത്രണ പ്രക്രിയ സുശക്തമാക്കുക എന്നതിലാണ് സർക്കാർ ഊന്നൽ നൽകുന്നത്. ജനപങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ഗ്രാമ നഗര വികസന സമിതികളുടെ ഇടപെടലുകൾ കൂടുതൽ ശക്തിപ്പെടുത്തിയാൽ ഈ സംവിധാനം ഇനിയും മെച്ചപ്പെടുത്താനാകും.

അതിനുപകരം പുതിയ ജില്ലകൾ രൂപീകരിക്കുക എന്നത് ശാസ്ത്രീയമായ സമീപനമായി കരുതാനാകില്ല. ഇവിടെ വേണ്ടത് ആസൂത്രണ വികേന്ദ്രീകരണ പ്രക്രിയയിൽ സാധാരണ ജനങ്ങളുടെ ഇടപെടലുണ്ടാകുക എന്നതാണ്. അത് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്ന ഒരു ജില്ലയാണ് മലപ്പുറം. അധികാര വികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. ആ സുസ്ഥിര വികസന സംസ്കാരം ശക്തിപ്പെടുത്താനുള്ള നടപടികളാണ് സർക്കാർ കൈക്കൊള്ളുന്നത്. ബഹുമാനപ്പെട്ട അംഗം ഉൾപ്പെടെയുള്ള ഒരു ഗവൺമെന്റ് ഇവിടെ അധികാരത്തിലുണ്ടായിരുന്നു. ആ കാലഘട്ടങ്ങളിലൊന്നും നിങ്ങൾക്ക് തോന്നാത്ത കാര്യം ഇത്തരത്തിൽ ഈ സഭയുടെ മുമ്പാകെ കൊണ്ടുവന്നത് സ്വാഭാവികമായൊരു പരിണതഫലമാണെന്ന് കണക്കാക്കാം. നേരത്തെ വന്ന ഒരു പ്രമേയം അവതരിപ്പിക്കാൻ കഴിയാത്തതുകൊണ്ടുള്ള ഒരു രൂപഭാവമായിരിക്കും ഇപ്പോൾ വന്നിട്ടുള്ളതെന്ന് സ്വാഭാവികമായും സംശയിച്ചേക്കാം. ഇതാണ് ഗവൺമെന്റിന്റെ നിലപാട് എന്ന കാര്യം അറിയിക്കുന്നു.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായ വകുപ്പുമന്ത്രി അവതരിപ്പിച്ച കാര്യങ്ങളെല്ലാം എന്റെ വാദഗതികളെ ശരിവയ്ക്കുന്നതാണ്. വികസന പ്രക്രിയയ്ക്ക് ഇത്ര താല്പര്യം കാണിക്കുന്നൊരു ഗവൺമെന്റ് എന്ന നിലയിൽ ആ ഗവൺമെന്റ് ഇതുപോലുള്ളൊരു വിഭജനത്തെക്കുറിച്ച് ആലോചിക്കുന്നത് നല്ലതാണ് എന്ന വിഷയമാണ് ഞാൻ ശ്രദ്ധയിൽപ്പെടുത്തിയത്. ഇന്നല്ലെങ്കിൽ നാളെ ഇത് ചെയ്യേണ്ടിവരുമെന്നുള്ളത് ഉറപ്പാണ്. 42 ലക്ഷം ജനങ്ങളുള്ള ഒരു ജില്ല അതുപോലെ നിലനിർത്താൻ സാധിക്കില്ല. അതുകൊണ്ട് വികസന പ്രക്രിയയുടെ ഭാഗമായി പുതിയ ജില്ലാ രൂപീകരണങ്ങളെക്കുറിച്ച്, ഒരു ജില്ല എന്നുമാത്രം പറയുന്നില്ല, എനിക്ക് മലപ്പുറം ജില്ലയുടെ കാര്യം മാത്രമേ പറയാൻ സാധിക്കുകയുള്ളൂ, അതുകൊണ്ടാണ് ഞാൻ പറയുന്നത്, പുതിയ ജില്ലാ രൂപീകരണത്തെക്കുറിച്ചാലോചിക്കാൻ പ്രത്യേകമായ എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ? ...(ബഹളം)..

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്, പ്ലീസ് ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കൂ.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, നാടിന്റെ സമഗ്ര വികസനമാണ് നമ്മുടെ മുമ്പിലുള്ള ലക്ഷ്യം. അതിന്റെ ഭാഗമായി അധികാര വികേന്ദ്രീകരണം ഫലപ്രദമായി ഇപ്പോൾ നമ്മൾ കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കേരളത്തിന് കേരളത്തിന്റേതായ പ്രത്യേക സവിശേഷതകളുണ്ട്. ഒരു കാര്യം മാത്രം അടിസ്ഥാനപ്പെടുത്തി ആലോചിക്കേണ്ട വിഷയമല്ല ഇത്. കേരളത്തിന്റെ

സമഗ്രമായ കാര്യങ്ങളെക്കുറിച്ച് പഠിച്ച് പരിശോധിച്ച് നിർവ്വഹിക്കേണ്ട ഒരു കാര്യം വളരെ ലളിതമായി തീരുമാനിക്കേണ്ടതല്ല. ഒട്ടനവധി രാഷ്ട്രീയ പ്രശ്നങ്ങൾക്കും ഒട്ടനവധി സംഭവങ്ങൾക്കുമൊക്കെ ഭാഗമാകാൻ സാധ്യതയുള്ള നിരവധി പ്രശ്നങ്ങൾ നമ്മുടെ സമൂഹത്തിന്റെ മുന്നിലുണ്ട്. അതുകൊണ്ട് ഇന്നത്തെ നിലയിൽ ഒരു ജില്ല വിഭജിക്കുകയെന്നുള്ളത് ഒരു ശാസ്ത്രീയ സമീപനമായി നിരീക്ഷിക്കാൻ നിർവ്വാഹമില്ല. മലപ്പുറം ജില്ലയിലെ ജനങ്ങളുടെ സമഗ്ര വികസനത്തിനുവേണ്ടി ഇന്നുള്ള ഭരണ സംവിധാനത്തെ ഫലപ്രദമായി ഉപയോഗിച്ച് അതിനെ വികസിപ്പിച്ച് ജനങ്ങൾക്ക് സംതൃപ്തിയും സന്തോഷവും നൽകുകയെന്നുള്ളതാണ് ഇന്നത്തെ നമ്മുടെ കാഴ്ചപ്പാട്; അതാണ് ഗവൺമെന്റിന്റെ നിലപാട്.

## V സബ്മിഷൻ

### (1) കെട്ടിട നിർമ്മാണാനുമതിക്കുള്ള സോഫ്റ്റ്‌വെയർ

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കഴിഞ്ഞ ദിവസം ഞാൻ കണ്ണൂർ ജില്ലയിൽ പോയപ്പോൾ അവിടത്തെ ആർക്കിടെക്ട് അസോസിയേഷനും മറ്റ് പൊതുപ്രസക്തരായ വ്യക്തികളും വളരെ പ്രധാനപ്പെട്ട വിഷയം എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. കണ്ണൂർ ജില്ലയെ മാത്രമല്ല, കേരളത്തെയാകെ ബാധിക്കുന്ന ഒരു പ്രശ്നം തന്നെയാണിത്. കെട്ടിട നിർമ്മാണാനുമതി ലഭിക്കാതെ ആളുകൾ നട്ടംതിരിയുന്ന സ്ഥിതിയാണ് സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലുമുള്ളത്. നിസ്സാരകാരണങ്ങൾ പറഞ്ഞ് അനുമതി നിഷേധിക്കുന്നതിനാൽ കെട്ടിടം നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണ് ജനങ്ങൾക്കുള്ളത്. ലൈസൻസ് ലഭിക്കാത്തതിന്റെ പേരിലാണ് പ്രവാസിയായ സാജന് ആത്മഹത്യ ചെയ്യേണ്ടിവന്നത്. അതുപോലെ ആത്മഹത്യ ചെയ്തില്ലെങ്കിലും ആത്മഹത്യയുടെ വക്കിലെത്തിനിൽക്കുന്ന ധാരാളം ആളുകൾ കേരളമൊട്ടാകെയുണ്ട്. പ്രത്യേകിച്ചും, സംസ്ഥാനത്തെ നാല് കോർപ്പറേഷനുകളിലെ ആളുകൾ നട്ടംതിരിയുന്ന കാഴ്ചയാണ് കാണുന്നത്. നിർമ്മാണാനുമതി വേഗത്തിലാക്കാൻ ഏർപ്പെടുത്തിയ സ്വകാര്യ സോഫ്റ്റ്‌വെയറിലെ തകരാറുകാരണമാണ് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ കോർപ്പറേഷനുകളിലെ ജനങ്ങൾ വലയുന്നത്. അതിവേഗം നൽകേണ്ട ഏകദിന പെർമിറ്റുപോലും ഇഴഞ്ഞാണ് നീങ്ങുന്നത്. പൂനെ ആസ്ഥാനമായ സോഫ്റ്റ്ടെക് കമ്പനി വികസിപ്പിച്ച ഐ.ബി.പി.എം.എസ്. എന്ന സോഫ്റ്റ്‌വെയർ മുഖേനയാണ് കഴിഞ്ഞവർഷം നവംബർ ഒന്ന് മുതൽ കെട്ടിട നിർമ്മാണത്തിന് അനുമതി നൽകുന്നത്. സോഫ്റ്റ്‌വെയറിൽ നൽകുന്ന വിവരങ്ങൾ ഓരോ ഘട്ടത്തിലും നഷ്ടമാകുന്നത് വലിയ

പ്രശ്നങ്ങൾ സൃഷ്ടിക്കുകയണ്. 'സങ്കേതം' സോഫ്റ്റ്‌വെയർ മുഖേനയാണ് നവംബർ മാസത്തിനുമുമ്പ് അനുമതി നൽകിയിരുന്നത്. അതിലെ ചെറിയ ന്യൂനതകൾ പരിഹരിക്കാൻ ഉദ്യോഗസ്ഥർക്കു തന്നെ കഴിയുമായിരുന്നു. ഈ ചെറിയ ന്യൂനതകൾ ഒഴിവാക്കുമെന്ന് വാഗ്ദാനം ചെയ്താണ് 7 കോടി രൂപ മുടക്കി സ്വകാര്യ കമ്പനിയുടെ പുതിയ സോഫ്റ്റ്‌വെയർ സ്ഥാപിച്ചത്. നഗരാസൂത്രണ വിഭാഗത്തിന്റെ നേതൃത്വത്തിൽ നിർമ്മിച്ച 'സുവേഗ' എന്ന സോഫ്റ്റ്‌വെയർ നല്ലനിലയിൽ പ്രവർത്തിച്ചതാണെന്നാണ് ആളുകൾ പറയുന്നത്. മാർക്കറ്റിൽ വൻവിലയുള്ള ബഹുരാഷ്ട്ര കമ്പനിയുടെ സോഫ്റ്റ്‌വെയറായ ഐ.ബി.പി.എം.എസ്. സ്ഥാപിച്ചതിന് ഒരു നീതീകരണവുമില്ലെന്നാണ് ആളുകളെല്ലാം അന്ന് പറഞ്ഞത്. പാലക്കാട്, ഗുരുവായൂർ, വർക്കല മുനിസിപ്പാലിറ്റിയിലെ സാങ്കേതിക മികവില്ലായ്മമൂലം കെട്ടിടനിർമ്മാണ അപേക്ഷകൾ അനുമതിക്കായി കാത്തുകിടക്കുകയാണ്. തിരുവനന്തപുരം കോർപ്പറേഷനിൽ ഈ മാസം 12 വരെ ലഭിച്ച 5232 അപേക്ഷകളിൽ 1863 എണ്ണത്തിന് മാത്രമാണ് അനുമതി നൽകാനായത്. കണ്ണൂരിൽ 200 അപേക്ഷകളിൽ 12 എണ്ണത്തിനുമാത്രമാണ് അനുമതി കിട്ടിയത്. ആർക്കിടെക്ട് അസോസിയേഷനുൾപ്പെടെ കണ്ണൂരുകാരാണ് പ്രധാനമായും ഈ പരാതിയുമായി വന്നത്. അവിടെ അപേക്ഷ സമർപ്പിക്കാൻപോലും കഴിയാത്ത അവസ്ഥയാണുള്ളത്. കമ്പനി ജീവനക്കാരുടെ സഹായമില്ലാതെ ഉദ്യോഗസ്ഥർക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കാൻ കഴിയുന്നില്ല. ഇപ്പോൾ ഉദ്യോഗസ്ഥരുടെ ജോലി ചെയ്യുന്നത് സ്വകാര്യ കമ്പനിയിലെ ജീവനക്കാരാണ്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പരിശോധിക്കുന്നത് ഈ ജീവനക്കാരാണ്. കമ്പനി അധികൃതരോട് മന്ത്രി അതൃപ്തി അറിയിച്ചെന്ന് മാധ്യമങ്ങളിലൂടെ അറിയാനിടയായി. പക്ഷെ, താളംതെറ്റൽ തുടരുകയാണ്. കെട്ടിടനിർമ്മാണ പെർമിറ്റിനായി ഓൺലൈനിൽ അപേക്ഷിച്ച ശേഷം അതിന്റെ ഹാർഡ് കോപ്പിയുമായി വീണ്ടും കോർപ്പറേഷനിൽപ്പോയി ക്യൂ നിൽക്കേണ്ടിവരികയാണ്. ഇരട്ടി ജോലിയാണ് ജനങ്ങൾക്ക് ചെയ്യേണ്ടിവരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വകാര്യ മേഖലയോട് വലിയ താല്പര്യമാണ് കാട്ടുന്നത്. തെരഞ്ഞെടുപ്പിനുമുമ്പ് എന്തൊക്കെ പറഞ്ഞോ അതിന് വിരുദ്ധമായിട്ടാണ് സർക്കാർ പ്രവർത്തിക്കുന്നത്. ഒന്നിനുപിന്നാലെ ഒന്നായി മന്ത്രിമാർ മത്സരിച്ച് ഉഗ്ഗ്ലക് പരിഷ്ക്കാരങ്ങൾ നടപ്പാക്കുകയാണ്. നന്നായി നടന്നിരുന്ന സുവേഗ എന്ന സംവിധാനം തകർത്താണ് ബുദ്ധിമുട്ടുണ്ടാക്കുന്ന പുതിയ പരിഷ്ക്കാരം നടപ്പാക്കുന്നത്. ജനങ്ങളുടെ കഷ്ടപ്പാടുകൾ മനസ്സിലാക്കി ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. സി. മൊയ്തീൻ ഇക്കാര്യത്തിലൊരു പുനർചിന്തനം നടത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിടനിർമ്മാണ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് ഐ.കെ.എം. വികസിപ്പിച്ചെടുത്ത 'സങ്കേതം' സോഫ്റ്റ്‌വെയറായിരുന്നു ഉപയോഗിച്ചിരുന്നത്. ഓൺലൈനായി പ്ലാൻ സമർപ്പിക്കാൻ സാധിക്കുമെങ്കിലും പ്ലാൻ പരിശോധനാവേളയിൽ മാനുഷിക ഇടപെടൽ ആവശ്യമാകുന്ന നിലയിൽ രൂപകല്പന ചെയ്തതാണ് സങ്കേതം എന്ന സോഫ്റ്റ്‌വെയർ. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി നിർമ്മിത ബുദ്ധി ഉപയോഗിച്ച് 'ഇന്റലിജൻസ് ബിൽഡിംഗ് പ്ലാൻ മാനേജ്മെന്റ് സിസ്റ്റം' (IBPMS) വികസിപ്പിക്കേണ്ടത് അനിവാര്യമായിരുന്നു. ബിൽഡിംഗ് പെർമിറ്റ് ലഭ്യമാക്കുന്നതിനായി കെട്ടിട നിർമ്മാണ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കുന്നതിനും ബിൽഡിംഗ് പ്ലാനുകൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമായാണോയെന്ന് പരിശോധിക്കുന്നതിനും ചട്ടവിധേയമായ പ്ലാനുകൾക്ക് ഓൺലൈനായി പെർമിറ്റ് അനുവദിക്കുന്നതിനുമുള്ള ഓട്ടോമാറ്റഡ് ഇന്റലിജൻസ് സോഫ്റ്റ്‌വെയറാണ് ഐ.ബി.പി.എം.എസ്. ഇന്ന് നഗരസഭാ ജീവനക്കാർ കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ വ്യവസ്ഥകൾ മനസ്സിലാക്കാതെ ജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന അവസ്ഥ പല നഗരസഭകളിലുമുണ്ട്. ഉദ്യോഗസ്ഥർ തങ്ങൾക്ക് ഇഷ്ടപ്പെട്ട രീതിയിൽ ചട്ടങ്ങളെ വ്യാഖ്യാനിക്കുകയാണ്. ലൈസൻസികൾ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്ന പ്ലാനുകൾ വരച്ച് അപേക്ഷകർക്ക് നൽകുന്നു. എല്ലാ പ്രദേശത്തെ ഭരണസംവിധാനങ്ങൾക്കും ഇതൊരു പ്രധാന പ്രശ്നമായി, പഴികേൾക്കേണ്ട അവസ്ഥയുണ്ടാകുന്നുണ്ട്. ഐ.ബി.പി.എം.എസ്. നടപ്പാക്കിയാൽ ഈ മേഖലയിലെ അഴിമതി പൂർണ്ണമായും ഒഴിവാക്കാൻ കഴിയുമെന്ന രീതിയിലാണ് അതിനെക്കുറിച്ച് ആലോചിച്ചത്. കെട്ടിട നിർമ്മാണാനുമതിക്കുള്ള അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിന് സോഫ്റ്റ്‌വെയർ വാങ്ങുന്നതിന് ഇ-ടെണ്ടർ നടപടികളാണ് സ്വീകരിച്ചിരുന്നത്. കെ.എസ്.ഐ.ഡി.സി.-യെയാണ് അതിന് ചുമതലപ്പെടുത്തിയിരുന്നത്. അതിൽ M/s Dev Information Technology Pvt. Ltd. എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചു. അത് അങ്ങ് പറഞ്ഞതുപോലെ 7 കോടി രൂപയല്ല, ഇ-ടെണ്ടർ മുഖാന്തിരം 3,25,01,635 രൂപയാണ്. സാങ്കേതിക മികവ് പരിശോധിക്കാനുള്ള കമ്മിറ്റിയെവച്ചാണ് അത് ചെയ്തത്. 92 നഗരസഭകളിൽ ഈ സംവിധാനം വ്യാപിപ്പിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. അതിനുള്ള ശിപാർശ സർക്കാരിന് കിട്ടിയിരുന്നു. നമ്മൾ നിയമഭേദഗതി വരുത്തിയതിന്റെ ഭാഗമായും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായും ഐ.ബി.പി.എം.എസ്. സംവിധാനം ഏർപ്പെടുത്തേണ്ടത് അനിവാര്യമായി വന്നു. സുതാര്യമായ ടെണ്ടർ നടപടികൾ പാലിച്ചാണ് ഈ സ്ഥാപനത്തെ തെരഞ്ഞെടുത്തിട്ടുള്ളത്. ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും ഐ.ബി.പി.എം.എസ്. നടപ്പിലാക്കിയിട്ടുള്ള സ്ഥാപനമാണ്

M/s Dev Information Technology Pvt. Ltd. വർക്കല നഗരസഭയിലാണ് ട്രയൽ റൺ നടത്തി ആദ്യഘട്ടത്തിൽ ഐ.ബി.പി.എം.എസ്. പ്രവർത്തനം ആരംഭിച്ചത്. 1-10-2018-ൽ തിരുവനന്തപുരം നഗരസഭയിലും തുടർന്ന് കൊല്ലം, തൃശ്ശൂർ, കണ്ണൂർ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് മുനിസിപ്പാലിറ്റികളിലും പരിശീലന പരിപാടി പൂർത്തീകരിച്ച് ഐ.ബി.പി.എം.എസ്. പൈലറ്റ് റൺ ആരംഭിച്ചിട്ടുള്ളതാണ്. ഐ.ബി.പി.എം.എസ്. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ വിവിധ നഗരസഭകളിലായി ഉദ്യോഗസ്ഥർക്കും കെട്ടിടനിർമ്മാണ പ്ലാനുകൾ കൈകാര്യം ചെയ്യുന്ന ലൈസൻസികൾക്കുംവേണ്ടി നാളിതുവരെ 105 പരിശീലന ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. 5510 പേർ പരിശീലന പരിപാടികളിൽ പങ്കെടുത്തിട്ടുണ്ട്. സംസ്ഥാനത്താകെ നാളിതുവരെ 6735 അപേക്ഷകൾ ലഭിച്ചിരുന്നു. അതിന്റെ കണക്ക് ഇവിടെ പറഞ്ഞതുതന്നെയാണ്. ഓൺലൈനായി ലഭിച്ച 6732 അപേക്ഷകളിൽ 2324 എണ്ണത്തിനാണ് അനുമതി കൊടുത്തത്. പരിശോധനയുടെ പുരോഗതിയിലുള്ളത് 500 അപേക്ഷകളാണ്. ചെറിയ തകരാറുകൾ കണ്ടെത്തിയതിനെത്തുടർന്ന് പുനഃക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പുനർസമർപ്പിച്ചത് 1049 അപേക്ഷകളാണ്. അത് പെട്ടെന്ന് കൊടുക്കാൻ കഴിയുന്നതാണ്. പ്ലാൻ തയ്യാറാക്കിക്കൊടുക്കുമ്പോഴുണ്ടാകുന്ന തകരാറുകളുടെ ഭാഗമായാണ് അപാകതകളുണ്ടാകുന്നത്. അങ്ങനെ 2260 അപേക്ഷകൾ തിരുത്തിത്തരണമെന്ന് ആവശ്യപ്പെട്ട് കൊടുത്തിട്ടുണ്ട്. 179 അപേക്ഷകൾ മാത്രമാണ് തിരസ്കരിച്ചിട്ടുള്ളത്. അവസാനം കിട്ടിയ 420 അപേക്ഷകളുടെ പരിശോധന തുടരുകയാണ്. കോഴിക്കോട് കോർപ്പറേഷനിൽ ചേമ്പർ ഓഫ് കോമേഴ്സിന്റെ സഹായത്തോടെ വികസിപ്പിച്ചെടുത്ത 'സുവേഗ' സോഫ്റ്റ്‌വെയർ തന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. അത് നിരോധിച്ചിട്ടില്ല. ആറ് നഗരസഭകളും മൂന്ന് മുനിസിപ്പാലിറ്റികളും ഒഴികെയുള്ള എല്ലാ സ്ഥാപനങ്ങളിലും 'സങ്കേതം' എന്ന സോഫ്റ്റ്‌വെയർ തന്നെയാണ് ഉപയോഗിക്കുന്നത്. അതിന് മാനുഷികമായ ഇടപെടൽ വേണ്ടിവരുന്നു, അതിന്റെ ഭാഗമായി പ്രശ്നങ്ങളുണ്ടാകുന്നുവെന്ന് പറഞ്ഞത് ശരിയാണ്. കൊച്ചി നഗരസഭയിൽ സങ്കേതം സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്ന സമയത്തുതന്നെ ടാറ്റാ കൺസൾട്ടൻസി സർവ്വീസസിന്റെ ഒരു സോഫ്റ്റ്‌വെയറാണ് ബി.പി.എ.എം.എസ്. എന്ന പ്ലാറ്റ്ഫോമിൽ ഉപയോഗിച്ചിരുന്നത്. അവിടെ ഇതിന്റെ പ്രവർത്തനങ്ങൾ ഐ.ബി.പി.എം.എസ്.-ലേയ്ക്ക് മാറ്റുന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടേയുള്ളൂ. തിരുവനന്തപുരം കോർപ്പറേഷനിൽ അങ്ങ് പറഞ്ഞതുപോലെ 5513 അപേക്ഷകൾ ലഭിച്ചതിൽ 2038 എണ്ണത്തിന് പെർമിറ്റ് അനുവദിക്കുകയും 1863 അപേക്ഷകൾ അപാകതകൾ പരിഹരിച്ച് പുനർസമർപ്പിക്കാനായി നൽകുകയും ചെയ്തിട്ടുണ്ട്. 167 അപേക്ഷകൾ മാത്രമാണ് നിരസിച്ചിട്ടുള്ളത്.

ലൈസൻസ്ഡ് പ്ലാൻ സമർപ്പിക്കുന്ന ആളുകളുടെ പ്രതിഷേധമുണ്ടെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. അത് പലവിധ കാരണങ്ങൾകൊണ്ടാണ്. അതിന് ഈ സഭയിൽ നേരത്തെതന്നെ മറുപടി പറഞ്ഞിട്ടുള്ളതാണ്. മനസ്സിലാകാതെ പറയുന്നവരുണ്ട്, മനസ്സിലായിട്ടും സുതാര്യവും അഴിമതി രഹിതവും മാനുഷിക ഇടപെടലില്ലാതെ ഓൺലൈനായി ചെയ്യേണ്ട ഇത്തരമൊരു സംവിധാനം ബോധപൂർവ്വം ഇങ്ങനെയാകരുതെന്ന് ആഗ്രഹിക്കുന്നവരുമുണ്ട്. ഇത് രണ്ടുംകൂടി ചേർന്ന് ചില പ്രശ്നങ്ങളുണ്ടായിട്ടുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് ആന്ധ്രാപ്രദേശ്, തെലങ്കാന, ഹരിയാന, ജാർഖണ്ഡ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിലൊക്കെ ഐ.ബി.പി.എം.എസ്.-ന്റെ സോഫ്റ്റ്‌വെയറാണ് നടപ്പാക്കുന്നത്. അവിടെ ഈ സോഫ്റ്റ്‌വെയർ നടപ്പാക്കാൻ രണ്ട് വർഷം വേണ്ടിവന്നു. ഇടയ്ക്ക് ചില പ്രശ്നങ്ങളുണ്ടാകും. അങ്ങ് സൂചിപ്പിച്ചതുപോലെ ഈ കമ്പനിയുടെ പ്രവർത്തനങ്ങളിലെ അപാകത എന്റെ ശ്രദ്ധയിൽ വന്നതിനെത്തുടർന്ന് കമ്പനിയുടെ എക്സിക്യൂട്ടീവ് ഡയറക്ടർ ഉൾപ്പെടെയുള്ള ആളുകളെ വിളിച്ചുവരുത്തി സാങ്കേതിക വിദഗ്ദ്ധരുടെ സഹായത്തോടുകൂടി ഇത് പരിശോധിച്ചു. അതിന്റെ ഭാഗമായി അവർ ഓരോ നഗരസഭകളിലും അവരുടെ ജീവനക്കാരെ നിയോഗിച്ചുകഴിഞ്ഞു. എന്തെങ്കിലും തർക്കമുണ്ടായാൽ മുനിസിപ്പാലിറ്റിയിലെ പരിശീലനം കിട്ടിയ എഞ്ചിനീയർമാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും പുറമെ അവരെ സഹായിക്കാനും അതാത് സമയം ഇത് ചെയ്യുന്നതിനുംവേണ്ടി പരിശോധന നടത്തിയിട്ടുണ്ട്. ഇത് വളരെവേഗം നടപ്പാക്കണമെന്നുതന്നെയാണ് കരുതുന്നത്. ഐ.ബി.പി.എം.എസ്. സംവിധാനം ഏർപ്പെടുത്തിയ ആദ്യനാളു കളിലാണ് പരാതിയുണ്ടായിരുന്നത്. ആ പ്രശ്നം പരിഹരിക്കുന്നതിനാണ് ഇങ്ങനെയൊരു നിലപാട് സ്വീകരിച്ചത്. കാലതാമസമില്ലാതെയും അഴിമതി രഹിതവും സുതാര്യവുമായി പെർമിറ്റുകൾ ലഭ്യമാക്കുന്നതിന് ഒരു ഇന്റലിജൻസ് സോഫ്റ്റ്‌വെയർ സംവിധാനം അനിവാര്യമാണ്. ഇത് കുത്തകയാണെന്ന ആക്ഷേപം വന്നതിനെത്തുടർന്ന് അത് പരിഹരിക്കാൻ ഈ സംഘടനകളുടെ യോഗം വിളിച്ചു. അവരുടെ നിർദ്ദേശങ്ങളും സർക്കാർ പരിശോധിക്കുകയാണ്. കോഴിക്കോടു ണ്ടായിരുന്ന 'സുവേഗ' സോഫ്റ്റ്‌വെയർ അവിടത്തെ ചേംബർ ഓഫ് കോമേഴ്സുമായി ചേർന്നുണ്ടാക്കിയതാണ്. അതിലും മാനുഷികമായ ഇടപെടലുകൾക്ക് അവസര മുണ്ടാകുന്നുണ്ട്. ഏത് സംവിധാനമായാലും സോഫ്റ്റ്‌വെയറിന്റെ പ്രശ്നങ്ങൾ പരിശോധിച്ച് സാവധാനം പരിഹരിക്കാൻ കഴിയും. കേരളത്തിലാകമാനം രണ്ടേമുക്കാൽ ലക്ഷത്തോളം ബിൽഡിംഗുകൾക്ക് പെർമിറ്റ് കൊടുത്തിട്ടുണ്ട്. അങ്ങ് സൂചിപ്പിച്ചതുപോലെ ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാനാണ് ശ്രമിക്കുന്നത്. പരമാവധി അഴിമതി ഒഴിവാക്കി ഈ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഇതിലെ തകരാറുകൾ പരിശോധിച്ച് മുന്നോട്ടുപോകണം എന്നാണ് സർക്കാർ കരുതുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ഏറ്റവും കൂടുതൽ പരാതി പറഞ്ഞത് കണ്ണൂരുകാരാണ്. 200 അപേക്ഷകളിൽ 12 എണ്ണത്തിൽ മാത്രമാണ് തീരുമാനമെടുത്തത്. കണ്ണൂരിലെ പ്രശ്നം പ്രത്യേകമായി പരിശോധിക്കാൻ അങ്ങ് തയ്യാറാകുമോ?

<u>ശ്രീ. എ. സി. മൊയ്തീൻ</u>: സർ, അങ്ങ് പറഞ്ഞ ഗൗരവത്തിൽത്തന്നെ ആ പ്രശ്നം അവിടത്തെ ഉദ്യോഗസ്ഥരെയും കമ്പനി അധികൃതരെയും വച്ച് പ്രത്യേകം പരിശോധിക്കും.

### (2) <u>ഫയർ സ്റ്റേഷൻ</u>

<u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: സർ, വയനാട് ജില്ലയിൽ സുൽത്താൻ ബത്തേരി, മാനന്തവാടി, കൽപ്പറ്റ എന്നീ മേഖലകളിലാണ് ഇപ്പോൾ ഫയർസ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. എന്റെ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പുൽപ്പള്ളി, മുള്ളൻകൊല്ലി എന്നീ സ്ഥലങ്ങൾ കർണാടക അതിർത്തി പ്രദേശവും കബനീ നദിയുടെ തീരവുമാണ്. കുറുവാ ദ്വീപ് ഉൾപ്പെടെയുള്ള മേഖലകളിൽ വിനോദ സഞ്ചാരികളെത്തുമ്പോൾ നിരവധി അപകടങ്ങളുണ്ടാകുകയും മരണം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല, ഇത് പ്രധാനമായും കർണ്ണാടക-കേരളം വനത്താൽ ചുറ്റപ്പെട്ട് കിടക്കുന്ന മേഖലയാണ്. വയനാട് ജനസംഖ്യ കുറവാണെങ്കിലും വിസ്തൃതി കൂടുതലാണ്. ഒരു അപകടമുണ്ടായാൽ സുൽത്താൻബത്തേരിയിൽനിന്നും പുൽപ്പള്ളി യിലേയ്ക്കോ കബനീ തീരത്തേയ്ക്കോ മുള്ളൻകൊല്ലി പ്രദേശത്തേയ്ക്കോ ഫയർ ഫോഴ്സ് എത്താൻ വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. അതുകൊണ്ടുതന്നെ പല മരണങ്ങളുമുണ്ടായിട്ടുണ്ട്. പുൽപ്പള്ളിയിൽ ഒരു ഫയർ സ്റ്റേഷൻ സ്ഥാപിക്കുക എന്നുള്ളത് ഏറെക്കാലത്തെ ആവശ്യമാണ്. കഴിഞ്ഞ രണ്ടുമൂന്ന് മാസങ്ങൾക്കുമുമ്പ് ഡയറക്ടർ പുൽപ്പള്ളിയിൽ വരികയും അവിടെ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതി നാവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുമോയെന്ന് പഞ്ചായത്ത് അധികൃതരോട് ചോദിക്കുകയുമുണ്ടായി. അക്കാര്യങ്ങൾ ഞങ്ങൾ ഗൗരവമായി ചർച്ച ചെയ്തു. സ്റ്റേഷൻ അനുവദിക്കുകയാണെങ്കിൽ അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ചെയ്തുകൊടുക്കാൻ തയ്യാറാണ്. അതുകൊണ്ട് അവിടെ ഫയർ സ്റ്റേഷൻ അനുവദിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, വയനാട് ജില്ലയിൽ മൂന്ന് ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകൾ മാത്രമാണ് നിലവിലുള്ളത്. പുതുതായി ആരംഭിക്കാനുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളുടെ മുൻഗണനാ പട്ടിക വകുപ്പുമേധാവിയിൽനിന്ന് ലഭ്യമായത് സർക്കാർ പരിശോധിച്ചുവരികയാണ്; അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. പ്രസ്തുത മുൻഗണനാ പട്ടികയിൽ ഉൾപ്പെടുന്നപക്ഷം ഭരണാനുമതി, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, സ്ഥലത്തിന്റെ ലഭ്യത എന്നിവയ്ക്ക് വിധേയമായി മാത്രമേ പുൽപ്പള്ളിയിൽ പുതിയ ഫയർ സ്റ്റേഷൻ ആരംഭിക്കുന്ന വിഷയം പരിശോധിക്കാൻ സാധിക്കുകയുള്ളൂ. അങ്ങിവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഫയർ ഫോഴ്സ് മേധാവി പരിശോധന നടത്തി അയച്ചുതന്ന പട്ടികയിൽ പുൽപ്പള്ളി കൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന കാര്യം അറിയിക്കുന്നു.

### (3) പ്രവാസി കമ്മീഷൻ മേഖലാ ഓഫീസ്

ശ്രീ. പി. ഉബൈദുള്ള: സർ, പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സർക്കാർ രൂപീകരിച്ച പ്രവാസി കമ്മീഷന്റെ ഓഫീസ് മലബാർ മേഖലയിൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകതയാണ് ഈ സബ്മിഷനിലൂടെ സഭയുടെയും മുഖ്യമന്ത്രിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നത്. കഴിഞ്ഞ അഞ്ച് ദശാബ്ദങ്ങളായി കേരളത്തിന്റെ സാമൂഹ്യ-സാമ്പത്തിക പുരോഗതിയിൽ നിർണ്ണായക പങ്കുവഹിച്ച വിഭാഗമാണ് പ്രവാസികൾ. പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനും പ്രവാസികളുമായുള്ള സമ്പർക്കം വഴി ഗുണഫലം നേടുന്നതിനും ധാരാളം നടപടികൾ സ്വീകരിച്ച സംസ്ഥാനമാണ് കേരളം. പ്രവാസികളുമായി സുസ്ഥിര പങ്കാളിത്തമുണ്ടാക്കുന്നതിനുവേണ്ടി 1996 ഡിസംബർ 6-ന് നോർക്ക ഡിപ്പാർട്ടുമെന്റിന് രൂപം നൽകി. പ്രവാസി മലയാളികളുടെ വിവിധ പ്രശ്നങ്ങൾ സംബോധന ചെയ്യുന്നതിനും തിരികെയെത്തുന്ന പ്രവാസികളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിനും 1956-ലെ കമ്പനി നിയമത്തിലെ 25-ാം വകുപ്പനുസരിച്ച് നോർക്ക റൂട്ട്സിന് രൂപം നൽകുകയുണ്ടായി. 2018-ലെ പ്രവാസി സർവ്വേ അനുസരിച്ച് പ്രവാസികളുടെ എണ്ണം 34.17 ലക്ഷമായി കുറഞ്ഞു. 2014-ൽ ഇത് 36.5 ലക്ഷമായിരുന്നു. 2018-ലെ കണക്കുപ്രകാരം ഏറ്റവും കൂടുതൽ പ്രവാസികളുള്ളത് മലപ്പുറത്താണ്. രണ്ടാം സ്ഥാനത്ത് കൊല്ലവും മൂന്നാം സ്ഥാനത്ത് കണ്ണൂരുമാണ്. മധ്യേഷ്യയിലെ സ്വദേശി നയങ്ങളുടെയും ലോകം മുഴുവനും വ്യാപിച്ച സാമ്പത്തികമാന്ദ്യത്തിന്റെയും ഫലമായി കേരളത്തിലേയ്ക്ക് മടങ്ങിയെത്തുന്ന പ്രവാസികളുടെ എണ്ണം കൂടിക്കൊണ്ടിരിക്കുകയാണ്. 1992-ൽ അത് 7.3 ലക്ഷമായിരുന്നെങ്കിൽ 2018-ൽ 12.9 ലക്ഷമായി വർദ്ധിച്ചിട്ടുണ്ട്. കഴിഞ്ഞ

കാൽനൂറ്റാണ്ടായി ലോകരാജ്യങ്ങളിൽ ഏറ്റവും കൂടുതൽ പ്രവാസി പണം നേടുന്ന രാജ്യം ഇന്ത്യയാണ്. രാജ്യത്ത് ഏറ്റവുംകൂടുതൽ പ്രവാസി നിക്ഷേപമുള്ള സംസ്ഥാനം കേരളമാണ്. രാജ്യത്തിനുവേണ്ടി ജീവൻ സമർപ്പിക്കുന്ന പ്രവാസി സമൂഹത്തോട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവഗണനയാണ് കാണിക്കുന്നത്. വിദേശങ്ങളിൽ ജോലി ചെയ്ത് കുടുംബത്തെയും നാടിനെയും പോറ്റിയ പ്രവാസികൾ മടങ്ങിയെത്തുമ്പോൾ അവരെ കാത്തിരിക്കുന്നത് പ്രതിസന്ധികളാണ്. ദീർഘകാലം പ്രവാസജീവിതം നയിച്ച് നാട്ടിൽ തിരിച്ചെത്തിയ ആന്തൂരിലെ സാജൻ ആത്മഹത്യ ചെയ്യേണ്ടിവന്ന അതിദാരുണമായ സംഭവം ഇന്നലെ സഭ ചർച്ച ചെയ്യുകയുണ്ടായി. പ്രവാസത്തിന്റെ പുതുവഴികൾ തേടുന്നതോടൊപ്പം കേരളത്തെ വലിയ സാധ്യതകളുടെയും അവസരങ്ങളുടെയും നാടാക്കി മാറ്റിയാൽ മാത്രമേ മാറുന്ന ലോകസാഹചര്യത്തിൽ നമുക്ക് പിടിച്ചുനിൽക്കാൻ കഴിയുകയുള്ളൂ. അതിനനുസരിച്ച് നമ്മുടെ മനോഭാവത്തിലും നയപരിപാടികളിലും മാറ്റമുണ്ടാകേണ്ടതുണ്ട്. മടങ്ങിയെത്തുന്ന പ്രവാസികൾ ആർജ്ജിച്ച നൈപുണ്യമോ തൊഴിൽ പരിചയമോ വേണ്ടവിധം ഉപയോഗപ്പെടുത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. പ്രവാസികളുടെ നൈപുണ്യം തിരിച്ചറിഞ്ഞ് അവരെ തൊഴിൽ വിപണിയോട് കൂട്ടിച്ചേർക്കാനും തൊഴിൽ സംരംഭം കണ്ടെത്താനുമുള്ള സംവിധാനം കൂടുതലായി ഉണ്ടാകേണ്ടതുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുമായി ബന്ധപ്പെട്ട് പ്രവാസികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുക, വ്യാജ റിക്രൂട്ട്മെന്റ് തടയുക, തൊഴിലവസരങ്ങൾ കണ്ടെത്താൻ സഹായിക്കുക തുടങ്ങി പ്രവാസികളുടെയും കുടുംബാംഗങ്ങളുടെയും അവകാശ സംരക്ഷണം ലക്ഷ്യമാക്കി 2016-ൽ രൂപീകൃതമായ പ്രവാസി കമ്മീഷന്റെ പ്രവർത്തനം കൂടുതൽ വികേന്ദ്രീകരിക്കേണ്ടതുണ്ട്. തിരുവനന്തപുരത്ത് ആസ്ഥാനവും എറണാകുളത്ത് ഒരു സബ് ഓഫീസും മാത്രമാണ് നിലവിലുള്ളത്. സംസ്ഥാനത്തെ മൊത്തം പ്രവാസികളുടെയും പ്രശ്നപരിഹാരത്തിന് തലസ്ഥാന ഓഫീസിനെ ആശ്രയിക്കേണ്ട സ്ഥിതിയാണുള്ളത്. ഏറ്റവും കൂടുതൽ പ്രവാസികളും പ്രവാസി നിക്ഷേപവുമുള്ള മലബാർ മേഖലയിൽ പ്രവാസി കമ്മീഷന്റെ റീജിയണൽ ഓഫീസ് ആരംഭിച്ച് പ്രവാസികൾക്ക് സഹായകരമായ നിലപാട് സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പ്രവാസി കമ്മീഷന്റെ മേഖലാ ഓഫീസ് മലബാർ മേഖലയിൽ ആരംഭിക്കണമെന്നുള്ളതാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച സബ്മിഷൻ. പ്രവാസി ഭാരതീയരായ കേരളീയരുടെ സുരക്ഷിതത്വത്തിനും ക്ഷേമത്തിനും താല്പര്യങ്ങൾക്കും സംരക്ഷണം നൽകാനും

അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുംവേണ്ടി 2016 ഏപ്രിൽ മാസം 26-ാം തീയതി പ്രവാസി കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. 30-4-2016-ൽ ചുമതലയേറ്റ കമ്മീഷൻ നാളിതുവരെ 59 സിറ്റിംഗുകൾ നടത്തിയിട്ടുണ്ട്. സംസ്ഥാനത്തുടനീളമുള്ള പ്രവാസികളുടെ പരാതികൾ പരിഗണിക്കുന്നതിന് എറണാകുളത്ത് പ്രതിമാസ സിറ്റിംഗ് നടത്തുന്നുണ്ട്. കൂടാതെ മലബാർ മേഖലയിലെ പ്രവാസികളുടെ പ്രശ്നങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിച്ചുകൊണ്ട് വടക്കൻ ജില്ലകളിൽ 16 അദാലത്ത്/ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയിട്ടുണ്ട്. 2019 മേയ് മാസം പുനഃസംഘടിപ്പിച്ച കമ്മീഷന്റെ ആദ്യ അദാലത്ത് 20-6-2019-ൽ മലപ്പുറം ജില്ലയിലെ തിരൂരിൽ നടത്തിയിട്ടുണ്ട്. അവിടെ ലഭിച്ച 21 പരാതികളിലും പ്രവാസി സംഘടനകൾ നൽകിയ രണ്ട് നിവേദനങ്ങളിലും കമ്മീഷൻ ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. പ്രവാസി കമ്മീഷന് ഇതിനോടകം ആയിരത്തോളം പരാതികളാണ് ലഭിച്ചിട്ടുള്ളത്. അതിൽ അധികവും സിറ്റിംഗ് അദാലത്തുകളിൽത്തന്നെ തീർപ്പാക്കിയിട്ടുണ്ട്. ഒ.പി.-കളായി രജിസ്റ്റർ ചെയ്ത 487 പരാതികളിൽ 352 എണ്ണത്തിൽ തീർപ്പുകല്പിച്ചിട്ടുണ്ട്. പ്രവാസി കമ്മീഷന് ലഭിക്കുന്ന ഓരോ പരാതിയുടെയും പ്രാധാന്യവും ഗൗരവവും ഉൾക്കൊണ്ടുകൊണ്ട് ജില്ലാ വ്യത്യാസ മില്ലാതെ സമയബന്ധിതമായി നടപടി സ്വീകരിച്ചുവരുന്നതിനാൽ ഒരു പ്രത്യേക മേഖലാ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(4) ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ബാംബൂ കോർപ്പറേഷന്റെ കീഴിലുള്ള കോഴിക്കോട് നല്ലളം ഹൈടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറി അടച്ചുപൂട്ടലിന്റെ വക്കിലാണ്. ബാംബൂ കോർപ്പറേഷൻ നല്ലളം യൂണിറ്റിന് തീരെ പരിഗണന നൽകുന്നില്ല. ഫാക്ടറിയുടെ പ്രവർത്തനത്തിനാവശ്യമായ അസംസ്കൃത വസ്തുവായ മുള ലഭ്യമാക്കുന്നതിന് മാനേജ്മെന്റ് ആവശ്യമായ ശ്രദ്ധ കാണിക്കുന്നില്ല. പ്രതിമാസം 12000 സ്ക്വയർ മീറ്റർ ഫ്ലോറിംഗ് ടൈൽ ഉല്പാദിപ്പിക്കാൻ ഈ ഫാക്ടറിക്ക് ശേഷിയുണ്ട്. എന്നാൽ ഉല്പാദനം തീരെ നടക്കുന്നില്ല. വേസ്റ്റ് ഉപയോഗിച്ച് മൂല്യവർദ്ധിത ഉല്പന്നങ്ങളുണ്ടാക്കുന്ന ഫീഡർ യൂണിറ്റുകൾ പലതും അടച്ചുപൂട്ടിപ്പോയി. വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്കാവശ്യമായ മനോഹരമായ കോട്ടേജുകളും ഫർണിച്ചറുകളും മുള ഉപയോഗിച്ച് നിർമ്മിക്കുന്ന പ്രവൃത്തിയും ഇവിടെ നടത്തിയിരുന്നു. എന്നാൽ ഇപ്പോൾ ഫാക്ടറി പ്രവർത്തനം നിലച്ച അവസ്ഥയിലാണ്. കോഴിക്കോട് കോർപ്പറേഷനിൽ അടയ്ക്കാനുള്ള നികുതി കുടിശ്ശികയായിരിക്കുന്നു, കറണ്ട് ബില്ലുകൾ കൃത്യമായി അടയ്ക്കാനോ ജീവനക്കാർക്ക്

ആനുകൂല്യങ്ങൾ നൽകാനോ കഴിയുന്നില്ല. ഈ സാഹചര്യത്തിൽ റാ മെറ്റീരിയലായ മുള അടിയന്തരമായി ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ ഈ സ്ഥാപനത്തെ പ്രവർത്തനക്ഷമമാക്കാൻ കഴിയും. 2011-ൽ ആരംഭിച്ച പ്രസ്തുത ഫാക്ടറിയിലെ ജീവനക്കാരെ ഈ സർക്കാർ സ്ഥിരപ്പെടുത്തുകയുണ്ടായി. 2012-ൽ സ്ഥിരപ്പെടുത്തേണ്ടിയിരുന്ന ജീവനക്കാരെയാണ് ഈ സർക്കാർ 2018-ൽ സ്ഥിരപ്പെടുത്തിയത്. അക്കാര്യത്തിൽ ജീവനക്കാർക്ക് വളരെ നന്ദിയുണ്ട്. 7-5-2018-ൽ വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനം നടപ്പിലാക്കുന്നതോടൊപ്പം ബാംബൂ കോർപ്പറേഷനിൽ കാലാകാല ങ്ങളിലുണ്ടാകുന്ന ആനുകൂല്യങ്ങൾ നല്ലം യൂണിറ്റിനും ലഭ്യമാക്കു ന്നതിനും അവഗണന ഒഴിവാക്കി തൊഴിലാളികൾക്ക് തുല്യപരിഗണന നൽകാനും നടപടിയു ണ്ടാകണം. ഇക്കാര്യത്തിൽ അനുഭാവ പൂർവ്വമായ നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, പരമ്പരാഗത മേഖലയിൽ ഈറ്റ വെട്ട്, പനമ്പ് നെയ്ത്ത് തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടി 1971-ൽ രൂപീകൃതമായ സ്ഥാപനമാണ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ. വനത്തിൽ നിന്നും ഈറ്റ, മുള ഇവ ശേഖരിച്ച് നേരിട്ട് വിതരണം നടത്തിയും വിവിധ ബാംബൂ ഉത്പന്നങ്ങളായ പനമ്പ്, ബാംബൂ പ്ലൈ, ബാംബൂ ബോർഡ്, ഫ്ലോറിംഗ് ടൈൽസ്, ബാംബൂ ഫർണിച്ചർ എന്നിവ നിർമ്മിച്ചും വിപണനം ചെയ്യുന്ന ഒരു ഫാക്ടറി നല്ലളത്തുണ്ട്. മുള അസംസ്കൃത വസ്തുവായി ഉപയോഗിച്ച് മുള ഉത്പന്നങ്ങളായ ഫ്ലോറിംഗ് ടൈലും അതിൽ വരുന്ന വേസ്റ്റ് ഉപയോഗിച്ച് ഫർണിച്ചർ ഉത്പന്നങ്ങളും ബാംബൂ ഹട്ട് നിർമ്മാണവും ഉൾപ്പെടെ വിവിധ രൂപത്തിലുള്ള ഇക്കോ ഫ്രണ്ട്ലി പദ്ധതികളും നടത്തിവരികയാണ്. മുള മേഖലയുടെ വികസനത്തിനായി കേന്ദ്ര സർക്കാർ അഗ്രികൾച്ചർ ആന്റ് ഫാർമേഴ്സ് വെൽഫെയർ മന്ത്രാലയത്തിന്റെ കീഴിൽ നാഷണൽ ബാംബൂ മിഷൻ പുനഃസംഘടിപ്പിക്കുകയും അതിന്റെ പദ്ധതികൾ കേരളത്തിൽ നടപ്പിലാക്കുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ബാംബൂ മിഷനെ ബാംബൂ ഡെവലപ്മെന്റ് ഏജൻസിയായും വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ സ്റ്റേറ്റ് മിഷൻ ഡയറക്ടറായും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ വിവിധ പദ്ധതികൾക്കായി 50 കോടി രൂപയുടെ പ്രൊപ്പോസൽ സ്റ്റേറ്റ് ബാംബൂ ഏജൻസിയായ ബാംബൂ മിഷനിലൂടെ നാഷണൽ ബാംബൂ മിഷന് സമർപ്പിച്ചതിൽ 25.41 കോടി രൂപയുടെ 11 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. അതിൽ നാഷണൽ ബാംബൂ മിഷന്റെ വിഹിതമായി 766.80 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ വിഹിതമായി 511.20 ലക്ഷം രൂപയും കേരള

സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ വിഹിതമായി 1263 ലക്ഷം രൂപയുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്. അതുപ്രകാരം നാഷണൽ ബാംബൂ മിഷൻ വിഹിതമായ 766.80 ലക്ഷം രൂപയിൽ 590.40 ലക്ഷം രൂപ സംസ്ഥാന സർക്കാരിന് പാസ്സാക്കി നൽകിയിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പാക്കുന്നതിനുള്ള നടപടികൾ അതിവേഗത്തിൽ സ്വീകരിച്ചുവരികയാണ്. ബാംബൂ തൈകൾ വച്ചുപിടിപ്പിക്കുന്നതിന് ആറളം ഫാമിൽ 500 ഹെക്ടറോളം സ്ഥലം ബാംബൂ കോർപ്പറേഷൻ കണ്ടെത്തിയിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം 9 കോടി രൂപ ഈ മേഖലയുടെ വികസനത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ ബാംബൂ കോർപ്പറേഷന് ആവശ്യമുള്ള മുള, ഈറ്റ എന്നിവ വനം വകുപ്പിൽനിന്ന് ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ചുതരുന്നുണ്ട്. നല്ലളം ഫാക്ടറിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ നാളിതുവരെ സ്ഥിരപ്പെടുത്താത്ത ജീവനക്കാരെയെല്ലാം സ്ഥിരപ്പെടുത്തി. വിവിധ സർക്കാർ വകുപ്പുകളിൽ ഇക്കോ ഫ്രണ്ട്‌ലി ടൂറിസം ഹട്ടുകൾ നിർമ്മിക്കുന്നതിനുള്ള അനുവാദം ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ മാനന്തവാടി, അടവി, കോതമംഗലം, മലയാറ്റൂർ, വയനാട് തുടങ്ങിയ സ്ഥലങ്ങളിൽ അത് നിർമ്മിച്ചുവരികയുമാണ്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി ബാംബൂ ക്രഷ് ബോർഡുകൾ നിർമ്മിക്കാനും കൂടുതൽ ഫർണിച്ചർ ഉത്പാദിപ്പിക്കാനും കരകൗശല ഉത്പന്നങ്ങൾ ഉത്പാദിപ്പിച്ച് കരകൗശല കോർപ്പറേഷൻ വഴി വില്പന നടത്താനും മുള മാത്രം അസംസ്കൃത വസ്തുവായി ഉപയോഗിച്ച് തടി ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിലാണ് നടപ്പിലാക്കിവരുന്നത്. അതുവഴി നഷ്ടത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറിയെ മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയിലേയ്ക്ക് ഉയർത്തിക്കൊണ്ടുവരാനും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ബാംബൂ ടൈൽ നിർമ്മാണം ബാംബൂ കോർപ്പറേഷൻ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ അസംസ്കൃത വസ്തുവായ മുള ലഭ്യമാക്കുന്നതിന് വനം വകുപ്പുമായി നിരന്തരം ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇതുവഴി കൂടുതൽ തൊഴിൽ അവസരങ്ങൾ നൽകാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (5) കൊല്ലം സഹകരണ സ്പിന്നിംഗ് മിൽ

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം ജില്ലാ സഹകരണ സ്പിന്നിംഗ് മില്ലുമായി ബന്ധപ്പെട്ടതാണ് എന്റെ സബ്മിഷൻ. ഞാൻ മുമ്പും ഈ സബ്മിഷൻ സഭയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ 27-9-2018-ന് ഉദ്ഘാടനം ചെയ്തിട്ട് ഇപ്പോൾ എട്ട് മാസമായി. നവീകരണ പ്രവർത്തനങ്ങൾ ആറ് മാസത്തിനകം

പൂർത്തിയാക്കാനാണ് പ്ലാൻ ചെയ്തത്. പക്ഷെ അത് പൂർത്തീകരിച്ച് പ്രവർത്തനമാരംഭിക്കാൻ സാധിച്ചിട്ടില്ല. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ വൈകുന്നത് തൊഴിലാളികളെ വളരെയേറെ ദുരിതത്തിലാക്കുകയാണ്. 150-ഓളം തൊഴിലാളികൾ ഡെപ്യൂട്ടേഷൻ നിയമനത്തിന് അപേക്ഷ നൽകിയിരിക്കുകയാണ്. ലേ ഓഫ് വേജസ് കൃത്യമായി ലഭിക്കാതെവന്നപ്പോൾ ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പുമന്ത്രിയും ഞാനും ഉൾപ്പെടെയുള്ള തൊഴിലാളി പ്രതിനിധി സംഘം അങ്ങയെ വന്നുകണ്ടതിനെത്തുടർന്ന് നാല് മാസത്തേത് നൽകുകയുണ്ടായി. ഇപ്പോൾ വീണ്ടും മൂന്ന് മാസത്തെ ലേ ഓഫ് വേജസ് കുടിശ്ശികയായിരിക്കുകയാണ്. സ്കൂൾ തുറക്കുന്ന സമയത്തോ റംസാൻ മാസത്തിലോ ഇത് നൽകാൻ കഴിഞ്ഞിട്ടില്ല. മില്ലിന്റെ നവീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചാൽ മാത്രമേ തൊഴിലാളികളുടെ ദുരിതത്തിന് പരിഹാരമുണ്ടാക്കാൻ കഴിയൂ. അതിനുവേണ്ടി അടിയന്തരമായി മിൽ നവീകരണ ഫണ്ട് ലഭ്യമാക്കുന്നതിനും ലേ ഓഫ് വേജസ് കുടിശ്ശിക കൃത്യമായി വിതരണം ചെയ്യുന്നതിനും അടിയന്തര നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): സർ, കേരളത്തിൽ പതിനേഴോളം സ്പിന്നിംഗ് മില്ലുകളുണ്ട്. എല്ലാ സ്പിന്നിംഗ് മില്ലുകളും വലിയ നഷ്ടത്തിലോ സാമ്പത്തിക പ്രതിസന്ധിയിലോ ആണ്. അതിന്റെ പ്രധാന കാരണം കോട്ടൺ വില വർദ്ധിക്കുന്നതും നൂൽ ഇറക്കുമതി ചെയ്യുന്നതുമാണ്. കേരളത്തിന്റെ വിവിധ പ്രദേശങ്ങൾ മുമ്പ് കൈത്തറിയുടെ നാടായിരുന്നു. ഇപ്പോൾ കൈത്തറി പരിമിതപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഈ രംഗത്തെ ഉത്പാദന മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. സ്പിന്നിംഗ് മില്ലുകൾ മിക്കതും വൈദ്യുതി ചാർജ്ജ്, ഇ.എസ്.ഐ. എന്നിവ അടയ്ക്കുന്നില്ല. അതിന്റെ പ്രധാനപ്പെട്ട കാരണം പണമില്ലാത്തത് തന്നെയാണ്. വലിയ വ്യാപാര നഷ്ടമാണ് ഈ മില്ലുകൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. 1976-ലാണ് സഹകരണ മേഖലയിൽ ശ്രീ. ജി. എസ്. ജയലാൽ ഉന്നയിച്ചിട്ടുള്ള സ്പിന്നിംഗ് മിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്. 1983-ലാണ് അത് പ്രവർത്തനം ആരംഭിച്ചത്. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിന്റെ നവീകരണ പ്രവൃത്തികൾ ഇപ്പോൾ നടന്നു കൊണ്ടിരിക്കുകയാണ്. ആവശ്യത്തിന് അസംസ്കൃത സാധനങ്ങൾ ന്യായവിലയ്ക്ക് യഥാസമയം ലഭ്യമാകാത്തതും ഉത്പാദനശേഷിയിലുള്ള കുറവും നൂൽ ഉത്പന്ന ങ്ങൾക്കുള്ള വിലക്കുറവും ഉത്പാദനച്ചെലവും ഉത്പന്നങ്ങളുടെ വിലയും തമ്മിലുള്ള അന്തരവും മെഷിനറികളുടെ കാലപ്പഴക്കവും തുടങ്ങി വിവിധ കാരണങ്ങളാൽ കേരളത്തിലെ പൊതുസഹകരണ മേഖലയിലെ സ്പിന്നിംഗ് മില്ലുകളെല്ലാം വലിയ പ്രതിസന്ധി നേരിടുകയാണ്. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ

ഏകദേശം എല്ലാ സ്പിന്നിംഗ് മില്ലുകളും വമ്പിച്ച നഷ്ടത്തിലകപ്പെട്ട് പ്രവർത്തന ക്ഷമമല്ലാതായിരുന്നു. പരുത്തി വാങ്ങുന്നതിലും നൂൽ വിൽപ്പന നടത്തുന്നതിലുമൊന്നും ഒരു നിയന്ത്രണവുമില്ലായിരുന്നു. ആ സാഹചര്യത്തിൽ സ്പിന്നിംഗ് മില്ലുകൾക്കു വേണ്ടി പൊതുവായി പരുത്തി വാങ്ങുന്നതിനും വിതരണം ചെയ്യുന്നതിനുമായി സെൻട്രലൈസ്ഡ് പർച്ചേസിംഗ് സംവിധാനം പുനരുജ്ജീവിപ്പിക്കുകയും അഡ്വാൻസായി പണം നൽകി പരുത്തി വാങ്ങി വിതരണം ചെയ്തുവരികയുമാണ്. കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികൾക്കുള്ള സൗജന്യ കൈത്തറി യൂണിഫോം പദ്ധതിക്കാവശ്യമായ നൂലുകൾ കേരളത്തിലെ സ്പിന്നിംഗ് മില്ലുകളിൽ നിന്നുതന്നെ ഉത്പാദിപ്പിച്ച് ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടിയും സ്വീകരിച്ചു. കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ മാത്രം 3,13,00,000 രൂപ (മൂന്ന് കോടി പതിമൂന്ന് ലക്ഷം രൂപ) 31-5-2019 വരെ അടയ്ക്കാൻ ബാക്കി നിൽക്കുകയാണ്. അതിനുവേണ്ടി ഇപ്പോൾ വൈദ്യുതി വകുപ്പിൽ നിന്ന് സാവകാശം വാങ്ങിയിട്ടുണ്ട്. പ്രസ്തുത സഹകരണ സ്പിന്നിംഗ് മിൽ നവീകരിക്കുന്നതിന് എൻ.സി.ഡി.സി. അംഗീകരിച്ച 57.39 കോടി രൂപയുടെ പുതുക്കിയ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. എൻ.സി.ഡി.സി. അനുവദിച്ച 45.19 കോടി രൂപയിൽ നിന്നും അനുവദിച്ച 1673.96 ലക്ഷം രൂപ ഉൾപ്പെടെ ആകെ 2423.80 ലക്ഷം രൂപ മില്ലിന് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രവൃത്തികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ഘട്ടംഘട്ടമായി തുക അനുവദിക്കുന്നതാണ്. 2019-20 വാർഷിക ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 775 ലക്ഷം രൂപ അനുവദിച്ച് നൽകുന്നതിനുള്ള സത്വര നടപടികളും സ്വീകരിച്ചുവരികയാണ്. മില്ലിലെ നിലവിലുണ്ടായിരുന്ന പകുതിയോളം പഴയ മെഷീനുകൾ വില്പന നടത്തിയതിലൂടെ ലഭിച്ച 1.04 കോടി രൂപ പിരിഞ്ഞുപോയ തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി, പി.എഫ്., ഇ.എസ്.ഐ., ലേ ഓഫ് വേജസ് തുടങ്ങിയ കാര്യങ്ങൾക്കായി ഉപയോഗിച്ചിട്ടുണ്ട്. കൂടാതെ 2018 മാർച്ച് മുതൽ മിൽ ലേ ഓഫ് ആയിരുന്നു. ലേ ഓഫ് വേജസ് കുടിശ്ശികയായ 71.77 ലക്ഷം രൂപ സർക്കാർ പ്രവർത്തനമൂലധനമായി അനുവദിച്ച ഒരു കോടി രൂപയിൽനിന്നും നൽകിയിട്ടുണ്ട്. സർക്കാർ ധനസഹായം നൽകി സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ശ്രമിക്കുകയാണ്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകാൻ സാധിക്കുന്നില്ലെന്നതാണ് ഇപ്പോഴത്തെ സ്ഥിതി. എന്നാൽ സ്പിന്നിംഗ് മില്ലുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി എല്ലാതരത്തിലുള്ള ഇടപെടലുകളും നടത്തിവരുന്നുണ്ട്, ആവശ്യമായ സഹായവും നൽകുന്നുണ്ട്. കൊല്ലം സ്പിന്നിംഗ് മിൽ ഏറ്റെടുത്ത് നവീകരണ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം മോഡേൺ മെഷിനറീസ് ഉൾപ്പെടുത്തി പ്രൊഡക്ഷൻ വർദ്ധിപ്പിക്കാനും മെച്ചപ്പെട്ട പ്രവർത്തനം

കൈവരിക്കാനും കഴിയും. അതുവഴി ക്രമേണ തൊഴിലാളികളുടെ മുഴുവൻ ബാധ്യതകളും കൊടുത്തുതീർക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അത്തരത്തിലുള്ള ഇടപെടൽ നടത്തി സ്പിന്നിംഗ് മില്ലുകളെ പ്രവർത്തിപ്പിക്കാൻ ശ്രമിച്ചുവരികയാണ്.

(6) ശില്പങ്ങളുടെ പഴക്കം നിശ്ചയിക്കലും തുടർഖനനവും

ശ്രീമതി വീണാ ജോർജ്ജ്: സർ, പ്രളയാനന്തരം ആറന്മുളയിലെ പമ്പാനദീതടത്തിൽ മണ്ണിനടിയിൽനിന്നും കണ്ടെടുത്ത കളിമൺ ശില്പങ്ങൾക്ക് നൂറ്റാണ്ടുകൾ പഴക്കമുണ്ടെന്ന് ആർക്കിയോളജിസ്റ്റുകളും ചരിത്രകാരന്മാരും ഗവേഷകരും സാക്ഷ്യപ്പെടുത്തുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിതന്നെ രണ്ടുമൂന്നു തവണ നേരിട്ടുവന്ന് കണ്ടതാണ്. അതിന് അങ്ങയോട് നന്ദി അറിയിക്കുകയാണ്. കേരളത്തിൽ മറ്റെങ്ങും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള കളിമൺ ശില്പങ്ങളാണെന്നും അസാധാരണമായ ആകാരവൈശിഷ്ട്യവും രൂപഭംഗിയുമാണ് അവയ്ക്കുള്ളതെന്നും ആർക്കിയോളജിസ്റ്റുകൾ പറയുന്നുണ്ട്. ഏതായാലും നമുക്കുമുന്നിൽ ഇതുവരെ തുറക്കപ്പെടാതിരുന്ന ചരിത്രത്തിന്റെ നിഗൂഢതകളിലേയ്ക്ക് അപ്രതീക്ഷിതമായി പ്രളയാനന്തരം തുറന്നുകിട്ടിയ വാതിലുകളാണവ. രണ്ടുമൂന്ന് വിഷയങ്ങൾ ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് ആഗ്രഹിക്കുകയാണ്. ഒന്ന്, ഇതിന്റെ ആദ്യഘട്ട ഖനനം നടത്തി. അതിനായി വകുപ്പിനോടും അതിൽ പങ്കെടുത്ത ടീമിനോടും നന്ദി അറിയിക്കുന്നു. ഏതാണ്ട് നാന്നൂറിലധികം ശില്പങ്ങൾ കണ്ടെടുത്തിട്ടുണ്ട്. ആയിരക്കണക്കിന് ശില്പങ്ങൾ ഇനിയും മണ്ണിനടിയിലുണ്ട്. ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ അനുമതി വാങ്ങി ഇതിന്റെ തുടർഖനനം അടിയന്തരമായി നടത്തേണ്ടതുണ്ട്. രണ്ട്, കാലപ്പഴക്കം നിശ്ചയിക്കുന്നതിനായി ഈ ശില്പങ്ങൾ ഉത്തരേന്ത്യയിലേയ്ക്ക് അയച്ചിട്ടുണ്ട്. പക്ഷെ നമ്മൾ ക്യൂവിലാണ്. എത്രയുംപെട്ടെന്ന് ആ ശില്പങ്ങളുടെ കാലപ്പഴക്കം നിശ്ചയിച്ച് ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. മൂന്നാമത്തെ വളരെ പ്രധാനപ്പെട്ട കാര്യം, നാന്നൂറിലധികം വരുന്ന ഈ ശില്പങ്ങൾ ഇപ്പോൾ ആറന്മുളയിലെ ഒരു പഴയ കൊട്ടാരത്തിന്റെ മുകൾഭാഗത്ത് സംരക്ഷിച്ചിരിക്കുകയാണ്. വകുപ്പിന്റെ മേൽനോട്ടത്തിൽ താൽക്കാലികമായി ഒരു മ്യൂസിയം അവിടെ തുറന്നുകൊണ്ട് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഗവേഷകർക്കുമൊക്കെ ഇത് കാണാനുള്ള ഒരു സംവിധാനം ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുകയാണ്. എം.എൽ.എ. ഫണ്ട് ഉൾപ്പെടെ ഉപയോഗിച്ച് അവിടെയൊരു മ്യൂസിയം നിർമ്മിക്കുന്നതിന് തടസ്സമില്ലെന്ന് വകുപ്പിനെ അറിയിച്ചിട്ടുണ്ട്. അങ്ങനെയൊരു സ്ഥാപനം അവിടെ വരുന്നതിന് വകുപ്പിന്റെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്നും ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് ഉന്നയിച്ചത് സുപ്രധാനമായ ഒരു കാര്യമാണ്. ആഗസ്റ്റിലുണ്ടായ മഹാപ്രളയംമൂലം ഒരുപാട് ദുരന്തങ്ങൾ കേരളത്തിൽ സംഭവിച്ചെങ്കിലും അതിന്റെയൊരു സംഭാവനയായി ലഭിച്ചതാണ് ഇവിടെ സൂചിപ്പിച്ച കളിമൺ ശില്പങ്ങൾ. പ്രളയത്തിനുശേഷം ബഹുമാനപ്പെട്ട എം.എൽ.എ.-യും മറ്റ് ജനപ്രതിനിധികളും ഇക്കാര്യങ്ങൾ യഥാസമയം അറിയിക്കുകയും പുരാവസ്തു വകുപ്പ് ഈ വിഷയത്തിൽ അടിയന്തരമായി ഇടപെടുകയും ശില്പങ്ങൾ കണ്ടെത്തിയ സ്ഥലത്ത് ഉടൻതന്നെ പോലീസ് കാവൽ ഏർപ്പെടുത്തുകയും ചെയ്തു. പ്രളയശേഷം തെളിഞ്ഞുവന്ന ശില്പങ്ങൾ തൊട്ടടുത്തുതന്നെയുള്ള വാസ്തുവിദ്യാ ഗുരുകുലം എന്ന സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനത്തിലേയ്ക്ക് താൽക്കാലികമായി മാറ്റിവച്ചു. ഇത്രയധികം കളിമൺ ശില്പങ്ങൾ ആറന്മുള പ്രദേശത്ത് ആദ്യമായിട്ടാണ് ലഭിക്കുന്നത്. ഇതൊരു വലിയ പൈതൃകത്തിന്റെ അവശേഷിപ്പുകളാണെന്ന് ഈ രംഗത്തെ വിഗദ്ധർ അഭിപ്രായപ്പെട്ടിട്ടുണ്ട്. സംസ്ഥാന പുരാവസ്തു വകുപ്പ് ഇക്കാര്യത്തിൽ ഉചിതമായ നടപടികളാണ് കൈക്കൊണ്ടത്. ആറന്മുളയിൽ രക്ഷാടിസ്ഥാനത്തിലുള്ള (Salvage Excavation) ഉത്ഖനനം നടത്തുകയും പലരൂപത്തിലും ഭാവത്തിലുമുള്ള ഏകദേശം അഞ്ഞൂറിനടുത്ത് കളിമൺ ശില്പാവശിഷ്ടങ്ങൾ കണ്ടെത്തുകയുമുണ്ടായി. അഞ്ജലി മുദ്രയുള്ള സ്ത്രീ-പുരുഷ രൂപങ്ങൾ, സപ്തകന്യകമാർ, വ്യാളീരൂപം, ഭക്തരുടെ രൂപങ്ങൾ, നാഗമുടികൾ എന്നിവ ഉൾപ്പെടുന്ന വൈപുല്യമാർന്ന ശേഖരമാണ് കണ്ടെടുത്തിട്ടുള്ളത്. ഭാരതമൊട്ടാകെ ശ്രദ്ധയാകർഷിച്ച ഒരു പ്രവർത്തനമായിരുന്നു അത്. ഇങ്ങനെ ലഭ്യമായ ശില്പാവശിഷ്ടങ്ങൾ അടുത്തുള്ള ഒരു കെട്ടിടത്തിൽ ഭദ്രമായി സൂക്ഷിച്ചിട്ടുണ്ട്. ഇതിനിടെ കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ (ASI)-യുടെ ലൈസൻസ് വാങ്ങിയതിനുശേഷമാണ് ഉത്ഖനന പര്യവേഷണങ്ങൾ നിർവ്വഹിക്കേണ്ടതെന്നും സംസ്ഥാന പുരാവസ്തു വകുപ്പ് ചെയ്തത് നിയമവിരുദ്ധ പ്രവർത്തനമാണെന്നും കാണിച്ച് ASI അധികൃതർ വകുപ്പിന് കത്ത് നൽകുകയുണ്ടായി. കേരള ചരിത്രത്തിലെ പൗരാണിക അവശിഷ്ടങ്ങളെക്കുറിച്ച് പഠിക്കുകയും ആവശ്യമെങ്കിൽ ഉത്ഖനനം നടത്തുകയും ചെയ്യുക എന്നതാണ് സംസ്ഥാന പുരാവസ്തു വകുപ്പിന്റെ ദൗത്യം. അടിയന്തര പ്രാധാന്യം ലഭിച്ച പൗരാണികാവശിഷ്ടങ്ങളുടെ അമൂല്യത കണക്കിലെടുത്താണ് ആറന്മുളയിൽ പുരാവസ്തു വകുപ്പ് salvage excavation നടത്തിയത്. പുരാതത്വശാസ്ത്രം അനുശാസിക്കുന്ന നിയമങ്ങളും ചട്ടങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ടാണ് അത് ചെയ്തത്. ഇതിനെപ്പറ്റി വിശദമായ റിപ്പോർട്ടും വിശദീകരണവും കേന്ദ്ര പുരാവസ്തു വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. തുടർ ഉത്ഖനനത്തിന് ആർക്കിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ലൈസൻസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

ആറന്മുളയിൽ നിന്ന് ലഭിച്ച ശില്പാവശിഷ്ടങ്ങളും അവ സ്ഥിതിചെയ്തിരുന്ന മണ്ണടരുകളുടെ ഭാഗങ്ങളും ഫെബ്രുവരിയിൽ ഉത്തരാഖണ്ഡിലെ ഡെറാഡൂണിലുള്ള വാഡിയാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിമാലയൻ ജിയോളജിയിലേയ്ക്ക് (WIHG) തെർമോ ലൂമിനിസെൻസ് (TL) കാലനിർണ്ണയം നടത്തുന്നതിന് അയയ്ക്കാനാണ് വകുപ്പ് തീരുമാനിച്ചിരുന്നത്. കാലനിർണ്ണയത്തിന് വളരെ ആധികാരികമായി ആശ്രയിക്കാവുന്ന ഒരു സ്ഥാപനമാണ് WIHG. Optical Stimulated Luminescence എന്ന ആധുനിക സാങ്കേതികരീതി ഉപയോഗിച്ച് കാലനിർണ്ണയം നടത്താമെന്നാണ് അവർ അറിയിച്ചിട്ടുള്ളത്. എന്നാൽ ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഇത്തരം സാമ്പിളുകൾ പരിശോധനയ്ക്ക് നിരന്തരം ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ റിസൽട്ട് ലഭ്യമാകാൻ കുറച്ചുമാസങ്ങൾ വേണ്ടിവരുമെന്ന് അവർ അറിയിച്ചിരിക്കുകയാണ്. അതുകൊണ്ട് അതിനുവേണ്ടി കാത്തിരിക്കുക മാത്രമേ നിർവ്വാഹമുള്ളൂ. ASI ഉത്ഖനനത്തെ എതിർത്ത സാഹചര്യത്തിൽ അവർ മുഖേനയുള്ള പരിശോധന സാധ്യമാകുകയില്ല. സംസ്ഥാന പുരാവസ്തു വകുപ്പിന് ഇത്തരം ആധുനിക പരിശോധന നടത്താൻ നിലവിൽ സൗകര്യമില്ലാത്തതുകൊണ്ട് പുരാവസ്തുവകുപ്പിനെ മൊത്തത്തിൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഈ നടപടികൾ പൂർത്തീകരിക്കുന്നതോടെ ഇത്തരം വിഷയങ്ങളിൽ ആധികാരികമായ വിവരങ്ങൾ നവീന സാങ്കേതിക വിദ്യയിലധിഷ്ഠിതമാക്കി ലഭ്യമാക്കാൻ പുരാവസ്തു വകുപ്പിന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതുപോലെ അവിടെ ലഭിച്ചിട്ടുള്ള അമൂല്യമായ നിധികൾ സൂക്ഷിക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി യോജിച്ച ഒരു സ്ഥലം കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അതിനുശേഷം വിപുലമായ സൗകര്യങ്ങളോടുകൂടി സമഗ്രമായ ഒരു മ്യൂസിയത്തിന് അസ്ഥിവാരമിടാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

### (7) സ്ഥിരം ട്രഞ്ച് നിർമ്മാണം

ശ്രീ. എം. സ്വരാജ്: സർ, നമ്മുടെ നാടിന് വളരെ അഭിമാനകരമായ രീതിയിൽ പഴയകാലത്തെ കുറവുകൾ പരിഹരിച്ച് പൊതുമരാമത്ത് വകുപ്പ് കെട്ടുറപ്പോടുകൂടി മുന്നോട്ടുപോകുകയാണ്. മുടങ്ങിക്കിടന്നിരുന്ന പല പദ്ധതികളും ഇപ്പോൾ വേഗം കൈവരിച്ചിട്ടുണ്ട്. അതിന് പ്രത്യേകമായി വകുപ്പിനെയും മന്ത്രിയെയും അഭിനന്ദിക്കുന്നു. പൊതുമരാമത്ത് വകുപ്പ് സമയബന്ധിതമായി, മാതൃകാപരമായി നിർമ്മാണം പൂർത്തിയാക്കുന്ന റോഡുകൾ ശുദ്ധജലവിതരണ പദ്ധതികളുടെ ഭാഗമായി പൈപ്പിടുന്നതിനും ഭൂഗർഭ വൈദ്യുത കേബിളുകൾ സ്ഥാപിക്കുന്നതിനും മറ്റുമെല്ലാമായി പലപ്പോഴും മുറിക്കേണ്ടിവരുന്നുണ്ട്. ഇത്

പലപ്പോഴും അനിവാര്യമാണെന്നത് യാഥാർത്ഥ്യമാണ്. എന്നാൽ നല്ലരീതിയിൽ ടാർ ചെയ്ത് നിർമ്മാണം പൂർത്തീകരിച്ച റോഡ് ഉടൻതന്നെ മുറിക്കേണ്ടിവരുമ്പോൾ അത് സൃഷ്ടിക്കുന്ന ചില സാമൂഹിക പ്രശ്നങ്ങളുണ്ട്. വകുപ്പുകൾ തമ്മിൽ ഒരു കോ-ഓർഡിനേഷൻ സാധ്യമായാൽ റോഡ് പണിക്കുമുമ്പായി ഈ പൈപ്പുകളും കേബിളുകളും സ്ഥാപിച്ച് ഒരുപരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും. റോഡിന്റെ ടാർ പോർഷനല്ലാത്ത മണ്ണുള്ള ഭാഗത്ത് ഒരു സൈഡിലൂടെ ഇത്തരം പൈപ്പുകളിടാൻ സാധിച്ചാൽ പിന്നീട് അറ്റകുറ്റപ്പണികളും മറ്റും വേണ്ടിവരുമ്പോൾ ടാർ റോഡ് മുറിക്കേണ്ട ആവശ്യമുണ്ടാകില്ല. പുതുതായി നിർമ്മിക്കുന്ന റോഡുകളിൽ സ്ഥിരമായി ഇത്തരം പൈപ്പുകളും കേബിളുകളുമിടുന്നതിന് ഡക്റ്റുകൾ നിർമ്മിച്ചാൽ നന്നായിരിക്കും. ഇപ്പോൾ കുറച്ച് ചെലവേറുമെങ്കിലും ഭാവിയിൽ റോഡുകൾ മുറിക്കേണ്ടിവരില്ല. അതോടൊപ്പം അനിവാര്യഘട്ടങ്ങളിൽ റോഡ് മുറിക്കുമ്പോൾ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഒരു നിശ്ചിത സമയം വയ്ക്കണം. പരമാവധി രണ്ടോ മൂന്നോ ആഴ്ചത്തെ സമയം നിശ്ചയിച്ച് അതിനുള്ളിൽ മുറിക്കുന്ന റോഡുകൾ പൂർവ്വസ്ഥിതിയിലാക്കണമെന്ന പൊതുവായ ഒരു ചട്ടം കൊണ്ടുവരാൻ സാധിക്കുമോയെന്നുള്ളതും പരിശോധിക്കാവുന്നതാണ്. നിലവിൽ റോഡ് മുറിക്കുമ്പോൾ അത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും അതിൻപ്രകാരമുള്ള തുക കെട്ടിവയ്ക്കുകയും ചെയ്യുന്നുണ്ട്. എങ്കിലും റോഡ് പൂർവ്വസ്ഥിതിയിലാക്കുന്നതിന് നിയമാനുസൃതം ടെണ്ടർ വിളിച്ചാണ് കരാറുകാരനെ പണി ഏൽപ്പിക്കുന്നത്. പൈപ്പിന്റെ പണി പൂർത്തിയായതിനുശേഷമാണ് ടെണ്ടറിലേയ്ക്ക് കടക്കുന്നത്. ഈ നടപടിക്രമങ്ങൾ ലഘൂകരിക്കാനും റോഡ് മുറിക്കുമ്പോൾ എസ്റ്റിമേറ്റെല്ലാം തയ്യാറാക്കി തുക ഒടുക്കുന്നതുകൊണ്ട് അപ്പോൾത്തന്നെ ടെണ്ടർ വിളിക്കാനും 21 ദിവസമെന്നുള്ള ടെണ്ടർ കാലാവധി 5 ദിവസമാക്കി ചുരുക്കാനും സാധിക്കുമോയെന്ന് പരിശോധിക്കണം. റോഡ് പണിക്കുമുമ്പായി കഴിയാവുന്നത്ര പൈപ്പിടലുകൾ പൂർത്തീകരിച്ച് പുതിയ റോഡുകൾ മുറിക്കുന്നത് പരമാവധി ഒഴിവാക്കാനും ശ്രമിക്കണം. അത് പി.ഡബ്ല്യു.ഡി. മാത്രം ചെയ്യേണ്ട ഒരു കാര്യമല്ല, ജലവിഭവ/വൈദ്യുതി വകുപ്പുകളും ഇത് ശ്രദ്ധിക്കേണ്ടതാണ്. ഇതിൽ പ്രായോഗികമായി ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): സർ, ബഹുമാനപ്പെട്ട എം. സ്വരാജ് എം.എൽ.എ.-യുടെ മണ്ഡലത്തിലുള്ള വിഷയം സംബന്ധിച്ച് മൂന്നുവർഷക്കാലം പല സന്ദർഭങ്ങളിലായി നേരിട്ട് ഉന്നയിക്കുകയും കത്തുകൾ തരികയും അപൂർവ്വമായി സഭയിൽ ഉന്നയിക്കുകയും ചെയ്തിട്ടുള്ളതാണ്. അദ്ദേഹത്തിനും നാട്ടുകാർക്കുമുണ്ടാകുന്ന ബുദ്ധിമുട്ടിന്റെ അടിസ്ഥാനത്തിലാണ് സബ്മിഷൻ ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലും

ഏറ്റക്കുറച്ചിലോടെ ഈ പ്രശ്നമുണ്ട്. ആവശ്യമാണെങ്കിൽ സമയബന്ധിതമായി കുഴിക്കുക, അത് പുനഃസ്ഥാപിക്കുക, സമയം ക്രമീകരിക്കുക, ടെണ്ടർ നടപടികളിൽ പുനഃസംവിധാനമുണ്ടാകുക തുടങ്ങിയ എല്ലാ കാര്യങ്ങളും ഗൗരവമായിത്തന്നെ ഗവൺമെന്റ് പരിഗണിക്കുകയാണ്. പി.ഡബ്ല്യൂ.ഡി. വകുപ്പിന്റെ ചർച്ചയിൽ ടെണ്ടർ സംവിധാനം പരിഷ്കരിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട എം. സ്വരാജ് അക്കാര്യം പറഞ്ഞിട്ടുമുണ്ട്. ഇതുസംബന്ധിച്ച് ഗൗരവമായ ചർച്ച ആരംഭിച്ചിട്ടുണ്ട്.

ഇവിടെ ഉന്നയിച്ച പ്രശ്നം റോഡുകൾ കുഴിച്ച് കേബിളുകൾ, പൈപ്പുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വകുപ്പുകളുടെ ഏകോപനത്തെ സംബന്ധിച്ചാണ്. ഈ ഗവൺമെന്റ് വന്നകാലം മുതൽ നിരവധി തവണ ഇതുമായി ബന്ധപ്പെട്ട് ഏകോപന ചർച്ചകൾ നടത്തുകയും തീരുമാനങ്ങളെടുക്കുകയും ഗവൺമെന്റ് ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 22-5-2018-ലെ ഗവൺമെന്റ് ഉത്തരവ് 01/2018 പ്രകാരം വിവിധ വകുപ്പുകൾ പൊതുമരാമത്ത് വകുപ്പിലേയ്ക്ക് കൊടുക്കേണ്ട restoration fees നിശ്ചയിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് വാട്ടർ അതോറിറ്റി അധികൃതരും പൊതുമരാമത്ത്/ജലവിഭവ വകുപ്പുമന്ത്രിമാരുമായി നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ 30-3-2019-ലെ സർക്കുലർ പ്രകാരം ഈ നിരക്കുകൾ പുതുക്കിയിട്ടുണ്ട്. സ്റ്റേബിളായി തീരുമാനിച്ചിട്ടുള്ള കാര്യമാണ്. കേബിളുകളും പൈപ്പുകളും സ്ഥാപിക്കുന്നതിന് കരാറെടുക്കുന്ന ഏജൻസികൾ കൃത്യസമയത്ത് അവ പൂർത്തിയാക്കുകയോ പലപ്പോഴും പണം അടയ്ക്കുകയോ പോലും ചെയ്യാറില്ല. ഇതിനൊന്നും പി.ഡബ്ല്യൂ.ഡി.-ക്ക് ബഡ്ജറ്റിൽ ഒരു തുകപോലും ഗവൺമെന്റ് നൽകില്ല. അതുകൊണ്ട് മറ്റൊരു തുകയും ഇതിനുവേണ്ടി ചെലവഴിക്കാൻ സാധിക്കില്ല. പി.ഡബ്ല്യൂ.ഡി., ഇലക്ട്രിസിറ്റി ബോർഡ്, ബി.എസ്.എൻ.എൽ. തുടങ്ങിയ പല ഗവൺമെന്റ് ഏജൻസികൾക്കും ഇതുപോലെ പ്രവൃത്തി ചെയ്യേണ്ടിവരും. അതിനുവേണ്ടി മൊത്തത്തിലുള്ള തുക ബഡ്ജറ്റിൽ വയ്ക്കണമെന്ന നിർദ്ദേശം ധനകാര്യ വകുപ്പിൽ കൊടുത്തിരുന്നു. അത് അവരുടെ പരിഗണനയിലിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഒരു വകുപ്പിൽനിന്നും തുക വാങ്ങേണ്ട ആവശ്യം വരില്ല. ഇക്കാര്യങ്ങളിലൊക്കെ ഇനിയും ഒരുപാട് മുന്നോട്ടുപോകേണ്ടിയിരിക്കുന്നു. പ്രധാനപ്പെട്ട പദ്ധതിക്കായി കൂടുതൽ ദൂരം റോഡ് മുറിക്കേണ്ടതുണ്ടെങ്കിൽ ആറ് മാസം മുമ്പ് പി.ഡബ്ല്യൂ.ഡി. വകുപ്പിനെ അറിയിക്കേണ്ടതാണ്. അത് അവർ ചെയ്യാറില്ല. മൈനർ പ്രവൃത്തിയാണെങ്കിൽ മൂന്ന് മാസം മുമ്പ് അറിയിക്കണം. ആറ് മാസത്തിനുള്ളിൽ ആ ഭാഗത്ത് റോഡ് പണിയൊന്നും ചെയ്യില്ല. പരിഷ്കൃത രാജ്യങ്ങളിലെല്ലാം ഈ രീതിയിലാണ് ചെയ്യുന്നത്. ഇവിടെ ഇത് നടപ്പിലാക്കാൻ വലിയ പ്രയാസമാണ്. സിവിൽ നിയമങ്ങൾ പാലിക്കുന്നതിൽ അലംഭാവം കാണിക്കുന്ന സംസ്ഥാനമാണ് കേരളം.

പി.ഡബ്ല്യൂ.ഡി.-യുടെ കണക്കുപ്രകാരം നിർമ്മിച്ച റോഡ് പൊളിക്കുന്നതിന് അഞ്ച് വർഷംകൊണ്ട് മൂവായിരം കോടി രൂപയുടെ നഷ്ടമുണ്ടായിരിക്കുന്നു എന്നാണ്. ഇതുമൂലം ഖജനാവിലുണ്ടാകുന്ന നഷ്ടം എത്രയാണെന്ന് ധനകാര്യ വകുപ്പ് അന്വേഷണം നടത്തേണ്ടതുണ്ട്. കർശനമായ നടപടിയിലൂടെ ഇത് നിയന്ത്രിക്കേണ്ടതുണ്ട്. അതുകൂടാതെ റെസ്റ്റോർ ചെയ്യാനുള്ള പണം വേറെയാണ്. സാമ്പത്തികമായും നമുക്ക് നഷ്ടമാണ്.

ഇന്നലെ മലയാള മനോരമ മുഖപ്രസംഗം എഴുതിയത് ഇതുസംബന്ധിച്ചാണ്. അതിൽ ഞാൻ കൊടുത്ത ഉറപ്പൊക്കെ പറഞ്ഞു. പക്ഷെ മന്ത്രിയുടെ മണ്ഡലമായ തകഴിയിൽ അഗാധമായ ഗർത്തം വാട്ടർ അതോറിറ്റി കുഴിച്ചുണ്ടാക്കി യിരിക്കുകയാണ്. കേരളത്തിലെ ആദ്യത്തെ കിഫ്ബി റോഡാണിത്. 63 കോടി രൂപ മുടക്കി അതിമനോഹരമായ റോഡാണ് നിർമ്മിച്ചത്. ഇതുപോലുള്ള റോഡ് നാട്ടുകാർ കണ്ടിട്ടില്ല. ഒരു കിലോമീറ്ററിനുള്ളിൽ 33 തവണയാണ് തകഴിയിലെ ഈ പൈപ്പ് പൊട്ടിയത്. അവസാനം ഞങ്ങൾ ഈ പ്രവൃത്തി ചെയ്യുകയില്ലെന്ന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയും പറഞ്ഞു. റോഡ് ഇങ്ങനെ കിടക്കുന്നത് അപമാനമാണ്. ആ ചിത്രമാണ് അവർ കൊടുത്തത്. ആ പ്രശ്നം പരിഹരിക്കാം. രണ്ട് സൈഡിലും വയലായതുകൊണ്ട് ഇഷ്ടംപോലെ സ്ഥലമുണ്ടെന്ന് ഞാൻ അവരോട് പറഞ്ഞതാണ്. പക്ഷെ, അവർ ചെയ്തില്ല. റോഡിന്റെ നടുവിലൂടെ മാത്രമേ പൈപ്പിടുകയുള്ളൂ. പിന്നെ പത്രത്തിൽ സ്റ്റേറ്റ്മെന്റ് നടത്തും. ഇതിൽ ആർക്കാണ് ഇടപെടാൻ കഴിയുന്നത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കഴിഞ്ഞ 11-ാം തീയതി പി.ഡബ്ല്യൂ.ഡി.-യുമായി ബന്ധപ്പെട്ട ചോദ്യത്തിലിടപെട്ട് സംസാരിച്ചു. ഞാൻ കൊടുത്ത ഉത്തരത്തിൽ വിജിലൻസ് കണ്ടെത്തിയ 9 പ്രശ്നങ്ങൾ സംബന്ധിച്ച് പറഞ്ഞിരുന്നു. ഞാൻ അത് വായിച്ചില്ല. അദ്ദേഹം 9 ഐറ്റവും വായിച്ചു. അതിൽ ഒമ്പതാമത്തേത് അഴിമതിയുടെ പ്രധാന സോഴ്സായി വിജിലൻസ് കണ്ടെത്തിയത് റോഡ് വെട്ടിപ്പൊളിക്കലാണ് എന്നുള്ളതാണ്. ഹാർഡ് സർഫസ് വെട്ടിപ്പൊളിച്ചാൽ കൂടുതൽ തുക കിട്ടും. സോഫ്റ്റ് സർഫസാണെങ്കിൽ തുക കിട്ടില്ല. ഇതൊക്കെ ഇവിടെ നടക്കുകയാണ്. പണ്ട് പി.ഡബ്ല്യൂഡി. എഞ്ചിനീയർമാരും വാട്ടർ അതോറിറ്റിയുംകൂടി ഒരുമിച്ചാണ് ഇത് ചെയ്തുകൊണ്ടിരുന്നത്. ഇപ്പോൾ പി.ഡബ്ല്യൂ.ഡി.-ക്കാർ ചെയ്യുന്നില്ല. അവർ സ്ലിക്കായെങ്കിലും മറുഭാഗം പഴയതുപോലെതന്നെ നിൽക്കുകയാണ്. ബഹുമാനപ്പെട്ട കെ. കൃഷ്ണൻകുട്ടി മന്ത്രിയായി ചാർജ്ജെടുത്തിട്ട് കുറച്ചുമാസങ്ങളേ ആയിട്ടുള്ളുവെങ്കിലും അനുവാദമില്ലാതെ റോഡ് വെട്ടിപ്പൊളിക്കുന്നത് സംബന്ധിച്ച് ശക്തമായ നിലപാടെടുത്തു. അതുസംബന്ധിച്ച് പരസ്യമായി സ്റ്റേറ്റ്മെന്റ് നടത്തി. അങ്ങനെയൊരു നിലപാടിലേയ്ക്ക് വന്നിട്ടുണ്ട്. വാട്ടർ അതോറിറ്റിയിലെ ചില

എഞ്ചിനീയർമാരും യന്ത്രസാമഗ്രികൾപോലും കയ്യിലില്ലാത്ത കോൺട്രാക്ടർമാരുമൊക്കെ ഇതിൽ വരുന്നതാണ്. അതിനിടയിൽ കോട്ടൺഹിൽ ഗേൾസ് ഹൈസ്കൂളിൽ ലഭിച്ചുകൊണ്ടിരുന്ന വെള്ളം ഫ്ലാറ്റിലേയ്ക്ക് തിരിച്ചുവിട്ടതിനാൽ റോഡ് ക്രോസ് ചെയ്ത് പൈപ്പിടാനുള്ള അനുമതി തരണമെന്നുപറഞ്ഞ് നിവേദനം ലഭിച്ചു. അനുമതി തരാം, അടിയിൽക്കൂടി ഡ്രിൽ ചെയ്യാനുള്ള ഏർപ്പാട് ചെയ്യണമെന്ന് ഞാൻ പറഞ്ഞു. ഡ്രില്ലിംഗ് മെഷീനുള്ളവർക്ക് കരാർ കൊടുക്കില്ല. അവർ വന്ന് എവിടെയാണെന്ന് അറിയാതെ വെട്ടിപ്പൊളിക്കുകയാണ്. ഇത് നമ്മുടെയൊന്നും നിയന്ത്രണത്തിൽ നിൽക്കുന്നില്ല. എല്ലാവരും ഉറങ്ങിക്കിടക്കുമ്പോൾ പാതിരാത്രിയാണ് വെട്ടിപ്പൊളിക്കുന്നത്. രണ്ടുമൂന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇനി സസ്പെൻഡ് ചെയ്യാൻ എനിക്ക് വയ്യ. എല്ലാവരും മര്യാദയും നിയമവും പാലിക്കണം. എനിക്ക് ഹൈവേ പ്രൊട്ടക്ഷൻ ആക്ടും പി.ഡബ്ല്യു.ഡി. മാന്വലും റോഡ് സേഫ്റ്റി ആക്ടും പാലിച്ചേ പറ്റൂ. ഇതെല്ലാം അനുസരിച്ചാണ് പ്രവർത്തിക്കേണ്ടത്. അങ്ങനെ പ്രവർത്തിക്കാൻ എല്ലാവരും സമ്മതിക്കണം. ഇവിടെ എം.എൽ.എ.-മാർക്കും പഞ്ചായത്തിനും നഗരസഭയ്ക്കും ഗവൺമെന്റിനും നാട്ടുകാർക്കും പ്രശ്നമാണ്. വെള്ളം കൊടുക്കുകയും വേണം റോഡ് സംരക്ഷിക്കുകയും വേണം. ഒരു പ്രയാസവുമില്ലാത്ത കാര്യമാണ്. പക്ഷേ അത് ചിട്ടപ്രകാരം നടക്കണം. അതിനുള്ള നടപടികളിലേയ്ക്ക് ശക്തമായി നീങ്ങേണ്ടിവരും. എല്ലാ നിയമസഭാമണ്ഡലത്തിലും എം.എൽ.എ.-മാർ ചെയർമാന്മാരായി പി.ഡബ്ല്യു.ഡി. ഉപദേശക കമ്മിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് തയ്യാറാണ്. അവരുടെ അനുവാദമില്ലാതെ ഇനിയൊന്നും വെട്ടിപ്പൊളിക്കാൻ പാടില്ലെന്ന നിർദ്ദേശംകൂടി കൊടുക്കുകയാണെന്ന് ഞാൻ അറിയിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(8) മണ്ണാർക്കാട്-ചിന്നത്തടാകം റോഡ്

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കിഫ്ബിയിൽ ഏറ്റെടുത്ത വളരെ പ്രധാനപ്പെട്ട റോഡുമായി ബന്ധപ്പെട്ട വിഷയമാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്. മണ്ണാർക്കാട് നെല്ലിപ്പുഴയിൽ നിന്ന് ആരംഭിച്ച് കോയമ്പത്തൂരിന്റെ അതിർത്തിയായ ആനക്കട്ടി വരെ നീണ്ടുകിടക്കുന്ന 53 കി.മീറ്റർ ദൈർഘ്യമുള്ളതാണ് മണ്ണാർക്കാട്-ചിന്നത്തടാകം റോഡ്. കിഫ്ബി പ്രവർത്തനം തുടങ്ങിയപ്പോൾ മണ്ണാർക്കാട് മണ്ഡലത്തിൽനിന്നും ഏത് പ്രവൃത്തിയാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ ഇതാണ് നമ്മൾ തെരഞ്ഞെടുത്തത്. കേരളത്തിലെതന്നെ ഏറ്റവും പ്രധാനപ്പെട്ട ആദിവാസി മേഖലയായ അട്ടപ്പാടിയിലേയ്ക്കുള്ള റോഡാണിത്. മണ്ണാർക്കാട്-ചിന്നത്തടാകം റോഡ് എന്നാണ് ഇതിന്റെ പേരെങ്കിലും അട്ടപ്പാടി റോഡ് എന്നുപറയുന്നതാണ് ഉചിതം. കാരണം 53 കി.മീറ്റർ ദൈർഘ്യമുള്ള റോഡിൽ ആദ്യത്തെ 15 കി.മീറ്റർ

ദൂരം കഴിഞ്ഞാൽ ബാക്കി പൂർണ്ണമായും അട്ടപ്പാടിയുടെ ഹൃദയഭാഗത്തിലൂടെയാണ് കടന്നുപോകുന്നത്. ചുരമിടിച്ചിലിന്റെ ഫലമായി പലപ്പോഴും ഗതാഗതക്കുരുക്കും പ്രയാസവും ഉണ്ടാകുന്നുണ്ട്. ഈ പ്രവൃത്തി കിഫ്ബി വഴി ഏറ്റെടുത്തെങ്കിലും ഇപ്പോഴും ഇതിന്റെ പ്രവൃത്തികൾ ഇഴഞ്ഞുനീങ്ങുകയാണ്. പ്രസ്തുത പ്രവൃത്തിക്കായി 80 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇത് മൂന്ന് റീച്ചുകളായാണ് ചെയ്യുന്നതെന്നാണ് പറയുന്നത്. ഇപ്പോഴും അന്വേഷിക്കുമ്പോൾ ഇതിന്റെ ഡിസൈൻ തയ്യാറാകാത്തതുകൊണ്ടാണ് പ്രവൃത്തി തുടങ്ങാൻ കഴിയാത്തത് എന്നാണ് പറയുന്നത്. ഡിസൈൻ എത്രയുംപെട്ടെന്ന് ലഭ്യമാക്കാനും റോഡിന്റെ പ്രവൃത്തികൾ ആരംഭിക്കുന്നതിനുമുള്ള നടപടിയുണ്ടാകണം. ഇപ്പോൾ ഈ റോഡാകെ പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്. അതിനുപുറമെ മഴക്കാലമായാൽ ചുരമിടിയുന്ന പ്രശ്നവും കഴിഞ്ഞ മൂന്നുനാല് വർഷങ്ങളായുണ്ട്. ഈ റോഡ് ബ്ലോക്കായാൽ മണ്ണാർക്കാടിൽ നിന്നും അട്ടപ്പാടിയിലേയ്ക്ക് പോകാൻ കോയമ്പത്തൂർവഴി 200 കി.മീറ്റർ സഞ്ചരിക്കേണ്ടിവരും. ഇത് വലിയ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നത്. അതുകൊണ്ട് കിഫ്ബി ഏറ്റെടുത്ത ഈ റോഡിന്റെ പ്രവൃത്തി അടിയന്തരമായി തുടങ്ങുന്നതിന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകമായി ഇടപെടണമെന്നതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

1.00 P.M.]

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട റോഡാണിത്. ഈ റോഡിന്റെ ദ്രുതഗതിയിലുള്ള നിർമ്മാണത്തിന് പരിഗണന നൽകുമെന്ന് ഉറപ്പുനൽകുകയാണ്. ഈ റോഡ് പണിയുന്നതിന് നിർവ്വഹണ ഏജൻസിയായി കേരള റോഡ് ഫണ്ട് ബോർഡിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ പദ്ധതി റിപ്പോർട്ട് കേരള റോഡ് ഫണ്ട് ബോർഡ് കിഫ്ബിക്ക് സമർപ്പിക്കേണ്ടതുണ്ട്. ഈ പദ്ധതിയുടെ ഡിസൈൻ തയ്യാറാക്കുന്നതിന് പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗിനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചിട്ടുണ്ട്. പി.ഡബ്ല്യു.ഡി. ഡിസൈൻ വിംഗ് നൽകിയ വിവരമാണ് ഞാനിപ്പോൾ പറയുന്നത്. മണ്ണാർക്കാട് - ചിന്നത്തടാകം റോഡിനെ മൂന്ന് ഫേസുകളായി തിരിച്ച് വിശദമായ ഡി.പി.ആർ. തയ്യാറാക്കും. ഈ റോഡിന്റെ ആകെ നീളം 53 കിലോമീറ്ററാണ്. ഇതിന്റെ ആദ്യഘട്ടം 8 കിലോമീറ്റർ ദൂരത്തിലുള്ളതാണ്. ഈ ഘട്ടത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനാവശ്യമായ വിശദാംശങ്ങൾ പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗത്തിൽനിന്നും മേയ് മാസം ലഭിക്കുകയുണ്ടായി.

ഡിസൈൻ പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കൽ അവസാന ഘട്ടത്തിലാണ്. അത് എത്രയുംവേഗം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കാം. രണ്ടാംഘട്ടം 8 മുതൽ 19 കിലോമീറ്റർ വരെയുള്ളതാണ്. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ ഡീറ്റെയിൽസ് ലഭിക്കുന്നതിന് പി.ഡബ്ല്യു.ഡി. വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ഇതുവരെ അത് ലഭിച്ചിട്ടില്ലെന്നാണ് ഡിസൈൻ വിംഗിൽനിന്നുമുള്ള വിവരം. വിശദാംശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് ഈ ഘട്ടത്തിന്റെ ഡി.പി.ആർ. സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മൂന്നാംഘട്ടം 19 മുതൽ 53 കിലോമീറ്റർ വരെയുള്ളതാണ്. ഈ ഘട്ടത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരികയാണെന്നും ജൂലൈ മാസം അവസാനത്തോടെ അത് പൂർത്തീകരിച്ച് നൽകുന്നതാണെന്നും ഡിസൈൻ വിംഗ് ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പറുടെ സൗകര്യമനുസരിച്ച് ആഗസ്റ്റ് മാസത്തിൽ ഒരു യോഗം വിളിച്ച് അത് സ്പീഡ് അപ് ചെയ്യാനുള്ള നടപടി സ്വീകരിക്കാം.

(9) <u>വിനോദസഞ്ചാര കേന്ദ്രം</u>

<u>ശ്രീ. ബി. സത്യൻ</u>: സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ദേശീയപാതയോടുചേർന്ന് പുളിമാത്ത് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന അതിപ്രശസ്തമായ ഒരു ടൂറിസ്റ്റ് സങ്കേതമാണ് കടലുകാണിപ്പാറ. വളരെ ശ്രദ്ധേയമായ ടൂറിസ്റ്റ് സങ്കേതമായി വികസിച്ചുവരുന്ന സാഹചര്യത്തിലാണ് അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഇതിന്റെ പ്രവർത്തനങ്ങൾ നിലച്ചുപോയത്. തദ്ദേശ ടൂറിസം വികസിപ്പിക്കുന്നതിന്റെ ഭാഗമായി അവിടത്തെ ഗ്രാമപഞ്ചായത്തും വിനോദസഞ്ചാരത്തിന് പ്രോത്സാഹനം നൽകുന്ന നാട്ടുകാരും ചേർന്ന് ഈ ടൂറിസ്റ്റ് കേന്ദ്രം വികസിപ്പിക്കാനുള്ള ജനകീയമായ ഒരു പദ്ധതി തയ്യാറാക്കി അങ്ങേയ്ക്ക് സമർപ്പിക്കുകയുണ്ടായി. അതിപ്രധാനമായ ടൂറിസം സാദ്ധ്യതയുള്ളതും തദ്ദേശീയരും വിദേശീയരുമായ ധാരാളം വിനോദസഞ്ചാരികൾ എത്തുന്നതുമായ ഒരു കേന്ദ്രമാണിത്. വളരെയേറെ ചരിത്രപ്രാധാന്യമുള്ള ഈ സ്ഥലത്ത് ഏതാണ്ട് 50 അടിയോളം ഉയരം വരുന്ന ആറ് കൂറ്റൻ പാറക്കെട്ടുകളുണ്ട്. ആ പാറയുടെമുകളിൽ കയറിനിന്ന് നോക്കിയാൽ അറബിക്കടലും അതിലൂടെ പോകുന്ന കപ്പലുകളും വൈകുന്നേരങ്ങളിൽ സൂര്യാസ്തമയവും കാണാം. അങ്ങനെ വളരെ ശ്രദ്ധേയമായ ടൂറിസ്റ്റ് കേന്ദ്രമെന്ന നിലയിൽ ധാരാളം സന്ദർശകർ അവിടെ വരികയാണ്. അവിടെ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കിയാൽ തദ്ദേശ ടൂറിസം വികസന രംഗത്ത് വലിയ കുതിച്ചുചാട്ടം നടത്താൻ കഴിയുന്ന കേന്ദ്രമാക്കി മാറ്റിയെടുക്കാൻ കഴിയുമെന്നാണ് കരുതുന്നത്. തദ്ദേശ വികസനത്തിനുവേണ്ടി അങ്ങ് നിരവധി പദ്ധതികൾ ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്. ടൂറിസം വികസന സാദ്ധ്യതകളുള്ള വിവിധ ടൂറിസം

വികസന പദ്ധതികൾ നടപ്പാക്കി മുന്നോട്ടുപോകാൻ ടൂറിസം വകുപ്പിന് കഴിയുന്നുണ്ട്. അക്കൂട്ടത്തിൽ ധാരാളം സന്ദർശകർ വന്നുകൊണ്ടിരിക്കുന്ന ഏറ്റവുമധികം വിനോദസഞ്ചാര സാദ്ധ്യതയുള്ള കടലുകാണിപ്പാറ വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കാനുള്ള പദ്ധതിക്ക് അംഗീകാരം നൽകണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ കടലുകാണിപ്പാറയുടെ പ്രകൃതിസൗന്ദര്യം ഉപയോഗപ്പെടുത്താനുള്ള ഒരു പദ്ധതി ടൂറിസം വകുപ്പ് ഇതിനകം നടപ്പാക്കിയിട്ടുണ്ട്. ഹാബിറ്റാറ്റ് ഗ്രൂപ്പുവഴി നടപ്പാക്കിയ പദ്ധതിയുടെ ഒന്നാംഘട്ടം പൂർത്തിയായിക്കഴിഞ്ഞു. വ്യൂ പോയിന്റ്, പാർക്കിംഗ്, നടപ്പാത, ഇരിപ്പിടങ്ങൾ, ടോയ്‌ലെറ്റ് എന്നിവയാണ് ഒന്നാം ഘട്ടത്തിലുൾപ്പെടുത്തി പൂർത്തിയാക്കിയത്. എന്നാൽ പ്രദേശത്തിന്റെ ടൂറിസം സാദ്ധ്യത കൂടുതൽ പ്രയോജനപ്പെടുത്താനും സഞ്ചാരികളെ ആകർഷിക്കാനുമായി ടൂറിസം പദ്ധതിയുടെ രണ്ടാംഘട്ടം നടപ്പാക്കാൻ തീരുമാനിക്കുകയും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്റ്റിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അവർ സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതിക്കായി വർക്കിംഗ് ഗ്രൂപ്പിന് സമർപ്പിക്കുന്നതാണ്. ഈ സാമ്പത്തിക വർഷംതന്നെ പദ്ധതി പ്രവൃത്തി ആരംഭിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

### (10) സിവിൽ സർവ്വീസ് അക്കാദമിക്ക് പുതിയ കെട്ടിടം

ശ്രീ. എ. പ്രദീപ്കുമാർ: സർ, 2008-ൽ വി. എസ്. സർക്കാരിന്റെ കാലത്താണ് സംസ്ഥാന സർക്കാരിന്റെ സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് സബ് സെന്റർ ആരംഭിക്കുന്നത്. അതിന്റെ ക്യാമ്പസ് താൽക്കാലികമായി പ്രവർത്തിച്ചുതുടങ്ങിയതും ഇപ്പോഴും തുടർന്നുകൊണ്ടിരിക്കുന്നതും അവിടത്തെ വെസ്റ്റ് ഹിൽ ഗവൺമെന്റ് യു.പി. സ്കൂളിലാണ്. അന്നുതന്നെ പി.ഡബ്ല്യു.ഡി. വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കിട്ടിയ സ്ഥലത്ത് സബ് സെന്ററിന് സ്വന്തമായി ക്യാമ്പസും കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും പണം അനുവദിക്കുകയും അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി അതിന്റെ പ്രവൃത്തി ഉദ്ഘാടനം ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ പി.ഡബ്ല്യു.ഡി. നൽകിയ സ്ഥലത്തിന്റെ സർവ്വേ നമ്പരുകളിൽ ചില പിശകുണ്ടെന്നുപറഞ്ഞ് അതിന്റെ നിർമ്മാണം ആരംഭിച്ചില്ല. പിന്നീട് പലപ്രാവശ്യം നിയമസഭയിലുൾപ്പെടെ അതിന്റെ നിർമ്മാണം ആരംഭിക്കേണ്ടത് സംബന്ധിച്ച് ഞാൻ പറഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ശ്രീ. പി. കെ. അബ്ദു റബ്ബ്

വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ മൂന്ന്തവണ സബ്മിഷനായി ഇത് അവതരിപ്പിച്ചതാണ്. അപ്പോഴൊക്കെ ക്യാമ്പസിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു എന്നാണ് വകുപ്പിൽനിന്നും മറുപടി വന്നത്. ഈ സർക്കാർ വന്നതിനുശേഷം പ്രൊഫ. സി. രവീന്ദ്രനാഥിന്റെ ചുമതലയിലുള്ള പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായി കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ വന്നസമയത്ത് ഞാൻ ഈ വിഷയം ഉന്നയിച്ചിരുന്നു. അന്ന് സബ്മിഷന് മറുപടിയായി നടപടി സ്വീകരിച്ചുവരുന്നുവെന്ന് മന്ത്രി പറയുകയും അതിനുശേഷം ഒരു മീറ്റിംഗ് വിളിച്ചുചേർക്കുകയും ചെയ്തു. ഇതൊക്കെ നടന്നിട്ടും കാര്യങ്ങൾ മുന്നോട്ടുപോയില്ല. ഇപ്പോൾ സ്ഥലം സംബന്ധിച്ച സങ്കീർണ്ണതകളൊക്കെ ഏതാണ്ട് പരിഹരിച്ചിട്ടുണ്ട്. ഇതിനിടയിൽ അവിടെയൊരു ക്ഷേത്രത്തിന് അവകാശപ്പെട്ടതാണ് ഈ സ്ഥലമെന്നുപറഞ്ഞ് ഒരു വ്യക്തി കോടതിയിൽപ്പോയി. കളക്ടറോട് ഹിയറിംഗ് നടത്തി തീർപ്പുകല്പിക്കാൻ കോടതി ആവശ്യപ്പെട്ടു. കളക്ടർ അതിന്മേലുള്ള നടപടികളൊക്കെ സ്വീകരിച്ചുകഴിഞ്ഞു. സബ് സെന്റർ സ്ഥാപിക്കാനാവശ്യമായ സ്ഥലവും അതിനുള്ള പ്ലാനും വിശദമായ പദ്ധതി രൂപരേഖയും തയ്യാറാക്കി ഹാബിറ്റാറ്റിനെ നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും പണി മാത്രം ആരംഭിക്കുന്നില്ല. സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ എന്നൊരു സ്ഥാപനമുണ്ട്. ആ വകുപ്പിൽനിന്നും മറുപടി ലഭിച്ചുകൊണ്ടിരിക്കുന്നത് ഇതിന് നടപടി സ്വീകരിച്ചുവരുന്നു എന്നാണ്. പത്ത് വർഷമായി നടപടി സ്വീകരിച്ചുവരുന്നു എന്ന മറുപടിയാണ് മന്ത്രിമാർക്ക് ഡിപ്പാർട്ടുമെന്റ് കൊടുക്കുന്നത്. ആ മറുപടി മാത്രമേ മന്ത്രിമാർക്ക് ഇവിടെ പറയാൻ കഴിയുകയുള്ളൂ. ഇത്രയും നിരുത്തരവാദപരമായി പെരുമാറുന്ന ഒരു ഡിപ്പാർട്ടുമെന്റാണ് സെന്റർ ഫോർ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ. ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കാതെ ഇതിനൊരു തീർപ്പുണ്ടാകുകയില്ല. സർക്കാർ വകുപ്പിന്റെ കെടുകാര്യസ്ഥതയുടെ മകുടോദാഹരണമാണിത്. സിവിൽ സർവ്വീസ് അക്കാദമിയുടെ കോഴിക്കോട് കേന്ദ്രത്തിന്റെ നിർമ്മാണം എന്ന് ആരംഭിക്കുമെന്നാണ് അറിയേണ്ടത്. നടപടി സ്വീകരിച്ചുവരുന്നു എന്നുള്ള മറുപടി എനിക്ക് ആവശ്യമില്ല. ഇതുസംബന്ധിച്ച് തൃപ്തികരമായ ഉത്തരം നൽകണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോടും ഗവൺമെന്റിനോടും അഭ്യർത്ഥിക്കാനുള്ളത്.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട എ. പ്രദീപ്കുമാർ, എം.എൽ.എ.-യുടെ വികാരമാണ് സഭയിൽ പ്രകടിപ്പിച്ചത്. കണ്ടിന്യൂയിംഗ് എഡ്യൂക്കേഷന്റെ ഭാഗമായി സിവിൽ സർവ്വീസ് അക്കാദമിയുടെ സബ് സെന്ററിന്റെ

കെട്ടിടം എത്രയുംപെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. അതിനുവേണ്ടി അടുത്തയാഴ്ചതന്നെ എം.എൽ.എ. ഉൾപ്പെടെയുള്ള ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടും. ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് അനാസ്ഥയുണ്ടായിട്ടുണ്ടെങ്കിൽ അത് പരിശോധിക്കും. ബഹുമാനപ്പെട്ട അംഗത്തിന്റെ സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് ശ്രമിക്കുമെന്ന് അറിയിക്കുന്നു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

സബ്ജക്ട് കമ്മിറ്റി VI-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശ കളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ 2019 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2018-2019 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൻ റിപ്പോർട്ടും സമിതി അദ്ധ്യക്ഷനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

## VII ക്രമപ്രശ്നം

(1) സബ്ജക്ട് കമ്മിറ്റികൾക്ക് രേഖകൾ യഥാസമയം ലഭ്യമാക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: സർ, സബ്ജക്ട് കമ്മിറ്റി പ്രവർത്തനത്തെ സംബന്ധിച്ച് ഇന്റേണൽ വർക്കിംഗ് റൂൾസ് 6, 7 എന്നീ വകുപ്പുകളിൽ കൃത്യമായി പറയുന്നുണ്ട്. അതിൽ മൂന്നാമത്തെ വകുപ്പിൽ 'മുൻ അഞ്ച് വർഷത്തെ ധനാഭ്യർത്ഥനകളുമായുള്ള താരതമ്യ വ്യതിയാനങ്ങളുള്ള പക്ഷം അവയ്ക്കുള്ള കാരണങ്ങളും' എന്ന് കൃത്യമായി പറയുന്നുണ്ട്. മുൻ അഞ്ച് വർഷക്കാലത്തെ വരവുചെലവ് സംബന്ധമായ കണക്കുകൾ കൊടുക്കണമെന്ന് കൃത്യമായി പറയുന്നുണ്ട്. ഭരണഘടന 204, 205, 206 എന്നീ വകുപ്പുകൾ പ്രകാരം സഭ വോട്ട് ചെയ്ത് പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട്, അപ്രോപ്രിയേഷൻ ബിൽ ഇവയുടെ കണക്കുകൾ സഭയിലെ അംഗങ്ങൾക്ക് അറിഞ്ഞിരിക്കാനും ചർച്ച ചെയ്യാനും അവസരമുണ്ടാകുകയെന്നുള്ളത് സഭയുടെ

ഏറ്റവും പ്രധാനപ്പെട്ട അവകാശമാണ്. എന്നാൽ 2019-20-ലെ ബഡ്ജറ്റുമായി ബന്ധപ്പെട്ട് സബ്ജക്ട് കമ്മിറ്റിയുടെ സൂക്ഷ്മപരിശോധനാ കുറിപ്പുകളിൽ ചുവടെ ചേർത്തിരിക്കുന്ന അക്കൗണ്ട്സ് ശീർഷകത്തിൽ മുൻവർഷത്തെ ചെലവുകൾ സൂചിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ധനാഭ്യർത്ഥന XVIII - ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ്, ധനാഭ്യർത്ഥന XX-കേരള വാട്ടർ അതോറിറ്റി, ധനാഭ്യർത്ഥന XXII-അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി, ശുചിത്വ കേരള നഗരങ്ങളിലെ ഖരമാലിന്യസംസ്കരണ സംവിധാനം, സ്വച്ഛ് ഭാരത് മിഷൻ, ധനാഭ്യർത്ഥന XXIV-തൊഴിലും തൊഴിലാളിക്ഷേമവും, ധനാഭ്യർത്ഥന XXIX-കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസ് യൂണിവേഴ്സിറ്റി, ധനാഭ്യർത്ഥന XXXI-മൃഗസംരക്ഷണ വകുപ്പ്, ധനാഭ്യർത്ഥന XXXV-തദ്ദേശസ്വയംഭരണ വകുപ്പ്-എഞ്ചിനീയറിംഗ് വിഭാഗം, ധനാഭ്യർത്ഥന XXXIX-വൈദ്യുത പദ്ധതികൾ എന്നിവ ചില ഉദാഹരണങ്ങൾ മാത്രമാണ്. വിശദമായി പരിശോധിച്ചാൽ ഇത്തരം അപാകതകൾ ഇനിയും ധാരാളമായി കാണാൻ കഴിയും. എന്നാൽ ചില വകുപ്പുകൾ കൃത്യമായി ഈ കണക്കുകൾ നൽകുന്നുണ്ട്. സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ചി ടത്തോളം ആ കണക്കുകൾ പരിശോധിക്കണമെങ്കിൽ അതിന്റെ വരവുചെലവുകൾ മുൻ അഞ്ച് വർഷത്തേതുമായി താരതമ്യപ്പെടുത്തണം. മെമ്പർമാർക്ക് സബ്ജക്ട് കമ്മിറ്റികളിൽ ഇഫക്ടീവായി ഇടപെടാൻ കഴിയണം. അങ്ങ് മുമ്പ് നൽകിയ റൂളിംഗുകളുടെ അടിസ്ഥാനത്തിൽ ചില ഡിപ്പാർട്ടുമെന്റുകൾ കൃത്യമായ കണക്കുകൾ നൽകിയിട്ടുണ്ടെങ്കിലും ഈ പറയുന്ന ഡിപ്പാർട്ടുമെന്റുകൾ ഇപ്പോഴും ഇതുതന്നെയാണ് ചെയ്യുന്നത്. ഞാൻ ഇതുമായി ബന്ധപ്പെട്ട് മുമ്പ് ഒരു ക്രമപ്രശ്നം ഉന്നയിച്ചതാണ്. അന്ന് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞത് ഇങ്ങനെയാണ്, 'ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലുള്ള കർശനമായ നിർദ്ദേശം വിവിധ വകുപ്പുകൾക്ക് നൽകാം. സബ്ജക്ട് കമ്മിറ്റികളെ ഒരു വിലയുമില്ലാതെ ചില ആളുകൾ കാണുന്നുവെന്നുള്ളതാണ് ഇതിലെ പ്രശ്നം' എന്നാണ്. യഥാർത്ഥത്തിൽ ഇങ്ങനെയുള്ള ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ പാർലമെന്ററികാര്യ വകുപ്പുമന്ത്രി നിയമവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് മറുപടി പറയാൻ ഏറ്റവും കോമ്പീറ്റന്റാണെങ്കിലും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളിലെ ചെയർമാൻമാരോ അല്ലെങ്കിൽ വകുപ്പുമന്ത്രിമാരോ മറുപടി പറഞ്ഞാൽ മാത്രമേ ഈ വിഷയത്തിന് പരിഹാരമുണ്ടാകുകയുള്ളൂവെന്നാണ് എന്റെ അഭിപ്രായം. 2008-ലെ അഡ്ഹോക് കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട സ്പീക്കർ 'ജനാധിപത്യത്തിന്റെ ഉത്സവമെന്ന്' പറയപ്പെടുന്ന പാർലമെന്ററി സ്റ്റഡീസിന്റെ ഒരു സെമിനാറിൽ പങ്കെടുത്തപ്പോൾ സംസാരമധ്യേ സൂചിപ്പിക്കുകയുണ്ടായി. സബ്ജക്ട് കമ്മിറ്റികളുടെ ചെയർമാൻമാരാകേണ്ടത് മന്ത്രി മാരല്ലായെന്നുള്ളത് അഡ്ഹോക് കമ്മിറ്റിയുടെ റിപ്പോർട്ടിൽ പറയുന്നുണ്ട്. പല സംസ്ഥാനങ്ങളിലും സബ്ജക്ട് കമ്മിറ്റികളിൽ അനൗദ്യോഗികാംഗങ്ങളാണ് ചെയർമാൻമാരായി വരുന്നത്.

മി. സ്പീക്കർ: അങ്ങ് പറയുന്നത് വേറൊരു വിഷയമാണ്.

ശ്രീ. എം. ഉമ്മർ: സർ, ഇത് നിരന്തരമായി ഉന്നയിച്ചിട്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇതിനൊരു പരിഹാരമുണ്ടാക്കണം. ബഹുമാനപ്പെട്ട സ്പീക്കർ ഇതുസംബന്ധിച്ച് കൃത്യവും വ്യക്തവുമായ നിർദ്ദേശം നൽകണം. മെമ്പർമാർക്ക് പാർലമെന്ററി സ്റ്റഡീസുമായി ബന്ധപ്പെട്ട് വിവിധ സെമിനാറുകളും ക്ലാസ്സുകളുമുണ്ടെങ്കിലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് തലവന്മാർ ഇത് അറിയുന്നില്ല. അതുകൊണ്ട് അവരെ ഇത് കമ്മ്യൂണിക്കേറ്റ് ചെയ്യാനും അവർക്കുകൂടി ക്ലാസ്സിന്റെ പ്രയോജനം ലഭിക്കാനുമുള്ള നടപടിയുണ്ടാകണം. ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും കൃത്യമായ റൂളിംഗ് ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

## (2) ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയിൽ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ അതിന്റെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചാൽ 6 മാസത്തിനുള്ളിൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മെമ്മോറാണ്ടം സഹിതം അത് സഭയുടെ മേശപ്പുറത്തുവയ്ക്കേണ്ടതുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് Adani Ports & Special Economic Zone Ltd. വിഴിഞ്ഞം കരാർ ഒപ്പുവച്ചതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് കോടികൾ നഷ്ടമുണ്ടായിയെന്ന സി & എ.ജി. റിപ്പോർട്ടിലെ പരാമർശത്തിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം അന്വേഷിക്കുന്ന തിനാണ് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷനെ സർക്കാർ നിയമിച്ചത്. പ്രസ്തുത കമ്മീഷൻ വിശദമായ അന്വേഷണം നടത്തി 2018 ഡിസംബർ മാസം റിപ്പോർട്ട് സമർപ്പിച്ചുവെന്നാണ് പത്രറിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നത്. കമ്മീഷൻ 19 കാര്യങ്ങൾ പരിശോധിച്ചതിൽ അഴിമതി സംബന്ധിച്ച സി.&എ.ജി.-യുടെ കണ്ടെത്തൽ പൂർണ്ണമായും തള്ളിക്കളഞ്ഞെന്നാണ് പത്രവാർത്ത. 1-1-2019-ലെ മാതൃഭൂമി ദിനപത്രത്തിൽ വന്ന 'വിഴിഞ്ഞം കരാറിൽ അഴിമതിയില്ല' എന്നുള്ള വാർത്ത നമ്മളിൽ പലരും വായിച്ചിട്ടുള്ളതാണ്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം ഈ സമ്മേളനത്തിൽത്തന്നെ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ടും അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച മെമ്മോറാണ്ടവും സഹിതം സർക്കാർ മേശപ്പുറത്ത് വയ്ക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ കണ്ടെത്തലുകൾ സർക്കാരിന്റെ ഇച്ഛയ്ക്ക് അനുസൃതമല്ലാത്തതിനാലാണ് മേശപ്പുറത്ത് വയ്ക്കാൻ കാലതാമസമുണ്ടായതെന്ന് കരുതേണ്ടിയിരിക്കുന്നു.

സോളാർ കമ്മീഷൻ റിപ്പോർട്ട് മേശപ്പുറത്തുവയ്ക്കാനായി ഒരു പ്രത്യേക സമ്മേളനംതന്നെ വിളിച്ചുചേർത്ത സർക്കാരിന്റെ ഇരട്ടത്താപ്പാണ് ഇതിലൂടെ വെളിച്ചത്തുവരുന്നത്. ഈ ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനത്തിനായി ഏകദേശം 50 ലക്ഷം രൂപ സർക്കാരിന് ചെലവ് വന്നുവെന്നാണ് മനസ്സിലാക്കുന്നത്. ചലച്ചിത്രമേഖലയിൽ വനിതകൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 2017 ജൂലൈയിൽ നിയോഗിച്ച ജസ്റ്റിസ് ഹേമ കമ്മീഷന്റെയും കേരള ഹൈക്കോടതിയിൽ വക്കീലന്മാരും പത്രപ്രതിനിധികളും തമ്മിലുണ്ടായ പ്രശ്നങ്ങളെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് 2017-ൽ നിയോഗിച്ച ജസ്റ്റിസ് പി. എ. മുഹമ്മദ് കമ്മീഷന്റെയും കാലാവധി ആറ്മാസം വീതം നീട്ടിക്കൊടുത്തുകൊണ്ടിരിക്കുകയാണ്. ഇങ്ങനെ അനിശ്ചിതമായി കാലാവധി നീട്ടിക്കൊടുക്കുന്നത് സർക്കാരിന്റെ ഖജനാവിൽനിന്നും കോടിക്കണക്കിന് രൂപ ചെലവഴിക്കേണ്ട സാഹചര്യമുണ്ടാക്കും. അതുകൊണ്ട് കമ്മീഷൻ ഓഫ് എൻക്വയറി ആക്ടിലെ സെക്ഷൻ 3 (4) പ്രകാരം ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മുമ്പാകെ വയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ശ്രീ. വി. പി. സജീന്ദ്രന്റെ ക്രമപ്രശ്നത്തിന് ബന്ധപ്പെട്ട വകുപ്പുമന്ത്രി ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി മറുപടി പറയും. ബഹുമാനപ്പെട്ട എം. ഉമ്മറിന്റെ പോയിന്റ് ഓഫ് ഓർഡറിന്റെ ഉള്ളടക്കത്തോട് വിയോജിപ്പില്ല. പക്ഷേ, 'A Point of order may be raised in relation to the business before the Assembly at the moment,' എന്നാണ്. ഈ പറഞ്ഞതുമായി ബന്ധപ്പെട്ട അജണ്ട നമ്മുടെ മുമ്പിലില്ല. 'Provided that the Speaker may permit a Member to raise a point of order during the interval between the termination of one item of business and the commencement of another if it relates to maintenance of order in, or arrangement of business before the Assembly'. അതിനും പ്രശ്നം വരുന്നില്ല. കാരണം ഒരു സബ്ജക്ട് കഴിഞ്ഞ് മറ്റൊരു സബ്ജക്ടിലേയ്ക്ക് കടക്കുന്നതിനുമുമ്പ് ഏതെങ്കിലും രൂപത്തിലുള്ള ഇന്റർപ്രട്ടേഷൻ ആ ബിസിനസ്സുമായി ബന്ധപ്പെട്ടുള്ളതാണെങ്കിൽ ഉയർത്താം. എന്നാലും ഈ പറഞ്ഞ കാര്യത്തെപ്പറ്റി മറുപടി പറയാൻ

നിർബന്ധിക്കപ്പെടുകയാണ്. പോയിന്റ് ഓഫ് ഓർഡർ എപ്പോഴും ഇങ്ങനെ വരുന്നത് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം. വളരെ റെലവന്റായിട്ടുള്ള ഇഷ്യൂ വരുമ്പോഴാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കേണ്ടത്. ആ സമയത്ത് ഉന്നയിക്കുന്നതിന് യാതൊരു പ്രശ്നവുമില്ല. അസംബ്ലിയുടെ മുന്നിലില്ലാത്ത ഒരു ബിസിനസ്സാണിത്. എന്നാൽപ്പോലും ഞാൻ മറുപടി പറയുകയാണ്.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ 10-6-2019-ൽ എഴുതി തന്നതാണ്.

ശ്രീ. എ. കെ. ബാലൻ: സർ, ഇന്നാണ് വരുന്നതെന്നുള്ള നോട്ടീസുപോലും എനിക്ക് കിട്ടിയില്ല. എന്നാലും ഞാൻ അതിന് മറുപടി പറയുകയാണ്. ഇവിടെ പറഞ്ഞത് 236 (5) Rules of Procedure & Conduct of business പ്രകാരവും സബ്ജക്ട് കമ്മിറ്റികളുടെ ഇന്റേണൽ വർക്കിംഗ് റൂൾസ് (6) പ്രകാരവും കറക്ടാണ്. 5 വർഷങ്ങളിലെ ധനാഭ്യർത്ഥനയുമായുള്ള താരതമ്യം, വ്യതിയാനമുണ്ടെങ്കിൽ അതിന്റെ കാരണം ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി പറയേണ്ടതാണ്, ബോധ്യപ്പെടുത്തേണ്ടതാണ്. ബഹുമാനപ്പെട്ട മെമ്പർ 25-10-2016-നും 22-3-2018-നും ഈ പ്രശ്നം ഉന്നയിച്ചിരുന്നു; ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗും നൽകി. അതിന്റെ ഭാഗമായി 9-11-2016-നുതന്നെ എല്ലാ വകുപ്പുകൾക്കും സർക്കുലർ അയയ്ക്കുകയും ചെയ്തിട്ടുണ്ട്. അതിനുശേഷം കുറച്ച് പുരോഗതിയുണ്ടായിട്ടുണ്ട്. അതിന്റെ ഭാഗമായാണ് ചില വകുപ്പുകളെങ്കിലും ഈ 5 വർഷത്തെ വരവുചെലവുമായി ബന്ധപ്പെട്ടുള്ള കണക്ക് കൃത്യമായി സബ്ജക്ട് കമ്മിറ്റിയുടെ മുമ്പാകെ കൊടുക്കുന്നത്. എന്നാൽ ചില വകുപ്പുകൾ കൊടുക്കുന്നില്ല. അക്കാര്യം ബന്ധപ്പെട്ട വകുപ്പുകളുടെ ഭാഗത്തുനിന്നു വരുന്ന വീഴ്ചയാണ്. ഇത് ആവർത്തിക്കാതിരിക്കാൻ വീണ്ടും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. കെ. സി. ജോസഫ്: സർ, ബഹുമാന്യനായ പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ഭംഗ്യന്തരേണ ബഹുമാനപ്പെട്ട സ്പീക്കറെ ചോദ്യം ചെയ്യുകയായിരുന്നു. 303 (3)-ൽ പറയുന്നത്, 'Subject to the conditions referred to in Sub Rules (1) and (2) a Member may formulate a point of order and the Speaker shall decide whether the point raised is a point of order and if so give his decision thereon, which shall be final' എന്നാണ്. നോട്ടീസ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അങ്ങ് തീരുമാനിച്ചു. അങ്ങയുടെ അധികാരമാണത്. അതിനെ മന്ത്രി ചോദ്യം ചെയ്യാൻ തയ്യാറായത് നിർഭാഗ്യകരമായിപ്പോയി. അത് സഭയോടുള്ള അവകാശലംഘനമാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾസിലും കോൺസ്റ്റിറ്റ്യൂഷനിലും വയലേഷൻ വരുമ്പോഴാണ് സാധാരണ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. പക്ഷേ 303 (1)-ൽ 'A Point of order shall relate to the interpretation or enforcement of these Rules or such Articles of the Constitution as regulate the business of the Assembly, and shall raise a question which is within the cognizance of the Speaker,' എന്നുപറയുന്നുണ്ട്. അത് സ്പീക്കറുടെ അധികാരപരിധിയിലുള്ള കാര്യമാണ്. പോയിന്റ് ഓഫ് ഓർഡർ സഭയിൽ ഉന്നയിക്കുന്നതിനെ നിയന്ത്രിക്കാനാണ് പാർലമെന്ററികാര്യ വകുപ്പുമന്ത്രി തയ്യാറായത്. ഈ റൂൾസിന് വിരുദ്ധമായിട്ടാണ് അദ്ദേഹത്തിന്റെ സ്റ്റേറ്റുമെന്റ്. അതുകൊണ്ട് അങ്ങ് അത് പിൻവലിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ പറഞ്ഞത് ഏതെങ്കിലും മെമ്പർമാർക്ക് തെറ്റായി തോന്നുന്നുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വം എനിക്ക് ഏറ്റെടുക്കാൻ സാധിക്കുകയില്ല. ഹൗസിനെ മിസ്‌ലീഡ് ചെയ്യലാണിത്. ബഹുമാനപ്പെട്ട സ്പീക്കർക്ക് റൂളിംഗ് നൽകാം. അക്കാര്യത്തിൽ യാതൊരു ബുദ്ധിമുട്ടുമില്ല. പക്ഷേ ഗവൺമെന്റിന് പറയാനുള്ളത് പറയാതിരിക്കാൻ സാധിക്കില്ല. ഇന്റർപ്രട്ടേഷൻ ഓഫ് കോൺസ്റ്റിറ്റ്യൂഷനിലും ഇന്റർപ്രട്ടേഷൻ ഓഫ് സ്റ്റാറ്റ്യൂട്ട്സിലുമാണ് പോയിന്റ് ഓഫ് ഓർഡറുമായി ബന്ധപ്പെട്ടുള്ള റെലവൻസി കിടക്കുന്നതെന്നാണ് ഞാൻ പറഞ്ഞത്. അതുമായി ബന്ധപ്പെട്ട് ഒരു ബിസിനസ്സ് നമ്മുടെ മുമ്പിലുണ്ടാകുമ്പോഴാണ് അതിന് റെലവൻസി വരുന്നത്. ഇതുമായി ബന്ധപ്പെട്ട് അങ്ങനെയൊരു ബിസിനസ്സില്ല. പക്ഷേ ഇവിടെ പറഞ്ഞ കാര്യത്തിന്റെ ഉള്ളടക്കത്തോട് പരിപൂർണ്ണമായും ഗവൺമെന്റ് യോജിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ ഇത് സൂചിപ്പിച്ചത്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. വി. പി. സജീന്ദ്രൻ ഉന്നയിച്ച ക്രമപ്രശ്നം സംബന്ധിച്ച് പറയാം. 31-3-2016-ൽ അവസാനിച്ച സാമ്പത്തിക വർഷത്തേയ്ക്കുള്ള കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ 4-ാം നമ്പർ റിപ്പോർട്ടിൽ വിഴിഞ്ഞം അന്താരാഷ്ട്ര ആഴക്കടൽ വിവിധോദ്ദേശ്യ പദ്ധതിയുടെ കരാർ നടപ്പാക്കുന്നതുസംബന്ധിച്ച് കണ്ടെത്തിയ ന്യൂനതകൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായ ജുഡീഷ്യൽ അന്വേഷണ കമ്മീഷനെ സർക്കാർ നിയമിക്കുകയുണ്ടായി. ടി കമ്മീഷൻ നടപടികൾ പൂർത്തിയാക്കി 31-12-2018-ന് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ച് ഒരു ജുഡീഷ്യൽ അന്വേഷണ കമ്മീഷൻ റിപ്പോർട്ട്

സമർപ്പിച്ചാൽ 6 മാസത്തിനകം അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മെമ്മോറാണ്ടം സഹിതം നിയമസഭയിൽ സമർപ്പിക്കേണ്ടതാണ്. ആയതിൻപ്രകാരം സർക്കാർ ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് പരിശോധിച്ച് ആക്ഷൻ ടേക്കൺ റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുശാസിക്കുന്ന സമയപരിധിക്കുള്ളിൽത്തന്നെ കമ്മീഷൻ റിപ്പോർട്ട് അതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ സംബന്ധിച്ച മെമ്മോറാണ്ടം സഹിതം സഭയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## റൂളിംഗ്

മി. സ്പീക്കർ: ക്രമപ്രശ്നങ്ങൾ ഉന്നയിക്കുന്നതുമായി ബന്ധപ്പെട്ട ചട്ടങ്ങൾ വളരെ വ്യക്തമാണ്. ക്രമപ്രശ്നം ചട്ടങ്ങളുടെയോ ഭരണഘടനയിൽ സഭയുടെ കാര്യ നിർവ്വഹണം ക്രമീകരിക്കുന്ന അനുച്ഛേദങ്ങളുടെയോ വ്യാഖ്യാനത്തെയോ നടപ്പാക്കലിനെയോ സംബന്ധിച്ചുള്ളതായിരിക്കേണ്ടതും സ്പീക്കറുടെ അധികാരപരിധിയിൽ പ്പെടുന്നൊരു പ്രശ്നം ഉന്നയിക്കുന്നതുമായിരി ക്കേണ്ടതാണ്. എന്നാൽ ഒരു ക്രമപ്രശ്നം സഭയിലെ ക്രമപാലനമോ സഭ മുമ്പാകെയുള്ള കാര്യപരിപാടികളുടെ ക്രമീകരണമോ സംബന്ധിച്ചുള്ളതാണെങ്കിൽ കാര്യപരിപാടിയിലെ ഒരിനം അവസാനിച്ചതിനു ശേഷം മറ്റൊരിനം ആരംഭിക്കുന്നതിനുമുമ്പുള്ള ഇടവേളയിൽ ക്രമപ്രശ്നം ഉന്നയിക്കാൻ സ്പീക്കർക്ക് ഒരു അംഗത്തെ അനുവദിക്കാവുന്നതാണ്. ആ നിലയിൽ സ്പീക്കറുടെ അനുവാദത്തോടുകൂടിയാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. അത് ക്രമത്തിലാണെന്നുതന്നെയാണ് ചെയറിന്റെ നിലപാട്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ദേഹത്തിന്റെ പ്രസംഗം പിൻവലിക്കണം.

മി. സ്പീക്കർ: അദ്ദേഹം ചോദ്യം ചെയ്തിട്ടില്ല. അദ്ദേഹം അദ്ദേഹത്തിന്റെ നിലപാട് സഭയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്. പക്ഷേ അതേ അളവിൽ ചെയർ സ്വീകരിച്ചിട്ടില്ല.

ശ്രീ. എ. കെ. ബാലൻ: സർ, ക്രമപ്രശ്നം ഉന്നയിക്കേണ്ട ഘട്ടത്തെപ്പറ്റിയാണ് ഞാൻ സൂചിപ്പിച്ചത്.

മി. സ്പീക്കർ: സബ്ജക്ട് കമ്മിറ്റികളുടെ ആഭ്യന്തര പ്രവർത്തന ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട എല്ലാ രേഖകളും സമിതിക്ക് യഥാസമയം ലഭ്യമാക്കേണ്ടത് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ ചുമതലയാണെന്ന കാര്യത്തിൽ സംശയമില്ല. അതുപോലെ അത്തരത്തിൽ ലഭ്യമാക്കുന്ന കുറിപ്പിൽ തൊട്ടുമുമ്പുള്ള അഞ്ച് വർഷക്കാലത്തെ

ധനാഭ്യർത്ഥനകളുടെ ഒരു താരതമ്യവും വ്യതിയാനമുള്ളപക്ഷം അതിനുള്ള കാരണവും വ്യക്തമാക്കണമെന്ന് ചട്ടം 7 (iii)-ലും അനുശാസിക്കുന്നുണ്ട്. ഇക്കാര്യമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചിട്ടുള്ളത്.

2019-2020 വർഷത്തെ ധനാഭ്യർത്ഥനകളുടെ സൂക്ഷ്മപരിശോധനയുമായി ബന്ധപ്പെട്ട് 8 വകുപ്പുകൾ ലഭ്യമാക്കിയ കുറിപ്പുകളിൽ ചട്ടം 7 (iii)-ൽ പരാമർ ശിച്ചിട്ടുള്ള വിശദാംശം ഇല്ലായിരുന്നുവെന്നും ഇക്കാര്യത്തിൽ പതിനാലാം കേരള നിയമസഭയിൽത്തന്നെ മുമ്പ് രണ്ടു പ്രാവശ്യം റൂളിംഗുണ്ടായിട്ടും ഒരു പരിഹാരവുമു ണ്ടായില്ലെന്നുമാണ് ശ്രീ. എം. ഉമ്മർ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്.

ഇതുസംബന്ധിച്ച് വ്യക്തമായ നിർദ്ദേശം ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയി രുന്നെങ്കിലും വീണ്ടും ആവർത്തിക്കപ്പെട്ടതിനെ സംബന്ധിച്ച് പരിശോധിക്കാമെന്നും തുടർന്നും ഇത് ആവർത്തിക്കാതിരിക്കാൻ ശക്തമായ നടപടി സ്വീകരിക്കുന്നതാണെന്നും ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്.

ഇതിനുമുമ്പ് ഇതേ വിഷയത്തിൽ രണ്ടു പ്രാവശ്യം റൂളിംഗ് നൽകിയിരുന്നതാ ണെങ്കിലും പരാതി ആവർത്തിക്കുന്ന സാഹചര്യത്തിൽ ഒരു കാര്യം വ്യക്തമാക്കാൻ ചെയർ ആഗ്രഹിക്കുകയാണ്. നിയമസഭാ കമ്മിറ്റികൾക്ക് അവയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ കുറിപ്പുകൾ ബന്ധപ്പെട്ട വകുപ്പുകൾ യഥാസമയം എത്തിക്കേണ്ടതാണെന്ന കാര്യത്തിൽ ഒരു വീഴ്ചയും ഉണ്ടാകാൻ പാടില്ലെന്ന് പ്രത്യേക നിഷ്കർഷ ഉള്ളതുകൊണ്ടാണ് മുമ്പ് രണ്ടുപ്രാവശ്യം സഭയിൽത്തന്നെ ഇക്കാര്യത്തിൽ വ്യക്തമായ റൂളിംഗ് നൽകിയത്. സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ചട്ടപ്രകാരം അവർക്ക് ലഭിക്കേണ്ട രേഖകൾ ചട്ടത്തിൽ പരാമർശി ച്ചിരിക്കുന്ന പ്രകാരംതന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കേണ്ടത് അതത് സബ്ജക്ട് കമ്മിറ്റികളുടെതന്നെ ഉത്തരവാദിത്വമാണെന്നാണ് ചെയറിന് വ്യക്തമാ ക്കാനുള്ളത്. സബ്ജക്ട് കമ്മിറ്റികളുടെ അധികാരത്തെയും ചുമതലകളെയും സംബന്ധിച്ചുള്ള അവ്യക്തതകൾ നീക്കുന്നതിനുകൂടിയായിരുന്നു നേരത്തെ ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ വിശദമായൊരു സെമിനാർതന്നെ ഇവിടെ സംഘടിപ്പിച്ചത്. രേഖകൾ ലഭ്യമാകുന്നതിൽ ഏതെങ്കിലും തരത്തിലുള്ള അപാകതകൾ ശ്രദ്ധയിൽ പ്പെടുമ്പോൾത്തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും വിശദീകരണം തേടുന്നതിനും വീഴ്ച വരുത്തിയവർക്കെതിരെ ശക്തമായ നടപടികൾ ശിപാർശ ചെയ്യുന്നതിനുമുള്ള എല്ലാ അധികാരങ്ങളും സമിതികൾക്കുണ്ട്. എന്നാൽ സൂക്ഷ്മ പരിശോധനാ വേളയിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റികളൊന്നും തന്നെ

ഇതുസംബന്ധിച്ച് ഒരു ആക്ഷേപവും സമിതിയോഗത്തിൽ ഉന്നയിച്ചതായി കാണുന്നില്ല. മാത്രവുമല്ല, ഇത് ആവർത്തിച്ച് സഭയിൽ ഉന്നയിച്ച് പരിഹാരം കാണേണ്ട ഒരു കാര്യമായി കാണാനും കഴിയില്ല. ഈ സാഹചര്യത്തിൽ എല്ലാ സബ്ജക്ട് കമ്മിറ്റികളും കമ്മിറ്റി സെക്ഷനുകളും ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം നിരീക്ഷിക്കേണ്ടതാണെന്നും സമിതി തലത്തിൽത്തന്നെ അതിനുള്ള പരിഹാരം കാണേണ്ടതാണെന്നും മേലിൽ ഇത്തരം വിഷയങ്ങൾ സഭയിൽ ഉന്നയിക്കേണ്ട ആവശ്യമില്ലെന്നും ചെയർ റൂൾ ചെയ്യുന്നു.

1952-ലെ കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് പ്രകാരം നിയോഗിക്കപ്പെട്ട ജസ്റ്റിസ് സി. എൻ. രാമചന്ദ്രൻ നായർ കമ്മീഷന്റെ റിപ്പോർട്ട് 31-12-2018-ന് സർക്കാരിന് സമർപ്പിക്കപ്പെട്ടുവെന്നാണ് ബഹുമാനപ്പെട്ട തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി ഇവിടെ പ്രസ്താവിച്ചത്. നിയമപ്രകാരം കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചാൽ 6 മാസത്തിനകമാണ് പ്രസ്തുത റിപ്പോർട്ട് ആക്ഷൻ ടേക്കൺ സ്റ്റേറ്റുമെന്റ് സഹിതം സഭയിൽ സമർപ്പിക്കേണ്ടത്. നിയമപ്രകാരമുള്ള സമയപരിധി കഴിഞ്ഞിട്ടില്ലാത്തതിനാലും നിർദ്ദിഷ്ട സമയ പരിധിക്കുള്ളിൽത്തന്നെ കമ്മീഷൻ റിപ്പോർട്ട് നടപടി സ്റ്റേറ്റുമെന്റ് സഹിതം സഭയിൽ സമർപ്പിക്കാവുന്നതാണെന്ന് ബഹുമാനപ്പെട്ട മന്ത്രി പ്രസ്താവിച്ച സാഹചര്യത്തിലും ഇവിടെ ഉന്നയിക്കപ്പെട്ട ക്രമപ്രശ്നം നിലനിൽക്കുന്നതല്ലെന്ന് ചെയർ റൂൾ ചെയ്യുന്നു.

## VIII ധനകാര്യം

### 2019-2020 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ധനാഭ്യർത്ഥന നമ്പർ XVII-വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം

പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ ഏഴാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

| ധനാഭ്യ ർത്ഥന നമ്പർ | ധനാഭ്യർ ത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2019-2020 | | | | |
|---|---|---|---|---|---|---|
| | | 7-2-2019-ന് സഭയുടെ വോട്ടിന് സമർപ്പിച്ച ധനാഭ്യർത്ഥന തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥന തുക | | |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | ആകെ (രൂപ) |
| (1) | (2) | (3) | (4) | (5) | (6) | (7) |
| XVII | വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം | 6928,25,27,000 | 172,16,67,000 | 14021,50,55,000 | 344,33,33,000 | 14365,83,88,000 |

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

**ഖണ്ഡനോപക്ഷേപങ്ങൾ**

**ധനാഭ്യർത്ഥന നമ്പർ XVII**

**വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഖാദർ കമ്മീഷൻ റിപ്പോർട്ട് മതിയായ പഠനം നടത്താതെയും ആശങ്കയകറ്റാതെയും നടപ്പിലാക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഒന്ന് മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാഭ്യാസം ഒരു ഡയറക്ടറുടെ കീഴിലാക്കാനുള്ള ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിനെ തുടർന്ന് വിദ്യാഭ്യാസ മേഖലയിൽ പ്രശ്നങ്ങൾ ഉണ്ടായിരിക്കുന്നതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ദേശീയ വിദ്യാഭ്യാസ നയം വരാനിരിക്കുന്ന സാഹചര്യത്തിൽ ഖാദർ കമ്മീഷൻ റിപ്പോർട്ട് പരിഷ്കാരങ്ങൾ നടപ്പിലാക്കി സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ ആശയക്കുഴപ്പവും പ്രതിസന്ധിയും സൃഷ്ടിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ ശ്രമിച്ചത് കേരള ഹൈക്കോടതി സ്റ്റേ ചെയ്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സ്കൂൾ വിദ്യാഭ്യാസരംഗം അഴിച്ചുപണിയുന്നതിന് ശിപാർശ നൽകാൻ നിയോഗിച്ച കമ്മിറ്റി പൂർണ്ണ റിപ്പോർട്ട് നൽകുന്നതിനുമുമ്പ് ഘടനാപരമായ മാറ്റം നിർദ്ദേശിക്കുന്ന ആദ്യ ഭാഗത്തിന്റെ അടിസ്ഥാനത്തിൽ ഉത്തരവിറക്കി അനിശ്ചിതത്വം സൃഷ്ടിച്ചതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപ ക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തിന്റെ മൊത്തവരുമാനത്തിന്റെ നാല്ശതമാനം തുക വിദ്യാഭ്യാസത്തിനായി നീക്കിവയ്ക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സ്കൂളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സ്കൂൾ ലൈബ്രറി കളുടെ പ്രവർത്തനം മെച്ചപ്പെടുത്തി കുട്ടികളിൽ വായനാ ശീലമുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സ്വകാര്യ മേഖലയിലെ പ്രീ-പ്രൈമറി സ്കൂളുകളിലെ അമിത ഫീസ്, സാമ്പത്തിക ചൂഷണം എന്നിവ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അൺ എയ്ഡഡ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർക്ക് മിനിമം വേതനം ലഭ്യമാക്കാൻ നിയമം കൊണ്ടുവരുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന് ) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളി ച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രാഥമിക വിദ്യാഭ്യാസവുമായി ബന്ധിപ്പിക്കുന്നതിനും, പ്രീ-സ്കൂൾ അദ്ധ്യാപകരുടെ സേവന വേതന നിരക്ക് പരിഷ്കരിക്കുന്നതിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അൺ എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ വേതന നിരക്കുകൾ നിശ്ചയിക്കുന്നതിന് നിയമ നിർമ്മാണം നടത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സ്കൂളുകളിലെ അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കോഴിക്കോട് നീലേശ്വരം ഗവ. ഹയർ സെക്കണ്ടറി സ്കൂളിൽ വിദ്യാർത്ഥികൾക്കുവേണ്ടി അദ്ധ്യാപകൻ പരീക്ഷ എഴുതിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കേരളത്തിലെ സ്കൂൾ കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നതിനായി കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് വെബ്സൈറ്റ് നിർമ്മാണത്തിനായി വകമാറ്റിയതായി പറയപ്പെടുന്നത് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾക്ക് ഏകീകൃത വിദ്യാഭ്യാസ കലണ്ടർ രൂപീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിലെ ഒന്നാംവർഷ ബിരുദ വിദ്യാർത്ഥിനി കോളേജിലെ പെൺകുട്ടികളുടെ വിശ്രമ മുറിയിൽ ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ജില്ലാ പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളെ പോളിടെക്നിക്കുകളും, ഐ. ടി. ഐ.-കളും വൊക്കേഷണൽ ഹയർ സെക്കണ്ടറികളുമായി ഹബ് ആൻഡ് സ്പോക് മാതൃകയിൽ ബന്ധിപ്പിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാത്തതായി പറയപ്പെടുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന 'സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെന്റലി ചലഞ്ച്ഡ്' എന്ന സ്ഥാപനത്തെ സംസ്ഥാന ഗവേഷണ സ്ഥാപനമാക്കി മാറ്റുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (കായിക മേഖലയുടെ വികസനത്തിനായി കൂടുതൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം :സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (സംസ്ഥാനത്തെ സ്പോർട്സ് സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (ദേശീയ കായിക മത്സരങ്ങളിൽ മികവ് തെളിയിച്ച മുഴുവൻ പേർക്കും സർക്കാർ ജോലി നൽകേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (അവശ കലാകാരന്മാർക്കുള്ള പെൻഷൻ പരിഷ്കരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വക കൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ്. (നവോത്ഥാന നായകർക്ക് ഉചിതമായ സ്മാരകങ്ങൾ നിർമ്മിക്കണമെന്ന ആവശ്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരി പ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 14365,83,88,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ധനാഭ്യർത്ഥനയെ ഞാൻ പിന്താങ്ങുന്നു. Becker's trophy is go on online auction. പശ്ചിമ ജർമനിയിലെ ടെന്നീസ് കളിക്കാരനായിരുന്ന Boris Becker നേടിയെടുത്ത ട്രോഫികളെല്ലാം ഇന്ന് ഓൺലൈനിലൂടെ ലേലം ചെയ്യാൻ വച്ചിരിക്കുകയാണ്. ഇപ്പോൾ ടെന്നീസ്

കോടീശ്വരന്മാരുടെ കയ്യിലാണ്. ഒരു കളി ജയിച്ചാൽ അവർക്ക് കോടിക്കണക്കിന് രൂപ കിട്ടും. എന്നിട്ടും അദ്ദേഹത്തിന് അതൊന്നും സൂക്ഷിക്കാൻ കഴിഞ്ഞില്ല, അത് ഓൺലൈൻവഴി ലേലത്തിന് വച്ചിരിക്കുകയാണ്. ശ്രീ. ജയസൂര്യ അഭിനയിച്ച മനോഹരമായ സിനിമയാണ് ക്യാപ്റ്റൻ. അത് കാണേണ്ട സിനിമയാണ്. ക്യാപ്റ്റൻ സ്ഥാനം ഏറ്റെടുത്ത്, പതിനൊന്ന് വർഷത്തിനുശേഷം കേരളത്തിൽ സന്തോഷ് ട്രോഫി കൊണ്ടുവന്ന അതുല്യനായ കളിക്കാരനായിരുന്നു വി. പി. സത്യൻ. അദ്ദേഹം തീവണ്ടിയുടെ മുന്നിൽ ചാടി ആത്മഹത്യ ചെയ്യുകയായിരുന്നു. കളിക്കാരോട് അനുവർത്തിക്കേണ്ട സമീപനങ്ങളിൽ ചില മാറ്റങ്ങൾ വരേണ്ടതുണ്ടെന്ന് സൂചിപ്പിക്കാനാണ് ഞാനിത് പറഞ്ഞത്. സ്പോർട്സും ഗെയിംസുമായി ബന്ധമില്ലാത്ത ആളുകളെ മനുഷ്യൻ എന്ന പദംകൊണ്ട് വിശേഷിപ്പിക്കാൻ കഴിയുമോയെന്ന സംശയം ഞാനിവിടെ പ്രകടിപ്പിക്കുകയാണ്. കുട്ടികളെ കളിക്കാനും കളി കാണാനും വിടുകയില്ല. ഇന്ന് അഞ്ചും ആറും ദിവസം നീണ്ടുനിൽക്കുന്ന ക്രിക്കറ്റ് കളികളുണ്ട്. പഴയകാലത്ത് അഞ്ച് ദിവസത്തെ ടെസ്റ്റ്. അതുകഴിഞ്ഞ് അഞ്ചാമത്തെ സീരീസിലും തീരുമാനമുണ്ടായില്ലെങ്കിൽ ആറാമത്തെ ദിവസവും കളിച്ചിരുന്ന ക്രിക്കറ്റ് ഇപ്പോൾ ഇൻസ്റ്റന്റ് ക്രിക്കറ്റായി. പിന്നീടത് ട്വന്റി ഓവറായി. ഇപ്പോഴത് ഫോർ ഓവറും കളിക്കേണ്ട സ്ഥിതിയായി. കേരളത്തിന്റെ പ്രധാന കായികവിനോദം ഫുട്ബോളും വോളിബോളുമാണ്. ഇതിൽ ഏതിനാണ് പ്രാധാന്യം കൊടുക്കേണ്ടത്? വളരെ ജനസാന്ദ്രത കൂടിയ കേരളത്തിൽ ഫുട്ബോൾ ഗ്രൗണ്ടിനുള്ള സാധ്യതകൾ വളരെ കുറവാണ്. കൂടാതെ സിന്തറ്റിക് ഗ്രൗണ്ടും ട്രാക്കും വേണം. കേരളത്തിൽ എവിടെയാണ് സിന്തറ്റിക് ഗ്രൗണ്ടും ട്രാക്കുമുള്ളത്? യൂണിവേഴ്സിറ്റിതലത്തിൽ ഏറ്റവും കൂടുതൽ അവാർഡുകൾ കിട്ടിയിട്ടുള്ള ക്രൈസ്റ്റ് കോളേജിൽപ്പോലും അതുണ്ടോയെന്നറിയില്ല. 400 മീറ്റർ ട്രാക്കുള്ള ഒരു കോളേജിന്റെ പേര് പറയാമോ? എല്ലാ നാഷണൽ, ഇന്റർനാഷണൽ മത്സരങ്ങൾക്കും 400 മീറ്റർ ട്രാക്കാണ്. ഇവിടെ പഴയകാലത്തെ ജനറൽ മനേക്ഷാ വന്നിട്ട് 1969-ലോ 1979-ലോ അത് വീണ്ടും ക്രൈസ്റ്റ് കോളേജിൽ ഉദ്ഘാടനം ചെയ്ത ഒരു ട്രാക്കുണ്ട്. തൃശ്ശൂരിലെ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിലും ഒരു ട്രാക്കുണ്ട്. മറ്റുള്ള സ്ഥലങ്ങളിലും ഇങ്ങനെയുള്ള ട്രാക്കുകൾ കാണും.

ഭാവിയിൽ കുട്ടികൾക്ക് കളിക്കളത്തിൽനിന്നും ലഭിച്ച പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ വാങ്ങുന്നതിനുള്ള സൗകര്യങ്ങളൊരുക്കി കൊടുക്കുന്നതിനായി ഗ്രൗണ്ടുകൾക്ക് ബഡ്ജറ്റിൽ പ്രാധാന്യം നൽകിയതിന് ബഹുമാനപ്പെട്ട സ്പോർട്സ് വകുപ്പുമന്ത്രിയെ ഞാൻ അങ്ങേയറ്റം അഭിനന്ദിക്കുകയാണ്. ജക്കാർത്ത ഗെയിംസിലും ഏഷ്യൻ അത്ലറ്റിക് മീറ്റിലുമൊക്കെ പങ്കെടുത്തവർക്ക് പത്തും പതിനഞ്ചും ഇരുപതും ലക്ഷം രൂപ സാമ്പത്തിക സഹായം നൽകുന്നുണ്ട്.

ശ്രീ. സജി ചെറിയാൻ: സർ, പതിനാല് ജില്ലകളിലും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. ഇ. പി. ജയരാജന്റെ നേതൃത്വത്തിൽ കായിക രംഗത്ത് നടത്തുന്ന വൻപ്രവർത്തനങ്ങളെയും മാറ്റത്തെയും കുറിച്ച് അങ്ങ് മനസ്സിലാക്കുന്നുണ്ടോ?

മി. സ്പീക്കർ: അത് മനസ്സിലാക്കിക്കൊണ്ടാണ് അദ്ദേഹം സംസാരിക്കുന്നത്.

പ്രൊഫ. കെ. യു. അരുണൻ: സർ, പതിനാല് ജില്ലകളിലും ഫിറ്റ്നസ് സെന്ററുകൾ തുടങ്ങുന്നതിന്റെ ഭാഗമായി തൃശ്ശൂർ ജില്ലയിൽ ഫിറ്റ്നസ് ക്ലബ്ബിന്റെ ഉദ്ഘാടന ചടങ്ങിൽ ബഹുമാനപ്പെട്ട മന്ത്രിയോടൊപ്പം പങ്കെടുക്കാനുള്ള അവസരം എനിക്കുണ്ടായി.

ശ്രീ. പി. സി. ജോർജ്: സർ, 400 മീറ്റർ ട്രാക്കുള്ള കോളേജിന്റെ പേര് പറയാമോയെന്ന് അങ്ങ് ചോദിച്ചു. പാലത്ര സെന്റ് ജോൺസ് ഹൈസ്കൂളിന് 400 മീറ്റർ ട്രാക്കുള്ള സ്റ്റേഡിയമുണ്ട്. ഇല്ലെന്ന് അങ്ങ് പറയരുത്.

പ്രൊഫ. കെ. യു. അരുണൻ: സർ, കുട്ടികൾക്ക് കളിക്കാനുള്ള സൗകര്യങ്ങളൊരുക്കി കൊടുക്കണമെന്നാണ് ഞാൻ സൂചിപ്പിച്ചത്. Catch them young. ശ്രീ. പി. സി. ജോർജിനെ വയസ്സായതിനുശേഷം 100 മീറ്റർ ട്രാക്കിൽ ഓടാൻ നിർത്തിയതുകൊണ്ട് കാര്യമൊന്നുമില്ല. അതുകൊണ്ടാണ് Catch them young എന്നുപറഞ്ഞത്. ഫുട്ബോളിന്റെ കാര്യത്തിൽ പശ്ചിമ ബംഗാളും മഹാരാഷ്ട്രയും തമിഴ്നാടും ഗോവയും കേരളവുമുണ്ടാകാം. കേരളം ഈ സംസ്ഥാനങ്ങൾക്കുശേഷമല്ല, അതിനുള്ളിൽത്തന്നെ വരും. വോളിബോളിൽ പ്രധാന ആറുപേരിൽ നാലുപേരും മലയാളികളായിരുന്നു. അവരുടെ പേരുകളൊന്നും ഞാൻ സൂചിപ്പിക്കുന്നില്ല. ജിമ്മി ജോർജ്ജ്, ജോസ് ജോർജ്ജ് തുടങ്ങിയ സഹോദരന്മാർ മാത്രമല്ല, അതിനുമുമ്പും മലയാളികളായ കളിക്കാരുണ്ട്. ക്രിക്കറ്റ് കളിയിൽ ഏറ്റവും പിന്നിൽ നിന്നിരുന്നവരാണ് കേരളീയർ. ഇവിടെ നിന്നും ബോംബെയിൽപ്പോയി ക്രിക്കറ്റ് കളിക്കുന്ന ടീമിലെ അംഗങ്ങളായ കേരളീയർ ഇന്ത്യയെ പ്രതിനിധീകരിച്ച്

തുടങ്ങിയിട്ടുണ്ട്. കേരളത്തിൽ ധാരാളം യൂണിവേഴ്സിറ്റികളുണ്ട്. കേരള, കണ്ണൂർ, കോഴിക്കോട്, വെറ്ററിനറി കോളേജുകൾ തമ്മിലുള്ള മത്സരത്തിൽ പങ്കെടുത്ത ശേഷം ഇന്റർ യൂണിവേഴ്സിറ്റി മത്സരത്തിൽ പങ്കെടുക്കുമ്പോൾ അവിടെയും കേരള യൂണിവേഴ്സിറ്റിയോടും കാലിക്കറ്റ് യൂണിവേഴ്സിറ്റിയോടുമാണ് മത്സരിക്കുന്നത്. കാരണം സ്പോർട്സിന്റെ കാര്യത്തിൽ മറ്റ് യൂണിവേഴ്സിറ്റികളൊന്നും കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ നിലവാരത്തിലേക്ക് ഉയരുന്നില്ലെന്ന സത്യം അവശേഷിക്കുകയാണ്. ഇപ്പോൾ സ്കൂൾ തലത്തിലൊക്കെ കഷ്ടിച്ച് 25-ഉം 30-ഉം സെന്റ് സ്ഥലത്താണ് എൽ.പി., യു.പി. സ്കൂളുകൾ സ്ഥാപിക്കുന്നത്. ഇതിൽ എവിടെയാണ് ഗ്രൗണ്ടുള്ളത്? സ്പോർട്സിന് വലിയ പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായി കുട്ടികൾക്ക് കളിക്കുന്നതിനും നല്ലരീതിയിലുള്ള പരിശീലനം നൽകുന്നതിനും ആവശ്യമായ ഗ്രൗണ്ടുകൾ താലൂക്ക് അടിസ്ഥാനത്തിലെങ്കിലും സ്ഥാപിക്കേണ്ടത് ആവശ്യമാണ്. സ്കൂളുകളിൽ കുട്ടികൾക്ക് കളിക്കുന്നതിനാവശ്യമായ എക്യുപ്മെന്റ്സ് വേണം. ക്രിക്കറ്റിന്റെ ഒരു കിറ്റിന് എത്രയാണ് വില; അതാര് വാങ്ങാനാണ്? നമ്മുടെ നാട്ടിലെ പാവപ്പെട്ട രക്ഷിതാക്കൾക്ക് ഈ കിറ്റ് വാങ്ങിക്കൊടുത്ത് കുട്ടികളോട് പോയി കളിക്കൂ എന്നുപറയാനുള്ള അവസരമില്ല. കാരണം അവരുടെ കയ്യിൽ കാശില്ല. ഇതുസംബന്ധിച്ച് രക്ഷിതാക്കളിലാണ് ബോധവത്കരണം നടത്തേണ്ടത്. പഠിക്കൂ, പഠിക്കൂ എന്നുപറയാതെ എസ്.എസ്.എൽ.സി.-ക്ക് 90 ശതമാനത്തിന് മുകളിൽ മാർക്കുണ്ടോ; പ്ലസ് ടു കഴിഞ്ഞോ; ഡിഗ്രി കഴിഞ്ഞോ; തുടങ്ങിയ അന്വേഷണങ്ങൾ നിർത്തി, അഞ്ചുമണി കഴിഞ്ഞാൽ നീ പോയി കളിച്ചോ എന്നുപറഞ്ഞ് കുട്ടികൾക്ക് നല്ല അടികൊടുക്കുന്ന രക്ഷിതാക്കളെ വളർത്തിയെടുക്കണം. അഞ്ച് മണിക്ക് കുട്ടികൾ സ്കൂളിൽ നിന്നും വന്നാലുടനെ പുസ്തകമെടുക്കണമെന്നാണ് പറയുന്നത്. ഞാൻ അങ്ങനെയുള്ള രക്ഷിതാവല്ല. പഠിക്കുന്ന കാര്യത്തിൽ മാത്രമല്ല, രാഷ്ട്രീയത്തിൽ പങ്കെടുക്കാനും ഇലക്ഷന് മത്സരിക്കാനുമാണ് ഞാൻ പറഞ്ഞിട്ടുള്ളത്. എന്റെ മകൾ യൂണിവേഴ്സിറ്റി വൈസ് ചെയർപേഴ്സണായിട്ടുണ്ട്.

നീലക്കുയിൽ എന്ന ആദ്യകാല സിനിമ ആദ്യമായി ദക്ഷിണേന്ത്യയിലേയ്ക്ക് വെള്ളി മെഡൽ കൊണ്ടുവരികയുണ്ടായി. പി. ഭാസ്കരനും രാമു കാര്യാട്ടും ചേർന്നാണ് ആ സിനിമ സംവിധാനം ചെയ്തത്. അതിന്റെ കഥാകൃത്ത് ഉറൂബായിരുന്നു. കെ. രാഘവനായിരുന്നു മ്യൂസിക് ഡയറക്ടർ. അതിലൊരു ഗാനത്തിൽ " .........പാടം പച്ചച്ച പാവാടയിട്ടപ്പോൾ....." എന്ന വരി നിങ്ങൾ കേട്ടുകാണുമല്ലോ. നടൻ സത്യൻ അവതരിപ്പിച്ച കഥാപാത്രമായ ശ്രീധരൻ നായർ അധഃസ്ഥിത സ്ത്രീയുമായി ബന്ധപ്പെട്ട് അതിൽ കുട്ടിയുണ്ടായി. മേൽ ജാതിക്കാരൻ അവളെ സ്വീകരിക്കാത്തതുകൊണ്ട് ആ സ്ത്രീ ആത്മഹത്യ ചെയ്തു. അവരുടെ കുട്ടിയെ

എടുത്തുകൊണ്ടുവന്ന് ശ്രീധരൻ നായർ അയാളുടെ അടുത്ത സുഹൃത്തായ ഭാസ്കരൻ എന്നുപറയുന്ന പോസ്റ്റുമാന് കുട്ടിയെ കൊടുത്തിട്ട് നീ ഈ കുട്ടിയെ കൊണ്ടുപോയി ഒരു ജാതിയും ഒരു മതവുമില്ലാത്ത വിശ്വപൗരനായി വളർത്തു എന്നുപറയുന്ന രംഗം ആ സിനിമയിലുണ്ട്. ആ സിനിമയ്ക്ക് ഇന്ത്യൻ പ്രസിഡന്റിന്റെ വെള്ളിമെഡൽ കിട്ടി. പിന്നീട് ഒരുപാട് വർഷങ്ങൾക്കുശേഷമാണ് അസുരവിത്ത് എന്ന സിനിമ വരുന്നത്. അസുരവിത്തിലും ഇതുതന്നെയാണ് കഥ. പഴയ ഗോവിന്ദൻകുട്ടി മതം മാറി അബ്ദുൾ ഖാദറായി. അയാളെ സമൂഹം വെറുത്തു. ഹിന്ദുക്കൾക്കും വേണ്ട, മുസ്ലീങ്ങൾക്കും വേണ്ട. അപ്പോഴാണ് നാട്ടിൽ ഇപ്പോഴത്തെ നിപ പോലെ പകർച്ചവ്യാധി പിടിപെട്ടത്. എല്ലാവരും മരിച്ചുപോകുകയാണ്. അങ്ങനെ വന്നപ്പോൾ മതം മാറിയ ഗോവിന്ദൻകുട്ടി എന്ന അബ്ദുൾ ഖാദറിനെ ആളുകൾക്ക് ആവശ്യം വന്നു. മറ്റുള്ളവരെല്ലാം സ്ഥലം വിട്ടതിനുശേഷം ഗോവിന്ദൻകുട്ടി എല്ലാ വീടുകളിലും പോയി മൃതദേഹങ്ങൾ എടുത്തുകൊണ്ടുപോയി സംസ്കരിക്കും. അങ്ങനെ ഒരു വീട്ടിൽ കയറിയപ്പോൾ അവിടെ മരിച്ചുകിടക്കുന്ന സ്ത്രീയുടെ മുല ചപ്പിക്കുടിക്കുന്ന കുട്ടിയെ മാറ്റിനിർത്തിയിട്ട് ആ മൃതദേഹം കൊണ്ടുപോയി സംസ്കരിച്ചു. കുറച്ചുനേരത്തേക്കെങ്കിലും അദ്ദേഹത്തിന്റെ ഭാര്യയായിരുന്ന സ്ത്രീയാണ് മരിച്ചുകിടന്നത്. അയാൾ ആ കുട്ടിയെ എടുത്തുകൊണ്ടുപോകുമ്പോൾ ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടുഭാഗത്തും നിന്ന് നീ എവിടേയ്ക്ക് പോകുന്നു എന്ന് ചോദിച്ചപ്പോൾ 'ഞാൻ ഈ ഗ്രാമം വിടുന്നു' എന്നാണ് പറഞ്ഞത്. എന്നാണ് തിരിച്ചുവരുന്നത്; 'വരില്ല.' ഈ കുട്ടിയെ എന്തായി വളർത്തുമെന്ന് രണ്ടുകൂട്ടരും ചോദിച്ചു. അയാൾ മറുപടി പറഞ്ഞില്ല. അപ്പോൾ കുറെക്കൂടി വലിയ ശബ്ദത്തിൽ രണ്ടുകൂട്ടരും ചോദിച്ചപ്പോൾ അയാൾ തിരിഞ്ഞുനിന്ന് അവരോട് പറഞ്ഞു. 'ഞാൻ ഇവനെ മനുഷ്യനായി വളർത്തും.' ഇന്നത്തെ കാലത്ത് വളരെ പ്രസക്തമായ ചോദ്യമാണ്. മനുഷ്യനായി വളർത്താനുള്ള സാമൂഹിക ഭൗതിക സാഹചര്യമാണോ കേരളത്തിലുള്ളത് എന്നത് സംബന്ധിച്ച് ഗൗരവപൂർവ്വം ചിന്തിക്കണമെന്നു പറഞ്ഞുകൊണ്ട് ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു.

ശ്രീ. വി. ടി. ബൽറാം: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഇന്ന് രാവിലെയും ബഹുമാന്യനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഖാദർ കമ്മിഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിനെക്കുറിച്ചാണ് വാചാലനായത്. എന്തിനാണ് ഈ ഗവൺമെന്റ് ഇത്ര കടുംപിടിത്തം ഇക്കാര്യത്തിൽ കാണിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഇക്കാര്യം കോടതിയുടെ പരിഗണനയിലാണ്. കോടതി അത് സ്റ്റേ ചെയ്തിരിക്കുകയാണ്. അതോടൊപ്പം വലിയ വിമർശനങ്ങൾ പൊതുസമൂഹത്തിൽ നിന്നും അക്കാഡമിക് മേഖലയിലെ വിവിധ തലങ്ങളിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്. പക്ഷെ ഈ ഗവൺമെന്റ് അതിനോടൊക്കെ

നിഷേധാത്മക സമീപനം സ്വീകരിച്ചുകൊണ്ട് സഭാതലത്തിൽ പ്രതിപക്ഷവുമായി ചർച്ച നടത്തണമെന്ന് പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടതുപോലും നിരാകരിച്ചു കൊണ്ട് ഒരുതരം പിടിവാശിയോടുകൂടിയാണ് മുന്നോട്ടുപോകുന്നത്. ഇവിടെ ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കാനാണ് ഗവൺമെന്റ് തയ്യാറാകുന്നത്. അതുമായി ബന്ധപ്പെട്ട് നിലവിലുള്ള സിസ്റ്റത്തെ മുഴുവൻ അട്ടിമറിക്കുകയാണ്. ഹയർ സെക്കണ്ടറിയും ഹൈസ്കൂളുമൊക്കെ മെർജ് ചെയ്യുകയാണ്. അതിന് അദ്ദേഹം കാരണമായി ഒരേ കാര്യംതന്നെ പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഹയർ സെക്കണ്ടറിക്ക് നിലവിൽ ഓഫീസ് സംവിധാനമില്ല, സ്റ്റാഫില്ല. അതിനൊരു പരിഹാരമാണ് ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിലൂടെ കിട്ടുന്ന ഏറ്റവും വലിയൊരു പ്രയോജനമെന്ന അപഹാസ്യമായ വാദമാണ് ഗവൺമെന്റിനുവേണ്ടി അദ്ദേഹത്തിന് മുന്നോട്ടുവയ്ക്കാനുള്ളത്. അതാണ് പ്രശ്നമെങ്കിൽ ഹയർ സെക്കണ്ട റിക്കുവേണ്ടി ഒരു ഓഫീസ് സംവിധാനം അനുവദിച്ചാൽ പോരേ? ഈ സിസ്റ്റത്തെ മുഴുവൻ ഈ നിലയിൽ അട്ടിമറിക്കണമോ? ഇവിടെ ദേശീയതലത്തിൽ ഒരു നാഷണൽ എഡ്യൂക്കേഷൻ പോളിസി രൂപീകൃതമാകുകയാണ്. അതിന്റെ കരട് രൂപം പുറത്തുവന്നുകഴിഞ്ഞു. അതുമായി ബന്ധപ്പെട്ട് ഇന്ന് ഞാനടക്കമുള്ള ആളുകൾ ഒരു ചോദ്യം ചോദിച്ചപ്പോൾ ബഹുമാന്യനായ മന്ത്രിയുടെ രേഖാമൂലമുള്ള മറുപടി 'ദേശീയ വിദ്യാഭ്യാസ നയം 2019-ന്റെ കരട് മാത്രമാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്, അന്തിമനയം രൂപീകരിച്ചശേഷം വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ സംസ്ഥാനത്ത് നടപ്പാക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുക യുള്ളൂവെന്നാണ്.' സംസ്ഥാനങ്ങളുടെയടക്കം അഭിപ്രായങ്ങൾ അറിയിക്കാൻ വേണ്ടിയാണ് ഡ്രാഫ്റ്റ് ദേശീയതലത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ളത്. ശ്രീ. നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കൊണ്ടുവരുന്ന നയത്തിൽ എതിർക്കപ്പെടേണ്ടതായ ഒരുപാട് കാര്യങ്ങളുണ്ട്. ഡ്രാഫ്റ്റ് പുറത്തുവന്നപ്പോൾ വലിയ രീതിയിലുള്ള വിമർശനങ്ങൾ അതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുണ്ട്. അതിൽ ഏതെല്ലാം കാര്യങ്ങളാണ് നമ്മൾ എതിർക്കേണ്ടതെന്നും ഏതൊക്കെ നമുക്ക് സ്വീകരിക്കാൻ സാധിക്കുമെന്നുമുള്ള നിലയിൽ അക്കാഡമിക് മേഖലയിൽ ഒരു ചർച്ച സംഘടിപ്പിക്കാനുള്ള സമയം ഇതാണ്. ഈ സമയം നമ്മൾ നഷ്ടപ്പെടു ത്തിയാൽ അന്തിമനയം പുറത്തുവരുമ്പോൾ അതിൽ നമുക്ക് ഇടപെടാനുള്ള സാദ്ധ്യത വളരെ കുറവായിരിക്കും. പക്ഷെ ഈ ഗവൺമെന്റ് അതിനെക്കുറിച്ച് ആലോചിക്കുന്നതുപോലുമില്ല എന്നുള്ളതാണ് അദ്ദേഹത്തിന്റെ രേഖാമൂലമുള്ള മറുപടിയിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചത്. യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ് വിദ്യാഭ്യാസ അവകാശ നിയമം കടന്നുവന്നത്. 6 മുതൽ 14 വയസ്സുവരെയായിരുന്നു വിദ്യാഭ്യാസ അവകാശ നിയമം. പക്ഷെ ഇപ്പോഴത് 3 മുതൽ 18 വയസ്സുവരെയാക്കി മാറ്റുകയാണ്. പുതിയ നയത്തിന്റെ ഡ്രാഫ്റ്റ്

പരിശോധിക്കുമ്പോൾ Early childhood care and education എന്നുപറയുന്ന പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ വലിയ പ്രാധാന്യത്തോടുകൂടിയാണ് നോക്കിക്കാണാൻ നമുക്ക് സാധിക്കുന്നത്. അതിന്റെ ഭാഗമായി നിലവിലുള്ള സ്ട്രക്ചറിനെ മുഴുവൻ പൊളിച്ചെഴുതാനാണ് ആ നയത്തിലും സൂചനയുള്ളത്. ആദ്യത്തെ 5 വർഷം - 3 വയസ്സുമുതൽ (മൂന്ന് വർഷം) പ്രീ-പ്രൈമറി. 1, 2 ക്ലാസ്സുകൾ ഫൗണ്ടേഷൻ സ്റ്റേജായി കാണുന്നു. 3, 4, 5 ക്ലാസ്സുകൾ പ്രിപ്പറേറ്ററി സ്റ്റേജായി രണ്ടാംഘട്ടം വരുന്നു. 6, 7, 8 മിഡിൽ സ്റ്റേജായി വരുന്നു. 9, 10, 11, 12 സെക്കണ്ടറി സ്റ്റേജായി വരുന്നു. ഇപ്പോൾ ഖാദർ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നമ്മൾ മാറ്റം വരുത്തിയാൽ പുതിയ ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കുമ്പോൾ അതിന്റെ അടിസ്ഥാനത്തിൽ ഇത് വീണ്ടും മാറ്റേണ്ടതായി വരും. അത് പുതിയ പ്രശ്നങ്ങളിലേക്ക് പോകും. അത്തരത്തിലുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ടുകൊണ്ട് എന്ത് ചെയ്യാൻ സാധിക്കുമെന്ന് ഗവൺമെന്റ് ഇപ്പോഴേ ആലോചിച്ചുതുടങ്ങണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഗവേഷണ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകണമെന്നുള്ളത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഇന്ത്യ ഗവേഷണ മേഖലയിൽ വളരെ കുറച്ച് തുക മാത്രമേ ഇപ്പോഴും ചെലവഴിക്കുന്നുള്ളൂ. ജി.ഡി.പി.-യുടെ 0.7% മാത്രമാണ് ഇന്ത്യ ഗവേഷണത്തിനുവേണ്ടി ഇപ്പോൾ നീക്കിവയ്ക്കുന്നത്. അതേസമയം ചൈന 2.1 ശതമാനവും അമേരിക്ക 2.8 ശതമാനവും ഇസ്രായേൽ 4.3 ശതമാനവും ഗവേഷണത്തിനുവേണ്ടി നീക്കിവയ്ക്കുകയാണ്. ഒരു ലക്ഷം ജനങ്ങൾക്ക് എത്ര റിസർച്ചേഴ്സുണ്ട് എന്നുള്ളതിന് കണക്കുണ്ട്. ഇന്ത്യയിൽ ഒരു ലക്ഷം പോപ്പുലേഷന് ഗവേഷകരായിട്ടുള്ളത് വെറും 15 പേരാണ്. ചൈന, യു.എസ്.എ., ഇസ്രായേൽ എന്നീ രാജ്യങ്ങളിൽ ഒരു ലക്ഷത്തിൽ യഥാക്രമം 111, 423, 825 എന്ന രീതിയിൽ ആളുകൾ ഗവേഷകരായി പ്രവർത്തിക്കുകയാണ്. ഇന്ത്യയിൽ ഒരു വർഷം 45000-ത്തോളം ആപ്ലിക്കേഷനാണ് പേറ്റന്റിനായി നൽകപ്പെടുന്നതെങ്കിൽ ചൈനയിൽ അത് 13 ലക്ഷത്തിനപ്പുറമാണ്. അമേരിക്കയിൽ അത് ആറ് ലക്ഷത്തിൽപ്പുറമാണ്. ഇങ്ങനെയുള്ള മേഖലയിൽ കേരളത്തിന് ദേശീയതലത്തിൽ ഏത് രീതിയിൽ മുൻകയ്യെടുക്കാൻ സാധിക്കും? പല കാര്യങ്ങളിലും ഒന്നാം സ്ഥാനത്താണെന്ന് അവകാശപ്പെടുന്ന കേരളത്തിന് ഗവേഷണത്തിന്റെ ഹബ്ബായി മാറാനുള്ള എല്ലാ സാദ്ധ്യതയുമുണ്ട്. തദ്ദേശീയമായി ഗവേഷണത്തെ പ്രോൽസാഹിപ്പിക്കാൻ സാധിക്കും. വിദേശ സർവ്വകലാശാലകളിൽ നിന്നുപോലും വിദ്യാർത്ഥികളെ ആകർഷിച്ചു കൊണ്ട് കേരളത്തെ ഒരു എഡ്യൂക്കേഷൻ ഹബ്ബാക്കി മാറ്റാൻ എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് നമ്മൾ ചിന്തിക്കേണ്ടതുണ്ട്. നാഷണൽ എഡ്യൂക്കേഷൻ പോളിസിയിൽ വൊക്കേഷണൽ എഡ്യൂക്കേഷന് വലിയ പ്രാധാന്യം

നൽകുകയാണ്. നിലവിൽ ജനസംഖ്യയുടെ 5 ശതമാനമാളുകൾക്ക് മാത്രമാണ് വൊക്കേഷണൽ എഡ്യൂക്കേഷൻ ലഭിക്കുന്നത്. യു.എസ്.എ.-യിൽ അത് 52 ശതമാനവും ജർമ്മനിയിൽ 75 ശതമാനവുമാണ്. സൗത്ത് കൊറിയയിൽ 96 ശതമാനത്തിനും ഏതെങ്കിലും തരത്തിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ലഭിക്കുന്നുവെന്നാണ് കണക്ക്. ഇത് മെച്ചപ്പെടുത്തുന്നതിനുവേണ്ടിയാണ് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഭാവനാ സമ്പന്നമായ ഒരു പദ്ധതി ആവിഷ്ക്കരിച്ചത്. അസാപ്-ന്റെ ആഭിമുഖ്യത്തിൽ സ്കിൽ പാർക്കുകൾ ആരംഭിച്ചു. അതിൽ ഒരെണ്ണം എന്റെ മണ്ഡലത്തിലാണ്. ഞാൻ ഈ വിഷയം നേരത്തെയും സഭയിൽ ഉന്നയിച്ചതാണ്. അതിന്റെ ഉദ്ദേശലക്ഷ്യങ്ങളെ പൂർണ്ണമായും പരാജയപ്പെടുത്തുന്ന തരത്തിലാണ് ഇപ്പോൾ അത് മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ഇത് ആരംഭിച്ചിട്ട് കഴിഞ്ഞ അഞ്ചാറ് മാസങ്ങൾ മാത്രമേ ആയിട്ടുള്ളൂ. അവിടെ സാധാരണഗതിയിലുള്ള കോഴ്സുകളാണ് ഇപ്പോൾ നടക്കുന്നത്. ഭാവിയിൽ കേരളത്തിന് മുന്നോട്ടുപോകണമെങ്കിൽ അതിനനുസൃതമായ പുത്തൻ തലമുറ കോഴ്സുകളും നൈപുണ്യ പരിശീലന സാദ്ധ്യതകളും ഉപയോഗപ്പെടുത്താൻ സാധിക്കണം. ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട ഒരു കോഴ്സും അസാപ് നടത്തുന്നില്ല, കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളിൽ നടത്തുന്നില്ല. മെഷീൻ ലേണിംഗ്സുമായോ റൊബോട്ടിക്സുമായോ ബിഗ് ഡാറ്റാ കമ്പ്യൂട്ടിംഗുമായോ ബന്ധപ്പെട്ട ഒരു കോഴ്സും നടത്തുന്നില്ല. അവർ നടത്തുന്നത് ജ്വല്ലറി മേക്കിംഗുമായി ബന്ധപ്പെട്ട കോഴ്സുകളും ബാങ്കിംഗുമായി ബന്ധപ്പെട്ട ചില ഫിനാൻഷ്യൽ കോഴ്സുകളുമാണ്. ഇതിനപ്പുറത്തുള്ള ഭാവനാ സമ്പന്നത ഇക്കാര്യത്തിൽ സർക്കാരിന് ഉണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം ഈ ഗവൺമെന്റിന്റെ വലിയൊരു യജ്ഞമാണ്. നിങ്ങളൊക്കെ പ്രസംഗിക്കാൻ പോകുന്നത് അതിനെക്കുറിച്ച് മാത്രമായിരിക്കും. ഇക്കാര്യത്തിൽ ബോധപൂർവ്വമുള്ള രാഷ്ട്രീയ പ്രചരണം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാൻ ആഗ്രഹിക്കുന്ന ഒരാളാണ്. വ്യക്തിപരമായും ജനപ്രതിനിധിയെന്ന നിലയിലും കഴിഞ്ഞ വർഷങ്ങളിലൊക്കെ അതിനുവേണ്ടി ഇടപെടാൻ കിട്ടിയ അവസരങ്ങളൊക്കെ പ്രയോജനപ്പെടുത്തിയ ആളാണ് ഞാൻ. കേരളത്തിൽ പൊതുവിദ്യാഭ്യാസം മെച്ചപ്പെടുന്നുണ്ട്. പക്ഷെ, അത് ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള മൂന്ന് വർഷത്തെ അനുഭവമാണോ? ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള കണക്കുകൾ നിങ്ങൾ പറയണം. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി കേരളത്തിലെ സ്കൂളുകളിലെ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിൽ എന്താണ് നടന്നിട്ടുള്ളത്? കിഫ്ബി വഴിയുള്ള

പ്രഖ്യാപനങ്ങളൊക്കെ പ്രഖ്യാപനങ്ങളായി നിൽക്കുകയല്ലേ? 140 നിയോജക മണ്ഡലങ്ങളിൽ ഇന്റർനാഷണൽ നിലവാരത്തിലുള്ള സ്കൂളുകൾ പ്രഖ്യാപിച്ചു. ഈ ഗവൺമെന്റ് മൂന്ന് വർഷം പൂർത്തീകരിച്ച് നാലാം വർഷത്തിലേയ്ക്ക് കടക്കുമ്പോൾ എത്ര നിയോജകമണ്ഡലങ്ങളിൽ ആ 5 കോടി രൂപയുടെ സ്കൂളുകൾ നിർമ്മിച്ച് ഉദ്ഘാടനം നടത്തി? നാലോ അഞ്ചോ മണ്ഡലങ്ങളിൽ മാത്രമാണ് നടത്തിയത്. 5 കോടി രൂപയുടെ പ്രഖ്യാപനമാണ്. പലതും ടെണ്ടറിലേയ്ക്കുപോലും പോയിട്ടില്ല. ഇന്ന് കേരളത്തിലെ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് എം.എൽ.എ.-മാർക്ക് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഓരോ വർഷവും നൽകിയ 5 കോടി രൂപയുടെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ളതാണ്. ആ പദ്ധതികളാണ് ഉദ്ഘാടനം ചെയ്ത് മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായാണ് അടിസ്ഥാന സൗകര്യം വർദ്ധിച്ചിട്ടുള്ളത്. ഈ പൊതുവിദ്യാഭ്യാസ സംരക്ഷണത്തെ അട്ടിമറിക്കുന്ന സമീപനമാണ് സി.പി.ഐ.(എം)-ന്റെ പല ഗ്രാമപഞ്ചായത്തുകളും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. എന്റെ മണ്ഡലത്തിലെ ഒരു അനുഭവം സബ്മിഷനായി ഇവിടെ അവതരിപ്പിച്ചതാണ്. വി.കെ. കടവ് ജി.എം.എൽ.പി. സ്കൂൾ വാടകപോലും കൊടുക്കാനില്ലാതെ ഇടിഞ്ഞുപൊളിഞ്ഞ കെട്ടിടത്തിൽ പ്രവർത്തിക്കുകയാണ്. അതിനുവേണ്ടി ഒരു ബദൽ സംവിധാനമുണ്ടാക്കണമെന്ന പഞ്ചായത്തിന്റെ അഭ്യർത്ഥനപ്രകാരം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ഒന്നേകാൽ കോടി രൂപ അനുവദിച്ച് കെട്ടിടം നിർമ്മിക്കാൻ പോയപ്പോൾ അവിടെ കെട്ടിടം നിർമ്മിക്കാൻ പറ്റില്ലെന്നാണ് പഞ്ചായത്തിന്റെ പുതിയ ഭരണസമിതി പറയുന്നത്. അതേ പഞ്ചായത്തിൽ ഏക്കറുകണക്കിന് പാടം നികത്തി ബിവറേജിന്റെ ഷോപ്പും സ്വകാര്യ മുതലാളിമാരുടെ ടാർ മിക്സിംഗ് പ്ലാന്റും വരുന്നു. ഇതൊക്കെ പാടം നികത്തിയാണ് ചെയ്യുന്നത്. അതിനൊക്കെ പഞ്ചായത്ത് സപ്പോർട്ടാണ്. പക്ഷെ, പാവപ്പെട്ടവരുടെ മക്കൾ പഠിക്കുന്ന ഒരു ഗവൺമെന്റ് സ്കൂളിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി 20 സെന്റ് നെൽവയൽ നികത്തണമെന്ന് പറയുമ്പോൾ വലിയ പരിസ്ഥിതി പ്രേമം പറയുകയാണ്. ഈ നിലയിലുള്ള രാഷ്ട്രീയ വിരോധമാണ് ഓരോ സ്ഥലത്തും പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെ അട്ടിമറിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. 20 സെന്റ് നെൽവയൽ ഒരു സർക്കാർ സ്കൂളിനുവേണ്ടി നികത്താൻ അനുവദിക്കാത്ത ഈ ഗവൺമെന്റിന്റെ നേതൃത്വത്തിലാണ് തിരൂരിലെ മലയാളം സർവ്വകലാശാലയ്ക്കു വേണ്ടി ഏക്കറുകണക്കിന് തണ്ണീർത്തടം നികത്തി പുതിയ കെട്ടിടമുണ്ടാക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുന്നത്. ഇക്കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് ദുരൂഹമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നതെന്ന കാര്യം

പറയാതിരിക്കാൻ നിർവ്വാഹമില്ല. ഞാൻ ഈ ഘട്ടത്തിൽ ഒരു അഴിമതി ആരോപണത്തിന്റെ രൂപത്തിൽ അത് മുന്നോട്ടുവയ്ക്കുന്നില്ല. പക്ഷേ ഇതുമായി ബന്ധപ്പെട്ട് കൂടുതൽ വിവരങ്ങൾ പുറത്തുവരികതന്നെ ചെയ്യുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. വെറും അയ്യായിരവും പതിനായിരവും രൂപ മാത്രം വിലയുള്ള ഭൂമിയാണ് 1,60,000 രൂപ സെന്റിന് നൽകി ഈ സർക്കാർ ഏറ്റെടുക്കുന്നത്. 5.76 ഹെക്ടർ ഭൂമിയാണ് ഏറ്റെടുക്കാൻ ആദ്യം ഉദ്ദേശിച്ചിരുന്നത്. അതിൽ കണ്ടൽക്കാടുകളുണ്ട്. ബാക്കിയുള്ള ഭാഗം അരയ്ക്കൊപ്പം വെള്ളം കയറുന്ന പാടമാണ്, തണ്ണീർത്തടമാണ്. ആ സ്ഥലത്തെ സംബന്ധിച്ച് വലിയ വിവാദം ഉയർന്നപ്പോൾ കണ്ടൽക്കാടുകളെ മാത്രം ഒഴിവാക്കി 4.45 ഹെക്ടർ ഭൂമി ഏറ്റെടുക്കാനും ഏകദേശം 10 പേരിൽ നിന്നായി 11 ഏക്കറിൽപ്പരം ഭൂമി ഏറ്റെടുക്കാനും തീരുമാനിച്ചു. ആ 10 പേർ ആരൊക്കെയാണെന്നുള്ളത് ഒരുപാട് ചർച്ച ചെയ്യാനുള്ളതാണ്. എൽ.ഡി.എഫ്.-ന്റെ നിയമസഭാ സ്ഥാനാർത്ഥികൾ അടക്കമുള്ള ഉന്നത നേതാക്കന്മാരുടെ സ്ഥാപിത താല്പര്യപ്രകാരം അവരുടെ ബന്ധുക്കളുടെ ഭൂമിയാണ് ഇത്രയും വലിയ വില കൊടുത്ത് ഈ ഗവൺമെന്റ് ഏറ്റെടുക്കുന്നത്. 3-6-2019-ന് ജി.ഒ.(ആർ.ടി.) നമ്പർ 892/2019/ഉ.വി.വ. എന്ന നമ്പരിൽ ഒരു ഗവൺമെന്റ് ഉത്തരവ് പുറത്തിറങ്ങി. ബഹുമാന്യനായ ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീലിന്റെ വകുപ്പിൽനിന്നും ഇറങ്ങിയ ഉത്തരവാണ്. അദ്ദേഹത്തിന്റെ ഓഫീസിന്റെ നേരിട്ടുള്ള ഇടപെടലും പ്രത്യേക നിർബന്ധവും പ്രകാരവുമാണ് ആ ഉത്തരവ് പുറത്തിറങ്ങിയിട്ടുള്ളതെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. 17,65,00,000 രൂപയ്ക്ക് ഈ ഭൂമി ഏറ്റെടുക്കാൻ തീരുമാനിച്ചുകൊണ്ടുള്ള ഉത്തരവാണത്. സുപ്രീംകോടതിയിൽ കേസ് നിലനിൽക്കുകയാണ്. ജൂലൈ 2-ന് ആ കേസ് സുപ്രീംകോടതി ലിസ്റ്റ് ചെയ്തിരിക്കുകയാണ്. ആ കേസ് നടക്കുന്നതിന്റെ മുന്നോടിയായി ഇതുമായി ബന്ധപ്പെട്ട് നിരവധി ആളുകൾ, സി.പി.ഐ.(എം)-ന്റെ അനുഭാവികളും ബുക്കാസിയുടെ നേതാക്കന്മാരടക്കമുള്ളവരും ചാൻസലർ എന്ന നിലയ്ക്ക് ഗവർണർക്ക് ഉൾപ്പെടെ നൽകിയ പരാതിയിന്മേലുള്ള അന്വേഷണ റിപ്പോർട്ട് ഗവർണർ തേടിയിരിക്കുന്ന സാഹചര്യത്തിൽ വളരെ തിടുക്കപ്പെട്ട് മേൽപ്പറഞ്ഞ ഉത്തരവുപ്രകാരം 9 കോടി രൂപ സ്ഥലമുടമകൾക്ക് അടിയന്തരമായി കൊടുക്കാനുള്ള നീക്കം ബഹുമാന്യനായ മന്ത്രിയുടെ താല്പര്യപ്രകാരം ആ വകുപ്പിൽനിന്നും ഉത്തരവായി ഇറങ്ങിക്കഴിഞ്ഞിരിക്കുന്നു. ഒരു കമ്മിറ്റ്മെന്റ് ഉണ്ടാക്കുകയാണ്. സുപ്രീംകോടതി കേസ് വിളിച്ച് ഈ സ്ഥലം അനുയോജ്യമല്ല, മറ്റ് സ്ഥലം കണ്ടെത്തണമെന്ന് പറഞ്ഞാലും സ്ഥലമുടമകൾക്കുമേൽ ഒരു ബാദ്ധ്യത ഗവൺമെന്റ് ക്രിയേറ്റ് ചെയ്യുകയാണ്. എന്തിനാണ് ഈ തിടുക്കം?

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. വി. ടി. ബൽറാം:</u> ഞാൻ അവസാനിപ്പിക്കുകയാണ്. ഇക്കാര്യത്തിൽ ഗവൺമെന്റിന് സുതാര്യമായി പ്രവർത്തിക്കാനുള്ള ബാദ്ധ്യതയുണ്ട്. മാധ്യമങ്ങളൊക്കെ വലിയ രീതിയിൽ വാർത്തകൾ പുറത്തുകൊണ്ടുവരികയാണ്, സമരങ്ങൾ നടക്കുകയാണ്. സമരങ്ങളും സുപ്രീംകോടതിയിലെ കേസും ബഹുമാന്യനായ ചാൻസലറുടെ ഇടപെടലും നിലനിൽക്കേ വളരെ അടിയന്തരമായി തുക അനുവദിക്കാനുള്ള നീക്കത്തിൽ നിന്ന് പിന്മാറണം, ആ സർക്കാർ ഉത്തരവ് പിൻവലിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്. വലിയ അഴിമതി നടക്കാനുള്ള സാദ്ധ്യത ഇതിൽ ഞങ്ങൾ കാണുന്നുണ്ട്. ഇക്കാര്യത്തിൽ ശുദ്ധത വരുത്തേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ടെന്ന് ഒരിക്കൽക്കൂടി പറഞ്ഞുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

<u>ശ്രീ. എൽദോ എബ്രഹാം:</u> സർ, 2019-20 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ വിദ്യാഭ്യാസം, സ്പോർട്സ്, കല, സംസ്കാരം എന്നീ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്.

സമാനതകളില്ലാത്ത നേട്ടങ്ങളാണ് കേരളത്തിന്റെ കലാ-കായിക രംഗങ്ങളിലും വിദ്യാഭ്യാസ മേഖലയിലും ഉണ്ടായിട്ടുള്ളതെന്ന് കേരളത്തിലെ നിഷ്പക്ഷരായ മുഴുവൻ ജനങ്ങളും രാഷ്ട്രീയത്തിനതീതമായി അംഗീകരിക്കുന്ന വസ്തുതയാണ്. നമ്മുടെ കായിക മേഖലയിൽ കഴിഞ്ഞ മൂന്ന് വർഷക്കാലത്തിനിടയിലുണ്ടായിട്ടുള്ള നേട്ടങ്ങൾ വളരെ വലുതാണെന്ന് കാണാൻ കഴിയും. കായിക-വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾ പരസ്പരം ബന്ധപ്പെട്ടവയാണ്. കായിക മേഖലയ്ക്ക് നൽകിയ പ്രാധാന്യത്തിലൂടെ ആരോഗ്യ സമ്പന്നമായ ഒരു കാലം സൃഷ്ടിച്ചുകൊണ്ടാണ് ലോകത്തെ പല രാജ്യങ്ങളും മുന്നേറിയതെന്ന് മനസ്സിലാക്കാൻ കഴിയും. നമ്മുടെ കൊച്ചു കേരളം കായിക മേഖലയിൽ നേടിയ നേട്ടങ്ങൾ വളരെ വലുതാണ്. 14 ജില്ലകളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയം നിർമ്മിക്കാനുള്ള നടപടി, കിഫ്ബി വഴി അംഗീകാരം നൽകിയ 37 പദ്ധതികൾ, എല്ലാ ജില്ലകളിലും സിന്തറ്റിക് ട്രാക്ക്, പി.എസ്.സി. വഴി കായികതാരങ്ങൾക്ക് ഒരു ശതമാനം ജോലി സംവരണം, 248 താരങ്ങൾക്ക് ജോലി നൽകാനുള്ള നടപടി വേഗതയിലാക്കിയത്, സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിൽ 1000 യുവാ ക്ലബ്ബുകൾ തുടങ്ങി അതുവഴി പി.എസ്.സി. പരിശീലനവും കായിക പരിശീലനവുമുൾപ്പെടെനൽകുന്നത് ഇതെല്ലാം ഈ മേഖലയിലുള്ള സർക്കാരിന്റെ ശ്രദ്ധയാണെന്ന് ഒറ്റനോട്ടത്തിൽ നമുക്ക് മനസ്സിലാകും. അതുപോലെതന്നെ എല്ലാ പഞ്ചായത്തു കളിലും കുറഞ്ഞത് 200 മീറ്ററെങ്കിലും വലിപ്പമുള്ള ട്രാക്ക് നിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടായിരിക്കുകയാണ്. എന്റെ മണ്ഡലമായ മൂവാറ്റുപുഴയിൽ പി. പി. എസ്തോസ് സ്മാരക മുനിസിപ്പൽ സ്റ്റേഡിയത്തിന് ഈ അടുത്ത ദിവസമാണ്

32,50,00,000 രൂപ അനുവദിച്ചത്. ബഹുമാനപ്പെട്ട മന്ത്രിയെ ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. കായികമേഖലയിൽ 'സമ്പത്തല്ല ആരോഗ്യമാണ് വലുത് എന്ന കാപ്ഷൻ ഉയർത്തേണ്ടതാണ്. ഇന്ന് മലയാളികൾ പുലർച്ചെ ലാബുകളിലേയ്ക്കും ആശുപത്രികളിലേയ്ക്കുമൊക്കെ പോകുകയാണ്. ലാബുകളിലേയ്ക്ക് പരിശോധനകൾക്ക് പോകുന്നതിനുപകരം ഗ്രൗണ്ടുകളിലേയ്ക്ക് വ്യായാമത്തിന് പോകാൻ പറ്റുന്ന തരത്തിലുള്ള ഒരു അവബോധം, ബോധവൽക്കരണം വിദ്യാർത്ഥികളിൽ ഉൾപ്പെടെ സൃഷ്ടിക്കാൻ കഴിയുന്ന തരത്തിലുള്ള കാമ്പയിൻ വളർത്തിയെടുക്കേണ്ടതുണ്ട്.

2.00 P.M.]

പലപ്പോഴും നാം ദേശീയ അത്‌ലറ്റിക് മീറ്റുകളിലും ഏഷ്യൻ അത്‌ലറ്റിക് മീറ്റുകളിലും വലിയ നേട്ടങ്ങൾ കൈവരിക്കുന്നുണ്ട്. എന്നാൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒളിമ്പിക്സ് പോലുള്ള മത്സരങ്ങളിലേയ്ക്ക് പോകുമ്പോൾ അത്‌ലറ്റിക് വിഭാഗത്തിൽ ഒരു മെഡൽ കരസ്ഥമാക്കുകയെന്നത് ഒരു സ്വപ്നമായി ഇപ്പോഴും അവശേഷിക്കുകയാണ്. ആ സ്വപ്നം യാഥാർത്ഥ്യമാക്കാൻ 'ഓപ്പറേഷൻ ഒളിമ്പ്യ' എന്ന പദ്ധതി, സ്പോർട്സ് വകുപ്പ് മുൻകയ്യെടുത്ത് ഇന്ന് കേരളത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. നിർദ്ദേശമായി ചില കാര്യങ്ങൾ സൂചിപ്പി ക്കാനുള്ളത്, പലപ്പോഴും ഒന്നാം ക്ലാസ്സുമുതൽ പത്താം ക്ലാസ്സുവരെ ഒരു സ്പോർട്സ് താരം ഒരിടത്ത് പ്രാക്ടീസ് ചെയ്തിട്ട് പ്ലസ് ടു-വിന് പഠിക്കുമ്പോൾ മറ്റൊരിടത്തും ഡിഗ്രിക്ക് പഠിക്കുമ്പോൾ വേറൊരിടത്തുമുള്ള കോച്ചിന്റെ പരിശീലനം ലഭ്യമാകുകയാണ്. പി.ജി.-ക്ക് പോകുമ്പോൾ മറ്റൊരു കോച്ചിന്റെ പരിശീലനമാണ് ലഭിക്കുന്നത്. അപ്പോൾ കായിക താരങ്ങൾക്ക് ഒരു തുടർച്ചയുണ്ടാകാൻ, യഥാർത്ഥത്തിൽ പ്രൈമറിതലം മുതൽ ഉന്നത വിദ്യാഭ്യാസതലം വരെ പഠിക്കുന്ന കായിക താരങ്ങൾക്ക് ഒരു കുടക്കീഴിൽ ഇതിനെ എത്തിക്കുന്നതിനുള്ള ഇടപെടലുകൾ തീർച്ചയായും ഉണ്ടാകണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുകയാണ്. അതുപോലെ സർക്കാർ അംഗീകൃത സ്ഥലങ്ങളിൽ കോച്ചിംഗിന് പോകുന്ന കായിക താരങ്ങൾക്ക് ബസ്സുകളിൽ കൺസെഷൻ നൽകുന്നതിന് പ്രത്യേകാനുമതി നൽകണമെന്ന് ഈ അവസരത്തിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

കായികതാരങ്ങളുടെ ഹോസ്റ്റലുകളിൽ പോഷകാഹാരം നൽകുന്നത് നല്ല കാര്യം തന്നെയാണ്. പക്ഷെ ഒരു സ്പെഷ്യൽ പോഷകാഹാര പദ്ധതി സ്പോർട്സ് മേഖലയിലുള്ളവർക്കുവേണ്ടി ഉണ്ടാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്. അതോടൊപ്പം പി. ടി. ഉഷയും കെ. എം. ബീനാമോളും ബിനുമോനും എം. ഡി. വത്സമ്മയും സിനിമോൾ പൗലോസും ജിനു മറിയയും പോലുള്ള കായിക താരങ്ങളെയും ഫുട്ബോളിൽ ഐ. എം. വിജയനെയും ഹോക്കിയിൽ ശ്രീജേഷ് തുടങ്ങിയ

നിരവധി കായിക പ്രതിഭകളെയും നമ്മുടെ സംസ്ഥാനം സംഭാവന ചെയ്തിട്ടുണ്ട്. പലപ്പോഴും നഗരങ്ങൾ കേന്ദ്രീകരിച്ചുകൊണ്ടാണ് സ്പോർട്സിനെ നാം കൂടുതൽ പരിപോഷിപ്പിക്കുന്നത്. നമ്മൾ നമ്മുടെ വിദ്യാർത്ഥികളെ/കുട്ടികളെ കണ്ടെത്താൻ ഗ്രാമങ്ങളിലേയ്ക്ക് പോകണം. ഇടുക്കി ജില്ല ഏറ്റവും വലിയ ഉദാഹരണമാണ്. വെള്ളത്തൂവൽ, അടിമാലി, മൂന്നാർ തുടങ്ങിയ മേഖലകളിലും പൂഞ്ഞാർ പോലുള്ള സ്ഥലങ്ങളിലും പോയി അവിടത്തെ പ്രതിഭകളെ കണ്ടെത്താനും പരിശീലനം നൽകാനുമുള്ള സംവിധാനമുണ്ടാകണം. അതിനുവേണ്ടി ശ്രദ്ധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എൽദോ എബ്രഹാം സ്പോർട്സിലെ വളരെ പ്രസക്തമായ കാര്യങ്ങളെപ്പറ്റിയാണ് പറയുന്നത്. എന്നാൽ സ്പോർട്സ് വകുപ്പുമന്ത്രി ഇവിടെയില്ലാത്തത് ഖേദകരമായിപ്പോയി എന്നുള്ള അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, നമ്മുടെ സ്പോർട്സ് മേഖലയിൽ ഇപ്പോൾ ശ്രീമതി മേഴ്സിക്കുട്ടനും ശ്രീ. ഐ. എം. വിജയനുമൊക്കെ സ്പോർട്സ് കൗൺസിലിന്റെ തലപ്പത്തേയ്ക്ക് കടന്നുവരികയാണ്. എല്ലാ ജില്ലകളിലും ഫുട്ബോൾ ഗ്രൗണ്ടുകൾ, സ്വിമ്മിംഗ് പൂളുകൾ തുടങ്ങി വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. പി. യു. ചിത്ര, ലോംഗ്ജമ്പിൽ മികവ് പുലർത്തിയ ശ്രീശങ്കർ ഉൾപ്പെടെയുള്ളവർക്ക് സ്പെഷ്യൽ കോച്ചിംഗും ആനുകൂല്യങ്ങളും നൽകുന്നു. അതിനെയെല്ലാം ഞാൻ പിന്തുണയ്ക്കുകയാണ്. സ്പോർട്സ് മേഖലയിൽ വലിയൊരു കുതിച്ചുചാട്ടത്തിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമ്പോൾ താഴെത്തട്ടിൽ നിന്ന് സ്പോർട്സിനെ വളർത്തിക്കൊണ്ടുവരാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ അവസരത്തിൽ അഭ്യർത്ഥിക്കാനുള്ളത്.

വിദ്യാഭ്യാസ മേഖലയെ സംബന്ധിച്ച് ഇവിടെ ശ്രീ. വി. ടി. ബൽറാം പറഞ്ഞ് അവസാനിപ്പിച്ചപ്പോൾ XXXXXXX അദ്ദേഹം പറഞ്ഞത്, XXXXXXX. കേരളത്തിൽ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ തീരുമാനിച്ച സ്കൂളുകൾ നിരവധിയാണ്. അത്തരം.....

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇത് ശരിയല്ല, XXXXXXX ഒരിക്കലും പറഞ്ഞിട്ടില്ല. അത് അൺപാർലമെന്ററിയാണ്. അത് രേഖകളിൽനിന്നും നീക്കം ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: XXXXXXX അൺപാർലമെന്ററിയാണോ? പരിശോധിക്കാം.*

---

* സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ. 3494/ഇ.ബി. /നി.സെ. തീയതി 26-6-2019 ) സഭാരേഖയിൽനിന്നും നീക്കം ചെയ്തു.

ശ്രീ. എൽദോ എബ്രഹാം: സർ, വാസ്തവവിരുദ്ധമായ ഒരു കാര്യമാണ്. വിദ്യാഭ്യാസ മേഖലയിൽ വലിയ മാറ്റമാണുണ്ടായിട്ടുള്ളത്. 1957-ൽ കേരളത്തിലെ ആദ്യ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരി ദീർഘവീക്ഷണത്തോടുകൂടി തയ്യാറാക്കിയ പ്ലാറ്റ്ഫോമിൽ നിന്നുകൊണ്ടാണ് വിദ്യാഭ്യാസ മേഖല മുന്നേറിയിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. എന്റെ നിയോജകമണ്ഡലം ഉൾപ്പെടെയുള്ള കേന്ദ്രങ്ങളിൽ സർക്കാർ പ്രഖ്യാപിച്ച അഞ്ച് കോടി രൂപ ചെലവഴിച്ചുള്ള സ്കൂളുകളുടെ നിർമ്മാണം പൂർത്തിയായിവരുന്നു. 141 സ്കൂളുകൾക്ക് 5 കോടി രൂപയും 395 സ്കൂളുകൾക്ക് 3 കോടി രൂപയും 444 സ്കൂളുകൾക്ക് 1 കോടി രൂപയും അനുവദിച്ചതും 4500 ഹൈടെക് ക്ലാസ് മുറികളും 4752 സ്കൂളിൽ ഐ.ടി. അടിസ്ഥാന സൗകര്യങ്ങളും 14000 സ്കൂളുകളിൽ ബ്രോഡ്ബ്രാന്റ് ഇന്റർനെറ്റ് സൗകര്യവും എയ്ഡഡ് സ്കൂളുകൾക്ക് ചലഞ്ച് ഫണ്ട് ഏർപ്പെടുത്തിയതും ഒന്നാം ക്ലാസ് മുതൽ എട്ടാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് യൂണിഫോമും പാഠപുസ്തകവും സൗജന്യമാക്കിയതും ഉച്ചഭക്ഷണ പദ്ധതി നടപ്പാക്കിയതും വിദ്യാഭ്യാസ മേഖലയെ എത്ര ശ്രദ്ധാപൂർവ്വമാണ് സർക്കാർ കൈകാര്യം ചെയ്യുന്നുവെന്നതിന്റെ തെളിവാണ്. 2017, 2018, 2019 വർഷങ്ങളിൽ പൊതു വിദ്യാലയങ്ങളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിൽ അതിനർത്ഥം വിദ്യാഭ്യാസ മേഖലയെ ഗവൺമെന്റ് നന്നായി ശ്രദ്ധിച്ചുവെന്നതാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിരവധി മെച്ചപ്പെട്ട പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. കണ്ണൂരിൽ അന്താരാഷ്ട്ര ആയുർവ്വേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തി. എന്നാൽ നമ്മുടെ സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പലതും ഇന്ന് പ്രതിസന്ധി നേരിടുകയാണ്. കോളേജുകൾ നിർത്തുന്നു, കോഴ്സുകൾ നിർത്തുന്നു, അദ്ധ്യാപകരുടെ കുറവുണ്ടാകുന്നു. ഇത്തരത്തിൽ വിദ്യാർത്ഥികളുടെ പഠനം പാതിവഴിയിൽ മുടങ്ങുന്ന സാഹചര്യം സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിലുണ്ടാകുമ്പോൾ രക്ഷകർത്താക്കളും വിദ്യാർത്ഥികളും ആശങ്കയിലാകുന്ന വിഷയം സഗൗരവം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മൂവാറ്റുപുഴയിൽ സിവിൽ സർവ്വീസ് അക്കാദമിയുടെ ഒരു സബ്സെന്റർ പ്രവർത്തിക്കുന്നുണ്ട്. കേരളത്തിൽ പല സ്ഥലത്തും അത്തരം സെന്ററുകളുണ്ട്. ആ സബ്സെന്ററുകളിൽ റെഗുലർ ക്ലാസ്സുകൾ ഫുൾടൈം കോഴ്സ് എന്ന നിലയിലേയ്ക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി പിന്തുണച്ച് വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് അടിസ്ഥാനപരമായ മാറ്റങ്ങൾക്കുവേണ്ടി മാറിമാറി വന്ന സർക്കാരുകൾ നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രാദേശികമായ അസന്തുലിതാവസ്ഥ പരിഹരിക്കുന്ന രംഗത്ത് വിവേചനമെന്നോ തുല്യ അവസരനിഷേധമെന്നോ വിശേഷിപ്പിക്കാൻ കഴിയുംവിധം എന്റെ മണ്ഡലമടക്കം പല പ്രദേശങ്ങളിലും പ്ലസ് ടു പ്രവേശനത്തിന് വിദ്യാർത്ഥികൾക്ക് അവസരമില്ലാത്ത ഒരു സാഹചര്യമാണ്. അത് പരിഹരിക്കാത്ത ഒരു സർക്കാർ ഈ ധനാഭ്യർത്ഥനകൾ അവതരിപ്പിക്കുന്നതിൽ അർത്ഥമില്ല. ഉന്നത വിദ്യാഭ്യാസ രംഗമാണ് രണ്ടാമത്തേത്. Knowledge based economy-യെക്കുറിച്ചാണ് ലോകം സംസാരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ അടിസ്ഥാന ഘടകം, quality of education ആണ്. അങ്ങനെയാണെങ്കിൽ ടീച്ചർ എഡ്യൂക്കേഷൻ ഏറ്റവും പ്രധാനപ്പെട്ട സംഗതിയാണ്. നിർഭാഗ്യവശാൽ 2014-ൽ എൻ.സി.റ്റി.ഇ. (National Council for Teacher Education)-യുടെ റെഗുലേഷൻസ് പുതുക്കി ഒരു വർഷത്തെ ബി.എഡ്. കോഴ്സും ഒരു വർഷത്തെ എം.എഡ്. കോഴ്സും രണ്ട് വർഷമാക്കി. പെൺകുട്ടികൾ ധാരാളമായി കടന്നുവരുന്ന ആ രംഗമാകെ താറുമാറായിരിക്കുകയാണ്. എന്നുമാത്രമല്ല, എൻ.സി.റ്റി.ഇ.-യുടെ പുതിയ ഇന്റഗ്രേറ്റഡ് കോഴ്സിൽ കേരളം ഉൾപ്പെട്ടിട്ടുമില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെട്ടയുടൻ ഉന്നത വിദ്യാഭ്യാസ വകുപ്പിലും ഹയർ എഡ്യൂക്കേഷൻ കൗൺസിലിലും നിവേദനം നൽകിയിരുന്നു. യാതൊരു നടപടിയുമുണ്ടായില്ല. ബി.എഡ്ഡിനും എം.എഡ്ഡിനും പഴയതുപോലെ ഒരു വർഷംതന്നെ കോഴ്സ് സമയമായി നിശ്ചയിക്കാൻ സർക്കാർ അടിയന്തരമായി ഇടപെടണം. കൂട്ടത്തിൽ നാല് വർഷ ഇന്റഗ്രേറ്റഡ് കോഴ്സ് സമാന്തരമായി നടക്കുകയും വേണം.

എന്തിനാണ് ഈ ധനാഭ്യർത്ഥനകൾ? കേരളത്തിന്റെ ഏറ്റവും സുസമ്മതരായ സാംസ്കാരിക നായകന്മാരിൽ ഒരാളായ വൈക്കം മുഹമ്മദ് ബഷീറിന് ഉചിതമായൊരു സ്മാരകമുണ്ടാക്കണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ സ്ഥലം കണ്ടെത്തി. അമ്പത് ലക്ഷം രൂപയാണ് അതിനായി മാറ്റിവച്ചതെന്ന് തോന്നുന്നു. ശ്രീ. കെ. സി. ജോസഫ് മന്ത്രിയായിരുന്ന കാലത്ത് കമ്മിറ്റി പുനഃസംഘടിപ്പിച്ചു. പക്ഷേ ഇന്നും വൈക്കം മുഹമ്മദ് ബഷീറിന് ഒരു സ്മാരകമായിട്ടില്ല. അപ്പോൾ ആ വകുപ്പിലേയ്ക്കുള്ള ധനാഭ്യർത്ഥനയെ എന്തിനാണ് അനുകൂലിക്കേണ്ടത്? അതുകൊണ്ടുതന്നെ ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി ഞാൻ എതിർക്കുന്നു. എന്നാൽ വളരെ വിശാലമായ ഒരു ദേശീയ രാഷ്ട്രീയ ചിത്രം നമ്മുടെ മുന്നിലുണ്ട്. അത് മറക്കാൻ നമുക്ക് സാദ്ധ്യമല്ല.

രാം മനോഹർ ലോഹ്യ നമുക്ക് നൽകിയൊരു പാഠമുണ്ട്. Socialist humanism, humanist socialism. ആ അവസ്ഥയിലേയ്ക്ക് ഇന്ത്യാ രാജ്യത്തെ കൊണ്ടുപോകാൻ ഒരു രാഷ്ട്രീയ ബദൽ വളർത്തിയെടുക്കുന്നതിൽ നമ്മളെല്ലാവരും വരുത്തിയ പരാജയം ഒരു തീവ്രവലതുപക്ഷ ഗ്രൂപ്പിന് ഈ രാജ്യത്ത് മേധാവിത്വം കൊടുക്കാൻ സഹായകമാകുകയാണ്. എല്ലാവരും പ്രാസ്ഥാനികമായ ദുശ്ശാഠ്യങ്ങളുടെ വഴിയിലാണ് നിൽക്കുന്നത്. 1934-ൽ ആണെന്ന് തോന്നുന്നു, ആചാര്യ നരേന്ദ്രദേവ് വിളിച്ചുകൂട്ടിയ സോഷ്യലിസ്റ്റ് കോൺഗ്രസ്സ് പാർട്ടി യോഗത്തിൽ ഇ.എം.എസ്. പോലും പങ്കെടുത്തിരുന്നു. ആ ഇടതുപക്ഷ ചിന്ത, ഈ രാജ്യത്തിന് ഒരു ബദൽ രാഷ്ട്രീയ സംവിധാനം ഗുണകരമായി സൃഷ്ടിക്കണമായിരുന്നു. അതിൽ നാം വീഴ്ചവരുത്തിയതുകൊണ്ടാണ് ഈ തെരഞ്ഞെടുപ്പിലും ഒരു തീവ്രവലതുപക്ഷത്തിന് ഇന്ത്യയിൽ പിടിമുറുക്കാൻ സാധിച്ചത്. കഴിഞ്ഞ പതിനാറാം ലോക്സഭാ തെരഞ്ഞെടുപ്പിൽ അവർക്ക് സഭയിൽ കേവല ഭൂരിപക്ഷം കിട്ടിയപ്പോൾ എന്തായിരുന്നു അതിന് കാരണമെന്ന് പഠിക്കേണ്ടവർ, പഠിക്കാനോ നടപടികൾ സ്വീകരിക്കാനോ മുന്നോട്ടുവന്നില്ല. അതിനാവശ്യമായ ജാഗ്രതയോ കരുതലോ മുന്നൊരുക്കമോ ഒരു ഭാഗത്തുനിന്നുമുണ്ടായില്ല. കോൺഗ്രസിതര രാഷ്ട്രീയ പാർട്ടികൾ ഛിന്നഭിന്നമായി തകർന്നുകിടന്നു. യു.പി.-യിലും ബീഹാറിലും അതിനനുസൃതമായ നീക്കമുണ്ടായില്ല. അതുകൊണ്ട് മാത്രമാണ് 31 ശതമാനം വോട്ട് കിട്ടിയ സംഘ്പരിവാറിന്റെ പ്രത്യയശാസ്ത്രം അധികാരത്തിൽ വന്നത്. അതിൽനിന്ന് പാഠം ഉൾക്കൊണ്ടുകൊണ്ട് ഈ ലോക്സഭാ തെരഞ്ഞെടുപ്പിൽ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ലെന്ന നിർഭാഗ്യകരമായ രാഷ്ട്രീയ സത്യം നമുക്കൊരിക്കലും വിസ്മരിക്കാൻ സാധ്യമല്ല. ആ 31 ഇന്ന് 37 ശതമാനമായി മാറി. 31 ആയിരുന്നെങ്കിൽ 69 പേർ കേരളത്തിലേതുപോലെ രണ്ട് മുന്നണികളിലായി നിന്നിരുന്നെങ്കിൽ ഒരിക്കലും ബി.ജെ.പി. എന്ന ഈ വലതുപക്ഷ സമീപനത്തിന് മുന്നോട്ടുവരാൻ കഴിയുമായിരുന്നില്ല. നമുക്ക് എന്താണ് കരണീയമായ മാർഗ്ഗമെന്ന് ആലോചിക്കാൻ കേരളം മുൻകയ്യെടുക്കേണ്ടതുണ്ട്. ആ രംഗത്ത് നമുക്ക് ഒരുപാട് നേതൃത്വം വഹിക്കാൻ കഴിയും. ആ ജോലി ചെയ്യാൻ ഇന്നത്തെ ദേശീയ രാഷ്ട്രീയ സാഹചര്യത്തിൽ എവിടെവരെ പോകാൻ കഴിയുമെന്നറിയാൻ ബന്ധപ്പെട്ട രാഷ്ട്രീയ പാർട്ടികൾ എല്ലാം മറന്ന് മുന്നോട്ട് വരണം. ഇത് ഏതെങ്കിലുമൊരു സമൂഹത്തിന്റെ പ്രശ്നമല്ല. ആ രീതിയിലുള്ള തെറ്റിദ്ധാരണ വേണ്ട. രാജ്യത്തിന്റെ മൗലികമായ നിലനിൽപ്പുമായി ബന്ധപ്പെട്ടൊരു വിഷയമാണ് നമ്മൾ ഇവിടെ ചർച്ച ചെയ്യുന്നത്. രാജ്യത്തിന്റെ മൗലികമായ ഭാവമെന്നുപറയുന്നത് ഏകതയല്ലേ? ആ ഏകതയ്ക്കുവേണ്ടി പൊരുതുന്ന നമ്മുടെ നാട്ടിലാണ് ഇന്നലെയും ആൾക്കൂട്ട കൊലപാതകം നടന്നത്. ഈ സഭയ്ക്ക് അതിൽ വേദനയുണ്ടാകില്ലേ; ഈ രാജ്യം എങ്ങോട്ടാണ് പോകുന്നത്? ആൾക്കൂട്ട കൊലപാതകത്തിന്റെ വഴിയിലേയ്ക്ക് ഒരു

രാജ്യം മുന്നോട്ടുപോകുമ്പോൾ ഏതെങ്കിലുമൊരു ജനതയെ ഭയപ്പെടുത്തി മാറ്റിനിർത്താൻ സാധ്യമാണോ? പക്ഷേ ഇവിടെ വേണ്ടത് ഒരു ബദൽ പരിപാടിയാണ്. ആ ബദൽ പരിപാടി കൊണ്ടുവരാൻ, രാം മനോഹർ ലോഹ്യ വിഭാവനം ചെയ്തതുപോലെ ഇന്ത്യയിലെ എല്ലാ വിഭാഗം ജനങ്ങളെയും ഒന്നിപ്പിക്കാൻ കഴിയുന്ന ഒരു ബദൽ രാഷ്ട്രീയം കൊണ്ടുവരാൻ ഫലപ്രദമായ നീക്കങ്ങളുണ്ടാകാൻ ആരാണ് മുൻകയ്യെടുക്കേണ്ടതെന്ന് നമ്മളെല്ലാവരും ആലോചിക്കണം. ഇന്ത്യൻ നാഷണൽ കോൺഗ്രസിന് ഇന്ത്യയിലെ ജനങ്ങൾ അനുകൂലമായ തീരുമാന മെടുത്തു. രാജസ്ഥാനിലെയും മധ്യപ്രദേശിലെയും ഛത്തീസ്ഗഢ്ലെയും ജനങ്ങൾ പറഞ്ഞു ഞങ്ങൾ കോൺഗ്രസിനോടൊപ്പം നിൽക്കാൻ തയ്യാറാണെന്ന്. എന്നാൽ ആ ജനവിധിയുടെ ആഹ്വാനം ഉൾക്കൊള്ളാൻ നാം വിജയിച്ചില്ല. നിർഭാഗ്യവശാൽ തെരഞ്ഞെടുപ്പ് സമയത്തുപോലും ഇന്ത്യയിലെ മറ്റ് രാഷ്ട്രീയ പാർട്ടികൾ ഈ ജനവിധിയിൽ അടങ്ങിയ പാഠമെന്തെന്ന് ഉൾക്കൊള്ളാൻ മുന്നോട്ടുവന്നില്ല. അവർ കോൺഗ്രസ്സിനെ പതിവുപോലെ മാറ്റിനിർത്താൻ ശ്രമിച്ചു. രാജസ്ഥാനിലും മധ്യപ്രദേശിലും ഛത്തീസ്ഗഢിലും ജനങ്ങൾ നൽകിയ വിധി അംഗീകരിക്കാൻ മമത ബാനർജിയും മായാവതിയും അഖിലേഷ് യാദവും മറ്റ് പ്രതിപക്ഷ പാർട്ടികളും മുന്നോട്ട് വന്നിരുന്നെങ്കിൽ രാജ്യം പതനത്തിലേയ്ക്ക് പോകുമായിരുന്നില്ല. രാജസ്ഥാനിലെ കോൺഗ്രസ് മുഖ്യമന്ത്രി തന്റെ മകൻ തോറ്റതിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. ഈ രാജ്യം ചിന്തിക്കുന്നത് കോൺഗ്രസ് തോറ്റതിനെക്കുറിച്ചാണ്. കർണ്ണാടക ഭരണമുന്നണിയിലെ ഘടകകക്ഷി നേതാക്കൾ ഈ തെരഞ്ഞെടുപ്പ് പ്രചാരണ പ്രവർത്തനം നടക്കുന്ന സമയത്തുപോലും ചർച്ച ചെയ്തിരുന്നത് എന്തായിരുന്നുവെന്ന് നമ്മൾ ആലോചിക്കണം. അവരുടെ സ്ഥാനമാനങ്ങളെ ക്കുറിച്ചാണ് അവർ തർക്കിച്ചുകൊണ്ടിരുന്നത്. അതുകൊണ്ട് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന് അനുകൂലമായി വിധിയുണ്ടാക്കാൻ ജനങ്ങൾ മുന്നോട്ടുവന്ന സമയത്ത് ആ നീക്കത്തെ സഹായിക്കാൻ സഹായകമാകുംവിധം ദേശീയ രാഷ്ട്രീയത്തിൽ ചലനമുണ്ടാക്കാൻ കഴിഞ്ഞ തെരഞ്ഞെടുപ്പിലും ഈ തെരഞ്ഞെടുപ്പിലും നമുക്ക് കഴിഞ്ഞില്ല.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ദേശീയ തലത്തിൽ ബി.എസ്.പി. മാത്രമല്ല, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിപോലും പറയുകയുണ്ടായി കോൺഗ്രസുമായി no pre-pole alliance എന്ന്.

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, സി.പി.ഐ.(എം)-ന്റെ പാർട്ടി കോൺഗ്രസ് രേഖകളെല്ലാം സൂക്ഷിക്കുന്നൊരാളാണ് ഞാൻ. ആ രേഖകളിൽ കോൺഗ്രസ് തകരണം, ബി.ജെ.പി.-യെ തകർക്കണം എന്നുപറഞ്ഞിട്ട് ഇന്ന് നമ്മൾ എവിടെയെത്തി? ഇത് നേരത്തെ ചർച്ച ചെയ്തുകൊണ്ടാണ് ഞാൻ

ആവർത്തിക്കാതിരുന്നത്. യാഥാർത്ഥ്യബോധം കാണിക്കാൻ സി.പി.ഐ.(എം) കുറ്റകരമായി പിന്നോട്ടുപോയി എന്നത് ചരിത്രം വിളിച്ചുപറയുന്നുണ്ട്. സത്യത്തിൽ 31 ശതമാനമുണ്ടായിരുന്ന തീവ്ര വലതുപക്ഷം 37 ശതമാനമായി മാറുന്ന ഈ സമയത്ത് Disraeli-യുടെ ഒരുവാക്ക് പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്. അദ്ദേഹം പറഞ്ഞു, " ഒരു തളിരിലയുടെ മേനിയഴക് തലോടാൻ വരുന്ന മന്ദമാരുതനെപ്പോലെയാണ് ഫാസിസം കടന്നുവരുന്നത്. അവസാനം വൻമരങ്ങളെ അടിയോടെ പിഴുതെറിയാൻ ശേഷിയുള്ള ചുഴലിയായി ഈ മന്ദമാരുതൻ മാറും" . നെഹ്റുവിന്റെ ഇന്ത്യ, നേതാജിയുടെ ഇന്ത്യ, ടാഗോറിന്റെ ഇന്ത്യ, വിവേകാനന്ദന്റെ ഇന്ത്യ, അംബേദ്കറുടെ ഇന്ത്യ. ആ ഇന്ത്യാ രാജ്യത്താണ് ഈ തീവ്ര വലതുപക്ഷം പിടിമുറുക്കാൻ ശ്രമിക്കുന്നത്. ആ സമയത്ത് എല്ലാ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങൾക്കുമുപരിയായി ഈ രാജ്യമാണ് നമ്മുടെ അജണ്ടയെങ്കിൽ, ഈ രാജ്യത്തിന്റെ പുരോഗമനപരമായ ആശയങ്ങളാണ് നമുക്ക് പ്രധാനമെങ്കിൽ അതിനനുസൃതമായ ഒരു ദേശീയ രാഷ്ട്രീയ അഴിച്ചുപണിക്ക് നേതൃത്വം കൊടുക്കാൻ ഈ സഭയിലെ ഉത്തരവാദപ്പെട്ട രാഷ്ട്രീയ പാർട്ടികൾക്ക് കഴിയും, കഴിയണം എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. ഷംസുദ്ദീൻ]

ശ്രീ. പി. സി. ജോർജ്: സർ, നമ്മുടെ നിയമസഭയുടെ മഹത്വത്തെക്കുറിച്ച് പ്രസംഗിക്കുമ്പോൾ എനിക്കും സംശയമുണ്ട്. എത്ര നാളേയ്ക്ക് ഈ നിയമസഭതന്നെ ജനങ്ങളുടെ അംഗീകാരത്തിൽ നിലനിൽക്കുമെന്ന് സംശയമുള്ള ആളാണ് ഞാൻ. കാരണം, മറ്റൊന്നുമല്ല, നമ്മുടെ സഭയിലുള്ള വരവ് അതാണ്. ഞാൻ 10 മിനിട്ടുമുമ്പ് നോക്കിയപ്പോൾ 25 എം.എൽ.എ.-മാർ ഈ സഭയിലില്ല. സഭയോട് ഒരു ബന്ധം വേണ്ടേ; സഭയോട് ഒരു ഉത്തരവാദിത്വം വേണ്ടേ? മന്ത്രിമാർ എത്രപേരുണ്ട്? 5 വകുപ്പുകളുടെ ചർച്ച നടക്കുകയാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിപോലും ഇവിടെയില്ല.

മി. സ്പീക്കർ: അവർ ഊണ് കഴിക്കാൻ പോയതാണ്.

ശ്രീ. പി. സി. ജോർജ്: സർ, ശ്രീ. എം. എം. മണി സഖാവ് ഇവിടെയുണ്ട്. ഇരിക്കട്ടെ. മന്ത്രിമാരുടെയും എം.എൽ.എ.-മാരുടെയും വരവ് ആ നിലയിലേയ്ക്ക് മാറി. അതുകൊണ്ടാണ് ഞാനിത് പറയുന്നത്. അല്ലാതെ നിയമസഭയോട് ബഹുമാനമില്ലാത്തതുകൊണ്ടല്ല. ഏറ്റവുംകൂടുതൽ സഭയെ ബഹുമാനിക്കുന്നയാളും ഈ സഭയിലുള്ളതിൽ ഏറ്റവും സീനിയർ അംഗങ്ങളിൽപ്പെട്ട ഒരാളുമാണ് ഞാൻ. അതുകൊണ്ടുതന്നെയാണ് ഇത്തരം വർത്തമാനം പറയേണ്ടിവന്നത്. എന്നോട് ക്ഷമിക്കണം.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എനിക്ക് ഒറ്റ അഭിപ്രായ മേയുള്ളൂ. അങ്ങൊരു നല്ല മന്ത്രിയാണ്. ആർക്കും തർക്കമില്ല. ഇവിടെ ഇരിക്കുന്നവരും തർക്കിക്കുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ അങ്ങയുടെ വകുപ്പിൽ 40 അദ്ധ്യാപക സംഘടനകളുണ്ട്. ആ അദ്ധ്യാപക സംഘടനകളുടെ യോഗം കൂടണമെങ്കിൽ പുത്തരിക്കണ്ടം മൈതാനത്തുപോകേണ്ടിവരും. 40 സംഘടനകളിൽ നിന്നും 4 പേർ വീതം വന്നാൽ എത്രയാകും? അങ്ങയുടെ വകുപ്പ് ഭരിക്കുന്നത് തങ്ങളാണെന്ന് അങ്ങയുടെ പാർട്ടിയുടെ അദ്ധ്യാപക സംഘടന വരുത്തിത്തീർക്കാൻ ശ്രമിക്കുന്നുണ്ട്. മര്യാദയ്ക്ക് നിർത്തിയാൽ അങ്ങേയ്ക്ക് കൊള്ളാം. സൗകര്യമുണ്ടെങ്കിൽ ചെയ്താൽമതി, എനിക്ക് നിർബന്ധമില്ല. നിങ്ങൾ ഭരിക്കുമ്പോൾ അവരാണ് ഭരിക്കുന്നതെന്ന് വരുത്തിത്തീർത്ത് മന്ത്രിയെ നോക്കുകുത്തിയാക്കാൻ നടക്കുന്ന അദ്ധ്യാപക സംഘടനയൊന്നും നാടിന് ഗുണം ചെയ്യില്ലെന്ന് അങ്ങ് അവരോട് പറഞ്ഞ് മനസ്സിലാക്കിയാൽ നന്നായിരിക്കുമെന്നുള്ള അഭിപ്രായംകൂടി ഞാൻ രേഖപ്പെടുത്തുകയാണ്.

ഇവിടെ എനിക്ക് പറയാനുള്ള ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു കാര്യം, ഇവിടെ സ്ത്രീകൾ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്നുണ്ട് എന്നുള്ളതാണ്. സാംസ്കാരിക വകുപ്പിന്റെ ചർച്ചയായതുകൊണ്ടാണ് ഞാൻ ഇക്കാര്യം സൂചിപ്പിക്കുന്നത്. ബഹുമാനപ്പെട്ട എ. കെ. ബാലൻ മന്ത്രി ഇവിടെ ഇരിക്കുന്നുണ്ട്. എത്രയോ സ്ത്രീകൾ വേദനയോടുകൂടി എന്നോട് വന്നുപറഞ്ഞ കാര്യങ്ങൾ എന്റെ മനസ്സിൽ കിടക്കുകയാണ്. ഇതെല്ലാം പരസ്യമായി പറയാൻ കഴിയുമോ; എത്രയോ സ്ത്രീകൾ.... നിങ്ങൾ ചിരിക്കണ്ട. നിങ്ങൾ ചിരിക്കേണ്ട കാര്യമല്ലിത്. ആ സ്ത്രീകളെ സംരക്ഷിക്കാൻ സാംസ്കാരിക വകുപ്പ് ഒരു പുനരധിവാസ പദ്ധതിക്ക് തയ്യാറാകുമോ; അവർക്ക് സാമ്പത്തിക സഹായം നൽകുമോ; ക്ഷേമനിധി ഏർപ്പെടുത്തുമോ? മന്ത്രി ശ്രീ. എ. കെ. ബാലൻ മറുപടി പറയണം. അങ്ങ് നല്ലത് ചെയ്യുന്ന മന്ത്രിയായതു കൊണ്ടാണ് പറയുന്നത്. സാമൂഹ്യക്ഷേമ വകുപ്പ് അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്ന് പറയുകയാണ്.

എന്റെ നാട്ടിലെ ഒരു സ്റ്റേഡിയത്തിന്റെ കാര്യം ഇവിടെ സൂചിപ്പിച്ചു. വളരെ സുന്ദരമായി 3.50 കോടി രൂപ മുടക്കി ജി. വി. രാജയുടെ പേരിലുള്ള ഒന്നാംതരം സ്റ്റേഡിയമാണ് നിർമ്മിച്ചിരിക്കുന്നത്. സിന്തറ്റിക് ട്രാക്കും മറ്റെല്ലാ അറേഞ്ച്മെന്റുകളുമായി. അവിടെ ഒരു സ്വിമ്മിംഗ് പൂൾകൂടി വേണം. അതുംകൂടി പൂഞ്ഞാർ ജി. വി. രാജ സ്റ്റേഡിയത്തോടൊപ്പമുണ്ടാക്കാൻ ആവശ്യമായ നടപടി ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കണമെന്ന് പറഞ്ഞുകൊണ്ട് അങ്ങയോടുള്ള സ്നേഹംകൂടി പ്രകടിപ്പിക്കുന്നു. നന്ദി. നമസ്കാരം.

ശ്രീ. മാത്യു ടി. തോമസ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുന്നു. ഇന്ന് ജൂൺ 25-ാം തീയതിയാണ്, 44 കൊല്ലങ്ങൾക്കു മുൻപ് 1975 ജൂൺ മാസം 25-ാം തീയതിയാണ് ഇന്ത്യാമഹാരാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. അന്ന് ഞാൻ കേവലം 9-ാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. പിറ്റേദിവസം എന്റെ ക്ലാസ്സിൽ സാമൂഹ്യപാഠം പഠിപ്പിക്കാൻ വന്ന അധ്യാപകൻ പറഞ്ഞു പൗരാവകാശ ലംഘനമാണ് ഈ അടിയന്തരാവസ്ഥ പ്രഖ്യാപനമെന്ന്. സാമൂഹ്യപാഠം പഠിപ്പിക്കാൻ വന്ന രാഷ്ട്രീയക്കാരനല്ലാത്ത ഒരു അധ്യാപകൻ രാജ്യത്തുണ്ടായ അടിയന്തരാവസ്ഥ പ്രഖ്യാപനത്തെ പൗരാവകാശ ലംഘനമെന്ന് വിശേഷിപ്പിച്ചു കൊണ്ട് ക്ലാസ്സിൽ പറഞ്ഞതാണ് എന്നിലെ ഒരു രാഷ്ട്രീയക്കാരനെ വളർത്തിയത്. ഇതാണ് വിദ്യാഭ്യാസം. കേവലം പാഠപുസ്തകങ്ങളിൽ രേഖപ്പെടുത്തിവച്ചിട്ടുള്ള വസ്തുതകൾ വിദ്യാർത്ഥികളുടെ മസ്തിഷ്കത്തിലേക്ക് പകർത്തിക്കൊടുക്കുകയെന്ന ധർമ്മമല്ല വിദ്യാഭ്യാസം നിർവ്വഹിക്കുന്നത്. മഹത്വബോധമുള്ളവരായി വിദ്യാർത്ഥിയെ മാറ്റിയെടുക്കുകയെന്ന വലിയ പ്രക്രിയ അവിടെ ആരംഭിക്കുന്നു. ആ അടിയന്തരാവസ്ഥ കാലത്ത് എന്തെല്ലാം മനുഷ്യാവകാശ ധ്വംസനങ്ങൾ ഈ രാജ്യത്ത് നടന്നു. എന്റെ സ്കൂളിലെ അധ്യാപകനായിരുന്ന ഉമ്മൻ തലവടിയെ സ്കൂളിൽ നിന്ന് അറസ്റ്റ് ചെയ്തുകൊണ്ടുപോയി. കേരളത്തിലെ ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ദീർഘനാളുകൾ ജയിലിൽ വച്ച് കൊടും ക്രൂരതകൾക്ക് വിധേയനായി. വിദ്യുച്ഛക്തി വകുപ്പുമന്ത്രി ശ്രീ. എം. എം. മണിയെ കയ്യാമം വച്ച് നിരവധി ദിവസം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചു. രാജ്യത്തെമ്പാടും പൗരാവ കാശങ്ങൾ ലംഘിക്കപ്പെട്ട ആ അടിയന്തരാവസ്ഥയെ തിരികെ കൊണ്ടു വരുന്ന രൂപത്തിലുള്ള ചില നടപടികൾ, വിദ്യാഭ്യാസ മേഖലയിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നുവെന്ന പശ്ചാത്തലത്തിൽ നിന്നുകൊണ്ടാണ് ഇന്ന് ഈ ധനാഭ്യർത്ഥനകളെപ്പറ്റി നാം ചർച്ച നടത്തിക്കൊണ്ടിരിക്കുന്നത്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ നിരവധി വിദ്യാഭ്യാസ കമ്മീഷനുകളുണ്ടായി. ആദ്യത്തെ കമ്മീഷൻ ഡോ. എസ്. രാധാകൃഷ്ണന്റെ നേതൃത്വത്തിലാണുണ്ടായത്. യൂണിവേഴ്സിറ്റി എഡ്യൂക്കേഷൻ കമ്മീഷൻ എന്നാണ് അതിന്റെ പേര്. സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തു ന്നതടക്കമുള്ള നിർദ്ദേശങ്ങൾ അത് സമർപ്പിക്കുകയുണ്ടായി. രാജ്യതാല്പര്യത്തിനും അതിന്റെ പുരോഗതിക്കുമായി പൗരന്മാരെ വാർത്തെടുക്കുന്നതാകണം വിദ്യാഭ്യാസമെന്ന വലിയൊരു കാഴ്ചപ്പാട്, ദർശനം എന്ന് ആ കമ്മീഷൻ മുന്നോട്ടുവച്ചു. പിന്നീട് 1952-ൽ വന്ന ഡോ. ലക്ഷ്മണസ്വാമി മുതലിയാർ കമ്മീഷൻ ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായ തലമുറയെ വാർത്തെടുക്കണമെന്ന നിർദ്ദേശം വച്ചു. കോത്താരി കമ്മീഷൻ റിപ്പോർട്ട് 1960-കളിലാണ് സാമൂഹ്യസേവനം വിദ്യാഭ്യാസത്തിന്റെ ഭാഗമാകണമെന്ന് പറഞ്ഞത്. " The destiny of India is being shaped in the classrooms" എന്നും " classrooms should be a cross-section of the contemporary

society" എന്നുമുള്ള വലിയ ആശയങ്ങൾ കോത്താരി കമ്മീഷൻ മുന്നോട്ടു വച്ചതാണ്. 1986-ലാണ് New Education Policy വന്നത്. നമ്മുടെ സ്ഥാപനങ്ങളെല്ലാം മികവിന്റെ കേന്ദ്രങ്ങൾ (Centres of Excellence) ആകണം, 21-ാം നൂറ്റാണ്ടിലേക്ക് നമ്മുടെ വിദ്യാഭ്യാസ മേഖലയെ സജ്ജമാക്കണമെന്ന ആശയം വന്നത്. പിന്നീട് വന്നതാണ് Revised Programme of Action-ഉം National knowledge Commission-ഉം. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ കടക്കുന്നില്ല. ഇതിന്റെയൊക്കെ തുടർച്ചയായി ഇപ്പോൾ വന്നിരിക്കുന്ന കരട് രേഖ 'ദേശീയ വിദ്യാഭ്യാസ നയം 2019' വലിയ ആപത്തു ണ്ടാക്കുന്നതാണെന്ന തിരിച്ചറിവ് നമുക്ക് ആവശ്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം 484 പേജുള്ള ഒരു കരട് രേഖയാണ് കേന്ദ്ര ഗവൺമെന്റ് ഇപ്പോൾ പുറപ്പെടുവിച്ചിരിക്കുന്നത്. സമത്വത്തിലധിഷ്ഠിതമായ മതേതര സോഷ്യലിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന ഒരു ഭരണഘടനയുള്ള രാജ്യത്ത് അതിലെ ഒരുമൂല്യവും ഉൾക്കൊള്ളിക്കാതെ ഒരു ഭാഗത്തുപോലും ജനാധിപത്യ മെന്നോ സോഷ്യലിസ്റ്റ് രാഷ്ട്രമെന്നോ മതനിരപേക്ഷതയെന്നോ ഒരുവാക്കുപോലും ഉപയോഗിക്കാതെ ഒരു കരട് വിദ്യാഭ്യാസ രേഖ 2019-ൽ കേന്ദ്ര ഗവൺമെന്റ് പ്രസിദ്ധീകരിച്ചിരിക്കുകയാണ്. ഞാൻ അടിയന്തരാവസ്ഥയെ സംബന്ധിച്ച് സൂചിപ്പിച്ചു. അടിയന്തരാവസ്ഥക്കാലത്താണ് 42-ാം ഭരണഘടനാ ഭേദഗതി വരുന്നത്. 42-ാം ഭരണഘടനാ ഭേദഗതിയിലൂടെയാണ് സ്റ്റേറ്റ് ലിസ്റ്റിൽ പെട്ടിരുന്ന വിദ്യാഭ്യാസത്തെ കൺകറന്റ് ലിസ്റ്റിലാക്കി മാറ്റിയത്. കൺകറന്റ് തന്നെ അപ്രസക്തമാക്കുന്ന തരത്തിൽ വിദ്യാഭ്യാസ താല്പര്യങ്ങളെ പരിപൂർണ്ണമായും കേന്ദ്രത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാൻ, അവരുടെ നയങ്ങൾ അടിച്ചേൽ പ്പിക്കാനുള്ള ഒരു മേഖലയാക്കി മാറ്റാനുള്ള നടപടികളാണ് നടന്നുകൊണ്ടിരിക്കുന്നത്. ഏകാധിപത്യവത്കരണ നീക്കം വിദ്യാഭ്യാസ മേഖലയിൽ നടന്നുകൊണ്ടിരിക്കുകയാണ്. കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയവും ഉന്നത വിദ്യാഭ്യാസ രംഗത്ത് യു.ജി.സി.-യും അതിന്റെ കീഴിൽ 14 കമ്മിറ്റികളുമുള്ളപ്പോൾ അവയെ അപ്രസക്തമാക്കി പ്രധാനമന്ത്രി അദ്ധ്യക്ഷനായ 'രാഷ്ട്രീയ ശിക്ഷാ ആയോഗ്' എന്ന സമിതിക്കാണ് ഇനിമുതൽ വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണ കടിഞ്ഞാൺ എന്ന് കരട് രേഖയിൽ വിവക്ഷിക്കുന്നു. ഇതിന്റെ അർത്ഥമെന്താണ്? എല്ലാ അധികാരങ്ങളും പ്രധാനമന്ത്രിയെന്ന ഒറ്റ വ്യക്തിയിൽ നിക്ഷിപ്തമാക്കാനുള്ള ഒരു കേന്ദ്രീകരണമാണ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ 2019 കരട് രേഖ മുന്നോട്ടുവയ്ക്കുന്നത്. സ്കൂൾ കോംപ്ലക്സ് എന്ന ആശയം വിദ്യാർത്ഥികളെ നവീകരിക്കാനാണ് കോത്താരി കമ്മീഷൻ പറഞ്ഞതെങ്കിൽ ഇപ്പോഴത്തെ കരട് രേഖയിൽ ഒരു പ്രദേശത്തുള്ള വലിയ സ്കൂളുകളെ കേന്ദ്രീകരിച്ച് ചുറ്റുമുള്ള ചെറിയ സ്കൂളുകൾ പ്രവർത്തിക്കണമെന്ന് പറയുകയാണ്. അതാണ് സ്കൂൾ

കോംപ്ലക്സ്. അതിന്റെ അർത്ഥമെന്താണ്? കാലക്രമേണ ചെറിയ സ്കൂളുകൾ ഇല്ലാതാകുകയും അവ നിലനിൽക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുകയും ചെയ്യും. വലിയ സ്കൂളുകൾ എന്നുപറഞ്ഞാൽ വിദ്യാഭ്യാസ മേഖലയിൽ കോർപ്പറേറ്റ് സ്കൂളുകൾ എന്ന ആശയം കൊണ്ടുവരികയാണ്. ത്രിഭാഷാ പദ്ധതിയെപ്പറ്റി കരട് രേഖയിൽ പറയുന്നുണ്ട്. ഹിന്ദി ഉൾപ്പെടെ മൂന്ന് ഭാഷയും അതോടൊപ്പം ഒരു ശ്രേഷ്ഠഭാഷയും പഠിക്കണം. ഹിന്ദി ഉപയോഗിക്കാത്ത പ്രദേശങ്ങളിൽ അത് അടിച്ചേൽപ്പിക്കാനുള്ള ഒരു ശ്രമമാണ്. ഈ കരട് രേഖപ്രകാരം ഗവേഷണ സർവ്വകലാശാല വരികയാണ്. രാജ്യത്തെ മുഴുവൻ ഗവേഷണ സംവിധാനത്തെയും ഒരുകുടക്കീഴിൽ കൊണ്ടു വരികയാണ്. ഏത് വിഷയത്തിൽ ഗവേഷണം നടത്തണം, എങ്ങനെവേണം, അതിന് എങ്ങനെ തുക, എത്രമാത്രം തുക തുടങ്ങിയ കാര്യങ്ങൾ മുഴുവൻ ഗവേഷണ സർവ്വകലാശാലയുടെ കീഴിൽ കൊണ്ടുവരാനുള്ള ശ്രമമാണ് കരട് വിദ്യാഭ്യാസ രേഖയിലുള്ളത്. പരീക്ഷ നടത്തിപ്പ് സ്വകാര്യ വ്യക്തികൾക്ക് നൽകാൻ കരട് വിദ്യാഭ്യാസ രേഖയിൽ ലക്ഷ്യമിടുന്നു. ഇപ്പോഴത്തെ കേന്ദ്ര ഗവൺമെന്റിനെ പിന്തുണയ്ക്കുന്ന ശക്തികൾ ഉപയോഗിക്കുന്ന വാക്കുകളാണ് വിദ്യാഭ്യാസത്തിന്റെ ആത്മീയവത്കരണം, ദേശീയവത്കരണം, ഭാരതീയവത്കരണം എന്നുള്ളത്. സത്യത്തിൽ വിദ്യാഭ്യാസത്തിന്റെ വർഗ്ഗീയവത്കരണവും കോർപ്പറേറ്റ്വത്കരണവുമാണ് ഇപ്പോൾ ഈ വിദ്യാഭ്യാസ രേഖയിലൂടെ നടപ്പിലാക്കാൻ ശ്രമിക്കുന്നത്. നൂറ് വർഷംകൊണ്ട് ഇന്ത്യാ രാജ്യത്തെ ഹിന്ദു രാഷ്ട്രമാക്കി മാറ്റുമെന്ന ലക്ഷ്യത്തോടു കൂടിയാണ് 1925-ൽ ആർ.എസ്.എസ്. സ്ഥാപിക്കപ്പെട്ടത്. 2025-ഓടുകൂടി ആ ലക്ഷ്യം കൈവരിക്കാൻ ഈ രാജ്യത്തെ വിദ്യാഭ്യാസത്തെ മുഴുവൻ ഒരുക്കുന്ന ഒരു പ്രക്രിയയ്ക്ക് ലക്ഷ്യം വച്ചുകൊണ്ടുള്ള ഒരു കരട് രേഖയാണ്. ആശയപരമായ ചില പ്രശ്നങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നുണ്ട്.

ഇത് സാംസ്കാരിക വകുപ്പിന്റെകൂടി ചർച്ചയാണ്. ഈ രാജ്യത്തെ ഫാസിസ്റ്റ് ശക്തികൾക്ക് വളരാൻ, അവയ്ക്ക് വേരോട്ടമുണ്ടാക്കിയെടുക്കാൻ വേണ്ടി ഇന്ത്യയിലെ വിദ്യാഭ്യാസത്തെ പരിപൂർണ്ണമായും അവരുടെ കാൽക്കീഴിൽ അമർത്താനുള്ള ശ്രമങ്ങൾ ദേശീയ തലത്തിൽ നടന്നുകൊണ്ടിരിക്കുമ്പോൾ കേരളത്തിലെ സാംസ്കാരിക വകുപ്പിന് അതിന്റേതായ ചുമതല നിർവ്വഹിക്കാനുണ്ട്. ഒരുകാരണ വശാലും വർഗ്ഗീയ ശക്തികളുടെ, പ്രതിലോമ ശക്തികളുടെ ഈ കാര്യപരിപാടി കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിലൂടെ നടപ്പിലാക്കാൻ സമ്മതിക്കുകയില്ലെന്ന് തീരുമാനമെടുക്കാനും അതിനുവേണ്ടി പ്രതിരോധിക്കാനുമുള്ള ആർജ്ജവം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനുണ്ടെന്നുള്ള കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. കഴിഞ്ഞ മൂന്ന് വർഷക്കാലം പൊതു വിദ്യാഭ്യാസ രംഗത്ത്, ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ടായിരിക്കുന്ന വളർച്ച, എങ്ങനെയാണ് പൊതു വിദ്യാഭ്യാസം സാധാരണക്കാരുടെ ആശ്രയ

കേന്ദ്രമാക്കി മാറ്റാൻ കഴിയുന്നതെന്ന് തെളിയിച്ചുകൊടുക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിരിക്കുന്നു. കൃത്യസമയത്ത് പാഠപുസ്തകങ്ങൾ വിതരണം ചെയ്യാൻ കഴിഞ്ഞു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്രതിപക്ഷത്തിരുന്നു കൊണ്ട് അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് ഡിസംബർ മാസത്തിൽ ഞാനൊരു ചോദ്യം ചോദിച്ചു. അദ്ധ്യയന വർഷം ആരംഭിച്ചിട്ട് 6 മാസം കഴിഞ്ഞു, എന്നത്തേയ്ക്ക് പാഠപുസ്തകങ്ങൾ കൊടുക്കാൻ കഴിയും എന്നാണ് ചോദ്യം. അതിന് അദ്ദേഹം നൽകിയ മറുപടി, ഈ അദ്ധ്യയന വർഷത്തിൽ സ്കൂൾ അടയ്ക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ കൊടുക്കാമെന്നാണ്. അതിൽനിന്നും വ്യത്യസ്തമായി സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ പാഠപുസ്തകങ്ങൾ കൊടുക്കുകയും പൊതുവിദ്യാഭ്യാസ മേഖലയിൽ നിരവധി വിദ്യാർത്ഥികൾക്ക് തിരിച്ചെത്താനുള്ള അവസരമൊരുക്കുകയും ചെയ്തു, പൊതു വിദ്യാഭ്യാസത്തെ ഗൗരവമായി കാണുന്ന ഗവൺമെന്റിന്റെ ഈ ധനാഭ്യർത്ഥനയെ ഞാൻ അനുകൂലിക്കുന്നു.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, ഈ ധനാഭ്യർത്ഥനയെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്. പൊതുവിദ്യാഭ്യാസം, കായികം, സാംസ്കാരികം എന്നീ പ്രധാനപ്പെട്ട വകുപ്പുകളെ സംബന്ധിച്ച് പ്രതിപക്ഷത്തിനുപോലും കാര്യമായി വിമർശനങ്ങൾ ഉന്നയിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് പ്രത്യേകത. പ്രിയപ്പെട്ട തൃത്താല അംഗം മുഖപുസ്തകത്തിൽ നിന്ന് ഇറങ്ങിവന്ന് നമ്മുടെ നാട്ടിലെ കാര്യങ്ങൾ വിലയിരുത്തണമെന്നാണ് ഞങ്ങൾക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. അദ്ദേഹം ചോദിക്കുകയാണ്, എവിടെയാണ് പൊതുവിദ്യാഭ്യാസ രംഗത്ത് നേട്ടം എന്ന്. 2016-ൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗവൺമെന്റ് പടിയിറങ്ങി പോകുമ്പോൾ, ആ സർക്കാരിന്റെ ഏറ്റവും പ്രധാനപ്പെട്ട പാർട്ടിയുടെ മുഖപത്രമായ വീക്ഷണം ഒരു ലേഖനമെഴുതിയത് അങ്ങ് മറന്നിട്ടുണ്ടാകില്ല. ആ ലേഖനത്തിൽ കേരളത്തിന്റെ പൊതുവിദ്യാഭ്യാസ രംഗത്തെക്കുറിച്ച് വിശേഷിപ്പിച്ചത് ഈജിയൻ തൊഴുത്ത് എന്നാണ്. ആ ഈജിയൻ തൊഴുത്ത് അടിച്ചുവൃത്തിയാക്കി, കേരളത്തിന്റെ പൊതുവിദ്യാഭ്യാസത്തെ സംരക്ഷിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് വീക്ഷണം പത്രത്തിന്റെ എഡിറ്റോറിയൽ രേഖപ്പെടുത്തിയത്. അത് കുത്തഴിഞ്ഞു കിടന്നിരുന്ന ഒരു കാലമായിരുന്നു. യു.ഡി.എഫ്.-ന് അത് നിഷേധിക്കാനാകുകയില്ല. വീക്ഷണം പത്രം പൂട്ടിപ്പോയാലും ഡോക്യുമെന്റ് നമ്മുടെ ലൈബ്രറിയിലുണ്ടാകും. സ്കൂൾ അടച്ചുപൂട്ടി, ആളില്ലാ സ്കൂളുകളായി മാറി, പാഠപുസ്തകവുമായി ബന്ധപ്പെട്ട് അങ്ങനെയൊരു വിഷയമേ ഉണ്ടായിട്ടില്ലെന്നാണ് യു.ഡി.എഫ്. ഇപ്പോൾ ഇവിടെ പറയുക. ഞാനാണ് ഈ നിയമസഭയ്ക്കകത്ത് സ്കൂൾ പാഠപുസ്തകം സമയത്ത് കൊടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് അടിയന്തരപ്രമേയം കൊണ്ടുവന്നത്, ആ അടിയന്തരപ്രമേയം അവതരിപ്പിക്കാനാവശ്യമായ അനുവാദം

ഗവൺമെന്റ് നൽകിയില്ല, ഞങ്ങൾ സബ്മിഷനിലൂടെ ആ വിഷയം ഉന്നയിക്കുകയുണ്ടായി എന്നൊക്കെയാണ് പറയുന്നത്. യു.ഡി.എഫ്-ന്റെ കാലത്ത് എവിടെയാണ് പാഠപുസ്തകമെന്ന് ചോദിക്കുമ്പോൾ തെരുവുകളിൽ വിദ്യാർത്ഥികളെ തല്ലിച്ചതയ്ക്കുമായിരുന്നു. നിങ്ങളുടെ കാലത്ത് വിദ്യാഭ്യാസ മേഖല കേരളത്തിന്റെ പൂമുഖത്ത് വിൽപ്പനയ്ക്ക് വച്ചിരിക്കുന്നു എന്നൊരു ബോർഡുണ്ടായിരുന്നു.

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞാൻ കഴിഞ്ഞ സഭയിൽ അംഗമായിരുന്നു. പാഠപുസ്തകങ്ങൾ ലഭ്യമാകാത്തതിനെത്തുടർന്ന് അന്നത്തെ പ്രതിപക്ഷ നേതാവും ഈ സഭയിൽ അംഗവുമായ ശ്രീ. വി. എസ്. അച്ചുതാനന്ദൻ നിയമസഭയിൽ ഒരു സബ്മിഷൻ കൊണ്ടുവന്നു. ആ സബ്മിഷന് ഈ നിയമസഭയിൽ അംഗമായിട്ടുള്ള അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രി നൽകിയ മറുപടി അങ്ങേയ്ക്ക് ഓർമ്മയുണ്ടോ? തിരുവോണം നേരത്തേയായതുകൊണ്ടാണ് ഇത്തവണ വൈകിയതെന്ന തോന്നലുണ്ടായതെന്ന് പറഞ്ഞ് വളരെ നിരുത്തരവാദപരമായി മറുപടി പറഞ്ഞ അന്നത്തെ സമീപനം നിങ്ങൾ ഓർക്കുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, അവർ അപ്പുറത്തിരിക്കുന്നതും നമ്മൾ ഇപ്പുറത്തേയ്ക്ക് വന്നതും അതുകൊണ്ടാണല്ലോ. മാതൃഭൂമി ദിനപത്രം ഒരു എഡിറ്റോറിയൽ എഴുതിയിട്ടുണ്ട്. അത് സത്യമാണെന്ന് ബോദ്ധ്യപ്പെടുത്താൻ അവർ ചെഗുവേരയുടെ ഒരു വാചകംകൂടി രേഖപ്പെടുത്തിയിരിക്കുന്നു. അത് ഇങ്ങനെയാണ്, "സത്യാന്വേഷണത്തോടാണ് എന്റെ അഭിനിവേശം. ഏതിനെയും ഞാൻ നോക്കിക്കാണുന്നത് ആ സത്യാന്വേഷണത്തിന്റെ ഭാഗമായിട്ടാണ്." മാതൃഭൂമി എഡിറ്റോറിയലിൽ അതിനുശേഷം അവർ എഴുതുന്നു, 'പൊതു വിദ്യാലയങ്ങൾ മാറുകയാണ്, സർക്കാർ സ്കൂളുകൾ രണ്ടാംതരം പൗരന്മാരെയാണ് സൃഷ്ടിക്കുന്നതെന്ന പൊതുബോധത്തിനാണ് മാറ്റം വന്നിരിക്കുന്നത്. അടച്ചുപൂട്ടലിന്റെ വക്കിൽ നിന്നും കേരളം അതിവേഗം മുന്നേറുകയാണ്. 1.63 ലക്ഷം വിദ്യാർത്ഥികൾ പുതിയതായി പൊതു വിദ്യാലയത്തിലെത്തി. പൊതുവിദ്യാലയങ്ങൾ തിരിച്ചുപിടിക്കുക എന്ന ഇടതുപക്ഷ സർക്കാരിന്റെ നയം വിജയം കണ്ടിരിക്കുന്നു'. അതിനുശേഷം പറയുകയാണ്, 'ഏത് സ്വകാര്യ വിദ്യാലയത്തോടും കിടപിടിക്കാൻ കഴിയുന്ന നിലയിലോ അതിനുമുകളിലോ പൊതുവിദ്യാലയങ്ങൾ മാറി എന്നത് ഇടതുപക്ഷ സർക്കാരിന്റെ നിശ്ചയദാർഢ്യമാണ്. ഇത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രകടന പത്രികയിലെ കാര്യങ്ങൾ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നതിന്റെ ഭാഗമാണ്.' മാതൃഭൂമിയുടെ എഡിറ്റോറിയലിന്റെ ഭാഗമായിത്തന്നെയല്ല, കേരളത്തിന്റെ പൊതുവിദ്യാലയങ്ങളിൽ വന്നിരിക്കുന്നത് വലിയ മാറ്റമാണ്. ഏത് മണ്ഡലത്തിലാണ് മികവിന്റെ കേന്ദ്രമായ അഞ്ച് കോടിയുടെ സ്കൂളുകൾ നടപ്പിലാകുന്നതെന്ന് ശ്രീ. വി. ടി. ബൽറാം ചോദിക്കുകയാണ്. ബഹുമാന്യനായ

ചെയർ, അങ്ങയുടെ മണ്ഡലത്തിൽ കേരളത്തിലെ ഗവൺമെന്റ് പ്രഖ്യാപിച്ച 5 കോടിയുടെ മികവിന്റെ കേന്ദ്രമായ വിദ്യാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചില്ലേ? ഇവിടെയിരിക്കുന്ന ഏത് പ്രതിപക്ഷാംഗത്തിന്റെ മണ്ഡലത്തിലാണ് ആരംഭിക്കാത്തത്? ഇരുട്ടുകൊണ്ട് ഓട്ടയടച്ചിട്ട് കാര്യമില്ല. കാര്യങ്ങളെ യാഥാർത്ഥ്യ ബോധത്തോടുകൂടി കാണണം. പൊതുവിദ്യാഭ്യാസ രംഗത്ത് തെറ്റുണ്ടെങ്കിൽ വിമർശിക്കാം. പക്ഷേ നടക്കുന്ന കാര്യങ്ങളെ ബോധപൂർവ്വം ഉൾക്കൊണ്ടുകൊണ്ട് അംഗീകരിക്കാനാവശ്യമായ മനസ്സുണ്ടാകണം.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: സർ, അഞ്ച് കോടി രൂപയുടെ പദ്ധതി എന്റെ മണ്ഡലത്തിൽ ആദ്യമായി അനുവദിച്ചത് എന്റെ വീട്ടിനടുത്തുള്ള സ്കൂളിലാണ്. അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചുകഴിഞ്ഞു. അതുപോലെതന്നെ മറ്റൊരു സ്കൂളിന് 3 കോടി രൂപ അനുവദിച്ചിട്ടുണ്ടായിരുന്നു, അതിന്റെയും ഉദ്ഘാടനം കഴിഞ്ഞു. അത് രണ്ടും ഈ അദ്ധ്യയന വർഷാരംഭംതന്നെ ഉദ്ഘാടനം നടത്തി.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, അതിന് പ്രത്യേക അഭിനന്ദനങ്ങൾ. കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ വന്ന ഭൗതികമായ മാറ്റത്തിന്റെ ഭാഗമായി 2017-2018-ൽ 156565-ഉം 2018-2019-ൽ 184728-ഉം വിദ്യാർത്ഥികൾ അധികമായി വന്നു. അതിൽ ശ്രീ. വി. ടി. ബൽറാമിന്റെ കുട്ടിയുമുണ്ട്. അദ്ദേഹം പൊതു വിദ്യാലയത്തിലേയ്ക്ക് തന്റെ കുട്ടിയെ വിടുന്നത് നല്ല കാര്യമാണ്. പക്ഷേ തന്റെ കുട്ടിയെ പൊതുവിദ്യാലയത്തിലേയ്ക്ക് വിടുകയും ഒരു സർക്കാരിനെ ഇകഴ്ത്തിക്കാണിക്കുന്നതിനുവേണ്ടി പൊതുവിദ്യാഭ്യാസത്തെ ബോധപൂർവ്വമായി ആക്ഷേപിക്കുകയും ചെയ്യുന്നത് ശരിയല്ല. 141 മണ്ഡലങ്ങളിലും 5 കോടിയുടെ വിദ്യാലയങ്ങൾ എന്ന രീതിയിലുള്ള പ്രവർത്തനം നടന്നുവരികയാണ്. 395 സ്കൂളുകൾക്ക് മൂന്ന് കോടി രൂപ വീതം, എയ്ഡഡ് വിദ്യാലയങ്ങൾക്ക് പ്രത്യേകമായി ചലഞ്ച് ഫണ്ട്, 150 വർഷം പഴക്കമുള്ള വിദ്യാലയങ്ങൾക്ക് ഹെറിറ്റേജ് പദവി കൊടുത്തുകൊണ്ട് അവർക്ക് പ്രത്യേകമായ ഫണ്ട്, 200 വർഷം പഴക്കമുള്ള വിദ്യാലയങ്ങളുടെ പട്ടിക തയ്യാറാക്കി അവയ്ക്ക് പ്രത്യേക ഫണ്ട് എന്നിവ നടപ്പിലാക്കി. എന്റെ മണ്ഡലത്തിൽ 200 വർഷത്തിൽക്കൂടുതൽ പഴക്കമുള്ള രണ്ട് വിദ്യാലയങ്ങളുണ്ട്. അവയ്ക്കാവശ്യമായ പണം ലഭ്യമാകുന്ന ഘട്ടത്തിലാണ്. 106 ഹയർസെക്കന്ററി സ്കൂളുകൾക്കും 27 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾക്കും 181 എൽ.പി/യു.പി. സ്കൂളുകൾക്കും പുതിയ കെട്ടിടം, അതിന്റെയൊന്നും വിശദാംശങ്ങളിലേയ്ക്ക് കൂടുതലായി പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. വിദ്യാഭ്യാസരംഗത്ത് കേരളം രാജ്യത്തിനുതന്നെ മാതൃകയാണ്. വിദ്യാഭ്യാസ എൻറോൾമെന്റിന്റെ കാര്യത്തിൽ ദേശീയരംഗത്തിന് മാതൃകയായ ഒരു സംസ്ഥാനമാണ് കേരളം. ഇതിനുകാരണം 1957 മുതൽ നാം നടപ്പിലാക്കിയ, പ്രത്യേകിച്ചും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റുകൾ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ വലിയ മാറ്റങ്ങളാണ്. പൊതുവിദ്യാഭ്യാസ

രംഗത്ത് വലിയ ഇടപെടൽ നടത്തുന്നു, ഉന്നത വിദ്യാഭ്യാസരംഗത്ത് വലിയ നിലയിൽ ഫണ്ട് പമ്പ് ചെയ്യുന്നു. എങ്കിലും ഇതിന്റെ ക്വാളിറ്റി നമുക്ക് വർദ്ധിപ്പിക്കേണ്ടതുണ്ട്. ഒന്നാം ക്ലാസ് മുതൽ റിസർച്ച് വരെയുള്ള രംഗത്ത് നമ്മുടെ ക്വാളിറ്റി കൂടുതൽ വർദ്ധിപ്പിക്കാൻ കഴിയുന്ന നിലയിലേയ്ക്ക് കാതലായ മാറ്റങ്ങൾ നാം വരുത്തണം. അതിന് വിരുദ്ധമായ സമീപനമാണ് കേന്ദ്രം സ്വീകരിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികളെക്കുറിച്ച് ഇവിടെ പറഞ്ഞുകഴിഞ്ഞു. 484 പേജുള്ള ദേശീയ വിദ്യാഭ്യാസ നയം രാജ്യത്തിന്റെ ബഹുസ്വരതയെയും സമത്വത്തെയും സന്തുലിതാവസ്ഥയെയും ഫെഡറൽ സംവിധാനത്തെയുമെല്ലാം ഇല്ലാതാക്കുന്നതാണ്, വിദ്യാഭ്യാസരംഗത്തെ മൂല്യം തകർക്കുന്നതാണ്. പി.എച്ച്.ഡി. കഴിഞ്ഞ് പി.ഡി.എഫ്.-ലേയ്ക്ക് ലോകം മാറുന്ന കാലമാണ്. അപ്പോഴാണ് ഗവേഷണ ബിരുദമില്ലാത്തവർക്കുപോലും അദ്ധ്യാപകരാകാമെന്ന നിലയിലേയ്ക്ക് ഒരു ദേശീയ വിദ്യാഭ്യാസ നയം വരുന്നത്. ഇത് അപകടകരമായ സ്ഥിതിവിശേഷമാണ്. ആ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി ഫെഡറൽ സംവിധാനങ്ങളെയൊക്കെ തകർത്ത് മുന്നോട്ടുപോയാൽ നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ തകരും. ജെ.എൻ.യു.-വിലും ഹൈദരാബാദ് സെൻട്രൽ സർവ്വകലാശാല അടക്കമുള്ള ക്യാമ്പസുകളിലും ദേശീയ രാഷ്ട്രീയ പാർട്ടിക്കെതിരെ പ്രതികരിക്കുന്ന വിദ്യാർത്ഥികൾക്ക് അവിടെ പഠിക്കാൻ കഴിയാത്ത സ്ഥിതി കഴിഞ്ഞ ബി.ജെ.പി. സർക്കാരിന്റെ കാലത്തുതന്നെ നാം കണ്ടതാണല്ലോ. രോഹിത് വെമുലയുടെ വിഷയം നമുക്ക് ഉദാഹരണമാണ്. തന്റെ നിലപാടിന്റെ ഭാഗമായി ക്യാമ്പസിന് പുറത്തേയ്ക്ക് പോകുമ്പോൾ ഒരുമുഴം കയറോ കുറച്ച് വിഷമോ വാങ്ങിനൽകാൻ സർവ്വകലാശാലയുടെ വൈസ്ചാൻസലർക്ക് കത്തെഴുതേണ്ട നിലയിലേയ്ക്ക് വിദ്യാർത്ഥികൾ മാറുകയാണ്. ആ നിലയിലേയ്ക്ക് നമ്മുടെ നാടിന്റെ ദേശീയ വിദ്യാഭ്യാസനയം വരുമ്പോൾ അതിനെതിരായി ശക്തമായ പ്രതിരോധം തീർക്കേണ്ടത് നമ്മുടെ നാടിന്റെ കടമയാണ്. ദേശീയ വിദ്യാഭ്യാസനയത്തിൽ നമ്മുടെ നാടിന്റെ സംസ്കാരത്തെയും ചരിത്രത്തെയുമെല്ലാം ഇല്ലാതാക്കാനുള്ള വലിയ പരിശ്രമങ്ങൾ നടക്കുകയാണ്. ചരിത്രത്തിൽ ഇടംനേടിയ നവോത്ഥാന മുന്നേറ്റത്തിന്റെ ഭാഗമായ ചാന്നാർ ലഹളയും മാറുമറയ്ക്കലുമൊന്നും വിദ്യാഭ്യാസ പ്രക്രിയയുടെ ഭാഗമായി വരേണ്ടതില്ലെന്ന് കഴിഞ്ഞ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രമന്ത്രിയായിരുന്ന പ്രകാശ് ജാവേദ്ക്കർ പറഞ്ഞു. പിന്നെ എന്താണ് പഠിക്കേണ്ടത്? ഡിജിറ്റൽ ഫോട്ടോഗ്രാഫി വരുന്നതിനുമുമ്പ്, ലോകത്ത് ഇ-മെയിൽ കണ്ടുപിടിക്കുന്നതിനുമുമ്പ് ഞാൻ ഇ-മെയിൽ അയച്ചിരുന്നുവെന്ന് പറയുന്ന ഒരു പ്രധാനമന്ത്രി ഇന്ന് രാജ്യം ഭരിക്കുകയാണ്. അദ്ദേഹം ഭൂതകാലത്തെക്കുറിച്ച് ഒരുഭാഗത്ത് അങ്ങനെ പറയുമ്പോഴും ഭൂതകാലത്തിന്റെ അന്ധവിശ്വാസങ്ങളെയാണ് ഈ രാജ്യത്ത് പ്രചരിപ്പിക്കാൻ ശ്രമിക്കുന്നത്. ഇത് നമ്മുടെ രാജ്യത്ത് അപകടകരമായ സ്ഥിതിവിശേഷമുണ്ടാക്കും.

ഉന്നത വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി കുറച്ചുകൂടി വർദ്ധിപ്പിക്കേണ്ടതുണ്ട്. ഈ മേഖലയിൽ ഗവൺമെന്റ് ധാരാളം ഫണ്ട് പമ്പ് ചെയ്യുന്നുണ്ട്, വലിയ ഇടപെടൽ നടത്തുന്നുണ്ട്. OUTLOOK മാസികയുടെ ഒരു സർവ്വേ ഈയടുത്ത് നടക്കുകയുണ്ടായി. അതിൽ പറയുന്ന ഒരുകാര്യം ടോപ് എഞ്ചിനീയറിംഗ് കോളേജുകളിൽ കേരളത്തിൽ നിന്നും സ്ഥാപനങ്ങളില്ലെന്നാണ്. ആദ്യത്തെ നൂറെണ്ണത്തിൽ രണ്ടെണ്ണമുള്ളത് സ്വകാര്യ മേഖലയിലാണ്. പോരായ്മകൾ തിരുത്തി നമ്മൾ മുന്നോട്ട് വരേണ്ടതുണ്ട്. ഇത് ഇപ്പോഴത്തെ മാത്രം പ്രശ്നമല്ല, ഉന്നത വിദ്യാഭ്യാസരംഗം കൂടുതൽ നവീകരിക്കേണ്ടതിന്റെ ഭാഗമായ നിർദ്ദേശമാണ്. മെഡിക്കൽ രംഗം, ലോ കോളേജ്, അഗ്രികൾച്ചർ, ഫാഷൻ ടെക്നോളജി എന്നിവിടങ്ങളിലൊക്കെ ഗവൺമെന്റ് സ്ഥാപനങ്ങൾ നാമമാത്രമായ നിലയിലാണ് ആദ്യത്തെ പട്ടികയിലുള്ളത്. ആദ്യത്തെ പട്ടികയിലേയ്ക്ക് വരാനാവശ്യമായ ഇടപെടൽ നാം നടത്തേണ്ടതുണ്ട്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അങ്ങനെയൊരു ഇടപെടലുണ്ടായിരുന്നില്ല. ഉന്നത വിദ്യാഭ്യാസ മേഖലയെ, ഇത്തരം ഫലപ്രദമായ രീതിയിൽ കൈകാര്യം ചെയ്യുന്ന സർവ്വകലാശാലകളെ നോക്കുകുത്തികളാക്കുകയും തങ്ങളുടെ രാഷ്ട്രീയ അജണ്ട നിശ്ചയിക്കാനുള്ള കേന്ദ്രങ്ങളാക്കിമാറ്റുകയും അയോഗ്യരായവരെ അതിന്റെ കീ പോസ്റ്റിലേയ്ക്ക് കൊണ്ടുവരികയും ചെയ്തിരുന്നു. അതിൽ നിന്നും വ്യത്യസ്തമായി ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഫലപ്രദമായ ഇടപെടലിന്റെ കാലമാണിത്. സ്കൂൾ അദ്ധ്യാപകരെ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കി മാറ്റാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പരിശ്രമിച്ചത് നമുക്ക് ബോധ്യമുള്ളതല്ലേ? യു.ഡി.എഫ്.-ന്റെ തെരഞ്ഞെടുപ്പ് സ്ഥാനാർത്ഥിയായിരുന്നു എന്നുള്ളതിന്റെ ഭാഗമായി മാത്രം ഒരാളെ, അത് അദ്ദേഹത്തിന്റെ അയോഗ്യതയാണെന്ന് ഞാൻ പറയുന്നില്ല, പക്ഷേ അതുമാത്രമാണ് യോഗ്യതയെന്ന് കണ്ടുകൊണ്ട് കണ്ണൂർ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കിമാറ്റാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇടപെടൽ നടത്തിയത് നാം കണ്ടതാണ്. അതിനെയൊക്കെ മാറ്റിക്കൊണ്ട് ഉന്നത വിദ്യാഭ്യാസ മേഖലയിൽ വലിയ ഇടപെടലാണ്, വലിയ ഫണ്ട് ഡമ്പിംഗാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. പുതിയ കോളേജുകളും അദ്ധ്യാപക-അനദ്ധ്യാപക തസ്തികകളും അനുവദിച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

ഖാദർ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിലെ അക്കാദമിക് ന്യൂനത എന്താണ്? നിങ്ങൾ വിദ്യാർത്ഥികളുടെ ഭാഗത്തുനിന്നാണ് ചിന്തിക്കേണ്ടത്. വിദ്യാഭ്യാസ മേഖലയിൽ ഒരു പരിഷ്കാരം കൊണ്ടുവരുമ്പോൾ സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ബാധിക്കുന്ന പ്രശ്നം എന്താണെന്ന് നിങ്ങൾ മനസ്സിലാക്കണം. ഖാദർ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി ഇത്തരത്തിലുള്ള ഏതെങ്കിലുമൊരു വിഷയം യു.ഡി.എഫ്. പറഞ്ഞിട്ടുണ്ടോ? നമുക്കെല്ലാം അറിയാം, യു.ഡി.എഫ്.

കണ്ണടച്ച് ഇരുട്ടാക്കുകയാണ്. ഹൈസ്കൂളും ഹയർസെക്കന്ററിയും വൊക്കേഷണൽ ഹയർസെക്കന്ററിയും ഒരുമിച്ചുള്ള സ്കൂളുകളിൽ അവിടെയുള്ള ഭരണപരമായ പ്രശ്നങ്ങൾ നമുക്കറിയാം. മൂന്നും കൂട്ടിയോജിച്ച് പോകുന്നില്ലെന്ന അനുഭവമുണ്ട്. മൂന്ന് ദേശീയ ഗാനങ്ങൾ, മൂന്ന് പ്രാർത്ഥന, ഒരു സ്കൂളിൽത്തന്നെ വ്യത്യസ്ത സമയങ്ങളിൽ നടക്കുന്ന അദ്ധ്യയനങ്ങൾ. ഇത് ഒരു ചെറിയ വിഷയം ഞാൻ ചൂണ്ടിക്കാണിച്ചതാണ്. ഒരു സ്കൂളിലേയ്ക്ക് വരുന്ന വിദ്യാർത്ഥി നാളെയുടെ പ്രതീക്ഷയാണ്. അവർക്ക് മാനവിക ബോധമുണ്ടാകണം, സമൂഹത്തിന് എല്ലാം ഷെയർ ചെയ്യാൻ കഴിയുന്ന ഒരു വിദ്യാഭ്യാസമാണ് അവർക്ക് കൊടുക്കേണ്ടത്. ഹൈസ്കൂളെന്നോ ഹയർസെക്കണ്ടറിയെന്നോ വൊക്കേഷണൽ ഹയർ സെക്കന്ററിയെന്നോ പറഞ്ഞ് മാറ്റിനിർത്തി അവന്റെ മനസ്സിലേയ്ക്ക് ഒരു പ്രത്യേക ബോധമുണ്ടാക്കി, അവനെ പ്രത്യേക കള്ളികളിലാക്കി മാറ്റുന്ന നിലയിലേയ്ക്ക് സ്കൂൾ വിദ്യാഭ്യാസം മാറാൻ പാടില്ലെന്ന ഗവൺമെന്റിന്റെ ഒരു കാഴ്ചപ്പാടാണിത്. ഇത് ലയനമല്ല, ഏകീകരണത്തിന്റെ ഭാഗമാണ്. 'ഞങ്ങൾ ക്ലാസിലിരിക്കുമ്പോൾ ഓഫീസിൽ ഒരു ഫോൺ വന്നാൽ ഞങ്ങൾ ഫോൺ അറ്റന്റ് ചെയ്യണോ, അതോ ഞങ്ങൾ ക്ലാസിൽ പഠിപ്പിക്കണോ' എന്ന് പ്രിൻസിപ്പൽമാർ ചോദിച്ചിട്ടില്ലേ? നമ്മുടെ റിസോഴ്സസ്, നമ്മുടെ സംവിധാനങ്ങൾ, ഡെസ്ക്, ബെഞ്ച് എന്നിവയാകട്ടെ അതെല്ലാം ഒരുമിച്ച്, ആ സ്കൂൾ ക്യാമ്പസിനകത്തേയ്ക്ക്, മതിൽക്കെട്ടിനകത്തേയ്ക്ക് വരുന്ന വിദ്യാർത്ഥികൾക്ക് ഫലപ്രദമായി വിനിയോഗിക്കാൻ കഴിയണം. വ്യത്യസ്തമായ വീട്ടിൽനിന്നും വരുന്ന കുട്ടികൾ അവർ ഒന്നാണ്, അവർ ഒരുമിച്ചിരുന്ന് പഠിക്കുന്ന വിദ്യാലയത്തിൽ ഒരു വ്യത്യസ്തതയുണ്ടായാൽ, വിഭാഗീയതയുണ്ടായാൽ അതാണ് കേരളത്തിന്റെ പൊതു സമൂഹത്തിനിടയിലേയ്ക്ക് നാം ആദ്യകാലത്ത് കൊടുക്കുന്ന വ്യത്യസ്തത. അതില്ലാതാക്കാനുള്ള ഒരു സോഷ്യലിസ്റ്റ് സമീപനം, വിദ്യാർത്ഥികളെല്ലാം ഒന്നാണെന്ന് കാണിക്കുന്ന ഒരു നല്ല സമീപനമാണ് ഏകീകരണത്തിന്റെ ഭാഗമായി ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. പൊതുവിദ്യാഭ്യാസത്തെയും കായിക രംഗത്തെയുമെല്ലാം സംരക്ഷിക്കണം. എന്റെ ഒരഭിപ്രായംകൂടി കേൾക്കണം. ഇവിടെയൊരു അക്കാദമി രൂപീകരിക്കുമെന്ന് ഗവൺമെന്റ് പറഞ്ഞിരുന്നു. അതിനായി കായിക വകുപ്പുമന്ത്രി ഒരു യാത്ര നടത്തണം, പ്രത്യേകിച്ച് യൂറോപ്പിലേയ്ക്ക് പോകണം. അവിടെയുള്ള ഫുട്ബോൾ രംഗത്തെ പ്രശസ്തമായ ക്ലബ്ബുകളെ ക്ഷണിച്ച്, അവരുടെ ടാലന്റ് ഹണ്ട് ഇവിടെ നടത്തണം, അവരുമായിച്ചേർന്ന് നമ്മുടെ കൊച്ചുകുട്ടികളെ ഫുട്ബോൾ അടക്കമുള്ളവയിൽ പ്രോത്സാഹിപ്പിക്കാനാവശ്യമായ അക്കാദമികൾ ഫലപ്രദമായി തയ്യാറാക്കണം. കായികരംഗത്ത് ഫലപ്രദമായ ഒട്ടേറെ നേട്ടങ്ങളുണ്ട്, അവയെയും ധനാഭ്യർത്ഥനയെയും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ഡോ. എൻ. ജയരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുന്നു. അതോടൊപ്പംതന്നെ ബഹുമാന്യനായ സാംസ്കാരിക വകുപ്പുമന്ത്രിയെ അനുമോദി ക്കാതിരിക്കാനും കഴിയില്ല. സമീപകാലത്ത് കേരളത്തിലെ കാർട്ടൂൺ അക്കാദമിക്ക് നൽകിയ അവാർഡുമായി ബന്ധപ്പെട്ടുണ്ടായ ചർച്ചയിൽ ഗവൺമെന്റിനുവേണ്ടി അദ്ദേഹമെടുത്ത നിലപാട് തീർച്ചയായും ശ്ലാഘനീയമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കാരണം നമ്മുടെ സമൂഹത്തിന് വളരെയേറെ വൈവിദ്ധ്യവും അതോടൊപ്പംതന്നെ ബഹുസ്വരതയുമുണ്ട്. ആവിഷ്കാര സ്വാതന്ത്ര്യത്തിന്റെ ലക്ഷ്മണ രേഖകൾ തീർച്ചയായും ഉണ്ടെന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. പക്ഷെ ഒരു അക്കാദമിയും ഗവൺമെന്റിന് മുകളിലാണെന്ന് വിശ്വസിക്കാൻ കഴിയില്ല. തീർച്ചയായും ഏത് ഗവൺമെന്റ് ഭരിച്ചാലും ആ ഗവൺമെന്റിന്റെ നയങ്ങളെയും പിന്തുടരുന്ന രീതികളെയും മാറ്റിമറിക്കാനുള്ള ഒരു സ്ഥാപനമായി അക്കാദമികൾക്ക് മാറാൻ കഴിയില്ല. കേരളത്തിൽ ഒട്ടേറെ അക്കാദമികളുണ്ട്. കേരള ഫോക്‌ലോർ അക്കാദമി, സാഹിത്യ അക്കാദമി, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഇങ്ങനെ സാംസ്കാരിക സ്ഥാപനങ്ങൾ ഒട്ടേറെയുണ്ട്. യഥാർത്ഥത്തിൽ ഈ സാംസ്കാരിക സ്ഥാപനങ്ങളെല്ലാം ചെയ്യുന്ന പ്രവർത്തനത്തിന് പലപ്പോഴും ഏകോപനമില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ഫോക്‌ലോർ അക്കാദമി പുസ്തകം പബ്ലിഷ് ചെയ്യാറുണ്ട് അതേ വിഷയത്തിൽത്തന്നെയാണ് സാഹിത്യ അക്കാദമിയും പലപ്പോഴും പുസ്തകം പബ്ലിഷ് ചെയ്യുന്നത്. ഇവർ തമ്മിൽ ഏകീകരണമില്ലെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പല അക്കാദമികളും യഥാർത്ഥത്തിൽ പരിപാടികൾ സംഘടിപ്പിക്കുന്നതു പോലും നഗരങ്ങളിൽ മാത്രമാണ്. ഗ്രാമങ്ങളിലും മനുഷ്യർ ജീവിച്ചിരിപ്പുണ്ടെന്നും ഗ്രാമങ്ങളുടെ ഉൾത്തുടിപ്പുകളിലാണ് യഥാർത്ഥത്തിലുള്ള സാംസ്കാരിക പെരുമയെ ന്നുമുള്ള തിരിച്ചറിവ് സാംസ്കാരിക അക്കാദമികൾക്ക് എന്നാണ് ഉണ്ടാകുന്നതെന്ന് ചിന്തിക്കേണ്ട ഒരു കാര്യമാണ്. നരിച്ചീറുകൾ പറക്കുന്ന അല്ലെങ്കിൽ നരിച്ചീറുകളുടെ മണമുള്ള അക്കാദമികളുടെ അകത്തളങ്ങൾ നമുക്കുണ്ട്. നമ്മുടെ സാംസ്കാരിക സ്ഥാപനങ്ങളൊന്നും ജനലുകൾ തുറന്നുപോലും ഇടാറില്ല. എന്തുകൊണ്ടാണെന്ന് എനിക്കറിയില്ല. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത് അങ്ങെടുത്ത നിലപാടിനെ ശ്ലാഘിക്കാതിരിക്കാൻ കഴിയുകയില്ല എന്ന്. അക്കാദമികൾക്ക് സ്വയംഭരണാധി കാരമുണ്ടെങ്കിലും അതിനൊക്കെ അതിന്റേതായ പരിമിതികളുണ്ട്. സമൂഹത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും അരോചകമായ അവസ്ഥകളുണ്ടാക്കുകയും ചെയ്യുന്നതി നപ്പുറത്ത് തീർച്ചയായും സമൂഹത്തിന്റെ നല്ല കാഴ്ചകളെയും കാഴ്ചപ്പാടുകളെയുമൊ ക്കെത്തന്നെ ഉയർത്തേണ്ടതാണ്. അക്കാര്യത്തിലെടുത്ത നിലപാട് തീർച്ചയായും ശരിയാണ് എന്ന് ഞാൻ ആത്മാർത്ഥമായി വിശ്വസിക്കുന്നു. സുഭാഷിന്റെ 'വിശ്വാസം രക്ഷതി' എന്ന കാർട്ടൂൺ ഉണ്ട്. ആ കാർട്ടൂണിന്റെ അന്തസ്സത്തയിലേയ്ക്കൊന്നും

ഞാൻ കടക്കുന്നില്ല. പക്ഷെ, അത് ആവശ്യമില്ലാത്ത പ്രശ്നങ്ങൾ ഉയർത്തുന്നു വെന്നതാണ് ഒരു പ്രധാനപ്പെട്ട കാര്യം. അതാണ് എനിക്ക് സൂചിപ്പിക്കാനുള്ള ഒരു കാര്യം. രണ്ടാമത്തെ വിഷയം, ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ ഈ സാംസ്കാരിക സ്ഥാപനങ്ങൾ സർക്കാർ ഓഫീസുകളല്ല. അതിന് വേറൊരു തലമുണ്ട്. എന്തുകൊണ്ട് കേരളീയ സമൂഹത്തിൽ ഇതിന് വിഭാഗീയതയും അതോടൊപ്പം തന്നെ പൊതുയിടങ്ങളും കുറഞ്ഞുവരുന്നുവെന്നുള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു കാര്യമാണ്. പൊതുയിടങ്ങൾ സൃഷ്ടിക്കപ്പെടുന്നതിൽ അക്കാദമികൾക്ക് വലിയ പങ്കുണ്ട്. അക്കാദമികൾ അക്കാര്യത്തിൽ എത്രമാത്രം കൃത്യമായി ഇടപെടുന്നു വെന്നുള്ളത് വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണെന്ന് എനിക്ക് തോന്നുന്നു. അതുമാത്രമല്ല, നമ്മുടെ പുതിയ തലമുറയെ ഒരു സർഗ്ഗാത്മക തലത്തിലേയ്ക്ക് കൊണ്ടു വരാനുള്ള പ്രവർത്തനങ്ങളുണ്ടാകണമെന്ന് ഈ വകുപ്പുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്.

അതുപോലെതന്നെ കേരളത്തിലെ പല പ്രശസ്തരായ ആളുകളുടെയും പേരിൽ കൾച്ചറൽ കോംപ്ലക്സുകൾ ആരംഭിക്കാനുള്ള നിർദ്ദേശം ബഡ്ജറ്റിലുണ്ടായിരുന്നു. കോട്ടയം ജില്ലയിൽ ലളിതാംബിക അന്തർജ്ജനത്തിന്റെ പേരിലാണ് ആ സ്ഥാപനം ആരംഭിക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അത് എത്രയുംവേഗം പ്രാവർത്തികമാക്കാൻ നടപടി സ്വീകരിക്കണം. ശ്രീ. കെ. സി. ജോസഫ് മന്ത്രിയായിരുന്ന സമയത്താണ് എന്റെ നിയോജകമണ്ഡലത്തിൽ വെള്ളാവൂരിൽ തിരുവിതാംകൂർ ഫോക് ഗ്രാമം എന്നുപറയുന്ന ഒരു ആശയം ആരംഭിച്ചത്. പക്ഷെ അതിനുശേഷം അതിന്റെ പ്രവർത്തനങ്ങൾ കാര്യമായി മുന്നോട്ടുപോകുന്നില്ലെന്നത് പ്രധാനപ്പെട്ട വിഷയമാണ്. തിരുവിതാംകൂറിന്റെ നാടൻ കലകളെ പരിപോഷിപ്പിക്കാനുള്ള ഒരു കേന്ദ്രമെന്ന നിലയിൽ ഈ ഫോക്‌ലോർ അക്കാദമിയുടെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ നടപടിയുണ്ടാകണം.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ സാംസ്കാരിക വകുപ്പിനെപ്പറ്റി വളരെ വിശദമായി സംസാരിക്കുകയാണല്ലോ. ബഹുമാനപ്പെട്ട മന്ത്രി കഴിഞ്ഞ ദിവസം ഈ സഭയിൽത്തന്നെ ഒരു ഉറപ്പ് നൽകിയിരുന്നു. സി.പി.ഐ.(എം)-ന്റെ passion ആണ് ഈ സാംസ്കാരിക രംഗത്തെയാകെ നിയന്ത്രിക്കുന്നതെന്ന് അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ....(ബഹളം).... അതുമാത്രമല്ല, മഹാനായ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയുടെ കൊച്ചുമകൻ നടത്തുന്ന കറന്റ് ബുക്ക്സിൽ റെയ്ഡ് നടത്തി 'സ്രാവുകൾക്കൊപ്പം നീന്തുന്ന' എന്ന പുസ്തകം കണ്ടുപിടിക്കാൻ പോയ വിവരം അങ്ങയുടെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, സാംസ്കാരിക രംഗത്ത് കാലാകാലങ്ങളിൽ ഒട്ടേറെ അപചയങ്ങൾ സംഭവിക്കുന്നുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. നമ്മുടെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ നടക്കുന്നുണ്ടെന്നത് പ്രധാനപ്പെട്ട കാര്യമാണ്. ഒരു കാര്യത്തിൽ നമുക്ക് അഭിമാനിക്കാതിരിക്കാൻ കഴിയില്ല. ഞാൻ ഈ പൊതുയിടങ്ങൾ എന്നുപറയുമ്പോൾ നഷ്ടപ്പെട്ടുപോകുന്ന പൊതുവിദ്യാലയങ്ങളും പൊതുഗതാഗത സംവിധാനവും ഉൾപ്പെടെ പൊതുവായി കേരളീയനുണ്ടായിരുന്ന പലതും ഇന്ന് നഷ്ടപ്പെട്ടുപോകുന്ന ഒരവസ്ഥയാണ്. അത് സംരക്ഷിക്കുന്ന കാര്യത്തിൽ കുറെയൊക്കെ നമുക്ക് മുന്നോട്ടുപോകാൻ കഴിഞ്ഞുവെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. സോമൻ കടലൂരിന്റെ ഒരു കവിതയുണ്ട്. അതിൽ 'ഒരേ ബഞ്ചിലിരുന്ന്, ഒരേ പാഠപുസ്തകം വായിച്ച് ഒരേ വിശപ്പ് പങ്കിട്ട് നമ്മൾ പഠിക്കാതെ പഠിച്ച ആ പഴയ സ്കൂൾ ഇപ്പോഴുമുണ്ട് ' എന്നുപറയുന്നൊരു വരിയുണ്ട്. അങ്ങനെ പറയുന്നത് മലയാളിക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. അക്കാര്യത്തിൽ കുറെയേറെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടെന്നുള്ളത് യാഥാർത്ഥ്യമാണെങ്കിൽപ്പോലും നമുക്ക് ഒട്ടേറെ പരിമിതികളുമുണ്ട്.

ഒരു കാര്യം മാത്രമാണ് ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിയോട് സൂചിപ്പിക്കാനുള്ളത്. നമ്മുടെ സർവ്വകലാശാലകൾ വലിയ സാമ്പത്തിക പ്രതിസന്ധിയിലേക്ക് പോകുകയാണ്. അവർക്കുണ്ടായിരുന്ന എല്ലാ സംവിധാനങ്ങളും ഉപയോഗിച്ച് പുതിയ സർവ്വകലാശാലകളുടെ രീതിയിലേക്ക് പോകുമ്പോഴും മുന്നോട്ടുപോകുന്നതിന് ഒട്ടേറെ പരിമിതികളുണ്ട്. ഗവേഷണ സ്ഥാപനങ്ങൾ നടക്കുന്നുണ്ടെങ്കിൽപ്പോലും ഗവേഷണത്തെ വളരെ ഗൗരവമായി കാണാൻ കഴിയാതെ പോകുന്ന ഒരവസ്ഥ നമ്മുടെ ഉന്നത വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടുണ്ട്. അതുപോലെ ഓട്ടോണമസ് കോളേജുകൾക്ക് അനുവാദം കൊടുക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. അവർക്ക് അനുവാദം കൊടുത്തിട്ട് കുറേ കാലങ്ങളായി. എങ്ങനെയാണ് ഇതിന്റെ പ്രവർത്തനം നടക്കുന്നതെന്ന് പഠിക്കാനായി ഹയർ എഡ്യൂക്കേഷൻ കൗൺസിലുമായി ബന്ധപ്പെട്ട് ചില വിഷയങ്ങളൊക്കെയുണ്ടായിരുന്നു. പക്ഷെ അക്കാര്യത്തിൽ ഇപ്പോഴും കൃത്യമായ ഒരവലോകനം നടത്താൻ കഴിഞ്ഞിട്ടില്ല. ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്. പുതിയ കോഴ്സുകൾ അനുവദിക്കുന്നുണ്ട്, അനുവദിക്കുന്നതെല്ലാം പരമ്പരാഗതമായ കോഴ്സുകളായി മാറുന്നു, വൈവിദ്ധ്യമുള്ള പുതിയ കോഴ്സുകൾ കടന്നുവരുന്നു. അനുവദിക്കുന്ന കോഴ്സുകൾക്കുതന്നെ പി.എസ്.സി.-യുടെ അംഗീകാരമില്ല. എം.എസ്.സി. സൈക്കോളജി കോഴ്സിന് അംഗീകാരമില്ല. ഞാൻ നിയമസഭയിൽ കഴിഞ്ഞ പ്രാവശ്യം പറഞ്ഞ ഒരു

കാര്യമാണ്, ഈ കോഴ്സുകൾ യഥാർത്ഥത്തിൽ പി.എസ്.സി.-യുടേതിലില്ല. പി.എസ്.സി. ആപ്ലിക്കേഷൻ ക്ഷണിക്കുമ്പോൾ കുട്ടികൾക്ക് അപ്ലൈ ചെയ്യാൻ സാധിക്കില്ല. റൂൾസിനകത്ത് മാറ്റം വരുത്താതെ കുട്ടികൾക്ക് ഭാവിയിൽ അപ്ലൈ ചെയ്യാനുള്ള സാഹചര്യമുണ്ടാകുന്നില്ലെന്ന പ്രശ്നംകൂടി ഇതുമായി ബന്ധപ്പെട്ടുണ്ട്.

മി. ചെയർമാൻ: പ്ലീസ്, പ്ലീസ്, സമയം കഴിഞ്ഞു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി സ്വാശ്രയ കോളേജുകൾക്കാണ് മുഴുവൻ കോഴ്സും സീറ്റും കൊടുക്കുന്നത്. അതേസമയം പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു ബാച്ചുപോലും കൊടുക്കില്ലെന്നാണ് പറയുന്നത്.

ഡോ. എൻ. ജയരാജ്: സർ, സ്പോർട്സ് വകുപ്പുമന്ത്രിയോട് ഒരു കാര്യംകൂടി പറയാനുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാഞ്ഞിരപ്പള്ളിയിലെ സ്പോർട്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾ ഇപ്പോഴും ആരംഭിച്ചിട്ടില്ല. അത് ഈ വർഷം ആരംഭിക്കുമെന്ന് അങ്ങ് ഉറപ്പുനൽകിയതാണ്. അക്കാര്യംകൂടി പരിഗണിക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. എൻ. ഷംസീർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. എല്ലാ വകുപ്പുകളും ഏതാണ്ട് നല്ല നിലയിൽ പെർഫോം ചെയ്യുന്നുവെന്ന് മാത്രമല്ല ഒന്നാമതെത്താനുള്ള സോഷ്യലിസ്റ്റ് മത്സരം എല്ലാ വകുപ്പുകളിലും നടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിക്കുന്നത്. വിദ്യാഭ്യാസ മേഖല വളരെ മുന്നോട്ടുപോയിരിക്കുന്നു. പൊതുവിദ്യാഭ്യാസ മേഖലയെക്കുറിച്ച് ഇവിടെ പല ആളുകളും പരാമർശിച്ചു. എനിക്ക് സൂചിപ്പിക്കാനുള്ളത് ഉന്നത വിദ്യാഭ്യാസ മേഖലയെപ്പറ്റിയാണ്. ഈ മേഖലയിൽ നിരവധി കാര്യങ്ങൾ ചെയ്യാൻ സർക്കാരിന് കഴിഞ്ഞുവെന്ന അഭിപ്രായമുള്ള ഒരാളാണ് ഞാൻ. അതോടൊപ്പം ഉന്നത വിദ്യാഭ്യാസ മേഖലയിൽ വിദ്യാഭ്യാസ വകുപ്പ് കുറച്ചുകൂടി ഇടപെടേണ്ടതുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിലിനെ നിയന്ത്രിക്കണം. ചില വൈസ് ചാൻസലർമാരുടെ ഇടപെടലുകൾ വിദ്യാഭ്യാസത്തിന്റെ ഗുണകരമായ പ്രവർത്തനത്തിനുവേണ്ടിത്തന്നെയാണെന്ന് ഉറപ്പാക്കണം. ചില ക്യാമ്പസുകൾക്ക് ചുറ്റും ക്വാർട്ടേഴ്സുകളുണ്ട്. അദ്ധ്യാപകർ രാവിലെ ക്യാമ്പസിലെത്തി പഞ്ചിംഗ് ചെയ്തശേഷം ക്വാർട്ടേഴ്സുകളിലേക്ക് പോകുകയും വൈകുന്നേരം വീണ്ടും വന്ന് പഞ്ചിംഗ് ചെയ്യുകയും ചെയ്യുന്നൊരു പ്രവണത കണ്ടുവരുന്നുണ്ട്. നമ്മൾ കരുതുന്നത് അദ്ധ്യാപകർ ക്യാമ്പസിലുണ്ടെന്നാണ്. എന്നാൽ അവർ ക്വാർട്ടേഴ്സുകളിലാണുള്ളത്. ഇങ്ങനെയുള്ള മൈക്രോസ്കോപിക് മൈനോറിറ്റിയായ അദ്ധ്യാപകർ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ട്. ഇത് നമ്മുടെ ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് അപമാനമാണ്. ഇത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ നമുക്കാകണം.

സാംസ്കാരിക മേഖലയിൽ നിരവധി ഇടപെടലുകൾ ബഹുമാനപ്പെട്ട മന്ത്രി നടത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായാണ് എന്റെ മണ്ഡലത്തിൽ വച്ച് സ്റ്റേറ്റ് ഫിലിം അവാർഡ് നൈറ്റ് നടത്തിയത്. പാലക്കാട്ടും തലശ്ശേരിയിലും ഇത് നടത്തിയപ്പോൾ വലിയ ജനസാഗരമായിരുന്നു. അതൊരു വലിയ മാറ്റമാണ്. എങ്ങനെ ജനകീയ പങ്കാളിത്തത്തോടുകൂടി ഫിലിം അവാർഡ് നൈറ്റുകൾ നടത്താമെന്ന് ബഹുമാനപ്പെട്ട മന്ത്രി കാണിച്ചുതന്നു. അങ്ങുകൂടി ജീവിച്ചൊരു പ്രദേശമാണ് തലശ്ശേരി, അങ്ങേയ്ക്ക് പരിചിതനായ വ്യക്തിയാണ് മാപ്പിളപ്പാട്ടിന്റെ ചക്രവർത്തിയായ എരഞ്ഞോളി മൂസ. അദ്ദേഹത്തിന്റെ പേരിൽ ഒരു മാപ്പിള കലാ അക്കാദമി തലശ്ശേരിയിൽ ആരംഭിക്കാൻ അങ്ങ് മുൻകയ്യെടുക്കണമെന്നാണ് വളരെ വിനയത്തോടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

അതോടൊപ്പം പുരാവസ്തു വകുപ്പുമന്ത്രിയോട് പറയാനുള്ളത് തലശ്ശേരി ഒരു ഹെറിറ്റേജ് ടൗൺ ആണ്, ബ്രിട്ടീഷ് പൈതൃകമുള്ള നഗരമാണ്. അവിടെനിന്നും ആരുമറിയാതെ ചിലർ പീരങ്കികൾ എടുത്തുകൊണ്ട് പോയിട്ടുണ്ട്. ആ പീരങ്കികൾ തലശ്ശേരിയിൽ തിരിച്ചെത്തിക്കുന്നതിനാ വശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടായെങ്കിലും നിർഭാഗ്യവശാൽ അവ ഇതുവരെയും തിരിച്ചെത്തിച്ചി ട്ടില്ലായെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങ് നല്ല രീതിയിൽത്തന്നെ ഇത്തരം കാര്യങ്ങളിൽ ഇടപെടുന്നുവെന്ന അഭിപ്രായമാണ് എനിക്ക് ഇതുമായി ബന്ധപ്പെട്ട് പറയാനുള്ളത്.

കായിക മേഖലയെ സംബന്ധിച്ച് പറയുമ്പോൾ, വലിയ മാറ്റം ഈ മേഖലയിൽ ഉണ്ടായിട്ടുണ്ട്. കായിക മേഖലയിൽ 14 സ്റ്റേഡിയങ്ങൾ, 43 ഇടങ്ങളിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങൾ തുടങ്ങിയവ സ്ഥാപിക്കാൻ കഴിഞ്ഞു. ജില്ലാ ആസ്ഥാനങ്ങളിലെ സ്റ്റേഡിയങ്ങളെല്ലാം കായിക മേഖലയ്ക്ക് വലിയ അഭിവൃദ്ധിയുണ്ടാക്കാൻ സഹായിക്കു ന്നുവെന്ന കാര്യത്തിൽ ആർക്കും തർക്കമില്ല. ഇത്തരത്തിൽ വലിയ ഇടപെടലുകൾ കായിക മേഖലയിൽ നടന്നുകൊണ്ടിരിക്കുന്നു. സ്പോർട്സ് ക്വാട്ടയിൽ 169 പേർക്ക് നിയമനം നൽകി. ഇതൊരു വലിയ മാറ്റമാണ്. സ്പോർട്സിലേയ്ക്ക് പോകുന്ന കുട്ടികളെ എങ്ങനെ encourage ചെയ്യാമെന്നും അവരുടെ ഭാവിയെക്കുറിച്ചും ചിന്തിക്കുന്ന ഗവൺമെന്റാണ്. സ്പോർട്സിൽ ടാലന്റ് ഉള്ളവർക്ക് പഠനത്തിൽ ടാലന്റ് ഉണ്ടാകണ മെന്നില്ല. ഒരു ചെറിയ വിഭാഗത്തിന് മാത്രമാണ് പഠനവും സ്പോർട്സും ഒരുപോലെ കൊണ്ടുപോകാൻ സാധിക്കുക. ശ്രീ. സി. കെ. വിനീതിന് ജോലി നൽകി. അതൊരു വലിയ സൂചനയാണ്. അങ്ങനെ വരുമ്പോൾ സ്പോർട്ട്സിൽത്തന്നെ കേന്ദ്രീകരിക്കാൻ ഇത്തരം ആളുകൾക്ക് സാധിക്കും. എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്, കഴിഞ്ഞ രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളം റണ്ണേഴ്സ് അപ്പ് ആണ്. പ്രസ്തുത കേരള ടീമിലെ അംഗങ്ങളിൽ ചിലർ എന്റെ

നാട്ടുകാരാണ്. അവർ എന്നെ സമീപിച്ചിരുന്നു. ഒരു സർക്കാർ ജോലി അവർക്ക് ആവശ്യമുണ്ട്. അവർക്ക് സർക്കാർ ജോലി നൽകാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് വളരെ വിനയത്തോടെ ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ രാഷ്ട്രീയ കാര്യങ്ങളൊന്നും പറയണമെന്ന് ആഗ്രഹിച്ചതായിരുന്നില്ല. പക്ഷെ നിർഭാഗ്യവശാൽ യു.ഡി.എഫ്. ഒരു രാഷ്ട്രീയ പ്രസംഗത്തിന്റെ വേദിയായി ഇതിനെ മാറ്റിയപ്പോൾ രാഷ്ട്രീയം പറയാതെ പോകാൻ സാധിക്കില്ല. നാട്ടിൽ ഒരു ചൊല്ലുണ്ട് " operation success but patient died." ഇവിടെ അതാണ് കോൺഗ്രസ്സിന്റെ സ്ഥിതി. കോൺഗ്രസ് ഞങ്ങളെ തോൽപ്പിക്കാൻ ശ്രമിച്ച് operation നടത്തിയപ്പോൾ കോൺഗ്രസ്സെന്ന രോഗി മരിച്ചുപോയി. 414-ൽ നിന്നും 52-ൽ എത്തി. പ്രതിപക്ഷ നേതൃസ്ഥാനംപോലും കോൺഗ്രസ്സിനില്ല. ഞാൻ ഏറെ ആദരിക്കുന്ന നേതാവാണ് ബഹുമാന്യനായ ടി. എ. അഹമ്മദ് കബീർ. അദ്ദേഹത്തിന്റെ പ്രസംഗം ഞാൻ കേട്ടു. ആരാണ് ഐക്യം തകർത്തത്; ഞങ്ങളാണോ? ഐക്യം തകർത്തുവെന്ന് മാത്രമല്ല ഇനിയും ഇന്ത്യയിലെ പ്രതിപക്ഷ രാഷ്ട്രീയ പാർട്ടികൾ യോജിക്കാൻ പാടില്ലെന്ന സന്ദേശമല്ലേ കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവിനെ തെരഞ്ഞെടുത്തുകൊണ്ട് നിങ്ങൾ നൽകിയത്? ആരാണ് ശ്രീ. അതിരഞ്ചൻ ചൗധരി? ശ്രീ. അധിരഞ്ജൻ ചൗധരി ആരാണെന്ന് ഒരുപക്ഷെ ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് അറിയാമായിരിക്കാം. ഞാൻ അദ്ദേഹത്തിന്റെ കാര്യങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. ഇവിടെ ശ്രീ. സാധ്വി പ്രഗ്യാസിംഗ് ഠാക്കൂറിനെപ്പോലുള്ള ആളുകളിരിക്കുന്ന സഭയ്ക്കകത്ത് കോൺഗ്രസ്സിന്റെ നേതൃത്വമായിരിക്കാനുള്ള യോഗ്യതയുണ്ടോ ആ വ്യക്തിക്കെന്ന് കോൺഗ്രസ്സ് പരിശോധിക്കണമെന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കാനുള്ളൂ. ഞാൻ പറയുന്നത് ഡെമോക്രസിയിൽ ഒരു vibrant opposition ഉണ്ടാകണമെന്നാണ്. അപ്രകാരംവരുമ്പോൾ ഒരു vibrant opposition ആയി മാറാൻ കോൺഗ്രസിന് സാധിക്കുന്നുണ്ടോ; എവിടെ പോയി ശ്രീ. രാഹുൽ ഗാന്ധി? കേരളത്തിൽ ഇന്ത്യൻ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി നിങ്ങൾ കൊണ്ടുവന്ന ശ്രീ. രാഹുൽ ഗാന്ധിക്ക് പ്രധാനമന്ത്രി പോയിട്ട് ഒരു പ്രതിപക്ഷ നേതാവ് പോലുമാകാൻ സാധിക്കാതെവന്ന ദയനീയമായ പതനം നമ്മുടെ രാജ്യം കണ്ടു. കോൺഗ്രസിന്റെ പോളിറ്റ് ബ്യൂറോ എന്ന് വിശേഷിപ്പിക്കാൻ കോൺഗ്രസ് വർക്കിംഗ് കമ്മിറ്റിയിലിരുന്നുകൊണ്ട് ശ്രീ. എ. കെ. ആന്റണിയെപ്പോലെയുള്ള നേതാക്കൾ അന്ധമായ മാർക്സിസ്റ്റ് വിരോധം വച്ചുപുലർത്തുകയാണ്. നിങ്ങളുടെ പ്രിമിറ്റിവിസം, കമ്മ്യൂണിസത്തോടുള്ള വിരോധം അത് മാറ്റിവച്ച് broader perspective-ൽ കാര്യങ്ങൾ കണ്ട് ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളെയും യോജിപ്പിച്ച് നിർത്തേണ്ട കോൺഗ്രസ്സ് അതിനുപകരം ഇടുങ്ങിയ ചിന്തയുമായി വന്ന് ഇവിടത്തെ വിശാലമായ പ്രതിപക്ഷ ഐക്യം തകർത്തു. അതിൽ

നേട്ടമുണ്ടാക്കിയത് ബി.ജെ.പി.-യാണ്. എന്തായിരുന്നു ക്യാമ്പയിൻ? " Rahul Gandi ran away from here and he went to contest where minority is majority" ഇതായിരുന്നു ഉത്തരേന്ത്യയിലെ ക്യാമ്പയിൻ. ആരായിരുന്നു ഇതിന് കാരണക്കാർ? നിങ്ങൾ കേരളത്തിൽ ഇടതുപക്ഷ രാഷ്ട്രീയത്തെ പരാജയപ്പെടുത്താൻവേണ്ടി ഇടതുപക്ഷ വിരോധം മുന്നിൽ വച്ചുകൊണ്ട് മത്സരിക്കാൻ വന്നപ്പോൾ ഉത്തരേന്ത്യയിൽ അവർ പ്രചരിപ്പിച്ച, 'നോക്കൂ പാകിസ്ഥാൻ പതാകയുമേന്തി പോകുന്നു' ഇതല്ലേ ഉണ്ടായത്.? ഇനിയെങ്കിലും കോൺഗ്രസ് വിശാലമായി ചിന്തിക്കാൻ തയ്യാറാകണം. കോൺഗ്രസ് പിരിച്ചുവിടണമെന്നായിരുന്നു ഗാന്ധിജി പറഞ്ഞത്. ഏതായാലും കോൺഗ്രസിന്റെ നേതാക്കൻമാരോട് എനിക്ക് വലിയ സ്നേഹമുണ്ട്. കാരണം ഗാന്ധിജിയുടെ ആദർശം നിങ്ങൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. കോൺഗ്രസ്സ് പിരിച്ചുവിടണമെന്ന് ഗാന്ധിജി പറഞ്ഞുവെങ്കിൽ അത് ഉൾക്കൊണ്ടുകൊണ്ട് കോൺഗ്രസ്സ് സ്വയം പിരിഞ്ഞുപോകുന്ന കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കേക വൃത്തം നമ്മൾ വായിച്ചിട്ടുണ്ട്,

മൂന്നും രണ്ടും രണ്ടും മൂന്നും രണ്ടും

രണ്ടെന്നെഴുത്തുകൾ

പതിന്നാലിന്നാറു ഗണം പാദം

രണ്ടിലുമൊന്നുപോൽ

ഗുരുവൊന്നെങ്കിലും വേണം മാറാതോരോ

ഗണത്തിലും

നടുക്കുയതി പദാദിപൊരുത്തമിതു

കേകയാം.....

ഇതല്ലേ കോൺഗ്രസ്? നിങ്ങൾ ഞങ്ങളെ കളിയാക്കുന്നു. ഞങ്ങൾക്ക് അന്നും ഇന്നും ഇത്രയേയുള്ളൂ. 414 പേരുണ്ടായിരുന്ന നിങ്ങൾ 52-ൽ എത്തിയില്ലേ? നിങ്ങൾ ഞങ്ങളെ കളിയാക്കുമ്പോൾ ഈ രാജ്യത്തെ 18 സംസ്ഥാനങ്ങളിൽ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സില്ലെന്ന കാര്യം മറന്നു പോകരുത്. ഇനിയെങ്കിലും ഒരു റിവൈവലിസത്തെക്കുറിച്ച് ചിന്തിക്കണം. ഞങ്ങളല്ല നിങ്ങളുടെ ശത്രുക്കൾ. ഇന്നലെ ദയനീയമായ പത്രവാർത്ത നമ്മൾ കണ്ടു. ജയ് ശ്രീറാം വിളിക്കാത്തതിന്റെ പേരിൽ ജാർഖണ്ഡിൽ ഒരു മുസ്ലീം ചെറുപ്പക്കാരനെ തല്ലിക്കൊന്നു. ഇവിടെ നിന്ന് ജയിച്ചുപോയ 19 പേർ മിണ്ടിയോ; ശ്രീ. രാഹുൽ ഗാന്ധി മിണ്ടിയോ; ശ്രീമതി സോണിയ ഗാന്ധി മിണ്ടിയോ? അതുമാത്രമല്ല, ശ്രീ. അധിർ രഞ്ജൻ

ചൗധരിയെന്ന കോൺഗ്രസ് പാർലമെന്ററി പാർട്ടി നേതാവ് പറഞ്ഞത് ശ്രീ. അഭിനന്ദൻ വർദ്ധമാന്റെ മീശയെക്കുറിച്ചാണ്. അദ്ദേഹം അതാണ് കണ്ടത്. ഇത്തരത്തിലുള്ള നേതാക്കന്മാർക്ക് എങ്ങനെയാണ് നാടിനെ നയിക്കാൻ കഴിയുന്നത്? കോൺഗ്രസ്സ് രക്ഷപ്പെടുമെന്ന് ഞങ്ങളാരും വിശ്വസിക്കുന്നില്ല, തകർന്നുപോകണമെന്ന് ഞങ്ങൾ ആഗ്രഹിക്കുന്നുമില്ല. പക്ഷെ കോൺഗ്രസ് അവരുടെ നയം തിരുത്താൻ തയ്യാറാകണം. മുമ്പ് പത്താം ക്ലാസിൽ തോറ്റാലാണ് കുട്ടികൾ നാടുവിടുന്നത്. ഇപ്പോൾ പത്താം ക്ലാസ്സിൽ ആരും തോൽക്കുന്നില്ല, സി.ബി.എസ്.ഇ.-യിലാണ് തോൽക്കുന്നത്. സി.ബി.എസ്.ഇ. പരീക്ഷയിൽ തോൽക്കുമ്പോൾ ചിലർ നാടുവിടുന്നുണ്ട്. എന്നെ ചില രക്ഷിതാക്കൾ വന്നു കണ്ട് 'എന്റെ മോൻ പോയ്ക്കളഞ്ഞു' എന്നുപറഞ്ഞു. അതുപോലെയല്ലേ ശ്രീ. രാഹുൽ ഗാന്ധി? അദ്ദേഹം പോയ്ക്കളഞ്ഞു. എവിടെ പോയി ദിവ്യ സ്പന്ദന, നിങ്ങളുടെ new media handle ചെയ്യുന്ന ലേഡി. അവർ എവിടെ? എന്താണിതിന് കാരണം. കോൺഗ്രസ്സ് എന്നുപറയുന്ന രാഷ്ട്രീയ പ്രസ്ഥാനം ഈ അവസ്ഥയിലേയ്ക്ക് എത്തി.

ഇനി സൂചിപ്പിക്കാനുള്ളത് മുസ്ലീം ലീഗിനെക്കുറിച്ചാണ്. ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയെ കൊണ്ടുപോയി ഇപ്പോൾ സംഘിയാക്കുകയാണ്. ഞങ്ങൾ ലീഗിന്റെ നേതാവിന്റെ പ്രസംഗം കേട്ടു. ഞാനും ശ്രീ. എം. സ്വരാജും ശ്രീ. റ്റി. വി. രാജേഷുമെല്ലാം ഞങ്ങളുടെ പേരിൽത്തന്നെ അറിയപ്പെട്ടവരാണ്. അദ്ദേഹത്തിന്റെ രാഷ്ട്രീയത്തിന്റെ തുടക്കത്തിൽ ഷാജി കെ. വയനാട് ആയിരുന്നു. ഷാജി കെ. വയനാടിൽ നിന്നും കെ. എം. ഷാജിയിലേയ്ക്കുള്ള പരിണാമത്തിന്റെ പിന്നാമ്പുറ മെന്തെന്ന് അദ്ദേഹം വ്യക്തമാക്കണം. കെ. എം. ഷാജി എന്നാൽ കുമ്മനം മോദി ഷാജി എന്നാണ്. നിങ്ങൾ ആലോചിക്കണം ഒരേസമയം മുസ്ലീം വർഗ്ഗീയതയും ഒരുഭാഗത്ത് ഹിന്ദു വർഗ്ഗീയതയും ഒരുപോലെ താലോലിക്കാൻ അദ്ദേഹത്തിനല്ലാതെ വേറെ ആർക്കാണ് സാധിക്കുന്നത്? പള്ളിക്കുന്നിൽ വലതുഭാഗത്തേയ്ക്ക് മുണ്ടുടുത്ത ചിത്രം, നാറാത്ത് ഇടതുഭാഗത്ത് മുണ്ടുടുത്ത ചിത്രം. ഇതാണ് അദ്ദേഹം തെരഞ്ഞെടുപ്പിൽ പ്രചരിപ്പിച്ചത്. അദ്ദേഹത്തിന്റെ നിയമസഭാ സാമാജികത്വം എങ്ങനെ റദ്ദ് ചെയ്യപ്പെട്ടു? വർഗ്ഗീയത പ്രചരിപ്പിച്ചതിന്റെ പേരിലാണ് അദ്ദേഹത്തിന്റെ നിയമസഭാ സമാജികത്വം റദ്ദ് ചെയ്യപ്പെട്ടത്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ഈ സഭയിലെ ഒരു ബഹുമാന്യ അംഗത്തിന്റെ പേര് വക്രീകരിക്കുന്നതും വേറൊരു രീതിയിലുള്ള ചിത്രീകരണം നൽകുന്നതും ശരിയാണോ; ഈ സഭയിൽ അപ്രകാരം ഉന്നയിക്കാമോ?

<u>ശ്രീ. എ. എൻ. ഷംസീർ</u>: ഇതൊക്കെ നാട്ടിൽ ആളുകൾ പറയുന്ന കാര്യമാണ്. ഞാൻ പറയുന്നതല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതി അംഗത്വം റദ്ദുചെയ്ത വ്യക്തിയാണ്. ഇവിടെ ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ദയയിൽ മാത്രമാണ് നിൽക്കുന്നത്. അപ്പെക്സ് കോടതി ഡിസ്മിസ് ചെയ്താൽ ഏത് സമയവും അദ്ദേഹത്തിന്റെ അംഗത്വം റദ്ദ് ചെയ്യാം. അങ്ങനെ അംഗത്വം റദ്ദ് ചെയ്യാൻ സാധിക്കുന്നൊരു വ്യക്തി. എനിക്കിവിടെ ഒരു കാര്യമേ സൂചിപ്പിക്കാനുള്ളൂ, കഴിഞ്ഞ നിയമസഭയ്ക്കകത്ത് ശ്രീ. നരേന്ദ്ര മോദി ഫാൻസ് ക്ലബ്ബിന് ജനറൽ സെക്രട്ടറിയും പ്രസിഡന്റുമുണ്ടായിരുന്നു. അതിലൊന്ന് ഞങ്ങളുടെ പഴയ നേതാവ് ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ആയിരുന്നു. ആ ജനറൽ സെക്രട്ടറി ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി ഇപ്പോൾ ബി.ജെ.പി.-യിലേക്ക് പോയി. പ്രസിഡന്റ് ഇപ്പോൾ ഈ നിയമസഭയിലുണ്ട്, അത് ശ്രീ. കെ. എം. ഷാജിയാണ്. എപ്പോഴാണ് അദ്ദേഹം ശ്രീ. എ. പി. അബ്ദുള്ളക്കുട്ടിയുടെ പാതയിലൂടെ ശ്രീ. നരേന്ദ്ര മോദിയിലേക്ക് പോകുന്നതെന്നറിയില്ല. ശ്രീ. കെ. എം. ഷാജി ഞങ്ങളുടെ നാട്ടിൽ വന്ന് പ്രസംഗിച്ചത് ശ്രീ. നരേന്ദ്ര മോദി ഹിന്ദുത്വത്തിന്റെ ആളല്ല എന്നാണ്. ഈ അഭിപ്രായം ശ്രീ. പാണക്കാട് തങ്ങൾക്കോ ലീഗിന്റെ പാർലമെന്ററി പാർട്ടിക്കോ ഉണ്ടോ? മതന്യൂനപക്ഷങ്ങളെ കൊന്നൊടുക്കുന്നില്ലെന്നാണ് അദ്ദേഹം പ്രസംഗിച്ചത്. ശ്രീ. കെ. എം. ഷാജിയുടെ പ്രസംഗം വേണമെങ്കിൽ എന്റെ മൊബൈലിലുണ്ട്, കേൾപ്പിക്കാൻ ഞാൻ തയ്യാറുമാണ്. അതുകൊണ്ട് ശ്രീ. നരേന്ദ്ര മോദിയെ പുകഴ്ത്തുന്നവർ ഞങ്ങളെ രാഷ്ട്രീയം പഠിപ്പിക്കാൻ വരണ്ട. അതുമാത്രമല്ല ഓരോ കാലഘട്ടത്തിലും അവസരവാദ രാഷ്ട്രീയം പ്രയോഗിച്ച പാർട്ടിയാണ് മുസ്ലീം ലീഗ്. ശ്രീ. നരേന്ദ്ര മോദിയെ പുകഴ്ത്തുന്നതുമായി ബന്ധപ്പെട്ട് നിയമസഭയ്ക്കകത്ത് പാർലമെന്ററി പാർട്ടിയിലെ ഒരംഗം നടത്തിയ പരാമർശത്തോട് ലീഗ് യോജിക്കുന്നുണ്ടോ ഇല്ലയോ എന്ന് മുസ്ലീം ലീഗ് നേതൃത്വം പറയണം. അദ്ദേഹം ശ്രീ. നരേന്ദ്ര മോദി ഫാൻസ് ക്ലബ്ബിന്റെ ഭാരവാഹിയായി മാറിക്കൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മുസ്ലീം ലീഗിന്റെ ഓരോ കാര്യങ്ങളും ഇവിടെ സൂചിപ്പിക്കുന്നില്ല. നേരത്തെ മുസ്ലീം ലീഗിന്റെ യോഗത്തിൽ ബിരിയാണി മാത്രമാണ് നൽകിയിരുന്നത്. ഇപ്പോൾ ബിരിയാണിക്കുപുറമെ നൽകുന്നത് പാലാരിവട്ടം പാലത്തിൽനിന്ന് കിട്ടിയ അഞ്ച് ചാക്ക് സിമന്റാണ്. എവിടെപ്പോയി? നിങ്ങളിപ്പോൾ രാഷ്ട്രീയത്തിന്റെ അജണ്ട മാറ്റാൻ ശ്രമിക്കുകയാണ്. പാലാരിവട്ടം പാലത്തിൽ സിമന്റില്ല, കമ്പി ആവശ്യത്തിനില്ല. ആരാണ് ഇത് നിർമ്മിച്ചത്? ഒരു സംശയവും നിങ്ങൾക്ക് വേണ്ട ഉപ്പുതിന്നവൻ വെള്ളം കുടിക്കുമെന്ന് പറഞ്ഞതു പോലെ പാലാരിവട്ടം പാലത്തിന് പിന്നിലെ അഴിമതിക്ക് നേതൃത്വം കൊടുത്ത മുസ്ലീം ലീഗ് അതിന് മറുപടി പറയേണ്ടിവരും. അഞ്ചാം മന്ത്രി സ്ഥാനത്തിനുവേണ്ടി

ലീഗ് അടിക്കുടി. ഞങ്ങൾ വിചാരിച്ചു എന്താണിപ്പോൾ ഇങ്ങനെയൊരു വകുപ്പ് എന്ന്. നോക്കുമ്പോൾ ലീഗിന് കളക്ടർ മന്ത്രിയുണ്ട് കളക്ഷൻ നടത്താൻ. അദ്ദേഹത്തിന് കൊടുത്ത പദവി കളക്ഷനാണ്. പരമാവധി കളക്ട് ചെയ്യുക, ഞങ്ങളുടെ ഓഫീസിലെത്തിക്കുക, ബാക്കി പാണക്കാടെത്തിക്കുക. ഇവിടെ പൊതുമരാമത്ത് വിഭാഗത്തിലെ കോൺട്രാക്ടർമാരിൽനിന്നും അതുപോലുള്ള മറ്റ് ആളുകളിൽനിന്നും കളക്ഷൻ നടത്തിയതിന്റെ ഭാഗമായാണ് പാലാരിവട്ടത്തിന്റെ സിമന്റ് ചോർന്നുപോയത്. പാലാരിവട്ടം പാലം എന്തുകൊണ്ട് തകർന്നു; ആ അവസ്ഥയിലേയ്ക്കെത്തിച്ചത് ആരാണ്? ഇതിന്റെയെല്ലാം ഉത്തരവാദിത്വം ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനാണ്. ഞങ്ങൾക്ക് തിരിച്ചടിയേറ്റു, പക്ഷേ ഞങ്ങളൊരു കാര്യം പറയാം ബഹുമാനപ്പെട്ട ശ്രീ. പിണറായി വിജയൻ നേതൃത്വം നൽകുന്ന സർക്കാർ സിക്സറടിച്ചുകൊണ്ട് കേരളത്തിലേക്ക് തിരിച്ചുവരും. ആറ് നിയമസഭാ മണ്ഡലങ്ങളിലും ഉജ്ജ്വലമായ വിജയം കരസ്ഥമാക്കി ഞങ്ങൾ തലയുയർത്തിത്തന്നെ അടുത്ത നിയമസഭാ സെഷനിൽ ഇവിടെ വന്നിരിക്കുമെന്ന് മാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനയെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

3.00 P.M.]

ശ്രീ. പുരുഷൻ കടലുണ്ടി: സർ, കാലാനുസൃതമായ അറിവും കർമ്മശേഷിയുമുണ്ടാക്കുന്ന വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്നീ ധനാഭ്യർത്ഥനയെ ഞാൻ അഭിമാനപൂർവ്വം പിന്തുണയ്ക്കുന്നു. സത്യസന്ധമായും യുക്തിസഹമായും ചിന്തിക്കുന്ന ഏതൊരാൾക്കും ഇതിനെ പിന്തുണയ്ക്കാതിരിക്കാൻ കഴിയില്ല. "ഭാഷ തന്നെയാണ് സംസ്കാരം, അത് നമ്മുടെ തിരിച്ചറിവിന്റെ അടയാളവുമാണ്." 'ഇരകളുടെ സംഗീതം' എന്ന കഥാസമാഹാരത്തിലെ 'മേൽവിലാസം തേടി' എന്ന കഥയിലെ വരികളാണ് മുകളിൽ ഉദ്ധരിച്ചത്. മലയാളത്തിനും മാതൃഭാഷയ്ക്കുംവേണ്ടി നിലകൊള്ളുന്നൊരു സർക്കാരാണിത്. ലോകത്തെമ്പാടുമുള്ള മലയാളികൾക്ക് മാതൃഭാഷാ പഠനത്തിന് അവസരമൊരുക്കാൻ രൂപം നൽകിയ മലയാളം മിഷൻ നടത്തുന്ന പ്രവർത്തനങ്ങൾ അഭിമാനകരമാണ്. 'എവിടെയെല്ലാം മലയാളികൾ, അവിടെയെല്ലാം മലയാളം' എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കാനുള്ള പ്രയത്നത്തിലാണ് നമ്മൾ. കുറഞ്ഞ കാലംകൊണ്ടുതന്നെ മലയാള മിഷന്റെ പ്രവർത്തനം പ്രവാസി കൾക്കിടയിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടുണ്ട്. ഇന്ത്യയ്ക്കകത്തും പുറത്തുമായി ഏകദേശം 20000 വിദ്യാർത്ഥികൾ ഇതിനകം മലയാളം മിഷന്റെ ഭാഗമായിക്കഴിഞ്ഞുവെന്ന ചാരിതാർത്ഥ്യത്തോടെയാണ് ഞാൻ സംസാരിക്കുന്നത്. മലയാളം മിഷന്റെ പ്രവർത്തനങ്ങൾ കൂടുതൽ സംസ്ഥാനങ്ങളിലേയ്ക്കും രാജ്യങ്ങളിലേയ്ക്കും

വ്യാപിപ്പിക്കേണ്ടിയിരിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ കൈവന്ന ചടുലതയും ഊഷ്മളതയും പ്രവാസി മലയാളികളിൽ സർക്കാരിനെക്കുറിച്ചുള്ള മതിപ്പ് വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ഇതിന്റെ ഫലമായി ലോക കേരള സഭയുടെ വിവിധ സമൂഹത്തെ പ്രതിനിധാനം ചെയ്ത അംഗങ്ങൾ അവർ താമസിക്കുന്ന പ്രത്യേക പ്രദേശത്തും രാജ്യത്തും മലയാളം മിഷന്റെ പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന മുദ്രാവാക്യം സാക്ഷാത്കരിക്കാൻ നടത്തിയ വകുപ്പിന്റെ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു.

സാംസ്കാരിക വകുപ്പിനുകീഴിലുള്ള സ്റ്റേറ്റ് ബുക്ക് മാർക്കിന്റെ പ്രവർത്തനങ്ങൾ ഈ അവസരത്തിൽ ചർച്ച ചെയ്യേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണ്. ഇരുപതിൽപ്പരം സർക്കാർ സ്ഥാപനങ്ങളുടെയും സ്വകാര്യ സ്ഥാപനങ്ങളുടെയും പ്രസാധകരുടെയും പുസ്തകങ്ങൾ വിറ്റഴിക്കുകയെന്ന ലക്ഷ്യത്തോടുകൂടി ബുക്ക് മാർക്ക് നടത്തുന്ന പ്രവർത്തനത്തെ അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. പന്ത്രണ്ട് ജില്ലകളിലായി പതിനാല് ശാഖകളുള്ള ഈ സ്ഥാപനത്തിന്റെ പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. ആശയങ്ങൾ ചേർത്തുവച്ച ആയുധപ്പുരകളാണ് ഓരോ പുസ്തകങ്ങളും. ഫാസിസത്തിനെതിരെ പടപൊരുതാനുള്ള ആയുധമാകാൻ പുസ്തകങ്ങൾക്ക് കഴിയും.

മറ്റൊന്ന് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടാണ്. സർവ്വകലാശാല തലത്തിൽ അദ്ധ്യയന മാധ്യമമായി മലയാളഭാഷയെ സജ്ജമാക്കുക എന്നതായിരിക്കണം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപകലക്ഷ്യം. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി പാഠപുസ്തകങ്ങൾ, പരാമർശപുസ്തകങ്ങൾ, നിഘണ്ടുകൾ, ശബ്ദതാരാവലികൾ, സാങ്കേതിക ശബ്ദതാരാവലികൾ, വൈജ്ഞാനിക ഗ്രന്ഥങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. 4576 വൈജ്ഞാനിക ഗ്രന്ഥങ്ങൾ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് മലയാള ഭാഷയ്ക്കും സംസ്കാരത്തിനും ഈടുറ്റ മുതലാണ്. അന്താരാഷ്ട്ര പുസ്തകോത്സവങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് നടത്തിവരുന്നുണ്ട്. പുസ്തക പ്രകാശനങ്ങളും സാംസ്കാരിക സമ്മേളനങ്ങളും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനെല്ലാമാവശ്യമായ തുക നൽകി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കാൻ ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുന്നുവെന്നത് ആശ്വാസകരമാണ്. വർത്തമാനകാലത്ത് കേരള സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, ഫോക്‌ലോർ അക്കാദമി എന്നിവ നല്ല ഇടപെടലുകളാണ് നടത്തുന്നത്. പക്ഷേ ഇത് ആൾക്കൂട്ടത്തിന്റെ പ്രവർത്തനങ്ങളായി മാത്രം നിന്നുകൂടാ. വളരെ ശാസ്ത്രീയമായി ജനങ്ങളിലേയ്ക്കെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തണം. ഫോക്‌ലോർ അക്കാദമി 'ഗദ്ദിക' എന്ന പരിപാടിയുമായി ജനങ്ങളിലേയ്ക്കെത്തിയപ്പോൾ പട്ടികജാതി

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുൾപ്പെടെ നിരവധിയാളുകൾ ഇതിൽ പങ്കെടുക്കുകയും കോടി ക്കണക്കിന് രൂപയുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുകയും ചെയ്തു. ഈ പദ്ധതി ഒരിക്കൽക്കൂടി എല്ലാ ജില്ലയിലും നടത്തണം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അടക്കമുള്ള സാംസ്കാരിക സ്ഥാപനങ്ങളെ ചരിത്രത്തിന്റെ ഏറ്റവും മികച്ച പ്രവർത്തനങ്ങളിലേയ്ക്ക് നയിക്കുന്ന, അതിന്റെയെല്ലാം ചുക്കാൻ പിടിക്കുന്ന ബഹുമാനപ്പെട്ട സാംസ്കാരിക വകുപ്പുമന്ത്രിയെ അഭിനന്ദിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. വിജ്ഞാനം സാധാരണ ജനങ്ങളിലെത്തിക്കുക, മലയാളികളുടെ സാംസ്കാരിക അവബോധം ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി പ്രവർത്തിക്കുന്ന കേരള സംസ്ഥാന സർവ്വ വിജ്ഞാനകോശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം നേട്ടങ്ങളിൽ എടുത്തു പറയേണ്ടതാണ്. മലയാളത്തിലെ സർവ്വ വിജ്ഞാനകോശങ്ങളിൽ ഗുണനിലവാരമുള്ളതും പണ്ഡിതോചിതവും വിഷയാധിഷ്ഠിതവുമായ വിജ്ഞാന കോശങ്ങൾ പ്രസിദ്ധീകരിച്ചുവരുന്ന സ്ഥാപനങ്ങളെയും ഞാൻ അഭിനന്ദിക്കുന്നു. ഇന്നത്തെ സാഹചര്യത്തിൽ സാംസ്കാരിക മേഖല സജീവമാക്കി നിലനിർത്തുന്നതിൽ സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ മാതൃകാപരവും ദീർഘവീക്ഷണമുള്ളതുമാണ്. സാംസ്കാരിക പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മലയാള സിനിമാരംഗത്തെ വിശ്വോത്തര പ്രശസ്തിയാർജ്ജിച്ച സംവിധായകനായിരുന്നു രാമു കാര്യാട്ട്. ചെമ്മീൻ എന്ന ഒറ്റ സിനിമ മതി അദ്ദേഹത്തെ ഓർക്കാൻ. പക്ഷേ, അദ്ദേഹത്തിന്റെ ജന്മദേശത്ത് ഒരു സ്മാരകം ഇതുവരെയുണ്ടായിട്ടില്ല. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. അതുപോലെ അടുത്ത മാസം 8-ാം തീയതി എൻ. എൻ. കക്കാടിന്റെ സ്മാരകത്തിന് ബഹുമാനപ്പെട്ട മന്ത്രി തറക്കല്ലിടാൻ പോകുകയാണ്. ഒരു കോടി അൻപത് ലക്ഷം രൂപയാണ് അതിനായി അനുവദിച്ചിരിക്കുന്നത്. ബി.ആർ. അംബേദ്കർ ആർട്സ് & സയൻസ് കോളേജ് കെട്ടിടം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു. ആറ് എഞ്ചിനീയറിംഗ് കോളേജിന് 55 കോടി രൂപ കിഫ്ബിയിലൂടെ അനുവദിച്ചു. സംസ്ഥാനത്തെ ആദ്യത്തെ ഡിജിറ്റൽ യു.പി. സ്കൂൾ എന്റെ മണ്ഡലത്തിലാണ്. പെൺകുട്ടികൾക്കായുള്ള 40 ടോയ്‌ലെറ്റ് കോംപ്ലക്സ് അന്താരാഷ്ട്ര നിലവാരത്തിലാണ് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി നിർമ്മിച്ചിട്ടുള്ളത്.

21 സ്കൂളുകളെയാണ് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ സാംഗ്ഷൻ കിട്ടിയത്. അതിൽ മൂന്ന് സ്കൂളുകൾക്ക് അടുത്തദിവസംതന്നെ വിദ്യാഭ്യാസ വകുപ്പുമന്ത്രി തറക്കല്ലിടും. 5 കോടി രൂപ ചെലവാക്കി നിർമ്മിച്ച ഒരു സ്കൂളിന്റെ ഉദ്ഘാടനം രണ്ട് മാസത്തിനുള്ളിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി നടത്തും. പി. ടി. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിനെ സിന്തറ്റിക് ട്രാക്ക് സൗകര്യമുള്ള സ്കൂളായും

ജനങ്ങൾക്ക് ഉപകാരപ്രദമാകുന്ന രീതിയിലേയ്ക്കും മാറ്റാൻ മന്ത്രി ശ്രദ്ധിക്കുമെന്നാണ് എന്റെ വിശ്വാസം. സമഗ്രവികസനം, വിദ്യാഭ്യാസരംഗം, കായികരംഗം തുടങ്ങിയവ നോക്കുമ്പോൾ പി. ടി. ഉഷ സ്കൂൾ ഓഫ് അത്‌ലറ്റിക്സിന്റെ വികസനകാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ് എന്റെ അഭിപ്രായം.

S.I.E.T (State Institute of Educational Technology) പോർട്ടൽ ഉപയോഗിച്ച് സ്കൂൾ ലൈബ്രറികൾ നവീകരിക്കുന്നുണ്ട്. ക്ലാസ് മുറികളിൽ വായനയുടെ വസന്തം സൃഷ്ടിക്കുകയും മികച്ച പുസ്തകങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുകയും ചെയ്യുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് അവിടെ നടപ്പിലാക്കുന്നത്. S.I.E.T-യ്ക്ക് മൂന്ന് ദേശീയ അവാർഡുകൾ നേടാൻ കഴിഞ്ഞത് എടുത്തുപറയേണ്ട കാര്യമാണ്. വിദ്യാഭ്യാസ സാങ്കേതിക മേഖലയിലുണ്ടാകുന്ന പുതിയ വികാസങ്ങൾ അദ്ധ്യാപകർ മനസ്സിലാക്കേണ്ടതുണ്ട്. എം.ആർ.എസ്.-കളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വ്യക്തിത്വ വികസനത്തിനും ഭാവിയിൽ എന്താകണമെന്ന ദിശാബോധം നൽകുന്നതിനുംവേണ്ടിയാണ് S.I.E.T പ്രവർത്തിക്കുന്നത്. മൊബൈൽ ആപ്പ്, ദൂരദർശൻ, ആകാശവാണി എന്നിവയിലെ 'കളികളിലൂടെ കേട്ടുപഠിക്കാം' എന്ന പദ്ധതി വളരെ ആകർഷകമാണ്. പ്രതിഭാപോഷണത്തിന് ടാലന്റ് ലാബ്, ചലച്ചിത്ര നിർമ്മാണ ശില്പശാലകൾ എന്നിവ നടപ്പിലാക്കുന്നുണ്ട്. സയൻസിൽ നോബൽ സമ്മാനം നേടിയ ശ്രീ. റിച്ചാർഡ് റോബർട്ടിനെ എഴുപത് പെൺകുട്ടികളാണ് അഭിമുഖം നടത്തിയിട്ടുള്ളത്. അവരൊക്കെ അത്ഭുതകരമായ സാംസ്കാരിക ചർച്ചയ്ക്ക് വിധേയമായത് നമുക്ക് അഭിമാനകരമാണ്. കേന്ദ്ര ഫണ്ട് നിർത്തലാക്കുകയും യു.ഡി.എഫ്. സർക്കാർ പൂട്ടാൻ തീരുമാനിക്കുകയും ചെയ്ത S.I.E.T-യെ എൽ.ഡി.എഫ് സർക്കാർ 1.34 കോടി രൂപ പ്ലാൻ ഫണ്ടിൽനിന്ന് അനുവദിച്ചാണ് ശക്തിപ്പെടുത്തുന്നത്. അദ്ധ്യാപകരുടെ സ്വഭാവംവരെ ഇത് മാറ്റിയെടുത്തു.

ഗാന്ധിജിയെയും നെഹ്റുവിനെയും സുഭാഷ് ചന്ദ്രബോസിനെയും മറന്ന കോൺഗ്രസ്സ് ദേശീയ പാരമ്പര്യം അപമാനമായി കരുതുന്ന അവസരവാദികളുടെ ആൾക്കൂട്ടമായി മാറിയതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. വിമോചന സമരവും അടിയന്തരാവസ്ഥയും അഴിമതിയും കുടുംബവാഴ്ചയും സാമ്രാജ്യത്വ രഹസ്യവും ദാസ്യപ്പണിയും മാത്രം കൈമുതലായ കോൺഗ്രസ്സ് നയമോ നിലപാടോ ഇല്ലാത്ത ആൾക്കൂട്ടമായി മാറുന്നതുകൊണ്ടാണ് തായാട്ട് ശങ്കരനും സുകുമാർ അഴിക്കോടും കോൺഗ്രസ്സ് സംസ്കാരത്തോട് വിടപറഞ്ഞത്. സാഹിത്യത്തിലും കലയിലും സാംസ്കാരിക പ്രവർത്തനത്തിലും ശക്തമായ പ്രതിരോധ പ്രവർത്തനം ആവശ്യപ്പെടുന്ന വർത്തമാനകാലത്ത് മനുഷ്യന്റെ ചിന്താസ്വാതന്ത്ര്യവും ജനാധിപത്യമൂല്യങ്ങളും കാത്തുസൂക്ഷിക്കണമെങ്കിൽ പരന്ന വായന അല്ലെങ്കിൽ ആഴത്തിലുള്ള വായന അനിവാര്യമാണ്. സാംസ്കാരിക പ്രവർത്തകരെയും ഗ്രന്ഥശാലാ പ്രവർത്തകരെയും പോലെ സർക്കാരും ഇത് തിരിച്ചറിയുന്നുവെന്നതാണ് ഈ സർക്കാരിന്റെ ഗുണം.

ലൈബ്രേറിയൻമാരുടെ അലവൻസ് വർദ്ധിപ്പിച്ചതും മറ്റ് ആനുകൂല്യങ്ങൾ നടപ്പിലാക്കുന്നതും അക്ഷരത്തിന്റെ വെളിച്ചം സമൂഹത്തിൽ എത്തിക്കാനായി എന്നതും പുതിയ തലമുറയെ അറിവിന്റെ ആയുധമണിയിക്കാൻ കൂടിയാണ്.

സംസ്ഥാനത്തിന്റെ സാംസ്കാരിക ചരിത്ര പൈതൃകത്തിന്റെ സൂക്ഷിപ്പുകളാണ് പുരാവസ്തുക്കൾ. അതിനാൽ അവയെക്കുറിച്ച് പരാമർശിക്കാതിരിക്കാൻ കഴിയില്ല. സംസ്ഥാന സാക്ഷരതാമിഷനുമായി ചേർന്ന് നടത്തിയ ചരിത്രരേഖാ സർവ്വേയിലൂടെ ഒരുപാട് അമൂല്യവസ്തുക്കൾ കണ്ടെത്താൻ കഴിഞ്ഞു. പുരാതന കോട്ടകൾ സംരക്ഷിക്കുന്നതിനായി വകുപ്പ് മുന്തിയ പരിഗണനയാണ് നൽകുന്നത്. മ്യൂസിയം, പുരാരേഖ, പുരാവസ്തു, എന്നിവ ചേർന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടത്തിവരുന്ന പ്രദർശനങ്ങൾക്കും സെമിനാറുകൾക്കും വലിയ സ്വീകാര്യതയാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത, കോളേജിൽ സംഘടിപ്പിച്ച പുരാവസ്തു-പുരാരേഖയുടെ പ്രദർശനവും കുട്ടികളുടെ സെമിനാറുകളുമെല്ലാം വലിയ പ്രതിഭാശാലികളെ ആകർഷിച്ച ഒന്നായിരുന്നു. അതുപോലെ മഹത്തായ പൈതൃകചൈതന്യം പുറംലോകത്തെ അറിയിക്കാനും ഇത്തരം ഇടപെടലുകൾക്ക് കഴിഞ്ഞുവെന്നത് സ്വാഗതാർഹമാണ്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. വിദ്യാഭ്യാസത്തെ സംബന്ധിച്ച് വ്യക്തിയും സമൂഹവും അംഗീകരിക്കപ്പെടേണ്ട ചില അടിസ്ഥാന നിലപാടുകളുണ്ട്. വിദ്യാഭ്യാസം ആരുടേയും ഔദാര്യമല്ല, ജനിച്ചുവീഴുന്ന ഏതൊരു കുഞ്ഞിന്റെയും അവകാശമാണ്. കുട്ടികളുടെ കഴിവുകളും താൽപ്പര്യങ്ങളും വ്യത്യസ്തമാണ്. കുട്ടികൾക്ക് ചില മേഖലയിലുണ്ടാകുന്ന പരിമിതികൾക്കുപോലും സാമൂഹികമായ വേരുകളുണ്ടാകുമെന്നാണ് പറയുന്നത്. Albert Einstein-ന്റെ പ്രശസ്തമായ ഒരു നിരീക്ഷണമുണ്ട് - "Everybody is a genius. But if you judge a fish by its ability to climb a tree, it will live its whole life believing that it is stupid." ഓരോ വ്യക്തിയും പ്രതിഭാശാലിയാണ്. എന്നാൽ, മത്സ്യത്തിന്റെ മരം കയറാനുള്ള കഴിവ് പരിശോധിച്ച് മൂല്യനിർണ്ണയം നടത്തിയാൽ ജീവിതകാലം മുഴുവൻ താനൊരു മണ്ടനാണെന്ന വിശ്വാസത്തിൽ ജീവിക്കേണ്ടിവരും. ഓരോ കുട്ടികൾക്കും തന്റെ ജന്മസിദ്ധമായ സാധ്യതകളെ പരമാവധി വികസിപ്പിക്കാൻ സഹായിക്കുന്ന വിദ്യാഭ്യാസം നൽകാൻ കഴിയണമെന്നതാണ് ഇതിനർത്ഥം. വിദ്യാഭ്യാസം എന്നത് പണത്തിന്റെ വലിപ്പമോ കമ്പോളതാല്പര്യമോ അനുസരിച്ച് തീരുമാനിക്കേണ്ട ഒന്നല്ല. അവസരസമത്വം, സാമൂഹ്യനീതി, ഗുണമേന്മ എന്നിവയാകണം ഇതിന്റെ ഉരകല്ല്. 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്രൊട്ടസ്റ്റന്റ് ബിഷപ്പായിരുന്ന Jan Amos Comenius എന്ന

ചിന്തകന്റെ വിദ്യാഭ്യാസ ദർശനംകൂടി പറഞ്ഞാൽ അത് കൂടുതൽ വ്യക്തമാകും. അത് ഇങ്ങനെയാണ്; 'വിവിധ ഗ്രന്ഥകാരന്മാരിൽനിന്നും സ്വരൂപിക്കുന്ന പദങ്ങളുടെയും ആശയങ്ങളുടെയും ശേഖരം കുട്ടികളുടെ തലയിൽ കുത്തിനിറയ്ക്കലല്ല വിദ്യാഭ്യാസം. ശരിയായ വിദ്യാഭ്യാസം വേണ്ടത് അവരുടെ അറിയാനുള്ള കഴിവിനെ പുറം ലോകത്തേയ്ക്ക് തുറന്നുവയ്ക്കലാണ്. അങ്ങനെ ചെയ്താൽ ഒരു മരത്തിലെ മുകുളത്തിൽ നിന്ന് ഇലകളും പൂക്കളും കായ്കളും പുറപ്പെടുന്നതുപോലെ അവരുടെ മനസ്സിൽ നിന്നും ജീവസ്സുറ്റ ഒരു ജലപ്രവാഹംതന്നെ നിർഗ്ഗളിക്കും.' ഇത്തരത്തിലുള്ള കാര്യങ്ങളാണ് വിദ്യാഭ്യാസ മേഖലയിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കേരളീയ സമൂഹം തുറന്നമനസ്സോടുകൂടി സ്വീകരിക്കുകയും ചെയ്തിരിക്കുന്നുവെന്നുള്ളത് സർക്കാരിന് ഏറെ അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഈ വർഷം ഒന്നാം ക്ലാസ്സിലേയ്ക്ക് പ്രവേശനം നേടിയ കുഞ്ഞുങ്ങളുടെ പ്രവാഹം അതിന് ഏറ്റവുംവലിയ തെളിവാണ്. 1.65 ലക്ഷം കുട്ടികളാണ് 2019-ൽ അഡ്മിഷൻ നേടിയിരിക്കുന്നത്. ഇത് പൊതുവിദ്യാഭ്യാസത്തെ ശരിയുടെ പാതയിലെത്തിച്ചിരിക്കുന്നുവെന്ന് കാണാൻ കഴിയും. യു.ഡി.എഫ്. ഭരണകാലത്തുണ്ടായിരുന്ന uneconomic അഥവാ അനാദായകരം എന്ന വാക്ക് ഇപ്പോൾ ജനങ്ങൾ മറന്നുപോയിരിക്കുന്നു. പൊതു വിദ്യാലയങ്ങളിൽ സർവ്വതലസ്പർശിയായ വികസനമാണ് ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നത്. "ഇന്നലെ ഞാനിരുന്ന ഇരുട്ടുമൂടിയ പൂമരച്ചോട്ടിൽ ഇന്നിതാ വെളിച്ചം തെളിഞ്ഞിരിക്കുന്നു". മികച്ചതെല്ലാം ചികഞ്ഞെടുത്ത് ഏറ്റവും മികച്ചതിനെ പുറത്തെടുക്കുക എന്ന വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ നയചാതുര്യം പ്രതിപക്ഷാംഗ ങ്ങൾപോലും ബഹുമാനിക്കുന്നൊരു സവിശേഷതയാണ്. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മപദ്ധതി ആരംഭിച്ചതോടുകൂടി വിദ്യാലയങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളിൽ വൻതോതിൽ വർദ്ധനവുണ്ടായിരിക്കുന്നു. യു.ഡി.എഫ്. ഭരണകാലത്തുനിന്നും വ്യത്യസ്തമായി അദ്ധ്യയനവർഷം ആരംഭിക്കുന്നതിനു മുമ്പ് പാഠപുസ്തകങ്ങളും യൂണിഫോമുകളും സൗജന്യമായി വിതരണം ചെയ്യുന്നു. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാനുള്ള മലയാള തിളക്കം, ഹലോ ഇംഗ്ലീഷ്, സുരീലി ഹിന്ദി എന്നീ പരിപാടികളും പഠനപിന്തുണ ആവശ്യമുള്ളവർക്ക് ശ്രദ്ധ എന്ന പരിപാടിയും ശാസ്ത്രവിഷയങ്ങളിൽ ആഭിമുഖ്യമുള്ളവർക്കായി ശാസ്ത്രജാലകം, പ്രതിഭാ പോഷിണി എന്നീ പദ്ധതികളും സംഘടിപ്പിച്ചു. ലൈബ്രറികളുടെ നവീകരണത്തിനായി വായനയുടെ വസന്തം എന്ന പേരിൽ ഒരു പോർട്ടൽ വികസിപ്പിച്ചു. ഇതിനെല്ലാംപുറമെ ഇരുന്നൂറോളം അദ്ധ്യയന ദിനങ്ങൾ ഉറപ്പാക്കാൻ കഴിഞ്ഞതും പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടതിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണ്. ഇത്രയ്ക്ക് കാര്യക്ഷമമായി പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം മുന്നോട്ടുപോകുമ്പോൾ പ്രതിപക്ഷം പഴയപല്ലവി പറഞ്ഞു നടക്കുകയാണ്. കുഞ്ചൻ നമ്പ്യാരുടെ കല്യാണ സൗഗന്ധികം എന്ന ഓട്ടം തുള്ളലിൽ,

"രാജ്യകാര്യങ്ങളിൽ ക്ലേശിയ്ക്കയെന്നൊരു

വ്യാജംനടിച്ചു സമസ്ത സാധുക്കളെ

തേജോവധം ചെയ്തു പിത്തമാർജിച്ചു കൊണ്ടാ-

ജീവനാന്തം കഴിയ്ക്കുന്നിതു ചിലർ " എന്നാണ് പറയുന്നത്. ഇത് പ്രതിപക്ഷത്തെക്കുറിച്ച് കുഞ്ചൻനമ്പ്യാർ എത്രയോ മുമ്പ് ആലോചിച്ചിട്ടുള്ള താണെന്ന് ആരെങ്കിലും പറഞ്ഞാൽ അവരെ കുറ്റം പറയാൻ കഴിയില്ലെന്നാണ് എനിക്ക് തോന്നുന്നത്. 6866 എൽ.പി. സ്കൂളുകൾ, 2986 യു.പി സ്കൂളുകൾ, 3119 ഹൈസ്കൂളുകൾ, 2077 ഹയർ സെക്കണ്ടറി സ്കൂളുകൾ, 389 വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകൾ എന്നിവയടങ്ങുന്ന അതിബൃഹത്തായ കേരള വിദ്യാഭ്യാസത്തിന്റെ പൊതുസംവിധാനം ഇന്ന് ഏറെ മുന്നോട്ടുപോയിരിക്കുന്നു. അദ്ധ്യാപകർ, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ പ്രവർത്തകർ എന്നിവരുൾപ്പെടെ അക്കാദമിക് സമൂഹത്തിനപ്പുറത്തേയ്ക്ക് രക്ഷിതാക്കളും ജനപ്രതിനിധികളുമടങ്ങുന്ന പൊതുസമൂഹത്തെയും കണ്ണികളാക്കാൻ സാധിച്ചുവെന്നു മാത്രമല്ല, വിദ്യാലയങ്ങൾ സമൂഹത്തിന്റേതാകണമെന്നും അവയെ നിലനിർത്തുന്നതിനും വികസിപ്പിക്കുന്നതിനും നിർണ്ണായകമായ ഉത്തരവാദിത്വം സമൂഹത്തിന് വഹിക്കാനുണ്ടെന്നുമുള്ള കോത്താരി കമ്മീഷന്റേതുൾപ്പെടെയുള്ള കാഴ്ചപ്പാട് ഉറപ്പിക്കാൻ കഴിഞ്ഞു എന്നതാണ് പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഏറ്റവും വലിയ നേട്ടമായി കണക്കാക്കേണ്ടത്.

140 നിയോജകമണ്ഡലങ്ങളിലെയും ഓരോ സ്കൂളുകൾ വീതം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയരുന്നത് പൊതുവിദ്യാലയങ്ങൾ ഭാവിയിൽ എങ്ങനെയാകണമെന്നതിന്റെ നല്ല സൂചകമാണ്. വിദ്യാലയങ്ങളെല്ലാം ഹൈടെക്കാക്കുന്ന പ്രവർത്തനം അതിവേഗം പുരോഗമിക്കുകയാണ്. എല്ലാ വിദ്യാലയങ്ങളിലും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള മാസ്റ്റർപ്ലാനും കൂടാതെ പഠന നിലവാരം ഉയർത്തുന്നതിനുള്ള അക്കാദമിക് മാസ്റ്റർപ്ലാനും ഇപ്പോൾ തയ്യാറായി ക്കൊണ്ടിരിക്കുകയാണ്. ഇത്തരത്തിൽ പൊതുവിദ്യാഭ്യാസം മെച്ചപ്പെട്ടത് പെട്ടെന്നുണ്ടായ സംഭവമല്ല, ഭാവനാസമ്പന്നമായ ആസൂത്രണം അതിവിദഗ്ദ്ധമായി നിറവേറ്റിയതിന്റെ ഫലമായുണ്ടായതാണ്. അങ്ങനെയാണ് ഈ വസന്തം വിടരുന്നത്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ വിജയത്തിനുപിന്നിൽ ചുക്കാൻപിടിച്ച പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനെ ആത്മാർത്ഥമായി അഭിനന്ദിക്കാൻ ഈ അവസരം പ്രയോജനപ്പെടുത്തുകയാണ്.

കായികരംഗത്തും ഈ സർക്കാർ ഒട്ടേറെ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. സംസ്ഥാനത്ത് 14 ജില്ലകളിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ട്രാക്ക്, 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി' പ്രകാരം പഞ്ചായത്തുകളിൽ സ്റ്റേഡിയം എന്നീ ലക്ഷ്യങ്ങൾ നിറവേറ്റുന്നതോടുകൂടി കേരളം ഇൻഡ്യയുടെ കായിക തലസ്ഥാനമായി മാറാൻ പോകുകയാണ്.

കലാ-സാംസ്കാരികരംഗങ്ങൾ പരിശോധിച്ചാൽ കാണുന്നതും നിരവധിയായ നേട്ടങ്ങളാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ നേതൃത്വത്തിൽ വൈജ്ഞാനിക ഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണം ഊർജ്ജിതമായി നടക്കുന്നു. കൂടാതെ കേരള ചരിത്രം ഓൺലൈനിലൂടെ പഠിപ്പിക്കാനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിരിക്കുന്നു. സമൂഹത്തിൽ വായനയുടെ വ്യാപനം ഉറപ്പു വരുത്തുന്നതിനായി 'ഒരു കുട്ടിക്ക് ഒരു പുസ്തകം' പദ്ധതി നടപ്പിലാക്കുന്നു. വിവര സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഗ്രന്ഥശാലകൾ നവീകരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു, ഗ്രാന്റ് വർദ്ധിപ്പിക്കുന്നു, സമ്പൂർണ്ണ വായനാ പ്രസ്ഥാനം ആരംഭിക്കാനുള്ള നടപടി സ്വീകരിച്ചിരിക്കുന്നു. സായാഹ്നങ്ങളിലും ഒഴിവുദിനങ്ങളിലും സ്കൂളുകളെ കലാപഠന കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുള്ള സ്കീമുകൾ തയ്യാറായിരിക്കുന്നു. കേരളത്തിന്റെ കലാ-സാംസ്കാരികരംഗം ഒട്ടേറെ ഗുണപരമായ മാറ്റത്തിന് വിധേയമാകുന്നുവെന്നത് അങ്ങേയറ്റം പ്രത്യാശയോടുകൂടിത്തന്നെ കാണാവുന്നതാണ്.

പൊതുവിദ്യാഭ്യാസ മേഖലയെയും അതിന്റെ പരിഷ്കാരത്തെയും സംബന്ധിച്ച് ആദ്യം പറഞ്ഞത് ഖാദർ കമ്മിറ്റി റിപ്പോർട്ടിലാണ്. ആരാണ് ഖാദർ കമ്മിറ്റിയെ നിയമിച്ചത്; ഉത്തരം പറയണ്ടേ? ആരാണ് ഖാദർ കമ്മിറ്റി അംഗങ്ങളെ തീരുമാനിച്ചത്? ഇപ്പോൾ വന്ന ആ റിപ്പോർട്ട് നടപ്പിലാക്കിയത് ഈ ഗവൺമെന്റാണെന്ന് മാത്രമേയുള്ളൂ. മറ്റെല്ലാം തീരുമാനിക്കപ്പെട്ടത് നിങ്ങളുടെ കാലത്താണ്. ഇപ്പോഴിത് നടപ്പിലാക്കുമ്പോൾ മാത്രമാണ് അതുസംബന്ധിച്ച് വലിയ ആശയ വ്യത്യാസങ്ങൾ വരുന്നത്. പൊതുസമൂഹം നിരന്തരമായി ആവശ്യപ്പെട്ടിരുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാൻ പോകുകയാണ്. അതുമാത്രമല്ല, ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അദ്ധ്യാപക സംഘടനകളും മറ്റുമായി ചർച്ച ചെയ്ത് ഒരു പൊതുസമവായമുണ്ടാക്കുന്നതിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഏറെ ശ്രദ്ധിച്ചിട്ടുണ്ടെന്ന് കാണാൻ കഴിയും.

എന്റെ മണ്ഡലത്തെ സ്പർശിക്കുന്ന ഒന്നുരണ്ട് കാര്യങ്ങൾകൂടി ഞാനിവിടെ രേഖപ്പെടുത്തുകയാണ്. ഇപ്രാവശ്യം പ്രളയത്തിൽ തകർന്നുപോയ വിദ്യാലയ ങ്ങളിൽ എയ്ഡഡ് മേഖലയിലേതും ഉൾപ്പെടുന്നുണ്ട്. 50% തുക സർക്കാരും 50% മാനേജ്മെന്റുമെടുക്കുന്ന ചലഞ്ച് ഫണ്ടുൾപ്പെടെ ആ സ്കൂളുകൾക്ക് ലഭ്യമാക്കാൻ കഴിയുമോയെന്ന കാര്യം പ്രത്യേകമായി പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കു കയാണ്. പണം മാത്രം നൽകാതെ പൊതുവിദ്യാഭ്യാസ മേഖലയെ ശക്തി പ്പെടുത്താൻ മറ്റുപല കാര്യങ്ങളും ചെയ്യാൻ കഴിയുമെന്ന് എനിക്ക് തോന്നുന്നു. കുട്ടികളുടെ പുസ്തകഭാരം കുറയ്ക്കുന്ന കാര്യം എത്രയോ പ്രാവശ്യം ആവശ്യപ്പെട്ടതാണ്. പാഠപുസ്തകത്തിന്റെ ഭാരം കുറഞ്ഞു. പക്ഷെ, ടെക്സ്റ്റ് ചെറുതാക്കിയിട്ടും പണ്ടെന്നോ ഒരു ദിവസം 200 പേജ് എന്ന് എഴുതിവന്ന അദ്ധ്യാപകൻ ഇപ്പോഴും 200 പേജ്

നോട്ടുബുക്ക് തന്നെയാണ് ആവശ്യപ്പെടുന്നത്. അതുണ്ടാക്കുന്ന അധികഭാരം കുട്ടികളെ സംബന്ധിച്ച് വളരെ വലുതാണ്. പ്രത്യേകിച്ച് ബസ് യാത്രയൊക്കെ ചെയ്തു പോകുന്ന കുട്ടികൾക്ക് നോട്ടുബുക്കുകൾ 100 പേജാക്കിയാൽത്തന്നെ വലിയ സൗകര്യമാകും. ബാഗുകളുടെ വലിപ്പം കുറയും, യാത്രാസൗകര്യം വർദ്ധിക്കും. അതൊക്കെ നമുക്ക് വലിയ പണച്ചെലവില്ലാതെതന്നെ ചെയ്യാൻ കഴിയുന്ന കാര്യങ്ങളാണ്. അത്തരം കാര്യങ്ങൾകൂടി ശ്രദ്ധയിലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുക യാണ്. അതുപോലെതന്നെ ചരിത്ര പഠനവുമായി ബന്ധപ്പെട്ട പുരാരേഖയുടെ കാര്യങ്ങളിൽ കുറച്ചുകൂടി ശാസ്ത്രീയമായി സമീപിക്കാൻ കഴിയുമെങ്കിൽ അതിലൂടെ നമ്മുടെ ചരിത്രത്തിലെ പഴയ കാര്യങ്ങളെയൊക്കെ പുത്തൻതലമുറയ്ക്ക് പരിചയപ്പെടുത്താൻ സാധിക്കും. അത്തരത്തിലുള്ള പഠനത്തിനുള്ള സാധ്യതകൂടി വിദ്യാലയങ്ങളിലു ണ്ടോയെന്ന് പരിശോധിക്കപ്പെടേണ്ടതാണ്.

എന്റെ മണ്ഡലത്തിലാണ് 'കുഞ്ഞാലു' എന്ന പേരിലറിയപ്പെടുന്ന ഹാസ്യ സാമ്രാട്ട് എന്ന് വിശേഷിപ്പിക്കുന്ന ബഹദൂർ ജനിച്ചത്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കു വേണ്ടി എന്തെങ്കിലും അർത്ഥവത്തായ ഒരു കാര്യം ചെയ്യാൻ സാധിക്കുമെങ്കിൽ അതുംകൂടി പരിഗണിക്കണമെന്നാണ് സ്പോർട്സ് വകുപ്പുമന്ത്രിയോട് പ്രത്യേകമായി എനിക്ക് ആവശ്യപ്പെടാനുള്ളത്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. പക്ഷെ അനന്തമായി നീണ്ടുപോകുന്ന പരീക്ഷകൾ, റിസൾട്ടുകൾ എന്നിവയുമായി ബന്ധപ്പെട്ട് ശക്തവും കൃത്യവുമായ നടപടിയുമായി മുന്നോട്ടുപോകണമെന്നുകൂടി ആവശ്യപ്പെടു കയാണ്. എല്ലാ രംഗത്തും ഈ ഗവൺമെന്റ് നന്നായി മുന്നോട്ടുപോകാൻ ശ്രമിക്കുന്നുണ്ട്. ഒരു ഇടതുപക്ഷ സർക്കാർ ശരിയുടെ പാതയിൽ അചഞ്ചലമായി മുന്നോട്ടുപോകുമ്പോൾ അതിനെ അതിശക്തമായി പിന്തുണയ്ക്കാൻ എല്ലാവർക്കും കഴിയും. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനയെ അനുകൂലിച്ചുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. എം. മുകേഷ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ പിന്തുണയ്ക്കുകയാണ്. കേരളം ഒരു നിശബ്ദവിപ്ലവത്തിന് സാക്ഷ്യംവഹിക്കുകയാണ്. വിദ്യാഭ്യാസ മേഖലയിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമാണ് ഞാനുദ്ദേശിക്കുന്നത്. സംസ്ഥാനത്തെ നൂറുകണക്കിന് പൊതുവിദ്യാലയങ്ങൾ വിജ്ഞാന കേന്ദ്രങ്ങളായി മാറിയിരിക്കുന്നു, ഗുണനിലവാരത്തോടൊപ്പം ഭൗതിക സാഹചര്യങ്ങളും മാറിയിരിക്കുന്നു. ഈ അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിൽ രണ്ടുലക്ഷം കുട്ടികൾ പുതിയതായി ചേർന്നുകഴിഞ്ഞു. കഴിഞ്ഞ വർഷം ഇത് 1.85 ലക്ഷമായിരുന്നു. അതിനുമുമ്പുള്ള വർഷം പുതിയതായി ചേർന്ന കുട്ടികളുടെ എണ്ണം 1.50 ലക്ഷമായിരുന്നു. ക്രമാനുഗതമായ വളർച്ച, എയ്ഡഡ്/അൺ-എയ്ഡഡ് സ്കൂളുകളെ മറികടക്കുന്ന

ആധുനിക സൗകര്യം എന്നിവ സർക്കാർ സ്കൂളുകൾ നേടിക്കഴിഞ്ഞിരിക്കുന്നു. സംസ്ഥാനത്തെ 1500 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെട്ടു. ഓരോ മണ്ഡലത്തിലും മികവിന്റെ കേന്ദ്രങ്ങളായി ഓരോ സ്കൂളുകൾ വേറെയും. ഒരു മാതൃകാദ്ധ്യാപകൻ കൂടിയായ ആദരണീയനായ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഈ മാറ്റങ്ങൾക്ക് നേതൃത്വം നൽകിയ ആളെന്ന നിലയിൽ പ്രത്യേകം അഭിനന്ദിക്കുന്നു. അടുത്ത സുഹൃത്തുക്കളും വിദ്യാർത്ഥികളും വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ 'മാഷ്' എന്നുചേർത്ത് വിളിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. ഒരു മാതൃകാദ്ധ്യാപകന്റെ മാതൃകാപൂർണ്ണമായ നേതൃത്വംകൊണ്ട് സംസ്ഥാനത്തെ സർക്കാർ സ്കൂളുകൾ മികവുറ്റ വിജ്ഞാനകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മികവ് കാണുമ്പോൾ ഞാൻ പഴയ ഒരു നാടകകാലം ഓർക്കുക യാണ്. അക്കാലത്ത് കാളിദാസ കലാകേന്ദ്രയിലും കെ.പി.എ.സി.-യിലുമൊക്കെ എല്ലാ കലാകാരന്മാരും ഏത് റോളും അഭിനയിക്കാൻ തയ്യാറാകണമെന്നുള്ള ഒരു വ്യവസ്ഥയുണ്ടായിരുന്നു. ചെറുതോ വലുതോ ആയിട്ടുള്ള ഏതെങ്കിലും കഥാപാത്രം അവതരിപ്പിക്കുന്ന ആൾ വന്നില്ലെങ്കിൽ മറ്റൊരാൾ പകരമാകണം എന്നുള്ളതുകൊണ്ടായിരുന്നു ആ വ്യവസ്ഥ. കഴിഞ്ഞ ദിവസം ആരോഗ്യ വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറയുന്നതുകേട്ടപ്പോൾ നാടകലോകത്തെ ആ കീഴ്വഴക്കമാണ് ഓർമ്മവന്നത്. സ്വന്തം വകുപ്പുപോലെ, മറ്റൊരു വകുപ്പിലെ പ്രശ്നങ്ങൾക്ക് മറുപടി നൽകിയ പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനെ എത്ര അഭിനന്ദിച്ചാലും മതിയാകില്ല. അർപ്പണബോധമുള്ള ഒരു ഭരണാധികാരിക്ക് മാത്രമേ ഇത്തരം സന്ദർഭങ്ങളിൽ മികവ് തെളിയിക്കാൻ കഴിയൂ. 8 മുതൽ 12 വരെയുള്ള 45000 ക്ലാസ് മുറികൾ ഹൈടെക്കാക്കി മാറ്റിയിരിക്കുന്നു. അദ്ധ്യയന വർഷം തുടങ്ങിയപ്പോൾ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ഒരു ലേഖനം പത്രങ്ങളിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ലഹരിവിമുക്തവും മാലിന്യവിമുക്തവുമായ വിദ്യാലയ വർഷമാണ് അദ്ദേഹം ആശംസിച്ചത്. മാനവികതയും മൂല്യബോധവുമാകണം വിദ്യാഭ്യാസത്തിലൂടെ ആർജ്ജിക്കേണ്ടത്. പൊതുവിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കുകവഴി സർക്കാർ നൽകുന്ന സന്ദേശവും ഇതാണ്. രാഷ്ട്രീയമായ മുൻവിധികൾ മാറ്റിവച്ച് പ്രതിപക്ഷം സർക്കാരിന്റെ വിദ്യാഭ്യാസ മേഖലയിലെ നിശബ്ദവിപ്ലവത്തെ ഉൾക്കൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. വിദ്യാഭ്യാസത്തിന്റെ മികവും ഗുണനിലവാരവുമാണ് ഈ സർക്കാർ ഉയർത്തിയത്. കുട്ടികളുടെ ഭൗതിക നിലവാരവും മാനവീകതയും വികസിക്കുക എന്നതാണ് ലക്ഷ്യം. ജസ്റ്റിസ് കെ. ടി. തോമസിന്റെ 'മുൻവിധികളില്ലാതെ' എന്ന അനുഭവക്കുറിപ്പിൽ പരാമർശിക്കപ്പെട്ട ഒരു കഥ ഓർമ്മവരികയാണ്. ഒരു പ്രൊഫസർ ഏകാഗ്രമായ വായനയിലാണ്. ചെറിയ കുട്ടിയായ മകൻ ഇടയ്ക്കിടയ്ക്ക് ശല്യപ്പെടുത്തുന്നു. പ്രൊഫസർ മകന് ഒരു

ജോലി കൊടുത്തു. ഒരു വലിയ ഭൂപടമെടുത്ത് പലതായി കീറിയതിനുശേഷം കൃത്യമായി ഒട്ടിച്ചുകാണിക്കാൻ കുട്ടിയോട് പറഞ്ഞു. അത്ഭുതം! കുട്ടി പെട്ടെന്നുതന്നെ ഭൂപടം നേരെയാക്കി ഒട്ടിച്ചുകാണിച്ചു. എങ്ങനെ? ഭൂപടത്തിന്റെ മറുപുറത്ത് ഒരു മനുഷ്യന്റെ ചിത്രമായിരുന്നു. കീറിയ തുണ്ടുകൾ ചേർത്ത് കുട്ടി മനുഷ്യരൂപം കൃത്യമായി ഒട്ടിച്ചെടുത്തപ്പോൾ ഭൂപടവും കൃത്യമായി. മനുഷ്യൻ നേരെയായാൽ രാജ്യങ്ങളും നേരെയാകുമെന്ന് അർത്ഥം. മാനവികതയും വിജ്ഞാനവും ലോകവീക്ഷണവും കുട്ടികളിൽ വളർത്തുകയാണ് പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിലൂടെ സംസ്ഥാന സർക്കാർ ചെയ്യുന്നത്. കഴിഞ്ഞ സർക്കാർ കീറിയെറിഞ്ഞ സാംസ്കാരിക ഭൂപടത്തെ മാനവികതയെന്ന മാതൃകയിലൂടെയാണ് ഞങ്ങൾ വീണ്ടെടുത്തത്.

കേരളത്തിന്റെ കായികരംഗത്ത് മുമ്പൊരിക്കലും ഉണ്ടായിട്ടില്ലാത്തത്ര മുന്നേറ്റമാണ് ഈ സർക്കാർ നടത്തിയത്. 3533 മലയാളി കായിക താരങ്ങൾക്ക് ഇതുവരെ വിവിധ മേഖലകളിലെ മികച്ച പ്രകടനത്തിന് 9.72 കോടി രൂപ കാഷ് അവാർഡായി നൽകിക്കഴിഞ്ഞു. വിവിധ ജില്ലകളിലായി 24 സിന്തറ്റിക് ട്രാക്കുകൾ രൂപംകൊള്ളുകയാണ്. 14 ജില്ലാ സ്റ്റേഡിയങ്ങൾക്കായി 700 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കിവരുന്നു. ഏതുതരം വിമർശനങ്ങളെയും എക്കാലത്തും സ്പോർട്സ്മാൻ സ്പിരിറ്റോടെ നേരിടുന്ന കായിക വകുപ്പുമന്ത്രി ശ്രീ. ഇ. പി. ജയരാജനെ കായികരംഗത്തെ വൻകുതിച്ചുചാട്ടത്തിന്റെ പേരിൽ ഞാൻ അഭിനന്ദിക്കുകയാണ്. എന്നെ വ്യക്തിപരമായി കൂടുതൽ ആകർഷിച്ചത് കായിക വകുപ്പിന്റെ കീഴിൽ പൂർത്തിയായിവരുന്ന 40 ഫുട്ബോൾ മൈതാനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങളാണ്. ഇതിൽ നാലെണ്ണത്തിന്റെ നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. കേരളത്തിന്റെ ഫുട്ബോൾ സംസ്കാരത്തെ തിരികെ കൊണ്ടുവരാനുള്ള ചരിത്രപരമായ ദൗത്യമാണ് കായിക വകുപ്പുമന്ത്രി ഏറ്റെടുത്തിരിക്കുന്നത്.

ഞങ്ങളുടെ തലമുറയ്ക്ക് ഫുട്ബോൾ ജീവിതശൈലിയായിരുന്നു. ഫുട്ബോൾ കേവലം വിനോദം മാത്രമായിരുന്നില്ല, വികാരമായിരുന്നു. ഇന്ത്യയിൽ ഫുട്ബോൾ ആവേശം ഏറ്റവും കൂടുതലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ഒരുകാലത്ത് കണ്ണൂർ മുതൽ തിരുവനന്തപുരംവരെ ഒന്നാംകിട ഫുട്ബോൾ ക്ലബ്ബുകൾ അണി നിരന്നിരുന്നു. കണ്ണൂർ ശ്രീനാരായണ, കോഴിക്കോട് സേട്ട് നാഗ്ജി, തൃശ്ശൂർ ചാക്കോളാസ്, കോട്ടയം മാമ്മൻ മാപ്പിള, കൊല്ലം മുനിസിപ്പൽ ട്രോഫി, തിരുവനന്തപുരം ജി.വി.രാജ തുടങ്ങിയ വൻകിട ടൂർണമെന്റുകൾകൊണ്ട് കേരളം സജീവമായിരുന്നൊരു കാലമുണ്ടായിരുന്നു. പ്രീമിയർ ടയേഴ്സ്, ടൈറ്റാനിയം, കുണ്ടറ അലിൻഡ്, കെ.എസ്.ആർ.ടി.സി. തുടങ്ങിയ പോയകാലത്തെ പ്രതാപികളായ ടീമുകൾ മലയാളികളുടെ കായിക സംസ്കാരത്തെ സ്വാധീനിച്ചിരുന്നു. ടൈറ്റാനിയം, പ്രീമിയർ ടയേഴ്സ് എന്നിവ എന്ത് ഉത്പാദിപ്പിക്കുന്ന കമ്പനികളാണെന്ന്

സാധാരണക്കാർക്ക് അറിയില്ലായിരുന്നു. എന്നാൽ അതിന്റെ പേരിലുള്ള ഫുട്ബോൾ ടീമിലെ മുഴുവൻ കളിക്കാരെപ്പറ്റിയും ഏതൊരു സാധാരണക്കാരനും അറിയാമായിരുന്നു. ഊട്ടിയിൽ എം.ആർ.സി. വെല്ലിംഗ്ടൺ എന്നൊരു ഫുട്ബോൾ ക്ലബ്ബുണ്ടായിരുന്നു. ക്യാപ്റ്റൻ കുപ്പസ്വാമി, ഗോളി നടരാജൻ, കാമാക്ഷി തുടങ്ങിയവർ ആ ടീമിലായിരുന്നു. സിനിമാ താരങ്ങളെക്കാൾ അക്കാലത്ത് ഫുട്ബോൾ താരങ്ങൾക്കായിരുന്നു പ്രശസ്തി. ക്ലബ്ബ് ഫുട്ബോളുകളുടെ വസന്തകാലം കഴിഞ്ഞു പോയിരിക്കുന്നു. മലപ്പുറത്തെ സെവൻസ് ആവേശം കാണുമ്പോൾ പഴയ ക്ലബ്ബ് ഫുട്ബോൾ കാലമാണ് ഓർമ്മവരുന്നത്. ഒരിക്കൽ ഊട്ടിയിലെ എം.ആർ.സി. വെല്ലിംഗ്ടണ്ണിലെ ഒരു ചടങ്ങിൽ എന്നെ അതിഥിയായി ക്ഷണിച്ചു. പ്രസംഗത്തിൽ ക്യാപ്റ്റൻ കുപ്പസ്വാമിയും ഗോളി നടരാജനും കാമാക്ഷിയുമൊക്കെ എന്റെ തലമുറയുടെ ഹൃദയസ്പന്ദനങ്ങളായിരുന്നുവെന്ന് ഞാൻ അനുസ്മരിച്ചപ്പോൾ അവിടെക്കൂടിയ പഴയകാല താരങ്ങൾ നിറകണ്ണുകളോടെ പറഞ്ഞു, 'പുതിയ തലമുറ ഞങ്ങളെ മറന്നു, അന്യസംസ്ഥാനക്കാരനായ താങ്കൾ ഇത് ഓർത്തുവച്ചല്ലോയെന്ന്'. അപ്പോൾ ഞാൻ പറഞ്ഞു, ഞങ്ങളുടെ സംസ്ഥാനത്ത് ഞാൻ മാത്രമല്ല, എന്റെ തലമുറയിലുള്ള എല്ലാവരും ഇതൊക്കെ ഓർത്തിരിക്കുകയാണെന്ന്. കേരളത്തിന്റെ ഫുട്ബോൾ വസന്തം ഇടതുസർക്കാരിന്റെ കാലത്ത് വീണ്ടും വരികയാണ്. അതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളാണ് 40 ഫുട്ബോൾ മൈതാനങ്ങളായി രൂപം കൊള്ളുന്നത്. ആരവത്തിന്റെ ദിനങ്ങൾ വരികയാണ്. സന്തോഷ് ട്രോഫി മത്സരം കാണാൻ കൊച്ചിയിൽ പോയകാലം ഓർമ്മിച്ചുപോകുന്നു. വിദ്യാർത്ഥിയായിരുന്ന അന്ന് കൊച്ചിയിലെ ബന്ധുവീട്ടിൽ താമസിച്ച് കളികണ്ടിരുന്നു. ക്യാപ്റ്റൻ മണിയുടെ ഹാട്രിക്കിൽ കേരളം സന്തോഷ് ട്രോഫി നേടി. ക്യാപ്റ്റൻ മണിയുടെ ഓട്ടോഗ്രാഫിനായി ഞാനും ഗ്രൗണ്ടിലെ തിരക്കിൽ ഊഴം കാത്തുനിന്നു. ആൾക്കൂട്ടവും ബഹളവുമൊക്കെ കാരണം എനിക്ക് മണിയെ കാണാൻ കഴിഞ്ഞില്ല. ഞാൻ നിരാശനായില്ല, അടുത്തൊരു കടയിൽനിന്നും ഒരു നോട്ടുബുക്ക് വാങ്ങി ഞാൻതന്നെ മണിയായി. 'പ്രിയ മുകേഷ്, ഒരു ഫുട്ബോൾ താരമായി വരൂ, ഭാവുകങ്ങൾ-സ്വന്തം മണി' എന്നെഴുതി സ്വയം സൃഷ്ടിച്ച ഓട്ടോഗ്രാഫുമായി ഞാൻ കൊല്ലത്തേയ്ക്ക് തിരിച്ചു. പിറ്റേദിവസം കൂട്ടുകാരെ ഓട്ടോഗ്രാഫ് കാണിച്ചു. മണിയുടെ ഓട്ടോഗ്രാഫ് കാണാൻ ഉന്തും തള്ളുമായിരുന്നു. അതായിരുന്നു ആ കാലത്തെ ഫുട്ബോൾ താരങ്ങളോടുള്ള പ്രതിപത്തി.

ഡോ. സക്കീർഹുസൈൻ ഭാരതത്തിന്റെ രാഷ്ട്രപതിയായി തെരഞ്ഞെടുക്കപ്പെട്ട ദിവസം 'ഇത് മതേതരത്വത്തിന്റെ വിജയമാണെന്ന്' ഒരു പത്രപ്രവർത്തകൻ അദ്ദേഹത്തെ അഭിനന്ദിച്ചുകൊണ്ട് പറഞ്ഞു. എന്തുകൊണ്ട് ഇങ്ങനെ പറഞ്ഞെന്ന് രാഷ്ട്രപതി ചോദിച്ചു. 'ഭാരതത്തിന് ഒരു മുസ്ലീം രാഷ്ട്രപതി ഉണ്ടായിരിക്കുന്നുവെന്നാണ്' പത്രപ്രവർത്തകൻ മറുപടി പറഞ്ഞത്. അപ്പോൾ ഡോ. സക്കീർ ഹുസൈൻ പറഞ്ഞ

മറുപടി 'Secularism would be achieved when you do not know my religion.' എന്റെ മതം ഏതെന്ന് താങ്കൾക്ക് അറിയാൻ കഴിയാതെ വരുന്ന കാലത്തേ മതേതരത്വം സ്ഥാപിക്കുകയുള്ളൂ'. മതേതരത്വം സംബന്ധിച്ച് സൂക്ഷ്മവും യുക്തി ഭദ്രവുമായ നിരീക്ഷണമായിരുന്നു ഡോ. സക്കീർ ഹുസൈന്റേത്. അതുപോലെയുള്ള മതേതര ബോധ്യമാണ് ഇടതുപക്ഷ സർക്കാരിനുള്ളത്. മതാതീതമായ മാനവികത എന്നുപറയാം. സാംസ്കാരിക പ്രവർത്തനങ്ങളിലൂടെ നമുക്ക് മതാതീതമായ മാനവികതയിലെത്താൻ കഴിയും. എങ്കിൽ മാത്രമേ യഥാർത്ഥ മതേതരമൂല്യങ്ങൾ സ്ഥാപിതമാകുകയുള്ളൂ.

വിപുലമായ സാംസ്കാരിക പ്രവർത്തനങ്ങൾക്കാണ് സർക്കാർ നേതൃത്വം കൊടുത്തുവരുന്നത്. കേരളത്തിലെ നവോത്ഥാന നായകന്മാരുടെ സ്മാരകമായി 14 ജില്ലകളിലും സാംസ്കാരിക സമുച്ചയങ്ങൾ നിർമ്മിക്കുന്ന പദ്ധതിക്ക് തുടക്ക മായിക്കഴിഞ്ഞു. 45 കോടി രൂപ ചെലവിൽ കൊല്ലത്ത് ശ്രീനാരായണ ഗുരുദേവന്റെ പേരിലുള്ള സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണം ഉടൻ ആരംഭിക്കും. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കൊല്ലത്താണ് നടന്നത്. ആയിര ത്തിലധികം കലാകാരന്മാർക്ക് വജ്രജൂബിലി ഫെലോഷിപ്പ് നൽകിക്കഴിഞ്ഞു. കലാദ്ധ്യാപനത്തിനും സംരക്ഷണത്തിനും വേണ്ടിയുള്ളതാണ് ഈ പദ്ധതി. ഇതുകൂടാതെ 100 കോടി രൂപ ചെലവിൽ ഫിലിം ഫെസ്റ്റിവലിന് സ്ഥിരം വേദി, ചിത്രാഞ്ജലിയിൽ 150 കോടി രൂപയുടെ ഫിലിംസിറ്റി, ഗ്രാമങ്ങളിൽ കെ.എസ്.എഫ്.ഡി.സി.-യുടെ നൂറ് തിയേറ്ററുകൾ തുടങ്ങി അഭിമാനാർഹമായ പദ്ധതികളാണ് സർക്കാർ സാംസ്കാരിക കേരളത്തിന് സംഭാവന ചെയ്തത്. കലാകാരന്മാരുടെ ഉന്നതമായ കലാപാരമ്പര്യം ഉൾക്കൊണ്ടുകൊണ്ടാണ് ഇടതു മുന്നണി സർക്കാർ സാംസ്കാരിക നയത്തിന് രൂപം നൽകിയത്. മതേതരത്വം തുടർന്നുകാണാൻ ആഗ്രഹിക്കുന്ന സർക്കാരാണ് ഇന്നുള്ളത്. അതുകൊണ്ടുതന്നെയാണ് സാംസ്കാരിക പ്രവർത്തനത്തിന് മുമ്പുള്ളതിനെക്കാളും കൂടുതൽ പ്രാധാന്യം സർക്കാർ നൽകുന്നത്. സംസ്കാരം എന്നാൽ അന്യനെക്കുറിച്ചുള്ള പരിഗണനയാണ്. “ Culture means consideration for others” . ലോകം പിന്തുടരാൻ ശ്രമിക്കുന്ന സാംസ്കാരിക നയത്തിന്റെ അർത്ഥമാണിത്. നവോത്ഥാന മൂല്യങ്ങളെ മുറുകെപ്പിടിച്ചും അത് പ്രചരിപ്പിക്കാനുള്ള വേദികൾക്കായി സൗകര്യമൊരുക്കിയും സംസ്ഥാന സർക്കാർ സാംസ്കാരിക മേഖലയെ സർഗ്ഗാത്മകതയോടെ നയിക്കാനാണ് ശ്രമിക്കുന്നത്. സർക്കാരിന് കലാകാരന്മാരോടുള്ള ആദരവ് വാക്കുകളിലല്ല, പ്രവൃത്തിയിലാണ്. അതുകൊണ്ടുതന്നെയാണ് സാംസ്കാരിക ക്ഷേമനിധി ബോർഡ് നൽകുന്ന കലാകാരന്മാരുടെ പെൻഷൻ 1000 രൂപയിൽനിന്നും 3000 രൂപയായും കുടുംബ പെൻഷൻ 750 രൂപയിൽനിന്നും 1500 രൂപയായും വർദ്ധിപ്പിച്ചത്. കൂടാതെ

അടിയന്തര ചികിത്സാ സഹായ പദ്ധതിയുടെ മാനദണ്ഡങ്ങൾ പരിഷ്കരിച്ച് പരമാവധി ഒരു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു. നമ്മുടെ ഭാഷയിൽ ഏറ്റവും പ്രധാനപ്പെട്ട പുരസ്കാരമാണ് എഴുത്തച്ഛന്റെ പേരിലുള്ള പുരസ്കാരം. ഒന്നര ലക്ഷം രൂപയായിരുന്ന എഴുത്തച്ഛൻ പുരസ്കാരം ഇപ്പോൾ അഞ്ച് ലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചു. അതോടൊപ്പം ചലച്ചിത്ര മേഖലയുടെ സമഗ്ര സംഭാവനയ്ക്കുള്ള പുരസ്കാരത്തുകയും അഞ്ച് ലക്ഷമാക്കി വർദ്ധിപ്പിച്ചു. മതേതര ഭാരതം നിലനിർത്തണമെന്ന ബോദ്ധ്യമാണ് ഇടതുപക്ഷത്തിനുള്ളത്. വർഗ്ഗീയതയ്ക്കും ജാതി മേധാവിത്വത്തിനു മെതിരെയുള്ള ബോധവൽക്കരണം സർക്കാർ തുടങ്ങുന്ന വ്യത്യസ്തങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങൾ വഴിയാണ് നടപ്പാക്കുന്നത്. മഹാത്മാഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് രക്തസാക്ഷ്യം എന്നപേരിൽ ഒരു വർഷം നീണ്ടുനിന്ന പരിപാടി 2018 ജനുവരി മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുകയുണ്ടായി. മഹാത്മാഗാന്ധിയുടെ സ്മരണ ജാതി രാഷ്ട്രീയത്തി നെതിരായ ചെറുത്തുനിൽപ്പിൽ പ്രകാശം ചൊരിയുമെന്ന് ഈ സർക്കാരിന് ബോദ്ധ്യമുണ്ട്. ഗാന്ധിസ്മരണയെ നാം കൊണ്ടാടുമ്പോഴും ഗോഡ്സെയാണ് ശരിയെന്ന് സ്ഥാപിക്കാൻ ശ്രമിക്കുന്നവർ കറുത്ത ശക്തികളായി ചുറ്റിലുമുണ്ടെന്നോർക്കണം. എന്തായിരുന്നു ഗോഡ്സെ? ഗാന്ധിജിയെ വധിച്ചതിന് 1949 നവംബർ 15-ന് അംബാല സെൻട്രൽ ജയിലിലെ കഴുമരത്തിൽ ഗോഡ്സെ തൂക്കിലേറ്റപ്പെട്ടു. അന്ത്യാഭിലാഷം എന്താണെന്ന ചോദ്യത്തിനുള്ള മറുപടി ഇങ്ങനെയായിരുന്നു. 'എന്റെ മൃതദേഹം ദഹിപ്പിക്കണം. പക്ഷെ ചിതാഭസ്മം ഭാരതത്തിലെ ഒരു നദിയിലും ഒഴുക്കരുത്. കാരണം, മഹാത്മാഗാന്ധിയുടെ ചിതാഭസ്മം ഒഴുകി നദികൾ മലിനപ്പെട്ടിരിക്കുന്നു'. ഗോഡ്സെയുടെ വെറുപ്പിന്റെ രാഷ്ട്രീയം ഇന്ന് നമ്മുടെ രാജ്യത്തും മറ്റൊരുവിധത്തിൽ അധികാര രാഷ്ട്രീയമായി വേഷംമാറി നിൽക്കുന്നു. ആശയപരമായ പ്രതിരോധമുയർത്താൻ ഇടതുപക്ഷം എന്നും മുന്നിലുണ്ട്. സാംസ്കാരിക രംഗത്തെ പുരോഗമന നിലപാടുകളും ശാസ്ത്രീയമായ വിദ്യാഭ്യാസ പരിഷ്കാരങ്ങളുമായി ഇടതുസർക്കാർ ശ്രമിക്കുന്നത് വെറുപ്പിന്റെ രാഷ്ട്രീയത്തെ ചെറുത്തുതോൽപ്പി ക്കാനാണെന്ന് ഓർമ്മിപ്പിക്കുന്നു.

ചലച്ചിത്ര നിർമ്മാണവും അതുമായി ബന്ധപ്പെട്ട വിവിധ ശാഖകളും വളരെയേറെ പഠനം അർഹിക്കുന്ന മേഖലയാണ്. ഈ പഠനം ശരിയായ രീതിയിൽ നടത്തുന്നതിന് ചലച്ചിത്ര സർവ്വകലാശാല സ്ഥാപിക്കണം. അതിനുമുന്നോടിയായി പ്രധാന സർവ്വകലാശാലകളിൽ ചലച്ചിത്ര ഫാക്കൽറ്റി രൂപീകരിക്കണം. നമ്മുടെ സാംസ്കാരിക രംഗത്തിന് വലിയ സംഭാവനകൾ നൽകിയ വ്യക്തികൾ അനാരോഗ്യം കാരണം അധികം സഞ്ചരിക്കാൻ കഴിയാതെ വീടുകളിൽ വിശ്രമിക്കുകയാണ്. അവരുടെ സ്വന്തം നാട്ടിൽപോയി അവരെ ആദരിക്കുന്ന

ആകർഷകമായ സാംസ്കാരിക പരിപാടികൾ സംഘടിപ്പിക്കണം. മറുനാട്ടിലെ മലയാളികൾക്കായി വിപുലമായ മലയാള സാംസ്കാരികോത്സവങ്ങൾ സംഘടനകളുടെയും സ്ഥാപനങ്ങളുടെയും സഹകരണത്തോടെ അതത് സ്ഥലത്ത് നടത്തണം. കേരളത്തിലെ ടൂറിസം വികസിപ്പിക്കാൻ ഇത് സഹായമാകും. ഇപ്പോൾ നവ മാധ്യമങ്ങളെ വൻതോതിൽ സാഹിത്യ രചനയ്ക്ക് ഉപയോഗിക്കുന്നുണ്ട്. അതൊരു സമാന്തര സാഹിത്യ പ്രവർത്തനമാണ്. അതിൽ അംഗീകരിക്കേണ്ടതിനെ അംഗീകരിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ആന്തൂർ നഗരസഭയിൽ ആത്മഹത്യ ചെയ്യേണ്ടിവന്ന എന്റെ നൈജീരിയൻ സുഹൃത്ത് സാജൻ കെട്ടിടനിർമ്മാണ പെർമിറ്റിന് അപേക്ഷ നൽകിയപ്പോൾ നഗരസഭാ ചെയർപേഴ്സണും ഉദ്യോഗസ്ഥരുമെടുത്ത നടപടി എത്രത്തോളം എതിർക്കപ്പെടേണ്ടതാണോ അത്രത്തോളം എതിർക്കപ്പെടേണ്ടതാണ് ഈ ധനാഭ്യർത്ഥനയും. എന്റെ സുഹൃത്ത് ശ്രീ. എ. എൻ. ഷംസീർ ഇവിടെ സംസാരിച്ചപ്പോൾ രണ്ടുമൂന്ന് കാര്യങ്ങൾ പറഞ്ഞു. അതിൽ നിന്ന് ഇന്നലെ ശ്രീ. കെ. എം. ഷാജി ഇവിടെ അവതരിപ്പിച്ച അടിയന്തരപ്രമേയം നിങ്ങളുടെ അസ്ഥിക്ക് പിടിച്ചുവെന്ന് ഞങ്ങൾക്ക് കൃത്യമായി മനസ്സിലായി. ശ്രീ. കെ. എം. ഷാജിയുടെ പേര് മാറ്റാനൊന്നും നിങ്ങൾ നോക്കണ്ട. ശ്രീ. കെ. എം. ഷാജി ഇന്ത്യൻ യൂണിയൻ മുസ്ലീംലീഗിന്റെ വളരെ വലിയൊരു നേതാവാണ്. ആ നേതാവ് അതേ രീതിയിൽത്തന്നെ തുടരും, മറ്റൊരു പാർട്ടിയിലേയ്ക്കും പോകുന്ന പ്രശ്നമില്ല, കെ. എം. ഷാജിയായിത്തന്നെ പോകും, തലശ്ശേരിയടക്കം എല്ലാ സ്ഥലങ്ങളിലും വന്ന് പ്രസംഗിക്കും. വടകര ഞങ്ങൾ പിടിച്ചെടുത്ത അതേ രീതിയിൽ അദ്ദേഹവും അവിടെത്തന്നെയുണ്ടാകും. രണ്ടാമത് അദ്ദേഹം പറഞ്ഞത് മന്ത്രിമാരുടെ പണി സിമന്റ് കൂട്ടലും കമ്പികെട്ടലുമല്ല എന്നാണ്. നിങ്ങൾക്കല്ലേ അധികാരം? നിങ്ങൾ ആലോചിക്കുക, എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ അത് കണ്ടുപിടിക്കുക. അതല്ലാതെ ഇങ്ങനെയൊരു പുകമറ സൃഷ്ടിക്കാൻ ദയവുചെയ്ത് വരരുതെന്നാണ് എനിക്ക് പറയാനുള്ളത്. മറ്റൊരു കാര്യം, ഉപ്പുതിന്നവൻ വെള്ളം കുടിക്കുമെന്ന് അദ്ദേഹം ഒന്നുരണ്ട് പ്രാവശ്യം പറഞ്ഞു. നിങ്ങളിപ്പോൾ ഗ്ലാസ്സിലാണ് വെള്ളം കുടിക്കുന്നത്. ശ്രീ. എ.എൻ. ഷംസീർ ബക്കറ്റിൽ വെള്ളം കുടിക്കേണ്ടിവരുമോയെന്ന് ഞങ്ങൾ സംശയിക്കുകയാണ്. ഞാനിപ്പോൾ ഇത്രയേ പറയുന്നുള്ളൂ.

എനിക്ക് വിദ്യാഭ്യാസത്തെക്കുറിച്ച് ചില കാര്യങ്ങൾ പറയാനുണ്ട്. അതായത്, കഴിഞ്ഞ രണ്ട് ദിവസം മുമ്പ് മലപ്പുറത്തെ എടരിക്കോടുനിന്നും മലപ്പുറം ടൗണിലേയ്ക്ക് എം.എസ്.എഫ്-ന്റെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഒരു ലോംഗ് മാർച്ച് സംഘടിപ്പിച്ചിരുന്നു. അവരുടെ മുദ്രാവാക്യം 'തിങ്ങിനിറഞ്ഞ

മുറികളല്ല, വേണ്ടത് അധികം ബാച്ചുകൾ' എന്നതായിരുന്നു. ഈ വർഷം എസ്.എസ്.എൽ.സി. പാസ്സായ വിദ്യാർത്ഥികളിൽ 65000-ത്തോളം വരുന്ന കുട്ടികൾ പെരുവഴിയിലാണെന്ന് പറയാതിരിക്കാൻ നിവൃത്തിയില്ല. നല്ല മാർക്കുണ്ടെങ്കിൽ പ്പോലും അവർ ആഗ്രഹിക്കുന്ന സ്കൂളിൽ അഡ്മിഷൻ കിട്ടാതെ പുറത്തുനിൽക്കുന്നുണ്ട്. മലബാറിൽ പ്രത്യേകിച്ച്, മലപ്പുറത്തെ സ്ഥിതി വളരെ ആശങ്കാജനകമാണ്. അത് പ്രത്യേകം പറയാതിരിക്കാൻ കഴിയില്ല. 26000 കുട്ടികളാണ് മലപ്പുറത്ത് പുറത്തു നിൽക്കുന്നത്. ജൂൺ മാസമായാൽ മലപ്പുറം ജില്ലയിലെ മുഴുവൻ എം.എൽ.എ.-മാർക്കും കഷ്ടകാലമാണ്. കാരണം, നല്ല മാർക്ക് ലഭിച്ച സാധാരണക്കാരായ ആളുകളുടെ മക്കൾക്ക് അവർക്ക് താല്പര്യമുള്ള സ്കൂളുകളിൽ എങ്ങനെയെങ്കിലും അഡ്മിഷൻ നേടിക്കൊടുക്കണമെന്നാവശ്യപ്പെട്ട് ഓരോ രക്ഷിതാവും എം.എൽ.എ.-മാരുടെ മുമ്പിൽ വരികയാണ്. ഒരു രക്ഷയുമില്ലാതെ നിൽക്കുന്ന കുട്ടികളുടെ കരച്ചിൽ കാണുമ്പോൾ എം.എൽ.എ.-മാർക്ക് നിസ്സഹായരായി നോക്കിനിൽക്കാനേ കഴിയുന്നുള്ളൂ. സീറ്റെവിടെയെന്ന് ചോദിച്ചാൽ നിങ്ങൾ പറയും ലീഗല്ലേ ഇത്രയുംകാലം വകുപ്പ് ഭരിച്ചത്, നിങ്ങൾക്ക് ആ കാലഘട്ടത്തിൽ അനുവദിച്ചുകൂടേ എന്ന്. അത് ശരിയാണ്.

കേരളം രൂപീകരിച്ചിട്ട് 63 കൊല്ലം കഴിഞ്ഞു. അതിൽ 27 വർഷം ലീഗ് തന്നെയാണ് വിദ്യാഭ്യാസ വകുപ്പ് ഭരിച്ചത്. അതിനെക്കാൾ കൂടുതൽ കാലം നിങ്ങൾ കൈകാര്യം ചെയ്തല്ലോ; അത് വേറെ കാര്യം. ലീഗ് ഭരിച്ച കാലങ്ങളിൽ എന്തെല്ലാം നേട്ടങ്ങളുണ്ടായി എന്നത് പരിശോധിക്കണ്ടേ? എല്ലാ പഞ്ചായത്തിലും ഹൈസ്കൂളും എല്ലാ മണ്ഡലത്തിലും ആർട്സ് ആന്റ് സയൻസ് കോളേജും കൊണ്ടുവന്നത് ലീഗല്ലേ? എ.പി.ജെ. അബ്ദുൾ കലാം ടെക്നിക്കൽ യൂണിവേഴ്സിറ്റിയടക്കം ആറ് സർവ്വകലാശാലകൾ ആരാണ് കൊണ്ടുവന്നത്; മുസ്ലീം ലീഗിന്റെ മന്ത്രിമാരാണ്. പ്രീഡിഗ്രി വിദ്യാഭ്യാസം സൗജന്യം, സ്വകാര്യ കോളേജ് അദ്ധ്യാപകർക്ക് ജോലിസ്ഥിരത, എസ്.എസ്.എൽ.സി.-ക്ക് ഗ്രേഡിംഗ്, സേ പരീക്ഷ ഇതെല്ലാം ലീഗിന്റെ മന്ത്രിമാരാണ് ചെയ്തത്. നിങ്ങൾ ചെയ്ത കാര്യങ്ങൾ സംബന്ധിച്ച് പറയണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിമാരോട് പറയാനുള്ളത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിൽ എന്റെ സുഹൃത്ത് ശ്രീ. പി. കെ. അബ്ദു റബ്ബ് മന്ത്രിയായിരുന്ന കാലത്ത് എത്ര പ്ലസ് ടു സീറ്റുകളാണ് അനുവദിച്ചത്; 84000. അധികമായി 1400 ബാച്ചുകൾ അനുവദിച്ചു, 20 കോളേജുകൾക്ക് സ്വയംഭരണാനുമതി നൽകി, കോളേജുകൾക്ക് 314 കോഴ്സുകൾ കൊടുത്തു, പ്രവേശനം ഓൺലൈനാക്കി. മലപ്പുറത്തിന്റെ കാര്യം മാത്രമെടുത്താൽ അവിടെ 23 എയ്ഡഡ് കോളേജുകളിൽ ഒരെണ്ണം മാത്രമാണ് നിങ്ങൾ കൊടുത്തത്. ബാക്കി 22 എണ്ണവും ഞങ്ങളല്ലേ കൊടുത്തത്? എയ്ഡഡ് പോളിടെക്നിക്കുകൾ അഞ്ചും എയ്ഡഡ് അറബി കോളേജുകളിൽ ആറെണ്ണവും

യു.ഡി.എഫ്.-ന്റെ കാലത്ത് വന്നതാണ്. ഇതൊക്കെ കൊടുത്തപ്പോൾ നിങ്ങൾ പറഞ്ഞതെന്താണ്; വർഗ്ഗീയവൽക്കരണമെന്നാണ്. വിദ്യാഭ്യാസ കച്ചവടമെന്നു പറഞ്ഞ് എല്ലായിടത്തും നിങ്ങൾ ഓടിനടന്ന് പ്രസംഗിക്കുകയായിരുന്നില്ലേ; ഗവർണർക്കുവരെ കത്ത് നൽകിയില്ലേ നിങ്ങൾ? ഇപ്രാവശ്യം എസ്.എസ്.എൽ.സി.-ക്ക് ഏറ്റവും കൂടുതൽ എ പ്ലസ് ലഭിച്ചത് മലപ്പുറത്തെ വിദ്യാർത്ഥികൾക്കാണ്. അത് പഠിച്ചുണ്ടാക്കിയതാണ്, സൗകര്യങ്ങൾ അവിടെയുണ്ടായതുകൊണ്ടാണ്. നല്ല മാർക്ക് ലഭിച്ച വിദ്യാർത്ഥികളെ ഇൻസൽട്ട് ചെയ്തുകൊണ്ട് നിങ്ങളുടെ നേതാക്കൾ എന്താണ് പറഞ്ഞത്; ഇതെല്ലാം കോപ്പിയടിച്ച് ജയിച്ചതാണെന്നാണ്. എന്താണ് ഈ സർക്കാരിന്റെ സ്ഥിതി? എൺപതിലധികം സ്കൂൾ കെട്ടിടങ്ങൾ ഇപ്പോഴും വാടക കെട്ടിടത്തിലല്ലേ? ഷിഫ്റ്റ് സമ്പ്രദായം നിലനിൽക്കുന്ന എത്ര സ്കൂളുകളുണ്ട്! എന്നിട്ടും പറയുന്നത് എന്താണ്; പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, അടിസ്ഥാന സൗകര്യ വികസനം, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തൽ. ഇതിനകം എത്ര കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കി; അങ്ങയുടെ കയ്യിൽ കണക്കുണ്ടാകുമല്ലോ. എത്ര സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തി? എന്റെ മണ്ഡലത്തിൽ ഒരു സ്കൂളിന്റെ പണി ആരംഭിച്ചത് പകുതിവഴി നിർത്തിപ്പോയി. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെരിന്തൽമണ്ണ മണ്ഡലത്തിൽ കോളേജുകൾക്കും സ്കൂളുകൾക്കുമായി 11 കെട്ടിടങ്ങളാണ് നിർമ്മിച്ചത്. ഇതാണ് വ്യത്യാസം. ഞങ്ങൾ കുറച്ച് പറയും, കുറെയേറെ പ്രവർത്തിക്കും. നിങ്ങൾ കുറെയേറെ പറയും, ചർച്ച ചെയ്യും, സെമിനാറുകൾ സംഘടിപ്പിക്കും, പരസ്യം ചെയ്യും, കെ.എസ്.ടി.എ. യോഗം ചേരും, പക്ഷെ പ്രവൃത്തിയൊന്നുമില്ല. അതാണ് നിങ്ങളും ഞങ്ങളും തമ്മിലുള്ള വ്യത്യാസം. ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരട് പ്രസിദ്ധീകരിച്ചു. അതിനെപ്പറ്റി കൂടുതൽ കാര്യങ്ങൾ ചർച്ച ചെയ്ത് അതിന്റെ പോരായ്മ കേന്ദ്ര സർക്കാരിനെ അറിയിക്കേണ്ടതിനുപകരം അതിനെക്കാൾ ദോഷകരമായ ഖാദർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കാനാണ് നിങ്ങൾ ശ്രമിക്കുന്നത്. ഹയർ സെക്കണ്ടറി അദ്ധ്യാപക സംഘടനയെ ഇല്ലാതാക്കാനുള്ള ശ്രമമാണ് ഇതിന് പിന്നിലെന്ന് അവർ സംശയിക്കുന്നുണ്ട്. ഇതിൽ നിന്നും അങ്ങും സർക്കാരും പിൻവാങ്ങണമെ ന്നാണ് എനിക്ക് പറയാനുള്ളത്.

ഉന്നത വിദ്യാഭ്യാസ വകുപ്പിനെപ്പറ്റി സംസാരിക്കുന്നതിനുമുമ്പ് എനിക്കൊരു കാര്യം ബഹുമാനപ്പെട്ട കെ. ടി. ജലീലിനെ ഓർമ്മിപ്പിക്കാനുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പഞ്ചായത്ത് വകുപ്പ് വിഭജിച്ച് മൂന്ന് മന്ത്രിമാരുടെ കീഴിലാക്കിയതിനെ ഏറ്റവുമധികം വിമർശിച്ചതും പരിഹസിച്ചതും ഡോ. കെ. ടി. ജലീലായിരുന്നു. ഇപ്പോൾ പഞ്ചായത്ത് വകുപ്പ് തിരികെ വാങ്ങി വിദ്യാഭ്യാസ വകുപ്പിന്റെ ചെറിയൊരു കഷണം അങ്ങേയ്ക്ക് തന്നു. ഇതാണ് പറയുന്നത് "പണ്ടൊക്കെ പടച്ചോൻ

പിന്നെപ്പിന്നെ ഇപ്പോൾ പടച്ചോൻ അപ്പോഴപ്പോൾ" എന്ന്. പ്ലസ് ടു പാസ്സായി വരുന്ന വിദ്യാർത്ഥികളിൽ വളരെക്കുറച്ച് കുട്ടികൾക്ക് മാത്രമാണ് ഉന്നത വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കുന്നത്. മലബാറിലെ സ്ഥിതി വളരെ രൂക്ഷമാണ്. 95 ശതമാനം മാർക്ക് വാങ്ങിയ കുട്ടികൾക്ക് ഗവൺമെന്റ് കോളേജുകളിൽ അഡ്മിഷൻ കിട്ടുന്നില്ല. വിരലിലെണ്ണാവുന്ന കോഴ്സുകൾ മാത്രമാണ് വന്നത്. അതുപോലെ മലപ്പുറം ഗവൺമെന്റ് കോളേജിൽ ബി.എസ്.സി. കെമിസ്ട്രി കോഴ്സ് അനുവദിച്ചത് കോളേജ് ഇലക്ഷന്റെ രണ്ട് ദിവസം മുമ്പാണ്. അതിന്റെ സബ്സിഡിയറി കോഴ്സായി നൽകിയത് ഫുഡ് സയൻസ് ആന്റ് ക്വാളിറ്റി കൺട്രോൾ എന്ന സബ്ജക്ടാണ്. ഇത്തരം വിഷയങ്ങൾ സബ്സിഡിയറിയായി വരുന്നത് കുട്ടികളുടെ പഠന നിലവാരത്തെയും ജോലിസാധ്യതകളെയും ബാധിക്കുന്നുണ്ട്. അത് മനസ്സിലാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ജനങ്ങളുടെ കണ്ണിൽ പൊടിയിട്ട് രക്ഷപ്പെടാമെന്ന് വിചാരിച്ചുകൊണ്ട് അങ്ങ് ചില കോളേജുകളിൽ ഒന്നോരണ്ടോ സീറ്റുകളൊക്കെ കൊടുക്കുന്നുണ്ട്. ഇതുകൊണ്ടൊന്നും അവിടത്തെ പ്രശ്നം പരിഹരിക്കാൻ കഴിയില്ല. പത്തുപേർക്ക് വച്ച കഞ്ഞിയിൽ കുറെ വെള്ളമൊഴിച്ച് ഇരുപതുപേർക്ക് കൊടുക്കാമെന്ന് അങ്ങ് വ്യാമോഹിക്കുന്നുണ്ടെങ്കിൽ അത് ശരിയല്ല, അത് നമ്മുടെ വിദ്യാഭ്യാസത്തെ നശിപ്പിക്കുമെന്നാണ് എനിക്ക് പറയാനുള്ളത്. നല്ല കെട്ടിടങ്ങളും സൗകര്യങ്ങളുമുള്ള ധാരാളം സെൽഫ് ഫിനാൻസിംഗ് കോളേജുകൾ ഇവിടെ പല ഭാഗങ്ങളിലുമുണ്ട്. എന്തുകൊണ്ട് അവർക്ക് കോഴ്സുകൾ കൊടുത്തുകൂടാ? മിക്കവാറും യൂണിവേഴ്സിറ്റികളിൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ചോർത്തിക്കളയുന്ന സർവ്വകലാശാലാ റാങ്കിംഗിൽ നമ്മുടെ യൂണിവേഴ്സിറ്റികൾ പുറകോട്ട് പോകാനുള്ള പ്രധാനപ്പെട്ട കാരണം ഇതാണ്. ഇത് പരിഹരിക്കണം. മുൻ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എയ്ഡഡ് ഗവൺമെന്റ് കോളേജുകളിൽ 350 പുതിയ കോഴ്സുകൾ അനുവദിച്ചിരുന്നു. ഈ കോഴ്സുകൾ പഠിപ്പിക്കാനുള്ള അദ്ധ്യാപകരുടെ തസ്തികകൾ ഇതുവരെ സൃഷ്ടിച്ചിട്ടില്ല. യു.ഡി.എഫ്. സർക്കാർ ആരംഭിച്ച മുപ്പതോളം ഗവൺമെന്റ് കോളേജുകളിലും അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്.

മറ്റൊരു കാര്യം, യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തിന് സർക്കാർ ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന തുക യൂണിവേഴ്സിറ്റികൾക്ക് നൽകുന്നില്ല എന്നതാണ്. യൂണിവേഴ്സിറ്റികൾ തനത് ഫണ്ടിൽനിന്നും പണം വകമാറ്റി ചെലവഴിച്ചാണ് ദൈനംദിന പ്രവർത്തനം നടത്തുന്നത്. ഇത് പരിഹരിക്കണം. രാഷ്ട്രീയ താല്പര്യങ്ങൾ നടപ്പിലാക്കുന്നതിന് കേരളത്തിലെ എല്ലാ യൂണിവേഴ്സിറ്റികളിലും നിലവിലുണ്ടായിരുന്ന രജിസ്ട്രാർ, പരീക്ഷ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരെ ഓർഡിനൻസ്

വഴി അകാരണമായി പിരിച്ചുവിട്ട് യൂണിവേഴ്സിറ്റികളിൽ ഈ സർക്കാർ ഭരണ പ്രതിസന്ധി സൃഷ്ടിച്ചു. ഈ തസ്തികകളിലെല്ലാം ഇപ്പോൾ വേണ്ടപ്പെട്ടവരെ നിയമിക്കാനുള്ള അണിയറശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എങ്ങോട്ടാണ് നമ്മുടെ വിദ്യാഭ്യാസ നിലവാരം പോകുന്നത്? സിലബസ് പരിഷ്കാരങ്ങൾ കൂട്ടായ ചർച്ചയിലൂടെ സമയമെടുത്ത് നടപ്പാക്കേണ്ടതാണ്. അല്ലാതെ ദോശ ചുടുന്നതുപോലെ പെട്ടെന്ന് ഒരു ദിവസം ചെയ്യേണ്ടതാണോ? യൂണിവേഴ്സിറ്റികളിൽ നടക്കുന്നത് എന്താണ്? ഫസ്റ്റ് ഇയറിന്റെ സിലബസെടുത്ത് സെക്കന്റ് ഇയറിനും സെക്കന്റ് ഇയറിന്റെ സിലബസെടുത്ത് തേർഡ് ഇയറിനും കൊടുക്കുകയാണ്. അല്ലാതെ സീരിയസ്സായ എന്തെങ്കിലുമൊരു ഡിസ്കഷൻ ഇതുസംബന്ധിച്ച് നടക്കുന്നുണ്ടോ? കഴിഞ്ഞ മാർച്ചിലാണ് കോഴിക്കോട് യൂണിവേഴ്സിറ്റി ഈ വർഷത്തെ സിലബസ് മാറ്റണമെന്ന് പറഞ്ഞത്. രണ്ട് മാസംകൊണ്ട് എങ്ങനെയാണ് ഒരു സിലബസ് മാറ്റുന്നത്?

ഒരു പഴയ സിനിമാ നിർമ്മാതാവെന്ന നിലയിൽ സിനിമയുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് കാര്യങ്ങൾ എനിക്ക് പറയാനുണ്ട്. എന്റർടെയിൻമെന്റ് ടാക്സിനുമേൽ ജി.എസ്.ടി. ചുമത്തുമ്പോൾ ഡബിൾ ടാക്സ് വരികയാണ്. അത് ഒഴിവാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ സിംഗിൾ സ്ക്രീനുള്ള തിയേറ്ററുകൾ മൾട്ടിപ്ലക്സാക്കുമ്പോൾ ധാരാളം പ്രശ്നങ്ങളുണ്ട്. കോർപ്പറേഷൻ/മുനിസിപ്പാലിറ്റികളിൽ നിന്ന് അതിന് കൃത്യമായി ലൈസൻസ് ലഭിക്കുന്നില്ല. അത് പരിഹരിച്ച് വേണ്ടത് ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത്, ഞങ്ങളിപ്പോൾ മലപ്പുറം ചുവപ്പിക്കും, പൊന്നാനി ഇങ്ങെടുക്കുകയാണ് എന്നെല്ലാം കുറച്ചുപേർ വീമ്പിളക്കിയിരുന്നു. പൊന്നാനിയിലെ ഭൂരിപക്ഷം 25000-ൽനിന്നും 2 ലക്ഷമായും മലപ്പുറത്ത് ഏകദേശം 3 ലക്ഷമായും വർദ്ധിക്കുകയാണ് ചെയ്തത്. പൊന്നാനിയിലെ എതിർസ്ഥാനാർത്ഥിയുടെ ചിത്രം കത്രികയായിരുന്നു. അതുകൊണ്ട് യു.ഡി.എഫ്.-നെ നെറുകെ പിളർക്കും, ലീഗിനെ ഇല്ലാതാക്കും, ഇല്ലെങ്കിൽ ഞങ്ങൾ വേറെ പണി നോക്കും എന്നെല്ലാം ചില മഹാന്മാർ പ്രസംഗിച്ചിരുന്നു. കത്രികകൊണ്ട് വേറെ എന്തുപണിയാണെന്ന് എനിക്ക് അറിയില്ല. ലീഗിനെ ഇല്ലാതാക്കാനുള്ള മോഹം ഐസ് ക്യൂബിൽ പെയിന്റ് അടിക്കുന്നതുപോലെയാണ്. ലീഗ് വളരെ വലിയൊരു സംഘടനയാണ്. മഹാന്മാരായ പഴയ നേതാക്കന്മാർ വളർത്തി വലുതാക്കിയ സംഘടനയാണ്. ഒരിക്കലും അതിനെ തകർക്കാൻ കഴിയില്ലെന്ന് ഇനിയെങ്കിലും നിങ്ങൾ മനസ്സിലാക്കണം.

ശ്രീ. എം. സ്വരാജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ അനുകൂലിക്കുകയാണ്. വിദ്യാഭ്യാസ-കലാ-കായിക-സാംസ്കാരിക രംഗങ്ങളിൽ മാറ്റത്തിന്റെ വലിയൊരു കാറ്റുവീശുന്ന കാലഘട്ടമാണ് നമ്മുടെ മുമ്പിലുള്ളത്. പാഠപുസ്തകങ്ങൾ ആവശ്യത്തിന് ലഭിക്കാതെ വിദ്യാർത്ഥികൾ ഫോട്ടോസ്റ്റാറ്റ് കോപ്പികളെടുത്ത് വിതരണം ചെയ്തിരുന്ന ഒരു കാലം നമ്മുടെ ഓർമ്മയിലുണ്ട്. കേരളത്തിലെ വിദ്യാർത്ഥികൾ തെരുവിൽ അടിയേറ്റുവാങ്ങിയത് പാഠപുസ്തകം ഞങ്ങൾക്ക് വേണമെന്ന് പറഞ്ഞുകൊണ്ടായിരുന്നു. പക്ഷെ ഇന്ന് കേരളത്തിലെ കുട്ടികൾക്ക് അങ്ങനെയൊരു മർദ്ദനമേറ്റുവാങ്ങേണ്ട സാഹചര്യമില്ല. സ്കൂൾ തുറക്കുന്നതിന് മുമ്പുതന്നെ മുഴുവൻ പാഠപുസ്തകങ്ങളും സ്കൂളിലെത്തുന്നു, യൂണിഫോം എത്തുന്നു, ക്ലാസ് മുറികൾ ഹൈടെക്കാകുന്നു. കണ്ണുതുറന്ന് നോക്കിയാൽ യു.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർക്കും ഇതെല്ലാം മനസ്സിലാക്കാൻ കഴിയുന്നതാണ്. പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഈ മഹത്തായ വളർച്ച കണ്ടാണ് ജൂൺ മാസം 6-ാം തീയതി സ്കൂളുകൾ തുറന്നപ്പോൾ രണ്ടാം ക്ലാസ് മുതൽ പത്താം ക്ലാസ് വരെ ഒന്നര ലക്ഷത്തോളം കുട്ടികൾ അൺ എയ്ഡഡ് സ്ഥാപനങ്ങളിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും ടി.സി. വാങ്ങി ഗവൺമെന്റ് സ്കൂളുകളിൽ ചേർന്നതെന്ന് നാം കാണണം. ഈ യാഥാർത്ഥ്യങ്ങൾ കാണാതെ വിമർശനം ഉന്നയിക്കുന്നത് ഉചിതമല്ലെന്ന് മാത്രം എളിമയോടെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. വിജയശതമാനം നോക്കിയാൽ, 2015-ൽ നിങ്ങൾ അധികാരത്തിലിരുന്നപ്പോൾ എല്ലാ വിഷയങ്ങളിലും എ പ്ലസ് വാങ്ങിയ 15430 കുട്ടികളുണ്ടായിരുന്നു. ക്രമാനുഗതമായി അത് വളർന്നുവരികയാണ്. ഓരോ വർഷം കഴിയുന്തോറും എ പ്ലസ് കിട്ടിയവരുടെ എണ്ണം കൂടിക്കൂടി വരികയാണ്. 2017-ൽ അത് 20294-ഉം 2018-ൽ 34313-ഉം ആയി. ഇപ്രാവശ്യത്തെ റിസൽട്ട് വന്നപ്പോൾ 37334 കുട്ടികൾക്ക് എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടി. കേരളത്തിൽ പൊതുവിദ്യാലയങ്ങളിലുണ്ടാകുന്ന മാറ്റത്തിനനുസൃതമായി കുട്ടികൾ നന്നായി പഠിച്ച് വളർന്ന് കൂടുതൽ മാർക്ക് വാങ്ങിവരുന്നു. ഈ മാറ്റം നമ്മൾ കാണണം. മുഴുവൻ വിദ്യാലയങ്ങളും ഡിജിറ്റലായി മാറുന്ന ആദ്യത്തെ ഇന്ത്യൻ സംസ്ഥാനമായി കേരളം മാറുകയാണ്. സ്കൂൾ വിദ്യാഭ്യാസരംഗത്തെ ഈ മാറ്റത്തിനനുസൃതമായി ത്തന്നെയാണ് ഉന്നത വിദ്യാഭ്യാസരംഗത്തും മാറ്റമുണ്ടാകുന്നത്. ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഏറ്റവും പ്രധാനപ്പെട്ട വിഷയം ആവശ്യത്തിന് അദ്ധ്യാപകരുണ്ടായിരുന്നില്ല എന്നതാണ്. ആയിരത്തിലധികം അദ്ധ്യാപക നിയമനങ്ങൾ നടത്തിയത് ഈ ഗവൺമെന്റാണ്. പോളി മേഖലയിൽ അഞ്ഞൂറോളം തസ്തികകൾ സൃഷ്ടിക്കാൻ കഴിഞ്ഞതിലൂടെ എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം നേടാൻ നമുക്ക് സാധിച്ചു. ആ രംഗത്ത് നമ്മൾ മുന്നോട്ടുപോകുകയാണ്.

കേരളത്തിലെ യൂണിവേഴ്സിറ്റികളിലാകെ പ്രവേശനവും പരീക്ഷയും റിസൽട്ടും ഏകീകരിക്കുന്നതിനുള്ള ചരിത്രപ്രസിദ്ധമായ നിലപാടുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. വിദ്യാഭ്യാസ രംഗത്തെ മറ്റ് നേട്ടങ്ങളെക്കുറിച്ചെല്ലാം എല്ലാവരും വിശദമായി ചൂണ്ടിക്കാണിച്ചതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല.

കലാകാരന്മാരോടുള്ള ഈ സർക്കാരിന്റെ ഐക്യദാർഢ്യത്തിന്റെ പ്രകടന മായിട്ടാണ് കലാകാര പെൻഷൻ 1,000 രൂപയിൽ നിന്ന് 3,000 രൂപയാക്കി മാറ്റിയത്. വജ്രജൂബിലി ഫെലോഷിപ്പിന്റെ ഭാഗമായി ആയിരത്തിലധികം വരുന്ന കലാകാരന്മാരെ ഉൾപ്പെടുത്തി കലാദ്ധ്യാപന രംഗത്ത് പരിപോഷണത്തിന്റെ പുതിയ മേഖലകൾ ഈ ഗവൺമെന്റ് കണ്ടെത്തുകയാണ് ചെയ്തത്. ജയ്പൂർ ലിറ്ററി ഫെസ്റ്റിവലിന്റെ മാതൃകയിൽ ഒരു രാജ്യാന്തര സാഹിത്യോത്സവം സംഘടിപ്പി ക്കാനാവശ്യമായ തീരുമാനം കൈക്കൊള്ളണമെന്ന് വിനീതമായി അഭ്യർത്ഥി ക്കുകയാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഭാഗമായി പണ്ടുണ്ടായിരുന്ന സാഹിത്യ സമാജങ്ങൾ നിന്നുപോയിട്ടുണ്ട്. കുട്ടികളിലെ സാഹിത്യ കലാഭിരുചികളെ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി പുതിയ സാഹചര്യത്തിൽ അത് പുനഃക്രമീകരിക്കുന്നതിനുള്ള സമീപനം കൈക്കൊള്ളേണ്ടതുണ്ട്.

കേരളത്തിന്റെ പകുതി ജനസംഖ്യയില്ലാത്ത ക്യൂബ പോലുള്ള കൊച്ചുരാജ്യങ്ങൾ ഒളിമ്പിക്സിൽ സ്വർണ്ണം വാരിക്കൂട്ടുമ്പോൾ ഇന്ത്യ എപ്പോഴും വെറുംകയ്യുമായി മടങ്ങുകയാണ് ചെയ്യുന്നത്. ഇവിടെ കഴിവുള്ളവരുണ്ട്. അവരെ ചെറുപ്പത്തിലേ കണ്ടെത്തി ശാസ്ത്രീയമായ പരിശീലനം നൽകാൻ കഴിയാതെ പോകുകയാണ്. ഈ കുറവ് പരിഹരിക്കുന്നതിനായി 40 ഫുട്ബോൾ മൈതാനങ്ങൾ പുതുതായി നിർമ്മിക്കാൻ പോകുകയാണ്. അതിൽ നാലെണ്ണം യാഥാർത്ഥ്യമായിരിക്കുകയാണ്. വിദ്യാഭ്യാസത്തിന്റെ ഭാഗമായി നീന്തൽ പരിശീലനം നൽകുന്നു. ഓരോ കാലവർഷത്തിലും മുങ്ങിമരിക്കുന്ന കുട്ടികളുടെ എണ്ണം നമ്മെ ഭയപ്പെടുത്തുന്നതാണ്. അതിനൊരു പ്രതിവിധി കൂടിയായി ഈ തീരുമാനം വരികയാണ്. 24 പുതിയ സിന്തറ്റിക് ട്രാക്കുകൾ നിർമ്മിക്കുകയാണ്. ഒമ്പതേമുക്കാൽ കോടി രൂപ പ്രതി ഭാശാലികളായ കായിക താരങ്ങൾക്ക് കാഷ് അവാർഡായി വിതരണം ചെയ്യാൻ ഗവൺമെന്റിന് സാധിച്ചു. അതിൽ നിങ്ങൾ കൊടുക്കാമെന്ന് പറഞ്ഞുപറ്റിച്ച രണ്ടര കോടിയോളം രൂപയാണ് ഈ ഗവൺമെന്റ് കൊടുത്ത് കടം തീർത്തതെന്ന കാര്യം യു.ഡി.എഫ്.-ന്റെ ബഹുമാന്യ സുഹൃത്തുക്കൾ ശ്രദ്ധിക്കണം.

ഈ ഡിമാന്റ് ചർച്ചയിൽ അധികം രാഷ്ട്രീയകാര്യങ്ങൾ പറയണ്ടെന്നാണ് കരുതിയിരുന്നത്. പക്ഷേ, അഴീക്കോട് അംഗത്തിന്റെ കഴിഞ്ഞയാഴ്ചയിലെ പ്രസംഗം കേട്ടപ്പോൾ ചില കാര്യങ്ങളിൽ പ്രതികരിക്കാതെ പോകുന്നത് ഉചിതമല്ലെന്ന്

എനിക്ക് തോന്നി. ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിന്റെ റിസൾട്ട് എന്താണ്? അത് മതനിരപേക്ഷ ശക്തികൾ പരാജയപ്പെട്ടു, ഇന്ത്യയിൽ തോറ്റു എന്നുള്ളതാണ്. അതിൽ ആർക്കാണ് ആഹ്ലാദിക്കാൻ കഴിയുന്നത്; നമ്മൾ ഉത്കണ്ഠാകുലരാകുകയല്ലേ വേണ്ടത്? കഴിഞ്ഞ ദിവസം നടന്ന സംഭവത്തെക്കുറിച്ച് ഇവിടെ തലശ്ശേരി നിയോജകമണ്ഡലം അംഗം പറഞ്ഞു. ജാതിയുടെയും മതത്തിന്റെയും ഭക്ഷണത്തിന്റെയുമൊക്കെ പേരിൽ മനുഷ്യർ കൊല്ലപ്പെടുന്നു. നിരപരാധികളുടെ വിലാപംകൊണ്ട് ഇന്ത്യൻ തെരുവുകൾ മുഖരിതമാകുമ്പോൾ, പിടഞ്ഞുവീണ് മരിക്കുമ്പോൾ, കൊല്ലപ്പെടുമ്പോൾ മതനിരപേക്ഷതയോടൊപ്പം ശക്തമായി നിലയുറപ്പിക്കുന്ന നിലപാടുകൾ എല്ലാ ഭാഗത്തുനിന്നുമുണ്ടാകണമെന്നല്ലേ നമ്മൾ ആഗ്രഹിക്കുക? ഇന്നത്തെ ഇന്ത്യയെ ചൂണ്ടി ഇത് നമ്മുടെ രാജ്യമാണെന്ന് അഭിമാനത്തോടെ പറയാൻ പറ്റുമോ? ഇതെന്റെ രാജ്യമല്ല, എന്റെ രാജ്യം പിറന്നിട്ടില്ലെന്ന് പണ്ട് മിർസാ ഗാലിബ് പാടിയിട്ടുണ്ട്. 'ഇനിയും പിറക്കാത്ത രാഷ്ട്രത്തിന്റെ വാനമ്പാടിയാകുന്നു ഞാൻ' എന്ന് അദ്ദേഹം പാടിയിട്ടുണ്ട്. നാം സ്വപ്നം കാണുന്ന ഇന്ത്യ ഇതല്ലല്ലോ. ഇന്ത്യൻ മതനിരപേക്ഷത മരണപ്പെട്ടുപോകുമോയെന്ന ഭയമുണ്ടാകുന്ന ഒരു ഘട്ടത്തിൽ നമ്മൾ കോൺഗ്രസിനെ വിമർശിച്ചിട്ടുണ്ട്. കോൺഗ്രസിനെ വിമർശിച്ചത് കോൺഗ്രസ് മതനിരപേക്ഷതയുടെ കാവലാളായി കരുത്തോടെ നിൽക്കണ മെന്ന ഉദ്ദേശ്യത്തോടെയല്ലേ? നിങ്ങൾ അതിൽ വെള്ളം ചേർത്തപ്പോഴാണ്, നിങ്ങൾ മൃദുഹിന്ദുത്വം രാഷ്ട്രീയനേട്ടത്തിനുവേണ്ടി ഉപയോഗിച്ചപ്പോഴാണ് ഇത് രാജ്യത്തിന്റെ തകർച്ചയിലേയ്ക്ക് നയിക്കുമെന്ന വസ്തുത ഞങ്ങൾ ചൂണ്ടിക്കാണിച്ചത്. എത്ര അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്? നിങ്ങളുടെ പഴയ മുഖ്യമന്ത്രി ശ്രീ. ഹരീഷ് റാവത്താണ് പറഞ്ഞത്, 'ബീഫ് കഴിക്കേണ്ടവർ പാകിസ്ഥാനിലേയ്ക്ക് പോകണം' എന്ന്. ഇതൊരു കോൺഗ്രസ് നേതാവ് പറയേണ്ടതാണോ? ഞങ്ങൾക്ക് വിമർശനമുണ്ട്. ബി.ജെ.പി. അധികാരത്തിൽ വന്നാൽ രാമക്ഷേത്രം പണിയുമെന്ന് ശ്രീ. സുരേഷ് ഭയ്യാ ജോഷി പറഞ്ഞപ്പോൾ, ജോഷിയെ തിരുത്തിക്കൊണ്ട് ശ്രീ. ഹരീഷ് റാവത്ത് പറയുന്നു കോൺഗ്രസ് വന്നാലാണ് വളരെവേഗം രാമക്ഷേത്രം പണിയുക എന്ന്. ഇത് നിങ്ങൾ പറയേണ്ട ഒരു കാര്യമാണോ? ഇന്ത്യൻ പാർലമെന്റിൽ കോൺഗ്രസിന്റെ നേതൃസ്ഥാനം അലങ്കരിക്കുന്ന ശ്രീ. അധീർ രഞ്ജൻ ചൗധരിയുടെ പ്രസംഗത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. മതനിരപേക്ഷത ആക്രമിക്കപ്പെടുമ്പോൾ ചെറുതും ഏകാന്തവുമായ ഒരു ജ്വാല കണക്കെ ഈ രാജ്യം മരിക്കുമോയെന്ന് ഇന്ത്യയിലെ മതനിരപേക്ഷ വാദികൾ ഉത്കണ്ഠപ്പെടുമ്പോൾ കോൺഗ്രസിന്റെ പാർലമെന്റിലെ നേതാവ് പ്രസംഗിക്കുന്നു, ശ്രീ. അഭിനന്ദൻ വർദ്ധമാന്റെ മീശ ദേശീയ മീശയാക്കണമെന്ന്. ഇതെന്തു പ്രസംഗമാണ്? മീശയെന്നു പറഞ്ഞാൽ കോൺഗ്രസേ വെറും രോമമല്ലേ? മതനിരപേക്ഷത

സംരക്ഷിക്കുന്നതിൽ മുടിക്കും മീശയ്ക്കും രോമത്തിനും എന്താണ് പങ്ക്? നിങ്ങൾ മതനിരപേക്ഷത സംരക്ഷിക്കാൻ മതനിരപേക്ഷതയുടെ കാവലാളുകളായി ശക്തമായ നിലപാട് സ്വീകരിച്ചാൽ ഞങ്ങൾക്ക് സന്തോഷമേയുള്ളൂ. ഞങ്ങൾ അതിനെ സ്വാഗതം ചെയ്യുകയില്ലേ? ഹിമാചൽ പ്രദേശ് നിയമസഭയിൽ കോൺഗ്രസിന്റെ നേതാവ് പ്രമേയം കൊണ്ടുവന്നു. ഇന്ത്യക്ക് രാഷ്ട്രപിതാവ് എന്ന പദവിയേയുള്ളൂ, രാഷ്ട്രമാതാവ് എന്ന പദവി ഇല്ല. കോൺഗ്രസ് ആവശ്യപ്പെടുന്നു, രാഷ്ട്രമാതാവ് എന്ന പദവി വേണം, രാഷ്ട്രമാതാവായി പശുവിനെ അംഗീകരിക്കണം, നിയമം പാസ്സാക്കണം. അതായിരുന്നു പ്രമേയം. ബി.ജെ.പി. അതിനെ പിന്തുണയ്ക്കുന്നു. ബി.ജെ.പി.യും കോൺഗ്രസും ഒരുമിച്ച് ഹിമാചൽപ്രദേശ് നിയമസഭയിൽ രാഷ്ട്രമാതാവായി പശുവിനെ അംഗീകരിക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്ന പ്രമേയം പാസാക്കിയപ്പോൾ ഇത് ഇന്ത്യയിലെ മതനിരപേക്ഷവാദികളെ ആവേശം കൊള്ളിക്കുന്നതല്ലെന്ന് ശക്തമായി പറയാനും എതിർക്കാനും ശ്രീ. രാകേഷ് സിൻഹയെന്ന സി.പി.ഐ.(എം)-ന്റെ എം.എൽ.എ. മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഞങ്ങൾ ഒന്നോ, രണ്ടോ മാത്രമേ ഉണ്ടാകുകയുള്ളൂ. പക്ഷെ ഒന്നായാലും രണ്ടായാലും ആയിരമായാലും മതനിരപേക്ഷതയുടെ പക്ഷത്ത് ഞങ്ങൾ അടിയുറച്ച് നിൽക്കും. ഞങ്ങൾ പശു, മീശ, കീശ എന്നുപറഞ്ഞ് പോകുകയില്ല. അതാണ് വ്യത്യാസം. ജമ്മുവിൽ ആസിഫ എന്ന കുട്ടിയെ പിച്ചിച്ചീന്തിയപ്പോൾ ജമ്മുവിലെ നിയമ സഭയിലുണ്ടായിരുന്ന നിങ്ങളുടെ അംഗങ്ങൾ നിശബ്ദരായിരുന്നില്ലേ? ഈ പ്രശ്നത്തിൽ പ്രതിഷേധമുയർത്തിക്കൊണ്ട് കൊടുങ്കാറ്റ് സൃഷ്ടിച്ചത് ശ്രീ. മുഹമ്മദ് യൂസഫ് തരിഗാമിയെന്ന സി.പി.ഐ.(എം)-ന്റെ ഏക എം.എൽ.എ. ആയിരുന്നില്ലേ? ഈ യാഥാർത്ഥ്യങ്ങൾ ചൂണ്ടിക്കാട്ടിയാണ് ഞങ്ങൾ വിമർശിച്ചിട്ടുള്ളത്. അത് കോൺഗ്രസിനെ ഇല്ലാതാക്കാനോ തകർക്കാനോ അല്ല. കോൺഗ്രസ് മതനിരപേക്ഷത ശക്തമായി ഉയർത്തിപ്പിടിക്കട്ടെയെന്ന സദുദ്ദേശ്യമേ ഞങ്ങൾക്കുണ്ടായിരുന്നുള്ളൂ. പക്ഷെ അത് മുസ്ലീം ലീഗിന്റെ നേതാവിന് സുഖിക്കുന്നില്ല. അദ്ദേഹം കോൺഗ്ര സിനുവേണ്ടി വക്കാലത്തെടുത്തിട്ട്, കരാറെടുത്തിട്ട് ഇവിടെ എന്തൊക്കെയാണ് പറഞ്ഞത്? ഒരു കാര്യം കൃത്യമായി പറയാം, ലീഗിൽ നിന്ന് ഒരു ഉപദേശവും സ്വീകരിക്കേണ്ട ഗതികേട് ഞങ്ങൾക്കെന്നല്ല, ഇന്ത്യയിൽ ഒരു പാർട്ടിക്കുമില്ല, അത് കയ്യിൽ വച്ചാൽ മതി. അദ്ദേഹം യുവജന നേതാക്കന്മാരെയും യുവജന സംഘടന കളെയും വിമർശിക്കുന്നു. നിങ്ങളുടെ യുവജന നേതാവിനോട് മിനിഞ്ഞാന്ന് ഹൈക്കോടതി പറഞ്ഞത്, രാഷ്ട്രീയം കളിക്കാനുള്ള വേദിയായി കോടതിയെ മാറ്റരുതെന്നാണ്. ചെവിക്കുപിടിച്ച് വിടുകയാണ് ചെയ്തത്. ഏതായാലും ഇടത് യുവജന നേതാക്കൾക്കൊന്നും അങ്ങനെയൊരു ഗതികേടുണ്ടായിട്ടില്ല. മുസ്ലീംലീഗിൽ നിന്നും എന്താണ് പഠിക്കേണ്ടത്? വനിതാ ലീഗിന്റെ സമ്മേളനം നടക്കുമ്പോൾ വേദിയിൽ ഒരൊറ്റ വനിതയെ ഇരുത്താത്ത പൈതൃകമാണോ നിങ്ങളിൽ നിന്നും

ഞങ്ങൾ കടമെടുക്കേണ്ടത്? അഖിലേന്ത്യാ പ്രസിഡന്റിനെ സംസ്ഥാന പ്രസിഡന്റ് തീരുമാനിക്കുന്ന പൈതൃകമാണോ ഞങ്ങൾ കണ്ടുപഠിക്കേണ്ടത്? പാണക്കാട് തങ്ങൾക്ക് ഒരിക്കൽ സ്ഥാനമേൽപ്പിച്ചുകൊടുത്താൽ മരിക്കുന്നതുവരെ ആ സ്ഥാനത്ത് തുടരുന്ന ജനാധിപത്യവിരുദ്ധതയാണോ ഞങ്ങൾ കണ്ടുപഠിക്കേണ്ടത്? ഇവിടെ കൊലപാതകത്തെക്കുറിച്ച് പറഞ്ഞു. ഞങ്ങൾ സംസാരിക്കുമ്പോൾ എല്ലായിപ്പോഴും പറയാറുണ്ട്, അക്രമത്തെയും കൊലപാതകത്തെയും നമുക്ക് ഒരേ മനസ്സോടെ തള്ളിപ്പറയാനാകണം. ഒരു മനുഷ്യനും കേരളത്തിൽ രാഷ്ട്രീയ സംഘർഷങ്ങളിൽ കൊല്ലപ്പെടരുത്. അത്തരമൊരു അന്തരീക്ഷമുണ്ടാകാൻ നമ്മൾ ഒരുമിച്ച് നിൽക്കണം. നിങ്ങളാണ് കൊലപാതക രാഷ്ട്രീയം കേരളത്തിൽ തുടങ്ങിയവർ. ആ ചരിത്രം ഒരുപാട് തവണ പറഞ്ഞതുകൊണ്ട് ഞാൻ ആവർത്തിക്കുന്നില്ല. ചെറുത്തു നില്പുണ്ടായിട്ടുണ്ട്, തിരിച്ചടികളുണ്ടായിട്ടുണ്ട്. ഞങ്ങളുടെ പ്രവർത്തകരുടെ കൈകൊണ്ടും കൊല്ലപ്പെട്ടിട്ടുണ്ട്. ഞങ്ങൾ അതിനെ ന്യായീകരിക്കുന്നവരോ പ്രോത്സാഹിപ്പി ക്കുന്നവരോ അല്ല. സമാധാന അന്തരീക്ഷം നിലനിർത്തുന്നതിനുവേണ്ടി നമുക്കൊരുമിച്ച് നിലനിൽക്കാം. പക്ഷെ കണക്കുപറഞ്ഞാൽ ചിലത് പറയേണ്ടിവരും. ഞങ്ങളുടെ കയ്യിൽ ചോരക്കറയുണ്ടെന്നല്ലേ പറഞ്ഞത്? ശരിയാണ്, നിർഭാഗ്യകരമായ ചില സംഭവങ്ങളിൽ ഞങ്ങളുടെ കയ്യിലും ചോരക്കറ പറ്റിയിട്ടുണ്ട്. പക്ഷെ ഓർക്കണം, ഒരു ഗ്ലാസ് വെള്ളത്തിൽ കഴുകി കളയാവുന്ന ചോരക്കറയേ ഞങ്ങളുടെ കയ്യിലുള്ളൂ. പക്ഷേ ഏത് കടലിലെ വെള്ളമാണ് മുസ്ലീംലീഗിന്റെയും കോൺഗ്രസിന്റെയും കയ്യിലെ ചോരക്കറ മായ്ച്ചുകളയാൻ മതിയാകുക? ഇവിടെ പറഞ്ഞ അംഗം മറന്നുപോയതാണ്. അഞ്ച് ചെറുപ്പക്കാരുടെ തലയില്ലാത്ത ശരീരങ്ങൾ കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കേണ്ടി വന്നിട്ട് അധികം നാളായിട്ടില്ല. അഞ്ച് മൃതശരീരത്തിനും തലയുണ്ടായിരുന്നില്ല, ചിന്നിച്ചിതറിപ്പോയി. സമാധാനപരമായി നാദാപുരത്ത് ബോംബുണ്ടാക്കിയപ്പോൾ പറ്റിയതാണ്. നിങ്ങൾ ആ പണി നിർത്തുമോ? എത്ര പേരുടെ ചോര നിങ്ങളുടെ കയ്യിലുണ്ട്? പൗലോസിന്റെ, കുട്ടിപ്പയുടെ, സുബ്രഹ്മണ്യന്റെ, സജീവന്റെ, ഷിബിന്റെ, ബിനുവിന്റെ... ഇത് അവസാനിക്കുമോ? ഇത് ഞാൻ പറയണമെന്ന് വിചാരിച്ചതല്ല, പറയിപ്പിച്ചതാണ്.

ആത്മഹത്യയെക്കുറിച്ച് ഇവിടെ പറഞ്ഞു, ഇന്നലെ അടിയന്തര പ്രമേയം അവതരിപ്പിച്ചു. നിർഭാഗ്യകരമായ സംഭവമാണ്, അത്തരമൊരു സംഭവം കേരളത്തിൽ ആവർത്തിക്കാതിരിക്കാൻ നമുക്ക് ഒത്തൊരുമിച്ച് ആവശ്യമായ നിയമ ഭേദഗതി യുൾപ്പെടെ കൊണ്ടുവരണം. പക്ഷെ ആത്മഹത്യ സംഭവിച്ചുപോയല്ലോ, ആളുകളുടെ ജീവൻ നഷ്ടപ്പെട്ടുപോയല്ലോ, പക്ഷെ ഇപ്പോൾ മുസ്ലീംലീഗ് വിചാരിച്ചാൽ ഒരാളുടെ ജീവൻ രക്ഷപ്പെടുത്താൻ കഴിയും. മറ്റൊന്നുമല്ല, മലപ്പുറം ജില്ലയിലെ തേഞ്ഞിപ്പലം ഗ്രാമപഞ്ചായത്തിൽ ഉപജീവനാർത്ഥം ഒരു സ്റ്റീൽ ഫർണിച്ചർ മാർട്ട് തുടങ്ങിയ

രമേഷ് കുമാറെന്ന ഒരു പാവം വ്യവസായിയുണ്ട്. അദ്ദേഹം ആത്മഹത്യയുടെ വക്കിലാണെന്ന് മാധ്യമങ്ങളോട് പറയുന്നു. തേഞ്ഞിപ്പലം പഞ്ചായത്ത് ഭരണസമിതി അദ്ദേഹത്തെ ആത്മഹത്യയിലേയ്ക്ക് തള്ളിവിടുകയാണെന്ന് പറയുന്നു. ഇവിടെ അടിയന്തര പ്രമേയം അവതരിപ്പിച്ചവർ ഒന്ന് മനസ്സുവച്ചാൽ ഒരുപക്ഷെ ആ ജീവൻ രക്ഷിക്കാൻ കഴിഞ്ഞേയ്ക്കുമെന്ന് മാത്രം ഞാൻ ഓർമ്മപ്പെടുത്തുകയാണ്.

പിന്നെ തോൽവി. തോൽവിയെക്കുറിച്ച് ആരാണ് ഇവിടെ ക്ലാസെടുക്കുന്നത്? മുസ്ലീംലീഗ് തങ്ങളെല്ലായിടത്തും ജയിച്ചുവെന്ന് മേനി നടിക്കുകയാണ്. മുസ്ലീംലീഗിന് ഒരു ചരിത്രമുണ്ട്. ചരിത്രം നിങ്ങൾക്ക് നിഷിദ്ധമാണോയെന്ന് എനിക്ക് അറിയില്ല. ഇന്ത്യയിൽ ഒരുകാലത്തും മുസ്ലീംലീഗ് നിർണ്ണായക സ്വാധീന ശക്തിയായിരുന്നില്ല. പക്ഷെ ഒരു സാന്നിദ്ധ്യമായിരുന്നു. പടിഞ്ഞാറൻ ബംഗാളിലെ ഞങ്ങളുടെ പരാജയത്തെക്കുറിച്ച് പറയുമ്പോൾ നിങ്ങൾക്കവിടെ മൂന്ന് മന്ത്രിമാരുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ മെട്രോപൊളിറ്റൻ മുനിസിപ്പൽ കോർപ്പറേഷനുകളിലൊന്നായ മദ്രാസ് കോർപ്പറേഷന്റെ മേയർ നിങ്ങളായിരുന്നു. ഇന്ത്യയിലെ എട്ട് സംസ്ഥാന നിയമസഭകളിൽ മുസ്ലീംലീഗിന് എം.എൽ.എ.-മാരുണ്ടായിരുന്നു. ഇന്ത്യയിലെ വ്യാവസായിക തലസ്ഥാനമെന്ന് അറിയപ്പെടുന്ന ബോംബെ കോർപ്പറേഷൻ ആര് ഭരിക്കണമെന്ന് തീരുമാനിക്കാൻ കഴിയുന്നത്ര അംഗങ്ങൾ മുസ്ലീംലീഗിനുണ്ടായിരുന്നു. ഇന്ന് എവിടെപ്പോയി ആ ലീഗ്? എങ്ങനെയാണ് പരാജയത്തിന്റെ പടുകുഴിയിൽ അന്ത്യശ്വാസം വലിക്കുന്ന പാർട്ടിയായിപ്പോയത്? ബംഗാളിൽ മന്ത്രിയോ എം.എൽ.എ.യോ പോയിട്ട് പഞ്ചായത്ത് മെമ്പറെങ്കിലുമുണ്ടോ? ചെന്നൈയിലോ ബോംബെയിലോ ഉണ്ടോ? എന്താണ് പറ്റിയത്? നിങ്ങൾക്ക് ആദർശശുദ്ധിയുടെ കണിക പോലുമില്ല, നിങ്ങൾ ആരുടെ കൂടെയും ചേരും.

ആരൊക്കെയായിരുന്നു നിങ്ങളുടെ സഖ്യകക്ഷികൾ? 1970-ൽ ബോംബെയിലെ പരേലിൽ കമ്മ്യൂണിസ്റ്റ് ജനകീയ എം.എൽ.എ. ആയിരുന്ന കൃഷ്ണദേശായിയെ ശിവസേനയുടെ കാപാലികന്മാർ വെടിവച്ചുകൊന്നു. അതിനുശേഷം അവിടെ തെരഞ്ഞെടുപ്പുണ്ടായി. ആ തെരഞ്ഞെടുപ്പിൽ ശിവസേന സ്ഥാനാർത്ഥിക്ക് പിന്തുണ കൊടുത്തുകൊണ്ട് ഒരു സഖ്യകക്ഷിയായി നിൽക്കുകയാണ് മുസ്ലീം ലീഗ് ചെയ്തത്. ഇന്ത്യൻ വർഗ്ഗീയതയുടെ ചരിത്രത്തിൽ ആർ.എസ്.എസ്.-ന്റെ സഹോദര സംഘടന എന്നറിയപ്പെടുന്ന ശിവസേനയുടെ എം.എൽ.എ.-യെ മഹാരാഷ്ട്ര നിയമസഭയിലേയ്ക്ക് ആദ്യമായി ആനയിച്ചത് മുസ്ലീംലീഗിന്റെ പിന്തുണയോടെയാണ്. നിങ്ങൾ ബോംബെയിൽ ശിവസേനയ്ക്കൊപ്പം, നാഗ്പൂരിൽ ബി.ജെ.പി.-യ്ക്കൊപ്പം, കേരളത്തിൽ കോൺഗ്രസ്സിനൊപ്പം. മുമ്പ് ഞങ്ങൾക്കൊപ്പവും നിങ്ങൾ നിന്നിട്ടുണ്ട്. നിങ്ങൾ ആർക്കൊപ്പവും നിൽക്കും. നിങ്ങൾക്ക് ചുരുങ്ങിയ അജണ്ടയേയുള്ളൂ, അധികാരം. ഇരിക്കുന്ന കസേര അതുമാത്രമേ നിങ്ങൾക്കുള്ളൂ. ഇത് എല്ലാവർക്കും വ്യക്തമായ കാര്യമാണ്.

ഞാൻ എന്റെ വാക്കുകൾ ചുരുക്കുകയാണ്. അന്ന് ശ്രീ. കെ. എം. ഷാജി സംസാരിച്ചപ്പോൾ ശബരിമലയെക്കുറിച്ച് പറഞ്ഞു. 24 കാരറ്റ് വർഗ്ഗീയ പ്രസംഗമാണ് അദ്ദേഹം നടത്തിയത്. ഓരോ വോട്ടും ഹിന്ദു വോട്ട്, മുസ്ലീം വോട്ട് എന്ന് തിരിച്ച് ഇവിടെ വ്യാഖ്യാനിക്കുകയാണ് ചെയ്തത്. വർഗ്ഗീയതയുടെ പേരിലാണ് ബഹുമാനപ്പെട്ട ഹൈക്കോടതി അദ്ദേഹത്തിന്റെ എം.എൽ.എ. സ്ഥാനം റദ്ദ് ചെയ്തത്. ശബരിമലയെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹം ഞങ്ങളെ ആക്രമിക്കുകയാണ് ചെയ്തത്. ആചാരങ്ങളെക്കുറിച്ച് ഞങ്ങളെ പഠിപ്പിക്കാൻ വരുന്നു. ഇതാ ഇദ്ദേഹം തൊപ്പി വച്ചിട്ടില്ലേ; മറ്റെയാൾ ഷർട്ടിട്ടില്ലേ എന്നൊക്കെ....., അതാണോ ആചാരം? ശബരിമലയിൽ യുവതി കയറണമോ വേണ്ടയോ എന്ന് ഞങ്ങളാണോ തീരുമാനിച്ചത്? ഞങ്ങൾക്കെന്ത് കാര്യം; ഞങ്ങൾ കാച്ചിയവരുമല്ല, കറന്നവരുമല്ല. ബഹുമാനപ്പെട്ട സുപ്രീംകോടതിയാണ് തീരുമാനിച്ചത്. ഏതാണ് സുപ്രീംകോടതിയെന്ന് നിങ്ങൾ ക്കറിയില്ലേ? ശ്രീ. കെ. എം. ഷാജി എന്ന അഴീക്കോട് എം.എൽ.എ.-യ്ക്ക് ഈ നിയമസഭയിൽ അർദ്ധ എം.എൽ.എ. ആയെങ്കിലും തുടരാൻ കനിവുകാണിച്ച അതേ സുപ്രീംകോടതിയാണ് ശബരിമലയിൽ യുവതികൾക്ക് കയറാമെന്ന് പറഞ്ഞത്. നിങ്ങൾക്ക് എം.എൽ.എ. സ്ഥാനം വകവച്ചുതന്നപ്പോൾ നല്ല സുപ്രീംകോടതി, മറ്റേ വിധി വന്നപ്പോൾ ചീത്ത കോടതി. ഞങ്ങൾക്ക് ഇതിൽ പ്രത്യേക താല്പര്യമൊന്നുമില്ല. ഞങ്ങളുടെ സ്ഥാനത്ത് നിങ്ങളിരുന്നാലും ഈ വിധി പാലിക്കുകയേ മാർഗ്ഗമുള്ളൂ. ഞാൻ അവസാനിപ്പിക്കുകയാണ്. ഇത്രയുംനേരം വളരെ അസഹിഷ്ണുതയോടുകൂടി യാണെങ്കിലും കേട്ടിരുന്ന; ഇറങ്ങിപ്പോകാതെ സഹിച്ചിരുന്ന ബഹുമാനപ്പെട്ട അങ്കമാലി അംഗമുൾപ്പെടെയുള്ളവർക്ക് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

4.00 P.M.]

ശ്രീ. ഷാഫി പറമ്പിൽ: സർ, ഞാൻ ഈ ധനാഭ്യർത്ഥനയെ എതിർക്കുകയാണ്. ഉന്നതവിദ്യാഭ്യാസത്തിനും പൊതുവിദ്യാഭ്യാസത്തിനും രണ്ടുമന്ത്രിമാരെ സൃഷ്ടിച്ച്, പണ്ട് പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടെയും മന്ത്രിമാരെ രണ്ടാക്കിയതിന് വിമർശിച്ചയാളുകൾ ഇപ്പോൾ നടപ്പിലാക്കിയ നയംതന്നെ അവരുടെ വാക്കും പ്രവൃത്തിയും തമ്മിലുള്ള അന്തരത്തെ കാണിക്കുന്നതാണ്. ഞാൻ രണ്ട് മന്ത്രിമാരോടും ഒരു കാര്യം പറയാൻ ആഗ്രഹിക്കുന്നു. രണ്ടുപേരും അദ്ധ്യാപകരാണ്, എന്നാൽ അദ്ധ്യാപക സംഘടനകളുടെ അടിമകളായി അധഃപതിക്കരുതെന്ന് വിനീതമായി ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പ്രതിപക്ഷത്തോടുപോലും ചർച്ച ചെയ്യാതെ കേരളത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഖാദർ കമ്മീഷൻ റിപ്പോർട്ട് ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പിലാക്കേണ്ടത് നിങ്ങൾ ഈ പദവിയിലിരിക്കുന്ന കാലത്തല്ല എന്ന ബോധമെങ്കിലും നിങ്ങൾക്കുണ്ടാകണമെന്ന് ഞാൻ ആഗ്രഹിക്കുകയാണ്. ഉന്നത

വിദ്യാഭ്യാസ വകുപ്പുമന്ത്രിയോടും ഒരു കാര്യം പറയാനുണ്ട്, ഇന്നിപ്പോൾ പിൻവലിച്ചതാണെങ്കിലും എന്റെ കയ്യിൽ കിട്ടിയ ഒരു കടലാസ്..., ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി മുമ്പാകെ, കായംകുളത്തെ വനിതാ പോളിടെക്നിക് കോളേജ്, കമ്പ്യൂട്ടർ വിഭാഗം, .......സമർപ്പിച്ച അപേക്ഷയിന്മേൽ ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി അവർകൾ, .........-നെ അവിടെത്തന്നെ നിലനിർത്തി ഉത്തരവ് നൽകുക എന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകി ഉത്തരവായിട്ടുള്ളതുകൊണ്ട് മേൽപ്പറഞ്ഞ മാറ്റങ്ങളൊക്കെ വരുത്തുന്നുവെന്നാണ് ഒരു ഗവൺമെന്റ് ഉത്തരവിൽ പറയുന്നത്. ഇതേ അധികാരമുപയോഗിച്ചുതന്നെയാണ് ചില സർവ്വകലാശാലകളിലെ രജിസ്ട്രാർമാരെ പന്തുതട്ടുന്നതുപോലെ തട്ടിക്കളിക്കാനും നിങ്ങൾ തയ്യാറാകുന്നത്. രാഷ്ട്രീയ അന്ധത ബാധിച്ച ചില ആളുകളുടെ പാവയായി കേരളത്തിന്റെ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ അധഃപതിക്കരുതെന്ന് വിനീതമായി ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തുന്നു. കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയിലു ണ്ടാകേണ്ട മാറ്റങ്ങളെ സംബന്ധിച്ച് ഇവിടെ പലരും പറഞ്ഞു. ഞാൻ കഴിഞ്ഞ ദിവസം ഒരു ചോദ്യമായി ഇവിടെ സൂചിപ്പിച്ചു. രാജ്യത്തിനും ലോകത്തിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന artificial intelligence, virtual reality, big data, block chain എന്നീ സംവിധാനങ്ങളിലേയ്ക്ക് നമ്മുടെ കുട്ടികളെ ഒരുക്കാൻ കഴിയാവുന്ന ദീർഘവീക്ഷണമാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ നമുക്ക് അനിവാര്യമായിട്ടുള്ളത്. സംസ്ഥാനത്തിന്റെ എല്ലാ താല്പര്യങ്ങളും സംരക്ഷിക്കണ മെങ്കിൽ, ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങളൊരുക്കണ മെങ്കിൽ അതല്ലാതെ മറ്റ് മാർഗ്ഗങ്ങളില്ല. അതിനുവേണ്ടിയുള്ള ആലോചനകൾ സംസ്ഥാനം നടത്തുമ്പോൾ എല്ലാവരെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകാനാണ് ഈ മേഖല തയ്യാറാകേണ്ടത്, ഏകപക്ഷീയമായ നിലപാടുകളല്ല വേണ്ടത്. ഭരിക്കുന്നയാളുകളുടെ ഏകപക്ഷീയമായ നിലപാടുകൾ രാജ്യത്തിന് എത്രമാത്രം അപകടകരമാണെന്ന് ഇന്ന് എനിക്കും നിങ്ങൾക്കുമൊക്കെ ബോധ്യപ്പെട്ടുകൊണ്ടിരിക്കുന്ന സമയമാണ്. 1990-ലെ ഒരു കേസിന്റെ പേരിൽ, മൂന്ന് പതിറ്റാണ്ട് കഴിഞ്ഞ് അവരുടെ വിദ്വേഷം അവർ പെയ്തു തീർക്കട്ടെയെന്ന് ഒരു സംസ്ഥാനത്തിന്റെ മുഖ്യമന്ത്രി ഗുജറാത്തിന്റെ മണ്ണിൽ പറഞ്ഞപ്പോൾ അതിനോട് സല്യൂട്ട് ചെയ്യാൻ തയ്യാറാകാതെ വിയോജിപ്പ് രേഖപ്പെടുത്തി, ആ വർഗ്ഗീയതയുടെ നഗ്നതയെ തടയാൻ ശ്രമിച്ചതിന്റെ പേരിൽ സഞ്ജീവ് ഭട്ട് എന്ന ഐ.പി.എസ്.-കാരനെ ഫ്രെയിം ചെയ്ത് 30 കൊല്ലത്തേയ്ക്ക് തടവുശിക്ഷ വിധിക്കുന്ന ഒരു കാലഘട്ടം ഇന്ത്യയിൽ സംജാതമായി ക്കൊണ്ടിരിക്കുമ്പോൾ ഇവിടെ പരിഹസിക്കാം, ആക്ഷേപിക്കാം. പക്ഷേ കോൺഗ്രസ് ഇന്ത്യയുടെ നിലനിൽപ്പും ഇന്ത്യയുടെ ആത്മാവുമായിരുന്നുവെന്നുള്ളത് ഓരോ സംഭവങ്ങളും നമ്മളോട് പറയുന്നുണ്ട്. കഴിഞ്ഞ ഞായറാഴ്ച തമിഴ്നാട് മുൻ ഡി.ജി.പി. വി. ആർ. ലക്ഷ്മി നാരായണൻ അന്തരിച്ചു. 91-ാമത്തെ വയസ്സിലാണ്

അദ്ദേഹം മരണപ്പെട്ടത്. അദ്ദേഹത്തിന് ഒരു പ്രത്യേകതയുണ്ടായിരുന്നു. 1977-ൽ ഗ്രാഫ്റ്റ് കേസിൽ ഇന്ദിരാ ഗാന്ധിയെ അറസ്റ്റുചെയ്ത ഐ.പി.എസ്. ഉദ്യോഗസ്ഥ നായിരുന്ന ആ പോലീസ് ഉദ്യോഗസ്ഥൻ 1985-ലാണ് റിട്ടയർ ചെയ്യുന്നത്. അറസ്റ്റ് ചെയ്തതിനുശേഷം ഒരു സംസ്ഥാനത്തിന്റെ ഡി.ജി.പി. ആയി 8 കൊല്ലക്കാലം പിന്നെയും സർവ്വീസിലുണ്ടായിരുന്നു. 91 വയസ്സുവരെ അദ്ദേഹം ജീവിച്ചു. വിമർശനങ്ങളെ കോൺഗ്രസ് ഉൾക്കൊണ്ടിട്ടുണ്ട്. കോൺഗ്രസ് നിയമപരമായ നടപടികൾക്ക് പിന്തുണ കൊടുത്തിട്ടുണ്ട്. പക്ഷേ വർഗ്ഗീയകലാപത്തിനെതിരെ നിലപാടെടുക്കണമെന്ന ഒരൊറ്റ വാക്ക് മുഖ്യമന്ത്രിയോട് പറഞ്ഞതിന്റെ പേരിൽ 30 വർഷത്തേയ്ക്കാണ് സഞ്ജീവ് ഭട്ടിനെ ജീവപര്യന്തം ശിക്ഷയ്ക്ക് വിധിച്ചിരിക്കുന്നത്. 16 കൊല്ലംകൊണ്ട് 190 കസ്റ്റഡി മരണം നടന്ന ഗുജറാത്തിന്റെ മണ്ണിൽ സഞ്ജീവ് ഭട്ടിനൊഴികെ ഒരൊറ്റ കേസ്സിൽപ്പോലും ശിക്ഷയുണ്ടായിട്ടില്ല എന്നുപറയുമ്പോൾ അതിന്റെ അർത്ഥം ഇത് ഫ്രെയിംഡാണെന്നുള്ളതാണ്. കണ്ണുള്ളപ്പോൾ കണ്ണിന്റെ വിലയറിയില്ല, കോൺഗ്രസ് മാറിനിന്നാൽ രാജ്യത്ത് അപകടമാണെന്നുള്ളത് നമുക്ക് ഓരോതവണയും ബോധ്യംവരികയാണ്. ഇവിടെ ശ്രീ. എ. എൻ. ഷംസീറും ശ്രീ. എം. സ്വരാജുമൊക്കെ വലിയ ആവേശത്തോടെ പറഞ്ഞു. ഞങ്ങളെ നിങ്ങൾ ആദർശവും നവോത്ഥാനവുമൊക്കെ പഠിപ്പിക്കുന്നുണ്ട്. നിങ്ങളുടെ വനിതാ നേതാക്കൾ പത്രസമ്മേളനം നടത്തിപ്പറയുന്നത് കേട്ടിട്ട് അവർക്ക് നീതികൊടുക്കാൻ സാധിക്കുമോയെന്ന ആത്മപരിശോധന നടത്തിയിട്ടുവേണം നിങ്ങൾ ഞങ്ങളുടെമേൽ കുതിരകയറേണ്ടത്. ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലനോട് ഒരു അഭ്യർത്ഥന, തലശ്ശേരിയിലെ പീരങ്കി ആരോ കൊണ്ടുപോയെന്നും അത് തിരിച്ചുകൊണ്ടുവരണമെന്നും ഇവിടെ പറഞ്ഞു. അങ്ങ് അതിനുപകരം പാലക്കാട് ഒരു മൾട്ടിപ്ലക്സ് തിയേറ്ററോ മറ്റോ അനുവദിച്ചാൽ മതി. കാരണം വാളും വടിവാളും കൊണ്ടുതന്നെ തലശ്ശേരിയിൽ നിൽക്കാൻ കഴിയുന്നില്ല, ഇനി പീരങ്കികൂടി വന്നാൽ സ്ഥിതിയെന്താകുമെന്നുള്ളത് ആളുകൾക്ക് ബോദ്ധ്യമില്ല. ഇവിടെ ഒരു പേരിന്റെ ഇനിഷ്യൽ ചേർത്തു പറഞ്ഞു, കെ. എം. ഷാജി എന്നു പറഞ്ഞാൽ അതിന്റെയർത്ഥം കുമ്മനം മോദി ഷാജി എന്നാണെന്ന് പറഞ്ഞു. അപ്പോൾ എ. എൻ. ഷംസീർ എന്നുപറഞ്ഞാൽ അമിത്ഷാ നരേന്ദ്ര മോദി ഷംസീർ എന്നാണോ അർത്ഥം? ഞങ്ങളത് പറയാൻ ആഗ്രഹിക്കുന്നില്ല. ശ്രീ. കെ. എം. ഷാജിയുടെ പ്രസംഗം ശ്രീ. എം. സ്വരാജിനും ശ്രീ. എ. എൻ. ഷംസീറിനുമൊക്കെ നന്നായി കൊണ്ടിട്ടുണ്ട് എന്നുള്ളത് എനിക്ക് നല്ല ബോദ്ധ്യമുണ്ട്. ശ്രീ. എം. സ്വരാജ് എറണാകുളം ജില്ലയിൽ നിന്നുള്ള എം.എൽ.എ. കൂടിയാണല്ലോ. ഒരു കാര്യം കൂടി, ഈ ആവേശത്തിന്റെ ഒരംശം, നിങ്ങളുടെ ചെങ്കൊടി പിടിച്ച, എസ്.എഫ്.ഐ.-ക്കാരനായിരുന്ന അഭിമന്യുവിനെ കൊന്ന കേസ്സിലെ ഒന്നാംപ്രതിയെ പിടിക്കാത്ത പോലീസിനുനേരെ ഒരു ചോദ്യം ചോദിക്കാൻ ആർജ്ജവമുള്ള യുവനേതാക്കന്മാർ

എത്ര പേർ നിങ്ങളിലുണ്ട് എന്ന് ചോദിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു. ശബ്ദമുയർത്താൻ കഴിയില്ല നിങ്ങൾക്ക്. ഒരു പാർട്ടിയുടെ പ്രതിനിധിയായി തെരഞ്ഞെടുപ്പിൽ വോട്ടുചോദിച്ച, ഫെയ്സ് ബുക്കിൽ പോസ്റ്റ് ചെയ്ത ഒരു വ്യവസായിയെ, ആ പാർട്ടിയുടെ അനുഭാവിയാണെന്ന് ലോകമറിയുന്നതിൽ മടിയില്ലാതിരുന്ന ഒരാളെ, ഈ നാടിന്റെ നട്ടെല്ലായിരുന്ന, പ്രവാസ ലോകത്തുനിന്ന് അദ്ധ്വാനിച്ച് പണമുണ്ടാക്കി നാട്ടിൽവന്ന് ഒരു സംരംഭം തുടങ്ങി പാവപ്പെട്ടവർക്ക് തൊഴിൽ കൊടുക്കാൻ ആഗ്രഹിച്ച ഒരാളെ ജീവനുള്ളിടത്തോളംകാലം ഈ പദവിയിലിരിക്കുമ്പോൾ അനുമതി കൊടുക്കില്ലെന്നുപറഞ്ഞ് ആട്ടിയോടിച്ച ചെയർപേഴ്സണെ ആ സ്ഥാനത്തുനിന്ന് മാറ്റിനിർത്തണമെന്ന് പറയാൻ നട്ടെല്ലില്ലാത്ത ആളുകൾ സർക്കാരിന്റെയും അതിന് നേതൃത്വം നൽകുന്നവരുടെയും ഫാൻസ് അസോസിയേഷൻ അംഗങ്ങൾ മാത്രമാണ്. ഡി.വൈ.എഫ്.ഐ. പിരിച്ചുവിട്ടിട്ട് ശ്രീ. പിണറായി വിജയന്റെ ഫാൻസ് അസോസിയേഷൻ ആരംഭിക്കുന്നതായിരിക്കും നിങ്ങൾക്ക് നല്ലതെന്ന് പറയാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

ഞാൻ പാലക്കാട് ജില്ലയിൽ നിന്നാണ് നിയമസഭാംഗമായി വരുന്നത്. കേരളത്തിന്റെ അഭിമാനം വാനോളം കാത്തുസൂക്ഷിച്ച ജില്ലയാണ് പാലക്കാട്. കേരളത്തിന്റെ മണ്ണിൽ വിജയമുണ്ടാക്കിയ രണ്ട് താരങ്ങളെക്കുറിച്ച് അഭിമാനത്തോടുകൂടി ഇപ്പോഴും നമ്മൾ പറയുന്നുണ്ട്. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ ഫുൾ 'എ' പ്ലസ് നേടി മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ യോഗ്യത നേടിയിട്ടും അതിന് പോകാതെ എഞ്ചിനീയറിംഗിന് ചേരുകയും എന്നാൽ സ്പോർട്സാണ് തന്റെ കരിയറെന്ന് തിരിച്ചറിഞ്ഞ് എഞ്ചിനീയറിംഗ് പഠനം ഉപേക്ഷിച്ച് വിക്ടോറിയ കോളേജിൽ ഡിഗ്രിക്ക് ചേരുകയും 19-ാമത്തെ വയസ്സിൽ ലോംഗ് ജമ്പിൽ ഇന്ത്യയുടെ നാഷണൽ റെക്കോർഡ് ഹോൾഡറാകുകയും ചെയ്ത ശ്രീശങ്കർ മുരളി പാലക്കാട്ടുകാരനാണ്. ഇപ്പോൾ 7.93 മീറ്റർ ദൂരം ചാടി വിദേശത്തുനിന്ന് ഇന്ത്യക്ക് സ്വർണ്ണമെഡൽ നേടിത്തന്നിരിക്കുകയാണ്. ആ ശ്രീശങ്കർ ഉൾപ്പെടെയുള്ള താരങ്ങൾ പ്രാക്ടീസ് ചെയ്യുന്ന സിന്തറ്റിക്ക് ട്രാക്ക് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഫോം ചെയ്തതാണ്. അവിടെ കുട്ടികൾക്ക് ചെയ്ഞ്ച് റൂം, റിഫ്രഷ്മെന്റ് സൗകര്യം, ടോയ്ലറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുവേണ്ടി ഫണ്ട് ചോദിച്ചിട്ട് നൽകിയില്ല. അവസാനം 2,10,00,000 രൂപ 2017-18 സാമ്പത്തിക വർഷം അനുവദിച്ചെങ്കിലും പല കാരണങ്ങൾകൊണ്ട് 2019 ആയിട്ടും പണി തുടങ്ങാൻ കഴിയുന്നില്ലെന്ന് ഖേദത്തോടെ ഓർമ്മപ്പെടുത്തുകയാണ്. പ്രതിഭകൾ നമുക്കുണ്ട്, അവർക്കുള്ള ഇൻഫ്രാസ്ട്രക്ചർ നമ്മൾ ഒരുക്കിക്കൊടുക്കണം. ശ്രീ. എ. സി. മൊയ്തീൻ സ്പോർട്സ് വകുപ്പുമന്ത്രിയായി ചുമതലയേറ്റപ്പോൾ രണ്ടുകോടി അമ്പത്തിനാല് ലക്ഷം രൂപയിൽ പാലക്കാട് ഫുട്ബോൾ ടർഫ് പണികഴിപ്പിച്ചു. ആ ടർഫിൽ കുട്ടികൾ പ്രാക്ടീസ്

നടത്തിയതിനുശേഷമാണ് സുബ്രതോ കപ്പിൽ ആദ്യമായി പാലക്കാട് വിജയിച്ചത്. അവിടെയൊരു ചെയ്ഞ്ച് റൂമിനും ഗ്യാലറിക്കുമായി ഫണ്ട് അനുവദിക്കാമെന്ന് പറഞ്ഞെങ്കിലും ഒരു നടപടിയുമുണ്ടായിട്ടില്ല. എത്രയും പെട്ടെന്ന് എം.എൽ.എ. ഫണ്ടിൽനിന്നും അനുവദിച്ച പ്രവൃത്തിയെങ്കിലും ആരംഭിക്കാനുള്ള നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

ഇവിടെ കോൺഗ്രസ്സിനെയും തെരഞ്ഞെടുപ്പിനെയും സംബന്ധിച്ചൊക്കെ നിങ്ങൾ പറയുന്നുണ്ട്. കോൺഗ്രസ്സിന്റെ പരാജയം അത് രാജ്യത്തിന് തന്നെയുണ്ടായ നഷ്ടമാണെന്ന് ഓരോ സംഭവങ്ങളും തെളിയിക്കുകയാണ്. ജാർഖണ്ഡിലെ മോബ്-ലിഞ്ചിംഗ്-ഒരു ചെറുപ്പക്കാരനെ പരസ്യമായി തല്ലിക്കൊന്നിട്ട് ജയ് ശ്രീറാം വിളിക്കുന്ന, കൊലപാതകത്തിലേയ്ക്ക് ആളുകളെ തള്ളിവിടുന്ന കാഴ്ച നമ്മൾ കണ്ടു നിൽക്കേണ്ടിവരികയാണ്. ഇന്ത്യൻ പാർലമെന്റിനകത്ത് ഒരംഗം സത്യപ്രതിജ്ഞ ചെയ്യുമ്പോൾ കേൾക്കേണ്ടിവരുന്ന വാക്കുകൾ ഈ നാടിന് ഉൾക്കൊള്ളാൻ കഴിയുന്ന ഒന്നാണെന്ന് ഞാൻ കരുതുന്നില്ല. ജയ് ശ്രീറാമിന്റെയും അള്ളാഹു അക്ബറിന്റെയും വിളികളാണ് പാർലമെന്റിനകത്ത് അംഗങ്ങൾ സത്യപ്രതിജ്ഞ ചെയ്യുമ്പോൾപോലും ഉണ്ടാകുന്നത്. എത്ര തെരഞ്ഞെടുപ്പുകളിൽ തോറ്റാലും കോൺഗ്രസ്സിന്റെ ആശയങ്ങളും നിലപാടുകളും ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം എത്ര പ്രസക്തമായിരുന്നു എന്നുള്ളത് ഓർമ്മപ്പെടുത്താൻ ഞങ്ങൾ ആഗ്രഹിക്കുന്നു. കോൺഗ്രസ് പ്രതിരോധിക്കുന്നില്ലെന്ന് പറഞ്ഞവർക്കായി ഞാൻ ഒറ്റവാചകം മാത്രം വായിക്കുന്നു, " keep your hate-filled new India, return our old India that lived on mutual love." വിദ്വേഷം മാത്രം പകർന്നാടുന്ന നിങ്ങളുടെ പുതിയ ഇന്ത്യ, നിങ്ങളുടെ കയ്യിൽവച്ച് പരസ്പരം സ്നേഹത്തോടെ കഴിയുന്ന ജനങ്ങളുള്ള ഞങ്ങളുടെ പഴയ ഇന്ത്യ ഞങ്ങൾക്ക് തിരിച്ചുതരണമെന്ന് ഇന്ത്യയുടെ പാർലമെന്റിനകത്ത് ശ്രീ. ഗുലാം നബി ആസാദ് ഇന്ത്യയുടെ പ്രധാനമന്ത്രിയെ നോക്കി പറയുന്നുണ്ട്. ശ്രീ. അധിർ രഞ്ജൻ ചൗധരിയോട് നിങ്ങൾക്കുള്ള ദേഷ്യം സ്വാഭാവികമായും മനസ്സിലാക്കാം. നിങ്ങൾ കോട്ടകെട്ടിയ കാലത്തും അതിനുശേഷം ആ കോട്ട ശ്രീമതി മമതാ ബാനർജി പൊളിച്ച കാലത്തും ഇപ്പോൾ ബി.ജെ.പി. വിത്തിടാൻ ശ്രമിക്കുമ്പോഴും അതിന് മുന്നിലൊന്നും കുലുങ്ങാതെ നിൽക്കുന്ന നേതാവിനെയാണ് കോൺഗ്രസ് തെരഞ്ഞെടുത്തത് എന്നുള്ളതുതന്നെയാണ് മീശ വെറും രോമം മാത്രമാണെന്ന് പറയുന്നവരോട് എനിക്ക് പറയാനുള്ളത്. കൊന്ന കൈകളിലെ രക്തം ഒരു ഗ്ലാസ് വെള്ളംകൊണ്ട് കഴുകിയാൽ തീരുമെന്ന് ശ്രീ. എം. സ്വരാജ് പറഞ്ഞു. എന്റെ കയ്യിൽ ഒരു ടിഷ്യൂ പേപ്പറുണ്ട്. ഇതുകൊണ്ട് തീരുമെന്ന് നിങ്ങൾ പറയുമായിരിക്കും. പക്ഷേ, ഈ ജന്മം മുഴുവൻ ലോകത്തുള്ള മുഴുവൻ വെള്ളത്തിൽ കുളിച്ചാലും അത് നിങ്ങളുടെ ശരീരത്തിൽ നിന്ന് മാറാൻ പോകുന്നില്ല. കാരണം, കൊന്നും കൊല്ലിച്ചും ശീലമുള്ള ആളുകൾ അതിന് പിന്തുണ കൊടുക്കാനും ന്യായീകരിക്കാനും ഇപ്പോഴും

തയ്യാറാകുകയാണ്. വർത്തമാനകാല സംഭവങ്ങൾപോലും അതിന്റെ ലക്ഷണങ്ങളാണ് കാണിക്കുന്നത്. വടകരയിലെ സ്ഥാനാർത്ഥിത്വം ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിങ്ങൾ നൽകാൻ ശ്രമിച്ച സന്ദേശം എന്താണെന്ന് വളരെ വ്യക്തമാണ്. കൊല്ലപ്പെടുന്നത് പ്രവാസിയാണെങ്കിലും കർഷകനാണെങ്കിലും രാഷ്ട്രീയ പ്രവർത്തകനാണെങ്കിലും ഒരുവശത്ത് നിങ്ങൾ നിൽക്കുമ്പോൾ അതിനെ ന്യായീകരിക്കാൻ ഒരു മടിയുമില്ലാതെ രംഗത്തിറങ്ങുന്ന യുവജന നേതാക്കന്മാർ ഇപ്പോഴും തുടരുന്ന സാഹചര്യത്തിൽ നാളെയും നിങ്ങളുടെ സ്വഭാവം ഇതുതന്നെയായിരിക്കുമെന്ന് കരുതേണ്ടിവരും. ഗവൺമെന്റിന്റെ തെറ്റുകളെ ചോദ്യം ചെയ്യാനുള്ള ആർജ്ജവം പ്രതിപക്ഷത്തിനുണ്ട്. ആ കർത്തവ്യം പ്രതിപക്ഷം നിറവേറ്റുമ്പോൾ ഞങ്ങളെ വേറെ എവിടെയും കൊണ്ടുപോയി കെട്ടണ്ട, ഞങ്ങൾ ഈ മുന്നണിക്കകത്തുനിന്ന്, ഈ പ്രസ്ഥാനത്തിനകത്തുനിന്ന് ആറിൽ ആറും ജയിക്കുമെന്ന് ഇവിടെ പറഞ്ഞു. ലോക്സഭാ തെരഞ്ഞെടുപ്പിൽ ഇരുപതിൽ ഇരുപതും ജയിക്കുമെന്ന് പ്രഖ്യാപിച്ച് മത്സരിച്ചി 19 സീറ്റിലും തോറ്റവർ ജനവിധിയെ ഇനിയും അംഗീകരിക്കാൻ തയ്യാറായിട്ടില്ലെന്ന് ബോധ്യമാകുകയാണ്. ഞങ്ങൾക്ക് നേരെയുണ്ടാകുന്ന ശബ്ദത്തിന്റെ ഒരംശം ഉപയോഗിച്ച് സ്വന്തം അണിയെ കൊന്ന കേസ്സിലെ പ്രതിയെ പിടിക്കണമെന്ന് അധികാരത്തിലിരിക്കുന്ന ആളുകളോട് പറയാനുള്ള ശേഷിയും സ്വന്തം പാർട്ടിയിലെ നേതാക്കന്മാർക്ക് നീതി നേടിക്കൊടുക്കാനുള്ള ആർജ്ജവവും ഈ യുവനേതാക്കന്മാർക്ക് ഉണ്ടാകട്ടെയെന്ന് ഒരിക്കൽക്കൂടി ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, പ്രൊഫ. കെ. യു. അരുണൻ മുതൽ ശ്രീ. ഷാഫി പറമ്പിൽ വരെ പതിനഞ്ച് ബഹുമാനപ്പെട്ട എം.എൽ.എ.-മാർ ഇന്ന് ഈ ചർച്ചയിൽ പങ്കെടുത്തു. നിരവധി വിമർശനങ്ങളും നിർദ്ദേശങ്ങളുമുണ്ടായിരുന്നു. അതിനെല്ലാം ആദ്യമായി നന്ദി രേഖപ്പെടുത്തുന്നു.

സംസ്ഥാന സർക്കാരിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും എം.എൽ.എ.-മാരുടെയും മറ്റ് ജനപ്രതിനിധികളുടെയും കേരളത്തിലെ ബഹുജനങ്ങളുടെയും ഒപ്പം നിന്ന് വിദ്യാഭ്യാസ വകുപ്പ്, വിദ്യാഭ്യാസ മിഷൻ, എസ്.സി.ഇ. ആർ.ടി., കൈറ്റ്, എസ്.എസ്.കെ., എസ്.ഐ.ഇ.റ്റി., സീ-മാറ്റ്, സാക്ഷരതാ മിഷൻ തുടങ്ങിയ സ്ഥാപനങ്ങളുടെ ഉന്നതവും സ്തുത്യർഹവുമായ പ്രവർത്തനത്തിലൂടെ പൊതുവിദ്യാഭ്യാസരംഗം നമുക്ക് അഭിമാനമായി മാറിയിരിക്കുന്നു. ഇത് കേരള ജനതയുടെ നേട്ടമാണ്. എല്ലാവർക്കും അഭിനന്ദനങ്ങൾ.

ശ്രീ. വി. ടി. ബൽറാം മുതൽ ശ്രീ. ഷാഫി പറമ്പിൽ വരെയുള്ള പ്രതിപക്ഷാംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിച്ചപ്പോൾ ചില പ്രധാനപ്പെട്ട വിമർശനങ്ങൾ ഉന്നയിക്കുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനപ്പെട്ട വിമർശനം ദേശീയ കരട് വിദ്യാഭ്യാസ നയത്തെക്കുറിച്ചുള്ളതാണ്. ആ കരട്

നയത്തിലെ ജനകീയ വിരുദ്ധ നിർദ്ദേശങ്ങൾ നമ്മളെല്ലാവരും വായിച്ചിട്ടുണ്ട്. പക്ഷേ, നേരത്തെ സൂചിപ്പിച്ചതുപോലെ, നാനൂറ്റി ചില്ലാനം പേജുകളുള്ള ഈ കരട് നിർദ്ദേശം വളരെ ആഴത്തിൽ പഠിക്കേണ്ടതുണ്ട്. അതിലെ നിർദ്ദേശങ്ങൾ തികച്ചും ജനവിരുദ്ധമായിരിക്കുമെന്ന് ഇതിന് മുമ്പുനടന്ന പല വിദ്യാഭ്യാസ ചർച്ചകളിൽ നിന്നും വ്യക്തമായിട്ടുണ്ട്. അതുകൊണ്ടുതന്നെ വളരെ ആഴത്തിൽ ഇക്കാര്യങ്ങൾ പഠിക്കുന്നതിനും അതിശക്തമായി പ്രതികരിക്കുന്നതിനും സീ-മാറ്റിന്റെയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും നേതൃത്വത്തിൽ ചർച്ചകൾ നടക്കുകയാണ്. ഇതിലൂടെ വളരെ കൃത്യമായി കരട് വിദ്യാഭ്യാസ നയത്തെ എങ്ങനെ എതിർക്കണമെന്ന കൃത്യമായ പരിപ്രേക്ഷ്യമുണ്ടാകും. അത് ശക്തമായി പ്രതിഫലിപ്പിക്കാനും തയ്യാറാകും.

ഇത്തരത്തിലൊരു വിദ്യാഭ്യാസ നയം വരാനുള്ള സാദ്ധ്യതയുണ്ടെന്ന് കേന്ദ്ര സർക്കാരിന്റെ കഴിഞ്ഞ അഞ്ചുവർഷത്തെ പ്രവർത്തനങ്ങളിൽ നിന്നും നമുക്കെല്ലാവർക്കും മനസ്സിലായിട്ടുണ്ട്. അതുകൊണ്ട് വർഗ്ഗീയത കച്ചവടത്തോടൊപ്പം വിദ്യാഭ്യാസത്തിലും കലർത്തുമ്പോൾ വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന മൗലികമായ പല മാറ്റങ്ങളെയും മുന്നിൽ കണ്ടുകൊണ്ട് അതിനെ ചില വാക്കുകളിലൂടെ എതിർക്കുന്നതിനുപകരം ഒരു രാഷ്ട്രീയഭൂമിക സൃഷ്ടിച്ചുകൊണ്ട് എതിർക്കണമെന്ന് നല്ല ബോദ്ധ്യമുള്ളതുകൊണ്ടാണ് കേരളത്തിൽ ജനകീയ വിദ്യാഭ്യാസത്തിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ തുടക്കം കുറിച്ചതെന്നുകൂടി നമ്മൾ തിരിച്ചറിയണം. ഇന്ന് ദേശീയ വിദ്യാഭ്യാസ നയത്തെ അതിശക്തമായി എതിർക്കത്തക്ക രീതിയിലുള്ള ഒരു രാഷ്ട്രീയഭൂമിക പൊതു വിദ്യാഭ്യാസത്തിന്റെ വളർച്ചയിലൂടെ സൃഷ്ടിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ പ്രക്രിയയിലൂടെ വികസിപ്പിച്ചെടുക്കുന്നത് മതനിരപേക്ഷ ജനാധിപത്യ സങ്കൽപ്പങ്ങളാണ്. അതുകൊണ്ട് അത്തരമൊരു സാങ്കൽപ്പിക ഭൂമികയിൽ നിന്നുകൊണ്ട് കരട് വിദ്യാഭ്യാസ നയത്തിന്റെ പ്രശ്നങ്ങളെ വളരെ വിശദമായി പഠിച്ച് അതിനെ അതിശക്തമായി എതിർക്കേണ്ടിടത്ത് എതിർക്കാനുള്ള ശ്രമം തന്നെയാണ് നടക്കുന്നത്. അതിൽ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ വിജയത്തിലൂടെയുണ്ടായ രാഷ്ട്രീയ ഭൂമികയെക്കുറിച്ചുകൂടി തിരിച്ചറിയണം എന്നുള്ളതാണ് അതിനെക്കുറിച്ച് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ഖാദർ കമ്മീഷൻ റിപ്പോർട്ടിനെക്കുറിച്ചാണ് രണ്ടാമത് പറഞ്ഞത്. അതിനെക്കുറിച്ച് ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഇന്ന് രാവിലെയും ഇതിന് മുമ്പും നിരവധി ചോദ്യങ്ങളിലൂടെ വിശദീകരിച്ചിട്ടുള്ളതാണ്.

മലപ്പുറത്ത് പ്ലസ് വൺ-ന് സീറ്റ് കുറവാണെന്ന് ഇവിടെ സൂചിപ്പിച്ചു. ശ്രീ. മഞ്ഞളാംകുഴി അലിയും അതുസംബന്ധിച്ച് സൂചിപ്പിക്കുകയുണ്ടായി. അത് ശരിയാണ്. അങ്ങനെയൊരു പ്രശ്നമുണ്ടെന്ന് ഈ നിയമസഭയിൽ പറഞ്ഞ ആളാണ് ഞാൻ. അത് തിരുത്തുമെന്ന് ഇവിടെ ഉറപ്പ് നൽകിയതുമാണ്. പക്ഷേ, അദ്ദേഹം ഇവിടെ

പറഞ്ഞ ഒരു കാര്യം, ഞങ്ങൾ 84000 സീറ്റ് കൊടുത്തിട്ടുണ്ടായിരുന്നു എന്നാണ്. ഇപ്പോൾ മലപ്പുറത്ത് കുട്ടികൾക്ക് സീറ്റില്ലായെന്ന് പറയുകയാണ്. ഞാൻ ഒന്നുരണ്ട് കണക്ക് വായിക്കാം. പ്ലസ് വൺ അഡ്മിഷന്റെ അവസാന തീയതി ഇന്നാണ്. അവസാന സമയമാകുന്നതിനുമുമ്പ് കണക്കെടുത്തപ്പോൾ പത്തനംതിട്ട ജില്ലയിൽ 3264 സീറ്റ് ഒഴിഞ്ഞു കിടക്കുകയാണ്. മലപ്പുറത്ത് സീറ്റ് കുറവും. 84000 സീറ്റ് കൊടുത്തപ്പോൾ ഈ ഡിസ്പാരിറ്റി എന്തുകൊണ്ട് വന്നു? ഞാൻ പറയുന്നത് ശരിയാണോ അല്ലയോ എന്ന് പറഞ്ഞാൽ മതി. ഇങ്ങനെയാണോ കൊടുക്കേണ്ടിയിരുന്നത്?

ശ്രീ. മഞ്ഞളാംകുഴി അലി: സർ, അന്നവിടെ സീറ്റ് വേക്കന്റായി കിടന്നിരുന്നില്ല. സീറ്റ് കൊടുക്കുന്ന സമയത്ത് അത് ഫില്ലാകും. പിന്നീട് കുട്ടികൾ വരുമോ ഇല്ലയോയെന്ന് അറിയില്ല. ഇല്ലെങ്കിൽ അത് കാൻസൽ ചെയ്ത് ഇങ്ങോട്ട് മാറ്റണം. അതിനല്ലേ സർക്കാർ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അങ്ങ് പറഞ്ഞത് മനസ്സിലായി. ഞാൻ തിരുത്താൻ തയ്യാറാണ്. പക്ഷേ ഞാൻ പറയുന്നത് കേൾക്കണമെന്നൊരു അഭ്യർത്ഥനയുണ്ട്. കഴിഞ്ഞ പത്തുവർഷത്തെ കണക്ക് ഞാൻ കൊണ്ടുവരാം. പത്തനംതിട്ടയിലെ കണക്ക് മാത്രമല്ല, ആലപ്പുഴയിൽ 1613 സീറ്റും കോട്ടയത്ത് 1645 സീറ്റും ഇടുക്കിയിൽ 1412 സീറ്റും എറണാകുളത്ത് 1375 സീറ്റും ഒഴിഞ്ഞു കിടക്കുകയാണ്. അതേസമയം അപ്പുറത്ത് സീറ്റില്ലാതെ കിടക്കുകയാണ്. ഈ ഡിസ്പാരിറ്റി ഇല്ലാതാക്കത്തക്ക രീതിയിലും എല്ലാവർക്കും സീറ്റ് കിട്ടത്തക്ക രീതിയിലുമാണ് സർക്കാർ ഇപ്പോൾ പ്രവർത്തിക്കുന്നത്. സീറ്റുകൾ വേക്കന്റായി കിടന്നാൽ, അദ്ധ്യാപകർക്ക് ശമ്പളം കൊടുത്തുകൊണ്ടിരിക്കുകയാണ്. എയ്ഡഡ് സ്കൂളുകളിലെ പ്രശ്നങ്ങളൊക്കെ നമുക്കറിയാം. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മന്ത്രി പറഞ്ഞ കണക്ക് ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിലെ സീറ്റിന്റെ കുറവ് മാത്രമാണോ അതോ അൺ എയ്ഡഡ് സ്കൂളുകളിലെ സീറ്റുംകൂടി കൂട്ടിയതാണോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, സർക്കാർ സ്കൂളുകളിലെയും എയ്ഡഡ് സ്കൂളുകളിലെയും കണക്കാണ് പറഞ്ഞത്. വേക്കന്റായി കിടക്കുന്ന ബാച്ചുകളുണ്ടെങ്കിൽ അത് സീറ്റുകളില്ലാത്ത സ്ഥലത്തേയ്ക്ക്, മലപ്പുറത്താണെങ്കിൽ അവിടേയ്ക്ക് മാറ്റുന്നതാണ്. ഇന്നാണ് അവസാന തീയതി. നാളെ അതിന്റെ കണക്കെടുക്കും. എവിടെയാണോ ബാച്ചുകൾ ഒഴിഞ്ഞുകിടക്കുന്നത് അവിടേയ്ക്ക് ആ ബാച്ചുകളെ മാറ്റും. പത്തനംതിട്ടയായാലും മലപ്പുറമായാലും ഒരു കുട്ടിയെയും ബുദ്ധിമുട്ടിക്കുകയില്ല. വേക്കന്റായ ബാച്ച് എവിടെയാണോ അവിടേയ്ക്കുതന്നെ മാറ്റും.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, ഈ രീതിയിൽ സീറ്റ് ആവശ്യമുള്ള സ്ഥലങ്ങളിലേയ്ക്ക് മാറ്റിക്കൊടുക്കുമെന്ന് പറഞ്ഞത് നല്ല കാര്യമാണ്. ഞാൻ അങ്ങേയ്ക്കൊരു റെപ്രസന്റേഷൻ തന്നിരുന്നു. ഒരു കുട്ടിക്ക് ആദ്യത്തെ അലോട്ട്മെന്റിൽ സീറ്റ് ലഭിച്ചു. പക്ഷേ അവരുടെ അജ്ഞതകൊണ്ടോ സാഹചര്യം കൊണ്ടോ അഡ്മിഷനെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് പിന്നീട് അപേക്ഷ കൊടുക്കാൻ അവസരമില്ല. അത് പ്രൊവൈഡ് ചെയ്യുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അത് പരിഗണിക്കുമോ?

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: സർ, അത് വളരെ പ്രധാനപ്പെട്ട പ്രശ്നമായതിനാൽ അതിനെക്കുറിച്ച് പരിശോധിക്കാം. ഏതായാലും എല്ലാ കുട്ടികൾക്കും നീതി ഉറപ്പാക്കും. ഇന്നത്തോടുകൂടി പ്ലസ് വൺ ബാച്ചുകളുടെ കൃത്യമായ കണക്ക് ലഭിക്കും. കേരളത്തിലെ എല്ലാ കുട്ടികൾക്കും അഡ്മിഷൻ കിട്ടത്തക്ക രീതിയിൽ ശാസ്ത്രീയമായി അത് റീ-അറേഞ്ച് ചെയ്യും. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ സൂചിപ്പിച്ച, പ്രളയത്തിൽ തകർന്ന എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ അഡ്മിഷൻ നടന്നിട്ടുണ്ടെങ്കിൽ എന്തുചെയ്യുമെന്നുള്ളത് പരിശോധിക്കാവുന്നതാണ്. സ്കൂളുകളുടെ പണി തീർക്കു ന്നില്ലെന്ന് ഇവിടെ പറഞ്ഞു. മികവിന്റെ കേന്ദ്രങ്ങളായി പ്രഖ്യാപിച്ച 141 സ്കൂളുകളിൽ 137 സ്കൂളുകളിലും 5 കോടി രൂപയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. ബാക്കിയുള്ള നാല് സ്കൂളുകളുടെ ടെണ്ടർ പൂർത്തിയായി. അതിൽ 50 ശതമാനത്തിനുമുകളിൽ പ്രവർത്തനം പൂർത്തിയാക്കിയ 49 സ്കൂളുകളുണ്ട്. നാല് സ്കൂളുകൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. എല്ലാം വളരെ കൃത്യമായി മോണിറ്റർ ചെയ്യുന്നുണ്ട്. എന്റെ മണ്ഡലത്തിലടക്കമുള്ള ചില സ്കൂളുകൾ പുറകിലോട്ട് പോകുന്നുവെന്നുള്ള സത്യം ഞാൻ തുറന്നുപറയുകയാണ്. കൃത്യമായും മോണിറ്റർ ചെയ്ത് ആ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നുണ്ട്. ഏതായാലും ഒരു വർഷം അഞ്ച് കോടി രൂപ, മൂന്ന് കോടി രൂപ, ഒരു കോടി രൂപ എന്നിങ്ങനെയുണ്ട്. ഇപ്പോൾ കിഫ്ബിയിൽ പ്രഖ്യാപിച്ച സ്കൂളുകളുടെ വർക്ക് തീർച്ചയായും ഒരു വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്നുള്ള കാര്യം ഞാൻ നിങ്ങളെ അറിയിക്കുകയാണ്.

ഒരു സംഘടനയുടെ അടിമയാണെന്ന് ഇവിടെ സൂചിപ്പിച്ചതിനെ പൂർണ്ണമായും ഞാൻ നിഷേധിക്കുകയാണ്. ആർക്കും അടിമയല്ല. ജനങ്ങൾ വിശ്വസിക്കുന്ന രീതിയിൽ ജനങ്ങൾക്കുവേണ്ടി പൂർണ്ണമായും മനസ്സുതുറന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ രാഷ്ട്രീയ സങ്കൽപ്പത്തിൽ നിന്നുകൊണ്ടാണ് പ്രവർത്തിക്കുന്നത്. അക്കാര്യത്തിൽ ആർക്കും ഒരു സംശയവും വേണ്ട.

ഇപ്പോൾ ചെയ്യാൻ പോകുന്ന ഒന്നുരണ്ട് കാര്യങ്ങളെക്കുറിച്ച് മാത്രം സൂചിപ്പിക്കാം. ഈ വർഷം ഹയർ സെക്കണ്ടറി അക്കാദമിക് രംഗത്ത് ഒരു ഡിജിറ്റൽ വിസ്മയം തീർക്കാനാണ് വിദ്യാഭ്യാസ വകുപ്പ് തീരുമാനിച്ചിരിക്കുന്നത്.

അക്കാദമിക ആസൂത്രണത്തിനും വിനിമയത്തിനും മോണിറ്ററിംഗിനുംവേണ്ടി 'സമഗ്ര' പോർട്ടലുണ്ട്. സമഗ്ര I-ഉം സമഗ്ര II-ഉം ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. സമഗ്ര III എന്നൊരു പ്രത്യേക പോർട്ടൽ ഈ വർഷം ചെയ്യുന്നുണ്ട്. ഓരോ പാഠം പൂർത്തീകരിക്കുമ്പോഴും അതുമായി ബന്ധപ്പെട്ട് ടെക്സ്റ്റിനപ്പുറമുള്ള ദാർശനികവും ശാസ്ത്രീയവുമായ വശങ്ങളും പ്ലസ് വൺ, പ്ലസ് ടു പരീക്ഷയ്ക്കുള്ള വിഭവങ്ങളും എൻട്രൻസ് പോലെയുള്ള മത്സരപ്പരീക്ഷകൾക്കുള്ള വിഭവങ്ങളും ചേർത്ത് Beyond Text Samagra III തയ്യാറാക്കുന്നത് ആദ്യമായിട്ടായിരിക്കും. മാതാപിതാക്കൾക്കു വേണ്ടി ഇതിന്റെ മൊബൈൽ ആപ്ലിക്കേഷനും തയ്യാറാക്കും. പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്കും മത്സര പരീക്ഷകൾക്കും ഉന്നത വിദ്യാഭ്യാസത്തിനുംവേണ്ടി കുട്ടികളെ തയ്യാറാക്കും. തുടർന്ന് അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും തുടർഗവേഷണം നടത്താനുള്ള സാദ്ധ്യതകളൊരുക്കും. തുടർഗവേഷണത്തിലൂടെ അവരുണ്ടാക്കുന്ന ഇന്നൊവേഷൻസ് സ്റ്റോർ ചെയ്യാൻ ഒരു പോർട്ടലുണ്ടാക്കും, അതാണ് സമഗ്ര IV. അങ്ങനെ ഹയർ സെക്കണ്ടറിയിൽ വലിയൊരു ഡിജിറ്റൽ വിസ്മയം തീർക്കാനാണ് വിദ്യാഭ്യാസ വകുപ്പ് ഉദ്ദേശിക്കുന്നത്.

ഇന്ത്യയിലെ ഏറ്റവും വലിയ കൂട്ടായ്മയായ Little Kites-ൽ 1.4 ലക്ഷം കുട്ടികളാണുള്ളത്. 1910 യൂണിറ്റുകളാണ് ഇപ്പോഴുള്ളത്. അത് 2060 യൂണിറ്റായി വ്യാപിപ്പിക്കുമെന്നുമാത്രമല്ല, ഏറ്റവും ആധുനികതയോടുകൂടി ഈ വർഷം ഹയർ സെക്കണ്ടറി തലത്തിലും ഇത് നടപ്പിലാക്കും.

Appointment of approval എന്നുള്ളത് വളരെ വർഷങ്ങളായി എയ്ഡഡ് സ്കൂളുകളിലെ മാനേജർമാരുടെ പ്രശ്നമായിരുന്നു. Appointment of approval-നു വേണ്ടി 'സമന്വയ' എന്ന പേരിൽ പ്രത്യേക സോഫ്റ്റ്‌വെയർ തയ്യാറാക്കി. അതിനു ശേഷം കേരളത്തിലാദ്യമായി സോഫ്റ്റ്‌വെയറിലൂടെ ഒരു ദിവസംകൊണ്ട് appointment of approval നൽകിയത് കടുത്തുരുത്തി ഡി.ഇ.ഒ. ആണ്. Appointment of approval എത്രനാളായി കെട്ടിക്കിടക്കുന്നതാണെന്ന് എല്ലാവർക്കുമറിയാം. കൃത്യമായി മാനേജർ അപ്‌ലോഡ് ചെയ്തപ്പോൾ ഒറ്റദിവസംകൊണ്ട് കടുത്തുരുത്തി ഡി.ഇ.ഒ. appointment approval സോഫ്റ്റ്‌വെയറിലൂടെ കൊടുത്തു. അതിനുശേഷം എറണാകുളം ഡി.ഇ.ഒ., കണ്ണൂർ എ.ഇ.ഒ, കണ്ണൂരിലെതന്നെ മറ്റൊരു എ.ഇ.ഒ., കാഞ്ഞിരപ്പള്ളി ഡി.ഇ.ഒ. തുടങ്ങി എല്ലാവരും സോഫ്റ്റ്‌വെയറിലൂടെ ഇത് ചെയ്യുകയാണ്. അതുകൊണ്ട് ആ രംഗത്തും സോഫ്റ്റ്‌വെയർ വലിയ പ്രയോജനമുണ്ടാക്കിയിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, അദ്ധ്യാപകരുടെ നിയമനത്തിനുള്ള അംഗീകാരം വലിയൊരു പ്രശ്നമാണ്. ചിലപ്പോൾ 50 പേരുടെ സ്ട്രെങ്ത് ഉണ്ടാകും പക്ഷെ 49 പേർ മാത്രമേ കാണുകയുള്ളൂ. അതിൽ രാഷ്ട്രീയമായ ഇടപെടലുണ്ടാകാതെ തീരുകയില്ല. മൂന്നും നാലും വർഷമായി ശമ്പളമില്ലാതെ വർക്ക് ചെയ്യുകയാണ്. അതിന് പരിഹാരമുണ്ടാക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അത് മറ്റൊരു വിഷയമാണ്. ഇത് appointment of approval-മായി ബന്ധപ്പെട്ട ഒരു സോഫ്റ്റ്‌വെയറാണ് തയ്യാറാക്കിയിരിക്കുന്നത്. അതിൽ 50 കുട്ടികൾ ഉണ്ടെങ്കിൽ മാത്രമേ ഒരു ബാച്ചാകുകയുള്ളൂ. 49 കുട്ടികൾ മാത്രമേയുള്ളൂവെങ്കിൽ അത് ബാച്ചല്ലെന്നാണ് അതിനർത്ഥം. പക്ഷേ അങ്ങ് സൂചിപ്പിച്ചത് പരിഗണിക്കേണ്ട വിഷയമാണ്. സർക്കാർ അത് പരിഗണിച്ചുകൊണ്ടിരിക്കുകയാണ്, ആ വിഷയം സംബന്ധിച്ച ഫയൽ മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. പക്ഷേ അതിവിടെ പറഞ്ഞതിനപ്പുറമാണ്. 50 വേണ്ടതിനുപകരം 49 എന്നുള്ള എററുണ്ട്. അത് കറക്ട് ചെയ്യാൻ മറ്റൊരു മെത്തേഡാണ്. ഇത് അതല്ല, appointment of approval എന്ന മെത്തേഡാണ്. ട്രാൻസ്ഫർ ആന്റ് പോസ്റ്റിംഗും മറ്റും ഡിജിറ്റൽ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കി വരികയാണ്.

ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കുള്ള നൂതനമായ പരിശീലന പരിപാടിയാണ് ടീച്ചർ ട്രാൻസ്ഫർമേഷൻ കോഴ്സ്. അത് എസ്.ഇ.ആർ.ടി.-യും കെ.ഐ.ടി.ഇ.-യും എസ്.ഐ.ഇ.ടി.-യും എസ്.എസ്.കെ.-യും ചേർന്ന് ഈ രംഗത്ത് വലിയൊരു വിസ്മയം തീർക്കും. ഇതെല്ലാം ഓരോ വിദ്യാർത്ഥിയുടെയും സമഗ്ര സർഗ്ഗശേഷി വികസന രംഗത്ത് ഒരു പ്രഭാതം വിടർത്തുമെന്നാണ് കരുതുന്നത്. അതിന് എല്ലാവരുടെ ഭാഗത്തുനിന്നും എല്ലാ പിന്തുണയുമുണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ രണ്ടുമൂന്ന് വർഷങ്ങളായി വിദ്യാഭ്യാസ രംഗത്ത് നിരവധി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുമ്പോൾ അത്യാധുനികേതര രംഗങ്ങളിലും ഈ മാറ്റങ്ങളുണ്ടാകണം. കാരണം, ഒരു കുട്ടിയുടെ മാറ്റം അക്കാദമിക് രംഗത്ത് മാത്രമല്ല അക്കാദമികേതര രംഗത്തുമുണ്ട്. പ്രളയത്തിനുശേഷമുള്ള അനുഭവത്തിലൂടെ എല്ലാ മണ്ഡലങ്ങളിലും 141 സ്വിമ്മിംഗ് പൂളുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇരുപതിലധികം കുട്ടികൾക്ക് ഒരേസമയം നീന്തൽ പഠിക്കാൻ കഴിയുന്നതും മത്സരമെന്ന രീതിയിൽ നാലുപേർക്ക് നീന്താൻ കഴിയുന്നതുമായ ഒരു നീന്തൽ കുളമാണ് വിഭാവനം ചെയ്തിട്ടുള്ളത്. അത്തരത്തിലുള്ള 141 നീന്തൽ കുളങ്ങൾ നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

അതോടൊപ്പംതന്നെ വോളിബോൾ, ബാസ്കറ്റ് ബോൾ, ടെന്നീസ് തുടങ്ങിയ കോർട്ടുകളും ഓരോ നിയോജകമണ്ഡലത്തിലും സ്ഥാപിക്കാനുള്ള ശ്രമം നടക്കുകയാണ്. മൂവായിരത്തോളം സ്കൂളുകളിൽ സോളാർ പവർ ജനറേഷനുവേണ്ടിയുള്ള സാധ്യത ആലോചിക്കുകയാണ്. കാരണം ഹൈടെക് വിദ്യാഭ്യാസമായി മാറിക്കൊണ്ടിരിക്കുമ്പോൾ കറന്റ് കൺസംപ്ഷൻ കൂടുമെന്നുള്ളതുകൊണ്ട് അതിനുള്ള ആൾട്ടർനേറ്റീവുകൂടി കാണണം. അതുമാത്രമല്ല, ആൾട്ടർനേറ്റീവ് എനർജിയും കൺവെൻഷണൽ

എനർജിയും എങ്ങനെ ഉപയോഗിക്കാമെന്നുള്ളതിന്റെ ഒരു പാഠംതന്നെ കുട്ടികൾക്ക് കിട്ടണം. ഒരു ക്യാമ്പസ് പാഠപുസ്തകമെന്നുള്ള ആശയം സാർത്ഥകമാക്കാൻവേണ്ടി എനർജി പ്രൊഡക്ഷന്റെ സാധ്യതകൂടി സ്കൂളുകളിൽ ഉപയോഗിക്കുകയാണ്. ഏകദേശം രണ്ടുവർഷംകൊണ്ട് 10 മെഗാവാട്ട് വൈദ്യുതി കേരളത്തിലെ സ്കൂളുകളിൽ നിന്നുതന്നെ ഉൽപ്പാദിപ്പിക്കാവുന്ന സാധ്യതകൂടി പരിശോധിച്ചുവരുന്നുണ്ട്. ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി.-യുമായി ചർച്ച ചെയ്ത് ഒരു പ്രോജക്ടുണ്ടാക്കി വരികയാണ്. 45000 ക്ലാസ്സ് മുറികൾ ഹൈടെക്കാക്കിയതിനുശേഷം സർക്കാർ പ്രഖ്യാപിച്ച മറ്റൊരു പ്രധാനപ്പെട്ട പദ്ധതിയാണ് എൽ.പി./യു.പി. സ്കൂളുകൾ ഹൈടെക്കാക്കുക എന്നുള്ളത്. കേരളത്തിലെ 9941 എൽ.പി/യു.പി. സ്കൂളുകളെ ഹൈടെക്കാക്കുന്ന പ്രവർത്തനം ഈ വരുന്ന ജൂലൈ മാസം 4-ാം തീയതി ആരംഭിക്കും. 4 മാസത്തിനുള്ളിൽ ഇത് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. ആ നാലുമാസം കഴിയുമ്പോഴേയ്ക്കും കേരളത്തിലെ ഒന്നുമുതൽ പന്ത്രണ്ട്വരെയുള്ള മുഴുവൻ ക്ലാസ്സുകളും ഹൈടെക്കായി മാറും. അതിൽ സമഗ്ര പോർട്ടലുമുണ്ടാകും. അതുമാത്രമല്ല, എല്ലാ ഓഫീസുകളും ഇ-ഓഫീസുകളാക്കി മാറ്റാനും അപ്രൂവലടക്കമുള്ള എല്ലാം സോഫ്റ്റ്‌വെയർ അനുസരിച്ച് ചെയ്യാനുമുള്ള നടപടികൾ ആരംഭിച്ചു. ഇങ്ങനെയെല്ലാം ആധുനികവൽക്കരണം നടത്തി '2019-ഒരു സുവർണ്ണ വർഷം' എന്ന് പറയാൻ കഴിയുന്ന രീതിയിൽ കേരളം ഇൻഡ്യയിലെ വിദ്യാഭ്യാസ രംഗത്തെ ആദ്യത്തെ ഡിജിറ്റൽ സംസ്ഥാനമായി നമുക്ക് പ്രഖ്യാപിക്കാൻ കഴിയണം. ഇതെല്ലാം വിദ്യാഭ്യാസരംഗത്തുണ്ടാകുന്ന വലിയ മാറ്റങ്ങളുടെ ചില സൂചനകൾ മാത്രമാണ്. പ്രധാനപ്പെട്ട കാര്യങ്ങൾ മാത്രമേ ഞാൻ സൂചിപ്പിച്ചിട്ടുള്ളൂ.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പത്തനംതിട്ട ജില്ലയിൽ പ്ലസ് വൺ-ന് 3600-ൽപ്പരം സീറ്റുകൾ വേക്കന്റായി കിടക്കുന്നു. ഇത് കഴിഞ്ഞവർഷവും പ്രഖ്യാപിച്ചിരുന്നു. മറ്റു ജില്ലകളിലെ കണക്ക് ഇവിടെ പറഞ്ഞു. ഒരു ബാച്ച് മുഴുവനായി വേക്കന്റായി കിടക്കുന്നത് വളരെ അപൂർവ്വമായി മാത്രമേ ഉണ്ടാകുകയുള്ളൂ. ഇതൊരു വലിയ ആശയമാണ്. എന്നാൽ പ്രായോഗികരംഗത്ത് ഇത് ഒരിക്കലും നടപ്പാക്കാൻ കഴിയുകയില്ല. കാരണം ഒരു ബാച്ചിൽ 10 കുട്ടികളെങ്കിലും കാണാതിരിക്കില്ല. അങ്ങനെ 30 കുട്ടികളെങ്കിലുമുണ്ടെങ്കിൽ ഒരു ബാച്ച് പൂർത്തിയായി. അങ്ങനെ എത്ര ബാച്ച് നിങ്ങൾക്ക് മാറ്റാൻ കഴിയും? അത് തീർച്ചയായും അപ്രായോഗികമാണ്; അതിന്റെ പ്രായോഗികത പരിശോധിച്ചിട്ടാണോ മന്ത്രി ഇത് മാറ്റുമെന്ന് പറയുന്നത്?

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഹയർസെക്കണ്ടറിയുടെ അഡ്മിഷൻ ഇന്നാണ് അവസാനിക്കുന്നത്. അങ്ങ് മാഷായതുകൊണ്ട് അത് അങ്ങേയ്ക്കറിയാം. അഡ്മിഷൻ കഴിഞ്ഞതിനുശേഷം മാത്രമേ എത്ര സീറ്റുകൾ എവിടെയൊക്കെ

വേക്കന്റായി കിടക്കുന്നുവെന്നറിയാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ നമുക്ക് ഊഹിക്കാൻ മാത്രമേ കഴിയൂ. കഴിഞ്ഞ വർഷത്തെ അനുഭവത്തിൽ 8 ബാച്ചുകളെ മറ്റ് ജില്ലകളിൽ നിന്ന് മലപ്പുറത്തേയ്ക്കാണ് മാറ്റിയത്. ഇക്കൊല്ലം അതുപോലെ വേക്കന്റായിട്ടുള്ള ബാച്ചുകൾ ഉണ്ടാകുമെന്ന് കരുതുന്നു. നമ്മൾ പ്രധാനമായി ഉദ്ദേശിക്കുന്ന ഒരു കാര്യം, ലഹരിമുക്ത കാമ്പസ് എന്നുള്ളതാണ്. ജനങ്ങൾ ഏറ്റവുമധികം ഭയത്തോടെ കാണുന്ന ഒരു മേഖലയിൽ ജനകീയമായി വിദ്യാഭ്യാസ വകുപ്പും സംസ്ഥാന സർക്കാരും ഇടപെടുകയാണ്. ഈ വർഷത്തെ പ്രധാന ഫോക്കസ് ലഹരിമുക്ത കാമ്പസായിരിക്കും. വലിയൊരു ജനകീയ കാമ്പയിൻതന്നെ ഇത്തരത്തിൽ സംഘടിപ്പിക്കും. ഗ്രീൻ പ്രോട്ടോകോൾ കാമ്പസ്, ജൈവവൈവിദ്ധ്യ കാമ്പസ് ഇതെല്ലാം ചേരുമ്പോൾ കാമ്പസ് ഒരു പാഠപുസ്തകം എന്ന ആശയം അർത്ഥവത്താക്കാനും സാർത്ഥകമാക്കാനും കഴിയും. അതിനാവശ്യമായ ഈ ഡിമാന്റ് അംഗീകരിച്ചുതരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാധാരണ നിലയിൽ അശ്രദ്ധമായ ഒരു വകുപ്പായിരുന്നു സാംസ്കാരികവകുപ്പ്. കാരണം, അതിന്റെ പ്ലാൻ ഫണ്ട് എന്നുപറയുന്നത് 50-60-70 കോടി രൂപയായിട്ടാണ് എപ്പോഴും കാണുന്നത്. ആ ബഡ്ജറ്റ് അലോട്ട്മെന്റുകൊണ്ടുമാത്രം സാംസ്കാരികരംഗത്തുള്ള പ്രശ്നങ്ങൾ, പുതിയ സംരംഭങ്ങൾ ഇതൊന്നും അഭിമുഖീകരിക്കാൻ പറ്റുമായിരുന്നില്ല. അവിടെനിന്നാണ് വലിയ മാറ്റം കിഫ്ബി വഴി യാഥാർത്ഥ്യമാകുന്നത്. ഏതാണ്ട് 1000 കോടി രൂപയുടെ ധനസഹായമാണ് കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിന്റെ ഭാഗമായി സാംസ്കാരിക വകുപ്പിന് ലഭിക്കുന്നത്. 700 കോടിയോളം രൂപ കൾച്ചറൽ കോംപ്ലക്സുകൾക്കും 100 കോടി രൂപ കെ.എസ്.എഫ്.ഡി.സി.-ക്കും 100 കോടി രൂപ ചിത്രാഞ്ജലി സ്റ്റുഡിയോയുടെ നവീകരണത്തിനും 100 കോടി രൂപ ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിനും കിഫ്ബിയുടെ ഭാഗമായി ലഭിക്കുകയാണ്. അതിന്റെ ഭാഗമായി മറ്റ് മേജർ വകുപ്പുകളോടൊപ്പം ഈ വകുപ്പിനെ എത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ശ്രദ്ധേയമായ ഒരു നേട്ടം. സാധാരണഗതിയിൽ കിഫ്ബിയുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കി അതിന് എ.എസ്.-ഉം ടി.എസ്.-ഉം കിട്ടി ഇപ്പോൾ തുടങ്ങിയല്ലോ. ഞങ്ങളുടെ ഗവൺമെന്റ് പോയിട്ട് അടുത്ത് നിങ്ങളാണ് വരുന്നത് എന്നാണല്ലോ നിങ്ങൾ ധരിക്കുന്നത്. നിങ്ങൾക്ക് എത്ര സുഖമായിരിക്കും; ഇവിടെനിന്ന് തുടങ്ങിയാൽപ്പോരേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അപ്പോഴേയ്ക്കും തിരിച്ചടയ്ക്കാനുള്ള സമയമാകും.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, നിങ്ങളുടെ മണ്ഡലത്തിൽ നടക്കുന്ന വികസന പദ്ധതികൾക്കും തിരിച്ചടവുണ്ടാകും. അതിന്റെ ഭാഗമായിട്ട് ഇത് ഞങ്ങൾ വേണ്ടെന്ന് വച്ചിട്ടില്ല. ഞാൻ അതിലേയ്ക്ക് പോകുന്നില്ല. കഴിഞ്ഞ പ്രാവശ്യം ഈ വിഷയം നമുക്ക് ചർച്ച ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 'സംസ്കാരം' എന്നുപറയുന്നത് ഒരു നാടിന്റെ കണ്ണാടിയാണ്. അത് കാലം കാത്തുസൂക്ഷിക്കുന്നതാണ്, കാലത്തെ അതിജീവിക്കുന്നതുമാണ്. അലക്സാൻഡ്രിയായിലെ മഹത്തായ ഗ്രന്ഥാലയത്തിൽ ബി.സി. രണ്ടാം നൂറ്റാണ്ടിൽത്തന്നെ നാലുലക്ഷത്തോളം ഗ്രന്ഥശേഖരമുണ്ടായിരുന്നു. എ.ഡി. നാലാം നൂറ്റാണ്ടായപ്പോൾ സംസ്കാരത്തെ നിഗ്രഹിക്കാൻ മടിയില്ലാത്ത ഭരണാധികാരികളുടെ കയ്യിൽ ആ മഹത്തായ സാംസ്കാരിക ശേഖരം പരിപൂർണ്ണമായി ഇല്ലാതായി. ബാഗ്ദാദിലെ The House of Wisdom എന്നറിയപ്പെടുന്ന മഹത്തായ ഗ്രന്ഥാലയവും ഇതേരൂപത്തിൽ നശിപ്പിക്കപ്പെട്ടതാണ്. ആധുനികകാലത്തും സംസ്കാരത്തിന്റെ നശീകരണം തുടരുകയാണ്. സ്വതന്ത്ര പുരോഗമന ചിന്തകളുടെ പ്രചാരകരെ കായികമായി വകവരുത്തുന്ന അസഹിഷ്ണതയിലേയ്ക്ക് രാജ്യം നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഗോവിന്ദ് പൻസാരെ, പ്രൊഫ. എം. എം. കൽബുർഗി, നരേന്ദ്ര ധബോൽക്കർ, ഗൗരി ലങ്കേഷ്, ത്രിപുരയിലെ യുവമാധ്യമ പ്രവർത്തകനായ ശാന്തനു ഭൗമിക് എന്നിവരെ മതാന്ധത ബാധിച്ച സംഘ് പരിവാർ രാഷ്ട്രീയം ഇല്ലായ്മ ചെയ്തു.

ഇന്നലെ നടന്ന ഒരു സംഭവം ഇന്ന് പത്രങ്ങളിൽ വന്നു. ജാർഖണ്ഡ് സംസ്ഥാനത്ത് കല്യാണം കഴിഞ്ഞ് ഒരു വർഷമായ 24 വയസ്സുള്ള ഒരു മുസ്ലീം സഹോദരൻ കൊലചെയ്യപ്പെട്ടു. ജയ് ശ്രീറാം എന്നുവിളിച്ചതുകൊണ്ടാണ് അദ്ദേഹത്തെ തല്ലിക്കൊന്നത്. നജീബ് എന്നുപറയുന്ന ജെ.എൻ.യു.-വിലെ വിദ്യാർത്ഥിയെ 2016 ഒക്ടോബറിൽ ഹോസ്റ്റലിൽ നിന്ന് പിടിച്ചുകൊണ്ടുപോയി. ഇപ്പോൾ ആ വിദ്യാർത്ഥി എവിടെയാണെന്ന് അറിയില്ല. നജീബിന്റെ ഉമ്മ ഫാത്തിമ നബീസയുടെ പത്രക്കാരോടുള്ള ഒരു ഇന്റർവ്യൂ ഞാൻ യൂ ട്യൂബിൽ ഇന്നലെ കാണുകയുണ്ടായി, കരഞ്ഞുപോയി. ഇത് ഒരു ഉത്തരം കാണാത്ത സ്ഥിതിയിലേയ്ക്ക് എത്തുകയാണ്; ഒരു കടങ്കഥപോലെയായി മാറുകയാണ്; ആ കുട്ടിയെ ഇതുവരെ കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. ജെ.എൻ.യു. ഹോസ്റ്റലിൽ വച്ച് ആ കുട്ടിയെ സംഘ് പരിവാർ ശക്തികൾ മൃഗീയമായി ആക്രമിച്ചതാണ്. ഒരു ദളിത് വിദ്യാർത്ഥിക്ക് ഫെലോഷിപ്പ് നിഷേധിച്ചു. ഹൈദരാബാദ് സർവ്വകലാശാലയിലെ രോഹിത് വെമുല എന്ന കുട്ടിക്ക് പിന്നീട് പഠിക്കാൻ കഴിഞ്ഞില്ല. ആ കുട്ടി ഭക്ഷണത്തിന് വകയില്ലാതെ ആത്മഹത്യ ചെയ്തു. 'ഒരു സോഷ്യൽ സയിന്റിസ്റ്റാകാനായിരുന്നു ഞാൻ ആഗ്രഹിച്ചത്, എന്റെ ആഗ്രഹം ഈ ആത്മഹത്യയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു' എന്നാണ് ആത്മഹത്യാക്കുറിപ്പിൽ എഴുതിയത്. എവിടേയ്ക്കാണ് നമ്മുടെ നാട് പോകുന്നത് എന്നുള്ളതിന്റെ ഒരു ചിത്രം മാത്രം ഞാൻ ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളൂ.

ഈയൊരു അവസ്ഥയെ സംബന്ധിച്ച് പ്രൊഫ. എം.ജി.എസ്. നാരായണൻ നടത്തിയ ഒരു നിരീക്ഷണമുണ്ട്. ജനാധിപത്യത്തിന്റെ മാർഗ്ഗം ഉപയോഗപ്പെടുത്തി ക്കൊണ്ടുതന്നെ ഫാസിസത്തിന്റെ വാതിൽ തുറക്കാൻ സാധിക്കുമെന്ന അദ്ദേഹത്തിന്റെ നിരീക്ഷണം ഒരു വർഷം മുമ്പ് വന്നതാണ്. പൊതുസമൂഹം അത് ചർച്ച ചെയ്തതുമാണ്. ഫ്ലക്സിബിലിറ്റിയുള്ള ഒരു ഭരണഘടനയുണ്ടാകുക, പാരാമിലിട്ടറിയുള്ള ഒരു ഗവൺമെന്റു ണ്ടാകുക, കൃത്രിമമായ രാജ്യസ്നേഹമുണ്ടാകുക, അതോടൊപ്പം മതന്യൂനപക്ഷ വിരുദ്ധ മനോഭാവം ഉയർത്താൻ സാധിക്കുക അഥവാ കൃത്രിമമായി സൃഷ്ടിക്കുക, ചോദ്യം ചെയ്യപ്പെടാത്ത ഒരു നേതാവുണ്ടാകുക, ഇതൊക്കെ ഒത്തിണങ്ങിയാൽ ജനാധിപത്യത്തിന്റെ പാത സ്വീകരിച്ചുകൊണ്ട് ഫാസിസത്തിന്റെ വാതിൽ തുറക്കപ്പെടുമെന്ന നിരീക്ഷണമാണ് പ്രൊഫ. എം. ജി. എസ്. നാരായണൻ നടത്തിയത്. ഒരു കാല ഘട്ടത്തിൽ എം. ജി. എസ്.-ന്റെ ദർശനമെന്തായിരുന്നുവെന്ന് നമുക്കറിയാം. പക്ഷെ എം. ജി. എസ്.-നെപ്പോലുള്ള ഒരു ബുദ്ധിജീവി ഇത്തരത്തിൽ പ്രതികരിക്കണമെങ്കിൽ നമ്മുടെ നാട് എവിടെയെത്തി എന്നുള്ളതിന്റെ ഏറ്റവും നല്ല സൂചനയാണിത്. അതുകൊണ്ടാണ് ഗവൺമെന്റ് ഈ മേഖലയ്ക്ക് വലിയ പ്രാധാന്യം നൽകുന്നത്. ആശയതലത്തെ എങ്ങനെ വികൃതമാക്കി രാഷ്ട്രീയ ലാഭത്തിനുവേണ്ടി ഉപയോഗിക്കാൻ സാധിക്കുമെന്നതും ആശയത്തെ ഒരു രാഷ്ട്രീയ ഭൗതിക യാഥാർത്ഥ്യമാക്കി എങ്ങനെ ഭരണത്തിലേയ്ക്ക് കയറാൻ സാധിക്കുമെന്നതും നമ്മൾ ഇപ്പോൾ കണ്ടുകൊണ്ടിരി ക്കുകയാണ്. ആശയതലത്തെ വളരെ വളരെ പ്രാധാന്യത്തോടുകൂടി കാണണം. ആശയതലമാണ് സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്യുന്ന പ്രധാനപ്പെട്ട ഭാഗം.

സംസ്കാരത്തിന്റെ തിരുശേഷിപ്പുകളെ കാക്കാൻ കേരളം എക്കാലത്തും ജാഗ്രത കാട്ടിയിരുന്നു. എന്നാൽ പ്രകൃതി പ്രതിഭാസങ്ങൾക്കുമുന്നിൽ ചില ഘട്ടങ്ങളിൽ നമ്മൾ ബുദ്ധിമുട്ടാറുണ്ട്. 2018 ആഗസ്റ്റിലെ പ്രളയം കേരളത്തിന്റെ സാംസ്കാരിക രംഗത്തിന് വലിയ നഷ്ടമാണ് വരുത്തിയത്. നമ്മുടെ നാട് ആർജ്ജിച്ച ഐക്യത്തി ലൂടെയും സംസ്കാരത്തിലൂടെയും ഒരു വീണ്ടെടുപ്പ് നമുക്ക് ഏറെക്കുറെ സാധ്യമായി. അതിനെല്ലാവരും സഹായിച്ചു. ജനങ്ങൾ ഒറ്റമനസ്സോടെ നടത്തിയ രക്ഷാ-പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് സർക്കാർ മികച്ച നേതൃത്വവും നൽകി. സാംസ്കാരിക വകുപ്പ് പോയവർഷം നടത്തിയ ഏറ്റവും പ്രധാനപ്പെട്ട പ്രവർത്തനം നമ്മുടെ സംസ്കാരത്തിന്റെ വീണ്ടെടുപ്പായിരുന്നു. പ്രളയത്തിൽ കേടുവന്ന നിരവധി വിലപ്പെട്ട പുരാരേഖകളും ഗ്രന്ഥങ്ങളും ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ച് വീണ്ടെടുക്കാൻ നമുക്ക് കഴിഞ്ഞു. 20000 പേജുകൾ വരുന്ന രേഖകളും പുസ്തക ങ്ങളുമാണ് ഇങ്ങനെ വീണ്ടെടുത്തത്. തൃപ്പൂണിത്തുറ പൈതൃക പഠന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിലാണ് ഈ പ്രവർത്തനം നടന്നത്. തൃശ്ശൂരിൽ ജില്ലാ ഭരണകൂടത്തിന്റെയും

വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെയും ആഭിമുഖ്യത്തിൽ 2018 ഒക്ടോബർ 29-ന് നടത്തിയ 'വീണ്ടെടുപ്പ്' എന്ന പരിപാടി സാംസ്കാരിക രംഗത്തെ വലിയ സമാശ്വാസ പ്രവർത്തനമായിരുന്നു. പുസ്തകങ്ങൾ നശിച്ചുപോയ ഗ്രന്ഥശാലകൾക്ക് പകരം പുസ്തകങ്ങൾ സമ്മാനിക്കാനും കേരളത്തിന്റെ പുനർനിർമ്മാണത്തിന് പരമാവധി സഹായം നൽകാനും എല്ലാ സാംസ്കാരിക സ്ഥാപനങ്ങളും എടുത്തുപറയാവുന്ന അഭിമാനകരമായ പ്രവർത്തനങ്ങളാണ് കാഴ്ചവച്ചത്. സാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'പ്രളയാക്ഷരങ്ങൾ' എന്ന കൃതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് പ്രകാശനം ചെയ്തത്. പ്രകാശനം ചെയ്ത ദിവസംതന്നെ 40400 കോപ്പികൾ വിറ്റഴിച്ചു. ആ സംരംഭത്തിന് ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ് നേതൃത്വം നൽകിയത്. 50000 കോപ്പികൾ ഇതിനകം നമ്മൾ വിറ്റു. കേരള ലളിതകലാ അക്കാദമിയുടെ ആഭിമുഖ്യത്തിൽ കലാകാരന്മാരുടെ കൂട്ടായ്മകൾ തിരുവനന്തപുരം, ആലപ്പുഴ, കൊച്ചി, ആലുവ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ ചിത്രരചന നടത്തി. കാനായി കുഞ്ഞിരാമൻ മുതൽ പുതിയ തലമുറക്കാർവരെയുള്ള ചിത്രരചനാ രംഗത്തെ 707 പേർ പ്രതിഫലം വാങ്ങാതെ ചിത്രം വരച്ചുനൽകി. 1439 ചിത്രങ്ങളാണ് വരച്ചത്. ഇത് വിറ്റുകിട്ടിയ 16,84,375 രൂപ പ്രളയ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇപ്പോൾ കേരള ലളിതകലാ അക്കാദമിയുടെ കാര്യമാണ് പറഞ്ഞത്. ഞാൻ അവതരിപ്പിച്ച സബ്മിഷന് മറുപടിയായി 'ആ കാർട്ടൂൺ വിവാദം പിൻവലിക്കുമെന്നും അതുമായി ബന്ധപ്പെട്ട പുരസ്കാരം പിൻവലിക്കുമെന്നും' അങ്ങ് പറഞ്ഞു. പക്ഷെ അങ്ങനെയൊരു സംഭവമില്ലെന്നും മന്ത്രി പറഞ്ഞാൽ അവർക്ക് ബാധകമല്ലെന്നുമാണ് ലളിതകലാ അക്കാദമി പറയുന്നത്. അപ്പോൾ മന്ത്രിയാണോ അതോ ലളിതകലാ അക്കാദമിയാണോ വലുത്; ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായവും ഗവൺമെന്റിന്റെ തീരുമാനവും എന്താണ്?

ശ്രീ. എ. കെ. ബാലൻ: സർ, ലളിതകലാ അക്കാദമിയുൾപ്പെടെയുള്ള അക്കാദമികളെല്ലാം സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ളതാണ്. ഗവൺമെന്റിന് പോളിസി കാര്യങ്ങളിൽ തീരുമാനമെടുക്കാനുള്ള അധികാരമുണ്ട്. പോളിസി നടപ്പിലാക്കുന്നതിനുള്ള ബാധ്യത Memorandum of Association and Articles of Association bylaw പ്രകാരം ബന്ധപ്പെട്ട സ്ഥാപനങ്ങൾക്കാണ്. എന്നാൽ ഒരു കാലഘട്ടത്തിലും അവരുടെ സ്വതന്ത്രമായ അധികാരത്തെയോ സ്വാതന്ത്ര്യത്തെയോ ഒരുതരത്തിലും ഗവൺമെന്റ് ഇല്ലാതാക്കിയിട്ടില്ല. കഴിഞ്ഞവർഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെ ഘാതകനായി, butcher ആയി ചിത്രീകരിച്ച് മനുഷ്യനെ കൊന്ന് തലയോട്ടി വിൽക്കുന്ന ആളാണ് കേരളത്തിന്റെ മുഖ്യമന്ത്രിയെന്ന് മാതൃഭൂമിയുടെ

ഗോപീകൃഷ്ണൻ രചിച്ച കാർട്ടൂണിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തന്നെയാണ് അവാർഡ് നൽകിയത്. അതുകൊണ്ട് ഒരുതരത്തിലും അവരുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കിയിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. ഒരു ഭരണഘടനയുള്ള, മതമൈത്രി കാത്തുസൂക്ഷിക്കാൻ ബാധ്യതയുള്ള നാടാണ് നമ്മുടേത്. ഇതുമായി ബന്ധപ്പെട്ട് ആശങ്കകളുണ്ടായി. ചില സമുദായ സംഘടനകൾ കത്ത് നൽകി. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സബ്മിഷൻ ഇവിടെ ഉന്നയിച്ചു. അതിന്റെ ഭാഗമായി അത് പുന:പരിശോധിക്കണമെന്ന് പറഞ്ഞു. അവർ എന്നെ വന്നുകണ്ട് ഞങ്ങൾ പുനഃപരിശോധിക്കാൻ തയ്യാറാണെന്ന് പറഞ്ഞ് എനിക്ക് കത്തും തന്നിട്ടുണ്ട്. അതിനുവേണ്ടി കാത്തിരിക്കുകയാണ്. ഗവൺമെന്റിന്റെ അഭിപ്രായമാണ് ഞാൻ പറഞ്ഞത്. ഇതുമായി ബന്ധപ്പെട്ട് എല്ലാ രാഷ്ട്രീയ പാർട്ടികൾക്കും അവരവരുടെ അഭിപ്രായങ്ങൾ പറയുന്നതിന് ഒരു തടസ്സവുമില്ല. ഇതിന്റെ ഭാഗമായി ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന് ഒരു malafide motive ഉണ്ടാകുകയില്ല. പക്ഷെ ശ്രീ. കെ. സി. ജോസഫിന് എന്താണുള്ളതെന്ന് എനിക്ക് കൃത്യമായി അറിയാം. അതുകൊണ്ട് അതിലേക്ക് കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

പ്രളയക്കെടുതിയിൽപ്പെട്ട് ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവരെ ആശ്വസിപ്പിക്കാൻ ചലച്ചിത്ര പ്രവർത്തകരെത്തി. ചലച്ചിത്ര അക്കാദമി 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് നൽകി. ദുരിതാശ്വാസ കേന്ദ്രങ്ങളിലേയ്ക്ക് ഉൽപ്പന്നങ്ങൾ നൽകുന്നതിന് ചലച്ചിത്ര അക്കാദമി സഹായിച്ചു. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ തൃശ്ശൂരിലെ 50 ലൈബ്രറികൾക്ക് 5.50 ലക്ഷം രൂപയുടെ പുസ്തകങ്ങൾ നൽകി. ആലപ്പുഴ, എറണാകുളം ജില്ലകളിലെ ലൈബ്രറികൾക്കും ഇത്രയും പുസ്തകങ്ങൾ നൽകി. മാവേലിക്കര വിദ്യാഭ്യാസ ജില്ലയിലെ 9 ഗവൺമെന്റ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 200 പേജുള്ള 25000 നോട്ട് ബുക്കുകൾ നൽകി. നിർഭാഗ്യവശാൽ ഇതിനൊന്നും വലിയ പ്രചരണമൊന്നും കിട്ടിയില്ല. ഇവിടെയെങ്കിലും പറഞ്ഞ് റിക്കോർഡിൽ വന്നോട്ടെ എന്നുള്ളതുകൊണ്ടാണ് പറയുന്നത്. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ദുരിതാശ്വാസ പ്രവർത്തനത്തിന് നൽകി. മലയാള മിഷൻ പഠന കേന്ദ്രങ്ങളിൽ വിദ്യാർത്ഥികൾക്ക് നൽകിയ ചങ്ങാതി കുടുക്കയിലൂടെ കുട്ടികൾ പിരിച്ചെടുത്ത 27 ലക്ഷം രൂപ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകി. ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, പാലക്കാട് ജില്ലകളിലെ പ്രളയബാധിത പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് 1,00,000 രൂപയിലേറെ വരുന്ന നോട്ടുബുക്കുകളും ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച പുസ്തകങ്ങളും നൽകി. കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി 'ആർക്കും പാടാം' എന്ന പരിപാടിയിലൂടെ നാടാകെ

സഞ്ചരിച്ച് പാട്ടുപാടി 3,35,323 രൂപ സമാഹരിച്ചത് ആവേശകരമായ ഒരു അനുഭവമായിരുന്നു. പ്രളയത്തിൽ നാശനഷ്ടം സംഭവിച്ച സ്കൂളുകൾക്കും ലൈബ്രറികൾക്കും കേരള ബുക്ക് മാർക്ക് പുസ്തകങ്ങൾ നൽകി. ഒരു ദുരന്തത്തെ അതിജീവിക്കാൻ കലയും സംസ്കാരവും എങ്ങനെ ഉചിതമായി ഉപയോഗിക്കാമെന്നതിന്റെ മികച്ച മാതൃകയാണ് കേരളത്തിലെ സാംസ്കാരിക സ്ഥാപനങ്ങൾ ലോകത്തിനുമുന്നിൽ കാണിച്ചുകൊടുത്തത്.

ജാതി വ്യത്യാസമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും ക്ഷേത്രങ്ങളിൽ പ്രവേശിക്കാനും ആരാധന നടത്താനും തിരുവിതാംകൂറിൽ അവകാശം ലഭിച്ച സുപ്രധാന പ്രഖ്യാപനങ്ങളിൽ ഒന്നായിരുന്നു 1936-ലെ കേരള ക്ഷേത്രപ്രവേശന വിളംബരം. കേരളീയ നവോത്ഥാന ചരിത്രത്തിലെ ഒരു നാഴികക്കല്ലായിരുന്നു അത്. ക്ഷേത്രപ്രവേശന വിളംബരത്തിന്റെ 82-ാം വാർഷികാഘോഷം സാംസ്കാരിക വകുപ്പ് പി.ആർ.ഡി.-യുമായി ചേർന്ന് വിപുലമായി ആചരിച്ചു. ഇതിന്റെ ഭാഗമായി മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികവും 150-ാം ജന്മവാർഷികവും കേരളത്തിന്റെ പലഭാഗങ്ങളിലും ശ്രദ്ധിക്കപ്പെടുന്ന രൂപത്തിൽ നടപ്പിലാക്കാൻ കഴിഞ്ഞു. അഞ്ച് കേന്ദ്രങ്ങളിൽ വിപുലമായ ഗാന്ധിസ്മൃതി സമ്മേള നങ്ങൾ നടത്തി. പാലക്കാട് ശബരി ആശ്രമം- 1934-ലും 1936-ലും മഹാത്മാഗാന്ധിയും കസ്തൂർബാ ഗാന്ധിയും വന്ന് താമസിച്ചതിന്റെ അടുത്തുള്ള ഒരു അമ്പലം, കസ്തൂർബാ ഗാന്ധി പട്ടികജാതിക്കാർക്ക് തുറന്നു കൊടുത്ത അമ്പലം ഇപ്പോൾ അവിടെയുണ്ട്. പക്ഷെ ആ സ്മാരകം ആരും ശ്രദ്ധിക്കാതെ ചിലന്തിവല പിടിച്ച് കിടക്കുകയായിരുന്നു. പാലക്കാട് അകത്തേത്തറ ശബരി ആശ്രമത്തിൽ ഗാന്ധിഭവൻ ബഹുമാനപ്പെട്ട ഗവർണറാണ് ഉദ്ഘാടനം ചെയ്തത്. അവിടെ 3 കോടി രൂപ ചെലവിൽ ഗാന്ധി സ്മൃതിമണ്ഡപം നിർമ്മിക്കാൻ തീരുമാനിച്ചു. അതിന്റെ പണി ആരംഭിച്ചിരിക്കുകയാണ്.

അംഗീകൃത കലാസ്ഥാപനങ്ങളിൽ നിന്ന് ബിരുദം നേടിയ കലാകാരന്മാരും കലാകാരികളുമടക്കം ആയിരം പേർക്ക് പ്രതിമാസം 10,000 രൂപ വീതം നൽകുന്ന വജ്രജൂബിലി ഫെലോഷിപ്പ് വലിയ ചലനമാണുണ്ടാക്കിയത്. ഇവർ നൽകുന്ന കലാപരിശീലനത്തിലൂടെ പുതിയ മുകുളങ്ങൾ കലാരംഗത്ത് ഉയരുകയാണ്. ഗ്രാമീണകല, കരകൗശല വിദഗ്ദ്ധർക്കുള്ള ഉപജീവന പദ്ധതി, നാട്ടരങ്ങ് പദ്ധതി എന്നിവ ഇതിന്റെ ഭാഗമായി നടപ്പിലാക്കുകയാണ്. എഴുത്തച്ഛൻ പുരസ്കാരത്തുക ഒന്നരലക്ഷം രൂപയിൽനിന്നും അഞ്ച് ലക്ഷം രൂപയായും ജെ. സി. ഡാനിയേൽ അവാർഡ് ഒരുലക്ഷം രൂപയിൽ നിന്ന് അഞ്ച് ലക്ഷം രൂപയായും രാജാ രവിവർമ്മ പുരസ്കാരം ഒന്നര ലക്ഷം രൂപയിൽനിന്ന് മൂന്ന് ലക്ഷം രൂപയായും ചെമ്പൈ പുരസ്കാരം പതിനായിരം രൂപയിൽ നിന്ന് പതിനയ്യായിരം രൂപയായും വർദ്ധിപ്പിച്ചു.

വർഷങ്ങളായി നിർത്തിവച്ചിരുന്ന സംസ്ഥാന നാടക പുരസ്കാരമായ അമ്മന്നൂർ പുരസ്കാരം പുനഃസ്ഥാപിച്ചു. ചലച്ചിത്ര അക്കാദമിയുടെ ഗവേഷണകേന്ദ്രമായ സെന്റർ ഫോർ ഇന്റർനാഷണൽ ഫിലിം റിസർച്ച് ആന്റ് ആർകൈവ്സ് ഈ ഗവൺമെന്റ് വന്നതിനുശേഷം തുടങ്ങിയതാണ്. ഇവിടെ മഹാനായ നടൻ സത്യന്റെ പേരിൽ ഒരു സ്മാരകവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ 46-ാം ചരമവാർഷികത്തിന് പോയപ്പോൾ അദ്ദേഹത്തിന്റെ പേരിൽ ഒരു സ്മാരകം പ്രഖ്യാപിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നോട് പറഞ്ഞു. അതിന്റെ ഭാഗമായി കഴക്കൂട്ടത്ത് ചലച്ചിത്ര അക്കാദമിയുടെ ആസ്ഥാനമന്ദിരം എന്നറിയപ്പെടുന്ന ഈ സ്ഥാപനം, സത്യന്റെ പേരിലാണ് ഇപ്പോൾ അറിയപ്പെടുന്നത്. മൂന്നര കോടി രൂപ ചെലവിൽ അതിന്റെ പണി പൂർത്തീകരിച്ചു. ചലച്ചിത്ര അക്കാദമിയുടെ ഗവേഷണ കേന്ദ്രവും ഇപ്പോൾ അവിടെ തുടങ്ങി. പ്രമുഖ കലാസാഹിത്യ നായകന്മാരുടെ സ്മാരകങ്ങൾക്കായി വാർഷിക ഗ്രാന്റിനുപുറമെ പ്രത്യേക ധനസഹായവും നൽകി. അമ്പലപ്പുഴയിലെ തകഴി സ്മാരകം പുനരുദ്ധരിക്കാൻ അഞ്ച് കോടി രൂപയും വൈക്കത്ത് പി. കൃഷ്ണപിള്ള സ്മാരകം നിർമ്മിക്കാൻ ഒരു കോടി രൂപയും ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ വീട് സംരക്ഷിക്കാൻ ഒരു കോടി രൂപയും ഫാദർ ചാവറ കുര്യാക്കോസ് സ്മാരകം പൂർത്തീകരിക്കാൻ അൻപത് ലക്ഷം രൂപയും ബഡ്ജറ്റിൽ നീക്കിവച്ചു. കൊല്ലത്ത് പ്രശസ്ത കഥാപ്രാസംഗികൻ വി. സാംബശിവന്റെ പേരിൽ ഒരു സ്മാരകവുമുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ സ്മാരകമെന്ന നിലയിൽ സാംബശിവൻ ഫൗണ്ടേഷന് നാൽപ്പത്തിയൊന്ന് ലക്ഷം രൂപ കൊടുത്തു. അതിന്റെ പണി ഇപ്പോൾ ആരംഭിച്ചു. മാവേലിക്കരയിൽ നരേന്ദ്രപ്രസാദ് സ്മാരക നാടക പഠന ഗവേഷണ കേന്ദ്രത്തിന് 26 ലക്ഷം രൂപ കൊടുത്തു. ഇന്ത്യൻ യൂണിയൻ പ്രസിഡന്റ് ഇവിടെ വന്നപ്പോൾ ശ്രീനാരായണഗുരുവിന്റെ പേരിൽ ഏതെങ്കിലുമൊരു സ്ഥാപനം ഇവിടെയുണ്ടോയെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കുകയുണ്ടായി. ശ്രീനാരായണഗുരുവിന്റെ പേരിൽ ഒരു സ്മാരകവും ഇവിടെ ഉണ്ടായിരുന്നില്ല. അതിന്റെ ഭാഗമായി ഒരു കോടി പത്തൊൻപത് ലക്ഷം രൂപ ചെലവിൽ തിരുവനന്തപുരത്ത് ശ്രീനാരായണ ഗുരുവിന്റെ ഒരു പ്രതിമ സ്ഥാപിക്കുന്ന പ്രവൃത്തി ഇപ്പോൾ ആരംഭിച്ചു. പാലക്കാട് ജില്ലയിലെ കൊല്ലങ്കോട് മഹാകവി പി. കുഞ്ഞിരാമൻ നായർ സ്മാരകത്തിന് 24.7 ലക്ഷം രൂപയും ചെറായിയിൽ സഹോദരൻ അയ്യപ്പൻ സ്മാരകത്തിന് പത്ത് ലക്ഷം രൂപയും കൊല്ലം ശാസ്താംകോട്ടയിൽ ബസവേശ്വര വെൽഫയർ ട്രസ്റ്റിന് അൻപത് ലക്ഷം രൂപയും ഇപ്പോൾ നൽകി. എഴുപത്തിയഞ്ച് ലക്ഷം രൂപ ചെലവിൽ പാലക്കാട് മഹാകവി ഒളപ്പമണ്ണ സ്മാരകത്തിന്റെ പണി ആരംഭിച്ചു കഴിഞ്ഞു. കേരള സാഹിത്യ അക്കാദമിയുടെ എൻ. എൻ. കക്കാട് സ്മാരകത്തിന് എഴുപത്തിയഞ്ച് ലക്ഷം രൂപയും ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 23.75 ലക്ഷം രൂപയും

കൊടുത്തുകഴിഞ്ഞു. പദ്ധതി വിഹിതം വച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾക്കാണ് ഈ തുകകളെല്ലാം കൊടുക്കുന്നത്. 2017-18, 2018-19 സാമ്പത്തികവർഷങ്ങളിൽ ഈ ഇനത്തിൽ 3.51 കോടി രൂപ നൽകി. 1.75 കോടി രൂപ ചെലവഴിച്ച് ഒ. വി. വിജയൻ സ്മാരകത്തിന്റെ വികസന പ്രവർത്തനങ്ങൾ വിപുലമായി നടക്കുകയാണ്. ഈ മാസം അവസാനം ഞാൻ ആ സ്മാരകത്തിന് തറക്കല്ലിടാൻ പോകുകയാണ്. പാലക്കാട് ജില്ലയിലെ പ്രധാനപ്പെട്ട സാംസ്കാരിക കേന്ദ്രമായ ഒ. വി. വിജയൻ സ്മാരകത്തെ ഈ സർക്കാർ വികസിപ്പിച്ചെടുക്കും. സ്മാരകത്തിന് സമീപമായി വാങ്ങിയ ഒരേക്കർ സ്ഥലത്ത് റൈറ്റേഴ്സ് വില്ലേജ് സ്ഥാപിക്കും. 1975-ൽ പത്മശ്രീ കിട്ടിയ കർണാട്ടിക് മ്യൂസിക്കിൽ വേറിട്ടൊരു ശബ്ദത്തിന്റെ ഉടമയായ എം.ഡി. രാമനാഥന്റെ പേരിൽ ഒരു കോടി രൂപ ചെലവഴിച്ച് പാലക്കാട് കണ്ണമ്പ്രയിൽ ഒരു കെട്ടിടത്തിന്റെ പണി പൂർത്തീകരിച്ചു. അതിമനോഹരമായ ആ കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനായി ബഹുമാനപ്പെട്ട സ്പീക്കറുടെ തീയതിക്കുവേണ്ടി കാത്തിരിക്കുകയാണ്. സാംസ്കാരികമേഖലയ്ക്കായി ശരിയായ ദിശയിൽ ചെലവഴിക്കുന്ന ധനം നാടിന്റെ എക്കാലത്തെയും സമ്പത്തായി മാറും. ഈ സർക്കാർ സംസ്കാരത്തിന്റെ ഉള്ളടക്കവും സാംസ്കാരിക സ്ഥാപനങ്ങളുടെ പശ്ചാത്തല സൗകര്യങ്ങളും വികസിപ്പിക്കാൻ ഒരുപോലെ ശ്രമിക്കുകയാണ്. നഗരങ്ങൾ മുതൽ വിദൂര ഗ്രാമങ്ങൾവരെ കോർത്തിണക്കുന്ന സാംസ്കാരിക പ്രവർത്തനങ്ങളുടെ ശക്തമായ ശൃംഖലയാണ് ഇപ്പോൾ തീർക്കുന്നത്. ജില്ലയിലെ സാംസ്കാരിക സമുച്ചയങ്ങൾ എന്ന പദ്ധതിക്കുവേണ്ടി 700 കോടി രൂപയാണ് കിഫ്ബിയിൽ സാംഗ്ഷനായിട്ടുള്ളത്. അതിന് സ്ഥലം കിട്ടാനുള്ള ബുദ്ധിമുട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ചില ജില്ലകളിൽ സ്ഥലം കിട്ടിക്കഴിഞ്ഞു. അതിന്റെ ഭാഗമായി 450 കോടി രൂപയുടെ അടങ്കൽ കിഫ്ബി അംഗീകരിച്ചു. പതിനൊന്ന് ജില്ലകളിൽ ഡി.പി.ആർ.-ന് അനുമതി ലഭിച്ചുകഴിഞ്ഞു. മൂന്ന് ജില്ലകളുടേതുകൂടി ബാക്കിയുണ്ട്. കേരളത്തിന്റെ സാംസ്കാരിക നവോത്ഥാനത്തിന് നേതൃത്വം കൊടുത്ത മഹാരഥന്മാരുടെ പേരിലാണ് ഈ സാംസ്കാരിക സമുച്ചയങ്ങൾ വരാൻപോകുന്നത്. എല്ലാ പേരുകളും ഞാൻ പറയുന്നില്ല, തിരുവനന്തപുരത്ത് അയ്യങ്കാളി, കൊല്ലത്ത് ശ്രീനാരായണഗുരു, പാലക്കാട് വി. ടി. ഭട്ടതിരിപ്പാട്, കോഴിക്കോട് വൈക്കം മുഹമ്മദ് ബഷീർ ഇവരെല്ലാം കേരളത്തിന്റെ അറിയപ്പെടുന്ന സാംസ്കാരിക നവോത്ഥാനത്തിന്റെ ഉജ്ജ്വല പ്രതീകങ്ങളാണ്, നമ്മുടെ മനസ്സിൽ നിന്നും മായാത്ത കുറെ ചിത്രങ്ങളാണ്. അവരുടെയെല്ലാം പേരിലാണ് ഇത് യാഥാർത്ഥ്യമാകാൻ പോകുന്നത്. കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ വിവർത്തനശില്പശാല, പുന്നയൂർക്കുളം കമലാ സുരയ്യാ ആഡിറ്റോറിയത്തിൽ ഇന്ത്യൻ എഴുത്തുകാരുടെ സംഗമം എന്നീ പരിപാടികൾ സംഘടിപ്പിക്കും. കേരള സംഗീത നാടക അക്കാദമി ദേശീയ നൃത്തോൽസവം, അന്തർദ്ദേശീയ സംഗീതോൽസവം

എന്നിവ നടത്തും. കേരള ലളിതകലാ അക്കാദമി കിളിമാനൂരിൽ ആർട്ടിസ്റ്റ് റെസിഡൻസി സ്റ്റുഡിയോ, ആശുപത്രികളിലും കാൻസർ സെന്ററുകളിലും ആർട്ട് ഗ്യാലറികൾ എന്നിവ സ്ഥാപിക്കും. കേരള ഫോക്‌ലോർ അക്കാദമി മ്യൂസിയം നവീകരിക്കും. കൊടക്കാട് കണ്ണപ്പെരുവണ്ണാൻ സ്മാരക മന്ദിരം നിർമ്മിക്കും. ഇവിടെ സൂചിപ്പിച്ചതുപോലെ, എൻ. എൻ. കക്കാട് സ്മാരകത്തിന്റെ നിർമ്മാണ പ്രവർത്തനം ഈ മാസം ആരംഭിക്കും. കേരള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ സാഹിത്യ രചയിതാക്കളുടെ ക്യാമ്പ്, അക്ഷരയാത്ര എന്നിവ സംഘടിപ്പിക്കും. ഭാരത് ഭവന്റെ നേതൃത്വത്തിൽ മറ്റ് സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്കും കേരളത്തിൽനിന്നും തിരിച്ചും വിപുലമായ സാംസ്കാരിക വിനിമയ പരിപാടികളാണ് നടത്തുന്നത്.

ഏറ്റവും ശ്രദ്ധേയമായ പരിപാടിയാണ് കൃഷി ആസ്പദമാക്കി സൃഷ്ടിക്കാൻ പോകുന്ന പുതിയ തിയേറ്റർ സംസ്കാരം. കൃഷി വകുപ്പുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വാമനപുരം മണ്ഡലത്തിൽ നടത്തിയ പരിപാടിക്ക് വലിയ ജനപിന്തുണയാണ് ആർജ്ജിക്കാൻ കഴിഞ്ഞത്. സമാനമായ പരിപാടികൾ ജയിലുകൾ കേന്ദ്രീകരിച്ച് നടത്താൻ പോകുകയാണ്.

വൈലോപ്പിള്ളി സംസ്കൃതി ഭവന്റെ നേതൃത്വത്തിൽ പ്രതിമാസ പരിപാടിയായ സംസ്കൃതി നിരവധി യുവകലാകാരന്മാരുടെ പ്രതിഭ തെളിയിക്കാനുള്ള അവസരമായി മാറിയിരിക്കുകയാണ്. അതുപോലെ ലോകശ്രദ്ധ പിടിച്ചുപറ്റുന്ന സ്ഥാപനമായ ഗുരുഗോപിനാഥ് നടനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ശ്രദ്ധേയമായ കേരള നടനം കേന്ദ്രീകരിച്ചുകൊണ്ടുള്ള പരിപാടികൾ ആരംഭിച്ചു. ഗുരുഗോപിനാഥിന്റെ പേരിൽ ദേശീയതലത്തിൽത്തന്നെ അവാർഡ് പ്രഖ്യാപിച്ചു. ഡൽഹിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയാണ് ഗുജറാത്ത് നർത്തകി പത്മഭൂഷൻ ഡോ. കനക് റെലെക്ക് അവാർഡ് പ്രഖ്യാപിച്ചത്.

കെ.എസ്.ഐ.ഡി.സി. മുഖേന കിഫ്ബി ധനസഹായത്തോടെ തൃശ്ശൂർ അളകപ്പ നഗറിൽ 9.3 കോടി രൂപയുടെയും പേരാമ്പ്രയിൽ 13.5 കോടി രൂപയുടെയും കായംകുളത്ത് 15 കോടി രൂപയുടെയും പയ്യന്നൂരിൽ 11.25 കോടി രൂപയുടെയും തലശ്ശേരിയിൽ 10 കോടി രൂപയുടെയും തിയേറ്റർ സമുച്ചയങ്ങൾ ഈ വർഷം ആരംഭിക്കും. ഏതാണ്ട് 20 തിയേറ്ററുകളാണ് ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കാൻ പോകുന്നത്. സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂർ ഇൻ ടാക്കീസ് പരിപാടിക്ക് വലിയ പ്രതികരണമാണ് ലഭിക്കുന്നത്. സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സിനിമയിലെ വനിതാ സംരംഭകർക്ക് മലയാള ചിത്രങ്ങൾ നിർമ്മിക്കാൻ ഒരു പ്രത്യേക പാക്കേജ് ബഡ്ജറ്റിൽ പ്രഖ്യാപിച്ച് 3 കോടി രൂപ സ്ത്രീ സംവിധായകർക്ക് പ്രോത്സാഹനമായി കൊടുക്കും.

കേരള സാഹിത്യ അക്കാദമിയുടെ ആഭിമുഖ്യത്തിൽ വിപുലമായ അന്താരാഷ്ട്ര പുസ്തകോത്സവം സംഘടിപ്പിക്കും. ഭാരത് ഭവന്റെ ആഭിമുഖ്യത്തിൽ യേശുദാസ് ഡിജിറ്റൽ ലൈബ്രറി സ്ഥാപിക്കും. മലയാള മിഷൻ ദശവാർഷികത്തോടനു ബന്ധിച്ച് ആദ്യകാലംമുതൽ തുടർച്ചയായി മലയാള മിഷന്റെ പ്രവർത്തനങ്ങളിൽ പങ്കാളികളായ അദ്ധ്യാപകർക്ക് പ്രത്യേക ഓണറേറിയം നൽകി ആദരിക്കും. മലയാള നോവൽ സാഹിത്യശാഖയിൽ പുതിയ പന്ഥാവ് വെട്ടിത്തുറന്ന ഒ. വി. വിജയന്റെ ഖസാക്കിന്റെ ഇതിഹാസം എന്ന നോവലിന്റെ 50-ാം വാർഷികാഘോഷം ഒരുവർഷം നീണ്ടുനിൽക്കുന്ന പരിപാടിയോടുകൂടി ആരംഭിക്കാൻ പോകുകയാണ്. ഇവിടെ ശ്രീ. കെ. വി. അബ്ദുൾ ഖാദർ എനിക്ക് വളരെ ശ്രദ്ധേയമായ ഒരു കത്ത് തന്നു. രാമുകാര്യാട്ട് സ്മാരകത്തിനുവേണ്ടി എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്നും 2 കോടി രൂപ ചെലവഴിച്ച് ഒരു സാംസ്കാരിക സമുച്ചയം പണിയാൻ അദ്ദേഹം തീരുമാനിച്ചു. അതിന് ഭരണാനുമതി കൊടുക്കണമെന്ന് അദ്ദേഹം പറയുകയുണ്ടായി. അത് കൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, നവോത്ഥാനത്തിനുവേണ്ടി ഏറ്റവും കൂടുതൽ സംഭാവന ചെയ്തിട്ടുള്ള പഴയതലമുറയിലെ ഏറ്റവും പ്രമുഖനാണ് കൊട്ടാരത്തിൽ ശങ്കുണ്ണി. അങ്ങ് എല്ലാ ആളുകളെക്കുറിച്ചും പറഞ്ഞപ്പോൾ കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ സ്മാരകത്തിനുവേണ്ടി നയാപൈസപോലും വയ്ക്കാതെപോയത് കഷ്ടമായിപ്പോയി. അങ്ങ് അതിനെക്കുറിച്ച് ആലോചിക്കണം. കൊട്ടാരത്തിൽ ശങ്കുണ്ണി സ്മാരകത്തിനു വേണ്ടി മതിയായ തുക മാറ്റിവയ്ക്കാൻ തയ്യാറാകണം.

ശ്രീ. എ. കെ. ബാലൻ: സർ, അക്കാര്യം പരിശോധിക്കാം. ഇവിടെ 9 എം.എൽ.എ.-മാരാണ് സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധേയമായ ഒട്ടേറെ പരാമർശങ്ങൾ നടത്തിയത്. അതിൽ ലൈംഗികമായി പീഡിപ്പിക്കപ്പെടുന്ന സ്ത്രീകളെ സംരക്ഷിക്കണം എന്നാണ് ശ്രീ. പി. സി. ജോർജ് പറഞ്ഞിട്ടുള്ളത്. അവർക്ക് വെൽഫെയർ ഫണ്ട് വേണം, അവരെ പുനരധിവസിപ്പിക്കണം. ആ വികാരം പരിപൂർണ്ണമായും ഗവൺമെന്റ് ഉൾക്കൊള്ളുകയാണ്. ഈ മേഖലയിൽ എന്തൊക്കെ ചെയ്യാൻ പറ്റുമെന്നതിനെ സംബന്ധിച്ച് നമ്മൾ ആലോചിക്കും. സിനിമാരംഗവുമായി ബന്ധപ്പെട്ടുകൊണ്ടുള്ള വനിതകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുള്ള മറ്റ് കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നതായിരിക്കും. ഡോ. എൻ. ജയരാജ് സൂചിപ്പിച്ച കാര്യം പ്രത്യേകം എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ അദ്ദേഹം ഒട്ടേറെ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് നല്ല രൂപത്തിൽ നേതൃത്വം കൊടുക്കുന്നുണ്ട്. അദ്ദേഹം ഇവിടെ ഗവൺമെന്റ് എടുത്ത തീരുമാനത്തെ ശ്ലാഘിക്കുകയാണ് ചെയ്തത്. ഇവിടെ എരഞ്ഞോളി മൂസ മാപ്പിള കലാ അക്കാദമി

സ്ഥാപിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. അതിന്റെ സാദ്ധ്യതയെ സംബന്ധിച്ചും ആലോചിക്കുന്നതായിരിക്കും. മലയാളം മിഷന്റെ പ്രവർത്തനം ലോകത്ത് എല്ലായിടത്തും എത്തിക്കണമെന്ന് പറഞ്ഞു. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ രണ്ട് രാജ്യത്ത് മാത്രമേ മലയാളം മിഷന്റെ പ്രവർത്തനമുണ്ടായിരുന്നുള്ളൂ. ഇപ്പോൾ 20 രാജ്യങ്ങളിൽ വളരെ വ്യാപകമായി മലയാളം മിഷന്റെ പ്രവർത്തനം നടന്നു വരികയാണ്. ശ്രീ. മഞ്ഞളാംകുഴി അലി സിനിമാ എന്റർടെയിൻമെന്റ് ടാക്സ് ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതായിരിക്കും. രാജ്യാന്തര സാഹിത്യോത്സവം, സാഹിത്യ സമാജം എന്നിവയെക്കുറിച്ച് ഫലപ്രദമായ നിർദ്ദേശമാണ് ശ്രീ. എം. സ്വരാജ് പറഞ്ഞത്. സാഹിത്യസമാജങ്ങളൊക്കെ സ്കൂളുകളിൽ വീണ്ടെടുക്കണം. അതിനുള്ള നടപടികൾ ആരംഭിക്കുന്നതായിരിക്കും. ഇപ്പോൾ പാർലമെന്ററി അഫയേഴ്സിനെ ഉപയോഗപ്പെടുത്തി പാർലമെന്ററി അവബോധം കുട്ടികളിൽ എത്തിക്കുന്നതിനു വേണ്ട നിരവധി പദ്ധതികൾ ഓരോ മണ്ഡലങ്ങളിലും എം.എൽ.എ.-മാരുടെ സഹായത്തോടുകൂടി നടപ്പിലാക്കുന്നുണ്ട്. അതിന്റെ ഭാഗമായി ഇക്കാര്യംകൂടി പരിശോധിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ പറഞ്ഞ തലശ്ശേരിയിലെ പീരങ്കി വിഷയം പുരാവസ്തു വകുപ്പുമായി ബന്ധപ്പെട്ടുള്ളതാണ്. പുരാവസ്തുക്കൾക്ക് പ്രത്യേക പ്രാധാന്യം നൽകി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതായിരിക്കും. അതായിരിക്കുമല്ലോ ഉദ്ദേശിച്ചിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. റ്റി. വി. രാജേഷ്: സർ, പല പത്ര-ദൃശ്യ മാധ്യമങ്ങളും ആറ്മാസമായി ജീവനക്കാർക്ക് ശമ്പളം കൊടുത്തിട്ടില്ല. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സർക്കാർ ഇടപെട്ട് പരിഹാരം കാണാൻ ശ്രമിക്കുമോ?

ശ്രീ. എ. കെ. ബാലൻ: സർ, ഇതുമായി ബന്ധപ്പെട്ട് ആരും കത്ത് തന്നിട്ടില്ല. കത്ത് കിട്ടിയാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതായിരിക്കും. ബഹുമാനപ്പെട്ട ഷാഫി പറമ്പിൽ ഇവിടെ പറഞ്ഞ കാര്യങ്ങൾ വളരെ ശ്രദ്ധേയമായവയാണ്. ഞാൻ ഇപ്പോൾ അതിന് മറുപടി പറയാനൊന്നും ഉദ്ദേശിക്കുന്നില്ല, തികച്ചും രാഷ്ട്രീയമാണ്. ഇന്ത്യയുടെ ആത്മാവ്, അഭിമാനം എന്നിവ കോൺഗ്രസ്സാണ് എന്നുള്ള കാര്യങ്ങളിലൊന്നും യാതൊരു വിയോജിപ്പുമില്ല. ഇത്രയും പ്രാധാന്യം ഈ പാർട്ടിക്കുണ്ടെങ്കിൽ അതിന്റെ എ.ഐ.സി.സി. അഖിലേന്ത്യാ പ്രസിഡന്റായി ശ്രീ. രാഹുൽ ഗാന്ധി തന്നെ വരണമെന്നുള്ള അഭിപ്രായമാണ് ഞങ്ങൾക്കൊക്കെയുള്ളത്. അദ്ദേഹവും നല്ലൊരു ഇടപെടൽ നടത്തിയാൽ നല്ലതാണ്. ഇത്രയും നല്ലൊരു പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡന്റാകാൻ

അദ്ദേഹം വിമുഖത കാട്ടുന്നത് എന്തിനാണ്; കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പ്രസിഡന്റായി നിൽക്കാൻ പറ്റാത്ത സാഹചര്യം എങ്ങനെയുണ്ടായി? കോൺഗ്രസ്സിൽനിന്നും മാനസികമായി എത്രത്തോളം അകന്നുവെന്നതിന്റെ തെളിവാണത്. മറ്റുകാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അത് അവർ ആലോചിക്കേണ്ടതാണ്. കോൺഗ്രസ്സില്ലാത്ത ഭാരതമാണ് ബി.ജെ.പി. പ്രഖ്യാപിച്ചത്. അതിലേയ്ക്ക് അവർ എത്തിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഇപ്പോഴും അതിന്റെ ആപത്ത് അവർ തിരിച്ചറിയുന്നില്ല. അവരുടെ മുമ്പിൽ മാർക്സിസ്റ്റ്, മാർക്സിസ്റ്റ്, മാർക്സിസ്റ്റ്. ഇതല്ലാതെ വേറെ എന്താണുള്ളത്? എവിടെയെങ്കിലും എന്തെങ്കിലുമുണ്ടായാൽ അവരുടെ കുന്തമുന എന്നുപറയുന്നത് ബി.ജെ.പി.-യും ആർ.എസ്.എസ്.-ഉം അല്ല. കോൺഗ്രസ് എന്നുപറയുന്നതും ബി.ജെ.പി. എന്നുപറയുന്നതും തമ്മിൽ വലിയ വ്യത്യാസമൊന്നുമില്ല. അത് എളാപ്പാ മൂത്താപ്പാ മക്കൾ തന്നെയാണ്. അവരുടെ സ്വഭാവത്തിൽനിന്നും അവർ മാറാൻ പോകുന്നില്ല. കോൺഗ്രസ് പ്രതിസന്ധിയിൽപ്പെട്ട ഘട്ടങ്ങളിലൊന്നുംതന്നെ അതിൽനിന്ന് രക്ഷിക്കുന്നതിനല്ല, കോൺഗ്രസിനെ നശിപ്പിക്കുന്നതിനുള്ള പ്രവർത്തനമാണ് അവർ നടത്തിയിട്ടുള്ളത്. ഇപ്പോഴും അതാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കോൺഗ്രസ് നശിച്ചുകാണണമെന്നൊന്നും ഞങ്ങൾ ആഗ്രഹിക്കുന്നില്ല. അത് വളരെ വ്യക്തമാണ്. അത് ഞങ്ങളുടെ രാഷ്ട്രീയ നയവുമല്ല. പക്ഷേ അത് അവർതന്നെ ഇല്ലാതാക്കും. നമ്മൾ ഇപ്പോൾ വിചാരിച്ചാൽ രക്ഷിക്കാൻ സാധിക്കില്ലല്ലോ. ഇവിടത്തെ മതനിരപേക്ഷ ശക്തികളെ യോജിപ്പിച്ചുകൊണ്ട് ഫാസിസ്റ്റ് ശക്തികൾക്കെതിരായ ഒരു പൊതു പ്ലാറ്റ്ഫോം രൂപപ്പെടുത്തുന്നതിന് നേതൃത്വം കൊടുക്കേണ്ട പാർട്ടിയാണിത്. അഖിലേന്ത്യാ തലത്തിൽ മേൽവിലാസമുള്ള ഒരു പാർട്ടിയാണല്ലോ. എവിടെയൊക്കെ ഐക്യത്തിന്റേതായ സന്ദേശമുണ്ടായിട്ടുണ്ടോ അതെല്ലാം പൊളിച്ചില്ലേ; എല്ലാ സ്ഥലത്തും പൊളിച്ചുകൊടുത്തില്ലേ? ഇപ്പോൾ ലോക്സഭയിൽ ശ്രീ. രാഹുൽ ഗാന്ധി എത്തിയല്ലോ, അദ്ദേഹത്തിന് തന്റേടത്തോടുകൂടി പറയാൻ പറ്റുമോ ബി.ജെ.പി.-യെയും ആർ.എസ്.എസ്.-നെയും സംഘപരിവാറിനെയും പരാജയപ്പെടുത്തിക്കൊണ്ടാണ് ഞാൻ ലോക്സഭയിലേയ്ക്ക് ജയിച്ചുവന്നതെന്ന്. ഇതാണ് അവരുടെ രാഷ്ട്രീയം. നന്നാകുമെങ്കിൽ നന്നായിക്കോളൂ. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുകയാണ്.

5.00 P.M.]

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. പി. ജയരാജൻ</u>): സർ, ഇന്നത്തെ ഡിമാന്റ് ചർച്ചയിൽ കായിക മേഖലയെ സംബന്ധിച്ച് വിപുലമായ ചർച്ചകളൊന്നും പൊതുവെ ഉണ്ടായിട്ടില്ല. ഈ ചർച്ചയിൽ സജീവമായി നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പ്രകടിപ്പിച്ച എല്ലാ

അംഗങ്ങളോടും നന്ദി പറയുകയാണ്. കേരളത്തിന്റെ കായിക മേഖലയിൽ കുതിപ്പും സമൃദ്ധിയും ക്ഷേമവും ഒരുപോലെ നിറഞ്ഞുനിന്ന മൂന്ന് വർഷങ്ങളാണ് കടന്നു പോയത്. ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ കേരളത്തിന്റെ കരുത്ത് പതിന്മടങ്ങ് വർദ്ധിച്ചു. അത്‌ലറ്റിക്സിനും ഗെയിംസിനും ലോകനിലവാരമുള്ള കളിക്കളങ്ങൾ ഇന്ന് നാടെങ്ങും തയ്യാറായിക്കൊണ്ടിരിക്കുകയാണ്. കളിക്കളത്തിലിറങ്ങാൻ കായിക താരങ്ങൾക്ക് അകമഴിഞ്ഞ പിന്തുണ നൽകി. നേട്ടങ്ങൾ കൊയ്തവർക്ക് അങ്ങേയറ്റം അംഗീകാരവും ലഭിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പാക്കിയ വിപുലമായ വികസന പ്രവർത്തനങ്ങളുടെയും ക്ഷേമനടപടികളുടെയും ഫലമായി കായിക മേഖലയാകെ ഉണർവ്വിലാണ്. ദേശീയ സ്കൂൾ കായികമേളയിൽ തുടർച്ചയായ കിരീടനേട്ടവുമായി കേരളം മുന്നേറുകയാണ്. ഏഷ്യൻ ഗെയിംസിൽ വർഷങ്ങൾക്കുശേഷം മലയാളി താരങ്ങൾ മികവിലേക്ക് തിരിച്ചെത്തി. ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ രണ്ട് സ്വർണ്ണവും ആറ് വെള്ളിയും ഒരു വെങ്കലവും നമ്മുടെ താരങ്ങൾ നേടി. ചരിത്രത്തിലാദ്യമായി രഞ്ജി ട്രോഫി ക്രിക്കറ്റിന്റെ ഫൈനലിലേയ്ക്ക് കടന്നു. കായികരംഗത്ത് എല്ലാ അർത്ഥത്തിലും ഇന്ത്യയിലെ ഒന്നാംകിട സംസ്ഥാനമെന്ന പദവിയിലേയ്ക്ക് കേരളം ഉയരുകയാണ്. നമ്മുടെ കായിക പ്രതിഭകളെ ലോകനിലവാരത്തിലേയ്ക്ക് ഉയർത്തുകയാണ് അടുത്ത ലക്ഷ്യം. സമഗ്രമായ ആ ദൗത്യത്തിന് തുടക്കമിട്ടുകഴിഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരമേറ്റശേഷം കായിക മേഖലയിലെ വിഷയങ്ങൾ വിശദമായി പരിശോധിച്ച് അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾക്ക് മുൻഗണന നൽകി. ഉന്നതമായ ഒരു കായിക സംസ്കാരം സൃഷ്ടിച്ചെടുക്കാനുതകുന്ന കായികനയം ആവിഷ്കരിച്ച് നടപ്പാക്കുകയാണ് ആദ്യം ചെയ്തത്. 'Sports for all' എന്നതാണ് ഈ നയത്തിന്റെ അടിസ്ഥാന തത്വം. സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും കായികരംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ ആരോഗ്യമുള്ള ഒരു ജനതയെ സൃഷ്ടിക്കുന്നതിനുമാണ് ലക്ഷ്യമിട്ടത്. അടിസ്ഥാന സൗകര്യങ്ങളുടെ അഭാവമാണ് കേരളത്തിലെ കായിക മേഖല നേരിട്ട ഏറ്റവും വലിയ പ്രതിസന്ധി. ഇത് പരിഹരിക്കുന്നതിന് പ്രഥമ പരിഗണന നൽകി. കേരളമാകെ നിലവാരമുള്ള കളിക്കളങ്ങൾ നിർമ്മിക്കാൻ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചു. കായിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ കാര്യത്തിൽ അഭൂത പൂർവ്വമായ വളർച്ചയാണ് കേരളം കൈവരിച്ചുകൊണ്ടിരിക്കുന്നത്. കിഫ്ബിയിൽ ഉൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങൾ, 43 പഞ്ചായത്ത്/മുനിസിപ്പൽ സ്റ്റേഡിയങ്ങൾ ഇവയ്ക്കെല്ലാമായി 700 കോടി രൂപ അനുവദിച്ചു. അതിൽ കിഫ്ബി അംഗീകരിച്ച 41 സ്റ്റേഡിയങ്ങളിൽ 20 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

2020 ഡിസംബർ 31-നുമുമ്പ് പ്രസ്തുത നിർമ്മാണ പ്രവൃത്തികളെല്ലാം പൂർത്തിയാകും. കിഫ്ബി അംഗീകരിച്ച മറ്റ് പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്. ഈ പ്രവൃത്തികൾ പൂർത്തിയാകുന്നതോടെ സംസ്ഥാനത്ത് 40 ഫുട്ബോൾ ഗ്രൗണ്ടുകൾ, 24 സിന്തറ്റിക് ട്രാക്കുകൾ, 24 സ്വിമ്മിംഗ് പൂളുകൾ എന്നിവ യാഥാർത്ഥ്യമാകും. കായിക യുവജന കാര്യാലയത്തിന്റെ കീഴിൽ 15,93,00,000 രൂപ അടിസ്ഥാന സൗകര്യ വികസനത്തിന് ചെലവഴിച്ചു. 92,53,00,000 രൂപയുടെ പ്രവൃത്തി നടന്നുവരുന്നു. സംസ്ഥാനത്തെ നൂറോളം മൈതാനങ്ങൾ നവീകരിച്ചിട്ടുണ്ട്. സർക്കാർ ഏറ്റെടുത്ത ജി. വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ സ്കൂൾ എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താൻ കോടിക്കണക്കിന് രൂപയുടെ നവീകരണ പ്രവൃത്തികൾ ആരംഭിച്ചു.

കേരളത്തിന്റെ കായിക ചരിത്രത്തിൽ ആദ്യമായി പൂർണ്ണമായും ജനാധിപത്യ രീതിയിൽ സ്പോർട്സ് കൗൺസിലുകൾ പുനഃസംഘടിപ്പിച്ചു. ഇതിനായി 2000-ലെ സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുകയും ബിൽ നിയമസഭ പാസ്സാക്കുകയും ചെയ്തു. സ്പോർട്സ് അസോസിയേഷനുകളിലെയും സ്പോർട്സ് കൗൺസിലുകളിലെയും ഭാരവാഹികൾക്ക് പ്രായപരിധിയും കാലാവധിയും നിശ്ചയിച്ചു. സ്പോർട്സ് കൗൺസിലിന്റെ തലപ്പത്ത് കൂടുതലായി കായിക താരങ്ങളെ നിയമിച്ചു. സ്പോർട്സ് ക്വാട്ട നിയമനത്തിൽ ഈ ഗവൺമെന്റ് റെക്കോർഡിട്ടു. മൂന്ന് വർഷത്തിനിടയിൽ സ്പോർട്സ് ക്വാട്ടയിൽ 169 കായിക താരങ്ങൾക്ക് നിയമനം നൽകി. കഴിഞ്ഞ സർക്കാർ 5 വർഷംകൊണ്ട് 110 കായിക താരങ്ങൾക്ക് മാത്രമാണ് നിയമനം നൽകിയിരുന്നത്. 248 കായിക താരങ്ങളെ നിയമിക്കാൻ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഇവയൊക്കെ 2010-14 കാലയളവിൽ മുടങ്ങിക്കിടന്ന നിയമനങ്ങളാണ്. ഫുട്ബോൾ താരം ശ്രീ. സി. കെ. വിനീത്, ദേശീയ സീനിയർ വോളിബോൾ താരം ശ്രീ. രതീഷ് സി. കെ., കബഡി താരം ശ്രീമതി പി. കെ. രാജിമോൾ, സ്പെഷ്യൽ ഒളിമ്പിക്സിൽ പങ്കെടുത്ത ശ്രീ. പി. കെ. ഷൈബൻ എന്നിവർക്ക് ജോലി നൽകി. പോലീസ് ഡിപ്പാർട്ട്മെന്റ് ടീമുകൾ ശക്തമാക്കാൻ 146 തസ്തിക അനുവദിച്ച് ഉത്തരവിട്ടിട്ടുണ്ട്. വൈദ്യുതി വകുപ്പിൽ 8 കായിക താരങ്ങളെ നിയമിക്കാൻ നടപടി ആരംഭിച്ചു. സന്തോഷ് ട്രോഫി വിജയിച്ച കേരള ടീമിലെ ജോലിയില്ലാത്ത കളിക്കാർക്കും ജക്കാർത്ത ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയവർക്കും ജോലി നൽകാൻ മന്ത്രിസഭായോഗം തീരുമാനിച്ചിട്ടുണ്ട്.

കായികക്ഷേമ പ്രവർത്തനങ്ങളിൽ ഏറെ പ്രതിജ്ഞാബദ്ധതയോടെ യാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കേരളത്തിന്റെ ഏക ഒളിമ്പിക്സ് മെഡൽ ജേതാവായ ശ്രീ. മാനുവൽ ഫ്രെഡറിക്കിന് സർക്കാർ നൽകുന്ന വീടിന്റെ നിർമ്മാണം പൂർത്തിയായി. കണ്ണൂർ പയ്യാമ്പലത്തിനടുത്ത് പള്ളിയാമൂലയിൽ 1610

ചതുരശ്ര അടി വിസ്തീർണ്ണത്തിലാണ് മനോഹരമായ ആ വീട് ഒരുക്കിയിരിക്കുന്നത്. ഈ മാസം 29-ന് അതിന്റെ താക്കോൽ കൈമാറും. തിരുവനന്തപുരം പാളയം മാർക്കറ്റിൽ വഴിയോര കച്ചവടം നടത്തിയിരുന്ന മുൻ ദേശീയ ഹോക്കി താരം ശ്രീമതി വി. ഡി. ശകുന്തളയ്ക്ക് കായിക വകുപ്പ് ഡയറക്ടറേറ്റിൽ സ്വീപ്പർ തസ്തികയിൽ സ്ഥിരനിയമനം നൽകി.

ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ ജേതാക്കളാകുന്നവർക്ക് അർഹമായ അംഗീകാരം നൽകുന്നതിൽ മാതൃകാപരമായ പ്രവർത്തനമാണ് കാഴ്ചവച്ചത്. ഏഷ്യൻ ഗെയിംസിൽ മെഡൽ നേടിയ മലയാളി താരങ്ങൾക്ക് സ്വർണ്ണം, വെള്ളി, വെങ്കലം എന്നീ മെഡലുകൾക്ക് യഥാക്രമം 20 ലക്ഷം രൂപ, 15 ലക്ഷം രൂപ, 10 ലക്ഷം രൂപ വീതം വിതരണം ചെയ്തു. ഏഷ്യൻ അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ സ്വർണ്ണം, വെള്ളി, വെങ്കലം മെഡലുകൾ നേടിയ 14 മലയാളി താരങ്ങൾക്ക് 10 ലക്ഷം രൂപ, 7 ലക്ഷം രൂപ, 5 ലക്ഷം രൂപ എന്നീ ക്രമത്തിൽ കാഷ് അവാർഡ് നൽകി. 2013 മുതൽ 2016 വരെ ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിലെ മികച്ച 1356 താരങ്ങൾക്ക് 2,42,00,000 രൂപ 2017-ൽ വിതരണം ചെയ്തു. വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ 2013 മുതൽ 2016 വരെ ദേശീയ മത്സരങ്ങളിൽ വിജയികളായ 1247 പേർക്ക് 2,54,00,000 രൂപ വിതരണം ചെയ്തു. കഴിവ് തെളിയിച്ച മിടുക്കരായ കായികതാരങ്ങൾക്ക് പരിശീലന സഹായം നൽകാൻ ഗവൺമെന്റ് ഒട്ടും മടി കാണിച്ചിട്ടില്ല. ശ്രീമതി പി. യു. ചിത്രയ്ക്കും ശ്രീ. എം. ശങ്കറിനും സ്പോർട്സ് കൗൺസിലിന്റെ എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി ദിവസം 500 രൂപയും ഡോ. എ. പി. ജെ. അബ്ദുൽ കലാം സ്കോളർഷിപ്പായി മാസം 10,000 രൂപയും നൽകി പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയാണ്. 2020-2024 ഒളിമ്പിക്സിൽ മെഡൽ ലക്ഷ്യമിട്ട് 11 കായിക ഇനങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് വിദഗ്ധപരിശീലനം നൽകാൻ 'ഓപ്പറേഷൻ ഒളിമ്പ്യ' പദ്ധതി ആരംഭിച്ചു. നിലവിൽ 115 താരങ്ങൾ പരിശീലനം നടത്തുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെയും തീരദേശ-ഗ്രാമീണ മേഖലകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെയും കുട്ടികളെ കായിക മികവിലേയ്ക്ക് ഉയർത്താനും ആരോഗ്യ സംരക്ഷണത്തിനും സ്കൂൾ വഴി 'Play for Health' പദ്ധതി ആരംഭിച്ചു. സ്പോർട്സ് കേരളയുടെ നേതൃത്വത്തിൽ 2018 ഡിസംബർ 1-ന് മാരത്തോൺ സംഘടിപ്പിച്ചു. വിവിധ ജില്ലകളിലായി 8 സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ ആരംഭിച്ചു. കായിക മേഖലയുടെ സമഗ്ര വിവരങ്ങൾ അടങ്ങിയ സ്പോർട്സ് ഗൈഡ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കേരളത്തിൽ ആദ്യമായി ഒരു സ്പോർട്സ് എക്സ്പോ സംഘടിപ്പിച്ചു. കുട്ടികൾക്ക് നീന്തൽ പരിശീലനം ഉറപ്പുവരുത്തുന്നതിന് സ്പ്ലാഷ് എന്ന പേരിൽ പദ്ധതി നടപ്പാക്കും. 5 മുതൽ 12 വയസ്സുവരെയുള്ള കുട്ടികൾക്കാണ്

പരിശീലനം നൽകുക. പരിശീലന സമയത്ത് പ്രതിഭ തെളിയിക്കുന്ന കുട്ടികളെ മികച്ച നീന്തൽ താരങ്ങളാക്കുന്നതിനുള്ള പദ്ധതികൂടിയാണിത്. ആദ്യഘട്ടത്തിൽ കാസർഗോഡ്, വയനാട്, തൃശ്ശൂർ, ഇടുക്കി, പാലക്കാട് എന്നീ ജില്ലകളിലാണ് ഈ പദ്ധതി ആരംഭിക്കുന്നത്. സാമ്പത്തിക പരിഗണനകൾക്ക് അതീതമായി താല്പര്യമുള്ള മുഴുവൻ പേർക്കും ടെന്നീസ് പരിശീലനം നൽകുന്നതിനുള്ള പദ്ധതിയാണ് 'എയ്സ് (ACE). മിടുക്കരായ കുട്ടികളെ കണ്ടെത്തി ശാസ്ത്രീയ പരിശീലനം നൽകി അവരെ ലോകോത്തര ടെന്നീസ് താരങ്ങളാക്കി മാറ്റുകയാണ് ലക്ഷ്യം. ആദ്യഘട്ടത്തിൽ തിരുവനന്തപുരം, എറണാകുളം, കണ്ണൂർ ജില്ലകളിലായി 6 കേന്ദ്രങ്ങളിലാണ് എയ്സ് ആരംഭിക്കുക. പ്രകൃതി ദുരന്തങ്ങൾപോലുള്ള അടിയന്തര സാഹചര്യങ്ങളെ നേരിടാൻ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് യുവാക്കളെ അണിനിരത്തി കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. നിലവിൽ ഏതാണ്ട് 1.5 ലക്ഷത്തോളം പേർ ഈ വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിൽ അംഗങ്ങളായിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരുടെ മേഖലകൾക്ക് മുൻതൂക്കം നൽകി 14 ജില്ലകളിലായി എണ്ണൂറോളം യുവ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും ജനശ്രദ്ധ ആകർഷിക്കുന്ന പരിപാടിയാണ് കേരളോത്സവം. നഗരവാസികൾക്കൊപ്പംതന്നെ ഗ്രാമീണ മേഖലയിലെ യുവജനങ്ങളുടെ കലാ-കായിക മികവ് പ്രകടിപ്പിക്കാനും പ്രോത്സാഹിപ്പിക്കാനും ഇത് അവസരമുണ്ടാക്കുന്നു. മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്ന ഉദ്യോഗാർത്ഥികൾക്കായി യൂത്ത് ക്ലബ്ബുകൾ, സാംസ്കാരിക സംഘടനകൾ, സ്കൂൾ-കോളേജ് പി.ടി.എ.-കൾ, ഗ്രന്ഥശാലകൾ എന്നിവയുമായി സഹകരിച്ച് പരിശീലനം സംഘടിപ്പിക്കുന്നു. എല്ലാ ജില്ലകളിലും സന്നദ്ധ പ്രവർത്തകരെ തെരഞ്ഞെടുത്ത് പരിശീലനം നൽകി മദ്യം, മയക്കുമരുന്ന്, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. എല്ലാ ജില്ലയിലും അദാലത്തും സംസ്ഥാനതലത്തിൽ മെഗാ അദാലത്തും സംഘടിപ്പിച്ചു. കമ്മീഷൻ ആസ്ഥാനത്ത് നിരവധി സിറ്റിംഗുകൾ നടത്തി. സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന യുവജനങ്ങൾക്ക് നിയമ സഹായം ആവശ്യമുള്ളവർക്ക് ഒരു ടോൾ ഫ്രീ നമ്പരിലൂടെ സേവനം നൽകുന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലാണ് സ്പോർട്സ് സ്കൂൾ പ്രവർത്തിക്കുന്നത്. കൂടാതെ കണ്ണൂരും ഒരു സ്പോർട്സ് ഡിവിഷൻ പ്രവർത്തിക്കുന്നുണ്ട്. കണ്ണൂർ സ്പോർട്സ് ഡിവിഷൻ മാതൃകയിൽ പത്തനംതിട്ട, തൃശ്ശൂർ, കാസർഗോഡ് ജില്ലകളിൽ പുതിയ സ്പോർട്സ് ഡിവിഷൻ ആരംഭിക്കും. കേരളത്തിലെ ബീച്ചുകളിൽ തെരഞ്ഞെടുക്കപ്പെട്ട കായിക ഇനങ്ങളിൽ ജില്ലാ അടിസ്ഥാനത്തിൽ ബീച്ച് ഗെയിംസ് സംഘടിപ്പിക്കാനുള്ള പരിപാടികൾ ആരംഭിച്ചിട്ടുണ്ട്. കുട്ടികൾക്കും സ്ത്രീകൾക്കും വെവ്വേറെ മത്സരങ്ങൾ ഇതിനോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതാണ്. നവംബർ,

ഡിസംബർ മാസങ്ങളിലാണ് ഇത് ഉദ്ദേശിക്കുന്നത്. രാജ്യാന്തര നിലവാരമുള്ള കായിക താരങ്ങളെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ 4 കായിക ഇനങ്ങൾക്കായി അക്കാദമികൾ ആരംഭിക്കും. തിരുവനന്തപുരം വട്ടിയൂർക്കാവിൽ ഷൂട്ടിംഗ്, കുമാരപുരത്ത് ടെന്നീസ്, ഇടുക്കിയിൽ വോളിബോൾ, വയനാട്ടിൽ അമ്പെയ്ത്ത് എന്നീ കായിക ഇനങ്ങൾക്കാണ് കായിക വകുപ്പ് അക്കാദമികൾ ആരംഭിക്കുക. പൊതുജനങ്ങൾക്കും കായിക താരങ്ങൾക്കും ആരോഗ്യ സംരക്ഷണത്തിനുവേണ്ടി 8 സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് എന്ന പേരിൽ ഫിറ്റ്നസ് സെന്റർ ആരംഭിച്ചിട്ടുണ്ട്. പുതുതായി 10 സ്ഥലങ്ങളിൽക്കൂടി ഇത് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതോടുകൂടി എല്ലാ ജില്ലകളിലും ഫിറ്റ്നസ് സെന്റർ യാഥാർത്ഥ്യമാകും.

കണ്ണൂർ സ്പോർട്സ് ഡിവിഷനിൽ കായികതാരങ്ങൾക്ക് പരിശീലനത്തിനായി പുതിയ ഫിറ്റ്നസ് സെന്റർ ആരംഭിക്കും. 420 സ്കൂളുകളിലെ ഹയർ സെക്കണ്ടറി വിദ്യാർത്ഥിനികൾക്ക് സ്വയരക്ഷയ്ക്കായി ആയോധന മുറകളുടെ പരിശീലനം സംഘടിപ്പിക്കും. 21000 വിദ്യാർത്ഥിനികൾക്ക് ഇതിന്റെ പ്രയോജനം ലഭ്യമാകും. സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ യുവതികൾക്ക് സ്വയരക്ഷയ്ക്കായുള്ള പരിശീലനം സംഘടിപ്പിക്കുന്നതാണ്. എല്ലാപേർക്കും നല്ല ആരോഗ്യമെന്ന മുദ്രാവാക്യമുയർത്തി കഴിഞ്ഞ വർഷം കായിക വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച മാരത്തോൺ ഈ വർഷം എല്ലാ ജില്ലകളിലും നടപ്പിലാക്കും. പതിമൂന്ന് ജില്ലകളിൽ ഹാഫ് മാരത്തോണും തിരുവനന്തപുരത്ത് ഫുൾ മാരത്തോണും സംഘടിപ്പിക്കും. തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിച്ച് അധികാര വികേന്ദ്രീകരണം, സ്പോർട്സ് വികേന്ദ്രീകരണം എന്നിവ നടപ്പിലാക്കും. 2018-ലെ സ്പോർട്സ് ഭേദഗതി ബില്ലിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റി, പഞ്ചായത്ത്, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കും. ഇതുവഴി കായിക മേഖലയിലുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാൻ സാധിക്കും. ഉത്തേജക മരുന്ന് ഉപയോഗത്തിനെതിരായി കായിക താരങ്ങൾ, കായികാദ്ധ്യാപകർ, പരിശീലകർ, കായിക അസോസിയേഷൻ ഭാരവാഹികൾ, രക്ഷിതാക്കൾ എന്നിവർക്ക് ബോധവൽക്കരണം സംഘടിപ്പിക്കും. ദേശീയ തലത്തിൽ ഉത്തേജക മരുന്ന് പരിശോധന നടത്തുന്ന NADA (National Anti-Doping Agency)-യുമായി സഹകരിച്ച് സംസ്ഥാനത്ത് സീനിയർ, ജൂനിയർ, സബ്ജൂനിയർതല മത്സരങ്ങളിൽ കായിക വകുപ്പിന്റെ നേതൃത്വത്തിൽ doping test നിർബന്ധമാക്കും. മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് പരിശീലിപ്പിക്കുന്നതിനായി തീരദേശ-ഗ്രാമ-ആദിവാസി മേഖലകളിലെ സ്കൂളുകളിൽ ടാലന്റ് ഐഡന്റിഫിക്കേഷൻ നടത്തുന്നതാണ്. കായിക മേഖലയിലെ പുത്തൻ സാങ്കേതികവിദ്യ പരിചയപ്പെടുത്തുന്നതിനായി കഴിഞ്ഞ വർഷം സംഘടിപ്പിച്ച

സ്പോർട്സ് എക്സ്പോ ഈ വർഷം തിരുവനന്തപുരത്തും കണ്ണൂരും സംഘടിപ്പിക്കും. കായിക വകുപ്പ് ഏറ്റെടുത്ത സ്പോർട്സ് സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിൽ ഉയർത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. ഈ വർഷം സ്പോർട്സ് സ്കൂളുകളിലെ കായിക താരങ്ങൾക്ക് വിദേശ പരിശീലകരുടെ സേവനം ലഭ്യമാക്കും. നിലവിലുള്ള പരിശീലകർക്ക് പുത്തൻ സാങ്കേതികവിദ്യകൾ പരിചയപ്പെടുത്തുന്നതിനായി പരിശീലന പദ്ധതി ആവിഷ്കരിക്കും. നിലവിൽ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിലാണ് സ്പോർട്സ് മെഡിസിൻ സെന്റർ പ്രവർത്തിക്കുന്നത്. തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽക്കൂടി അത് ആരംഭിക്കും. അന്താരാഷ്ട്ര തലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കായിക താരങ്ങൾക്ക് പരിശീലനത്തിന് സ്കോളർഷിപ്പ് ഏർപ്പെടുത്തും. മത്സരത്തിൽ പങ്കെടുക്കുന്ന കായികതാരങ്ങൾക്ക് സ്പോർട്സ് യൂണിഫോം തയ്യാറാക്കി നൽകുന്ന സ്ഥാപനം ആരംഭിക്കും.

വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് സ്കൂൾ വിദ്യാർത്ഥികൾക്കായി യോഗ പരിശീലനം സംഘടിപ്പിക്കും. ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിൽ സ്കൂളുകളിൽ ഈ പദ്ധതി ആരംഭിക്കും. സബ് ജില്ലാടിസ്ഥാനത്തിൽ സ്ത്രീ-പുരുഷ പരിശീലകരെ നിശ്ചയിക്കും. ഗ്രാമപഞ്ചായത്തുതലം മുതൽ സംസ്ഥാനതലംവരെ എല്ലാ ജില്ലകളിലും ഫുട്ബോൾ ടൂർണമെന്റ് സംഘടിപ്പിക്കും. പദ്ധതിയുടെ പ്രാരംഭമെന്ന നിലയിൽ ആൺകുട്ടികൾക്ക് മാത്രമാണ് ഈ വർഷം ടൂർണമെന്റ് സംഘടിപ്പിക്കുന്നത്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഈ വർഷം നാഷണൽ യംഗ് ഫിലിം ഫെസ്റ്റിവെൽ ഓഫ് കേരള സംഘടിപ്പിക്കും. സ്റ്റേറ്റ്, ഇന്റർനാഷണൽ വിഭാഗങ്ങളിലായി 45-ഓളം സിനിമകൾ പ്രദർശിപ്പിക്കും. യുവാക്കളുടെ പ്രശ്നങ്ങൾ പ്രമേയമാക്കിയ ചലച്ചിത്രങ്ങളാണ് മേളയിൽ പ്രദർശിപ്പിക്കുന്നത്. ട്രാൻസ്ജെൻഡർ വിഭാഗത്തെ സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും അവരുടെ കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധതരം പദ്ധതികൾ നടപ്പിലാക്കും. കേരളത്തിലെ അമച്വർ നാടക സംഘങ്ങളെയും അതിൽ പ്രവർത്തിക്കുന്ന യുവജനങ്ങളെയും മുഖ്യധാരയിൽ കൊണ്ടുവരുന്നതിനും നാടക സംഘങ്ങളുടെ കൂട്ടായ്മ ഒരുക്കുന്നതിനും അമച്വർ നാടകോത്സവം സംഘടിപ്പിക്കും. ചെറുപ്രായത്തിൽത്തന്നെ മിടുക്കരായ കുട്ടികളെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനായി വിവിധ പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. ഫുട്ബോളിൽ മികച്ച കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനായി കിക്കോഫ് എന്ന പേരിൽ 19 കേന്ദ്രങ്ങളിൽ ഇപ്പോൾ പരിശീലനം ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പതിനാല് ജില്ലകളിൽ പെൺകുട്ടികൾക്കായി ഫുട്ബോൾ പരിശീലനം ആരംഭിക്കും. മികച്ച അത്ലറ്റുകളെ വളർത്തിയെടുക്കുന്നതിനുള്ള പദ്ധതി ആദ്യഘട്ടത്തിൽ മൂന്ന് ജില്ലകളിലായി ആറ് കേന്ദ്രങ്ങളിലാണ് ആരംഭിക്കുന്നത്. മികച്ച ബാസ്കറ്റ്ബോൾ താരങ്ങളെ കണ്ടെത്തി പരിശീലനം നൽകുന്ന

പദ്ധതി ആവിഷ്കരിക്കും. ആദ്യഘട്ടമായി ഇത് തിരുവനന്തപുരം, കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ ജില്ലകളിലെ പത്ത് കേന്ദ്രങ്ങളിലാണ് ആരംഭിക്കുന്നത്. ഇത്രയും കാര്യങ്ങളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. കായിക മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞ് അവസാനിപ്പിക്കുന്നതിനെപ്പറ്റിയാണ് എന്റെ ചോദ്യം. 34-ാമത് നാഷണൽ ഗെയിംസിൽ കേരളത്തിലെ കുട്ടികൾക്ക് 54 സ്വർണ്ണ മെഡലുകൾ കിട്ടി. ആകെ 162 മെഡലുകൾ വാങ്ങി ഇന്ത്യയിൽ ഏറ്റവും നല്ല പെർഫോമൻസ് നടത്തിയ സ്റ്റേറ്റായി കേരളം മാറി. ആ കുട്ടികൾക്ക് ജോലി നൽകുന്നതിന് തീരുമാനിച്ചിരുന്നു. 54 സ്വർണ്ണമെഡൽ കിട്ടിയവർക്കെല്ലാം ജോലി നൽകിക്കഴിഞ്ഞു. അതിനുശേഷം ടീം ഇനങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ആളുകൾക്ക് ജോലി നൽകുന്നതിനുള്ള തീരുമാനമെടുത്തു, കാബിനറ്റ് അംഗീകരിച്ചു, ഗവൺമെന്റ് ഓർഡർ ഇറക്കി, ബാക്കിയുള്ള നടപടികളുമായി. ഇന്നിപ്പോൾ അവർക്ക് ആ ജോലി നൽകില്ലെന്ന തീരുമാനം വന്നിരിക്കുകയാണ്. അതുകൊണ്ട് ആ കുട്ടികൾ ഡിജക്ടഡായിരിക്കുകയാണ്. ദയവായി അവർക്കുകൂടി ജോലി നൽകുന്നതിനുള്ള നടപടിയെടുക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, അർഹതപ്പെട്ട ഒരാൾക്കും ആനുകൂല്യം നഷ്ടപ്പെടുകയില്ല. നിങ്ങളുടെ കാലത്ത് ഏതെങ്കിലും അനർഹരെ തള്ളിക്കയറ്റിയിട്ടുണ്ടെങ്കിൽ അതുണ്ടാകില്ല. നാഷണൽ ഗെയിംസിൽ അംഗീകരിക്കപ്പെട്ട വ്യവസ്ഥയ്ക്ക് വിധേയമായ മുഴുവൻ ആളുകൾക്കും കൃത്യമായി ജോലി ലഭ്യമായിരിക്കും. അതിൽ അങ്ങ് ആശങ്കപ്പെടേണ്ട ഒരു കാര്യവുമില്ല.

പൂഞ്ഞാറിൽ ജി. വി. രാജയുടെ പേരിലുള്ള സ്കൂളിലെ സ്റ്റേഡിയത്തിൽ സ്വിമ്മിംഗ് പൂൾ നിർമ്മിക്കുന്ന കാര്യം ബഡ്ജറ്റിൽ തുക അനുവദിക്കുന്നമുറയ്ക്ക് മാത്രമേ പരിഗണിക്കാൻ സാധിക്കു. ശ്രീ. എൽദോ എബ്രഹാം ചോദിച്ചത് മത്സരങ്ങളിൽ പങ്കെടുക്കുന്ന കായിക താരങ്ങൾക്ക് ബസുകളിൽ കൺസെഷൻ നൽകുന്ന കാര്യം പരിശോധിക്കുമോയെന്നാണ്. ഇപ്പോൾ ആ വിഷയം സർക്കാരിന്റെ പരിഗണനയിലില്ല. ബസുകളിൽ യാത്ര ചെയ്യുന്ന കായികതാരങ്ങൾ വളരെ പരിമിതമാണ്, പ്രത്യേകമായി എവിടെയെങ്കിലും യാത്രാ പ്രശ്നമുണ്ടെങ്കിൽ സ്പോർട്സ് കൗൺസിൽ പരിഹരിക്കുന്നുണ്ട്. യാത്രയും ഭക്ഷണവും മറ്റ് സൗകര്യങ്ങളുമെല്ലാം സ്പോർട്സ് കൗൺസിൽതന്നെ ഇപ്പോൾ നിർവ്വഹിക്കുകയാണ്. സ്പോർട്സ് ഹോസ്റ്റലുകളിൽ നല്ല ഭക്ഷണമൊരുക്കാൻ കായിക വകുപ്പ് നടപടി കൈക്കൊള്ളണമെന്ന് ഇവിടെ ആവശ്യപ്പെടുകയുണ്ടായി. സ്പോർട്സ് ഹോസ്റ്റലുകളിൽ കായിക താരങ്ങൾക്ക് പോഷക സമൃദ്ധമായ ഭക്ഷണം

നൽകുന്നതിന് സ്പോർട്സ് കൗൺസിലുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രതിദിനം 200 രൂപയാണ് മെസ്സ് ഇനത്തിൽ ഒരു കായിക താരത്തിന് നൽകുന്നത്. ഇഷ്ടമുള്ള ആഹാരം കഴിക്കുന്നതിനായി അവരുടെ പേരിൽ പണമയച്ചുകൊടുക്കാൻ തീരുമാനിച്ചപ്പോൾ നല്ല ആരോഗ്യമുണ്ടാക്കി യെടുക്കാൻ കഴിയുന്ന ആഹാരങ്ങൾ കഴിക്കുന്നതിനല്ല, സിം കാർഡുകളും ഐസ്ക്രീമും വാങ്ങുന്നതിനുവേണ്ടിയാണ് ആ പണം വിനിയോഗിക്കുന്നതെന്ന പ്രശ്നം ഉയർന്നുവന്നതിനെത്തുടർന്ന് നല്ല പോഷകാഹാരം ഒരുക്കിക്കൊടുക്കാൻ മെസ്സുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാഞ്ഞിരപ്പള്ളി ഫുട്ബോൾ സ്റ്റേഡിയത്തെ സംബന്ധിച്ച് ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചു. കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കാൻ 2,16,00,000 രൂപയുടെ ഭരണാനുമതി സർക്കാർ നൽകിയിരുന്നു. എന്നാൽ പ്രളയാനന്തര പുനർനിർമ്മാണത്തിന്റെ പശ്ചാത്തലത്തിൽ തൽക്കാലം അത് മാറ്റിവയ്ക്കപ്പെടുകയാണുണ്ടായത്. അക്കാര്യം പ്രത്യേകമായി പരിശോധിക്കാം.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, വോളിബോൾ അക്കാദമിയുടെ കാര്യം സൂചിപ്പിച്ചു. ഇടുക്കി ജില്ലയിലുള്ളത് 2005-ൽ ആരംഭിച്ച വോളിബോൾ അക്കാദമിയാണ്. അന്ന് കെ.എസ്.ഇ.ബി.-യുടെ കെട്ടിടത്തിലാണ് താൽക്കാലികമായി ആരംഭിച്ചത്. ഇപ്പോൾ ഇടുക്കി ആർച്ച് ഡാമിന് സമീപം മനോഹരമായ കെട്ടിടവും ഹോസ്റ്റലും ഇൻഡോർ കോർട്ടും പണി പൂർത്തിയാക്കി, മറ്റ് അടിസ്ഥാന സൗകര്യങ്ങളൊക്കെയായി. 22 പേർക്ക് അവിടെ അഡ്മിഷൻ കൊടുക്കാൻ സാധിക്കും. ഇപ്പോൾ ഏഴ് ഒഴിവുകളുണ്ട്. ആ ഒഴിവുകൾ നികത്തുന്നതിനും അതുപോലെ അതിന്റെ നവീകരണത്തിനും ചുറ്റുമതിൽ, റോഡ്, അടിസ്ഥാന സൗകര്യങ്ങൾ ഇതെല്ലാം മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിക്കുകയും ബഹുമാനപ്പെട്ട മന്ത്രി ആ വോളിബോൾ അക്കാദമി സന്ദർശിക്കുകയും താമസംവിനാ അക്കാര്യത്തിൽ ഒരു തീരുമാനമെടുക്കുകയും വേണം.

ശ്രീ. ഇ. പി. ജയരാജൻ: സർ, കേരളത്തിലെ ഏറ്റവും നല്ലൊരു സ്പോർട്സ് അക്കാദമിയാണ് ഇടുക്കി ജില്ലയിലുള്ളത്. അവിടെ ഏതാണ്ട് മൂന്ന് കോടി ഇരുപത് ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. അതിന്റെ ഉദ്ഘാടനവും നടന്നുകഴിഞ്ഞു. അതിനു വേണ്ടിയുള്ള ബിൽഡിംഗ്, മെയിന്റനൻസ്, ചുറ്റുമതിൽ, റോഡ്, അതിന്റെ മറ്റ് സൗകര്യങ്ങളുടെ വിപുലീകരണം എന്നിവയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. വോളിബോളിന്റെ സംസ്ഥാനാടിസ്ഥാനത്തിലുള്ള പരിശീലന കേന്ദ്രമാക്കി അത് ഉയർത്തിക്കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ഏഴ് കുട്ടികളുടെ ഒഴിവുണ്ട് എന്നത് ശരിയാണ്. അത് ചിലപ്പോൾ ചില വിദ്യാലയങ്ങളിൽനിന്നും സ്പോർട്സ് ക്വാട്ടയിൽ വോളിബോളിൽ താല്പര്യമുള്ള കുട്ടികൾ വരികയാണെങ്കിൽ അവർക്ക് അഡ്മിഷൻ നൽകും. ഇല്ലെങ്കിൽ ആ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, 2016-17-ൽ അരീക്കോട് ഫുട്ബോൾ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ടെണ്ടറായെങ്കിലും സാങ്കേതിക കാരണം പറഞ്ഞ് അത് റദ്ദാക്കി റീടെണ്ടർ ചെയ്തു. റീടെണ്ടർ ചെയ്തപ്പോൾ ഒരാൾ കോടതിയിൽ പോയി. അതുകൊണ്ട് അവസാനം ബിഡ് സമർപ്പിച്ചയാൾക്ക് ടെണ്ടർ അംഗീകരിക്കാൻ കഴിഞ്ഞില്ല. ഇപ്പോഴത് റീടെണ്ടർ ചെയ്യാൻ പോകുകയാണെന്നാണ് പറയുന്നത്. ആദ്യഘട്ടത്തിൽ 5.25 കോടി രൂപയുടെ പ്രവൃത്തി ചെയ്തു. രണ്ടാമതായി 2016-ൽ 4.43 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. അതിന്റെ ടെണ്ടർ നടപടികൾ പൂർത്തിയായി. രണ്ട് പ്രാവശ്യം ടെണ്ടർ കഴിഞ്ഞു. ഇന്നലെ ഇതുസംബന്ധിച്ചുള്ള സബ്മിഷന് അങ്ങ് തന്ന മറുപടിയിൽ ഭരണാനുമതിയുടെ കാലാവധി മൂന്ന് വർഷം കഴിഞ്ഞതിനാൽ സംസ്ഥാന സർക്കാരിന്റെ എസ്റ്റിമേറ്റുകൾക്ക് DSR (Delhi Schedule of Rates) PRICE (Project Information and Cost Estimation) സോഫ്റ്റ്വെയർ പ്രാപ്യമാക്കിയതിനാൽ റീടെണ്ടർ ആരംഭിക്കുന്നതിന് പുതുക്കിയ ഭരണാനുമതി നൽകുകയില്ലെന്നാണ് പറഞ്ഞത്. ഇത് നാട്ടിലെ ഒരു പൊതു പ്രശ്നമാണ്. പതിനൊന്ന് കോടി രൂപയുടെ വർക്ക് കഴിഞ്ഞതാണ്. അതുകൊണ്ട് ഇതിന് അനുമതി തരണമെന്നാണ് പറയാനുള്ളത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട എം.എൽ.എ. അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽനിന്നുതന്നെ ഏതാണ്ട് ഒന്നരക്കോടി രൂപയിലധികം ആ ഗ്രൗണ്ട് ഫിൽ ചെയ്യുന്നതിനുവേണ്ടി ഇൻവെസ്റ്റ് ചെയ്തു. മെച്ചപ്പെട്ട നിലയിൽത്തന്നെ ആ ഗ്രൗണ്ട് സൃഷ്ടിച്ചെടുക്കാനുള്ള നല്ല ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നൽകിയിട്ടുള്ള മറുപടി, അരീക്കോട് സ്റ്റേഡിയത്തിൽ കായിക യുവജന കാര്യാലയത്തിന് കീഴിലുള്ള ഗെയിം സെക്രട്ടേറിയറ്റിന്റെ കൺസൾട്ടന്റായിരുന്ന കിറ്റ്കോ മുഖാന്തിരമാണ് സ്റ്റേഡിയത്തിന്റെ ഒന്നാംഘട്ട പ്രവൃത്തി ആരംഭിച്ചത്. 5.12 കോടി രൂപ ചെലവഴിച്ച് 2016-ൽ ഇത് പൂർത്തീകരിച്ചു. പ്രസ്തുത സ്റ്റേഡിയത്തിന് ഗ്രാമപഞ്ചായത്ത് നൽകേണ്ട കെട്ടിട നമ്പർ നൽകാത്തതു കാരണം ഇലക്ട്രിക് കണക്ഷൻ ലഭ്യമായിട്ടില്ല. മാത്രമല്ല, പ്രസ്തുത സ്റ്റേഡിയം അരീക്കോട് ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കുകയോ കായിക പരിശീലനത്തിനോ മത്സരങ്ങൾക്കോ ഉപയോഗിക്കുകയോ ചെയ്തിട്ടില്ല. അതിനുള്ള നടപടികൾ ആരംഭിക്കണം. രണ്ടാംഘട്ട പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത സ്റ്റേഡിയത്തിൽ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മിക്കുന്നതിന് 4.46 കോടി രൂപയുടെ ഭരണാനുമതി നൽകി പ്രവൃത്തി SILK-നെ ഏൽപ്പിച്ചു. എന്നാൽ ഈ ടെണ്ടർ ബിഡിൽ പങ്കെടുത്തിരുന്ന ഒരാൾ കേസ് ഫയൽ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ഫുട്ബോൾ ഫെഡറേഷന്റെ അഭിപ്രായം ചോദിച്ചു. അപ്പോൾ പ്രീക്വാളിഫിക്കേഷൻ വ്യവസ്ഥ നിജപ്പെടുത്തണമെന്ന് ഫുട്ബോൾ ഫെഡറേഷൻ

അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി അതിന് ഉത്തരവിട്ടു. അങ്ങനെ ടെണ്ടർ കാൻസൽ ചെയ്ത് വീണ്ടും ടെണ്ടർ ക്ഷണിക്കണമെന്ന ഒരു പ്രശ്നം വന്നിരിക്കുകയാണ്. രണ്ടാമത്തെ കാര്യം, ടെണ്ടർ ക്ഷണിച്ചപ്പോൾ ഇതിന്റെ ഭരണാനുമതിയുടെ കാലാവധി മൂന്ന് വർഷം കഴിഞ്ഞു. അതുകൊണ്ട് എസ്റ്റിമേറ്റും മറ്റും പരിശോധിച്ച് വീണ്ടും ഭരണാനുമതി നൽകണം. നിർത്തിവയ്ക്കപ്പെട്ട സ്ഥലത്തുനിന്നും അതിന്റെ പ്രവർത്തനം ആരംഭിക്കാൻ കഴിയത്തക്കവിധത്തിലുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കും.

ശ്രീ. പി. ജെ. ജോസഫ്: സർ, തൊടുപുഴയിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് 10 ഏക്കർ സ്ഥലം ഏറ്റെടുത്തിരുന്നു. സ്പോർട്സ് വകുപ്പിൽനിന്നും അനുമതി ലഭിച്ച് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി കല്ലിട്ടപ്പോൾ പ്രളയത്തിന്റെ പേരിൽ ആ പ്രൊപ്പോസൽ പിൻവലിച്ചു. അത് കുറച്ച് മുന്നോട്ട് പോയതാണ്. തൊടുപുഴ പോലൊരു പട്ടണത്തിൽ 10 ഏക്കറിൽ ഒരു സ്റ്റേഡിയമുണ്ടാക്കുക എന്നത് ഒരു സ്വപ്നമായിരുന്നു. അത് പുനരുജ്ജീവിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. പി. ജയരാജൻ: സർ, ഇനിയും ഒരുപാട് സ്റ്റേഡിയങ്ങളും കളിക്കളങ്ങളും നമുക്കാവശ്യമുണ്ട്. സ്വകാര്യ മേഖലയിൽ വ്യക്തികൾ മുൻകയ്യെടുത്ത് പുതിയ കളിക്കളങ്ങൾ നിർമ്മിക്കുകയും മനോഹരമായി കാത്തുസൂക്ഷിക്കുകയും ചെയ്യുന്ന ഒരു സംസ്കാരംതന്നെ കേരളത്തിൽ വളർന്നുവന്നിട്ടുണ്ട്. തീർച്ചയായും ഗവൺമെന്റ് ഇനിയും പരമാവധി സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാവശ്യമായ നടപടി സ്വീകരിക്കും. അതുപോലെ ഫുട്ബോൾ, വോളിബോൾ, ടെന്നീസ്, ബാഡ്മിന്റൺ, ഷട്ടിൽകോർട്ട് തുടങ്ങിയ എല്ലാ കായിക വിനോദങ്ങളെയും പരിശീലിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. അതിനാവശ്യമായ കാര്യങ്ങൾ പരിശോധിച്ച് അതീവ ജാഗ്രതയോടുകൂടി നിർവ്വഹിച്ചുകൊണ്ടിരിക്കുകയാണ്.

ഒരുകാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. നമ്മുടെ രാജ്യം അത്യന്തം ഗുരുതരമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുകയാണ്. ഇവിടെ സംസാരിച്ച ചിലരുടെ പ്രസംഗം കേട്ടപ്പോൾ തികച്ചും ഒരു ഇടതുപക്ഷ വിരുദ്ധ അപസ്മാരം ബാധിച്ച രീതിയിൽ ഇടതുപക്ഷത്തെ എതിർക്കുന്നതായി തോന്നി. ഇന്ന് ലോകത്ത് ഒരുപാട് മാറ്റങ്ങൾ സംഭവിക്കുകയാണ്. കഴിഞ്ഞ 25 വർഷക്കാലമായി സോഷ്യലിസത്തിന് തിരിച്ചടിയുണ്ടായിട്ടുണ്ട്, ഇടതുപക്ഷങ്ങൾക്കുനേരെ ആക്രമണങ്ങളുണ്ടായിട്ടുണ്ട്. വലതുപക്ഷവും തീവ്രവാദികളും ഭീകരവാദികളും ശക്തിപ്പെട്ടുവന്നിട്ടുണ്ട്. ഭീകരാക്രമണമാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇസ്ലാമിക ഫണ്ടമെന്റൽ തീവ്രവാദികളുടെ ആക്രമണത്തിന്റെയൊക്കെ ഭാഗമായി സോഷ്യലിസത്തിന് തിരിച്ചടിയുണ്ടായിട്ടുണ്ട്. സോഷ്യലിസത്തിനുണ്ടായ തിരിച്ചടി ഇന്ന് ലോകം നേരിടുന്ന ഗുരുതരമായ

പ്രശ്നമാണ്. അതിൽ ആഹ്ലാദിക്കാനല്ല പുരോഗമനവാദികളും ഇടതുപക്ഷ ചിന്താഗതിക്കാരും ശ്രമിക്കേണ്ടത്. ലോകത്തിന്റെ പുരോഗതിയിലേയ്ക്കുള്ള വഴികളെയും മനുഷ്യരുടെ നന്മയ്ക്കുവേണ്ടിയുള്ള കാര്യങ്ങളെയും കുറിച്ച് ചിന്തിക്കുന്നതിനുപകരം ഇടതുപക്ഷത്തെ ആക്രമിക്കുന്നത് വിനോദമായി കാണുന്നതും ഇടതുപക്ഷത്തെ ദുർബലപ്പെടുത്തണമെന്ന ധാരണയോടുകൂടി നീങ്ങുന്നതും നമ്മുടെ നാടിന് ഗുണമല്ല. ഇപ്പോൾ ഇവിടെത്തന്നെ ചിലർ ഇടതുപക്ഷത്തെ ആക്രമിക്കുന്നതിൽ ആഹ്ലാദിക്കുകയും അഹങ്കരിക്കുകയും ചെയ്യുകയാണ്. രാജ്യത്തിന്റെ സ്ഥിതിയെക്കുറിച്ച് ചിന്തിച്ച് നിലപാട് സ്വീകരിക്കാൻ എല്ലാവർക്കും സാധിക്കണം. ഞാൻ ഇവിടത്തെ കാര്യങ്ങളെക്കുറിച്ചൊന്നും പറയുന്നില്ല. കഴിഞ്ഞ 16-ാം ലോക്സഭയിൽ കോൺഗ്രസ്സിന് 44 സീറ്റുണ്ടായിരുന്നു. ഇപ്പോൾ അതിലധികം വർദ്ധിച്ചിട്ടുണ്ടോ; കേരളത്തിൽ നിന്ന് ഇടതുപക്ഷത്തെ തോൽപ്പിച്ചു. ഞങ്ങൾ പ്രതീക്ഷിച്ചതല്ല, ഞങ്ങൾക്ക് തിരിച്ചടിയുണ്ടായിട്ടുണ്ട്. കേരളത്തിന്റെ സ്ഥിതിയെക്കുറിച്ച് കോൺഗ്രസ്സ് ആലോചിച്ചിട്ടുണ്ടോ? മുസ്ലീം ലീഗുകാർ ഇല്ലെങ്കിൽ നിങ്ങൾ കേരളത്തിൽ ഏതെങ്കിലുമൊരു അസംബ്ലിയിൽ ജയിക്കുമോ? മുസ്ലീം ലീഗുകാർക്ക് ജനനം മുതൽ രണ്ട് സീറ്റാണ്. ആ രണ്ട് സീറ്റിൽ ഒതുങ്ങി അതിൽ കഴിഞ്ഞുകൂടുന്നവരായതുകൊണ്ട് തൽക്കാലം ഇങ്ങനെ ഒത്തുപോകുന്നു. ഇത് കേരളത്തിന്റെ സ്ഥിതിയിൽ നിങ്ങളും ചിന്തിക്കേണ്ടതാണ്. ഇടതുപക്ഷത്തെയല്ല ആക്രമിക്കേണ്ടത്. ഇടതുപക്ഷമല്ല ഈ നാടിന്റെ പുരോഗതിക്ക് തടസ്സം. വലതുപക്ഷ ശക്തികളാണ്, ആർ.എസ്.എസ്. സംഘപരിവാറാണ്, അതിന്റെ ഭീകര ഭരണമാണ്. അതിനെ എതിർക്കാനുള്ള ധാർമ്മികതയും അതിനനുസരിച്ചുള്ള നയങ്ങളും സ്വീകരിച്ചു പോകുകയെന്നതായിരിക്കട്ടെ നമ്മുടെ നാടിന്റെ ലക്ഷ്യം എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ചർച്ചയിൽ പങ്കെടുത്ത അംഗങ്ങൾക്ക് ഞാൻ ആദ്യമായി നന്ദി രേഖപ്പെടുത്തുകയാണ്.

തലശ്ശേരിയിലെ പീരങ്കിയുടെ സ്ഥലമാറ്റത്തെക്കുറിച്ച് ബഹുമാനപ്പെട്ട എം.എൽ.എ. പറയുകയുണ്ടായി. അതുസംബന്ധിച്ച് വിശദീകരിക്കാം. തലശ്ശേരി തുറമുഖത്തുനിന്ന് 8 പീരങ്കികളാണ് കണ്ടെടുത്തത്. 1968-ലെ പുരാവസ്തു സംരക്ഷണ നിയമപ്രകാരം സംസ്ഥാന പുരാവസ്തു വകുപ്പ് ശാസ്ത്രീയ പരിരക്ഷണത്തിന് വിധേയമാക്കി തലശ്ശേരി ആറളം ഫാമിന്റെ വകയായുള്ള ചെറിയ കെട്ടിടത്തിലാണ് പ്രസ്തുത പീരങ്കികൾ സൂക്ഷിച്ചത്. പിന്നീട് ഒരു ഉന്നതാധികാര യോഗംകൂടി പീരങ്കികളിൽ ആറെണ്ണം തുറമുഖ വകുപ്പിനും രണ്ടെണ്ണം പുരാവസ്തു വകുപ്പിനും കൈമാറാൻ ധാരണയായി. തുറമുഖ വകുപ്പ് ആറെണ്ണം ഏറ്റെടുത്തെങ്കിലും പുരാവസ്തു വകുപ്പിന് തലശ്ശേരിയിൽ പ്രത്യേകമായി സ്ഥലമില്ലാത്തതുകൊണ്ട് ആറളം ഫാമിന്റെ ചെറിയ

കെട്ടിടത്തിൽത്തന്നെയാണ് അവ സൂക്ഷിച്ചത്. കഴിഞ്ഞ വർഷം കണ്ണൂർ ജില്ലാ കളക്ടർ പ്രസ്തുത കെട്ടിടം അടിയന്തരമായി ഒഴിഞ്ഞുകൊടുക്കണമെന്ന് ആവശ്യപ്പെട്ടതിനെത്തുടർന്ന് രണ്ട് പീരങ്കികളും അവിടെനിന്ന് മാറ്റാൻ നിർബന്ധിതമായി. തലശ്ശേരിയിലോ കണ്ണൂർ ജില്ലയിലോ സംസ്ഥാന പുരാവസ്തു വകുപ്പിന് സൗകര്യപ്രദമായ സ്ഥലമില്ലാത്തതുകൊണ്ട് വടകരയ്ക്കടുത്തുള്ള കുഞ്ഞാലിമരയ്ക്കാർ മ്യൂസിയത്തിലാണ് അവ താൽക്കാലികമായി സൂക്ഷിച്ചിരിക്കുന്നത്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. എ. എൻ. ഷംസീറും സുഹൃത്തുക്കളും ചൂണ്ടിക്കാണിച്ചതിനെത്തുടർന്ന് ഉദ്യോഗസ്ഥരെ വിളിച്ചുചേർത്ത യോഗത്തിൽ രണ്ട് പീരങ്കികളും തലശ്ശേരിയിൽ മാറ്റിസ്ഥാപിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. തലശ്ശേരിയിൽ സൗകര്യപ്രദമായ സ്ഥലം ലഭ്യമാകാത്തതുകൊണ്ടാണ് കാലതാമസമുണ്ടായത്. സ്ഥലം ലഭ്യമായാലുടൻ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സ്ഥലലഭ്യത ഉറപ്പാക്കാൻ ബഹുമാനപ്പെട്ട എം.എൽ.എ. ഉൾപ്പെടെയുള്ളവരുടെ സഹായം അഭ്യർത്ഥിക്കുകയാണ്.

ശ്രീ. പുരുഷൻ കടലുണ്ടി പുരാരേഖ, പുരാവസ്തു, മ്യൂസിയം വകുപ്പുകൾ നല്ല രീതിയിൽ ഇടപെടുന്നതിനെക്കുറിച്ച് പറഞ്ഞതോടൊപ്പം പൈതൃക അവബോധത്തിന്റെ ഭാഗമായി വകുപ്പ് സംസ്ഥാനത്തെ വിവിധ ഭാഗങ്ങളിൽ സെമിനാറുകളും പ്രദർശനങ്ങളും നടത്തുന്നുണ്ടോയെന്ന് ചോദിക്കുകയുണ്ടായി. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ചരിത്രരേഖ സർവ്വേ നടത്തിയ കാര്യം ഇവിടെ രേഖപ്പെടുത്തുകയാണ്. ഒ.എൻ.വി. കുറുപ്പിന്റെ വസതിയിൽനിന്നും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കേരള ചരിത്രരേഖ സർവ്വേ പരിപാടികൾ ആരംഭിക്കുകയും സംസ്ഥാനത്തുടനീളം സർവ്വേ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി കണ്ണൂരിൽ മുൻമുഖ്യമന്ത്രി ഇ.കെ. നായനാരുടെ വീട്ടിലെത്തുകയും അവിടെ അമൂല്യമായ പുരാവസ്തുക്കളും രേഖകളും സൂക്ഷിച്ചിട്ടുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായി. അങ്ങനെയുള്ള സർവ്വേ പരിപാടികൾ വിജയകരമായി നടത്താൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായ തുടർനടപടികളും സ്വീകരിക്കുന്നതാണ്.

ബഹുമാനപ്പെട്ട ടൈസൺ മാസ്റ്റർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിദ്യാലയങ്ങളിൽ കൂടുതൽ ഇടപെടലുകൾ നടത്തുന്നതിനായി ഹെറിറ്റേജ് ഗ്രാന്റ് നൽകുന്ന പരിപാടി ആവിഷ്കരിച്ചുകൊണ്ട് ജില്ലകളിലെ മികച്ച വിദ്യാലയങ്ങൾക്ക് പ്രോത്സാഹന സമ്മാനം നൽകുന്ന നടപടി സ്വീകരിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ രംഗത്ത് അടുത്തകാലത്തായി ആർക്കിയോളജി, ആർക്കൈവ്സ് വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. മലയാള സർവ്വകലാശാലയിൽ സംസ്കാര പൈതൃക പഠനത്തിന് പ്രത്യേക കോഴ്സ് നടത്തിവരുന്നുണ്ട്. തൃപ്പൂണിത്തുറയിൽ സാംസ്കാരിക

വകുപ്പിന്റെ കീഴിലുള്ള സെന്റർ ഫോർ ഹെറിറ്റേജ് സ്റ്റഡീസ് എന്ന സ്ഥാപനത്തിൽ ഈ വിഷയത്തിൽ ഡിപ്ലോമ കോഴ്സുണ്ട്. ഈ സ്ഥാപനങ്ങളുടെയെല്ലാം ഭരണ സമിതികളിൽ പുരാരേഖ-പുരാവസ്തു വകുപ്പിന്റെ പങ്കാളിത്തമുണ്ടായിട്ടുണ്ട്. വിദ്യാലയങ്ങളിൽ ഹെറിറ്റേജ് ക്ലബ്ബുകൾ, പ്രദർശനങ്ങൾ, സെമിനാറുകൾ എന്നിവ മാത്രമല്ല, വർഷംതോറും നടത്തിവരുന്ന ചരിത്ര ക്വിസ് വൻതോതിൽ വിദ്യാർത്ഥികളെ ആകർഷിച്ചു വരുന്നു. ഏറ്റവും വലിയ പ്രൈസ് മണിയാണ് നൽകിവരുന്നത്. 25,000, 15,000, 10,000 രൂപ വീതം ഒന്നാം സമ്മാനം, രണ്ടാം സമ്മാനം, മൂന്നാം സമ്മാനം എന്നിങ്ങനെ നൽകുന്ന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഹെറിറ്റേജ് ടൂർ പ്രോഗ്രാമും നടത്തിവരുന്നു. ഈ പഠനയാത്ര നമ്മുടെ ചരിത്ര പൈതൃകങ്ങളെ സംരക്ഷിക്കുന്നതിന് പുതുതലമുറയെ ബോധവൽക്കരിക്കാൻ സഹായകരമായിട്ടുണ്ട്. സമയക്കുറവുകൊണ്ട് ഞാൻ ദീർഘമായി സംസാരിക്കുന്നില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, കണ്ണൂർ ജില്ലയിലെ കുടിയാന്മല ബിഷപ്പ് വള്ളോപ്പള്ളി സ്മാരക മ്യൂസിയം എത്രയുംവേഗം ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കാമോ?

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, വളരെ ഹ്രസ്വമായി പറയുന്നു, സംസ്ഥാനത്തിന്റെ സാംസ്കാരിക-ചരിത്ര-പൈതൃകത്തിന്റെ സൂക്ഷിപ്പുകാർ എന്ന നിലയിൽ സംസ്ഥാന പുരാവസ്തു-പുരാരേഖ-മ്യൂസിയം വകുപ്പുകളുടെ നിലവിലുള്ള പഠനാത്മകത തുടരുന്നതിനോടൊപ്പം ഇവയെ കൂടുതൽ ജനകീയമാക്കാനുള്ള വിവിധ കർമ്മ പദ്ധതികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അതിന്റെ ഭാഗമായി പുരാവസ്തു-പുരാരേഖ വകുപ്പുകളെ കാലികവും ശാസ്ത്രീയവുമായി പുനഃസംഘടിപ്പിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ട്. ഒരു വിദഗ്ദ്ധ ഏജൻസിയെ നിയമിച്ച് ഈ വകുപ്പുകളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതാണ്. ആ വിദഗ്ദ്ധരെയും ഈ രംഗത്ത് താല്പര്യമുള്ള വ്യക്തികളെയും ബന്ധപ്പെടുത്തി പഠന വിഷയം നിശ്ചയിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. 180-ൽപ്പരം ചരിത്ര സ്മാരകങ്ങൾ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്ഥാപനങ്ങളാണ്. എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ ചരിത്ര പൈതൃകം വിളംബരം ചെയ്യുന്ന ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കാൻ സർക്കാർ ലക്ഷ്യമിടുന്നു. തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, കോഴിക്കോട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിൽ പൈതൃക മ്യൂസിയങ്ങൾ ഈ വർഷത്തോടെ പൂർത്തിയാകും. മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതാണ്. മ്യൂസിയങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്താനുള്ള ശ്രമങ്ങൾ നടക്കുകയാണ്.

മ്യൂസിയം വകുപ്പിന്റെ കീഴിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയം, പുരാരേഖാ വകുപ്പിന്റെ കീഴിൽ താളിയോല മ്യൂസിയം, പുരാവസ്തു വകുപ്പിന്റെ കീഴിൽ തക്കല പത്മനാഭപുരം കൊട്ടാരം എന്നിവ ആദ്യപടിയായി ഇത്തരത്തിൽ വികസിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. പത്മനാഭപുരം കൊട്ടാരം യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള പ്രാഥമിക പരിഗണനയിൽ വന്നിട്ടുണ്ട്. നിലവിൽ പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ മ്യൂസിയങ്ങളും സംരക്ഷിത സ്മാരകങ്ങളും നവീകരിക്കുന്ന പ്രവർത്തനങ്ങളും ആരംഭിക്കുകയാണ്. സ്കൂൾ ഓഫ് എപ്പിഗ്രാഫി അന്തർദ്ദേശീയ നിലവാരത്തിൽ ഉയർത്തി ലിപി പഠനത്തിനുള്ള പരിശീലന കേന്ദ്രമാക്കി മാറ്റുന്നതിന് പദ്ധതിയുണ്ട്. കൂടാതെ അപൂർവ്വവും പഴക്കമുള്ളതും ചരിത്ര പ്രാധാന്യമുള്ളതുമായ ചരിത്ര രേഖകൾ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിനും ഡിജിറ്റലൈസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കുന്നുണ്ട്. മഹാന്മാരുടെ കയ്യൊപ്പുകൾ സൂക്ഷിക്കുന്ന ഒരു കയ്യൊപ്പ് രേഖാലയം തിരുവനന്തപുരത്ത് സ്ഥാപിച്ചു കഴിഞ്ഞു. മഹാകവി കുമാരനാശാന്റെ പത്ത് കയ്യെഴുത്തുപ്രതികളും പി. കേശവദേവിന്റെ രേഖകളും ഉൾപ്പെടുന്ന അരലക്ഷം പേപ്പർ രേഖകൾക്ക് ശാസ്ത്രീയ സംരക്ഷണം ഇതിനകം നടത്തിയിട്ടുണ്ട്. ഏതാണ്ട് ഒരു കോടിയിൽപ്പരം താളിയോലകൾ ഇപ്രകാരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. നടപ്പുവർഷം ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

എല്ലാ ജില്ലകളിലും ഹെറിറ്റേജ് സെന്ററുകൾ സ്ഥാപിക്കുന്നതാണ്. 180-ൽപ്പരം സ്മാരകങ്ങളുടെ ശാസ്ത്രീയ സംരക്ഷണത്തിന്റെ ഭാഗമായി സംരക്ഷിക്കേണ്ട നിരവധി സ്ഥാപനങ്ങൾ ഓരോ പ്രദേശത്തുമുണ്ട്. ബ്രിട്ടീഷ് ഭരണകാലത്തുണ്ടായിരുന്ന കണ്ണൂർ ജില്ലയിലെ കണ്ടോന്താർ ജയിൽ, പത്തനംതിട്ടയിൽ കവയിത്രി ശ്രീമതി സുഗതകുമാരിയുടെ ജന്മഗൃഹമായ വാഴ്‌വേലിൽ തറവാട് എന്നിവ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. മറ്റ് സ്ഥാപനങ്ങളുടെ പേരുകൾ സമയക്കുറവുകൊണ്ട് ഞാൻ പറയുന്നില്ല.

പുരാവസ്തു വകുപ്പിന്റെ കീഴിൽ നാണയശേഖരങ്ങളെക്കുറിച്ച് സമഗ്രമായ പഠനം നടന്നിട്ടില്ല. അതുകൊണ്ട് ന്യൂമിസ് മാറ്റിക്സ് വിഭാഗം ശക്തിപ്പെടുത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ഉൽഘനന സാധ്യതകൾ പരിശോധിച്ച് വസ്തുതാ പഠന പരിപാടികൾ മുന്നോട്ട് കൊണ്ടുപോകുന്നതാണ്. ഉൽഖനനം സംബന്ധിച്ച് കേന്ദ്ര ആർക്കിയോളജി സർവ്വേ ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന കാര്യം രാവിലെ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീമതി വീണാ ജോർജ്ജ് ഇവിടെ ഉന്നയിക്കുകയുണ്ടായി. മ്യൂസിയം വകുപ്പിന്റെ കീഴിൽ വയനാട് കുങ്കിച്ചിറ മ്യൂസിയം ഈ വർഷം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. തിരുവനന്തപുരം നാച്വറൽ ഹിസ്റ്ററി മ്യൂസിയത്തിൽ ഡിസ്പ്ലേ സംവിധാനം പൂർത്തിയാക്കും.

നേപ്പിയർ മ്യൂസിയത്തിന്റെ ആധുനികവൽക്കരണത്തിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു. ലോകപ്രശസ്ത ചിത്രകാരൻ രാജാ രവിവർമ്മയെക്കുറിച്ച് ഒരു ഡോക്യുമെന്ററി തയ്യാറാക്കിക്കഴിഞ്ഞു. പുരാവസ്തു സ്മാരകങ്ങളെക്കുറിച്ചും മ്യൂസിയങ്ങളെക്കുറിച്ചുമുള്ള ലഘു ഡോക്യുമെന്ററികൾ തയ്യാറാക്കിയിട്ടുണ്ട്. മ്യൂസിയം വകുപ്പിൽ ആർട്ട് ഗ്യാലറി നിർമ്മിക്കുന്നതിനുള്ള കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അനുമതി ലഭ്യമാക്കി യിട്ടുണ്ട്. ശ്രീചിത്രാ ആർട്ട് ഗാലറിയുടെ നവീകരണം ഈ വർഷം പൂർത്തിയാകും. ബഹുമാനപ്പെട്ട ഗവർണർ നയപ്രഖ്യാപനത്തിൽ പറഞ്ഞിട്ടുള്ള നവോത്ഥാനമ്യൂസിയം സ്ഥാപിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിക്കുകയും സൗകര്യ പ്രദമായ സ്ഥലം കണ്ടെത്താൻ ശ്രമം നടത്തിവരികയുമാണ്. കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ വിട്ടുകിട്ടിയ സ്ഥലത്ത് തെയ്യം മ്യൂസിയം ആരംഭിക്കുന്നതാണ്. കണ്ണൂരിൽ കൈത്തറി മ്യൂസിയം, ഗാന്ധിജിയുടെ സന്ദർശനം കൊണ്ട് പുണ്യഭൂമിയായ പയ്യന്നൂരിൽ ഗാന്ധി സ്മൃതി മ്യൂസിയം; വയനാട്ടിൽ കുങ്കിച്ചിറയുടെ കാര്യം ഞാൻ പറഞ്ഞു, ശ്രീ. കെ. സി. ജോസഫ് ചൂണ്ടിക്കാണിച്ച കുടിയാന്മല ബിഷപ്പ് വള്ളോപ്പള്ളി സ്മാരക മ്യൂസിയത്തിന്റെ നിർമ്മാണം പുരോഗമി ക്കുകയാണ്. കഴിഞ്ഞ ദിവസം അതുസംബന്ധിച്ച് യോഗം ചേരുകയും പ്രവർത്തനം ആരംഭിക്കുന്ന കാര്യം ഇവിടെ വിശദമാക്കുകയും ചെയ്തിട്ടുണ്ട്. എ.കെ.ജി.-യുടെ നാമധേയത്തിൽ പ്രഖ്യാപിതമായ മ്യൂസിയത്തിന്റെ പ്രവർത്തനങ്ങളും ദ്രുതഗതിയിൽ മുന്നോട്ടുപോകുകയാണ്. വൈക്കം സത്യാഗ്രഹ മ്യൂസിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി മുന്നോട്ടുപോകുന്നുണ്ട്. പുരാരേഖാ വകുപ്പുമായി ബന്ധപ്പെട്ട മറ്റ് സ്ഥാപനങ്ങളുടെ കണക്കുകൾ സമയക്കുറവുകൊണ്ട് ഞാൻ പറയുന്നില്ല.

കേരളത്തിലെ ഏക മുസ്ലീം രാജവംശമായ അറയ്ക്കൽ രാജവംശത്തിന്റെ കൊട്ടാരക്കെട്ടുകൾ സംരക്ഷണ സ്മാരകവും മ്യൂസിയവുമാക്കി മാറ്റിയെടുക്കുന്നതിനുള്ള ചർച്ചകളും മറ്റും നടന്നുവരികയാണ്. വിവിധ ജില്ലകളിലുള്ള മഹാശിലായുഗ സ്മാരകങ്ങൾ, മുനിയറകൾ, ഗുഹകൾ, ഗുഹാ ക്ഷേത്രങ്ങൾ, മറ്റ് പുരാതന ക്ഷേത്രങ്ങൾ, കോട്ടകൾ, കൊത്തളങ്ങൾ, ബുദ്ധ വിഹാരങ്ങൾ, ക്ഷേത്രങ്ങൾ, മുസ്ലീം-ക്രിസ്ത്യൻ പള്ളികൾ, ജൂത സിനഗോഗ് തുടങ്ങി അനേകം ചരിത്ര സ്മാരകങ്ങൾ അപൂർവ്വമായ മൂല്യങ്ങളുള്ള സംരക്ഷിത സ്മാരകങ്ങളായി സംരക്ഷിച്ചുവരുന്നു.

പുരാരേഖാ-പുരാവസ്തു-മ്യൂസിയം വകുപ്പുകൾ ചേർന്ന് സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചുവരുന്ന പ്രദർശനങ്ങൾക്കും സെമിനാറുകൾക്കും വലിയ സ്വീകാര്യ തയാണ് ലഭിച്ചുവരുന്നത്. വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് നടത്തുന്ന ചരിത്ര ക്വിസ്, ഹെറിറ്റേജ് ക്ലബ്ബ് എന്നിവയും ആശാവഹമായ നിലയിലാണ് മുന്നോട്ടു പോകുന്നത്. സാംസ്കാരികകാര്യ വകുപ്പുമായി ചേർന്ന് വിവിധ സംസ്ഥാനങ്ങളിൽ നടത്തുന്ന പൈതൃകോത്സവങ്ങളിൽ പുരാവസ്തു-പുരാരേഖ-മ്യൂസിയം വകുപ്പുകൾ

സജീവമായി പങ്കെടുത്തിട്ടുണ്ട്. മുൻ വർഷങ്ങളിൽ ഹൈദരാബാദ്, ഡൽഹി എന്നിവിടങ്ങളിൽ നടത്തിയ പൈതൃകോത്സവങ്ങളിൽ ഈ മൂന്ന് വകുപ്പുകളും സജീവ സാന്നിദ്ധ്യമായിരുന്നുവെന്ന കാര്യംകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. മഹാത്മാഗാന്ധിയുടെ രക്തസാക്ഷിത്വത്തിന്റെ 70-ാം വാർഷികം 'രക്തസാക്ഷിത്വം' എന്ന നാമധേയത്തിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന പരിപാടി സർക്കാർ സംഘടിപ്പിച്ചപ്പോൾ അതിന്റെ ഭാഗമായും ഗാന്ധിജിയുടെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായും വിവിധ പരിപാടികൾ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി പുരാവസ്തു-പുരാരേഖ-മ്യൂസിയം വകുപ്പുകൾ മഹാത്മജിയുമായി ബന്ധപ്പെട്ട ചരിത്ര രേഖകളുടെ വിപുലമായ പ്രദർശന പരിപാടികളും ഗാന്ധിജിയുടെ പാദസ്പർശമേറ്റ പുണ്യസങ്കേതങ്ങളിൽ വിവിധ പരിപാടികളും സംഘടിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗംകൂടിയാണ് പയ്യന്നൂരിലുള്ള ഗാന്ധി സ്മൃതി മ്യൂസിയം. ലോകത്തിലെ അപൂർവ്വവും അത്ഭുതകരവുമായ താളിയോല ഗ്രന്ഥങ്ങളുടെ ശേഖരം സംസ്ഥാന ആർക്കീവ്സിൽ ഉണ്ട്. അമൂല്യമായ ആ ശേഖരം പഠനാവശ്യങ്ങൾക്ക് ഉപയോഗിക്കാനും അതിനാവശ്യമായ നടപടികളുമായി മുന്നോട്ടുപോകാനും തീരുമാനിച്ചിട്ടുണ്ട്. തൃശ്ശൂർ ശക്തൻ തമ്പുരാൻ മ്യൂസിയത്തിൽ ഈ വർഷം കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ട്. 5 കോടി രൂപയോളം വേണ്ടിവരുന്ന നിർദ്ദിഷ്ട വികസന പദ്ധതികൾക്ക് ഏകദേശം 4 കോടിയോളം രൂപ കേന്ദ്ര സഹായമായി ലഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ആലപ്പുഴ മുസരീസ് പദ്ധതി വിപുലമായ സന്നാഹങ്ങളോടെ നടപ്പിലാക്കിവരികയാണ്. അതുമായി സഹകരിച്ച് പുരാവസ്തു-പുരാരേഖ വകുപ്പ് വിവിധ പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. ആലപ്പുഴയിൽ തുറമുഖ ആർക്കീവ്സ്, പുരാവസ്തു മ്യൂസിയം, പുറക്കാട് ഉദ്ഖനനം തുടങ്ങിയ പ്രവൃത്തികൾ ഇതിന്റെ ഭാഗമായി ഏറ്റെടുക്കാൻ നിശ്ചയിച്ചിട്ടുണ്ട്. ഈ രീതിയിൽ പുരാവസ്തു-പുരാരേഖ-മ്യൂസിയം വകുപ്പുകളുടെ പ്രവർത്തനം കൂടുതൽ ജനകീയവും ദേശീയ-അന്തർദ്ദേശീയ ശ്രദ്ധ ആകർഷിക്കുന്ന തരത്തിലുള്ളതുമാക്കാൻ വിവിധ പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കിവരികയാണ്. വിവിധ നിർദ്ദേശങ്ങൾ ബഹുമാന്യരായ എം.എൽ.എ.-മാരിൽ നിന്നുമുണ്ടാകുന്നുണ്ട്. അത്തരം നിർദ്ദേശങ്ങളും സഹായങ്ങളും കൂടുതലായി ഉണ്ടാകണമെന്ന് വിനീതമായി അഭ്യർത്ഥിച്ചുകൊണ്ട് ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ഇന്ത്യയിൽ നാല്പതിനായിരത്തോളം കോളേജുകളാണ് യു.ജി.സി., എ.ഐ.സി.റ്റി. അംഗീകാരത്തോടെ പ്രവർത്തിക്കുന്നത്. ഇതിൽ 15% അഥവാ 2666 കോളേജുകൾക്കാണ് NAAC-ന്റെയോ NBA-യുടേയോ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്. കേരളത്തിൽ 66 ഗവൺമെന്റ് കോളേജുകളിൽ 34 കോളേജുകളും അക്രഡിറ്റഡ് ആണ്. 191 എയ്ഡഡ് കോളേജുകളിൽ 128 എണ്ണത്തിനും അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. എൻ.ഐ.ആർ.എഫ്. റാങ്കിംഗിൽ ആദ്യത്തെ 100 കോളേജുകളുടെ പട്ടികയിൽ സംസ്ഥാനത്തുനിന്ന്

18 കോളേജുകളാണ് ഇടം നേടിയിട്ടുള്ളത്. 23-ാം റാങ്കോടെ കേരളത്തിൽ ഒന്നാംസ്ഥാനത്ത് നിൽക്കുന്നത് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കപ്പെടാറുള്ള തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജാണ്. വിവിധ സർവ്വകലാശാലകൾക്ക് കീഴിലായി ഏതാണ്ട് അറുനൂറോളം സെൽഫ് ഫിനാൻസിംഗ് കോളേജുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നിലവിൽ ഒരു സംവിധാനവും കേരളത്തിലില്ല. ഇത് പരിഹരിക്കുന്നതിനുവേണ്ടിയാണ് സർക്കാർ ഉന്നത വിദ്യാഭ്യാസ കൗൺസിലിനു കീഴിൽ SAAC (State Assessment & Accreditation Centre) എന്ന സംവിധാനം പ്രഥമമായി ഒരുക്കുന്നത്. ആഗസ്റ്റ് 1 മുതൽ 'സാക്'-ന്റെ അംഗീകാരം നേടുന്നതിനായുള്ള അപേക്ഷകൾ സ്വീകരിച്ചു തുടങ്ങും. സർക്കാർ പുതിയ കോഴ്സുകൾ അനുവദിക്കുമ്പോൾ അക്രഡിറ്റഡ് സ്ഥാപനങ്ങൾക്ക് മുന്തിയ പരിഗണന നൽകാനാണ് ഉദ്ദേശിക്കുന്നത്. 2018-19 അദ്ധ്യയന വർഷത്തിൽ 3 ഗവൺമെന്റ് കോളേജുകളും 5 എയ്ഡഡ് കോളേജുകളും പുതുതായി ആരംഭിച്ചു. ഈ കാലയളവിൽ നിലവിലുള്ള ഗവൺമെന്റ് കോളേജുകളിൽ 47 പുതിയ കോഴ്സുകളാണ് തുടങ്ങിയത്. 209 ടീച്ചിംഗ് പോസ്റ്റുകളും 25 നോൺ ടീച്ചിംഗ് പോസ്റ്റുകളും കഴിഞ്ഞ അദ്ധ്യയന വർഷം പുതിയതായി സൃഷ്ടിച്ചു. 2018-19-ൽ 457 ടീച്ചിംഗ് ഫാക്കൽറ്റികളെയും 239 നോൺ ടീച്ചിംഗ് സ്റ്റാഫുകളെയും പി.എസ്.സി. മുഖേന നിയമിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗവൺമെന്റ് കോളേജ് അദ്ധ്യാപകർക്ക് 2010 മുതൽ മുടങ്ങിക്കിടന്നിരുന്ന യു.ജി.സി. പ്ലേസ്മെന്റ് നൽകാനായത് ഉന്നതവിദ്യാഭ്യാസ രംഗത്തുണ്ടാക്കിയ ആഹ്ലാദം ചെറുതല്ല. 63 കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബിയിൽ നിന്നും 658 കോടി രൂപ അനുവദിക്കുകയുണ്ടായി. ഇതിൽ 15 കോളേജുകളുടെ പ്രവൃത്തി തുടങ്ങാനായിട്ടുണ്ട്. Walk With a Scholar (WWS) പദ്ധതിവഴി 14230 വിദ്യാർത്ഥികൾക്ക് പ്രയോജനം ലഭ്യമാക്കി. ഇതിനായി 5.68 കോടി രൂപയാണ് ചെലവിട്ടത്. പദ്ധതി പ്രകാരം 237 പ്രൊഫസർമാർക്കാണ് ഐ.ഐ.ടി., ഇഫ്ലൂ തുടങ്ങിയ ലോകോത്തര സ്ഥാപനങ്ങളിൽ പരിശീലനം നൽകാനായത്. നിരവധി ഗവേഷണ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് നൽകാനായത് ഒരു പുതിയ തുടക്കമാണ്. 2019-2020 അദ്ധ്യയന വർഷം എല്ലാ ഗവൺമെന്റ് കോളേജുകളിലും 'ജീവനി' എന്ന പേരിൽ കൗൺസിലിംഗ് സെന്ററുകൾ തുടങ്ങുകയാണ്. പത്ത് ഗവൺമെന്റ് കോളേജുകളെ എക്സലന്റ് സെന്ററുകളായി ഇതിനകം തെരഞ്ഞെടുത്തുകഴിഞ്ഞു. ഉന്നത വിദ്യാഭ്യാസരംഗം ഇലക്ട്രോണിക് ട്രാൻസാക്ഷ നിലേയ്ക്ക് പൂർണ്ണമായും മാറുകയാണ്. സർട്ടിഫിക്കറ്റുകളെല്ലാം ഓൺലൈനായി നൽകുന്നതിനുള്ള ഒരുക്കങ്ങൾ സമ്പൂർണ്ണതയിലേയ്ക്ക് നീങ്ങുകയാണ്. ആഗസ്റ്റ് 1-നുമുമ്പ് ഈ പ്രക്രിയ പൂർണ്ണമാകും.

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹായത്തോടെ ഈ വർഷം മാനന്തവാടിയിൽ മോഡൽ ഡിഗ്രി കോളേജ് ആരംഭിക്കുകയാണ്. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജുകളിൽ 92 അദ്ധ്യാപക തസ്തികകളും ഗവൺമെന്റ് പോളിടെക്നിക്കുകളിൽ 207 ലക്ചറർ പോസ്റ്റുകളും 9 ഹെഡ് ഓഫ് ഡിപ്പാർട്ടുമെന്റ് പോസ്റ്റുകളും 2 പ്രിൻസിപ്പാൾ പോസ്റ്റുകളും 67 ഗസ്റ്റ് ഫാക്കൽറ്റി തസ്തികകളും പുതിയതായി അനുവദിച്ചു. 152 എഞ്ചിനീയറിംഗ് കോളേജുകളിൽ 12 ഗവൺമെന്റ്-

എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെ 34 റിസർച്ച് സെന്ററുകളാണ് സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്നത്. 470 റിസർച്ച് ഡിപ്പാർട്ടുമെന്റുകളാണ് ഗവൺമെന്റ്-എയ്ഡഡ് കോളേജുകളിലുള്ളത്. 27 എൻ.ബി.എ. അക്രെഡിറ്റഡ് പ്രോഗ്രാമുകളുള്ള എഞ്ചിനീയറിംഗ് കോളേജുകളാണ് ഇവിടെ പ്രവർത്തിക്കുന്നത്. 50% വിദ്യാർത്ഥികളെ ലഭിക്കുമെങ്കിൽ ഈവ്നിംഗ് ഡിപ്ലോമ കോഴ്സുകൾ തുടങ്ങണമെന്ന് ബന്ധപ്പെട്ട പോളിടെക്നിക്കുകൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരളത്തിലാദ്യമായി പ്ലസ് ടു സയൻസ് ഗ്രൂപ്പെടുത്ത് പാസ്സായ കുട്ടികൾക്ക് പോളിടെക്നിക്കുകളിൽ ലാറ്ററൽ എൻട്രി ഈ അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. പോളിടെക്നിക് കോളേജുകളിൽ ഫസ്റ്റ് ഇയർ ക്ലാസ്സുകൾ ഈ വർഷം ജൂലൈ 22-നും അടുത്ത വർഷം ജൂലൈ 1-നും ആരംഭിക്കാനാണ് ലക്ഷ്യമിടുന്നത്. ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്., സി.സി.ഇ.കെ. എന്നീ സ്ഥാപനങ്ങൾ നടത്തുന്ന സമാന സ്വഭാവമുള്ള ഇൻസ്റ്റിറ്റ്യൂട്ടുകൾ ഏകീകരിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതു സംബന്ധിച്ച് പഠിക്കാനായി ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. 'സി-ആപ്റ്റ്' അതിന്റെ പ്രതിസന്ധികൾ മറികടന്ന് മുന്നോട്ടുപോകുകയാണ്. കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സിൽ ഈ വർഷം മുതൽ പ്രവേശനത്തിനുള്ള അടിസ്ഥാന യോഗ്യത ഡിഗ്രിയാക്കി, 3 വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ നൽകുന്ന സ്ഥാപനമായി മാറുകയാണ്. പൂനെ ഫിലിം ഇൻസ്റ്റിറ്റ്യൂട്ടിന് തുല്യമായി ഈ സ്ഥാപനത്തെ ഉയർത്താനാണ് ലക്ഷ്യമിടുന്നത്. 2018-2019 വർഷത്തെ അഡ്മിഷൻ ആരംഭിച്ച് സെപ്റ്റംബർ 2-ന് ക്ലാസുകൾ തുടങ്ങാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. എഞ്ചിനീയറിംഗ് ഡിഗ്രി/ ഡിപ്ലോമ ഹോൾഡേഴ്സിനുവേണ്ടി 'അസാപ്'-ന്റെ നേതൃത്വത്തിൽ ഇന്റേൺഷിപ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളെ തദ്ദേശസ്ഥാപനങ്ങളുടെ കൺസൾട്ടിംഗ് ഏജൻസിയാക്കാനും നിർമ്മാണപ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ സാഹചര്യമുണ്ടാക്കാനുമുള്ള ചർച്ചകൾ അന്തിമ ഘട്ടത്തിലാണ്. 1200 തദ്ദേശസ്ഥാപനങ്ങളിലായി ഒരു വർഷം വിവിധ ബ്രാഞ്ചുകളിൽ എഞ്ചിനീയറിംഗ് പൂർത്തിയാക്കുന്ന ഏകദേശം അയ്യായിരത്തോളം വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ് നൽകുന്നതിനുള്ള പദ്ധതി ഗവൺമെന്റ് ലക്ഷ്യ മിടുന്നുണ്ട്. അതിന്റെ ആലോചന പൂർണ്ണതയിലെത്തിക്കൊണ്ടിരിക്കുകയാണ്. ഇക്കാര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി നല്ല പിന്തുണയാണ് നൽകി വരുന്നത്.

ഇവിടെ ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ബഹുമാനപ്പെട്ട ഒരംഗം പറഞ്ഞത് മലയാള സർവ്വകലാശാലയുടെ സ്ഥലമേറ്റെടുപ്പുമായി ബന്ധപ്പെട്ട പ്രശ്നമാണ്. മലയാള സർവ്വകലാശാലയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ഈ സർക്കാർ പുതിയതായി ഒന്നും ചെയ്തിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഏത് ഭൂമിയാണോ ഏറ്റെടുക്കാൻ തീരുമാനിച്ചത്, ഏത് ഭൂമിയാണോ തരംമാറ്റാൻ തീരുമാനിച്ചത്, ഏതു ഭൂമിക്കാണോ ഒരു സെന്റിന് 1,70,000 രൂപ നിശ്ചയിച്ചത്, ആ ഭൂമി ഏറ്റെടുക്കുന്ന പ്രക്രിയ മാത്രമാണ് ഈ ഗവൺമെന്റ് ചെയ്തിട്ടുള്ളത്. 22-4-2015-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നത് ബഹുമാനപ്പെട്ട പി. കെ. അബ്ദു റബ്ബ് സാഹിബും തിരൂരിന്റെ എം.എൽ.എ. ആയിരുന്നത് ബഹുമാനപ്പെട്ട സി. മമ്മൂട്ടിയുമാണ്. അന്നാണ് ഇതുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പിന്റെ ആദ്യത്തെ ഉത്തരവ് പുറത്തിറങ്ങുന്നത്.

District collector,

Malappuram.

As per letter read as second paper above, requested to accord sanction for negotiated purchase of land for establishment of Malayalam University in Vettom Village in Malappuram District. The State Level Monitoring Committee meeting has approved the proposal. Government have examined the matter and are pleased to accord sanction to District Collector, Malappuram to resort to negotiated purchase of land as detailed below.

22-4-2015-നാണ് മലയാള സർവ്വകലാശാലയ്ക്ക് ഏറ്റെടുക്കേണ്ട ഭൂമിയുമായി ബന്ധപ്പെട്ട ആദ്യത്തെ ഉത്തരവ് അന്നത്തെ യു.ഡി.എഫ്. സർക്കാർ ഇറക്കിയത്. ഭൂമി തരംമാറ്റുന്നതിനുവേണ്ടിയുള്ള കൃഷി വകുപ്പിന്റെ ഉത്തരവ് പുറത്തുവരുന്നത് 2-12-2015-ലാണ്. തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവ്വകലാശാലാ ആസ്ഥാനം നിർമ്മിക്കുന്നതിനായി ഭൂമി പരിവർത്തന പ്പെടുത്തുന്നതിന് വൈസ് ചാൻസലർ സമർപ്പിച്ച അപേക്ഷ 23-5-2015 തീയതിയിൽ സംസ്ഥാനതല സമിതി പരിശോധിക്കുകയും അനുമതി നൽകുകയും ചെയ്തുവെന്ന് സൂചിപ്പിക്കുന്ന രേഖയാണ് രണ്ടാമത്തേത്. ഒരു സെന്റിന് 1,70,000 രൂപ ആരാണ് നിശ്ചയിച്ചതെന്ന് ചോദിച്ചയാൾക്ക് രേഖയൊന്ന് പരിശോധിക്കുകയെങ്കിലും ചെയ്യാമായിരുന്നു. സർക്കാർ പോകുന്നതിനു തൊട്ടുമുമ്പേ, 22-2016-നാണ് വിലനിർണ്ണയ സാക്ഷ്യപത്രം നൽകുന്നത്. 'മലപ്പുറം ജില്ല, തിരൂർ താലൂക്ക് വെട്ടം വില്ലേജിലെ താഴെപ്പറയുന്ന സർവ്വേ നമ്പറിൽ ഉൾപ്പെട്ട വസ്തു മലയാള സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുക്കുന്നതിന് ജില്ലാതല വിലനിർണ്ണയ സമിതി യോഗം ചേർന്ന് ഭൂവുടമകളുമായി ചർച്ച നടത്തിയതിൽ സെന്റ് ഒന്നിന് 1,70,000 രൂപ വില നിശ്ചയിച്ചിരിക്കുന്നു'. എല്ലാം നിങ്ങളാണ് ചെയ്തത്, നിങ്ങൾ കണ്ടെത്തിയ, നിങ്ങൾ തരംമാറ്റിയ ഭൂമി, നിങ്ങൾ ഒരുലക്ഷത്തി എഴുപതിനായിരം രൂപ നിശ്ചയിച്ച ഭൂമി ഞങ്ങൾ വാങ്ങുക മാത്രമാണ് ചെയ്തത്. ഇതിനെതിരായി ആതവനാട് പ്രദേശത്തെ ചില സ്ഥലമുടമകൾ ഞങ്ങളുടെ സ്ഥലം സർവ്വകലാശാലയ്ക്കുവേണ്ടി ഏറ്റെടുക്കണമെന്ന് പറഞ്ഞുകൊണ്ട് ഒരു റിട്ട് പെറ്റീഷൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ഡിവിഷൻ ബഞ്ച് ആ റിട്ട് പെറ്റീഷനിൽ സിംഗിൾ ബഞ്ച് പുറപ്പെടുവിച്ച ഉത്തരവ് തടയുകയും വെട്ടം വില്ലേജിൽ കണ്ടെത്തിയിട്ടുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് അനുവാദം നൽകുകയും ചെയ്തു. അതിന്റെകൂടി അടിസ്ഥാനത്തിലാണ് ആ ഭൂമിതന്നെ ഇതിനുവേണ്ടി ഏറ്റെടുത്തത്.

മുസ്ലീം ലീഗിന്റെ സുഹൃത്തുക്കൾക്ക് ഞാൻ മന്ത്രിയായ അന്നുമുതൽ തുടങ്ങിയതാണ് അസഹിഷ്ണുതയും ഇറിറ്റേഷനും. ബഹുമാനപ്പെട്ട മഞ്ഞളാംകുഴി അലി സാഹിബിന് അറിയില്ല, മലപ്പുറത്തുനിന്നും ലീഗായിട്ട് മന്ത്രിയാകുക എന്നു പറഞ്ഞാൽ അത് ഏത് മിതീൻകുട്ടിക്കും ആകാൻ കഴിയുന്നതേയുള്ളൂ. ലീഗല്ലാതെ

മലപ്പുറത്തുനിന്നും മന്ത്രിയാകുന്നതാണ് ഒരു സുഖം. ആ സുഖം വാക്കുകൾകൊണ്ട് പറഞ്ഞാൽ അനുഭവിക്കാനോ മനസ്സിലാക്കാനോ കഴിയില്ല ബഹുമാനപ്പെട്ട അലി സാഹിബ്ബേ, അത് അനുഭവിച്ച് അറിയുകതന്നെ വേണം. അങ്ങേയ്ക്ക് അതിനുള്ള ക്ഷമയുണ്ടായില്ല. അതുകൊണ്ടാണ് ആ സുഖം അനുഭവിച്ചറിയാൻ സാദ്ധ്യമാകാതെ പോയത് എന്നാണ് എനിക്ക് പറയാനുള്ളത്. ലീഗിന്റെ സുഹൃത്തുക്കളും ലീഗ് തോലണിഞ്ഞ ചില ദേശീയ മുസ്ലീങ്ങളും എന്നോടുള്ള അസഹിഷ്ണുതയും പകയും ഇപ്പോഴും കൊണ്ടുനടക്കുന്നുവെന്നത് എന്നെ അത്ഭുതപ്പെടുത്തുന്നില്ല.

മുസ്ലീം ലീഗ് രണ്ടായി പിളർന്ന കാലത്തുപോലും ഒരു എം.എൽ.എ.-യെ മലപ്പുറം ജില്ലയിൽ നിന്ന് ജയിപ്പിക്കാൻ അഖിലേന്ത്യാ ലീഗിനെ മുസ്ലീം ലീഗ് അനുവദിച്ചിട്ടില്ല. അത്തരമൊരു സാഹചര്യത്തിലാണ് 2004-ൽ മുപ്പതിനായിരം വോട്ട് ലോക്സഭാ തെരഞ്ഞെടുപ്പിൽ ലീഡുണ്ടായിരുന്ന കുറ്റിപ്പുറത്ത് രണ്ട് വർഷം കഴിഞ്ഞ് 2006-ൽ ഈ വിനീതൻ ഇടതുപക്ഷ പിന്തുണയോടുകൂടി മത്സരിച്ച് എണ്ണായിരത്തിലധികം വോട്ടുകൾക്ക് ജയിച്ചത്. ഇപ്പോൾ പറയുന്നത് പൊന്നാനി പാർലമെന്റ് മണ്ഡലത്തിൽ തവനൂരിൽ പന്ത്രണ്ടായിരം വോട്ടിന് ഞങ്ങൾ ലീഡ് ചെയ്തിരിക്കുന്നുവെന്നാണ്. തവനൂരിൽ ഞാൻ ആദ്യം മത്സരിക്കാൻ പോയപ്പോൾ അതിന്റെ തൊട്ടുമുമ്പ് നടന്ന ലോക് സഭ തെരഞ്ഞെടുപ്പിൽ ഏഴായിരത്തോളം വോട്ടുകൾക്ക് യു.ഡി.എഫ്. ലീഡ് ചെയ്തുനിൽക്കുകയായിരുന്നു, അവിടെയാണ് ഞാൻ ഏഴായിരം വോട്ടുകൾക്കും പിന്നീട് പതിനേഴായിരം വോട്ടുകൾക്കും ജയിച്ചുവന്നതെന്ന് ഓർക്കുന്നത് നന്നായിരിക്കും. എന്തിനാണ് ഈ അസഹിഷ്ണുതയും പകയും ഇപ്പോഴും ഇവർ തുടരുന്നത്. പണ്ട് മലപ്പുറത്ത് പറഞ്ഞുകേട്ടിരുന്ന ഒരു കാര്യമുണ്ട്. അത് ലീഗിൽനിന്ന് പോയാൽ പോയവന് പോയി എന്നാണ്. എന്നാൽ ഇപ്പോൾ ലീഗിൽ നിന്ന് പോയവൻ രക്ഷപ്പെട്ടുവെന്നുള്ള നിലയിലേയ്ക്ക് മലപ്പുറത്തിന്റെ രാഷ്ട്രീയം മാറിയിട്ടുണ്ട്. ഒരു തെരഞ്ഞെടുപ്പിൽ കുറച്ച് വോട്ട് കിട്ടി ജയിച്ചുവെന്നുള്ളത് നിങ്ങൾക്ക് അവിടെയുള്ള സ്ഥായിയായ അടിത്തറയുടെ ലക്ഷണമായി കാണരുത്. 20 സീറ്റിൽനിന്നാണ് 7 സീറ്റിലേയ്ക്ക് നിങ്ങൾ ചുരുങ്ങിയത് എന്നുള്ള കാര്യം മറക്കരുത്, അഹങ്കാരവും ധിക്കാരവും അതിന്റെ പരിധിവിട്ടാൽ ഇനിയും അത്തരത്തിൽ മലപ്പുറത്തിന് ചിന്തിക്കാനാകുമെന്ന് അവരെ ഓർമ്മപ്പെടുത്തുകയാണ് ചെയ്യുന്നത്. രാഷ്ട്രീയം ഇവിടെ പറയാൻ പാടില്ലെന്നില്ലല്ലോ.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ മലപ്പുറത്ത് തുടങ്ങിയത് ആരുടെ കാലത്താണ്? ബഹുമാനപ്പെട്ട അംഗം ശ്രീ. മഞ്ഞളാംകുഴി അലി ഇവിടെ പറഞ്ഞുഎല്ലാം യു.ഡി.എഫ്.-ന്റെ കാലത്താണെന്ന്. ബഹുമാനപ്പെട്ട അലി സാഹിബേ, അങ്ങയുടെ കോളേജായ ജംസ് കോളേജ് എന്നാണ് മലപ്പുറത്ത് തുടങ്ങിയത്? ആരായിരുന്നു അന്ന് കേരളം ഭരിച്ചിരുന്നത്? മലപ്പുറം ജില്ലയുടെ വിദ്യാഭ്യാസ പുരോഗതിയുടെ അടിസ്ഥാനം കാലിക്കറ്റ് സർവ്വകലാശാലയാണ്. അത് ആരംഭിച്ചത് രണ്ടാം ഇ.എം.എസ്. സർക്കാരിന്റെ കാലത്താണ്. ആ മുന്നണിയിൽ ലീഗുണ്ടായിരുന്നു, അത് ഞാൻ സമ്മതിക്കുന്നു. പക്ഷെ ലീഗ് വിചാരിച്ചാൽ മാത്രം ഒരു സർവ്വകലാ

ശാലയുണ്ടാക്കാൻ സാധിക്കുമോ; മലപ്പുറം ജില്ല രൂപീകരിച്ചത് എന്നായിരുന്നു? രണ്ടാം ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്ത്. ആ മുന്നണിയിലും ലീഗുണ്ടായിരുന്നു. ഒരു ജില്ലയുണ്ടാക്കാൻ ഒരു മുന്നണിയുടെ അംഗത്വത്തിന് കഴിയുമായിരുന്നെങ്കിൽ ഇന്ന് ശ്രീ. കെ. എൻ. എ. ഖാദർ സാഹിബ് ഇവിടെ മലപ്പുറം ജില്ല വിഭജിച്ച് ഒരു ജില്ലകൂടിയുണ്ടാക്കണമെന്ന പ്രമേയം കൊണ്ടുവരുമായിരുന്നോ? എന്തുകൊണ്ടാണ് നിങ്ങൾ കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ജില്ല വിഭജിക്കാതിരുന്നത്? ജില്ലയിൽ 42 ലക്ഷം ആളുകളായത് ഈ രണ്ട് കൊല്ലത്തിനും ഈ മൂന്ന് കൊല്ലത്തിനുമിടയിലാണോ, അല്ലല്ലോ. 42 ലക്ഷം ആളുകൾ മലപ്പുറത്തുണ്ടായിട്ട് എത്രയോ വർഷങ്ങളായി. എന്തുകൊണ്ട് മുസ്ലീം ലീഗിന് അവരുടെ സ്വാധീനവും കോൺഗ്രസ്സിലും മുന്നണിയിലും അവർക്കുള്ള വലിയ ശക്തിയുമുപയോഗിച്ച് ഒരു ജില്ലയുണ്ടാക്കിയെടുക്കാൻ സാധിച്ചില്ല? മലപ്പുറം ജില്ലയിൽ മറ്റൊരു പ്രബലപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമായ അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് ആരുടെ കാലത്താണ് തുടങ്ങിയത്? അങ്ങേയ്ക്ക് അറിയാമല്ലോ, ശ്രീ. വി. ശശികുമാർ എന്നുപറയുന്ന ഇടതുപക്ഷത്തിന്റെ എം.എൽ.എ.-യുടെ ചോരയും നീരും ആ 384 ഏക്കർ സ്ഥലം ഏറ്റെടുത്തുകൊടുത്തതിലുണ്ട്. വെറുതെ ഉണ്ടായതല്ല ഈ കേന്ദ്ര സർവ്വകലാശാല. അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് ആകാശത്തുനിന്നും പൊട്ടിമുളച്ച് വീണതല്ല. 384 ഏക്കർ സ്ഥലം ശ്രീ. വി. ശശികുമാർ ഇരന്നുവാങ്ങി സർക്കാരിനെക്കൊണ്ട് ഏറ്റെടുപ്പിച്ച് ബഹുമാന്യനായ എം. എ. ബേബി കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ആരംഭിച്ചതാണ് മലപ്പുറം ജില്ലയിൽ അലിഗഢ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ്. ......(ബഹളം.)....

മി. സ്പീക്കർ: പ്ലീസ്, പ്ലീസ്.

ഡോ. കെ. ടി. ജലീൽ: EFLU-വിന്റെ ക്യാമ്പസാണ് ഇവരുടെ കാലത്ത് തുടങ്ങി എന്ന് ഇവർ പറഞ്ഞത്. ആ ക്യാമ്പസ് എവിടെപ്പോയി? പിന്നീട് മലപ്പുറത്തുകാരെ പറ്റിക്കാൻവേണ്ടി ഞങ്ങൾ ഇഫ്ളു കോളേജാണ് ആരംഭിച്ചതെന്ന് ലീഗ് പറഞ്ഞു. ഇഫ്ലു കോളേജാണ് നിങ്ങൾ തുടങ്ങിയത് എന്നുപറഞ്ഞ് ആളുകളെ പറ്റിച്ചു.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു, അങ്ങ് കൺക്ലൂഡ് ചെയ്യൂ.

ഡോ. കെ. ടി. ജലീൽ: ഞാൻ മലപ്പുറത്തുപോയി എവിടെയാണ് ഇഫ്ലുവിന്റെ ക്യാമ്പസെന്ന് നോക്കി. കേരളത്തിൽ 1967-ൽ അധികാരത്തിൽവന്ന രണ്ടാം ഇ.എം.എസ്. മന്ത്രിസഭയുടെ കാലത്താണ് ഏറ്റവുമധികം സർക്കാർ സ്കൂളുകൾ മലപ്പുറം ജില്ലയിൽ ആരംഭിച്ചത് എന്നുള്ള കാര്യംകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട്, മലപ്പുറത്തിന്റെ വിദ്യാഭ്യാസ പുരോഗതിയിൽ ഇടതുപക്ഷമുന്നണി ചെയ്ത സ്തുത്യർഹമായ നേട്ടങ്ങളെ കണ്ടില്ലെന്ന് നടിക്കാനാകില്ല എന്നുപറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ: സർ, ഇതേ യൂണിവേഴ്സിറ്റി ഉണ്ടാക്കിയത് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയടക്കമുള്ളവരുടെ ശ്രമഫലമായാണെന്ന് ഡോ. കെ. ടി. ജലീൽ എന്റെ കൂടെ നടന്ന് പ്രസംഗിച്ചിട്ട് ആ ചരിത്രം ഇപ്പോൾ വളച്ചൊടിക്കുകയാണ്, സഭയെ തെറ്റിദ്ധരിപ്പിക്കുകയാണ്. ഭൂമി എടുത്തുകൊടുത്തത് ആരാണെന്ന് അദ്ദേഹം ചരിത്രമെടുത്ത് പരിശോധിക്കട്ടെ.

മി. സ്പീക്കർ: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ഡോ. എം. കെ. മുനീർ: സർ, ആളുകളെ തെറ്റിദ്ധരിപ്പിക്കുന്ന രീതിയിൽ, ചരിത്രത്തെ വളച്ചൊടിക്കുന്ന രീതിയിൽ ഒരു ചരിത്ര പ്രൊഫസർ തന്നെ സംസാരിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: ഇതാണോ അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ? ......(ബഹളം.).... നടപടിക്രമങ്ങളിലെ ക്രമവിരുദ്ധതയെന്താണെന്നാണ് അങ്ങ് പറയേണ്ടത്. ഇരിക്കൂ, ഇരിക്കൂ. ......(ബഹളം).....

സർവ്വശ്രീ വി. കെ. ഇബ്രാഹിം കുഞ്ഞ്, എ. പി. അനിൽ കുമാർ, വി. ഡി. സതീശൻ, കെ. സി. ജോസഫ്, വി. പി. സജീന്ദ്രൻ, ടി. എ. അഹമ്മദ് കബീർ, പി. ഉബൈദുള്ള, എം. ഉമ്മർ, ഐ. സി. ബാലകൃഷ്ണൻ, സണ്ണി ജോസഫ്, സി. മമ്മൂട്ടി, പി. കെ. അബ്ദു റബ്ബ്, അൻവർ സാദത്ത്, പി. ടി. തോമസ്, മഞ്ഞളാംകുഴി അലി, പി. കെ. ബഷീർ, ഷാഫി പറമ്പിൽ, വി. ടി. ബൽറാം, ടി. വി. ഇബ്രാഹിം, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., എൻ. എ. നെല്ലിക്കുന്ന്, റോഷി അഗസ്റ്റിൻ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XVII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ്സ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ.............

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 7-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2019-2020 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ ..................

പ്രതികൂലിക്കുന്നവർ...................

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീമതി പി. അയിഷാ പോറ്റി
3. ശ്രീ. കെ. ആൻസലൻ
4. ശ്രീ. ആന്റണി ജോൺ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. സി. ദിവാകരൻ
13. ശ്രീ. എൽദോ എബ്രഹാം
14. ശ്രീമതി ഗീതാ ഗോപി
15. ശ്രീ. ജോർജ് എം. തോമസ്
16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ഡോ. കെ. ടി. ജലീൽ
19. ശ്രീ. ജെയിംസ് മാത്യു
20. ശ്രീ. ജി. എസ്. ജയലാൽ
21. ശ്രീ. ഇ. പി. ജയരാജൻ
22. ശ്രീ. ജോൺ ഫെർണാണ്ടസ്
23. ശ്രീ. ഒ. ആർ. കേളു
24. ശ്രീ. സി. കൃഷ്ണൻ
25. ശ്രീ. കെ. കുഞ്ഞിരാമൻ
26. ശ്രീ. കോവൂർ കുഞ്ഞുമോൻ
27. ശ്രീ. വി. കെ. സി. മമ്മത് കോയ
28. ശ്രീ. എം. എം. മണി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
32. ശ്രീ. എ. സി. മൊയ്തീൻ
33. ശ്രീ. മുഹമ്മദ് മുഹസിൻ പി.
34. ശ്രീ. എം. മുകേഷ്
35. ശ്രീ. ഡി. കെ. മുരളി
36. ശ്രീ. മുരളി പെരുനെല്ലി
37. ശ്രീ. സി. കെ. നാണു
38. ശ്രീ. എം. നൗഷാദ്
39. ശ്രീ. എ. പ്രദീപ്കുമാർ
40. ശ്രീ. കെ. ഡി. പ്രസേനൻ
41. ശ്രീ. പുരുഷൻ കടലുണ്ടി

42. ശ്രീ. പി. ടി. എ. റഹീം
43. ശ്രീ. എം. രാജഗോപാലൻ
44. ശ്രീ. കെ. രാജൻ
45. ശ്രീ. ആർ. രാജേഷ്
46. ശ്രീ. റ്റി. വി. രാജേഷ്
47. ശ്രീ. കെ. രാജു
48. ശ്രീ. രാജു എബ്രഹാം
49. ശ്രീ. ആർ. രാമചന്ദ്രൻ
50. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
51. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
52. ശ്രീ. മുല്ലക്കര രത്നാകരൻ
53. പ്രൊഫ. സി. രവീന്ദ്രനാഥ്
54. ശ്രീ. സജി ചെറിയാൻ
55. ശ്രീ. എസ്. ശർമ്മ
56. ശ്രീ. വി. ശശി
57. ശ്രീ. ഐ. ബി. സതീഷ്
58. ശ്രീ. ബി. സത്യൻ
59. ശ്രീ. എ. എൻ. ഷംസീർ
60. ശ്രീ. ജി. സുധാകരൻ
61. ശ്രീ. വി. എസ്. സുനിൽ കുമാർ
62. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
63. ശ്രീ. കെ. സുരേഷ് കുറുപ്പ്
64. ശ്രീ. എം. സ്വരാജ്
65. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ

66. ശ്രീ. പി. തിലോത്തമൻ

67. ശ്രീ. തോമസ് ചാണ്ടി

68. ഡോ. ടി. എം. തോമസ് ഐസക്

69. ശ്രീ. പി. ഉണ്ണി

70. ശ്രീ. ഇ. കെ. വിജയൻ

71. ശ്രീ. എൻ. വിജയൻ പിള്ള

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പി. കെ. അബ്ദു റബ്ബ്

3. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

4. ശ്രീ. മഞ്ഞളാംകുഴി അലി

5. ശ്രീ. എ. പി. അനിൽ കുമാർ

6. ശ്രീ. അനൂപ് ജേക്കബ്

7. ശ്രീ. അൻവർ സാദത്ത്

8. ശ്രീ. ഐ. സി. ബാലകൃഷ്ണൻ

9. ശ്രീ. വി. ടി. ബൽറാം

10. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

11. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

12. ശ്രീ. ടി. വി. ഇബ്രാഹിം

13. ഡോ. എൻ. ജയരാജ്

14. ശ്രീ. കെ. സി. ജോസഫ്

15. ശ്രീ. പി. ജെ. ജോസഫ്

16. ശ്രീ. സി. മമ്മൂട്ടി

17. ഡോ. എം. കെ. മുനീർ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. കെ. എസ്. ശബരീനാഥൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. സണ്ണി ജോസഫ്
28. ശ്രീ. പി. ടി. തോമസ്
29. ശ്രീ. പി. ഉബൈദുള്ള
30. ശ്രീ. എം. ഉമ്മർ
31. ശ്രീ. എം. വിൻസെന്റ്

നിഷ്പക്ഷത പാലിക്കുന്നവർ : ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 71

പ്രതികൂലിക്കുന്നവർ - 31

നിഷ്പക്ഷത പാലിക്കുന്നവർ - 0

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2019 ജൂൺ മാസം 26-ാം തീയതി ബുധനാഴ്ച രാവിലെ 9 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 6.08-ന് പിരിഞ്ഞു.)

## അനുബന്ധം

<u>നക്ഷത്രചിഹ്നമിടാത്ത 914-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം</u>

<u>നേമം നിയോജകമണ്ഡലത്തിലെ സർക്കാർ സ്കൂളുകൾ</u>

(914) <u>ശ്രീ. ഒ. രാജഗോപാൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) നേമം നിയോജകമണ്ഡലത്തിൽ എത്ര സർക്കാർ സ്കൂളുകളാണ് ഉള്ളത്; വാർഡ് തിരിച്ചുള്ള വിശദമായ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്കൂളുകളിലെ കുട്ടികളുടെ എണ്ണം ഡിവിഷൻ തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്കൂളുകളിലെ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ വിശദമായ വിവരം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) 1 മുതൽ 10 വരെയുള്ള വിവരവും ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിച്ച വിവരവും അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.